# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

### 2014 ഡിസംബർ 4, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 157 - നമ്പർ 4

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

2014 ഡിസംബർ 4, വ്യാഴം

സ്പീക്കർ
**ശ്രീ. ജി. കാർത്തികേയൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. എൻ. ശക്തൻ**

സെക്രട്ടറി
**ശ്രീ. പി. ഡി. ശാരംഗധരൻ**

ചീഫ് എഡിറ്റർ
**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. ഉമ്മൻ ചാണ്ടി |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. അബ്ദു റബ്ബ് |
| റവന്യൂവും കയറും വകുപ്പുമന്ത്രി | : | ശ്രീ. അടൂർ പ്രകാശ് |
| പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. പി. അനിൽ കുമാർ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. അനൂപ് ജേക്കബ് |
| ഊർജ്ജ വകുപ്പുമന്ത്രി | : | ശ്രീ. ആര്യാടൻ മുഹമ്മദ് |
| മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. കെ. ബാബു |
| സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി | : | ശ്രീ. സി. എൻ. ബാലകൃഷ്ണൻ |
| പൊതുമരാമത്ത് വകുപ്പുമന്ത്രി | : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി | : | കുമാരി പി. കെ. ജയലക്ഷ്മി |
| ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി | : | ശ്രീ. കെ. സി. ജോസഫ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. പി. ജെ. ജോസഫ് |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി | : | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. കെ. എം. മാണി |
| നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി | : | ശ്രീ. മഞ്ഞളാംകുഴി അലി |
| കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി | : | ശ്രീ. കെ. പി. മോഹനൻ |
| പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ഡോ. എം. കെ. മുനീർ |
| ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | : | ശ്രീ. രമേശ് ചെന്നിത്തല |
| തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി | : | ശ്രീ. ഷിബു ബേബി ജോൺ |
| ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. ശിവകുമാർ |
| വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ |

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...29

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...68

**II ഉത്തരത്തിലെ തിരുത്ത്**

**III അടിയന്തരപ്രമേയം**

കർഷക ആത്മഹത്യ (അവതരണാനുമതി നിഷേധിച്ചു) ...420

**IV ശ്രദ്ധ ക്ഷണിക്കൽ**

1. ദുർമന്ത്രവാദവും അനാചാരങ്ങളും അന്ധവിശ്വാസങ്ങളും തടയുന്നതിന് നിയമനിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകത—
ശ്രീ. ഷാഫി പറമ്പിൽ ...434

2. പമ്പ, അച്ചൻകോവിൽ, വൈപ്പാർ സംയോജനം—
ശ്രീ. മാത്യു റ്റി. തോമസ് ...440

**V ക്രമപ്രശ്നം**

1. മദ്യനയമാറ്റം—
പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) ...447

**VI സബ്മിഷൻ**

1. ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ ദുരവസ്ഥ—
പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) ...452

2. സ്ഥലം അക്വയർ ചെയ്യാനുള്ള നടപടി—
ശ്രീ. സി. കൃഷ്ണൻ ...454

3. ഓട് വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ—

ശ്രീ. എളമരം കരീം ...455

*പേജ്*

4. ഇ-ഫയലിംഗ്—

ശ്രീ. എം. എ. വാഹീദ് ...456

5. ലൈസൻസ് പുതുക്കി നൽകൽ—

ശ്രീ. കെ. മുരളീധരൻ ...458

6. പ്രോ- വൈസ് ചാൻസലർക്ക് നേരെയുണ്ടായ ആക്രമണം—

ശ്രീ. വി. ശിവൻകുട്ടി ...461

7. പോലീസ് മർദ്ദനം—

ശ്രീ. വി. ശശി ...464

8. സ്കൂൾ അടച്ചുപൂട്ടൽ—

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി ...468

9. പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാരും വീഡിയോ ഗ്രാഫർമാരും അനുഭവിക്കുന്ന പ്രതിസന്ധി—

ശ്രീ. പി. സി. ജോർജ് ...470

10. വൈക്കത്ത് മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പുവരുത്തൽ—

ശ്രീ. കെ. അജിത് ...472

11. പോക്കുവരവ് ചെയ്തു നൽകുന്നതിലെ കാലതാമസം—

ശ്രീ. സി. മമ്മൂട്ടി ...474

12. പട്ടയം നൽകൽ—

ശ്രീമതി ഇ. എസ്. ബിജിമോൾ ...476

13. മുടപ്പല്ലൂർ-മംഗലം ഡാം റോഡിന്റെ നിർമ്മാണം—

ശ്രീ. എം. ചന്ദ്രൻ ...479

14. കല്ലാർ പാലത്തിന്റെ നിർമ്മാണം—

ശ്രീ. കെ. കെ. ജയചന്ദ്രൻ ...480

**VII മേശപ്പുറത്തു വച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ. ...481

**VIII റിപ്പോർട്ട് സമർപ്പണം** ... 482

1. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച
 സമിതിയുടെ ഇരുപത്തി ഒന്നാമത് റിപ്പോർട്ട്.
2. ഹർജികൾ സംബന്ധിച്ച സമിതിയുടെ ഏഴാമത് റിപ്പോർട്ട്
3. പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട്

**IX നിയമനിർമ്മാണ കാര്യം**

1. 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ ...483

**X ക്രമപ്രശ്നം**

2. ബില്ലിലെ അപാകത–
 ശ്രീ. മാത്യു റ്റി. തോമസ് ...483

**റൂളിംഗ്** ...495

2. 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി
 കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ...611

# കേരള നിയമസഭാ നടപടികൾ

## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

*2014 ഡിസംബർ 4, വ്യാഴം*

വാല്യം 157] ഔദ്യോഗിക റിപ്പോർട്ട്
[നമ്പർ 4

നിയമസഭ 2014 ഡിസംബർ മാസം 4-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. ഡെപ്യൂട്ടി സ്പീക്കർ : ഓർഡർ, ഓർഡർ ചോദ്യം നമ്പർ * 91

### ലൈറ്റ് മെട്രോ പദ്ധതി

1 (*91) ശ്രീ. എം. എ. വാഹീദ് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനത്ത് ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്ന പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വിവരിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനു മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ,

(എ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലാണ് മോണോറെയിൽ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നത്. പദ്ധതികൾക്കുവേണ്ടി കേരള മോണോറെയിൽ കോർപ്പറേഷൻ 1-10-2013-ന് ദർഘാസ് ക്ഷണിക്കുകയും ഒറ്റ സ്ഥാപനം മാത്രമേ താൽപ്പര്യം പ്രകടിപ്പിച്ചുള്ളൂ എന്നതിനാൽ പുനർദർഘാസ് വിളിക്കുകയും ചെയ്തു. പുനർദർഘാസ് 30-5-2014-ന് തുറന്നെങ്കിലും വീണ്ടും ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചത്. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച സാങ്കേതിക ദർഘാസ് ഡൽഹി മെട്രോറെയിൽ കോർപ്പറേഷൻ വിശദമായി പരിശോധിച്ചതിനുശേഷം സാമ്പത്തിക ദർഘാസ് പരിശോധിച്ചു. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് പദ്ധതിക്കുള്ള അടങ്കൽ തുകയേക്കാൾ ഭീമമായ തുക രേഖപ്പെടുത്തിയിരുന്നതിനാൽ 28-8-2014-ന് കൂടിയ പത്താമത് കേരള മോണോറെയിൽ കോർപ്പറേഷൻ ബോർഡ് യോഗത്തിൽ, മോണോറെയിൽ പദ്ധതി ഉപേക്ഷിക്കുന്നതിന് തീരുമാനിക്കുകയും പകരം മറ്റൊരു മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിനായുള്ള വിശദമായ രൂപരേഖ തയ്യാറാക്കി സമർപ്പിക്കാൻ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. അതിൻപ്രകാരം ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ ലൈറ്റ് മെട്രോ പദ്ധതിക്കുള്ള വിശദമായ രൂപരേഖ 8-10-2014-ന് സമർപ്പിക്കുകയും 24-10-2014-ന് കൂടിയ പതിനൊന്നാമത് കേരള മോണോ റെയിൽ കോർപ്പറേഷൻ ബോർഡ് യോഗം പ്രസ്തുത രൂപരേഖ അംഗീകരിക്കുകയും ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ പദ്ധതിയുടെ നടത്തിപ്പിനായുള്ള turn-key കൺസൾട്ടന്റായി നിയമിക്കാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത ബോർഡ് യോഗ തീരുമാന പ്രകാരം ലൈറ്റ് മെട്രോ പദ്ധതി നടത്തിപ്പിൽ മുൻ പരിചയമുള്ള 12 കമ്പനികളുടെ യോഗം ഡോ. ഇ. ശ്രീധരന്റെ നേതൃത്വത്തിൽ

19-11-2014-ന് നടത്തുകയുണ്ടായി. ലൈറ്റ് മെട്രോ പദ്ധതിയുടെ വിശദമായ രൂപരേഖയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) മോണോറെയിൽ പദ്ധതിക്കുവേണ്ടി രൂപീകരിച്ച സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ കേരള മോണോറെയിൽ കോർപ്പറേഷൻ ലിമിറ്റഡിനെ ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനായി കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന് പുനർനാമകരണം ചെയ്യുന്നതിന് 24-10-2014-ന് കൂടിയ ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

(സി) മോണോറെയിൽ പദ്ധതിക്ക് നിശ്ചയിച്ചിരുന്ന അലൈൻമെന്റിൽ വലിയ വ്യത്യാസം വരുത്താതെയാണ് ലൈറ്റ് മെട്രോ പദ്ധതിയുടെ അലൈൻമെന്റ് നിശ്ചയിച്ചിരിക്കുന്നത്. മോണോറെയിൽ പദ്ധതികളുടെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ direct purchase നിബന്ധനകൾ പ്രകാരം നടത്തുന്നതിന് 11-7-2014-ലെ G.O.(Rt.) No. 3163/14/RD പ്രകാരം സർക്കാർ അംഗീകാരം നൽകിയിരുന്നു. പ്രസ്തുത ഉത്തരവ് ലൈറ്റ് മെട്രോ പദ്ധതിക്കും ബാധകമാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ പദ്ധതികൾ മിഷൻ 676-ലെ നവരത്ന പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത പദ്ധതികൾക്ക് പകരമായി നടപ്പാക്കാൻ തീരുമാനിച്ച ലൈറ്റ് മെട്രോ പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

<u>ശ്രീ. എം. എ. വാഹീദ്</u>: സർ, മോണോ റെയിൽ, ലൈറ്റ് മെട്രോ എന്നിവയുടെ ആവശ്യകത കൂടുതലുള്ളത് എന്റെ നിയോജക മണ്ഡലത്തിലാണ്. രണ്ടായിരത്തിൽ സീറോ ജനപ്പെരുപ്പമുണ്ടായിരുന്ന സ്ഥലത്ത് ഇന്നത്തെ സ്ഥിതിയനുസരിച്ച് ഒരു ലക്ഷത്തോളം ആൾക്കാർ വന്നുപോവുകയാണ്. ഇൻഫോസിസും യു.എസ്. ടെക്നോളജിയും കൂടി പൂർത്തിയാകുമ്പോൾ ഒന്നര ലക്ഷം പേരും അന്താരാഷ്ട്ര സ്റ്റേഡിയം പ്രവർത്തിച്ചുതുടങ്ങുമ്പോൾ ഒന്നര ലക്ഷം പേരും ടെക്നോ സിറ്റി പൂർണ്ണ രൂപത്തിലായാൽ ഏകദേശം അമ്പതിനായിരം പേരും കൂടുകയാണ് ചെയ്യുന്നത്. റോഡിലൂടെ നടക്കാൻ സാധിക്കുന്നില്ല. ഇടറോഡുകൾ പോലും ബ്ലോക്കാണ്. മോണോറെയിലിനുവേണ്ടി വലിയ പരിശ്രമം നടത്തിയ ആളുകളിലൊരാളാണ് ഞാൻ. ഇതിന്റെ ഹെഡ്ക്വാർട്ടേഴ്സിനുള്ള 25 ഏക്കർ സ്ഥലം ഞാൻ പള്ളിപ്പുറത്ത് കണ്ടെത്തി സർക്കാരിന് കൊടുത്ത് അതിന്റെ അലൈൻമെന്റും ഫിക്സ് ചെയ്തു. പക്ഷേ

അതിന്റെ പണി ഇതുവരെ നടന്നിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി കൊച്ചിക്കാരനായതുകൊണ്ട് തിരുവനന്തപുരത്തിനുവേണ്ടി ഒന്നും ചെയ്യുന്നില്ല എന്നൊരാക്ഷേപം കഴക്കൂട്ടത്തെ ജനങ്ങൾക്കുണ്ട്. ഈ ആക്ഷേപം തീർക്കാൻ എന്ത് നടപടിയാണ് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചിരിക്കുന്നതെന്ന് കഴക്കൂട്ടത്തുള്ള ആൾക്കാരെ അറിയിക്കണം.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ആക്ഷേപം ശരിയല്ല. കേരളത്തിൽ എല്ലായിടത്തും പൊതുമരാമത്തു വകുപ്പിന്റെ ജോലികൾ നടക്കുന്നുണ്ട്. അതിൽ ഏറ്റവും കൂടുതൽ ജോലികൾ നടക്കുന്നത് തിരുവനന്തപുരം ജില്ലയിലാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കോഴിക്കോട് മോണോറെയിൽ പദ്ധതിയെക്കുറിച്ച് പഠനം നടത്തിയിരുന്നു. തിരുവനന്തപുരത്ത് പഠനം പോലും നടത്തിയിരുന്നില്ല. എന്നാൽ കോഴിക്കോട് മോണോറെയിൽ വരുന്ന പരിതസ്ഥിതിയിൽ തിരുവനന്തപുരം നഗരത്തെ ഒഴിവാക്കാൻ സാധിക്കില്ല എന്നൊരു നിർബന്ധബുദ്ധിയോടുകൂടിയാണ് തിരുവനന്തപുരത്ത് മോണോറെയിൽ കൊണ്ടുവരാൻ തീരുമാനിച്ചത്. കോഴിക്കോട് മോണോറെയിൽ വരുമ്പോൾ തലസ്ഥാന നഗരിയിൽ മോണോറെയിൽ ഇല്ലാത്തത് ചെറിയ കുറവായിപ്പോകുമെന്ന് കണക്കാക്കി ചെയ്തതാണ്. തിരുവനന്തപുരത്തിന് വളരെ പ്രാധാന്യമാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. പിന്നീട് ലൈറ്റ് മെട്രോയിലേക്ക് തിരിഞ്ഞു. അതിന്റെ സാഹചര്യങ്ങൾ വിശദീകരിക്കാം. തീർച്ചയായും ഗവൺമെന്റ് ലൈറ്റ് മെട്രോ കൊണ്ടുവരുന്ന കാര്യത്തിൽ പ്രതിജ്ഞാബദ്ധമാണ്.

ശ്രീ. എം. എ. വാഹീദ്: സർ, 'ലൈറ്റ് മെട്രോ ഇഴയും', 'ലൈറ്റ് മെട്രോ പാളിച്ചകളേറെ' എന്നിങ്ങനെ മാധ്യമങ്ങളിലെല്ലാം പ്രചണ്ഡമായ പ്രചരണം നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് കഴക്കൂട്ടം നിവാസികൾക്കുണ്ടായ സംശയമാണ് ഞാൻ സൂചിപ്പിച്ചത്. പൊതുമരാമത്തു വകുപ്പുമന്ത്രി ഒരു ജില്ലയെ പ്രത്യേകിച്ച് സേവിക്കുന്നു എന്നുള്ള അർത്ഥത്തിലല്ല ഞാൻ പറഞ്ഞത്. ഈ സഭയിലെ ശ്രീ. ശിവൻകുട്ടി എന്ന XXX ഇതിനെതിരായി ഒരുപാട് ആക്ഷേപങ്ങൾ പറഞ്ഞുപരത്തുകയാണ്. എന്റെ നിയോജക മണ്ഡലത്തിലെ എല്ലാ കാര്യത്തിലും ഈ മെമ്പർ ഇടപെടുകയാണ്. മോണോറെയിലിനുവേണ്ടി പരിശ്രമം നടത്തിയിട്ടും

ഇതിനെതിരായുള്ള ആക്ഷേപം ഇപ്പോഴും നിലനിൽക്കുകയാണ്. ഈ പദ്ധതി എന്ന് നടപ്പാകുമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് പറയാൻ കഴിയുമോ? ......(ബഹളം) ...........

മി. ഡെപ്യൂട്ടി സ്പീക്കർ : അവർ അടുത്ത സുഹൃത്തുക്കളാണ്........(ബഹളം).....

ശ്രീ എം. എ. വാഹീദ് : ആ പദപ്രയോഗം ഞാൻ പിൻവലിച്ചിരിക്കുന്നു............ (ബഹളം)............

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ്.. പ്ലീസ്... ശ്രീ. എം. എ. വാഹീദ് ആ പദം പിൻവലിച്ചു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, തിരുവനന്തപുരത്തും കോഴിക്കോടും ലൈറ്റ് മെട്രോ പദ്ധതി 2015-ൽ ആരംഭിച്ച് 2020-ൽ പൂർത്തീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. കെ. മുരളീധരൻ: സർ, ഡൽഹി മെട്രോ കോർപ്പറേഷൻ നൽകിയ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടിൽ ലൈറ്റ് മെട്രോ പ്രോജക്ട് തിരുവനന്തപുരത്ത് പൂർത്തിയാക്കാൻ 5 വർഷവും കോഴിക്കോട് പൂർത്തിയാക്കാൻ 3 വർഷവും വേണമെന്നാണ് പറയുന്നത്. തിരുവനന്തപുരത്ത് രണ്ട് വർഷം കൂടുതലെടുക്കുന്നതിന് മുഖ്യമായ കാരണമായി ഞാൻ മനസ്സിലാക്കുന്നത് കേശവദാസപുരം-കഴക്കൂട്ടം ലെയിൻ വികസിക്കാത്തതാണ്. അതിന്റെ വികസനത്തിന് ഗവൺമെന്റ് പ്രത്യേക മുൻഗണന നൽകുമോ; 5,510 കോടി രൂപയുടെ എസ്റ്റിമേറ്റാണ് ലൈറ്റ് മെട്രോ പ്രോജക്ടിനുള്ളത്. അതിൽ 1,278 കോടി രൂപയുടെ കേന്ദ്രസഹായമാണ് പ്രതീക്ഷിക്കുന്നത്. ഇന്നത്തെ സാഹചര്യത്തിൽ കേന്ദ്രത്തിൽ നിന്ന് ഈ സഹായം കിട്ടുമെന്ന് ഗവൺമെന്റ് പ്രതീക്ഷിക്കുന്നുണ്ടോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, കേന്ദ്രഗവൺമെന്റ് പ്രത്യേകിച്ച് അർബൻ ഡവലപ്മെന്റ് മിനിസ്ട്രി വിവിധ സംസ്ഥാനങ്ങളിലെ പ്രധാന നഗരങ്ങളിൽ ലൈറ്റ് മെട്രോ, മോണോ റെയിൽ പദ്ധതികൾക്ക് പ്രത്യേകം പ്രോത്സാഹനം നൽകുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. 20 ശതമാനം വയബിലിറ്റി ഗ്യാപ് കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കുമെന്ന് ഉറപ്പായിട്ടുണ്ട്. കേന്ദ്ര സർക്കാർ ചില നിബന്ധനകൾ വച്ചിട്ടുണ്ട്. അതുപോലെ C.M.P. (Comprehensive Mobility Plan)

study നടത്താൻ NATPAC-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. Comprehensive study-യും Mobility study-യും അതുപോലെ FIRR (Financial Internal Rate of Return)-ഉം പാലിച്ചിട്ടുണ്ടെങ്കിൽ കേന്ദ്ര ഗവൺമെന്റ് 20 ശതമാനം വയബിലിറ്റി ഗ്യാപ് തരാമെന്ന് സമ്മതിച്ചിട്ടുണ്ട്. അത് കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്. 20 ശതമാനം വയബിലിറ്റി ഗ്യാപ്പും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള തുകയും സംസ്ഥാന ഗവൺമെന്റ് പ്രൊവൈഡ് ചെയ്യണം എന്നതാണ് ഇതിന്റെ നിബന്ധന. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ റോഡ് വികസനവും ലൈറ്റ് മെട്രോയുടെ ഭാഗമായി വരുന്നതാണ്. അത് ഏറ്റവും മുൻഗണനയിൽ ചെയ്യുന്നതാണ്.

<u>ശ്രീ. എ. റ്റി. ജോർജ്</u>: സർ, ഏകദേശം രണ്ടുലക്ഷത്തി നാൽപ്പത്തിയാറായിരത്തോളം ആളുകൾക്ക് മോണോ റെയിൽ പദ്ധതി പ്രകാരം യാത്ര ചെയ്യാൻ കഴിയുമെന്നുള്ള നല്ല ഉദ്ദേശത്തോടുകൂടിയാണ് ഈ പദ്ധതി ഇവിടെ ആരംഭിക്കുവാൻ തുനിഞ്ഞത്. പക്ഷേ കോഴിക്കോട്, തിരുവനന്തപുരം നഗരങ്ങളുടെ ഭൂപ്രകൃതി കണക്കിലെടുത്ത് ലൈറ്റ് മെട്രോയെ അപേക്ഷിച്ച് മോണോ റെയിൽ ആണ് സാങ്കേതികമായി അനുയോജ്യമെന്ന് ഡോ. ഇ. ശ്രീധരൻ അടക്കമുള്ള സാങ്കേതിക വിദഗ്ദ്ധർ അഭിപ്രായപ്പെട്ടിട്ടും
ഇപ്പോൾ എന്ത് അടിസ്ഥാനത്തിലാണ് ലൈറ്റ് മെട്രോ തെരഞ്ഞെടുത്തത് എന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : സർ, ബഹുമാനപ്പെട്ട അംഗം വളരെ പ്രസക്തമായ ചോദ്യമാണ് ഉന്നയിച്ചത്. ഇതിനെക്കുറിച്ചുള്ള സംശയങ്ങൾ സംബന്ധിച്ച് പത്രങ്ങളിൽ വാർത്ത വന്നിരുന്നു. എനിക്ക് തന്നെ സംശയങ്ങൾ ഉണ്ടായിരുന്നു. മോണോ റെയിലിനുവേണ്ടി ഡി.എം.ആർ.സി. പ്രത്യേകിച്ച് ഡോ. ഇ. ശ്രീധരൻ റെക്കമെന്റ് ചെയ്യുമ്പോൾ ലൈറ്റ് മെട്രോ തിരുവനന്തപുരത്തും കോഴിക്കോടും പ്രായോഗികമല്ല എന്ന് ഡി.എം.ആർ.സി. അന്ന് പറഞ്ഞിരുന്നതാണ്. പല പത്രങ്ങളിലും ഇത് സംബന്ധിച്ച് വാർത്തകളും ലേഖനങ്ങളും വരുന്നുണ്ട്. ആ സംശയം ദൂരീകരിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആധുനിക ലൈറ്റ് മെട്രോകളിൽ ഓരോ യൂണിറ്റിനും ഓരോ എഞ്ചിൻ ഉണ്ട് എന്നുള്ളതാണ് പ്രത്യേകത. മുൻപ് ഇത് വിഭാവനം ചെയ്യുന്ന സമയത്ത് ഒരു എഞ്ചിൻ മാത്രമേയുണ്ടായിരുന്നുള്ളൂ. ആ എഞ്ചിൻ ആണ് ഈ ബോഗികളെ വലിച്ചുകൊണ്ടു പോയിരുന്നത്. ആ സമയത്ത് ഷാർപ്പ് ആയിട്ടുള്ള

കർവുകളും കയറ്റങ്ങളും കയറാൻ ലൈറ്റ് മെട്രോയ്ക്ക് സാധിക്കുമായിരുന്നില്ല. ഇന്ന് ടെക്നോളജി വളരെ വേഗം ഡവലപ്പ് ചെയ്തുവെന്ന് മാത്രമല്ല എല്ലാ കംപാർട്ടുമെന്റിലും ലീനിയർ പ്രൊപ്പൽഷൻ സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. അപ്പോൾ കയറ്റങ്ങൾ വലിച്ചു കയറ്റാനും ടേണിംഗും ഷാർപ്പ് കർവുകളും കടക്കാൻ വളരെ പെട്ടെന്ന് സാധിക്കും. ഇപ്പോൾ ലോകത്ത് എല്ലായിടത്തും ലൈറ്റ് മെട്രോ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ആ രീതിയിലാണ് ഡോ. ഇ. ശ്രീധരനും ഡി.എം.ആർ.സി.-യും നമുക്ക് നൽകിയിട്ടുള്ള അഡ്വൈസ്.

<u>ശ്രീ. ആർ. സെൽവരാജ്</u>: സർ, തിരുവനന്തപുരത്ത് ഏറ്റവും കൂടുതൽ യാത്രാ ക്ലേശം അനുഭവപ്പെടുന്നത് നെയ്യാറ്റിൻകര-തിരുവനന്തപുരം (കരമന-കളിയിക്കാവിള) റൂട്ടാണ്. അതിന്റെ നിർമ്മാണ പ്രവർത്തനം ഈ ഗവൺമെന്റ് ഇപ്പോൾ ആരംഭിച്ചു. ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കുമ്പോൾ കരമന-കളിയിക്കാവിള റോഡിന് സമാന്തരമായി നെയ്യാറ്റിൻകര വരെയെങ്കിലും ലൈറ്റ് മെട്രോ പദ്ധതി നീട്ടുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ; എത്ര കിലോ മീറ്റർ ദൂരത്തിലാണ് ലൈറ്റ് മെട്രോ പദ്ധതി ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, തിരുവനന്തപുരം നഗരത്തിൽ കരമന മുതൽ നെയ്യാറ്റിൻകര വരെയും കോഴിക്കോട് നഗരത്തിൽ മീൻചന്ത മുതൽ രാമനാട്ടുകര വരെയുമാണ് ലൈറ്റ് മെട്രോയുടെ രണ്ടാം ഘട്ടം വിഭാവനം ചെയ്തിരിക്കുന്നത്. ഈ അഞ്ചു വർഷത്തിനുള്ളിൽ ഒന്നാം ഘട്ടം പൂർത്തിയാകും. അതിനുശേഷം മാത്രമേ രണ്ടാം ഘട്ടം നടപ്പിലാക്കുകയുള്ളൂ.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഡോ. ഇ. ശ്രീധരൻ മോണോ റെയിലിനു വേണ്ടി 11,000 കോടി രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയത്. അദ്ദേഹം ഇന്ത്യയിൽ അറിയപ്പെടുന്ന വ്യക്തിയാണെങ്കിൽ പോലും ഒരിക്കലും നമ്മൾ ഒരു വ്യക്തിയെ മാത്രം ഇക്കാര്യത്തിൽ വിശ്വസിക്കേണ്ട കാര്യമില്ല. 3,200 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ എന്തുകൊണ്ടാണ് ഡോ. ഇ. ശ്രീധരൻ ടെണ്ടർ ചെയ്ത വർക്കിന് ഒരു കമ്പനിമാത്രം പങ്കെടുക്കുന്നത് ? അതിൽ ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന ജപ്പാനിലെ ഒരു കമ്പനി മാത്രമാണ് പങ്കെടുത്തതെന്നുമാത്രമല്ല തിരുവനന്തപുരത്തെ ഭൂപ്രകൃതി അനുസരിച്ച് മോണോ റെയിൽ പദ്ധതി പ്രായോഗികമേയല്ല. 60 കിലോമീറ്റർ വീതിയിലാണ്

ഇത് നിർമ്മിക്കേണ്ടത്. രണ്ടാമത്തെ കാര്യം ഇപ്പോൾ തന്നെ 80 കോടി രൂപ ചെലവഴിച്ചിരിക്കുകയാണ്. അങ്ങ് അങ്ങയുടെ ആഗ്രഹം മാത്രമാണ് പ്രകടിപ്പിച്ചത്. രണ്ടുകൊല്ലമല്ല പതിനഞ്ചു കൊല്ലം കഴിഞ്ഞാലും ഇത് പൂർത്തീകരിക്കാൻ പോകുന്നില്ല. ഇത് നിങ്ങളുടെ പ്രഖ്യാപനം മാത്രമാണ്. എന്നെ സംബന്ധിച്ചിടത്തോളം ഞാൻ സഭയിൽ ഇല്ലാതിരുന്ന സമയത്ത് എന്റെ സുഹൃത്ത് ശ്രീ. എം. എ. വാഹീദ്.... വാഹീദിന് പണ്ട് മുതലേ എന്നോട് ദേഷ്യമുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് വെറുതെയാണ്. നിങ്ങൾ നല്ല സുഹൃത്തുക്കളാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, ഞാൻ മേയർ ആയിരുന്ന സമയത്ത് രണ്ടുപ്രാവശ്യം വാഹീദിനെ സസ്പെന്റ് ചെയ്തിട്ടുണ്ട്. അതിന്റെയൊരു വൈരാഗ്യം അദ്ദേഹത്തിനുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ചോദ്യത്തിലേക്ക് വരു.

ശ്രീ. വി. ശിവൻകുട്ടി: സർ, ആർ.സി.സി.-ലെ പ്രശ്നം, മെഡിക്കൽ കോളേജിന്റെ പ്രശ്നം, കഴക്കൂട്ടം സി.ഐ. ഓഫീസിൽ പട്ടികജാതിക്കാരന്... ഇവിടെയെല്ലാം നടത്തിയിട്ടുള്ള അതിക്രമങ്ങളെ സംബന്ധിച്ചിടത്തോളം.... (ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്, പ്ലീസ്......ബഹുമാനപ്പെട്ട ശിവൻകുട്ടി ചോദ്യത്തിലേക്ക് വരണം.

ശ്രീ. വി. ശിവൻകുട്ടി: മോണോ റെയിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള ഒരു കമ്പനിയും ലോകത്തില്ല. ആ സാഹചര്യത്തിൽ ബഹുമാനപ്പെട്ട ഡോ. ഇ. ശ്രീധരൻ എങ്ങനെ ഏത് കമ്പനിയെ കൊണ്ട് ചെയ്യിപ്പിക്കാനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്? സാധാരണഗതിയിൽ മോണോ റെയിൽ പദ്ധതിയിൽ എക്സ്പെർട്ടായിട്ടുള്ള കമ്പനിയുമായി ഒരു പ്രാഥമിക ഡിസ്കഷൻ നടത്തിയ ശേഷമാണ് ഇക്കാര്യങ്ങളിലേക്ക് പോകുന്നത്. അതുകൊണ്ട് ഡോ. ഇ. ശ്രീധരനെ സംബന്ധിച്ച് പേരും പെരുമയും ഉണ്ടെങ്കിൽ തന്നെ പരിപൂർണ്ണമായും വിശ്വസിക്കേണ്ട കാര്യമില്ല.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ പല കാര്യങ്ങളും ഗവൺമെന്റ് കണക്കിലെടുക്കുന്നുണ്ട്. കൂടുതൽ പരിശോധന നടത്തിയതിനു ശേഷം മാത്രമേ ലൈറ്റ് മെട്രോ പദ്ധതിയുമായി മുന്നോട്ട് പോകുകയുള്ളൂ. Comprehensive Mobility Plan-ന്റെ സ്റ്റഡി പൂർത്തിയാക്കുന്നുണ്ട്. അതോടൊപ്പം

തന്നെ നമുക്ക് കിട്ടിയിട്ടുള്ള Financial Internal Rate of Return-ഉം പരിശോധിച്ച ശേഷം മാത്രമാണ് മുന്നോട്ട് പോകുന്നത്. ലൈറ്റ് മെട്രോ നടപ്പിലാക്കിയിട്ടുള്ള രാജ്യങ്ങളിൽ സാങ്കേതിക വിദഗ്ദ്ധരെയും ഉന്നത ഉദ്യോഗസ്ഥരെയും അയച്ച് ഒരു സ്റ്റഡി നടത്തിയതിനുശേഷവും ധനകാര്യ വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറി നൽകിയിട്ടുള്ള പ്രൊപ്പോസലും പരിഗണിച്ചശേഷം മാത്രം മുന്നോട്ട് പോകാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. മോണോ റെയിലിന് ചെലവാക്കിയ സംഖ്യ പാഴായിട്ടില്ല. കാരണം മോണോ റെയിലിൽ നിന്നും ലൈറ്റ് മെട്രോയിലേക്ക് പെട്ടെന്ന് തിരിഞ്ഞപ്പോൾ അതിന്റെ മുഴുവൻ കാര്യങ്ങളും ലൈറ്റ് മെട്രോയിലേക്ക് ഉപയോഗിക്കാൻ സാധിച്ചു എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട സംഗതി.

<u>ശ്രീ. പാലോട് രവി</u>: സർ, അങ്ങ് ഇപ്പോൾ പറഞ്ഞ answer വളരെ നന്നായി. എന്റെ മണ്ഡലത്തിൽ മോണോറെയിൽ ആരംഭിക്കുന്ന സ്ഥലം പള്ളിപ്പുറം ആണ്. 2006-ൽ ഡി.എം.ആർ.സി. കൊടുത്ത റിപ്പോർട്ടിലും ഡി.പി.ആർ.-ലും ഇത് ഫീസിബിൾ അല്ല എന്ന് വ്യക്തമായി പറയുന്നുണ്ട്. ശ്രീ. വി. ശിവൻകുട്ടി ഇവിടെ പറഞ്ഞതിനു തുടർച്ചയായി പറയുകയാണ്. എന്നിട്ടും എന്തിനാണ് ഏഴ് കോടിയിൽ അധികം രൂപ കൺസൾട്ടൻസി ഫീസ് നൽകി ഇത് ടെണ്ടർ ചെയ്തത്? കൊച്ചിയിലെ അതേ അനുഭവം നമുക്ക് ഉണ്ടായില്ലേ; ബൊംബാഡിയർ കമ്പനിയെ മാത്രം ടെണ്ടർ ചെയ്തില്ലേ ; ആ ബൊംബാഡിയർ കമ്പനിക്ക് കൊടുക്കാൻ നിർബന്ധമുണ്ടായില്ലേ ; ഗവൺമെന്റ് കർശനമായി ഇടപെട്ടതിനു ശേഷമല്ലേ ബൊംബാഡിയർ കമ്പനി മാറ്റി ജയ്കോ കമ്പനി വന്നത് ? ജയ്കോ വന്നപ്പോൾ പത്തു കോടി രൂപ പെട്ടെന്ന് എട്ട് കോടി രൂപയായി. ഇന്റർനാഷണൽ ഏജൻസിയെ കൊണ്ട് അന്വേഷിപ്പിക്കുമെന്ന് അങ്ങ് പറഞ്ഞു. ലൈറ്റ് മെട്രോ വരുന്നതിനുമുമ്പ് ഇവിടെ നടന്ന സംഭവങ്ങളെ സംബന്ധിച്ച് ജനങ്ങളെ വിഡ്ഢികളാക്കാതെ സത്യസന്ധമായ ഒരു അന്വേഷണം നടത്തി ശ്രീ. വാഹീദ് ചൂണ്ടിക്കാണിച്ചതുപോലെ ഗുരുതരമായ ട്രാഫിക് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രായോഗികമായ നടപടി സ്വീകരിക്കണമെന്നതാണ് എന്റെ ആവശ്യം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്, ചോദ്യത്തിലേക്ക് വരൂ.

<u>ശ്രീ. പാലോട് രവി</u>: എത്ര പ്രഗത്ഭന്മാരായിരുന്നാലും ശരി തന്നെ ഇത് സംബന്ധിച്ച് ഒരു അന്വേഷണം ആവശ്യമാണ്. അതിനെ സംബന്ധിച്ച്

മുഖ്യമന്ത്രിക്ക് ബൊംബാഡിയാർ കമ്പനിയുടെയും ജയ്ക്കോ കമ്പനിയുടെയും അനുഭവം ഉണ്ടല്ലോ, അതുകൊണ്ട് തലസ്ഥാന നഗരിയിൽ ആരംഭിക്കാൻ പോകുന്ന ലൈറ്റ് മെട്രോ പദ്ധതി, മെട്രോ ഫീസിബിളല്ല, റോഡ് ഗ്രേഡിയന്റ് അല്ല എന്ന് എഴുതി വച്ചതിനുശേഷം മെട്രോ റെയിൽ നിർമ്മിക്കുമെന്നു പറഞ്ഞ സ്ഥലത്ത് വീണ്ടും ലൈറ്റ് മെട്രോ എന്ന് പറഞ്ഞ് നമുക്ക് പോകാൻ സാധിക്കുമോ ; ഇതിന് പരിഹാരമുണ്ടാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, ഈ സംശയം എനിക്കുമുണ്ടായതാണ്. ഞാനും ഈ വിഷയം ഉന്നയിച്ചതാണ്. കാരണം ലൈറ്റ് മെട്രോ തിരുവനന്തപുരത്തും കോഴിക്കോടും ഫലപ്രദമല്ലെന്ന് മോണോറെയിലിന്റെ ഡി.പി.ആർ. തരുന്ന സമയത്ത് പത്രങ്ങളോടും മറ്റും പറഞ്ഞിരുന്നതാണ്. ചോദ്യം വന്നപ്പോഴാണ് ലൈറ്റ് മെട്രോയുടെ ടെക്നോളജിയിൽ ഇപ്പോഴുണ്ടായിട്ടുള്ള മാറ്റവും മുംബൈ നഗരത്തിലും മോണോറെയിൽ സ്ഥാപിച്ചപ്പോഴുണ്ടായിട്ടുള്ള തകരാറുമൊക്കെ ചൂണ്ടിക്കാണിക്കപ്പെട്ടത്. മാത്രമല്ല ലൈറ്റ് മെട്രോ എട്ട് പത്ത് നഗരങ്ങളിൽ കുറ്റമറ്റ രീതിയിൽ ഓടുന്നുണ്ടെന്നാണ് റിപ്പോർട്ട് കിട്ടിയത്. പക്ഷേ അത് പോയി നോക്കിയതിനുശേഷമേ അക്കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ വരുന്ന ലൈറ്റ് മെട്രോയ്ക്ക് എല്ലാ ബോഗിയിലും എഞ്ചിനുണ്ടെന്നാണ് ഇതിന്റെ സാങ്കേതിക വിദഗ്ദ്ധനും ഡോ. ഇ. ശ്രീധരനും മനസ്സിലാക്കിയിട്ടുള്ളത്. തീർച്ചയായും ഇത് പരിശോധിച്ചശേഷമേ ഇതിന്റെ നടപടി സ്വീകരിക്കുകയുള്ളൂ. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങൾ ബോർഡ് യോഗം കൂടുമ്പോൾ തീർച്ചയായും പരിഗണിക്കുന്നതാണ്. ഇക്കാര്യങ്ങളിൽ ഗവൺമെന്റിന് മറ്റൊന്നും മറച്ചുവയ്ക്കാനില്ല. തീർച്ചയായും ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ ശ്രദ്ധിച്ച് മുന്നോട്ടുപോകുമെന്നും അറിയിക്കുന്നു.

<u>ശ്രീ. എളമരം കരീം</u>: സർ, തലസ്ഥാനത്തെ ലൈറ്റ് മെട്രോ പോലെ തന്നെ നേരത്തേ മോണോറെയിൽ പ്രൊപ്പോസ് ചെയ്ത നഗരമാണ് കോഴിക്കോട്. ലൈറ്റ് മെട്രോ ഒരിടത്തും വിജയകരമായി പ്രാവർത്തികമായിട്ടില്ലെന്നാണ് കിട്ടിയിട്ടുള്ള വിവരം. അതുപോലെ കോഴിക്കോട്, തിരുവനന്തപുരം നഗരങ്ങളിലെ ഗതാഗത ക്കുരുക്ക് ഒഴിവാക്കാൻ ഏത് സംവിധാനമാണ് പ്രായോഗികമെന്ന് ശാസ്ത്രീയമായ ഒരു പഠനത്തിനുശേഷമല്ലേ ഇൻവെസ്റ്റിഗേഷന് പോകുന്നത് ? മാത്രമല്ല ജനപ്രതിനിധികളുമായി പോലും ഒരു കൂടിയാലോചനയും ഇതുസംബന്ധിച്ച് നടന്നിട്ടുണ്ടായിരുന്നില്ല. ഇത്തരം പദ്ധതികൾ വരുമ്പോൾ സാങ്കേതിക വിവരമില്ലെങ്കിലും ഇത് സംബന്ധിച്ച് കൂടിയാലോചനകൾ നടത്തി

ട്രാൻസ്പാരന്റായിട്ടുവേണം കൂടുതൽ ഇൻവസ്റ്റിഗേഷന് പണം മുടക്കാൻ. അക്കാര്യം അങ്ങ് ആലോചിക്കുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഇതിന്റെ കംപ്ലീറ്റ് ചെയ്ത ഡി.പി.ആറും സാങ്കേതിക വിവരങ്ങളും ഇതുമായി ബന്ധപ്പെടുന്ന രണ്ട് നഗരങ്ങളിലേയും എം.എൽ.എ.-മാർ, എം.പി.-മാർ, മേയർ തുടങ്ങിയ ജനപ്രതിനിധികളുടെ മുമ്പിൽ അവതരിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. തീർച്ചയായും ഡോ. ഇ. ശ്രീധരനെ കൂടി ഈ മീറ്റിംഗുകളിൽ സംബന്ധിപ്പിക്കാൻ ശ്രമിക്കുന്നതാണ്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: കൊച്ചിയിലും കോഴിക്കോട്ടും തിരുവനന്തപുരത്തുമുള്ള മെട്രോ ലൈനായാലും മോണോ റെയിലായാലും ലൈറ്റ് മെട്രോ ആയാലും അതിന്റെ ഫീസിബിലിറ്റിയെക്കുറിച്ചും ലാഭനഷ്ടത്തെക്കുറിച്ചും ആളുകൾക്ക് സംശയമുണ്ടാവുകയാണ്. ഏതായാലും തൃശ്ശൂരിനെ സംബന്ധിച്ചിടത്തോളം ഇത് യാതൊന്നുമില്ല. തൽക്കാലം അവിടത്തെ ട്രാഫിക് കൺജഷൻ നിർത്താൻ ഒരു ഓവർബ്രിഡ്ജോ ഫ്ലൈ ഓവറോ പ്രഖ്യാപിച്ചത് നടത്താനായി മുൻകൈ എടുക്കുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: തീർച്ചയായും തൃശ്ശൂർ നഗരത്തിൽ ഒരു ഫ്ലൈ ഓവർ നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങളുമായി മുന്നോട്ടു പോകുകയാണ്. അത് സമയബന്ധിതമായി തീർപ്പാക്കാനുള്ള നടപടി സ്വീകരിക്കും.

ശ്രീ. കെ. ശിവദാസൻ നായർ: ഡോ. ഇ. ശ്രീധരൻ എന്ന ആളുമാത്രമേ ഇക്കാര്യത്തിലുള്ളൂവെന്ന ഒരു പരാതി ശ്രീ. ശിവൻകുട്ടി ഇവിടെ ഉന്നയിക്കുകയുണ്ടായി. എറണാകുളത്ത് മെട്രോ വന്നുകഴിഞ്ഞപ്പോൾ ഗ്ലോബൽ ടെണ്ടർ വിളിക്കണമെന്ന് ഒരു ഉദ്യോഗസ്ഥൻ ഫയലിൽ എഴുതി എന്നുള്ളത് വലിയ ഭൂകമ്പമാക്കി ഇ. ശ്രീധരനെ ഒഴിവാക്കാൻ മനഃപ്പൂർവ്വം ഇ-ടെണ്ടർ വിളിക്കുകയാണെന്ന് പരാതി ഉന്നയിക്കുകയും അതിനുവേണ്ടി മനുഷ്യച്ചങ്ങല തീർക്കുകയും ചെയ്ത ആളുകൾ ഇപ്പോൾ അഭിപ്രായം മാറ്റിയത് നന്നായി. ഈ ലൈറ്റ് മെട്രോ ഗ്ലോബൽ ടെണ്ടർ വിളിച്ച് തന്നെ നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: തീർച്ചയായും ഇത് ഗ്ലോബൽ ടെണ്ടർ വിളിച്ചുമാത്രമേ നടപ്പിലാക്കുകയുള്ളൂ. മോണോ റെയിലിന്റെ കാര്യത്തിലും ഗ്ലോബൽ ടെണ്ടറാണ് വിളിച്ചത്. ഗ്ലോബൽ ടെണ്ടർ വിളിച്ചിട്ടുപോലും രണ്ട് പ്രാവശ്യവും

സിംഗിൾ ടെണ്ടറായിരുന്നു. പക്ഷേ ലൈറ്റ് മെട്രോയ്ക്ക് ചുരുങ്ങിയത് ആറേഴ് പേരെങ്കിലും മത്സര രംഗത്തുണ്ടാകുമെന്നാണ് ഇപ്പോൾ കിട്ടിയിട്ടുള്ള വിവരം.

മി. ഡെപ്യൂട്ടി സ്പീക്കർ : ചോദ്യം നമ്പർ * 92

ശ്രീ. പി. കെ. ബഷീർ : 112-ാമത്തെ ചോദ്യം 92-ാമത്തെ ചോദ്യവുമായി ക്ലബ്ബുചെയ്യണമെന്ന് എഴുതിത്തന്നിരുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ഈ ചോദ്യവും 112-ാമത്തെ ചോദ്യവുമായി ക്ലബ്ബുചെയ്യണമെന്ന് അങ്ങ് എഴുതി തന്നിരുന്നു. പക്ഷേ അസംബ്ലി തുടങ്ങിയതിനു ശേഷമാണ് എഴുതി തന്നത്. ക്ലബ്ബുചെയ്യണമെന്നുണ്ടെങ്കിൽ അസംബ്ലിതുടങ്ങുന്നതിനു മുമ്പ് എഴുതിത്തരണം. ആയത് ചെയറിനും ബന്ധപ്പെട്ട മിനിസ്റ്റർക്കും പരിശോധിക്കണം. എഴുതി തന്നപ്പോൾ താമസിച്ചുപോയി, അതുകൊണ്ട് ക്ലബ് ചെയ്യാൻ സാദ്ധ്യമല്ല.

**ദേശീയപാത വികസനം**

2 (*92) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. ദാസൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേശീയപാത വികസനത്തിലുണ്ടായ അനിശ്ചിതത്വം മാറിയിട്ടുണ്ടോ ;

(ബി) ദേശീയപാത എത്ര മീറ്റർ വീതിയിൽ വികസിപ്പിക്കാനാണ് അന്തിമമായി തീരുമാനിച്ചിട്ടുള്ളത് ;

(സി) ദേശീയപാത 47-ലും 17-ലുമായി റോഡ് വികസനത്തിന് എത്ര ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതായി വരും ;

(ഡി) കുടിയൊഴിപ്പിക്കപ്പെടുന്നവരുടെ നഷ്ടപരിഹാര തുക എങ്ങനെ എന്നത് സംബന്ധിച്ച് എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത് ; വിപണിവില

നഷ്ടപരിഹാരമായി ലഭിക്കാതെ പ്രക്ഷോഭ രംഗത്തുള്ളവർ പിന്മാറുമോ ; ഇതിന് പ്രത്യേക പാക്കേജ് എന്തെങ്കിലും നടപ്പാക്കുന്നുണ്ടോ ;

(ഇ) നാഷണൽ ഹൈവേ അതോറിറ്റി ഈ സംരംഭത്തിൽ നിന്നും പിന്മാറിയ സാഹചര്യത്തിൽ പാത വികസനത്തിന് എന്ത് തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(എഫ്) സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായ തുക കേന്ദ്രത്തിൽനിന്നും ലഭിക്കുമെന്ന പ്രതീക്ഷയുണ്ടോ ; അധികബാദ്ധ്യത എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ,

(എ) ദേശീയപാതാ അതോറിറ്റിയുടെ മാർഗ്ഗരേഖ പ്രകാരം ദേശീയ പാതയുടെ വീതി (ROW) 60 മീറ്റർ ആണ്. എന്നാൽ കേരളത്തിലെ ജനസാന്ദ്രതയും സ്ഥലമേറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടും പരിഗണിച്ച് ദേശീയ പാതയുടെ വീതി ദേശീയ നിലവാരത്തിലുള്ള 60 മീറ്ററിൽനിന്നും 45 മീറ്ററായി നിജപ്പെടുത്തുന്നതിന് ദേശീയപാതാ വികസന അതോറിറ്റി 2010-ൽ സമ്മതിക്കുകയുണ്ടായി. എന്നാൽ ദേശീയ പാത 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ വികസിപ്പിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ചില കേന്ദ്രങ്ങളിൽനിന്നും ഉണ്ടായ എതിർപ്പ് കാരണം സ്ഥലമെടുപ്പ് പ്രക്രിയ പരാജയപ്പെട്ട സാഹചര്യത്തിൽ ദേശീയ പാതാ വികസനത്തിന് റൈറ്റ് ഓഫ് വേ 30 മീറ്ററായി ഇളവ് ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ അപകടരഹിതവും സുഗമവുമായ യാത്രാ സൗകര്യം ലഭ്യമാക്കേണ്ടതിനാൽ റോഡ് വികസനത്തിൽ 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ ഇളവ് അനുവദിക്കുവാൻ സാദ്ധ്യമല്ലായെന്ന് കേന്ദ്ര സർക്കാർ അറിയിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് 17-8-2010-ലെ സർവ്വകക്ഷി യോഗത്തിന്റെ തീരുമാനപ്രകാരം ദേശീയപാത 45 മീറ്ററിൽ തന്നെ വികസിപ്പിക്കുവാൻ 18-8-2010-ൽ സംസ്ഥാന സർക്കാർ തീരുമാനിക്കുകയുണ്ടായി.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ.... മറുപടി വളരെ നീണ്ടതായതിനാൽ പ്രധാനപ്പെട്ട പോയിന്റ് മാത്രം പറയുകയും ബാക്കി മേശപ്പുറത്ത് വയ്ക്കുകയും ചെയ്താൽ മതി.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: മറുപടി കേട്ടാൽ മാത്രമേ

മിനിസ്റ്ററോട് ചോദ്യം ചോദിക്കാൻ സാധിക്കുകയുള്ളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ : മറുപടി മുഴുവൻ വായിക്കുമ്പോൾ ചോദ്യം ചോദിക്കാനുള്ള അവസരമുണ്ടാകില്ല.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: വളരെ പ്രധാനപ്പെട്ട പ്രസക്തമായ ഭാഗം മാത്രം വായിക്കാം.

(ബി) ദേശീയപാതകൾ 45 മീറ്റർ വീതിയിൽ വികസിപ്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) എൻ.എച്ച്. 47-ലും 17-ലുമായി അവശേഷിക്കുന്ന 636.10 കി.മീ. ദൂരം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് ദേശീയപാതാ അതോറിറ്റിയുടെ കണക്കു പ്രകാരം ഏകദേശം 3284 ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിർദ്ദേശപ്രകാരം ഞാൻ ഈ ഉത്തരം മേശപ്പുറത്ത് വയ്ക്കുന്നു :

ഇതിനകത്തുള്ള പ്രസക്തഭാഗം വായിക്കാം. എന്നാൽ സ്ഥലമെടുപ്പ് അനിശ്ചിതമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ ദേശീയപാത 17-ലെ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ദേശീയപാത 47-ലെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗത്തെ ദേശീയപാതാ വികസനത്തിൽ നിന്നും ദേശീയ പാതാ വികസന അതോറിറ്റി പിൻവാങ്ങുകയുണ്ടായി.

കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി 4-7-2014-ൽ മുഖ്യമന്ത്രിയ്ക്കയച്ച കത്തിൽ വർദ്ധിച്ചുവരുന്ന വാഹന സാന്ദ്രത പരിഗണിച്ച് ദേശീയപാതാ വികസനം ത്വരിതപ്പെടുത്തണമെന്നുള്ളതിന് സംസ്ഥാന സർക്കാരിന്റെ സഹകരണം
ആവശ്യപ്പെടുകയും ദേശീയപാതാ വികസനത്തിനാവശ്യമായ 80 ശതമാനം ഭൂമി ഏറ്റെടുത്തു നൽകിയാൽ ദേശീയപാതാ അതോറിറ്റിയുടെ പിൻവാങ്ങൽ തീരുമാനം പുനഃപരിശോധിക്കാവുന്നതാണെന്നും അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ
23-10-2014-ലെ മന്ത്രിസഭാ തീരുമാനപ്രകാരം 25-10-2014-ലെ സ.ഉ. (കൈ)

നമ്പർ 94/2014/ പൊമവ ഉത്തരവ് പ്രകാരം ദേശീയപാത 45 മീറ്റർ വീതിയിൽ ത്തന്നെ വികസിപ്പിക്കുന്നതിനും ഇതിനാവശ്യമായ ഭൂമിയുടെ 80 ശതമാനം ഏറ്റെടുത്ത് ദേശീയപാതാ അതോറിറ്റിക്ക് കൈമാറുന്നതിനും ദേശീയപാതാ വികസനത്തിൽ നിന്നും പിൻമാറിക്കൊണ്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 5-3-2014, 14-8-2014 എന്നീ തീയതികളിലെ വിജ്ഞാപനങ്ങൾ റദ്ദ് ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. പ്രസ്തുത വിവരം 30-10-2014-ലെ കത്തുപ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയെ അറിയിച്ചിട്ടുണ്ട്.

(ബി) ദേശീയപാതകൾ 45 മീറ്റർ വീതിയിൽ വികസിപ്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) എൻ.എച്ച്. - 47-ലും 17-ലുമായി അവശേഷിക്കുന്ന 636.10 കി.മീ. ദൂരം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് ദേശീയപാതാ അതോറിറ്റിയുടെ കണക്കുപ്രകാരം ഏകദേശം 1329.15 ഹെക്ടർ (3284 ഏക്കർ) ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്.

(ഡി) 1956-ലെ എൻ.എച്ച്. ആക്ടിലെ വ്യവസ്ഥകൾ പ്രകാരം CALA (കോംപീറ്റന്റ് അതോറിറ്റി ഫോർ ലാന്റ് അക്വിസിഷൻ) ആണ് നഷ്ടപരിഹാരം നിർണ്ണയിക്കുന്നത്. 25-10-2014-ലെ സ.ഉ.(കൈ).നമ്പർ 94/2014/പൊമവ പ്രകാരം ടി നഷ്ടപരിഹാരം നിശ്ചയിക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ റീഹാബിലിറ്റേഷൻ ആന്റ് റീ സെറ്റിൽമെന്റ് പാക്കേജിലെ (15-11-2011-ലെ സ.ഉ.(കൈ) നമ്പർ 419/11/റവ.) വ്യവസ്ഥകൾക്കൂടി പരിഗണിച്ച് പദ്ധതി ബാധിതർക്ക് മെച്ചപ്പെട്ട നഷ്ടപരിഹാരം ഉറപ്പുവരുത്തുന്ന രീതിയിൽ വില നിശ്ചയിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) 25-10-2014 സ.ഉ.(കൈ).നമ്പർ 94/2014/പൊമവ ഉത്തരവുപ്രകാരം ദേശീയപാത 45 മീറ്റർ വീതിയിൽ തന്നെ വികസിപ്പിക്കുന്നതിനും ഇതിനാവശ്യമായ ഭൂമിയുടെ 80% ഏറ്റെടുത്ത് ദേശീയപാതാ അതോറിറ്റിക്ക് കൈമാറുന്നതിനും ദേശീയ പാതാ വികസനത്തിൽനിന്നും പിന്മാറിക്കൊണ്ട് കേന്ദ്ര

സർക്കാർ പുറപ്പെടുവിച്ച 5-3-2014, 14-8-2014 എന്നീ തീയതികളിലെ, വിജ്ഞാപനങ്ങൾ റദ്ദ് ചെയ്യുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിനും തീരുമാനിച്ചു. പ്രസ്തുതവിവരം 30-10-2014-ലെ കത്ത് പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയെ അറിയിച്ചിട്ടുണ്ട്. അലൈൻമെന്റ് സംബന്ധിച്ച തർക്കങ്ങൾ നില നിൽക്കുന്ന പ്രദേശങ്ങളിലെ അലൈൻമെന്റ് പുനഃപരിശോധിക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഉന്നതതല കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

(എഫ്) ഉണ്ട്. ദേശീയപാതാ വികസനത്തിനാവശ്യമായ ഭൂമി ഏറ്റെടുക്കുമ്പോൾ ആയതിനുള്ള നഷ്ടപരിഹാരം പൂർണ്ണമായും കേന്ദ്ര സർക്കാരാണ് വഹിക്കുന്നത്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: മറുപടി മുഴുവൻ വായിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട കോലിയക്കോട് കൃഷ്ണൻ നായർ, ഇതിന്റെ മറുപടി മുഴുവൻ ശ്രീ. കുഞ്ഞിരാമൻ (ഉദുമ)-യുടെ കൈവശമുണ്ട്. ഇത് വളരെ ദീർഘമായ മറുപടിയാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഭാഗം പറഞ്ഞിട്ട് ബാക്കി മേശപ്പുറത്ത് വച്ചാൽ മതിയെന്ന് കുഞ്ഞിരാമന്റെ കൈവശമുള്ള മറുപടി നേരത്തേ എടുത്ത് നോക്കേണ്ടതാണ്. അങ്ങനെയാണ് സാധാരണ ചെയ്യാറുള്ളത്.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, ദേശീയപാത വികസനത്തെക്കുറിച്ച് കുറേക്കാലമായി നാം ചർച്ച ചെയ്യുകയാണ്. വാഹനപ്പെരുപ്പംമൂലം നമ്മുടെ റോഡുകൾ ഇറങ്ങി നടക്കാൻ കഴിയാത്ത രീതിയിൽ മാറിക്കൊണ്ടിരിക്കുകയാണ്. വികസനം വേണമെന്നുള്ള കാര്യത്തിൽ ആർക്കും തർക്കമുണ്ടാകുമെന്ന് തോന്നുന്നില്ല. നമ്മുടെ സർക്കാർ ഇക്കാര്യത്തിൽ വലിയ അലംഭാവമാണ് കാണിക്കുന്നതെന്ന പരാതിയാണ് എനിക്ക് ഉന്നയിക്കാനുള്ളത്. നമ്മുടെ അയൽ സംസ്ഥാനമായ കർണ്ണാടകത്തിൽ നിന്ന് കേരളത്തിന്റെ ബോർഡർ വരെ (ഉഡുപ്പി മുതൽ തലപ്പാടി വരെ) ദേശീയപാതാ വികസനം നടന്നിരുന്നു. വലിയ പാലം നിർമ്മിച്ച് ഉദ്ഘാടനം നടത്തി. തലപ്പാടി മുതൽ തെക്കോട്ടു വരുന്ന നമ്മുടെ സംസ്ഥാനത്താണ്

റോഡുപണി മന്ദഗതിയിൽ നടക്കുന്നത്. ഇതിനെ ആളുകൾ എതിർക്കുന്നുവെന്ന് പറയാൻ പ്രധാനപ്പെട്ട കാരണം റോഡുമുഴുവൻ ഉപേക്ഷിച്ച് ഇതിന്റെ അലൈൻമെന്റ് മാറ്റിയതിനാലാണ്. ഞങ്ങളുടെ ജില്ലയിൽ അങ്ങനെയാണ്. കാസർഗോഡ് ജില്ലയിൽ ദേശീയപാതാ വികസനത്തിനായി 100 കിലോമീറ്ററിൽ താഴെ റോഡ് മാത്രമേ എടുത്തിട്ടുള്ളൂ. ആ 100 കിലോമീറ്ററിനുള്ളിലെ മഹാഭൂരിപക്ഷം സ്ഥലത്തും 45 മീറ്റർ വീതിയുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്....... പ്ലീസ്........

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): നിലവിലുള്ള റോഡ് മാത്രമെടുത്ത് രണ്ട് സൈഡും കുറച്ച് വീതികൂട്ടിയെടുത്താൽ ഒരു തടസ്സവുമില്ലാതെ കാസർഗോഡ് ജില്ലയിലെ 100 കിലോമീറ്റർ വരുന്ന നീളം ശരിയാക്കിക്കൊടുക്കാമെന്ന് മന്ത്രിക്ക് ഞങ്ങൾ

ഉറപ്പ് നൽകുകയാണ്. കാസർഗോഡുള്ള എല്ലാ എം.എൽ.എ.-മാരും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുമായി ആലോചിക്കണം. ഇതുസംബന്ധിച്ച് തീരുമാനമായിരിക്കുകയാണ്. ഞങ്ങളുടെ ജില്ലയിൽ ഒരു തടസ്സവുമില്ല. എന്തെങ്കിലും തടസ്സമുണ്ടെങ്കിൽ ഞങ്ങൾ ഒഴിവാക്കിത്തരാം. കുറച്ച് സ്ഥലം മാത്രമേ ഏറ്റെടുക്കേണ്ടതുള്ളൂ. ആ സ്ഥലം ഏറ്റെടുത്ത് റോഡ് വികസനത്തിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ വിധത്തിലുള്ള ഒരു ശ്രമം ഗവൺമെന്റ് നടത്തിയതാണ്. നിലവിലുള്ള അവരുടെ അലൈൻമെന്റ് പല സ്ഥാപനങ്ങളെയും പ്രത്യേകിച്ച് മതസ്ഥാപനങ്ങളെയും പൊതുസ്ഥാപനങ്ങളെയും ബാധിക്കുന്നതുകൊണ്ട് അലൈൻമെന്റിൽ ഒരു മാറ്റം വരുത്തി ഉള്ള റോഡ് വീതി കൂട്ടുന്ന കാര്യത്തെ സംബന്ധിച്ച് പലവട്ടം കേന്ദ്ര ഗവൺമെന്റുമായും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുമായി ആലോചിക്കുകയും ശക്തമായ കത്തിടപാടുകൾ നടത്തുകയും അവിടെ പോയി സംസാരിക്കുകയും ചെയ്തതാണ്. പക്ഷേ ഒരു കാരണവശാലും നിലവിലുള്ള അലൈൻമെന്റിൽ നിന്നും മാറാൻ കേന്ദ്രഗവൺമെന്റ് തയ്യാറല്ല. അത് യു.പി.എ. ഗവൺമെന്റ് ആയിരുന്നപ്പോഴും ബി.ജെ.പി. ഗവൺമെന്റ് ആയപ്പോഴും യാതൊരു വിധത്തിലും തയ്യാറല്ല. മാത്രമല്ല, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ അതിനെ സംബന്ധിച്ച് കേൾക്കാൻ പോലും തയ്യാറല്ല. അംഗീകരിച്ച അലൈൻമെന്റ് അനുസരിച്ച് റോഡ് നിർമ്മിക്കാൻ സാധിക്കില്ലെങ്കിൽ നിങ്ങൾക്ക്

നിങ്ങളുടെ വഴി, ഞങ്ങൾക്ക് ഞങ്ങളുടെ വഴി എന്ന രീതിയിലാണ് അവർ പറയുന്നത്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ വളരെ കർശനമായ നിലപാടാണ് എടുത്തിട്ടുള്ളത്.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : സർ, കാസർഗോഡ് ജില്ലയിലെ നിലവിലുള്ള റോഡുകളുടെ സ്ഥിതി പരിശോധിച്ചാൽ വളരെ പരിതാപകരമാണ്. ദേശീയ പാതയിലൂടെ യാത്ര ചെയ്യാൻ പറ്റാത്ത സ്ഥിതിയിലാണ് കാസർഗോഡ് ജില്ല നിലനിന്നുപോകുന്നത്. റോഡുകൾ പുതുക്കിപ്പണിത് യാത്രായോഗ്യമാക്കുന്നതിനുള്ള നടപടി എന്തെങ്കിലും സ്വീകരിക്കുന്നുണ്ടോ; അതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുവാദം വാങ്ങേണ്ടതുണ്ടോ ; സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ പറ്റുന്നതെന്താണ് എന്നുകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, കാസർഗോഡ് ജില്ലയിലെ നീലേശ്വരം ജംഗ്ഷനും പൊയ്നാച്ചിയ്ക്കും ഇടയിൽ റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്താനുള്ള അനുമതി ഫ്ലഡ് ഡാമേജ് റിപ്പയറിൽ ഉൾപ്പെടുത്തി പത്ത് ദിവസത്തിനുള്ളിൽ നൽകുന്നതാണ്. അതോടൊപ്പം തന്നെ ഈ റോഡിന്റെ ഉപരിതലം പുതുക്കുന്ന പ്രവർത്തിക്കുവേണ്ടി 19 കോടി രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, 45 മീറ്ററെങ്കിലും വീതിയില്ലാതെ ഒരു ഹൈവേ റോഡ് നിർമ്മിച്ചിട്ട് ഒരുകാര്യവുമില്ല. ഇനി അത് കുറയ്ക്കണം എന്നുള്ള തർക്കത്തിലേക്ക് പോകാതെ 45 മീറ്റർ വീതിയുള്ള റോഡ് നിർമ്മിക്കാൻ ഇന്ന് പെട്ടെന്ന് ചെയ്തുതീർക്കാൻ സാധിക്കുന്ന മേഖലയ്ക്ക് മുൻഗണന കൊടുത്ത് പദ്ധതി തയ്യാറാക്കണം. ഏറ്റവും കൂടുതൽ നാഷണൽ ഹൈവേകൾ അവഗണിച്ചിട്ടുള്ളത് ഉത്തരമലബാറിലാണ്. വടകരയിൽ നിന്ന് കണ്ണൂരിൽ എത്തണമെങ്കിൽ എത്ര മണിക്കൂറുകളാണ് എടുക്കുന്നത്. അതിൽ തലശ്ശേരി-മാഹി ബൈപ്പാസ് 1977 മുതൽ പണി തുടങ്ങിയതാണ്. ഇപ്പോഴും പൂർത്തിയായിട്ടില്ല. അതിന്റെ ഭൂമിയേറ്റെടുക്കൽ 45 മീറ്റർ വീതിയിൽ മുഴപ്പിലങ്ങാട് മുതൽ നാലുതറ വരെയുള്ള ഭാഗത്ത് 45 മീറ്റർ ഏറ്റെടുത്തുകഴിഞ്ഞു. അതിനിപ്പുറത്തുള്ള മാഹിയിൽപ്പെട്ട സ്ഥലത്തും അഴിയൂർ ഉള്ള സ്ഥലത്തും അക്വിസിഷൻ പൂർത്തീകരിക്കാൻ കഴിയാത്തതുകൊണ്ടാണ് ആ പണി

തുടങ്ങാത്തത്. അതിൽ ഇപ്പോൾ ഏറ്റെടുത്തുവച്ചിരിക്കുന്ന സ്ഥലത്തുവച്ച് പണി തുടങ്ങിയാൽ മറ്റേ ഭാഗം കിട്ടുന്നതുവരെ കാത്തിരിക്കാതെ ഇത് കുഞ്ഞിപ്പള്ളിവരെ എത്തിക്കാൻ സാധിക്കും. അതിനുവേണ്ടി മാടപ്പീടിക-ചൊക്ലി-മോന്തായം റോഡ് കുറച്ചുകൂടി വീതികൂട്ടിയാൽ ഈ ഉദ്ദേശ്യം സാധിക്കും. തലശ്ശേരി-മാഹി ബൈപ്പാസ് ചെയ്യുമെന്നുള്ളത് കേരളാ ഗവൺമെന്റ് മിഷൻ 676 സ്പീഡ് പ്രോഗ്രാമിൽ പ്രഖ്യാപിച്ചതാണ്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച ബാക്കി എല്ലാ ബൈപ്പാസുകളുടെയും പണി തുടങ്ങുകയോ ടെണ്ടർ ചെയ്യുകയോ ചെയ്തിട്ടും തലശ്ശേരി-മാഹി ബൈപ്പാസ് ഇപ്പോഴും പഴയ ഈസ്റ്റിന്ത്യാക്കമ്പനിയുടെ സമീപനം തന്നെ സ്വീകരിക്കുന്നത് ശരിയാണോ ; ഇപ്പോൾ ആ പണി തുടങ്ങുന്നതിനുള്ള എന്തെങ്കിലും സാദ്ധ്യതയുണ്ടോ ; ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ മുൻകയ്യെടുക്കണം. അതിനെന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, സ്പീഡ് പ്രോഗ്രാമിൽ 23 പദ്ധതികളാണുണ്ടായിരുന്നത്. അതിൽ തലശ്ശേരി-മാഹി ബൈപ്പാസുമുണ്ടായിരുന്നു. നിർഭാഗ്യവശാൽ സാമ്പത്തിക ബുദ്ധിമുട്ടുകൾ വന്നതുകൊണ്ട് ആ പദ്ധതികളിൽ കുറച്ച് മാറ്റിവയ്ക്കുകയും നാലഞ്ച് പദ്ധതികൾ വളരെ വേഗത്തിൽ മുന്നോട്ടുപോകാൻ തീരുമാനിക്കുകയും ചെയ്തു. വളരെ സന്തോഷത്തോടുകൂടി പറയാൻ ആഗ്രഹിക്കുന്നത് 19-11-2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന അവലോകന യോഗത്തിൽ തലശ്ശേരി-മാഹി ബൈപ്പാസിന് മുൻഗണന നൽകി അഞ്ച് പദ്ധതിയിലുൾപ്പെടുത്തി കോഴിക്കോട് ബൈപ്പാസ് നിർമ്മാണം ആരംഭിച്ചതു പോലെ ഉടനെ തന്നെ സംസ്ഥാന ഗവൺമെന്റിന്റെ പരിപൂർണ്ണമായ ചെലവിൽ നിർവ്വഹിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. 300 കോടിരൂപ കേരളാ ഗവൺമെന്റ് ഇതിന് ചെലവാക്കേണ്ടിവരും. മുഴപ്പിലങ്ങാട് മുതൽ അഴിയൂർ വരെയുള്ള 18 കിലോമീറ്ററിൽ
12 കിലോമീറ്റർ മാത്രമാണ് സ്ഥലം ലഭിച്ചിട്ടുള്ളത്. ഇത് stand alone പ്രോജക്ടായി ഏറ്റെടുക്കാൻ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രഗവൺമെന്റിൽ നിന്നും അനുവാദം വാങ്ങി സംസ്ഥാന ഗവൺമെന്റ് അത് ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. അതോടൊപ്പം തന്നെ അങ്ങുപറഞ്ഞ നാഷണൽ ഹൈവേക്ക് 45 മീറ്റർ വീതി വേണമെന്ന കാര്യത്തിൽ ഗവൺമെന്റ് ഒരു തീരുമാനം എടുത്തുകഴിഞ്ഞു. 45 മീറ്ററിൽ കുറയ്ക്കുന്ന പ്രശ്നം ഉദിക്കുന്നില്ല.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഇത് വാളയാർ-വടക്കഞ്ചേരി 45 മീറ്ററും വടക്കഞ്ചേരി-മണ്ണുത്തി 60 മീറ്ററിലുമാണ് നാഷണൽ ഹൈവേയുടെ പണി ആരംഭിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട എം. ചന്ദ്രന്റെ മണ്ഡലത്തിൽ 45 മീറ്ററാണ് റോഡിന്റെ വീതി. എന്റെ മണ്ഡലത്തിലേക്ക് വരുമ്പോൾ അത് 60 മീറ്ററിലേക്ക് വരികയാണ്. എന്നാൽ റോഡിന്റെ വീതി കൂട്ടുന്നുമില്ല. ആകെ കൂട്ടുന്നത് ഡിവൈഡറിന്റെ വീതിയാണ്. ശ്രീ. എം. ചന്ദ്രന്റെ മണ്ഡലത്തിലേക്ക് വരുമ്പോൾ ഡിവൈഡർ ഒരു മീറ്ററും രണ്ടുമീറ്ററുമാണ്. എന്റെ മണ്ഡലത്തിലേക്ക് വരുമ്പോൾ ഡിവൈഡറിന്റെ വീതി 10 മീറ്ററാണ്. ഡിവൈഡർ കൂട്ടാൻ വേണ്ടി പാവപ്പെട്ട കൃഷിക്കാരൻ ഈ ത്യാഗം സഹിക്കേണ്ട എന്തെങ്കിലും ആവശ്യമുണ്ടോ ; പാലക്കാട് ജില്ലയിൽ ഒരു സെന്റിന് കൊടുത്തിട്ടുള്ള കോമ്പൻസേഷൻ 16,000 രൂപ മുതൽ 50,000 രൂപ വരെയാണ്. തൊട്ടടുത്ത തൃശ്ശൂർ ജില്ലയിൽ 3,00,000 രൂപ മുതൽ 5,00,000 രൂപ വരെയാണ്. എന്തൊരു അനീതിയാണ് ഇത്. അതിനുശേഷം മൂന്നുപ്രാവശ്യം ഫെയർ വാല്യൂ റിവൈസ് ചെയ്തു. എം.എൽ.എ.മാർ ഇടപെട്ടു എന്ന ഒറ്റക്കാരണത്താൽ നാടിന്റെ നന്മയ്ക്ക് ചെയ്ത ത്യാഗത്തിന് പാവപ്പെട്ട കൃഷിക്കാർ ആത്മഹത്യയുടെ പാതയിലാണ്. രണ്ടേക്കർ മൂന്നേക്കർ ഉള്ള സ്ഥലത്തുനിന്ന് 1.85 ഏക്കർ സ്ഥലമാണ് എടുക്കുന്നത്. പിന്നെ 15 സെന്റ് സ്ഥലമാണ് ഉള്ളത്. അവിടെയൊരു കട തുടങ്ങാനുള്ള സെറ്റ്ബാക്കിലാണ് 15 സെന്റ് ഭൂമി സ്ഥിതി ചെയ്യുന്നത്. പാവപ്പെട്ട കൃഷിക്കാരന് ഒരു ഗുണവും ഇല്ല. ഫെയർവാല്യൂ മൂന്ന് പ്രാവശ്യം റിവൈസ് ചെയ്ത സാഹചര്യത്തിൽ, പാവപ്പെട്ട കൃഷിക്കാരൻ 60 മീറ്റർ കൊടുക്കാൻ തയ്യാറാണ്, നിർബന്ധമായും ആ തുക എൻഹാൻസ് ചെയ്യണം. രണ്ടാമതായി, ബഹുമാനപ്പെട്ട മന്ത്രി ഒന്ന് നോക്കണം.
ഇത്ര ഗുണമേന്മയില്ലാത്ത ഒരു റോഡ്, വേണ്ടാത്ത സ്ഥലത്ത് കൺവെർട്ട്, വേണ്ടാത്ത സ്ഥലത്ത് ഓവർബ്രിഡ്ജ്, ആശുപത്രിയുടെ മുമ്പിൽ ഓവർബ്രിഡ്ജിന്റെ ഒരാവശ്യവുമില്ല. അതേസമയം കണ്ണൂരിൽ ഓവർബ്രിഡ്ജ് ഇല്ല. ഇത്ര ഒരു പെർഫെക്ഷൻ ഇല്ലാത്ത വർക്കാണ് അവിടെ നടക്കുന്നത്. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ കോമ്പൻസേഷൻ വർദ്ധിപ്പിക്കുന്നതിന് ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ; ഇത് രണ്ടുമൂന്ന്പ്രാവശ്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, വടക്കഞ്ചേരി മുതൽ തൃശ്ശൂർ വരെ സർവ്വീസ് റോഡ് കൂടി ആറുവരി പാതയാക്കി 60 മീറ്റർ വീതിയിലാണ് സ്ഥലമെടുത്തത്. അന്ന് 45 മീറ്റർ ആക്കിയിരുന്നില്ല. ഏറ്റവും ആദ്യം സ്ഥലമെടുത്തത് ഈ പ്രദേശമായിരുന്നു. അന്ന് 60 മീറ്ററായിരുന്നു. അന്ന് ആ സ്ഥലം തന്നെ

നല്ല ആളുകളോട് ഗവൺമെന്റിന് നന്ദിയുണ്ട്. അത് കൃഷി സ്ഥലമാണ്. ഒരു ഗ്രീൻഫീൽഡ് റോഡാണ് വടക്കഞ്ചേരി മുതൽ തൃശ്ശൂർ വരെ വന്നത്. അന്നത്തെ വിലയാണ് അന്ന് കൊടുത്തത്. വീണ്ടും വില കൂട്ടിക്കൊടുക്കാൻ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ സമ്മതിക്കില്ല. അതേ സമയത്ത് വാളയാർ മുതൽ വടക്കഞ്ചേരി വരെ 45 മീറ്റർ സ്ഥലം അതിനുശേഷം എടുത്തതാണ്.
45 മീറ്ററാക്കി ചുരുക്കിയതിനുശേഷമാണ് ആ സ്ഥലമെടുത്തത്. ഏതായാലും ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ അടുത്ത റിവ്യൂ മീറ്റിംഗിൽ അവരുടെ ശ്രദ്ധയിൽപ്പെടുത്താം. അതോടൊപ്പം തന്നെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെയും കേന്ദ്രഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്താം. ഇപ്പോൾ ഡി.പി.ആർ. ഇല്ലാത്തതാണെങ്കിൽ ഡി.പി.ആർ. റിവൈസ് ചെയ്യേണ്ടിവരും. പുതിയൊരു ഫ്ലൈ ഓവർ വേണമെങ്കിൽ റിവൈസ് ചെയ്യേണ്ടി വരും. അതിനുള്ള സാദ്ധ്യതകളും പരിശോധിക്കാം.

ശ്രീ. കെ. ദാസൻ: സർ, കേരളത്തിൽ ദേശീയപാത വികസനം ബി.ഒ.ടി. അടിസ്ഥാനത്തിൽ നടത്തുമെന്നാണ് ഗവൺമെന്റ് പറയുന്നത്. യഥാർത്ഥത്തിൽ ഈ സ്വകാര്യ സംരംഭകരെ ഒഴിവാക്കിക്കൊണ്ട് കേരളത്തിൽ റോഡ് നിർമ്മാണം പൂർത്തിയാക്കാൻ കഴിയില്ല. കാരണം കേരളത്തിൽ നിന്ന് ഇന്ധന, വാഹന, റോഡ് നികുതിയിനത്തിൽ 2,000 കോടി രൂപ മുതൽ 2,500 കോടി രൂപ വരെ കേന്ദ്ര ഗവൺമെന്റ് പിരിക്കുന്നുണ്ട്. അതുപോലെതന്നെ, ഡീസൽ നികുതിയിനത്തിൽ 1,410 കോടി രൂപ പിരിക്കുന്നുണ്ട്. അതിന്റെകൂടെ സെസ് ഇനത്തിൽ വലിയൊരു സംഖ്യ കേന്ദ്ര ഗവൺമെന്റ് പിരിക്കുന്നുണ്ട്. അതിന്റെയെല്ലാം വെറും പത്ത് ശതമാനം മാത്രമാണ് കേരള ഗവൺമെന്റിന് ലഭിക്കുന്നത്. ഫെഡറൽ തത്വം അംഗീകരിച്ചിട്ടുള്ള ഈ രാജ്യത്ത് കേന്ദ്രത്തിന്റെ അധികാരം കേന്ദ്രീകരിക്കുമ്പോൾ സംസ്ഥാനത്തിന് അതിന്റെ കൃത്യമായ വിഹിതം തരാത്തതിന്റെ ഭാഗമായാണ് ഈ സ്വകാര്യ സംരംഭകരെ ദേശീയപാത വികസനത്തിനുവേണ്ടി ഉപയോഗിക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് ബി.ഒ.ടി. ഒഴിവാക്കി സംസ്ഥാന ഗവൺമെന്റ് തന്നെ ദേശീയപാത വികസനം ഏറ്റെടുക്കുമോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത് ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, സംസ്ഥാന ഗവൺമെന്റിന് ഇത്രയും വലിയൊരു സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കാൻ സാധിക്കുകയില്ല. ഇപ്പോൾ തന്നെ നമ്മൾ ഏറ്റെടുക്കുന്ന ഭൂമിക്ക് ഒരു സെന്റിന് അഞ്ച് ലക്ഷം രൂപ വില നിശ്ചയിച്ചാൽ പോലും 16,000 കോടി രൂപ സ്ഥലവില മാത്രമായി വരും.

അതോടൊപ്പം കൺസ്ട്രക്ഷൻ ചെലവ് ഉൾപ്പടെ 25,000 കോടി രൂപയിലധികം ഇപ്പോൾത്തന്നെ അനിവാര്യമായിത്തീർന്നിരിക്കുകയാണ്. ഇത്രയും ഭാരിച്ച സംഖ്യ സംസ്ഥാന ഗവൺമെന്റിന് മൊബിലൈസ് ചെയ്യാനോ അത് ചെലവഴിക്കാനോ സാധിക്കുകയില്ല. ആ ചോദ്യത്തിൽ യാതൊരു പ്രസക്തിയുമില്ല. കാരണം, കേന്ദ്ര ഗവൺമെന്റിനെ ആശ്രയിച്ചാണ് ദേശീയപാതയുടെ വികസനം എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. സെൻട്രൽ റോഡ് ഫണ്ടിൽ നമുക്ക് കിട്ടേണ്ട വിഹിതം പോലുള്ള ചില അപാകതകൾ പ്രത്യേകം ശ്രദ്ധിക്കുന്നതും അത് ടേക്ക് അപ്പ് ചെയ്യുന്നതുമാണ്.

<u>ശ്രീ. ഹൈബി ഈഡൻ:</u> സർ, എൻ.എച്ച്. 17-ന്റെ വികസനം, ഇടപ്പള്ളി മുതൽ മൂത്തകുന്നം വരെയുള്ള പ്രദേശത്ത് 1990 കളുടെ അവസാനത്തിൽ 30 മീറ്റർ ആക്കുന്നതിനുവേണ്ടി അവിടെനിന്നും ആളുകളെ കുടിയൊഴിപ്പിച്ചതാണ്. ശ്രീ. വി. ഡി. സതീശൻ അടക്കമുള്ളവർ ഇടപെട്ടിട്ടാണ് അവർക്ക് ആവശ്യമായ നഷ്ടപരിഹാരം ലഭിച്ചത്. ആരെയും പുനരധിവസിപ്പിച്ചതല്ല. അവർ തന്നെ ആ മേഖലയിൽ പിന്നോട്ടുപോയി വീടുകൾ വച്ച് താമസിക്കുന്നതാണ്. അവരെത്തന്നെ വീണ്ടും 45 മീറ്ററിനുവേണ്ടി കുടിയൊഴിപ്പിക്കുന്നത് ഒരിക്കലും ന്യായീകരിക്കാൻ സാധിക്കുന്നതല്ല. അതുകൊണ്ട് ഇടപ്പള്ളി മുതൽ മൂത്തകുന്നം വരെയുള്ള പ്രദേശം ഒരു ലിങ്ക് ഹൈവേയായി പ്രഖ്യാപിക്കണമെന്നും 30 മീറ്ററിൽത്തന്നെ ഇത് പണികഴിപ്പിക്കണമെന്നുമാണ് ഞങ്ങളുടെ ആവശ്യം. ഇടപ്പള്ളി ജംഗ്ഷനിൽ മെട്രോ റെയിലിനു വേണ്ടി 32 ലക്ഷം രൂപ സ്ഥലവിലയായി നൽകുകയും തൊട്ടടുത്ത് കിടക്കുന്ന അതേ പ്രദേശത്ത് അഞ്ച് ലക്ഷം രൂപ കൊടുക്കുകയും ചെയ്യുന്നത് ഒരിക്കലും ന്യായീകരിക്കാൻ കഴിയുന്നതല്ല. ഒരിക്കൽ കുടിയൊഴിപ്പിക്കപ്പെട്ടവരെ വീണ്ടും കുടിയൊഴിപ്പിക്കുന്ന പ്രശ്നമായതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ഇതൊരു പ്രത്യേക കേസായി പരിഗണിക്കണമെന്നും അതിനുവേണ്ടി എന്ത് നടപടിയാണ് ഗവൺമെന്റ് എടുക്കുന്നതെന്നുമാണ് എന്റെ ചോദ്യം.

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:</u> സർ, സ്ഥലം ഏറ്റെടുക്കുന്നതിന് കോമ്പൻസേഷൻ കൊടുക്കുന്നത് കേന്ദ്ര ഗവൺമെന്റും കോമ്പറ്റേറ്റീവ് അതോറിറ്റി ഓഫ് ലാന്റ് അക്വിസിഷൻ (KALA) എന്ന സംഘടനയും ചേർന്ന് കേന്ദ്ര ഗവൺമെന്റിന്റെ സ്കീമും പദ്ധതിയുമനുസരിച്ചാണ്. KALA ഇത് തീരുമാനിക്കുമ്പോൾ ജില്ലാ കളക്ടർമാർ ഇടപെട്ട് ന്യായമായ വില കൊടുക്കുന്നതിനുള്ള സംവിധാനം ചെയ്യണമെന്ന് നമ്മുടെ ക്യാബിനറ്റ് ഇപ്പോൾ ഒരു

തീരുമാനമെടുത്തിട്ടുണ്ട്. അതനുസരിച്ച് ന്യായമായ കോമ്പൻസേഷൻ കൊടുക്കാനുള്ള ശ്രമം നടക്കും. മെട്രോ റെയിലിൽ നെഗോഷ്യേറ്റഡ് പർച്ചേസാണ് നടത്തിയത്. ആ രീതിയിലാണ് ബഹുമാനപ്പെട്ട ഹൈബി ഈഡൻ പറഞ്ഞതുപോലെ 32 ലക്ഷം രൂപ വരാനുള്ള സാദ്ധ്യത. അത് ഇതിലും പ്രതീക്ഷിക്കാൻ ഒരു കാരണവശാലും വഴിയില്ല. അതേസമയം ന്യായമായ കോമ്പൻസേഷൻ കൊടുക്കാൻ കേരള ഗവൺമെന്റ് ഇടപെടുമെന്ന് പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുന്നു. അതോടൊപ്പംതന്നെ മറ്റൊരു പ്രശ്നം ഈ 30 മീറ്റർ എന്നുള്ളതാണ്. ശരിക്കും ഇടപ്പള്ളി-മൂത്തകുന്നം സ്ട്രെച്ചിൽ അവിടത്തെ ജനങ്ങളുടെയും ആവാസ കേന്ദ്രങ്ങളുടെയും പ്രശ്നങ്ങൾ പ്രത്യേകം പരിശോധിച്ചുകൊണ്ടാണ് ഗവൺമെന്റ് പലപ്പോഴും 30 മീറ്റർ ആക്കിക്കൂടേയെന്ന് കേന്ദ്ര ഗവൺമെന്റിനോട് ചോദിച്ചിരുന്നത്. ഒരുകാരണവശാലും കേന്ദ്ര ഗവൺമെന്റ് അത് സമ്മതിക്കാത്ത സ്ഥിതിക്ക് ഇടപ്പള്ളി മുതൽ മൂത്തകുന്നം വരെ 30 മീറ്റർ എന്നത് സമ്മതിക്കാൻ നിർവ്വാഹമില്ല. മറ്റെന്തെങ്കിലും സാദ്ധ്യതയുണ്ടോ എന്നുള്ള കാര്യം പരിശോധിക്കാം.

<u>ശ്രീ. റ്റി. വി. രാജേഷ്:</u> സർ, നാഷണൽ ഹൈവേയുടെ വികസനം വഴിമുട്ടിനിൽക്കുന്നത് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടാണ്. ഈ കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഇത് സംബന്ധിച്ച് ഒരു ശ്രദ്ധ ക്ഷണിക്കൽ ഞാൻ കൊണ്ടുവന്നിരുന്നു. ഏറ്റവും കൂടുതൽ ഹൈവേ കടന്നുപോകുന്ന ഒരു മണ്ഡലത്തെയാണ് ഞാൻ പ്രതിനിധീകരിക്കുന്നത്. ഇവിടെ കോമ്പറ്റേറ്റീവ് അതോറിറ്റി ഓഫ് ലാന്റ് അക്വിസിഷൻ (KALA) എന്ന സംഘടനയാണ് നാഷണൽ ഹൈവേയുടെ സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട വില നിശ്ചയിക്കുന്നത്. എന്നാൽ കേരളത്തിൽ നിലനിൽക്കുന്ന സാമാന്യ വിലയേക്കാൾ വളരെ കുറഞ്ഞ വിലയാണ് അവർ നിശ്ചയിച്ചിരിക്കുന്നത്. ഈ വിലയ്ക്ക് ജനങ്ങൾ ഭൂമി വിട്ടുകൊടുക്കുകയില്ല. ശ്രദ്ധ ക്ഷണിക്കലിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കാര്യം, സംസ്ഥാന സർക്കാർ ആർ.ആർ. പാക്കേജാണ് ഉദ്ദേശിക്കുന്നതെന്നാണ്. അങ്ങനെ വരുമ്പോൾ ഭൂവുടമകൾക്ക് കുറെക്കൂടി നീതി ലഭിക്കാൻ ഇടയുണ്ട്. ഈ വിഷയത്തിന് ഒരു പരിഹാരമുണ്ടാകണം. ഇങ്ങനെ അനിശ്ചിതമായി ചർച്ച നീണ്ടുപോയിട്ട് യാതൊരു കാര്യവുമില്ല. ഉത്തര മലബാറിൽ കോഴിക്കോട് നിന്നും കണ്ണൂരിൽ എത്തണമെങ്കിൽ അഞ്ച് മണിക്കൂർ വേണം. ഇതിന് പരിഹാരമുണ്ടാക്കുന്നതിനുള്ള പാക്കേജ് കൊണ്ടുവരണം. കടയും വീടുമൊക്കെ നഷ്ടപ്പെടുന്നവർക്ക് സമഗ്രമായ പുനരധിവാസ പാക്കേജ് ഉണ്ടാകണം. എത്ര നാളുകളായി ഈ സഭയിൽ ചർച്ച ചെയ്യുന്നു. ഇങ്ങനെ ചർച്ച ചെയ്തതുകൊണ്ട് കാര്യമുണ്ടോ ; എങ്ങനെ അതിനുള്ള പണം

കണ്ടെത്തും. അത് സംബന്ധിച്ച് ശക്തമായ ഒരു നിലപാട് വ്യക്തമാക്കാൻ സർക്കാർ തയ്യാറാകുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഒരു പ്രത്യേക പാക്കേജ് തന്നെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. KALA വില നിശ്ചയിക്കുമ്പോൾ ജില്ലാ കളക്ടർമാരുടെ സജീവ സാന്നിദ്ധ്യം അക്കാര്യത്തിൽ ഉണ്ടാകണം. അതാത് സ്ഥലത്തെ പ്രാദേശിക വിലയും സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ച ആർ. ആർ. പാക്കേജ് കൂടി ഉൾപ്പെടുത്തി വേണം ഈ പാക്കേജ് കൊണ്ടുവരാൻ എന്ന് തീരുമാനിച്ചുകഴിഞ്ഞിരിക്കുകയാണ്. തീർച്ചയായും അതിൽ നിന്നും പിന്നോട്ട് പോകുന്ന പ്രശ്നം ഉദിക്കുന്നില്ല.

ശ്രീ. വർക്കല കഹാർ: സർ, നമ്മുടെ ദേശീയപാതകൾ കടന്നുപോകുന്നത് എല്ലാ നഗരങ്ങളിലേയും തിരക്കേറിയ പ്രദേശങ്ങളിലൂടെയാണ്. ഇതുകാരണം യാത്ര ചെയ്യുന്നവരും തദ്ദേശീയരും വലിയ യാത്രാക്കുരുക്കിലാണ് അകപ്പെടുന്നത്. മറ്റ് പ്രദേശങ്ങളിൽ നഗരങ്ങളുടെ പ്രാന്തപ്രദേശങ്ങളിലൂടെയാണ് ദേശീയപാത കടന്നുപോകുന്നത്. അതുകൊണ്ട് ദേശീയപാത വികസനത്തിൽ നമ്മുടെ തിരക്കേറിയ ഭാഗത്തെ ഒഴിവാക്കിക്കൊണ്ട് ബൈപ്പാസുകൾ രൂപം നൽകാൻ ശ്രദ്ധിക്കണം. അതോടൊപ്പം ആ പ്രദേശങ്ങളിലെ കൺസ്ട്രക്ഷൻ ഒഴിവാക്കണം. ഇല്ലെങ്കിൽ പുതിയൊരു നഗരംകൂടി രൂപപ്പെടുകയാണ്. ഈ രണ്ട് കാര്യങ്ങളും ശ്രദ്ധിക്കാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, ഇത് സ്വാഗതാർഹമായ നിർദ്ദേശങ്ങളാണ്. അതുകൊണ്ടാണ് കൊയിലാണ്ടിയിലുള്ള രൂക്ഷമായ പ്രശ്നം നഗരത്തെ ഒഴിവാക്കി ബൈപ്പാസ് ചെയ്തുകൊണ്ട് പുതിയൊരു അലൈൻമെന്റ് കണ്ടുപിടിക്കാനുള്ള ശ്രമം നടത്തിയിട്ടുള്ളത്. ഇനിയുള്ള സമയത്ത് തിരക്കുള്ള നഗരത്തെ ഒഴിവാക്കിക്കൊണ്ട് ജനങ്ങളും കച്ചവടക്കാരും കുറഞ്ഞ സ്ഥലം കണ്ടുപിടിച്ച് നാഷണൽ ഹൈവേ വികസിപ്പിക്കുന്നതിനാണ് ഗവൺമെന്റിന് താൽപ്പര്യമുള്ളത്. ആ നിർദ്ദേശം കേന്ദ്ര ഗവൺമെന്റിനേയും നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയേയും അറിയിച്ചുകഴിഞ്ഞു.

ശ്രീ. സി. ദിവാകരൻ: സർ, പത്തിരുപത്തിയഞ്ച് വർഷങ്ങൾക്കു മുൻപ് കണ്ണേറ്റീവ് പാലം മുതൽ കായംകുളം വരെയുള്ള സ്ഥലത്ത് നാഷണൽ ഹൈവേയ്ക്ക് വേണ്ടി 45 മീറ്റർ സ്ഥലം വിട്ടുകൊടുക്കുന്നതിന് ഉടമസ്ഥർ സമ്മതപത്രം കൊടുത്തു. നാഷണൽ ഹൈവേ ഏറ്റെടുത്തു. ഇത്രയും നാളായിട്ട് ആ സ്ഥലത്തിന്റെ കോമ്പൻസേഷൻ കൊടുത്തിട്ടില്ല, നാഷണൽ ഹൈവേ തുടങ്ങിയിട്ടുമില്ല. ബഹുമാനപ്പെട്ട മന്ത്രിയ്ക്ക് പ്രത്യേക താൽപ്പര്യമുള്ള സ്ഥലമാണ് കരുനാഗപ്പള്ളി എന്ന നിലയിൽ

അങ്ങനെയും ഞാനൊരു മെമ്മോറാണ്ടം കൊടുത്തു. എന്നിട്ടും നടക്കുന്നില്ല. ഒന്നുകിൽ ആ നാഷണൽ ഹൈവേ ഇല്ലെന്ന് പറയുക, അല്ലെങ്കിൽ അത് നടത്താനുള്ള നടപടിയെടുക്കുക. ശ്രീ. ഷിബു ബേബി ജോണിനുമൊക്കെ അറിയുന്നതാണ് ഇത്. നമ്മളൊക്കെ എം.എൽ.എ. ആകുന്നതിന് മുൻപുതന്നെ ഇതിന്റെ സ്ഥലമെടുപ്പ് കഴിഞ്ഞിട്ട് ഇതുവരെയായിട്ടും അവർക്ക് കാശ് കിട്ടിയിട്ടില്ല. നാഷണൽ ഹൈവേയുടെ പണി തുടങ്ങിയിട്ടില്ലെന്നു മാത്രമല്ല വേറെ യാതൊരു പ്രവർത്തനങ്ങളും അവിടെ നടത്താനും സമ്മതിക്കുന്നില്ല.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, സ്ട്രെച്ച് മുഴുവനായും ഭൂമി ലഭിച്ചാൽ മാത്രമേ ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റ് അനുവദിക്കുകയുള്ളൂ. മാത്രമല്ല നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ ഒരു റോഡ് ഏറ്റെടുക്കണമെങ്കിൽ ഒരു സ്ട്രെച്ച് മുഴുവൻ കിട്ടണം. പക്ഷേ അതിൽനിന്ന് വ്യത്യസ്ഥമായിട്ടാണ് നമ്മളിപ്പോൾ ആലപ്പുഴ ബൈപ്പാസും കൊല്ലം ബൈപ്പാസും stand alone പ്രോജക്ടായി ഏറ്റെടുക്കണ മെന്നാവശ്യപ്പെട്ട് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ 50% അതിനുള്ള ഫണ്ട് തരാമെന്ന് സമ്മതിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അവരൊരു സ്ട്രെച്ച് തയ്യാറാക്കി അതിന്റെ നീളത്തിൽ 80% ഭൂമി ഏറ്റെടുത്താൽ മാത്രമേ നമുക്ക് അതിന്റെ വർക്ക് മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. അവർ അതുമായി മുന്നോട്ടു പോകുകയുള്ളൂ. ബഹുമാനപ്പെട്ട അംഗം പറഞ്ഞ ഈ പ്രദേശത്തുള്ളവർക്ക് ഭൂമി ഏറ്റെടുത്തിട്ട് അതിന്റെ പ്രതിഫലം കിട്ടാത്ത കേസിൽ പ്രത്യേകം ഇടപെടുന്നതാണ്. അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. പക്ഷേ വർക്ക് തുടങ്ങണമെങ്കിൽ ഒരു സ്ട്രെച്ച് മുഴുവനായി അതിന്റെ ഭൂമി കിട്ടേണ്ടതുണ്ട്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പാലക്കാട്-കോഴിക്കോട് ദേശീയ പാതയിലെ മണ്ണാർക്കാട് ബൈപ്പാസിനെ കുറിച്ചാണ് എന്റെ ചോദ്യം. മണ്ണാർക്കാട് ടൗണിലെ ഗതാഗതക്കുരുക്ക് വർഷങ്ങളായിട്ടുള്ള പ്രശ്നമാണ്. പാലക്കാട് നിന്ന് കോഴിക്കോടിന് പോകുന്ന പലരും ഈ കുരുക്കിൽ അകപ്പെട്ടവരുമാണ്. അങ്ങയുടെ ശ്രമഫലമായി ഈ ആന്വൽ പ്ലാനിൽ മണ്ണാർക്കാട് ബൈപ്പാസിന് തുക വകയിരുത്തി എന്നറിഞ്ഞതിൽ സന്തോഷമുണ്ട്. എത്രയാണ് അതിന്റെ സംഖ്യ ; ആകെ ഈ ബൈപ്പാസിനുവേണ്ടി വരുന്ന സംഖ്യ എത്രയാണ് ; പ്രവൃത്തിയുടെ ഇപ്പോഴത്തെ പുരോഗതി എങ്ങനെയാണ് ; ഇത് എന്നത്തേക്ക് പൂർത്തിയാകും ; ഈ കാര്യങ്ങൾ വിശദീകരിക്കാമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, 2014-15 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണാർക്കാട് ബൈപ്പാസിന്റെ സ്ഥലമെടുപ്പിനായി 30 കോടി രൂപ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം ഈ സാമ്പത്തിക വർഷത്തെ വാർഷിക

പദ്ധതിയിൽ അനുവദിച്ചിട്ടുണ്ട്. ഇൻവെസ്റ്റിഗേഷനായി 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. വിശദമായ അലൈൻമെന്റിന്റെ സർവ്വേ നടന്നുവരികയാണ്. അത് പൂർത്തിയായാൽ റിപ്പോർട്ട് കൊടുക്കും. തീർച്ചയായും ഈ 30 കോടി രൂപ വാർഷിക പദ്ധതിയിൽപ്പെടുത്തി ബൈപ്പാസിന് അനുവദിച്ച് അതിന്റെ പണി ആരംഭിക്കുന്നതാണ്.

ശ്രീ. ജോസ് തെറ്റയിൽ : സർ, ബൈപ്പാസ് നിർമ്മാണങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. സംസ്ഥാനവും കേന്ദ്രവുമായി ഏർപ്പെട്ടിട്ടുള്ള സപ്പോർട്ടിംഗ് എഗ്രിമെന്റ് പ്രകാരം ബൈപ്പാസുകൾ അനുവദനീയമാണോ ; അങ്ങനെ ബൈപ്പാസുകൾ അനുവദനീയമാണെങ്കിൽ അതിന് കേന്ദ്രം ഫണ്ട് തരുമോ ; അത്തരത്തിൽ അങ്കമാലിയിലുള്ള നെടുമ്പാശ്ശേരി എയർപോർട്ടിലേക്ക് പോകുന്നതിനിടയ്ക്കുള്ള ഗതാഗത തടസ്സങ്ങൾ മാറ്റുന്നതിനായിട്ട് അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണം തുടങ്ങാൻ കഴിയുമോ ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ജോസ് തെറ്റയിൽ പറഞ്ഞത് അങ്കമാലിയുടെ ഒരു പ്രധാന പ്രശ്നമാണ്. നമ്മളെല്ലാവരും അനുഭവിക്കുന്ന പ്രശ്നമാണത്. പക്ഷേ നിർഭാഗ്യമെന്താണെന്ന് പറഞ്ഞാൽ നമ്മുടെ സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റ് അനുസരിച്ച് ബൈപ്പാസുകളും അതുപോലെത്തന്നെ പാരലൽ റോഡുകളും അനുവദിക്കുന്നില്ല. അതിന് കൺസ്ട്രക്ഷൻ കമ്പനി ഒബ്ജക്ഷൻ റെയ്സ് ചെയ്താൽ അത്തരത്തിലുള്ള റോഡുകൾ നിർമ്മിക്കാൻ സമ്മതിക്കില്ല. അതേ സമയത്ത് അദ്ദേഹം കൂടി മുൻകൈ എടുത്തുകൊണ്ട് ബി.ഒ.ടി. അടിസ്ഥാനത്തിൽ ബൈപ്പാസിനെ സംബന്ധിച്ചുള്ള ആലോചനകൾ നടത്തുകയും അതിന്റെ ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. അതിനെ സംബന്ധിച്ച് ഏതെങ്കിലുമൊരു മോഡൽ കണ്ടുപിടിക്കേണ്ടതുണ്ട്. തീർച്ചയായിട്ടും അങ്കമാലി ഒരു വലിയ പ്രശ്നമായി മാറിയിരിക്കുകയാണ്. അങ്കമാലിയിൽ ഒരു ബൈപ്പാസ് അനിവാര്യമാണ്. ഒരു മോഡൽ കണ്ടുപിടിച്ചാൽ നമുക്ക് അതുമായി മുന്നോട്ടുപോകാം.

ശ്രീ. ഷാഫി പറമ്പിൽ: സർ, സംഘർഷമോ സമരമോ ഇല്ലാതെ ഭൂമി വിട്ടുകൊടുത്തവരാണ് മണ്ണുത്തി മുതൽ വാളയാർ വരെയുള്ള പാവപ്പെട്ട പാലക്കാട്ടുകാർ. ഒരു തരത്തിലുള്ള പ്രക്ഷോഭങ്ങൾക്കും അവർ നേതൃത്വം നൽകിയിട്ടില്ല. സ്ഥലം പൂർണ്ണമായും വിട്ടുകൊടുത്തു കഴിഞ്ഞു. അവരുടെ കാര്യത്തിൽ അവർക്ക് നൽകിയ റിട്ടേണിന്റെ കാര്യത്തിലുള്ള അസന്തുലിതാവസ്ഥ പരിഹരിക്കാൻ ഗവൺമെന്റ് ഏതെങ്കിലും തരത്തിലുള്ള നടപടികളെടുക്കുമോ; മണ്ണുത്തി മുതൽ വാളയാർ വരെയുള്ളൊരു റീച്ച് ഇപ്പോൾ ജോലി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. അത് എന്നത്തേക്ക് തീർക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, ഇതിന്റെ ജോലി സംബന്ധിച്ച് പീരിയോഡിക്കലായിട്ടുള്ള പല റിവ്യൂ മീറ്റിംഗുകളും നടക്കുന്നുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ പ്രതിനിധികളും അതിൽ പങ്കെടുക്കുന്നുണ്ട്. തീർച്ചയായും അതിന്റെ പണിയിൽ പുരോഗതിയുണ്ട്. സമയബന്ധിതമായി അത് തീർക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് വിവിധ ഘട്ടങ്ങളിൽ അതുസംബന്ധിച്ച litigates നിലവിലുണ്ട്. ആ കേസുകൾ തീർപ്പാകുന്ന മുറയ്ക്ക് അതിനുള്ള നഷ്ടപരിഹാര തുക നൽകുന്നതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ചോദ്യം നമ്പർ 93-ഉം ചോദ്യം നമ്പർ 101-ഉം ക്ലബ്ബ് ചെയ്യണമെന്ന് ശ്രീ. മാത്യു റ്റി. തോമസ് ആവശ്യപ്പെട്ടിട്ടുണ്ട്. അത് ക്ലബ്ബ് ചെയ്യുന്നു.

**മാവേലി സ്റ്റോറുകളുടെ പ്രവർത്തനം**

3 (*93) ശ്രീമതി ഗീതാ ഗോപി :

ശ്രീ. വി. എസ്. സുനിൽ കുമാർ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീ. ഇ. കെ. വിജയൻ : സർ താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലി സ്റ്റോറുകൾ വഴി എത്രയിനം സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്തിരുന്നു ; ഇപ്പോൾ എത്രയിനം സാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നുണ്ട് ; അവ ഏതെല്ലാം ;

(ബി) ചില സാധനങ്ങൾ ഓപ്പൺ മാർക്കറ്റിലെ വിലയേക്കാൾ കൂടിയ വിലയ്ക്ക് മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നുണ്ടെന്നുള്ള ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ജനങ്ങൾക്കുപയോഗപ്രദമായ രീതിയിൽ മാവേലിസ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്ന എന്തെങ്കിലും പദ്ധതിയുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ,

(എ) സപ്ലൈകോ വിൽപ്പനശാലകൾ വഴി 31-7-2012 വരെ ഉഴുന്ന്, വൻപയർ, തുവരപ്പരിപ്പ്, മുളക്, മല്ലി, പഞ്ചസാര, പച്ചരി, മട്ട അരി, പീസ് പരിപ്പ്, ബോധന അരി, ഉലുവ, കടുക്, ജീരകം എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്തിരുന്നു.
1-8-2012 മുതൽ സബ്സിഡി സാധനങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട് ജയ അരി, വൻകടല, ചെറുപയർ, വെളിച്ചെണ്ണ മുതലായവ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു.

(ബി) ഇല്ല. സപ്ലൈകോ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുന്ന 13 ഇനം സബ്സിഡി സാധനങ്ങൾക്ക് പൊതുവിപണി വിലയേക്കാൾ 20% മുതൽ 35% വരെ വില താഴ്ത്തിയാണ് വിൽപ്പനവില നിശ്ചയിച്ചിരിക്കുന്നത്.

(സി) ജനങ്ങൾക്കുപയോഗപ്രദമായ രീതിയിൽ മാവേലിസ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(1) ഡിപ്പോ തലത്തിൽ ജൂനിയർ മാനേജർ (മാർക്കറ്റിംഗ് &ഇൻസ്പെക്ഷൻ) മുഖേന നടത്തുന്ന നിരീക്ഷണ സംവിധാനവും എല്ലാ മാസവും ഡിപ്പോ തലത്തിൽ നടത്തുന്ന അവലോകന മീറ്റിംഗുകളും വഴി മാവേലി സ്റ്റോറുകളുടെ പ്രവർത്ത നക്ഷമത ഉയർത്തുന്നതിനും അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും സഹായകമാകുന്നുണ്ട്.

(2) ഡിപ്പോ തലത്തിൽ ജൂനിയർ മാനേജർ (മാർക്കറ്റിംഗ് &ഇൻസ്പെക്ഷൻ) നടത്തുന്ന ഇൻസ്പെക്ഷൻ റിപ്പോർട്ട് റീജിയണൽ തലത്തിലും ഹെഡ്ഡാഫീസ് തലത്തിലും അവലോകനം നടത്താറുണ്ട്.

(3) ഈ ഗവൺമെന്റ് വന്നതിനുശേഷം പൊതുജനങ്ങൾക്ക് സബ്സിഡി സാധനങ്ങൾ നിയമാനുസൃതമായ അളവിലും നിരക്കിലും ലഭ്യമാക്കുന്നു എന്ന് ഉറപ്പാക്കാൻ എല്ലാ മാവേലി സ്റ്റോർ/സൂപ്പർമാർക്കറ്റ് തലത്തിലും ഔട്ട്ലെറ്റ് ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് പ്രസിഡന്റ് ഇതിൽ അംഗമാണ്. ഈ കമ്മിറ്റികൾ മൂന്ന് മാസത്തിൽ ഒരിക്കൽ യോഗം ചേർന്ന് വിൽപ്പന ശാലകളുടെ പ്രവർത്തനം സംബന്ധിച്ച് അവലോകനം നടത്തും. പൊതുജനങ്ങൾക്ക് അവിടെ

പരാതി അറിയിക്കാനും പരിഹരിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(4) മാവേലി സ്റ്റോർ/സൂപ്പർ മാർക്കറ്റ് മാനേജർമാർക്ക് അവരുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി പ്രത്യേക പരിശീലനം നൽകിവരുന്നു.

(5) സ്ഥലപരിമിതികൾ ഉള്ളതും ആവശ്യത്തിന് അവശ്യ വസ്തുക്കൾ സൂക്ഷിക്കാനുള്ള സൗകര്യമില്ലാത്തതുമായ മാവേലി സ്റ്റോറുകൾ സ്ഥല സൗകര്യമുള്ള കെട്ടിടങ്ങൾ കണ്ടുപിടിച്ച് കൂടുതൽ വിസ്തൃതിയുള്ള കെട്ടിടങ്ങളിലേക്ക് മാറ്റുവാനും നടപടികൾ എടുത്തുവരുന്നു.

(6) 10 ലക്ഷത്തിൽ കൂടുതൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ ഉപഭോക്താക്കൾക്ക് കൂടുതൽ സൗകര്യപ്രദവും വിസ്തീർണ്ണവുമുള്ള സൂപ്പർ മാർക്കറ്റുകളാക്കാൻ നടപടികൾ എടുത്തിട്ടുണ്ട്.

**സപ്ലൈകോ ഷോപ്പുകളിൽ കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ**

4 (*101) ശ്രീമതി ജമീലാ പ്രകാശം :

ശ്രീ. മാത്യു റ്റി. തോമസ് :

ശ്രീ. ജോസ് തെറ്റയിൽ :

ശ്രീ. സി. കെ. നാണു : സർ താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗ സാധനങ്ങളുടെ അതിരൂക്ഷമായ വിലക്കയറ്റം തടയുന്നതിന് പൊതുവിപണിയിലുള്ള ഇടപെടൽ സപ്ലൈകോ, മാവേലി തുടങ്ങിയ സ്ഥാപനങ്ങൾക്ക് ഏതു പരിധിവരെ നിർവ്വഹിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) സപ്ലൈകോ പൊതുവിതരണ ഷോപ്പുകളിൽ കമ്പോളവിലയിൽ നിന്നും ഗണ്യമായ വിലക്കുറവില്ലാതെ പലവ്യഞ്ജനങ്ങൾ വിൽക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതുമൂലം സപ്ലൈകോയിൽ വിറ്റുവരവിൽ കുറവുണ്ടായിട്ടുണ്ടോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ) വിപണിയിലുണ്ടാകുന്ന വില വർദ്ധന പിടിച്ചുനിർത്തുന്നതിനും അതുവഴി പൊതുജനങ്ങൾക്ക് ആശ്വാസമേകുന്നതിനുമായി സപ്ലൈകോ മുഖേന നടപ്പിലാക്കിയിട്ടുള്ള വിപണിയിടപെടൽ പദ്ധതി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

ഫലപ്രദമായ വിപണിയിടപെടൽ പദ്ധതിക്കായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു:

(1) നിത്യോപയോഗ സാധനങ്ങളുടെ വില നിലവാരം പിടിച്ചുനിർത്തുന്നതിന് വേണ്ടി 13 ഇനം അവശ്യ സാധനങ്ങൾ സബ്സിഡി വിലയിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി വിറ്റുവരുന്നു.

(2) പ്രാദേശികമായി ജനങ്ങൾക്ക് താൽപ്പര്യമുള്ള വിവിധ ഇനം അരി (മട്ട അരി, ജയ അരി, കുറുവ അരി) എന്നിവ കി. ഗ്രാമിന് 25 രൂപ നിരക്കിലും, പച്ചരി 23 രൂപ നിരക്കിലും പ്രതിമാസം കാർഡ് ഒന്നിന് 10 കി.ഗ്രാം വീതം വിതരണം ചെയ്തുവരുന്നു.

(3) കൂടുതൽ വിൽപ്പനശാലകൾ വഴി മിതമായ നിരക്കിൽ വിപണിയിൽ തടസ്സമില്ലാതെ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനുപുറമേ ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി 23 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തിച്ചുവരുന്നു.

(4) യഥാർത്ഥ ഉപഭോക്താവിന് അവശ്യ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യ സാധനങ്ങളുടെ ദുരുപയോഗ സാദ്ധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്തു.

(5) ഗോതമ്പ് പൊടിയുടെ വില വർദ്ധന തടയുന്നതിനായി സപ്ലൈകോ വിൽപ്പന ശാലകൾ, റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട ഒരു കിലോ പായ്ക്കറ്റിന് 15 രൂപ നിരക്കിൽ വിതരണം നടത്തിവരുന്നു.

(6) അരിയും, പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP-യെക്കാളും 15% വരെ വില കുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത്

MRP-യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ മറ്റ് വൻകിടകച്ചവടക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

(7) പൊതുവിപണിയിലേതിനേക്കാൾ 20% വരെ വിലക്കുറവിൽ തേയില, കാപ്പിപൊടി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.

(8) ഉത്സവകാലങ്ങളിൽ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു.

(9) സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ വേണ്ടി മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(10) ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി എല്ലാ സാധനങ്ങളും ക്വാളിറ്റി കൺട്രോൾ കമ്മിറ്റിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റിന് വിധേയമായി മാത്രമാണ് വില്പനക്ക് വയ്ക്കുന്നത്.

(ബി) ഇല്ല. ഉഴുന്ന് (ബോൾ), വൻപയർ, തുവരപ്പരിപ്പ്, മുളക്, മല്ലി, പഞ്ചസാര, പച്ചരി, മട്ട അരി, ജയ അരി, കുറുവ അരി, വൻകടല, ചെറുപയർ, വെളിച്ചെണ്ണ മുതലായ 13 ഇനം അവശ്യ സാധനങ്ങൾ പൊതു വിപണിയേക്കാൾ 20% മുതൽ 35% വരെ വില കുറച്ചാണ് വിൽപ്പന നടത്തിവരുന്നത്. കൂടാതെ സപ്ലൈകോ ഇ-ടെണ്ടർ വഴി വാങ്ങുന്ന മറ്റ് ഭക്ഷ്യവസ്തുക്കൾ പൊതുവിപണി വിലയേക്കാൾ 10% വരെ വിലക്കുറവിലാണ് വിൽപ്പന നടത്തിവരുന്നത്.

(സി) ഇല്ല.

ശ്രീമതി ഗീതാ ഗോപി : സർ, ബഹുമാനപ്പെട്ട മന്ത്രി സപ്ലൈകോ വഴി നിത്യോപയോഗ സാധനങ്ങൾ ദൈനംദിനമായി നമ്മുടെ സമൂഹത്തിലേക്ക് എത്തിക്കുമെന്ന് ഇവിടെ സൂചിപ്പിച്ചു. കഴിഞ്ഞ ആഗസ്റ്റ് മാസത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സാധനങ്ങളുടെ വില കൂട്ടി. മല്ലിയ്ക്ക് വില 46-ൽ നിന്ന്

60 രൂപയാക്കി ഉയർത്തി. ഒരു ലിറ്റർ വെളിച്ചെണ്ണയ്ക്ക് 151 രൂപയാക്കി. ഇങ്ങനെ വിലകൂട്ടിയ സാഹചര്യത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി എന്തെങ്കിലും ഒരു ഫലപ്രദമായ ഇടപെടൽ സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നടത്തിയിട്ടുണ്ടോ ? ഇത് സാധാരണ ജനങ്ങളെ ബാധിക്കുന്ന വിഷയമാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, പൊതുവിപണി വിലയേക്കാൾ 20% മുതൽ 35% വരെ വിലക്കുറവിൽ സപ്ലൈകോ ഔട്ട് ലെറ്റുകൾ വഴി 13 ഇനം സാധനങ്ങൾക്ക് സബ്സിഡി ഗവൺമെന്റ് ഉറപ്പുവരുത്തിയിട്ടുണ്ട്. ഫലപ്രദമായ വിപണിയിടപെടൽ തന്നെ ആ വഴി നടത്തുന്നുണ്ട്. വെളിച്ചെണ്ണയുടെ വിലയെ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയല്ല. വെളിച്ചെണ്ണയ്ക്ക് കിലോ ഗ്രാമിന് 139 രൂപയാണ് സപ്ലൈകോ നിശ്ചയിച്ചിരിക്കുന്ന വില.

മി. ഡെപ്യൂട്ടി സ്പീക്കർ: ബാക്കിയുള്ള ഉത്തരം മേശപ്പുറത്തുവച്ചാൽ മതി. ഓർഡർ... ഓർഡർ.... ചോദ്യോത്തര സമയം കഴിഞ്ഞു.

## 2. രേഖാമൂലം നൽകിയ ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പാചകവാതക ഉപഭോക്താക്കളെ സബ്സിഡി പരിധിയിൽ നിലനിർത്തുന്നതിന് നടപടി

5 (*94) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാചകവാതക സബ്സിഡി ലഭിക്കുന്നത് ബാങ്ക് അക്കൗണ്ട് മുഖേനയാക്കി കേന്ദ്രസർക്കാർ ഉത്തരവിറക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സബ്സിഡി സിലിണ്ടർ ലഭിക്കുന്ന മുഴുവൻ ഉപഭോക്താക്കളും ആധാർ

രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടോ ; എത്ര ശതമാനം ഉപഭോക്താക്കൾക്കാണ് ആധാർ ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) പുതിയ ഉത്തരവിന്റെ വെളിച്ചത്തിൽ ആധാർ രജിസ്ട്രേഷനോ ബാങ്ക് അക്കൗണ്ടോ ഇല്ലാത്ത ഉപഭോക്താക്കൾ സബ്സിഡി ലഭിക്കാതിരിക്കുന്ന സാഹചര്യമുണ്ടാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) മേൽ സാഹചര്യത്തിൽ ആധാറും ബാങ്ക് അക്കൗണ്ടും ഇല്ലാത്ത ഇപ്പോൾ സബ്സിഡി ലഭിച്ചുകൊണ്ടിരിക്കുന്ന സാധാരണക്കാരായ ഉപഭോക്താക്കളെ സബ്സിഡി പരിധിയിൽ നിലനിർത്തുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിന് സർക്കാർ തയ്യാറാകുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ) ഉണ്ട്.

(ബി) ഇല്ല ; കേരളത്തിൽ ഏകദേശം 57.39 ലക്ഷം ഉപഭോക്താക്കൾ (മൊത്തം ഉപഭോക്താക്കളുടെ (76.20 %) ആധാർ എൽ.പി.ജി. വിതരണ ഏജൻസികളുമായി ബന്ധപ്പെടുത്തിയിട്ടുണ്ട്.

(സി&ഡി) ആധാർ രജിസ്ട്രേഷനോ ബാങ്ക് അക്കൗണ്ടോ ഇല്ലാത്തതും ഡയറക്ട് ബെനഫിറ്റ് ട്രാൻസ്ഫർ സ്കീമിൽ ഇതുവരെയും അംഗമാകാത്തതുമായ ഉപഭോക്താക്കൾക്ക് മൂന്ന് മാസത്തെ അധിക സമയം നൽകിയിട്ടുണ്ട്. ഈ കാലയളവിൽ ഇവർക്ക് സബ്സിഡി സിലിണ്ടർ ലഭ്യമാകുന്നതാണ്. ഈ അധികസമയത്തിനുള്ളിൽ പദ്ധതിയിൽ ചേരാത്ത ഉപഭോക്താക്കൾക്ക് മൂന്ന് മാസംകൂടി പാർക്കിംഗ് കാലയളവ് നൽകിയിട്ടുണ്ട്. ഈ കാലയളവിൽ വിപണി നിരക്കിൽ സിലിണ്ടർ ലഭ്യമാക്കുന്നതും പ്രസ്തുത മൂന്ന് മാസക്കാലയളവിനുള്ളിൽ ഉപഭോക്താക്കൾ പദ്ധതിയുടെ ഭാഗമാകുന്ന മുറയ്ക്ക് യോഗ്യതയ്ക്കനുസരിച്ച് സബ്സിഡി ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതുമാണ്. കേന്ദ്ര സർക്കാരിൽ ആവശ്യമായ സമ്മർദ്ദം സംസ്ഥാനം ചെലുത്തും.

**റേഷൻ സബ്സിഡി ബാങ്ക് വഴി നൽകുന്നത് സംബന്ധിച്ച കേന്ദ്ര തീരുമാനം**

6 (*95) ശ്രീ. സാജു പോൾ :

ശ്രീ. എസ്. ശർമ്മ :

ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ സബ്സിഡി ബാങ്ക് വഴിയാക്കുന്നത് സംബന്ധിച്ച കേന്ദ്ര തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുമായി ആശയ വിനിമയം നടത്തിയിരുന്നോ ;

(ബി) ഇത് സംബന്ധിച്ച സർക്കാരിന്റെ നിലപാട് എന്താണെന്ന് വിശദമാക്കാമോ ;

(സി) സബ്സിഡി ബാങ്ക് വഴിയാക്കുകമൂലം സംസ്ഥാനത്ത് റേഷൻ ഉപഭോക്താക്കളിൽ സാധാരണക്കാരായ നല്ലൊരു വിഭാഗം റേഷൻ സംവിധാനത്തിന് പുറത്താകാൻ സാദ്ധ്യതയുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ഡി) റേഷൻ പൂർണ്ണമായും ബി.പി.എൽ.-കാർക്ക് മാത്രമാക്കാൻ കേന്ദ്ര സർക്കാർ നീക്കം നടത്തുന്നുണ്ടോ ;

(ഇ) സ്റ്റാറ്റ്യൂട്ടറി റേഷൻ സമ്പ്രദായം നിലവിലുള്ള സംസ്ഥാനത്ത് പ്രസ്തുത പരിഷ്ക്കാരം എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ) ഇല്ല. കേന്ദ്ര പെട്രോളിയം പ്രകൃതി വാതക മന്ത്രാലയം ഏർപ്പെടുത്തിയ മണ്ണെണ്ണ സബ്സിഡി നേരിട്ട് ഉണഭോക്താവിന് നൽകുന്ന പദ്ധതിയായ ഡയറക്ട് ട്രാൻസ്ഫർ ഓഫ് ക്യാഷ് സബ്സിഡി ഓൺ പി.ഡി.എസ്. കെറോസിൻ സ്കീം 202 (DTCK-2012) പ്രകാരം റേഷൻ മണ്ണെണ്ണയുടെ സബ്സിഡി ബാങ്ക് വഴിയാക്കുന്നതിന് തീരുമാനമായിട്ടുണ്ട്. ടി പദ്ധതി ഭക്ഷ്യപൊതുവിതരണ വകുപ്പിലെ End to End Computerisation പദ്ധതി പൂർത്തിയാകുന്ന സമയത്ത്

നടപ്പിലാക്കുന്നതാണ്.

(ബി-ഇ) ബാധകമല്ല.

## വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ വിതരണ പദ്ധതി

7 (*96) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ വിതരണ പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ ; ഇത് മുടക്കംകൂടാതെ നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) സ്കൂളുകൾക്ക് ആവശ്യത്തിന് ഫണ്ട് യഥാസമയം ലഭ്യമാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉച്ചഭക്ഷണത്തിനായി ചെലവാക്കിയ വകയിൽ പ്രധാനാദ്ധ്യാപകർക്ക് വൻതുക കുടിശ്ശിക ലഭിക്കാനുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സാമ്പത്തിക പ്രതിസന്ധി ഈ പദ്ധതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ഇ) ഭക്ഷ്യവസ്തുക്കളുടെയും മറ്റും വിലയിലുണ്ടായിട്ടുള്ള വൻവർദ്ധനവ് പരിഗണിച്ച് ഇതിനുള്ള കണ്ടിജന്റ് ചാർജ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) സർ,

(എ) ഉച്ചഭക്ഷണ വിതരണ പദ്ധതിയുടെ പ്രവർത്തനം ഓരോ ആറുമാസം കൂടുമ്പോൾ സംസ്ഥാനതലത്തിൽ അവലോകനം ചെയ്യുന്നുണ്ട്. പദ്ധതി മുടക്കംകൂടാതെ നടന്നുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഉച്ചഭക്ഷണ പദ്ധതിക്ക് സ്കൂൾ പ്രഥമാദ്ധ്യാപകരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ മുൻകൂറായി തുക നൽകിവരുന്നു. ആയതിനാൽ

പദ്ധതിയുടെ നടത്തിപ്പിന് തടസ്സം നേരിടുന്നില്ല.

(സി) സ്കൂളുകളിൽനിന്നും കൃത്യമായ കണക്ക് ലഭിക്കാത്തതുകൊണ്ടാണ് സ്കൂളുകൾക്ക് കുടിശ്ശിക വന്നിട്ടുള്ളത്. എന്നാൽ കുടിശ്ശികയുൾപ്പെടെയുള്ള തുക സ്കൂൾ പ്രഥമാദ്ധ്യാപകരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഇതിനകം അനുവദിച്ച് കഴിഞ്ഞിട്ടുണ്ട്. ഇനിയും കുടിശ്ശിക ലഭിക്കാനുണ്ടെങ്കിൽ ആയത് അറിയിക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്.

(ഡി) ഇല്ല.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

**കേന്ദ്ര സഹായത്തോടെ ബൈപ്പാസ് റോഡുകളുടെ നിർമ്മാണം**

8 (*97) <u>ശ്രീ. ബെന്നി ബെഹനാൻ</u> :

<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :

<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u> :

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സഹായത്തോടെ ബൈപ്പാസ് റോഡുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ഇതിനായി പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇവയുടെ പണികൾ തുടങ്ങുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>) : സർ,

(എ-സി) ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം ബൈപ്പാസ്- ദേശീയപാത 47-ൽ വരുന്ന കഴക്കൂട്ടം മുതൽ തമിഴ്നാട് അതിർത്തി വരെ 43 കിലോ മീറ്റർ ദൈർഘ്യം വരുന്ന തിരുവനന്തപുരം ബൈപ്പാസിന്റെ നിർമ്മാണം ദേശീയപാതാ വികസന അതോറിറ്റിയാണ് നടപ്പിലാക്കുന്നത്. സർവ്വീസ് റോഡുകളോടുകൂടിയ നാലു വരിപ്പാതയായി വികസിപ്പിക്കുന്ന ഈ ബൈപ്പാസിന്റെ കഴക്കൂട്ടം മുതൽ മുക്കോലവരെയുള്ള 26.5 കിലോ മീറ്റർ ഭാഗത്തിന്റെ പണിക്കുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. ബാക്കി ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു.

കൊല്ലം ബൈപ്പാസ് - ദേശീയ പാത 47-ലെ കാവനാട് (കി.മി. 486/500) തുടങ്ങി മേവറം (കി.മി. 499/500) വരെയുള്ള 13 കി. മീറ്റർ വരുന്ന ബൈപ്പാസ് രണ്ട് വരിപ്പാതയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ (50:50) പങ്കാളിത്തത്തോടെ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ അന്തിമഘട്ടത്തിലാണ്.

ആലപ്പുഴ ബൈപ്പാസ് - ദേശീയപാത 47-ലെ കൊമ്മാടി (കി.മി. 414/100) മുതൽ കളർകോട് (കി.മി.414/900) വരെയുള്ള 6.80 കിലോമീറ്റർ വരുന്ന ബൈപ്പാസ് രണ്ട് വരിപ്പാതയിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ (50:50) പങ്കാളിത്തത്തോടെ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ അന്തിമ ഘട്ടത്തിലാണ്.

തൃപ്പൂണിത്തുറ, മൂവാറ്റുപുഴ, കോതമംഗലം എന്നീ ബൈപ്പാസുകളുടെ നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിശദമായ പദ്ധതിരേഖ (DPR) കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

തലശ്ശേരി-മാഹി ബൈപ്പാസ് - 18 കി.മീറ്റർ ദൂരം വരുന്ന തലശ്ശേരി - മാഹി ബൈപ്പാസിന്റെ മുഴപ്പിലങ്ങാട് മുതൽ നാലുതറ വരെയുള്ള 12 കി. മീറ്റർ ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ കേന്ദ്ര സഹായത്തോടെ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പന്ത്രണ്ട് കിലോ മീറ്റർ ദൂരം രണ്ടുവരിപ്പാതയായി പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ ചെലവിൽ സ്റ്റാൻഡ് എലോൺ പ്രോജക്ടായി നിർമ്മിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെ നിർമ്മാണത്തിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

**കയർ മേഖലയിലെ പ്രതിസന്ധി**

9 (*98) ശ്രീ. ജി. സുധാകരൻ :
ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. സി. കെ. സദാശിവൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ മേഖലയിലെ പ്രതിസന്ധി അതീവ രൂക്ഷമായി തുടരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കയർ മേഖലയുടെ തകർച്ചക്കിടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ; പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) തൊണ്ടിന്റെയും ചകിരിയുടെയും ദൗർലഭ്യംമൂലം തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ട് തൊഴിലാളികൾ പട്ടിണിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉല്പാദന ചെലവിന് അനുസൃതമായ വില നൽകി കയറുല്പന്നങ്ങൾ സംഭരിക്കുന്നതിന് കയർ സംഘങ്ങളെ സജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ,

(എ) കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും നിർമ്മാണത്തിനാവശ്യമായ ചകിരിയുടെ ദൗർലഭ്യവും അടിക്കടിയുണ്ടാകുന്ന വിലവ്യതിയാനവും കയർ മേഖലയെ അപേക്ഷിച്ച് നിർമ്മാണ മേഖലയുൾപ്പെടെ കൂലി കൂടുതലുള്ള മറ്റു മേഖലകളിലേക്കുള്ള തൊഴിലാളികളുടെ കൊഴിഞ്ഞുപോക്കും ഉൾപ്പെടെയുള്ള കയർ മേഖലയിലെ പ്രതിസന്ധി ശ്രദ്ധയിൽപ്പെടുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കയർ മേഖലയിലെ പ്രതിസന്ധി വിലയിരുത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. ചകിരി ദൗർലഭ്യം പരിഹരിക്കുന്നതിന് ഇടക്കാലാശ്വാസം എന്നുള്ള നിലയിൽ സബ്സിഡി നിരക്കിൽ ചകിരി നൽകിയിരുന്നു. ഒരു ശാശ്വത പരിഹാരമെന്ന നിലയിൽ തൊണ്ട് സംഭരണം വർദ്ധിപ്പിച്ച് ചകിരി ഉൽപ്പാദനം ശക്തിപ്പെടുത്താനുള്ള ഒരു പദ്ധതി സർക്കാർ പരിഗണിച്ചുവരികയാണ്. നാളികേര വികസന ബോർഡുമായുള്ള ഒരു പദ്ധതിക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. കയർ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി 27-2-2014, 2-3-2014, 30-5-2014 തീയതികളിൽ ബഹുമാനപ്പെട്ട റവന്യൂവും കയറും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കയർ മേഖലയിൽ പ്രവർത്തിക്കുന്ന ട്രേഡ് യൂണിയൻ

പ്രതിനിധികളുമായി ചർച്ചകൾ നടന്നിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 28-1-2014-ൽ കയർ മേഖലയുൾപ്പെടെ പരമ്പരാഗത വ്യവസായ മേഖലയുമായി ബന്ധപ്പെട്ട് ചർച്ച നടത്തി നടപടി സ്വീകരിച്ചുവരുന്നു.

(സി) തൊണ്ടിന്റെയും ചകിരിയുടെയും ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടതിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ ചകിരി കയർ മേഖലയിലെ സഹകരണ സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും വിതരണം ചെയ്തുവരുന്നു.

(ഡി) ഉൽപാദനച്ചെലവിന് അനുസൃതമായ വില നൽകി കയറുത്പന്നങ്ങൾ സംഭരിക്കുന്നതിന് കയർ സംഘങ്ങളെ സജ്ജമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് എല്ലാവിധ സഹായങ്ങളും സർക്കാർ നൽകുന്നതാണ്.

**രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) പദ്ധതി**

10 (*99) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജു :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (റൂസ) നടപ്പിലാക്കാൻ എത്ര കോടി രൂപയുടെ പദ്ധതികളാണ് സമർപ്പിച്ചത് ; അവ ഏതെല്ലാം ;

(ബി) പ്രസ്തുത പദ്ധതികൾ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ അദ്ധ്യയന വർഷത്തെ പദ്ധതികൾക്ക് ഏതെല്ലാം വകുപ്പുകൾ ചേർന്നാണ് രൂപകല്പന നൽകിയത് ;

(ഡി) റൂസ ഫണ്ട് വിനിയോഗത്തിനുള്ള വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ സമിതി എത്ര യോഗം കൂടിയിട്ടുണ്ട് ; പ്രസ്തുത സമിതിയുടെ ചുമതലകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ,

(എ) പന്ത്രണ്ടാം പദ്ധതിയിൽ ഉൾപ്പെടുന്നതിനായി 1133.56 കോടി രൂപയുടെ

ശിപാർശകളാണ് സമർപ്പിച്ചിട്ടുള്ളത്.

| | | |
|---|---|---|
| 1. | ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാനുകൾക്ക് | 506 കോടി |
| 2. | നിലവിലുള്ള ആട്ടോണമസ് കോളേജുകളെ സർവ്വകലാശാലകളായി ഉയർത്തുന്നതിന് | 55 കോടി |
| 3. | ക്ലസ്റ്റർ കോളേജ് യൂണിവേഴ്സിറ്റിയാക്കുന്നതിന് | 55 കോടി |
| 4. | യൂണിവേഴ്സിറ്റികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് | 120 കോടി |
| 5. | പിന്നോക്കാവസ്ഥയിലുള്ള ജില്ലകളിൽ നാല് ഗവണ്മെന്റ് കോളേജുകൾ ആരംഭിക്കുന്നതിന് | 48 കോടി |
| 6. | നിലവിലുള്ള ഡിഗ്രി കോളേജുകളെ മോഡൽ ഡിഗ്രി കോളേജുകളായി ഉയർത്തുന്നതിന് | 24 കോടി |
| 7. | പുതിയ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുന്നതിന് | 52 കോടി |
| 8. | റിസർച്ച്, ഇന്നൊവേഷൻ, ക്വാളിറ്റി | 120 കോടി |
| 9. | ഇക്വിറ്റി ഇൻഷ്യേറ്റീവ് | 5 കോടി |
| 10. | ഫാക്കൽറ്റി റിക്രൂട്ട്മെന്റ് | 76.56 കോടി |
| 11. | ഫാക്കൽ ട്രെയിനിംഗ് അക്കാഡമി | 6 കോടി |
| 12. | വൊക്കേഷണലൈസേഷൻ ഓഫ് ഹയർ എഡ്യൂക്കേഷൻ | 15 കോടി |
| 13. | ലീഡർഷിപ്പ് ഡെവലപ്മെന്റ് ഫോർ എഡ്യൂക്കേഷണൽ അഡ്മിനിസ്ട്രേറ്റേഴ്സ് | 5 കോടി |
| 14. | ഇൻസ്റ്റിറ്റ്യൂഷണൽ റീസ്ട്രക്ചറിംഗ് | 20 കോടി |
| 15. | കപ്പാസിറ്റി ബിൽഡിംഗ്, ഡാറ്റാ കളക്ഷൻ, സർവ്വേ ആന്റ് പ്ലാനിംഗ് | 10 കോടി |
| 16. | എം.ഐ.എസ്.(മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (മാനേജ്മെന്റ്) | 10 കോടി |
| 17. | എം.എം.ഇ.ആർ (മാനേജ്മെന്റ് മോണിറ്ററിംഗ്, ഇവാല്യുവേഷൻ | 6 കോടി |

ആന്റ് റിസർച്ച്)

(ബി) ഇല്ല. പദ്ധതികൾ അംഗീകരിക്കാനുള്ള റൂസയുടെ പ്രോജക്ട് അപ്രൈസൽ ബോർഡ് (PAB) യോഗം ചേർന്നുവേണം പദ്ധതികൾ അംഗീകരിക്കാൻ. പി.എ.ബി. മീറ്റിംഗ് കൂടി തീരുമാനിക്കാത്തതിനാൽ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടില്ല.

(സി) കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിലും ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റും ചേർന്നാണ് പദ്ധതികൾക്ക് രൂപകൽപന നൽകിയത്.

(ഡി) കോളേജുകളും യൂണിവേഴ്സിറ്റികളും സമർപ്പിക്കുന്ന ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാനുകൾ പരിശോധിക്കാനും തീരുമാനിക്കാനും സ്റ്റേറ്റ് ലെവൽ പ്രോജക്ട് ഡയറക്ടറേറ്റും എക്സ്പെർട്സ് ഓഫ് ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാന തലത്തിൽ പ്രോജക്ട് പ്രാവർത്തികമാക്കുന്നത് നിരീക്ഷിക്കുക, റിപ്പോർട്ടുകളും സ്റ്റാറ്റിസ്റ്റിക്കൽ ഡാറ്റകളും പരിശോധനയ്ക്ക് വിധേയമാക്കുക, ആവശ്യമായ സന്ദർഭങ്ങളിൽ ആഡിറ്റർമാരെ നിയമിക്കുക ഇവയെല്ലാമാണ് പ്രോജക്ട് ഡയറക്ടറേറ്റിന്റെ ചുമതലകൾ. ധനവിനിയോഗവും ഇതുമായി ബന്ധപ്പെട്ട വിവരങ്ങളും നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക, സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറേറ്റിനെ സഹായിക്കുക എന്നിവയാണ് ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പിന്റെ ചുമതലകൾ.

**മോണോ റെയിൽ, ലൈറ്റ് മെട്രോ പദ്ധതികൾ**

11 (*100) ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. വി. ശിവൻകുട്ടി :

ശ്രീ. ബി. സത്യൻ :

ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം നഗരങ്ങളിലാണ് മോണോറെയിൽ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; ഇത് പിന്നീട് വേണ്ടെന്ന് വയ്ക്കാൻ കാരണ

മെന്തായിരുന്നു ; ഇത് സർക്കാരിന്റെ മിഷൻ 676 ൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിനകം നടത്തിയിട്ടുള്ളത് ; ഇതിനായി നാളിതുവരെ എത്ര തുക ചെലവാക്കിയെന്ന് അറിയിക്കാമോ ;

(സി) പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന ലൈറ്റ് മെട്രോ പദ്ധതിയുടെ സാങ്കേതിക സാദ്ധ്യതകൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) പദ്ധതിയ്ക്കാവശ്യമായ പണം ഏത് സ്രോതസ്സ് വഴിയാണ് കണ്ടെത്തിയിട്ടുള്ളത് ;

(ഇ) പദ്ധതിയുടെ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>) : സർ,

(എ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലാണ് മോണോ റെയിൽ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത്. പദ്ധതികൾക്കുവേണ്ടി കേരള മോണോ റെയിൽ കോർപ്പറേഷൻ 1-10-2013-ന് ദർഘാസ് ക്ഷണിക്കുകയും ഒറ്റ സ്ഥാപനം മാത്രമേ താൽപര്യം പ്രകടിപ്പിച്ചുള്ളൂവെന്നതിനാൽ പുനർ ദർഘാസ് വിളിക്കുകയും ചെയ്തു. പുനർ ദർഘാസ് 30-5-2014-ന് തുറന്നെങ്കിലും വീണ്ടും ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചത്. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച സാങ്കേതിക ദർഘാസ് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ വിശദമായി പരിശോധിച്ചതിനുശേഷം സാമ്പത്തിക ദർഘാസ് പരിശോധിച്ചു. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, പദ്ധതിക്കുള്ള അടങ്കൽ തുകയേക്കാൾ ഭീമമായ തുക രേഖപ്പെടുത്തിയിരുന്നതിനാൽ 28-8-2014-ന് കൂടിയ കോർപ്പറേഷന്റെ പത്താമത് ബോർഡ് യോഗത്തിൽ പ്രസ്തുത ടെണ്ടർ നിരസിക്കുന്നതിനും മോണോ റെയിൽ പദ്ധതി ഉപേക്ഷിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. മോണോ റെയിൽ പദ്ധതികളുടെ ഭരണാനുമതി 5581 കോടി രൂപയ്ക്കായിരുന്നു. എന്നാൽ ബൊംബാർഡിയർ ക്വാട്ട് ചെയ്തത് 14001 കോടി രൂപയായിരുന്നു. സാമ്പത്തിക ദർഘാസിന്റെ പരിശോധനാ റിപ്പോർട്ടിൽ ഡി.എം.ആർ.സി. ശുപാർശ ചെയ്ത താഴെപ്പറയുന്ന രണ്ട് കാര്യങ്ങളുടെ അടിസ്ഥാനത്തിൽ മോണോ റെയിൽ കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് ടെൻഡർ നിരസിക്കാനും മോണോ റെയിൽ പദ്ധതിക്ക് പകരം ഉചിതമായ മറ്റൊരു

മാസ് റാപ്പിഡ് ട്രാൻസിസ്റ്റ് സിസ്റ്റത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകാനും ഡി.എം.ആർ.സി.-യെ ചുമതലപ്പെടുത്തി.

1. ബൊംബർഡിയർ ക്വാട്ട് ചെയ്ത തുക നെഗോസ്യേഷനിലൂടെ ഗണ്യമായി കുറയ്ക്കാനുള്ള സാദ്ധ്യത വിരളമാണ്.

2. മോണോ റെയിൽ പദ്ധതിയേക്കാൾ ലൈറ്റ് മെട്രോ പദ്ധതി തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങൾക്ക് അനുയോജ്യമാണ്.

മോണോ റെയിൽ പദ്ധതി സർക്കാരിന്റെ മിഷൻ 676-ലെ നവരത്ന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) 9-10-2012-ലെ G.O.(MS) No.72/2012/PWD പ്രകാരം തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ പദ്ധതികൾക്കായി Kerala Mono Rail Corporation Ltd. എന്ന പേരിൽ ഒരു Special Purpose Vehicle (SPV), പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ സജ്ജമാക്കുകയും 14-5-2013-ലെ G.O(MS) No 50/2013/PWD അനുസരിച്ച് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ജനറൽ കൺസൾട്ടന്റായി നിയമിക്കുകയും ചെയ്തു. എന്നാൽ ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച സാമ്പത്തിക ദർഘാസിൽ ഭീമമായ തുക രേഖപ്പെടുത്തിയിരുന്നതിനാൽ 28-8-2014-ന് കൂടിയ യോഗത്തിൽ ടെണ്ടർ നിരസിക്കാനും മോണോ റെയിൽ പദ്ധതി ഒഴിവാക്കി പകരം മറ്റൊരു മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിനായി വിശദമായ രൂപരേഖ തയ്യാറാക്കി സമർപ്പിക്കാൻ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. രൂപരേഖകൾ തയ്യാറാക്കാനായി ഫീസിനത്തിൽ 67,21,000 രൂപയും ജനറൽ കൺസൾട്ടൻസി ഫീസിനത്തിൽ അഡ്വാൻസായി 9,60,22,856 രൂപയും അഡ്മിനിസ്ട്രേറ്റീവ് ഇനത്തിൽ 44,11,284 രൂപയുമാണ് ഇതുവരെ പദ്ധതിക്കുവേണ്ടി ആകെ ചെലവഴിച്ചിട്ടുള്ളത്.

(സി) ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാനുള്ള സാങ്കേതിക സാദ്ധ്യതകളെക്കുറിച്ച് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ വിശദമായി പഠനം നടത്തുകയും വിശദമായ രൂപരേഖ ഭരണാനുമതിക്കായി സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത രൂപരേഖയനുസരിച്ച് പദ്ധതികൾക്കായി ആകെ 6728 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ലൈറ്റ് മെട്രോ പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ ധന

സമാഹരണത്തിനായി മൊത്തം അടങ്കൽ തുകയുടെ ഇരുപത് ശതമാനം കേരള ഗവൺമെന്റും ഇരുപത് ശതമാനം കേന്ദ്ര ഗവൺമെന്റും ബാക്കി അറുപത് ശതമാനം തദ്ദേശീയ ബാങ്കുകൾ മുഖേനയും കണ്ടെത്തുന്നതിനുമാണ് ഡി.പി.ആർ.-ൽ വിഭാവനം ചെയ്തിരിക്കുന്നത്.

(ഇ) പദ്ധതിക്ക് ഭരണാനുമതി ലഭിച്ചാലുടൻ തന്നെ ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## സർവ്വകലാശാലകളുടെ പാഠ്യപദ്ധതിയും ചോദ്യപേപ്പറുകളും

12 (*102) ശ്രീ. വി. ശശി :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലകളുടെ പാഠ്യപദ്ധതിയും ചോദ്യപേപ്പറുകളും തയ്യാറാക്കുന്നതിന് ഓരോ വിഷയങ്ങൾക്കും പൊതു ബോർഡുകൾ രൂപീകരിക്കണമെന്ന് ശിപാർശ ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ചുള്ള അഭിപ്രായം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) വിവിധ സർവ്വകലാശാലകളിലെ വിവിധ കോഴ്സുകളിലെ സിലബസ്സുകൾ ഏകീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അവ ഏകീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) നിലവിൽ പാഠ്യ പദ്ധതിയും ചോദ്യപേപ്പറുകളും തയ്യാറാക്കുന്നതിന് വിവിധ സർവ്വകലാശാലകളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ,

(എ) ഈ വിഷയം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ പരിശോധിച്ചുവരുന്നു.

(ബി) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

(സി) നിലവിൽ ഓരോ വിഷയത്തിന്റെയും പാഠ്യപദ്ധതി അതതു വിഷയത്തിന്റെ പഠന ബോർഡ് തയ്യാറാക്കുകയും അക്കാദമിക് കൗൺസിലിന്റെ അംഗീകാരത്തോടെ നടപ്പിൽ വരുത്തുകയും ചെയ്യുന്നു. സർവ്വകലാശാലകളുടെ സ്റ്റാറ്റ്യൂട്ട്/ഓർഡിനൻസിലെ നിയമങ്ങൾക്ക് വിധേയമായി ബോർഡ് ഓഫ്

സ്റ്റഡീസ് അംഗീകരിച്ച പട്ടികയിൽ നിന്നുള്ളവരാണ് ചോദ്യപേപ്പർ തയ്യാറാക്കുന്നത്.

**മിഷൻ 676-ൽ ഉൾപ്പെടുത്തിയ ഉപരിതല ഗതാഗത പദ്ധതികൾ**

13 (*103) ശ്രീ. സണ്ണി ജോസഫ് :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിഷൻ 676 അനുസരിച്ച് ദേശീയപാത ഉൾപ്പെടെയുള്ള ഉപരിതല ഗതാഗത വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട് ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നിർവ്വഹണത്തിനായുള്ള ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ,

(എ) കേരള സർക്കാരിന്റെ നവരത്ന പരിപാടിയിൽ ഉൾപ്പെടുന്ന തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ, സംസ്ഥാന ദേശീയ പാതകളുടെ വികസനം എന്നീ പദ്ധതികളും പതാകാ നൗക പദ്ധതിയിൽ ഉൾപ്പെടുന്ന സ്പീഡ് കേരള പദ്ധതിയുമാണ് മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(ബി-ഡി) 9-10-2012-ലെ സ.ഉ.(കൈ)72/2012/പൊമവ പ്രകാരം തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ പദ്ധതികൾക്കായി കേരള മോണോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ സജ്ജമാക്കുകയും 14-5-2013-ലെ സ.ഉ.(കൈ) 50/2013/പൊമവ പ്രകാരം ഡി.എം.ആർ.സി.-യെ ജനറൽ കൺസൾട്ടന്റായി നിയമിക്കുകയും ചെയ്തു. എന്നാൽ ഭീമമായ സാമ്പത്തിക ബാദ്ധ്യത

സർക്കാരിനുണ്ടാകുന്നതിനാൽ മോണോ റെയിൽ പദ്ധതിക്ക് പകരം മറ്റേതെങ്കിലും മാസ് റാപ്പിഡ് ട്രാൻസിസ്റ്റ് സിസ്റ്റത്തിനായി നാല് ആഴ്ചയ്ക്കുള്ളിൽ വിശദമായ രൂപരേഖ തയ്യാറാക്കി സമർപ്പിക്കുവാൻ ഡി.എം.ആർ.സി.-യെ ചുമതലപ്പെടുത്തുകയും ആയതിൻപ്രകാരം സംസ്ഥാനത്തിന് യോജ്യമായ 'ലൈറ്റ് മെട്രോ പദ്ധതി" നടപ്പിലാക്കാനുള്ള സാങ്കേതിക സാദ്ധ്യതകളെക്കുറിച്ച് ഡി.എം.ആർ.സി. വിശദമായ പഠനം നടത്തി തയ്യാറാക്കിയ രൂപരേഖ അനുസരിച്ച് രണ്ട് പദ്ധതികൾക്കുമായി മൊത്തം 6728 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. പദ്ധതിക്ക് ഭരണാനുമതി നൽകി താമസംവിനാ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കു മെന്നാണ് കരുതുന്നത്. തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതി 2020-ലും കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി 2019-ലും പൂർത്തിയാകുന്ന രീതിയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്.

സംസ്ഥാനത്തെ ദേശീയ പാതകളുടെ വികസനമാണ് നവരത്ന പദ്ധതിയിൽ സംസ്ഥാന സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാനത്തെ ദേശീയ പാതകളായ എൻ.എച്ച്. പതിനേഴും എൻ.എച്ച്. നാൽപ്പത്തിയേഴും ഉൾപ്പെട്ട 829 കിലോമീറ്റർ അന്താരാഷ്ട്ര നിലവാരത്തിൽ 4/6 വരിപ്പാതയായി വികസിപ്പിക്കുവാൻ ദേശീയപാതാ വികസന പദ്ധതി (എൻ.എച്ച്.ഡി.പി.) രണ്ടും മൂന്നും ഘട്ടത്തിൽപ്പെടുത്തി എൻ.എച്ച്.എ.ഐ.-യെ 2001 വർഷം ഏൽപ്പിച്ചിരുന്നു. 2004 വർഷം മുതൽ ഭൂമി അക്വയർ ചെയ്യുന്ന നടപടികൾ തുടങ്ങിയിരുന്നു. ഭൂമി ഏറ്റെടുക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടാകാത്തതിനാൽ എൻ.എച്ച്. പതിനേഴിലെയും എൻ.എച്ച്. നൽപ്പത്തിയേഴിലെയും പ്രവൃത്തികൾ ആരംഭിക്കാത്ത ഭാഗങ്ങൾ ഒഴിവാക്കി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഭാവിയിലുണ്ടാകുന്ന ഗതാഗത സാന്ദ്രതയും സുരക്ഷിതത്വവും കണക്കിലെടുത്ത് ദേശീയപാത നാൽപ്പത്തിയഞ്ച് മീറ്റർ വീതിയിൽത്തന്നെ വികസിപ്പിക്കുവാൻ 25-10-2014-ലെ സ.ഉ.(കൈ) 94/2014/ പൊമവ പ്രകാരം ഉത്തരവായിട്ടുണ്ട്. ദേശീയ പാതയുടെ വികസനത്തിനാവശ്യമായ തുക പൂർണ്ണമായും വഹിക്കുന്നത് കേന്ദ്ര സർക്കാരായതിനാൽ ഈ പ്രവൃത്തിക്ക് പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് കണക്കാക്കിയിട്ടില്ല.

സ്പീഡ് കേരള പദ്ധതിയനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ മേൽപ്പാലങ്ങൾ, റിംഗ് റോഡുകൾ, ബൈപ്പാസുകൾ എന്നിവ നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആകെ 23 പദ്ധതികളാണ് സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി

ചേർത്തിരിക്കുന്നു.* പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പത്ത് പദ്ധതികളുടെ വിശദമായ രൂപരേഖ തയ്യാറാക്കി ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.* ഇതിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച പദ്ധതകളുടെ വിശദാശങ്ങൾ അനുബന്ധം 3* ആയി ചേർത്തിരിക്കുന്നു. രൂപരേഖ തയ്യറാക്കിയിട്ടുള്ള മറ്റ് ഏഴ് പദ്ധതികൾക്ക് ഭരണാനുമതി നൽകാനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്. ബാക്കി പദ്ധതികളുടെ രൂപരേഖ തയ്യറാക്കിവരുന്നു. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പാലാരിവട്ടം ഫ്ലൈ ഓവറിന്റെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെയാണ് ഏൽപ്പിച്ചിട്ടുള്ളത്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിച്ചുകഴിഞ്ഞു. രാമപുരം-നാലമ്പലം ദർശനം റോഡ്, കഞ്ഞിക്കുഴി-വെട്ടത്തുകവല-കറുകച്ചാൽ റോഡ് എന്നീ പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാറുകാരുമായി കരാർ ഒപ്പുവച്ചു കഴിഞ്ഞു. കൊല്ലം, ആലപ്പുഴ ബൈപ്പാസുകളുടെയും ഇടപ്പാൾ ഫ്ലൈ ഓവറിന്റെയും ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. പതിനെട്ട് കിലോമീറ്റർ ദൂരം വരുന്ന തലശ്ശേരി-മാഹി ബൈപ്പാസിന്റെ മുഴപ്പിലങ്ങാട് മുതൽ നാലുതറ വരെയുള്ള പന്ത്രണ്ട് കിലോമീറ്റർ ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ കേന്ദ്ര സഹായത്തോടെ പൂർത്തീകരിച്ചിട്ടുണ്ട്. ഈ പന്ത്രണ്ട് കിലോമീറ്റർ ദൂരം രണ്ടു വരിപ്പാതയായി പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ ചെലവിൽ സ്റ്റാൻഡ് എലോൺ പ്രോജക്ടായി നിർമ്മിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു. ജനുവരി മുതൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇത് കൂടാതെ ലോകബാങ്ക് സഹായത്തോടുകൂടി 2403 കോടി രൂപ അടങ്കൽ പ്രതീക്ഷിക്കുന്ന 363 കിലോമീറ്റർ ദൈർഘ്യമുള്ള പാതകളുടെ വികസനം കെ.എസ്.റ്റി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. വിശദവിവരം അനുബന്ധം 4 ആയി വച്ചിട്ടുണ്ട്. *

**രജിസ്ട്രേഷൻ വകുപ്പിലെ ഫീസ് വർദ്ധന**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

14 (*103) ശ്രീ. എളമരം കരീം :
ശ്രീ. പി. റ്റി. എ. റഹീം :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ വകുപ്പിൽ ഏതെല്ലാം സേവനങ്ങൾക്കാണ് ഫീസ് വർദ്ധിപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് ഏതെല്ലാം ഫീസുകളാണ് വർദ്ധിപ്പിച്ചിട്ടുള്ളത് ; വർദ്ധന എത്ര ശതമാനമാണ് ;

(സി) ഭൂമിയുടെ ന്യായവില വർദ്ധനവ് എത്ര ശതമാനമാണ് ; ന്യായ വിലയും മറ്റു ഫീസുകളും വർദ്ധിപ്പിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ ;

(ഡി) ഭൂമിയുടെ ന്യായവില സംബന്ധിച്ച് നിലവിലുള്ള പരാതികൾ പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഇ) ജനങ്ങളുടെ മേൽ അധിക സാമ്പത്തിക ബാദ്ധ്യത അടിച്ചേല്പിക്കുന്ന നിരക്ക് വർദ്ധന പുനഃപരിശോധിക്കുന്നതിന് തയ്യാറാകുമോ ; വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ) 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്ടിൻകീഴിൽ രജിസ്റ്റർ ചെയ്യുന്ന സംഘങ്ങളുടെ രജിസ്ട്രേഷൻ ഫീസ് നിലവിൽ 25 രൂപയെന്നത് 38 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ 2005-ലെ വിവരാവകാശ നിയമത്തിലെ 4(2) വകുപ്പു പ്രകാരം ഫ്ളോപ്പി, സി.ഡി., മറ്റേതെങ്കിലും ഇലക്ട്രോണിക് രൂപത്തിൽ വിവരങ്ങൾ നൽകുന്നതിനുള്ള ഫീസ് നിലവിൽ അമ്പത് രൂപയെന്നത് എഴുപത്തിയഞ്ച് രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) 8-10-2014-ലെ G.O(P)172/2014/TD നമ്പർ വിജ്ഞാപനത്തിലൂടെ കുടുംബാംഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ദാനം, ഒഴിമുറി, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് പരമാവധി ഇരുപത്തിഅയ്യായിരം രൂപ

എന്നത് ഒഴിവാക്കി വിലയുടെ ഒരു ശതമാനമായി ഭേദഗതി വരുത്തിയിട്ടുണ്ട്.

(സി) ഭൂമിയുടെ ന്യായവില അമ്പത് ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. 6-3-2010-ലാണ് നിലവിലുള്ള ന്യായവില പ്രസിദ്ധീകരിച്ചിട്ടുള്ളതെങ്കിലും അതിന് മുന്നോടിയായുള്ള ന്യായവില നിർണ്ണയ പ്രക്രിയകൾ 2006 മുതൽ ആരംഭിച്ചിട്ടുള്ളതാണ്. 2004-ൽ പ്രസിദ്ധീകരിച്ച ന്യായവിലയുടെ ചുവടുപിടിച്ചാണ് 2006-ൽ ന്യായവില നിർണ്ണയ നടപടികൾ വീണ്ടും ആരംഭിച്ചത്. അതുകൊണ്ടുതന്നെ ഒരു പരിധിവരെ 2004-ലെയും 2006-ലെയും ന്യായവിലയാണ് 2010-ൽ നടപ്പിൽ വരുത്തിയ ന്യായവിലയിൽ പ്രതിഫലിക്കുന്നത്. നിലവിലുള്ള മാർക്കറ്റ് വിലയുടെ അമ്പത് ശതമാനത്തിൽ കുറയാത്ത വില ന്യായവിലയായി നിർണ്ണയിക്കണമെന്ന മാനദണ്ഡമാണ് പൊതുവേ സ്വീകരിച്ചിട്ടുള്ളത്. 2004-നുശേഷമുള്ള പത്ത് വർഷംകൊണ്ട് ഭൂമിയുടെ മാർക്കറ്റ് വില ഗണ്യമായി വർദ്ധിക്കുകയുണ്ടായെങ്കിലും ന്യായവിലയിൽ തദനുസരണം യാതൊരു മാറ്റവും വരുത്തിയിട്ടില്ലാത്തതിനാൽ സർക്കാരിന്റെ റവന്യൂ വരുമാനത്തിൽ ഗണ്യമായ ചോർച്ചയുണ്ടായിട്ടുണ്ട്. കുടുംബാംഗങ്ങൾ തമ്മിലുള്ള ആധാരങ്ങൾക്ക് 2011 മുതൽ നാളിതുവരെ നൽകിയ പ്രത്യേക ഇളവുകൾമൂലം പ്രതിവർഷം നാന്നൂറ് കോടി രൂപയുടെ കുറവ് റവന്യൂ വരുമാനത്തിൽ ഉണ്ടായതായി കണ്ടെത്തുകയും പരിഹാര നടപടി ആവശ്യമാണെന്ന് സർക്കാർ തീരുമാനിക്കുകയുമായിരുന്നു. ഈ സാഹചര്യത്തിലാണ് ഭൂമിയുടെ ന്യായവില വർദ്ധിപ്പിക്കുകയും കുടുംബാംഗങ്ങൾക്കിടയിലുള്ള ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസിന്റെ പരമാവധി പരിധി ഒഴിവാക്കുകയും ചെയ്തിട്ടുള്ളത്.

(ഡി) ഭൂമിയുടെ ന്യായവില സംബന്ധിച്ച് നിലവിലുള്ള പരാതികൾ പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. നടപടികൾ തുടർന്നുവരുന്നു. 1-4-2010 മുതൽ 30-9-2014 വരെ 159859 അപ്പീലുകൾ തീർപ്പാക്കി വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്പോൾ ന്യായവില പുനഃപരിശോധിക്കുന്നതിനായി ജില്ലാ കളക്ടർ മുമ്പാകെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള ഒരവസരംകൂടി നൽകിയിട്ടുണ്ട്. ന്യായവില

സംബന്ധിച്ച് നേരത്തെ സമർപ്പിച്ച അപ്പീലിലെ തീരുമാനം സ്വീകാര്യമല്ലാത്തവർക്ക് 2015 നവംബർ 13-നകം ജില്ലാ കളക്ടർക്ക് റിവ്യൂ ഹർജി നൽകാം. ജില്ലാ കളക്ടർ അതിന്മേൽ നിശ്ചിത സമയത്തിനകം തീരുമാനമെടുക്കുന്നതാണ്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

## നെല്ല് സംഭരണ പദ്ധതിക്ക് നടപടി

15 (*105) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. റ്റി. എൻ. പ്രതാപൻ :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും നെല്ലുസംഭരണ പദ്ധതിക്കു തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) കർഷകർക്ക് ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) എത്ര നെൽ കർഷകർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്നു വിശദമാക്കുമോ ;

(ഡി) എത്ര ലക്ഷം ടൺ നെല്ലാണ് പ്രസ്തുത പദ്ധതി വഴി സംഭരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) സംഭരണവില കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുവാൻ

എന്തെല്ലാം സംവിധാനം ഒരുക്കിയിട്ടുണ്ട് ; വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ) ഉണ്ട്. 2012-13 ഒന്നാം സീസൺ മുതൽ സപ്ലൈകോ സംസ്ഥാനത്തെ എല്ലാ ജില്ലകളിൽനിന്നും നെല്ല് സംഭരിച്ചുവരുന്നു. സെപ്റ്റംബറിൽ ആരംഭിച്ച 2014-15 ഒന്നാം സീസണിൽ നാളിതുവരെ 1.27 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചു. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | അളവ് (മെ.ടൺ) |
|---|---|---|
| 1 | ആലപ്പുഴ | 30187.112 |
| 2 | എറണാകുളം | 135.921 |
| 3 | ഇടുക്കി | 10.627 |
| 4 | കണ്ണൂർ | 24.954 |
| 5 | കോട്ടയം | 12561.493 |
| 6 | മലപ്പുറം | 58.195 |
| 7 | പാലക്കാട് | 81917.795 |
| 8 | തൃശ്ശൂർ | 2022.630 |
| 9 | തിരുവനന്തപുരം | 46.947 |
| 10 | വയനാട് | 90.140 |
| | ആകെ | 127055.814 |

(ബി) ഉണ്ട്. 2013-14 ഒന്നാം സീസൺ മുതൽ നെല്ല് സംഭരണ രജിസ്ട്രേഷൻ ഓൺലൈനായി നടപ്പിലാക്കിയിട്ടുണ്ട്. ഇന്റർനെറ്റ് സൗകര്യമുള്ള എവിടെനിന്നും കർഷകർക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്.

(സി) ഓരോ വർഷവും രണ്ട് സീസണിലായി ഏകദേശം ഒരു ലക്ഷത്തി എഴുപത്തിയയ്യായിരത്തിൽപ്പരം കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്.

2014-15 ഒന്നാം സീസണിൽ ഇതുവരെ 51958 കർഷകർ സപ്ലൈകോയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) 2014-15-ലെ രണ്ട് സീസണിലുമായി ഏകദേശം 5.5 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിക്കാനാണ് സപ്ലൈകോ ഉദ്ദേശിക്കുന്നത്. സെപ്റ്റംബറിൽ ആരംഭിച്ച 2014-15 ഒന്നാം സീസണിൽ 28-11-2014 വരെ 1.27 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചു.

(ഇ) നെല്ല് സംഭരിച്ച ഉടൻതന്നെ കർഷകർക്ക് നെല്ലിന്റെ വില ലഭിക്കുന്നതിനായി സപ്ലൈകോ കാനറാ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ എന്നീ പൊതു മേഖലാ ബാങ്കുകളും പാലക്കാട്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളുമായി ധാരണാപത്രം ഉണ്ടാക്കുകയും അതുപ്രകാരം നെല്ലിന്റെ വില സപ്ലൈകോയുടെ നിർദ്ദേശപ്രകാരം കർഷകരുടെ അക്കൗണ്ടുകളിലേക്ക് നൽകുകയും ചെയ്യുന്നു. കൂടാതെ ബാങ്കുകളിൽനിന്നും ഓവർ ഡ്രാഫ്റ്റ് എടുത്തും കർഷകരുടെ നെല്ലിന് വില നൽകിവരുന്നു.

**സർവ്വകലാശാലകൾക്ക് നാക്-ന്റെ അംഗീകാരം**

16 (*106) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> :
<u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> :
<u>ശ്രീ. പി. കെ. ബഷീർ</u> :
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർവ്വകലാശാലകൾ നാഷണൽ അസസ്മെന്റ് ആന്റ് അക്രെഡിറ്റേഷൻ കൗൺസിലിൻെറ (നാക്) അംഗീകാരം ലഭിക്കുന്നതിനുവേണ്ട യോഗ്യതകൾ നേടിയിട്ടുണ്ടോ ; എങ്കിൽ ഏതൊക്കെ സർവ്വകലാശാലകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) അക്രെഡിറ്റേഷൻ ലഭിക്കാതിരിക്കുന്നതുകൊണ്ട് സർവ്വകലാശാലയ്ക്ക് എന്തൊക്കെ നഷ്ടങ്ങൾ സംഭവിക്കുമെന്ന് വിശദമാക്കുമോ ;

(സി) എല്ലാ സർവ്വകലാശാലകളെയും നാക് അംഗീകാരം ലഭിക്കാൻ അർഹതയുള്ള നിലവാരത്തിലേയ്ക്കുയർത്താൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>) : സർ,

(എ) ഉണ്ട്.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്ക് നാക് അംഗീകാരം ലഭിച്ചിട്ടുണ്ട്.

മറ്റ് സർവ്വകലാശാലകൾക്ക് റീ-അക്രഡിറ്റേഷൻ ലഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) യു.ജി.സി. ധനസഹായം, റൂസ പദ്ധതി/മറ്റ് ഫണ്ടിംഗ് ഏജൻസികളിൽ നിന്നുള്ള ധനസഹായം എന്നിവ നഷ്ടമാവാകുവാൻ സാദ്ധ്യതയുണ്ട്.

(സി) സർവ്വകലാശാലാ തലത്തിൽ സത്വര നടപടി സ്വീകരിച്ചുവരുന്നു.

**സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കാൻ നടപടികൾ**

17(*107) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. വി. വിജയദാസ് :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം എന്ന് മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ; കേന്ദ്രം ഇതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ നിയമപ്രകാരമുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറായിട്ടുണ്ടോ ;

(സി) ഇതിൻ പ്രകാരം നിലവിലുള്ള റേഷൻ ഉപഭോക്താക്കളിൽ എത്ര പേർ ഒഴിവാക്കപ്പെടും എന്ന് വെളിപ്പെടുത്താമോ ;

(ഡി) കേരളം പോലുള്ള സംസ്ഥാനത്തിന് ഈ നിയമത്തിന്റെ നിബന്ധനകളിൽ ഇളവ് നൽകി നിലവിലുള്ള റേഷൻ ഉപഭോക്താക്കളെയെല്ലാം പുതുക്കിയ ലിസ്റ്റിൽ ഉൾപ്പെടുത്താൻ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ) ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിനായി സംസ്ഥാന സർക്കാർ നിലവിലെ എ.എ.വൈ., ബി.പി.എൽ. കാർഡുടമകൾ 2009-ലെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർ എന്നിവരെ ഉൾപ്പെടുത്തി താത്ക്കാലിക പട്ടിക തയ്യാറാക്കുന്നതിന് 17-9-2014-ലെ സ.ഉ.(കൈ)നമ്പർ 39/14/ഭ.സി.സ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ ഇപ്പോൾ സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല.

ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിന് 2015 ഏപ്രിൽ മാസംവരെ കേന്ദ്ര സർക്കാർ സമയം അനുവദിച്ചിട്ടുണ്ട്.

(ബി) 7-7-2014-ലെ സ.ഉ.(കൈ)നമ്പർ 21/14/ ഭ.സി.സ.വ. ഉത്തരവ് പ്രകാരം നിലവിലെ റേഷൻ കാർഡുകൾ പുതുക്കുന്നതിനും മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഫോറം റേഷൻ കടകളിലൂടെ കാർഡുടമകൾക്ക് വിതരണം ചെയ്ത് വിവര ശേഖരണം നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി&ഡി) ദേശീയ ഭക്ഷ്യ സുരക്ഷാനിയമം നടപ്പിലാക്കുമ്പോൾ നിലവിലെ ഒരു ഉപഭോക്താവും ഒഴിവാക്കപ്പെടുകയില്ല. കേന്ദ്ര സർക്കാർ പ്രതിവർഷം നൽകുന്ന 14.25 മെട്രിക് ടൺ ഭക്ഷ്യധാന്യത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്ന 1.54 കോടി ജനങ്ങൾക്കായി ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്ന രീതിയിൽ നൽകുന്നതിന് 10.09 മെട്രിക് ടൺ ഭക്ഷ്യ ധാന്യം മതിയാകുന്നത് ബാക്കി വരുന്ന 4.16 മെട്രിക് ടൺ പൊതുവിഭാഗത്തിൽ ഉൾപ്പെടുന്നവർക്കായി നൽകുവാൻ കഴിയുന്നതാണ്. സാർവ്വത്രിക റേഷനിംഗ് സമ്പ്രദായത്തിൽനിന്നും ഒരു ഉപഭോക്താവും ഒഴിവാകുന്നില്ല. കേരളത്തിന് ലഭിക്കുന്ന ഭക്ഷ്യധാന്യം 16.25 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## സപ്ലൈകോ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ വിലവർദ്ധന

18 (*108) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോ പൊതുവിതരണ ശൃംഖല വഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധിപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പൊതു മാർക്കറ്റിൽ രൂക്ഷമായ വിലക്കയറ്റം അനുഭവപ്പെടുന്ന സാഹചര്യത്തിൽ സപ്ലൈകോ ഉല്പന്നങ്ങൾക്ക് വില വർദ്ധിപ്പിച്ചത് എത്രത്തോളം ഉചിതമായ നടപടിയാണ് ; ഇത്തരത്തിൽ വില വർദ്ധിപ്പിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ ;

(സി) ഏതെല്ലാം ഇനങ്ങൾക്ക് എത്ര ശതമാനമാണ് നിരക്ക് വർദ്ധനയെന്ന് വെളിപ്പെടുത്താമോ ; വിലവർദ്ധനവിന് മുമ്പും വർദ്ധിച്ചതിനുശേഷവുമുള്ള വില വിവരം ലഭ്യമാക്കാമോ ;

(ഡി) സബ്സിഡി ഇല്ലാത്ത സാധനങ്ങൾ സപ്ലൈകോ വാങ്ങിയ വിലയേക്കാൾ വളരെ കൂടിയ നിരക്കിൽ വിറ്റഴിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ&ബി) സപ്ലൈകോ പൊതുവിതരണ ശൃംഗലവഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന പതിമൂന്നിനം അവശ്യവസ്തുക്കളുടെ വിൽപന വില ഈ സാമ്പത്തികവർഷം പുനർനിർണ്ണയിച്ചിട്ടുണ്ട്. ഒരു ഉപഭോക്തൃസംസ്ഥാനമായ കേരളത്തിൽ അന്യസംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യ വസ്തുക്കളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ വിലവർദ്ധനവുണ്ടായിട്ടുണ്ട്. അതുപോലെ സപ്ലൈകോയുടെ വാങ്ങൽ വില, കടത്തുകൂലി, കയറ്റിറക്കുകൂലി, അഡ്മിനിസ്ട്രേഷൻ ഉൾപ്പെടെയുള്ള മറ്റ് ചെലവുകൾ എന്നിവ മാസംതോറും കൂടിക്കൊണ്ടിരിക്കുകയും വിൽപന വില കൂടാതിരിക്കുകയും ചെയ്യുതുമൂലം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതുമൂലമുള്ള നഷ്ടം വളരെയധികം വർദ്ധിക്കുകയും അത് സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രതിദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന രീതിയിൽ വളരുകയും ചെയ്യുതുകൊണ്ടാണ് സർക്കാർ സബ്സിഡി സാധനങ്ങളുടെ വിൽപ്പന വില പുനർനിർണ്ണയിച്ചത്.

എന്നിരുന്നാലും സപ്ലൈകോയുടെ സബ്സിഡി വില പൊതുവിപണി വിലയേക്കാളും ശരാശരി ഇരുപത് ശതമാനം മുതൽ മുപ്പത്തിയഞ്ച് ശതമാനം വരെ കുറവാണ്. സബ്സിഡി അൽപം കുറച്ച് തടസ്സമില്ലാതെ സാധനങ്ങൾ വിതരണം ചെയ്യുന്നതുമൂലം അവശ്യ സാധനങ്ങളുടെ ലഭ്യത കമ്പോളത്തിൽ ഉറപ്പാക്കുന്നതിനും അവയുടെ പൊതുവിപണിയിലെ അനിയന്ത്രിതമായ വില വർദ്ധനവ് നിയന്ത്രിക്കുന്നതിനും സാധിച്ചിട്ടുണ്ട്. സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില പുനർ നിർണ്ണയിച്ചതോടൊപ്പം ഇവയുടെ ലഭ്യതയും ഉറപ്പാക്കുന്നത് യുക്തിസഹമായ സമീപനത്തോടെയുള്ള വിപണി ഇടപെടൽ നയത്തിന്റെ ഭാഗമാണ്.

(സി) 1-12-2014 മുതൽ ചില സാധനങ്ങളുടെ വിലയിൽ കുറവ് വരുത്തിയിട്ടുണ്ട്.

ലിസ്റ്റ് അനുബന്ധമായി * വച്ചിട്ടുണ്ട്.

(ഡി) ഇല്ല.

## റവന്യൂ സർട്ടിഫിക്കറ്റുകൾ ഓൺലൈൻവഴി ലഭ്യമാക്കാൻ നടപടി

19 (*109) ശ്രീ. അൻവർ സാദത്ത് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി ലഭ്യമാക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് ഓൺലൈൻ വഴി ലഭിക്കുന്നത് ;

(സി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത സർട്ടിഫിക്കറ്റുകൾക്ക് ആധികാരികത നൽകിയിട്ടുണ്ടോ ;

(ഇ) പ്രസ്തുത സൗകര്യങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുമോയെന്ന് വിശദമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ,

(എ) ഉണ്ട്.

(ബി) റവന്യൂ വകുപ്പിൽനിന്നും നൽകുന്ന താഴെപ്പറയുന്ന ഇരുപത്തിനാലിനം സർട്ടിഫിക്കറ്റുകൾ ഇപ്പോൾ കേരളമൊട്ടാകെ ഓൺലൈൻവഴി നൽകിവരുന്നുണ്ട് :

1 ജാതി സർട്ടിഫിക്കറ്റ്

2 കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്

3 താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്

4 ബന്ധുത്വ സർട്ടിഫിക്കറ്റ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

5 നേറ്റിവിറ്റി സർട്ടിഫിക്കറ്റ്

6 ഡൊമിസൈൽ സർട്ടിഫിക്കറ്റ്

7 വരുമാന സർട്ടിഫിക്കറ്റ്

8 കൈവശാവകാശ സർട്ടിഫിക്കറ്റ്

9 തിരിച്ചറിയൽ സർട്ടിഫിക്കറ്റ്

10 പിൻതുടർച്ചാവകാശ സർട്ടിഫിക്കറ്റ്

11 സോൾവെൻസി സർട്ടിഫിക്കറ്റ്

12 ലൊക്കേഷൻ സർട്ടിഫിക്കറ്റ്

13 കൺവെർഷൻ സർട്ടിഫിക്കറ്റ്

14 ഡിപ്പെന്റൻസി സർട്ടിഫിക്കറ്റ്

15 അഗതി സർട്ടിഫിക്കറ്റ്

16 കുടുംബാംഗത്വ സർട്ടിഫിക്കറ്റ്

17 മിശ്രവിവാഹ സർട്ടിഫിക്കറ്റ്

18 നോൺ റീ-മാര്യേജ് സർട്ടിഫിക്കറ്റ്

19 ലൈഫ് സർട്ടിഫിക്കറ്റ്

20 വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്

21 പൊസഷൻ ആന്റ് നോൺ അറ്റാച്മെന്റ് സർട്ടിഫിക്കറ്റ്

22 വാല്വേഷൻ സർട്ടിഫിക്കറ്റ്

23 വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്

24 മൈനോരിറ്റി സർട്ടിഫിക്കറ്റ്

(സി) റവന്യൂ വകുപ്പിലെ ഐ.ടി. സെല്ലുകൾ, കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി.), അക്ഷയാ സെന്ററുകൾ എന്നീ ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്.

(ഡി) G.O.(P)No.24/2014ITD തീയതി 4-8-2010 പ്രകാരം ഓൺലൈൻ വഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ആധികാരികതയുണ്ട്.

(ഇ) അക്ഷയ കേന്ദ്രങ്ങൾവഴി വിതരണം ചെയ്യുന്ന ലഘുലേഖകൾവഴിയും വിവിധ മാദ്ധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളിലൂടെയും ബോധവത്കരണ പരിപാടികൾ നടത്തി വരുന്നു.

**പൊതുവിദ്യാഭ്യാസ മേഖലയിൽ ഫോക്കസ് പദ്ധതി**

20 (*110) ശ്രീ. പി. സി. ജോർജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതു വിദ്യാഭ്യാസ മേഖലയിൽ 'ഫോക്കസ് പദ്ധതി' നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) ഫോക്കസ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത് എപ്രകാരമാണ് ;

(സി) പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിന് എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ,

(എ) ഉദ്ദേശിക്കുന്നുണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ അനാദായകരമായ 3557 സ്കൂളുകളിൽ കൂടുതൽ കുട്ടികളെ പ്രവേശിപ്പിക്കുവാനായി ഫോക്കസ് പദ്ധതി നടപ്പിലാക്കിവരുന്നു. അറുപത് കുട്ടികളിൽ കുറവുള്ള സ്കൂളുകളെയാണ് ഇതിൽ ഉൾക്കൊള്ളിക്കുക. ഒന്നാം ഘട്ടമായി തെരഞ്ഞെടുത്ത 1568 വിദ്യാലയങ്ങളിൽ ഈ വർഷംതന്നെ പ്രവർത്തനം ആരംഭിച്ചു.

(ബി) അറുപത് കുട്ടികളിൽ കുറവുള്ള വിദ്യാലയങ്ങളിൽ സാമൂഹിക പങ്കാളിത്തത്തോടെ ഭൗതികമായ മികവ് ഉറപ്പാക്കുകയും അതോടൊപ്പം അക്കാദമികമായ മികവ് പരമാവധി ആർജ്ജിക്കുവാനുമാണ് പദ്ധതി ലക്ഷ്യമിടുന്നത്.

(സി) ഫോക്കസ് വിദ്യാലയങ്ങളിൽ ബി.ആർ.സി.-കളിൽനിന്നുള്ള പ്രത്യേക ശ്രദ്ധയും ട്രയിനർമാർ, ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാർ, റിസോഴ്സ് ടീച്ചർമാർ എന്നിവരുടെ കൂടുതൽ തത്സമയ സഹായവും ഉറപ്പാക്കുന്നു.

**സ്പീഡ് കേരള പദ്ധതി**

21 (*111) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പീഡ് കേരള പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഏതെല്ലാം തരം നിർമ്മാണ പ്രവർത്തനങ്ങളും അടിസ്ഥാന സൗകര്യ വികസനവും നടത്താനാണ് പ്രസ്തുത പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ,

(എ) സംസ്ഥാനത്തെ നഗരപ്രദേശങ്ങളിൽ അനുഭവപ്പെടുന്ന ഗതാഗതക്കുരുക്കിന് ഗണ്യമായ പരിഹാരം കണ്ടെത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ മേൽപ്പാലങ്ങൾ, റിംഗ് റോഡുകൾ, ബൈപ്പാസുകൾ എന്നിവ നിർമ്മിക്കുകയാണ് സ്പീഡ് കേരള പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) സ്പീഡ് കേരള പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 23 പദ്ധതികൾ മിഷൻ 676-ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പ്രസ്തുത പദ്ധതികളുടെ വിശദവിവരം അനുബന്ധം 1 ആയി * ചേർത്തിരിക്കുന്നു. ഇതിന്റെ ഒന്നാംഘട്ടമായി പത്ത് പദ്ധതികൾക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.* ഇതിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം മൂന്നായി ചേർത്തിരിക്കുന്നു.*

(സി) മേൽപ്പാലങ്ങൾ, ബൈപ്പാസുകൾ, റിംഗ് റോഡുകൾ എന്നിവ നിർമ്മിക്കാനാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള നിരത്ത് വിഭാഗം, ദേശീയ പാതാ വിഭാഗം, റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്മെന്റ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, കേരള റോഡ് ഫണ്ട് ബോർഡ് എന്നീ ഏജൻസികളെയാണ് സ്പീഡ് കേരള പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. കേരള റോഡ് ഫണ്ട് ബോർഡിനെയാണ് ഈ പ്രോജക്ടുകൾക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനായി നിയോഗിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ദേശീയപാതാ വികസനം

22 (*112) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാതയുടെ വീതി നിശ്ചയിക്കുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്താണെന്നതിന്റെ വിശദവിവരം നൽകാമോ ;

(ബി) സംസ്ഥാനത്തിന്റെ കാര്യത്തിൽ വീതിയെ സംബന്ധിച്ച് ഇളവെന്തെങ്കിലും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) കേന്ദ്ര സർക്കാരിന്റെ നിലപാടനുസരിച്ച് ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ വേണ്ടി വരുന്ന ഭാരിച്ച ചെലവ് ഏതു വിധത്തിൽ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) : സർ,

(എ) കേരളത്തിലെ ദേശീയപാതകളുടെ വീതി നാൽപ്പത്തിയഞ്ച് മീറ്ററായി നിജപ്പെടുത്തുവാൻ കേന്ദ്ര സർക്കാർ അനുവാദം നൽകിയിട്ടുണ്ട്.

(ബി) ദേശീയപാതാ അതോറിറ്റിയുടെ മാർഗ്ഗരേഖാ പ്രകാരം ദേശീയപാതയ്ക്ക് ആവശ്യമായ വീതി അറുപത് മീറ്ററാണ്. എന്നാൽ കേരളത്തിന്റെ ജനസാന്ദ്രതയും സ്ഥലമേറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടും കാരണം കേരളത്തിലെ ദേശീയപാതകളുടെ വീതി നാൽപ്പത്തിയഞ്ച് മീറ്ററായി നിജപ്പെടുത്തുവാൻ കേന്ദ്ര സർക്കാർ സമ്മതിച്ചിട്ടുണ്ട്.

(സി) നിലവിലുള്ള നിയമമനുസരിച്ച് ദേശീയ പാതകളുടെ വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിയുടെ നഷ്ടപരിഹാരം പൂർണ്ണമായും കേന്ദ്രസർക്കാരാണ് വഹിക്കുന്നത്.

## നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധന

23 (*113) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിത്യോപയോഗസാധനങ്ങളുടെ വില വൻതോതിൽ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിലകയറ്റം തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ ;

(സി) ഭക്ഷ്യവസ്തുക്കളുടെയും മറ്റു സാധനങ്ങളുടെയും വില കുത്തനെ വർദ്ധിക്കുന്നത് എന്തുകൊണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി കൈകൊണ്ടിട്ടുണ്ടോ; പെട്രോൾ, ഡീസൽ വില്പന നികുതി വർദ്ധിപ്പിച്ച സർക്കാർ തീരുമാനം വിലവർദ്ധനയ്ക്ക് ആക്കം കൂട്ടിയിട്ടുണ്ടോ ;

(ഡി) പൊതുമാർക്കറ്റിലെ വില നിയന്ത്രിക്കുന്നതിന് സഹായകരമായ നിലപാട് സ്വീകരിക്കേണ്ട സിവിൽ സപ്ലൈസ് കോർപ്പറേഷൻ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന സബ്സിഡി സാധനങ്ങൾ ഉൾപ്പെടെയുള്ളവയുടെ വില വർദ്ധിപ്പിച്ചത് ജനജീവിതം കൂടുതൽ ദുസ്സഹമാക്കിയിട്ടുള്ള കാര്യം വിലയിരുത്തിയിട്ടുണ്ടോ ;

(ഇ) ഈ സാഹചര്യത്തിൽ വില വർദ്ധന പിൻവലിക്കുന്നതിന് നിർദ്ദേശം നൽകുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(എഫ്) സിവിൽ സപ്ലൈസ് കോർപ്പറേഷന് ഏതെല്ലാം ഇനത്തിൽ എത്ര തുക വീതം കൊടുത്ത് തീർക്കാൻ ബാക്കി നില്പ്പുണ്ടോ ; വിശദമാക്കുമോ ഇവ ഉടൻ നൽകുവാനുദ്ദേശമുണ്ടോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ) പൊതു കമ്പോളത്തിലുണ്ടാകുന്ന വില വർദ്ധനവിന് ആനുപാതികമായി നിത്യോപയോഗ സാധനങ്ങളുടെ വിലയിലും വർദ്ധനവ് ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉണ്ട്. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ആവശ്യകതയുടെ ഭൂരിഭാഗവും അന്യസംസ്ഥാനങ്ങളെ ആശ്രയിച്ചാണ് നിറവേറ്റപ്പെടുന്നത്. അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനം, കയറ്റിറക്ക് കൂലിച്ചെലവിലുണ്ടാകുന്ന വർദ്ധനവ്, പെട്രോൾ, ഡീസൽ വിലവർദ്ധനവ് മുതലായവ ഭക്ഷ്യസാധനങ്ങളുടെ വിലയിലും വർദ്ധനവുണ്ടാക്കുന്നു. എന്നിരുന്നാലും സർക്കാരിന്റെ സമയോചിതമായ വിപണിയിടപെടൽ മുഖാന്തരം വിലവർദ്ധനവ് ഒരു പരിധിവരെ

തടഞ്ഞുനിർത്തുന്നതിന് കഴിയുന്നു. ജനജീവിതത്തെ വിലക്കയറ്റം ദുസ്സഹമാക്കുന്നത് തടയുന്നതിനായി പൊതുവിതരണ ശൃംഖലവഴി കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തുവരുന്നു. ഇത്തരത്തിൽ വിതരണം ചെയ്യുന്ന റേഷൻ വിഹിതം അർഹരായവർക്ക് കൃത്യമായ അളവിൽ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് മുതലായവ നടത്തി കൃത്രിമക്ഷാമം സൃഷ്ടിച്ച് വിലക്കയറ്റം ഉണ്ടാക്കുന്നത് തടയുന്നതിനുമായി ശക്തമായ റെയ്ഡുകളും പരിശോധനകളും നടത്തിവരികയും ക്രമക്കേടുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ സപ്ലൈകോയുടെ നേതൃത്വത്തിൽ ന്യായവില സൂപ്പർ മാർക്കറ്റുകൾ, മാവേലി സ്റ്റോറുകൾ, പീപ്പിൾസ് ബസാറുകൾ എന്നിവയിലൂടെ സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നു.

(ഡി) സപ്ലൈകോ ഇപ്പോഴും പതിമൂന്ന് സബ്സിഡി സാധനങ്ങൾ ഇരുപത് ശതമാനം മുതൽ മുപ്പത് ശതമാനം വരെ വിലക്കുറവിലാണ് വിൽപന നടത്തുന്നത്. കേരളംപോലുള്ള ഒരു ഉപഭോക്തൃ സംസ്ഥാനത്തിന് പൊതുവിപണിയിലെ വില വർദ്ധനവുണ്ടാക്കുന്ന ഘടകങ്ങളെ നിയന്ത്രിക്കാനും സ്വാധീനിക്കാനുമുള്ള സംവിധാനം വളരെ പരിമിതമാണ്. എന്നിരുന്നാലും ഫലപ്രദമായ വിപണിയിടപെടൽവഴി
അവശ്യ സാധനങ്ങൾ ന്യായവിലയ്ക്കു ലഭ്യമാക്കുന്നതുമൂലം അനിയന്ത്രിതമായ പൊതു വിപണിയിലെ വില വർദ്ധനവ് ഒരു പരിധിവരെ പിടിച്ചുനിർത്താൻ സപ്ലൈകോയ്ക്ക് സാധിക്കുന്നുണ്ട്.

(ഇ) 1-12-2014-ൽ പതിമൂന്നിനം അവശ്യ വസ്തുക്കളുടെ സബ്സിഡി വില സർക്കാർ പുനർ നിർണ്ണയിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി * ചേർത്തിട്ടുണ്ട്.

(എഫ്) 2008-09 മുതൽ 2014-15 സെപ്റ്റംബർ വരെയുള്ള സപ്ലൈകോയുടെ MIO നഷ്ടം ചുവടെ ചേർക്കുന്നു :

| | |
|---|---|
| 2008-09 | 31.22 കോടി |
| 2009-10 | 123.33 കോടി |
| 2010-11 | 42.50 കോടി |
| 2011-12 | 46.61 കോടി |
| 2012-13 | 153.55 കോടി |

| | |
|---|---|
| 2013-14 | 201.94 കോടി |
| 2014-15 (സെപ്റ്റംബർ വരെ) | 114.35 കോടി |

കർഷകരിൽനിന്നും നെല്ല് സംഭരിച്ച ഇനത്തിൽ സപ്ലൈകോയ്ക്ക് 150.93 കോടി രൂപ നൽകാനുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സപ്ലൈകോക്ക് നൽകാനുള്ള തുക നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**പോക്കുവരവിന് ഓൺലൈൻ സമ്പ്രദായം**

24 (*114) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജാഫീസുകളിൽ പോക്കുവരവിന് ഓൺലൈൻ സമ്പ്രദായം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സമ്പ്രദായം ഏർപ്പെടുത്തുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) പ്രസ്തുത സമ്പ്രദായം മുഖേന എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത് ;

(ഡി) പ്രസ്തുത സമ്പ്രദായം നടപ്പിലാക്കുന്നതിനായി ഏതെല്ലാം ഏജൻസികളാണ് സഹകരിക്കുന്നത് ; വ്യക്തമാക്കാമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ,

(എ) ഉണ്ട്. ആദ്യഘട്ടമായി സംസ്ഥാനത്തെ ഒമ്പത് ജില്ലകളിലെ റീ-സർവ്വേ പൂർത്തിയാക്കിയ 573 വില്ലേജുകളിൽ ഓൺലൈൻ പോക്കുവരവ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) കമ്പ്യൂട്ടർവൽകൃത ഭൂരേഖ വിതരണം ചെയ്യുക എന്ന അടിസ്ഥാന ലക്ഷ്യവുമായിട്ടാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. രജിസ്ട്രേഷൻ വകുപ്പുവഴി നടത്തപ്പെടുന്ന ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട ഓൺലൈൻ പോക്കുവരവ് സാദ്ധ്യമാക്കി അതുവഴി കോമൺ ലാൻഡ് ഡാറ്റാ ബേസിന്റെ തത്സമയ

നാളതീകരണം ഉറപ്പുവരുത്തുകയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യം. നിലവിലെ സംവിധാനം അനുസരിച്ച് പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും യഥാവിധി പോക്കുവരവ് നടക്കാതെയും നടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ജനങ്ങൾക്ക് പരിഹരിച്ചു കിട്ടുകയും വില്ലേജ് റിക്കോർഡുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉണ്ടാകുകയും ചെയ്യുന്നു. മാത്രമല്ല, സർക്കാർ ഭൂമി യാതൊരു കാരണവശാലും കൈമാറ്റം ചെയ്യപ്പെടുകയുമില്ല. പോക്കുവരവുകളും രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയബന്ധിതമായ ജമമാറ്റവും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽനിന്നോ നിരീക്ഷണത്തിൽനിന്നോ മാറിപ്പോകില്ല. ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട സുതാര്യതയാണ് മറ്റൊരു ഉദ്ദേശ്യലക്ഷ്യം.

(സി) നിലവിലെ സംവിധാനം അനുസരിച്ച് പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും യഥാവിധി പോക്കുവരവ് നടക്കാതെയും തടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ജനങ്ങൾക്ക് പരിഹരിച്ചുകിട്ടുകയും വില്ലേജ് റിക്കോർഡുകളുടെ കൃത്യത ഉറപ്പാക്കുകയും ചെയ്യുന്നു. മാത്രമല്ല, സർക്കാർ ഭൂമി യാതൊരു കാരണവശാലും കൈമാറ്റം ചെയ്യപ്പെടുകയോ പോക്കുവരവുകളും രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയബന്ധിതമായ ജമമാറ്റം ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽനിന്നോ നിരീക്ഷണത്തിൽനിന്നോ മാറിപ്പോകാതെയും സൂക്ഷിക്കുവാൻ കഴിയുന്നു.

(ഡി) റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളും റവന്യൂ ഐ.റ്റി. സെൽ, എൻ.ഐ.സി., അക്ഷയ സെന്റർ എന്നീ ഏജൻസികളുമാണ് ഇതിനായി സഹകരിക്കുന്നത്.

**റോഡ് വികസന പദ്ധതികൾക്കായി മാസ്റ്റർപ്ലാൻ**

25 (*115) ശ്രീ. സി. മോയിൻ കുട്ടി :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ :

ശ്രീ. പി. ഉബൈദുള്ള :

ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരുംകാല ഗതാഗത ആവശ്യങ്ങൾ കണക്കിലെടുത്തുള്ള റോഡു

വികസന പദ്ധതികൾക്കായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ ;

(ബി) ഇല്ലെങ്കിൽ വരുംകാല ഗതാഗത ആവശ്യങ്ങളുടെ വർദ്ധനയും സ്വഭാവവും കണക്കിലെടുത്ത് അമ്പതു വർഷക്കാലത്തേക്കുള്ള റോഡുവികസന മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ എത്ര കിലോമീറ്റർ റോഡുകളാണുള്ളത് ; ഈ റോഡുകളോടനുബന്ധിച്ച് വശങ്ങളിൽ ലഭ്യമായ വകുപ്പിന്റെ സ്ഥലം ഗതാഗതത്തിനു പൂർണ്ണമായി ഉപയോഗപ്പെടുത്താൻ ആയിട്ടുണ്ടോ എന്ന കാര്യം പരിശോധിക്കാൻ നിർദ്ദേശം നൽകുമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ,

(എ) ഇല്ല. എങ്കിലും വരുംകാല ഗതാഗത ആവശ്യങ്ങൾ കണക്കിലെടുത്തുള്ള റോഡ് വികസനത്തിനായി റോഡുകളെ ഘട്ടംഘട്ടമായി പര്യാപ്തമാക്കുന്നതിന്റെ ഭാഗമായി 1997-ലും 2001-ലും പൊതുമരാമത്ത് വകുപ്പിലെ സംസ്ഥാന പാതകളെയും മേജർ ജില്ലാ റോഡുകളെയും ഉൾപ്പെടുത്തി സ്റ്റാറ്റജിക് ഓപ്ഷൻ പഠനവും കോർ റോഡ് നെറ്റ്‌വർക്ക് പഠനവും നടത്തിയിരുന്നു. അതിൽ തെരഞ്ഞെടുക്കപ്പെട്ട റോഡുകൾ വികസിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ടി.പി. പദ്ധതിയിൽ അപ്ഗ്രഡേഷൻ പ്രവൃത്തികളും (254 കി. മീ.) ഹെവി മെയിന്റനൻസ് പ്രവൃത്തികളും (1156 കി.മീ.) ഉൾപ്പെടുത്തി മൊത്തം 1410 കി. മീ. റോഡുകളുടെ വികസനം സർക്കാർ നടപ്പാക്കി. കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിൽ 363 കി. മീ. റോഡുകളുടെ അപ്ഗ്രഡേഷൻ പ്രവൃത്തികൾ ഇപ്പോൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. കൂടാതെ പ്രധാനപ്പെട്ട ആയിരം കിലോമീറ്റർ സംസ്ഥാന പാതകളുടെയും മേജർ ജില്ലാ റോഡുകളുടെയും ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 2209 കി. മീ. റോഡുകൾ ഉൾപ്പെടുന്ന ഒരു സാധ്യതാപഠനം 2013-14-ൽ നടത്തി 1100 കി.മീ. റോഡുകൾ തെരഞ്ഞെടുത്തു. 2142 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതിക്ക് സാമ്പത്തിക സഹായം ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിൽനിന്നും ലഭ്യമാക്കാനുള്ള ശുപാർശ പരിശോധിച്ചുവരുന്നു.

തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ വരുംകാല ഗതാഗത ആവശ്യങ്ങൾ കണക്കിലെടുത്തുള്ള നഗര റോഡ് വികസന പദ്ധതികളുടെ രൂപരേഖ കേരള റോഡ് ഫണ്ട് ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. നഗര റോഡ് വികസന പദ്ധതിയിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള റോഡുകളാണ് നിർമ്മിക്കുന്നത്. പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതികളിൽ റോഡുകളുടെ 15 വർഷത്തേക്കുള്ള പരിപാലനം സ്വകാര്യ പങ്കാളിയിൽ നിക്ഷിപ്തമായിരിക്കും. ഉന്നത ഗുണനിലവാരമുള്ള റോഡുകൾ വാഹനയാത്രക്കാരുടെ സുരക്ഷ മുൻനിർത്തിയുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ, ഉന്നത നിലവാരത്തിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ, കാൽനട യാത്രക്കാർക്ക് സുരക്ഷയും സൗകര്യവും നടപ്പാക്കുക, ഓടുപാകിയ നടപ്പാതകൾ നിർമ്മിക്കുക, സൗന്ദര്യവൽക്കരണത്തിന്റെ ഭാഗമായി പുൽത്തകിടിയും പൂമേട്ടുകളും വച്ചുപിടിപ്പിക്കൽ, പരിസ്ഥിതി സംസരക്ഷണത്തിന്റെ ഭാഗമായി വൃക്ഷങ്ങൾ നട്ട് പരിപാലിക്കൽ എന്നിവയാണ് നഗരറോഡ് വികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

സംസ്ഥാന ഹൈവേകളിൽനിന്നും പ്രധാന ജില്ലാ റോഡുകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഏകദേശം 1100 കിലോമീറ്റർ റോഡുകൾ ഇന്ത്യൻ റോഡ്സ് കോൺഗ്രസ്സിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി വികസിപ്പിക്കുന്നതിനായി സംസ്ഥാന റോഡ് വികസന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മുഖേനയാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. പദ്ധതി നടപ്പാക്കുന്നതിന്റെ മുന്നോടിയായി ബാംഗ്ലൂർ ആസ്ഥാനമായ വിൽബർ സ്മിത്ത് അസോസിയേറ്റ്സ് എന്ന സ്ഥാപനത്തെ പദ്ധതിയുടെ സാങ്കേതിക റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ചുമതലപ്പെടുത്തുകയുണ്ടായി. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഏകദേശം 4000 കിലോമീറ്റർ റോഡുകളിൽ പഠനം നടത്തിയതിനുശേഷം തെരഞ്ഞെടുക്കപ്പെട്ട ഏകദേശം 1100 കിലോമീറ്റർ റോഡുകളാണ് ഈ പദ്ധതിയുടെ കീഴിൽ വികസിപ്പിക്കാൻ വിൽബർ സ്മിത്ത് അസോസിയേറ്റ്സ് ശുപാർശ ചെയ്തത്. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ബി.ഒ.റ്റി.-ആന്വിറ്റി അടിസ്ഥാനത്തിലാണ് ഇവ വികസിപ്പിക്കാൻ ലക്ഷ്യമിടുന്നത്. റോഡുകളുടെ ഗതാഗത ബാഹുല്യം, ദേശീയപാതയും മറ്റ് പ്രധാന റോഡുമായുള്ള ബന്ധം, റോഡുകൾ കടന്നുപോകുന്ന

പ്രദേശങ്ങളുടെ കാർഷിക, വ്യാവസായിക, വിനോദസഞ്ചാര പ്രാധാന്യം മുതലായ ഘടകങ്ങളെ ആസ്പദമാക്കിയാണ് റോഡുകൾ തെരഞ്ഞെടുത്തിട്ടുള്ളത്. റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളിലായിട്ടാണ് റോഡുകൾ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. റീഹാബിലിറ്റേഷൻ പാക്കേജിൽ സ്ഥലമേറ്റെടുക്കൽ ആവശ്യമില്ലാത്ത ഏകദേശം 469 കിലോമീറ്റർ റോഡുകളും അപ്ഗ്രഡേഷൻ പാക്കേജിൽ വളവുകൾ നിവർത്തുന്നതിനും ജംഗ്ഷനുകൾ വികസിപ്പിക്കുന്നതിനുമായി അത്യാവശ്യം സ്ഥലമേറ്റെടുക്കൽ വേണ്ടിവരുന്ന 611 കിലോമീറ്റർ റോഡുകളുമാണ് ഉൾപ്പെടുത്തി യിട്ടുള്ളത്. റോഡുകൾ ശാസ്ത്രീയമായി പുനർനിർമ്മിച്ച് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, ആവശ്യമായ കലുങ്കുകളും പാലങ്ങളും പണിയുക, പൈപ്പുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള കാനകൾ നിർമ്മിക്കുക, അടയാള ബോർഡുകൾ സ്ഥാപിക്കുക തുടങ്ങിയവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. റീഹാബിലിറ്റേഷൻ പദ്ധതി പുനഃക്രമീകരിച്ച് ടെണ്ടർ ചെയ്യുവാനുള്ള നടപടികൾ പരിശോധിച്ച് വരുന്നു.

(ബി) അടുത്ത പതിനഞ്ച് വർഷത്തേക്കുള്ള ഗതാഗത വർദ്ധനവ് കണക്കി ലെടുത്താണ് രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്.

(സി) നിലവിൽ പൊതുമരാമത്ത് വകുപ്പിൽ 31812 കിലോമീറ്റർ റോഡു കളാണുള്ളത്. വികസന പദ്ധതികളിൽ റോഡുകളുടെ വശങ്ങളിലുള്ള സ്ഥലങ്ങൾ പൂർണ്ണമായും ഉപയോഗപ്പെടുത്തിയാണ് റോഡ് വികസനം നടപ്പിലാക്കുന്നത്.

## ആധാരം രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം

26 (*116) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധാരം രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ യെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത സംവിധാനം വഴി എന്തെല്ലാം സൗകര്യങ്ങളാണ്

ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഓൺലൈൻ സംവിധാനവുമായി സഹകരിക്കുന്നവർ ആരൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ) ആധാരം രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ആധാരങ്ങൾ തയ്യാറാക്കി ഡാറ്റ ഓൺലൈനായി സമർപ്പിക്കുവാനുള്ള സൗകര്യം തിരുവനന്തപുരം ജില്ലയിലെ ആറ് സബ് സജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇത് കൂടുതൽ ഓഫീസുകളിൽ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.

(ബി) സംസ്ഥാനത്തെ 311 സബ് രജിസ്ട്രാർ ഓഫീസുകളിലെയും വിവരങ്ങൾ ക്രോഡീകരിച്ച് തിരുവനന്തപുരത്തുള്ള ഡാറ്റാ സെന്ററിലെ കമ്പ്യൂട്ടറുകളിൽ ശേഖരിക്കുക വഴി രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ ഇന്റർനെറ്റ് അധിഷ്ഠിത സംവിധാനത്തിലേക്ക് മാറ്റിക്കൊണ്ട് സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനത്തിൽ ഒരു പുതിയ ചുവടുവയ്പ്പ് കാഴ്ചവയ്ക്കുവാൻ ഈ പദ്ധതിയിലൂടെ സർക്കാർ ഉദ്ദേശിക്കുന്നു. നിലവിലെ പ്രവർത്തന രീതിക്ക് പകരം 311 സബ് രജിസ്ട്രാർ ഓഫീസുകളെയും ഒരു പ്രത്യേക കമ്പ്യൂട്ടർ ശൃംഖലവഴി തിരുവനന്തപുരത്തുള്ള ഡാറ്റാ സെന്ററുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തന രീതിയാണ് വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ അവിഭാജ്യഘടകമായ കണക്ടിവിറ്റി സൗകര്യം ബി.എസ്.എൽ.എൽ.-ൽ നിന്ന് ലഭ്യമാക്കി കേരള സ്റ്റേറ്റ് വൈഡ് ഏരിയ ശൃംഖലയുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഈ സംവിധാനം പ്രാബല്യത്തിൽ വരുമ്പോൾ സംസ്ഥാനത്തെ രജിസ്ട്രേഷൻ വിവരങ്ങൾ അപ്പപ്പോൾത്തന്നെ തിരുവനന്തപുരത്തെ കേന്ദ്ര കമ്പ്യൂട്ടറിൽ (സെർവർ) ലഭ്യമാകും. അതുവഴി സർക്കാരിന് രജിസ്ട്രേഷൻ സംബന്ധിച്ച സംസ്ഥാനതല വിവരങ്ങൾ ഉടനടി ലഭ്യമാകുന്നു. ബാങ്കുകൾക്കും മറ്റ് ധനകാര്യ സ്ഥാപനങ്ങൾക്കും വസ്തുക്കളുടെ ഉടമസ്ഥാവകാശം ഉറപ്പാക്കുന്നതിനുമുള്ള സൗകര്യം ഇതുമൂലം ലഭിക്കും.

(സി) രജിസ്ട്രേഷനുവേണ്ടി ആഫീസിൽ ഹാജരാകേണ്ട സമയം കക്ഷികൾക്കു തന്നെ നിശ്ചയിക്കുന്നതിനുള്ള സൗകര്യമാണ് പ്രസ്തുത സംവിധാനത്തിലൂടെ ലഭിക്കുന്നത്.

മേൽ സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് സമയലാഭം ഉണ്ടാകുന്നതാണ്. ഹാജരാക്കുന്ന ആധാരങ്ങളുടെ രജിസ്ട്രേഷൻ വ്യക്തമായ കാരണങ്ങളില്ലാതെ നീട്ടിവയ്ക്കുന്നു എന്ന പരാതി ഇതിലൂടെ പരിഹരിക്കാൻ സാധിക്കും. കൂടാതെ വിദേശത്തുള്ള കക്ഷികൾക്ക് ആധാര രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അവരുടെ ഫോട്ടോ, വിരൽപതിപ്പ് എന്നിവ ഓൺലൈനായി സബ് രജിസ്ട്രാർ ഓഫീസിൽ സമർപ്പിക്കുവാനും സാധിക്കും.

(ഡി) രജിസ്ട്രേഷൻ, ട്രഷറി വകുപ്പുകൾക്ക് പുറമെ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, സി-ഡിറ്റ്, കെൽട്രോൺ എന്നീ സർക്കാർ സ്ഥാപനങ്ങളും ആധാരമെഴുത്ത് സ്ഥാപനങ്ങൾ, ആധാരമെഴുത്ത് ലൈസൻസികൾ എന്നിവരും ഈ പദ്ധതിയുമായി സഹകരിക്കുന്നു.

(ഇ) 1. തിരുവനന്തപുരം ജില്ലയിലെ 6 സബ് രജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ തുടക്കം കുറിച്ച ഈ പദ്ധതി സംസ്ഥാനത്തെ മറ്റ് സബ് രജിസ്ട്രാർ ഓഫീസുകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.

2. ആദ്യഘട്ടത്തിൽ ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ, ആധാരപ്പകർപ്പുകൾ, വിവാഹം, ഗഹാൻ, ആധാരങ്ങൾക്കുള്ള ഓൺലൈൻ ഡാറ്റാ സമർപ്പിക്കൽ എന്നീ സേവനങ്ങൾക്കുള്ള അപേക്ഷാവിവരങ്ങൾ ഓൺലൈനായി നൽകുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുന്നു.

3. മുദ്രകൾ ഇലക്ട്രോണിക് രൂപത്തിൽ നൽകുന്ന ഇ-സ്റ്റാമ്പിംഗ് പദ്ധതിയുടെ പ്രാരംഭഘട്ട പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

4. ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾ കാലതാമസം കൂടാതെ നൽകുന്നതിനായി 1980 മുതൽ 1990 വരെയുള്ള ആധാര വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

5. ട്രഷറി വകുപ്പുമായി സഹകരിച്ചുകൊണ്ട് ഇ-പേമെന്റ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

**കച്ചവടസ്ഥാപനങ്ങളിലും ഹോട്ടലുകളിലും വിലവിവരപ്പട്ടിക**

27 (*117) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. സി. എഫ്. തോമസ് :

ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിലക്കയറ്റം പിടിച്ച് നിർത്തുന്നതിനും ഉപഭോക്താക്കളെ ചൂഷണത്തിൽ നിന്നും വിമുക്തരാക്കുന്നതിനും വേണ്ടി എല്ലാ കച്ചവട സ്ഥാപനങ്ങളും, ഹോട്ടലുകളും വിലവിവര പട്ടിക പ്രദർശിപ്പിക്കണമെന്ന് നിർബന്ധമാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് ;

(ബി) വിലവിവര പട്ടിക സ്ഥാപിക്കാത്ത കച്ചവട സ്ഥാപനങ്ങൾക്കെതിരെ പ്രസ്തുത സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള ശക്തമായ നടപടികൾ സ്വീകരിക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ) വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനും ഉപഭോക്താക്കളെ ചൂഷണത്തിൽ നിന്നും വിമുക്തരാക്കുന്നതിനുംവേണ്ടി എല്ലാ കച്ചവട സ്ഥാപനങ്ങളിലും ഹോട്ടലുകളിലും വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽനിർദ്ദേശം പാലിക്കാത്ത ഹോട്ടലുടമകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് 26-8-2013-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 273/2013/ഭ.പൊ.വി.വ. പ്രകാരം ജില്ലാ-സംസ്ഥാന തലങ്ങളിൽ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനായി സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ മാത്രമായും പോലീസ്, ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്ന വർക്കെതിരെ 1977-ലെ Kerala Food Stuffs (Display of price by catering Establishment) Order, 1977-ലെയും 1980-ലെയും Kerala Essential Commodities (Maintenance of Accounts and Display of Prices and Stocks) Order പ്രകാരവും നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

(ബി) വിലവിവരപ്പട്ടിക പ്രദർശിപ്പിക്കാത്ത കച്ചവടസ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും സാധനങ്ങൾ പിടിച്ചെടുക്കുകയും എസ്സൻഷ്യൽ കമ്മോഡിറ്റീസ് നിയമപ്രകാരം നടപടികൾ സ്വീകരിക്കുയും പിഴ ഈടാക്കുകയും ചെയ്യുന്നു.

**കേന്ദ്ര ഗവൺമെന്റ് അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ**

28 (*118) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീ. പി. തിലോത്തമൻ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർഷം തോറും കേന്ദ്രഗവൺമെന്റ് അനുവദിക്കുന്ന ഭക്ഷ്യ ധാന്യങ്ങൾ പൂർണ്ണമായും സംസ്ഥാന സർക്കാർ ഏറ്റെടുക്കാറുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഒരു വർഷം അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ ഏറ്റെടുക്കാതിരുന്നാൽ വരും വർഷം കേന്ദ്ര വിഹിതത്തിൽ കുറവു വരാൻ സാദ്ധ്യതയുണ്ടോ ;

(സി) കഴിഞ്ഞ നാലു വർഷമായി പൊതുവിതരണ ശൃഖലയിലൂടെ വിറ്റഴിക്കാൻ അനുവദിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ അളവും ഏറ്റെടുക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കേന്ദ്ര വിഹിതത്തിലുണ്ടാകുന്ന കുറവ് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ രൂക്ഷമായ വിലക്കയറ്റത്തിന് കാരണമാകുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ) കേന്ദ്രം അനുവദിക്കുന്ന നോർമൽ വിഹിതം പൂർണ്ണമായും ഏറ്റെടുക്കാറുണ്ട്. എന്നാൽ ഉയർന്ന വിലയ്ക്ക് കേന്ദ്രം അനുവദിക്കുന്ന വിഹിതം പൂർണ്ണമായും ഏറ്റെടുക്കാറില്ല. ഉയർന്ന വിലയ്ക്ക് ലഭ്യമാകുന്ന റേഷൻ സാധനങ്ങളും ബി.പി.എൽ., എ.പി.എൽ. വിലയ്ക്ക് ലഭ്യമാകുന്ന റേഷൻ സാധനങ്ങളും ഒരേ ഗുണനിലവാരമായതിനാൽ ഉപഭോക്താക്കളും വ്യാപാരികളും പൂർണ്ണമായും ഉപയോഗിക്കാറില്ല.

(ബി) ഒരു വർഷം മാത്രം വളരെക്കുറച്ച് റേഷൻ സാധനങ്ങൾ വിട്ടെടുക്കാതിരുന്നാൽ കേന്ദ്രവിഹിതത്തിൽ കുറവ് സംഭവിക്കുകയില്ല.

(സി) കഴിഞ്ഞ നാല് വർഷമായി പൊതുവിതരണ ശൃംഖലയ്ക്ക് അനുവദിച്ച

റേഷൻ സാധനങ്ങളുടെ നോർമൽ വിഹിതത്തിന്റെ (അന്നപൂർണ്ണ ഉൾപ്പെടെ) അളവും വിട്ടെടുത്ത ഭക്ഷ്യധാന്യങ്ങളുടെ അളവും ചുവടെ ചേർക്കുന്നു:

| Year | Allotment (IN MTs) | Lifting (In MTS) |
|---|---|---|
| 2010-11 | 14,44,424 | 14,44,424.0 |
| 2011-12 | 15,88,467 | 15,88,327.1 |
| 2012-13 | 17,81,492 | 17,81,492.0 |
| 2013-14 | 15,09,540 | 15,09,540.0 |

(ഡി) കേന്ദ്ര സർക്കാർ നൽകുന്ന വിഹിതത്തിൽ വൻതോതിൽ കുറവ് വരുത്തുകയാണെങ്കിൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ വിലക്കയറ്റം ഉണ്ടാകുവാൻ സാദ്ധ്യതയുണ്ട്. കേന്ദ്രവിഹിതം കുറയാതിരിക്കാൻ സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്.

**നിർമ്മാണപ്രവർത്തനങ്ങൾക്ക് ആവശ്യമായ മണൽ**

29 (*119) ശ്രീ. കെ. എം. ഷാജി :
ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രതിവർഷം ആവശ്യമായി വരുന്ന മണലിന്റെ അളവു സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ, അതു സംബന്ധിച്ച വിശദവിവരം നൽകാമോ ;

(ബി) പരിസ്ഥിതിക്കു ദോഷം വരാത്തവിധം മണലിന്റെ ലഭ്യത ഉറപ്പാക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകളുടെ ഏകോപിത ശ്രമം ഉണ്ടായിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ;

(സി) അശാസ്ത്രീയമായ അനധികൃത മണൽഖനനം തടയാൻ ഏതൊക്കെ

ഏജൻസികളെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളതെന്ന വ്യക്തമാക്കുമോ ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ,

(എ) വിവരശേഖരണം നടത്തിയിട്ടില്ല.

(ബി&സി) ഉണ്ട്. 2002- ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങളിലെ 30(1) ചട്ടം പ്രകാരം ഓരോ മൂന്ന് വർഷം കൂടുമ്പോഴും നദികളുടെ ജൈവ ഭൗതിക പരിസ്ഥിതി വ്യവസ്ഥയ്ക്ക് കോട്ടം തട്ടാത്ത രീതിയിൽ ഖനനം ചെയ്യാവുന്ന മണലിന്റെ അളവ് നിശ്ചയിക്കുന്നതിന് സാൻഡ് ആഡിറ്റ് നടത്താറുണ്ട്. സംസ്ഥാനത്തെ ഇരുപത് നദികളിലെ നദീതീര മാപ്പിംഗും സാൻഡ് ആഡിറ്റിംഗും സർക്കാർ സെസ്സിന്റെ മേൽനോട്ടത്തിൽ റിവർ മാനേജ്മെന്റ് സെൽ മുഖേന നടത്തിവരുന്നു. ആയത് അന്തിമഘട്ടത്തിലാണ്. കൂടാതെ അന്യസംസ്ഥാനങ്ങളിൽ നിന്നും മണൽ ഇറക്കുമതി ചെയ്യുന്നതിനും വിപണനം ചെയ്യുന്നതിനുമായി കേരള മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ഹൗസിംഗ് ബോർഡ്, കേരള ലാൻഡ് ഗവേണൻസ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളെ നോഡൽ ഏജൻസികളായി നിയമിച്ച് ഉത്തരവായിട്ടുണ്ട്. അതിനുപുറമെ ഡാമുകളിൽ നിന്നും മണൽ വാരി വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകൾ ഏകോപിപ്പിച്ചാണ് മണൽ ഖനനവും വിതരണവും ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. അശാസ്ത്രീയമായ അനധികൃത മണൽഖനനം തടയാൻ റവന്യൂ, പോലീസ്, മൈനിംഗ് ആന്റ് ജിയോളജി എന്നീ വകുപ്പുകൾ സംയുക്തമായും അല്ലാതെയും സ്ക്വാഡ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. 2013-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) നിയമം വകുപ്പ് 26 പ്രകാരം നിർദ്ദേശിക്കുന്ന പ്രത്യേക സംരക്ഷണ സേനയുടെ രൂപീകരണം സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പരിസ്ഥിതിക്ക് ദോഷം വരാത്ത രീതിയിൽ മണലിന്റെ ലഭ്യത ഉറപ്പുവരുത്താനും അശാസ്ത്രീയമായ അനധികൃത മണൽഖനനം തടയാനുമായി 21-2-2014-ൽ സ.ഉ.(എംഎസ്.)2/2014/പരി.
15-11-2014-ൽ സ.ഉ.(എംഎസ്.)നമ്പർ 13/2014/പരി. എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

**പാചകവാതക സിലിണ്ടറുകളുടെ വിതരണത്തിലെ ക്രമക്കേടുകൾ**

30 (*120) ശ്രീ. റ്റി. എ. അഹമ്മദ് കബീർ :

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :

ശ്രീ. സി. മമ്മൂട്ടി :

ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാചക വാതക സിലിണ്ടറുകളുടെ വിതരണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തെക്കുറിച്ച് വിശദമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച പരിശോധനകളുടെ അപര്യാപ്തത ഉപഭോക്താക്കൾക്ക് ദുരിതമുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ചില ഗ്യാസ് ഏജൻസികളുടെ കൂടി ഒത്താശയിൽ അനധികൃത ഗ്യാസ് റീഫില്ലിംഗ് കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കുന്നതും, അതിൽ ചിലതിൽ അപകടങ്ങൾ ഉണ്ടായത് സംബന്ധിച്ച് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) : സർ,

(എ) പാചാകവാതക സിലിണ്ടറുകളുടെ വിതരണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈ ഓപ്പൺ ഫോറങ്ങളിൽ താലൂക്ക് സപ്ലൈ ഓഫീസർമാരും ഓയിൻ കമ്പനി പ്രതിനിധികളും പങ്കെടുത്ത് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിക്കാറുണ്ട്. കൂടാതെ ഇത്തരത്തിലുള്ള പരാതികളിന്മേൽ റേഷനിംഗ് ഇൻസ്പെക്ടർമാരും താലൂക്ക്/ജില്ലാ സപ്ലൈ ഓഫീസർമാരും നേരിട്ട് അന്വേഷണം നടത്തി നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ എണ്ണക്കമ്പനികളുടെ സെയിൽസ് ഓഫീസർമാർ വിതരണ ഏജൻസികൾ കൃത്യമായി പരിശോധിക്കുകയും ഏതെങ്കിലും തരത്തിലുള്ള പരാതികൾ ലഭ്യമായാൽ അതിന്മേൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ് ലൈൻസ്, 2014 പ്രകാരം നടപടികൾ

സ്വീകരിച്ചുവരികയും ചെയ്യുന്നു എന്ന് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

(ബി) ഉപഭോക്താക്കളുടെ അത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ പരിഹരിക്കാറുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനധികൃത ഗ്യാസ് റീഫില്ലിംഗ് കേന്ദ്രങ്ങളെക്കുറിച്ച് വിവരം ലഭിച്ചാലുടൻ അത്തരം കേന്ദ്രങ്ങളിൽ ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലുള്ള സ്ക്വാഡ് പരിശോധന നടത്തുകയും ഉപകരണങ്ങൾ പിടിച്ചെടുക്കുകയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ നടപടി എടുക്കുകയും എൽ.പി.ജി. (റഗുലേഷൻ ഓഫ് സപ്ലൈ ആന്റ് ഡിസ്ട്രിബ്യൂഷൻ) ഓർഡർ 2000 പ്രകാരവും ഇ.സി. ആക്ട് പ്രകാരവും നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സ്കോളർ സപ്പോർട്ട് പ്രോഗ്രാം

1 (1054) <u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. പാലോട് രവി</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കോളർ സപ്പോർട്ട് പ്രോഗ്രാം നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) ഉന്നത വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്ക് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) എയ്ഡഡ് കോളേജുകളിൽ ഈ പദ്ധതി നടപ്പാക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ?

<u>ഉത്തരം</u>

(എ) ഉണ്ട് സ്കോളർ സപ്പോർട്ട് പ്രോഗ്രാം 2012-13 അദ്ധ്യയന വർഷം മുതൽ നടപ്പാക്കി വരുന്നു. 2012-13-ൽ കേരളത്തിലെ 41 സർക്കാർ ആർട്സ് ആന്റ്

സയൻസ് കോളേജുകളിലാണ് പദ്ധതി നടപ്പാക്കിയത്. ഒരു കോളേജിൽ അമ്പത് കുട്ടികൾക്കാണ് ഈ പദ്ധതി വഴി പ്രയോജനം ലഭിക്കുന്നത്. ആദ്യവർഷ ബിരുദ വിദ്യാർത്ഥികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് ബിരുദ പ്രോഗ്രാമിന്റെ രണ്ടും മൂന്നും വർഷങ്ങളിലും പദ്ധതിയുടെ പ്രയോജനം ലഭിക്കത്തക്ക രീതിയിലാണ് പദ്ധതി രൂപകൽപന ചെയ്തിട്ടുള്ളത്.

(ബി&സി) ഓരോ കോളേജിലും കോളേജിലെ സാഹചര്യങ്ങളും ആവശ്യവും പരിഗണിച്ച് കുറഞ്ഞത് ആറ് വിഷയങ്ങളിലെങ്കിലും വേണ്ട സഹായം വിദ്യാർത്ഥികൾക്ക് നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. സർവ്വകലാശാലാ തലത്തിൽ നടത്തിയ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ യുണിവേഴ്സിറ്റി പരീക്ഷകളിൽ വിദ്യാർത്ഥികൾ മോശം പ്രകടനം കാഴ്ചവച്ച വിഷയങ്ങൾ കണ്ടെത്തി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ പട്ടികയിൽനിന്നും വിദ്യാർത്ഥികളുടെ താൽപര്യം കൂടി പരിഗണിച്ച് കോളേജുതലത്തിൽ വിഷയങ്ങൾ സ്ഥാപനങ്ങൾക്ക് തെരഞ്ഞെടുക്കാം. ഒരു വിഷയം ഇംഗ്ലീഷ് ആയിരിക്കും. മറ്റ് അഞ്ച് വിഷയങ്ങൾ കോളേജ് കൗൺസിലിന്റെ സഹായത്തോടെ ബന്ധപ്പെട്ട കോളേജ് കണ്ടെത്തണം. അതനുസരിച്ച് പഠനത്തിന് സഹായംവേണ്ട മാർക്ക് കുറവുള്ള അമ്പത് വിദ്യാർത്ഥികളെ കണ്ടെത്തുന്നു. ഇംഗ്ലീഷിന് പത്ത് കുട്ടികളെയും മറ്റ് അഞ്ച് വിഷയങ്ങൾക്കോരോന്നിനും എട്ട് വീതം കുട്ടികളെയുമാണ് കണ്ടെത്തുന്നത്. ഇപ്രകാരം തെരഞ്ഞെടുക്കുന്ന അമ്പത് വിദ്യാർത്ഥികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്.

ഒരു വർഷം ഒരു വിഷയത്തിൽ ഇരുപത് മണിക്കൂർ വീതം ആറ് വിഷയങ്ങൾക്ക് പരമാവധി നൂറ്റിയിരുപത് മണിക്കൂർവരെ പദ്ധതിപ്രകാരം സഹായം നൽകാം. വിദ്യാർത്ഥികൾക്ക് വ്യക്തിപരമായ ശ്രദ്ധ ലഭിക്കുന്നതിന് ഓരോ വിഷയത്തിലും ഉള്ള കുട്ടികളുടെ എണ്ണം പരിമിതപ്പെടുത്തിയിട്ടുണ്ട്. സ്പെഷ്യൽ ക്ലാസ്സുകൾ വഴി വിദ്യാർത്ഥികൾക്ക് സർവ്വകലാശാല പരീക്ഷയ്ക്ക് തയ്യാറെടുപ്പ് നടത്താൻ വേണ്ട സഹായം നൽകാൻ പദ്ധതി വിഭാവനം ചെയ്യുന്നു. ക്വസ്റ്റ്യൻ ബാങ്ക് വിതരണം, പൊതുവായ ചില വിഷയങ്ങളെപ്പറ്റിയുള്ള ക്ലാസ്സുകൾ എന്നിവ പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നു. സർവ്വകലാശാലാ പരീക്ഷാ മാതൃകയിലുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കി വിശദമായ ഉത്തരസൂചികകളോടൊപ്പം വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നു. ഇതൊക്കെയാണ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. പദ്ധതി നടത്തിപ്പിൽനിന്നും വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക്

മെച്ചപ്പെട്ട പ്രകടകനം യൂണിവേഴ്സിറ്റിതല പരീക്ഷകളിൽ കാഴ്ചവയ്ക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) 2012-13 വർഷം ഒരു പൈലറ്റ് പദ്ധതി എന്ന രീതിയിൽ സർക്കാർ കോളേജുകളിൽ മാത്രമാണ് പദ്ധതി നടപ്പിലാക്കിയത്. 2013-14 വർഷം 45 എയ്ഡഡ് കോളേജുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 2014-15 വർഷം 148 എയ്ഡഡ് കോളേജുകളിലും ഈ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

## പനമ്പള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിലെ നാക്-റീ അക്രെഡിറ്റേഷൻ വിസിറ്റ്

2 (1055) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ ഏക സർക്കാർ കോളേജായ ചാലക്കുടി പനമ്പള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ ഈ വർഷം നാക്-റീ അക്രെഡിറ്റേഷൻ വിസിറ്റ് നടന്നതിന്റെ പശ്ചാത്തലത്തിൽ എം.എ. ഇംഗ്ലീഷ്, എം.എസ്.സി. ഫിസിക്സ്, എം.കോം. ഫൈനാൻസ്, എം.എസ്.സി. കമ്പ്യൂട്ടർ സയൻസ് എന്നീ കോഴ്സുകൾ അനുവദിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ചാലക്കുടി പനമ്പള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ യു.ജി.സി. സഹായത്തോടെ 58 ലക്ഷം രൂപ ചെലവിൽ നിർമ്മിച്ച വനിതാ ഹോസ്റ്റൽ, നിർമ്മാണം പൂർത്തീകരിച്ച് ഒരു വർഷം കഴിഞ്ഞിട്ടും, ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കാത്തതുമൂലം സുഗമമായി പ്രവർത്തിക്കാൻ സാധിക്കാത്ത സാഹചര്യമുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഹോസ്റ്റൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

### ഉത്തരം

(എ) സാമ്പത്തിക നില മെച്ചപ്പെടുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കാവുന്നതാണ്.

(ബി&സി) നിലവിലെ സാമ്പത്തിക നിയന്ത്രണത്തിന്റെ പശ്ചാത്തലത്തിൽ ഇപ്പോൾ തസ്തിക സൃഷ്ടിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ ചാലക്കുടി പി.എം.

ഗവൺമെന്റ് കോളേജ് വനിതാ ഹോസ്റ്റൽ നടത്തിപ്പിനായി ദിവസവേതന വ്യവസ്ഥയിൽ kudumbasree/Ex-men services organisations-ന്റെ സേവനം ലഭ്യമാക്കേണ്ടതാണെന്ന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പബ്ലിക്ക് അഡ്മിനിസ്ട്രേഷൻ വിഷയത്തിൽ പഠന സംവിധാനം ഏർപ്പെടുത്തുവാൻ നടപടി

3 (1056) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പബ്ലിക്ക് അഡ്മിനിസ്ട്രേഷൻ എന്ന വിഷയം ഇന്ത്യൻ സിവിൽ സർവ്വീസ് പരീക്ഷയുമായി ബന്ധപ്പെട്ട് ധാരാളം വിദ്യാർത്ഥികൾ പഠനവിധേയമാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർവ്വകലാശാലകളിൽ പ്രസ്തുത വിഷയത്തിൽ പഠന സംവിധാനം നിലവിലില്ല എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത വിഷയത്തിൽ പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതായി യൂണിവേഴ്സിറ്റികളിൽ പ്രത്യേകം ഡിപ്പാർട്ട്മെന്റുകൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(ഡി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് കൂടി ആരംഭിക്കുന്ന പശ്ചാത്തലത്തിൽ ഇതിനുള്ള ശ്രമങ്ങൾ ത്വരിതപ്പെടുത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി - ഡി) ശിപാർശ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

## യൂ.ജി.സി. ലൈബ്രേറിയൻ തസ്തികകൾ

4 (1057) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകളിൽ നിലവിൽ എത്ര യു.ജി.സി. ലൈബ്രേറിയൻ തസ്തികകൾ ഒഴിവുണ്ട് ;

(ബി) എക്സിക്യൂട്ടീവ് ഉത്തരവ് ഭേദഗതി ചെയ്ത് കോമൺപൂളിലെ യു.ജി.സി. (നെറ്റ്) യോഗ്യത നേടിയവരെ യു.ജി.സി. ലൈബ്രേറിയൻമാരായി നിയമനം നൽകുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് നല്കിയ പ്രൊപ്പോസലിന്മേൽ

(A3/2506/14 ഉന്നതവിദ്യാഭ്യാസം) സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ ;

(സി) ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകളിൽ ഒഴിവുള്ള യു.ജി.സി. ലൈബ്രേറിയൻ തസ്തികകളിൽ നിയമനം നടത്തുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തി പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അഞ്ച് തസ്തികകൾ.

(ബി&സി) പരിശോധിച്ചുവരുന്നു.

**റൂസ പദ്ധതി നടപ്പാക്കൽ**

5 (1058) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നതവിദ്യാഭ്യാസ ഗുണമേന്മ ഉയർത്താനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ റൂസ (ആർ.യു.എസ്.എ.) നടപ്പാക്കുന്നതിനുള്ള സന്നദ്ധത കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതി പ്രകാരം എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(സി) പദ്ധതി നടത്തിപ്പിന്റെ കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ എത്രയാണ് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാമാണ് ?

ഉത്തരം

(എ) റൂസ പദ്ധതി നടപ്പാക്കുന്നതിനുള്ള സന്നദ്ധത കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ഒരു സമ്മതപത്രം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) 1. 18-നും 23-നും ഇടയ്ക്ക് പ്രായമുള്ള ഇന്ത്യൻ ജനതയുടെ ഉന്നത വിദ്യാഭ്യാസ പ്രവേശനം നിലവിലുള്ള 19.4%-ൽ നിന്നും 13-ാം

പദ്ധതി കാലത്തിനകം 34% ആയി ഉയർത്തുക.

2. Access, Equity, Excellance എന്നിവ മുൻനിർത്തി നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അദ്ധ്യാപകരുടെയും നിലവാരം ഉയർത്തുക, വിദ്യാഭ്യാസ പരീക്ഷാ പരിഷ്കാരം നടപ്പിലാക്കുക, നിലവിലുള്ള തെരെഞ്ഞെടുത്ത കോളേജുകളെ സർവ്വകലാശാലകളായി ഉയർത്തുക, പിന്നോക്ക വിഭാഗങ്ങൾ/വനിതകൾ/ ഭിന്നശേഷിയുള്ളവർ എന്നിവർക്ക് ഉന്നത വിദ്യാഭ്യാസരംഗത്ത് തുല്യത ഉറപ്പാക്കുക, ഗവേഷണങ്ങൾക്കും നൂതന ആശയങ്ങൾക്കും പ്രാമുഖ്യം നൽകുക.

(സി) 65% കേന്ദ്ര വിഹിതവും 35% സംസ്ഥാന സർക്കാർ വിഹിതവും

(ഡി) ഹയർ എഡ്യൂക്കേഷൻ പ്ലാൻ തയ്യാറാക്കുന്നതിന് വേണ്ടി ഒരു ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന തലത്തിൽ ഒരു പ്രോജക്ട് ഡയറക്ടറേയും അദ്ദേഹത്തിനെ സഹായിക്കാനായി ഒരു സെല്ലും രൂപീകരിച്ചിട്ടുണ്ട്. 12-ാം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 1133.56 കോടി രൂപയുടെ ശുപാർശകൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൻമേൽ റൂസ മിഷൻ ചില വിശദീകരണങ്ങൾ ആരാഞ്ഞതിന്റെ അടിസ്ഥാനത്തിൽ പദ്ധതി പുതുക്കി സമർപ്പിച്ചിട്ടുണ്ട്. റൂസ പദ്ധതിയ്ക്ക് വേണ്ടി കേന്ദ്രവിഹിതം ഉൾപ്പെടെ 4 കോടി രൂപ 2014-15-ൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ റൂസ ഫണ്ട് നിക്ഷേപിക്കുന്നതിനായി കാനറാ ബാങ്കിൽ ഒരു ജോയിന്റ് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്.

### റൂസ ഫണ്ട് വിനിയോഗത്തിനായി സമർപ്പിച്ച പദ്ധതി

6 (1059) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലകളുടെയും കോളേജുകളുടെയും വികസനത്തിനായുള്ള കേന്ദ്ര മിഷനായ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാന് (റൂസ) കേരളം സമർപ്പിച്ച പദ്ധതി നിർദ്ദേശം കേന്ദ്രം മടക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ഈ പദ്ധതി നിർദ്ദേശം മടക്കാനുണ്ടായ കാരണം വിശദമാക്കുമോ ;

(സി) കേന്ദ്രത്തിനു സമർപ്പിച്ച ഈ പദ്ധതി രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) റൂസ ഫണ്ട് വിനിയോഗത്തിനായി രൂപീകരിച്ച വിദഗ്ദ്ധ സമിതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ഈ സമിതി നാളിതുവരെ എത്ര യോഗങ്ങൾ കൂടി എന്നു വ്യക്തമാക്കാമോ ;

(എഫ്) റൂസ ഫണ്ട് സ്വാശ്രയ വിദ്യാഭ്യാസത്തിന് വിനിയോഗിക്കാൻ തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) റൂസയ്ക്കുവേണ്ടി കേരളം സമർപ്പിച്ച പദ്ധതി കേന്ദ്രം മടക്കിയിട്ടില്ല. വിശദാംശങ്ങൾ ആവശ്യപ്പെടുക മാത്രമാണ് ചെയ്തത്.

(സി) പദ്ധതിയുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ഡി) റൂസ ഫണ്ട് വിനിയോഗത്തിനായി രണ്ട് വിദഗ്ദ്ധ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

1. ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പിനെ സഹായിക്കാനുള്ള വിദഗ്ദ്ധ സമിതി.
2. സംസ്ഥാന പ്രോജക്ട് ഡയറക്ടറേറ്റ്.

   ആദ്യ സമിതിയിൽ സയൻസ്, കോമേഴ്സ് ആന്റ് മാനേജ്മെന്റ്, ആർട്സ് ആന്റ് സോഷ്യൽ സയൻസ്, എഞ്ചിനീയറിംഗ്, ലൈബ്രറി സയൻസ് എന്നീ മേഖലകളിൽ നിന്നുള്ളവരെയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

   സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറേറ്റിൽ സ്റ്റേറ്റ് റൂസ കോ-ഓർഡിനേറ്റർക്ക് പുറമേ സെക്ഷൻ ഓഫീസർ, അസിസ്റ്റന്റ് (മൂന്ന്), സിസ്റ്റം അനലിസ്റ്റ് (ഒന്ന്), ഡാറ്റാ എൻട്രി ഓപ്പറേറ്റർ (രണ്ട്), റിസർച്ച് ഓഫീസർ (മൂന്ന്) എന്നിവരാണുള്ളത്.

(ഇ) ആറ് ഉന്നത യോഗങ്ങളും പതിന്നാല് സബ് കമ്മിറ്റി യോഗങ്ങളും ചേരുകയുണ്ടായി.

(എഫ്) ഇല്ല. റൂസ മാർഗ്ഗനിർദ്ദേശപ്രകാരം റൂസ ഫണ്ട് സ്വാശ്രയ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിദ്യാഭ്യാസത്തിന് ഉപയോഗിക്കാൻ പാടില്ല.

## കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന ബി.എഡ്. സെന്ററുകൾ അടച്ചുപൂട്ടാൻ കേന്ദ്ര ഏജൻസിയുടെ എൻ.സി.റ്റി.ഇ. നിർദ്ദേശം

7 (1060) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന ബി.എഡ്. സെന്ററുകൾ അടച്ചുപൂട്ടാൻ കേന്ദ്ര ഏജൻസിയുടെ എൻ.സി.റ്റി.ഇ. നിർദ്ദേശം നിലവിലുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് നൽകാമോ ;

(ബി) സംസ്ഥാനത്ത് മെരിറ്റിൽ അഡ്മിഷൻ നടത്തി മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുന്ന പ്രസ്തുത സ്ഥാപനം സംരക്ഷിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ;

(സി) പ്രസ്തുത സ്ഥാപനത്തെ തകർക്കാൻ സ്വാശ്രയ സ്ഥാപനങ്ങളും അതിന്റെ നടത്തിപ്പുകാരും ഇടപെട്ടിട്ടുണ്ടോ ;

(ഡി) ബഹുമാനപ്പെട്ട കോടതികളിൽ എന്തെങ്കിലും കേസ് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ ;

(ഇ) ഇക്കാര്യത്തിൽ ഇപ്പോൾ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; പ്രസ്തുത സ്ഥാപനം സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

### ഉത്തരം

(എ) കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന പത്ത് ബി.എഡ്. സെന്ററുകളുടെയും അംഗീകാരം 2014-15 അദ്ധ്യയനവർഷത്തിൽ പിൻവലിച്ചു കൊണ്ട് എൻ.സി.റ്റി.ഇ.-യുടെ സതേൺ റീജിയണൽ കമ്മിറ്റി (എസ്.ആർ.സി.) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) സർവ്വകലാശാലയുടെ ബി.എഡ്. കോളേജുകൾക്ക് അംഗീകാരം പിൻവലിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിച്ച ഉടൻ സർവ്വകലാശാല എൻ.സി.റ്റി.ഇ.-ക്ക് ഒരു ലക്ഷം രൂപ ഫീസ് അടച്ച് അപ്പീൽ നൽകുകയുണ്ടായി. പ്രസ്തുത അപ്പീലിൽ 24-11-2014-ൽ അപ്പീൽ കമ്മിറ്റി സർവ്വകലാശാലയുടെ ഭാഗം കേൾക്കുകയും ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തുനിന്നുള്ള സംഘം കേരളത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുന്നതിനായി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുമായും കേന്ദ്ര മന്ത്രിമാരുമായും കൂടിക്കാഴ്ച നടത്തിയ വേളയിൽ കേരള യൂണിവേഴ്സിറ്റി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷന്റെ പത്ത് സ്ഥാപനങ്ങൾക്കും തുടർ അംഗീകാരം നൽകണമെന്ന വിഷയം വളരെ പ്രാധാന്യത്തോടെ ബഹുമാനപ്പെട്ട കേന്ദ്ര മാനവവിഭവശേഷി വകുപ്പുമന്ത്രി മുമ്പാകെ അവതരിപ്പിച്ചിട്ടുമുണ്ട്. ഇതിന്മേൽ തീരുമാനങ്ങളൊന്നും ഇതുവരെ ലഭ്യമായിട്ടില്ല. പ്രസ്തുത കോളേജുകൾക്ക് തുടർ അംഗീകാരം ലഭിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ തുടരുകയാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സർവ്വകലാശാല നടത്തുന്ന ബി.എഡ്. കോളേജുകൾ നിലനിർത്തണമെന്നാവശ്യപ്പെട്ടു കൊണ്ട് പ്രസ്തുത കോളേജുകളിലെ അദ്ധ്യാപകരുടെ സംഘടനയായ അസോസിയേഷൻ ഓഫ് കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ WP(c)No.2 8138/2014 എന്ന കേസ് ഫയൽ ചെയ്തിട്ടുള്ളതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ഇ) 'ബി' പിരിവിന്റെ മറുപടിയോടൊപ്പം ചേർത്തിട്ടുണ്ട്

**കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെ ഹോം സ്റ്റേഷൻ**

8 (1061) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപകരുടെ ഹോം സ്റ്റേഷൻ ഡിക്ലയർ ചെയ്യുന്നതിന്റെ നടപടികൾ വിശദമാക്കാമോ ;

(ബി) ഹോം സ്റ്റേഷൻ സംബന്ധിച്ച ദൂരപരിധി, എത്ര കാലം ഹോം സ്റ്റേഷനിൽ തുടരാം എന്നിവ സംബന്ധിച്ച മാനദണ്ഡങ്ങൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള അദ്ധ്യാപകർ നിശ്ചിത പ്രൊഫോർമയിൽ ഹോം സ്റ്റേഷൻ ഡിക്ലയർ ചെയ്യാനുള്ള അപേക്ഷ പ്രിൻസിപ്പാൾ മുഖാന്തരം കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കും.

(ബി) (എ) ഔട്ട് സ്റ്റേഷൻ സർവ്വീസ് കണക്കാക്കുന്നതിനുള്ള ദൂരപരിധി - ഹോം സ്റ്റേഷനിൽ നിന്നും 250 കി.മീ.-നും 425 കി.മീ.-നും ഇടയിലുള്ള സ്റ്റേഷനാണെങ്കിൽ ഓരോ വർഷത്തെ സർവ്വീസും 1¼ വർഷമായി കണക്കാക്കുന്നതാണ്.

(ബി) ഔട്ട് സ്റ്റേഷൻ സർവ്വീസ്-കണക്കാക്കുന്നതിനുള്ള ദൂരപരിധി- ഹോം സ്റ്റേഷനിൽ നിന്നും 425 കി.മീ.-ൽ കൂടുതലുള്ള സ്റ്റേഷനാണെങ്കിൽ ഓരോ വർഷത്തെ സർവ്വീസും 1½ വർഷമായി കണക്കാക്കുന്നതാണ്.

(സി) സേവനം പൂർത്തിയാക്കുന്ന കാലയളവിന്റെ അടിസ്ഥാനത്തിൽ വെയിറ്റേജ് നൽകുന്നതാണ്.

(ഡി) 3 വർഷം ഔട്ട് - സ്റ്റേഷൻ സർവ്വീസ് പൂർത്തിയാക്കിയിട്ടുള്ള ഒരദ്ധ്യാപകന് ഹോം സ്റ്റേഷനിലേക്ക് സ്ഥലംമാറ്റം അനുവദിച്ചാൽ സ്ഥാനക്കയറ്റമോ പ്രതീക്ഷിക്കാതെയുള്ള മറ്റ് ആവശ്യങ്ങളോ ഉണ്ടാകാത്ത പക്ഷം അദ്ദേഹത്തിന് 3 വർഷം ഹോം സ്റ്റേഷനിൽ തുടരാവുന്നതാണ്.

**ശ്രീമതി നിഷാത്തിന്റെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി**

9 (1062) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സേവനത്തിനിടയിൽ മരണപ്പെട്ടുപോയ മുസ്തഫയുടെ വിധവ ശ്രീമതി നിഷാത്തിന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ 18017/D3/14/ഉ.വി. നമ്പർ ഫയലിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശ എന്തായിരുന്നു ; വിശദമാക്കുമോ ;

(സി) പ്രസ്തുത ശിപാർശയുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി വിശദമാക്കുമോ ?

ഉത്തരം

വെമ്പല്ലൂർ എം.ഇ.എസ്. അസ്മാബി കോളേജിൽ ലാബ് അസിസ്റ്റന്റായിരുന്ന ശ്രീ. കെ. മുഹമ്മദ് മുസ്തഫ അനധികൃതമായി ജോലിയിൽ ഹാജരാകാതിരുന്നതിനെ തുടർന്ന് 22-1-1999 മുതൽ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടുകൊണ്ട് എം.ഇ.എസ്. മാനേജ്മെന്റ് ഉത്തരവിട്ടിരുന്നു. ഇതിനുശേഷം കെ. മുഹമ്മദ് മുസ്തഫ 15-3-2011-ൽ മരണപ്പെട്ടിരുന്നു.

പരേതനായ കെ. മുഹമ്മദ് മുസ്തഫയുടെ ഭാര്യയായ ശ്രീമതി എ. പി. നിഷാത്ത് പെൻഷൻ അനുവദിക്കണമെന്ന അപേക്ഷയുമായി സർക്കാരിനെ സമീപിക്കുകയുണ്ടായി. ടി അപേക്ഷയുടെ വെളിച്ചത്തിൽ പിരിച്ചുവിടൽ നടപടി എം.ഇ.എസ്. മാനേജ്മെന്റ്

പുനഃപരിശോധിക്കുകയും 22-1-1999 മുതൽ മുൻകാല പ്രാബല്യത്തോടെ സർവ്വീസിൽ തിരിച്ചെടുത്തു കൊണ്ട് 2-12-2013-ൽ ഉത്തരവാകുകയും ചെയ്തിരുന്നു. കെ. മുഹമ്മദ് മുസ്തഫയെ സർവ്വീസിൽ തിരിച്ചെടുത്ത 22-1-1999 മുതൽ മരണമടഞ്ഞ തീയതിയായ 15-3-2011 വരെയുള്ള കാലാവധി ശൂന്യവേതനാവധി/സ്പെഷ്യൽ കാഷ്വൽ ലീവായി ക്രമവത്കരിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിരുന്നു. ഈ ഫയൽ പരിശോധിച്ചശേഷം

ലീവ് അപേക്ഷയിന്മേൽ തീരുമാനമെടുക്കുന്നതിലേക്കായി ധനകാര്യ വകുപ്പിന് സമർപ്പിച്ചിരിക്കുകയാണ്. ധനകാര്യ വകുപ്പിന്റെ അഭിപ്രായം ലഭിച്ചാലുടൻ തന്നെ ഈ ഫയലിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**ആർട്സ് ആന്റ് സയൻസ് കോളേജുകൾ ആരംഭിക്കാൻ നടപടി**

10 (1063) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതുതായി എത്ര ആർട്സ് ആൻഡ് സയൻസ് കോളേജുകൾ അനുവദിച്ചു ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) സർക്കാർ മേഖലയിൽ പുതുതായി എത്ര ആർട്സ് ആൻഡ് സയൻസ് കോളേജുകളാണ് അനുവദിച്ചത് ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(സി) എയ്ഡഡ് മേഖലയിൽ പുതുതായി എത്ര ആർട്സ് ആൻഡ് സയൻസ് കോളേജുകളാണ് അനുവദിച്ചത് ; ഓരോ കോളേജിന്റെയും മാനേജ്മെന്റിന്റെ വിലാസവും ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ ;

(ഡി) സർക്കാർ മേഖലയിൽ അനുവദിച്ച ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ആകെ എത്ര തസ്തികകൾ അനുവദിച്ചു ;

(ഇ) എയ്ഡഡ് മേഖലയിൽ അനുവദിച്ച ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ആകെ എത്ര തസ്തികകളാണ് അനുവദിച്ചത് ;

(എഫ്) പുതുതായി അനുവദിച്ച തസ്തികകൾക്ക് ശമ്പളം നൽകുന്നതിന് പ്രതിവർഷം എന്ത് തുക ചെലവു പ്രതീക്ഷിക്കുന്നുവെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് പുതുതായി ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ മേഖലകളിലായി 173 ആർട്സ് &

സയൻസ് കോളേജുകൾ അനുവദിച്ചു. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം | - | 13 |
| കൊല്ലം | - | 3 |
| പത്തനംതിട്ട | - | 15 |
| ആലപ്പുഴ | - | 8 |
| കോട്ടയം | - | 13 |
| ഇടുക്കി | - | 12 |
| എറണാകുളം | - | 20 |
| തൃശ്ശൂർ | - | 11 |
| പാലക്കാട് | - | 11 |
| മലപ്പുറം | - | 25 |
| കോഴിക്കോട് | - | 24 |
| വയനാട് | - | 1 |
| കണ്ണൂർ | - | 8 |
| കാസർകോട് | - | 9 |
| ആകെ | - | 173 |

(ബി) സർക്കാർ മേഖലയിൽ പുതുതായി 8 ആർട്സ് & സയൻസ് കോളേജുകൾ ആണ് അനുവദിച്ചിട്ടുള്ളത്.

| | | |
|---|---|---|
| തിരുവനന്തപുരം | - | 2 |
| പത്തനംതിട്ട | - | 1 |
| തൃശ്ശൂർ | - | 2 |
| പാലക്കാട് | - | 2 |
| മലപ്പുറം | - | 4 |
| കോഴിക്കോട് | - | 4 |
| കണ്ണൂർ | - | 2 |
| കാസർകോട് | - | 1 |
| ആകെ | - | 18 |

(സി) എയ്ഡഡ് മേഖലയിൽ 4 ആർട്സ് & സയൻസ് കോളേജുകൾ അനുവദിച്ചിട്ടുണ്ട്.

1. വേങ്ങര എയ്ഡഡ് ആർട്സ് & സയൻസ് കോളേജ്, മലബാർ എഡ്യൂക്കേഷണൽ ട്രസ്റ്റ്, മലപ്പുറം.
2. കെ.പി.എം.എസ്. കുര്യോട്ടുമല, കൊല്ലം.
3. പി.ആർ.ഡി.എസ്. അമര, ചങ്ങനാശ്ശേരി, കോട്ടയം.
4. ഇന്ദിരാജി മെമ്മോറിയൽ സൊസൈറ്റി, വണ്ടൂർ, മലപ്പുറം.

<u>ജില്ല തിരിച്ച കണക്ക് :</u>

| | | |
|---|---|---|
| മലപ്പുറം | - | 2 |
| കൊല്ലം | - | 1 |
| കോട്ടയം | - | 1 |

(ഡി) ആകെ 223 തസ്തികകൾ അനുവദിച്ചു.

(ഇ) വേങ്ങര എയ്ഡഡ് കോളേജിൽ 31 തസ്തികകൾ അനുവദിച്ചു.

(എഫ്) പ്രതിവർഷം 11,71,66,234 രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

**മുന്നിയൂർ എം.എച്ച്.എസ്. സ്കൂളിലെ അദ്ധ്യാപകനായിരുന്ന അനീഷിനെ സ്കൂളിൽ നിന്നും പിരിച്ച് വിട്ടത്**

11 (1064) <u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മുന്നിയൂർ എം.എച്ച്.എസ്. സ്കൂളിലെ സാമൂഹ്യശാസ്ത്ര അദ്ധ്യാപകനായിരുന്ന അനീഷിനെ സ്കൂളിൽ നിന്നും പിരിച്ച് വിട്ടതിന്റെ കാരണം വെളിപ്പെടുത്താമോ ;

(ബി) അനീഷിനെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിരുന്നത് ഏത് തീയതിലായിരുന്നു ; ഇതിനെതിരെ അനീഷ് നൽകിയ ഹർജിയിൽ ഡി.ഇ.ഒ. നൽകിയ ഉത്തരവ് എന്തായിരുന്നു; പിരിച്ച് വിടാൻ ഉത്തരവിട്ടത് ആരായിരുന്നു ; ഡി.ഇ.ഒ.-യും ഡി.ഡി.ഇ.-യും പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) പിരിച്ച് വിടൽ ഉത്തരവിനെതിരെ അനീഷ് നൽകിയ അപ്പീൽ ഹർജിയിൽ ഡി.പി.ഐ. സ്വീകരിച്ച നടപടി എന്തായിരുന്നു ; അനീഷ് ആത്മഹത്യ ചെയ്യാനിടയായ സാഹചര്യം എന്തായിരുന്നു ;

(ഡി) സർവ്വീസിൽ നിന്നും പിരിച്ച് വിടാൻ മാത്രം ഗൗരവതരമായിട്ടുള്ള

കുറ്റമായിരുന്നുവോ അനീഷിനെതിരെ ആരോപിക്കപ്പെട്ടിട്ടുണ്ടായിരുന്നത് ; അല്ലെങ്കിൽ നിയമ വിരുദ്ധമായി പിരിച്ചുവിട്ട മാനേജർക്കും ഡി.ഡി.ഇ.-യ്ക്കും എതിരെ സർക്കാർ സ്വീകരിച്ച നടപടി എന്തായിരുന്നു ?

<u>ഉത്തരം</u>

(എ) സ്കൂളിലെ എഫ്.റ്റി.എം. ആയിരുന്ന ശ്രീ. മുഹമ്മദ് അഷ്റഫിനെ അടിച്ച് പരിക്കേല്പിച്ചു എന്ന പരാതിയിന്മേൽ.

(ബി) 28-2-2013-ൽ തിരൂർ ജില്ലാ വിദ്യാഭ്യാസ ആഫീസർ ശ്രീ. അനിഷിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ ശിപാർശ ചെയ്തു. പിരിച്ചുവിടാൻ ഉത്തരവിട്ടത് സ്കൂൾ മാനേജരായിരുന്നു. ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ അന്വേഷണ റിപ്പോർട്ടിന്റെയും വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവിന്റെയും പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* *

(സി) അനീഷ് സമർപ്പിച്ച അപ്പീലിന്മേൽ അടിയന്തിര റിപ്പോർട്ടിനായി മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് കത്ത് നല്കിയിരുന്നു. അനീഷ് ആത്മഹത്യ ചെയ്യാനിടയായ സാഹചര്യം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് വിജിലൻസ് വിഭാഗം 18-11-2014-ൽ നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ഡി) പ്രസ്തുത വിഷയത്തിൽ 18-11-2014-ൽ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും വിജിലൻസ് വിഭാഗത്തിന് വേണ്ടി പ്രോജക്ട് ആഫീസർ അന്വേഷണം നടത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല. പരിശോധിച്ച് യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## മലപ്പുറത്തെ സൗത്ത് ഏഷ്യൻ കോളേജിനുള്ള അഫിലിയേഷൻ

12 (1065) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാല, മലപ്പുറത്തെ സൗത്ത് ഏഷ്യൻ കോളേജ് എന്ന സ്ഥാപനത്തിന് അഫിലിയേഷൻ നൽകിയിട്ടുണ്ടോ ; എങ്കിൽ എപ്പോൾ ;

(ബി) അഫിലിയേഷൻ ലഭിക്കുന്നതിനാവശ്യമായ യൂണിവേഴ്സിറ്റി നിയമ പ്രകാരമുള്ള യോഗ്യതകൾ ഈ സ്ഥാപനത്തിനുണ്ടോ ; വിശദമാക്കാമോ ;

(സി) പ്രസ്തുത കോളേജ് ഏതെല്ലാം കോഴ്സുകൾ ആരംഭിക്കുന്നതിന് യൂണിവേഴ്സിറ്റിയിൽ അപേക്ഷ നൽകിയിട്ടുണ്ട് ; യൂണിവേഴ്സിറ്റി ഏതെല്ലാം കോഴ്സുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് ; പ്രസ്തുത കോഴ്സ് നടത്താനാവശ്യമായ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഭൗതിക സൗകര്യങ്ങൾ കോളേജിനുണ്ടോ ; വിശദ വിവരം ലഭ്യമാക്കാമോ ;

(ഡി) യൂണിവേഴ്സിറ്റി അംഗീകാരമുള്ള ഏതെല്ലാം ബിരുദാനന്തര/ബിരുദ കോഴ്സുകൾ ഈ സ്ഥാപനം നടത്തുന്നുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) കോഴിക്കോട് സർവ്വകലാശാല മലപ്പുറത്ത് സൗത്ത് ഏഷ്യൻ കോളേജിന് അഫിലിയേഷൻ നൽകിയിട്ടില്ല. പക്ഷേ കോഴിക്കോട് ജില്ലയിൽ കരിങ്ങാട്, തൊട്ടിൽപ്പാലം എന്ന സ്ഥലത്ത് 2012-13 വർഷത്തിൽ സൗത്ത് ഏഷ്യൻ കോളേജ് ഓഫ് ജേർണലിസം ഫിലിം ആന്റ് ന്യൂമീഡിയ എന്ന കോളേജിന് അഫിലിയേഷൻ നൽകിയിട്ടുണ്ട്.

(ബി) യൂണിവേഴ്സിറ്റി ചുമതലപ്പെടുത്തിയ ഡിസ്ട്രിക്ട് ലെവൽ ഇൻസ്പെക്ഷൻ കമ്മീഷൻ കോളേജ് സന്ദർശിച്ച് പ്രസ്തുത സ്ഥാപനത്തിനു യൂണിവേഴ്സിറ്റി നിയമ പ്രകാരം അഫിലിയേഷൻ നൽകാവുന്നതാണെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് സർക്കാരിലേക്ക് സർവ്വകലാശാല ശുപാർശ സമർപ്പിച്ചതിൽ പ്രകാരം സർക്കാർ എൻ.ഒ.സി. നൽകിയതനുസരിച്ചാണ് കോളേജിന് അഫിലിയേഷൻ നൽകിയിട്ടുള്ളത്.

(സി) മാസ്റ്റർ ഓഫ് ജേർണലിസം ആന്റ് ടെലിവിഷൻ പ്രൊഡക്ഷൻ കോഴ്സിന് യൂണിവേഴ്സിറ്റിയിൽ അപേക്ഷിക്കുകയും യൂണിവേഴ്സിറ്റി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. കോഴ്സ് നടത്താനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഇൻസ്പെക്ഷൻ കമ്മീഷൻ പരിശോധിച്ചിട്ടുണ്ട്.

(ഡി) മാസ്റ്റർ ഓഫ് ജേർണലിസം ആന്റ് ടെലിവിഷൻ പ്രൊഡക്ഷൻ.

**കോളേജുകളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ**

13 (1066) <u>ശ്രീ. പാലോട് രവി</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> :
<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജുകളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് എന്ന് വിശദീകരിക്കാമോ ;

(സി) ഇതിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത ക്ലബുകളുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ-സി) ഉണ്ട്. സംസ്ഥാനത്ത് വർഷം തോറും പുറത്തിറങ്ങുന്ന ഒരു ലക്ഷത്തോളം ബിരുദധാരികളിൽ നല്ലൊരുവിഭാഗം വിദ്യാർത്ഥികൾക്ക് സംരംഭകത്വ ആശയം ഉണ്ടെങ്കിലും അവ പ്രാവർത്തികമാക്കുന്നതിന് ഉള്ള സാഹചര്യവും പിന്തുണയും ലഭിക്കുന്നില്ല. വിദ്യാർത്ഥികളുടെ സംരംഭങ്ങൾക്ക് പ്രചോദനം നൽകേണ്ടത് കേരളത്തിന്റെ വികസനത്തിന് അനിവാര്യമാണെന്ന് കണ്ടതിനാലാണ് സംരംഭകത്വ ക്ലബുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്. വിദ്യാർത്ഥികൾ തൊഴിൽ അന്വേഷകർ എന്നതിന് പകരം തൊഴിൽ ദാതാക്കളായി മാറുന്ന സംസ്കാരം വളർത്തിയെടുക്കുന്നതിന് ഇതുവഴി കഴിയും. സംരംഭകത്വ ക്ലബുകൾ സ്ഥാപിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം 15-1-2014-ന് ടെക്ക്നോപാർക്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. സാധാരണ ക്ലബുകളിൽ നിന്ന് വ്യത്യസ്തമായി സംരംഭകത്വ ക്ലബുകൾ സൊസൈറ്റികളായി രജിസ്റ്റർ ചെയ്യുകയും പൂർണമായും വിദ്യാർത്ഥികൾ തന്നെ നടത്തുകയും ചെയ്യുന്നു. എല്ലാ കോളേജുകളിലും ഇത്തരം ക്ലബുകൾ സ്ഥാപിക്കുക എന്നതാണ് ലക്ഷ്യം. എല്ലാ വർഷവും സെപ്റ്റംബർ 12 സംസ്ഥാന സംരംഭകത്വ ദിനമായി ആചരിക്കാനും സംസ്ഥാന ബഡ്ജറ്റിന്റെ ഒരു ശതമാനം യുവാക്കൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനായി മാറ്റിവയ്ക്കാനും തീരുമാനിച്ചിട്ടുണ്ട്. 2013 ജനുവരി മുതൽ 1804 അപേക്ഷകൾ സ്റ്റാർട്ട് അപ്പ് വില്ലേജിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് ലഭിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ 136 സംരംഭങ്ങൾ സ്റ്റാർട്ട് അപ്പ് വില്ലേജിൽ ആരംഭിച്ചിട്ടുണ്ട്. വിദ്യാർത്ഥി സംരംഭകത്വ പദ്ധതിയെ എല്ലാ സർവ്വകലാശാലകളും അക്കാദമിക് റഗുലേഷൻസിലും ഉൾപ്പെടുത്തുക, സർവ്വകലാശാലകളിൽ ഇതിനുവേണ്ടി പ്രത്യേക സെൽ ആരംഭിക്കുക, ഇൻക്യുബേറ്റർ അംഗീകരിച്ച പ്രോജക്ടുകൾ വിദ്യാർത്ഥികളുടെ അവസാന വർഷ പ്രോജക്ടിന്റെ ഭാഗമാക്കി സിലബസ്സ് അനുസരിച്ച് മാർക്ക് നൽകുക, ആയിരം കോളേജുകളിൽ സ്റ്റാർട്ട് അപ്പ് ബൂട്ട് ക്യാമ്പുകൾ സംഘടിപ്പിക്കുക,

അയ്യായിരം ബിരുദ വിദ്യാർത്ഥികളെ തെരെഞ്ഞെടുത്ത് ഭാവിയിൽ വിവിധ മേഖലകളിൽ തിളങ്ങുന്നതിന് നേതൃത്വ പരിശീലനം നൽകുക തുടങ്ങിയ പദ്ധതികളാണ് ഉദ്ദേശിക്കുന്നത്.

**കുന്ദമംഗലത്ത് സർക്കാർ കോളേജിൽ മുൻഗണനാക്രമം തെറ്റിച്ച് കോഴ്സ് അനുവദിച്ചതായ പരാതി**

14 (1067) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം മണ്ഡലത്തിൽ ആരംഭിച്ച സർക്കാർ കോളേജിൽ ശിപാർശ ചെയ്യപ്പെട്ട മുൻഗണനാക്രമം തെറ്റിച്ച് മൂന്നാമത്തെ കോഴ്സിന് പകരം അഞ്ചാമത്തെ കോഴ്സ് അനുവദിച്ച് ഉത്തരവായ വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) കാബിനറ്റ് ബ്രീഫിംഗിൽ മൂന്നാമത്തേതായി മുഖ്യമന്ത്രി പ്രഖ്യാപിച്ച കോഴ്സ് ഉത്തരവിറങ്ങിയപ്പോൾ ഒഴിവാക്കപ്പെട്ടതിന്റെ കാരണമെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഇക്കാര്യങ്ങൾ പരാമർശിച്ചുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ഡി) പ്രസ്തുത സർക്കാർ കോളേജിൽ ബി.എസ്.സി. ജ്യോഗ്രഫി വിത്ത് സ്റ്റാറ്റിസ്റ്റിക്സ് & കാർട്ടോഗ്രാഫി കോഴ്സ് കൂടി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) 6-8-2014-ലെ മന്ത്രിസഭായോഗം അംഗീകരിച്ച 3 കോഴ്സുകളാണ് കുന്ദമംഗലം മണ്ഡലത്തിൽ ആരംഭിച്ച സർക്കാർ കോളേജിൽ അനുവദിച്ചിരിക്കുന്നത്.

(സി&ഡി) ഈ കാര്യങ്ങൾ പരാമർശിച്ചുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ട്. സാമ്പത്തികനില മെച്ചപ്പെടുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കാവുന്നതാണ്.

**സർവ്വകലാശാലകളിലെ ഭരണസ്തംഭനം**

15 (1068) ശ്രീ. എ. കെ. ബാലൻ :

ശ്രീ. ജി. സുധാകരൻ :

ശ്രീ. ടി. വി. രാജേഷ് :

ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിലെ ഭരണസ്തംഭനവും പ്രവർത്തനങ്ങളും വിലയിരുത്തിയിട്ടുണ്ടോ ; ഇതു പരിഹരിക്കുന്നതിന് സർക്കാർതലത്തിൽ ഇടപെടലുകൾ ഉണ്ടായിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) വൈസ് ചാൻസലർ സ്വന്തം നിലയിൽ തീരുമാനങ്ങളെടുത്തു നടപ്പാക്കുന്ന സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ ; ഇതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ; പരാതി പരിശോധിക്കുകയുണ്ടായോ ;

(സി) പ്രസ്തുത നടപടികൾക്ക് സർക്കാർ കൂട്ടുനിൽക്കുന്നതുമാണ് സർവ്വകലാ ശാലകളിലെ ദുഃസ്ഥിതിക്ക് പ്രധാനകാരണമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉന്നതവിദ്യാഭ്യാസമേഖലയിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്നതിനും വിദ്യാർത്ഥികളുടെ ഭാവി അനിശ്ചിതത്വത്തിലാക്കുന്നതിനുമിടയാക്കുന്ന തെറ്റായ നയവും നടപടികളും തിരുത്തുന്നതിനു തയ്യാറാകുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ ഭരണ സ്തംഭനം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ഇല്ല.

(ഡി) ബാധകമല്ല.

**അദ്ധ്യാപക പാക്കേജ്**

16 (1070) ശ്രീ. വി. ഡി. സതീശൻ :

ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. സി. പി. മുഹമ്മദ് :

ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അദ്ധ്യാപക പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) അദ്ധ്യാപക പാക്കേജ്ജ വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പാക്കേജിലെ പ്രധാന വിഷയങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) പാക്കേജ് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ചട്ടങ്ങളും ഉത്തരവുകളും വ്യവസ്ഥകളും ലംഘിച്ച്കൊണ്ട് മാനേജർമാർ നടത്തിയ നിയമനങ്ങൾ കാരണം അംഗീകാരമില്ലാതെയും ശമ്പളമില്ലാതെയും ജോലിചെയ്തിരുന്ന അദ്ധ്യാപകരുടെയും പ്രൊട്ടക്ടഡ് അദ്ധ്യാപകരുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനവും പുനർവിന്യാസവും ശാസ്ത്രീയമായ രീതിയിൽ നടപ്പിലാക്കുന്നതിനുമായാണ് അദ്ധ്യാപക പാക്കേജിന് രൂപം നൽകിയത്.

(സി) പാക്കേജിന് രൂപം നല്കി പുറപ്പെടുവിച്ച 1-10-2011-ലെ ജി.ഒ. (പി) 199/11/പൊവിവ നമ്പർ ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) അദ്ധ്യാപക പാക്കേജ് പ്രകാരം ശമ്പളമില്ലാതെ ജോലിയിൽ തുടർന്നിരുന്ന 2813 അദ്ധ്യാപകർക്ക് അംഗീകാരം നല്കി ശമ്പളം നൽകി. കൂടാതെ തസ്തികയില്ലാതെ സർവ്വീസിൽ തുടർന്ന 134 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ, കുട്ടികളുടെ കുറവുമൂലം പുറത്തുപോയ 51 സ്പെഷ്യലിസ്റ്റ് അദ്ധ്യാപകർ, 1159 റിട്രെഞ്ച്ഡ് ടീച്ചേഴ്സ്, പഞ്ചായത്ത് സ്കൂളുകളിലെ ശമ്പളമില്ലാതെ ജോലി ചെയ്തിരുന്ന 4 പേർ, പഞ്ചായത്ത് സ്കൂളുകളിൽ കുട്ടികളുടെ കുറവുമൂലം പുറത്തുപോയ 11 അദ്ധ്യാപകർ, സ്പെഷ്യൽ സ്കൂളുകളിലെ ശമ്പളമില്ലാതെ ജോലിചെയ്തിരുന്ന 4 അദ്ധ്യാപകർ എന്നിവർക്ക് നിയമനം നൽകിയിട്ടുണ്ട്.

## കൊമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകൾ

17 (1071) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൊക്കേഷണൽ ഹയർ സെക്കന്ററി, ഹയർ സെക്കന്ററി എന്നീ വകുപ്പുകളിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കൊമേഴ്സ് അദ്ധ്യാപകരുടെ (ജൂനിയർ-സീനിയർ) എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) ഇതിൽ എത്ര ഒഴിവുകൾ P.S.C.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) നിലവിലുള്ള എല്ലാ ഒഴിവുകളും P.S.C.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) ഒഴിവുകൾ നികത്തുന്നതിന് P.S.C. റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ;

(എഫ്) റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിന് ശേഷം എത്ര പേർക്ക് നിയമനം കൊടുത്തിട്ടുണ്ട് ;

(ജി) റാങ്ക് ലിസ്റ്റിലുള്ള മുഴുവൻ പേർക്കും നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ നോൺ വൊക്കേഷണൽ ടീച്ചർ (സീനിയർ) (കൊമേഴ്സ്) വിഷയത്തിൽ 21 ഒഴിവും ഹയർ സെക്കണ്ടറിയിൽ, ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ (സീനിയർ)-ന്റെ 46 ഒഴിവും ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ജൂനിയർ)-ന്റെ 391 ഒഴിവുകളുമുണ്ട്.

(ബി) വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലെ നോൺ വൊക്കേഷണൽ ടീച്ചർ (കൊമേഴ്സ്)-ന്റെ 21 ഒഴിവും ഹയർ സെക്കണ്ടറിയിലെ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (സീനിയർ)-ന്റെ 32-ഉം ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ജൂനിയർ)-ന്റെ 357 ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) വൊക്കേഷണൽ ഹയർ സെക്കണ്ടറിയിലെ എല്ലാ ഒഴിവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹയർ സെക്കണ്ടറിയിൽ, സ്പെഷ്യൽ റൂൾ പ്രകാരം നേരിട്ടുള്ള നിയമനം വഴി നികത്തേണ്ട മുഴുവൻ ഒഴിവുകളും പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) പിരിവ് (സി)-യ്ക്കുള്ള മറുപടിയുടെ പശ്ചാത്തലത്തിൽ പ്രസക്തിയില്ല.

(ഇ) വിവരം ശേഖരിച്ചു വരുന്നു.

(എഫ്) പി.എസ്.സി-യിൽ നിന്ന് നിയമന ശിപാർശ ലഭിച്ചു തുടങ്ങിയിട്ടില്ല.

(ജി) ഒഴിവുകളുടെ ലഭ്യതയനുസരിച്ച് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**ക്ലീൻ സ്കൂൾ - സ്മാർട്ട് ചിൽഡ്രൺസ് പദ്ധതി**

18 (1072) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ക്ലീൻ സ്കൂൾ-സ്മാർട്ട് ചിൽഡ്രൺസ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സർവ്വശിക്ഷാ അഭിയാനുമായി ബന്ധപ്പെട്ടാണോ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഈ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം കാര്യങ്ങളാണ് സ്കൂളുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സർവ്വശിക്ഷാ അഭിയാനുമായി ബന്ധപ്പെട്ടാണ് ക്ലീൻ സ്കൂൾ-സ്മാർട്ട് ചിൽഡ്രൺസ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. അദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, പ്രാദേശിക സർക്കാർ എന്നിവയുടെ കൂട്ടായ ക്രിയാത്മകമായ ഇടപെടലിലൂടെയാണ് ഇത് സാധ്യമാക്കുക.

(സി) ഉണ്ട്.

(ഡി) കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും കുട്ടികളുടെ അവകാശ നിയമം അനുവർത്തിക്കുന്നു എന്നുറപ്പാക്കുക, കേരളത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ഗുണമേന്മയുള്ളതും ഫലപ്രദമായതും ആയ പഠനാനുഭവങ്ങൾ ലഭ്യമാക്കുക, മുഴുവൻ വിദ്യാലയങ്ങളും ശുചിത്വമുള്ളതും ആരോഗ്യകരമായതുമായ

അന്തരീക്ഷം നിലനിർത്തുക മുതലായവയാണ് ഈ പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ ഭാഗമായി എസ്.എസ്.എ.-യുടെ ആഭിമുഖ്യത്തിൽ 2014 നവംബർ 14 ശിശുദിനത്തിൽ സംസ്ഥാനത്തെ മുഴുവൻ വിദ്യാലയങ്ങളിലും രക്ഷാകർത്തൃ സമ്മേളനങ്ങൾ നടന്നു. ഗുണനിലവാരവും ശുചിത്വവുമുള്ള വിദ്യാലയം എന്ന ആശയം പ്രാവർത്തികമാക്കാൻ ഓരോ വിദ്യാലയവും പരിപാടി തയ്യാറാക്കണമെന്ന് നിർദ്ദേശിച്ചു. ഒരു വർഷം കൊണ്ട് ഓരോ വിദ്യാലയവും ശിശുസൗഹൃദ വിദ്യാലയമായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ വിദ്യാലയ തലത്തിൽ എസ്.എം.സി. - പി.ടി.എ. ചേർന്ന് ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

## ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ വായ്പ

19 (1073) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പ്, സ്കൂൾ-കോളേജുകൾ മുഖേന നടപ്പാക്കുന്ന എ.എസ്.എ.പി. (നൈപുണ്യ വികസന പദ്ധതി)-നായി എ.ഡി.ബി. (ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്)യുടെ വായ്പ വാങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര കോടിയുടേതാണ് വായ്പ ; എന്നത്തേക്ക് വായ്പ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ബി) വായ്പ നൽകാമെന്ന് എ.ഡി.ബി.-യുടെ ഉറപ്പ് ലഭിച്ചിട്ടുണ്ടോ ; ഇത് സംബന്ധിച്ച് എ.ഡി.ബി.-യുമായി സർക്കാർ പ്രതിനിധികൾ ചർച്ച നടത്തിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ;

(സി) വായ്പയ്ക്കായി എ.ഡി.ബി. മുന്നോട്ടുവയ്ക്കുന്ന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇത് സംബന്ധിച്ച് എ.ഡി.ബി.-യുമായി സർക്കാർ എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ ?

### ഉത്തരം

(എ) ഉണ്ട്. 100 മില്ല്യൻ ഡോളേഴ്സ് (621 കോടി രൂപ) വായ്പ ലഭിക്കുന്നതാണ്. ഇതിന്റെ ആദ്യഗഡുവായി 20 മില്യൺ ഡോളേഴ്സ് (120 കോടി രൂപ) ഈ വർഷത്തിൽ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) ഉണ്ട്. ഇത് സംബന്ധിച്ച് എ.ഡി.ബി.-യുടെ പ്രതിനിധികളുമായി കേന്ദ്ര സംസ്ഥാന സർക്കാർ പ്രതിനിധികൾ വിശദമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എ.ഡി.ബി., അസാപ്പിന്റെ പ്രവർത്തനത്തിനായി വായ്പ

നൽകുന്നതിനുള്ള സമ്മതം അറിയിക്കുകയും, തുടർന്ന് കേന്ദ്ര സർക്കാർ എ.ഡി.ബി.-യുമായി വായ്പ കരാറിൽ ഒപ്പു വയ്ക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇതൊരു RBL (Result Bassed Loan) ആണ്. 2018-നുള്ളിൽ 2,30,000 കുട്ടികൾക്ക് ഏതെങ്കിലും ഒരു തൊഴിൽ മേഖലയിൽ നൈപുണ്യം നൽകുക, ഈ കുട്ടികളുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുക, 35 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ ആരംഭിക്കുക, Skill Development Centre ആയി പ്രവർത്തിക്കുന്ന, സർക്കാർ സ്കൂൾ/കോളേജുകളെ നവീകരിക്കുക, 900 സ്ഥാപനങ്ങളെ അസാപ് പദ്ധതിയിൽ ചേർക്കുക, 2000-ത്തോളം സ്കിൽ ഡവലപ്മെന്റ് എക്സിക്യൂട്ടീവുകളെ കണ്ടെത്തുക തുടങ്ങിയവയാണ് ഇതിന്റെ വ്യവസ്ഥകൾ.

(ഡി) സംസ്ഥാന സർക്കാർ, എ.ഡി.ബി.-യുമായി 27-11-2014-ൽ ഒപ്പുവച്ച പ്രോഗ്രാം എഗ്രിമെന്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.

## കുടപ്പനക്കുന്നിലെ ജവഹർ അൺ എയ്ഡഡ് സ്കൂൾ

20 (1074) <u>ശ്രീ. എം. എ. ബേബി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥിയെ പട്ടിക്കൂട്ടിൽ അടച്ചതിന്റെ പേരിൽ അടച്ചുപൂട്ടിയ കുടപ്പനക്കുന്നിലെ ജവഹർ അൺ എയ്ഡഡ് സ്കൂൾ വീണ്ടും തുറന്ന് പ്രവർത്തിപ്പിക്കാൻ വിദ്യാഭ്യാസ വകുപ്പിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ടോ ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ നൽകിയ നിർദ്ദേശം എന്തായിരുന്നു ;

(ബി) സ്കൂൾ വീണ്ടും തുറക്കാൻ അനുവാദത്തിന് അപേക്ഷിച്ച മാനേജർക്ക് ഡി.പി.ഐ. നൽകിയ ഉത്തരവ് എന്തായിരുന്നു ; പിന്നീടതിൽ മാറ്റം വരുത്തുകയുണ്ടായോ ;

(സി) പ്രസ്തുത സ്കൂൾ നടത്തിപ്പിൽ എന്തെല്ലാം നിലയിലുള്ള ആക്ഷേപങ്ങൾ ഡി.പി.ഐ.-യുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടായിരുന്നു ?

<u>ഉത്തരം</u>

(എ) ഉണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ പ്രത്യേക നിർദ്ദേശമൊന്നും നൽകിയിരുന്നില്ല.

(ബി) സ്കൂൾ അടച്ചുപൂട്ടിക്കൊണ്ട് ഡി.പി.ഐ. നൽകിയ 30-9-2014-ലെ

ഉത്തരവ് പുനഃപരിശോധിക്കണമെന്ന് കാട്ടി 9-10-2014-ൽ മാനേജർ സമർപ്പിച്ച അപേക്ഷ നിരസിക്കുകയും വിദ്യാർത്ഥികളെ സമീപ സ്കൂളുകളിലേക്ക് മാറ്റാൻ ഉടൻ നടപടി സ്വീകരിക്കണമെന്നും അല്ലാത്ത പക്ഷം ആർ.ടി.ഇ. ആക്റ്റ് നിഷ്കർഷിച്ച നിയമ നടപടികൾ നേരിടേണ്ടിവരുമെന്നമാണ് ഡി.പി.ഐ. ഉത്തരവിട്ടത്. എന്നാൽ കുട്ടികളുടെ പഠനം മുടങ്ങാതിരിക്കുന്നതിന് ഈ അദ്ധ്യായന വർഷത്തേക്ക് മാത്രം സ്കൂൾ തുറന്ന് പ്രവർത്തിക്കുന്നതിന് പിന്നീട് സർക്കാർ അനുമതി നൽകുകയുണ്ടായി. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഈ ഉത്തരവ് റദ്ദാക്കുകയുണ്ടായി.

(സി) സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂൾ നടത്തിപ്പിനുള്ള മാനദണ്ഡങ്ങൾ പാലിക്കാതെയും അംഗീകാരമില്ലാതെയും ഇടുങ്ങിയതും വൃത്തിഹീനവുമായ ക്ലാസ് മുറികളും പരിസരത്തിലുമാണ് പ്രസ്തുത സ്കൂൾ പ്രവർത്തിച്ചിരുന്നതെന്ന് അന്വേഷണത്തിൽ ശ്രദ്ധയിൽപ്പെട്ടിരുന്നു. കൂടാതെ പ്രാകൃതമായ ശിക്ഷാവിധികളും അശാസ്ത്രീയമായ ശിക്ഷണവുമാണ് പ്രസ്തുത സ്കൂളിലെന്നും ആക്ഷേപമുണ്ടായിരുന്നു.

**അധിക തസ്തികകളിലേക്ക് നിയമനം ലഭിച്ച അദ്ധ്യാപകർ**

21 (1075) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> :
<u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ഡോ. എൻ. ജയരാജ്</u> :
<u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉത്തരവ് (പി) 199/2011/പൊ.വി. തീയതി 1-10-2011 പ്രകാരം 2010-11-ലെ തസ്തിക നിർണ്ണയ ഉത്തരവ് 2011-12-ലേക്ക് നിലനിർത്തിയതിനാൽ 2011-12-ൽ ലഭിക്കുമായിരുന്ന അധിക തസ്തികകളിലേക്ക് നിയമനം ലഭിച്ച അദ്ധ്യാപകർ എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം നിയമനം ലഭിച്ച അധ്യാപകരിൽ മേൽ ഉത്തരവ് ഖണ്ഡിക 6(B)V-ൽ പറയുന്ന പ്രകാരം എത്രപേർക്ക് ദിവസവേതനം നൽകുന്നുണ്ട് ; വ്യക്തമാക്കുമോ ;

(സി) ഇപ്രകാരം നിയമനം ലഭിച്ച അദ്ധ്യാപകരുടെ നിയമനം 2013-14-ൽ റഗുലറൈസ് ചെയ്യുന്നതാണെന്ന് ഉത്തരവിലൂടെ വ്യക്തമാക്കിയിരുന്നുവോ ;

(ഡി) മേൽ വിഷയം സംബന്ധിച്ച 4-7-14-ലെ ഉത്തരവ് (പി)124/2014/ പൊ.വി.ൽ പരാമർശിച്ചിട്ടില്ലാത്തതിനാൽ ഇതിനായി പ്രത്യേക ഉത്തരവ് ഇറക്കുന്ന കാര്യം പരിഗണനയിലുണ്ടോ ?

ഉത്തരം

(എ-ബി) വിവരം ശേഖരിച്ച് വരുന്നു.

(സി) നിയമനാംഗീകാരം പരിഗണിക്കും എന്ന് വ്യക്തമാക്കിയിരുന്നു.

(ഡി) പരിഗണനയിലുണ്ട്.

**പ്ലസ് വൺ ബാച്ചുകൾ**

22 (1076) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ മേഖലകളിലായി പ്രവർത്തിച്ച് വരുന്ന പ്ലസ് വൺ ബാച്ചുകളിൽ 2014-15 അക്കാദമിക് വർഷത്തിൽ അനാദായകരമായിട്ടുള്ളവ എത്രയാണ് ;

(ബി) ഒറ്റ വിദ്യാർത്ഥി പോലും പ്രവേശനം നേടിയിട്ടില്ലാത്ത എത്ര ബാച്ചുകൾ ഉണ്ട്; മൊത്തം ഒഴിഞ്ഞു കിടക്കുന്ന പ്ലസ് വൺ സീറ്റുകൾ എത്ര ;

(സി) 2014-15 വർഷത്തിൽ അനുവദിക്കപ്പെട്ട പ്ലസ് വൺ ബാച്ചുകൾ എത്രയായിരുന്നു ; ഇതിൽ അനാദായകരമായി റിപ്പോർട്ട് ചെയ്യപ്പെട്ടവ എത്ര ; എത്ര കുട്ടികളിൽ കുറഞ്ഞ ബാച്ചുകളെയാണ് അനാദായകരമായി കരുതുന്നതെന്ന് വ്യക്തമാക്കാമോ ;

(ഡി) 40 കുട്ടികൾ എങ്കിലും ഇല്ലാത്ത ഏതെങ്കിലും പുതിയ ബാച്ചുകൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് ?

ഉത്തരം

(എ) വിവിധ മേഖലകളിലായി പ്രവർത്തിച്ചുവരുന്ന പ്ലസ് വൺ ബാച്ചുകളിൽ 2014-15 അക്കാദമിക് വർഷത്തെ അനാദായകരമായവ കണ്ടെത്തിയിട്ടില്ല.

(ബി) ഒറ്റ വിദ്യാർത്ഥിപോലും പ്രവേശനം നേടിയിട്ടില്ലാത്ത ഏഴ് ബാച്ചുകളുണ്ട്.

ഒഴിഞ്ഞുകിടക്കുന്ന പ്ലസ് വൺ ബാച്ചുകൾ 31652.

(സി) സർക്കാർ/എയ്ഡഡ് മേഖലയിൽ 2014-15 അദ്ധ്യയന വർഷത്തേക്ക് ആകെ അനുവദിച്ച ഹയർ സെക്കണ്ടറി ബാച്ചുകളുടെ എണ്ണം 421. അതിൽ 24-11-2014-ലെ സ.ഉ.(കൈ)നമ്പർ 247/14/പൊ.വി. പ്രകാരം 417 ഹയർ സെക്കണ്ടറി ബാച്ചുകൾ 2014-15 അദ്ധ്യയന വർഷത്തേക്ക് അനുവദിച്ചിട്ടുണ്ട്. അതിൽ നാൽപത് കുട്ടികൾ മിനിമം ഉണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി മേഖലയിൽ " അനാദായകരമായ ബാച്ചുകൾ" എന്നത് നിർവ്വചിക്കപ്പെട്ടിട്ടില്ല.

(ഡി) 2014-15 അദ്ധ്യയന വർഷത്തിൽ പുതുതായി അനുവദിച്ച സ്കൂളുകളിൽ ഒരു ബാച്ച് പ്രവർത്തിക്കുന്നതിന് കുറഞ്ഞത് നാൽപത് കുട്ടികൾ ആവശ്യമുണ്ടെന്ന് നിഷ്കർഷിക്കുന്നു. അപ്രകാരം നാൽപത് കുട്ടികൾ പ്രവേശനം നേടിയിട്ടില്ലാത്ത അഞ്ച് സ്കൂളുകളുള്ളതായി പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. കൃത്യമായ എണ്ണം എത്രയെന്നത് പ്രസ്തുത സ്കൂളുകൾ പരിശോധിക്കുവാൻ ചുമതലപ്പെടുത്തിയിട്ടുള്ള സമിതിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ലഭ്യമാകുകയുള്ളു. ആയതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**പുതിയ ഹയർ സെക്കൻഡറി ബാച്ചും കോഴ്സുകളും**

23 (1077) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കൊല്ലം പുതിയതായി എത്ര വിദ്യാലയങ്ങൾക്കാണ് ഹയർ സെക്കണ്ടറി അനുവദിച്ചിട്ടുള്ളത് ;

(ബി) നിലവിലുള്ള ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ എത്ര പുതിയ കോഴ്സുകളാണ് അനുവദിച്ചിട്ടുള്ളത് ;

(സി) ഓരോ ജില്ലയിലും അനുവദിച്ച പുതിയ സ്കൂളുകളുടെ എണ്ണവും, കോഴ്സുകളുടെ എണ്ണവും വ്യക്തമാക്കുമോ ;

(ഡി) പുതുതായി അനുവദിച്ച സ്കൂളുകളും, കോഴ്സുകളും എത്രയെണ്ണമാണ് ഹൈക്കോടതി റദ്ദാക്കിയത്;

(ഇ) ഹൈക്കോടതിവിധിക്കെതിരായി അപ്പീൽ ഫയൽ ചെയ്തിട്ടുണ്ടോ ?

ഉത്തരം

(എ) 218.

(ബി) 161.

(സി) 24-11-2014-ലെ സ.ഉ.(കൈ)നമ്പർ 247/14/പൊ.വി. പ്രകാരം അനുവദിച്ച സ്കൂളുകളുടെയും ബാച്ചുകളുടെയും എണ്ണം അനുബന്ധം (1) ആയി ചേർക്കുന്നു.* പ്രത്യേക ഉത്തരവ് പ്രകാരം കൊല്ലം ജില്ലയിലും മലപ്പുറം ജില്ലയിലും രണ്ട് സ്കൂളുകളിൽ രണ്ട് ബാച്ചുകൾ വീതം ആകെ നാല് ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്. കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഓരോ സ്കൂളിൽ ഓരോ ബാച്ചുവീതം സ്പെഷ്യൽ സ്കൂളുകളിൽ അനുവദിച്ചിട്ടുണ്ട്. കൊല്ലത്ത് ഒരു അൺ എയ്ഡഡ് സ്കൂളിൽ രണ്ട് ബാച്ചുകളും എറണാകുളത്ത് ഒരു അൺ എയ്ഡഡ് സ്കൂളിൽ മൂന്ന് ബാച്ചുകളും അനുവദിച്ചിട്ടുണ്ട്.

(ഡി) പുതുതായി അനുവദിച്ചിട്ടുള്ള പതിനഞ്ച് സ്കൂളുകളിലെ പതിനെട്ട് ബാച്ചുകളും 263 സ്കൂളുകളിൽ അനുവദിച്ച 266 അധിക ബാച്ചുകളുമാണ് ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദാക്കിയത്.

(ഇ) ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ വിധിക്കെതിരെ ഡിവിഷൻ ബഞ്ചിൽ അപ്പീൽ ഫയൽ ചെയ്തിരുന്നു.

## പുതിയ പ്ലസ് ടു സ്കൂളുകളും ബാച്ചുകളും

24 (1078) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ൽ പത്താം ക്ലാസ് പാസ്സായവർ എത്ര ;

(ബി) ഉപരിപഠനത്തിനായി ഇവർക്ക് നിലവിൽ വിവിധ വിഭാഗങ്ങളിലായി ആകെ എത്ര സീറ്റുകൾ ഉണ്ട് ;

(സി) നിലവിൽ ഹയർ സെക്കണ്ടറിക്ക് എത്ര സീറ്റുകൾ ഉണ്ട് ; വൊക്കേഷണൽ ഹയർ സെക്കണ്ടറിക്ക് എത്ര സീറ്റുകൾ ഉണ്ട് ; എത്ര ഐ.ടി.ഐ. സീറ്റുകൾ ; എത്ര പോളിടെക്നിക് സീറ്റുകൾ ; എത്ര ഐ.ടി.സി. സീറ്റുകൾ എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിൽ ഓരോ വിഭാഗത്തിലുമായി എത്ര സീറ്റുകൾ ഒഴിഞ്ഞ് കിടക്കുന്നു ;

(ഇ) ഇപ്രകാരം ആയിരക്കണക്കിന് സീറ്റുകൾ ഒഴിഞ്ഞു കിടക്കുമ്പോൾ എയ്ഡഡ് മേഖലയിൽ പ്ലസ്ടുവിന് പുതിയ സ്കൂളുകളും ബാച്ചും അനുവദിച്ചതിൽ ബഹുമാനപ്പെട്ട ഹൈക്കോടതി രൂക്ഷമായി വിമർശിക്കുകയും ആയത് റദ്ദാക്കാൻ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ആവശ്യപ്പെടുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ ഇത് സംബന്ധിച്ച നയം വ്യക്തമാക്കുമോ ;

(എഫ്) ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ പശ്ചാത്തലത്തിൽ പുതുതായി അനുവദിച്ച എത്ര സ്കൂളും, എത്ര അധിക ബാച്ചും നഷ്ടമാകുമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2014- ൽ 455268 പേർ പത്താം ക്ലാസ് പാസ്സായിട്ടുണ്ട്.

(ബി-ഡി)

പത്താം ക്ലാസ് പാസ്സായവർക്ക് ഉപരിപഠനത്തിനായി ഹയർ സെക്കണ്ടറി തലത്തിൽ 4,06,569 സീറ്റുകളും വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ 33000 സീറ്റുകളും നിലവിലുണ്ട്. ഇവയിൽ ഹയർ സെക്കണ്ടറി തലത്തിൽ 31652 സീറ്റുകളിലും വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ 3271 സീറ്റുകളിലും ഒഴിവുണ്ട്. ഐ.ടി.ഐ., ഐ.ടി.സി., പോളിടെക്നിക്ക് സീറ്റുകൾ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് നല്കുന്നതാണ്.

(ഇ) സംസ്ഥാനത്ത് ഗവൺമെന്റ്/എയ്ഡഡ് മേഖലയിൽ ഹയർ സെക്കണ്ടറി സ്കൂളുകൾ നിലവിൽ ഇല്ലാതിരുന്ന പഞ്ചായത്തുകളിൽ ഹയർ സെക്കണ്ടറി പഠനത്തിന് സീറ്റുകളുടെ അപര്യാപ്തത കൂടുതലായതിനാലാണ് എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളും, നിലവിലുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിൽ അധിക ബാച്ചുകളും അനുവദിക്കാനുള്ള നടപടികൾ കൈക്കൊണ്ടത്. പ്രസ്തുത നയതീരുമാനം 1341/13 നമ്പർ റിട്ട് അപ്പീലിൽ മേൽ 11-4-2014-ൽ പുറപ്പെടുവിച്ച വിധി ന്യായത്തിലൂടെ ബഹുമാനപ്പെട്ട ഹൈക്കോടതി ശരിവച്ചിട്ടുള്ളതാണ്. എസ്.എസ്.എൽ.സി. പാസ്സായ മുഴുവൻ വിദ്യാർത്ഥികൾക്കും തുടർ പഠനം ഉറപ്പാക്കുന്നതിനായി സംസ്ഥാന വ്യാപകമായി ആവശ്യകത അനുസരിച്ച് നിലവിലുള്ള സ്കൂളുകളിൽ അധിക ബാച്ചുകൾ അനുവദിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് G.O(MS)No.86/2014/G.Edn. തീയതി 24-5-2014 W.P(C)18176/14-ലും അനുബന്ധ കേസുകളിലുമായി 18-8-2014-ലെ ഇടക്കാല വിധിന്യായത്തിലൂടെ ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദാക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ സർക്കാർ കൈക്കൊണ്ട ആദ്യ നയതീരുമാനം നടപ്പാക്കേണ്ടതാണ് എന്നും ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുള്ളതാണ്.

(എഫ്) W.P(C) 18176/14 ലും അനുബന്ധ കേസുകളിലുമായി 18-8-2014-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രകാരം 14 പുതിയ സ്കൂളുകളുടെയും, 240 ബാച്ചുകളുടെയും പ്രവർത്തനാനുമതി റദ്ദാക്കിയിട്ടുണ്ട്.

**പുതിയ പ്ലസ് ടു സ്കൂളുകളും ബാച്ചുകളും**

25 (1079) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ്ടു സ്കൂളുകളും പുതിയ ബാച്ചുകളും അനുവദിക്കുന്നതിനുവേണ്ടി 2014 ജൂലൈ 30-ന് മുമ്പ് എത്ര അപേക്ഷകൾ ലഭിച്ചിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ സർക്കാർ സ്കൂളുകളുടേത് എത്രയായിരുന്നു ; സ്വകാര്യ മാനേജ്മെന്റുകളുടെ അപേക്ഷകൾ എത്രയായിരുന്നു ; ജില്ലതിരിച്ച് വെളിപ്പെടുത്താമോ ;

(സി) മൊത്തം അപേക്ഷകളിൽനിന്നും അർഹതപ്പെട്ടവരെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡം എന്തായിരുന്നു ; ഈ മാനദണ്ഡം നേരത്തേതന്നെ അപേക്ഷകരെ വിജ്ഞാപനത്തിലൂടെ അറിയിച്ചിട്ടുണ്ടായിരുന്നുവോ ;

(ഡി) സർക്കാർ ഉത്തരവിലൂടെ 2014-ൽ പുതുതായി അനുവദിക്കപ്പെട്ട പ്ലസ്ടു സ്കൂളുകൾ എത്ര ; ബാച്ചുകൾ എത്ര ; സ്പെഷ്യൽ ഓർഡർ വഴി അനുവദിക്കപ്പെട്ട കോഴ്സുകളും ബാച്ചുകളും എത്ര ; ഇവ ജില്ലതിരിച്ച് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) പുതിയ സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നതിന് 11-6-2013-ലെ സ.ഉ.(കൈ)നമ്പർ 185/2013/പൊ.വി.-യുടെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച 14-6-2013-ലെ എ.സി.ഡി. സി3/16830/ എച്ച്.എസ്.ഇ./2013 നമ്പർ വിജ്ഞാപനപ്രകാരം 1120 അപേക്ഷകളും പുതിയ അധിക ബാച്ചുകൾ മാത്രം അനുവദിക്കുന്നതിന് 24-5-2014-ലെ സ.ഉ.(കൈ) നമ്പർ 86/14/പൊ.വി.-യുടെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച 26-5-2014-ലെ എ.സി.ഡി.സി 3/21437/ എച്ച്.എസ്.ഇ./ 2014 നമ്പർ വിജ്ഞാപനപ്രകാരം 734 അപേക്ഷകളും ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭിക്കുകയുണ്ടായി.

(ബി) ടി രണ്ട് വിജ്ഞാപനപ്രകാരം ലഭിച്ച അപേക്ഷകൾ സംബന്ധിച്ച

വിവരം അനുബന്ധം I(A)-യും I(B)-യും ആയി ചേർക്കുന്നു.*

(സി) ഉത്തരം (എ)-യിൽ പറഞ്ഞിരിക്കുന്ന വിജ്ഞാപനങ്ങളിൽ മാനദണ്ഡങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. വിജ്ഞാപനങ്ങളുടെ പകർപ്പുകൾ അനുബന്ധം II(A)-യും II(B)-യും ആയി ചേർക്കുന്നു.*

(ഡി) 31-7-2014-ലെ സ.ഉ(കൈ)നമ്പർ 143/14/പൊ.വി. പ്രകാരം സർക്കാർ ഹയർ സെക്കണ്ടറി വിദ്യാഭ്യാസമേഖലയിൽ 700 ബാച്ചുകൾ അനുവദിച്ചിരുന്നെങ്കിലും ഹൈക്കോടതി വിധികളുടെ അടിസ്ഥാനത്തിൽ 2014-15 വർഷത്തേക്ക് 417 ബാച്ചുകൾ മാത്രം അനുവദിച്ച് സ.ഉ.(കൈ)നമ്പർ 247/14/പൊ.വി. പ്രകാരം ടി ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവായി. ആയതിന്റെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധം (III)* ആയി ചേർക്കുന്നു. പ്രത്യേക ഉത്തരവുപ്രകാരം കൊല്ലം ജില്ലയിലും മലപ്പുറം ജില്ലയിലും രണ്ട് സ്കൂളുകളിൽ രണ്ട് ബാച്ചുകൾവീതം ആകെ നാല് ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്. കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലാണ് ഓരോ ബാച്ചുവീതം സ്പെഷ്യൽ സ്കൂളുകളിൽ അനുവദിച്ചിട്ടുള്ളത്. കൊല്ലത്ത് ഒരു അൺഎയ്ഡഡ് സ്കൂളിൽ രണ്ട് ബാച്ചുകളും എറണാകുളത്ത് ഒരു അൺഎയ്ഡഡ് സ്കൂളിൽ മൂന്ന് ബാച്ചുകളും അനുവദിച്ചിട്ടുണ്ട്.

## നൈപുണ്യ വികസന പദ്ധതി

26 (1080) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി നടത്തുന്ന നൈപുണ്യ വികസന പദ്ധതിക്ക് ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിന്റെ ധനസഹായം ഉറപ്പാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) നൈപുണ്യ വികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(സി) ഇതിന്റെ ഭാഗമായി നിയോജക മണ്ഡലങ്ങളിൽ കമ്മ്യൂണിക്കേറ്റീവ് സ്കിൽ പാർക്കുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഇതിനായി ഇതിനകം എത്ര മണ്ഡലങ്ങളിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ട് ;

(ഇ) ഇതിന്റെ ഭാഗമായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് എർപ്പെടുത്തുകയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. അസാപ്പ് പദ്ധതിയുടെ നടത്തിപ്പിനായി ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് 100 മില്ല്യൺ അമേരിക്കൻ ഡോളേഴ്സിന്റെ വായ്പ കേന്ദ്ര സർക്കാർ വഴി നൽകുന്നതിനുള്ള വായ്പ കരാറിൽ ഒപ്പുവച്ചിട്ടുണ്ട്.

(ബി) ഹയർ സെക്കണ്ടറി സ്കൂളിലേയും കോളേജിലേയും വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭിക്കുന്നതിനാവശ്യമായ പരിശീലനം നൽകുകയാണ് അസാപ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, അടിസ്ഥാന വിവര സാങ്കേതിക വിദ്യ എന്നീ വിഷയങ്ങളിലും വിവിധതരം സ്കിൽ കോഴ്സുകളിലും വിദ്യാർത്ഥികൾക്ക് പരിശീലനം നൽകിവരുന്നു.

(സി) നിയോജക മണ്ഡലങ്ങളിൽ കമ്മ്യൂണിക്കേറ്റീവ് സ്കിൽ പാർക്കുകൾ സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി എം.എൽ.എ.-മാരുടെ സഹകരണത്തോടുകൂടി വിവിധ നിയോജക മണ്ഡലങ്ങളിൽ കണ്ടെത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) ഇതുവരെ 25 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ഇ) 15000 മുതൽ 20000 ചതുരശ്ര അടി വിസ്തീർണമുള്ള സ്കിൽ ട്രെയിനിംഗ് സെന്ററുകളായിരിക്കും കമ്മ്യൂണിറ്റി സ്കിൽ പാർക്ക്. ഇവയിൽ ഹെവി മെഷിനറി, ഐ.ടി., പ്രിവിഷൻ, ആക്ടിവിറ്റി എന്നിവ അടിസ്ഥാനമാക്കിയ തൊഴിൽ പരിശീലനത്തിന് സൗകര്യമുണ്ടായിരിക്കും.

**സ്വകാര്യ സ്കൂൾ മാനേജ്മെന്റുകളുടെ അധികാര ദുർവിനിയോഗം**

27 (1081) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. എളമരം കരീം :
ശ്രീമതി കെ. കെ. ലതിക :
ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ചില സ്വകാര്യ സ്കൂൾ മാനേജ്മെന്റുകൾ അധികാരം ദുർവിനിയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ മാനേജർമാരുടെ ഇത്തരം ദുർനടപടികൾക്ക് കൂട്ടുനിൽക്കുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(സി) മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഹയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകൻ കെ. കെ. അനീഷ് ആത്മഹത്യ ചെയ്തത് മാനേജരുടെ പീഡനം മൂലമാണെന്ന പരാതി ലഭിച്ചിട്ടുണ്ടോ ; ഇതിന്മേൽ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ ;

(ഡി) അദ്ധ്യാപകനെ ആദ്യം സസ്പെന്റ് ചെയ്യുന്നതിനും പിന്നീട് സ്കൂളിൽ നിന്നും പുറത്താക്കുന്നതിനും തക്ക കുറ്റം അദ്ധ്യാപകൻ ചെയ്തതായി അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ടോ ; ഇത് സംബന്ധിച്ച് ഡി.ഇ.ഒ.യുടെ റിപ്പോർട്ട് എന്തായിരുന്നു ;

(ഇ) അദ്ധ്യാപകനെതിരെ മാനേജർ വ്യാജരേഖ ചമച്ചാണ് തെളിവുണ്ടാക്കിയതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(എഫ്) വ്യാജ തെളിവുകളുണ്ടാക്കി മാനേജർ എടുക്കുന്ന അച്ചടക്ക നടപടികൾക്ക് യാതൊരു പരിശോധനയും കൂടാതെ വിദ്യാഭ്യാസവകുപ്പ് ഉദ്യോഗസ്ഥർ അംഗീകാരം നൽകിയെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(ജി) അദ്ധ്യാപകർക്കെതിരെ അച്ചടക്ക നടപടിയെടുക്കുന്നതിന് മാനേജരുടെ അധികാരം വ്യാപകമായി ദുരുപയോഗം ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ഇതു സംബന്ധിച്ച ചട്ടത്തിൽ ഭേദഗതി വരുത്തുന്ന കാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് വിജിലൻസ് വിഭാഗത്തിനു വേണ്ടി പ്രോജക്ട് ഓഫീസർ 18-11-2014-ൽ മൂന്നിയൂർ ഹൈസ്കൂളിൽ വച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. റിപ്പോർട്ട്

സമർപ്പിച്ചിട്ടില്ല.

(ഡി) ശ്രീ. അനിഷിന്റെ ഭാഗത്തുനിന്നും തെറ്റുകൾ സംഭവിച്ചതായി ജില്ലാ വിദ്യാഭ്യാസ ആഫീസർ നടത്തിയ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ആയതിൽ അച്ചടക്കനടപടി ശിപാർശ ചെയ്യപ്പെട്ടിരുന്നു.

(ഇ) പ്രസ്തുത വിഷയം സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് വിജിലൻസ് വിഭാഗം 18-11-2014-ൽ അന്വേഷണം നടത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(എഫ്) സർക്കാരിൽ ലഭ്യമാകുന്ന ആക്ഷേപങ്ങൾ യഥാസമയം പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ജി) നിലവിൽ പരിഗണനയിലില്ല.

**ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാർക്ക് ആനുകൂല്യങ്ങൾ**

28 (1082) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ ക്ലസ്റ്റർ കോ-ഓർഡിനേറ്റേഴ്സിനും ബാധകമാണോ എന്ന് വ്യക്തമാക്കാമോ ;

(ബി) വിദ്യാഭ്യാസ പാക്കേജിലൂടെ എസ്.എസ്.എ.-യുടെ ബി.ആർ.സി.-കളിൽ നിയമിക്കപ്പെട്ട ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാർക്ക് ഗവൺമെന്റ് ഉത്തരവുണ്ടായിട്ടും അവകാശങ്ങൾ പൂർണ്ണമായ തോതിൽ നിഷേധിക്കുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 177/12/പൊ.വി.വ പ്രകാരം ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാർക്ക് അടിസ്ഥാന ശമ്പളത്തിന് മാത്രമേ അർഹതയുള്ളൂ.

(ബി) ഉണ്ട്.

(സി) പരിശോധിച്ചു വരുന്നു.

**സർക്കാർ അംഗീകാരമില്ലാത്ത സ്കൂളുകൾ**

29 (1083) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽ സർക്കാർ അംഗീകാരമില്ലാത്ത എത്ര സ്കൂളുകളാണ് പ്രവർത്തിക്കുന്നത് ;

ഇങ്ങനെ അംഗീകാരമില്ലാതെ എങ്ങനെയാണ് സ്കൂളുകൾക്ക് പ്രവർത്തിക്കാൻ കഴിയുന്നത് ; ഈ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ഫീസ്, അധ്യാപകരുടെ യോഗ്യത, വേതനം എന്നിവ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ഇത് പരിശോധിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; ഇത്തരം സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പരീക്ഷയ്ക്ക് ഹാജരാകാൻ ഇളവ് അനുവദിക്കാറുണ്ടോ ?

<u>ഉത്തരം</u>

സർക്കാർ അംഗീകാരമില്ലാതെയും യാതൊരുവിധ മാനദണ്ഡങ്ങളും പാലിക്കാതെയും സംസ്ഥാനത്ത് വിദ്യാലയങ്ങൾ പ്രവർത്തിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം വിദ്യാലയങ്ങളുടെ എണ്ണം കണക്കാക്കാൻ കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് സംസ്ഥാനത്ത് നിയമപരമായി പ്രവർത്തിക്കുവാൻ കഴിയുന്നതല്ല. വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്ന സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. വിദ്യാലയങ്ങളുടെയും സംസ്ഥാന സിലബസ്സ് പിൻതുടരുന്ന വിദ്യാലയങ്ങളുടെയും അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പ്രകാരം അംഗീകാരം ലഭ്യമാക്കുന്നതിനായി ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ചു വരുന്നു.

നിലവിൽ അംഗീകാരമുള്ള സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ./സ്റ്റേറ്റ് സിലബസ് അൺ എയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ യോഗ്യത, അവരുടെ വേതനം തുടങ്ങിയവ പരിശോധിക്കുവാനും ഇതുസംബന്ധിച്ച പരാതികൾ അന്വേഷിച്ച് നടപടികൾ സ്വീകരിക്കുവാനും വിദ്യാഭ്യാസ ഓഫീസർമാർക്ക് ചുമതല നൽകിയിട്ടുണ്ട്. ഈ മേഖലയിലെ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനുമായി സ്കൂൾ മാനേജ്മെന്റ് പ്രതിനിധികളുടേയും അദ്ധ്യാപക സംഘടനാ പ്രതിനിധികളുടെയും പങ്കാളിത്തമുള്ള സ്റ്റേറ്റ് ലവൽ കമ്മിറ്റി നിലവിലുണ്ട്. സ്കൂളുകളുടെ അംഗീകാരം സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ സർക്കാർ അംഗീകാരമാല്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളിലെ ഒമ്പതാം ക്ലാസ്സു വരെയുള്ള വിദ്യാർത്ഥികൾ 2013-14 അദ്ധ്യയന വർഷത്തിലെ വാർഷിക പരീക്ഷ അതാതു സ്കൂളുകളിൽ തന്നെ എഴുതുന്നതിന് 24-2-2014-ലെ സ.ഉ. (സാധാ.) നമ്പർ 976/14/പൊ.വി. പ്രകാരം അനുമതി നൽകിയിരുന്നു.

**സ്കൂളുകളിൽ വിവിധ വിഭാഗങ്ങൾക്ക് അനുവദിക്കുന്ന ഭക്ഷണക്രമം**

30 (1084) ഡോ. എൻ. ജയരാജ് :

ശ്രീ. എം. വി. ശ്രേയാംസ് കുമാർ :

ശ്രീ. പി. സി. ജോർജ് :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ എൻ.സി.സി., സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നീ വിഭാഗങ്ങൾ ഏതു വർഷം മുതലാണ് പ്രവർത്തനം ആരംഭിച്ചത് ;

(ബി) പ്രസ്തുത വിഭാഗങ്ങൾക്ക് അവരുടെ പ്രവൃത്തി ദിവസങ്ങളിൽ അനുവദിക്കുന്ന ഭക്ഷണക്രമം (ഭക്ഷണം/ലഘുഭക്ഷണം) എപ്രകാരമാണ് ;

(സി) ഇതിൽ സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് വിഭാഗത്തിൽപ്പെടുന്ന സ്കൂൾ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് നൽകുന്ന ഭക്ഷണക്രമം എൻ.സി.സി., സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് വിഭാഗങ്ങൾക്ക് നല്കുന്നത് പ്രകാരമല്ല എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ എൻ.സി.സി.-1956-ലും, സ്കൗട്ട്സ് ആൻഡ് ഗൈഡ്സ്-1910-ലും സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്-2010-ലും പ്രവർത്തനം ആരംഭിച്ചു.

(ബി) സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് വിഭാഗങ്ങൾക്ക് പ്രത്യേക ഭക്ഷണക്രമം ഇല്ല. മറ്റുള്ളവരുടെ ഭക്ഷണക്രമം ചുവടെ ചേർക്കുന്നു.

എൻ.സി.സി.-പ്രാക്ടീസ് ദിവസങ്ങളിൽ വൈകുന്നേരം പെറോട്ട, ചിക്കൻ കറി.

സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് :-ബുധനാഴ്ച വൈകുന്നേരം 50 മിനിട്ട് പരേഡിന് 10 രൂപയുടെ ഭക്ഷണം (ചായ, വട), ശനിയാഴ്ച 4 മണിക്കൂർ പരേഡിന് 35 രൂപയുടെ ഭക്ഷണം (4 ചപ്പാത്തി, മുട്ടക്കറി, ചായ)

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൗട്ട്സ് ആൻഡ് ഗൈഡ്സ് പ്രസ്ഥാനത്തിലെ കുട്ടികൾക്ക് പ്രത്യേക ഭക്ഷണം നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

**തിരുവനന്തപുരത്തെ ജവഹർ സ്കൂൾ**

31 (1085) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥിയെ പട്ടിക്കൂട്ടിലടച്ച് പീഡിപ്പിച്ച തിരുവനന്തപുരത്തെ ജവഹർ സ്കൂളിന് അംഗീകാരമുണ്ടായിരുന്നോ ;

(ബി) പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് സ്കൂൾ അടച്ചു പൂട്ടുന്നതിന് ഡി. പി. ഐ. നൽകിയ ഉത്തരവ് സർക്കാർ റദ്ദാക്കുകയുണ്ടായോ ;

(സി) സ്കൂളിന് വീണ്ടും തുറന്നു പ്രവർത്തിക്കാൻ ഉത്തരവ് നൽകിയത് എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(ഡി) സർക്കാർ ഉത്തരവ് കോടതിയിൽ ചോദ്യം ചെയ്യപ്പെടുകയുണ്ടായല്ലോ ; കോടതി വിധി എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ഇ) നിയമവിരുദ്ധമായി പ്രവർത്തിക്കുകയും കുട്ടികളെ പ്രാകൃതമായ ശിക്ഷാ നടപടിക്കു വിധേയമാക്കുകയും ചെയ്യുന്ന ഇത്തരം അനധികൃത സ്കൂളുകൾക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) അതെ.

(സി) കുട്ടികളുടെ പഠനം മുടങ്ങാതിരിക്കുന്നതിന് ഈ അദ്ധ്യായന വർഷത്തേക്ക് മാത്രം താൽക്കാലികമായി സ്കൂൾ തുറന്ന് പ്രവർത്തിക്കുന്നതിനാണ് അനുമതി നൽകിയത്.

(ഡി) സ്കൂൾ താൽക്കാലികമായി തുറക്കുന്നതിന് സർക്കാർ നൽകിയ ഉത്തരവ് റദ്ദാക്കി സ്കൂൾ അടച്ചുപൂട്ടുന്നതിനാണ് ബഹുമാനപ്പെട്ട കോടതി ഉത്തരവായത്.

(ഇ) ഇത്തരം അനധികൃത സ്കൂളുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

**സ്വകാര്യമേഖലയിൽ പുതിയ സ്കൂളുകൾക്ക് അംഗീകാരം**

32 (1086) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ എത്ര പുതിയ സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ ഐ.സി.എസ്.ഇ., സി.ബി.എസ്.ഇ., സംസ്ഥാന സിലബസിലുള്ള സ്വകാര്യ സ്കൂളുകളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(സി) ഇതിൽ സർക്കാർ സ്കൂളുകളിൽ നിന്നും നിശ്ചിത ദൂരപരിധി പാലിക്കാത്ത എത്ര സ്കൂളുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് സ്വകാര്യ മേഖലയിലുള്ളതും സംസ്ഥാന സിലബസ്സ് പിൻതുടരുന്നതുമായ അൺ എയ്ഡഡ് സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടില്ല. എന്നാൽ 511 സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. (നിരാക്ഷേപ പത്രം) നൽകിയിട്ടുണ്ട്.

(ബി) സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് ദൂരപരിധി നിർവചിച്ചിട്ടില്ല.

## ഇ-മെയിൽ സംവിധാനം വഴി പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നത്

33 (1087) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 24-7-2014-ലെ 15343/ഉപ.C3/2014/ഉഭപവ നമ്പരിലുള്ള ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഉപദേശക C) വകുപ്പിന്റെ പരിപത്ര പ്രകാരവും പരിപത്രത്തിന്റെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സൂചനയിലെ പരിപത്ര പ്രകാരവും പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടത് ഇ-മെയിൽ സംവിധാനം വഴി ആയിരിക്കണമെന്ന് എല്ലാ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതനുസരിച്ച് ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലും വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലും എന്തെല്ലാം നടപടികൾ ഇതിനായി കൈക്കൊണ്ടിട്ടുണ്ട് ; വിശദമാക്കുമോ ;

(സി) ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ഈ വകുപ്പുകളിലെ കൊമേഴ്സ് (ജൂനിയർ/സീനിയർ) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ഒഴിവുകൾ മേൽപറഞ്ഞ പരിപത്ര പ്രകാരം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഇതിനുള്ള സംവിധാനം ഉടൻ ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഇ) ഇ-മെയിൽ സംവിധാനം വഴി പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ പ്രൊഫോർമയിൽ നിയമനാധികാരിയുടെ ഡിജിറ്റൽ ഒപ്പ് ഉൾപ്പെടുത്തേണ്ടതുണ്ട്. ഇതനുസരിച്ച് ഹയർ സെക്കന്ററി ഡയറക്ടറേറ്റിലും വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടറേറ്റിലും നിയമനാധികാരിയുടെ ഡിജിറ്റൽ ഒപ്പ് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിലുള്ള സമ്പ്രദായത്തിൽ ഒഴിവുകളെല്ലാം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകൾ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ നിർദ്ദേശ പ്രകാരം ഇ-മെയിൽ സംവിധാനം മുഖേന റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## യു.പി.എസ്.എ. മലയാളം മീഡിയം തസ്തികയുടെ എൻ.ജെ.ഡി. ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ

34 (1088) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ യു.പി.എസ്.എ. മലയാളം മീഡിയം തസ്തികയുടെ എൻ.ജെ.ഡി. ഒഴിവുകൾ നികത്തുന്നതിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ തിരുവനന്തപുരം ജില്ലയിലെ വിദ്യാഭ്യാസ ഉപഡയറക്ടറുടെ A4/7087/2013, തീയതി 15-1-2014 നമ്പർ നടപടിക്രമ പ്രകാരം നിയമന ഉത്തരവ് നൽകിയ എല്ലാ ഉദ്യോഗാർത്ഥികളും ജോലിയിൽ പ്രവേശിപ്പിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രവേശിക്കാത്ത ഉദ്യോഗാർത്ഥികളുടെ വിശദാംശം നൽകുമോ ;

(സി) പ്രസ്തുത ഉദ്യോഗാർത്ഥികൾക്ക് ജില്ലയിലെ ഏത് സ്കൂളിലേക്കാണ് നിയമന ഉത്തരവ് നൽകിയത് ; പ്രസ്തുത തസ്തികയിൽ മറ്റ് ഉദ്യോഗാർത്ഥികളെ നിലവിൽ നിയമിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത തസ്തികയിലേക്ക് എൻ.ജെ.ഡി. ഒഴിവ് റിപ്പോർട്ട് ചെയ്ത് നിയമനം നടത്താത്തതിന്റെ കാരണം വിശദമാക്കാമോ ;

(ഇ) പൊതുവിദ്യാഭ്യാസ വകുപ്പിൽ എൻ.ജെ.ഡി. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് പരമാവധി എത്ര സമയം അനുവദിച്ചിട്ടുണ്ട് ; എങ്കിൽ പ്രസ്തുത കേസിൽ ഈ സമയപരിധി പാലിക്കാത്തതിന്റെ സാഹചര്യം വിശദമാക്കാമോ ; പ്രസ്തുത തസ്തികയിലേയ്ക്ക് എൻ.ജെ.ഡി. ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിന് സാങ്കേതികമായി നിലവിൽ എന്തെങ്കിലും നിയമതടസ്സമുണ്ടോ ; ഏതെങ്കിലും പ്രത്യേക ഉത്തരവ് തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർ പുറപ്പെടുവിച്ചിട്ടുണ്ടോ ; പ്രസ്തുത എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനും നിമയന നടപടികൾ പൂർത്തീകരിക്കുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) നിജ ഫിർദൗസി ജെ എന്ന ഉദ്യോഗാർത്ഥി ഒഴികെ മറ്റെല്ലാവരും ജോലിയിൽ പ്രവേശിച്ചു.

(സി) പഞ്ചായത്ത് യു.പി. സ്കൂൾ, മഞ്ഞപ്പാറ. തസ്തിക നഷ്ടം കാരണം പുറത്തു പോകേണ്ടി വരുന്ന അദ്ധ്യാപകരെ പുനർവിന്യസിക്കുന്ന നടപടി പ്രകാരം പ്രസ്തുത തസ്തികയിലെ ഒഴിവ് നികത്തിയിട്ടുണ്ട്.

(ഡി) എൻ.ജെ.ഡി. ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) എൻ.ജെ.ഡി ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽ നിന്നും നിയമന ശുപാർശ ലഭിക്കുമ്പോൾ പ്രസ്തുത ഒഴിവിലേക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സി.ബി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി.**

35 (1089) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2014-15 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ എത്ര സി.ബി.എസ്.ഇ. സ്കൂളുകൾക്കാണ് സർക്കാർ എൻ.ഒ.സി. നൽകിയത് ; ഇങ്ങനെ വ്യാപകമായി എൻ.ഒ.സി. നൽകാനുള്ള സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

2014-15 വർഷത്തിൽ നാളിത് വരെ 40 സ്കൂളുകൾക്ക് എൻ.ഒ.സി. നൽകിയിട്ടുണ്ട്. നിലവിൽ 5 വർഷമായി പ്രവർത്തിച്ചുവരുന്നതും മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ സ്കൂളുകൾക്കാണ് എൻ.ഒ.സി. നൽകി വരുന്നത്. കൂടാതെ വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് സർക്കാർ അനുമതിയില്ലാത്ത സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുവാൻ പാടുള്ളതല്ല.

**സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. സർട്ടിഫിക്കറ്റുകളിൽ ജാതി**

36 (1090) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പത്താം ക്ലാസ് സർട്ടിഫിക്കറ്റുകളിൽ ജാതി രേഖപ്പെടുത്തുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സർട്ടിഫിക്കറ്റുകളിൽ ജാതി രേഖ പ്പെടുത്താത്തു കാരണം സംവരണാനുകൂല്യങ്ങൾക്കുൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി രക്ഷാകർത്താക്കൾക്ക് വില്ലേജാഫീസുകൾ ഉൾപ്പെടെയുള്ള ഓഫീസുകളിൽ

നേരിടുന്ന കടുത്ത ബുദ്ധിമുട്ട് പരിഗണിച്ച് പ്രസ്തുത സർട്ടിഫിക്കറ്റുകളിൽ ജാതി രേഖപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സർട്ടിഫിക്കറ്റുകൾ കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ നിയമങ്ങൾ അനുസരിച്ചായതിനാൽ ഇത് സംബന്ധിച്ച് സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കുള്ള ബുദ്ധിമുട്ടുകൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## എസ്.എസ്.എ. പദ്ധതി

37 (1091) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയുടെ സമഗ്രമായ നവീകരണത്തിനും ആധുനികവൽകരണത്തിനുമായി എസ്.എസ്.എ. പദ്ധതിയിലുൾപ്പെടുത്തി 2014-15 അദ്ധ്യയന വർഷം കേന്ദ്ര സർക്കാർ എത്ര കോടി രൂപ അനുവദിച്ചു ; ആയതിൽ ഇതുവരെ എത്ര തുക ചെലവഴിച്ചു ; അദ്ധ്യയന വർഷം തീരാൻ 4 മാസം മാത്രം അവശേഷിക്കെ എത്ര തുക ചെലവഴിക്കാനുണ്ട് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ന്യൂനപക്ഷ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതി, പെൺകുട്ടികളുടെ വിദ്യാഭ്യസ പുരോഗതി തുടങ്ങിയവയ്ക്കായി എന്തു തുക ലഭിച്ചു; എത്ര തുക ചെലവാക്കി ;

(സി) ഇതിൻപ്രകാരം അഞ്ചു വയസ്സുവരെയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യം ലഭ്യമാക്കാൻ എത്ര തുക ലഭിച്ചു; എത്ര തുക ചെലവഴിച്ചു ;

(ഡി) ഇതിൽ അദ്ധ്യാപകരുടെ ഗവേഷണത്തിനും നിലവാര വർദ്ധനവിനുമുള്ള നടപടികൾക്കായി എത്ര തുക ലഭിച്ചു ; എത്ര തുക ചെലവഴിച്ചു ;

(ഇ) ഇതിൽ ഒന്നു മുതൽ എട്ടുവരെ ക്ലാസുകളിലെ അദ്ധ്യാപകർക്ക് പരിശീലനത്തിനും മറ്റുമായി എത്ര തുക ലഭിച്ചു ; എത്ര തുക ചെലവാക്കി ;

(എഫ്) ഇത്തരത്തിൽ ഓരോ പദ്ധതികൾക്കുമായി ലഭിച്ച തുകയിൽ ഏതെല്ലാം പദ്ധതികൾക്കായുള്ള എത്ര തുക മറ്റ് പ്രവൃത്തികൾക്ക് വകമാറ്റി ചെലവഴിച്ചു ; വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2014-15 സർവ്വ ശിക്ഷാ അഭിയാൻ കേരളയ്ക്ക് മൊത്തം പദ്ധതി അടങ്കലായി 429.81 കോടി രൂപ അംഗീകരിച്ചു. ഇതിൽ നാളിതുവരെ 103.99 കോടി രൂപ എസ്.എസ്.എ., കേരളയ്ക്ക് കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം അനുവദിക്കുകയും 103 കോടി രൂപ ലഭിക്കുകയും ചെയ്തു. ജില്ലകളിൽ ലഭിക്കുന്ന പഞ്ചായത്ത് വിഹിതം 72.77 കോടി രൂപ ഉൾപ്പെടെ 30-11-2014 വരെ 120.57 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം ന്യൂനപക്ഷ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി 23.03 ലക്ഷവും പെൺകുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി 49.50 ലക്ഷവും പദ്ധതി അടങ്കലായി അനുവദിച്ചു. ഇതിൽ പെൺകുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി 18000 രൂപ ചെലവഴിച്ചിട്ടുണ്ട്. ന്യൂനപക്ഷ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി തുക ചെലവഴിച്ചിട്ടില്ല.

(സി) അഞ്ചുവയസ്സുവരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസ സൗകര്യത്തിനായി എസ്.എസ്.എ.-യ്ക്ക് തുക അനുവദിച്ചിട്ടില്ല.

(ഡി) സർവ ശിക്ഷാ അഭിയാനിൽ 2014-15 വർഷം അധ്യാപകരുടെ ഗവേഷണത്തിനും നിലവാര വർദ്ധനവിനുമായി 224.35 ലക്ഷം രൂപ അടങ്കലായി അനുവദിച്ചു. ഇതിൽ 39.70 ലക്ഷം രൂപ ചെലവഴിച്ചു.

(ഇ) 2014-15 വർഷം അദ്ധ്യാപക പരിശീലനത്തിനായി 1463.54 ലക്ഷം അടങ്കലായി അംഗീകരിക്കുകയും അതിൽ 1042.19 ലക്ഷം ചെലവഴിക്കുകയും ചെയ്തു.

(എഫ്) 2014-15 സാമ്പത്തിക വർഷത്തിൽ ഓരോ ഇടപെടൽ മേഖലകളിൽ അനുവദിച്ച തുക അതാത് മേഖലകളിൽ തന്നെയാണ് നാളിതുവരെ ചെലവഴിച്ചു കൊണ്ടിരിക്കുന്നത്.

**അൺ എയിഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെ വേതനം**

38 (1092) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അൺ എയിഡഡ് സ്കൂൾ അദ്ധ്യാപകരുടെ വേതനം സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി മേഖലയിൽ അദ്ധ്യപകരുടെ പ്രതിമാസ വേതനം എത്രയായാണ് നിജപ്പെടുത്തിയിട്ടുള്ളത് ;

(സി) സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനം സ്കൂൾ മാനേജ്മെന്റുകൾ നൽകുന്നുണ്ടോ ; വേതനം ലഭിക്കാത്ത സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ ; ഇതിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ&ബി) 14-2-11-ലെ സ.ഉ(എംഎസ്.) നമ്പർ 36/11/പൊ.വി.വ. പ്രകാരം അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപക ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ സി.ബി.എസ്.ഇ/ ഐ.സി.എസ്.ഇ. വിദ്യാലയങ്ങളിലെ അദ്ധ്യാപക അനദ്ധ്യാപകർക്ക് നൽകേണ്ട ശമ്പളം സംബന്ധിച്ച് സ്കൂളുകൾക്ക് എൻ.ഒ.സി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് നല്കിയ സ.ഉ.(എംഎസ്.) നമ്പർ 202/11/പൊ.വി.വ. തീയതി 7-10-11 ഉത്തരവിൽ പ്രത്യേക വ്യവസ്ഥകൾ നിഷ്കർഷിച്ചിരുന്നു. അതനുസരിച്ച് സർക്കാർ സ്കൂളുകളിലെ ശമ്പള സ്കെയിൽ അവർക്ക് അനുവദിക്കേണ്ടതാണ്. എന്നാൽ WA No. 1042/12-ന്റെ 14-9-2012-ലെ വിധിപ്രകാരം ശമ്പളം നിർണ്ണയിക്കാൻ സി.ബി.എസ്.ഇ.-ക്ക് ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. സി.ബി.എസ്.ഇ ശമ്പളം നിശ്ചയിക്കുന്നതു വരെ ടി സ്കൂളുകളിലെ പ്രൈമറി/മിഡിൽ വിഭാഗത്തിലെ അദ്ധ്യാപകർക്ക് 10,000 രൂപയും സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് 15,000 രൂപയും സീനിയർ സെക്കണ്ടറി സ്കൂൾ അദ്ധ്യാപകർക്ക് 20,000 രൂപയും അനദ്ധ്യാപകർ, ക്ലറിക്കൽ സ്റ്റാഫിന് 6,000 രൂപയും ക്ലാസ് 4 ജീവനക്കാർക്ക് 4,500 രൂപയും നൽകണമെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ജി.ഒ.(എംഎസ്.) നമ്പർ 202/2011/G.Edn. Dated: 7-10-2011 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ഗവൺമെന്റ് റേറ്റിലുള്ള ശമ്പളവും അലവൻസുകളും നൽകുമെന്ന് സ്കൂൾ അധികാരികൾ
സർക്കാരുമായി എഗ്രിമെന്റ് വച്ചതിനുശേഷമാണ് CBSE/ICSE അഫിലിയേഷനു വേണ്ടിയുള്ള NOC നൽകുന്നത്. അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനം ലഭിക്കുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ മാനേജ്മെന്റ് പ്രതിനിധികളുടെയും അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപക സംഘടനാ പ്രതിനിധികളുടേയും

പങ്കാളിത്തമുള്ള ഒരു സ്റ്റേറ്റ് ലവൽ കമ്മിറ്റി രൂപീകരിക്കുകയും പരാതികൾ പരിശോധിക്കുകയും നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. കൂടാതെ ഇത്തരം പരാതികളിന്മേൽ അന്വേഷണം നടത്താനും റിപ്പോർട്ട് സമർപ്പിക്കുവാനും എല്ലാ വിദ്യാഭ്യാസ ഉദ്യോഗസ്ഥരേയും ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

**പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് മുടക്കം കൂടാതെ ശമ്പളം**

39 (1093) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീ-പ്രൈമറി അദ്ധ്യാപകരുടെ ശമ്പളം 3 മാസക്കാലമായി മുടങ്ങിക്കിടക്കുകയാണ് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) തുച്ഛമായ വേതനത്തിൽ ജോലി ചെയ്യുന്ന പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് മുടക്കം കൂടാതെ ശമ്പളം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഓണറേറിയം കൃത്യമായി നൽകി വരുന്നുണ്ട്.

(ബി) ഓണറേറിയം മുടക്കം കൂടാതെ വിതരണം ചെയ്യുന്നതിന് എല്ലാ വിദ്യാഭ്യാസ ഓഫീസർമാരും വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. ഡിസംബർ മാസം വരെ വേതനം നൽകാൻ വേണ്ട തുക അഡ്വാൻസായി എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും ലഭ്യമാക്കിയിട്ടുണ്ട്.

**ആർ.എം.എസ്.എ. പദ്ധതി**

40 (1094) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ ആർ.എം.എസ്.എ. പദ്ധതി പ്രകാരം എത്ര സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അദ്ധ്യാപക നിയമനത്തിനും എന്തൊക്കെ കാര്യങ്ങൾ ചെയ്തു ; വിശദമാക്കുമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ ആർ.എം.എസ്.എ. പദ്ധതി പ്രകാരം 2010-11 വർഷം 4 സ്കൂളുകളും 2011-12 വർഷം 2 സ്കൂളുകളും അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. 6 സ്കൂളുകളും

പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്കൂളുകൾ താഴെ പറയുന്നവയാണ്.

(1) ജി.യു.പി.എസ്. വൻമുഖം

(2) ജി.യു.പി.എസ്. പേരാമ്പ്ര, പ്ലാന്റേഷൻ

(3) ജി.യു.പി.എസ്. വെങ്ങപ്പറ്റ

(4) ജി.യു.പി.എസ്. കാവിലുംപാറ

(5) ജി.എം.യു.പി.എസ്. രാരോത്ത്

(6) ജി.യു.പി.എസ്. ചെറുവണ്ണൂർ

(ബി) ഈ സ്കൂളുകളിൽ ഭൗതീകസാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എം.എച്ച്.ആർ.ഡി.-യുടെ വാർഷിക പദ്ധതിയിൽ ഫണ്ട് അനുവദിച്ചിട്ടില്ല. എം.എച്ച്.ആർ.ഡി. അനുവദിച്ച തസ്തികകളിൽ അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർ അദ്ധ്യാപക നിയമനം നടത്തിയിട്ടുണ്ട്.

**ആർ.എം.എസ്.എ. സ്കൂളുകളിലെ ജീവനക്കാരുടെ ശമ്പളം**

41 (1095) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലയിൽ അനുവദിച്ച ആർ.എം.എസ്.എ. സ്കൂളുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ശമ്പളം മുടങ്ങിയിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും ലഭ്യമാക്കാൻ നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) കാസർഗോഡ് ജില്ലയിലെ ബാഹം ഹൈസ്കൂളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പളം എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2009-10-ൽ എം.എച്ച്.ആർ.ഡി.-യുടെ അംഗീകാരം ലഭിച്ച 60 സ്കൂളുകളിൽ ഉൾപ്പെടുന്ന കാസർഗോഡ് ജില്ലയിലെ 13 സ്കൂളുകളിലും 2010-11-ൽ അംഗീകാരം ലഭിച്ച 36 സ്കൂളുകളിൽ ഉൾപ്പെടുന്ന 4 സ്കൂളുകളിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് എച്ച്.എം-1, ഹൈസ്കൂൾ അദ്ധ്യാപകർ-5 (3 വിഷയാദ്ധ്യാപകർ, 2 ഭാഷാദ്ധ്യാപകർ), ഓഫീസ് അസിസ്റ്റന്റ്/മൾട്ടി ടാസ്ക് സപ്പോർട്ടിംഗ് സ്റ്റാഫ്-1 എന്ന രീതിയിൽ ഓരോ

സ്കൂളിനും വാർഷിക പദ്ധതിയനുസരിച്ച് ശമ്പളം നൽകുന്നുണ്ട്.

(ബി) കാസർഗോഡ് ജില്ലയിലെ ബാനം ഹൈസ്കൂൾ എം.എച്ച്. ആർ.ഡി.-യുടെ അംഗീകാരം ലഭിക്കാത്ത 30 സ്കൂളുകളിൽ ഉൾപ്പെട്ടതാണ്. ആയതിനാൽ ഈ സ്കൂളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പളം നൽകാൻ ആർ.എം. എസ്.എ.-ക്ക് കഴിഞ്ഞിട്ടില്ല.

## ദേശീയ ആരോഗ്യ കായിക പദ്ധതി നടപ്പാക്കുന്നതിനായുള്ള അദ്ധ്യാപക നിയമനം

42 (1096) <u>ശ്രീ. എ. കെ. ബാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ വിദ്യാഭ്യാസ അവകാശനിയമം നിഷ്കർഷിക്കുന്ന ആരോഗ്യ കായിക പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നു മുതലാണ് ആരംഭിച്ചത് ; എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവരെ നടപ്പാക്കിയത് ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇനി ചെയ്യാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിന് എസ്.എസ്.എ. ഫണ്ട് ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ന് മുതലാണ് ലഭിച്ചത് ; ഓരോ വർഷവും ലഭിച്ച തുക വ്യക്തമാക്കുമോ ;

(ഡി) ലഭിച്ച തുക ഓരോ വർഷവും ചെലവഴിച്ചതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ഇ) ഈ പദ്ധതി നടപ്പാക്കുന്നതിന് സ്കൂളുകളിൽ പാർട്-ടൈം കായിക അദ്ധ്യാപകരെയും കലാ അദ്ധ്യാപകരെയും നിയമിക്കാൻ നിർദ്ദേശിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രപേരെ ഇതിനകം നിയമിച്ചിട്ടുണ്ട് അവർക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണ് ; എപ്രകാരമാണ് നിയമനം നടത്തിയത് ; എപ്രകാരമാണ് ശമ്പളം ; നിയമനം ലഭിച്ചവരുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ വിശദമാക്കുമോ ;

(എഫ്) ഇതുവരെ നിയമനം നടത്തിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ദേശീയ വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച് കേരള സ്കൂൾ പാഠ്യപദ്ധതി 2013-ൽ രൂപപ്പെടുത്തുകയും അതനുസരിച്ച് ആരോഗ്യ കായിക പഠനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കേരള സ്കൂൾ കരിക്കുലം 2013 അനുസരിച്ച് ആരോഗ്യ കായിക പഠനം 1, 3 ക്ലാസുകളിൽ മറ്റു വിഷയങ്ങളുടെ പാഠപുസ്തകത്തിൽ ഉദ്ഗ്രഥിച്ച് അവതരിപ്പിച്ചിട്ടുണ്ട്. 5, 7 ക്ലാസ്സുകളിൽ കുട്ടികൾക്ക് ആക്ടിവിറ്റി പാർക്കും അദ്ധ്യാപകർക്ക് അദ്ധ്യാപക സഹായിയും രൂപപ്പെടുത്തിയിട്ടുണ്ട്. 1,3,5,7 ക്ലാസ്സുകളിൽ ഈ അക്കാദമിക് വർഷം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 2015-16 വർഷത്തിൽ 2, 4 ക്ലാസ്സുകളിൽ മറ്റു വിഷയവുമായി ഉദ്ഗ്രഥിച്ച് അവതരിപ്പിക്കുകയും 6, 8 ക്ലാസ്സുകളിൽ കുട്ടികൾക്ക് ആക്ടിവിറ്റി പാർക്കും അദ്ധ്യാപകർക്ക് ടീച്ചർ ടെക്സ്റ്റും നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ അദ്ധ്യാപകർക്ക് റഫറൻസിനു വേണ്ടി എൽ.പി., യു.പി., എച്ച്.എസ്. തലങ്ങളിൽ ഓരോ സോഴ്സ് ബുക്കും തയ്യാറാക്കിയിട്ടുണ്ട്.

(സി&ഡി) സർക്കാരിൽ നിന്നും എസ്.എസ്.എ.-യിലേക്ക് തുക ലഭിച്ചിട്ടുണ്ട്. ഈ തുക ജില്ലാ പ്രോജക്റ്റ് ഓഫീസർമാർ ജില്ലാ ട്രഷറികളിൽ, ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ വിനിയോഗത്തിനായി കൈമാറിയിട്ടുണ്ട്. ട്രഷറിയിൽ 0202-01-101-97 എന്ന ശീർഷകത്തിലേക്കാണ് തുക മാറ്റി നൽകിയിരിക്കുന്നത്. ലഭ്യമായതും ചെലവഴിച്ചതുമായി തുകയുടെ വിശദാംശങ്ങൾ താഴെ ചേർത്തിരിക്കുന്നു:

| വർഷം | അനുവദിച്ച തുക ലക്ഷത്തിൽ | ചെലവഴിച്ച തുക ലക്ഷത്തിൽ |
|---|---|---|
| 2010-11 | 5477.80 | ചെലവാക്കിയിട്ടില്ല |
| 2011-12 | 15466.90 | 1854.46 |
| 2012-13 | 3712.45 | 1496.80 |
| 2013-14 | 9144.00 | 8187.46 |
| 2014-15 | 14757.69 | ….. |

(ഇ) 1-10-2011-ലെ ജി.ഒ.(പി) നമ്പർ 199/2011/പൊ.വി. ഉത്തരവ് പ്രകാരം വിദ്യാഭ്യാസ അവകാശ നിയമ നിർദ്ദേശം അനുസരിച്ച് എസ്.എസ്.എ. വഴി പാർട്ട്

ടൈം സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കുവാൻ അനുവാദമുണ്ട്. എന്നാൽ വിദ്യാഭ്യാസ അവകാശ നിയമം പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല. അധികമായി നിൽക്കുന്ന അദ്ധ്യാപകരെ പുനർവിന്യസിക്കുവാൻ 5-8-2014-ലെ 44373/ഡി2/ 2014/പൊ.വി. നമ്പർ കത്തിലൂടെ നിർദ്ദേശിച്ചിരുന്നുവെങ്കിലും പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്ത് പ്രസ്തുത നിർദ്ദേശം റദ്ദുചെയ്തിട്ടുണ്ട്.

(എഫ്) വിദ്യാഭ്യാസ അവകാശ നിയമം പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ലാത്തതിനാലും അധികമായി നൽകുന്ന അദ്ധ്യാപകരെ പുനർവിന്യസിക്കുവാനുള്ള നിർദ്ദേശത്തിനെതിരെ വ്യാപകമായ പ്രതിഷേധം ഉണ്ടായതിനാലും നടപടികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല.

## പ്ലസ് ടു കോഴ്സും അധിക സ്കൂളുകളും ബാച്ചും അനുവദിച്ച സംബന്ധിച്ച പരാതി

43 (1097) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേണ്ടത്ര പഠനം നടത്താതെ അശാസ്ത്രീയമായി പുതുതായി പ്ലസ് ടു കോഴ്സും അധിക ബാച്ചും അനുവദിച്ചത് സംബന്ധിച്ച പരാതിയെത്തുടർന്ന് നിയമസഭാ പെറ്റീഷൻസ് കമ്മിറ്റി വിദ്യാഭ്യാസ വകുപ്പിനോട് റിപ്പോർട്ട് ആവശ്യപ്പെടുകയുണ്ടായോ ;

(ബി) നിയമസഭാ പെറ്റീഷൻസ് കമ്മിറ്റിക്ക് സർക്കാർ നൽകിയ റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ?

### ഉത്തരം

(എ) അതെ.

(ബി) റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേക്കുന്നു.*

## പ്ലസ് വൺ സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നത് സംബന്ധിച്ച്

44 (1098) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ് വൺ സ്കൂളുകളും ബാച്ചുകളും അനുവദിക്കുന്നതു സംബന്ധിച്ച് 2013 ജൂണിൽ സർക്കാർ പുറപ്പെടുവിച്ചിരുന്ന വിജ്ഞാപനത്തിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഏതെങ്കിലും ജില്ലകളിൽ പ്ലസ് വൺ ബാച്ചുകളോ സ്കൂളുകളോ അനുവദിക്കുകയുണ്ടായോ ; എങ്കിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എത്ര സ്കൂളുകൾ ; എത്ര ബാച്ചുകൾ ; വിശദമാക്കാമോ ;

(സി) ഇപ്രകാരം അനുവദിച്ച ബാച്ചുകളും സ്കൂളുകളും എയ്ഡഡ് ആണോ; സർക്കാരിന്റേതാണോ ; എയ്ഡഡ് സ്കൂളുകൾ ഉണ്ടെങ്കിൽ അവ എത്ര ; അവയിൽ കോർപ്പറേറ്റ് മാനേജ്മെന്റുകൾ എത്ര ; വ്യക്തിഗത മാനേജ്മെന്റുകൾ എത്ര ; വിശദമാക്കാമോ ;

(ഡി) ബാച്ചുകൾ അനുവദിക്കുന്നത് സംബന്ധിച്ച വിജ്ഞാപനത്തിലെ മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു ; പുതുതായി ബാച്ചുകൾ ലഭിച്ച സ്കൂളുകൾക്കെല്ലാം മാനദണ്ഡമനുസരിച്ചുള്ള യോഗ്യതകൾ ഉണ്ടോ ; വിശദ വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധം(1) ആയി ചേർക്കുന്നു.*

(ബി&സി) പ്രസ്തുത വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് വിധേയമായും ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിലും സംസ്ഥാനത്ത് ഹയർ സെക്കണ്ടറി സ്കൂളുകളും ബാച്ചുകളും അനുവദിച്ച് 24-11-2014-ലെ സ.ഉ. (കൈ)നമ്പർ 247/14/പൊ.വി. പ്രകാരം ഉത്തരവായിട്ടുണ്ട്. സ്കൂളുകളും ബാച്ചുകളും സംബന്ധിച്ച വിവരം പ്രസ്തുത സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് അനുബന്ധം (II) ആയി ചേർക്കുന്നു.* അവയിൽ കോർപ്പറേറ്റ് മാനേജ്മെന്റുകൾ എത്ര, വ്യക്തിഗത മാനേജ്മെന്റുകൾ എത്ര എന്ന വിവരം ശേഖരിച്ചുവരുന്നു.

(ഡി) മാനദണ്ഡങ്ങൾ അനുബന്ധം1-ൽ പറഞ്ഞിട്ടുള്ള വിജ്ഞാപനത്തിലുണ്ട്. അനുവദിച്ച സ്കൂളുകൾക്ക് ടി മാനദണ്ഡമനുസരിച്ചുള്ള യോഗ്യതയുണ്ടോയെന്ന വിവരം ശേഖരിച്ചുവരുന്നു.*

## പ്ലസ് വൺ ഇംപ്രൂവ്മെന്റ് പരീക്ഷ

45 (1099) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി പ്ലസ് വൺ ഇംപ്രൂവ്മെന്റ് പരീക്ഷ അദ്ധ്യയന വർഷത്തിന്റെ ഇടയ്ക്ക് നടത്തുന്നതിനാൽ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പരീക്ഷ അദ്ധ്യയനവർഷത്തിന്റെ അവസാനം നടത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ&ബി) പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾ നിലവിലുള്ള സമ്പ്രദായം മാറ്റുന്നത് വിദ്യാർത്ഥികളുടെ താൽപര്യങ്ങൾക്കും ഉപരിപഠന സാദ്ധ്യതകൾക്കും ഗുണകരമല്ല.

**പുതിയ പ്ലസ് ടു സ്കൂളുകൾ**

46 (1100) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-ൽ സംസ്ഥാനത്ത് പുതിയ പ്ലസ് ടു സ്കൂളുകൾ, അപ്ഗ്രഡേഷനും, ബാച്ചുകൾ അനുവദിച്ചതും വഴി പ്രതിവർഷം എത്ര കോടി രൂപയുടെ അധിക ചെലവ് വരുമെന്ന വെളിപ്പെടുത്തുമോ ;

(ബി) ഇതു വഴി താത്കാലികമോ, സ്ഥിരമോ ആയിട്ടുള്ള എത്ര അദ്ധ്യാപക അധ്യാപക-ഇതര തസ്തികകൾ ആവശ്യമായി വന്നിട്ടുണ്ട് ;

(സി) മൊത്തം തസ്തികകളിൽ സർക്കാർ സ്കൂളുകളിലേക്ക് എത്ര ; എയ്ഡഡ് സ്കൂളുകളിലേക്ക് എത്ര ; വിശദമാക്കാമോ ;

(ഡി) സർക്കാർ പ്ലസ് ടു സ്കൂളുകളിൽ 2014-ൽ പുതുതായി നിലവിൽവന്ന തസ്തികകളിൽ അധ്യാപക ബാങ്കിൽ നിന്നും നിയമിക്കപ്പെട്ടവർ എത്ര ;

(ഇ) എയ്ഡഡ് പ്ലസ് ടു സ്കൂളുകളിൽ 2014-ൽ പുതുതായി നിലവിൽ വന്ന അദ്ധ്യാപക തസ്തികകളിൽ അദ്ധ്യാപക ബാങ്കിൽ നിന്നും നിയോഗിക്കപ്പെട്ടവർ എത്ര ; ഗസ്റ്റ് അധ്യാപകരായി നിയമിക്കപ്പെട്ടവർ എത്ര ?

ഉത്തരം

(എ) ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ അദ്ധ്യക്ഷനായ ആറംഗ സമിതിയുടെ റിപ്പോർട്ടുപ്രകാരം അനുവദിച്ച പ്ലസ് ടു സ്കൂളുകൾ/ബാച്ചുകൾക്ക് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയാണെങ്കിൽ പ്രതിവർഷം ഏകദേശം 149 കോടി രൂപയുടെ അധികച്ചെലവുണ്ടാകും.

(ബി&സി) പുതുതായി അനുവദിച്ച സ്കൂളുകളിൽ/അധിക ബാച്ചുകളിൽ ആവശ്യമായ തസ്തികകളുടെ എണ്ണം കണക്കാക്കിയിട്ടില്ല. പുതിയ സ്കൂളുകളിൽ/അധിക ബാച്ചുകളിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിനാണ്

സർക്കാർ ഉത്തരവായത്. പുതിയ സ്കൂളുകളിൽ പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ഗസ്റ്റ് അദ്ധ്യാപകരുടെ എണ്ണം ലഭ്യമാകുകയുള്ളൂ.

(ഡി&ഇ) സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപക ബാങ്കിൽനിന്നും നിയമനം നടത്തിയിട്ടില്ല. ഹയർ സെക്കണ്ടറി തലത്തിൽ അദ്ധ്യാപക ബാങ്കില്ല. പുതിയ സ്കൂളുകളിൽ പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമെ ഗസ്റ്റ് അദ്ധ്യാപകരുടെ എണ്ണം ലഭ്യമാകുകയുള്ളൂ.

**പുതിയ പ്ലസ് ടു സ്കൂളുകളിലെ അദ്ധ്യാപകർ**

47 (1101) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്ത് പുതുതായി പ്ലസ് ടു സ്കൂളുകളും ബാച്ചുകളും അനുവദിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ പ്രകാരം സംസ്ഥാനത്ത് ആകെ എത്ര അദ്ധ്യാപകർ വേണ്ടി വന്നിട്ടുണ്ട് ; സർക്കാർ സ്കൂളുകളിലെത്ര ; എയ്ഡഡ് സ്കൂളുകളിലെത്ര ;

(ബി) ഇതുമൂലം പുതുതായി വന്ന അദ്ധ്യാപകരുടെ ഒഴിവുകൾ ഏതെല്ലാം രീതികളിലാണ് നികത്തുകയുണ്ടായിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും ഗസ്റ്റ് അദ്ധ്യാപകരായി എത്ര പേരെ വീതം നിയോഗിക്കുകയുണ്ടായിട്ടുണ്ട് ;

(ഡി) എയ്ഡഡ് മേഖലയിൽ ഗസ്റ്റ് അദ്ധ്യാപകർമാരായി നിയമിക്കപ്പെടുന്നവരെ പിന്നീട് സ്ഥിരപ്പെടുത്താമെന്ന് എയ്ഡഡ് മാനേജ്മെന്റുകൾക്ക് സർക്കാർ വാഗ്ദാനം നല്കുകയുണ്ടായിട്ടുണ്ടോ ?

ഉത്തരം

(എ) പുതുതായി അനുവദിച്ച സ്കൂളുകളിലെ/അധിക ബാച്ചുകളിലെ ആവശ്യമായ തസ്തികകളുടെ എണ്ണം കണക്കാക്കിയിട്ടില്ല.

(ബി) പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിൽ/അധിക ബാച്ചുകളിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്.

(സി) ഉത്തരം (എ)-യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല.

**നൂൺ മീൽ ഓഫീസർ**

48 (1102) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിലെ ഓഫീസുകളിൽ നൂൺ മീൽ ഓഫീസർമാരെ നിയമിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ) തീരുമാനമായിട്ടില്ല.

(ബി) ബാധകമല്ല.

**പുതിയ പ്ലസ് ടു സ്കൂളുകളും അധിക ബാച്ചുകളും**

49 (1103) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി 235 പ്ലസ്ടു സ്കൂളുകളും 600-ൽ കവിയാത്ത അധിക ബാച്ചുകളും അനുവദിക്കാൻ എന്നാണ് മന്ത്രിസഭാ യോഗത്തിൽ തീരുമാനം എടുത്തതെന്ന് വ്യക്തമാക്കാമോ ; ഇതിന് മുമ്പ് മന്ത്രിസഭാ യോഗങ്ങളിൽ ഇക്കാര്യം ചർച്ച ചെയ്തിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ബി) മന്ത്രിസഭാ തീരുമാനം എടുക്കുന്നതിന് മുമ്പ് ഏതെല്ലാം സ്ഥലങ്ങളിൽ പ്ലസ്ടു സ്കൂളുകൾ അനുവദിക്കണം എന്നത് സംബന്ധിച്ച പ്രൊപ്പോസൽ ഉണ്ടായിരുന്നുവോ ; ഇത് ഏതെങ്കിലും മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ടതായിരുന്നുവോ ; വ്യക്തമാക്കാമോ ;

(സി) മന്ത്രിസഭാ യോഗത്തിന് ശേഷം ലിസ്റ്റ് തയ്യാറാക്കാൻ മന്ത്രിസഭാ ഉപസമിതി എത്ര തവണ യോഗം ചേരുകയുണ്ടായി ; ലിസ്റ്റിന് അന്തിമമായി അംഗീകാരം നൽകിയതെന്നാണ് ; ലിസ്റ്റിന്റെ സാങ്കേതികവശങ്ങൾ പരിശോധിക്കാൻ മന്ത്രിസഭാ ഉപസമിതി ആരെയെങ്കിലും ആശ്രയിക്കുകയുണ്ടായോ ; മന്ത്രിസഭയുടെ പരിഗണനയ്ക്ക് വന്ന ലിസ്റ്റിൽ ഏതൊക്കെ സ്കൂളുകളെയായിരുന്നു ഉപസമിതി പുതുതായി ഉൾപ്പെടുത്തിയതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-സി) ഹയർ സെക്കണ്ടറി സ്കൂളുകളില്ലാത്ത സംസ്ഥാനത്തെ 148 പഞ്ചായത്തുകളിൽ രണ്ട് ബാച്ചുകൾവീതം ഉൾക്കൊള്ളുന്ന ഓരോ ഹയർ സെക്കണ്ടറി സ്കൂൾ അനുവദിക്കുന്നതിനും നിലവിലുള്ള അർഹതയുള്ള ഹൈസ്കൂളുകളെ ഹയർ സെക്കണ്ടറി സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യുന്നതിനും എറണാകുളം മുതൽ

വടക്കോട്ടുള്ള എട്ട് ജില്ലകളിൽ പുതുതായി ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിക്കുന്നതിനും (ആകെ 678 ബാച്ചുകൾ 29-5-2013-ലെ മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 11-6-2013-ലെ സ.ഉ. (കൈ) നമ്പർ 185/13/പൊ.വി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ ഓരോ സ്ഥലത്തെയും വിദ്യാഭ്യാസ ആവശ്യകതയനുസരിച്ച് പുതുതായി ഹയർ സെക്കണ്ടറി സ്കൂളുകളും ഹയർ സെക്കണ്ടറി അധിക ബാച്ചുകളും അനുവദിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു കൊണ്ട് 14-6-2013-ാം തീയതിയിലെ എസിഡിസി3/16830/ എച്ച്.എസ്.ഇ./2013 നമ്പർ നടപടിക്രമപ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. മാനദണ്ഡങ്ങൾ പ്രസ്തുത വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിരുന്നു.

ടി വിജ്ഞാപനപ്രകാരം ലഭിച്ച അപേക്ഷകൾ പരിശോധിക്കുകയും 642 ബാച്ചുകൾ അനുവദിക്കുന്നതിന് ശിപാർശ ചെയ്തുകൊണ്ട് 19-5-2014-ലെ എസിഡിസി 3/16830/13/എച്ച്.എസ്.ഇ. നമ്പർ കത്തുപ്രകാരം സർക്കാരിന് ലഭ്യമാക്കുകയും ചെയ്തു. എന്നാൽ സർക്കാർ മുഴുവൻ കാര്യങ്ങളും പുനഃപരിശോധിക്കുകയും മേൽപ്പറഞ്ഞ ഉത്തരവുകളും വിജ്ഞാപനവും അനുസരിച്ചുള്ള നടപടികൾ തുടരേണ്ടതില്ല എന്നും തീരുമാനിച്ചു. പകരം സംസ്ഥാനത്തൊട്ടാകെ ആവശ്യമുള്ളിടത്ത് അധിക ബാച്ച് അനുവദിക്കുന്നതിന് 24-5-2014-ലെ സ.ഉ.(കൈ)നമ്പർ 86/2014/പൊ.വി. നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയതിൻപ്രകാരം ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ 26-5-2014-ലെ എസിഡിസി3/21437/എച്ച്.എസ്.ഇ./2014 നമ്പർ വിജ്ഞാപന പ്രകാരം അധിക ബാച്ചുകൾ അനുവദിക്കുന്നതിന് അപേക്ഷകൾ ക്ഷണിക്കുകയുണ്ടായി. മാനദണ്ഡങ്ങൾ പ്രസ്തുത വിജ്ഞാപനത്തിലും നിഷ്കർഷിച്ചിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിലെയും വിജ്ഞാപനത്തിലെയും വ്യവസ്ഥകൾക്കനുസൃതമായി സർക്കാർ മേഖലയിലും എയഡഡ് മേഖലയിലും 408 അധിക ഹയർ സെക്കൻഡറി ബാച്ചുകൾ അനുവദിക്കുന്നതിന് 18-6-2014-ലെ കത്തുപ്രകാരം ഹയർ സെക്കൻഡറി ഡയറക്ടർ സർക്കാരിൽ ശിപാർശ സമർപ്പിച്ചു. എന്നാൽ 24-5-2014-ലെ സർക്കാർ ഉത്തരവും 26-5-2014-ലെ ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടറുടെ വിജ്ഞാപനവും ഡബ്ല്യു.പി.സി.നമ്പർ 13851/14 കേസിലും മറ്റു ബന്ധപ്പെട്ട ഹർജി കളിന്മേലും ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ച 10-7-2014-ലെ വിധിന്യായപ്രകാരം റദ്ദു ചെയ്യുകയും റിട്ട് അപ്പീൽ നമ്പർ 1341/2013 കേസിന്മേലുള്ള ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 11-4-2014-ലെ വിധിന്യായത്തിൽ ഉത്തരവായതുപോലെ ഹയർ സെക്കൻഡറി ഡയറക്ടർ അദ്ധ്യക്ഷനായ ആറംഗ സമിതി ശിപാർശ ചെയ്ത

19-5-2014-ലെ കത്തിനോടൊപ്പം ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ ലിസ്റ്റുപ്രകാരമുള്ള ഹയർ സെക്കണ്ടറി സ്കൂളുകളും ബാച്ചുകളും മാത്രം അനുവദിക്കാൻ സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ 23-7-2014-ലെ മന്ത്രിസഭായോഗം സംസ്ഥാനത്തൊട്ടാകെ ഗവണ്മെന്റ്/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ 700 ഹയർ സെക്കണ്ടറി ബാച്ചുകൾ ഉൾപ്പെട്ട ഒരു പട്ടികയ്ക്ക് അംഗീകാരം നൽകുകയും 31-7-2014-ലെ സ.ഉ.(കൈ) നമ്പർ 143/2014/പൊ.വി. സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. 18-8-2014-ലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിധിക്കെതിരെ സർക്കാർ ഡിവിഷൻ ബഞ്ച് മുമ്പാകെ സമർപ്പിച്ച അപ്പീൽ തള്ളുകയും തുടർന്ന് 19-5-2014-ലെ ഹയർ സെക്കണ്ടറി ഡയറക്ടറുടെ റിപ്പോർട്ടിൽ ഉൾപ്പെട്ട സ്കൂളുകൾക്ക് മാത്രം പ്ലസ് ടു ബാച്ചുകളും പ്രവർത്തനാനുമതിയും അനുവദിച്ചു കൊണ്ട് 24-11-2014-ലെ സ.ഉ.(കൈ)നമ്പർ 247/2014/ പൊ.വി. പ്രകാരം പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

**കായിക അദ്ധ്യാപകനെ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തിയ നടപടി**

50 (1104) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് പറളി സ്കൂളിലെ വിദ്യാർത്ഥികളെ പരിശീലിപ്പിച്ച് ദേശീയ, അന്തർദേശീയ നിലവാരത്തിൽ കായിക പ്രതിഭകളെ കണ്ടെത്തിയ ശ്രീ. പി. ജി. മനോജ് മാഷിനെ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തി പ്രസ്തുത സ്കൂളിൽ നിന്നും ഒഴിവാക്കിയ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ടി മാഷിനെ പ്രസ്തുത സ്കൂളിൽ തന്നെ കായിക അദ്ധ്യാപകനായി നിലനിർത്തി കൂടുതൽ കായിക പ്രതിഭകളെ കണ്ടെത്തുന്നതിനും അതുവഴി സംസ്ഥാനത്തിന്റെ യശസ്സ് നിലനിർത്തുന്നതിനുമുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ;

(ബി) ഇക്കാര്യത്തിൽ സെക്രട്ടേറിയറ്റിലെ പൊതുവിദ്യാഭ്യാസ വകുപ്പിലെ 58142/K1/2014/G.Edn നമ്പർ ഫയൽ വിളിച്ചുവരുത്തി സത്വര നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) ഇക്കാര്യത്തിൽ ഒരു പ്രത്യേക ഉത്തരവ് ഉടൻ പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) 2014-15 അദ്ധ്യയന വർഷത്തിൽ പറളി ഹൈസ്കൂളിൽ യു.പി. വിഭാഗത്തിൽ മതിയായ വിദ്യാർത്ഥികൾ ഇല്ലാത്തതിനാൽ യു.പി. വിഭാഗത്തിലെ കായികാദ്ധ്യപക തസ്തിക നഷ്ടപ്പെടുകയും പ്രസ്തുത തസ്തികയിൽ ജോലി ചെയ്തിരുന്ന ശ്രീ. പി. ജി. മനോജിനെ അദ്ധ്യാപക ബാങ്കിൽ ഉൾപ്പെടുത്തുകയും ചെയ്തു.

കെ.ഇ.ആർ. അദ്ധ്യായം XXIII, റൂൾ 6(ബി) (2) പ്രകാരം യു.പി. വിഭാഗത്തിൽ 500 വിദ്യാർത്ഥികൾ ഉണ്ടെങ്കിൽ മാത്രമേ ഒരു സ്പെഷ്യലിസ്റ്റ് അദ്ധ്യാപക തസ്തിക അനുവദിക്കാൻ നിർവ്വാഹമുള്ളൂ. ശ്രീ. പി. ജി. മനോജിനെ പറളി ഹൈസ്കൂളിൽ നിലനിർത്തണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി&സി) ശ്രീ. പി. ജി. മനോജിനെ പറളി ഹൈസ്കൂളിൽ നിലനിർത്തുന്ന വിഷയത്തിൽ സർക്കാർ വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട് ലഭ്യമാക്കി വിഷയം അടിയന്തരമായി പരിശോധിക്കുന്നതാണ്.

**ഹയർ സെക്കൻഡറി കോഴ്സ് ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**

51 (1105) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി കോഴ്സ് ആരംഭിക്കുന്നതിന് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഉള്ള എത്ര സർക്കാർ സ്കൂളുകളുണ്ടെന്നും നിലവിൽ എത്ര സർക്കാർ സ്കൂളുകളിലും എത്ര എയിഡഡ് സ്കൂളുകളിലും ഹയർ സെക്കണ്ടറി വിഭാഗമുണ്ടെന്നും അറിയിക്കുമോ ;

(ബി) ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് വേണ്ടത് ; ഇതു സംബന്ധമായ മാനദണ്ഡങ്ങൾക്കു രൂപം നൽകിയതാരാണ് ?

ഉത്തരം

(എ) ഇനിയും ഹയർ സെക്കണ്ടറി കോഴ്സ് ആരംഭിക്കുന്നതിനാവശ്യമായ ഭൗതിക സൗകര്യങ്ങളുള്ള സർക്കാർ സ്കൂളുകളുടെ എണ്ണം ശേഖരിച്ചുവരുന്നു. സംസ്ഥാനത്ത് നിലവിൽ 816 സർക്കാർ സ്കൂളുകളിലും 832 എയ്ഡഡ് സ്കൂളുകളിലും ഹയർ സെക്കണ്ടറി വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

(ബി) ഹയർ സെക്കണ്ടറി കോഴ്സ് അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവിൽ നിഷ്കർഷിക്കുന്ന സൗകര്യങ്ങളാണ് ഉണ്ടാകേണ്ടത്. സർക്കാരാണ് ഇത് സംബന്ധിച്ച മാനദണ്ഡങ്ങൾക്ക് രൂപം നൽകുന്നത്.

**ഹയർ സെക്കൻഡറി സ്കൂളുകൾ**

52 (1106) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഹയർ സെക്കണ്ടറി സ്കൂളുകൾ

പ്രവർത്തിക്കുന്നുണ്ട് ? സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് എന്നീ ക്രമത്തിൽ കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ഈ മൂന്ന് വിഭാഗങ്ങളിലും കൂടി എത്ര പ്ലസ് വൺ സീറ്റുകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ അദ്ധ്യയനവർഷം മുഴുവൻ പ്ലസ് വൺ സീറ്റുകളിലും പ്രവേശനം നടന്നിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രവേശനം നേടാതെ ഒഴിഞ്ഞുകിടന്ന സീറ്റുകൾ എത്ര ; സർക്കാർ/എയ്ഡഡ്/അൺ എയ്ഡഡ് എന്നിങ്ങനെ തരം തിരിച്ച് കണക്കുകൾ ജില്ലാടിസ്ഥാനത്തിൽ നൽകാമോ ;

(ഡി) കഴിഞ്ഞ അദ്ധ്യയന വർഷം ഈ മൂന്ന് വിഭാഗങ്ങളിലും കൂടി പ്ലസ് വണ്ണിന് പ്രവേശനം നേടാതെ സീറ്റുകൾ ഒഴിഞ്ഞുകിടന്നിരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നോ ; ഉണ്ടെങ്കിൽ ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2046

| | | |
|---|---|---|
| സർക്കാർ | - | 816 |
| എയ്ഡഡ് | - | 823 |
| അൺ-എയ്ഡഡ് | - | 361 |

റെസിഡെൻഷ്യൽ/സ്പെഷ്യൽ/ടെക്നിക്കൽ സ്കൂളുകൾ -46 (ഇവയിലെ പ്രവേശനം അൺ-എയ്ഡഡ് സ്കൂളുകളിലേതുപോലെയാണ്.)

(ബി) 406.569

(സി) ഇല്ല. 31652 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നു. വിശദാംശങ്ങൾ അനുബന്ധം (I) ആയി ചേർക്കുന്നു.*

(ഡി) ശ്രദ്ധയിൽപ്പെട്ടിരുന്നു. വിശദാംശങ്ങൾ അനുബന്ധം (II) ആയി ചേർക്കുന്നു.* എയ്ഡഡ്, സർക്കാർ പ്ലസ് ടു സ്കൂളുകൾ അനുവദിച്ചതിലുണ്ടായ ചെലവുകൾ.

## ഹയർ സെക്കണ്ടറി സ്കൂളുകളിലെ ഗസ്റ്റ് അദ്ധ്യാപകരുടെ വേതന കുടിശ്ശിക

53 (1107) <u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13 അദ്ധ്യയന വർഷം ഹയർ സെക്കണ്ടറി സ്കൂളുകളിൽ ജോലി ചെയ്ത ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനകുടിശ്ശിക നല്കുവാനുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) വേതന കുടിശ്ശിക ലഭിക്കുവാൻ പ്രസ്തുത അദ്ധ്യാപകർ അർഹരാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്. 2011-12 അദ്ധ്യയന വർഷം മുതൽ പ്രവർത്തനമാരംഭിച്ച അധിക ഹയർ സെക്കന്ററി ബാച്ചുകളിലേക്ക് റഗുലർ തസ്തിക സൃഷ്ടിക്കുന്നതുവരെ നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് ഹയർ സെക്കണ്ടറി ഡയറക്ടർക്ക് അനുമതി നൽകിയിരുന്നു. ജോലിഭാരത്തിനനുസരിച്ച് തസ്തിക സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത അദ്ധ്യാപകർക്ക് അപ്പോൾ വേതനം നൽകുവാൻ കഴിയുമായിരുന്നില്ല. പിന്നീട് പ്രസ്തുത ബാച്ചുകളിലേക്ക് റഗുലർ തസ്തിക സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിനു ശേഷം ടി ബാച്ചുകളിൽ സേവനമനുഷ്ഠിച്ചിരുന്ന ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട അദ്ധ്യാപകർക്ക് വേതനം നൽകുന്നതിനുള്ള ശിപാർശ ഹയർ സെക്കണ്ടറി ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള നിയമങ്ങൾക്കും ജോലിഭാരത്തിനും അനുസൃതമായി നിയമിക്കപ്പെട്ട യോഗ്യരായ എല്ലാ ഗസ്റ്റ് അദ്ധ്യാപകർക്കും വേതന കുടിശ്ശിക നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

**ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ കോമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകൾ**

54 (1108) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ സ്കൂളുകളിൽ കോമേഴ്സ് അദ്ധ്യാപകരുടെ (ജൂനിയർ & സീനിയർ) എത്ര ഒഴിവുകൾ ഇതുവരെ പബ്ലിക് സർവീസ് കമ്മീഷനു റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) പ്രസ്തുത തസ്തികകളിലേക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് പ്രസിദ്ധീകരിച്ചത് എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് എത്ര പേർക്ക് നിയമന ശിപാർശ നടത്തുവാൻ പബ്ലിക് സർവീസ് കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ കൊമേഴ്സ് (സീനിയർ) തസ്തികയിലെ 32 ഒഴിവുകളും ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ കോമേഴ്സ് (ജൂനിയർ) തസ്തികയിലെ 357 ഒഴിവുകളും പി.എസ്.സി.-ക്ക്

റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിൽ നോൺ വൊക്കേഷണൽ ടീച്ചർ കൊമേഴ്സ് (സീനിയർ) തസ്തികയിലെ 21 ഒഴിവുകൾ ഇതുവരെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിൽ കൊമേഴ്സ് വിഷയത്തിൽ ജൂനിയർ അദ്ധ്യാപക തസ്തിക നിലവിലില്ല.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) റിപ്പോർട്ട് ചെയ്ത ഒഴിവുകളിലെല്ലാം നിയമന ശിപാർശ നൽകുന്നത് പി.എസ്.സി.-വഴിയാണ്.

**പാഠ്യപദ്ധതിയിൽ സാമൂഹ്യ സേവനം ഉൾപ്പെടുത്തുന്നതിനു നടപടികൾ**

55 (1109) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യസേവനം ഏതെങ്കിലും തലത്തിൽ സംസ്ഥാനത്തെ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) വിദ്യാർത്ഥികളിൽ സാമൂഹ്യ സേവനാവബോധം ഉണ്ടാക്കുന്നതിനായി സ്കൂൾതലം മുതൽ പാഠ്യപദ്ധതിയിൽ സാമൂഹ്യസേവനം ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

ഉത്തരം

(എ) ഒന്നാം ക്ലാസ് മുതൽ തന്നെ സാമൂഹ്യ സേവനവുമായി ബന്ധപ്പെട്ട ആശയങ്ങൾ പാഠപുസ്തകങ്ങളിൽ നൽകി വരുന്നുണ്ട്. സമൂഹവുമായി ബന്ധപ്പെട്ടത്തിയിട്ടുള്ള പഠനാനുഭവങ്ങൾ ക്ലാസ് മുറികളിൽ സജ്ജമാക്കുന്നതിന് പാഠപുസ്ത കങ്ങളിൽ സാമൂഹ്യ സേവനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഉള്ളടക്കവുമായി ഉദ്ഗ്രഥിച്ച് അവതരിപ്പിച്ചിട്ടുണ്ട്. 2, 4, 6, 8, 12 ക്ലാസുകളിലും ഇവ പാഠപുസ്തകത്തിൽ ഉള്ളടക്കവുമായി ഉദ്ഗ്രഥിച്ച് അവതരിപ്പിച്ചിട്ടുണ്ട്.

(ബി) കേരള സ്കൂൾ പാഠ്യപദ്ധതി അനുസരിച്ച് സാമൂഹ്യ സേവന തൽപരത വളർത്തുന്ന പാഠഭാഗങ്ങൾ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**എല്ലാ സർക്കാർ സ്കൂളുകൾക്കും സ്വന്തമായി കെട്ടിടം**

56 (1110) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തമായി കെട്ടിടമില്ലാത്ത സർക്കാർ സ്കൂളുകൾ എത്രയുണ്ടെന്ന് അറിയിക്കുമോ ;

(ബി) എല്ലാ സർക്കാർ സ്കൂളുകൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) എല്ലാ സർക്കാർ സ്കൂളുകളിലും കുടിവെള്ള സൗകര്യവും മൂത്രപ്പുര/കക്കൂസ് സൗകര്യവും ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി പ്രത്യേക പദ്ധതി തയ്യാറാക്കുമോ ?

<u>ഉത്തരം</u>

(എ) 225 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്കും 130 ഹൈസ്കൂൾ വരെയുള്ള സ്കൂളുകൾക്കും സ്വന്തമായി കെട്ടിടമില്ല.

(ബി) പരിശോധിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) നടപടി സ്വീകരിച്ചു വരുന്നു.

**വ്യാജ സർവ്വകലാശാലകൾ**

57 (1111) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാജമായി ഒരു സർവ്വകലാശാല പ്രവർത്തിക്കുന്നതായുള്ള യു.ജി.സി. റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സെന്റ്ജോൺസ് എന്ന പേരിൽ പ്രവർത്തിക്കുന്ന യൂണിവേഴ്സിറ്റിയിൽ ചേർന്ന് വിദ്യാർത്ഥികൾ വഞ്ചിതരായിട്ടുള്ളതായി അറിയാമോ ;

(സി) വ്യാജ സർവ്വകലാശാലയെക്കുറിച്ചും വ്യാജ സർട്ടിഫിക്കറ്റുകൾ സംബന്ധിച്ചും അന്വേഷിക്കുമോ ?

ഉത്തരം

(എ-സി) സെന്റ് ജോൺസ് യൂണിവേഴ്സിറ്റി എന്ന പേരിൽ ഒരു വ്യാജ സർവ്വകലാശാല പ്രവർത്തിക്കുന്നതായി യു.ജി.സി. അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് ഇക്കാര്യം അന്വേഷിക്കുകയും ഈ പേരിൽ ഒരു സർവ്വകലാശാല പ്രവർത്തിക്കുന്നതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്ന് റിപ്പോർട്ട് നൽകുകയും ചെയ്തു. എന്നാൽ ഇപ്പോൾ യു.ജി.സി. വീണ്ടും ഈ സർവ്വകലാശാലയെ കുറിച്ച് മുന്നറിയിപ്പ് നൽകിയിരിക്കുന്നതിനാൽ ഇക്കാര്യം വീണ്ടും അന്വേഷിക്കാൻ പോലീസിനോട് ആവശ്യപ്പെടുന്നതാണ്.

## എച്ച്.എസ്.എ. (ഫിസിക്കൽ സയൻസ്) തസ്തിക

58 (1112) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 22-11-2011-ൽ നിലവിൽവന്ന എച്ച്.എസ്.എ.(ഫിസിക്കൽ സയൻസ്) തസ്തികയുടെ (കാറ്റഗറി നമ്പർ 177/2008) റാങ്ക് ലിസ്റ്റിന്റെ കാലാവധി ആറ് മാസം കൂടി നീട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) എത്ര ഒഴിവുകൾ നിലവിലുണ്ട്;

(സി) തിരുവനന്തപുരം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിലവിൽ ഒഴിവുകൾ ഉണ്ടായിട്ടും പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) ഈ വർഷത്തെ പുനർവിന്യാസം പൂർത്തിയായതിനുശേഷവും ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ;

(ഇ) അടിയന്തരമായി പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 30-9-2014-ലെ കാലാവധി അവസാനിക്കുന്ന എല്ലാ റാങ്ക് പട്ടികകളും 31-3-2015 വരെ നീട്ടിക്കൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) ഒഴിവുകൾ നിലവിലില്ല.

(സി) നിലവിൽ 1:35 അനുപാതത്തിൽ ടി തസ്തികയിൽ 4 അദ്ധ്യാപകർ

അധികമായി നിലനിൽക്കുന്നു.

(ഡി) ഉണ്ട്. പുനർവിന്യാസിക്കേണ്ട അദ്ധ്യാപകരെ ഇനിയും താൽക്കാലികമായി നിലനിർത്തിയിട്ടുണ്ട്. പ്രസ്തുത അദ്ധ്യാപകരുടെ പുനർവിന്യാസം തസ്തികകളിൽ ഒഴിവ് വരുന്നമുറയ്ക്ക് പൂർത്തിയാക്കുന്നതും തുടർന്നുവരുന്ന ഒഴിവുകളിൽ നിയമന നടപടികൾ സ്വീകരിക്കുന്നതുമാണ്.

(ഇ) ഒഴിവ് വരുന്ന മുറയ്ക്ക് നിയമന നടപടികൾ സ്വീകരിക്കുന്നതാണ്.

**എയ്ഡഡ് പദവി അനുവദിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിവരം**

59 (1113) <u>ശ്രീ. എം. എ. ബേബി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് വിദ്യാഭ്യാസ വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പിനും ഉന്നത വിദ്യാഭ്യാസ വകുപ്പിനും കീഴിൽ ഏതെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പുതുതായി എയ്ഡഡ് പദവി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് ; വകുപ്പ് തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് എയ്ഡഡ് മേഖലയിൽ പുതുതായി അനുവദിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വകുപ്പ് തിരിച്ച് വിശദമാക്കാമോ ;

(സി) എയ്ഡഡ് പദവി നൽകിക്കൊണ്ടും പുതുതായി എയ്ഡഡ് സ്ഥാപനങ്ങൾ അനുവദിച്ചും ഉള്ള സർക്കാർ ഉത്തരവുകൾ വഴി പുതുതായി എത്ര തസ്തികകൾ സൃഷ്ടിക്കുകയുണ്ടായി; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**എയ്ഡഡ് മേഖലയിലെ അദ്ധ്യാപക അനദ്ധ്യാപക നിയമനങ്ങൾ**

60 (1115) <u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ശ്രീ. സി. എഫ്. തോമസ്</u> :
<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> :

ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലേയും കോളേജുകളിലേയും അദ്ധ്യാപക-അനദ്ധ്യാപക നിയമനം അംഗീകരിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) എയ്ഡഡ് മേഖലയിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ കാലതാമസം ഒഴിവാക്കി അംഗീകരിച്ചു നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) നിയമനങ്ങൾ അംഗീകരിക്കുന്നതിന് നിയമം അനുശാസിക്കുന്ന നടപടികൾ എടുക്കുന്ന കാലതാമസം മാത്രമേ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളൂ. അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ കാലതാമസം ഒഴിവാക്കി അംഗീകരിച്ചു നൽകുന്നതിന് എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകുന്നതായിരിക്കും. നിയമനാംഗീകാരം നൽകുന്നതിന് നിഷ്കർഷിച്ചിട്ടുള്ള ചട്ടപ്രകാരമുള്ള വ്യവസ്ഥകൾ എല്ലാം കൃത്യമായി പാലിച്ച് സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ അംഗീകരിച്ചു നൽകുന്നതിന് കാലതാമസം വരാറില്ല. എന്നാൽ നിയമന കാര്യത്തിൽ മേൽ സൂചിപ്പിച്ച വധത്തിലുള്ള വ്യവസ്ഥകൾ പല കാരണങ്ങളാലും പാലിക്കാത്തതിനാൽ പല നിയമനങ്ങളും സമയബന്ധിതമായി അംഗീകരിച്ചു നൽകാൻ കഴിയാത്ത സാഹചര്യം ഉണ്ട്. കൂടാതെ നിയമനം സംബന്ധിച്ച തർക്കപ്രശ്നങ്ങളും മറ്റു വ്യവഹാരങ്ങളും ബഹുമാനപ്പെട്ട ഹൈക്കോടതിയിലും മറ്റും തീർപ്പാക്കാതെ കിടക്കുന്ന സാഹചര്യത്തിൽ ആയതു സംബന്ധിച്ച തീരുമാനമെടുത്തതിനു ശേഷം മാത്രമേ നിയമനാംഗീകാരം നൽകുവാൻ സാധിക്കുകയുള്ളൂ.

**എയ്ഡഡ് സ്കൂളുകളിലെ പ്ലസ് ടു ബാച്ചുകളിലെ അദ്ധ്യാപക നിയമനം**

61 (1116) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് മേഖലയിൽ അനുവദിച്ച പ്ലസ് ടു ബാച്ചുകളിലേക്ക് മാനേജ്മെന്റുകൾ സ്ഥിരമായും ഗസ്റ്റ് ആയും അദ്ധ്യാപക നിയമനം നടത്തുന്നതിന് കോഴ വാങ്ങിയിട്ടുള്ളതായി അറിയാമോ ;

(ബി) 2014-ൽ എയ്ഡഡ് മേഖലയിൽ പ്ലസ് ടു അധ്യാപകരുടെ ഒഴിവുകളിലേക്ക് നടത്തപ്പെട്ട താൽക്കാലികമോ സ്ഥിരമോ ആയിട്ടുള്ള നിയമനങ്ങൾ എത്രയായിരുന്നു ;

(സി) പ്രസ്തുത ഒഴിവുകളിലേക്ക് മാനേജ്മെന്റുകൾ നിയമനം നടത്തിയത് കോഴ വാങ്ങിക്കൊണ്ടാണെന്ന ആക്ഷേപങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തുകയുണ്ടായോ ; എങ്കിൽ എത്ര മാനേജ്മെന്റുകൾക്കെതിരെ നടപടി സ്വീകരിച്ചു ;

(ഡി) യാതൊരു കോഴയും വാങ്ങാതെയാണ് എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകൾ നിയമനം നടത്തിയിട്ടുള്ളതെന്ന് അറിവുണ്ടോ ;

(ഇ) പ്ലസ് ടു ബാച്ചുകൾ അനുവദിച്ചു കിട്ടുന്നതിന് മാനേജ്മെന്റുകൾ കോഴ നൽകിയിട്ടുള്ളതായുള്ള ആക്ഷേപങ്ങൾ അന്വേഷണവിധേയമാക്കിയിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2014-ൽ സംസ്ഥാനത്ത് എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപകരുടെ 437 സ്ഥിര നിയമനങ്ങളും 37 താൽക്കാലിക നിയമനങ്ങളും നടത്തിയിട്ടുണ്ട്. 2014-15 അദ്ധ്യായന വർഷത്തിൽ അനുവദിച്ച പുതിയ സ്കൂളുകളിൽ/ അധിക ബാച്ചുകളിൽ നിയമിക്കപ്പെട്ട ഗസ്റ്റ് അദ്ധ്യാപകരുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(സി-ഇ) അദ്ധ്യാപക നിയമനത്തിനോ പുതിയ സ്കൂളുകൾ/ബാച്ചുകൾ

അനുവദിക്കുന്നതിനോ കോഴ വാങ്ങിയിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അതിനാൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## അടൂർ വിദ്യാഭ്യാസ ജില്ല രൂപീകരണം

62 (1117) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടൂർ വിദ്യാഭ്യാസ ജില്ല രൂപീകരണത്തിന് നിലവിലുള്ള കാലവിളംബം എന്തെല്ലാമെന്ന് അറിയിക്കുമോ ; നാളിതുവരെ അനുബന്ധ വിഷയത്തിന്മേലുള്ള പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) അധിക തസ്തിക സൃഷ്ടിക്കാതെ നിലവിലുള്ള ജീവനക്കാരെ പുനർവിന്യസിപ്പിച്ച് വിദ്യാഭ്യാസ ജില്ല അടിയന്തിരമായി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ&ബി) അടൂർ വിദ്യാഭ്യാസ ജില്ല രൂപീകരണം സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും വിശദമായ പ്രൊപ്പോസൽ ലഭിക്കുകയും സർക്കാർ പരിശോധിക്കുകയുമുണ്ടായി. ഹെഡ്മാസ്റ്റർമാർക്ക് ഡ്രായിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് അധികാരം നൽകിയിട്ടുള്ള സാഹചര്യത്തിലും, ശമ്പളബില്ലുകൾ ഇപ്പോൾ SPARK മുഖേന ചെയ്യുന്നതിനാലും ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ജോലിഭാരം മുമ്പുള്ളതിനേക്കാൾ ലഘൂകരിക്കാൻ കഴിഞ്ഞിട്ടുള്ളതിനാൽ പ്രസ്തുത പ്രൊപ്പോസൽ പരിഗണിക്കുവാൻ കഴിയില്ല. വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ഓഫീസ് ജോലികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക നിയമനങ്ങളുടെ അംഗീകാരം

63 (1118) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾ അംഗീകാരത്തിനായി വിവിധ എ.ഇ.ഒ., ഡി.ഇ.ഒ. ഓഫീസുകളിൽ കെട്ടികിടക്കുന്നതിന്റെ വിശദാംശം ജില്ലതിരിച്ചും എ.ഇ.ഒ., ഡി.ഇ.ഒ. ഓഫിസുകൾ തിരിച്ചും എത്ര എണ്ണം ഉണ്ട് എന്ന് വ്യകതമാക്കുമോ ;

(ബി) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങളും ട്രാൻസ്ഫറുകളും അംഗീകരിച്ച് ശമ്പളം നല്കുന്നതിൽ ഗുരുതരമായ കാല താമസവും വീഴ്ചകളും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിന് ഉത്തരവാദികളായ എത്ര ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാരിന്റെ കാലത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യകതമാക്കുമോ ;

(സി) എയ്ഡഡ് സ്കൂളുകളിലെ നിയമനവും ട്രാൻസ്ഫറും അംഗീകരിച്ച് നല്കുന്നതിൽ ബോധപൂർവ്വമായി വീഴ്ച വരുത്തിയിട്ടുള്ള എത്ര പേരുടെ പരാതി കഴിഞ്ഞ മൂന്ന് വർഷക്കാലമായി ലഭിച്ചിട്ടുണ്ട് ; ആയതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ഡി) വ്യക്തമായ ഉത്തരവുകൾ ഉണ്ടായിട്ടും നിയമനവും ട്രാൻസ്ഫറും അംഗീകരിച്ച് ശമ്പളം നല്കാത്ത ഉദ്യോഗസ്ഥരെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യകതമാക്കുമോ ;

(ഇ) ഇത്തരത്തിലുള്ള കേസ്സുകൾ അടിയന്തരമായി കൈകാര്യം ചെയ്യുന്നതിന് ഗവൺമെന്റ് തലത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നത് പരിഗണിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**എയ്ഡഡ് സ്കൂളുകളിൽ കണക്കിൽ കൃത്രിമം കാണിച്ച് അദ്ധ്യാപക നിയമനം**

64 (1119) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂളുകളിൽ കുട്ടികളുടെ കണക്കിൽ കൃത്രിമം കാണിച്ച് കൂടുതൽ അധ്യാപകരെ മാനേജ്മെന്റ് നിയമിച്ച ശേഷം അവരെ അദ്ധ്യാപക ബാങ്കിലെ അംഗങ്ങളാക്കുകയും അതിനുശേഷം തൊഴിൽ സമ്പാദിക്കുകയും ചെയ്തുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു തടയുവാൻ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം തട്ടിപ്പു വഴി 2013-14, 2014-15 അധ്യയന വർഷങ്ങളിൽ ഖജനാവിലുണ്ടാവുന്ന നഷ്ടം എത്ര തുകയാണ് ;

(ഡി) 2014-15 അദ്ധ്യായന വർഷം എത്ര കുട്ടികളെ വിവിധ സ്കൂളുകളിൽ വ്യാജമായി ചേർത്തിട്ടുണ്ട് ; ഇതുമായി ബന്ധപ്പെട്ട് എത്ര പ്രധാന അധ്യാപകർ ഉൾപ്പെടെയുള്ള അദ്ധ്യാപകർക്കെതിരെ നടപടി സ്വീകരിച്ചു ; വ്യക്തമാക്കുമോ ;

(ഇ) ഇപ്രകാരം കുട്ടികളുടെ കള്ളക്കണക്കിന്റെ പേരിൽ തട്ടിയെടുത്ത തുക എപ്രകാരം തിരിച്ചുപിടിക്കാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ;

(എഫ്) ഇത്തരം ക്രമക്കേടിന് കൂട്ടുനിൽക്കുന്ന വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എയ്ഡഡ് സ്കൂളുകളിലെ തസ്തിക നിർണ്ണയത്തിലെ ക്രമക്കേടുകൾ കണ്ടുപിടിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിലും കോഴിക്കോട്ടും ഓരോ സൂപ്പർ ചെക്ക് സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) 2013-14 വർഷം പുതിയ തസ്തികകൾക്ക് അംഗീകാരം നൽകിയിട്ടില്ല. 2014-15 വർഷം യു.ഐ.ഡി.-യുടെ അടിസ്ഥാനത്തിലാണ് തസ്തിക നിർണ്ണയം നടത്തിയത്. ആയതിൽ തെറ്റുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ നഷ്ടം ഈടാക്കുന്നതാണ്.

(ഡി) 2014-15 അദ്ധ്യായന വർഷം വിവിധ സ്കൂളുകളിൽ വ്യാജമായി ചേർത്ത കുട്ടികളുടെ എണ്ണം പൂർണ്ണമായി കണക്കാക്കാൻ സാധിച്ചിട്ടില്ല. എന്നാൽ സൂപ്പർ ചെക്ക് സെൽ പരിശോധനയിൽ വ്യാജ അഡ്മിഷൻ നടത്തിയതായി ബോധ്യപ്പെട്ട രണ്ട് സ്കൂളുകളായ കട്ടച്ചൽക്കുഴി എസ്.എൻ.യു.പി.എസ്., എം.സി.എച്ച്.എസ്. കോട്ടുകാൽക്കോണം എന്നിവിടങ്ങളിലെ പ്രഥമാദ്ധ്യാപകരെയും മറ്റദ്ധ്യാപകരെയും ഉൾപ്പെടെ ആകെ 52 പേരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ഇ) സ്കൂളുകളിലെ പ്രഥമാദ്ധ്യാപകരുടെയും വ്യാജമായി ഹാജർ ഇടുന്ന ക്ലാസ് ടീച്ചർമാരുടെയും ബാധ്യതയായി തിരിച്ചു പിടിക്കാനാണ് ഉദ്ദേശിക്കുന്നത്.

(എഫ്) അന്വേഷണ വിധേയമായി കർശനമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതാണ്.

**എയ്ഡഡ് സ്കൂളുകളുടെ വിദ്യാർത്ഥികളുടെ എണ്ണവും അദ്ധ്യാപക തസ്തികകളും**

65 (1120) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചു വരുന്ന എയ്ഡഡ് സ്കൂളുകൾ

എത്ര ; ജില്ല തിരിച്ച് അറിയിക്കുമോ ; പ്രസ്തുത സ്കൂളുകളിൽ 2014-15 വിദ്യാഭ്യാസ വർഷത്തിൽ മൊത്തം എത്ര വിദ്യാർത്ഥികൾ ഉണ്ടായിരുന്നു ; അതിന്റെയടിസ്ഥാനത്തിലുള്ള അദ്ധ്യാപക തസ്തികകൾ എത്ര ; ഇവ ജില്ല തിരിച്ച് അറിയിക്കുമോ ;

(ബി) കുട്ടികളുടെ കണക്കെടുപ്പ് വേളയിൽ യു.ഐ.ഡി./ആധാർ നമ്പറുകൾ കൃത്രിമമായി രജിസ്ട്രേഷൻ നടത്തിയ എത്ര സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ;

(സി) എത്ര സ്കൂളുകളിൽ കൃത്രിമം നടന്നിട്ടുണ്ടോ എന്ന പരിശോധന നടത്തുകയുണ്ടായി ; അവശേഷിക്കുന്നത് എത്ര ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## എയ്ഡഡ്, സർക്കാർ പ്ലസ് ടു സ്കൂളുകൾ അനുവദിച്ചതിലുണ്ടായ ചെലവുകൾ

66 (1121) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എയ്ഡഡ്, സർക്കാർ പ്ലസ് ടു സ്കൂളുകൾക്ക് എത്ര അധികബാച്ചുകൾ അനുവദിച്ചു ; ജില്ലതിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ എയ്ഡഡ്, സർക്കാർ മേഖലയിൽ എത്ര വീതം തസ്തികകൾ അനുവദിച്ചു ; ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) ഇപ്രകാരം അധികബാച്ചുകൾ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രതിവർഷം വരുന്ന ശമ്പളം, മറ്റിനങ്ങൾ എന്നിവയിൽ എത്ര കോടി രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ടുണ്ട് ; വിശദവിവരങ്ങൾ നൽകുമോ ;

(ഡി) തസ്തികകൾ പൂർണ്ണമായും അനുവദിക്കുമ്പോൾ എത്ര കോടി രൂപ അധികച്ചെലവ് പ്രതീക്ഷിക്കുന്നു ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) 711. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) 2011-12 വർഷത്തിൽ അനുവദിച്ച അധിക ബാച്ചുകൾക്കായി 1809 തസ്തികകൾ അനുവദിച്ചു. 2014-15 അദ്ധ്യയന വർഷത്തിൽ അനുവദിച്ച് സ്കൂളുകൾക്കായി തസ്തിക സൃഷ്ടിക്കൽ നടപടികൾ ആരംഭിച്ചിട്ടില്ല. ഹയർ സെക്കണ്ടറി വകുപ്പിൽ സംസ്ഥാന അടിസ്ഥാനത്തിലാണ് തസ്തിക സൃഷ്ടിക്കുന്നത്.

(സി) 2011-12-ൽ 550 അധിക ബാച്ചുകൾ അനുവദിച്ച ഇനത്തിൽ സൃഷ്ടിക്കപ്പെട്ട തസ്തികകൾക്കായി പ്രതിവർഷം അധിക ചെലവ് 76.5 കോടി രൂപയാണ്.

(ഡി) 2011-12-ൽ അനുവദിച്ച അധിക ബാച്ചുകളിൽ മുഴുവൻ തസ്തികകളും സൃഷ്ടിക്കുമ്പോൾ 98.5 കോടി രൂപയും 2014-15-ൽ അനുവദിച്ച അധിക ബാച്ചുകളിൽ മുഴുവൻ തസ്തികകളും സൃഷ്ടിക്കുമ്പോൾ ഏകദേശം 39 കോടി രൂപയും ചെലവ് പ്രതീക്ഷിക്കുന്നു.

## സ്കൂൾതല മൽസരങ്ങളിൽ ചെസ്

67 (1122) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾതല മത്സരങ്ങളിൽ 'ചെസ്' (CHESS) ഒരു ഇനമായി പരിഗണിച്ചിട്ടുണ്ടോ ;

(ബി) കുട്ടികളുടെ ബൗദ്ധിക നിലവാരം ഉയർത്താനുതകുന്ന അന്തർദ്ദേശീയ പ്രശസ്തിയാർജ്ജിച്ച ഈ വിഭാഗം മത്സരം നാളിതുവരെ സ്കൂൾതല മത്സരയിനമായി ഉൾപ്പെടുത്താത്തതിന്റെ കാരണം വിശദമാക്കുമോ ;

(സി) 'ചെസ് ' ഒരു മത്സരയിനമായി സ്കൂൾ തലത്തിൽ ആരംഭിക്കുന്നതിനു വേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരിഗണിച്ചിട്ടുണ്ട്.

(ബി&സി) ഉദിക്കുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ്

68 (1123) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് 2010 മുതൽ 2013 വരെ എത്ര വിദ്യാർത്ഥികൾക്ക് ലഭിച്ചെന്ന് വിശദമാക്കുമോ ;

(ബി) വിജയിച്ച വിദ്യാർത്ഥികൾക്ക് പ്രതിവർഷം 6000 രൂപ പ്രകാരം കഴിഞ്ഞ നാല് വർഷം എത്ര വിദ്യാർത്ഥികൾക്ക് നൽകിയെന്ന് വ്യക്തമാക്കുമോ ;

(സി) അർഹരായ വിദ്യാർത്ഥികൾക്ക് ബാക്കി തുക നൽകാനുണ്ടോ ; ഉണ്ടെങ്കിൽ തുക നൽകാനുള്ള വിദ്യാർത്ഥികളുടെ പേരും തുകയും വിശദമാക്കുമോ ;

(ഡി) സ്കോളർഷിപ്പ് തുക നൽകാൻ ബാക്കിയുണ്ടെങ്കിൽ ഇതുവരെ നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കേരളത്തിൽ നിന്ന് 3473 കുട്ടികൾക്ക് ഓരോ വർഷവും നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർസിപ്പ് ലഭിക്കുന്നുണ്ട്.

(ബി) കേന്ദ്ര മാനവശേഷി മന്ത്രാലയം നൽകി വരുന്ന ഈ സ്കോളർഷിപ്പ് 2010-11 മുതൽ DBT പദ്ധതി പ്രകാരം കുട്ടികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നിക്ഷേപിക്കുകയാണ് ചെയ്തു വരുന്നത്.

(സി&ഡി) അർഹരായ വദ്യാർത്ഥികളിൽ 2009-2011 വർഷത്തിൽ 213 കുട്ടികൾക്കും 2011-12 വർഷത്തിൽ 2314 കുട്ടികൾക്കും തുക ലഭ്യമായിരുന്നില്ല. കുട്ടികളുടെ അക്കൗണ്ട് നമ്പരിലെ പിഴവാണ് ഇതിനു കാരണം. അക്കൗണ്ട് നമ്പർ ശരിയാക്കി കേന്ദ്ര മാനവശേഷി മന്ത്രാലയത്തിന് അയയ്ക്കുന്നുണ്ട്. അപ്രകാരം കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നുമുണ്ട്. 2012-13 വർഷത്തിൽ 2621 കുട്ടികളുടെ വിവരങ്ങൾ ശരിയാക്കി നൽകിയിട്ടുണ്ട്. DBT പദ്ധതിയിലെ സാങ്കേതികമായ തടസ്സങ്ങളും സ്കോളർഷിപ്പ് കൃത്യമായി വിതരണം ചെയ്യുന്നതിന് തടസ്സമാകുന്നുണ്ട്. ഇത് പരിഹരിക്കുന്നതിനായി വരും വർഷങ്ങളിൽ പുതിയ സ്കീമായ Plan Fund Monitoring System (PFMS) ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## ആദിവാസി ഊരുകളിലെ ബദൽ ഏകാദ്ധ്യാപക വിദ്യാലയങ്ങൾ

69 (1124) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസി ഊരുകളിൽ സംസ്ഥാന സർക്കാരിന് കീഴിലുള്ള എത്ര ബദൽ-ഏകാദ്ധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവിടെയെല്ലാമായി ആകെ എത്ര അദ്ധ്യാപകർ ജോലി ചെയ്യുന്നു ; ഇവരുടെ സേവന വേതന വ്യവസ്ഥകൾ എന്തെല്ലാം ; വ്യക്തമാക്കാമോ ;

(സി) ഇവരുടെ വേതനം കൃത്യമായി നൽകുന്നുണ്ടോ ; ഇതിൽ കുടിശ്ശിക വന്നിട്ടുണ്ടോ ; എങ്കിൽ എത്രമാസം കുടിശ്ശികയായിട്ടുണ്ട് ; ഇത് എന്ന് നൽകും ; വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത അദ്ധ്യാപകരുടെ വേതനം സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ സർക്കാരിന് നൽകിയ ശിപാർശ എന്തെന്ന് വിശദമാക്കുമോ ; ഇത് സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്ന് നടപ്പിലാക്കും ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മേഖല കളിലായി 321 ബദൽ/ഏകാദ്ധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു.

(ബി) 321 ബദൽ/ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ ആകെ 371 വിദ്യാവോളന്റിയർമാർ 2014-15 അദ്ധ്യയന വർഷം ജോലി ചെയ്യുന്നു. ഇവർക്ക് പ്രതിമാസം അയ്യായിരം രൂപ (9-1-2014 മുതൽ) ഓണറേറിയവും അർഹരായ വിദ്യാ വോളന്റിയർമാർക്ക് പ്രതിമാസം അഞ്ഞൂറ് രൂപ ഹിൽ ട്രാക്ട് അലവൻസും പ്രതിവർഷം ഇരുപത് ദിവസത്തെ ആർജ്ജിതാവധി വിൽപ്പനയും അനുവദിച്ചിട്ടുണ്ട്.

(സി) വേതനം കൃത്യമായി നൽകുന്നുണ്ട്. 2015 മാർച്ചുവരെ നൽകേണ്ട ഓണറേറിയവും മറ്റ് അലവൻസുകളും ഇതിനകംതന്നെ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും അനുവദിച്ചുകൊടുത്തിട്ടുണ്ട്. ആവശ്യകതയനുസരിച്ച് ഈ തുക ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർവഴി സമയബന്ധിതമായി വിതരണം ചെയ്യുന്നുണ്ട്.

(ഡി) 321 ബദൽ/ഏകാദ്ധ്യാപക വിദ്യാലയങ്ങളിലെ വിദ്യാ വോളന്റിയർമാർക്ക് പ്രതിമാസ വേതനം കുറഞ്ഞത് പതിനായിരം രൂപയാക്കണമെന്നാണ് മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്തിരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ മൂവായിരം രൂപയിൽനിന്നും 1-9-2014 മുതൽ അയ്യായിരം രൂപയാക്കി ഓണറേറിയം ഉയർത്തി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**അനധികൃത ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ**

70 (1125) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷത്തെ സാമ്പത്തിക സർവ്വേ റിപ്പോർട്ട് പ്രകാരം എത്ര അനധികൃത ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട് ;

(ബി) ഇതിൽ സി.ബി.എസ്.ഇ. സിലബസ്സുള്ള എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ;

(സി) സ്റ്റേറ്റ് സിലബസ്സുള്ള എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ;

(ഡി) സ്വന്തമായി കെട്ടിടം ഇല്ലാതെ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര സ്കൂളുകളാണുള്ളത് ;

(ഇ) അടിസ്ഥാന സൗകര്യങ്ങൾ പൊതുവേ കുറവായ ഈ അനധികൃത സ്കൂളുകളെ നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) സർക്കാർ അംഗീകാരമില്ലാതെയും വകുപ്പുതല അംഗീകാരമില്ലാതെയും നടത്തിവരുന്ന സ്ഥാപനങ്ങളാകയാൽ അത്തരം സ്ഥാപനങ്ങളുടെ വ്യക്തമായ കണക്ക് ലഭ്യമല്ല.

(സി) ജി.ഒ. (എംഎസ്.) 184/13/പൊ.വി. തീയതി 10-6-2013 ഉത്തരവ് പ്രകാരം സ്റ്റേറ്റ് സിലബസ് അനുസരിച്ച് പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. എഴുന്നൂറോളം അപേക്ഷകൾ ഈ മേഖലയിൽ നിന്നും ലഭിച്ചിട്ടുണ്ട്. 31-12-2014 വരെ ഇത്തരം വിദ്യാലയങ്ങളുടെ അപേക്ഷകൾ സ്വീകരിക്കാമെന്നതിനാൽ അതിനുശേഷമേ വ്യക്തമായ കണക്ക് ലഭ്യമാവുകയുള്ളൂ.

(ഡി) കണക്ക് ലഭ്യമല്ല.

(ഇ) സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങളില്ലാതെ അംഗീകാരമില്ലാത്ത വിദ്യാലയങ്ങൾ അടച്ചുപൂട്ടുന്നതിനുള്ള നടപടികൾ അർഹതയുള്ള വിദ്യാലയങ്ങൾക്ക് അംഗീകാരം നൽകിയ ശേഷം സ്വീകരിക്കുന്നതും അനധികൃത സ്കൂളുകൾക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## അദ്ധ്യാപക ബാങ്കിലെ സർക്കാർ സ്കൂളിലെ പ്രൊട്ടക്റ്റഡ് അധ്യാപകർക്ക് മുൻഗണന

71 (1126) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അദ്ധ്യാപക ബാങ്കിലെ പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ നിലവിൽ എത്ര പേരുണ്ട് ; സർക്കാർ/എയ്ഡഡ് എന്നിങ്ങനെ തരം തിരിച്ച്

വ്യക്തമാക്കുമോ ;

(ബി) ഇവർക്ക് ശമ്പളം നൽകുവാൻ ഈ അദ്ധ്യയന വർഷം ഏകദേശം എന്തു തുക വേണ്ടിവരും ;

(സി) അദ്ധ്യാപക ബാങ്കിലെ സർക്കാർ സ്കൂളിലെ പ്രൊട്ടക്ടഡ് അദ്ധ്യാപകർക്ക് (പി.എസ്.സി. വഴി നിയമനം ലഭിച്ചവർ) എന്തെങ്കിലും മുൻഗണന ലഭ്യമാണോ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) എയ്ഡഡ് സ്കൂളുകളിലെ വൻ തുക കോഴ വാങ്ങിയുള്ള അദ്ധ്യാപക നിയമനത്തിൽ കർശനമായി ഇടപെടാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഇ) ദേശീയ വിദ്യാഭ്യാസ അവകാശ നിയമപ്രകാരമുള്ള എത്ര പ്രൊട്ടക്ടട് അദ്ധ്യാപകർ എന്നുകൂടി പരിഗണിച്ച് സംസ്ഥാന അദ്ധ്യാപക ബാങ്കിലെ അദ്ധ്യാപകർക്ക് സംരക്ഷണം നൽകാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2010-11-ലെ തസ്തിക നിർണ്ണയപ്രകാരം 2939 പ്രൊട്ടക്ട് അദ്ധ്യാപകരുണ്ട്. സർക്കാർ സ്കൂൾ അദ്ധ്യാപകർ പ്രൊട്ടക്ടഡ് വിഭാഗത്തിൽ പെടുന്നില്ല.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) സർക്കാർ സ്കൂളുകളിൽ പ്രൊട്ടക്ടഡ് അദ്ധ്യാപകരില്ല. സർക്കാർ സ്കൂളുകളിൽ പ്രൊട്ടക്ഷൻ നൽകി വിന്യസിച്ചിരിക്കുന്നത് എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെയാണ്. ഇവർ പി.എസ്.സി. വഴി നിയമനം ലഭിച്ചവരല്ല.

(ഡി) നിയമനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനായി സ്പെഷ്യലിസ്റ്റ് അദ്ധ്യാപക നിയമനം പി.എസ്.സി.-ക്ക് വിട്ടിട്ടുണ്ട്. നിയമനക്കാര്യത്തിൽ ഒരു നിയന്ത്രണം കൊണ്ടുവരുന്നതിന്റെ ഭാഗമായി മുൻകൂട്ടി വിജ്ഞാപനം ചെയ്തിരിക്കുന്ന ഒഴിവുകളിലായിരിക്കണം എയ്ഡഡ് സ്കൂളിലെ അദ്ധ്യാപക നിയമനം എന്ന് ഉത്തരവായിട്ടുണ്ട്.

(ഇ) ദേശീയ വിദ്യാഭ്യാസ അവകാശ നിയമം കുട്ടികളുടെ വിദ്യാഭ്യാസ അവകാശത്തിനായുള്ളതാണ്, അദ്ധ്യാപകരെ സംരക്ഷിക്കുന്നതിനായുള്ളതല്ല.

**വിഭിന്ന ശേഷിയുള്ള കുട്ടികൾക്കുള്ള അൺഎയ്ഡഡ് സ്കൂളുകൾ**

72 (1127) <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിഭിന്ന ശേഷിയുള്ള കുട്ടികൾക്ക് മാത്രമായി എത്ര അൺ എയ്ഡഡ് സ്കൂളുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇക്കൂട്ടത്തിൽ പ്രവർത്തനത്തിൽ മാതൃക കാട്ടിയ സ്കൂളുകളെ എയ്ഡഡ് ആക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പ്രവർത്തിച്ചുവരുന്ന 292 സ്കൂളുകൾക്ക് PWD Act/Rules പ്രകാരം രജിസ്ട്രേഷൻ നൽകിയിട്ടുണ്ട്.

(ബി) ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് 28-4-14-ലെ സ.ഉ.(പി)നമ്പർ 69/2014/പൊ.വി.വ പ്രകാരം തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മാനസികമായ വെല്ലുവിളികൾ നേരിടുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് പദവിയിലേക്ക് ഉയർത്തുന്നത് സംബന്ധിച്ച് പരാമർശിത വിഷയങ്ങളിൽ ബന്ധപ്പെട്ട സ്കൂൾ അധികൃതരുമായും വിദഗ്ധരുമായും ചർച്ചകൾ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പൊതു വിദ്യാഭ്യാസ ഡയറക്ടർ കൺവീനറും സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, ഡോ. എം. കെ. ജയരാജ് (പ്രിൻസിപ്പാൾ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ്(എസ്.ഐ.എം.സി.) പാങ്ങപ്പാറ) എന്നിവർ അംഗങ്ങളുമായ ഒരു മൂന്നംഗ കമ്മറ്റി രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കമ്മറ്റിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല.

**നാഷണൽ സർവ്വീസ് സ്കീം ധനസഹായം**

73 (1128) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ സർവ്വീസ് സ്കീം ധനസഹായത്തിൽ നിന്ന് സർക്കാർ പിൻവാങ്ങുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ ;

(ബി) ഈ സ്കീമിൽ അംഗമായിട്ടുള്ള വിദ്യാർത്ഥികളിൽ നിന്നും നിലവിൽ ഫീസ് ഈടാക്കുന്നുണ്ടോ ;

(സി) ഈ സ്കീമിനെ സ്വാശ്രയവത്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ഡി) ഈ സ്കീമിനെ സ്വാശ്രയവത്കരിക്കുന്നത് സാമൂഹ്യ സേവനത്തിന് സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നതാവുമെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) വിദ്യർത്ഥികൾക്ക് സാമ്പത്തിക ബാധ്യത സൃഷ്ടിക്കാതെ, സാമൂഹ്യ സേവനത്തിൽ കൂടുതൽപേരെ ആകർഷിക്കുന്ന തരത്തിൽ ഇതിൽ അംഗത്വം സൗജന്യമാക്കുന്ന കാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഇല്ല.

(സി) നിലവിലുള്ള യൂണിറ്റുകൾക്ക് പുറമേ പുതുതായി സ്വാശ്രയ രീതിയിലും ആവശ്യമുള്ള സ്ഥാപനങ്ങൾക്ക് എൻ.എസ്.എസ്.യൂണിറ്റ് തുടങ്ങാമെന്ന് കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) പരിഗണിക്കാവുന്നതാണ്.

**അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി**

74 (1129) <u>ശ്രീ. പി. റ്റി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കേരളത്തെ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനം എന്ന പദവിയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ കേരള സംസ്ഥാന സാക്ഷരതാ മിഷൻ ആവിഷ്കരിച്ച ഒരു നൂതന പദ്ധതിയാണ് അതുല്യം സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും പരിധിയിൽപ്പെടുന്ന 15 വയസ്സ് മുതൽ 50 വയസ്സ് വരെ പ്രായമുള്ള പ്രാഥമിക വിദ്യാഭ്യാസം നേടാൻ കഴിയാതെ പോയ മുഴുവൻ പേർക്കും ഈ പരിപാടിയിലൂടെ പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിന് ലക്ഷ്യമിടുന്നു. സമ്പൂർണ്ണ നാലാംതരം തുല്യത, പരിപൂർണ്ണ സാക്ഷരത, ഇ-സാക്ഷരത, ശാരീരിക

മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പ്രത്യേക തുല്യതാ പരിപാടി എന്നിവ ഇതിൽ ഉൾപ്പെടുന്നു.

ഈ പരിപാടിയുടെ ഒന്നാംഘട്ടം 2011-ൽ കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലെയും തെരഞ്ഞെടുത്ത ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും വിജയകരമായി നടപ്പിലാക്കി. രണ്ടാംഘട്ടം 2014-15 വർഷം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ആരംഭിച്ചുകഴിഞ്ഞു. പഠിതാക്കളെ കണ്ടെത്തുക, തുല്യതാ പാഠാവലിയുടെ അടിസ്ഥാനത്തിൽ ക്ലാസുകൾ നടത്തുക, അതോടൊപ്പം അനുബന്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക, പരീക്ഷ നടത്തി വിജയികൾക്ക് സർട്ടിഫിക്കറ്റുകൾ നൽകുക എന്നീ പ്രവർത്തനങ്ങളാണ് മുഖ്യമായും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### സ്കൂൾ കുട്ടികൾക്ക് സൗജന്യ യൂണിഫോം വിതരണ പദ്ധതി

75 (1130) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ഡി) എല്ലാ കുട്ടികൾക്കും യൂണിഫോം വിതരണം എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഒന്നുമുതൽ എട്ടുവരെ ക്ലാസുകളിൽ പഠിക്കുന്ന എ.പി.എൽ. വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ കുട്ടികൾക്കും സൗജന്യ യൂണിഫോം നൽകിവരുന്നു.

(ബി) കുട്ടികളെ സ്കൂളുകളിലേക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായാണ് സൗജന്യ യൂണിഫോം വിതരണം ചെയ്തുതുടങ്ങിയത്. സാമൂഹ്യ വൈജാത്യം ഒഴിവാക്കുക, തുല്യത ഉറപ്പുവരുത്തുക, സാമൂഹ്യ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം കാണുക എന്നിവയാണ് ലക്ഷ്യം.

(സി) യൂണിഫോമിനുവേണ്ടി അനുവദിക്കപ്പെട്ടിരിക്കുന്ന തുക എസ്.എസ്.എ.-യുടെ സംസ്ഥാന ഓഫീസിൽ നിന്നും എല്ലാ ജില്ലാ പ്രോജക്ട് ഓഫീസുകളിലേക്കും കൈമാറുകയും ജില്ലകൾ അവ ബ്ലോക്ക് റിസോഴ്സ് സെന്ററുകളിൽ എത്തിക്കുകയും ചെയ്യുന്നു. ബി.ആർ.സി.-കൾ ആവശ്യത്തിനനുസരിച്ച് അദ്ധ്യായന വർഷം ആരംഭിക്കുന്നതിന് മുമ്പോ, ആരംഭിക്കുമ്പോഴോ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി (എസ്.എം.സി.)-യുടെ അനുമതിയോടെ സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് ഗുണമേന്മയുള്ള യൂണിഫോമുകൾ വാങ്ങുന്നതിനുള്ള തുക കൈമാറുന്നു.

(ഡി) 2014-15 വർഷത്തെ സ്കൂൾ യൂണിഫോം നവംബർ 30-നകം വിതരണം പൂർത്തിയാക്കാനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്.

**പതിനാല് വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധിത വിദ്യാഭ്യാസം**

76 (1131) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിനാല് വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധിത വിദ്യാഭ്യാസം ഉറപ്പ് വരുത്തണമെന്ന ദേശീയ വിദ്യാഭ്യാസ അവകാശ നിയമവ്യവസ്ഥ നടപ്പിൽ വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ ;

(ബി) സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇത്തരം കുട്ടികളുടെ പഠനപ്രവേശനത്തിനായി നടത്തിവരുന്ന മത്സരപരീക്ഷകൾ, സ്കൂൾ പ്രവേശനത്തിനു ഈടാക്കുന്ന തലവരി തുടങ്ങിയവ നിയന്ത്രിക്കുന്നതിന് മതിയായ സാഹചര്യം സൃഷ്ടിക്കാനുതകുന്ന പ്രസ്തുത വ്യവസ്ഥ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വേണ്ട നിയമനിർമ്മാണ നടപടി കൈക്കൊള്ളുമോ ?

<u>ഉത്തരം</u>

(എ) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ഒന്നു മുതൽ എട്ടുവരെ ക്ലാസുകളിൽ പഠിക്കുന്ന 5 മുതൽ 14 വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികൾക്കും

സൗജന്യവും നിർബന്ധിതവും ഗുണമേന്മയുള്ളതുമായ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള അവകാശം ഉറപ്പാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ചുള്ള നടപടികൾ ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. 2013-14 അദ്ധ്യയന വർഷം മുതൽ 1 മുതൽ 5 വരെ ഉൾപ്പെടുന്ന സ്കൂളുകളെ പ്രൈമറി സ്കൂളെന്നും, 5-ാം ക്ലാസ് ഉൾപ്പെടുന്ന യു.പി. സ്കൂളുകളെ ലോവർ & അപ്പർ പ്രൈമറി വിഭാഗമെന്നും 8-ാം ക്ലാസ് ഉൾപ്പെടുന്ന ഹൈസ്കൂളുകളെ അപ്പർ പ്രൈമറി & ഹൈസ്കൂൾ എന്നും പുനർനാമകരണം ചെയ്യുവാനുള്ള നടപടി കൈക്കൊണ്ടു. വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അൺ-എയ്ഡഡ് സ്കൂളുകളിൽ ഒന്നാം ക്ലാസിൽ ആ ക്ലാസിലെ കുട്ടികളുടെ അംഗസംഖ്യയുടെ കുറഞ്ഞത് 25 ശതമാനമെങ്കിലും അയൽപക്ക പ്രദേശങ്ങളിലെ ദുർബല വിഭാഗങ്ങളിലും പിന്നോക്ക വിഭാഗത്തിലുംപെട്ട കുട്ടികൾക്ക് പ്രവേശനം നൽകുന്നതിന് സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം നൽകുന്നതിനും ഓരോ കുട്ടിയ്ക്കും ചെലവാകുന്ന തുകയോ അല്ലെങ്കിൽ കുട്ടിയിൽ നിന്നും ഈടാക്കുന്ന യഥാർത്ഥ തുകയോ ഏതാണോ കുറവ്, പ്രസ്തുത തുക സ്കൂളിന് റീഇംപേഴ്സ് ചെയ്യുന്നതിന് ഉത്തരവായിട്ടുണ്ട്. എന്നാൽ കുട്ടിയുടെ താമസസ്ഥലത്തിനടുത്ത് ഒരു കിലോമീറ്റർ ചുറ്റളവിൽ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളില്ലാത്ത സാഹചര്യത്തിൽ മാത്രമേ മുകളിൽ സൂചിപ്പിച്ച രീതിയിൽ റീഇംപേഴ്സ്മെന്റ് ചെയ്യുകയുള്ളൂ. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം സ്കൂൾ അടിസ്ഥാനത്തിൽ എൽ.പി. സ്കൂളുകൾക്ക് 1:30 ആയും യു.പി. സ്കൂളുകളിൽ 1:35 ആയും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. എല്ലാ ഗവണമെന്റ്/എയ്ഡഡ് സ്കൂളുകളിലെ ഒന്നുമുതൽ എട്ടുവരെ ക്ലാസിലെ എല്ലാ പെൺകുട്ടികൾക്കും എ.പി.എൽ. വിഭാഗം ഒഴിച്ചുള്ള ആൺകുട്ടികൾക്കും യൂണിഫോമും എല്ലാ വിഭാഗക്കാർക്കും ടെക്സ്റ്റ് ബുക്കും സൗജന്യമായി വിതരണം ചെയ്യുന്നു. സ്കൂൾ മാപ്പിംഗ് നടപടികൾ നടന്നുവരുന്നു. ഗവൺമെന്റ് സ്കൂളുകളിൽ ഹെഡ് ടീച്ചേഴ്സിനെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കി പകരം ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കുവാൻ ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ സ്കൂളുകളിൽ കുടിവെള്ള സൗകര്യം കളിക്കാനുള്ള സ്ഥലം എന്നിവ ലഭ്യമാക്കുന്നതിനായി നടപടികൾ സ്വീകരിച്ചു. സ്കൂളുകളിൽ സ്പെഷ്യൽ ഫീസ് പിരിക്കുന്ന സമ്പ്രദായം നിർത്തലാക്കി. ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെ ഓഫ് പ്രൊമോഷൻ

നടപ്പിലാക്കി. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി എല്ലാ ഗവൺമെന്റ് സ്കൂളിലും നടപ്പിലാക്കി. എയ്ഡഡ് സ്കൂളുകളിൽ ഉപദേശക സമിതിയുടെ സ്ഥാനമാണ് എസ്.എം.സി.-യ്ക്ക് നൽകിയിരിക്കുന്നത്. യു.പി. വിഭാഗത്തിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ സേവനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ പൂളിംഗ് നടപ്പിലാക്കി. ഓരോ സ്കൂളിലും പ്രവേശം നേടുന്ന ഓരോ കുട്ടിയെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയാൻ ആധാർ നമ്പർ (യു.ഐ.ഡി.) സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിലെ സെക്ഷൻ 13-ലും 2011-ലെ ജി.ഒ.(പി) 100/11/പൊവിഭ പ്രകാരമുള്ള കേരള വിദ്യാഭ്യാസ അവകാശ ചട്ടങ്ങളിലെ ചട്ടം 10(8)-ലും പ്രവേശനത്തിനായുള്ള മത്സര പരീക്ഷകളോ തലവലിയോ പാടില്ല എന്ന് കർശനമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## സ്കൂൾ യുവജനോത്സവങ്ങളിലെ പശ്ചാത്തല സംഗീതവാദനം

77 (1132) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ യുവജനോത്സവങ്ങളിൽ വിദ്യാർത്ഥികളുടെ മത്സരങ്ങൾക്ക് പശ്ചാത്തല വാദ്യങ്ങൾ കുട്ടികൾ തന്നെ കൈകാര്യം ചെയ്യണമെന്ന് തീരുമാനി ച്ചിട്ടുണ്ടോ ; ഇത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ബി) സ്കൂളുകളിൽ പശ്ചാത്തല വാദ്യോപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിന് കുട്ടികളെ കിട്ടാതെ വരുമ്പോൾ കലാപരിപാടികൾ അവതരിപ്പിക്കുവാൻ കഴിവുള്ള കുട്ടികൾക്ക് മത്സരിക്കുവാൻ കഴിയാതെ വരുന്നതും അഥവാ മത്സരിച്ചാൽ വാദ്യോപകരണങ്ങൾ ഇല്ലാത്തതിനാൽ പോയിന്റുകൾ നഷ്ടമാകുന്നതും പോരായ്മയാണെന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ ;

(സി) വാദ്യോപകരണങ്ങൾ വായിക്കാൻ സ്കൂളിൽ കുട്ടികൾ ഇല്ലാതെ വന്നാൽ റിക്കോർഡ് ചെയ്ത പശ്ചാത്തല വാദ്യത്തിന്റെ സഹായത്തോടെ കഥാപ്രസംഗം പോലുള്ള കലാരൂപങ്ങൾ അവതരിപ്പിക്കാൻ അനുവാദം നല്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. പശ്ചാത്തല വാദ്യങ്ങൾ കൈകാര്യം ചെയ്യുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വേണ്ടിയാണ് പശ്ചാത്തല

വാദ്യങ്ങൾ കുട്ടികൾ തന്നെ കൈകാര്യം ചെയ്യണമെന്ന് തീരുമാനിച്ചത്.

(ബി) പശ്ചാത്തല വാദ്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് കുട്ടികളെ കിട്ടാതെ വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സ്കൂൾ കലോൽസവ മാന്വൽ പരിഷ്ക്കരണ വേളയിൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം**

78 (1133) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാമിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) വിദ്യാർത്ഥികൾക്ക് തൊഴിൽ നൈപുണ്യം നൽകുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) ഏതെല്ലാം വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്ന വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാനത്ത് പൊതു വിദ്യാഭ്യാസ വകുപ്പിന്റെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ അസാപ് പ്രോഗ്രാമിന് 2012-13 വർഷത്തിൽ തുടക്കം കുറിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറി ബിരുദ തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ തൊഴിൽക്ഷമത ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം.

(ബി) ഹയർ സെക്കണ്ടറി ബിരുദ വിദ്യാർത്ഥികൾക്ക് റഗുലർ പഠനത്തോടൊപ്പം

താൽപ്പര്യമുള്ള വ്യവസായ മേഖലകളിൽ തൊഴിൽ പരിശീലനം നൽകി അവരുടെ തൊഴിൽക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്, വിവര സാങ്കേതിക വിദ്യ, ഇഷ്ടമുള്ള ഒരു തൊഴിൽ മേഖല എന്നിവയിൽ വിവിധ വ്യവസായ പരിശീലക സ്ഥാപനങ്ങൾ ട്രെയിനിംഗ് നൽകിവരുന്നു. ഇതിനകം 437 വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ ഈ പദ്ധതിയിൽ ഭാഗമായിട്ടുണ്ട്.

(സി) തെരഞ്ഞെടുക്കപ്പെടുന്ന ഹയർ സെക്കണ്ടറി, കോളേജ് വിദ്യാർത്ഥികൾക്ക് 100 മണിക്കൂർ ദൈർഘ്യമുള്ള ഇംഗ്ലീഷ് കമ്മ്യൂണിക്കേഷൻ, 80 മണിക്കൂർ ദൈർഘ്യമുള്ള വിവരസാങ്കേതിക വിദ്യ എന്നിവയും വൈവിദ്ധ്യമാർന്ന തൊഴിൽ സാധ്യതാ മേഖലകളിൽ നിന്നുള്ള തൊഴിൽ നൈപുണ്യ പരിശീലനവും നൽകുന്നതിലൂടെ അവരെ തൊഴിൽ മേഖലകളിൽ ജോലി നേടാൻ പര്യാപ്തരാക്കുന്നു.

(ഡി) സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിന്നും ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒന്നാം വർഷ വിദ്യാർത്ഥികൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്.

## പുതുതായി അനുവദിച്ച പ്ലസ് ടു സ്കൂളുകൾ

79 (1134) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ പ്ലസ് ടു സ്കൂളുകൾ അനുവദിച്ചു ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(ബി) സർക്കാർ മേഖലയിൽ പുതുതായി എത്ര പ്ലസ് ടു സ്കൂളുകളാണ് അനുവദിച്ചത് ; ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ ;

(സി) എയിഡഡ് മേഖലയിൽ പുതുതായി എത്ര പ്ലസ് ടു സ്കൂളുകളാണ് അനുവദിച്ചത് ; ഓരോ സ്കൂളിന്റെയും മാനേജ്മെന്റിന്റെ വിലാസവും ജില്ലതിരിച്ചുള്ള കണക്കുകളും ലഭ്യമാക്കുമോ ;

(ഡി) സർക്കാർ മേഖലയിൽ അനുവദിച്ച പ്ലസ് ടു സ്കൂളുകളിൽ വിവിധ

വിഭാഗങ്ങളിലായി ആകെ എത്ര തസ്തികകൾ അനുവദിച്ചു ;

(ഇ) എയിഡഡ് മേഖലയിൽ അനുവദിച്ച പ്ലസ് ടു സ്കൂളുകളിൽ വിവിധ വിഭാഗങ്ങളിലായി ആകെ എത്ര തസ്തികകൾ അനുവദിച്ചു ;

(എഫ്) പുതുതായി അനുവദിച്ച തസ്തികകൾക്ക് ശമ്പളം നൽകുന്നതിന് പ്രതിവർഷം എത്ര തുക ചെലവു പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 225. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) 61 സ്കൂളുകൾ. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം II*ആയി ചേർക്കുന്നു.

(സി) 164 സ്കൂളുകൾ. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം III *ആയി ചേർക്കുന്നു. സ്കൂളിന്റെ ഔദ്യോഗിക വിലാസം തന്നെയാണ് മാനേജരുടെ വിലാസമായി ഉപയോഗിക്കുന്നത്.

(ഡി) സർക്കാർ മേഖലയിൽ സ്കൂളുകളിൽ തസ്തിക സൃഷ്ടിച്ചിട്ടില്ല.

(ഇ) എയ്ഡഡ് മേഖലയിൽ എട്ട് സ്കൂളുകളിലായി 79 തസ്തികകൾ അനുവദിച്ചു.

(എഫ്) പുതുതായി അനുവദിച്ച സ്കൂളുകളിലെ മുഴുവൻ തസ്തികകളും കണക്കാക്കിയതിനുശേഷം മാത്രമെ ചെലവ് കണക്കാക്കാൻ കഴിയുകയുള്ളൂ.

**പുതുതായി അനുവദിച്ച പ്ലസ് ടു സ്കൂളുകളും ബാച്ചുകളും**

80 (1135) <u>ശ്രീ. എം. എ. ബേബി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി പ്ലസ് ടു സ്കൂളുകളും ബാച്ചുകളും അനുവദിച്ചത് ശാസ്ത്രീയ പഠനത്തിന്റെയടിസ്ഥാനത്തിലാണോ ; എങ്കിൽ പഠനം നടത്തിയത് എപ്രകാരം ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) പുതുതായി അനുവദിച്ച പ്ലസ് ടു സ്കൂളുകളിലും ബാച്ചുകളിലും മൊത്തം എത്ര അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചു ; പുതുതായി നിയമിക്കേണ്ടതായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വരുന്ന അദ്ധ്യാപകർ എത്ര ;

(സി) ഇതുമൂലം സർക്കാരിനുണ്ടാകുന്ന അധിക ബാധ്യത എത്രയായിരിക്കുമെന്ന കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) സംസ്ഥാനത്ത് ഒന്നാംക്ലാസ് മുതൽ പത്താക്ലാസ് വരെ പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ, ഭാവിയിൽ പ്ലസ് ടു സ്കൂളുകളിൽ വിദ്യാർത്ഥികളെ കിട്ടാത്ത അവസ്ഥ സംജാതമാകുമെന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) അല്ല. ഓരോ പ്രദേശത്തെയും വിദ്യാഭ്യാസ ആവശ്യകത തിട്ടപ്പെടുത്തിയ ശേഷമാണ് പുതുതായി പ്ലസ് ടു സ്കൂളുകളും അധിക ബാച്ചുകളും സർക്കാർ അനുവദിച്ചത്.

(ബി) പുതിയ സ്കൂളുകളിലേക്കും ബാച്ചുകളിലേക്കും വേണ്ടിവരുന്ന അദ്ധ്യാപക തസ്തികകൾ കണക്കാക്കിയിട്ടില്ല.

(സി) ഉത്തരം (ബി)-യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) സംസ്ഥാനത്തെ നിലവിൽ പത്താംതരം യോഗ്യത നേടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ കൈക്കൊണ്ട നയപരമായ തീരുമാനപ്രകാരമാണ് ഹയർ സെക്കണ്ടറി തലത്തിൽ പുതിയ സ്കൂളുകളും അധിക തസ്തികകളും അനുവദിച്ചിട്ടുള്ളത്. ഭാവിയിൽ പത്താംതരത്തിൽ യോഗ്യത നേടുന്നവരുടെ എണ്ണത്തിലുണ്ടാകുന്ന കുറവ് പരിഗണിച്ചിട്ടില്ല.

**സംരക്ഷിത അദ്ധ്യാപകർ**

81 (1136) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് ആകെ എത്ര സംരക്ഷിത അദ്ധ്യാപകർ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ ; ഇവരുടെ ജില്ല തിരിച്ചുള്ള കണക്കും വർഷവും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

2010-11-ലെ തസ്തിക നിർണ്ണയ കണക്കുകൾ പ്രകാരം സംസ്ഥാനത്ത്

2939 പ്രോട്ടക്ടഡ് അദ്ധ്യാപകരാണുള്ളത്. ഇവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ 1-10-2011-ലെ സ.ഉ.(പി) നമ്പർ 199/11/പൊ.വി.വ.-ന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)

## പയിമ്പ്ര ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനെ അന്താരാഷ്ട്ര നിലവാരമുള്ള സ്കൂൾ ആക്കി ഉയർത്താനുള്ള നടപടി

82 (1137) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ ഏലത്തൂർ മണ്ഡലത്തിലെ കുരവട്ടൂർ പഞ്ചായത്തിലെ പയിമ്പ്ര ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിനെ അന്താരാഷ്ട്ര നിലവാരമുള്ള സ്കൂൾ ആക്കി ഉയർത്താനുള്ള നടപടിയുടെ പുരോഗതി വ്യക്തമാക്കാമോ ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നടപടി എടുത്തിട്ടില്ല.

(ബി) ഇല്ല.

## കോതമംഗലം, മാമലക്കണ്ടം ഗവൺമെന്റ് യു .പി സ്കൂളുകളിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി

83 (1138) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം, മാമലക്കണ്ടം ഗവൺമെന്റ് യു .പി. സ്കൂളിനെ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്ത സാഹചര്യത്തിൽ സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ ;

(ബി) ആദിവാസികളും പിന്നോക്ക ജനവിഭാഗങ്ങളും അധിവസിക്കുന്ന ഈ മേഖലയുടെ പ്രത്യേകത പരിഗണിച്ച് ഇവിടെ സ്ഥിരം അദ്ധ്യാപകരെ അടിയന്തരമായി നിയമിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) സ്ഥിരാദ്ധ്യാപകർ വരുന്നത് വരെ അദ്ധ്യയനം നടത്താൻ താല്ക്കാലിക അദ്ധ്യാപകരെ നിയമിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) 5-5-2014-ലെ സ.ഉ.(കൈ) 73/2014/പൊ.വി. ഉത്തരവ് പ്രകാരം മാമലക്കണ്ടം ഗവൺമെന്റ് യു.പി. സ്കൂളിനെ ഹൈസ്കൂളായി ഉയർത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാമലക്കണ്ടം ഗവൺമെന്റ് ഹൈസ്കൂളിൽ അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) താത്ക്കാലികമായി തസ്തികയില്ലാതെ അധികമായി നിൽക്കുന്ന അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്.

**മുന്നിയൂർ ഹയർസെക്കണ്ടറി സ്കൂൾ അദ്ധ്യാപകനായിരുന്ന ശ്രീ. കെ. കെ. അനീഷ് ആത്മഹത്യചെയ്യാനുണ്ടായ കാരണങ്ങൾ**

84 (1139) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ മുന്നിയൂർ ഹയർ സെക്കണ്ടറി സ്കൂൾ സാമൂഹ്യശാസ്ത്ര അദ്ധ്യാപകനായിരുന്ന ശ്രീ കെ. കെ. അനീഷ് ആത്മഹത്യചെയ്യാനുണ്ടായ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) അദ്ധ്യാപകനെ സ്കൂളിൽ നിന്ന് പിരിച്ചുവിട്ടതും തുടർന്നു സ്കൂൾ മാനേജരുടെ പീഡനവുമാണ് ആത്മഹത്യയിലേക്ക് നയിച്ചത് എന്ന് പരാതി ലഭിച്ചിട്ടുണ്ടോ ; ഇതിന്മേൽ അന്വേഷണം നടത്തുകയുണ്ടായോ ;

(സി അദ്ധ്യാപകനെ ആദ്യം സസ്പെന്റ് ചെയ്യുകയും പിന്നീട് പുറത്താക്കുകയും ചെയ്ത മാനേജരുടെ നടപടിക്ക് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ അംഗീകാരം നൽകിയത് സംബന്ധിച്ച് അദ്ധ്യാപകൻ സമർപ്പിച്ച അപ്പീൽ പരിശോധിക്കുകയുണ്ടായോ ; ഇതിന്മേൽ എന്ത് തുടർ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഡി) അദ്ധ്യാപകനെതിരെ നടപടി എടുക്കുന്നതിന് ആധാരമായ പരാതിയും വ്യൂണ്ട് സർട്ടിഫിക്കറ്റും വ്യാജമാണെന്ന ആക്ഷേപം സംബന്ധിച്ച് സർക്കാർ തലത്തിൽ അന്വേഷണത്തിന് തയ്യാറാകുമോ ;

(ഇ) അദ്ധ്യാപകർക്കുമേൽ അച്ചടക്ക നടപടിയെടുക്കാനുള്ള മാനേജരുടെ അധികാരം ദുരുപയോഗം ചെയ്യുന്നതും അതിന് വിദ്യാഭ്യാസ വകുപ്പ് മേലധികാരികൾ വേണ്ടത്ര പരിശോധന നടത്താതെ അംഗീകാരം നൽകുന്നതും സംബന്ധിച്ച് നിലപാട് എന്താണെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) പ്രസ്തുത വിഷയത്തിൽ 18-11-2014-ൽ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി) ഉണ്ട്. പ്രസ്തുത വിഷയത്തിൽ 18-11-2014-ൽ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്നും വിജിലൻസ് വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) അദ്ധ്യാപകൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചിരുന്നു. അതിന്മേൽ നടപടി പൂർത്തിയാക്കുന്നതിനു മുമ്പ് ടിയാൻ ആത്മഹത്യ ചെയ്തിരുന്നു.

(ഡി) പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് വിജിലൻസ് വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത വിഷയത്തിൽ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) പ്രസ്തുത വിഷയത്തിൽ ലഭ്യമാക്കുന്ന ആക്ഷേപങ്ങൾ സർക്കാർ തലത്തിൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

---

## സ്കൂൾ യൂണിഫോം വിതരണ പദ്ധതി

85 (1140) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്ന നടപടികൾ പൂർത്തിയായിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) യൂണിഫോം വിതരണത്തിന് കാലതാമസം നേരിടാനുണ്ടായ കാരണം വിശദമാക്കുമോ ?

### ഉത്തരം

(എ) നടപടികൾ പൂർത്തിയായിട്ടുണ്ട്. യൂണിഫോമിനുവേണ്ടി അനുവദിക്കപ്പെട്ടിട്ടുള്ള തുക എസ്.എസ്.എ.-യുടെ സംസ്ഥാന ഓഫീസിൽ നിന്നും എല്ലാ ജില്ലാ ഓഫീസിലേക്കും കൈമാറുകയും ജില്ലകൾ അവ ബ്ലോക്ക് റിസോഴ്സ് സെന്ററുകളിൽ (ബി.ആർ.സി.) എത്തിക്കുകയും ചെയ്യുന്നു. ബി.ആർ.സി.-കൾ സ്കൂളുകളിൽ എത്തിക്കുകയും ഹെഡ്മാസ്റ്റർ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയുടെ അനുമതിയോടെ രണ്ട് ജോഡി ഗുണനിലവാരമുള്ള യൂണിഫോമുകൾ വിദ്യാർത്ഥികൾക്ക് വാങ്ങി നൽകുകയും ചെയ്യുന്നു.

(ബി) കേന്ദ്ര ഗവൺമെന്റിൽനിന്നും എസ്.എസ്.എ.-യിലേക്ക് ഫണ്ട് ലഭിക്കുന്നതിനുണ്ടായ കാലവിളംബംമൂലമാണ് സമയബന്ധിതമായി യൂണിഫോം വിതരണം ചെയ്യുന്നതിന് തടസ്സം നേരിട്ടത്.

---

**രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ**

86 (1141) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ മാധ്യമിക്ക് ശിക്ഷാ അഭിയാൻ (RMSA) പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ എത്ര സ്കൂളുകൾ അനുവദിച്ചിട്ടുണ്ട് ; എത്രയെണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഈ പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ ഓരോ സ്കൂളിലും എത്ര അദ്ധ്യാപക-അദ്ധ്യാപകേതര തസ്തികകളാണ് അനുവദിച്ചിട്ടുള്ളത് ;

(സി) ഈ അനുവദിച്ച തസ്തികകൾ ഭൂരിഭാഗം സ്കൂളുകളിലും അപര്യാപ്തമാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ഈ പദ്ധതിയുടെ കീഴിൽ തുടങ്ങിയിട്ടുള്ള സ്കൂളുകളിൽ അധിക ഡിവിഷനുകളും അതനുസരിച്ചുള്ള തസ്തികകളും അനുവദിക്കുന്നതിനുള്ള എന്തെങ്കിലും നടപടി നാളിതുവരെയായി വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഇ) പിന്നോക്ക മേഖലകളിൽ അനുവദിക്കപ്പെട്ട ഈ സ്കൂളുകളിലെ കുട്ടികൾക്ക് മറ്റ് സർക്കാർ സ്കൂളുകളിലെ കുട്ടികളെപ്പോലെ പഠിക്കുന്നതിന് അവസരം ഉണ്ടാക്കുന്ന വിഷയം പരിഗണിക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ ആർ.എം.എസ്.എ. പദ്ധതി പ്രകാരം 2009-10 വർഷം അപ്ഗ്രേഡ് ചെയ്ത 13 സ്കൂളുകളും 2010-11 വർഷം അപ്ഗ്രേഡ് ചെയ്ത 4 സ്കൂളുകളും ഉൾപ്പെടെ 17 സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്. 17 സ്കൂളുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിശദാംശം താഴെപ്പറയും പ്രകാരമാണ് :

1. ജി.എച്ച്.എസ്., പെരുമ്പട്ട
2. ജി.എച്ച്.എസ്., പാണത്തൂർ
3. ജി.എച്ച്.എസ്., കടമ്പാർ
4. ജി.എച്ച്.എസ്., തയ്യേനി
5. ജി.എച്ച്.എസ്., കാഞ്ഞങ്ങാട്
6. ജി.എച്ച്.എസ്., ബാര

7. ജി.എച്ച്.എസ്., മുടമ്പിൽ
8. ജി.എച്ച്.എസ്., പെർഡാല
9. ജി.എച്ച്.എസ്., കൊടിയമ്മ
10. ജി.എച്ച്.എസ്., ചാമുണ്ടിക്കുന്ന്
11. ജി.എച്ച്.എസ്., ഉദ്യാവര
12. ജി.എച്ച്.എസ്., കൊളത്തൂർ
13. ജി.എച്ച്.എസ്., മുന്നാട് (പുതിയ സ്കൂൾ)
14. ജി.എച്ച്.എസ്., കാഞ്ഞിരംപൊയിൽ
15. ജി.എച്ച്.എസ്., പുല്ലൂർ പെരിയ
16. ജി.എച്ച്.എസ്., ശൂരമ്പിൽ
17. ജി.എച്ച്.എസ്., കുറ്റിക്കോൽ (പുതിയ സ്കൂൾ).

(ബി) അദ്ധ്യാപക അനദ്ധ്യാപക തസ്തികകൾ ചുവടെ ചേർക്കുന്നു :

<u>അദ്ധ്യാപക തസ്തികകൾ :</u>

എച്ച്.എം.-1

ഹൈസ്കൂൾ അദ്ധ്യാപകർ-5 (സയൻസ്-1, സോഷ്യൽ സയൻസ്-1, കണക്ക്-1, മലയാളം-1, ഹിന്ദി-1)

<u>അനദ്ധ്യാപക തസ്തികകൾ :</u>

ഓഫീസ് അസിസ്റ്റന്റ്/മൾട്ടി ടാസ്ക് സപ്പോർട്ടിംഗ് സ്റ്റാഫ്-1

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി-ഇ) നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ചാലക്കുടി മണ്ഡലത്തിലെ സർക്കാർ ഹൈസ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു നടപടി

87 (1142) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ സർക്കാർ ഹൈസ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഗവൺമെന്റ് ഹൈസ്കൂൾ, വി.ആർ.പുരം, ഗവൺമെന്റ് ഹൈസ്കൂൾ ഫോർ

ഗേൾസ്, ഈസ്റ്റ് ചാലക്കുടി, ഗവൺമെന്റ് ഹൈസ്കൂൾ ഫോർ ബോയ്സ് തുടങ്ങിയ സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) അപേക്ഷകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

(ബി) ശിപാർശകൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**ഹൈസ്കൂൾ പ്ലസ് ടു തലംവരെയുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ**

88 (1143) ശ്രീ. കെ. വി. അബ്ദുൽ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-ലെ സെൻസസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഹൈസ്കൂൾ, പ്ലസ് ടു തലം വരെയുള്ള വിദ്യാഭ്യാസ സൗകര്യങ്ങൾ എന്തുമാത്രമായിരിക്കണമെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദമാക്കാമോ ;

(സി) ഇനിയുള്ള വർഷങ്ങളിൽ പ്ലസ് ടു സ്കൂളുകളുടെയും കോളേജുകളുടെയും എണ്ണം എത്രയായിരിക്കണമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ ; ഇതിനായി ഏതെങ്കിലും ശാസ്ത്രീയപഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) 2016-ൽ സർക്കാർ/എയ്ഡഡ് മേഖലയിൽ പ്ലസ് ടു/ഡിഗ്രി കോഴ്സുകളുടെ എണ്ണം എത്രയായിരിക്കണമെന്നും ഓരോ മേഖലയിലും എത്ര വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള സൗകര്യങ്ങളും സീറ്റുകളും ഉണ്ടായിരിക്കണമെന്നും കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) ഹയർ സെക്കന്ററിതലത്തിലും വൊക്കേഷണൽ ഹയർ സെക്കണ്ടറി തലത്തിലും കണക്കായിട്ടില്ല. ഹൈസ്കൂൾ കോളേജ്തലം സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

**പ്രൈവറ്റ് എയ്ഡഡ് എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷനുകൾ**

89 (1144) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പ്രൈവറ്റ് എയ്ഡഡ്

എഡ്യൂക്കേഷൻ സെക്ടറിലെ എഡ്യൂക്കേഷൻ ഇൻസ്റ്റിറ്റ്യൂഷനുകൾ വിവിധ ക്യാറ്റിഗറികളിൽ എത്ര വീതമായിരുന്നു ; ഇപ്പോൾ അവ ഓരോന്നും എത്ര വീതമാണ് ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ ഉള്ള മൊത്തം വിദ്യാഭ്യാസ സ്ഥാപനങ്ങളെ എത്ര ശതമാനമാണ് പ്രൈവറ്റ് എയ്ഡഡ് മേഖലയിൽ ;

(സി) 2013-14-ൽ വിദ്യാഭ്യാസ മേഖലയ്ക്ക് ചെലവഴിച്ച മൊത്തം തുകയുടെ എത്ര ശതമാനം പ്രൈവറ്റ് എയ്ഡഡ് മേഖലയ്ക്ക് ചെലവഴിക്കുകയുണ്ടായി ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

**ഡിജിറ്റൽ പാഠപുസ്തകം പദ്ധതി**

90 (1145) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യയന വർഷം മുതൽ ഡിജിറ്റൽ പാഠപുസ്തകം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ ; ഇതിനായി ഏതെല്ലാം സ്കൂളുകളിൽ മൾട്ടിമീഡിയ ക്ലാസ് മുറികളും വൈഫൈ സംവിധാനങ്ങളും സജ്ജീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) വൈദ്യുതി ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കാതെ, ഡിജിറ്റൽ പാഠപുസ്തകം തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) പാഠപുസ്തകങ്ങൾ ഇടയ്ക്കിടയ്ക്ക് പുതുക്കുന്ന സാഹചര്യങ്ങൾകൂടി നിലനിൽക്കുന്നതിനാൽ, മേൽ പദ്ധതി ഏർപ്പെടുത്താനുദ്ദേശിക്കുന്ന സ്കൂളുകളിലെ അടിസ്ഥാന സൗകര്യവും, പഠിപ്പിക്കാൻ യോഗ്യരായ അദ്ധ്യാപകരും, ടാബ്ലെറ്റുകളും ഡിജിറ്റൽ പാഠപുസ്തകങ്ങളും ഒരു പാക്കേജായി നടപ്പിലാക്കാൻ തയ്യാറാകുമോ ;

(ഡി) ഡിജിറ്റൽ പാഠപുസ്തക പദ്ധതി ശാസ്ത്രീയമായും സമയബന്ധിതമായും നടപ്പിലാക്കാൻ തയ്യാറാകുമോ ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ബി) ഇല്ല.

(സി&ഡി) ചോദ്യം ബാധകമല്ല.

**മാവേലിക്കര മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങളുടെ ശോച്യാവസ്ഥ**

91 (1146) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര ഇറവങ്കര ഗവൺമെന്റ് എച്ച്.എച്ച്.എസ്., കുന്നം ഗവൺമെന്റ് എച്ച്.എച്ച്.എസ്. എന്നീ സ്കൂളുകളിലെ കെട്ടിടങ്ങൾ അതീവ ശോചനീയാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(സി) മാവേലിക്കര മണ്ഡലത്തിൽ ഗവണ്മെന്റ് എസ്.വി. എച്ച്.എച്ച്.എസ്.-ന് ലാബിന്റെ പ്രവർത്തനങ്ങൾക്കായി കെട്ടിടമില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ടി സ്കൂളിന് കെട്ടിട നിർമ്മാണത്തിന് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ഇ) എ.എസ്.എ.പി. പദ്ധതി മാവേലിക്കര മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ ആരംഭിച്ചു ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

<u>നാല് സ്കൂളുകൾ :</u>

1. ഗവൺമെന്റ് ഗേൾസ് എച്ച്.എസ്.എസ്. മാവേലിക്കര
2. ഗവൺമെന്റ് എച്ച്.എസ്.എസ്., ചുനക്കര
3. ഗവൺമെന്റ് ബോയ്സ് എച്ച്.എസ്.എസ്. , മാവേലിക്കര

4. ആർ.വി.. എസ്.എം. എച്ച്.എസ്.എസ്., പ്രയാർ.

## അമ്പലപ്പുഴ മണ്ഡലത്തിലെ ആദായകരമല്ലാത്ത സ്കൂളുകൾ

92 (1147) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ആദായകരമല്ലാത്ത എത്ര സ്കൂളുകൾ ഉണ്ട് ;

(ബി) എൽ. പി., യു. പി., എച്ച്. എസ്. വിഭാഗങ്ങൾ തിരിച്ച്, പ്രസ്തുത സ്കൂളുകൾ ഏതൊക്കെയാണെന്ന വിവരം ലഭ്യമാക്കാമോ ;

(സി) പ്രസ്തുത സ്കൂളുകൾ അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) സ്കൂളുകൾ അടച്ചുപൂട്ടുന്നത് സംബന്ധിച്ച് നയപരമായ തീരുമാനം എടുത്തിട്ടില്ല.

## സ്കൂളുകളിലെ ശുചിമുറികളുടെ നിലവാരം

93 (1148) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളുടെ ശുചിമുറികൾ (ടോയ്‌ലെറ്റ്) നവീകരിക്കുവാനും, അവിടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനും, ആവശ്യത്തിന് ഇല്ലാത്തിടത്ത് നിർമ്മിക്കുന്നതിനും പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇത് സംബന്ധിച്ച എന്തെങ്കിലും പ്രാഥമിക രേഖകൾ തയ്യാറാക്കിയിട്ടുണ്ടോ ;

(സി) ശുചിമുറികളുടെ നിലവാരം സംബന്ധിച്ച എന്തെങ്കിലും കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ഇത് സംബന്ധിച്ച് തദ്ദേശ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികളാവിഷ്കരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹയർ സെക്കണ്ടറി തലത്തിൽ തയ്യാറാക്കിയിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി തലത്തിൽ തയ്യാറാക്കിയിട്ടില്ല. ഹൈസ്കൂൾ തലത്തിൽ സ്കൂൾ വികസന രേഖകളിൽ ആവശ്യമായ ഭൗതീക സൗകര്യങ്ങൾ രേഖപ്പെടുത്താറുണ്ട്.

(സി) ഇല്ല.

(ഡി) പരിശോധിക്കുന്നതാണ്.

**സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകൾ**

94 (1149) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ഹയർ സെക്കണ്ടറി സ്കൂളുകൾ ഉണ്ട്; അവയിൽ സർക്കാർ മേഖലയിലും എയിഡഡ് മേഖലയിലുമായി എത്രവീതം സ്കൂളുകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) സർക്കാർ മേഖലയിലെ ഹയർസെക്കണ്ടറി സ്കൂളുകളിലെല്ലാം കൂടി അനുവദിക്കപ്പെട്ട തസ്തികകൾ എത്രയെന്നും എയ്ഡഡ് മേഖലയിലെ ഹയർ സെക്കണ്ടറി സ്കൂളുകളിലെല്ലാം കൂടി അനുവദിക്കപ്പെട്ട തസ്തികകൾ എത്രയെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(സി) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക തസ്തികകളിലേക്കും, എയ്ഡഡ് മേഖലയിലെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക തസ്തികകളിലേക്കും അദ്ധ്യാപക ബാങ്കിൽ നിന്നും യോഗ്യതയുള്ളവരെ കണ്ടെത്തി നിയമിക്കുകയുണ്ടായോ ; എങ്കിൽ അപ്രകാരം നിയമിക്കപ്പെട്ടവർ സർക്കാർ മേഖലയിൽ എത്രയെന്നും എയ്ഡഡ് മേഖലയിൽ എത്രയെന്നും വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 2046.

| | | |
|---|---|---|
| സർക്കാർ മേഖല | - | 816 |
| എയ്ഡഡ് മേഖല | - | 823 |
| അൺ എയ്ഡഡ് മേഖല | - | 361 |

സ്പെഷ്യൽ/റെസിഡൻഷ്യൽ/ടെക്നിക്കൽ സ്കൂളുകൾ - 46

(ബി) സർക്കാർ മേഖല - 14,003

എയ്ഡഡ് മേഖല - 12,335

(സി) ഹയർ സെക്കണ്ടറി മേഖലയിൽ അദ്ധ്യാപക ബാങ്കിൽനിന്നും നിയമനം നടത്തിയിട്ടില്ല. (ഹയർ സെക്കണ്ടറി തലത്തിൽ അദ്ധ്യാപക ബാങ്ക് നിലവിലില്ല.)

**സംസ്ഥാനത്തെ ഹയർ സെക്കൻഡറി ബാച്ചുകൾ**

95 (1150) ശ്രീ. ടി. വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ സർക്കാർ എയ്ഡഡ് മേഖലകളിൽ എത്ര ബാച്ചുകൾ നിലവിലുണ്ട് ; പ്രസ്തുത ബാച്ചുകളിൽ എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട് ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഹയർ സെക്കണ്ടറി പ്രവേശനത്തിന് ഓരോ ജില്ലയിലും എത്ര കുട്ടികളാണ് അപേക്ഷ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) കണ്ണൂർ ജില്ലയിലെ ഏതൊക്കെ സ്കൂളുകളിലാണ് +2 ബാച്ചുകൾ തുടങ്ങുന്നതിനായി ഹയർ സെക്കണ്ടറി ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നത് ; സ്കൂളുകളുടെ വിശദാംശം നൽകുമോ ; അവയിൽ ഏതൊക്കെ സ്കൂളുകൾക്ക് കോടതി മുഖേന ബാച്ചുകൾ അനുവദിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ഡി) കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലും ചെറുകുന്ന് ഗവ. ഗേൾസ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലും +2 ബാച്ച് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി വിഭാഗത്തിൽ സർക്കാർ മേഖല യിൽ 2823 ബാച്ചുകളും എയ്ഡഡ് മേഖലയിൽ 3277 ബാച്ചുകളുമുണ്ട്. രണ്ട് വിഭാഗങ്ങളിലുമായി 336,629 വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം(1) ആയി ചേർക്കുന്നു.*

(ബി) വിവരം അനുബന്ധം (II) ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) 19-5-2014-ന് എഡിസിസി13/16830/13/എച്ച്.എസ്.ഇ. നമ്പർ കത്തു പ്രകാരം ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിൽ കണ്ണൂർ ജില്ലയിൽ നിന്നുള്ള സ്കൂളുകളുടെ വിവരം അനുബന്ധം (III) ആയി ചേർക്കുന്നു.* കോടതി വിധിയുടെ അടിസ്ഥാനത്തിൽ അനുവദിച്ച് ബാച്ചുകൾ അനുബന്ധം (IV) ആയി ചേർക്കുന്നു.*

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## സർക്കാർ സ്കൂൾ അദ്ധ്യാപകരെ സ്വകാര്യ സ്കൂളുകളിലേക്ക് മാറ്റി നിയമനം

96 (1151) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്കൂൾ അദ്ധ്യാപകരെ ഏതെങ്കിലും സ്വകാര്യ സ്കൂളുകളിലേക്ക് മാറ്റി നിയമിച്ചിട്ടുണ്ടോ ; വിശദാംശം നൽകാമോ ;

(ബി) പ്രസ്തുത നിയമനത്തിന് ഉത്തരവ് നൽകിയ ഉദ്യോഗസ്ഥനാരാണെന്ന് അറിയിക്കാമോ ;

(സി) സർക്കാർ സ്കൂൾ അദ്ധ്യാപകരെ സ്വകാര്യ സ്കൂളുകളിലേക്ക് മാറ്റി നിയമിക്കുന്നതിന് ചട്ടം അനുശാസിക്കുന്നുണ്ടോ ; ഏത് ചട്ടപ്രകാരമാണ് ഇങ്ങനെ സ്ഥലം മാറ്റം നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ഡി) ചട്ടപ്രകാരമല്ലാതെ സർക്കാർ സ്കൂൾ അദ്ധ്യാപകരെ സ്വകാര്യ സ്കൂളുകളിലേക്ക് സ്ഥലംമാറ്റം നൽകിയ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## സ്കൂളുകളിലെ പാഠപുസ്തക വിതരണം

97 (1152) ശ്രീ. പി. തിലോത്തമൻ :
ശ്രീ. വി. ശശി :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ അദ്ധ്യയന വർഷം സ്കൂളുകളിൽ ഒന്നാം ടേമിലേക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ യഥാസമയം വിതരണം ചെയ്യാൻ കഴിയാതെ വന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം സ്റ്റാന്റേർഡുകളിലെ എത്ര വിദ്യാർത്ഥികൾക്കാണ് ഒന്നാം ടേമിൽ പാഠപുസ്തകങ്ങൾ വിതരണം ചെയ്യാൻ കഴിയാതെ വന്നതെന്ന് വെളിപ്പെടുത്തുമോ ; ക്ലാസ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) രണ്ടാം ഘട്ടത്തിലേക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ യഥാസമയം ലഭിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തു നടപടികളെടുത്തു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഭാവിയിൽ പാഠ പുസ്തകങ്ങൾ യഥാസമയം ലഭിക്കാത്ത അവസ്ഥ ആവർത്തിക്കാതിരിക്കാൻ എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കെ.ബി.പി.എസ്.-ന്റെ ഇൻഡന്റ് മാനേജ്മെന്റ് സിസ്റ്റം പ്രയോജനപ്പെടുത്തി ടി വെബ്സൈറ്റിൽ സ്കൂളുകൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ സ്കൂൾ സൊസൈറ്റികളിൽ നിന്നും ഇൻഡന്റ് ചെയ്യുകയാണ് പതിവ്. ഓരോ സൊസൈറ്റിയുടെയും കീഴിൽ ഒന്നിൽ കൂടുതൽ സ്കൂളുകൾക്കുള്ള പുസ്തകങ്ങൾ ഇൻഡന്റ് ചെയ്യുന്ന പ്രകാരം കെ.ബി.പി.എസ്. പുസ്തകങ്ങൾ അച്ചടിച്ച് തപാൽ സംവിധാനം മുഖേന എത്തിക്കുന്നു. ഈ വർഷം പല സ്കൂളുകളിൽ നിന്നും കുട്ടികളുടെ എണ്ണത്തേക്കാൾ കൂടുതൽ ഇൻഡന്റ് ചെയ്യുകയും ടൈറ്റിലുകൾ തെറ്റായി ചേർക്കുകയും വഴി ആവശ്യത്തിലധികം പുസ്തകങ്ങൾ ചില സ്കൂളുകൾ കൈപ്പറ്റി. കൂടാതെ തെറ്റായ ഇൻഡന്റ് ചെയ്ത ടൈറ്റിലുകൾ വരെ സ്കൂളുകളിൽ എത്തി. ഇപ്രകാരം വിദ്യാർത്ഥികളുടെ എണ്ണത്തിനും അതിന്റെ അഞ്ച് ശതമാനം അധികവും അനുസരിച്ചുള്ള പുസ്തകങ്ങൾ സ്കൂളുകൾക്ക് മതിയാവാതെ വരുന്ന സ്ഥിതിഗതിയുണ്ടായി. എങ്കിലും കെ.ബി.പി.എസ്.-ന് അഡീഷണൽ പ്രിന്റ് ഓർഡർ നൽകി പുസ്തകം അച്ചടിച്ച് യഥാസമയം വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഒന്നാംഘട്ട വിതരണത്തിതലുണ്ടായതുപോലുള്ള പുസ്തകങ്ങളുടെ ലഭ്യത ക്കുറവ് ഇപ്പോൾ ഇല്ല. രണ്ടാം ടേമിലേയ്ക്കുള്ള പുസ്തകങ്ങൾ അച്ചടിക്കുന്നതിന് കൂടുതൽ പ്രിന്റ് ഓർഡർ നൽകിയതിനാൽ പരാതികളൊന്നും ലഭിച്ചിട്ടില്ല. എല്ലാ ക്ലാസുകളിലും പുസ്തകങ്ങൾ വിതരണം നടത്തിയിട്ടുണ്ട്.

(സി) സ്കൂളുകൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ ഇൻഡന്റ് ചെയ്യുന്ന സംവിധാനം ശക്തിപ്പെടുത്തി യഥാസമയം പുസ്തകങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി ഐടി സ്കൂളിൽ നടന്നുവരികയാണ്സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി - അടുക്കള സ്റ്റോർ നിർമ്മാണം

---

## സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടി - അടുക്കള സ്റ്റോർ നിർമ്മാണം

98 (1153) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കൂളുകളിലെ ഉച്ചഭക്ഷണ പരിപാടിയുമായി ബന്ധപ്പെട്ട് അടുക്കള സ്റ്റോർ നിർമ്മാണത്തിനായുള്ള സഹായം ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിക്കുവാൻ കാലവിളംബം നേരിടാനിടയായ സാഹചര്യം എന്തായിരുന്നു ;

(ബി) കേന്ദ്ര ഗവൺമെന്റിന്റെ അടുക്കള സ്റ്റോർ നിർമ്മാണത്തിനായുള്ള പദ്ധതി നിലവിൽ വന്നത് എന്നായിരുന്നു; സംസ്ഥാന സർക്കാർ പ്രൊപ്പോസൽ സമർപ്പിച്ചത് എന്നായിരുന്നു; 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ഈ പദ്ധതി മുഖേന എത്ര തുക സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി ;

(സി) സംസ്ഥാനത്ത് എത്ര സർക്കാർ സ്കൂളുകളിൽ അടുക്കള സ്റ്റോർ ആവശ്യമായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) കാലവിളംബം ഉണ്ടായിട്ടില്ല. എല്ലാ സാമ്പത്തിക വർഷത്തിലും കൃത്യമായി പ്രൊപ്പോസൽ നൽകി വരുന്നുണ്ട്.

(ബി) കേന്ദ്ര ഗവൺമെന്റിന്റെ അടുക്കള സ്റ്റോർ നിർമ്മാണത്തിനായുള്ള പദ്ധതി നിലവിൽ വന്നത് 2006-07-ൽ ആയിരുന്നു. 2006-07-ൽ തന്നെ സംസ്ഥാന സർക്കാർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ഈ പദ്ധതി മുഖേന സംസ്ഥാനത്തിന് തുകയൊന്നും ലഭിച്ചിട്ടില്ല.

(സി) 5288 സർക്കാർ സ്കൂളുകളിൽ.

## അനാദായകരമായ സ്കൂളുകൾ

99 (1154) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനാദായകരമായ സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ; ഇതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ ;

(ബി) ആദിവാസി മേഖലകളിൽ അനാദായകരമായ എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ; ഇവയിലേതെങ്കിലും അടച്ചുപൂട്ടിയിട്ടുണ്ടോ ; അടച്ചുപൂട്ടുന്നതിന് തീരുമാനിച്ചവയുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) പത്തിൽ താഴെ കുട്ടികൾ പഠിക്കുന്ന എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് ; ഇത്തരം സ്കൂളുകളുടെ പ്രവർത്തനം അവസാനിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ ?

ഉത്തരം

(എ) അനാദായകരമായ സ്കൂളുകൾ അടച്ചുപൂട്ടുന്ന വിഷയം പരിശോധിച്ചു വരുന്നു.

(ബി) അനാദായകരമായ വിദ്യാലയങ്ങൾ സംബന്ധിച്ച വിവരങ്ങൾ ജില്ല തിരിച്ച് ശേഖരിക്കപ്പെട്ടതല്ലാതെ ആദിവാസി മേഖല തിരിച്ച് ക്രോഡീകരിക്കപ്പെട്ടിട്ടില്ല.

(സി) പത്തിൽ താഴെ കുട്ടികളുള്ള വിദ്യാലയങ്ങളുടെ 2014-15 വർഷത്തെ കണക്ക് പൂർത്തീകരിച്ചു കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടില്ല.

## സർക്കാർ സ്കൂളുകളിൽ ടോയ്‌ലെറ്റ് സൗകര്യം

100 (1155) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടോയ്‌ലെറ്റ് സൗകര്യമില്ലാത്ത സർക്കാർ സ്കൂളുകളിലെല്ലാം സമയ ബന്ധിതമായി ടോയ്‌ലെറ്റുകൾ നിർമ്മിക്കും എന്ന സർക്കാർ നിലപാടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; ഇതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ ;

(ബി) കോങ്ങാട് മണ്ഡലത്തിൽ ഇപ്രകാരം എത്ര സ്കൂളുകൾ ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ട് ; പ്രസ്തുത സ്കൂളുകളുടെ വിശദവിവരങ്ങൾ നൽകുമോ ?

ഉത്തരം

(എ) 654 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ടോയ്‌ലെറ്റ്, യൂറിനൽ, കുടിവെള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2012-13 സാമ്പത്തിക വർഷം 31.16 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പ്രാഥമിക സൗകര്യങ്ങളുടെ അഭാവം നേരിടുന്ന 220 സർക്കാർ

വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിനും ടോയ്‌ലെറ്റുകളും യൂറിനലുകളും മറ്റും നിർമ്മിക്കുന്നതിനുമായി 2012-13 സാമ്പത്തിക വർഷത്തിന്റെ അവസാനം ആകെ 377 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ നിന്ന് വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിന് ഭരണാനുമതി അനുവദിക്കുകയുണ്ടായി. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ടി തുകയിൽ നിന്ന് എല്ലാ ജില്ലാ കളക്ടർമാർക്കും അതാത് ജില്ലയിലെ സ്കൂളുകൾക്ക് വേണ്ട തുകകൾ വകുപ്പ് റിലീസ് ചെയ്യുകയും ടി പദ്ധതിയുമായി ബന്ധപ്പെട്ട സ്കൂളുകളിലെ നിർമ്മാണ പ്രവൃത്തികൾ മദ്ധ്യവേനലവധിക്കാലത്തുതന്നെ പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. മറ്റുള്ള സ്കൂളുകൾക്ക് ലഭ്യമായിട്ടുള്ള ടോയ്‌ലെറ്റ് സൗകര്യങ്ങൾ നവീകരിക്കുവാനും മെച്ചപ്പെടുത്തുവാനും ഇല്ലാത്തിടങ്ങളിൽ നിർമ്മിക്കുവാനും നടപടി സ്വീകരിച്ചുവരുന്നു.

(ബി) കോങ്ങോട് നിയമസഭ നിയോജക മണ്ഡലത്തിലെ നാല് സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകൾക്കും രണ്ട് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്കും മേൽസൂചിപ്പിച്ച പദ്ധതി നടപ്പിലാക്കുന്നതിന് തുക അനുവദിച്ചിട്ടുണ്ട്.

<u>ഹയർ സെക്കണ്ടറി സ്കൂളുകൾ :</u>

1. ജി.എച്ച്.എസ്.എസ്. പൊറ്റശ്ശേരി

2. ജി.എച്ച്.എസ്.എസ്. കാരാക്കുറിശ്ശി

3. ജി.എച്ച്.എസ്.എസ്. കരിംബ

4. ജി.എച്ച്.എസ്.എസ്. മങ്കര

<u>വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ :</u>

1. ഗവ. വി.എച്ച്.എസ്. പത്തിരിപ്പാല, പാലക്കാട്

2. ഗവ. വി.എച്ച്.എസ്.കാരാക്കുറിശ്ശി, പാലക്കാട്

<u>പുതുതായി ടോയ്‌ലറ്റ് പണിയുന്നതിന് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം അംഗീകാരം നൽകിയ സ്കൂളുകൾക്ക് :</u>

1. ഗവൺമെന്റ് യു.പി.എസ്. ഇടത്തറ

2. ജി.എച്ച്.എസ്.എസ്. മങ്കര

3. ജി.യു.പി.എസ്. കോങ്ങാട്

4. ഗവ. എൽ.പി.എസ്. പൊറ്റശ്ശേരി ഈസ്റ്റ്

5. ജി.എച്ച്.എസ്.എസ്. പൊറ്റശ്ശേരി

6. എ.എൽ.പി.എസ്. തൃക്കള്ളൂർ

**ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം**

101 (1156) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരം വിദ്യാർത്ഥികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിന് പ്രത്യേകമായി അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഉണ്ടെങ്കിൽ അവരുടെ വിദ്യാഭ്യാസ യോഗ്യത, സേവന വേതന വ്യവസ്ഥകൾ എന്നിവ വ്യക്തമാക്കുമോ ;

(ഡി) ഇത്തരം അദ്ധ്യാപകർക്ക് സ്ഥിര നിയമനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം സംയോജിത വിദ്യാഭ്യാസ പദ്ധതിയും (ഐ.ഇ.ഡി.എസ്.എസ്.), സംസ്ഥാന പദ്ധതിയുടെ ഭാഗമായി ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് വേണ്ടിയുള്ള സ്പെഷ്യൽ സ്കൂളുകളും പ്രവർത്തിച്ചു വരുന്നു. PWD Act/Rules പ്രകാരം പൊതുവിദ്യാഭ്യാസ വകുപ്പ് രജിസ്ട്രേഷൻ നൽകിയിട്ടുള്ള 292 സ്കൂളുകളാണ് സംസ്ഥാനത്ത് പ്രവർത്തിച്ചു വരുന്നത്. ഇവയിൽ ഭൂരിഭാഗം സ്കൂളുകളും എൻ.ജി.ഒ. നടത്തുന്നവയും തദ്ദേശസ്വയംഭരണ വകുപ്പിന്റെ ബഡ്സ് സ്കൂളുകളുമാണ്. ഇപ്രകാരം രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് സർക്കാർ എല്ലാ വർഷവും നിശ്ചിത തുക ഗ്രാന്റ് ആയി അനുവദിച്ചു നൽകുന്നുണ്ട്. 2014-15 സാമ്പത്തിക വർഷം 15 കോടി രൂപ ഗ്രാന്റിനായി അനുവദിച്ചിട്ടുണ്ട്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത വിദ്യാഭ്യാസ പദ്ധതി പ്രകാരം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ സാധാരണ കുട്ടികളോടൊപ്പം വിദ്യാഭ്യാസം ചെയ്യിക്കുന്നതിനായി റിസോഴ്സ് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. ഐ.ഇ.ഡി.എസ്.എസ്. പദ്ധതി പ്രകാരം 725 അദ്ധ്യാപകരെയും

എസ്.എസ്.എ. വഴി 1335 അദ്ധ്യാപകരെയും സംസ്ഥാനത്ത് നിയമിച്ചിട്ടുണ്ട്. സ്പെഷ്യൽ സ്കൂൾ സിസ്റ്റത്തിലും അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്.

(സി&ഡി) ഐ.ഇ.ഡി.എസ്.എസ്. പദ്ധതി പ്രകാരം നിയമിക്കപ്പെടുന്നവർക്ക് B.Ed.(Spl.Edn.) അഥവാ B.Ed.(General)-നോടൊപ്പം Spl. Edn.-ൽ 2 വർഷ ഡിപ്ലോമയുമാണ് കേന്ദ്രമാനവ വിഭവശേഷി മന്ത്രാലയം നിഷ്കർഷിക്കുന്നത്. സ.ഉ.(പി) 412/69/വി.വ, തീയതി 9-11-1969, സ.ഉ.(എംഎസ്.) 198/79/ പൊ.വി.വ, 22-11-1979 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് അന്ധ ബധിര വിദ്യാർത്ഥികൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളിലെ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകളും വിദ്യാഭ്യാസയോഗ്യതകളും നിഷ്കർഷിച്ചിരിക്കുന്നത്. ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് വ്യവസ്ഥകൾക്ക് വിധേയമായി എയ്ഡഡ് പദവി നൽകുന്നതിന് 28-4-14-ലെ സ.ഉ.(പി)നമ്പർ 69/2014/ പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇപ്രകാരം എയ്ഡഡ് പദവി ലഭിക്കുന്ന സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകരുടെ നിയമനം, വേതന വ്യവസ്ഥ എന്നിവ നിശ്ചയിക്കുന്നതിന് വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്.

## കുട്ടികളുടെ എണ്ണത്തിൽ കൃത്രിമം

102 (1157) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികളുടെ എണ്ണത്തിൽ കൃത്രിമം കാണിച്ച എത്ര എയ്ഡഡ് സ്കൂളുകൾ സംസ്ഥാനത്തുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) ഇതുവഴി എത്ര അദ്ധ്യാപക തസ്തിക സൃഷ്ടിച്ച് ഇതുവരെ നിയമനം നടത്തിയിട്ടുണ്ട് ;

(സി) ഇങ്ങനെ നിയമനം നേടിയ അദ്ധ്യാപകരിൽ എത്ര പേർ ഇപ്പോൾ സർവ്വീസിലുണ്ട് ;

(ഡി) ഇവർക്ക് ഇതുവരെ എത്ര തുക ശമ്പള ഇനത്തിലും മറ്റുമായി നൽകിയിട്ടുണ്ട് ;

(ഇ) ഇതിന് ഉത്തരവാദികൾ ആരെന്നും ഇവർക്കെതിരെ നടപടി എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ ;

(എഫ്) കുട്ടികളുടെ എണ്ണത്തിൽ കൃത്രിമം കാണിച്ചത് എങ്ങിനെയാണ് കണ്ടുപിടിക്കപ്പെട്ടത് ;

(ജി) കൃത്രിമം കാണിക്കാൻ സ്കൂൾ അധികൃതർക്ക് കഴിഞ്ഞത് എന്തു കൊണ്ടാണ് ; ഇതു സംബന്ധിച്ച് പരിശോധനകൾ നടത്താറുണ്ടോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

## സർക്കാർ സ്കൂളുകളിൽ വിന്യസിച്ചിട്ടുള്ള സംരക്ഷിത അദ്ധ്യാപകരെ പേരന്റ് സ്കൂളുകളിലേക്ക് മടക്കി അയ്ക്കുന്നതിന് തീരുമാനം

103 (1158) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ സ്കൂളുകളിൽ വിന്യസിച്ചിട്ടുള്ള സംരക്ഷിത അദ്ധ്യാപകരെ പേരന്റ് സ്കൂളുകളിലേക്ക് മടക്കി അയ്ക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും ഉത്തരവുകൾ വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഉത്തരവിന്റെ വിശദാംശം ലഭ്യമാക്കാമോ ; ഇപ്രകാരം എത്ര അദ്ധ്യാപകരെ മടക്കി അയച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

1-10-2011-ലെ സ.ഉ.(പി)നമ്പർ 199/11/പൊ.വി.വ. പ്രകാരം സംരക്ഷിത അദ്ധ്യാപകർ അദ്ധ്യാപകബാങ്കിലേക്ക് മാറുന്നതും പേരന്റ് സ്കൂളുകളിൽ ഒഴിവുവരുമ്പോൾ അവിടെ നിയമിക്കുന്നതുമാണ്. 2010-11-ലെ തസ്തിക നിർണ്ണയ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ഇപ്പോൾ 2939 പ്രൊട്ടക്ടഡ് അദ്ധ്യാപകരാണ് ഉള്ളത്. ഇവരെ ഫലപ്രദമായി പുനർവിന്യസിക്കുന്നതു സംബന്ധിച്ചും അദ്ധ്യാപകബാങ്കിന്റെ ഘടനയും പ്രവർത്തനവും രൂപീകരിക്കുന്നത് സംബന്ധിച്ചും നടപടികൾ സ്വീകരിച്ചുവരുന്നു.

## വിദ്യാഭ്യാസ ഡയറക്ടർമാരുടെ നിയമനം

104 (1159) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരെയൊക്കെയാണ് വിദ്യാഭ്യാസ ഡയറക്ടർമാരായി നിയമിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ ;

(ബി) അപ്രകാരം നിയമിക്കപ്പെട്ടവർ ഏതൊക്കെ കാലയളവിൽ ഡയറക്ടർമാരായി ജോലി ചെയ്തിട്ടുണ്ട് എന്ന് വേർതിരിച്ച് വിശദമാക്കാമോ ;

(സി) ഡയറക്ടറായി നിയമനം ലഭിക്കുന്ന ഐ.എ.എസ്. ഓഫീസർമാർ ചെറിയ കാലയളവിൽ തന്നെ ഒന്നുകിൽ ലീവ് എടുത്തോ അല്ലെങ്കിൽ സ്ഥലം മാറിയോ പോകുന്നതിന് എന്താണ് കാരണം എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ ഡയറക്ടർമാരായി നിയമിക്കപ്പെട്ടവരുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| പൊതുവിദ്യാഭ്യാസ ഡയറക്ടർ | കാലാവധി |
|---|---|
| ശ്രീ. എ. ഷാജഹാൻ ഐ.എ.എസ്. | 12-8.-2011 മുതൽ 31-8-2013 വരെ |
| ശ്രീ. ബിജു പ്രഭാകർ ഐ.എ.എസ്. | 31-8-2013 മുതൽ 17-2-2014 വരെ |
| ശ്രീ. ഷെയ്ക്ക് പരീത് ഐ.എ.എസ്. | 21-.2-2014 മുതൽ 2-5-2014 വരെ |
| ശ്രീ. ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്. | 2-5-2014 മുതൽ 27-10-2014 വരെ (28-10-2014 മുതൽ 12-12-2014 വരെ ഏൺഡ് |

ലീവിൽ)

<u>ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ</u>

| | |
|---|---|
| ശ്രീ. പി. എസ്. മുഹമ്മദ് സഗീർ ഐ.എ. എസ്. | 4-7-2011 മുതൽ4-9-2012 വരെ |
| ശ്രീ. കേശവേന്ദ്രകുമാർ ഐ.എ.എസ്. | 4-10-2012 മുതൽ 15-2-2014 വരെ |
| ശ്രീ. കെ.എൻ.സതീഷ് ഐ.എ.എസ്. | 15-2-2014 മുതൽ ഡയറക്ടറായി തുടരുന്നു. |

<u>തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറി വിദ്യാഭ്യസ ഡയറക്ടർ</u>

ശ്രീ. എം. അബ്ദുൾ റഹിമാൻ 26-9-2011 മുതൽ 7-2-2012 വരെ

ശ്രീ. സി.കെ. മോഹനൻ 1-.7-2013 മുതൽ തുടരുന്നു.

(സി) മറ്റൊരു തസ്തികയിൽ നിയമനം ലഭിക്കുന്ന മുറയ്ക്കാണ് സ്ഥലം മാറിപ്പോകുന്നത്.

(ഡി) ബാധകമല്ല.

**സ്കൂളുകളിലെ പാഠപുസ്തകങ്ങളും, യൂണിഫോമും വിതരണം**

105 (1160) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓണപ്പരീക്ഷാ കാലയളവിനുള്ളിൽ പോലും സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും എല്ലാ പാഠപുസ്തകങ്ങളും, യൂണിഫോമും എത്തിക്കാൻ കഴിയാതിരുന്ന സാഹചര്യം എന്തായിരുന്നു; വിശദമാക്കാമോ ;

(ബി) ഓണപ്പരീക്ഷയ്ക്ക് മുൻപ് ഏതെല്ലാം പാഠപുസ്തകങ്ങൾ എത്ര സ്കൂളുകളിൽ വിതരണം ചെയ്യാൻ ബാക്കി നിൽപുണ്ടായിരുന്നു ; ഇപ്പോൾ അവശേഷിക്കുന്നവ എത്ര ;

(സി) സ്കൂൾ യൂണിഫോമുകൾ ഇനിയും വിതരണം ചെയ്യാൻ ബാക്കി നിൽക്കുന്നവ എത്ര ;

(ഡി) പാഠപുസ്തകങ്ങൾ ഇല്ലാതെ ഓണപ്പരീക്ഷ എഴുതിയ വിദ്യാർത്ഥികൾക്ക് പ്രസ്തുത വിഷയത്തിൽ പ്രത്യേക പരിഗണന നൽകേണ്ടതായി വന്നിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) കെ.ബി.പി.എസ്സിന്റെ ഇൻഡന്റ് മാനേജ്മെന്റ് സിസ്റ്റം പ്രയോജനപ്പെടുത്തി ടി വെബ്സൈറ്റിൽ സ്കൂളുകൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ സ്കൂൾ സൊസൈറ്റികളിൽ നിന്നും ഇൻഡന്റ് ചെയ്യുകയാണ് പതിവ്. ഓരോ സൊസൈറ്റിയുടേയും കീഴിൽ ഒന്നിൽ കൂടുതൽ സ്കൂളുകൾക്കുള്ള പുസ്തകങ്ങൾ ഇൻഡന്റ് ചെയ്യുന്ന പ്രകാരം കെ.ബി.പി.എസ്. പുസ്തകങ്ങൾ അച്ചടിച്ച് തപാൽ സംവിധാനം മുഖേന എത്തിക്കുന്നു. ഈ വർഷം പല സ്കൂളുകളിൽ നിന്നും കുട്ടികളുടെ എണ്ണത്തേക്കാൾ കൂടുതൽ ഇൻഡന്റ് ചെയ്യുകയും ടൈറ്റിലുകൾ തെറ്റായി ചേർക്കുകയും വഴി ആവശ്യത്തിലധികം പുസ്തകങ്ങൾ ചില സ്കൂളുകൾ കൈപ്പറ്റി. കൂടാതെ തെറ്റായ ഇൻഡന്റ് ചെയ്ത ടൈറ്റിലുകൾ വരെ സ്കൂളുകളിൽ എത്തി. ഇപ്രകാരം വിദ്യാർത്ഥികളുടെ എണ്ണത്തിനും അതിന്റെ 5% അധികവും അനുസരിച്ചുള്ള പുസ്തകങ്ങൾ സ്കൂളുകൾക്ക് മതിയാവാതെ വരുന്ന സ്ഥിതിഗതിയുണ്ടായി. എങ്കിലും കെ.ബി.പി.എസിന് അഡീഷണൽ പ്രിന്റ് ഓർഡർ നൽകി പുസ്തകം അച്ചടിച്ച് യഥാസമയം വിതരണം ചെയ്തിട്ടുണ്ട്.

(ബി) സ്കൂളുകൾ ആവശ്യത്തിലധികം സ്വീകരിച്ച പുസ്തകങ്ങൾ അതാത് വിദ്യാഭ്യാസ ആഫീസർമാരുടെ നിർദ്ദേശ പ്രകാരം കണക്കെടുക്കുകയും പുസ്തകങ്ങൾ ലഭിക്കാതെ വന്ന സ്കൂളുകൾക്ക് ഡിപ്പാർട്ട്മെന്റൽ സംവിധാനം ഉപയോഗിച്ച് പുസ്തകങ്ങൾ ലഭ്യമാക്കുന്നതിന് പുനഃക്രമീകരിക്കുകയുമുണ്ടായി. ഇപ്രകാരം ഓണപ്പരീക്ഷയ്ക്കുള്ള പുസ്തകങ്ങൾ അതാത് വിദ്യാഭ്യാസ ഉപഡയറക്ടർ നൽകിയ പ്രകാരം പൂർണ്ണമായും ലഭ്യമാക്കിയിരുന്നു.

(സി) നവംബർ 30-ന് മുമ്പ് എല്ലാ സ്കൂളുകളിലും യൂണിഫോം വിതരണം പൂർത്തിയാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഇൻഡന്റ് ചെയ്ത പ്രകാരമാണ് കെ.ബി.പി.എസ്. പുസ്തകങ്ങൾ തപാൽ സംവിധാനം മുഖേന എത്തിച്ചിരുന്നത്. ആവശ്യമായ പുസ്തകങ്ങളുടെ ടൈറ്റിലുകൾ എണ്ണത്തിനനുസരിച്ച് ഇൻഡന്റ് ചെയ്യാത്തവർക്ക്, ജില്ലയിൽ കൂടുതലായി ലഭിച്ച പുസ്തകങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ മുഖാന്തരം

പുനഃക്രമീകരിച്ച് നൽകിയിട്ടുണ്ട്.

**സ്കൂളുകളുടെ പ്രവർത്തനത്തിൽ ഇടപെടൽ**

106 (1161) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് സർക്കാർ/എയ്ഡഡ് സ്കൂളുകളുടെ അക്കാഡമിക്/അഡ്മിനിസ്ട്രേറ്റീവ് കാര്യങ്ങളിൽ ഇടപെടാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ, ഏതെല്ലാം കാര്യങ്ങളിലാണ് ഇവർക്ക് ഇടപെടാൻ കഴിയുന്നതെന്നു വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധിച്ച് വകുപ്പ് ഇറക്കിയിട്ടുള്ള ഉത്തരവുകളും സർക്കുലറുകളും ഏതൊക്കെയാണ്; പകർപ്പുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ-സി) 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിലെ സെക്ഷൻ 9 പ്രകാരം 13 ചുമതലകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. മേൽ ചുമതലകൾ നിർവ്വഹിക്കുന്നതിനും അവയുടെ ഗുണഫലങ്ങൾ പ്രൈമറി സ്കൂളുകളിൽ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും വേണ്ട മേൽനോട്ടം വഹിക്കുവാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. ഇക്കാര്യത്തിൽ വിവിധ തദ്ദേശ സ്ഥാപനതലങ്ങളിൽ മേൽനോട്ടം വഹിക്കേണ്ടതായ ചുമതലകൾ വിശദീകരിച്ചുകൊണ്ട് 20-9-2014 ലെ ജി.ഒ.(പി) 192/14/പൊ.വി.വ. നമ്പർ മുഖേന വിശദമായ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

**സർക്കാർ/എയ്ഡഡ് മേഖലയിലെ സ്കൂളുകൾ**

107 (1162) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറാം പ്രവൃത്തിദിനത്തിലെ കണക്കിൻപ്രകാരം സംസ്ഥാനത്ത് എത്ര

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കുട്ടികൾ പഠിക്കുന്നുണ്ട് ; സർക്കാർ, എയ്ഡഡ് മേഖല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഓരോ ജില്ലയിലും എത്ര വിദ്യാർത്ഥികളുണ്ട് ; ജില്ലാടിസ്ഥാനത്തിൽ എത്ര കുട്ടികൾ ഓരോ ക്ലാസ്സിലും പഠിക്കുന്നുവെന്ന് സർക്കാർ/എയ്ഡഡ് മേഖല തിരിച്ച് കണക്ക് നൽകാമോ ;

(സി) കേന്ദ്രീയവിദ്യാലയങ്ങൾ/മറ്റു സി.ബി.എസ്.ഇ. വിദ്യാലയങ്ങളിൽ എത്ര കുട്ടികൾ പഠിക്കുന്നുവെന്ന കണക്ക് ലഭ്യമാണോ ; എങ്കിൽ, ജില്ല തിരിച്ച് കണക്ക് നൽകാമോ ;

(ഡി) അംഗീകാരമില്ലാത്ത സ്കൂളുകൾ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ട്; ജില്ലാടിസ്ഥാനത്തിൽ കണക്ക് നൽകാമോ ;

(ഇ) അംഗീകാരമില്ലാത്ത സ്കൂളുകളിൽ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്; വിശദമായ കണക്ക് ലഭ്യമാക്കാമോ ;

(എഫ്) പൊതുവിദ്യാഭ്യാസമേഖലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നു വിശദമാക്കാമോ ;

(ജി) വിദ്യാർത്ഥികളുടെ പഠനനിലവാരം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ; അസംബ്ലി മണ്ഡലാടിസ്ഥാനത്തിൽ നടപ്പിലാക്കിവന്ന സമഗ്രവിദ്യാഭ്യാസപദ്ധതി പൊതു വിദ്യാഭ്യാസ മേഖലയെ ഏതെല്ലാം വിധത്തിൽ ശക്തിപ്പെടുത്തുന്നുവെന്ന് വിശദീകരിക്കാമോ ; സമഗ്രവിദ്യാഭ്യാസ പദ്ധതി പ്രകാരം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പിലാക്കിയെന്നു വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ-ജി) വിവരം ശേഖരിച്ചുവരുന്നു.

**പ്രൊട്ടക്ടഡ് അദ്ധ്യാപകർ**

108 (1163) <u>ശ്രീ. കെ. വി. അബ്ദുൽ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൊട്ടക്ടഡ് അദ്ധ്യാപകരായി ഹൈസ്കൂൾ തലംവരെ എത്ര പേരുണ്ടെന്ന് അറിയിക്കുമോ ;

(ബി) പ്ലസ്ടു തലത്തിൽ പ്രൊട്ടക്ടഡ് അദ്ധ്യാപകർ ഉണ്ടോ; വിദ്യാർത്ഥികൾ കുറഞ്ഞതുമൂലം ജോലി ഇല്ലാതായ അദ്ധ്യാപകർ എത്ര; അതിൽ എത്രപേർക്ക് പ്രൊട്ടക്ഷൻ നൽകുകയുണ്ടായിട്ടുണ്ട് ; പ്രൊട്ടക്ഷൻ ആവശ്യപ്പെട്ടവർ എത്രയാണ് ;

(സി) ഹൈസ്കൂൾ തലംവരെ സംരക്ഷിത അദ്ധ്യാപകർക്കായി പ്രതിവർഷം എത്ര രൂപ ചെലവഴിക്കുന്നുണ്ട് ; 2013 അദ്ധ്യയനവർഷത്തിൽ ചെലവായതെത്രയാണ്; 2014-ൽ പ്രതീക്ഷിക്കുന്ന ചെലവെത്രയാണ് ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**സ്കൂളുകളും വിദ്യാർത്ഥികളും അദ്ധ്യാപകരും**

109 (1164) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 അദ്ധ്യായന വർഷത്തിലെ കണക്കുകൾ പ്രകാരം പത്താംക്ലാസ് വരെയുള്ള ആകെ സ്കൂളുകൾ എത്ര; അവയിൽ എയ്ഡഡ് മേഖലയിലുള്ളവ എത്ര ; സർക്കാർ മേഖലയിലുള്ളവ എത്ര ; വിശദമാക്കാമോ ;

(ബി) സർക്കാർ/എയ്ഡഡ് മേഖലകളിൽ ഉള്ള സ്കൂളുകളിൽ ഒന്നു മുതൽ പത്താം ക്ലാസ് വരെയുള്ള ഓരോ ക്ലാസുകളിലെയും ആകെ വിദ്യാർത്ഥികൾ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) പത്താം ക്ലാസ് വരെയുള്ള ക്ലാസുകളിൽ പഠിപ്പിക്കുന്ന ആകെ അദ്ധ്യാപകർ എത്ര ; അതിൽ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ഇരുപതിൽ താഴെ വിദ്യാർത്ഥികളുള്ള സ്കൂളുകൾ എത്ര ; സർക്കാർ സ്കൂളുകൾ എത്ര ; എയ്ഡഡ് സ്കൂളുകൾ എത്ര ; ഈ സ്കൂളുകളിലെ അദ്ധ്യാപകർ എത്ര ; വിശദമാക്കാമോ ;

(ഇ) സംസ്ഥാനത്ത് ആകെ എത്ര പ്രൊട്ടക്റ്റഡ് അധ്യാപകർ ഉണ്ട് ; വിവരം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) 2014-15 വർഷത്തെ കണക്കുകൾ പ്രകാരം സർക്കാർ, എയ്ഡഡ്/ അൺ എയ്ഡഡ് മേഖല ഉൾപ്പെടെ പത്താം ക്ലാസ്സ് വരെയുള്ള 12,615 സ്കൂളുകൾ ഉണ്ട്.

| | | |
|---|---|---|
| സർക്കാർ മേഖലയിൽ | - | 4619 |
| എയ്ഡഡ് മേഖലയിൽ | - | 7145 |

(ബി) സർക്കാർ/എയ്ഡഡ് മേഖലകളിലെ കുട്ടികളുടെ എണ്ണം (പ്രൊവിഷണൽ) സ്റ്റാൻഡേർഡ് തിരിച്ച് അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(സി-ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## സ്കൂളുകളിലെ ബാലാവകാശ ലംഘനങ്ങൾ

110 (1165) <u>ശ്രീ. ഇ. കെ. വിജയൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത സ്കൂളുകളിൽ വലിയ തോതിലുള്ള ബാലാവകാശ ലംഘനങ്ങൾ നടക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരത്തിലുള്ള സംഭവങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. RTE Act പ്രകാരവും ബാലാവകാശം സംബന്ധിച്ചുള്ള നിയമങ്ങൾ പ്രകാരവുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും വിദ്യാലയങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഹൈസ്കൂളുകളിലെ മലയാളം അദ്ധ്യാപകർ

111 (1166) <u>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈസ്കൂളുകളിൽ മലയാളം അദ്ധ്യാപകരുടെ എത്ര ഒഴിവുകളുണ്ട് എന്ന് ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) എച്ച്.എസ്.എ. മലയാളം തസ്തികയ്ക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ എന്നും റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് എപ്പോഴാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് എന്തെങ്കിലും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)

| ജില്ല | ഒഴിവുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 3 |
| കൊല്ലം | 1 (ഇത് മോഡൽ റസിഡൻഷ്യൽ സ്കൂളിലെ ഒഴിവാണ്. പൊതു വിദ്യാഭ്യാസ ഡയറക്ടർ നേരിട്ട് നിയമനം നടത്തുന്നതാണ്.) |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 3 (ഇതിൽ 2 ഒഴിവുകൾ തസ്തിക നഷ്ടപ്പെട്ടവരെ ക്രമീകരിക്കാൻ മാറ്റിവച്ചിരിക്കുന്നതാണ്) |
| കോട്ടയം | ഇല്ല |
| ഇടുക്കി | 1 |
| എറണാകുളം | ഇല്ല |
| തൃശ്ശൂർ | ഇല്ല |
| പാലക്കാട് | 10 (ഇതിൽ 9 ഒഴിവുകൾ തസ്തിക നഷ്ടപ്പെട്ടവരെ ക്രമീകരിക്കാൻ മാറ്റിവച്ചിരിക്കുന്നതാണ്) |
| മലപ്പുറം | 16 |
| കോഴിക്കോട് | 6 |
| വയനാട് | ഇല്ല |
| കണ്ണൂർ | ഇല്ല |
| കാസർഗോഡ് | 2 |

(ബി) എച്ച്. എസ്. എ. മലയാളം തസ്തികക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് 14 ജില്ലകളിലും നിലവിലുണ്ട്. 30-9-2014 ൽ നിലവിലുള്ളതും 30-3-2015 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതും നാലര വർഷം

പൂർത്തിയാക്കാത്തതുമായ എല്ലാ റാങ്ക് ലിസ്റ്റുകളുടേയും കാലാവധി ചില വ്യവസ്ഥകൾക്ക് വിധേയമായി 31-3-2015 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് വേണ്ടി എല്ലാ ജില്ലകളിലും നടപടി സ്വീകരിച്ചിട്ടുണ്ട്.

**സ്കൂളുകൾക്ക് അംഗീകാരം**

112 (1167) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്കൂളുകൾക്കാണ് അംഗീകാരം നൽകിയത് ; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യമേഖലയിലുള്ളതും സംസ്ഥാന സിലബസ്സ് പിൻതുടരുന്നതുമായ സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടില്ല.

**ആദായകരമല്ലാത്ത വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ നിർത്തലാക്കുവാനുള്ള നീക്കം**

113 (1168) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദായകരമല്ലാത്ത വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകൾ നിർത്തലാക്കാൻ എന്തെങ്കിലും നീക്കം നടക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ സ്കൂളുകൾ ആദായകരമല്ല എന്ന് തീരുമാനിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ; സംസ്ഥാനത്ത് എത്ര വി.എച്ച്.എസ്. സ്കൂളുകളാണ് ഇത്തരത്തിൽ ആദായകരമല്ലാത്തത്;

(ബി) ഇത്തരത്തിൽ സ്കൂളുകൾ നിർത്തലാക്കിയാൽ പകരം ഇവിടങ്ങളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കുമോ ;

(സി) ആദായകരമല്ലാത്ത വി.എച്ച്.എസ്സ്. സ്കൂളുകളിൽ ജോലി നോക്കുന്ന അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംരക്ഷിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

<u>ഉത്തരം</u>

(എ) ഇല്ല

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

**വിദ്യാലയങ്ങളിലെ അദ്ധ്യാപക രക്ഷാകർതൃസമതികളുടെ ഘടനയും പ്രവർത്തനങ്ങളും സംബന്ധിച്ച ഉത്തരവ്**

114 (1169) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിദ്യാലയങ്ങളിലെ അദ്ധ്യാപക-രക്ഷാകർതൃ സമിതികളുടെ ഘടനയും പ്രവർത്തനങ്ങളും സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) വിദ്യാലയങ്ങളിലെ അദ്ധ്യാപക രക്ഷാകർതൃസമതികളുടെ ഘടനയും പ്രവർത്തനങ്ങൾക്കുള്ള മാനദണ്ഡങ്ങളും സംബന്ധിച്ച് വിശദവും സമഗ്രവുമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സ.ഉ. (കൈ) നമ്പർ 126/07/പൊ.വി.വ. തീയതി 25-6-2007 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 18-7-2007-ലെ സ.ഉ (കൈ) നമ്പർ 142/07/പൊ.വി.വ. തീയതി 23-9-2014-ലെ സ.ഉ. (കൈ) നമ്പർ 196/14/പൊ.വി.വ എന്നിവ പ്രകാരം മേൽ ഉത്തരവിന് ഭേദഗതികൾ വരുത്തിയിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

**അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ**

115 (1171) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന എത്ര സ്കൂളുകളാണ്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ആലപ്പുഴ ജില്ലയിൽ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) അംഗീകാരമില്ലാത്ത എത്ര സ്കൂളുകളാണ് മാവേലിക്കര നിയോജക മണ്ഡലത്തിൽ പ്രവർത്തിക്കുന്നത് ; ഇവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്കെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ അടച്ച് പൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) വകുപ്പുതല നിർദ്ദേശങ്ങളോ സർക്കാർ മാനദണ്ഡങ്ങളോ പാലിക്കാതെ അനധികൃതമായി വിദ്യാലയങ്ങൾ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സർക്കാർ അംഗീകാരമില്ലാതെ സ്വന്തം നിലയിൽ വ്യക്തികളും സ്ഥാപനങ്ങളും നടത്തിവരുന്നതാകയാൽ ഇപ്രകാരമുള്ള സ്കൂളുകളുടെ കൃത്യമായ കണക്ക് ലഭ്യമല്ല.

(ഡി&ഇ) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം അംഗീകാരമില്ലാത്ത ഒരു സ്കൂളിനും സംസ്ഥാനത്ത് പ്രവർത്തിക്കുവാൻ സാദ്ധ്യമല്ല. വിദ്യാഭ്യാസ അവകാശ നിയമം കർശനമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്ന സി.ബി.എസ്.ഇ സ്കൂളുകൾക്ക് അംഗീകാരം ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി
31-5-2015 വരെയും സ്റ്റേറ്റ് സിലബസ് പിൻതുടരുന്ന സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 31-12-2014 വരെയും ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. ഇപ്രകാരം ലഭ്യമാകുന്ന അപേക്ഷ വിശദമായി പരിശോധിച്ച ശേഷം കൃത്യമായ മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുകയും അതിനുശേഷം അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അനധികൃത സ്കൂളുകൾക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**പാഠപുസ്തകങ്ങളുടെ ലഭ്യതയും വിതരണവും**

116 (1172) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പല സ്കൂളുകളിലും ഇനിയും പാഠപുസ്തകങ്ങൾ ലഭ്യമായിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ക്ലാസ്സുകളിലെ പുസ്തകങ്ങളാണ് ഇതുവരെയും വിതരണം ചെയ്യാത്തത് എന്ന് വ്യക്തമാക്കാമോ ;

(സി) ഇതുവരെയും പുസ്തകം വിതരണം ചെയ്തിട്ടില്ലാത്ത സ്കൂളുകളുടെ പേരു വിവരം ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ ?

ഉത്തരം

(എ-സി) ഇൻഡന്റ് ചെയ്തതുപ്രകാരം എല്ലാ സ്കൂളുകളിലും പുസ്തകവിതരണം ചെയ്തതായി കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റി അറിയിച്ചിട്ടുണ്ട്.

**അംഗീകാരമില്ലാത്ത സ്കൂളുകൾ**

117 (1173) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ അംഗീകാരമില്ലാത്ത എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) അംഗീകാരം ഇല്ലാത്ത സ്കൂളുകളുടെ പ്രവർത്തനം നിർത്തലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ യോഗ്യത പരിശോധിക്കാനുള്ള സംവിധാനം ഉണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത സ്ഥാപനങ്ങളിലെ അദ്ധ്യാപക ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ നിശ്ചയിക്കാനുള്ള സംവിധാനം എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) വ്യക്തികളും സ്ഥാപനങ്ങളും വകുപ്പു നിർദ്ദേശങ്ങളോ സർക്കാർ അനുശാസിക്കുന്ന മാനദണ്ഡങ്ങളോ സ്വീകരിക്കാതെ സ്വന്തം ഇഷ്ടപ്രകാരം വിദ്യാലയങ്ങൾ

നടത്തിവരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇപ്രകാരം അനധികൃതമായി പ്രവർത്തിക്കുന്ന സ്കൂളുകളുടെ വ്യക്തമായ കണക്ക് ലഭ്യമല്ല.

(ബി) സർക്കാർ മാനദണ്ഡങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്ന സ്റ്റേറ്റ് സിലബസ്സ് അനുസരിച്ചുള്ള വിദ്യാലയങ്ങൾക്ക് 31-12-2014-വരെയും സി.ബി.എസ്.ഇ. വിദ്യാലയങ്ങൾക്ക് 31-1-2015 വരെയും അംഗീകാരം നേടാനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരിശോധിച്ച് നിശ്ചിത മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകിയതിനുശേഷം മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) അംഗീകാരം ലഭിക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച മാനദണ്ഡ പ്രകാരം ലഭിക്കുന്ന അപേക്ഷയോടൊപ്പം അദ്ധ്യാപകരുടെ യോഗ്യത സംബന്ധിച്ച വിവരവും യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പകർപ്പും വാങ്ങുകയും ആയവ പരിശോധിക്കുകയും നിശ്ചിത യോഗ്യതയുള്ള അദ്ധ്യാപകരാണ് ജോലി ചെയ്യുന്നത് എന്ന് പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉറപ്പു വരുത്തുകയും ചെയ്യുന്നുണ്ട്.

(ഡി) സർക്കാർ നിശ്ചയിച്ചിട്ടുള്ള വേതനം അദ്ധ്യാപകർക്ക് ലഭിക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിനായി അത്തരം വിദ്യാലയങ്ങളിൽ പരിശോധന നടത്തുവാൻ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വേതനം സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനും മാനേജ്മെന്റ് പ്രതിനിധികൾ, അദ്ധ്യാപക സംഘടനാ പ്രതിനിധികൾ എന്നിവരുടെ പങ്കാളിത്തമുള്ള സ്റ്റേറ്റ് ലെവൽ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

**സ്വാശ്രയമേഖലയിൽ അനുമതി നല്കിയ കോഴ്സുകൾ**

118 (1174) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ/സ്വാശ്രയ മേഖലയിൽ ഏതെല്ലാം വകുപ്പുകളുടെ ഭരണ നിർവ്വഹണത്തിൻ കീഴിൽ എന്തെല്ലാം കോഴ്സുകൾക്ക് എത്ര സ്ഥാപനങ്ങൾക്ക് അനുമതി നല്കുകയുണ്ടായിട്ടുണ്ട് ;

(ബി) സ്വാശ്രയമേഖലയിൽ ആരംഭിക്കുന്നതിന് സർക്കാർ നല്കിയ അനുമതികൾ വകുപ്പ്, കോഴ്സ്, സ്ഥാപനങ്ങൾ, സീറ്റുകൾ തുടങ്ങിയവ തിരിച്ച് വിശദമാക്കാമോ ?

<u>ഉത്തരം</u>

| | | | |
|---|---|---|---|
| (എ&ബി) | കേരള സർവ്വകലാശാല | - | അനുബന്ധം 1-11* |
| | മഹാത്മാഗാന്ധി സർവ്വകലാശാല | - | അനുബന്ധം 13-28 |
| | കോഴിക്കോട് സർവ്വകലാശാല | - | അനുബന്ധം 29-58 |
| | കണ്ണൂർ സർവ്വകലാശാല | - | അനുബന്ധം 59-64 |
| | ലോ കോളേജുകൾ | - | അനുബന്ധം 65 |
| | കുസാറ്റ് | - | അനുബന്ധം 67 |

**റാന്നി കിസുമത്തെ സർക്കാർ സ്കൂളിൽ പ്ലസ് ടു കോഴ്സ്**

119 (1175) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി താലൂക്കിന്റെ കിഴക്കൻ പട്ടികവർഗ്ഗ മേഖലയായ കിസുമത്തെ സർക്കാർ സ്കൂളിൽ എന്നുമുതലാണ് +2 കോഴ്സ് ആരംഭിച്ചത് ; പ്ലസ്ടുവിന് ഏതൊക്കെ ബാച്ചാണ് ഇവിടെ അനുവദിച്ചിരിക്കുന്നത് ; ഓരോ ബാച്ചിലും എത്ര കുട്ടികൾക്കു വീതമാണ് അഡ്മിഷൻ നൽകുന്നത് ;

(ബി) ഈ പ്രദേശത്തെ കുട്ടികൾക്ക് മറ്റു സ്കൂളുകളിൽ പഠനാവശ്യത്തിന് പോകാൻ കിലോമീറ്ററുകൾ സഞ്ചരിക്കണം എന്നതും, കിസുമം ഹയർ സെക്കണ്ടറി സ്കൂളിൽ സയൻസ് വിഷയങ്ങളുടെ കോമ്പിനേഷൻ ഇല്ലാത്തതിനാൽ കുട്ടികൾക്ക് സയൻസ് പഠിക്കാൻ കഴിയാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കുട്ടികളുടെ സൗകര്യാർത്ഥം സയൻസ് ഗ്രൂപ്പ് അനുവദിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ ?

<u>ഉത്തരം</u>

(എ) 2004 മുതൽ. കൊമേഴ്സ്, ഹ്യൂമാനിറ്റീസ് ബാച്ചുകൾ. ഓരോ ബാച്ചിലും അമ്പത് കുട്ടികൾക്കുവീതം.

(ബി) ഇല്ല. സ്കൂൾ അനുവദിക്കുന്നതിനായി അപേക്ഷിച്ച സമയത്ത് സ്കൂൾ അധികൃതർ ആവശ്യപ്പെട്ടപ്രകാരം ഹ്യുമാനിറ്റീസ്, കൊമേഴ്സ് ബാച്ചുകളാണ് അനുവദിച്ചത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രസ്തുത സ്കൂൾ ഉൾപ്പെടുന്ന പത്തനംതിട്ട ജില്ലയിൽ അധിക ബാച്ച് അനുവദിക്കുന്നതിനായി നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## പിന്നോക്ക സമുദായക്ഷേമസമിതി (2011-2014) യുടെ ശിപാർശകൾ

120 (1176) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക സമുദായക്ഷേമ സമിതിയുടെ (2011-2014) സംവരണനഷ്ടം നികത്തുന്നതുമായി ബന്ധപ്പെട്ട ശിപാർശകൾ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) പ്രസ്തുത ശിപാർശകൾ നടപ്പിലാക്കിയതിന്റെ അടിസ്ഥാനത്തിൽ തസ്തികമാറ്റത്തിലൂടെ നികത്തുന്നതിനായി മാറ്റിവയ്ക്കേണ്ട എത്ര ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി PSC-യിൽ റിപ്പോർട്ട് ചെയ്തു ;

(സി) പ്രസ്തുത സമിതിയുടെ ശിപാർശകളുടെ ആനുകൂല്യങ്ങൾ HSST (History) വിഭാഗക്കാർക്കും അനുവദിച്ചു നൽകുമോ ;

(ഡി) പ്രസ്തുത ആനുകൂല്യങ്ങൾ HSST (History) വിഭാഗക്കാർക്ക് കൂടി അനുവദിച്ചു നൽകുകയാണെങ്കിൽ തസ്തികമാറ്റത്തിലൂടെ നികത്തുന്നതിനായി മാറ്റിവയ്ക്കേണ്ട എത്ര ഒഴിവുകൾ നേരിട്ടുള്ള നിയമനത്തിനായി PSC-യിൽ റിപ്പോർട്ട് ചെയ്യേണ്ടി വരുമെന്നറിയിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

## 2011 മുതൽ 2015 വരെ അനുവദിച്ച പ്ലസ് ടു സ്കൂളുകൾ

121 (1177) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ മേഖലയിൽ 2011 മുതൽ 2015 വരെയുള്ള വിദ്യാഭ്യാസ വർഷങ്ങളിൽ എത്ര വീതം പ്ലസ്ടു സ്കൂളുകളും ബാച്ചുകളും അനുവദിക്കുകയുണ്ടായി ; വിശദ വിവരം നൽകുമോ ;

(ബി) സർക്കാർ മേഖലയിൽ അനുവദിച്ചതിൽ എത്രയിടങ്ങളിൽ ഹിസ്റ്ററി കോമ്പിനേഷൻ ഉണ്ട് ; വിശദമാക്കാമോ ;

(സി) പ്രസ്തുത കോഴ്സിലേക്കായി എത്ര വീതം ഹിസ്റ്ററി അദ്ധ്യാപക

തസ്തികകൾ ആവശ്യമുണ്ട് ; വിദ്യാഭ്യാസ വർഷം തിരിച്ചുള്ള എണ്ണം നൽകാമോ ;

(ഡി) സ്പെഷ്യൽ റൂൾസ് നിലവിൽ വന്നതിനുശേഷം ഉണ്ടായ HSST സീനിയർ ഹിസ്റ്ററി തസ്തികകളും അതിന്റെ നേരിട്ടും തസ്തികേതര പ്രൊമോഷൻ വഴിയും നടത്തിയ നിയമനങ്ങളുടെ വിദ്യാഭ്യാസ വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ;

(ഇ) HSST സീനിയർ ഹിസ്റ്ററി തസ്തികയിൽ ഉണ്ടായ ഒഴിവുകളിൽ തസ്തികേതര പ്രൊമോഷനുവേണ്ടി 65 ഒഴിവുകൾ സ്പെഷ്യൽ റൂൾ നിഷ്കർഷിക്കുന്ന 1:3 അനുപാതപ്രകാരം മാറ്റി വയ്ക്കപ്പെട്ടപ്പോൾ ആനുപാതികമായി നേരിട്ടുള്ള PSC നിയമനത്തിനായി 195 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഏതൊക്കെ തീയതികളിൽ എത്ര വീതം ഒഴിവുകൾ റിപ്പോർട്ട് ചെയ്തു ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) സർക്കാർ മേഖലയിൽ 2011 മുതൽ 2015 വരെയുള്ള അക്കാഡമിക് വർഷങ്ങളിൽ അനുവദിച്ച പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു;

2011-12 - 180 സ്കൂളുകളിലായി 181 അധിക ബാച്ചുകൾ അനുവദിച്ചു.

2012-13 - അനുവദിച്ചിട്ടില്ല.

2013-14 - അനുവദിച്ചിട്ടില്ല.

2014-15 - 61 പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 61 ബാച്ചുകളും 59 ഹയർ സെക്കണ്ടറി സ്കൂളുകളിലായി 59 അധിക ബാച്ചുകളും അനുവദിച്ചിട്ടുണ്ട്.

(ബി) വിശദവിവരം അനുബന്ധം (I) ആയി ചേർക്കുന്നു.*

(സി) 2011-12 അദ്ധ്യയനവർഷം അനുവദിച്ച ബാച്ചുകളിലേക്ക് എച്ച്.എസ്.എസ്.റ്റി. 14 തസ്തികകളും എച്ച്.എസ്.എസ്.റ്റി (ജൂനിയർ) 7 തസ്തികകളും ആവശ്യമാണ്. 2014-15 അദ്ധ്യയന വർഷത്തിലേക്ക് അനുവദിച്ച പുതിയ സ്കൂളുകളിലും അധിക ബാച്ചുകൾക്കും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടില്ല.

(ഡി) വിവരം അനുബന്ധം (II) ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) 183 ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തത്. നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം ഒഴിവുകളുണ്ടാകുന്ന സമയത്ത് യോഗ്യരായ ജൂനിയിൽ അദ്ധ്യാപകർ ഇല്ലായെങ്കിൽ മാത്രം പ്രസ്തുത ഒഴിവുകൾ 1:3 എന്ന അനുപാതത്തിൽ തസ്തികമാറ്റ നിയമനത്തിനും നേരിട്ടുള്ള നിയമനത്തിനുംവേണ്ടി മാറ്റി വയ്ക്കുകയാണ് ചെയ്യുന്നത്.

| റിപ്പോർട്ട് ചെയ്ത തീയതി | എണ്ണം |
|---|---|
| 1-9-2009 | 44 |
| 29-7-2009 | 24 |
| 19-10-2009 | 1 |
| 15-12-2009 | 7 |
| 5-1-2010 | 3 |
| 12-7-2010 | 12 |
| 2-12-2010 | 27 |
| 20-6-2011 | 1 |
| 7-7-2011 | 6 |
| 31-10-2011 | 9 |
| 11-12-2013 | 26 |
| 14-5-2014 | 3 |
| 26-6-2014 | 20 |

## എയ്ഡഡ് മേഖലയിൽ 2014-15-ൽ അനുവദിച്ച പ്ലസ് ടു സ്കൂളുകളിലെ പ്രവേശന നടപടി

122 (1178) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് മേഖലയിൽ 2014-15-ൽ അനുവദിച്ച പ്ലസ്ടു സ്കൂളുകളിലും

അധിക ബാച്ചുകളിലും വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചത് മെറിറ്റും സംവരണ തത്വങ്ങളും പാലിച്ചുകൊണ്ടായിരുന്നുവോ ; ഇത് ഉറപ്പാക്കാൻ സർക്കാർ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ടായിരുന്നുവോ ; വ്യക്തമാക്കാമോ ;

(ബി) ഏകജാലകം വഴിയുള്ള വിദ്യാർത്ഥി പ്രവേശനം നടത്താതിരുന്നതിന്റെ കാരണമെന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) പുതുതായി അനുവദിച്ച പ്ലസ്ടു കോഴ്സുകൾക്ക് മൊത്തം എത്ര സീറ്റുകൾ ഉണ്ടായിരുന്നു ; അതിൽ എത്ര സീറ്റുകൾ ഇപ്പോഴും ബാക്കിനിൽപുണ്ട് ;

(ഡി) പുതുതായി അനുവദിച്ച പ്ലസ്ടു സ്കൂളുകളിലും ബാച്ചുകളിലും 2014-15-ൽ 40-ൽ കുറഞ്ഞ വിദ്യാർത്ഥികൾ ഉള്ള സ്കൂളുകൾ എത്രയാണ് ; അവയിൽ എയ്ഡഡ് മേഖലയിലുള്ളവ എത്രയാണെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) അതെ. നിലവിലുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതുതായി അനുവദിച്ച അധിക ബാച്ചുകളിലേക്കുള്ള പ്ലസ് വൺ പ്രവേശനം 2014-15 വർഷത്തേക്ക് പുറപ്പെടുവിച്ച പ്രോസ്പെക്ടസിൽ നിർദ്ദേശിക്കുന്നപ്രകാരം ഏകജാലക പ്രവേശനം മുഖേനയും പുതുതായി ആരംഭിക്കുന്ന ഹയർ സെക്കണ്ടറി സ്കൂളുകളിൽ 2014-15 അദ്ധ്യയന വർഷത്തേക്ക് മാത്രമായി ഏകജാലക പ്രവേശനം നിലവിൽ വരുന്നതിന് മുമ്പുണ്ടായിരുന്ന രീതിയിലും എന്നാൽ, സംവരണം തുടങ്ങിയ മറ്റ് കാര്യങ്ങളിൽ ടി പ്രോസ്പെക്ടസിലെ മാനദണ്ഡങ്ങൾക്കനുസരിച്ചുമാണ് പ്രവേശനം നടത്തിയത്. ഇക്കാര്യം ഉറപ്പാക്കുന്നതിനായി സർക്കാർ പ്രത്യേകം നിർദ്ദേശം നൽകിയിട്ടുള്ളതും ഹയർ സെക്കണ്ടറി ഡയറക്ടർ ഇക്കാര്യങ്ങൾ ഉറപ്പാക്കിയിട്ടുള്ളതുമാണ്.

(ബി) 2014-15 അദ്ധ്യായന വർഷത്തിൽ പുതുതായി അനുവദിച്ച സ്കൂളുകളിലേക്ക് മാത്രമാണ് ഏകജാലക സംവിധാനംവഴി പ്രവേശം നടത്താതിരുന്നത്. ഏകജാലക പ്രവേശനപ്രക്രിയ തുടങ്ങിക്കഴിഞ്ഞ സാഹചര്യത്തിൽ പുതിയ സ്കൂളുകളെക്കൂടി അതിനുള്ളിൽ ഉൾപ്പെടുത്തുവാനുള്ള സാങ്കേതിക ബുദ്ധിമുട്ട് കാരണമാണ് ടി സ്കൂളിലേക്ക് ഏകജാലക സംവിധാനംവഴി പ്രവേശനം നടത്താത്തിരുന്നത്.

(സി) 21050. 1866 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(ഡി) 5. എയ്ഡഡ് മേഖലയിൽ 2 സ്കൂളുകളുണ്ട്.

## 2014-15-ൽ പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകൾ

123 (1179) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2014-15 വർഷത്തിൽ പുതുതായി അനുവദിച്ച ഹയർ സെക്കന്ററി സ്കൂളുകളിൽ ഓരോ ബാച്ചിലും എത്ര കുട്ടികൾ വീതമുണ്ടെന്ന് സ്കൂൾ തിരിച്ച് വിശദമാക്കാമോ ?

ഉത്തരം

2014-15-ൽ പുതുതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഓരോ ബാച്ചിലുമുള്ള കുട്ടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു.*

**മിഷൻ 676 -വിദ്യാഭ്യാസ രംഗത്ത്**

124 (1180) ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ രംഗത്ത് പുതുകാൽവെയ്പിനായി മിഷൻ 676 പ്രകാരം എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളെ സംബന്ധിച്ച് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതി നിർവ്വഹണത്തിനായി ഏതെല്ലാം സ്ഥാപനങ്ങളേയും ഏജൻസികളേയുമാണ് പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നിർവ്വഹണത്തിന് എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ-ഡി) വിദ്യാഭ്യാസ രംഗത്ത് മിഷൻ 676-പ്രകാരം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച രൂപരേഖ തയ്യാറാക്കി പുസ്തക രൂപത്തിൽ പ്രകാശനം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മിഷൻ 676 – ഉം പൊതുവിദ്യാഭ്യാസ വകുപ്പും

125 (1181) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൻ കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ് ; അവ ഓരോന്നിനും എന്തു തുക വീതം നീക്കിവച്ചിട്ടുണ്ട് ; ബഡ്ജറ്റ് വിഹിതത്തിന് പുറമെയാണോ ഇത് ;

(ബി) എല്ലാ പദ്ധതികളുടെയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; പണി പൂർത്തീകരിച്ച ഏതെങ്കിലും പദ്ധതിയുണ്ടോ ; ഇതുവരെ പണി ആരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാമാണ് ?

### ഉത്തരം

(എ) ആദിവാസി മേഖലയിൽ അവശേഷിക്കുന്ന നിരക്ഷരത പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള ആദിവാസി സാക്ഷരത-50 ലക്ഷം രൂപ അവശേഷിക്കുന്ന നിരക്ഷരരെക്കൂടി സാക്ഷരരാക്കുന്നതിനുള്ള അക്ഷര ലക്ഷം രണ്ടാംഘട്ടം-125 ലക്ഷം രൂപ കുട്ടികളുടെ ഭാവി ജീവിതം സുരക്ഷിതമാക്കാനും അവരുടെ കഴിവുകളെ കണ്ടെത്തി ശരിയായ രീതിയിൽ മുന്നേറുന്നതിന് സഹായിക്കുവാനുള്ള ആശ്വാസ്-500 ലക്ഷം രൂപ കേരളത്തെ സമ്പൂർണ്ണ പ്രാഥമിക വിദ്യാഭ്യാസം നേടുന്ന സംസ്ഥാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയുള്ള അതുല്യം രണ്ടാംഘട്ടം-100 ലക്ഷം രൂപ. ജി.വി. രാജ സ്പോർട്ട്സ് സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക-550 ലക്ഷം രൂപ, ഐ.റ്റി. സ്കൂൾ പ്രോജക്ടിലെ 14 ജില്ലാ റിസോഴ്സ് കേന്ദ്രങ്ങളെ ഇന്ററാക്ടീവ് ഡിസ്റ്റൻസ് ഇ-ലേണിംഗ് സെന്ററാക്കി മാറ്റുക-240 ലക്ഷം രൂപ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ മുഖ്യധാരാ വിദ്യാഭ്യാസത്തിൽ എത്തിക്കുന്നതിന് വേണ്ടി വിദഗ്ദ്ധ പരിശീലന കേന്ദ്രങ്ങൾ ഉൾപ്പെടുത്തിയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക-1500 ലക്ഷം രൂപ എന്നിവയാണ് മിഷൻ 676 പ്രകാരം പൊതുവിദ്യാഭ്യാസ രംഗത്ത് ആസൂത്രണം ചെയ്തിട്ടുള്ളത്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

## ഹയർ സെക്കന്ററി/കോളേജ് വിദ്യാർത്ഥികൾക്കായി ASAP പദ്ധതി

126 (1182) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി/കോളേജ് വിദ്യാർത്ഥികൾക്കായി നടപ്പാക്കുന്ന ASAP പദ്ധതി ജില്ലയിൽ എത്ര സ്ഥാപനങ്ങളിലാണ് നടപ്പാക്കുന്ന

തെന്നും, ഇതിൽ വൈക്കം നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്ഥാപനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ ;

(ബി) ജില്ലയിൽ ഈ പദ്ധതിയിൽ ഉൾപ്പെടേണ്ട ഏതെങ്കിലും സർക്കാർ സ്ഥാപനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടാതെ നിൽക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ;

(സി) ഇതിൽ ഉൾപ്പെടേണ്ട സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളെ ഇതിൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കോട്ടയം ജില്ലയിൽ 59 സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലാണ് അസാപ് പദ്ധതി നിലവിൽ നടപ്പിലാക്കുന്നത്. വൈക്കം നിയോജക മണ്ഡലത്തിൽ 9 സ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ലിസ്റ്റ് ചുവടെ ചേർക്കുന്നു :

1. ഗവ.ബോയ്സ് എച്ച്.എസ്.എസ്. വൈക്കം.
2. ഗവ. എച്ച്. എസ്. എസ്. റ്റി.വി. പുരം.
3. ഗവ. എച്ച്. എസ്. എസ്. കുലശേഖരപുരം.
4. ഡി.വി. എച്ച്. എസ്. എസ്. കുടവെച്ചൂർ.
5. എ.ജെ.എം. എച്ച്. എസ്. എസ്. തലയോലപ്പറമ്പ്.
6. സെന്റ് ലിറ്റിൽ തെരേസാസ്, വൈക്കം.
7. ഗവ. എച്ച്. എസ്. എസ്. കുമരകം.
8. എസ്.കെ.എം. ഗവ. എച്ച്. എസ്. എസ്. കുമരകം.
9. ഗവ. എച്ച്. എസ്. എസ്, പെരുവ.

(ബി) പദ്ധതി തുടങ്ങുന്നതിന് താൽപ്പര്യം പ്രകടിപ്പിക്കുന്ന വിദ്യാലയങ്ങളുടെ അപേക്ഷകൾ, പ്രസ്തുത സ്ഥാപനത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ പരിശോധനയ്ക്ക് ശേഷമാണ് അസാപ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. കോട്ടയം ജില്ലയിലെ 12 സർക്കാർ വിദ്യാലയങ്ങൾ അസാപ് പദ്ധതിയിൽ ഇനിയും ഉൾപ്പെടാനുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പദ്ധതി ആരംഭിക്കുന്നതിന് താൽപ്പര്യമുള്ള സ്ഥാപനങ്ങൾ ആവശ്യപ്പെടുകയാണെങ്കിൽ സ്ഥാപനങ്ങളിലെ പദ്ധതിക്കനുസൃതമായ സൗകര്യങ്ങൾ വിശദമായി പരിശോധിച്ചതിനുശേഷം അസാപ് പദ്ധതിയിൽ അവയെ ഉൾക്കൊള്ളിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**സീമാറ്റ് കേരളയിൽ ലൈബ്രറി കൺസോർഷ്യം**

127 (1183) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സീ-മാറ്റ് കേരളയിൽ ലൈബ്രറി കൺസോർഷ്യം സ്ഥാപിക്കുന്നതിന് സർക്കാർ അനുവദിച്ച തുക ചെലവഴിക്കുകയോ, ലൈബ്രറി സ്ഥാപിക്കുകയോ ചെയ്യാതെ ലൈബ്രേറിയനെ നിയമിച്ച് IDLING WAGES നൽകുന്നതായി അക്കൗണ്ടന്റ് ജനറൽ ആഡിറ്റിൽ കണ്ടെത്തിയതിനാൽ, ഇല്ലാത്ത ലൈബ്രറിക്കുവേണ്ടി നിയമിക്കപ്പെട്ട ലൈബ്രേറിയന്റെ സേവനം അവസാനിപ്പിക്കുന്നതിനും ഇതുവരെ നൽകിയ ശമ്പളം തിരിച്ചുപിടിക്കുന്നതിനും ഈ ക്രമക്കേടു നടത്തിയ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കാനും സർക്കാർ തയ്യാറാകുമോ ;

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സീമാറ്റ്-കേരളയിൽ ലൈബ്രറി നിലവിലുണ്ട്. നിലവിലുള്ള ലൈബ്രറിയെ വിഷൻ 2020 പ്രോജക്ടിൽ പറയും പ്രകാരമുള്ള ഇ-ലൈബ്രറി കം വിർച്വൽ ലൈബ്രറി ഉൾപ്പെടെയുള്ള ലൈബ്രറി കൺസോർഷ്യം ആയി മാറ്റിക്കൊണ്ടിരിക്കുന്നു. സീമാറ്റ്- കേരളയിൽ ലൈബ്രേറിയനെ റഗുലറായി നിയമിച്ചിട്ടില്ല.

(ബി) ബാധകമല്ല.

**മലബാർ മേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകൾ**

128 (1184) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ മേഖലയിലെ ജില്ലകളിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിച്ചുവരുന്നു ; അവയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ്

ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കോളേജുകളിൽ മൊത്തം എത്ര വിദ്യാർത്ഥികളെ 2014-15-ൽ പ്രവേശിപ്പിച്ചിട്ടുണ്ട് ; അതിൽ ഏതെല്ലാം വിഷയങ്ങളിൽ എത്ര വീതം വിദ്യാർത്ഥികൾ പഠനം നടത്തിവരുന്നുയെന്ന് വ്യക്തമാക്കാമോ ;

(സി) 2014-15 വർഷത്തിൽ കോഴ്സ് പൂർത്തിയാക്കി വിജയം കൈവരിച്ചവർ എത്ര; വ്യത്യസ്ത വിഷയങ്ങളിൽ കോഴ്സുകളുടെ അടിസ്ഥാനത്തിൽ മൊത്തം കണക്കുകൾ വിശദമാക്കാമോ ; ഇതിൽ ക്യാമ്പസ് സെലക്ഷൻ ലഭിച്ചവർ എത്ര പേരാണെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) മലബാർ മേഖലയിലെ ജില്ലകളിൽ 48 എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിച്ചു വരുന്നു. അവയിൽ കോഴിക്കോട് ജില്ലയിൽ 6 എണ്ണവും, കണ്ണൂർ ജില്ലയിൽ 7 എണ്ണവും, കാസർഗോഡ് ജില്ലയിൽ 5 എണ്ണവും, മലപ്പുറം ജില്ലയിൽ 5 എണ്ണവും, പാലക്കാട് ജില്ലയിൽ 9 എണ്ണവും, തൃശ്ശൂർ ജില്ലയിൽ 15 എണ്ണവും, വയനാട് ജില്ലയിൽ ഒരെണ്ണവും പ്രവർത്തിച്ചു വരുന്നു.

(ബി) മലബാർ മേഖലയിലെ ജില്ലകളിൽ പ്രവർത്തിച്ചു വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട്മെന്റ് നടത്തിയ വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച വിശദമായ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) 2014-15 വർഷത്തെ കോഴ്സ് പൂർത്തിയായിട്ടില്ല എന്ന് സർവ്വകലാശാല രജിസ്ട്രാർമാർ അറിയിച്ചിട്ടുണ്ട്. 2014-15 അദ്ധ്യായന വർഷത്തിൽ കുസാറ്റിൽ ഇതുവരെ ക്യാമ്പസ് സെലക്ഷൻ കിട്ടിയവരുടെ എണ്ണം 210 ആണ്. കണ്ണൂർ, കാലിക്കറ്റ് സർവ്വകലാശാലകളുടെ കീഴിൽ വരുന്ന കോളേജുകളിൽ ക്യാമ്പസ് സെലക്ഷൻ കിട്ടിയ വിദ്യാർത്ഥികളുടെ വിവരം സർവ്വകലാശാലകളിൽ ലഭ്യമല്ല എന്ന് രജിസ്ട്രാർമാർ അറിയിച്ചിട്ടുണ്ട്.

**ഔദ്യോഗിക വാഹന ദുരുപയോഗം**

129 (1185) <u>ശ്രീ. വി. ശിവൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സീ-മാറ്റ്-കേരള ഡയറക്ടറുടെ ഔദ്യോഗിക വാഹന ദുരുപയോഗത്തെ ക്കറിച്ച് അന്വേഷണം നടത്താൻ സംസ്ഥാന ഗവർണർ എന്തെങ്കിലും ഉത്തരവോ നിർദ്ദേശമോ പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദവിവരം ലഭ്യമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചതെന്നും ; ഇല്ലെങ്കിൽ ആയത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 30-9-2013 ജി.എസ്. 1884/13 നമ്പരിലുള്ള കത്ത് പ്രകാരവും 3-10-2013-ലെ ജി.എസ്.4 1971/2013-ലെ നമ്പർ കത്തു പ്രകാരവും സീമാറ്റ്-കേരള ഡയറക്ടറുടെ ഔദ്യോഗിക വാഹന ദുരുപയോഗത്തെക്കുറിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാന ഗവർണർ ആവശ്യപ്പെട്ടിരുന്നു. ഗവർണ്ണറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുകയും മനഃപൂർവ്വമായി വാഹനം ദുരുപയോഗം ചെയ്തിട്ടില്ല എന്ന് പ്രസ്തുത അന്വേഷണത്തിൽ ബോധ്യപ്പെട്ട വിവരം ഗവർണറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

**സീ-മാറ്റ് കേരളയിലെ ചട്ടവിരുദ്ധ നിയമനം**

130 (1186) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സീ-മാറ്റ് കേരളയിൽ വേണ്ടതിലധികം ജീവനക്കാരെ യാതൊരു മാനദണ്ഡങ്ങളും പാലിക്കാതെ കരാർ അടിസ്ഥാനത്തിൽ ഡയറക്ടർ നേരിട്ട് നിയമിച്ചത് ബന്ധപ്പെട്ട എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിക്കുകയും ചെയ്തത് നിയമവിരുദ്ധമാണെന്ന് അക്കൗണ്ടന്റ് ജനറൽ കണ്ടെത്തിയ സാഹചര്യത്തിൽ പ്രസ്തുത ജീവനക്കാർ ഇപ്പോഴും തുടരുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത ജീവനക്കാർക്ക് ശമ്പളം നൽകുന്നത് ഏതു മാനദണ്ഡത്തിലാണെന്നും അക്കൗണ്ടന്റ് ജനറലിന് ഈ വിഷയത്തിൽ സീ-മാറ്റ് ഡയറക്ടർ നൽകിയ മറുപടി എന്താണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) സീമാറ്റ്-കേരളയിൽ കരാർ അടിസ്ഥാനത്തിലും ദിവസവേതന അടിസ്ഥാനത്തിലും നിയോഗിച്ചിട്ടുള്ളത് നിയമവിരുദ്ധമാണ് എന്ന് അക്കൗണ്ടന്റ് ജനറൽ ആഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടില്ല.

**വി.എച്ച്.എസ്.ഇ.-യിലെ അദ്ധ്യാപകർക്കുള്ള പരിശീലനം**

131 (1187) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011-12 സാമ്പത്തികവർഷത്തിൽ സീ-മാറ്റ് കേരള നടത്തിയ വി.എച്ച്.എസ്.ഇ.-യിലെ അദ്ധ്യാപകർക്കുള്ള പരിശീലനത്തിന് 10.81 ലക്ഷം രൂപ മാത്രം ചെലവഴിക്കുകയും 52.80 ലക്ഷം ചെലവഴിച്ചതായി വ്യാജ കണക്കു നൽകി

വി.എച്ച്.എസ്.ഇ.-യിൽ നിന്നും പ്ലാൻ ഫണ്ട് ക്രമവിരുദ്ധമായി വാങ്ങിയെടുത്ത് സീ-മാറ്റ് കേരള സ്വന്തം ഫണ്ടാക്കി മാറ്റിയതായി അക്കൗണ്ടന്റ് ജനറൽ ആഡിറ്റിൽ കണ്ടെത്തിയതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ക്രമക്കേട് നടത്തിയവർക്കെതിരെ എന്തു നടപടിയാണ് സ്വീകരിച്ചത് ; ഇല്ലെങ്കിൽ സ്വീകരിക്കുവാൻ പോകുന്ന നടപടിയെന്താണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ടിൽ പ്ലാൻ ഫണ്ട് ക്രമവിരുദ്ധമായി വാങ്ങിയെടുത്ത് സീമാറ്റ്-കേരള സ്വന്തം ഫണ്ടാക്കി മാറ്റിയതായി പറഞ്ഞിട്ടില്ല. എന്നാൽ ഇൻസ്റ്റിറ്റ്യൂഷണൽ ചാർജ് വാങ്ങുന്നതിന് മാർഗ്ഗരേഖ തയ്യാറാക്കണമെന്നു മാത്രമാണ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളത്. വി.എച്ച്.എസ് .സി ഡയറക്ടറും, സീമാറ്റ്-കേരള ഡയറക്ടറും തമ്മിൽ ഒപ്പുവച്ചിട്ടുള്ള ഉടമ്പടി പ്രകാരമാണ് മാനേജ്മെന്റ് പരിശീലനം നടത്തിയിട്ടുള്ളതും അതിനുള്ള ഫണ്ട് സീമാറ്റ്-കേരളയ്ക്ക് നൽകിയിട്ടുള്ളതും.

(ബി) ബാധകമല്ല.

**എൽ.ബി.എസ്.സെന്റർ ഫോർ സയൻസ് & ടെക്നോളജിയിലെ നിയമനങ്ങൾ**

132 (1188) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജിയിലെ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ എന്നിവരെ നിയമിക്കാനുള്ള അടിസ്ഥാന യോഗ്യതകൾ തസ്തിക തിരിച്ച് വ്യക്തമാക്കാമോ ;

(ബി) അടിസ്ഥാന യോഗ്യത കൂടാതെ മറ്റു മാനദണ്ഡങ്ങൾ എന്തൊക്കെയാണ് പ്രസ്തുത നിയമങ്ങൾക്കായി പരിഗണിക്കപ്പെടുന്നതെന്ന് വിശദമാക്കാമോ;

(സി) ഇപ്പോൾ പ്രസ്തുത സ്ഥാനങ്ങളിൽ തുടരുന്നവർ നിശ്ചിത യോഗ്യതാ മാനദണ്ഡങ്ങൾ ഉള്ളവരാണോ;

(ഡി)എങ്കിൽ പ്രസ്തുത സ്ഥാനത്ത് തുടരുന്നവരുടെ അക്കാദമികവും മറ്റ് യോഗ്യതകളും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് &ടെക്നോളജിയിലെ ഡയറക്ടർ, ജോയിന്റ് ഡയറക്ടർ എന്നിവരുടെ നിയമനം സംബന്ധിച്ചുള്ള

അടിസ്ഥാന യോഗ്യതകളും, മറ്റ് മാനദണ്ഡങ്ങളും വിശദമാക്കുന്ന സ്പെഷ്യൽ റൂൾസിന്റെ പകർപ്പ് അനുബന്ധം (എ) ആയി ഉള്ളടക്കം ചെയ്യുന്നു.*

(സി&ഡി) ഉത്തരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.

**മലപ്പുറം ജില്ലയിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജ്**

133 (1189) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ ഒരു സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിനായി സത്വര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) മലപ്പുറം ജില്ലയിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിയില്ല.

**സാങ്കേതിക സർവ്വകലാശാല**

134 (1190) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാങ്കേതിക സർവ്വകലാശാല ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സർവ്വകലാശാല ആരംഭിക്കുന്നതിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(സി) സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ വളർച്ചക്ക് പ്രസ്തുത നടപടി എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത് ; വിശദമാക്കുമോ ;

(ഡി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) തീരുമാനമെടുത്തിട്ടുണ്ട്. 2014 മേയ് 5-ന്, 11-ാം നമ്പർ ഓർഡിനൻസ് പ്രകാരം കേരള സാങ്കേതിക സർവ്വകലാശാല നിലവിൽ വന്നിട്ടുണ്ട്. 2014 സെപ്റ്റംബർ ഒന്നാം തീയതി വൈസ് ചാൻസലറും, പ്രോ-വൈസ് ചാൻസലറും ചുമതലയേറ്റതോടുകൂടി സർവ്വകലാശാലയുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

(ബി) സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കേരളത്തിൽ പുതുതായി ആരംഭിച്ച സാങ്കേതിക സർവ്വകലാശാല സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനും പൊതുവേയും, എഞ്ചിനീയറിംഗ് ശാസ്ത്ര മേഖലയുടെ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനും പ്രയോജനപ്പെടുമെന്ന നിലയ്ക്കാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം താൽക്കാലികമായി തിരുവനന്തപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജ് കാമ്പസിൽ പ്രവർത്തനം ആരംഭിച്ചു. 2014 സെപ്റ്റംബറിൽ വൈസ് ചാൻസലറും, പ്രോ-വൈസ് ചാൻസലറും, നവംബറിൽ രജിസ്ട്രാറും ചുമതലയേറ്റതോടുകൂടി സർവ്വകലാശാലയുടെ പ്രവർത്തനം തുടങ്ങി. സർവ്വകലാശാലയുടെ സുഗമമായ പ്രവർത്തനത്തിനും ഒഴിവാക്കാനാകാത്ത ചെലവുകൾക്കുമായി ഒരു കോടി രൂപ സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്. സർവ്വകലാശാലയ്ക്ക് തനതായ പ്രവർത്തനം ആരംഭിക്കുന്നതിന് സ്ഥലം കണ്ടെത്തു ന്നതിനുള്ള നടപടികളും അടുത്ത അദ്ധ്യയന വർഷം മുതൽ അക്കാഡമിക് കരിക്കുലം പുനരേകീകരിക്കുന്നതിന് വേണ്ട നടപടികളും ആരംഭിച്ചിട്ടുണ്ട്.

**പ്രതിപക്ഷ നേതാവിനെതിരായ ആരോപണങ്ങൾ**

135 (1191) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :
<u>ശ്രീ. ലൂഡി ലൂയിസ്</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രതിപക്ഷ നേതാവിനെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനായി രൂപീകരിച്ച പ്രത്യേക നിയമസഭാ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) സമിതിയുടെ പ്രധാന നിഗമനങ്ങൾ എന്തെല്ലാമാണ് ;

(സി) സമിതിയുടെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുകളിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഇതിനെക്കുറിച്ച് വിശദമായ ഒരു അന്വേഷണത്തിന് തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) പ്രതിപക്ഷ നേതാവ്, ശ്രീ. വി. എ. അരുൺകുമാർ, പ്രൊഫ. വി. സുബ്രഹ്മണി തുടങ്ങിയവർക്കെതിരെ നിയമസഭാ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) സമിതിയുടെ പ്രധാന നിഗമനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) നിയമസഭാ സമിതിയുടെ നിഗമനങ്ങളിൽ പരാമർശിക്കുന്ന വിഷയങ്ങൾ ഉൾപ്പെടുത്തി ഒരു വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ വിജിലൻസ് വകുപ്പിൽ നിന്നും വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്പേസ് എന്ന സ്ഥാപനത്തെപ്പറ്റിയുള്ള ആരോപണം തെറ്റാണെന്ന് സമിതി കണ്ടെത്തിയതിനാൽ സമതിയുടെ 4-ാം നിഗമനത്തിൽ നടപടി ആവശ്യമില്ലായെന്നും തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഈ വിഷയം സംബന്ധിച്ച് വി.ഇ.2/2012/എസ്.ഐ.യു II,വി.ഇ. 1/2012 എസ്.ഐ.യു II എന്നീ നമ്പറുകൾ പ്രകാരം വിജിലൻസ് അന്വേഷണങ്ങൾ നടന്നുവരുന്നു.

**കടപ്ലമറ്റം സ്കൂളിന് ആവശ്യമായ സ്ഥലം**

136 (1192) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടപ്ലമറ്റം ടെക്നിക്കൽ സ്കൂളിന്റെ നിർമാണത്തിനാവശ്യമായ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് എത്ര പുതിയ പ്രൊപോസലുകൾ ലഭിച്ചിട്ടുണ്ട് ; ഇവയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ബി) കടപ്ലമറ്റം സ്കൂളിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള കാല താമസം ഒഴിവാക്കുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) പുതുതായി ഒരു പ്രൊപ്പോസൽ കൂടി ലഭിച്ചിട്ടുണ്ട്. ടി പ്രൊപ്പോസലിൻമേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോതമംഗലം മേഖലാ ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഹൈലവൽ കമ്മിറ്റിയുടെ അംഗീകാരം വാങ്ങുന്നതിനുള്ള ശിപാർശ തയ്യാറാക്കി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**സംസ്ഥാനത്ത് എഞ്ചിനീയറിംഗ് സെക്ടറിൽ ഉള്ള പ്രൊഫഷണൽ കോളേജുകൾ**

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

137 (1193) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് സെക്ടറിൽ എത്ര പ്രൊഫഷണൽ കോളേജുകൾ നിലവിലുണ്ട് ; കഴിഞ്ഞ അഞ്ച് വർഷത്തിൽ ഓരോ വർഷവും എത്ര പേർ വീതം പ്രൊഫഷണൽ കോഴ്സ് പാസ്സായി പുറത്തിറങ്ങിയിട്ടുണ്ട് ; ഇതിൽ ക്യാമ്പസ് സെലക്ഷൻ കിട്ടിയവർ ഓരോ വർഷവും എത്ര ശതമാനം വീതമായിരുന്നു ; 2014-15-ൽ എഞ്ചിനീയറിംഗ് കോഴ്സ് പൂർത്തിയാക്കുന്നവരെത്ര ; അതിൽ പാസ്സായിട്ടുള്ളവർ എത്ര ; അതിൽ ക്യാമ്പസ് സെലക്ഷൻ കിട്ടിയവർ എത്ര ;

(ബി) 2015-16-ൽ എഞ്ചിനീയറിംഗ് പ്രൊഫഷണൽ കോഴ്സ് ഫൈനൽ ഇയർ പരീക്ഷ എഴുതുന്നവർ എത്ര ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് സെക്ടറിൽ ആകെ 173 പ്രൊഫഷണൽ കോളേജുകൾ നിലവിലുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തിൽ ഓരോ വർഷവും പ്രൊഫഷണൽ കോഴ്സ് പാസ്സായി പുറത്തിറങ്ങിയവരുടെ എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്.* കുസാറ്റിൽ ഇതുവരെ 210 പേർക്ക് ക്യാമ്പസ് സെലക്ഷൻ കിട്ടിയിട്ടുണ്ട്. മറ്റ് സർവ്വകലാശാലകളിൽ ക്യാമ്പസ് സെലക്ഷൻ കിട്ടിയവരുടെ എണ്ണം ലഭ്യമല്ല. 2014-15 വർഷത്തിൽ കണ്ണൂർ സർവ്വകലാശാലയുടെ കീഴിൽ 1915 പേരും, കാലിക്കറ്റ് സർവ്വകലാശാലയുടെ കീഴിൽ 7957 പേരും, എം.ജി. സർവ്വകലാശാലയുടെ കീഴിൽ 11452 പേരും, കേരള സർവ്വകലാശാലയുടെ കീഴിൽ 9,346 പേരും, എഞ്ചിനീയറിംഗ് കോഴ്സ് പൂർത്തിയാക്കുമെന്ന് സർവ്വകലാശാലകൾ അറിയിച്ചിട്ടുണ്ട്. ഇവരുടെ ഫൈനൽ ഇയർ പരീക്ഷ 2015 ഏപ്രിൽ-മേയ് മാസങ്ങളിൽ നടക്കും.

(ബി) 2015-16-ലെ എഞ്ചിനീയറിംഗ് പ്രൊഫഷണൽ കോഴ്സ് ഫൈനൽ ഇയർ പരീക്ഷയുടെ രജിസ്ട്രേഷൻ നടക്കാനിരിക്കുന്നതേയുള്ളൂ.

## സർക്കാർ/എയ്ഡഡ്/സഹകരണ/സ്വാശ്രയ മേഖലകളിൽ പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകൾ

138 (1194) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബി.ടെക് കോഴ്സിന് സർക്കാർ/എയ്ഡഡ്/സഹകരണ/ സ്വാശ്രയ മേഖലകളിലായി നിലവിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകളുണ്ട് ; ഇവയിൽ എല്ലാം കൂടി ആകെ എത്ര സീറ്റുകൾ നിലവിലുണ്ടെന്നും വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2014-15 അദ്ധ്യായനവർഷം പ്രസ്തുത കോഴ്സിന് ആകെ എത്ര സീറ്റുകളിൽ അഡ്മിഷൻ നടന്നുവെന്നും പഠിക്കാൻ കുട്ടികളില്ലെന്ന കാരണത്താൽ നിലവിൽ എത്ര സീറ്റ് ഒഴിഞ്ഞുകിടക്കുന്നുവെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓരോ വർഷവും ഓരോ മേഖലയിലും പുതുതായി ബി.ടെക്കിന് എത്ര കോളേജുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) നിലവിൽ ബി.ടെക്കിന് ധാരാളം സീറ്റുകൾ ഒഴിഞ്ഞുകിടക്കുമ്പോഴും പുതിയ സ്വാശ്രയ കോളേജുകൾ തുടങ്ങുവാൻ അനുമതി നൽകുന്നത് തടയുവാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)

| എഞ്ചിനീയറിംഗ് കോളേജുകൾ | കോളേജുകളുടെ എണ്ണം | സർക്കാർ അലോട്ട്മെന്റ് നടത്തുന്ന ആകെ സീറ്റുകളുടെ എണ്ണം |
|---|---|---|
| സർക്കാർ & എയ്ഡഡ് | 12 | 4832 |
| കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെയും കേരള വെറ്റിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെയും കീഴിൽ വരുന്ന കോളേജുകൾ. | 2 | 93 |
| സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജ്. | 24 | 6551 |
| സ്വകാര്യ സ്വാശ്രയ കോളേജ് | 137 | 25096 |
| ആകെ | 175 | 36572 |

(ബി) 2014-15 അധ്യയന വർഷം സർക്കാർ/എയ്ഡഡ് /സഹകരണ/ സ്വാശ്രയ മേഖലകളിലായി നടന്ന അഡ്മിഷന്റെ വിശദാംശം താഴെ കൊടുക്കുന്നു:

| എഞ്ചിനീയറിംഗ് കോളേജുകൾ | സർക്കാർ അലോട്ട്മെന്റ് നടത്തുന്ന ആകെ സീറ്റുകളുടെ എണ്ണം | അലോട്ട്മെന്റ് നൽകിയ സീറ്റുകളുടെ എണ്ണം | സർക്കാർ അലോട്ട്മെന്റിനു ശേഷം ഒഴിവുള്ള |
|---|---|---|---|

| | | | സീറ്റുകളുടെ എണ്ണം |
|---|---|---|---|
| സർക്കാർ & എയ്ഡഡ് | 4832 | 4828 | 4 |
| കേരളാ അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെയും കേരളാ വെറ്റിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെയും കീഴിൽ വരുന്ന കോളേജുകൾ. | 93 | 93 | ഇല്ല |
| സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജ് | 6551 | 5822 | 729 |
| സ്വകാര്യ സ്വാശ്രയ കോളേജ്. | 25096 | 13648 | 11448 |
| ആകെ | 36572 | 24391 | 12181 |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി അലോട്ട്മെന്റിൽ ഉൾപ്പെടുത്തിയ എഞ്ചിനീയറിംഗ് കോളേജുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| വർഷം | സർക്കാർ എഞ്ചിനീയറിംഗ് കോളേജുകൾ | സർക്കാർ നിയന്ത്രിത എഞ്ചിനീയറിംഗ് കോളേജുകൾ | സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ |
|---|---|---|---|
| 2011 | ഇല്ല | 1 | 17 |
| 2012 | ഇല്ല | ഇല്ല | 9 |
| 2013 | ഇല്ല | ഇല്ല | 4 |
| 2014 | ഇല്ല | 1 | 5 |
| ആകെ | ഇല്ല | 2 | 35 |

(ഡി) സംസ്ഥാനത്ത് നിരവധി ബി.ടെക്ക് സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതിനാൽ 2013-14 വർഷം പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിന്

സർക്കാർ മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. അതിൻ പ്രകാരം പുതിയ കോളേജുകൾക്ക് അനുമതി നൽകുന്നത് നിർത്തിവച്ചിരുന്നു. എന്നാൽ 9-4-2013-ലെ ബഹു. ഹൈക്കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ പുതിയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നതിനുള്ള മൊറട്ടോറിയം പിൻവലിക്കേണ്ടിവന്നു. ഇതിനെ തുടർന്ന് എ.ഐ.സി.റ്റി.ഇ.-യുടെയും ബന്ധപ്പെട്ട സർവ്വകലാശാലയുടേയും അനുമതി ലഭിയ്ക്കുന്ന കോളേജുകൾ സർക്കാരുമായി കരാറിൽ ഏർപ്പെട്ടാൽ പ്രസ്തുത കോളേജുകൾ ആരംഭിയ്ക്കുന്നതിന് ഇപ്പോൾ അനുമതി നൽകുന്നതാണ്.

**പെരിന്തൽമണ്ണ പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ**

139 (1195) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിന്തൽമണ്ണ പോളി ടെക്നിക്കിൽ പുതിയ കോഴ്സുകൾ അനുവദിക്കണ മെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ;

(സി) ഇല്ലെങ്കിൽ 50 വർഷത്തിലധികം പഴക്കമുള്ളതും ആകെ നാല് കോഴ്സുകൾ മാത്രമുള്ളതുമായ പെരിന്തൽമണ്ണ പോളി ടെക്നിക്കിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പുതിയ കോഴ്സുകൾ ആരംഭിക്കുമ്പോൾ അതിനനുബന്ധമായി പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക പരിമിതിമൂലം തസ്തികകൾ സൃഷ്ടിക്കുന്നതിന് നിയന്ത്രണമുണ്ട്. ആയതിനാൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണിക്കാൻ സാധിക്കുകയില്ല.

**വൈസ് ചാൻസലർമാരുടെ യോഗം**

140 (1196) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> :
<u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. ശ്രീ. എം. ചന്ദ്രൻ</u> :
<u>ശ്രീ. ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലാ വൈസ് ചാൻസലർമാരുടെ യോഗം മുഖ്യമന്ത്രി നേരിട്ട് വിളിച്ചു ചേർക്കുകയുണ്ടായോ ; ഏതെല്ലാം സർവ്വകലാശാലകളുടെ വൈസ് ചാൻസലർമാരാണ് പ്രസ്തുത യോഗത്തിൽ പങ്കെടുത്തത് ;

(ബി) പ്രസ്തുത യോഗത്തിലേയ്ക്ക് വിദ്യാഭ്യാസ വകുപ് മന്ത്രിയെ ക്ഷണിച്ചിരുന്നോ ; മന്ത്രി പങ്കെടുത്തിരുന്നോ ;

(സി) മുഖ്യമന്ത്രിയുടെ യോഗത്തിന്റെ അജണ്ട എന്തായിരുന്നു; യോഗത്തിൽ എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളത് ; മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) വ്യത്യസ്ത സർവ്വകലാശാലകളുടെ വൈസ് ചാൻസലർമാരെ മുഖ്യമന്ത്രി നേരിട്ട് വിളിച്ചു ചേർക്കുന്നത് ഏതു ചട്ടപ്രകാരമാണ്

(ഇ) രണ്ട് യോഗങ്ങളുടെയും തീയതി അറിയിക്കാമോ ;

(എഫ്) സർവ്വകലാശാലകളിലെ എന്തെല്ലാം പ്രശ്നങ്ങൾ യോഗത്തിൽ വിലയിരുത്തപ്പെടുകയുണ്ടായി ; ഇവ പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) സർവ്വകലാശാല വൈസ് ചാൻസലർമാരുടെ യോഗം മുഖ്യമന്ത്രി നേരിട്ട് വിളിച്ചു ചേർക്കുകയുണ്ടായി. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാല, കേരള ഫിഷറീസ്-സമുദ്രപഠന സർവ്വകലാശാല എന്നിവിടങ്ങളിലെ വൈസ് ചാൻസലർമാർ ഒഴികെ മറ്റെല്ലാ സർവ്വകലാശാല വൈസ് ചാൻസലർമാരും പ്രസ്തുത യോഗത്തിൽ പങ്കെടുത്തിരുന്നു.

(ബി) ക്ഷണിച്ചിരുന്നു. മുൻകൂട്ടി നിശ്ചയിച്ച പരിപാടികളുണ്ടായിരുന്നതിനാൽ പങ്കെടുത്തിരുന്നില്ല.

(സി) വിദ്യാർത്ഥി സംരംഭകത്വം ആയിരുന്നു അജണ്ട. മിനിട്ട്സിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) വിദ്യാർത്ഥി സംരംഭകത്വം സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനും കേരള ഇന്നോവേഷൻ & സ്റ്റാർട്ട് അപ്പ് പോളിസി, 2014-ന് അന്തിമ രൂപം നൽകുന്നതിന് മുന്നോടിയായിട്ടുമാണ് മുഖ്യമന്ത്രി യോഗം വിളിച്ചു ചേർത്തത്.

(ഇ) 21-10-2014 ലാണ് യോഗം ചേർന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എഫ്) വിദ്യാർത്ഥി സംരംഭകത്വം സംബന്ധിച്ച നയരൂപീകരണം മാത്രമാണ് യോഗം ചർച്ച ചെയ്തത്.

**കോഴിക്കോട് സർവ്വകലാശാലയിലെ പ്രക്ഷോഭം**

141 (1197) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാലയിൽ എസ്.എഫ്.ഐ.-യുടെ നേതൃത്വത്തിൽ നടന്നുവരുന്ന വിദ്യാർത്ഥി പ്രക്ഷോഭം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിദ്യാർത്ഥി പ്രക്ഷോഭം സംബന്ധിച്ച് സർക്കാരിന് പരാതി ലഭിച്ചിരുന്നോ ; സർക്കാർ ഈ വിഷയത്തിൽ ഇടപെടുകയുണ്ടായോ ; ഈ വിഷയത്തിൽ കൈക്കൊണ്ട തീരുമാനം എന്തെന്ന് വിശദമാക്കാമോ ;

(സി) വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തണമെന്ന ആവശ്യത്തോട് വൈസ് ചാൻസലർ നിഷേധാത്മകമായ സമീപനം സ്വീകരിക്കുന്നതാണ് സമരം തുടരുന്നതിന് പ്രധാന കാരണമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സ്ഥലപരിമിതിമൂലം വീർപ്പുമുട്ടുന്ന റഗുലർ വിദ്യാർത്ഥികളുടെ ഹോസ്റ്റലിലേക്ക്, സ്വാശ്രയ വിഭാഗം കായിക വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാനുള്ള സർവ്വകലാശാല അധികൃതരുടെ തീരുമാനം സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ ;

(ഇ) സർവ്വകലാശാല കാമ്പസ് ഹോസ്റ്റലുകളിലെ ശോച്യാവസ്ഥ സംബന്ധിച്ച് പരാതി ലഭിച്ചിരുന്നോ ; സർക്കാർ ഈ വിഷയത്തിൽ ഇടപെടുകയുണ്ടായോ ; ഈ വിഷയത്തിൽ കൈക്കൊണ്ട നടപടി എന്താണെന്ന് വിശദമാക്കാമോ ;

(എഫ്) സ്വാശ്രയ വിദ്യാർത്ഥികളിൽ നിന്നും ഫീസ് ഈടാക്കുന്ന സർവ്വകലാശാല ഈ ഫണ്ട് ഉപയോഗിച്ച് അവർക്ക് ഹോസ്റ്റൽ പണിയുന്നതിന് നടപടി സ്വീകരിക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(ജി) ഹോസ്റ്റൽ പ്രവേശനം സംബന്ധിച്ച പ്രശ്നത്തിൽ സർവ്വകലാശാല കാമ്പസിലെ വിദ്യാർത്ഥികളെ തമ്മിലടിപ്പിക്കുന്ന വിധം തീരുമാനം കൈക്കൊണ്ട വൈസ് ചാൻസലറുടെ നടപടി തിരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോഴിക്കോട് സർവ്വകലാശാലയിലെ വിദ്യാർത്ഥി സമരവും വൈസ് ചാൻസലറും സിൻഡിക്കേറ്റും തമ്മിലുള്ള പ്രശ്നങ്ങളും സംബന്ധിച്ച് നിരവധി പരാതികൾ സർക്കാരിന് ലഭിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 28-10-2014-ൽ ബഹു. മുഖ്യമന്ത്രി, വൈസ് ചാൻസലർ, സിൻഡിക്കേറ്റ് അംഗങ്ങൾ, സർവ്വകലാശാലയുടെ അഭ്യുദയകാംക്ഷികളും മദ്ധ്യസ്ഥരുമായവർ എന്നിവരുടെ ഒരു യോഗം വിളിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ പ്രശ്നങ്ങൾ വിശദമായി ചർച്ച ചെയ്യുകയും സമരത്തിനാധാരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയുമുണ്ടായി :

1. വിദ്യാർത്ഥികളുടെ ഫെലോഷിപ്പുകൾ 4-11-2014 നകം നൽകണം. ഇല്ലെങ്കിൽ ഇതിനുത്തരവാദികളായവർക്കെതിരെ വൈസ് ചാൻസലർ നടപടിയെടുക്കണം.

2. അദ്ധ്യാപകരുടെ കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുകയും പ്രൊമോഷനും മറ്റ് പ്രശ്നങ്ങളും സംബന്ധിച്ച് അടിയന്തരമായി പരിഹാരം കാണുകയും വേണം.

3. ഹോസ്റ്റൽ നിർമ്മാണം ഉടനേ ആരംഭിക്കണം.

4. കായിക വിദ്യാർത്ഥികളെ ഗസ്റ്റ് ഹൗസിൽ താമസിപ്പിക്കുകയും കോമൺ മെസ് സൗകര്യം ഉപയോഗപ്പെടുത്തുകയും ചെയ്യണം.

5. വിദ്യാഭ്യാസ വകുപ്പ് മന്ത്രി, സ്ഥിതിഗതികൾ മാസത്തിലൊരിക്കൽ അവലോകനം ചെയ്യണം.

ഈ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഹോസ്റ്റൽ നിർമ്മാണത്തിനു വേണ്ടി സർവ്വകലാശാല സമർപ്പിച്ച പ്രൊപ്പോസലിന് സർക്കാർ അനുമതി നലകിയിട്ടുണ്ട്.

(സി) വിദ്യാർത്ഥികളുടെ ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തണമെന്ന ആവശ്യത്തോട് വൈസ് ചാൻസലർ നിഷേധാത്മകമായ സമീപനമല്ല സ്വീകരിക്കുന്നത് എന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ഡി) കായിക വിദ്യാർത്ഥികൾക്ക് അവരുടെ സമയക്രമം അനുസരിച്ച് അതിരാവിലെ മുതൽ വൈകുന്നേരം വരെ പരിശീലനം നടക്കുന്നതിനാൽ ദിവസം തോറുമുള്ള യാത്ര ദുഷ്കരമാണ്. ആയതിനാൽ പ്രസ്തുത വിദ്യാർത്ഥികൾക്ക് കാമ്പസിൽ താമസസൗകര്യം ഏർപ്പെടുത്തേണ്ടത് അത്യന്താപേക്ഷിതമായാണ് സർവ്വകലാശാല കാണുന്നത്.

(ഇ) 'ബി ' പിരിവ് കാണുക.

(എഫ്) സർവ്വകലാശാലയുടെ മുഖ്യ വരുമാന മാർഗ്ഗങ്ങളിലൊന്നാണ് സ്വാശ്രയ മേഖലയിൽ നിന്നുള്ള ഫീസ്. കായിക മേഖലക്കായി 3.7 കോടി രൂപ ചെലവിൽ സ്പോർട്ട്സ് ഹോസ്റ്റൽ നിർമ്മിക്കാനുള്ള തീരുമാനം സിൻഡിക്കേറ്റ് കൈക്കൊള്ളുകയും പ്രസ്തുത ഹോസ്റ്റലിന്റെ നിർമ്മാണ പ്രവർത്തനം സി.പി.-ഡബ്ലിയു.ഡി.-യെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ജി) 'ബി ' പിരിവ് കാണുക.

**സെഷണൽ മാർക്കിന്റെ കുറവുമൂലം വിജയിക്കാതിരുന്ന വിദ്യാർത്ഥികൾ**

142 (1198) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള യൂണിവേഴ്സിറ്റിയുടെ കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് ഡിഗ്രി കോഴ്സിലെ 2008-2012 ബാച്ചിൽപ്പെട്ട എത്ര വിദ്യാർത്ഥികൾ അവരുടെ നാലാം സെമസ്റ്റർ മാത്തമാറ്റിക്സ് വിഷയത്തിൽ സെഷണൽ മാർക്കിന്റെ കുറവുമൂലം വിജയിക്കാതിരിന്നിട്ടുണ്ട് ;

(ബി) പ്രസ്തുത വിദ്യാർത്ഥികൾ ബാക്കിയുള്ള എല്ലാ സെമസ്റ്ററുകളിലെയും എല്ലാ വിഷയങ്ങൾക്കും ആവശ്യമായ സെഷണൽ മാർക്ക് ഉൾപ്പെടെ നേടി വിജയിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ഒരു വിഷയത്തിന്റെ സെഷണൽ മാർക്ക് മാത്രം കുറയാൻ കാരണമെന്താണെന്ന യൂണിവേഴ്സിറ്റി തലത്തിൽ അന്വേഷിച്ചിട്ടുണ്ടോ ;

(ഡി) ഇതുമൂലം പ്രസ്തുത വിദ്യാർത്ഥികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത വിദ്യാർത്ഥികളുടെ ഭാവി സുരക്ഷിതമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 2008-2012 ബി.ടെക് കംപ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് ബാച്ചിൽപ്പെട്ട 3 വിദ്യാർത്ഥികൾ ആവരുടെ 4-ാം സെമസ്റ്റർ മാത്തമാറ്റിക്സിന് സെഷണൽ മാർക്കിന്റെ കുറവുമൂലം വിജയിച്ചില്ല.

(ബി) രണ്ട് വിദ്യാർത്ഥികൾ ബാക്കിയുള്ള എല്ലാ സെമസ്റ്ററിനും എല്ലാ വിഷയങ്ങൾക്കും ആവശ്യമായ സെഷണൽ മാർക്ക് നേടി വിജയിച്ചു. ഒരു വിദ്യാർത്ഥി S1, S3, S5, S8 എന്നീ സെമസ്റ്ററുകൾക്ക് വിവിധ വിഷയങ്ങളിൽ കുറഞ്ഞ സെഷണൽ മാർക്ക് നേടുകയുണ്ടായി.

(സി-ഇ) കേരള സർവ്വകലാശാല നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡമനുസരിച്ചാണ് കോളേജുകൾ സെഷണൽ മാർക്ക് നൽകുന്നത്. സെഷണൽ മാർക്ക് അനുവദിക്കുന്നതിൽ സർവ്വകലാശാല ഇടപെടാറില്ല.

**സർവ്വകലാശാലാ നിയമം**

143 (1199) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലാ നിയമങ്ങളുടെ പരിഷ്കരണം സംബന്ധിച്ച ശിപാർശ കളെന്തെങ്കിലും സർക്കാരിനു ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ഏകീകൃത സർവ്വകലാശാലാ നിയമം ഉണ്ടാക്കുന്നതിനുള്ള ശ്രമം എപ്പോഴെങ്കിലും നടത്തിയിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിവരം വ്യക്തമാക്കുമോ;

(സി) ഏകീകൃത നിയമം ഉണ്ടാക്കുന്ന കാര്യത്തിലും നടപ്പാക്കുന്ന കാര്യത്തിലും എന്തെങ്കിലും വൈഷമ്യമുണ്ടാകുമെന്ന് സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിവരം വിശദമാക്കുമോ ?

ഉത്തരം

(എ-സി) യൂണിവേഴ്സിറ്റി ആക്ട് റിവ്യൂ കമ്മിറ്റി 18-11-2014-ന് സർവ്വകലാശാലാ നിയമങ്ങളുടെ പരിഷ്കരണം സംബന്ധിച്ച റിപ്പോർട്ട് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ശിപാർശയോടു കൂടി ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്.

**സർവ്വകലാശാലാ വൈസ് ചാൻസലർമാരുടെ യോഗം ബഹമാനപ്പെട്ട**

## ഗവർണർ വിളിച്ചു ചേർക്കുന്നതിനിടയായ സാഹചര്യം

144 (1200) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർവ്വകലാശാലാ വൈസ് ചാൻസലർമാരുടെ യോഗം ബഹുമാനപ്പെട്ട ഗവർണർ വിളിച്ചുചേർക്കുന്നതിനിടയായ സാഹചര്യം എന്തായിരുന്ന വെന്നു വിശദമാക്കുമോ ;

(ബി) പ്രസ്തുത യോഗത്തിൽ സർക്കാരിനെ പ്രതിനിധീകരിച്ച് ആരെല്ലാമാണു പങ്കെടുത്തതെന്നു വെളിപ്പെടുത്തുമോ ;

(സി) ബഹുമാനപ്പെട്ട ഗവർണറുടെ യോഗത്തിന്റെ അജൻഡ എന്തായിരുന്നു; സർവ്വകലാശാലാ പ്രവർത്തനവുമായി ബന്ധപ്പെട്ട് എന്തൊക്കെ നിർദ്ദേശങ്ങളാണ് ഗവർണറുടെ ഭാഗത്തുനിന്നുണ്ടായത് ; പ്രസ്തുത യോഗ തീരുമാനങ്ങളുടെ മിനിട്സിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) ബഹുമാനപ്പെട്ട ഗവർണ്ണറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ സർവ്വകലാശാ ലകളുടെ പ്രവർത്തനം അവേലാകനം ചെയ്യുന്നതിനു തീരുമാനമുണ്ടോ ; ഇതു പ്രകാരം വൈസ് ചാൻസലർമാർ ഗവർണ്ണർക്ക് നേരിട്ടു റിപ്പോർട്ട് സമർപ്പിക്കണമെന്ന നിർദ്ദേശമുണ്ടോ ; ഇക്കാര്യത്തിൽ സർക്കാർ നിലപാട് എന്താണ് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള ആശയങ്ങൾ കൈമാറുന്നതിനുള്ള വേദി ഒരുക്കുകയായിരുന്നു പ്രസ്തുത യോഗത്തിന്റെ ലക്ഷ്യം.

(ബി) പ്രസ്തുത യോഗത്തിൽ സർക്കാരിനെ പ്രതിനിധീകരിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രിയും, ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും പങ്കെടുത്തു.

(സി&ഡി) പ്രസ്തുത യോഗ തീരുമാനങ്ങളുടെ മിനിട്ട്സിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* സർവ്വകലാശാല പ്രവർത്തനവുമായി ബന്ധപ്പെട്ട

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിർദ്ദേശങ്ങൾ മിനിട്ട്സിൽ വിശദീകരിച്ചിട്ടുണ്ട്. ചാൻസലർ എന്നുള്ള നിലയ്ക്ക് ഗവർണ്ണർക്ക് സർവ്വകലാശാലകളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാവുന്നതാണ്.

**കേരള സർവ്വകലാശാലയുടെ അധ്യാപക പരിശീലന കേന്ദ്രങ്ങൾ**

145 (1201) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവ്വകലാശാലയുടെ കീഴിൽ അധ്യാപക പരിശീലന കേന്ദ്രങ്ങൾ എന്നാണ് ആരംഭിച്ചത് ;

(ബി) എത്ര പരിശീലന കേന്ദ്രങ്ങൾ ഉണ്ട്;

(സി) സ്വന്തമായി സ്ഥലവും സൗകര്യങ്ങളും ഉള്ള കേന്ദ്രങ്ങൾ ഏതെല്ലാമാണ് ;

(ഡി) ഏതെല്ലാം കേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിന് എം.പി., എം.എൽ.എ ഫണ്ടുകൾ അനുവദിച്ചിട്ടുണ്ട് ; വിശദമാക്കുമോ ;

(ഇ) പ്രസ്തുത കേന്ദ്രങ്ങളുടെ അംഗീകാരം പിൻവലിക്കുന്നത് സംബന്ധിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) അംഗീകാരം പിൻവലിക്കാനുള്ള കാരണം വ്യക്തമാക്കുമോ ;

(ജി) അംഗീകാരം പിൻവലിക്കുന്നത് സംബന്ധിച്ച് ഹൈക്കോടതി പറഞ്ഞ വ്യവസ്ഥകൾ എന്തെല്ലാമാണ് ; അംഗീകാരം പിൻവലിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വ്യക്തമാക്കുമോ ; അംഗീകാരം തുടർന്നും നിലനിർത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കേരള സർവ്വകലാശാലയുടെ തിരുവനന്തപുരം, കൊല്ലം, അടൂർ, ആലപ്പുഴ എന്നിവിടങ്ങളിൽ 1990 മുതലും ഓലത്താന്നി (ഇപ്പോൾ നെടുമങ്ങാട് പ്രവർത്തിക്കുന്നത്), പുനലൂർ (ഇപ്പോൾ അഞ്ചൽ പ്രവർത്തിക്കുന്നത്), താമരക്കുളം (ഇപ്പോൾ കുന്നത്ത് പ്രവർത്തിക്കുന്നത്), കുളക്കട എന്നീ കോളേജുകളിൽ 1994 മുതലും കണിയാപുരം (ഇപ്പോൾ കാര്യവട്ടത്ത് പ്രവർത്തിക്കുന്നത്), കായംകുളം എന്നിവിടങ്ങളിൽ 1996 മുതലും ആകെ പത്ത് കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ (KUCTE) സ്ഥാപനങ്ങൾ കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന സ്വാശ്രയ സ്ഥാപനങ്ങളായി പ്രവർത്തിച്ചു വരുന്നു.

(സി) തിരുവനന്തപുരം ജില്ലയിൽ കാര്യവട്ടത്തുള്ള കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ സർവ്വകലാശാലയുടെ സ്വന്തം സ്ഥലത്ത്

പ്രവർത്തിക്കുന്നു. ബാക്കിയുള്ള ഒമ്പത് ബി.എഡ്. കോളേജുകൾ വിവിധ സർക്കാർ സ്കൂളുകളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി മുപ്പത്തിമൂന്ന് വർഷത്തേക്ക് വാടകേതര പാട്ടത്തിന് കേരള സർവ്വകലാശാലയ്ക്ക് പതിച്ചു നൽകി രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്.

(ഡി) ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(ഇ-ജി) ഉണ്ട്. ബി.എഡ്. കോളേജുകൾ നടത്തുന്നത് നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷന്റെ (NCTE) നിബന്ധനകൾക്ക് വിധേയമായാണ്. പ്രസ്തുത നിബന്ധനപ്രകാരം അദ്ധ്യാപകരെ സ്ഥിരമായി നിയമിക്കുകയും അവർക്ക് കേന്ദ്ര/സംസ്ഥാന/യു.ജി.സി. ശമ്പള സ്കെയിൽ നൽകുകയും വേണം. എന്നാൽ കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനുകൾ കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന സ്വാശ്രയ സ്ഥാപനങ്ങളാണ്. അവിടെ കരാർ അടിസ്ഥാനത്തിലാണ് അദ്ധ്യാപകരെ നിയമിച്ചുവരുന്നത്. സ്വാശ്രയ സ്ഥാപനങ്ങൾക്ക് സർക്കാരിന്റെ ഗ്രാൻഡ് നൽകാറില്ല. NCTE-യുടെ പരിശോധനാ വേളയിൽ പ്രസ്തുത സെന്ററുകൾക്ക് അംഗീകാരം നഷ്ടമാകുമെന്ന് ഉറപ്പായ ഘട്ടത്തിൽ സർക്കാർ സമയോചിതമായി ഇടപെടുകയും NCTE മുമ്പാകെ സർക്കാർ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ പത്ത് കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനുകൾക്കും 2015-16 അദ്ധ്യയന വർഷംവരെ തുടർ അംഗീകാരം നൽകാൻ 2013 ഒക്ടോബർ 25 മുതൽ 27 വരെ ബാംഗ്ലൂരിൽ ചേർന്ന NCTE-SRC-യുടെ 254-ാമത് മീറ്റിംഗിൽ തീരുമാനമുണ്ടായി. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ശ്രീ. അജിത് ഐസക് ഫയൽ ചെയ്ത WP(c)26542/13 നമ്പർ കേസിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 11-4-2014-ലെ വിധിപ്രകാരം NCTE-യുടെ അംഗീകാരം 2013-14 അദ്ധ്യയന വർഷത്തേക്ക് മാത്രമെ നിലനിൽപ്പുള്ളൂവെന്നും 2014-15 മുതൽ കോഴ്സ് നടത്തണമെങ്കിൽ തുടർ അംഗീകാരം നേടേണ്ടതുണ്ടെന്നും പ്രസ്താവിക്കുകയുണ്ടായി. പ്രസ്തുത ഹൈക്കോടതി വിധിന്യായത്തിൽ NCTE കേരള യൂണിവേഴ്സിറ്റി നേരിട്ട് നടത്തുന്ന പത്ത് ബി.എഡ്. കോളേജുകളുടെയും അംഗീകാരം പിൻവലിക്കുകയുണ്ടായി. അംഗീകാരം പുനഃസ്ഥാപിക്കുന്നതിന് സർവ്വകലാശാല അധികാരികൾ NCTE മുമ്പാകെ അപ്പീൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപ്പീലിൽ NCTE 24-11-2014-ൽ സർവ്വകലാശാലയുടെ ഭാഗത്തുനിന്നുള്ള വിശദീകരണം കേൾക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തുനിന്നുള്ള സംഘം കേരളത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുന്നതിനായി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുമായും കേന്ദ്രമന്ത്രിമാരുമായും കൂടിക്കാഴ്ച നടത്തിയ വേളയിൽ കേരള യൂണിവേഴ്സിറ്റി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷന്റെ പത്ത് സ്ഥാപനങ്ങൾക്കും തുടർ അംഗീകാരം നൽകണമെന്ന വിഷയം വളരെ പ്രാധാന്യത്തോടെ ബഹുമാനപ്പെട്ട കേന്ദ്ര മാനവശേഷി വകുപ്പുമന്ത്രി മുമ്പാകെ അവതരിപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ തീരുമാനങ്ങളൊന്നും ഇതുവരെ ലഭ്യമായിട്ടില്ല. പ്രസ്തുത കോളേജുകൾക്ക് തുടർ അംഗീകാരം ലഭിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ തുടരുകയാണ്.

## എയ്ഡഡ് കോളേജുകളിൽ സ്വാശ്രയ കോഴ്സ് ആരംഭിക്കാനുള്ള അനുമതി

146 (1202) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് കോളേജുകളിൽ സ്വാശ്രയ കോഴ്സ് ആരംഭിക്കാൻ ഇതിനകം ആർക്കെങ്കിലും അനുമതി നല്കിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം എയ്ഡഡ്\സ്വാശ്രയ കോളേജുകൾക്ക് എന്ന് വ്യക്തമാക്കാമോ ;

(ബി) സ്വാശ്രയ കോഴ്സ് ആരംഭിക്കുന്നതിന് ഏതെല്ലാം എയ്ഡഡ് കോളേജുകളാണ് പുതുതായി അപേക്ഷ നല്കിയിട്ടുള്ളത് ; ഏതെല്ലാം സ്വാശ്രയ കോഴ്സ് ആരംഭിക്കാനുള്ള അനുമതിക്കാണ് അപേക്ഷിച്ചിട്ടുള്ളത് ?

ഉത്തരം

(എ) സർവ്വകലാശാല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) സ്വാശ്രയ കോഴ്സ് ആരംഭിക്കുന്നതിന് എയ്ഡഡ് കോളേജുകൾ നൽകിയിട്ടുള്ള അപേക്ഷ സർവ്വകലാശാലകൾ പരിശോധിച്ച് വരുന്നതേയുള്ളൂ സർവ്വകലാശാല ശിപാർശ ചെയ്യുന്ന മുറയ്ക്ക് സർക്കാർ അനുമതി നൽകുന്നതാണ്.

## നാഷണൽ യൂണിവേഴ്സിറ്റി ഫോർ അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിന്റെ ഓഡിറ്റ് റിപ്പോർട്ട്

147 (1203) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ യൂണിവേഴ്സിറ്റി ഫോർ അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS)-നെ സംബന്ധിച്ച 2012, 2013 എന്നീ വർഷങ്ങളിലെ ആഡിറ്റ് റിപ്പോർട്ടിൽ നിർമ്മാണ പ്രവർത്തനങ്ങളിലെ ക്രമക്കേടുകൾ ചൂണ്ടിക്കാണിച്ചിരുന്നോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 16-9-2014-ലെ എക്സിക്യൂട്ടീവ് കൗൺസിൽ യോഗത്തിൽ നിർമ്മാണ പ്രവർത്തികൾക്കുള്ള ക്രമവിരുദ്ധ പേമെന്റിനെ സംബന്ധിച്ച് സർക്കാർ പ്രതിനിധി സ്വീകരിച്ച നിലപാട് സംസ്ഥാനത്തിന്റെ പൊതുതാല്പര്യത്തിന് അനുസൃതമായിരുന്നോ ; ഇതു സംബന്ധിച്ച് സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ;

(സി) കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ നിരീക്ഷണം അവഗണിച്ച് യൂണിവേഴ്സിറ്റി ഏതെങ്കിലും പേയ്മെന്റ് നടത്തിയിട്ടുണ്ടോ ;

(ഡി) 2013-2014-ൽ പ്ലാൻ ഫണ്ട് ഏത് വിധത്തിലാണ് ചെലവിട്ടിട്ടുള്ളത്, പ്ലാൻ ഫണ്ടിന് അനുവദിച്ചിട്ടുള്ള ഹെഡിൽ നിന്നും, ഏതെങ്കിലും തുക വിനിയോഗിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) ഇല്ല. ഏതാനും നടപടിപ്പിശകുകൾ (Procedure irregularities) ചൂണ്ടിക്കാണിച്ചിരുന്നതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ബി) 16-9-2014-ലെ എക്സിക്യൂട്ടീവ് കൗൺസിൽ യോഗത്തിൽ ഓഡിറ്റ് കമ്മിറ്റി ഐകകണ്ഠ്യേന നൽകിയ ശിപാർശകൾ സർക്കാർ പ്രതിനിധി ഉൾപ്പെടെയുള്ള അംഗങ്ങൾ ഭൂരിപക്ഷ തീരുമാനപ്രകാരം അംഗീകരിക്കുകയാണ് ചെയ്തത്. ഇക്കാര്യത്തിൽ ഗവൺമെന്റിലേക്ക് റിപ്പോർട്ട് നൽകിയിട്ടില്ല.

(സി) ഇല്ല.

(ഡി) 2013-14 സാമ്പത്തികവർഷത്തിൽ പ്ലാൻ ഫണ്ട് താഴെക്കാണിച്ചിരിക്കുന്ന പ്രകാരം വിനിയോഗിച്ചിട്ടുണ്ട്.

(i) സെന്റേഴ്സ് ഫോർ സ്റ്റഡി ആന്റ് റിസർച്ച് - 10,12,921 രൂപ.

(ii) ഡവലപ്മെന്റ് ഓഫ് ലൈബ്രറി ഫെസിലിറ്റീസ് - 29,80,988 രൂപ.

## സംസ്കൃത സർവ്വകലാശാലയിൽ സർക്കാരിന്റെ ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയ ക്രമക്കേടുകൾ

148 (1204) <u>ശ്രീ. വി. എസ്. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്കൃത സർവ്വകലാശാലയിൽ സർക്കാരിന്റെ ധനകാര്യ പരിശോധനാ വിഭാഗം (എൻ.റ്റി-ജി) കണ്ടെത്തിയ ക്രമക്കേടുകൾ പരിഹരിച്ച് വിശദാംശങ്ങൾ

സർക്കാരിനെ അറിയിക്കണമെന്നുള്ള ഉത്തരവിന്മേൽ സർവ്വകലാശാല എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ;

(ബി) പ്രസ്തുത സർവ്വകലാശാലയിൽ ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗത്തിന്റെ വിലക്കിനെ മറികടന്ന് ഗുരുതരമായ വീഴ്ച വരുത്തിയവർക്കെതിരെ എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) സർക്കാരിന്റെ ധനകാര്യ പരിശോധനാ വിഭാഗം ശിപാർശ ചെയ്ത നടപടികൾ സ്വീകരിച്ച് ഗവൺമെന്റിനെ അറിയിക്കുന്നതുവരെ സർവ്വകലാശാലയ്ക്ക് നൽകുന്ന ഗ്രാന്റും മറ്റു സഹായങ്ങളും തടഞ്ഞു വയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

<u>ഉത്തരം</u>

(എ-സി) ധനകാര്യ പരിശോധന (എൻ.റ്റി-ജി) വിഭാഗത്തിന്റെ റിപ്പോർട്ടിന്മേൽ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ രജിസ്ട്രാർ സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

**അൺഎയ്ഡഡ് മേഖലയിൽ ലോ കോളേജുകൾ**

149 (1205) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അൺഎയ്ഡഡ് മേഖലയിൽ ഈ സർക്കാർ എത്ര ലോ കോളേജുകൾ അനുവദിച്ചിട്ടുണ്ട് ; അവ ഏതൊക്കെ ; ഏതെല്ലാം മാനേജ്മെന്റുകൾക്ക് ;

(ബി) ഏതെങ്കിലും പഠനത്തിന്റെ അടിസ്ഥാനത്തിലാണോ പുതുതായി കോളേജുകൾ അനുവദിച്ചിരിക്കുന്നത് ; എങ്കിൽ അത് വിശദമാക്കാമോ ;

(സി) അനുവദിക്കപ്പെട്ട കോളേജുകളിൽ ഏതെല്ലാം കോഴ്സുകൾക്ക് അനുമതി നൽകിയിട്ടുണ്ട് ; സർക്കാർ നിശ്ചയിച്ച ഫീസ് നിരക്ക് എത്ര ; മാനേജ്മെന്റ് സീറ്റുകൾ എത്ര ; ഏതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് കോഴ്സുകൾ അനുവദിച്ചിരിക്കുന്നത് ?

<u>ഉത്തരം</u>

(എ) പതിനെട്ട് ലോ കോളേജുകൾ അൺഎയ്ഡഡ് മേഖലയിൽ അനുവദിച്ചിട്ടുണ്ട്. മാനേജ്മെന്റുകളെ സംബന്ധിച്ച വിവരം അനുബന്ധമായി I ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അല്ല.

(സി) അൺഎയ്ഡഡ് മേഖലയിൽ അനുവദിച്ച ലാ കോളേജുകളിലെ കോഴ്സുകൾ സംബന്ധിച്ച വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു.* മാനേജ്മെന്റ് സീറ്റുകൾ 50% ആണ് ഉള്ളത്. അൺഎയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന
ലോ കോളേജുകളിലെ ഫീസ് നിരക്ക് അനുബന്ധം III ആയി ചേർക്കുന്നു.* ബാർ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അനുമതി, ബന്ധപ്പെട്ട സർവ്വകലാശാലയുടെ ശിപാർശ, സർക്കാരിന്റെ എൻ.ഒ.സി. എന്നിവയുടെ അടിസ്ഥാനത്തിലാണ് കോഴ്സുകൾ അനുവദിച്ചിട്ടുള്ളത്. പ്രസക്ത ഭാഗം അനുബന്ധം IV ഇതോടൊപ്പം ചേർത്തിരിക്കുന്നു.*

## കോഴിക്കോട് സർവ്വകലാശാല കാമ്പസിൽ ഹോസ്റ്റൽ പ്രശ്നത്തിൽ വിദ്യാർത്ഥികൾ നടത്തുന്ന സമരം

150 (1206) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സർവ്വകലാശാല കാമ്പസിൽ ഹോസ്റ്റൽ പ്രശ്നമുന്നയിച്ച് വിദ്യാർത്ഥികൾ നടത്തുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നല്കാമോ ;

(സി) വിദ്യാർത്ഥി സമരം ഒത്തുതീർപ്പിലെത്തിക്കാൻ സർക്കാരിന്റെ ഭാഗത്തു നിന്നും ഇടപെടലുണ്ടായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ ;

(ഇ) സമരം ഒത്തുതീർപ്പാക്കാൻ മുഖ്യമന്ത്രിയും വിദ്യാഭ്യാസമന്ത്രിയും ഇടപെടണ മെന്ന ആവശ്യം ഉന്നയിച്ച് കത്ത് ലഭ്യമായിട്ടുണ്ടോ ;

(എഫ്) പ്രസ്തുത ആവശ്യത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി-എഫ്) കോഴിക്കോട് സർവ്വകലാശാലയിലെ വിദ്യാർത്ഥി സമരവും വൈസ് ചാൻസലറും സിൻഡിക്കേറ്റും തമ്മിലുള്ള പ്രശ്നങ്ങളും സംബന്ധിച്ച് നിരവധി പരാതികൾ സർക്കാരിന് ലഭിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി 28-10-2014-ൽ വൈസ് ചാൻസലർ, സിൻഡിക്കേറ്റ് അംഗങ്ങൾ, സർവ്വകലാശാലയുടെ അഭ്യുദയകാംക്ഷികളും മദ്ധ്യസ്ഥരുമായവർ എന്നിവരുടെ ഒരു യോഗം വിളിക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ പ്രശ്നങ്ങൾ വിശദമായി ചർച്ച ചെയ്യുകയും സമരത്തിനാധാരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് താഴെ പറയുന്ന തീരുമാനങ്ങൾ എടുക്കുകയുമുണ്ടായി.

1. വിദ്യാർത്ഥികളുടെ ഫെലോഷിപ്പുകൾ 4-11-2014 നകം നൽകണം. ഇല്ലെങ്കിൽ ഇതിനുത്തരവാദികളായവർക്കെതിരെ വൈസ് ചാൻസലർ നടപടിയെടുക്കണം.

2. അദ്ധ്യാപകരുടെ കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുകയും പ്രൊമോഷനും മറ്റ് പ്രശ്നങ്ങളും സംബന്ധിച്ച് അടിയന്തിരമായി പരിഹാരം കാണുകയും വേണം.

3. വിദ്യാർത്ഥികളുടെ ഹോസ്റ്റൽ നിർമ്മാണം ഉടനേ ആരംഭിക്കണം.

4. കായിക വിദ്യാർത്ഥികളെ ഗസ്റ്റ് ഹൗസിൽ താമസിപ്പിക്കുകയും കോമൺ മെസ് സൗകര്യം ഉപയോഗപ്പെടുത്തുകയും ചെയ്യണം.

5. വിദ്യാഭ്യാസ വകുപ്പ് മന്ത്രി, സ്ഥിതിഗതികൾ മാസത്തിലൊരിക്കൽ അവലോകനം ചെയ്യും.

**സർക്കാർ മേഖലയിൽ കോളേജുകളും തസ്തികകളും**

151 (1207) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സർക്കാർ മേഖലയിൽ എത്ര കോളേജുകൾ അനുവദിച്ചിട്ടുണ്ട് ; ഇതിൽ എത്ര എണ്ണത്തിൽ പഠനം തുടങ്ങിയിട്ടുണ്ട് ; വിശദമാക്കാമോ ;

(ബി) അദ്ധ്യയനം ആരംഭിച്ചിട്ടുള്ള കോളേജുകളിലെല്ലാം അദ്ധ്യാപക-അദ്ധ്യാപകേതര തസ്തികകൾ അനുവദിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഇനി ഏതൊക്കെ കോളേജുകളിലാണ് തസ്തിക അനുവദിക്കാനുള്ളതെന്നും ആയത് എന്ന് അനുവദിക്കുമെന്നും വ്യക്തമാക്കാമോ ;

(ഡി) ഈ കോളേജുകൾക്ക് പ്രാരംഭ പ്രവർത്തനത്തിനു വേണ്ടി വകുപ്പ് എത്ര തുകയാണ് നൽകുന്നത് ; ആയത് എത്ര കോളേജുകൾക്ക് നൽകിയിട്ടുണ്ട് ; എത്ര എണ്ണത്തിന് നൽകാനുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ മേഖലയിൽ 19 ആർട്സ് ആന്റ് സയൻസ് കോളേജുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ കോങ്ങാട് ഒഴികെ 18 കോളേജുകളിൽ ക്ലാസ്സുകൾ ആരംഭിച്ചിട്ടുണ്ട്. യൂണിവേഴ്സിറ്റി അഫിലിയേഷൻ ലഭിക്കാത്തതിനാലാണ് പാലക്കാട് ജില്ലയിൽ അനുവദിച്ച കോങ്ങാട് ആർട്സ് ആന്റ് സയൻസ് കോളേജിൽ ക്ലാസ്സുകൾ ആരംഭിക്കാത്തത്.

(ബി) 13 കോളേജുകളിൽ അദ്ധ്യാപക തസ്തികകളും 7 കോളേജുകളിൽ അനദ്ധ്യാപക തസ്തികകളും അനുവദിച്ചിട്ടുണ്ട്. മറ്റു കോളേജുകളിൽ തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച ശിപാർശകൾ സർക്കാർ പരിഗണനയിലാണ്.

(സി) <u>അദ്ധ്യാപക തസ്തികകൾ അനുവദിക്കാനുള്ള കോളേജുകൾ</u>

1. ഒല്ലൂർ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, തൃശ്ശൂർ.
2. ഉദുമ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, കാസർഗോഡ്.
3. തവനൂർ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, മലപ്പുറം.
4. കുന്ദമംഗലം സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, കോഴിക്കോട്.
5. എലന്തൂർ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, പത്തനംതിട്ട.
6. കോങ്ങാട് സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, പാലക്കാട് (ക്ലാസ്സുകൾ ആരംഭിച്ചിട്ടില്ല)

<u>അനദ്ധ്യാപക തസ്തികകൾ അനുവദിക്കാനുള്ള കോളേജുകൾ</u>

1. താനൂർ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, മലപ്പുറം.
2. മലയിൻകീഴ് സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, തിരുവനന്തപുരം.
3. തലശ്ശേരി സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, കണ്ണൂർ.
4. പയ്യന്നൂർ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, കണ്ണൂർ.
5. നെയ്യാറ്റിൻകര സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, തിരുവനന്തപുരം.
6. നാദാപുരം സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, കോഴിക്കോട്.
7. ഒല്ലൂർ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, തൃശ്ശൂർ.
8. ഉദുമ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, കാസർഗോഡ്.
9. തവനൂർ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, മലപ്പുറം.
10. കുന്ദമംഗലം സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, കോഴിക്കോട്.

11. എലന്തൂർ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, പത്തനംതിട്ട.

12. കോങ്ങാട് സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ്, പാലക്കാട്.

(ക്ലാസ്സുകൾ ആരംഭിച്ചിട്ടില്ല)

(ഡി) പ്രാരംഭ പ്രവർത്തനത്തിനുവേണ്ടി തുകയൊന്നും അനുവദിച്ചിട്ടില്ല.

**കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ബി.എസ്.സി. ഫിസിക്സ് ഡിഗ്രി കോഴ്സ്**

152 (1208) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കമ്പ്യൂട്ടർ ആപ്ലിക്കേഷൻ സബ്സിഡിയറി സബ്ജക്ട് ആയി കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ബി.എസ്. സി. ഫിസിക്സ് ഡിഗ്രി കോഴ്സ് വിജയിച്ചവർക്ക്, കെമിസ്ട്രി സബ്സിഡിയറി ആയി എടുത്ത് പഠിച്ചിട്ടില്ല എന്ന കാരണത്താൽ ബി.എഡ്. കോഴ്സിന് ചേർന്ന് പഠിക്കാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കുട്ടികൾക്ക് ബി.എഡ്. കോഴ്സിന് ചേർന്ന് പഠിക്കാൻ അവസരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ബി.എസ്.സി. ഫിസിക്സ്/ കെമിസ്ട്രി മുഖ്യ വിഷയമായി പഠിച്ചതും പാർട്ട് മൂന്നിന് നിശ്ചിത ശതമാനം മാർക്ക് ലഭിച്ചിട്ടുള്ളതുമായ എല്ലാ വിദ്യാർത്ഥി കൾക്കും ബി.എഡ്. (ഫിസിക്കൽ സയൻസ്)-ന് അഡ്മിഷൻ നേടുന്നത് അനുവദിച്ചു കൊണ്ട് 20-11-2014 തീയതിയിൽ GO (Rt) No. 2748/2014/H. Edn. നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനം**

153 (1209) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളുടെ പ്രവർത്തനം താറുമാറായി കിടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഓരോ സർവ്വകലാശാലയിലും ഉണ്ടായ വിഷയങ്ങൾ

വിശദീകരിക്കാമോ ;

(സി) സർക്കാർ വൈസ് ചാൻസലർമാരുടെ യോഗം വിളിച്ചിരുന്നുവോ ; ആയതിന്റെ അടിയന്തര സാഹചര്യം എന്തായിരുന്നു ; വിശദീകരിക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെയായി ബഹു: ചാൻസലറും സർക്കാരും ചേർന്ന് എത്ര തവണ വൈസ് ചാൻസലർമാരുടെ യോഗം വിളിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ഇ) ബഹു. ചാൻസലർ വിളിച്ച വൈസ് ചാൻസലർമാരുടെ യോഗത്തിൽ സർക്കാർ പ്രതിനിധികൾ പങ്കെടുത്തിരുന്നുവോയെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് സർവ്വകലാശാലകളുടെ പ്രവർത്തനം താറുമാറായി കിടക്കുന്നതായുള്ള ആക്ഷേപങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്തെ വിദ്യാർത്ഥി സംരംഭകത്വ പ്രവർത്തനം ദ്രുതഗതിയിലാക്കുന്നതിനുവേണ്ടി വൈസ് ചാൻസലർമാരുടെ അടിയന്തര യോഗം വിളിച്ചുചേർത്തിരുന്നു.

(ഡി) സംയുക്ത യോഗങ്ങളൊന്നും വിളിച്ചുചേർത്തിട്ടില്ല.

(ഇ) ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയും ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും പങ്കെടുത്തിരുന്നു.

**ചാൻസലേഴ്സ് കൗൺസിൽ**

154 (1210) ശ്രീ. എം. എ. ബേബി :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ആർ. രാജേഷ് :
ശ്രീ. വി.ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചാൻസലേഴ്സ് കൗൺസിൽ രൂപീകൃതമായിട്ടുണ്ടോ ; കൗൺസിലിന്റെ ഘടന വിശദമാക്കാമോ ; ഇത് ഈ സർക്കാരിന്റെ നയപരമായ തീരുമാനമായിരുന്നുവോ;

(ബി) ചാൻസലേഴ്സ് കൗൺസിൽ രൂപീകരിച്ചത് സംബന്ധിച്ച നിലപാട് എന്താണ് ; ഇത് ബഹു. ഗവർണറെ അറിയിച്ചിട്ടുണ്ടോ ;

(സി) ചാൻസലേഴ്സ് കൗൺസിൽ രൂപീകരിച്ചതുവഴി സർവ്വകലാശാലകളുടെ പ്രവർത്തനത്തിൽ ബഹു. ഗവർണർ നേരിട്ട് ഇടപെടുന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ; ഇതിന് ഇടയാക്കിയ സാഹചര്യമെന്തെന്ന് വിശദമാക്കാമോ ;

(ഡി) പ്രൊ ചാൻസലർ എന്ന നിലയിൽ വിദ്യാഭ്യാസ മന്ത്രിക്ക് ഈ കൗൺസിലിൽ അംഗത്വമുണ്ടോ ?

ഉത്തരം

(എ-ഡി) 25-11-2014-ലെ GS5-3094/2014 ഉത്തരവിലൂടെ ചാൻസലേഴ്സ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ചാൻസലർ, പ്രോ ചാൻസലർ, ഹയർ എഡ്യൂക്കേഷൻ കൗൺസിൽ വൈസ് ചെയർമാൻ, സർവ്വകലാശാലകളിലെ വൈസ് ചാൻസലർമാർ, ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി, ഗവർണറുടെ സെക്രട്ടറി എന്നിവരാണ് പ്രസ്തുത കൗൺസിലിലെ അംഗങ്ങൾ. ഗവർണറുടെ സെക്രട്ടറിയാണ് ചാൻസലേഴ്സ് കൗൺസിലിന്റെ കൺവീനർ.

ചാൻസലർ എന്ന നിലയ്ക്ക് ബഹു. ഗവർണർക്ക് സർവ്വകലാശാലകളുടെ പ്രവർത്തനത്തിൽ നേരിട്ട് ഇടപെടാവുന്നതാണ്.

**സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകൾ**

155 (1211) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ എല്ലാ സർവ്വകലാശാലകളിലെയും അനധ്യാപക തസ്തികകൾ പി.എസ്.സി.-ക്ക് വിടുന്നതിന് ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ; ഉത്തരവ് നടപ്പിലാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ പി.എസ്.സിയ്ക്ക് വിടുന്നതിന് സർവ്വകലാശാലകളിലെ ആക്ടുകളും സ്റ്റാറ്റ്യൂട്ടുകളും ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. കൂടാതെ പി.എസ്.സി.-ക്ക് അധിക ചുമതല നൽകുന്നതിനുള്ള ആക്ടും പുറപ്പെടുവിക്കേണ്ടതുണ്ട്. ഇതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു.

**സംസ്ഥാനത്തെ പ്രൊഫഷണൽ ഡിഗ്രി പ്രവേശനം**

156 (1212) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ ഡിഗ്രി പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന പ്രവേശന പരീക്ഷയ്ക്ക് പിന്നോക്ക സമുദായ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് സംവരണാനുകൂല്യത്തിന് നോൺ ക്രീമിലെയർ മാനദണ്ഡ പ്രകാരം കുടുംബ വരുമാന സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ടോ ;

(ബി) കേന്ദ്ര പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവേശനത്തിന് പിന്നോക്ക സമുദായ വിദ്യാർത്ഥികൾ നോൺ ക്രീമിലെയർ മാനദണ്ഡ പ്രകാരം കുടുംബ വരുമാന സർട്ടിഫിക്കറ്റ് സമർപ്പിച്ച് പിന്നോക്ക സമുദായ സംവരണാനുകൂല്യം കരസ്ഥമാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) 2014-15 അക്കാദമിക് വർഷത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സ് പ്രവേശനം നോൺ ക്രീമിലെയർ മാനദണ്ഡപ്രകാരം ലഭ്യമാകുന്ന കുടുംബവരുമാന സർട്ടിഫിക്കറ്റ് അടിസ്ഥാനത്തിലായിരിക്കണമെന്ന് ബഹു.കേരള ഹൈക്കോടതി വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) പിന്നോക്ക സമുദായ സംവരണാനുകൂല്യത്തിന് സംസ്ഥാനത്ത് നിലവിലുള്ള നോൺ ക്രീമിലെയർ ഉത്തരവ് 2014-15 അക്കാദമിക് വർഷത്തെ പ്രൊഫഷണൽ ഡിഗ്രി പ്രവേശനത്തിന് ബാധകമാക്കണമെന്ന് സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഇ) മേല്പറഞ്ഞ നിർദ്ദേശങ്ങൾ നടപ്പിലാക്കി 2015-16-ലെ പ്രവേശന പരീക്ഷയുടെ കാര്യവിവര പത്രിക പുറപ്പെടുവിക്കുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് നിർദ്ദേശം നൽകുമോ ;

(എഫ്) പൊതുപ്രവേശന പരീക്ഷയുടെ അപേക്ഷാഫാറത്തിന്റെ മാതൃക പൊതു പ്രവേശന പരീക്ഷയുടെ കാര്യ വിവര പത്രികയിൽ ഉൾപ്പെടുത്തുന്ന കാര്യവും, റാങ്ക് പട്ടികയിൽ സ്ഥാനം ലഭിച്ച് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ബാങ്കിൽ ഫീസടച്ച് പ്രവേശനം ഉറപ്പ് വരുത്തുന്നതിന് മതിയായ സമയം അനുവദിക്കുന്ന കാര്യവും വ്യവസ്ഥ ചെയ്യുമോ ;

(ജി) മെച്ചമായ കോഴ്സും സൗകര്യപ്രദമായ കോളേജും ലഭിക്കുന്നതിന് ഹയർ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികളുടെ റീ-അലോട്ട്മെന്റ് പ്രക്രിയ ത്വരിതപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്യുമോ ?

<u>ഉത്തരം</u>

(എ) ഇല്ല. സംസ്ഥാനത്ത് പ്രൊഫഷണൽ ഡിഗ്രി പ്രവേശനത്തിന് നിലവിൽ എസ്.ഇ.ബി.സി സംവരണാനുകൂല്യമാണ് അനുവദിച്ചിട്ടുള്ളത്. എസ്.ഇ.ബി.സി സംവരണാനുകൂല്യത്തിനുള്ള കുടുംബ വാർഷിക വരുമാന പരിധി 6 ലക്ഷം രൂപയാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഒ.ബി.സി. വിഭാഗങ്ങൾക്ക് സംവരണാനുകൂല്യങ്ങൾ ലഭ്യമാക്കുന്നത് ക്രീമിലെയർ മാനദണ്ഡപ്രകാരമാണ്.

(സി) ഇല്ല. 7-8-2013-ൽ ബഹു. കേരള ഹൈക്കോടതി WP(C)29271/2012, 11578/2013 എന്നീ കേസുകളിൽ പുറപ്പെടുവിച്ച പൊതു വിധിന്യായപ്രകാരം ബഹു. സുപ്രീം കോടതിയുടെ അശോക് കുമാർ താക്കൂർ കേസിലെ വിധിന്യായത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പിന്നോക്ക വിഭാഗങ്ങളുടെ സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥയും കുടുംബവരുമാനവും മറ്റും പരിഗണിച്ച്, പിന്നോക്ക വിഭാഗങ്ങളിലെ ക്രീമിലെയർ വിഭാഗത്തെ കണ്ടെത്തുന്നതിന് വിശദമായ ഒരു സ്വതന്ത്ര പഠനം നടത്തുവാനും 2014-15 വിദ്യാഭ്യാസ വർഷത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളുടെ പ്രവേശനത്തിൽ നടപ്പിൽ വരുത്തുവാനും നിർദ്ദേശിക്കുകയുണ്ടായി.

(ഡി) ഇല്ല. കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ 20-12-2013-ന് നൽകിയ ഇടക്കാല റിപ്പോർട്ടിൽ കമ്മീഷന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ എടുക്കുന്ന അന്തിമ തീരുമാനത്തിന് വിധേയമായി, താൽക്കാലികമായി 2014-15 അദ്ധ്യയന വർഷത്തെ എസ്.ഇ.ബി.സി വിഭാഗത്തിലെ ക്രീമിലെയർ വിഭാഗത്തെ കണ്ടെത്തുന്നതിന് ക്രീമിലെയർ മാനദണ്ഡങ്ങൾ ആവശ്യമെങ്കിൽ ബഹു.കേരള ഹൈക്കോടതിയുടെ അനുമതിക്ക് വിധേയമായി സ്വീകരിക്കാവുന്നതാണ് എന്ന് കമ്മീഷൻ അഭിപ്രായപ്പെട്ടിട്ടുണ്ട്.

(ഇ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷന്റെ പഠന റിപ്പോർട്ടിന്റെ അന്തിമ മറുപടി ലഭ്യമല്ലാത്തതിനാൽ നിലവിലുള്ള സംവരണക്രമമാണ് 2015-16-ലെ കാര്യവിവര പട്ടികയിൽ ഇപ്പോൾ ഉൾപ്പെടുത്തുന്നത്.

(എഫ്) സംസ്ഥാനത്തെ പ്രൊഫഷണൽ ഡിഗ്രി പൊതു പ്രവേശന പരീക്ഷയുടെ അപേക്ഷ ഓൺലൈൻ വഴിയാണ് വിദ്യാർത്ഥികൾ സമർപ്പിക്കേണ്ടത്. ഓൺലൈൻ വഴി അപേക്ഷിക്കേണ്ടുന്ന രീതി പൊതു പ്രവേശന പരീക്ഷയുടെ കാര്യവിവര പത്രികയിൽ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. മാത്രമല്ല അപേക്ഷാർത്ഥികളെ സഹായിക്കുന്നതിനായി ഹെൽപ്പ് ഡെസ്കും

പ്രവർത്തിക്കുന്നുണ്ട്. റാങ്ക് പട്ടികയിൽ സ്ഥാനം ലഭിച്ച് അലോട്ട്മെന്റ് ലഭിക്കുന്ന അപേക്ഷാർത്ഥികൾക്ക് ബാങ്കിൽ ഫീസടച്ച് പ്രവേശനം ഉറപ്പുവരുത്തുന്നതിന് ബഹു. സുപ്രീം കോടതിയുടെ ഉത്തരവിലെ സമയക്രമം പാലിച്ചുകൊണ്ട് മതിയായ സമയം അനുവദിച്ചുവരുന്നുണ്ട്.

(ജി) ബഹു. സുപ്രീം കോടതി നിശ്ചയിച്ചിട്ടുള്ള സമയക്രമമനുസരിച്ച് അലോട്ട്മെന്റ് പ്രക്രിയ ത്വരിതപ്പെടുത്തുന്നുണ്ട്.

**ഇ-സാക്ഷരതാ പദ്ധതി**

157 (1213) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ-സാക്ഷരതാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്ര സഹായങ്ങളാണ് ലഭിക്കുന്നത്;

(ഡി) പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(ഇ) പദ്ധതി നടത്തിപ്പിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്. പി.എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ തെരഞ്ഞെടുത്ത 100 പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന സമ്പൂർണ്ണ ഇ-സാക്ഷരതാ യജ്ഞം-ഒന്നാം ഘട്ടം 2014 ജനുവരി 4-ാം തീയതി ബഹു. പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തിട്ടുണ്ട്.

(ബി) വിവരസാങ്കേതിക വിദ്യയിൽ അറിവും പ്രാവീണ്യവും സാമാന്യ ജനങ്ങൾക്ക് ഇന്റർനെറ്റിലൂടെ സുപരിചിതമാക്കുക, കല, ശാസ്ത്രം, സാങ്കേതിക വിദ്യ, വ്യവസായം, സ്വയംപ്രകാശനം, ആശയവിനിമയം, സാമൂഹ്യസേവനം എന്നീ മേഖലകളിൽ ഡിജിറ്റൽ മാധ്യമത്തിലൂടെ സർഗ്ഗാത്മക സംയോജനം സാധ്യമാക്കുക, ഇ-ഗവേണൻസ് ജനപ്രിയമാക്കുന്നതിന് വിവര സാങ്കേതിക വിദ്യയുടെ പങ്കാളിത്തവേദി ഒരുക്കുക, സാമ്പത്തിക ശാക്തീകരണത്തിനും സമയത്തിന്റെ പൂർണ്ണമായ സദുപയോഗത്തിനും സഹായകമായ ഇ-വാണിജ്യവും,

ഇ-സേവനവും സുപരിചിതമാക്കുക എന്നിവയാണ് പ്രധാനമായും ലക്ഷ്യമിടുന്നത്.

(സി) പി.എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയുടെ നേതൃത്വത്തിൽ 795 ലക്ഷം രൂപ ചെലവിൽ നടപ്പിലാക്കുന്ന ഇ-സാക്ഷരതാ പദ്ധതിക്ക് 375 ലക്ഷം രൂപ കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നു.

(ഡി) 33 മാസത്തിനുള്ളിൽ (2017 മാർച്ച് 31 ന്) പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു.

(ഇ) സംസ്ഥാനത്തെ 14 ജില്ലകളിലും കളക്ടറുടെ അദ്ധ്യക്ഷതയിൽ മോണിട്ടറിംഗ് & ഇവാല്യുവേഷൻ കമ്മിറ്റി അംഗങ്ങളുടേയും പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്ത് പ്രസിഡന്റുമാരുടേയും യോഗം ചേരുകയുണ്ടായി. വിവിധ ജില്ലകളിലെ 64 ഗ്രാമ പഞ്ചായത്തുകൾക്ക് ഒന്നാം ഗഡുവായ ഒരു ലക്ഷം രൂപ നൽകുകയുണ്ടായി. പ്രസ്തുത പദ്ധതി നടത്തിപ്പിനുള്ള എല്ലാ ഹാർഡ്‌വെയറുകളും പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ ലഭ്യമാക്കുന്നു. തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമ പഞ്ചായത്തിനെ ആദ്യത്തെ സമ്പൂർണ്ണ ഇ-സാക്ഷരതാ പഞ്ചായത്തായി 2014 മാർച്ച് ഒന്നാം തീയതി ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചു.

**അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചുപിടിക്കൽ**

158 (1214) ശ്രീ. എം. എ. ബേബി :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൻതോതിൽ സർക്കാർ ഭൂമി അനധികൃതമായി കൈവശം വച്ചിരിക്കുന്നവരിൽ നിന്ന് തിരിച്ചുപിടിക്കുന്നത് സംബന്ധിച്ച് നയവും നടപടികളുമെന്തെന്ന് വ്യക്തമാക്കുമോ ;

(ബി) പാട്ട ഭൂമിയായിരുന്ന നെല്ലിയാമ്പതിയിലെ കരുണാ എസ്റ്റേറ്റ് പോബ്സ് ഗ്രൂപ്പിന് പതിച്ച് നൽകിയത് സംബന്ധിച്ച ആക്ഷേപങ്ങളെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തി നിജസ്ഥിതി കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ; അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചത് എന്നാണ് ; നാളിതുവരെ സ്വീകരിക്കപ്പെട്ട നടപടികൾ എന്തെല്ലാം ; ഭൂമി അന്യായമായി കൈവശപ്പെടുത്തിയവരുമായി ഒത്തുകളിക്കുകയും, കൂട്ടു നിൽക്കുകയും ചെയ്യുതായി പരാതികൾക്കിടയായിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) അനധികൃതമായി കൈവശപ്പെടുത്തിയ കരുണാ എസ്റ്റേറ്റ് തിരിച്ചെടുക്കുന്നതിന് ഇതിനകം സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) അനധികൃതമായി സർക്കാർ ഭൂമി കൈവശം വച്ചുവരുന്നു എന്ന് കണ്ടെത്തുന്ന കേസുകളിൽ ഭൂമി തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) നെല്ലിയാമ്പതിയിൽ പോബ്സ് ഗ്രൂപ്പിന് ഭൂമി പോക്കുവരവ് ചെയ്തതുമായി ബന്ധപ്പെട്ട കേസിൽ പോബ്സ് ഗ്രൂപ്പിന്റെ മുഴുവൻ ഭൂമിയും സർവ്വെ നടത്തുന്നതിന് ഒരു സർവ്വെ ടീമിനെ രൂപീകരിക്കാൻ സർവ്വെ ഡയറക്ടറെ ചുമതലപ്പെടുത്തിയും പ്രസ്തുത സർവ്വെ ജോലികൾ 2014 നവംബർ ഇരുപതോടെ ആരംഭിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചും 12-11-2014-ലെ സർക്കാർ ഉത്തരവ് (സാധാ)നം.5473/14/റവന്യൂ പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത സർവ്വെക്ക് മേൽനോട്ടം വഹിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർ നോഡൽ ഓഫീസറായും ലാൻഡ് ബോർഡ് സെക്രട്ടറി, സർവ്വെ ഡയറക്ടർ, പ്രിൻസിപ്പിൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ഇൻസ്പെക്ടർ ജനറൽ (രജിസ്ട്രേഷൻ), പാലക്കാട് ജില്ലാ കളക്ടർ എന്നിവർ അംഗങ്ങളായി ഒരു ഉന്നതാധികാര സമിതിയെ നിയോഗിച്ചും പ്രസ്തുത സമിതി രണ്ടാഴ്ചയിലൊരിക്കൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്നും നിഷ്കർഷിച്ച് ഉത്തരവായിട്ടുണ്ട്.

സർവ്വെ നടപടികൾ നടന്നുവരുന്നു. കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തണമെന്ന ശിപാർശ സർക്കാർ അംഗീകരിച്ചു.

(സി) നെല്ലിയാമ്പതിയിൽ തർക്കഭൂമിയുമായി ബന്ധപ്പെട്ട് മുഴുവൻ ഭൂമിയും സർവ്വെ നടത്തുന്നതിന് ഒരു സർവ്വെ ടീമിനെ രൂപീകരിക്കാൻ സർവ്വെ ഡയറക്ടറെ ചുമതലപ്പെടുത്തി 12-11-2014-ലെ സർക്കാർ ഉത്തരവ് (സാധാ)നം.5473/2014 പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിൻപ്രകാരം സർവ്വെ ഡയറക്ടർ ടീമിനെ നിയമിക്കുകയും പ്രസ്തുത ടീം സർവ്വെ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**ആറന്മുള വിമാനത്താവള പദ്ധതി**

159 (1215) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുളയിലെ വിമാനത്താവള പദ്ധതിക്കായി കെ.ജി.എസ് ഗ്രൂപ്പ് ഏറ്റെടുത്തിരുന്ന ഭൂമിയിൽ നികത്തപ്പെട്ട തോടും, ചാലും പുനർനിർമ്മിക്കണമെന്ന് കോടതി ഉത്തരവ് എന്നാണ് നിലവിൽ വന്നതെന്നും ഇതിലെന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ ; ഇതുസംബന്ധിച്ച കോടതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) ഈ നികത്തപ്പെട്ട ഭൂമിയിലെ തോടുകളുടെയും, ചാലുകളുടേയും വ്യാപ്തി എത്രയെന്നും ഇത് നികത്തിയതുമൂലമുള്ള പാരിസ്ഥിതിക ആഘാതമെന്തെന്നും സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(സി) കോടതി ഉത്തരവ് പൂർണ്ണമായി നടപ്പാക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 16-6-2014 നാണ് ബഹു. ഹൈക്കോടതിയിൽ നിന്നും വിധിയായത്. ടി തോടിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനായി ഒരു സർവ്വേ ടീമിനെ നിയോഗിക്കുകയും ടി സർവ്വേ നടപടികൾ പൂർത്തിയായിട്ടുള്ളതുമാണ്. പ്രസ്തുത തോട്ടിലെ മണ്ണ് നീക്കം ചെയ്യുന്നതിന് വഴി സൗകര്യമില്ലാത്തതാണ്. സ്വകാര്യ വസ്തുക്കളിലൂടെയാണ് മണ്ണെടുക്കുന്നിടത്തേക്ക് പ്രവേശിക്കേണ്ടത്. മണ്ണ് നീക്കം ചെയ്യുന്നതിന് 1.02 കോടി രൂപ ചെലവ് വരുന്നതും ആയതിന് ഫണ്ട് ലഭിച്ചാൽ മാത്രമേ മണ്ണ് നീക്കം ചെയ്യുന്ന ജോലി ആരംഭിക്കുവാൻ കഴിയൂ എന്നും മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ അറിയിച്ചിരുന്നു. ഈ സമയം ചെങ്ങന്നൂർ-കോട്ടയം റെയിൽവേ ലൈനിന്റെ ഇരട്ടിപ്പിക്കൽ ജോലിക്കായി മണ്ണ് ആവശ്യമാണെന്ന് കാണിച്ച് റെയിൽവേ അധികൃതർ കത്ത് നൽകിയിരുന്നു. നീക്കം ചെയ്യുന്ന മണ്ണിന്റെ അളവ് കൂടുതലായതിനാൽ വലിയ വാഹനങ്ങൾ ഉപയോഗിക്കേണ്ടിവരും. അത്തരം വാഹനങ്ങൾ ഉപയോഗിക്കുവാൻ നിലവിലെ വഴികൾ അപര്യാപ്തമായതിനാൽ റോഡുകൾ നിർമ്മിച്ച് നൽകണമെന്നും കൂടാതെ റോയൽറ്റി ഒഴിവാക്കി ഉത്തരവ് നൽകുകയും ചെയ്യണമെന്നും എന്നാൽ മാത്രമേ മണ്ണ് നീക്കം ചെയ്യുന്നത് ആരംഭിക്കാൻ കഴിയൂ എന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ തുടർ നടപടി സ്വീകരിക്കുന്നതിനായി അടൂർ ആർ.ഡി.ഒ. യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബഹു. ഹൈക്കോടതിയുടെ 16-6-2014-ലെ WP(C) 6519/2014 നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) വ്യാപ്തി 2.57.27 ഹെക്ടർ. പാരിസ്ഥിതികാഘാതം സംബന്ധിച്ച്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പഠനമൊന്നും നടത്തിയിട്ടില്ല.

(സി) ബാധിക്കപ്പെട്ട കക്ഷികളെക്കൂടി നേരിൽ കേട്ടശേഷം പുറംപോക്ക് തോട് പൂർവ്വ സ്ഥിതിയിലാക്കാൻ വേണ്ട നടപടി സ്വീകരിക്കുവാനാണ് കോടതി നിർദ്ദേശിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട പിരിവ് എ-യിൽ സൂചിപ്പിച്ചിട്ടുള്ള രീതിയിൽ പ്രശ്നങ്ങൾ പരിഹരിച്ച് കോടതി ഉത്തരവ് നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**ശ്രീ. കൃഷ്ണൻനായർ തിരുവനന്തപുരം താലൂക്കാഫീസിൽ നൽകിയ ഫയൽ**

160 (1216) <u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ ഉളിയാഴ്ത്തുറ വില്ലേജിൽ കുഴിക്കാട്ടു കോണത്തു വീട്ടിൽ ശ്രീ. കൃഷ്ണൻ നായർ, തിരുവനന്തപുരം താലൂക്ക് ഓഫീസിൽ നൽകിയ LRM1/58671/13 നമ്പർ ഫയലിൽ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഫയലിൽ തീർപ്പുകൽപ്പിക്കാൻ താമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) ഈ ഫയലിൽ ഉടനടി തീരുമാനം കൈക്കൊണ്ട് പരാതിക്കാരന്റെ കാത്തിരിപ്പ് അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ; ഇത് എത്ര ദിവസത്തിനകം തീർപ്പുകൽപ്പിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ ഫയൽ സംബന്ധിച്ച് ഉളിയാഴ്ത്തുറ വില്ലേജ് ഓഫീസർ സമർപ്പിച്ച LRM1/60191/14 dated 17/x/2014-ൽ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാമോ; ഈ ഫയലിൽ എന്തെല്ലാം നടപടിക്രമങ്ങളാണ് ബാക്കിയുള്ളത് എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) അപേക്ഷയിന്മേൽ ഉളിയാഴ്ത്തുറ വില്ലേജാഫീസിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കുകയും തുടർന്ന് സർവേ നടപടികൾ നടന്നുവരുന്നതുമാകുന്നു.

(ബി) പട്ടം എസ്.ആർ.ഒ-യിലെ 2669/51-ാം നമ്പർ ഭാഗപത്ര പ്രകാരം ഒന്നാം നമ്പർ പട്ടിക വസ്തുവിന്മേൽ അവകാശം ആർക്ക് നൽകണമെന്നത്

വ്യക്തമല്ലാതിരുന്നതാണ് കാലതാമസം നേരിടുന്നതിന്റെ കാരണം.

(സി) വില്ലേജാഫീസറിൽ നിന്നും ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫയൽ സർവ്വേയർക്ക് കൈമാറി, സർവേ പൂർത്തിയാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു.* പ്രസ്തുത ഫയലിൽ സർവ്വേ നടപടികൾ പൂർത്തിയാക്കേണ്ടതുണ്ട്. തുടർന്ന് അവകാശം തെളിയിക്കുന്ന മുറയ്ക്ക് നടപടി തീർപ്പുകൽപ്പിക്കാവുന്നതുമാണ്.

## റവന്യൂ റിക്കവറി നടപടികൾക്ക് സ്റ്റേ

161 (1217) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോവർഷവും റവന്യൂ റിക്കവറി നടപടികൾക്ക് റവന്യൂ വകുപ്പുമന്ത്രി നൽകിയ സ്റ്റേ ഉത്തരവുകൾ എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇവയിൽ അഞ്ചുലക്ഷത്തിൽക്കൂടുതൽ രൂപ റിക്കവറി നടത്താനുള്ളവ എത്രയായിരുന്നു ;

(സി) റവന്യൂ വകുപ്പ് നൽകിയ സ്റ്റേ ഉത്തരവുകൾ വഴി എത്ര കോടി രൂപയുടെ റിക്കവറി നടപടികൾ ഇപ്പോൾ തടസ്സപ്പെട്ടിട്ടുണ്ട് ;

(ഡി) 17-9-2014-നുശേഷം റവന്യൂ വകുപ്പുമന്ത്രി എത്ര റവന്യൂ റിക്കവറി നടപടികൾക്ക് സ്റ്റേ നൽകുകയോ, തവണകളായി അടയ്ക്കാൻ ഉത്തരവ് നൽകുകയോ ചെയ്തിട്ടുണ്ട് ?

<u>ഉത്തരം</u>

(എ)

| വർഷം | എണ്ണം |
|---|---|
| 2011 | 1254 |
| 2012 | 1452 |
| 2013 | 1425 |
| 2014 | 1211 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 384 എണ്ണം.

(സി) 62,66,72,046 രൂപ.

(ഡി) 152 എണ്ണം.

**പുല്ലമ്പാറ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം**

162 (1218) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പുല്ലമ്പാറ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

(സി) പുല്ലമ്പാറ വില്ലേജാഫീസ് നിർമ്മാണവുമായി ബന്ധപ്പെട്ട ഫയലിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തെന്നും പ്രസ്തുത ഫയലിൽ എന്ത് തീരുമാനമെടുത്തു വെന്നുമുള്ള വിവരം ഫയൽ നമ്പർ സഹിതം ലഭ്യമാക്കുമോ ;

(ഡി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണച്ചുമതല ഏത് ഏജൻസിയെ ഏല്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) പുല്ലമ്പാറ വില്ലേജ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) 9,50,000 രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) കളക്ടറേറ്റ് ഫയൽ നമ്പർ എ 14 81066/12. അസിസ്റ്റന്റ് എഞ്ചിനീയർ പി.ഡബ്ല്യു.ഡി.-യുടെ അഭിപ്രായത്തിന്റെയടിസ്ഥാനത്തിൽ പുല്ലമ്പാറ വില്ലേജാഫീസിന് നിലവിലുള്ള കെട്ടിടം പൊളിച്ചു മാറ്റാതെ തന്നെ ആയതിനോട് ചേർന്ന് പുതിയ കെട്ടിടം നിർമ്മിക്കാവുന്ന തരത്തിലുള്ള പ്ലാൻ 21-11-2012-ൽ നെടുമങ്ങാട് തഹസിൽദാർക്ക് അയച്ചുകൊടുക്കുകയും, തുടർന്ന് വില്ലേജാഫീസിന്റെ പ്രവർത്തനം വാടക കെട്ടിടത്തിലേക്ക് മാറ്റാതെ തന്നെ പുതിയ കെട്ടിട നിർമ്മാണം ആരംഭിക്കാൻ നെടുമങ്ങാട് തഹസിൽദാർക്കും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും

2-01-2013-ൽ ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പൊതുമരാമത്ത് കെട്ടിട വിഭാഗം പലതവണ ടെണ്ടർ വിളിച്ചെങ്കിലും ആരും ടെണ്ടർ ഏറ്റെടുക്കുവാൻ തയ്യാറായില്ല എന്നതിനാലാണ് കെട്ടിട നിർമ്മാണം ആരംഭിക്കാത്തത്.

(ഡി) നിർമ്മാണ ചുമതല പൊതുമരാമത്ത് കെട്ടിട വിഭാഗത്തെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

**നീർത്തടങ്ങൾ മണ്ണിട്ട് നികത്തലും പുറംപോക്ക് ഭൂമി കയ്യേറ്റവും**

163 (1219) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ രാമനാട്ടുകര വില്ലേജ്, രാമനാട്ടുകര പഞ്ചായത്ത് ഒന്ന്, രണ്ട് വാർഡുകളിൽ ഉൾപ്പെട്ട പരുത്തിപ്പാറ, മൂർക്കനാട് പ്രദേശങ്ങളിൽ ചാലിയാർ തീരത്ത് വൻതോതിൽ നീർത്തടങ്ങളും മറ്റും മണ്ണിട്ട് നികത്തുന്നതും പുറമ്പോക്ക് ഭൂമി കയ്യേറുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടെങ്കിൽ അത് വിശദീകരിക്കാമോ ;

(സി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിൽ രാമനാട്ടുകര വില്ലേജിൽ മൂർക്കനാട് ഭാഗത്ത് നെൽവയലും തണ്ണീർത്തടവും മണ്ണിട്ട് നികത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് കരങ്കല്ലായ്-ചാലിപ്പാടം നെൽവയൽ സംരക്ഷണ സമിതി പരാതി സമർപ്പിച്ചിട്ടുണ്ട്.

(സി) പരാതിയുടെ അടിസ്ഥാനത്തിൽ രാമനാട്ടുകര വില്ലേജാഫീസർ സ്റ്റോപ്പ് മെമ്മോ നൽകുകയും പ്രസ്തുത വിവരം കോഴിക്കോട് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കേരളാ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരമുള്ള നടപടികൾ ജില്ലാ കളക്ടർ സ്വീകരിച്ചിട്ടുണ്ട്.

**ചെറുതുരുത്തിയിൽ ആരംഭിച്ച തടയണ നിർമ്മാണം**

164 (1220) <u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാരതപ്പുഴയ്ക്ക് കുറുകെ ചേലക്കര മണ്ഡലത്തിലെ ചെറുതുരുത്തിയിൽ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് ആരംഭിച്ച തടയണ നിർമ്മാണം മുടങ്ങിയിട്ട് എത്ര കാലമായെന്ന് പറയാമോ ;

(ബി) ഈ തടയണയുടെ നിർമ്മാണം മുടങ്ങാനുള്ള കാരണങ്ങൾ പറയാമോ ;

(സി) റിവർ മാനേജ്മെന്റ് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് തടയണ നിർമ്മാണത്തിനാവശ്യമായ ഫണ്ടനുവദിച്ച് ഭരണാനുമതി പുതുക്കിനൽകാമെന്ന് ഉന്നതതല അവലോകന യോഗത്തിൽ ഉറപ്പ് നൽകിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ പദ്ധതിയുടെ പ്രാധാന്യം പരിഗണിച്ചും പദ്ധതി നിർമ്മാണം ഒരു ഘട്ടം തുടങ്ങിവച്ച സാഹചര്യത്തിലും തൊട്ടടുത്ത അനുകൂല കാലാവസ്ഥയിൽത്തന്നെ പണി പുനരാരംഭിക്കുന്ന വിധം ഫണ്ട് അനുവദിച്ച് ഭരണാനുമതി പുതുക്കി നൽകാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 2009 മുതൽ മുടങ്ങിയിരിക്കുകയാണ്.

(ബി) കോൺട്രാക്ടിന്റെ കാലാവധി 19-5-2010-ൽ അവസാനിച്ചു. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം സപ്ലിമെന്റ് എഗ്രിമെന്റ് സമർപ്പിക്കാൻ കോൺട്രാക്ടർ തയ്യാറായില്ല. തുടർന്ന് കോൺട്രാക്ടർ 27-5-2010-ൽ മരണമടഞ്ഞു. ടിയാന്റെ നോമിനി പ്രസ്തുത പ്രവൃത്തി ഏറ്റെടുക്കുവാൻ വിസമ്മതിച്ചു. 12.20 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിക്കായി പ്രൊപ്പോസൽ റവന്യൂ വകുപ്പിൽ ലഭ്യമാക്കുകയും 27-1-2014-ൽ ചേർന്ന യോഗ തീരുമാനമനുസരിച്ച് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇറിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ഇറിഗേഷൻ വകുപ്പിൽ നടപടി സ്വീകരിച്ചുവരുന്നു.

**പട്ടയങ്ങളിലെ സീൽ നീക്കാൻ നടപടി**

165 (1221) <u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

"സുപ്രീം കോടതി നിബന്ധനകൾക്ക് വിധേയം" എന്ന് പട്ടയങ്ങളിൽ പതിച്ചിട്ടുള്ള സീൽ നീക്കുന്നത് സംബന്ധിച്ച് ഇടുക്കി ജില്ലയിൽ ഉത്തരവ്

നൽകിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 2116/2000 കേസ്സിലെ 30-3-2009-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 16-11-2009 തീയതിയിലെ സ.ഉ (കൈയെഴുത്ത്) നമ്പർ 450/2009/റവന്യൂ പ്രകാരം "1993-ലെ പ്രത്യേക ചട്ടങ്ങൾ പ്രകാരം സുപ്രീം കോടതിയിലെ 2116/2000-ാം നമ്പർ സിവിൽ അപ്പീലിലെ വിധിക്ക് വിധേയമായി താൽക്കാലിക പട്ടയം നൽകിയിട്ടുള്ളവർക്ക് അതിന് പകരം സ്ഥിരം പട്ടയം നൽകേണ്ടതാണ് " എന്ന നിർദ്ദേശം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

**റീ സർവ്വേ അദാലത്തുകൾ**

166 (1222) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. പാലോട് രവി :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീ സർവ്വേ അദാലത്തുകൾ വില്ലേജ് തലത്തിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) റീസർവ്വേ സംബന്ധിച്ച പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് അദാലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിക്കുന്ന പരാതികൾ അദാലത്തുകളിൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ റവന്യൂ-സർവ്വേ അദാലത്ത് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) തീർപ്പാക്കാൻ ശേഷിക്കുന്ന പരാതികളിന്മേൽ അടിയന്തരമായി തീർപ്പ് കൽപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) റീ സർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയ

വില്ലേജുകളിലെ പരാതികൾ നിലവിൽ ബന്ധപ്പെട്ട അഡീഷണൽ തഹസിൽദാർമാരാണ് പരിഹരിച്ചുവരുന്നത്. റീ-സർവ്വേ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന്, സർവ്വേ സബ് ഡിവിഷൻ സ്കെച്ച് അംഗീകരിക്കുവാൻ താലൂക്കുകളിലെ റീ സർവ്വേ സൂപ്രണ്ടുമാർക്ക് കൂടി താൽക്കാലികമായി അധികാരം നൽകിയിട്ടുണ്ട്. എൽ.ആർ.എം.-ൽ ശേഷിക്കുന്ന മുഴുവൻ റീ-സർവ്വേ പരാതികളും മൂന്നു മാസം കൊണ്ട് പരിഹരിക്കുന്നതിനായുള്ള ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി കാര്യക്ഷമമാക്കി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

ജില്ലാതല റവന്യൂ-സർവ്വേ അദാലത്തിൽ മേൽ വിഭാഗത്തിലുള്ള പാരാതികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിക്കുന്ന പരാതികൾ ഉൾപ്പെടെ താലൂക്ക് തലത്തിൽ നടപടി ശേഷിക്കുന്ന പരാതികൾ അദാലത്ത് മുഖേന തീർപ്പാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

**നിലം നികത്തി വീട് വയ്ക്കുന്നതിനുള്ള അനുമതി**

167 (1223) <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ രേഖകളിൽ നിലം എന്ന് കാണിച്ചിട്ടുള്ള വസ്തുവിൽ താമസ ആവശ്യത്തിനായി വീട് വയ്ക്കുന്നതിന് ആർക്കെല്ലാമാണ് ഇളവ് അനുവദിച്ചിട്ടുള്ളത് ;

(ബി) എത്ര സെന്റ് വരെയുള്ള വസ്തുവിനാണ് ഇത്തരത്തിൽ ഇളവ് അനുവദിച്ചിട്ടുള്ളത് ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) റവന്യൂ രേഖകളിൽ നിലം എന്ന് കാണിച്ചിട്ടുള്ള വസ്തുവിൽ താമസ ആവശ്യത്തിനായി വീട് വയ്ക്കുന്നതിന് പ്രത്യേകിച്ച് ആർക്കും ഇളവ് അനുവദിച്ചിട്ടില്ല. എന്നാൽ 1967-ലെ KLU ഉത്തരവിന്റെ അടിസ്ഥാനത്തിൽ വീട് വയ്ക്കുന്ന ആവശ്യത്തിനായി അഞ്ച് സെന്റ് സ്ഥലം രൂപാന്തരപ്പെടുത്തുന്നതിന് അനുമതി നൽകുവാൻ 5-2-2002-ലെ ജി.ഒ. (ആർ.ടി.) 157/2002/എ.ഡി. നമ്പർ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.

കൂടാതെ 2008-ലെ കേരള നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ പരിധിയിൽ വരുന്ന നിലമാണെങ്കിൽ നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ പരമാവധി 10 സെന്റും മുനിസിപ്പൽ/കോർപ്പറേഷനിൽ പരമാവധി 5 സെന്റും നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമായി നികത്താവുന്നതാണ്.

**കരുണ എസ്റ്റേറ്റ് സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനുള്ള നടപടി**

168 (1224) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനധികൃതമായി കൈവശപ്പെടുത്തിയ നെല്ലിയാമ്പതിയിലെ കരുണ എസ്റ്റേറ്റ് 1963-ലെ ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കാമോ ;

(ബി) പാട്ടഭൂമിയായ കരുണ എസ്റ്റേറ്റ് പോബ്സൺ ഗ്രൂപ്പിന് പോക്കുവരവ് ചെയ്തു നൽകിയത് റദ്ദാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; പോക്കുവരവ് ചെയ്തുകൊടുത്തത് ഏത് തീയതിയിലായിരുന്നു ;

(ഡി) ഇതുസംബന്ധിച്ച് ഉണ്ടായ ആക്ഷേപങ്ങളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; എങ്കിൽ എന്തായിരുന്നു കണ്ടെത്തൽ; ഇതിന്മേൽ എന്ത് തുടർ നടപടികൾ സ്വീകരിച്ചു ;

(ഇ) പോബ്സൺ ഗ്രൂപ്പ് നിയമവിരുദ്ധമായി കൈവശപ്പെടുത്തിയ ഭൂമി ഭൂപരിഷ്കരണ നിയമപ്രകാരം സർക്കാരിലേക്ക് നിക്ഷിപ്തമാക്കാൻ സ്വീകരിച്ച നടപടിയെന്താണ് ; ഭൂമി എത്രയാണെന്നും ഏതൊക്കെയാണെന്നും സർവ്വേ ചെയ്ത് കണ്ടെത്തിയിട്ടുണ്ടോ ?

ഉത്തരം

(എ) പാലക്കാട് ജില്ലയിൽ നെല്ലിയാമ്പതിയിൽ പോബ്സൺ ഗ്രൂപ്പിന്റെ കൈവശത്തിലുള്ള മുഴുവൻ ഭൂമിയും സർവ്വെ നടത്തുന്നതിന് ഒരു സർവ്വെ ടീമിനെ രൂപീകരിക്കാൻ സർവ്വെ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം മലപ്പും ഡെപ്യൂട്ടി ഡയറക്ടർ ബാബു ഗംഗാനാഥിന്റെ നേതൃത്വത്തിൽ നിയോഗിക്കപ്പെട്ട സർവ്വെ ടീമിന്റെ സർവ്വെ നടപടികൾ നടന്നുവരുന്നു.

(ബി ആന്റ് സി) നടപടികൾ പ്രാരംഭഘട്ടത്തിലാണ്. ചിറ്റൂർ അഡിഷണൽ തഹസീൽദാരുടെ 28-5-2014-ലെ എച്ച് 2-2013/10327/9/200 നമ്പർ നടപടി ക്രമപ്രകാരം.

(ഡി) 14-7-2014-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3173/2014/റവന്യൂ പ്രകാരം ലാൻഡ് ബോർഡ് സെക്രട്ടറി അന്വേഷണം നടത്തുകയുണ്ടായി. 1963-ലെ ഭൂപരിഷ്കരണ നിയമം സെക്ഷൻ 72 പ്രകാരം അന്വേഷണവിധേയമായ ഭൂമി 1-1-1970 മുതൽ സർക്കാരിൽ നിക്ഷിപ്തമാണെന്നും 1-1-1970-നുശേഷമുള്ള കൈമാറ്റങ്ങൾ എല്ലാംതന്നെ അസാധുവായതിനാൽ ഈ വിഷയത്തിൽ ഭൂപരിഷ്കരണ നിയമത്തിന്റെ വ്യക്തമായ ലംഘനം നടന്നിട്ടുള്ളതായും കണ്ടെത്തിയിരുന്നു. തർക്കവിധേയമായ മുഴുവൻ ഭൂമിയും സർവ്വെ നടത്തുന്നതിന് സർവ്വെ ഡയറക്ടറുടെ 11-11-2014-ലെ ബി 2-33419/14-ാം നമ്പർ നടപടിക്രമപ്രകാരം ഒരു സ്പെഷ്യൽ ടീമിനെ ചുമതല പ്പെടുത്തിക്കൊണ്ട് ഉത്തരവാകുകയും പ്രസ്തുത സർവ്വെക്ക് മേൽനോട്ടം വഹിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർ നോഡൽ ഓഫീസറായും ലാൻഡ് ബോർഡ് സെക്രട്ടറി, സർവ്വെ ഡയറക്ടർ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ഇൻസ്പെക്ടർ ജനറൽ (രജിസ്ട്രേഷൻ), ജില്ലാ കളക്ടർ, പാലക്കാട് എന്നിവർ അംഗങ്ങളായ ഒരു ഉന്നതാധികാര സമിതിയെ നിയോഗിച്ചുകൊണ്ട് സർക്കാർ ഉത്തരവ് (സാധാ) നമ്പർ 5473/2014/റവന്യൂ തീയതി 12-11-2014 പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ടീമിന്റെ അന്വേഷണം നടന്നുവരുന്നു.

(ഇ) നെല്ലിയാമ്പതിയിൽ തർക്കവിധേയമായ മുഴുവൻ ഭൂമിയും സർവ്വേ നടത്തുന്നതിന് ഒരു സർവ്വെ ടീമിനെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട്. സർവ്വേ നടപടികൾ നടന്നുവരുന്നു.

## കരുണ എസ്റ്റേറ്റ് അനധികൃതമായി ഭൂമി കൈവശം വച്ചിരിക്കുന്നതിനെതിരെ നടപടി

169 (1225) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിയാമ്പതിയിലെ കരുണ എസ്റ്റേറ്റ് അനധികൃതമായി ഭൂമി കൈവശം വച്ചുവരുന്നത് സംബന്ധിച്ച് നിയമസഭയിൽ ഉയർന്നുവന്ന ആക്ഷേപത്തെ തുടർന്ന് അന്വേഷണത്തിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥ സംഘത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ;

(ബി) റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത ഭൂമി സർക്കാരിൽ നിക്ഷിപ്തമാണെന്ന കാര്യത്തിൽ ഇപ്പോഴും സംശയം ഉണ്ടോ ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതിയിൽ തർക്കഭൂമിയുമായി ബന്ധപ്പെട്ട് മുഴുവൻ ഭൂമിയും സർവ്വേ നടത്തുന്നതിന് ഒരു സ്പെഷ്യൽ സർവ്വെ ടീമിനെ നിയോഗിക്കാൻ നിർദ്ദേശിച്ചുകൊണ്ട് 12-11-2014-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 5473/2014/റവന്യൂ പ്രകാരം സർക്കാർ ഉത്തരവായി. പ്രസ്തുത ഉത്തരവിൻപ്രകാരം നിയോഗിക്കപ്പെട്ട ടീമിന്റെ സർവ്വെ നടപടികൾ തുടർന്നുവരുന്നു.

(സി) റിപ്പോർട്ടിന്റെ ഒരു പകർപ്പ് അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.*

**കരുണ എസ്റ്റേറ്റ് പോബ്സ് ഗ്രൂപ്പിന് കൈമാറിയ നടപടി**

170 (1226) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിയാമ്പതിയിലെ കരുണ എസ്റ്റേറ്റ് പോബ്സ് ഗ്രൂപ്പിന് പോക്കുവരവ് ചെയ്തു നൽകിയത് നിയമാനുസൃതമായിരുന്നോ ; അല്ലെങ്കിൽ ആയത് റദ്ദു ചെയ്തിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പോക്കുവരവ് ചെയ്തുനല്കിയത് സംബന്ധിച്ച് റവന്യൂ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരാണ് അന്വേഷണം നടത്തിയത് ; എന്തായിരുന്നു കണ്ടെത്തൽ ; എന്തായിരുന്നു ശിപാർശകൾ ;

(സി) കണ്ടെത്തലിന്റെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ വകുപ്പ് എന്ത് തുടർനടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കുമോ ;

(ഡി) റവന്യൂ വകുപ്പിലെ ഏതെങ്കിലും ജീവനക്കാരന്റെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) 14-7-2014-ലെ സർക്കാർ ഉത്തരവുപ്രകാരം ലാൻഡ് ബോർഡ് സെക്രട്ടറി ഇത് സംബന്ധിച്ച അന്വേഷണം നടത്തി സർക്കാരിൽ സമർപ്പിച്ച എല്ലാ ശിപാർശകളും അംഗീകരിച്ചു.

(ബി) ഉണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ലാൻഡ് ബോർഡ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു ടീമിനെയാണ് അന്വേഷണം നടത്തുന്നതിനായി നിയോഗിച്ചത്.

1963-ലെ കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 72 പ്രകാരം അന്വേഷണ വിധേയമായ ഭൂമി 1-1-1970 മുതൽ സർക്കാരിൽ നിക്ഷിപ്തമാണെന്നും 1-1-1970-നുശേഷമുള്ള കൈമാറ്റങ്ങൾ എല്ലാംതന്നെ അസാധുവായതിനാൽ ഭൂപരിഷ്കരണ നിയമത്തിന്റെ വ്യക്തമായ ലംഘനം നടന്നിട്ടുള്ളതായി കണ്ടെത്തിയിരുന്നു. താഴെപ്പറയുന്നവയാണ് ശിപാർശകൾ :

1) 1963-ലെ ഭൂപരിഷ്കരണ നിയമം സെക്ഷൻ 72 പ്രകാരം 1-1-1970-ൽ എത്ര ഭൂമി സർക്കാരിൽ നിക്ഷിപ്തമായിട്ടുണ്ട് എന്നറിയുവാൻ പ്രദേശത്തുള്ള 3129 ഏക്കർ ഭൂമി സർവ്വെ, വനം, റവന്യൂ അംഗങ്ങൾ ഉൾപ്പെടുന്ന ഒരു സ്പെഷ്യൽ ടീമിനെ രൂപീകരിച്ചുകൊണ്ട് KLIM-ൽ നിന്നും ലഭ്യമാകുന്ന ആധുനിക സർവ്വെ ഉപകരണങ്ങൾ ഉപയുക്തമാക്കിക്കൊണ്ട് സർവ്വെ നടത്തുവാൻ നിർദ്ദേശം നൽകേണ്ടതാണ്.

2) ഇപ്രകാരം സർക്കാരിൽ നിക്ഷിപ്തമായ ഭൂമി കണ്ടെത്തി ഏറ്റെടുക്കുന്നതിനും സർവ്വെ നടപടികൾക്ക് നേതൃത്വം നൽകുന്നതിനുമായി റവന്യൂ, സർവ്വെ, വനം, രജിസ്ട്രേഷൻ എന്നീ വകുപ്പുകളെ ഉൾപ്പെടുത്തി ഒരു ഉന്നതതല സമിതി സർക്കാർതലത്തിൽ രൂപീകരിക്കേണ്ടതാണ്.

3) ഭൂമി പോക്കുവരവ് ചെയ്ത് കിട്ടുന്നതിനായി അപേക്ഷകൻ സമർപ്പിച്ച രേഖകളല്ലാതെ സർക്കാർ സംവിധാനത്തിലൂടെ ടി രേഖകളുടെ ആധികാരികതയോ ബന്ധപ്പെട്ട മുൻ റിക്കോർഡുകളോ പരിശോധിക്കാതെയും 1-1-1970 മുതൽ സർക്കാരിൽ നിക്ഷിപ്തമായ ഭൂമി പോക്കുവരവ് ചെയ്ത നടപടി റദ്ദ് ചെയ്യുന്നതിന് ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നിർദ്ദേശം നൽകേണ്ടതും ഇപ്രകാരം തെറ്റായ നടപടി സ്വീകരിച്ച സർവ്വെ, റവന്യൂ വകുപ്പുകളിലെ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തി ശിക്ഷാ നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകേണ്ടതുമാണ്.

(സി) നെല്ലിയാമ്പതിയിലെ തർക്കവിധേയമായ മുഴുവൻ ഭൂമിയും സർവ്വെ നടത്തുന്നതിന് 12-11-2014-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 5473/2014/ റവന്യൂ പ്രകാരം നിയോഗിക്കപ്പെട്ട സർവ്വെ ടീം സർവ്വെ നടത്തിവരുന്നു.

(ഡി) സർവ്വെ, റവന്യൂ വകുപ്പുകളിലെ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകണമെന്ന ശിപാർശ സർക്കാൻ അംഗീകരിച്ചു.

### കരുണ എസ്റ്റേറ്റ് സ്വന്തമാക്കിയ വനഭ്രമി

171 (1227) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെല്ലിയാമ്പതി വനഭ്രമി കരുണ എസ്റ്റേറ്റ് സ്വന്തമാക്കിയത് സംബന്ധിച്ച് റവന്യൂ വകുപ്പ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ ; എങ്കിൽ എന്ന് ; അന്വേഷണം നടത്താൻ ചുമതലപ്പെടുത്തിയത് ആരെയൊക്കെയാണ്; ഗവൺമെന്റ് ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത സംഘത്തോട് എന്തെല്ലാം കാര്യങ്ങൾ അന്വേഷിക്കുവാനായി ആവശ്യപ്പെട്ടിട്ടുണ്ട് ; അന്വേഷണ റിപ്പോർട്ട് ലഭിക്കുകയുണ്ടായോ ; എങ്കിൽ റിപ്പോർട്ടിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 14-7-2014-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3173/2014/ റവന്യൂ നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അന്വേഷണത്തിനായി ലാൻഡ് ബോർഡ് സെക്രട്ടറിയെയും, സെക്രട്ടറിയെ പ്രസ്തുത അന്വേഷണത്തിൽ സഹായിക്കാനായി ശ്രീമതി ഷീബാ ജോർജ്ജിനെയും (എ.ഒ.,ഐ.എൽ.ഡി.എം., തിരുവനന്തപുരം) അവരുടെ അഭാവത്തിൽ ശ്രീമതി എം. അഞ്ജന, അസിസ്റ്റന്റ് കമ്മീഷണർ (ഡി.എം.), ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തിരുവനന്തപുരത്തെയും ചുമതലപ്പെടുത്തിയിരുന്നു. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം 1-ൽ ഉള്ളടക്കം ചെയ്യുന്നു.*

(ബി) അന്വേഷണ വിധേയമാക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച ചോദ്യാവലിയുടെ പകർപ്പ് അനുബന്ധം 2-ൽ ഉള്ളടക്കം ചെയ്യുന്നു*. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

### പൊതു ആവശ്യങ്ങൾക്ക് ഭ്രമി ഏറ്റെടുക്കുന്നതിന് തടസ്സങ്ങൾ

172 (1228) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) സംസ്ഥാനത്ത് പൊതു ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ ; ഉണ്ടെങ്കിൽ അവ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തടസ്സങ്ങൾ നീക്കുന്നതിനായി സർക്കാർ എന്തൊക്കെ പരിഹാര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പൊതു ആവശ്യങ്ങൾക്ക് ഭൂമി ഏറ്റെടുത്തിരുന്നത് 1894-ലെ കേന്ദ്ര പൊന്നുംവില നിയമപ്രകാരമാണ്. 1-1-2014-ൽ പ്രസ്തുത ആക്ട് റദ്ദാക്കുകയും Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013, പ്രാബല്യത്തിൽ വരികയും ചെയ്തു. ടി ആക്ട് പ്രകാരമുള്ള ചട്ടങ്ങൾ (കരട്) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി ചട്ടങ്ങൾക്ക് അനുസൃതമായി മാത്രമേ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടത്താൻ സാധിക്കുകയുള്ളൂ.

(ബി) ചട്ടങ്ങൾ നിലവിൽ വരുന്ന മുറയ്ക്ക് തടസ്സങ്ങൾ നീങ്ങുന്നതാണ്.

**ഭൂരഹിത കേരളം-കൊട്ടാരക്കര നിയോജകമണ്ഡലം**

173 (1229) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ നിന്നും ഭൂരഹിത കേരളം പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിരുന്നു ;

(ബി) പ്രസ്തുത അപേക്ഷകളിൽ നിന്നും ആനുകൂല്യത്തിന് അർഹരായവരുടെ പട്ടികക്ക് രൂപം നൽകിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം നിയോജകമണ്ഡലത്തിൽ ഭൂമി ലഭിച്ചവരുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) അസംബ്ലി നിയോജകമണ്ഡലം തിരിച്ചുള്ള ഭൂരഹിതരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. താലൂക്ക് അടിസ്ഥാനത്തിലാണ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ കൊട്ടാരക്കര താലൂക്കിൽ പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് 3049 അപേക്ഷകൾ ലഭിച്ചിരുന്നു. ഈ അപേക്ഷ കരിൽ നിന്നും 2878 ഗുണഭോക്താക്കളെ ഒന്നാം ഘട്ടത്തിൽ അർഹരായി തെരഞ്ഞെടുത്തിട്ടുള്ളതാണ്. രണ്ടാം ഘട്ടത്തിൽ 31-3-2014 വരെ 1168 അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ഈ അപേക്ഷകളിൽ അന്വേഷണം നടന്നുവരുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം കൊട്ടാരക്കര താലൂക്കിൽ ഒന്നാം ഘട്ടത്തിൽ 2878 പേരെ ആനുകൂല്യത്തിന് അർഹതയുള്ളവരായി കണ്ടെത്തിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ നിയോജകമണ്ഡലം അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. താലൂക്ക് അടിസ്ഥാനത്തിലാണ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. കൊട്ടാരക്കര താലൂക്കിൽ പട്ടയം ലഭിച്ചവരുടെ വിവരം വില്ലേജ് അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | ചിതറ | 80 |
| 2 | കലയപുരം | 18 |
| 3 | പവിത്രേശ്വരം | 5 |
| 4 | കരീപ്ര | 23 |
| 5 | നെടുവത്തൂർ | 88 |
| 6 | പൂയപ്പള്ളി | 4 |
| 7 | പുത്തൂർ | 3 |
| 8 | ഉമ്മന്നൂർ | 5 |
| 9 | മേലില | 3 |
| | ആകെ | 229 |

**ഭൂരഹിത കേരളം പദ്ധതി**

174 (1230) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഭൂരഹിതർക്ക് മൂന്ന് സെന്റ് ഭൂമി നൽകുന്ന പദ്ധതിയിൽ കാസർഗോഡ് ജില്ലയിൽ എത്ര പേർക്ക് ഭൂമി നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഈ പദ്ധതി പ്രകാരം എത്രപേർക്ക് ഇതുവരെ ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം അർഹരായി കണ്ടെത്തിയത് 10,271 കുടുംബങ്ങളെയാണ്. അർഹരായി കണ്ടെത്തിയ മുഴുവൻ പേർക്കും ഭൂമി വിതരണം ചെയ്തു.

**വനഭൂമി കൈവശം വച്ചവർക്കെല്ലാം പട്ടയം കൊടുക്കൽ**

175 (1231) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1977 ജനുവരിക്കുമുമ്പ് വനഭൂമി കൈവശം വച്ചവർക്കെല്ലാം പട്ടയം കൊടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) പട്ടയം ലഭിച്ച ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള അവകാശം ഉടമസ്ഥർക്ക് നൽകിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ ?

ഉത്തരം

(എ) 1977 ജനുവരിക്ക് മുമ്പ് വനഭൂമി കൈവശം വച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിനായി കേരള ഭൂമി പതിവ് (1-1-1977-ന് മുമ്പ് വനഭൂമിയിൽ നടത്തിയിട്ടുള്ള കുടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ) പ്രത്യേക ചട്ടങ്ങൾ 1993 പ്രകാരം ചട്ടങ്ങൾ രൂപീകരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

(ബി) ഇതിനായി ഇടുക്കി ജില്ലയിൽ ആറും തൃശ്ശൂർ ജില്ലയിൽ ഒന്നും സ്പെഷ്യൽ ഓഫീസുകൾ പ്രവർത്തിപ്പിച്ച് പട്ടയ നടപടികൾ കൈക്കൊണ്ടുവരുന്നു. കൂടാതെ പട്ടയ നടപടികൾ ഊർജിതമാക്കുന്നതിന്റെ ഭാഗമായി അപേക്ഷകൾ പരിശോധിച്ച് തീർപ്പാക്കുന്നതിനായി അദാലത്തുകൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങളിൽ 16-11-10-ലെ ജി.ഒ.(പി). നമ്പർ 456/2010/ആർ.ഡി. പ്രകാരമുള്ള ഭേദഗതി വഴി പട്ടയം ലഭിച്ച ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള അവകാശം ഉടമസ്ഥർക്ക് നൽകിയിട്ടുണ്ട്.

## ലാൻഡ് ടാക്സ്

176 (1232) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2011-12 മുതൽ ഇതേവരെ ഓരോ വർഷവും സംസ്ഥാനം ലാൻഡ് ടാക്സ് ഇനത്തിൽ പിരിച്ചെടുക്കാൻ ലക്ഷ്യമിട്ട തുക എത്രയായിരുന്നു ; യഥാർത്ഥത്തിൽ പിരിച്ചെടുക്കാൻ സാധ്യമായത് എത്ര ; ലക്ഷ്യമിട്ടതിന്റെ എത്ര ശതമാനം പിരിച്ചെടുക്കാൻ സാധിച്ചില്ല എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

| | സാമ്പത്തിക വർഷം | | |
|---|---|---|---|
| | 2011-12 | 2012-13 | 2013-14 |
| ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പിരിച്ചെടുക്കാൻ പ്രസ്തുത സാമ്പത്തിക വർഷത്തിൽ ലക്ഷ്യം വച്ചിരുന്ന തുക (തുക ലക്ഷത്തിൽ) | 3799.40 | 6499.75 | 7499.75 |
| പ്രസ്തുത സാമ്പത്തിക വർഷത്തിൽ പിരിച്ചെടുത്ത തുക (തുക ലക്ഷത്തിൽ) | 2937.58 | 4402.31 | 4973.88 |
| പ്രസ്തുത സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ടതിൽ പിരിച്ചെടുത്ത തുകയുടെ ശതമാനം | 77.32% | 67.73% | 66.32% |
| പ്രസ്തുത സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ടതിൽ പിരിച്ചെടുക്കാൻ കഴിയാത്ത തുകയുടെ ശതമാനം | 22.68% | 32.27% | 33.68% |

## റവന്യൂ വകുപ്പിനെ സംബന്ധിക്കുന്ന പരാതികൾ തീർപ്പാക്കുന്നതിന് അദാലത്തുകൾ

177 (1233) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിനെ സംബന്ധിക്കുന്ന പരാതികൾ തീർപ്പാക്കുന്നതിന്

അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) കൈവശാവകാശക്കാരുടെ നികുതി സ്വീകരിക്കാത്ത പ്രശ്നങ്ങൾ അദാലത്തിൽ ഉൾപ്പെടുത്തുമോ ; വ്യക്തമാക്കുമോ ;

(സി) വയനാട് ജില്ലയിൽ അദാലത്തുകൾ എന്ന് നടത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. റവന്യൂ-സർവ്വേ വകുപ്പുമായി ബന്ധപ്പെട്ട് ജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിനായി ബഹു. റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ 14 ജില്ലകളിലും ജില്ലാതല റവന്യൂ അദാലത്തുകൾ നടത്തുവാൻ സർക്കാർ തലത്തിൽ തീരുമാനിച്ചിട്ടുണ്ട്.

(ബി) കോടതി കേസുകളിൽപ്പെടാത്ത പരാതികൾ പരിഗണിക്കുന്നതാണ്.

(സി) തീയതി നിശ്ചയിച്ചിട്ടില്ല.

## വൈക്കം താലൂക്കിലെ കരിമണൽ ഖനനം

178 (1234) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം താലൂക്കിലെ, വെള്ളൂർ, ഉദയനാപുരം മറവൻ തുരുത്ത് പഞ്ചായത്തുകളിൽ കരിമണൽ ഖനനം നടത്തിയ എത്ര കുഴികളാണ് നികത്താതെ അവശേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കുഴികൾമൂലം ഉണ്ടാകുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണോ പ്രസ്തുത സ്ഥലങ്ങളിൽ ഖനനം നടത്തിയിട്ടുള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) വൈക്കം താലൂക്കിൽ കരിമണൽ ഖനനം ഇല്ലാത്തതാണ്.

(ബി&സി) ബാധകമല്ല.

## പട്ടയം വിതരണത്തിലെ കാലതാമസം

179 (1235) ശ്രീ. സി. എഫ്. തോമസ് :

ശ്രീ. റ്റി. യു. കുരുവിള :

<u>ശ്രീ. മോൻസ് ജോസഫ്</u> :

<u>ശ്രീ. തോമസ് ഉണ്ണിയാടൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അർഹരായ വിവിധ ജനവിഭാഗങ്ങൾക്ക് പട്ടയം നൽകി വരുന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പട്ടയം വിതരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ; വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) 1960-ലെ കേരള ഭൂമി പതിവ് നിയമത്തെ അധികരിച്ചുണ്ടായ വിവിധ ഭൂമി പതിവ് ചട്ടങ്ങളും ഭൂപരിഷ്കരണ നിയമ പ്രകാരവുമാണ് ഭൂമി പതിച്ചുനൽകി വരുന്നത്. പഞ്ചായത്ത് പ്രദേശത്ത് 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും മുൻസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ 1995-ലെ മുനിസിപ്പൽ/കോർപ്പറേഷൻ പതിവ് ചട്ടങ്ങൾ പ്രകാരവും അർഹരായവർക്ക് പട്ടയം നൽകിവരുന്നു. മേൽ ചട്ടങ്ങൾ പ്രകാരം ഭൂമി പതിച്ചുനൽകുന്നതിന് അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 1-1-1977-ന് മുമ്പ് വനഭൂമിയിൽ കുടിയേറി കൃഷി ചെയ്തുവരുന്ന റവന്യൂ-വനം വകുപ്പുകളുടെ സംയുക്ത പരിശോധനാ ലിസ്റ്റിൽപ്പെട്ടവർക്ക് 1993-ലെ വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ പ്രത്യേക ചട്ടങ്ങൾ പ്രകാരവും പട്ടയം നൽകിവരുന്നു.

(ബി) പട്ടയത്തിന് അർഹരായവർക്ക് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി മുഖേനയും, പട്ടയമേളകൾ സംഘടിപ്പിച്ചും പട്ടയം വിതരണം ചെയ്തുവരുന്നു.

**റിവർ മാനേജ്മെന്റ് ഫണ്ട്**

180 (1236) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിലവിൽ എത്ര തുകയാണ് ഉള്ളതെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത ഫണ്ട് വകമാറ്റി ചെലവഴിച്ചത് സംബന്ധിച്ചും പ്രസ്തുത ഫണ്ടിലേക്ക് മുതൽക്കൂട്ടിയ തുകയുടെ ചെക്കുകൾ (റിവാലിഡേറ്റ് ചെയ്യാതെ) നഷ്ടപ്പെടുത്തിയത് സംബന്ധിച്ചും വിജിലൻസ് വകുപ്പും റവന്യൂ വകുപ്പും വകുപ്പുതല

അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഈ റിപ്പോർട്ടിലെ വിശദാംശങ്ങൾ പകർപ്പ് സഹിതം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിൽ 2014 നവംബർ 27 വരെ റിവർ മാനേജ്മെന്റ് ഫണ്ടിൽ 22,99,09,274 രൂപ നീക്കിയിരിപ്പുണ്ട്.

(ബി) വിജിലൻസ് വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ട്. എന്നാൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

(സി) ബാധകമല്ല.

**റവന്യൂ ഇൻഫർമേഷൻ സിസ്റ്റം**

181 (1237) <u>ശ്രീ. വി. റ്റി. ബൽറാം</u> :

<u>ശ്രീ. ആർ. സെൽവരാജ്</u> :

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u> :

<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.ഇ.എൽ.ഐ.എസ്. (റവന്യൂ ഇൻഫർമേഷൻ സിസ്റ്റം) പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ആയതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) പോക്കുവരവ് നടത്തുന്നതിന് റവന്യൂ , രജിസ്ട്രേഷൻ വകുപ്പുകളെ ഓൺലൈനായി ബന്ധിപ്പിച്ച് എന്തെല്ലാം സൗകര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ്/ജമമാറ്റം നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കി ഭൂവുടമസ്ഥന് തന്റെ ഭൂമിയിലുള്ള അവകാശം ഉറപ്പാക്കി ഓൺലൈൻ ആയി പോക്കുവരവ് നടപ്പാക്കുന്നതിനായി തയ്യാറാക്കിയ സംവിധാനമാണ് ഇത്. നിലവിലെ സംവിധാനം അനുസരിച്ച് പോക്കുവരവ് ചെയ്യുന്നതിനുള്ള കാലതാമസവും യഥാവിധി പോക്കുവരവ് നടക്കാതെയും, നടത്താതെയും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ജനങ്ങൾക്ക് പരിഹരിച്ചുകിട്ടുകയും, വില്ലേജ് റിക്കാർഡുകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ ഉണ്ടാവുകയും ചെയ്യുന്നു. മാത്രമല്ല, സർക്കാർ ഭൂമി യാതൊരു കാരണവശാലും കൈമാറ്റം ചെയ്യപ്പെടുകയോ പോക്കുവരവുകളും രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ സമയബന്ധിതമായ ജമമാറ്റവും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ നിന്നോ, നിരീക്ഷണത്തിൽ നിന്നോ മാറിപ്പോകുന്നതുമില്ല. ഭൂമി കൈമാറ്റങ്ങളുമായി ബന്ധപ്പെട്ട സുതാര്യതയാണ് മറ്റൊരു ഉദ്ദേശ്യലക്ഷ്യം.

(സി) ഓൺലൈൻ പോക്കുവരവ് (ജമമാറ്റം) ചെയ്യുന്നതിലേയ്ക്കായി ഉണ്ടാക്കിയ റെലിസ് എന്ന പദ്ധതി വഴി സ്ഥലം കൈമാറ്റം ചെയ്യാനുദ്ദേശിക്കുന്ന വ്യക്തി വില്ലേജ് ഓഫീസിൽ നിന്നോ, അക്ഷയ കേന്ദ്രങ്ങളിൽ നിന്നോ ലഭിക്കുന്ന 'ഭൂരേഖ(RoR)' സഹിതം ആ പ്രദേശത്തെ സബ് രജിസ്ട്രാർക്ക് അക്ഷയ കേന്ദ്രം വഴി നിശ്ചിത ഫോറത്തിൽ തയ്യാറാക്കിയ പോക്കുവരവ് ചട്ടങ്ങൾ പ്രകാരമുള്ള അപേക്ഷ ഓൺലൈൻ ആയി അയയ്ക്കേണ്ടതാണ്. ആധാരത്തിലെയും ഓൺലൈൻ ആയി ലഭിച്ച അപേക്ഷയിലെയും വസ്തുതകൾ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷം അവശ്യം വേണ്ട വിവരങ്ങൾ ഓൺലൈൻ ആയിത്തന്നെ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ വിവരങ്ങൾ സബ് രജിസ്ട്രാർ പരിശോധിച്ച് അംഗീകരിച്ചാൽ ഉടനെ പോക്കുവരവ് (ജമമാറ്റം) നടത്തുന്നതിലേയ്ക്കായി ഭൂമി കൈമാറ്റത്തിന്റെ സ്വഭാവമനുസരിച്ച് ബന്ധപ്പെട്ട തഹസിൽദാർക്കോ വില്ലേജ് ഓഫീസർക്കോ റെലിസ് പ്രോഗ്രാം വഴി ഓൺലൈൻ ആയി അയച്ചു കൊടുക്കുന്നതുമാണ്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ വില്ലേജ് ഓഫീസർ/ തഹസിൽദാർ പരിശോധിച്ച് അംഗീകരിക്കുമ്പോൾ വസ്തു കൈമാറ്റം ലഭിച്ച വ്യക്തിയുടെ പേരിൽ ജമമാറ്റം നടക്കുകയും പുതിയ തണ്ടപ്പേർ, സർവ്വേ/സബ് ഡിവിഷൻ നമ്പർ എന്നിവ ലഭിക്കുകയും ചെയ്യുന്നു.

(ഡി) ഉണ്ട്. റീസർവ്വേ പൂർത്തീകരിച്ച വില്ലേജുകളിലാണ് ആദ്യഘട്ടത്തിൽ റെലിസ് പദ്ധതി പ്രകാരമുള്ള ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തുവാൻ

ഉദ്ദേശിച്ചിട്ടുള്ളത്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, വയനാട്, കണ്ണൂർ എന്നീ 9 ജില്ലകളിലെ റീസർവ്വെ പൂർത്തിയാക്കിയ 573 വില്ലേജുകളെ എസ്.ആർ.ഒ.-കളുമായി കോർത്തിണക്കിയാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. പാലക്കാട് ജില്ലയിലെ ആലത്തൂർ, വടക്കാഞ്ചേരി എന്നീ സബ് രജിസ്ട്രാർ ഓഫീസുകളുടെ അധികാര പരിധിയിൽ വരുന്ന എരിമയൂർ I, എരിമയൂർ II, കിഴക്കാഞ്ചേരി I, കിഴക്കാഞ്ചേരി II, വടക്കാഞ്ചേരി I, വടക്കാഞ്ചേരി II, തരൂർ I, തരൂർ II, കണ്ണമ്പ്ര I, കണ്ണമ്പ്ര II, കാവശ്ശേരി I, കാവശ്ശേരി II, വണ്ടാഴി I, മേലാർക്കോട്, ആലത്തൂർ, പുതുക്കോട്, മംഗലം ഡാം എന്നീ 17 വില്ലേജുകളിൽ നിലവിൽ ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**റവന്യൂ ഉദ്യോഗസ്ഥർക്കെതിരായ പരാതി**

182(1238) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ ഉദ്യോഗസ്ഥർക്കെതിരായ പരാതികളിൽ അന്വേഷണം നടത്തുവാൻ സർക്കാർ സെക്രട്ടറിയുടെ നിയന്ത്രണത്തിൽ പുതിയ വകുപ്പ് രൂപീകരിക്കുമോ ;

(ബി) റവന്യൂ ജീവനക്കാർ എതിർകക്ഷികളായി വരുന്ന എത്ര വിജിലൻസ് കേസുകൾ ഉണ്ട് ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) റവന്യൂ ജീവനക്കാർ എതിർകക്ഷികളായ 130 വിജിലൻസ് കേസുകൾ ഇപ്പോൾ നിലവിലുണ്ട്.

**ഇരിണാവ് പാലം**

183 (1239) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ' ഇരിണാവ് പാലം' നിർമ്മിക്കുന്നതിന് ഭൂമി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ;

(ബി) ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഇറിഗേഷൻ വകുപ്പിന്റെ റഗുലേറ്റർ കം ബ്രിഡ്ജ് കാലപ്പഴക്കം കാരണം ഏതു സമയത്തും തകരുമെന്നിരിക്കെ

സ്ഥലം അടിയന്തരമായി ലഭ്യമാക്കി പാലത്തിന്റെ നിർമ്മാണം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിലെ കണ്ണൂർ താലൂക്കിലെ കല്ലാശ്ശേരി, മാട്ടൂൽ വില്ലേജുകളിലെ 0.1225 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിന് 7-10-2013-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 5422/13/റവ സർക്കാർ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) അടുത്ത സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയിൽ ഉൾപ്പെടുത്തി വില അംഗീകരിച്ചതിനുശേഷം അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് സ്ഥലം ഏറ്റെടുത്ത് കൈമാറുന്നതാണ്.

**തർക്കരഹിത ഭൂമിക്ക് കൈമാറ്റ അനുമതിയോടെ പട്ടയം**

184 (1240) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ലാന്റ് അസൈൻമെന്റ് ആക്ട് 1960 പ്രകാരം 1971 ഓഗസ്റ്റ് 31 വരെ ഭൂമി കൈവശം വച്ച് സ്ഥിര താമസമാക്കിയവർക്കും അവരുടെ പിന്തുടർച്ചക്കാർക്കും നാല് ഏക്കർ വരെ തർക്ക രഹിത ഭൂമിക്ക് കൈമാറ്റ അനുമതിയോടെ പട്ടയം നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇപ്രകാരം പട്ടയം ലഭിക്കാൻ അർഹതയുള്ളവർ സംസ്ഥാനത്ത് എത്രയാണെന്ന കണക്കുകൾ ജില്ല തിരിച്ച് നല്കാമോ ; പട്ടയം നൽകുന്നത് സംബന്ധിച്ച പുതിയ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഒരു പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഇപ്രകാരം പട്ടയത്തിനായി അപേക്ഷിച്ചിട്ടുള്ളവർ എത്ര; എത്ര പേർക്ക് ഇതിനകം പട്ടയം നൽകുകയുണ്ടായി ; പുതിയ ചട്ടങ്ങൾ പ്രകാരം ഇതിനകം പട്ടയം ലഭ്യമാക്കിയ മൊത്തം ഭൂമി എത്രയാണ് ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 1960-ലെ കേരള ഭൂമി പതിവ് നിയമത്തിൽ ഇപ്രകാരം ഒരു വ്യവസ്ഥ നിഷ്കർഷിച്ചുകാണുന്നില്ല. എന്നാൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടം 7(1) പ്രകാരം

1-8-1971-ന് മുമ്പ് കൈവശം വച്ച് അനുഭവിച്ചുവരുന്ന സർക്കാർ ഭൂമികൾക്ക് പട്ടയം നൽകാൻ വ്യവസ്ഥയുണ്ട്. കൈവശ ഭൂമിയിൽ കാര്യമായ ദേഹണ്ഡങ്ങൾ

ഉണ്ടാക്കിയിട്ടുള്ള പക്ഷം (valuable improvements) സമതലങ്ങളിൽ രണ്ട് ഏക്കർ വരെയും മലയോര മേഖലകളിൽ 4 ഏക്കർ വരെയും കൈമാറ്റ അനുമതിയോടെ പട്ടയം നൽകുന്നതിന് 30-9-2014-ലെ ജി.ഒ.(പി) 425/14/ആർ.ഡി. പ്രകാരം സർക്കാർ ചട്ടം ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്.

(ബി) ഇപ്രകാരം പട്ടയം ലഭിക്കാൻ അർഹതയുള്ളവർ എത്രയാണെന്ന കണക്കുകൾ ശേഖരിച്ചിട്ടില്ല. 3-3-2005-ലെ ജി.ഒ.(പി) 63/2005/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം പതിച്ചുനൽകാവുന്ന സർക്കാർ ഭൂമിയുടെ വിസ്തീർണ്ണം സമതലങ്ങളിൽ 50 സെന്റും മലയോര മേഖലയിൽ ഒരു ഏക്കറുമായി നിജപ്പെടുത്തി ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിരുന്നു. ടി ഉത്തരവിന് മുമ്പുണ്ടായിരുന്ന വ്യവസ്ഥകൾ പുനഃസ്ഥാപിച്ചു കൊണ്ടും പതിച്ചുനൽകുന്ന കൈവശ ഭൂമിക്ക് കൈമാറ്റ അനുമതി നൽകിക്കൊണ്ടും
30-9-2014-ലെ ജി.ഒ.(പി) 425/14/ആർ.ഡി. പ്രകാരം ചട്ടം ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) 30-9-2014-ലെ പ്രസ്തുത ഉത്തരവ് നിലവിൽ വന്നതിനുശേഷം പട്ടയത്തിനായി ലഭിച്ച അപേക്ഷകളുടെ വിവരം ശേഖരിച്ചിട്ടില്ല.

## ഏരിയോട് മലയിലെ ഭൂമി ഇരുമ്പയിര് ഖനനത്തിന് പാട്ടത്തിന് നൽകിയത് സംബന്ധിച്ച വിവരം

185 (1241) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂർ-അത്തോളി പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന ഏരിയോട് മലയിലെ സർവ്വേ നമ്പർ 101/1 ഭൂമി ഇരുമ്പയിര് ഖനനത്തിന് പാട്ടത്തിന് നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഉണ്ടെങ്കിൽ ഏതു വർഷമാണ് പാട്ടത്തിന് നൽകിയതെന്നും ആർക്കാണ് നൽകിയതെന്നും വ്യക്തമാക്കുമോ ; പാട്ടക്കാലാവധിയും തുകയും സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ;

(സി) നിലവിൽ പ്രസ്തുത ഭൂമിയുടെ പാട്ടക്കാലാവധി പുതുക്കി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആർക്കാണെന്നും കാലാവധിയും പാട്ടത്തുകയും എത്രയെന്ന് വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത ഭൂമി സർവ്വേ നടത്തി അതിർത്തി നിർണ്ണയിച്ച് സർക്കാരിന്റെ ഏതെങ്കിലും പദ്ധതി നടത്തുന്നതിനായി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ തലക്കുളത്തുർ-അത്തോളി പഞ്ചായത്തുകളിലായി വ്യാപിച്ചുകിടക്കുന്ന ഏരിയോട് മലയിലെ സർവ്വേ നമ്പർ 101/1 (റീ.സ.1/1) ഭൂമി സർക്കാർ ഭൂമിയല്ല. സർക്കാർ പ്രസ്തുത ഭൂമി പാട്ടത്തിന് നൽകിയിട്ടില്ല.

(ബി-ഡി) ഉത്തരം എ-യുടെ വെളിച്ചത്തിൽ ബാധകമല്ല.

**പതിച്ചുനൽകിയ റവന്യൂ ഭൂമി**

186 (1242) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ ജില്ലയിലും എത്ര വീതം റവന്യൂ ഭൂമി വിവിധ ആവശ്യങ്ങൾക്കായി പതിച്ചു നൽകിയിട്ടുണ്ട് ;

(ബി) ഓരോ ജില്ലയിലും സൗജന്യമായി പതിച്ചു നൽകിയ റവന്യൂ ഭൂമി ആർക്കെല്ലാമാണെന്നും ഏതെല്ലാം ഏജൻസികൾക്കാണ് പതിച്ച് നൽകിയതെന്നും വ്യക്തമാക്കുമോ ;

(സി) ഓരോ ജില്ലയിലും പണം ഈടാക്കിക്കൊണ്ട് പതിച്ച് നൽകിയ റവന്യൂ ഭൂമി ആർക്കെല്ലാമാണെന്നും ഏതെല്ലാം ഏജൻസികൾക്കാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**ആറന്മുള വിമാനത്താവള പദ്ധതി**

187 (1243) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുള വിമാനത്താവള പദ്ധതിക്കുവേണ്ടി മണ്ണിട്ട് നികത്തിയ നീർത്തടങ്ങളിൽ നിന്നും മണ്ണ് നീക്കം ചെയ്ത് പൂർവ്വസ്ഥിതിയിലാക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നോ ;

(ബി) പ്രസ്തുത നിർദ്ദേശം നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എത്ര ഏക്കർ സ്ഥലത്തുനിന്നാണ് മണ്ണ് നീക്കം ചെയ്യാൻ കഴിഞ്ഞിട്ടുള്ളത് ; നികത്തപ്പെട്ട വയലുകളും നീർത്തടങ്ങളും പൂർണ്ണമായും

പൂർവ്വസ്ഥിതിയിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ആറന്മുള വിമാനത്താവള പദ്ധതിക്കുവേണ്ടി മണ്ണിട്ട് നികത്തിയ നീർത്തടങ്ങൾ പൂർവ്വ സ്ഥിതിയിലാക്കാൻ ബഹു. ഹൈക്കോടതി 16-6-2014-ൽ WP(C) 6519/2014 നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശം നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മണ്ണ് ഇതുവരെ നീക്കം ചെയ്ത് തുടങ്ങിയിട്ടില്ല. 16-6-2014-നാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും വിധിയായത്. ടി തോടിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനായി ഒരു സർവ്വേ ടീമിനെ നിയോഗിക്കുകയും ടി സർവ്വേ നടപടികൾ പൂർത്തിയായിട്ടുള്ളതുമാണ്. പ്രസ്തുത തോട്ടിലെ മണ്ണ് നീക്കം ചെയ്യുന്നതിന് വഴി സൗകര്യമില്ലാത്തതാണ്. സ്വകാര്യ വസ്തുക്കളിലൂടെയാണ് മണ്ണെടുക്കുന്നിടത്തേക്ക് പ്രവേശിക്കേണ്ടത്. മണ്ണ് നീക്കം ചെയ്യുന്നതിന് 1.02 കോടി രൂപ ചെലവ് വരുന്നതും ആയതിന് ഫണ്ട് ലഭിച്ചാൽ മാത്രമേ മണ്ണ് നീക്കം ചെയ്യുന്ന ജോലി ആരംഭിക്കാൻ കഴിയൂവെന്നും മൈനർ ഇറിഗേഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചിരുന്നു. ഈ സമയം ചെങ്ങന്നൂർ കോട്ടയം റെയിൽവേ ലൈനിന്റെ ഇരട്ടിപ്പിക്കൽ ജോലിക്കായി മണ്ണ് ആവശ്യമാണെന്ന് കാണിച്ച് റെയിൽവേ അധികൃതർ കത്ത് നൽകിയിരുന്നു. നീക്കം ചെയ്യുന്ന മണ്ണിന്റെ അളവ് കൂടുതലായതിനാൽ വലിയ വാഹനങ്ങൾ ഉപയോഗിക്കേണ്ടി വരും. അത്തരം വാഹനങ്ങൾ ഉപയോഗിക്കുവാൻ നിലവിലെ വഴികൾ അപര്യാപ്തമായതിനാൽ റോഡുകൾ നിർമ്മിച്ച് നൽകണമെന്നും കൂടാതെ റോയൽറ്റി ഒഴിവാക്കി ഉത്തരവ് നൽകുകയും ചെയ്യണമെന്നും എന്നാൽ മാത്രമേ മണ്ണ് നീക്കം ചെയ്യുന്നത് ആരംഭിക്കാൻ കഴിയൂവെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി അടൂർ ആർ.ഡി.ഒ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**പ്രകൃതി ദുരന്ത നിവാരണ സംവിധാനങ്ങൾ**

188 (1244) <u>ശ്രീ. ബെന്നി ബെഹനാൻ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ കാലാവസ്ഥ മുന്നറിയിപ്പ്

സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) കേന്ദ്ര ദുരിത നിവാരണ സേനയുടെ സഹായത്താൽ സംസ്ഥാനത്ത് ദുരന്തനിവാരണത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത് ;

(സി) ഏതെല്ലാം ദുരന്തങ്ങൾക്കാണ് പ്രസ്തുത സംവിധാനങ്ങൾ പ്രയോജന പ്പെടുത്താനുദ്ദേശിക്കുന്നത് ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) കാലാവസ്ഥ മുന്നറിയിപ്പ് നൽകുന്നതിന് കേന്ദ്ര സർക്കാർ ചുമതലപ്പെടു ത്തിയിട്ടുള്ളത് കേന്ദ്ര കാലാവസ്ഥ വകുപ്പിനെയാണ്. പ്രസ്തുത അറിയിപ്പുകൾ ദുരന്ത നിവാരണ അതോറിറ്റിയുടെ കൺട്രോൾ റൂം വഴിയും സംസ്ഥാന അടിയന്തര കാര്യനിർവ്വഹണ കേന്ദ്രത്തിൽ നിന്നും എസ്.എം.എസ്. ആയും ഇ-മെയിൽ ആയും എല്ലാ ജില്ലാ കളക്ടർമാർക്കും ആഭ്യന്തര സെക്രട്ടറിക്കും ചീഫ് സെക്രട്ടറിക്കും റവന്യൂ സെക്രട്ടറിക്കും ലഭ്യമാക്കുന്നു.

(ബി) കേന്ദ്ര ദുരന്ത നിവാരണ സേനയുടെ ഒരു സ്ഥിരം സ്റ്റേഷൻ കേരളത്തിൽ സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ കേന്ദ്ര ആഭ്യന്തര മന്ത്രാലയവുമായി ചേർന്ന് നടത്തിവരുന്നു. ഇപ്പോൾ അടിയന്തര ഘട്ടങ്ങളിൽ ആർക്കോണത്തുള്ള സ്ഥിരം സ്റ്റേഷനിൽ നിന്നും സേനയുടെ ടീമിനെ ആവശ്യാനുസരണം വിന്യസിച്ചുവരുന്നു.

(സി) പ്രകൃതി ദുരന്തങ്ങളും മനുഷ്യ നിർമ്മിതമായ വലിയ ദുരന്തങ്ങളും ആവശ്യാനുസരണം നേരിടുന്നതിനാണ് പ്രസ്തുത സംവിധാനങ്ങൾ പ്രയോജന പ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

(ഡി) ദേശീയ ദുരന്ത നിവാരണ സേനയ്ക്ക് കേരളത്തിൽ സ്ഥിരം താവളം ഒരുക്കുവാൻ 1½ ഏക്കർ ഭൂമി ഏറ്റെടുത്ത് കേന്ദ്ര സർക്കാരിന് കൈമാറുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ ലാന്റ് റവന്യൂ കമ്മീഷണർ മുഖേന സമർപ്പിക്കുവാൻ എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ആദിവാസി കുടുംബങ്ങൾക്ക് പട്ടയം**

189 (1245) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും

കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ 1986 മുതൽ 2014 നാളിതുവരെ ആകെ എത്ര പട്ടയങ്ങൾ നൽകി ; ഇപ്രകാരം എത്ര ഏക്കർ ഭൂമി വിതരണം ചെയ്തു ; ഇതിൽ എത്ര ഏക്കർ വനഭൂമിക്ക് പട്ടയം നൽകി ;

(ബി) ആകെ നൽകിയ പട്ടയങ്ങളിൽ എത്ര ഏക്കർ ഭൂമി പട്ടിക ജാതിക്കാർക്ക് നൽകിയെന്ന് വ്യക്തമാക്കുമോ ;

(സി) ഇക്കാലത്ത് എത്ര ആദിവാസി കുടുംബങ്ങൾക്ക് പട്ടയം ലഭിച്ചു ; ആകെ എത്ര ഏക്കറാണ് ഇത് എന്ന് വ്യക്തമാക്കുമോ ;

(ഡി) ആദിവാസികൾക്ക് ഏതെല്ലാം പഞ്ചായത്തിൽ ഏതെല്ലാം ഊരിലാണ് ഭൂമി നൽകിയത് ?

<u>ഉത്തരം</u>

(എ) ഇടുക്കി ജില്ലയിൽ 1986 മുതൽ 2014 നാളിതുവരെ 77494 എണ്ണം പട്ടയങ്ങൾ നൽകിയിട്ടുണ്ട്. ഇപ്രകാരം 61759.61 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 25903.69 ഏക്കർ കേന്ദ്രാനുമതി ലഭിച്ച വനഭൂമിക്ക് പട്ടയം നൽകി.

(ബി) 1249.84 ഏക്കർ ഭൂമി പട്ടികജാതിക്കാർക്ക് നൽകിയിട്ടുണ്ട്.

(സി) 584 ആദിവാസി കുടുംബങ്ങൾക്ക് 679.55 ഏക്കർ ഭൂമിക്ക് പട്ടയം നൽകിയിട്ടുണ്ട്.

(ഡി) ഉപ്പുതറ പഞ്ചായത്തിൽ പണ്ണമ്പടി, ബൈസൺവാലി പഞ്ചായത്ത്, മലങ്കര മിച്ചഭൂമി കേസിൽ സർക്കാർ ഏറ്റെടുത്ത ആലക്കോട് വില്ലേജ്, കൂടാതെ ഉടുമ്പൻചോല താലൂക്കിൽ ചിന്നക്കനാൽ, പൂപ്പാറ, പാമ്പാടുംപാറ വില്ലേജുകൾ എന്നിവിടങ്ങളിലായി ആദിവാസി ഭൂമി വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി 33 ഊരുകളിൽ ആദിവാസികൾക്ക് ഭൂമി വിതരണം നടത്തിയിട്ടുണ്ട്. പഞ്ചായത്തടിസ്ഥാനത്തിൽ കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

**ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡിന്റെ പക്കലുള്ള വസ്തു**

190 (1246) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡ് എന്ന ബ്രിട്ടീഷ് കമ്പനിയുടെ പേരിൽ എത്ര ഏക്കർ സ്ഥലമാണ് കേരളത്തിൽ വിവിധയിടങ്ങളിൽ ഉള്ളത്; ഇവയിൽ ആധാരം ഉള്ളവയും ഇല്ലാത്തവയും എത്ര ഏക്കർ വീതം ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഹാരിസണിന്റെ കൈവശമുള്ള 1923-ൽ തയ്യാറാക്കിയ 1600-ാം നമ്പർ ആധാരം റവന്യൂ വകുപ്പ് അധികൃതർ പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇത് യഥാർത്ഥ രേഖയാണോ വ്യാജമാണോ എന്ന് കണ്ടെത്തിയിട്ടുണ്ടോ ; ഇത് സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ വ്യക്തമാക്കാമോ ;

(സി) കൊല്ലം സബ്-രജിസ്ട്രാർ ഓഫീസിൽ ഹാരിസണിന്റെ വസ്തു ഇടപാട് സംബന്ധിച്ച് എന്തെങ്കിലും രേഖകൾ ഉണ്ടോ ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ ;

(ഡി) പാട്ടക്കാലാവധി കഴിഞ്ഞ ഹാരിസണിന്റെ പത്തനംതിട്ട ജില്ലയിലെ ളാഹ എസ്റ്റേറ്റ് ഉൾപ്പെടെയുള്ള തോട്ടങ്ങൾ തിരിച്ചുപിടിക്കാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദവിവരം ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

(എ) ബ്രിട്ടീഷ് കമ്പനിയുടെ പേരിലുണ്ടായിരുന്ന ഭൂമിയുടെ വിസ്തീർണ്ണം പരിശോധിച്ചതിൽ 62548 ഏക്കർ ഭൂമി വിവിധ കമ്പനികൾ കൈവശം വച്ചിരുന്നതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി നിലവിൽ M/s. ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനി, ടി കമ്പനിയിൽ നിന്നും ഭൂമി വിലയ്ക്ക് വാങ്ങിയവർ, മറ്റ് കക്ഷികൾ എന്നിവരുടെ കൈവശമാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം പ്രസ്തുത ഭൂമിയിൽ കെ.എൽ.സി. നിയമ പ്രകാരമുള്ള നടപടികൾ തുടരുന്നതിന് സർക്കാരിന് അധികാരമുണ്ട് എന്ന് സ്ഥാപിച്ചുകൊണ്ട് 26-11-2014-ൽ GLR(LR)-4/2013-ാം നമ്പർ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. 1600/1923-ാം നമ്പർ കരാർ ഉടമ്പടിയിലടങ്ങിയ ഭൂമിയുടെ നിജസ്ഥിതി മറച്ചുവച്ചുകൊണ്ട്, ഒരാൾ തന്നെ വിൽപ്പനക്കാരനും, വാങ്ങുന്ന

കക്ഷിയും എന്ന നിലയിൽ തയ്യാറാക്കിയിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. മുന്നാധാരങ്ങൾ ടി ഉടമ്പടിയിൽ പരാമർശിച്ചിട്ടില്ല. കൂടാതെ ബ്രിട്ടനിൽ രജിസ്റ്റർ ചെയ്ത കമ്പനിയുടെ പേരിലാണ് ടി ഉടമ്പടി.

(സി) ഇംഗ്ലീഷ് ഈസ്റ്റിന്ത്യാ കമ്പനികളായിരുന്ന ചില കമ്പനികളുടെ പേരിലുണ്ടായിരുന്ന കരാർ ഉടമ്പടികൾ കൊല്ലം സബ് രജിസ്ട്രാർ ഓഫീസിൽ പൊടിഞ്ഞ രൂപത്തിൽ ഉള്ളതായി വിവിധ അന്വേഷണ റിപ്പോർട്ടുകളിൽ കാണുന്നു.

(ഡി) M/s. ഹാരിസൺസ് മലയാളം ലിമിറ്റഡിന് സംസ്ഥാന സർക്കാർ ഭൂമി പാട്ടമായി നൽകിയിട്ടില്ല.

**കണ്ണൂർ ജില്ലയിൽ ഭൂമി പതിച്ചുനൽകാൻ നടപടി**

191 (1247) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-ാം ആണ്ടിൽ കണ്ണൂർ ജില്ലാ കലക്ടറുടെ രണ്ട് ഉത്തരവുകൾ പ്രകാരം 81 ഭൂരഹിതർക്ക് പെരിന്തട്ട വില്ലേജിൽ പതിച്ച് കൊടുത്ത ഭൂമി നാളിതുവരെ ഗുണഭോക്താക്കൾക്ക് അനുഭവവേദ്യമാകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഈ ഭൂമി സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP(C)11557/10 നമ്പർ കേസ് നിലവിലുള്ളതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല.

**കായംകുളം, കൃഷ്ണപുരം വില്ലേജാഫീസുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ**

192 (1248) <u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ കായംകുളം, കൃഷ്ണപുരം വില്ലേജാഫീസുകളുടെ

പുതിയ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ച് വർഷങ്ങളായിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) കായംകുളം അസംബ്ലി മണ്ഡലത്തിൽ കായംകുളം വില്ലേജാഫീസ് കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾക്ക് 18-2-2012-ൽ ഭരണാനുമതി നൽകുകയും 2-11-2012-ൽ പണികൾ പൂർത്തീകരിക്കുകയും ചെയ്തു. കൃഷ്ണപുരം വില്ലേജാഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 22.65 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചു വരികയാണ്.

**നടുവണ്ണൂർ വോളീബോൾ അക്കാഡമിക്ക് മിച്ചഭൂമി അനുവദിക്കൽ**

193 (1249) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ നടുവണ്ണൂരിൽ പ്രവർത്തിക്കുന്ന വോളീബോൾ അക്കാഡമിക്ക്, സമീപത്തെ കൃഷി യോഗ്യമല്ലാത്ത മിച്ചഭൂമി അനുവദിക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ ?

ഉത്തരം

കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി താലൂക്കിൽ നടുവണ്ണൂർ വില്ലേജിൽ റീ-സർവ്വേ നമ്പർ 33-ൽപ്പെട്ട 1.96 ½ ഏക്കർ മിച്ചഭൂമി വോളീബോൾ അക്കാദമി സ്ഥാപിക്കുന്നതിന് നടുവണ്ണൂർ ഗ്രാമപഞ്ചായത്തിന് കൈമാറണമെന്ന് അപേക്ഷിച്ചിരുന്നു. എന്നാൽ പഞ്ചായത്തിന് സൗജന്യമായി ഭൂമി നൽകുവാൻ കേരള ഭൂപരിഷ്കരണ നിയമത്തിൽ വ്യവസ്ഥയില്ല. പ്രസ്തുത ഭൂമിയുടെ കമ്പോളവില അടയ്ക്കുവാനോ പകരം ഭൂമി നൽകുവാനോ പഞ്ചായത്ത് അധികൃതർ തയ്യാറാകാത്ത സാഹചര്യത്തിൽ പ്രസ്തുത ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് നീക്കിവയ്ക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

**ചെല്ലഞ്ചി പാലം, ഏറ്റെടുത്ത ഭൂമിക്ക് ന്യായവില**

194 (1250) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന

ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെല്ലഞ്ചി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട ലാന്റ് അക്വിസിഷൻ നടപടികൾ ഏതുവരെയായെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി ഏറ്റെടുത്ത ഭൂമിക്ക് ന്യായവില ഉടമസ്ഥർക്ക് നൽകുന്നതിന് എന്തു തടസ്സമാണ് നിലനിൽക്കുന്നതെന്ന് വിശദീകരിക്കുമോ ;

(സി) നഷ്ടപരിഹാരത്തുക എന്നത്തേക്ക് കൊടുത്തുതീർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) 26-8-2014-ലെ സ.ഉ.(സാധാ)4158/14/റവ നമ്പർ ഉത്തരവ് പ്രകാരം സ്ഥലവില അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം അവാർഡ് എൻക്വയറി നടത്തിക്കഴിഞ്ഞു. സമ്മതപ്രതം നൽകിയ കക്ഷികൾക്കും അല്ലാത്തവർക്കും നിലവിലുള്ള ചട്ടങ്ങൾ പ്രകാരം അവാർഡ് തുക നൽകുന്നതിനുള്ള ഫണ്ട് ലഭ്യമാക്കുന്നതിന് അർത്ഥനാധികാരിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി&സി) അർത്ഥനാധികാരിയായ പൊതുമരാമത്ത് വകുപ്പ് കക്ഷികൾക്ക് നൽകാനുള്ള തുക നൽകിയാൽ മാത്രമേ അവാർഡ് പാസ്സാക്കുവാൻ കഴിയുകയുള്ളൂ. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**മൂന്നാർ കയ്യേറ്റ ഭൂമി ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട ഹൈക്കോടതി വിധി**

195 (1251) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാർ കയ്യേറ്റ ഭൂമി ഒഴിപ്പിക്കലുമായി ബന്ധപ്പെട്ടവർ പ്രസ്തുത വിഷയത്തിൽ ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിക്കെതിരെ അപ്പീലാണോ റിവ്യൂ ഹർജിയാണോ നൽകേണ്ടതെന്ന് തീരുമാനിക്കാൻ കൊച്ചിയിൽ വച്ച് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന ഉന്നതതല യോഗത്തിന്റെ തീരുമാനങ്ങൾ സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കുമോ ;

(ബി) യോഗത്തിൽ ആരെല്ലാം പങ്കെടുക്കുകയുണ്ടായി; തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു ; യോഗത്തിൽ ഹൈക്കോടതി വിധിയുടെ നാനാവശങ്ങൾ പരിശോധിക്കുകയുണ്ടായോ ; വിശദമാക്കാമോ ;

(സി) ഹൈക്കോടതി വിധി റവന്യൂ വകുപ്പിന് ലഭിച്ചത് എപ്പോഴാണ്; വിധിയുടെ ഒരു പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) പ്രസ്തുത വിധിയെ തുടർന്ന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**പാലക്കാട് ജില്ലയിലെ വെങ്ങനാട് കോവിലകം വക പാട്ടഭൂമി**

196 (1252) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതിയിലെ കരുണ എസ്റ്റേറ്റിന്റെ (ഇപ്പോൾ പോബ്സ് എസ്റ്റേറ്റ്) കൈവശമുള്ള വെങ്ങനാട് കോവിലകം വക പാട്ടഭൂമി ഏത് കാലയളവിലെ നടപടികളിലൂടെയാണ് വിലയാധാരമാക്കി മാറ്റിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ബി) 1889-ലെ പാട്ടാധാരം 1969-ൽ വിലയാധാരമായി മാറ്റിയത് നിയമാനുസൃതമായിട്ടാണോ ; ഇക്കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വസ്തുതകളുടെ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) 1963-ലെ ഭൂപരിഷ്കരണ നിയമാനുസൃതം, പ്രസ്തുത ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കാത്തത് എന്തുകൊണ്ടാണ് ; അതിനുവേണ്ടി അടിയന്തര സർവ്വേ നടത്തുന്നതിന് നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) നെന്മാറ സബ് രജിസ്ട്രാർ ഓഫീസിലെ 9-6-2008-ലെ 2119/2008-ാം നമ്പർ ആധാരപ്രകാരം.

(ബി) 14-7-2014-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3173/2014/ റവന്യൂ പ്രകാരം ലാൻഡ് ബോർഡ് സെക്രട്ടറി അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്മേൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നെല്ലിയാമ്പതിയിൽ തർക്കവിധേയമായ മുഴുവൻ ഭൂമിയും സർവ്വെ നടത്തുന്നതിന് ഒരു സ്പെഷ്യൽ സർവ്വേ ടീമിനെ രൂപീകരിക്കാൻ സർവ്വേ ഡയറക്ടറെ ചുമതലപ്പെടുത്തി 12-11-2014-ലെ സ.ഉ.(സാധാ)നമ്പർ5473/2014/റവന്യൂ നമ്പരായി സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ടീമിന്റെ സർവ്വേ നടപടി

നടന്നുവരുന്നു.

**വെള്ളായണി കായലോരത്തെ വസ്തു കൈമാറ്റങ്ങളും കയ്യേറ്റങ്ങളും**

197 (1253) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം വെള്ളായണി കായലിന്റെ വിസ്തൃതി 1924-ലെ സർവ്വേ ഓഫ് ഇന്ത്യയുടെ കണക്കുപ്രകാരം എത്രയാണെന്ന് വ്യക്തമാക്കുമോ ; നിലവിലെ വിസ്തൃതി റവന്യൂ രേഖകൾ പ്രകാരം എത്രയാണ് ;

(ബി) കായലോരത്ത് 2010-ന് ശേഷം നടന്ന ഭൂമാഫിയയുടെ വസ്തു കൈമാറ്റങ്ങളും, കയ്യേറ്റങ്ങളും പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കുമോ ;

(സി) പ്രസ്തുത ഇടപാടുകളിൽ ഉന്നത സർക്കാർ ഉദ്യോഗസ്ഥർക്കുള്ള പങ്കിനെക്കുറിച്ചും. അവരുടെയും ബിനാമികളുടെയും പേരിൽ നടന്ന കൈമാറ്റങ്ങളെക്കുറിച്ച് പരിശോധിക്കുമോ ?

<u>ഉത്തരം</u>

(എ) 1924-ലെ സർവ്വേ ഓഫ് ഇന്ത്യയുടെ കണക്കുപ്രകാരം വെള്ളായണി കായലിന്റെ വിസ്തൃതി ലഭ്യമല്ല. റവന്യൂ രേഖകൾ പ്രകാരം നിലവിലെ വിസ്തൃതി 172.87.00 ഹെക്ടർ (426.98.890 ഏക്കർ) ആണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

**മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണലിന്റെ പ്രവർത്തനം**

198 (1254) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> :
<u>ശ്രീ. എസ്. രാജേന്ദ്രൻ</u> :
<u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാർ സ്പെഷ്യൽ ട്രിബ്യൂണൽ എന്നാണ് നിലവിൽ വന്നത്

എന്നറിയിക്കാമോ ;

(ബി) പ്രസ്തുത ട്രിബ്യൂണൽ നാളിതുവരെ എത്ര കേസുകളാണ് പരിഗണിച്ചത് ;

(സി) ട്രിബ്യൂണൽ രൂപീകരിക്കുമ്പോൾ സംസ്ഥാനത്ത് മൂന്നാർ കയ്യേറ്റം സംബന്ധിച്ച എത്ര കേസുകളാണ് നിലവിലുണ്ടായിരുന്നത് ;

(ഡി) പ്രസ്തുത കേസുകൾ മുഴുവനും ട്രിബ്യൂണലിന് കൈമാറിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ;

(ഇ) ട്രിബ്യൂണലിന്റെ പ്രവർത്തനം എത്രത്തോളം തൃപ്തികരമെന്ന് വിശദമാക്കുമോ; കേസുകൾ ട്രിബ്യൂണലിന് കൈമാറുന്നതിൽ വിമുഖത കാണിക്കുന്നതിന്റെ കാരണം വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 14-6-2010-ലാണ് മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണൽ നിലവിൽ വന്നത്.

(ബി) 741 കേസുകൾ നാളിതുവരെ ട്രൈബ്യൂണൽ പരിഗണിച്ചിട്ടുണ്ട്.

(സി) 627 കേസുകളാണ് ട്രൈബ്യൂണൽ രൂപീകരിക്കുമ്പോൾ സംസ്ഥാനത്ത് മൂന്നാർ കയ്യേറ്റം സംബന്ധിച്ച് നിലവിലുണ്ടായിരുന്നത്.

(ഡി) നോട്ടിഫൈ ചെയ്തിട്ടുള്ള 8 വില്ലേജുകളെ സംബന്ധിച്ച് വിവിധ കോടതികളിൽ നിന്നും റഫർ ചെയ്തുവരുന്നതും, കൈമാറ്റം ചെയ്തുകൊണ്ടിരിക്കുന്നതുമായ ഭൂമി സംബന്ധിച്ചുള്ള കേസുകളാണ് ട്രൈബ്യൂണൽ പരിഗണിച്ചുവരുന്നത്.

(ഇ) നിലവിലുള്ള സാഹചര്യത്തിൽ ലഭ്യമായ കേസുകളുടെ നടത്തിപ്പ് തൃപ്തികരമായി മുന്നോട്ട് പോകുന്നുണ്ട്. കേസുകൾ ട്രൈബ്യൂണലിന് കൈമാറുന്നതിൽ വിമുഖതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**അയിരൂപ്പാറ വില്ലേജിൽ ഭൂമിയുടെ കരം അടച്ചുകിട്ടുന്നത് സംബന്ധിച്ച നടപടി**

199 (1255) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം താലൂക്കിൽ അയിരൂപ്പാറ വില്ലേജിൽ ഭൂമിയുടെ കരം അടച്ചുകിട്ടുന്നത് സംബന്ധിച്ച് 24-8-2013-ൽ നൽകിയ

52416/2013/LRM1 നമ്പർ ഫയലിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഫയലിൽ തീരുമാനമാകാതെ കിടക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഫയലിൽ ഇനി എന്തൊക്കെ തുടർപ്രവർത്തനങ്ങളാണ് നടക്കേണ്ടത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തിരുവനന്തപുരം താലൂക്കാഫീസിലെ എൽ.ആർ.(എം)1-52416/13-ാം നമ്പർ ഫയൽ തുടർ നടപടികൾക്കായി താലൂക്ക് ഓഫീസിൽ നിന്നും റീ-സർവ്വേ സൂപ്രണ്ട് ഓഫീസ്, കരമനയ്ക്ക് കൈമാറിയിട്ടുണ്ട്.

(ബി) ഫയലുകൾ മുൻഗണന ക്രമത്തിൽ തീർപ്പാക്കിവരുന്നു.

(സി) സർവ്വേ നടപടികൾ പൂർത്തിയാക്കി റെക്കോഡ് അംഗീകരിച്ച് നൽകേണ്ടതുണ്ട്.

**ഒറ്റപ്പാലം മണ്ഡലത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾ**

200 (1256) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ കാലവർഷത്തിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഒട്ടുമിക്ക റോഡുകളും തകർന്ന് ഗതാഗത യോഗ്യമല്ലാതായത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ ;

(സി) കാലവർഷത്തിൽ തകർന്ന റോഡുകൾ പുനരുദ്ധരിക്കുവാൻ എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ ; 1-7-2011 മുതൽ 31-10-2014 വരെയുള്ള കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും നിയോജക

മണ്ഡലാടിസ്ഥാനത്തിൽ ഫണ്ടനുവദിക്കാറില്ല.

**കുന്ദമംഗലം എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിടം നിർമ്മിക്കാൻ നടപടി**

201 (1257) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിടം നിർമ്മിക്കാൻ റവന്യൂ വകുപ്പിന്റെ കൈവശമുള്ള ഭൂമി വിട്ടുനൽകുന്നതിന് ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഭൂമി കൈമാറ്റ നിർദ്ദേശം സർക്കാരിൽ ലഭ്യമായിട്ടില്ല

**കൈവശമുള്ള തോട്ടഭൂമിയുടെ അഞ്ച് ശതമാനം ടൂറിസം ഉൾപ്പെടെയുള്ള ആവശ്യത്തിന് മാറ്റി കിട്ടാൻ അപേക്ഷിച്ചവർ**

202 (1258) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈവശമുള്ള തോട്ടഭൂമിയുടെ അഞ്ച് ശതമാനം ടൂറിസം ഉൾപ്പെടെയുള്ള ആവശ്യത്തിന് മാറ്റി കിട്ടാൻ അപേക്ഷിച്ചവർ എത്രയാണ് ; എത്ര പേർക്ക് സർക്കാർ അനുതി നൽകിയിട്ടുണ്ട് ;

(ബി) തോട്ടഭൂമി കൈവശം വച്ച് വരുന്നവർ സംസ്ഥാനത്ത് എത്രയുണ്ട് ; മൊത്തം എത്ര ഏക്കർ തോട്ട ഭൂമിയാണ് സംസ്ഥാനത്തുള്ളത് ; വിശദമാക്കുമോ ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ നിന്ന് ഒരു അപേക്ഷ ലഭിച്ചിട്ടുണ്ട്. സർക്കാർ ആർക്കും അനുമതി നൽകിയിട്ടില്ല.

(ബി) 4804 പേർ. ഇടുക്കി ജില്ലയിൽ ഒഴികെ സംസ്ഥാനത്ത് 65978.98.10 ഹെക്ടർ ഭൂമി വ്യക്തികൾ കൈവശം വച്ചുവരുന്നു. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

**സംസ്ഥാനത്തെ തോട്ട ഭൂമി**

203 (1259) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തോട്ട ഭൂമി കൈവശം വച്ച് വരുന്നവർ എത്രയാണെന്നും,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മൊത്തം എത്ര ഏക്കർ തോട്ട ഭൂമി സംസ്ഥാനത്തുണ്ടെന്നും വെളിപ്പെടുത്താമോ ;

(ബി) സർക്കാർ മേഖലയിൽ എത്ര ഏക്കർ തോട്ട ഭൂമിയുണ്ട് ; പാട്ടത്തിന് നൽകപ്പെട്ട തോട്ട ഭൂമി എത്ര ; സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള തോട്ട ഭൂമി എത്ര ;

(സി) ഏതെല്ലാം നിലയിലുള്ള ഭൂമിയെയാണ് തോട്ട ഭൂമിയായി കണക്കാക്കുന്നത്;

(ഡി) പാട്ട വ്യവസ്ഥകൾ ലംഘിച്ചതിന്റെ പേരിൽ പാട്ടം അവസാനിപ്പിച്ച് ഏറ്റെടുക്കാൻ തീരുമാനിച്ച തോട്ടങ്ങൾ എത്ര ; എത്ര ഏക്കർ ഭൂമി വരും ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച കേസുകൾ

204 (1261) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ ?

ഉത്തരം

1815 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ നൽകുന്നു:

| | |
|---|---|
| തിരുവനന്തപുരം | 258 |
| കൊല്ലം | 178 |
| പത്തനംതിട്ട | 156 |
| ആലപ്പുഴ | 69 |
| കോട്ടയം | 21 |
| ഇടുക്കി | 153 |
| എറണാകുളം | 73 |
| തൃശ്ശൂർ | 40 |
| പാലക്കാട് | 297 |
| മലപ്പുറം | 62 |
| കോഴിക്കോട് | 161 |
| വയനാട് | 59 |
| കണ്ണൂർ | 66 |
| കാസർഗോഡ് | 222 |
| ആകെ | 1815 |

**കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ ക്വാറികൾ**

205 (1262) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ എത്ര ചെങ്കൽ, കരിങ്കൽ ക്വാറികളുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) ലൈസൻസുള്ള ക്വാറികൾ സംബന്ധിച്ചുള്ള വിവരങ്ങൾ സ്ഥലം, ലൈസൻസി, ലൈസൻസ് കാലാവധി എന്നിവ തിരിച്ച് ലഭ്യമാക്കാമോ ;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിലെ എത്ര അനധികൃത ക്വാറികൾക്കെതിരെയാണ് നടപടികൾ സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ അനുവദിച്ച ക്വാറികളുടെ എണ്ണം (നിലവിലുള്ളത്) പഞ്ചായത്ത് തിരിച്ചുള്ള വിവരം ചുവടെ കൊടുക്കുന്നു:

| ക്രമ നമ്പർ | പഞ്ചായത്ത് | ചെങ്കൽ ക്വാറികളുടെ എണ്ണം | കരിങ്കൽ ക്വാറികളുടെ എണ്ണം |
|---|---|---|---|
| 1 | അജാനൂർ | 7 | - |
| 2 | ബളാൽ | - | 6 |
| 3 | കള്ളാർ | - | 4 |
| 4 | കിനാനൂർ കരിന്തളം | 4 | 4 |
| 5 | കോടോം ബേളൂർ | 10 | 9 |
| 6 | മടിക്കൈ | 20 | 3 |
| 7 | പനത്തടി | - | 3 |

| | | | |
|---|---|---|---|
| 8 | കാഞ്ഞങ്ങാട് നഗരസഭ | - | - |

(ബി) പട്ടിക അനുബന്ധമായി ചേര്‍ക്കുന്നു.*

(സി&ഡി) 36 ചെങ്കല്‍ ക്വാറികള്‍ക്കെതിരെയും 22 കരിങ്കല്‍ ക്വാറികള്‍ക്കെതിരെയും പിഴ ഈടാക്കുകയും റവന്യൂ റിക്കവറി നടപടികള്‍ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അനധികൃതമായി പ്രവര്‍ത്തിക്കുന്ന ക്വാറികള്‍ ശ്രദ്ധയില്‍പ്പെട്ടാല്‍ ക്വാറി പ്രവര്‍ത്തനം നിര്‍ത്തിവയ്ക്കാന്‍ ക്വാറിയുടമയോട് നിര്‍ദ്ദേശിക്കുകയും അനധികൃതമായി ഖനനം ചെയ്ത ധാതുവിന്റെ റോയല്‍റ്റിയും ഖനനം ചെയ്ത കുറ്റത്തിന് പിഴയടക്കമുള്ള തുക ക്വാറി ഉടമകളില്‍ നിന്ന് ഈടാക്കുകയും ചെയ്യുന്നു. കൂടാതെ ഇങ്ങനെയുള്ള തുക ക്വാറി ഉടമകള്‍ ഒടുക്കാത്ത സാഹചര്യത്തില്‍ ക്വാറി സ്ഥിതി ചെയ്യുന്ന സ്ഥലമുടമയില്‍ നിന്നും തുക ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികള്‍ സ്വീകരിക്കുകയും ചെയ്യാറുണ്ട്.

**സര്‍ക്കാര്‍ ഭൂമിയുടെ പാട്ടനിരക്ക്**

206 (1263) <u>ശ്രീ. എസ്. രാജേന്ദ്രന്‍</u> : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ :

(എ) സര്‍ക്കാര്‍ ഭൂമി പാട്ടത്തില്‍ നല്കിയ ഇനത്തില്‍ ലഭിക്കാന്‍ ബാക്കി നില്പുള്ള മൊത്തം കുടിശ്ശിക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പാട്ടനിരക്ക് ഏറ്റവും ഒടുവില്‍ പുതുക്കിയത് എപ്പോഴായിരുന്നു ; ഇത് വര്‍ദ്ധിപ്പിക്കാനുദ്ദേശമുണ്ടോ ; എങ്കില്‍ എത്ര ശതമാനം വീതം ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ആറന്മുളയിലെ പൊതുസ്ഥലങ്ങള്‍ വിമാനത്താവളക്കമ്പനിക്ക്**

207 (1264) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> : താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ :

(എ) വിമാനത്താവളക്കമ്പനിയായ കെ.ജി.എസ്. ഗ്രൂപ്പിന് ആറന്മുളയിലെ പൊതുസ്ഥലങ്ങള്‍ വില്‍ക്കാന്‍ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എത്ര ഏക്കര്‍ സ്ഥലം, എന്ത് വിലയ്ക്ക് വില്‍ക്കാനാണ് തീരുമാനിച്ചിരിക്കുന്നത് ;

---

* ലൈബ്രറിയില്‍ വച്ചിട്ടുണ്ട്.

(സി) ഇതു സംബന്ധമായി സർക്കാർ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഏതെല്ലാം വില്ലേജുകളിലായി, ഏതെല്ലാം സർവ്വേ നമ്പരുകളിൽപ്പെട്ട, എത്ര ഏക്കർ ഭൂമി, എന്ത് വില നിശ്ചയിച്ചുകൊണ്ട്, ഏത് തീയതി മുതലാണ് കെ.ജി.എസ്. ഗ്രൂപ്പിന് നൽകാൻ തീരുമാനിച്ചിരിക്കുന്നതെന്നറിയിക്കുമോ ?

<u>ഉത്തരം</u>

(എ-ഡി) റവന്യൂ വകുപ്പിൽ നിന്നും പുറമ്പോക്ക് ഭൂമി കൈമാറി നൽകുന്നതിന് തീരുമാനമെടുത്തിട്ടില്ല. കമ്പോള വില ഈടാക്കി പതിച്ച് നൽകണമെന്നാവശ്യപ്പെട്ട ഭൂമി അധികവും 1994-ലെ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായതും പതിവിന് വിധേയമല്ലാത്തതുമാണെന്ന വിവരം കെ.ജി.എസ്. ഗ്രൂപ്പ് എക്സിക്യൂട്ടീവ് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്.

**നെന്മാറയിലെ കൃഷിനാശത്തിനു നഷ്ടപരിഹാരത്തുക നൽകാൻ നടപടി**

208 (1265) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ നെന്മാറ നിയോജക മണ്ഡലത്തിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിലുള്ള മലയടിവാരത്ത് ഉരുൾപൊട്ടലിൽ എത്ര ഏക്കർ കൃഷിനാശമുണ്ടായതായി വിലയിരുത്തിയിട്ടുണ്ട് ;

(ബി) ഏതൊക്കെ കൃഷിയാണ് നശിച്ചത് എന്നും എത്ര രൂപയുടെ നഷ്ടമാണ് ഉണ്ടായത് എന്നും വിശദമാക്കുമോ ;

(സി) കൃഷിനാശമുണ്ടായ കർഷകർക്ക് നഷ്ടപരിഹാരത്തുക പൂർണ്ണമായും നൽകിയോ ; ഇല്ലെങ്കിൽ എന്ന് നൽകാൻ കഴിയുമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 8 ഏക്കർ കൃഷി നാശമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

(ബി) 6 ഏക്കർ പച്ചക്കറി കൃഷി നാശമുണ്ടായിട്ടുണ്ട്. 60,000 രൂപയുടെ നാശനഷ്ടം കണക്കാക്കുന്നു. 2 ഏക്കർ നെൽകൃഷി നശിച്ചിട്ടുണ്ട്. 32,000 രൂപയുടെ നാശനഷ്ടം കണക്കാക്കുന്നു.

(സി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥയില്ല. 21-8-2014-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 361/2014/ഡി.എം.ഡി. പ്രകാരം ആശ്വാസ ധനസഹായമാണ് നൽകിവരുന്നത്. ഈ സാമ്പത്തിക വർഷം ഈ ഇനത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും പാലക്കാട് ജില്ലയ്ക്ക് ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൃഷി നാശത്തിന്റെ സഹായ തുകയ്ക്കുള്ള അപേക്ഷകൾ കൃഷി വകുപ്പിന്റെ പരിഗണനയിലാണ്.

**കോഴിക്കോട് ജില്ലയിലെ ഓൺലൈൻ മണൽ വിതരണം**

209 (1266) ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒൺലൈൻ ആയി മണൽ വിതരണം ചെയ്തിരുന്നത് നിർത്തിവച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(സി) മണൽ വിതരണം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) മണൽ ലഭ്യമല്ലാത്തതു കാരണം നിർമ്മാണ മേഖല പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ 2014 ജൂൺ 15 മുതൽ മണൽ ഖനനം നിർത്തിവച്ചിരുന്നു.

(ബി) ബഹുമാനപ്പെട്ട ഗ്രീൻ ട്രൈബ്യൂണലിന്റെ ഒ.എ.171/2013 കേസിലെ 5-8-2013, 14-8-2013, 29-8-2013 തീയതികളിലെ ഉത്തരവിൽ MoEF/SEIAA-യിൽ നിന്നുള്ള പാരിസ്ഥിതികാനുമതി കൂടാതെയുള്ള മണൽ ഖനനം വിലക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ SEIAA-യിൽ അപേക്ഷ സമർപ്പിക്കുകയും രണ്ട് മാസത്തേക്ക് താൽക്കാലികാനുമതി ലഭിക്കുകയും ആയത് അവസാനിച്ചതിനാലുമാണ് മണൽ ഖനനം നിർത്തിവയ്ക്കാനിടയായത്.

(സി) വ്യക്തിഗത ഗൃഹനിർമ്മാണത്തിനുള്ള മണലിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനു

വേണ്ടി സർക്കാർ ഉത്തരവ് (കൈ) നമ്പർ 13/2014/പരി. തീയതി 15-11-2014 പരിസ്ഥിതി (എ) വകുപ്പ് പ്രകാരം മണൽ ഖനനത്തിനുള്ള അനുമതിയിൽ ഇളവ് വരുത്തുകയും ഇതേത്തുടർന്ന് 2014 നവംബർ 24 മുതൽ 3 മാസത്തേക്ക് മണൽ ഖനനത്തിന് താൽക്കാലിക അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) സർക്കാർ ഉത്തരവ് (കൈ) നമ്പർ 13/2014/പരി. തീയതി 15-11-2014 പരിസ്ഥിതി (എ) വകുപ്പ് പ്രകാരം വ്യക്തിഗത ഗൃഹനിർമ്മാണത്തിനുള്ള മണലിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി മണൽ ഓഡിറ്റ് പൂർത്തിയായിട്ടുള്ള 20 നദികളിൽ നിന്നും മണൽ ഖനനം നടത്തുന്നതിന് നിയമാനുസൃത അനുവാദം നൽകുന്നതിന് അപേക്ഷ സമർപ്പിക്കാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുകയും മണൽ ഓഡിറ്റിംഗ് പൂർത്തിയായിട്ടില്ലാത്ത നദികളിൽ നിന്നും 3 മാസക്കാലയളവിനുള്ളിൽ മണൽ ഓഡിറ്റിംഗ് പൂർത്തിയാക്കുമെന്ന വ്യവസ്ഥയോടെ 3 മാസം വരെ മണൽ ഖനനം നടത്തുന്നതിന് താൽക്കാലികാനുമതി നൽകുകയും വീട് നിർമ്മാണത്തിന് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിന്റെ അതിർത്തിയിലൂടെ മണൽ കൊണ്ടു വരുന്നത് സുഗമമാക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. 28-10-2014-ന് ചേർന്ന റിവർ മാനേജ്മെന്റ് സംസ്ഥാന ഉന്നതതല സമിതിയിൽ മണൽ ഓഡിറ്റ് പൂർത്തിയാവുകയും നടപടി റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ചെയ്യുന്ന പക്ഷം നദികളിൽ നിന്നും മണൽ ഖനനം നടത്തുന്നതിനും ഇ-സാന്റ് പദ്ധതിയിലൂടെ മണൽ വിതരണം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ അനധികൃത മണൽ കടത്തിനിടെ കണ്ടുകെട്ടുന്ന മണൽ പൊതുമരാമത്ത് വില നിരക്കിൽ നിർമ്മിതി കേന്ദ്രയുടെ കലവറ വഴി വിതരണം ചെയ്യുന്നുമുണ്ട്.

## വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജ് നിർമ്മാണം

210 (1267) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തരൂർ മണ്ഡലത്തിലെ വടക്കഞ്ചേരി കമ്മ്യൂണിറ്റി കോളേജിന് കെട്ടിടം നിർമ്മിക്കാനായി വടക്കഞ്ചേരി പഞ്ചായത്തിൽ റവന്യൂ വകുപ്പിന്റെ കൈവശമുള്ള ബ്ലോക്ക് 45-ൽ റീ-സർവ്വേ 28/1, 28/2-ൽപ്പെട്ട 185.25 സെന്റ് ഭൂമി പട്ടികജാതി വകുപ്പിന് നല്കണമെന്ന ആവശ്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഭൂമി പട്ടികജാതി വകുപ്പിന് വിട്ടുകൊടുക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കുമോ ;

(സി) ഈ ഭൂമി ആവശ്യപ്പെട്ട് കമ്മ്യൂണിറ്റി കോളേജ് പി.ടി.എ. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ് WP(c) 20732/13 പിൻവലിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ ഭൂമി പട്ടികജാതി വകുപ്പിന് കൈമാറുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ ; ഇല്ലെങ്കിൽ ഭൂമി കൈമാറുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഭൂമി കൈമാറ്റ നിർദ്ദേശം സർക്കാരിൽ ലഭ്യമായിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഭൂമി കൈമാറ്റ നിർദ്ദേശം ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

**ചാത്തന്നൂർ-പരവൂർ റോഡിന്റെ ഭാഗങ്ങൾ**

211 (1268) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം താലൂക്കിലെ മീനാട് വില്ലേജ് ഓഫീസ് പരിധിയിൽ ചാത്തന്നൂർ- പരവൂർ റോഡിന്റെ ഭാഗങ്ങൾ സ്വകാര്യവ്യക്തികൾ കയ്യേറ്റം നടത്തി സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിൽ നിന്നും പരാതി ലഭിച്ചിരുന്നുവോ ;

(ബി) എങ്കിൽ പ്രസ്തുത ഭൂമി കയ്യേറ്റക്കാരിൽ നിന്നും തിരികെയെടുക്കുവാൻ നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത റോഡിന്റെ നിർമ്മാണ ജോലികൾ ആരംഭിക്കേണ്ടതിനാൽ നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) കൊല്ലം അഡീഷണൽ തഹസിൽദാർക്ക് പരാതി ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷയിന്മേൽ ചാത്തന്നൂർ പൊതുമരാമത്ത് നിരത്ത് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ മീനാട് വില്ലേജിലെ

ബ്ലോക്ക് 32-ൽ സർവ്വെ 231/13-ന്റെ അതിർത്തി 19-9-2014-ൽ പുനർ നിർണ്ണയം ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത റോഡ് കയ്യേറ്റ സ്ഥലത്തോട് ചേർന്നുള്ള വസ്തുക്കളുടെ റവന്യൂ ലിസ്റ്റ് എത്രയുംവേഗം തയ്യാറാക്കി നൽകുവാൻ ജില്ലാ കളക്ടർ മീനച്ചിൽ വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ചെറുവണ്ണൂർ-കൊളത്തറ റോഡിന്റെ സ്ഥലമെടുപ്പ് നടപടി**

212 (1269) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിലെ ചെറുവണ്ണൂർ-കൊളത്തറ റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ എത്രത്തോളമായെന്ന് വ്യക്തമാക്കുമോ ;

(ബി) സ്ഥലമെടുപ്പ് നടപടികൾക്ക് 2006-ൽ ഉത്തരവായിട്ടും ഇതുവരെ പ്രവർത്തനങ്ങൾ തുടങ്ങാത്തതെന്തുകൊണ്ടാണെന്ന് അറിയിക്കുമോ ;

(സി) ഇക്കാര്യത്തിൽ അലംഭാവം ഉണ്ടായത് ആരുടെ ഭാഗത്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ഡി) ഉത്തരവാദിത്തരഹിതമായി പ്രവർത്തിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ;

(ഇ) ഈ പ്രവൃത്തി തുടരുവാൻ പ്രത്യേക സർക്കാർ ഉത്തരവിനായി കളക്ടർ നിർദ്ദേശം സമർപ്പിച്ചതിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ചെറുവണ്ണൂർ-കൊളത്തറ റോഡിന്റെ സ്ഥലമെടുപ്പ് നടപടികൾ അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കാത്തതിനാൽ 26-6-2014-ൽ കാലഹരണപ്പെട്ടു.

(ബി) ചെറുവണ്ണൂർ-കൊളത്തറ റോഡിന്റെ വികസനത്തിന് സ്ഥലമേറ്റെടുക്കുന്നതിന് 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചെങ്കിലും ഭൂമിയും അലൈൻമെന്റും പൊരുത്തപ്പെടാത്തതിനാൽ ആയത് വീണ്ടും തിരുത്തി ഉത്തരവാകേണ്ടിവന്നു. അതനുസരിച്ച് 15-3-2012-ൽ പ്രഖ്യാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ചു. 10-9-2013, 24-10-2013 തീയതികളിൽ ജില്ലാതല പർച്ചേസ് കമ്മിറ്റി ചേർന്ന് ചർച്ച നടത്തിയെങ്കിലും വില സംബന്ധിച്ച് ധാരണയിലെത്താൻ കഴിയാഞ്ഞതിനാൽ എൽ.എ. നിയമപ്രകാരം ഭൂമി ഏറ്റെടുക്കുവാൻ തീരുമാനിക്കുകയുണ്ടായി. അവാർഡ് പാസ്സാക്കാൻ ഫണ്ടിന്

അപേക്ഷിച്ചെങ്കിലും അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കാത്തതിനാൽ സ്ഥലമെടുപ്പ് നടപടികൾ 26-6-2014-ൽ കാലഹരണപ്പെട്ടു.

(സി&ഡി) 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചെങ്കിലും ഏറ്റെടുക്കേണ്ട ഭൂമിയും അലൈൻമെന്റും പോരുത്തപ്പെടാത്തതിനാൽ ആയത് വീണ്ടും തിരുത്തി ഉത്തരവാകേണ്ടി വന്നതുകൊണ്ടും അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കാത്തതുകൊണ്ടുമാണ് സ്ഥലമെടുപ്പ് നടപടിക്ക് കാലതാമസമുണ്ടായത്.

(ഇ) സ്ഥലമെടുപ്പ് നടപടികൾക്ക് വീണ്ടും അംഗീകാരം നൽകണമെന്നാവശ്യപ്പെട്ട് ജില്ലാ കളക്ടർ 26-10-2014-ൽ സമർപ്പിച്ച പ്രൊപ്പോസൽ 60260/ബി 2/2014/റവ ഫയലായി പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായത്തിനായി കൈമാറിയിട്ടുണ്ട്.

**കൊയിലാണ്ടിയിലെ ഉള്ളൂർക്കടവ് പാലം**

213 (1270) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മണ്ഡലത്തിലെ വളരെ പ്രധാനപ്പെട്ട പദ്ധതിയായ ഉള്ളൂർകടവ് പാലം സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട റവന്യൂ എൽ.എ. വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുന്നതിനായി എസ്.എൽ.ഇ.സി. മുൻപാകെ സമർപ്പിച്ച അപേക്ഷയിൽ ഇതുവരെയും തീരുമാനമാവാത്ത സ്ഥിതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോഴിക്കോട് കലക്ടേറ്റിൽ നിന്നും ഇതിനായുള്ള അപേക്ഷ എന്നാണ് എസ്.എൽ.ഇ.സി. മുൻപാകെ സമർപ്പിക്കപ്പെട്ടിട്ടുള്ളത് എന്നത് വിശദമായി വ്യക്തമാക്കാമോ ;

(സി) ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിന് എസ്.എൽ.ഇ.സി.-യിൽ എന്താണ് തടസ്സം എന്നത് വ്യക്തമാക്കാമോ ; തടസ്സങ്ങൾ ഉണ്ടെങ്കിൽ അതിനുള്ള പരിഹാര നടപടികൾ എന്തെല്ലാം എന്നത് വിശദമാക്കാമോ ;

(ഡി) എസ്റ്റിമേറ്റിന് എസ്.എൽ.ഇ.സി .അംഗീകാരം നൽകാത്തതിനാൽ സ്ഥലമെടുപ്പ് നടപടികൾ അനിശ്ചിതാവസ്ഥയിൽ നിൽക്കുന്ന അവസ്ഥ സർക്കാർ കാണുന്നുണ്ടോ ?

<u>ഉത്തരം</u>

(എ-സി) ഉള്ളൂർക്കടവ് പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനുള്ള സ്ഥലമേറ്റെടുപ്പ് നടപടികളുടെ ഭാഗമായി ജില്ലാതല പർച്ചേസ് കമ്മിറ്റിയുടെ

ശിപാർശ 30-11-2013-ൽ ഗവൺമെന്റിൽ ലഭിച്ചിട്ടുണ്ട്. 1-1-2014 മുതൽ "Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013" നിലവിൽ വരികയും എന്നാൽ അതനുസരിച്ചുള്ള ചട്ടങ്ങൾ രൂപീകരിക്കാത്തതിനാൽ നിലവിലുണ്ടായിരുന്ന 1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ തുടരുവാൻ കഴിയാത്ത സാഹചര്യമാണ്. പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ചട്ടങ്ങൾ രൂപീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയത് അംഗീകരിക്കുന്ന മുറയ്ക്ക് സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുന്നതാണ്. പുതിയ ആക്ടിലെ ചട്ടങ്ങൾ രൂപീകരിക്കുന്നതുവരെ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റിയുടെ അടുത്ത യോഗത്തിൽ ഈ വിഷയം പരിഗണിക്കുന്നതാണ്.

(ഡി) അടുത്ത എസ്.എൽ.ഇ.സി. യോഗത്തിൽ ഈ വിഷയം പരിഗണിക്കുന്നതാണ്.

**പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം**

214 (1271) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 11-6-2012-ലെ സ.ഉ. (എംഎസ്.) നമ്പർ 239/12/ഡി.എം.ഡി. പ്രകാരം നൽകിവന്നിരുന്ന നഷ്ടപരിഹാരം ഗണ്യമായി വെട്ടിക്കുറച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൂടുതൽ കൃഷിനാശം സംഭവിച്ച തെങ്ങ്, വാഴ എന്നിവയ്ക്ക് നൽകിവന്നിരുന്ന നഷ്ടപരിഹാരത്തുക ഭീമമായി വെട്ടിക്കുറച്ചതിനാൽ കർഷകർക്ക് സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ കർഷകരുടെ ബുദ്ധിമുട്ടുകൾക്ക് പരിഹാരമായി 11-6-2012-ലെ സർക്കാർ ഉത്തരവ് പുനഃസ്ഥാപിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) SDRF/NDRF മാനദണ്ഡത്തിനെക്കാൾ ഉപരിയായി കർഷകർക്ക് ധനസഹായം നൽകുന്നതിന് ദുരന്ത നിവാരണ വകുപ്പിൽ ഫണ്ട് ലഭ്യമല്ല. കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാനദണ്ഡമനുസരിച്ച് മാത്രമേ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ധനസഹായം അനുവദിക്കാൻ കഴിയൂ. 21-8-2014-ലെ സ.ഉ.(എംഎസ്.) നമ്പർ 361/2014/ഡി.എം.ഡി. നമ്പർ പ്രകാരമാണ് നിലവിൽ ധനസഹായം അനുവദിക്കുന്നത്. എസ്.ഡി.ആർ.എഫ്.

മാനദണ്ഡങ്ങൾ അധികരിച്ച് കൃഷിനാശത്തിന് ധനസഹായം നൽകുന്നത് അധിക സാമ്പത്തിക ബാധ്യത വരുത്തുമെന്ന് കൃഷി വകുപ്പ് വിലയിരുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം കൃഷി വകുപ്പ് പരിശോധിച്ചുവരികയാണ്.

**വഴുതക്കാടിൽ ഹിന്ദുവനിതാ സംഘം അനധികൃതമായി കൈവശം വച്ചുവരുന്ന സർക്കാർ ഭൂമി**

215 (1272) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ വഴുതക്കാടിൽ ഹിന്ദു വനിതാ സംഘം അനധികൃതമായി കൈവശം വച്ചുവരുന്ന സർക്കാർ ഭൂമി പ്രസ്തുത സംഘത്തിന് തന്നെ പാട്ടത്തിന് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; പ്രസ്തുത സംഘത്തിന്റെ പ്രവർത്തനം നിലച്ചിട്ട് വർഷങ്ങൾ പിന്നിട്ടതായി അറിയാമോ ;

(ബി) പ്രസ്തുത സംഘം സർക്കാരിൽ അടച്ചുതീർക്കാനുണ്ടായിരുന്ന തുക എത്രയായിരുന്നു ; ഇക്കാര്യത്തിൽ കോടതിയിൽ വന്ന കേസ് നടത്താത്തതിന് സർക്കാരിന്റെ ഭാഗത്ത് വീഴ്ച വന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; കേസ് നടത്തിയതിലെ വീഴ്ചമൂലം പാട്ടക്കുടിശ്ശിക തുകയിൽ കോടതി ഇളവ് നൽകിയിട്ടുള്ളതായി അറിയാമോ ;

(സി) തിരുവനന്തപുരം നഗരത്തിലെ നിർണ്ണായക സ്ഥലത്തുള്ള പ്രസ്തുത ഭൂമി സർക്കാരിൽ നിലനിർത്താൻ നടപടി സ്വീകരിക്കുമോ; ഈ സ്ഥലം സഹകരണ ഭവൻ നിർമ്മാണത്തിന് വിട്ടുനൽകാൻ സഹകരണ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നുവോ ; വിശദമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത സർക്കാർ ഭൂമി ഉപയോഗിക്കാതെയും പാട്ടക്കുടിശ്ശിക അടയ്ക്കാത്തതിന്റെയും അവിടെ സംഘത്തിന്റെ പ്രവർത്തനം നിലച്ചതിന്റെയും അടിസ്ഥാനത്തിൽ 12-8-2009-ലെ WP(C) 29382/2003-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 30-4-2012-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്.)179/2012/റവ നമ്പർ ഉത്തരവ് പ്രകാരം ടി സ്ഥലം സർക്കാർ തിരികെ ഏറ്റെടുത്തിട്ടുണ്ട്.

(ബി) ഹിന്ദു വനിതാസംഘം 31-10-2014 വരെ 80,79,161 രൂപ പാട്ടക്കുടിശ്ശിക

ഇനത്തിൽ ഒടുക്കേണ്ടതുണ്ട്. ഹൈക്കോടതിയിൽ ഹിന്ദുവനിതാ സംഘം ഫയൽ ചെയ്ത WP(C) No. 24563/12 ഉം 27880/12 നമ്പർ റിട്ട് പെറ്റീഷനുകളിന്മേൽ 10.00 ലക്ഷം രൂപ പാട്ടക്കുടിശ്ശിക അടയ്ക്കാൻ ബഹുമാനപ്പെട്ട കോടതി ഉത്തരവായിട്ടുണ്ട്. എന്നാൽ പാട്ടക്കുടിശ്ശിക തുകയിൽ ഇളവ് അനുവദിച്ചിട്ടില്ല. പ്രസ്തുത കേസിൽ സർക്കാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്.

(സി) ഹിന്ദുവനിതാ സംഘം WP(C) No.28999/12 നമ്പരായി ഫയൽ ചെയ്തിട്ടുള്ള റിട്ട് ഹർജി ഇപ്പോൾ ഹൈക്കോടതിയുടെ പരിഗണനയിലാണ്. ജി.ഒ. (എംഎസ്.) നമ്പർ 190/2012/റവ നമ്പർ ഉത്തരവ് പ്രകാരം ടി സ്ഥലം സഹകരണ ഭവൻ നിർമ്മാണത്തിന് സഹകരണ വകുപ്പിന്റെ ആവശ്യപ്രകാരം കൈമാറി നൽകുന്നതിന് ഉത്തരവായിരുന്നു. എന്നാൽ ഹിന്ദു വനിതാ സംഘം പ്രവർത്തകർ സഹകരണ ഭവൻ നിർമ്മാണം തടസ്സപ്പെടുത്തുകയും തുടർന്ന് ടി സ്ഥലം ഏറ്റെടുക്കാൻ കഴിയാതെ സഹകരണ വകുപ്പ് പിന്മാറുകയും ചെയ്തു. സഹകരണ വകുപ്പിന് വേറെ ഭൂമി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

**നാമനിർദ്ദേശ പത്രികയുടെ ഭാഗമായി നൽകിയ സ്വത്തുവിവരം**

216 (1273) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇടുക്കി നിയോജക മണ്ഡലത്തിലെ സ്വതന്ത്ര സ്ഥാനാർത്ഥിയായി മത്സരിച്ച ശ്രീ. ജോയ്സ് ജോർജ്ജ് നാമനിർദ്ദേശ പത്രികയുടെ ഭാഗമായി നൽകിയ സ്വത്ത് വിവരങ്ങളിൽ ഉൾപ്പെട്ട കോട്ടകമ്പൂരിലെ അദ്ദേഹത്തിന്റെ പേരിലുള്ള ഭൂമിയെ സംബന്ധിച്ച വിവാദങ്ങൾ അന്വേഷിക്കുന്നതിന് ഉന്നത സംഘത്തെ ചുമതലപ്പെടുത്തിയിരുന്നോ ;

(ബി) ഉണ്ടെങ്കിൽ ഈ അന്വേഷണ സംഘത്തിന്റെ പ്രധാന ചുമതല ആർക്കായിരുന്നു എന്നും ഇവരുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ എന്നും അറിയിക്കാമോ ;

(സി) പ്രസ്തുത റിപ്പോർട്ടിൽ ഏതെല്ലാം നിയമലംഘനങ്ങൾ നടന്നതായിട്ടാണ് സൂചന ; ഇതിന്മേൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചുവെന്നും അറിയിക്കാമോ ;

(ഡി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ-ഡി) കുറിഞ്ഞിമല സാങ്ച്വറിയിലെയും വട്ടവട, കൊട്ടക്കാമ്പൂർ വില്ലേജുകളിലെയും സർക്കാർ ഭൂമി കയ്യേറ്റങ്ങളും, അനധികൃത പ്രവർത്തനങ്ങളും സംബന്ധിച്ച് അന്വേഷിക്കുന്നതിനായി ആഭ്യന്തരവും വിജിലൻസും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. നിവേദിത പി. ഹരന്റെ നേതൃത്വത്തിൽ 3-5-2014-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 177/2014/റവ. പ്രകാരം അന്വേഷണ സംഘം രൂപവത്ക്കരിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരികയാണ്.

**കടവന്ത്രുരുത്തി റയിൽവേ ബി ക്ലാസ് ഭൂമി**

217 (1274) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടവന്ത്രുരുത്തി വില്ലേജിൽ റയിൽവേ ബി ക്ലാസ് ഭൂമിയിലെ താമസക്കാർ ഭൂമിയുടെ കൈവശാവകാശം ലഭിക്കണമെന്നാവശ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കാര്യത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇതുമായി ബന്ധപ്പെട്ട് റെയിൽവേ അധികൃതരുമായി എന്തെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ?

ഉത്തരം

(എ) 19-ഓളം കുടുംബങ്ങൾ നിലവിൽ ടി സ്ഥലത്ത് താമസിച്ചുവരുന്നു. കൈവശത്തിന് അപേക്ഷിച്ചിട്ടില്ല.

(ബി&സി) ഇല്ല.

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

218 (1275) ശ്രീ. സി. കെ. നാണു :
ശ്രീ. മാത്യു റ്റി.തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ലക്ഷ്യം കൈവരിക്കുന്നതിൽ എത്രമാത്രം വിജയിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പദ്ധതിയിൽ ഇതിനോടകം എത്ര പേർക്ക് എത്ര സെന്റ് ഭൂമി

വീതം വിതരണം ചെയ്തു എന്ന് വിശദമാക്കാമോ ;

(സി) ഈ പദ്ധതിയുടെ ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന്റെ ചുമതലയിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2015 അവസാനത്തോടുകൂടി പദ്ധതി പ്രകാരമുള്ള സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതർക്കും 3 സെന്റ് ഭൂമി വീതം വീട് വയ്ക്കുന്ന ആവശ്യത്തിലേക്ക് പതിച്ചുനൽകാനാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. അനുയോജ്യമായ സർക്കാർ ഭൂമികൾ കണ്ടെത്തി ഭൂമി പതിവ് ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് വിവിധ ഘട്ടങ്ങളിലായി പട്ടയം നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ തന്നെ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ലിസ്റ്റിലുണ്ടായിരുന്ന മുഴുവൻ ഗുണഭോക്താക്കൾക്കും പട്ടയം നൽകാൻ കഴിഞ്ഞിട്ടുണ്ട്. മറ്റ് ജില്ലകളിൽ കണ്ടെത്തി പ്ലോട്ട് തിരിച്ചിരുന്ന ഭൂമികൾ മുഴുവനും കോടതി കേസുകൾ മുഖേനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ എതിർപ്പുകൾ മുഖേനയും ഒന്നാം ഘട്ടത്തിൽ ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. രണ്ടാം ഘട്ടത്തിൽ ലിസ്റ്റിൽ അവശേഷിക്കുന്ന പരമാവധി ഗുണഭോക്താക്കൾക്ക് ഭൂമി നൽകുന്നതിനാണ് ഊർജ്ജിതമായി ശ്രമിച്ചുവരുന്നത്.

(ബി) ഒന്നാം ഘട്ടമായി 36,491 പേർക്ക് പട്ടയം വിതരണം ചെയ്തു. കണ്ടെത്തിയ മുഴുവൻ ഭൂമിയും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) റവന്യൂ വകുപ്പ് മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നത്. ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം അപേക്ഷകരുടെ അർഹത കണ്ടെത്തുന്നതും പതിവ് നടപടികൾ സ്വീകരിക്കുന്നതും ബന്ധപ്പെട്ട തഹസിൽദാർ മാരുടെയും ജില്ലാ കളക്ടർമാരുടെയും മാത്രം ഉത്തരവാദിത്വമാണ്. അപ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഉൾപ്പെടെയുള്ള ചുമതലകൾ റവന്യൂ വകുപ്പിൽ നിയമപ്രകാരം നിക്ഷിപ്തമാവുകയും ചെയ്തിരിക്കുന്നു.

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

219 (1276) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി വിജയിപ്പിക്കുന്നതിന് എന്തെല്ലാം

നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമി നൽകുന്നതിന് പ്രത്യേക പരിഗണന നൽകാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി വിജയപ്രദമായി പൂർത്തിയാക്കുന്നതിന് ജില്ല, താലൂക്ക്, വില്ലേജ്, സംസ്ഥാന തലത്തിൽ സ്പെഷ്യൽ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. താലൂക്ക് തലത്തിൽ തഹസിൽദാരും, ജില്ലാ തലത്തിൽ ഡെപ്യൂട്ടി കളക്ടറും, സംസ്ഥാന തലത്തിൽ ലാന്റ് റവന്യൂ ജോയിന്റ് കമ്മീഷണറും സ്പെഷ്യൽ സെല്ലുകൾക്ക് നേതൃത്വം നൽകുന്നു. അപേക്ഷകരിൽ നിന്ന് പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കൃത്യമായ മാനദണ്ഡങ്ങൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. വീട് വയ്ക്കാൻ അനുയോജ്യമായ മുഴുവൻ സർക്കാർ ഭൂമികളും കണ്ടെത്താനുള്ള നിർദ്ദേശം ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയിട്ടുണ്ട്. അനധികൃത കയ്യേറ്റങ്ങൾ പൂർണ്ണമായും ഒഴിപ്പിച്ചും പാട്ടക്കാലാവധി കഴിഞ്ഞതും പാട്ട വ്യവസ്ഥകൾ ലംഘിച്ചതുമായ കേസുകളിൽ ഭൂമി തിരിച്ചെടുത്തുകൊണ്ടും, വാസയോഗ്യമായ പുറമ്പോക്ക് ഭൂമികളും മിച്ചഭൂമികളും അന്യം നിന്ന ഭൂമി തുടങ്ങി എല്ലാ വിധത്തിലുള്ള സർക്കാർ ഭൂമികളും ഉപയുക്തമാക്കി ഈ പദ്ധതി പൂർത്തിയാക്കാനുള്ള ശ്രമങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്.

(ബി) ആദിവാസികൾക്ക് അവകാശപ്പെട്ട ഭൂമി വിതരണം നടത്തുമ്പോൾ ബന്ധപ്പെട്ട നിയമപ്രകാരമുള്ള പരിഗണന നൽകിവരുന്നുണ്ട്.

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

220 (1277) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലേക്ക് നാട്ടിക നിയോജക മണ്ഡലത്തിൽനിന്ന് ലഭിച്ച അപേക്ഷകൾ എത്രയെന്ന് പഞ്ചായത്ത് തിരിച്ച് കണക്കു കൾ വ്യക്തമാക്കുമോ ;

(ബി) അപേക്ഷകർക്ക് ഭൂമി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(സി) എത്ര അപേക്ഷകർക്ക് ഭൂമി അനുവദിച്ചുവെന്നും എവിടെയെല്ലാമാണ് അനുവദിച്ചതെന്നും അറിയിക്കുമോ ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലേക്ക് നാട്ടിക മണ്ഡലത്തിൽ ലഭ്യമായിട്ടുള്ള അപേക്ഷകരുടെ എണ്ണം പഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തളിക്കുളം പഞ്ചായത്ത് | 152 |
| അന്തിക്കാട് പഞ്ചായത്ത് | 184 |
| പാറളം പഞ്ചായത്ത് | 271 |
| ചാഴൂർ പഞ്ചായത്ത് | 160 |
| താന്ന്യം പഞ്ചായത്ത് | 337 |
| നാട്ടിക പഞ്ചായത്ത് | 72 |
| വലപ്പാട് പഞ്ചായത്ത് | 161 |
| ചേർപ്പ് പഞ്ചായത്ത് | 297 |
| ആകെ | 1634 |

(ബി) പുറമ്പോക്ക് ഭൂമിയിലെ അനധികൃത കയ്യേറ്റം ഒഴിപ്പിച്ചും, വാണിജ്യ പ്രാധാന്യമില്ലാത്ത പുറമ്പോക്ക് ഭൂമികൾ തിട്ടപ്പെടുത്തിയും വിതരണം ചെയ്യാത്ത മിച്ചഭൂമികൾ കണ്ടെത്തിയും ബോട്ട്-ഇൻ-ലാന്റ് ആയ ഭൂമികൾ ഏറ്റെടുത്തും അന്യം നിൽപ്പ് ഭൂമി, മറ്റ് വകുപ്പുകളുടെ ഉടമസ്ഥതയിലുള്ളതും ഉപയോഗമില്ലാതെ കിടക്കുന്നതുമായ ഭൂമികൾ കണ്ടെത്തിയും സംഭാവനയായി സ്വകാര്യ ഭൂമി സ്വീകരിച്ചും പദ്ധതി പ്രവർത്തനം ഊർജ്ജിതമായി നടക്കുന്നു. വാസയോഗ്യമായ മുഴുവൻ സർക്കാർ ഭൂമിയും കണ്ടെത്തുന്നതിനായി 1-10-2014 മുതൽ 30-11-2014 വരെ സ്പെഷ്യൽ ഡ്രൈവ് കാലയളവായി പ്രഖ്യാപിച്ചുകൊണ്ട് ഊർജ്ജിതമായ നടപടികളാണ് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ സ്വീകരിച്ചുവരുന്നത്.

(സി) അപേക്ഷകളിൽ നിന്ന് കണ്ടെത്തിയ ഗുണഭോക്താക്കളിൽ വെങ്ങിണിശ്ശേരി വില്ലേജിലെ 28 പേർക്ക് ഒന്നാം ഘട്ടത്തിൽ പട്ടയം വിതരണം ചെയ്തിട്ടുണ്ട്.

**കരുവൻതിരുത്തി വില്ലേജ് ഓഫീസ്**

221 (1278) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും

കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുവൻതിരുത്തി വില്ലേജ് ഓഫീസ് സ്വന്തമായ കെട്ടിടത്തിലാണോ പ്രവർത്തിക്കുന്നത് ;

(ബി) കെട്ടിടം നിർമ്മിക്കുന്നതിന് സ്വകാര്യവ്യക്തി വിട്ടുതന്ന ഭൂമി ഏറ്റെടുത്തിട്ട് എത്രവർഷമായെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ ; പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) കരുവൻതിരുത്തി വില്ലേജ് ഓഫീസ് സ്വന്തം കെട്ടിടത്തിലല്ല പ്രവർത്തിക്കുന്നത്.

(ബി) 4 വർഷം കഴിഞ്ഞു. 12-10-2010-നാണ് വില്ലേജാഫീസ് നിർമ്മിക്കുന്നതിന് സ്വകാര്യ വ്യക്തി വിട്ടുതന്ന സ്ഥലം ഏറ്റെടുത്തത്.

(സി) കരുവൻതിരുത്തി വില്ലേജ് ആഫീസ് കെട്ടിടം നിർമ്മാണത്തിനായി ലഭ്യമാക്കിയിട്ടുള്ള 24 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് അടങ്ങിയ ശിപാർശയിന്മേൽ, സ്മാർട്ട് വില്ലേജ് മാതൃകയിൽ കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചുവരികയാണ്.

**കാലവർഷക്കെടുതി നേരിടാൻ ധനസഹായം**

222 (1279) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, കാലവർഷക്കെടുതി നേരിടാൻ കേന്ദ്ര സർക്കാർ എത്ര തുക അനുവദിച്ചു ; വർഷാടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം ലഭിച്ച തുകയുടെ ജില്ലാടിസ്ഥാനത്തിലുള്ള വിതരണ കണക്ക് ലഭ്യമാക്കുമോ ;

(സി) ഇക്കാര്യത്തിൽ കോങ്ങാട് മണ്ഡലത്തിൽ വിതരണം ചെയ്ത തുകയുടെ കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാലവർഷക്കെടുതി നേരിടാൻ കേന്ദ്ര സർക്കാർ ആകെ 650.61 കോടി രൂപ അനുവദിച്ചു.

വർഷാടിസ്ഥാനത്തിലുള്ള കണക്ക് ചുവടെ ചേർക്കുന്നു:

(തുക കോടിയിൽ)

| വർഷം | സംസ്ഥാന ദുരന്ത പ്രതികരണ നിധി (കേന്ദ്ര വിഹിതം) | അധിക വിഹിതം | ആകെ |
|---|---|---|---|
| 2011-12 | 103.22 | 109.69 | 212.91 |
| 2012-13 | 108.38 | 96.01 | 204.39 |
| 2013-14 | 113.81 | …. | 113.81 |
| 2014-15 | 119.50 | …. | 119.50 |
| ആകെ | 444.91 | 205.70 | 650.61 |

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കാറില്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

223 (1280) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കൂടുതൽ ഉദാരമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നല്കാമോ ;

(ബി) ധനസഹായം ലഭിക്കുന്നതിനുള്ള പരമാവധി വാർഷിക വരുമാന പരിധി ഉയർത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) ധനസഹായം അനുവദിക്കുന്നതിനുള്ള അധികാരപരിധി സംബന്ധിച്ച വിവരങ്ങൾ വിശദമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ-സി) ചില മാനദണ്ഡങ്ങൾ കൂടുതൽ ഉദാരമാക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിന് അർഹതയായി നിശ്ചയിച്ചിട്ടുള്ള വാർഷിക വരുമാനപരിധി ഇരുപതിനായിരം രൂപയിൽ നിന്നും ഒരു ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് റവന്യൂ വകുപ്പ് മന്ത്രിക്ക് അനുവദിക്കാവുന്ന തുകയായ 2,000 രൂപ 5,000 രൂപയായും, ജില്ലാ കളക്ടർമാർക്ക് അനുവദിക്കാവുന്ന തുകയായ 1000 രൂപ 2000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. ചികിത്സയ്ക്കായി ആവശ്യമെന്ന് ബോദ്ധ്യപ്പെട്ടാൽ മറ്റ് അന്വേഷണങ്ങൾ കൂടാതെയും, പ്രത്യേക സാഹചര്യങ്ങളിൽ മറ്റ് ആവശ്യങ്ങൾക്കും പതിനായിരം രൂപ വരെ മുഖ്യമന്ത്രിക്ക് അനുവദിക്കാവുന്നതാണ്. മരണം സംഭവിച്ച ദുരന്തപൂർണ്ണമായ സാഹചര്യങ്ങളിൽ ഒരു ലക്ഷം രൂപ വരെ മന്ത്രിസഭയുടെ അനുമതി കൂടാതെ മുഖ്യമന്ത്രിക്ക് അനുവദിക്കാവുന്നതാണ്. ഒരു ലക്ഷം രൂപയിൽ കൂടുതൽ ധനസഹായം അനുവദിക്കുന്നതിന് മന്ത്രിസഭയുടെ അംഗീകാരം ആവശ്യമാണ്.

**മുല്ലപ്പെരിയാർ-സുരക്ഷാ ക്രമീകരണങ്ങൾ**

224 (1281) <u>ഡോ. ടി. എം. തോമസ് ഐസക്</u> :
<u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. ബി. ഡി. ദേവസ്സി</u> :
<u>ശ്രീ. കെ. വി. അബ്ദുൽ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് അപായകരമായ വിധം ഉയർന്നിട്ടും മതിയായവിധം യാതൊരു മുന്നറിയിപ്പ് സംവിധാനങ്ങളോ സുരക്ഷാ ക്രമീകരണങ്ങളോ ഒരുക്കാതെ നിസ്സംഗത പുലർത്തിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആവശ്യമായ ക്രമീകരണങ്ങൾ ഒരുക്കാത്തതിന്റെ കാരണം അറിയിക്കാമോ ;

(ബി) നിലവിൽ എന്തൊക്കെ മുന്നറിയിപ്പ് സംവിധാനങ്ങളും സുരക്ഷാ സന്നാഹങ്ങളും സജ്ജമാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി)

1. മുല്ലപ്പെരിയാർ പ്രദേശത്ത് 6 ഭൂകമ്പ മാപിനികൾ സ്ഥാപിച്ചിട്ടുണ്ട്.
2. ഡാമിന്റെ വൃഷ്ടി പ്രദേശത്തുള്ള മഴയുടെ അളവ് അറിയുന്നതിനായി ഒരു ഓട്ടോമേറ്റഡ് വെതർ സ്റ്റേഷൻ സ്ഥാപിച്ചിട്ടുണ്ട്.
3. സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സിന്റെ രണ്ട് ടീമുകളെ ഉപ്പുതറയിലും വണ്ടിപ്പെരിയാറിലും വിന്യസിച്ചിട്ടുണ്ട്.
4. ജലനിരപ്പ് 136 അടി ആയതുമുതൽ ജില്ലാ കളക്ടറേറ്റിൽ ഉൾപ്പടെ എട്ട് കൺട്രോൾ റൂമുകൾ തുറന്നിട്ടുണ്ട്.
5. ഗ്രാമപഞ്ചായത്തിലെ ദുരന്ത നിവാരണ കമ്മിറ്റികൾ വിളിച്ചു ചേർക്കുകയും സാമൂഹ്യ ദുരന്ത നിവാരണ സംവിധാനങ്ങൾ സുസജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. പരിശീലനം സിദ്ധിച്ച 2104 വോളന്റിയർമാരെ രണ്ട് വിഭാഗങ്ങളായി തിരിച്ച് ചുമതലകളും നൽകിയിട്ടുണ്ട്.
6. 600 സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും താൽക്കാലിക റെസ്ക്യൂ ഷെൽറ്ററുകൾ കണ്ടെത്തി അവ സജ്ജമാക്കുകയും ചെയ്തതിന് പുറമേ ഈ ഷെൽറ്ററുകളിൽ പ്രത്യേക ലൈറ്റിംഗ് സംവിധാനങ്ങളും ഏർപ്പാടാക്കിയിട്ടുണ്ട്. വൈദ്യുതി ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ജനറേറ്ററുകൾ വാടകയ്ക്ക് ഏർപ്പാടാക്കുകയും ചെയ്തിട്ടുണ്ട്.
7. പീരുമേട് താലൂക്കിലെ വില്ലേജുകളിലും അസ്കാ ലൈറ്റുകളും സ്ഥാപിച്ചിട്ടുണ്ട്.

**കാലവർഷക്കെടുതിക്കുള്ള കേന്ദ്ര സഹായം**

225 (1282) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ കാലവർഷക്കെടുതിയിൽ സംസ്ഥാനത്തൊട്ടാകെ എത്ര രൂപയുടെ നാശനഷ്ടമാണുണ്ടായത് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) നാശനഷ്ടങ്ങൾക്ക് ധനസഹായമായി കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ എത്ര രൂപയാണ് ആവശ്യപ്പെട്ടത് ;

(സി) എത്ര രൂപയാണ് ധനസഹായമായി കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാന സർക്കാരിന് ലഭ്യമായതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ കാലവർഷക്കെടുതിയിൽ സംസ്ഥാനത്തൊട്ടാകെ 25832.78 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു:

(രൂപ ലക്ഷത്തിൽ)

| | | |
|---|---|---|
| 1. | ജീവഹാനിയും പരുക്കും (ജീവഹാനി-123, പരുക്ക്-24) | 194.94 |

| | | |
|---|---|---|
| 2. | വീട് നഷ്ടപ്പെട്ടത് | 2064.8 |
| 3. | ശവസംസ്കാരം | 1.23 |
| 4. | കൃഷിനാശം | 1216.9 |
| 5. | അണ സംരക്ഷണത്തിന് | 11.7575 |
| 6. | അവശിഷ്ടം നീക്കം ചെയ്യൽ | 36.7358 |
| 7. | മത്സ്യക്കുളങ്ങളുടെ നവീകരണം | 681.453 |
| 8. | ബോട്ടുകൾ | 27.702 |
| 9. | വൈദ്യുതി | 1088.0743 |
| 10. | റോഡുകളും പാലങ്ങളും | 19879.98 |
| 11. | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വസ്തുവകകൾ | 279.85 |
| 12. | കുടിവെള്ള വിതരണം | 209.86 |
| 13. | മൃഗ സംരക്ഷണം | 92 |
| 14. | വീടിനോട് ചേർന്നുള്ള കാലിത്തൊഴുത്ത് | 13 |
| 15. | ജലസേചനം | 34.5 |

(ബി) നാശനഷ്ടങ്ങൾക്ക് ധനസഹായമായി കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ ആകെ 25832.78 ലക്ഷം രൂപയുടെ ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) കേന്ദ്ര സർക്കാരിൽ നിന്നും ധനസഹായം ഒന്നുംതന്നെ ലഭ്യമായിട്ടില്ല.

**ഭൂരഹിതരില്ലാത്ത കേരളം 2015 പദ്ധതി**

226 (1283) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം 2015 പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഭൂരഹിതരായവർക്ക് നൽകാനുള്ള ഭൂമി കണ്ടെത്തുന്നതിനും അവ

വിതരണം ചെയ്യുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ ഒരുക്കിയിരിക്കുന്ന ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ;

(ഇ) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676-ൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത് ?

<u>ഉത്തരം</u>

(എ) കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെയുള്ള ഭൂരഹിരരില്ലാത്ത കേരളം പദ്ധതി 2015 ഇതിനകം ആരംഭിക്കുകയും ഒന്നാംഘട്ട പട്ടയ വിതരണം 14 ജില്ലകളിലും പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്.

(ബി) വാർഷിക കുടുംബവരുമാനം 75,000 രൂപയിൽ താഴെയുള്ളതും സ്വന്തമായി ഭൂമി ഇല്ലാത്തതുമായ കുടുംബങ്ങൾക്ക് വീട് വയ്ക്കുവാൻ മൂന്ന് സെന്റ് ഭൂമി വീതം പതിച്ചുകൊടുക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

(സി&ഡി) താലൂക്ക്, ജില്ല, സംസ്ഥാനതലങ്ങളിൽ സ്പെഷ്യൽ സെല്ലുകൾ രൂപീകരിച്ച് പദ്ധതി പ്രവർത്തനം ഏകോപിപ്പിച്ചുവരുന്നു. പദ്ധതിക്കാവശ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള പ്രവർത്തനം വില്ലേജാഫീസർമാർ, തഹസിൽദാർമാർ, ജില്ലാ കളക്ടർമാർ എന്നിവരുടെ മേൽനോട്ടത്തിൽ അതിവേഗം നടന്നുവരികയാണ്. അവലോകന യോഗങ്ങൾ നടത്തി പ്രവർത്തന പുരോഗതി കൃത്യമായി വിലയിരുത്തുകയും ചെയ്യുന്നു.

(ഇ) ഭൂരഹതരില്ലാത്ത കേരളം പദ്ധതി 2015 മിഷൻ 676-ൽ ഉൾപ്പെടുത്തി കൊണ്ട് വാസയോഗ്യമായ മുഴുവൻ സർക്കാർ ഭൂമിയും കണ്ടെത്തുവാൻ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ഊർജ്ജിത ശ്രമങ്ങൾ നടന്നുവരുന്നു.

**ഭൂമികേരളം പദ്ധതി**

227 (1284) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമി കേരളം പദ്ധതി നടപ്പാക്കുന്നതിന് രൂപീകരിച്ച കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ നാളിതുവരെ ഉദ്യോഗസ്ഥരുടെ ശമ്പളവും അലവൻസും കൂടാതെ എത്ര രൂപ ചെലവഴിച്ചു ;

(ബി) ഏതെല്ലാം പദ്ധതി നടപ്പാക്കാനാണ് മിഷനെ ചുമതലപ്പെടുത്തിയത് ;

ഓരോ പദ്ധതിയും എന്ന് തുടങ്ങി എന്ന് അവസാനിപ്പിക്കണം എന്നാണ് നിർദ്ദേശം നൽകിയതെന്നും ഓരോ പദ്ധതിക്കും എത്ര രൂപ വകയിരുത്തിയെന്നും വ്യക്തമാക്കാമോ;

(സി) അനുവദിച്ച തുകയിൽ 2014 ഒക്ടോബർ വരെ എത്ര രൂപ ഏതെല്ലാം പദ്ധതികൾക്കായി ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഇതിൽ എത്ര പദ്ധതികളുടെ എത്ര രൂപ വകമാറ്റി ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കേരള ലാന്റ് ഇൻഫർമേഷൻ മിഷന്റെ പ്രവർത്തനത്തിനായി 30-10-2014-വരെ ഉദ്യോഗസ്ഥരുടെ ശമ്പളവും അലവൻസും കൂടാതെ റീ-സർവ്വേയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി 5.55 കോടി രൂപയും എൻ.എൽ.ആർ.എം.പി. പദ്ധതിക്കായി 13.19 കോടി രൂപയും വനാവകാശ സർവ്വേയ്ക്കായി 1.33 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കാനാണ് മിഷനെ ചുമതലപ്പെടുത്തിയിരുന്നത് :

1. സംസ്ഥാനത്തിന്റെ റീ-സർവ്വേ 3 വർഷത്തിനുള്ളിൽ പൂർത്തിയാക്കുക.
2. സർക്കാർ ഭൂമികളുടെ റിക്കാർഡുകൾ നാളതീകരിക്കുക.
3. ഏകദേശം 27,000 ഹെക്ടറുള്ള ഭൂമി ആദിവാസികൾക്ക് നൽകുന്നതിനുള്ള സർവ്വേ റിക്കാർഡുകൾ തയ്യാറാക്കുക.
4. എൻ.എൽ.ആർ.എം.പി. സ്കീമിനുകീഴിൽ തിരുവനന്തപുരം ജില്ലയിലെ 31 വില്ലേജുകളുടെ സർവ്വേ പൂർത്തിയാക്കുക.
5. ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനിയുടെ കൈവശ ഭൂമി അളന്നതിട്ടപ്പെടുത്തി അധികമായി കമ്പനി കൈവശം വച്ചിരിക്കുന്ന ഭൂമിയുടെ വിസ്തൃതി കണ്ടെത്തുക.
6. പൊതു കാര്യങ്ങൾക്കായുള്ളതും സർക്കാർ കാലാകാലങ്ങളിൽ ഏൽപ്പിക്കുന്നതുമായ പ്രത്യേക പദ്ധതികളുടെ സർവ്വേ ജോലികൾ ചെയ്യുക.

മുകളിൽ പറഞ്ഞിരിക്കുന്നവയിൽ 2 മുതൽ 6 വരെയുള്ള പദ്ധതികൾക്ക്

പ്രത്യേക സമയപരിധി നിശ്ചയിക്കപ്പെട്ടിട്ടില്ല. റീ-സർവ്വേയും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി 5.55 കോടി രൂപയും ആദിവാസി ഭൂമി സർവ്വേ പ്രവർത്തനങ്ങൾക്കായി 1,86,68,143 രൂപയും എൻ.എൽ.ആർ.എം.പി. പ്രവർത്തനങ്ങൾക്കായി ആകെ 39,69,51,243 രൂപയും അനുവദിച്ചിട്ടുണ്ട്.

(സി) റീ-സർവ്വേയും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി 5.55 കോടി രൂപയിൽ 4.08 കോടി രൂപ ചെലവഴിച്ചു. ആദിവാസി ഭൂമി സംബന്ധമായ സർവ്വെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച 1,86,68,143 രൂപയിൽ 1,33,29,793 രൂപ ചെലവഴിച്ചു. എൻ.എൽ.ആർ.എം.പി. പദ്ധതിക്കായി അനുവദിച്ച 39.70 കോടി രൂപയിൽ 13.19 കോടി രൂപ ചെലവഴിച്ചു.

(ഡി) മിഷന്റെ റീ-സർവ്വേയും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കുമായി നൽകിയിരുന്ന 5.55 കോടി രൂപയിൽ 1,44,971 രൂപ ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനിയുടെ കൈവശം വച്ചിരിക്കുന്ന ഭൂമി കണ്ടെത്തുന്നതിനായുള്ള സർവ്വേ സംബന്ധമായ ചെലവുകൾക്കായി ഉപയോഗിച്ചിട്ടുണ്ട്.

**ഭൂരഹിത കേരളം പദ്ധതി**

228 (1285) ശ്രീ. കെ. എം. ഷാജി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിത കേരളം പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദ വിവരം നൽകാമോ ;

(ബി) സംസ്ഥാനത്തെ മൊത്തം ഭൂരഹിതരുടെ കണക്ക് ലഭ്യമാണോ ; ആണെങ്കിൽ ഭൂരഹിതരുടെ എണ്ണം എത്രയാണെന്നും, എത്ര പേർക്ക് ഇതേ വരെ ഭൂമി നല്കാനായിട്ടുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) ഭൂരഹിതർക്ക് നല്കാൻ ഭൂമി ലഭ്യമാക്കുക എന്ന ഉദ്ദേശത്തിൽ, ഭൂപരിഷ്കരണ നിയമത്തിൽ വരുത്തിയ ഭേദഗതി പ്രകാരം ഈ ആവശ്യത്തിന് കൂടുതൽ ഭൂമി ലഭ്യമാക്കാനായിട്ടുണ്ടോ ; എങ്കിൽ അതുസംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ വിലയിരുത്തൽ, ലാന്റ് റവന്യൂ കമ്മീഷണർ, റവന്യൂ മന്ത്രി, റവന്യൂ സെക്രട്ടറി, എന്നിവർ നടത്തിയിട്ടുണ്ട്. പദ്ധതിയിൽ വിവിധ ഘട്ടങ്ങളിലായി പട്ടയവിതരണം നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്. ഒന്നാംഘട്ട പട്ടയ വിതരണം 14 ജില്ലകളിലും നടന്നുകഴിഞ്ഞു. ഇതിൽ കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ അർഹരായി കണ്ടെത്തിയ മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ ജില്ലകളെ ഭൂരഹിതരില്ലാത്ത ജില്ലകളായി പ്രഖ്യാപിച്ചു. രണ്ടാംഘട്ടത്തിൽ പരമാവധി ഗുണഭോക്താക്കൾക്ക് ഭൂമി നൽകണമെന്ന ഉദ്ദേശത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ ജില്ലാകളക്ടർമാർ ഊർജ്ജിതമായി നടത്തിവരികയാണ്.

(ബി) വിവിധ തലങ്ങളിലുള്ള അന്വേഷണത്തിന്റെ ഫലമായി 2,43,928 ഭൂരഹിത കുടുംബങ്ങളുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചു. പദ്ധതി പ്രകാരം രണ്ടാംഘട്ടത്തിൽ വിവിധ റവന്യൂ ഓഫീസുകൾ മുഖേന സമർപ്പിച്ചിരുന്ന അപേക്ഷകളിന്മേൽ അന്വേഷണം നടത്തി മാനദണ്ഡങ്ങൾക്കനുസൃതമായാണ് പദ്ധതിയുടെ ഗുണഭോക്താക്കളായ ഭൂരഹിത കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്. പിന്നീട് ലഭിച്ച അപേക്ഷകളിൽ അന്വേഷണം നടത്തിവരുന്നു.

(സി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി-2015-ൽ വീട് വയ്ക്കുന്നതിന് അനുയോജ്യമായ റവന്യൂ ഭൂമി കൂടാതെ അന്യം നിൽപ്പ് ഭൂമി (Escheat Land), മിച്ച ഭൂമി (Surplus Land), ബോട്ട്-ഇൻ-ലാന്റ് (Bought-in-Land) തുടങ്ങി എല്ലാവിധ സർക്കാർ ഭൂമികളും ഈ പദ്ധതിക്കായി പ്രയോജനപ്പെടുത്തുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

## ഈഗിൾ പ്ലാന്റേഷൻ കോളനിയിലെ താമസക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി

229 (1286) <u>ശ്രീ. പി. റ്റി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ ഈഗിൾ പ്ലാന്റേഷൻ കോളനിയിലെ താമസക്കാർക്ക് പട്ടയം നൽകുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

### ഉത്തരം

പതിച്ചുനൽകിയ ഭൂമി കാലപരിധിക്കുമുമ്പ് കൈമാറിയവരുടെ പട്ടയങ്ങൾ റദ്ദ് ചെയ്തിരുന്നു. ഇങ്ങനെ റദ്ദ് ചെയ്യപ്പെട്ട പട്ടയ ഭൂമിയിൽ ഇപ്പോഴും താമസിക്കുന്നവരെ നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ അർഹരെന്ന് ബോദ്ധ്യപ്പെട്ട മുഴുവൻ കൈവശക്കാർക്കും മുൻഗണന നൽകി ആറ് സെന്റ് വരെയുള്ള ഭൂമിക്ക് പട്ടയം

നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അർഹരായവരുടെ ലിസ്റ്റ് തയ്യാറാക്കി പട്ടയം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## കോഴിക്കോട് ജില്ലയിലെ റിവർ മാനേജ്മെന്റ് ഫണ്ട്

230 (1287) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിവർ മാനേജ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി പുഴ തീരം സംരക്ഷിക്കുന്നതിനുള്ള എത്ര പ്രവൃത്തികൾക്ക് 2012-13, 2013-14, 2014-15 വർഷങ്ങളിൽ കോഴിക്കോട് ജില്ലയിൽ ഭരണാനുമതി നല്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ കുറ്റ്യാടി മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന പ്രവൃത്തികൾ ഏതെല്ലാം എന്നും ഓരോ പ്രവൃത്തിക്കും വകയിരുത്തിയ തുക എത്രയെന്നും ഓരോ പ്രവൃത്തിയുടെയും ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) റിവർ മാനേജ്മെന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി പുഴതീരം സംരക്ഷിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ താഴെപ്പറയും പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

| | | |
|---|---|---|
| 2012-13 | - | 11 പ്രവൃത്തികൾ |
| 2013-14 | - | 52 പ്രവൃത്തികൾ |
| 2014-15 | - | ഇല്ല. |

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ഡാറ്റാബേസ് വെരിഫിക്കേഷൻ സംവിധാനം

231 (1288) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡാറ്റാബേസ് വെരിഫിക്കേഷൻ സംവിധാനം നടപ്പിലാക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത സംവിധാനത്തിൽ കൂടുതൽ സർട്ടിഫിക്കറ്റുകൾ ഉൾപ്പെടുന്ന കാര്യം പരിഗണിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നിലവിൽ എത്ര വില്ലേജ് ഓഫീസുകളിൽ ഇത് നടപ്പിലാക്കിയിട്ടുണ്ട്? വിശദാംശം നൽകുമോ ;

(ഡി) പ്രസ്തുത സംവിധാനം മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഭക്ഷ്യ-പൊതുവിതരണ വകുപ്പിന്റെയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും (എസ്.എസ്.എൽ.സി. 2001 മുതലുള്ളത്) മോട്ടോർവാഹന വകുപ്പിന്റെയും ഡാറ്റാബേസുകൾ ഓൺലൈനായിത്തന്നെ പരിശോധിക്കാൻ നിലവിൽ റവന്യൂ വകുപ്പിന് സാധിക്കുന്നതാണ്. കൂടുതൽ വകുപ്പുകളുടെ ഡാറ്റാബേസുകൾ വെരിഫിക്കേഷന് ലഭ്യമാക്കുന്നതിന് സ്റ്റേറ്റ് ഐ.റ്റി. മിഷൻ വഴി നടപടി സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ 24 ഇനം സർട്ടിഫിക്കറ്റുകൾ നൽകിവരുന്നുണ്ട്. കൂടാതെ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റുകൂടി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) സംസ്ഥാനത്തെ 1630 വില്ലേജുകളിൽ ഇത് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പുതുതായി രൂപീകരിച്ചിട്ടുള്ള 30 വില്ലേജുകളിലും സാങ്കേതിക കാരണത്താൽ നടപ്പിലാക്കാൻ കഴിയാത്ത വില്ലേജുകളിലും ഈ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന്

1. എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അദ്ധ്യക്ഷനായിട്ടുള്ള ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റികൾ രൂപീകരിച്ചിട്ടുള്ളതാണ്. ഈ പദ്ധതി തടസ്സങ്ങളില്ലാതെ മുന്നോട്ടുപോകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ അടങ്ങിയ ഉത്തരവുകളും ബന്ധപ്പെട്ട ബൈലോയും സർക്കാർ അംഗീകരിച്ച് നൽകിയിട്ടുള്ളതാണ്.

2. First in First Out (FIFO) രീതി ഇതിനോടകംതന്നെ ഈ പദ്ധതിയിൽ ഉറപ്പാക്കിയിട്ടുണ്ട്.

3. ജില്ലകളിൽനിന്നും ലഭ്യമായ അഭിപ്രായങ്ങളുടെ അടിസ്ഥാനത്തിൽ സോഫ്റ്റ്‌വെയറിൽ ഭേദഗതികൾ വരുത്തുന്നതിനായി ഐ.റ്റി. മിഷനിൽ സമർപ്പിച്ചിട്ടുണ്ട്.

4. ഇപ്പോൾ ഒരു വില്ലേജിൽ ഒരു കമ്പ്യൂട്ടർ അല്ലെങ്കിൽ ഒരു ലാപ്ടോപ്

എന്ന പ്രകാരമാണ് വിതരണം ചെയ്തിട്ടുള്ളത്. ഇത് വില്ലേജിലെ കാര്യക്ഷമമായ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്. ഇ-ഡിസ്ട്രിക്ട് സോഫ്റ്റ്‌വെയറിൽ നടപ്പിലാക്കിയിട്ടുള്ള Scrutiny, Verification, Approval എന്നീ മൂന്ന് തലങ്ങളും ഒരേ ഒരു കമ്പ്യൂട്ടർ ഉപയോഗിച്ചാണ് നടത്തിവരുന്നത്. ഇത് അപര്യാപ്തമാണെന്നും ഓരോ കമ്പ്യൂട്ടർ/ ലാപ്ടോപ്, യു.പി.എസ്. എന്നിവകൂടി അനുവദിക്കണമെന്നും വിശദമായ പട്ടിക സഹിതം ഐ.റ്റി. മിഷനോട് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്.

**ഭൂമാഫിയകൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി**

232 (1289) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമാഫിയകൾ അനധികൃതമായി കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി തിരിച്ചു പിടിക്കുന്നതിൽ സർക്കാർ പൂർണ്ണ പരാജയമാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സർക്കാർ ഭൂമി തിരിച്ചു പിടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാരിന്റെ കാലത്ത് സ്വീകരിച്ചത് ;

(സി) ഇങ്ങനെ പിടിച്ചെടുത്ത ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് നൽകിയിട്ടുണ്ടോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്തെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് 1957-ലെ കേരള സംരക്ഷണ നിയമം, 2009-ലെ കേരള ഭൂ സംരക്ഷണ (ഭേദഗതി) നിയമപ്രകാരം സർക്കാർ ഭൂമി സംരക്ഷണത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു. തൃശ്ശൂർ ജില്ലയിൽ വിവിധ താലൂക്കുകളിലായി 48 ഭൂ സംരക്ഷണ നിയമപ്രകാരമുള്ള കേസുകൾക്ക് നടപടി സ്വീകരിച്ചുവരുന്നു.

(സി) കൊല്ലം ജില്ലയിൽ 2.85 ഏക്കർ ഭൂമിയും പത്തനംതിട്ട ജില്ലയിൽ 2 ഹെക്ടർ ഭൂമിയും ഇടുക്കി ജില്ലയിൽ തർക്കവിഷയമല്ലാത്ത എല്ലാ ഭൂമിയും ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്ക് നീക്കിവച്ചിട്ടുണ്ട്. തിരുവനന്തപുരം, കോട്ടയം, വയനാട്, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിലെ NIL റിപ്പോർട്ടും ആലപ്പുഴ, എറണാകുളം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിൽ നടപടി സ്വീകരിച്ചു വരുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**ഭൂരഹിതരില്ലാത്ത കേരളം പദ്ധതി**

233 (1290) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൻകീഴിൽ എത്ര പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് ;

(ബി) അപേക്ഷിച്ചവരിൽ എത്ര പേർക്ക് ഇതിനകം ഭൂമി നൽകുകയുണ്ടായി ; സർക്കാർ നൽകിയ ഭൂമിയിൽ വീട് വച്ച് താമസം നടത്തിയവർ എത്ര ;

(സി) ഇപ്പോഴും ഭൂമി ഇല്ലാതെ അവശേഷിക്കുന്നവർ എത്രയാണ് ; ഇവർക്കെല്ലാം ഏത് തീയതിക്കകം ഭൂമി നൽകാനാണുദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി പൂർണ്ണമായും നടപ്പിലാക്കാനാവശ്യമായ ഭൂമി എത്ര ഏക്കറായിരുന്നു ; ഇതിനകം എത്ര ഏക്കർ ഭൂമി ലഭിക്കുകയുണ്ടായി ?

<u>ഉത്തരം</u>

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിലേക്ക് 2,92,012 അപേക്ഷകളാണ് ലഭിച്ചിരുന്നത്. 1-2-2014 മുതൽ 31-3-2014 വരെ അപേക്ഷ സമർപ്പിക്കാൻ അവസരം നൽകിയതിൻപ്രകാരം 67281 അപേക്ഷകൾകൂടി കിട്ടിയിട്ടുണ്ട്. ഇപ്രകാരം ആകെ 359293 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ഒന്നാംഘട്ടമായി 36491 പേർക്ക് ഭൂമി അനുവദിച്ചിരുന്നു. ചട്ടപ്രകാരം ഇവർക്ക് ഭൂമിയുടെ കൈവശംവിട്ട് കൊടുക്കുന്ന നടപടി ജില്ലകളിൽ പുരോഗമിച്ചുവരുന്നു. ഭൂമി ലഭിച്ചവരിൽ 201 പേർ ഇതിനകം വീട് പണി ആരംഭിക്കുകയോ പൂർത്തിയാക്കുകയോ ചെയ്തിട്ടുണ്ട്.

(സി) നിലവിലുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രകാരം ഉദ്ദേശം 2 ലക്ഷത്തിൽപരം ഗുണഭോക്താക്കൾക്ക് ഭൂമി നൽകാനുണ്ട്. കൂടാതെ 1-2-2014 മുതൽ 31-3-2014-വരെ ലഭ്യമായ അപേക്ഷകളിൽ അന്വേഷണം നടന്നുവരികയാണ്. 2015 അവസാനത്തോടു കൂടി അർഹരായ മുഴുവൻ ഭൂരഹിതർക്കും ഭൂമി നൽകാനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) പദ്ധതി പൂർണ്ണമായി നടപ്പിലാക്കുന്നതിന് ഉദ്ദേശം 10000 ഏക്കർ ഭൂമി ആവശ്യമുണ്ടെന്ന് കണക്കാക്കുന്നു. 36,491 പേർക്ക് മൂന്ന് സെന്റ് വീതം പട്ടയം വിതരണം ചെയ്തു. ഒന്നാം ഘട്ടത്തിൽ കണ്ടെത്തി പ്ലോട്ട് തിരിച്ച എല്ലാ ഭൂമിയും

വിതരണം ചെയ്തിട്ടില്ല. ശേഷിക്കുന്ന ഗുണഭോക്താക്കൾക്കുള്ള ഭൂമി തെരഞ്ഞെടുക്കുന്ന പ്രവർത്തനം ജില്ലകളിൽ പുരോഗമിച്ചുവരുന്നു. സർവ്വേ പ്രവർത്തനംകൂടി പൂർത്തിയായാൽ മാത്രമേ ലഭ്യമായിട്ടുള്ള ഭൂമിയുടെ കൃത്യമായ വിവരം ലഭ്യമാകുകയുള്ളൂ.

## ഫറോക്ക് ഗവൺമെന്റ് ഗണപത് ഹൈസ്കൂൾ സ്ഥലവും കെട്ടിടങ്ങളും റവന്യൂ രേഖകളിൽ കൊണ്ടുവരുന്നതിന് നടപടി

234 (1291) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫറോക്ക് ഗവൺമെന്റ് ഗണപത് ഹൈസ്കൂളിന്റെ കൈവശത്തിലിരിക്കുന്നതും 1957-ൽ മലബാർ എഡ്യൂക്കേഷൻ സൊസൈറ്റിയിൽ നിന്നും ഏറ്റെടുത്തതുമായ സ്ഥലവും കെട്ടിടങ്ങളും റവന്യൂ രേഖകളിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ നടപടികൾ സ്വീകരിക്കുമോ ;

(സി) പ്രസ്തുത സ്ഥലത്ത് സ്കൂൾ ആവശ്യത്തിനായി കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സ്ഥലത്തിന്റെ അതിർത്തി സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഉള്ളതിനാൽ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

## തൃശ്ശൂർ ജില്ലയിലെ കരിക്കാട് വില്ലേജിലെ കുടികിടപ്പുകാർ

235 (1292) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ല തലപ്പിള്ളി താലൂക്ക് കരിക്കാട് വില്ലേജിലെ സർവ്വേ നമ്പർ 110, 111-ലെ കുടികിടപ്പുകാർക്ക് പട്ടയം നൽകുന്നതിന് കാലതാമസം ഒഴിവാക്കി നടപടികൾ സ്വീകരിക്കണം എന്നാവശ്യപ്പെട്ട് എം.എൽ.എ. കലക്ടർക്ക് നൽകിയ കത്തിൽ ജില്ലാകളക്ടർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(ബി) എത്ര കുടികിടപ്പുകാർക്കാണ് ഇവിടെ ഭൂമി പതിച്ചുനൽകാനായി തീരുമാനമെടുത്തിട്ടുള്ളത് ;

(സി) കടവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ കന്നുകാലിമേച്ചിൽപുറം സ്ഥലമായ ഈ

ഭൂമി, പതിച്ചുനൽകുന്നതിനായി റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കി ഗവൺമെന്റ് ഉത്തരവിറങ്ങി 3 വർഷത്തോളമായിട്ടും പതിച്ചുനല്കാത്തതിനുണ്ടായ കാരണം എന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ഭൂമി എന്നത്തേക്ക് പതിച്ചുനൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ) തൃശ്ശൂർ ജില്ല തലപ്പിള്ളി താലൂക്ക് കരിക്കാട് വില്ലേജിലെ സർവ്വേ നമ്പർ 110, 111-ലെ കൈവശക്കാർക്ക് പട്ടയം അനുവദിക്കുന്നതിനായി താലൂക്ക്തല ഭൂമി പതിവ് കമ്മിറ്റിയുടെ അംഗീകാരത്തോടെ പതിവ് പ്രൊപ്പോസൽ അടിയന്തരമായി സമർപ്പിക്കുന്നതിന് 17-8-2012 മുതൽ തുടർച്ചയായി 6-11-2014 വരെ തലപ്പിള്ളി തഹസിൽദാർക്ക് നിർദ്ദേശം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭൂമിയിലെ 39 പേർക്ക് പട്ടയം നൽകുന്നതിനെതിരെ ആക്ഷേപം ഉണ്ടെങ്കിൽ ബോധിപ്പിക്കുവാൻ 12(1) നോട്ടീസ് നൽകിയിട്ടുള്ളതും ആക്ഷേപമില്ലാത്തതിനെ തുടർന്ന് ടി അപേക്ഷകൾ 22-11-2014 തീയതിയിൽ നടന്ന താലൂക്ക്തല ഭൂമി പതിവ് കമ്മിറ്റി അംഗീകരിച്ചിട്ടുള്ളതുമാണ്.

(ബി) നിലവിൽ 39 പേർക്ക് ഭൂമി പതിച്ചുനൽകുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്.

(സി) ടി സ്ഥലത്തുനിന്ന് റോഡ് വികസനത്തിന് ആവശ്യമായ സ്ഥലം മാർക്ക് ചെയ്ത് ലഭിക്കാൻ വൈകിയതിനാലാണ് പതിച്ചുനൽകുന്നതിന് കാലതാമസം വന്നത്.

(ഡി) 22-11-2014 തീയതിയിൽ താലൂക്ക്തല ഭൂമി പതിവ് കമ്മിറ്റി, അപേക്ഷകൾ പാസ്സാക്കിയിട്ടുള്ളതിനാൽ അടിയന്തരമായി പതിച്ചുനൽകുന്നതാണ്.

**സിറോ ലാന്റ് പദ്ധതി**

236 (1293) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് ജില്ലയിൽ ഭൂരഹിതരായി എത്രപേരുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഇതിൽ എത്രപേരാണ് സീറോ ലാൻഡ് സ്കീം പ്രകാരം ഭൂമിക്ക് അപേക്ഷ നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഭൂരഹിതർക്ക പതിച്ചുനൽകുവാനായി എത്ര ഭൂമിയാണ് ജില്ലയിൽ അളന്ന` തിട്ടപ്പെടുത്തി നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതൊക്കെ വില്ലേജുകളിൽ, എത്ര ഭൂമി വീതമാണ് സീറോ ലാൻഡ് പദ്ധതിക്കുവേണ്ടി അളന്ന് തിരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ഭൂമിയുടെ അളവുമായി ബന്ധപ്പെട്ട് പരാതികൾ ലഭ്യമായിട്ടുണ്ടോ ; ഉണ്ടെങ്കിൽ, വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം 10271 കുടുംബങ്ങളെയാണ് അർഹരായ ഭൂരഹിതരാണെന്ന് കണ്ടെത്തിയിട്ടുള്ളത്. കാസർഗോഡ് ജില്ലയിൽ ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ആദ്യഘട്ടത്തിൽ ലഭിച്ച 17905 അപേക്ഷകരിൽ അന്വേഷണപ്രകാരം അർഹരായി കണ്ടെത്തിയത് 10271 കുടുംബങ്ങളെയാണ്. അർഹരായ മുഴുവൻ പേർക്കും ഭൂമി വിതരണം ചെയ്തു. പിന്നീട് അപേക്ഷ സ്വീകരിക്കുന്ന സമയം നീട്ടിയപ്പോൾ ലഭിച്ച അപേക്ഷകളിൽ അന്വേഷണം നടന്നുവരുന്നു.

(സി) കാസർഗോഡ് ജില്ലയിൽ 927 ഏക്കർ (30900 പ്ലോട്ടുകൾ) ഭൂമി പ്രസ്തുത പദ്ധതിയിൽ അളന്നുതിട്ടപ്പെടുത്തി വിതരണത്തിനായി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ നിന്നും കാസർഗോഡ് ജില്ലയിലെ 10271 കുടുംബങ്ങൾക്ക് 3 സെന്റ് ഭൂമിവീതം ഭൂമിയുടെ പട്ടയം വിതരണം ചെയ്തു.

(ഡി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിക്കായി കാസർഗോഡ് ജില്ലയിൽ കണ്ടെത്തിയ ഭൂമിയുടെ വിവരം വില്ലേജ് തിരിച്ച് ചുവടെ ചേർക്കുന്നു:

<u>കാസർഗോഡ് താലൂക്ക് :</u>

| നമ്പർ | വില്ലേജ് | വിസ്തീർണ്ണം (ഏക്കർ) |
|---|---|---|
| 1. | അടൂർ | 7.80 |
| 2. | ആദൂർ | 2.75 |
| 3. | ബദിയടുക്ക | 8.56 |
| 4. | ബന്തടുക്ക | 0.26 |
| 5. | ബേഡടുക്ക | 76.61 |
| 6. | ബേള | 22.15 |

| | | |
|---|---|---|
| 7. | ചെമ്മനാട് | 1.54 |
| 8. | ദേലംപാടി | 8.30 |
| 9. | കാസർഗോഡ് | 10.07 |
| 10. | കാട്ടുകക്കെ | 3.99 |
| 11. | കൊളത്തൂർ | 68.18 |
| 12. | കുമ്പടാജെ | 21.92 |
| 13. | കുറ്റിക്കോൽ | 7.41 |
| 14. | മധൂർ | 0.71 |
| 15. | മുന്നാട് | 4.35 |
| 16. | മുട്ടത്തോടി | 5.08 |
| 17. | മുളിയാർ | 6.58 |
| 18. | നെക്രാജെ | 10.80 |
| 19. | നീർച്ചാൽ | 2.06 |
| 20. | പാടി | 2.21 |
| 21. | പെരുമ്പള | 0.45 |
| 22. | തെക്കിൽ | 16.52 |
| 23. | ബെള്ളൂർ | 0.93 |

മഞ്ചേശ്വരം താലൂക്ക് :

| നമ്പർ | വില്ലേജ് | വിസ്തീർണ്ണം (ഏക്കർ) |
|---|---|---|
| 1. | ആരിക്കാടി | 0.59 |
| 2. | ബാഡൂർ | 9.12 |
| 3. | ബായാർ | 4.94 |
| 4. | ഇടനാട് | 4.01 |
| 5. | എൻമകജെ | 26.64 |
| 6. | ഇച്ചിലംകോട് | 1.93 |
| 7. | ഇച്ചിലംപാടി | 7.07 |
| 8. | കടമ്പാർ | 1.16 |

| | | |
|---|---|---|
| 9. | കളിയൂർ | 2.18 |
| 10. | കണ്ണൂർ | 3.67 |
| 11. | കയ്യാർ | 25.34 |
| 12. | കിദ്ദൂർ | 0.31 |
| 13. | കൊടലമൊഗറു | 2.64 |
| 14. | കോയിപ്പാടി | 9.22 |
| 15. | കൂടൽമേർക്കള | 26.68 |
| 16. | കുബന്നൂർ | 3.78 |
| 17. | കൂളൂർ | 1.00 |
| 18. | മംഗൽപ്പാടി | 0.44 |
| 19. | മീഞ്ച | 0.88 |
| 20. | മൂടംബയൽ | 29.67 |
| 21. | മുഗു | 4.09 |
| 22. | പാത്തൂർ | 1.46 |
| 23. | പാവൂർ | 3.05 |
| 24. | പൈവാളിഗെ | 8.66 |
| 25. | പുത്തിഗെ | 1.80 |
| 26. | പുത്തൂർ | 1.58 |
| 27. | ഷേണി | 5.13 |
| 28. | തലേക്കള | 4.46 |
| 29. | കുഞ്ചത്തൂർ | 1.08 |

ഹൊസ്ദുർഗ് താലൂക്ക് :

| നമ്പർ | വില്ലേജ് | വിസ്തീർണ്ണം (ഏക്കർ) |
|---|---|---|
| 1 | അമ്പലത്തറ | 497.73 |
| 2 | അജാനൂർ | 1.12 |
| 3 | ബാര | 7.91 |
| 4 | ബല്ല | 27.53 |
| 5 | ചീമേനി | 27.44 |
| 6 | ചെറുവത്തൂർ | 1.25 |

| | | |
|---|---|---|
| 7 | ചിത്താരി | 1.86 |
| 8 | കാഞ്ഞങ്ങാട് | 1.75 |
| 9 | കയ്യൂർ | 63.07 |
| 10 | കൊടക്കാട് | 4.54 |
| 11 | മടിക്കൈ | 35.15 |
| 12 | പനയാൽ | 4.61 |
| 13 | പെരിയ | 104.63 |
| 14 | പേരോൽ | 23.34 |
| 15 | പിലിക്കോട് | 1.09 |
| 16 | പുതുക്കൈ | 0.08 |
| 17 | പുല്ലൂർ | 360.66 |

വെള്ളരിക്കുണ്ട് താലൂക്ക് :

| നമ്പർ | വില്ലേജ് | വിസ്തീർണ്ണം (ഏക്കർ) |
|---|---|---|
| 1 | ബേളൂർ | 1.66 |
| 2 | ഭീമനടി | 0.14 |
| 3 | ചിത്താരിക്കാൽ | 3.08 |
| 4 | കരിന്തളം | 40.52 |
| 5 | കിനാനൂർ | 50.95 |
| 6 | പരപ്പ | 22.30 |
| 7 | തായന്നൂർ | 6.64 |
| 8 | വെസ്റ്റ് എളേരി | 4.00 |

(ഇ) ആരിക്കാടി വില്ലേജിലെ റീ-സർവ്വേ നമ്പർ 154/1-ൽപ്പെട്ട 67 സെന്റ് സ്ഥലം ഭാവിയിൽ ഹോമിയോ ഡിസ്പെൻസറി, കുടുംബക്ഷേമ ഉപകേന്ദ്രം എന്നിവയ്ക്കായി ആവശ്യമുണ്ടെന്ന് പഞ്ചായത്ത് അധികൃതർ അപേക്ഷിച്ചിട്ടുണ്ട്. വഴിയായി ഉപയോഗിച്ച വരുന്ന സ്ഥലം പതിച്ചനൽകിയിട്ടുള്ളതായി ചുരുക്കം ചില പരാതികൾ ഉണ്ടായിട്ടുണ്ട്.

**കൊല്ലങ്കോട് ബൈപ്പാസ് റോഡ്**

237 (1294) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ കൊല്ലങ്കോട് പട്ടണത്തിലെ ഗതാഗതക്കുരുക്കിന് ശാശ്വത പരിഹാരം കാണുന്നതിന് അനുവദിച്ച കൊല്ലങ്കോട് ബൈപാസ് റോഡിന്റെ സ്ഥലം അളന്ന് തിട്ടപ്പെടുത്തി പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ ;

(ബി) എലവഞ്ചേരി, കൊല്ലങ്കോട്, കൊല്ലങ്കോട് II എന്നീ വില്ലേജുകളിൽപ്പെട്ട സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറി കൊടുക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടത് ;

(സി) ആയത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കൊല്ലങ്കോട് ബൈപ്പാസിനുവേണ്ടി 14.5204 ഹെക്ടർ സ്ഥലം നെഗോഷിയേറ്റഡ് പർച്ചേസ് മുഖാന്തരം ഏറ്റെടുക്കുവാൻ 30-9-2014-ൽ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർ ഭൂവുടമകളുമായി ചർച്ച നടത്തി വില സംബന്ധിച്ച് ധാരണയിലെത്താനായാൽ അർത്ഥനാധികാരി തുക ലഭ്യമാക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കാവുന്നതാണ്. വില സംബന്ധിച്ച് ഭൂവുടമകളുമായി ധാരണയിലെത്താ നായില്ലെങ്കിൽ പുതിയ എൽ.എ. ആക്ടിൽ പറയുന്ന നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ നടപടികൾ പൂർത്തിയാക്കുന്നതാണ്.

(സി) ജില്ലാ കളക്ടർ ഭൂവുടമകളുമായി ചർച്ച നടത്തി വില സംബന്ധിച്ച് ധാരണയിലെത്താനായാൽ അർത്ഥനാധികാരി തുക ലഭ്യമാക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കാവുന്നതാണ്. 2014 ജനുവരി ഒന്ന് മുതൽ നിലവിൽവന്ന പുതിയ എൽ.എ. ആക്ടിന്റെ അടിസ്ഥാനത്തിലാണ് സ്ഥലമെടുപ്പിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കഴിയുക. നിയമപ്രകാരമുള്ള സമയപരിധിക്കകം പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഭൂമി ഏറ്റെടുക്കുന്നത് സംബന്ധമായ സബ്റൂൾ**

238 (1295) <u>ഡോ. ടി. എം. തോമസ് ഐസക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധമായ കേന്ദ്രനിയമത്തിന്, സംസ്ഥാന സർക്കാർ സബ്ബ് റൂൾ പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ സബ്ബ് റൂൾസിന്റെ ഒരു പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത സബ്ബ് റൂൾസ് നിലവിൽ വന്നത് എന്നുമുതലാണ്; നിലവിൽ വരുന്നത് വരെ സംസ്ഥാനത്ത് എത്ര ഭൂമി ഏറ്റെടുക്കൽ നടപടികൾ പെന്റിംഗിലുണ്ടായിരുന്നു ; ജില്ല തിരിച്ച് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട 2013-ലെ Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act അനുസരിച്ചുള്ള ചട്ടങ്ങൾ സർക്കാർ അംഗീകരിച്ച് പൊതു ജനങ്ങളുടെ അഭിപ്രായം അറിയുന്നതിനായി പ്രസിദ്ധീകരണത്തിന് നൽകിയിട്ടുണ്ട്.

(ബി) ഭൂമി ഏറ്റെടുക്കുന്നത് സംബന്ധമായ കേന്ദ്ര നിയമത്തിനെ അടിസ്ഥാനമാക്കിയുള്ള കരട്ചട്ടങ്ങൾ പ്രസിദ്ധീകരണത്തിന് നൽകിയിട്ടുണ്ട്. റൂൾസ് നിലവിൽ വന്നിട്ടില്ല. ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ജില്ല തിരിച്ചുള്ള പെൻഡിംഗ് കേസുകളുടെ വിവരം താഴെ പറയുന്നു.

| നമ്പർ | ജില്ല | നിലവിലുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളുടെ എണ്ണം |
|---|---|---|
| 1. | തിരുവനന്തപുരം | 98 |
| 2. | കൊല്ലം | 36 |
| 3. | പത്തനംതിട്ട | 33 |
| 4. | ആലപ്പുഴ | 16 |
| 5. | കോട്ടയം | 63 |
| 6. | ഇടുക്കി | 23 |
| 7. | എറണാകുളം | 138 |
| 8. | തൃശ്ശൂർ | 50 |
| 9. | പാലക്കാട് | 10 |
| 10. | മലപ്പുറം | 56 |
| 11. | കോഴിക്കോട് | 43 |
| 12. | വയനാട് | 10 |
| 13. | കണ്ണൂർ | 25 |
| 14. | കാസർഗോഡ് | 13 |
| | ആകെ | 614 |

**കൊല്ലം റൂറൽ പോലീസ് ആസ്ഥാനത്തിന് കെട്ടിട നിർമ്മാണത്തിനായി ഭൂമി**

239 (1296) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം റൂറൽ പോലീസ് ആസ്ഥാനത്തിന് കെട്ടിട നിർമ്മാണത്തിനായി കല്ലട ഇറിഗേഷൻ വക ഭൂമി കൈമാറി കിട്ടുന്നതിലെ റവന്യൂ വകുപ്പുതല നടപടികൾ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിച്ച് ഭൂമി കൈമാറ്റി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കൊല്ലം റൂറൽ പോലീസ് ആസ്ഥാനത്തിനായി ശിപാർശ ചെയ്തിരുന്ന കല്ലട ഇറിഗേഷൻ വക ഭൂമി 22-12-2000-ലെ സ.ഉ.(എംഎസ്.) നമ്പർ 387/റവന്യൂ/ ആർ.ഡി. ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി റവന്യൂ ഭൂമിയാക്കി മാറ്റുകയും ആയത് രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റ വ്യവസ്ഥകൾക്ക് വിധേയമായി പോലീസ് വകുപ്പിന് കൈമാറുന്നതിനുള്ള പ്രൊപ്പോസൽ 30-10-2014-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**സർവ്വേ വകുപ്പിന്റെ കയ്യിലുള്ള പുറമ്പോക്ക് ഭൂമിയുടെ രേഖകൾ**

240 (1297) <u>ശ്രീ. കെ. കെ. നാരായണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ വകുപ്പിന്റെ കൈയ്യിലുള്ള പുറമ്പോക്ക് ഭൂമിയുടെ രേഖകൾ പൊടിഞ്ഞുപോകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത്തരം രേഖകൾ സൂക്ഷിക്കുന്നതിന് സർക്കാർ വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ; ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

(സി) ഇത്തരത്തിൽ എത്രരേഖകൾ സർവ്വേ വകുപ്പിൽ നിന്ന് പൊടിഞ്ഞു പോയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ഡി) ഇത് ഏതെല്ലാമാണെന്നും എപ്പോഴൊക്കെയാണ് ഇത് പൊടിഞ്ഞു

പോയതെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നാണ് സർവ്വേ ഡയറക്ടർ അറിയിച്ചിട്ടുള്ളത്.

(ബി) കാലപ്പഴക്കംകൊണ്ട് നാശം സംഭവിച്ചുകൊണ്ടിരിക്കുന്ന സർവ്വേ രേഖകൾ സംരക്ഷിക്കുന്നതിന് ഇ-രേഖ പദ്ധതിയിൽ ഉൾപ്പെടുത്തി സെൻട്രൽ സർവ്വേ ഓഫീസിലെ പഴയ സർവ്വേ റിക്കാർഡുകളുടെ സംരക്ഷണവും ഡിജിറ്റൈസേഷനും നടന്നുവരുന്നു. കൂടാതെ ജില്ലാതലത്തിൽ ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിച്ചുവരുന്നു.

(സി&ഡി) ഇ-രേഖ പദ്ധതിയുടെ ഭാഗമായി നടന്നുവരുന്ന ഡിജിറ്റൈസേഷൻ പ്രവർത്തനങ്ങൾ പൂർത്തിയായാൽ പൊടിഞ്ഞുപോയ രേഖകളെ സംബന്ധിച്ച് കൃത്യമായി അറിയുവാൻ സാധിക്കും. കാലപ്പഴക്കംമൂലവും നിരന്തര ഉപയോഗംമൂലവും രേഖകൾക്ക് നാശം സംഭവിക്കുന്നതിനാൽ ഏതൊക്കെ കാലയളവിലാണ് പൊടിഞ്ഞു പോയതെന്ന് കൃത്യമായി നിർണ്ണയിക്കുവാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

**തണ്ണീർത്തടങ്ങളും നെൽവയലുകളും നികത്തുന്നതുമായി ബന്ധപ്പെട്ട കേസുകൾ**

241 (1298) <u>ശ്രീ. എം. ചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 ജനവരി മുതൽ ,തണ്ണീർതടങ്ങളും നെൽവയലുകളും നികത്തുന്നതുമായി ബന്ധപ്പെട്ട്, എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത് ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര വാഹനങ്ങളാണ് പിടിച്ചെടുത്തിട്ടുള്ളത് ;

(സി) പിടിച്ചെടുത്ത വാഹനങ്ങളെല്ലാം പിഴ ചുമത്തി വിട്ടു നൽകിയിട്ടുണ്ടോ ;

(ഡി) വാഹനങ്ങൾ പിടിച്ചെടുത്ത വകയിൽ പിഴയായി എത്ര രൂപ ഇതുവരെ സർക്കാരിന് ലഭ്യമായിട്ടുണ്ട് ;

(ഇ) നെൽവയലുകളും തണ്ണീർതടങ്ങളും നികത്തുന്നതിനെതിരായി സർക്കാർ

എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ - ഇ) വിവരം ശേഖരിച്ചുവരുന്നു.

**ആട്ടോറിക്ഷ മീറ്റർ ടെസ്റ്റിംഗ്**

242 (1299) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആട്ടോറിക്ഷകളിൽ ഉപയോഗിക്കുന്ന മീറ്ററുകൾ ടെസ്റ്റ് ചെയ്ത് സീൽ ചെയ്യുന്നതിന് നിലവിൽ ഈടാക്കുന്ന ഫീസ് എത്രയാണെന്ന് വ്യക്തമാക്കുമോ; നിശ്ചിത തീയതിയിൽ ടെസ്റ്റ് നടത്തിയില്ലെങ്കിൽ അഡീഷണൽ ചാർജ്ജായി എത്ര രൂപ അടയ്ക്കണമെന്ന് പറയാമോ;

(ബി) ടെസ്റ്റ് ഡേറ്റ് കഴിഞ്ഞാൽ പ്രസ്തുത ടെസ്റ്റ് ചെയ്യുന്നതിന് ഫൈനടക്കം വൻ തുകയാണ് ഈടാക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം ഈടാക്കുന്ന തുകയെക്കാൾ കുറവാണ് പുതിയ മീറ്ററുകൾ സ്ഥാപിക്കുന്നതിന് ചെലവാകുന്നത് എന്ന കാര്യം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(സി) ആട്ടോമീറ്ററുകൾ റീ-ടെസ്റ്റ് ചെയ്യുന്നതിന് ഫൈൻ ഈടാക്കുന്നതിലൂടെ മീറ്റർ വിൽക്കുന്ന സ്വകാര്യ കമ്പനികളെയാണ് സഹായിക്കുന്നത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ ഇനത്തിലുള്ള അമിത ചാർജ്ജ് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ആട്ടോറിക്ഷ ഫെയർ മീറ്ററിന്റെ മുദ്രഫീസ് 150 രൂപയാണ്. നിശ്ചിത തീയതി കഴിഞ്ഞാൽ കുടിശ്ശികയുള്ള ഓരോ ക്വാർട്ടറിനും 75 രൂപ വീതം അഡീഷണൽ ഫീസായി അടയ്ക്കേണ്ടതുണ്ട്.

(ബി) ഉപയോഗത്തിനായി കൈവശം വയ്ക്കുന്ന മീറ്റർ ഉൾപ്പെടെയുള്ള അളവുതൂക്ക ഉപകരണങ്ങൾ യഥാസമയം മുദ്ര ചെയ്യാത്തത് 2009-ലെ ലീഗൽ മെട്രോളജി നിയമത്തിന്റെയും (കേന്ദ്ര നിയമം) 2012-ലെ കേരള ലീഗൽ മെട്രോളജി (എൻഫോഴ്സ്മെന്റ്) റൂൾസിന്റെ റൂൾ 14-ന്റെ ലംഘനവും ആയതിനാൽ ശിക്ഷാർഹമായ കുറ്റവുമാണ്. ഇതിന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ശിക്ഷ ആദ്യ കുറ്റത്തിന് 2000 മുതൽ 10000 രൂപവരെ പിഴയും ആവർത്തിച്ചുള്ള കുറ്റത്തിന് ഒരു വർഷം വരെ തടവും പിഴയും കൂടിയാണ്. ഈ കുറ്റകൃത്യം വകുപ്പ് തലത്തിൽ രാജിയാക്കുന്നതിന് കേരള ലീഗൽ മെട്രോളജി എൻഫോഴ്സ്മെന്റ്

റൂൾസിലെ റൂൾ 28 ഷെഡ്യൂൾ XII, Sl. No. 11 പ്രകാരം 2000 രൂപ പിഴ ഈടാക്കുന്നുണ്ട്.

(സി) നിയമപ്രകാരം റൂളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പിഴയാണ് ഈടാക്കുന്നത്. ഇതിന് ഏതെങ്കിലും സ്വകാര്യ കമ്പനികളെ സഹായിക്കാനാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മീറ്റർ വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾ പി.സി. റൂൾസിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പായ്ക്കറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള എം.ആർ.പി.-യേക്കാൾ കൂടുതൽ ചാർജ്ജ് ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് അപ്രകാരം ഉണ്ടെങ്കിൽ ഇങ്ങനെ ചെയ്യുന്നവർക്കെതിരെ നിയമാനുസൃതം നടപടി സ്വീകരിക്കാവുന്നതാണ്.

**കയർ മേഖല നേരിടുന്ന പ്രശ്നങ്ങൾ**

243 (1300) <u>ശ്രീ. വി. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ മേഖല നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രതിസന്ധി നേരിടുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ സർക്കാർ മുമ്പാകെ സമർപ്പിക്കപ്പെട്ടിട്ടുണ്ട്;

(സി) നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചകിരിയുടെ ദൗർലഭ്യവും അടിക്കടിയുള്ള വില വർദ്ധനവും കയർ മേഖല നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്. ഈ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി അന്യസംസ്ഥാനങ്ങളിൽ നിന്നുൾപ്പെടെ ചകിരി സംഭരിച്ച് കയർ സഹകരണ സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ നൽകാൻ കയർഫെഡിന് 2013-14 വർഷം 4,86,20,000 രൂപ സർക്കാർ നൽകി. പ്രവർത്തനക്ഷമമായ എല്ലാ സംഘങ്ങൾക്കും റിവൈവൽ പദ്ധതി പ്രകാരം പ്രവർത്തന മൂലധനം, സ്ഥിരമൂലധനം എന്നിവ 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ അനുവദിച്ചതിനെത്തുടർന്ന് ഉൽപ്പാദന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ സംഘങ്ങൾക്കായിട്ടുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 1-3-2014 മുതൽ 300 രൂപയായും ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലി 1-3-2013 മുതൽ 360 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. കൂടാതെ, ചകിരി ഉല്പാദക സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. അടിസ്ഥാന സൗകര്യ

വികസന പദ്ധതി പ്രകാരവും സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. ഈ നടപടികളിലൂടെ കയർ മേഖലയിലെ പ്രതിസന്ധി വളരെയധികം പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) കയർ മേഖലയിലെ പ്രതിസന്ധി നേരിടുന്നതിന് സർക്കാരിന് സമർപ്പിക്കപ്പെട്ട ചില പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കയർ മേഖലയിലെ ചകിരി ക്ഷാമം പരിഹരിക്കുന്നതിനായി കയർ സഹകരണ സംഘങ്ങൾക്കും കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി വിതരണം ചെയ്യുന്നതിനുള്ള പദ്ധതി.
2. കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനായി തൊണ്ട് സംഭരണം പരിഷ്കരിക്കുന്നതിനുള്ള പദ്ധതി.
3. കയർ മേഖലകളിൽ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ.
4. കയർ മേഖലകളിൽ ഉൽപ്പാദനവും തൊഴിൽ ദിനവും വർദ്ധിപ്പിക്കുന്നതിനായി കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകുന്ന പദ്ധതി.
5. കയർ മേഖലയിലെ തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി മെഷിനറികൾ, അടിസ്ഥാന സൗകര്യം എന്നിവ നൽകുന്ന പദ്ധതി.
6. പ്രൊജക്ട് അധിഷ്ഠിത സഹായം നൽകുന്നതിനുള്ള പദ്ധതികൾ.

(സി) കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും കയർ സഹകരണ സംഘങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കാൻ കയർഫെഡിന് 4,86,20,000 രൂപ 2013-14-ൽ അനുവദിച്ചത് പ്രകാരം കയർഫെഡ് നവംബർ 2013 മുതൽ 2014 മേയ്

23-വരെ 12,04,81,802 രൂപ വിലവരുന്ന 43710.82 ക്വിന്റലും 6-8-2014 മുതൽ 5-9-2014 വരെ 4,35,56,658 രൂപ വരുന്ന 16040.45 ക്വിന്റലും ചകിരി സബ്സിഡി നിരക്കിൽ നൽകി. കൂടാതെ, മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി പ്രകാരം 2011-12-ൽ 388 കയർ സഹകരണ സംഘങ്ങൾക്ക് 9,54,73,406 രൂപയും 2012-13-ൽ 440 സംഘങ്ങൾക്ക് 8,96,92,648 രൂപയും 2013-14-ൽ 78 സംഘങ്ങൾക്ക് 1,45,25,260 രൂപയും നടപ്പുവർഷം 8,84,250 രൂപയും പ്രവർത്തന മൂലധനമായി അനുവദിച്ചു. കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 300 രൂപയായും

ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലി 360 രൂപയായും വർദ്ധിപ്പിച്ചു. കയർപിരി, ഡീഫൈബറിംഗ് മേഖലകളിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് 2011-12-ൽ 1,27,50,175 രൂപയും 2012-13-ൽ 2,07,59,149 രൂപയും 2013-14-ൽ 11,20,75,971 രൂപയും നടപ്പുവർഷം ഇതുവരെ 5,30,88,482 രൂപയും അനുവദിച്ചിട്ടുണ്ട്.

നിലവിലുള്ള തൊണ്ട് സംഭരണ കൺസോർഷ്യങ്ങൾക്ക് പുറമെ ചെറുതും വലുതുമായ ഡീഫൈബറിംഗ് മെഷീനുകൾ ഉപയോഗിക്കുന്ന കയർ സഹകരണ സംഘങ്ങൾക്കും നേരിട്ട് തൊണ്ട് സംഭരിക്കുന്നതിന് സഹായകമായ രീതിയിലും ഇൻസെന്റീവുകൾ വർദ്ധിപ്പിച്ചുകൊണ്ട് തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ച് നടപ്പാക്കുന്നു. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയുള്ള ഒരു പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാനുള്ള ഒരു പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. നാളികേര വികസന ബോർഡുമായിട്ടുള്ള 90,90,000 രൂപയുടെ ഒരു പ്രൊപ്പോസലിന് സർക്കാർ അംഗീകാരം നൽകികഴിഞ്ഞു. ഉൽപ്പാദനച്ചെലവിന് അനുസൃതമായി വില നിശ്ചയിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കയർ സഹകരണ സംഘങ്ങൾക്ക് 2013-14-ൽ 3 കോടി രൂപയും നടപ്പുവർഷം ഇതുവരെ 4 കോടി രൂപയും പ്രൊഡക്ഷൻ ആന്റ് മാർക്കറ്റിംഗ് ഇൻസെന്റീവ് ഇനത്തിൽ അനുവദിച്ചു.

## കയർവ്യവസായ സ്ഥാപനങ്ങൾക്ക് ഏർപ്പെടുത്തിയ നികുതി

244 (1301) <u>ശ്രീ. പി. തിലോത്തമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന കെട്ടിട നികുതി യാതൊരു തത്വദീക്ഷയുമില്ലാതെ വർദ്ധിപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കയർ ഫാക്ടറികളുടേയും കയർ സ്ഥാപനങ്ങളുടെയും വർദ്ധിപ്പിച്ച നികുതി ഒഴിവാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് പറയാമോ;

(സി) ഇല്ലെങ്കിൽ കയർ വ്യവസായ സ്ഥാപനങ്ങളെ ഇപ്രകാരമുള്ള അധിക സാമ്പത്തിക ബാദ്ധ്യതയിൽ നിന്നും രക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) കയർ വ്യവസായ സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്ന

കെട്ടിടങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന കെട്ടിട നികുതി യാതൊരു തത്വദീക്ഷയുമില്ലാതെ വർദ്ധിപ്പിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**തൊണ്ട് ശേഖരണ കൺസോർഷ്യങ്ങൾ**

245 (1302) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര തൊണ്ടുശേഖരണ കൺസോർഷ്യങ്ങൾ രൂപീകരിച്ചിട്ടുണ്ട്;

(ബി) അവയ്ക്ക് എന്തു തുക പ്രവർത്തന മൂലധനമായി നൽകി;

(സി) ഓരോ കൺസോർഷ്യവും കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തൊണ്ട് വീതം ശേഖരിച്ചു; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 36 തൊണ്ടുശേഖരണ കൺസോർഷ്യങ്ങൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) 36 കൺസോർഷ്യങ്ങൾക്ക് പ്രവർത്തന മൂലധനമായി ആദ്യഘട്ടം 5 ലക്ഷം രൂപ വീതം 180 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം ഓരോ കൺസോർഷ്യവും ശേഖരിച്ച തൊണ്ടിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

ആലപ്പുഴ പ്രൊജക്ടിനുകീഴിലെ കൺസോർഷ്യങ്ങൾ നേരിട്ട് തൊണ്ട് സംഭരണം നടത്തുന്നില്ല. കൺസോർഷ്യങ്ങളുടെ പരിധിയിലുള്ള കയർ സഹകരണ സംഘങ്ങളും സ്വകാര്യ സ്ഥാപനങ്ങളുംകൂടി കഴിഞ്ഞ സാമ്പത്തിക വർഷം 2510285 തൊണ്ട് സംഭരിച്ചിട്ടുണ്ട്.

**പ്രാഥമിക കയർ സഹകരണ സംഘങ്ങൾക്ക് അഫിലിയേഷൻ ലഭിക്കാൻ നടപടി**

246 (1303) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർഫെഡിൽ അഫിലിയേഷനുള്ള പ്രാഥമിക കയർ സഹകരണ സംഘങ്ങൾ എത്രയാണ്;

(ബി) കയർഫെഡിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം ഏർപ്പെടുത്തിയത്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഏത് തീയതി മുതലാണ്; വിശദാംശം ലഭ്യമാക്കുമോ ;

(സി) അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി പുതുതായി ഏതെങ്കിലും പ്രാഥമിക സംഘങ്ങൾക്ക് കയർഫെഡിൽ അംഗത്വം നല്കിയിട്ടുണ്ടോ; എങ്കിൽ എത്ര സംഘങ്ങൾക്ക്; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) വോട്ടവകാശമുള്ള അംഗങ്ങളെ ചേർക്കാൻ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിക്ക് അധികാരമുണ്ടോ; ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെയടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ഇ) സഹകരണ നിയമത്തിനും, സുപ്രീം കോടതി വിധിക്കും, കോടതി നിർദ്ദേശങ്ങൾക്കും വിരുദ്ധമായി കയർഫെഡിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നടത്തുന്നതായി ഉയർന്നുവന്ന ആക്ഷേപങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കയർഫെഡിൽ 642 പ്രാഥമിക കയർ സഹകരണ സംഘങ്ങൾക്ക് അഫിലിയേഷൻ ഉണ്ട്.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവ് പ്രകാരം കയർഫെഡിൽ 20-2-2013 മുതലാണ് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി ഭരണം ഏർപ്പെടുത്തിയത്.

(സി) അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി വന്നശേഷം അപേക്ഷ സമർപ്പിച്ച 128 പ്രാഥമിക സഹകരണ സംഘങ്ങൾക്ക് കേരള സഹകരണ നിയമം വകുപ്പ് 8 എ (2) പ്രകാരം 60 ദിവസം പൂർത്തിയായ മുറയ്ക്ക് സ്വാഭാവികമായി അഫിലിയേഷൻ ലഭിക്കുകയാണ് ഉണ്ടായിട്ടുള്ളത്. അങ്ങനെ 128 സംഘങ്ങൾക്ക് അഫിലിയേഷൻ ലഭിച്ചിട്ടുണ്ട്.

(ഡി) ഇല്ല. കേരള സഹകരണ നിയമത്തിലെ വകുപ്പ് 8 എ (2) പ്രകാരം അപ്പെക്സ് സംഘത്തിൽ അഫിലിയേഷനുവേണ്ടി അപേക്ഷ സമർപ്പിച്ച് 60 ദിവസത്തിനകം തീരുമാനമെടുക്കാത്തപക്ഷം അത്തരം അഫിലിയേഷൻ നൽകപ്പെട്ടതായി കണക്കാക്കാവുന്നതാണ്.

(ഇ) കയർഫെഡുമായി ബന്ധപ്പെട്ട ചില പരാതികൾ ലഭിച്ചിട്ടുള്ളത് പരിശോധിച്ചു വരികയാണ്.

**കയർഫെഡിന്റെ ബൈലോ ഭേദഗതി നിർദ്ദേശത്തിന്മേലുള്ള നടപടി**

247 (1304) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർഫെഡിൽ സഹകരണ നിയമ ഭേദഗതിക്കനുസരണമായി വനിതാ സംവരണ മണ്ഡലങ്ങളുടെ എണ്ണം ഒന്നിൽ നിന്ന് മൂന്നാക്കി ഉയർത്താൻ കയർഫെഡിന്റെ പൊതുയോഗം ചേർന്ന് ബൈലോ ഭേദഗതി ചെയ്ത് അംഗീകാരത്തിനായി സഹകരണ രജിസ്ട്രാർക്ക് അപേക്ഷ നല്കിയത് ഏത് തീയതിയിലായിരുന്നു;

(ബി) സഹകരണ നിയമ വ്യവസ്ഥയനുസരിച്ച് എത്ര ദിവസത്തിനകം ബൈലോ ഭേദഗതി നിർദ്ദേശത്തിന്മേൽ രജിസ്ട്രാർക്ക് തീരുമാനം എടുക്കേണ്ടതായിട്ടുണ്ട്; നിശ്ചിത തീയതിക്കകം രജിസ്ട്രാർ തീരുമാനം എടുക്കുകയുണ്ടായോ; ഇല്ലെങ്കിൽ കാരണം എന്ത്;

(സി) തീരുമാനം സമയബന്ധിതമായി എടുക്കാത്തതിനെതിരെ കയർഫെഡിൽ നിന്നും ഹർജി ലഭിച്ചിരുന്നുവോ; ആയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; ഭേദഗതി നിർദ്ദേശത്തിന്മേൽ നിശ്ചിത സമയത്തിനകം തീരുമാനം എടുക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) കയർഫെഡിന്റെ പ്രസ്തുത ബൈലോ ഭേദഗതിക്കായുള്ള അപേക്ഷ ആലപ്പുഴ കയർ പ്രൊജക്ട് ഓഫീസർക്ക് 10-11-2014-ൽ ലഭിച്ചു. പ്രൊജക്ട് ഓഫീസറുടെ ശിപാർശ കത്തോടെ ടി അപേക്ഷ 25-11-2014-ൽ രജിസ്ട്രാറായ കയർ വികസന ഡയറക്ടറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ട്.

(ബി) സഹകരണ നിയമവും ചട്ടവും അനുസരിച്ച് ബൈലോ ഭേദഗതി അപേക്ഷയിന്മേൽ 90 ദിവസത്തിനകം രജിസ്ട്രാർ തീരുമാനം എടുക്കേണ്ടതുണ്ട്. 25-11-2014-ൽ ആണ് കയർഫെഡിന്റെ ബൈലോ ഭേദഗതിക്കായുള്ള അപേക്ഷ രജിസ്ട്രാർക്ക് ലഭിച്ചിട്ടുള്ളത്. പ്രസ്തുത അപേക്ഷ രജിസ്ട്രാർ പരിശോധിച്ചുവരുന്നു.

(സി) ഇതുസംബന്ധിച്ച് കയർഫെഡിൽനിന്നും ഹർജിയൊന്നും ലഭിച്ചിട്ടില്ല.

**ചകിരിച്ചോറിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന നിലയം**

248 (1305) ശ്രീ. ലൂഡി ലൂയിസ് :

ശ്രീ. വി. റ്റി. ബൽറാം :

ശ്രീ. വർക്കല കഹാർ :

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചകിരിച്ചോറിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന നിലയം സ്ഥാപിക്കാനുള്ള പദ്ധതിക്ക് കയർ ബോർഡ് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം; വിവരിക്കുമോ;

(സി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് പ്രസ്തുത പദ്ധതി വഴി ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ചകിരിച്ചോറ് അഗ്രോവെയ്സ്റ്റുമായി ചേർത്ത് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതു സംബന്ധിച്ച് മുംബൈയിലെ "സെൻസോ കൺസൾട്ടൻസി & എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ് " എന്ന സ്വകാര്യ സ്ഥാപനവുമായി കയർബോർഡ് ചർച്ചകൾ നടത്തിയിരുന്നു.

(ബി) ആവശ്യമായ സ്ഥലവും മുതൽമുടക്കും ഉണ്ടെങ്കിൽ ചകിരിച്ചോറും മേൽപ്പടി വസ്തുക്കളും ചേർത്തുപയോഗിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുമെന്ന് ടി സ്ഥാപനം അവകാശപ്പെട്ടിട്ടുള്ളതായി കയർബോർഡ് അറിയിച്ചിട്ടുണ്ട്.

(സി&ഡി) കയർബോർഡിന്റെ പ്രവർത്തന പരിധിക്കകത്തുനിന്ന് ഇതിനായി നിലയം നിർമ്മിക്കാൻ വ്യവസ്ഥയില്ലെന്നും, ചകിരിച്ചോർ മാത്രം ഉപയോഗിച്ചുള്ള വൈദ്യുതി ഉൽപ്പാദനം ലാഭകരമല്ലെന്നും ഇക്കാരണത്താൽ തുടർ നടപടികളൊന്നും എടുത്തിട്ടില്ലായെന്നും കയർ ബോർഡ് അറിയിച്ചിട്ടുണ്ട്.

**മിഷൻ 676-കയർ വകുപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ**

249 (1306) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വകുപ്പിനുകീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ്; ഇവ ഓരോന്നിനും എത്തുക വീതം നീക്കിവച്ചിട്ടുണ്ട്; ബഡ്ജറ്റ് വിഹിതത്തിന് പുറമേയാണോ ഇത്; വിശദാംശം ലഭ്യമാക്കുമോ ;

(ബി) എല്ലാ പദ്ധതികളുടേയും പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; പണി പൂർത്തീകരിച്ച ഏതെങ്കിലും പദ്ധതിയുണ്ടോ; ഇതുവരെ പണി ആരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാമാണ്?

ഉത്തരം

(എ) കയർ വകുപ്പിനുകീഴിൽ മിഷൻ 676-ൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾ താഴെപ്പറയുന്നവയാണ് :

1. കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി തൊണ്ട് സംഭരണം പരിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതി. നാളികേര വികസന ബോർഡുമായി ചേർന്ന് തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്ന പദ്ധതി. ഡീഫൈബറിംഗ് മേഖലകളിൽ ഇൻകം സപ്പോർട്ട് പദ്ധതി പ്രകാരം തൊഴിലാളികൾക്ക് ഒരു വിഹിതം വേതനം നൽകി ചകിരിയുടെ ലഭ്യത ഉറപ്പാക്കൽ.

2. കയർ മേഖലകളിൽ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, സെമി ആട്ടോമാറ്റിക് ന്യൂമാറ്റിക് തറികൾ, വില്ലോയിംഗ് മെഷീൻ, ഇലക്ട്രോണിക് റാട്ടിന്റെ പരിഷ്കരിച്ച മോഡൽ എന്നിവ വികസിപ്പിക്കുന്ന പദ്ധതി.

3. കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര-വിദേശ വിപണികൾ ശക്തിപ്പെടുത്തു ന്നതിനായി നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിപണന ഗവേഷണ വിഭാഗം ആരംഭിക്കുക.

4. കയർ മേഖലകളിൽ ഉൽപ്പാദനവും തൊഴിൽ ദിനവും വർദ്ധിപ്പിക്കുന്നതിനായി കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം നൽകുക.

5. കയർ മേഖലയിലെ തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി സംഘങ്ങൾക്ക് വർക്ക്ഷെഡ്, ടോയ്ലറ്റ്, ആധുനിക പണിസാമഗ്രികൾ എന്നിവ നൽകുന്ന പദ്ധതി.

6. ഫോം മാറ്റിംഗ്സ് ഇൻഡ്യാ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ, കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ഫാക്ടറി സ്ഥാപിക്കൽ.

പ്രസ്തുത പദ്ധതികൾക്ക് പ്രത്യേക തുക നീക്കിവച്ചിട്ടില്ല. ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ നിന്നാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

(ബി) ഏതാണ്ടെല്ലാ പദ്ധതികളുടെയും പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. കയർ മേഖലകളിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്, സെമി ആട്ടോമാറ്റിക് ന്യൂമാറ്റിക് തറികൾ, വില്ലോയിംഗ് മെഷീൻ എന്നിവ വികസിപ്പിക്കുന്ന നടപടികൾ ഏകദേശം പൂർത്തീകരിച്ചിട്ടുണ്ട്. കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര-വിദേശ വിപണികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് ആന്റ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിപണന ഗവേഷണ വിഭാഗം ആരംഭിക്കുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തൊണ്ടുസംഭരിച്ച് ചകിരിയാക്കുന്നതിന് നാളികേര വികസന ബോർഡുമായി ചേർന്നുള്ള പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. തൊണ്ടുസംഭരണം പരിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്. ഫോം മാറ്റിംഗ്സ് ഇൻഡ്യാ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനം അവസാനഘട്ടത്തിലാണ്.

## സിവിൽ സപ്ലൈസ് - വില വർദ്ധനവ്

250 (1307) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിന്റെ ഔട്ട്ലെറ്റുകളിൽ അരി, പലവ്യഞ്ജനങ്ങൾ അടക്കമുള്ള അവശ്യവസ്തുക്കളുടെ വില, എന്തു പ്രത്യേക സാഹചര്യത്തിലാണ് ഗണ്യമായ തോതിൽ വർദ്ധിപ്പിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) മന്ത്രിസഭാ തീരുമാനത്തിന്റെയോ ഏതെങ്കിലും കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരമോ ആണോ പ്രസ്തുത വിലവർദ്ധനവ് നടപ്പിൽ വരുത്തിയിരിക്കുന്നത് എന്നും, വിലവർദ്ധനവിന്റെ ഇനം തിരിച്ചുള്ള വിവരങ്ങളും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സപ്ലൈകോയുടെ പൊതുവിതരണ ശൃംഖലവഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്ന 13 ഇനം അവശ്യ ഭക്ഷ്യ വസ്തുക്കളുടെ വിൽപ്പന വില ഈ സാമ്പത്തിക വർഷം പുനർനിർണ്ണയിച്ചിട്ടുണ്ട്. സപ്ലൈകോ വാങ്ങൽ വില, കടത്തുകൂലി, കയറ്റിറക്ക് കൂലി, അഡ്മിനിസ്ട്രേറ്റീവ് ഉൾപ്പെടെയുള്ള മറ്റ് ചെലവുകൾ എന്നിവ മാസംതോറും കൂടിക്കൊണ്ടിരിക്കുകയും വിൽപ്പന വില കൂട്ടാതിരിക്കുകയും ചെയ്തതുമൂലം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതുമൂലമുള്ള നഷ്ടം വളരെയധികം വർദ്ധിക്കുകയും അത് സപ്ലൈകോയുടെ മാർക്കറ്റ് ഇടപെടൽ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രതിദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന രീതിയിൽ വളരുകയും ചെയ്തതുകൊണ്ടാണ് സർക്കാർ സബ്സിഡി സാധനങ്ങളുടെ വിൽപ്പന വില പുനർ നിർണ്ണയിച്ചത്. എന്നിരുന്നാലും സപ്ലൈകോയുടെ സബ്സിഡി വില പൊതുവിപണി വിലയേക്കാളും ശരാശരി 20 ശതമാനം മുതൽ 35 ശതമാനം വരെ കുറവാണ്. സബ്സിഡി അൽപ്പം കുറച്ച് തടസ്സമില്ലാതെ സാധനങ്ങൾ വിതരണം ചെയ്യുന്നതുമൂലം അവശ്യ സാധനങ്ങളുടെ ലഭ്യത കമ്പോളത്തിൽ വർദ്ധിക്കുന്നതിനും ഇവയുടെ പൊതുവിപണി വിലയിലെ അനിയന്ത്രിതമായ വർദ്ധനവ് നിയന്ത്രിക്കുന്നതിന് സാധിച്ചിട്ടുണ്ട്. സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില പുനർ നിർണ്ണയിച്ചതോടൊപ്പം അവയുടെ ലഭ്യത ഉറപ്പുവരുത്തുന്നത് യുക്തിസഹമായ സമീപനത്തോടെയുള്ള വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമാണ്.

(ബി) ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതി വിലവർദ്ധനവ് ശിപാർശ ചെയ്തിരുന്നു. 6-8-2014-ലെ മന്ത്രിസഭാ യോഗം വില വർദ്ധനവിന് അംഗീകാരം നൽകിയിരുന്നു. 1-12-2014-ൽ നിലവിൽ വന്ന 13 ഇനം അവശ്യ ഭക്ഷ്യ വസ്തുക്കളുടെ വില്പന വില അനുബന്ധമായി ചേർക്കുന്നു.*

**മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടി**

251 (1308) ശ്രീ. കെ. അച്ചുതൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) എല്ലാ പഞ്ചായത്തുകളിലും മാവേലി സ്റ്റോർ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആരുടെയെല്ലാം സഹായമാണ് ഇതിനായി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതിമൂലം പൊതുവിപണിയിലെ വിലവർദ്ധന എത്രമാത്രം നിയന്ത്രിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നത്. മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനായുള്ള അടിസ്ഥാന സൗകര്യങ്ങളായ അഞ്ചുവർഷത്തേക്കായുള്ള വാടകരഹിത കെട്ടിടവും കമ്പ്യൂട്ടറിനും ഫർണിഷിംഗിനുമായുള്ള ഒരു ലക്ഷം രൂപയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലഭ്യമാക്കേണ്ടതാണ്.

(സി) മാവേലി സ്റ്റോറുകളില്ലാത്ത 56 പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനായുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട പഞ്ചായത്ത് അധികാരികളുമായി സപ്ലൈകോ ഹെഡ് ആഫീസിൽനിന്നും താലൂക്ക്തല ആഫീസുകളിൽ നിന്നും കത്തിടപാടുകൾ നടത്തിവരുന്നുണ്ട്. ഇതിൽ 10 പഞ്ചായത്തുകളിൽ വിൽപ്പനശാലകൾ തുടങ്ങുന്നതിനായി അനുമതി നൽകിയിട്ടുണ്ട്.

(ഡി) ആകെയുള്ള 978 ഗ്രാമപഞ്ചായത്തുകളിൽ 56 പഞ്ചായത്തുകളിലൊഴികെ ബാക്കി എല്ലാ പഞ്ചായത്തുകളിലും സപ്ലൈകോയുടെ വിൽപ്പനശാലകൾ പ്രവർത്തി ക്കുന്നതിനാലും 56 പഞ്ചായത്തുകളിലെ സാധ്യമായ മിക്ക സ്ഥലങ്ങളിലും മൊബൈൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നതിനാലും ഭൂരിഭാഗം ജനങ്ങൾക്ക് സബ്സിഡി നിരക്കിലുള്ള അവശ്യസാധനങ്ങൾ ലഭ്യമാകുന്നുണ്ട്. ഇത് പൊതുവിപണിയിലെ വിലവർദ്ധനവ് ഫലപ്രദമായി നിയന്ത്രിക്കുന്നതിന് വളരെ സഹായകമാണ്.

**മാവേലി ഹോട്ടലുകൾ**

252 (1309) <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര മാവേലി ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര എണ്ണം പ്രവർത്തനം അവസാനിപ്പിച്ചു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) എത്ര എണ്ണം ഇപ്പോഴും പ്രവർത്തനം നടത്തിവരുന്നു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത ഹോട്ടലുകളിലെ വില നിലവാരം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2010-ൽ സംസ്ഥാനത്ത് 52 മാവേലി ഹോട്ടലുകൾ ആരംഭിച്ചിരുന്നു.

(ബി) സംസ്ഥാനത്ത് നിലവിൽ ഒരു മാവേലി ഹോട്ടലും പ്രവർത്തിക്കുന്നില്ല.

(സി&ഡി) ബാധകമല്ല.

**തെറ്റായി സത്യവാങ്മൂലം സമർപ്പിച്ച റേഷൻകാർഡ് ഉടമകൾ**

253 (1310) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ സുരക്ഷാനിയമം നടപ്പിലാക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ തെറ്റായി സത്യവാങ്മൂലം സമർപ്പിച്ച എത്ര റേഷൻ കാർഡ് ഉടമകളെ ഇതുവരെ കണ്ടെത്തിയെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ എത്ര ബി.പി.എൽ. കാർഡ് ഉടമകളെ എ.പി.എൽ. കാർഡുടമകളാക്കി മാറ്റിയെന്ന് വെളിപ്പെടുത്താമോ ;

(സി) തെറ്റായി സത്യവാങ്മൂലം സമർപ്പിച്ച സർക്കാർ/അർദ്ധസർക്കാർ/ പൊതുമേഖലാ ജീവനക്കാർക്ക് എതിരെ എന്ത് നടപടിയാണ് സ്വീകരിക്കാൻ

ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് റേഷൻകാർഡ് പുതുക്കുന്നതിനുള്ള സത്യവാങ്മൂലം സമർപ്പിക്കേണ്ട ഫോമുകൾ 1-1-2015 മുതൽ മാത്രമെ വിതരണം നടത്തുകയുള്ളൂ.

(ബി&സി) ബാധകമല്ല.

**പട്ടാമ്പി മണ്ഡലത്തിൽ മാവേലി സ്റ്റോർ**

254 (1311) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി മണ്ഡലത്തിലെ വിളയൂർ, തിരുവേഗപ്പുറയിൽ വിളത്തൂർ, കൊപ്പം കീഴ്മുറി, വല്ലപ്പുഴ-ചെറുകോട് ഇവിടങ്ങളിൽ മാവേലി സ്റ്റോർ തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

പട്ടാമ്പി മണ്ഡലത്തിലെ വിളയൂർ, തിരുവേഗപ്പുറ, കൊപ്പം, വല്ലപ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനാണ് നിലവിൽ മുൻഗണന നൽകുന്നത്. എന്നിരുന്നാലും മാവേലി സ്റ്റോറുകൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ മേഖല മാനേജർ വഴി സാദ്ധ്യതാ പഠനം നടത്തി. ബന്ധപ്പെട്ട പഞ്ചായത്തുകൾ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് ജീവനക്കാരുടെ ലഭ്യതകൂടി കണക്കിലെടുത്ത് തുടർനടപടി സ്വീകരിക്കുന്നതാണ്.

**റേഷൻ കാർഡ് പുതുക്കുവാൻ നടപടി**

255 (1312) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-ൽ കാലാവധി അവസാനിച്ച റേഷൻ കാർഡ് പുതുക്കുവാൻ

നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) പല താലൂക്ക് ആഫീസുകളിലും നടപടികൾ സ്വീകരിക്കാതെ ഫാറങ്ങൾ കെട്ടികിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പുതുതായി വീട് വച്ച് താമസിക്കുന്നവർക്ക് റേഷൻ കാർഡ് ലഭിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ;

(എഫ്) ഇവർക്ക് റേഷൻ കാർഡ് എന്ന് നൽകാൻ കഴിയുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) റേഷൻ കാർഡ് പുതുക്കുന്നതിന് 14-1-2011-ലെ സ.ഉ.(കൈ)നമ്പർ 16/11/ത.സ്വ.ഭ.വ, 27-4-2012-ലെ സ.ഉ.(കൈ)നമ്പർ 112/12/ത.സ്വ.ഭ.വ. പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ അപേക്ഷാ ഫാറം തയ്യാറാക്കി 1-1-2015 മുതൽ റേഷൻ കടകളിൽകൂടി കാർഡുടമകൾക്ക് വിതരണം ചെയ്യും. പൂരിപ്പിച്ച ഫാറം പ്രത്യേകം സംഘടിപ്പിക്കുന്ന ക്യാമ്പുകളിൽകൂടി സ്വീകരിക്കുകയും കാർഡിലുൾപ്പെട്ട മുതിർന്ന വനിതയുടെ ഫോട്ടോ എടുത്തശേഷം ഡാറ്റാ എൻട്രി നടത്തി, കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കും. ഇത് സംബന്ധമായി ലഭിക്കുന്ന ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് പഞ്ചായത്ത് സമിതി അംഗീകരിക്കുന്ന അന്തിമ മുൻഗണനാ പട്ടികപ്രകാരം മുൻഗണനാ കാർഡുകൾ നൽകുന്നതാണ്. മുൻഗണനാ പട്ടികയിൽ വരാത്തവർക്ക് പൊതുവിഭാഗം റേഷൻ കാർഡുകളും ഇതോടൊപ്പം നൽകും.

(സി) റേഷൻ കാർഡ് പുതുക്കലിന്റെ ഭാഗമായി 15-7-2014 മുതൽ റേഷൻ കാർഡിന്റെ ഡാറ്റാബേസ് (ആർ.സി.എം.എസ്.) മരവിപ്പിച്ചിട്ടുള്ളതിനാൽ റേഷൻ കാർഡ് സ്പ്ലിറ്റ് ചെയ്യുന്നതിനും പേരുകൾ ഒഴിവാക്കുന്നതിനും കൂട്ടിച്ചേർക്കുന്ന നടപടികളും നിർത്തിവച്ചിരിക്കുകയാണ്. എന്നാൽ അത്യാവശ്യ

സാഹചര്യങ്ങളിൽ താൽക്കാലിക കാർഡുകൾ നൽകിവരുന്നു.

(ഡി-എഫ്) പുതിയതായി വീട് വച്ച് താമസിക്കുന്നവർക്ക് പഞ്ചായത്ത്/ കോർപ്പറേഷൻ നൽകുന്ന താമസസ്ഥല സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കാർഡുപുതുക്കൽ പ്രക്രിയ അവസാനിച്ചശേഷം പുതിയ കാർഡ് അനുവദിക്കുന്നതാണ്. എന്നിരുന്നാലും സംസ്ഥാനത്ത് ഇതുവരെ റേഷൻ കാർഡ് അനുവദിച്ച് കിട്ടിയിട്ടില്ലാത്തവർക്കും ഒരു റേഷൻ കാർഡിൽ ഉൾപ്പെടുകയും ചെയ്തിട്ടില്ലാത്ത ആൾക്കാർക്കും താൽക്കാലിക കാർഡുകൾ നൽകുന്നുണ്ട്.

**ദേശീയ ഭക്ഷ്യ സുരക്ഷാനിയമം**

256 (1313) ശ്രീ. വി. ഡി. സതീശൻ
ശ്രീ. അൻവർ സാദത്ത്
ശ്രീ. വി. റ്റി. ബൽറാം
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യ സുരക്ഷാനിയമം സംസ്ഥാനത്ത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതിനായി ഗുണഭോക്താക്കളെ കണ്ടെത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(സി) ഭക്ഷ്യ സുരക്ഷാനിയമം നടപ്പാക്കുമ്പോൾ ഉണ്ടാകാനിടയുള്ള ദോഷങ്ങൾ ദൂരീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു; വിശദമാക്കുമോ;

(ഡി) പ്രസ്തുത നിയമം നടപ്പാക്കുമ്പോൾ ഇപ്പോൾ ബി.പി.എൽ. വിഭാഗത്തിൽ ഉള്ളവരെയും, എ.പി.എൽ. വിഭാഗത്തിലെ അർഹതയുള്ളവരെയും ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പദ്ധതി 2014 നവംബർ 1 മുതൽ നടപ്പിലാക്കുന്നതിന് 17-9-2014-ലെ സ.ഉ. (കൈ) നമ്പർ 39/14/ഭ.സി.സ.വ.

ഉത്തരവ് പ്രകാരം തീരുമാനിച്ചിരുന്നുവെങ്കിലും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കാത്തതിനാൽ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. പദ്ധതി നടപ്പിലാക്കുന്നതിനായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുക, ആഫീസ് ഓട്ടോമേഷൻ നടപടികൾ പൂർത്തിയാക്കുക, മൊത്ത/ചില്ലറ വ്യാപാര സ്ഥാപനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുക, മൊത്ത/ചില്ലറ വ്യാപാര സ്ഥാപനങ്ങളിൽ കൂടിയുള്ള അലോട്ട്മെന്റ്, വിതരണം എന്നിവ ഓൺലൈനിൽ പരിശോധിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക എന്നിവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം കേരളത്തിന്റെ അലോട്ട്മെന്റ് 16.25 ലക്ഷം ടണ്ണായി ലഭ്യമാക്കുക, ഡോർ ഡെലിവറിക്കായി സാമ്പത്തിക സഹായം നൽകുക, ധർമ്മ സ്ഥാപനങ്ങൾക്കുള്ള ഭക്ഷ്യധാന്യം തുടർന്നും ലഭ്യമാക്കണം തുടങ്ങിയ ആവശ്യങ്ങൾ സംസ്ഥാനം കേന്ദ്രത്തിന്റെ മുമ്പാകെ വച്ചിട്ടുണ്ട്.

(ബി) 14-1-2014-ലെ സ.ഉ. (കൈ)നമ്പർ 16/11/ത.സ്വ.ഭ.വ, 27-4-2012-ലെ സ.ഉ.(കൈ)നമ്പർ112/12/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിശദമായ അപേക്ഷാഫാറം റേഷൻകടകളിലൂടെ കാർഡുടമകൾക്ക് നൽകി വിവര ശേഖരണം നടത്തി, മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ റാങ്ക് നിശ്ചയിച്ച് കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് പഞ്ചായത്ത്തല കമ്മിറ്റികൾ അംഗീകരിച്ച് നൽകുന്ന പട്ടികയുടെ അടിസ്ഥാനത്തിൽ മുൻഗണനാ കാർഡുകൾ നൽകുന്ന പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. 1-1-2015 മുതൽ ഫാറം വിതരണം റേഷൻകടകളിൽ കൂടി ആരംഭിക്കുന്നതാണ്.

(സി) നിലവിൽ എ.എ.വൈ., ബി.പി.എൽ. കാർഡുകളിലുൾപ്പെടെ 19 ലക്ഷത്തോളം കുടുംബങ്ങൾക്കാണ് ബി.പി.എൽ. ആനുകൂല്യം ലഭിച്ചുവരുന്നത്. ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ 154.80 ലക്ഷം അംഗങ്ങൾക്ക് അതായത് 35 ലക്ഷത്തോളം കുടുംബങ്ങൾക്ക് മുൻഗണനാ പട്ടികയുടെ അടിസ്ഥാനത്തിൽ നിയമത്തിൽ നിശ്ചയിക്കപ്പെട്ട നിരക്കിൽ ഭക്ഷ്യധാന്യം നൽകുവാൻ കഴിയും. നിലവിൽ എ.പി.എൽ. വിഭാഗക്കാർക്ക് ഭക്ഷ്യധാന്യം നൽകുന്നതിനായി സംസ്ഥാന സർക്കാരിന് നൽകുന്ന നിരക്കിൽതന്നെ ഭക്ഷ്യധാന്യം നൽകാമെന്ന് കേന്ദ്ര സാമ്പത്തിക കാര്യസമിതി അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടാത്ത എ.പി.എൽ. (എസ്എസ്.) വിഭാഗക്കാർക്ക് നിലവിലുള്ള സബ്സിഡി നിരക്കിൽ

ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിനും എ.പി.എൽ. (എസ്എസ്.) വിഭാഗത്തിൽ പെടാത്തവർക്ക് നിലവിലുള്ള എ.പി.എൽ. നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുവാനും 17-9-2014-ലെ സ.ഉ.(കൈ) നമ്പർ 39/14/ഭ.സി.സ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ ഇപ്പോൾ റേഷൻ ആനുകൂല്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്ന അന്നപൂർണ്ണ പദ്ധതിയുടെ ഗുണഭോക്താക്കൾക്കും, ധർമ്മ സ്ഥാപനങ്ങൾ, കോൺവെന്റുകൾ, ആശ്രമങ്ങൾ അതുപോലുള്ള സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും റേഷൻ തുടർന്നും നൽകാൻ ഭക്ഷ്യ സുരക്ഷാ നിയമം വ്യവസ്ഥ ചെയ്യുന്നില്ല. സംസ്ഥാനത്ത് ലഭിച്ചുകൊണ്ടിരിക്കുന്ന പ്രതിവർഷ ശരാശരി വിഹിതമായ 16.25 ലക്ഷം ടണ്ണിന് പകരം 14.25 ലക്ഷം ടണ്ണായി ഇപ്പോൾ ഭക്ഷ്യധാന്യ വിഹിതം കുറവ് ചെയ്തിരിക്കുകയാണ്. മുകളിൽ സൂചിപ്പിച്ച എല്ലാ വിഭാഗക്കാർക്കും തുടർന്നും റേഷൻ ലഭ്യമാക്കണമെന്നും സംസ്ഥാനത്തെ മൊത്തം ഭക്ഷ്യധാന്യ വിഹിതം കൂട്ടണമെന്നും കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്. റേഷൻ വിതരണ ശൃംഖലയിൽനിന്ന് ഒരാളും ഒഴിവാക്കപ്പെടാത്ത രീതിയിൽ പദ്ധതി നടപ്പാക്കുന്നതിനാണ് നടപടികൾ സ്വീകരിച്ചുവരുന്നത്.

(ഡി) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതോടെ എല്ലാ അർഹതയുള്ളവരെയും മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുവാൻ കഴിയും.

**റേഷൻ കട നവീകരണം**

257 (1314) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡ് ടു എൻഡ് പദ്ധതി പ്രകാരമുള്ള റേഷൻ കട നവീകരണ നടപടികൾ ഏത് ഘട്ടത്തിലാണെന്നതിന്റെ വിശദവിവരം നൽകാമോ;

(ബി) ഈ പദ്ധതി പൂർത്തിയാവുമ്പോൾ റേഷൻ വിതരണത്തിൽ എന്തൊക്കെ ഗുണപരമായ മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും ജില്ലയിൽ ഈ പദ്ധതി പൂർണ്ണമായി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര ഉപഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കാനായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ജില്ലയിൽ മോഡൽ പൈലറ്റ് പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ 6 കടകളിൽ എ.പി.എൽ. (എസ്എസ്.) സബ്സിഡി നേരിട്ട് നൽകുന്നതിനായി പ്രീ-പൈലറ്റ് പദ്ധതി നടപ്പാക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി 6 റേഷൻ കടകളിൽ ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുകയും ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു. ഈ കടകളിലെല്ലാം തറ ടൈൽ പാകി വൃത്തിയാക്കുകയും ഇലക്ട്രിക്കൽ വയറിംഗ് നടത്തുകയും ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുകയും ചെയ്തു. റേഷൻ സാധനങ്ങൾ സപ്ലൈകോ നേരിട്ട് കടകളിൽ ലഭ്യമാക്കുകയും ചെയ്തു. ഗുണഭോക്താക്കളെ ആധാർ മുഖേന തിരിച്ചറിഞ്ഞ് റേഷൻ വിതരണം നടത്തുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ആധാർ എല്ലാ കാർഡുടമകൾക്കും ലഭ്യമാകാതിരുന്നതും ലഭ്യമായ കാർഡുടമകളുടെ തന്നെ ബയോമെട്രിക് ആതന്റിക്കേഷൻ നടത്തുന്നതിന് ചില തടസ്സങ്ങൾ നേരിടുകയുണ്ടായി.

(ബി) പൂർണ്ണ തോതിൽ നടപ്പാക്കുമ്പോൾ ഓരോ ഗുണഭോക്താവിനെയും തിരിച്ചറിഞ്ഞ് അർഹമായ വിഹിതം കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും തിരിമറി പൂർണ്ണമായും തടയുവാനും സാധിക്കും. റേഷൻ കടകളിൽ ഡോർ ഡെലിവറി മുഖേന റേഷൻ സാധനങ്ങൾ എത്തിക്കും. ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ ഉദ്യോഗസ്ഥതലത്തിലും പൊതുജനങ്ങൾക്കും വിവരങ്ങൾ ലഭ്യമാകത്തക്കവിധം ട്രാൻസ്പരൻസി പോർട്ടൽ സജ്ജമാകും. പൊതുജനങ്ങളുടെ പരാതികൾ സ്വീകരിക്കുവാനും പരാതിയുടെ തത്സ്ഥിതി നിരീക്ഷിക്കാനും യഥാസമയം സാധിക്കത്തക്ക വിധം ഒരു സുതാര്യമായ പരാതി പരിഹാര സംവിധാനം നിലവിൽ വരും. ഇപ്രകാരം ഓരോ കണ്ണിയും പരസ്പരം യോജിപ്പിച്ചുകൊണ്ട് സുതാര്യമായ ഒരു പൊതുവിതരണ സംവിധാനം നിലവിൽ വരും.

(സി) തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് പദ്ധതി ഉടനെ തുടങ്ങുന്നതാണ്.

## നെല്ല് സംഭരണം

258 (1315) <u>ശ്രീ. പി. എ. മാധവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെൽ കർഷകരിൽ നിന്നും നെല്ല് സംഭരണത്തിന് എന്തെല്ലാം നടപടികളാണ് ഈ വർഷം സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഈ വർഷം നാളിതുവരെ കർഷകരിൽനിന്നും എത്ര ടൺ നെല്ലാണ് സംഭരിച്ചത് എന്ന് അറിയിക്കാമോ;

(സി) സംഭരണ തുകയായി കർഷകർക്ക് എത്ര കോടി രൂപ നൽകി എന്നും ഇനി കുടിശ്ശിക നൽകാനുണ്ടെങ്കിൽ ഇതിന്റെ ജില്ല തിരിച്ചുള്ള കണക്കും ലഭ്യമാക്കാമോ;

(ഡി) കുടിശ്ശിക ഒഴിവാക്കി സംഭരണ തുക കർഷകർക്ക് നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സപ്ലൈകോയുമായി രജിസ്റ്റർ ചെയ്ത കർഷകരുടെ നെല്ല് കൊയ്ത്ത് കഴിഞ്ഞ് ഉടനെ കേന്ദ്ര ഗവൺമെന്റ് നിഷ്കർഷിച്ചിട്ടുള്ള ഗുണമേന്മയുള്ളതാണെന്ന് ഉറപ്പുവരുത്തി സംഭരിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 2013-14 സീസൺ മുതൽ നെല്ല് സംഭരണ രജിസ്ട്രേഷൻ ഓൺലൈനായി നടപ്പിലാക്കി. നെല്ല് സംഭരണത്തിനാവശ്യമായ മില്ലുകൾ സംഭരണം തുടങ്ങുന്നതിന് വളരെ മുമ്പായിത്തന്നെ കരാറിൽ ഏർപ്പെടുന്നുണ്ട്. നെല്ല് സംഭരണത്തിനായി പാഡി ഓഫീസർമാർക്ക് വിവിധ ജില്ലകളിലായി ചുമതല നൽകിയിട്ടുണ്ട്. അവരുടെ കീഴിൽ പാഡി അസിസ്റ്റന്റുമാരുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. സംഭരണം നടക്കുന്ന കാലയളവിൽ അവധി ദിവസങ്ങൾ ഉൾപ്പെടെയുള്ള ദിവസങ്ങളിൽ പാഡി മാർക്കറ്റിംഗ് ഓഫീസർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കർഷകരുടെ എല്ലാവിധ സംശയനിവാരണത്തിനും വേണ്ടി സപ്ലൈകോ ഹെഡ് ഓഫീസിൽ ഒരു കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. സംഭരണത്തിൽ നേരിടാവുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനായി ജില്ലാ ഭരണകൂടവുമായി ഒരു ഏകോപനം നടത്തി ആവശ്യത്തിനുള്ള ലോറികൾ, വള്ളങ്ങൾ, തൊഴിലാളികൾ, തൊഴിൽ പ്രശ്ന പരിഹാരം, ഗുണമേന്മ സംബന്ധിച്ചുള്ള തർക്ക പരിഹാരം എന്നിവയ്ക്കുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2014-15 സീസൺ മുതൽ കർഷകർക്ക് നെല്ല് സംഭരിക്കുമ്പോൾത്തന്നെ ഇലക്ട്രോണിക് പാഡി റസീറ്റ് ഷീറ്റ് (e-PRS) നൽകുന്ന സമ്പ്രദായം ആവിഷ്കരിച്ചു.

(ബി) ഈ സീസണിൽ (2014-15 ഒന്നാം സീസണിൽ) നാളിതുവരെ (1-12-2014) കർഷകരിൽനിന്നും 1.28 ലക്ഷം മെ.ടൺ നെല്ല് സപ്ലൈകോ സംഭരിച്ചു.

(സി) സംഭരണ തുകയായി കർഷകർക്ക് നൽകുവാനുള്ള 243.56 കോടി രൂപയിൽ ഇതുവരെ 190.72 കോടി രൂപ നൽകിക്കഴിഞ്ഞു. കർഷകർക്ക് നൽകാനുള്ള തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | ജില്ല | തുക (കോടിയിൽ) |
|---|---|---|
| 1 | ആലപ്പുഴ | 26.63 |
| 2 | കോട്ടയം | 10.75 |
| 3 | പാലക്കാട് | 15.46 |
| | ആകെ | 52.84 |

(ഡി) നെല്ല് സംഭരിച്ച ഉടൻതന്നെ കർഷകർക്ക് നെൽവില ലഭിക്കുന്നതിനായി സപ്ലൈകോ പൊതുമേഖലാ/സഹകരണ ബാങ്കുകളുമായി ധാരണാ പത്രം ഉണ്ടാക്കുകയും അതുപ്രകാരം നെല്ലിന്റെ വില സപ്ലൈകോയുടെ നിർദ്ദേശ പ്രകാരം കർഷകരുടെ അക്കൗണ്ടിലേക്ക് നൽകിവരുന്നു. ഇപ്രകാരം നൽകുന്ന പണത്തിന് ബാങ്കുകൾക്കുള്ള പലിശ വഹിക്കുന്നത് സപ്ലൈകോയാണ്. കൂടാതെ ബാങ്കുകളിൽനിന്നും ഓവർഡ്രാഫ്റ്റ് എടുത്തും കർഷകരുടെ നെൽവില നൽകിവരുന്നു. സംസ്ഥാന സർക്കാരിൽനിന്നും നെല്ല് സംഭരണത്തിന്റെ ഭാഗമായി സപ്ലൈകോയ്ക്ക് 150.93 കോടി രൂപ നൽകാനുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ തുക സപ്ലൈകോയ്ക്ക് നൽകുന്നതാണ്.

## നെല്ല് സംഭരണം

259 (1316) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ സംഭരണം യഥാസമയം നടത്തുന്നതിന് സപ്ലൈകോയ്ക്ക് കഴിയുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിന്മേൽ പരിഹാര നടപടി സ്വീകരിക്കുമോ ;

(സി) സംഭരിച്ച നെല്ലിന്റെ വില സമയബന്ധിതമായി കർഷകർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) വിളവെടുപ്പുമായി ബന്ധപ്പെട്ട നടപടികൾക്ക് കാലവിളംബം നേരിടുന്നതു കൊണ്ട് വിളനാശവും കർഷകർക്ക് സാമ്പത്തിക ഭാരവും ഉണ്ടാകുന്നതിനാൽ ഭാവിയിൽ മുൻകൂട്ടി നിശ്ചയിച്ച പരിപാടികളുടെ അടിസ്ഥാനത്തിൽ സമയബന്ധിതമായി നെല്ല് സംഭരണത്തിനും വിലനൽകുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2014-15 ഒന്നാം സീസൺ സെപ്റ്റംബറിൽ ആരംഭിച്ചു. നാളിതുവരെ 1.28 മെ.ടൺ നെല്ല് സംഭരിക്കുകയും ചെയ്തു.

(ബി) ബാധകമല്ല.

(സി) നെല്ലുസംഭരിച്ച ശേഷം കർഷകർക്ക് നെൽവില നൽകുന്നതിനായി സംസ്ഥാന കേന്ദ്രസർക്കാരുകളുടെ സബ്സിഡിക്ക് പുറമേ സപ്ലൈകോ കാനറ ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ എന്നീ പൊതുമേഖലാ ബാങ്കുകളും പാലക്കാട്, തൃശ്ശൂർ ജില്ലാ സഹകരണ ബാങ്കുകളുമായി ധാരണാപത്രം ഉണ്ടാക്കുകയും അത് പ്രകാരം നെല്ലിന്റെ വില സപ്ലൈകോയുടെ നിർദ്ദേശപ്രകാരം കർഷകരുടെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകിവരുന്നു. ഇപ്രകാരം നൽകുന്ന പണത്തിന് ബാങ്കുകൾക്കുള്ള പലിശ വഹിക്കുന്നത് സപ്ലൈകോയാണ്. കൂടാതെ ബാങ്കുകളിൽനിന്നും ഓവർഡ്രാഫ്റ്റ് എടുത്തും കർഷകരുടെ നെൽ വില നൽകിവരുന്നു.

(ഡി) സമയബന്ധിതമായി വിളവെടുക്കേണ്ടത് കർഷകർ എടുക്കേണ്ട നടപടിയാണ്. വിളവെടുപ്പിനുശേഷം സമയബന്ധിതമായി നെല്ല് സംഭരിക്കുന്നതിനും സംഭരിച്ച നെല്ലിന്റെ വില നൽകുന്നതിനുമുള്ള നടപടികൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ആസൂത്രണം ചെയ്ത് ആവിഷ്കരിച്ചിട്ടുണ്ട്.

**റേഷൻ വിതരണം**

260 (1317) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒക്ടോബർ മാസത്തെ കേന്ദ്ര റേഷൻ വിഹിതത്തിന്റെ എത്ര ശതമാനം ഇതുവരെ സംസ്ഥാന സർക്കാർ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്രവിഹിതം പൂർണ്ണമായും സംസ്ഥാന സർക്കാർ ഏറ്റെടുക്കാത്തതു കൊണ്ട് റേഷൻ ഷാപ്പുകളിൽ അരിയും ഗോതമ്പും ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റേഷൻ വിഹിതം ഏറ്റെടുക്കാത്ത മൊത്ത വിതരണക്കാർക്കെതിരായി നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) 99.45 ശതമാനം.

(ബി) ഇല്ല.

(സി) അനുവദിച്ച ഭക്ഷ്യധാന്യങ്ങൾ യഥാസമയം വിട്ടെടുക്കാതിരുന്നതിന് മൊത്ത വ്യാപാരികൾക്ക് കാരണം കാണിക്കൽ നോട്ടീസ് നല്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**ഭക്ഷ്യ സുരക്ഷാനിയമം -കേന്ദ്ര സർക്കാർ നിബന്ധനകൾ**

261 (1318) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭക്ഷ്യ സുരക്ഷാ നിയമം കേരളത്തിൽ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ മുന്നോട്ടുവച്ച നിബന്ധനകൾ എന്തെല്ലാമാണ്; ഇതുപ്രകാരം സംസ്ഥാനത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

2013-ലെ ദേശീയ ഭക്ഷ്യസുരക്ഷ നിയമപ്രകാരം 5-7-2014-നു മുമ്പായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തി പുതുക്കിയ പൊതുവിതരണ സമ്പ്രദായത്തിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യധാന്യ വിതരണം നടത്തണമെന്ന് അനുശാസിച്ചിരുന്നു. എന്നാൽ കേന്ദ്ര ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാലും മുൻഗണനാ വിഭാഗക്കാരെ കണ്ടെത്താനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടിയിരുന്നതിനാലും 2014 നവംബർ ഒന്നാം തീയതി മുതൽ ഈ പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ അനുമതി തേടിയിരുന്നു. പക്ഷേ, അനുമതി ലഭിച്ചില്ല. ഈ പദ്ധതി നടപ്പിലാക്കുന്നതിന് മുന്നോടിയായി റേഷൻ കാർഡുകളുടെ ഡിജിറ്റലൈസേഷൻ, ഓഫീസ് ഓട്ടോമേഷൻ, അംഗീകൃത മൊത്ത/ചില്ലറ വ്യാപാര ശാലകളിലെ കമ്പ്യൂട്ടർ വൽക്കരണം, മൊത്ത/ചില്ലറ വ്യാപാരശാലകൾക്കുള്ള അലോട്ട്മെന്റ് ഓൺലൈൻ മുഖേന പരിശോധിക്കുന്നതിനുള്ള സംവിധാനം എന്നിവ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നിലവിലുള്ള റേഷൻ കാർഡുകൾ ഡിജിറ്റലൈസേഷൻ നടത്തിയിട്ടുണ്ട്.

സ.ഉ.(കൈ)നമ്പർ 16/11/ത.സ്വ.ഭ.വ, സ.ഉ.(കൈ)നമ്പർ112/12/ത.സ്വ.ഭ.വ എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിശദമായ അപേക്ഷാ ഫാറം കാർഡുടമകൾക്ക് നൽകി വിവരശേഖരണം നടത്തുന്നതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടിക തയ്യാറാക്കി മുൻഗണനാ കാർഡുകൾ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഓഫീസ് ഓട്ടോമേഷനുവേണ്ടിയുള്ള ഹാർഡ്‌വെയർ പർച്ചേസ് നടപടികൾ നടന്നുവരുന്നു. മൊത്ത/ചില്ലറ വ്യാപാര സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവൽക്കരണം, അലോട്ട്മെന്റ്, വിതരണം എന്നിവ സംബന്ധിച്ച് ഓൺലൈനിൽ പരിശോധിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് എൻ.ഐ.സി.-യുടെ സഹായത്തോടെ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു.

## ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം

262 (1319) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന്റെ കാലതാമസം എന്താണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ആർക്കെല്ലാമാണ് ആനുകൂല്യങ്ങൾ ലഭിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി പ്രകാരം ലഭ്യമാകുന്ന ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഭക്ഷ്യ സുരക്ഷാ പദ്ധതി താൽക്കാലികമായി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 17-9-2014-ലെ സ.ഉ.(കൈ)നമ്പർ 39/14/ഭ.സി.സ.വ. പ്രകാരം തീരുമാനിച്ചിരുന്നുവെങ്കിലും കേന്ദ്രസർക്കാർ അനുമതി നൽകാത്തതിനാൽ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്ന 154 ലക്ഷത്തോളം പേർക്കാണ് ആനുകൂല്യം ലഭിക്കുക. 14-1-2011-ലെ സ.ഉ.(കൈ)നമ്പർ 16/11/ത.സ്വ.ഭ.വ., 27-4-2012-ലെ സ.ഉ.(കൈ)നമ്പർ 112/12/ത.സ്വ.ഭ.വ., എന്നീ ഉത്തരവുകൾ പ്രകാരമാണ്

മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നത്.

(സി) പ്രസ്തുത പദ്ധതി പ്രകാരം മുൻഗണനാ കാർഡുകളിലെ ഓരോ അംഗത്തിനും പ്രതിമാസം അഞ്ച് കിലോഗ്രാമും എ.എ.വൈ. കാർഡുകൾക്ക് 35 കിലോഗ്രാമും ഭക്ഷ്യധാന്യം ലഭിക്കുന്നതാണ്. മുൻഗണനാ വിഭാഗത്തിൽപ്പെടുന്നവർക്കും ഭക്ഷ്യധാന്യം സബ്സിഡി നിരക്കിൽ നൽകാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്.

**റേഷൻ കാർഡ് പുതുക്കൽ**

263 (1320) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര റേഷൻ കാർഡുകൾ ഉണ്ട്; റേഷൻ കാർഡുകൾ പുതുക്കി നൽകേണ്ടിയിരുന്നത് എപ്പോഴായിരുന്നു;

(ബി) അനർഹരായിട്ടുള്ളവരെയെല്ലാം ഒഴിവാക്കിക്കൊണ്ട് പുതിയ റേഷൻ കാർഡ് അനുവദിക്കുന്നതിൽ കാലതാമസം നേരിട്ടിരിക്കുന്നത് എന്തുകൊണ്ടാണ്;

(സി) റേഷൻകാർഡുകൾ പുതുക്കി നൽകാതിരിക്കുന്നതുമൂലമുണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടത്തെക്കുറിച്ച് ബോധ്യപ്പെട്ടിട്ടുണ്ടോ;

(ഡി) പുതുക്കി നൽകേണ്ടിയിരുന്ന സമയത്തിനകം അത് നൽകുന്നതിൽ വീഴ്ച വരുത്തിയിരിക്കുന്നത് ഏത് തലത്തിലുള്ള ഉദ്യോഗസ്ഥൻമാരാണ്; പുതുക്കിയ റേഷൻ കാർഡ് എന്നത്തേക്ക് പൂർണ്ണമായും നൽകുമെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ 8317000 റേഷൻ കാർഡുകൾ ഉണ്ട്. നിലവിലെ റേഷൻ കാർഡുകളുടെ കാലാവധി 2012-ൽ അവസാനിച്ചിരുന്നു. റേഷൻ വിഹിതം ലഭിക്കത്തക്ക വിധം കാർഡിന്റെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്.

(ബി) ദേശീയ ഭക്ഷ്യസുരക്ഷ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിന് നിലവിലെ കാർഡുകൾ പുതുക്കുന്ന നടപടികൾ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്.

(സി) റേഷൻ കാർഡുകൾ പുതുക്കി നൽകാത്തതുമൂലം എന്തെങ്കിലും നഷ്ടം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) റേഷൻ കാർഡ് പുതുക്കി നൽകാതിരുന്നത് ഉദ്യോഗസ്ഥരുടെ വീഴ്ചമൂലമല്ല. സംസ്ഥാനത്തെ റേഷൻ കാർഡ് പുതുക്കൽ പ്രക്രിയ, ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിൽവരുന്ന നടപടിക്കൊപ്പം പൂർത്തീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. റേഷൻ കാർഡ് പുതുക്കുന്നതിന്റെ ഭാഗമായ സൗജന്യ ഫാറങ്ങളുടെ വിതരണം 1-1-2015 മുതൽ ആരംഭിക്കുന്നതാണ്. ഇങ്ങനെ വിതരണം ചെയ്യുന്ന ഫോറങ്ങൾ പ്രത്യേകമായി സജ്ജീകരിച്ചിട്ടുള്ള ക്യാമ്പുകളിലൂടെ കാർഡുടമകളുടെ ഫോട്ടോ എടുക്കുന്നതോടൊപ്പം മടക്കിവാങ്ങി ഡാറ്റാ എൻട്രി നടത്തി മുൻഗണനാ വിഭാഗത്തെ കണ്ടെത്തി പട്ടിക പ്രസിദ്ധീകരിക്കുകയും ടി പട്ടികയ്ക്ക് പഞ്ചായത്ത് വഴി അംഗീകാരം നൽകി കാർഡ് പുതുക്കി നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ഇപ്പോഴത്തെ സമയ പട്ടികയനുസരിച്ച് 1-9-2015 മുതൽ പുതിയ റേഷൻ കാർഡുകൾ നിലവിൽ വരുന്നതാണ്.

**റേഷൻ കാർഡ് പുതുക്കലും റേഷൻ വിതരണവും**

264 (1321) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കാർഡ് പുതുക്കുന്നത് സംബന്ധിച്ച് നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) പൊതു ജനങ്ങൾക്ക് ബുദ്ധിമുട്ട് ഇല്ലാത്ത രീതിയിൽ റേഷൻ കടകൾ വഴി അപേക്ഷാ ഫാറം വിതരണം ചെയ്ത് റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഒരു മാസത്തിൽ ഒരു റേഷൻകാർഡ് ഗുണഭോക്താവിന് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന റേഷന്റെ അളവ് വ്യക്തമാക്കാമോ;

(ഡി) റേഷൻ കടകളിൽ നിന്നും പലപ്പോഴും നിശ്ചിത അളവിൽ ഭക്ഷ്യ ധാന്യം കിട്ടാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം കടകൾക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2009-ൽ ബി.പി.എൽ. പട്ടിക തയ്യാറാക്കുന്നതിനായി 14-1-2011-ലെ സ.ഉ. (കൈ)നമ്പർ 16/11/ത.സ്വ.ഭ.വ, 27-4-2012-ലെ സ.ഉ. (കൈ)നമ്പർ 112/12/ ത.സ്വ.ഭ.വ എന്നീ ഉത്തരവുകളിലെ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഫോറം നിലവിലെ കാർഡുടമകൾക്ക് റേഷൻ കടകൾ വഴി സൗജന്യമായി വിതരണം നടത്തി വിവര ശേഖരണം നടത്തി സ.ഉ. (കൈ)നമ്പർ 16/11/ത.സ്വ.ഭ.വ. പ്രകാരം റാങ്കിംഗ് നടത്തി കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങളും പരാതികളും പരിഹരിച്ച് പഞ്ചായത്തുകൾ അംഗീകരിച്ച് നൽകുന്ന അന്തിമ മുൻഗണനാ പട്ടിക പ്രകാരം മുൻഗണനാ കാർഡുകൾ നൽകുന്ന നടപടിയാണ് ആവിഷ്കരിച്ചിട്ടുള്ളത്. മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടാത്തവർക്ക് പൊതു വിഭാഗത്തിനുള്ള കാർഡുകളും പുതുക്കി നൽകും.

(ബി) അപേക്ഷാ ഫാറം റേഷൻ കടകൾ വഴി സൗജന്യമായാണ് വിതരണം ചെയ്യുന്നത്.

(സി) എ.എ.വൈ. കാർഡുകൾക്ക് 35 കിലോ അരി, ബി.പി.എൽ. കാർഡുകൾക്ക് 25 കിലോ അരി, 5 കിലോ ഗോതമ്പ്, എ.പി.എൽ. കാർഡുകൾക്ക് 9 കിലോ അരി, 2 കിലോ ഗോതമ്പ്, ബി.പി.എൽ., എ.എ.വൈ. കാർഡുകളിലെ ഓരോ അംഗത്തിനും 400 ഗ്രാം നിരക്കിൽ പഞ്ചസാര, വൈദ്യുതീകരിച്ച കാർഡുകൾക്ക് ലഭ്യതയനുസരിച്ച് ½ ലിറ്റർ അല്ലെങ്കിൽ 1 ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത കാർഡുകൾക്ക് 4 ലിറ്റർ മണ്ണെണ്ണയും ഒരു മാസം ലഭിക്കും.

(ഡി) പ്രതിമാസ വിതരണ വിവരം പത്രമാധ്യമങ്ങളിൽക്കൂടിയും റേഷൻകടയിൽ പ്രദർശിപ്പിക്കുന്ന നോട്ടീസ് വഴിയും റേഷൻകാർഡുടമകൾക്ക് ലഭ്യമാക്കാറുണ്ട്. വിതരണ വിഹിതം കുറവായാണ് ലഭിക്കുന്നതെങ്കിൽ ടി. വിവരം അറിയിക്കുന്നതിനായി ടോൾ ഫ്രീ നമ്പർ ഏർപ്പെടുത്തിയിട്ടുണ്ട്. പരാതികൾ ലഭിച്ചാൽ പരിശോധനയ്ക്ക് ശേഷം കടകൾക്കെതിരെ 1966-ലെ കേരള റേഷനിംഗ് ഓർഡർ അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കാറുണ്ട്.

**റേഷൻകടകളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ**

265 (1322) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ ശൃംഖല ശാക്തീകരണത്തിനായി റേഷൻ കടകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നിയോഗിച്ച കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ വിവരം ലഭ്യമാക്കുമോ ;

(ഡി) റേഷൻ കടകളുടെ കമ്പ്യൂട്ടർവത്ക്കരണം സംബന്ധിച്ച് നാളിതുവരെയുള്ള പുരോഗതി ജില്ലതിരിച്ച് അറിയിക്കുമോ ;

(ഇ) റേഷൻകടകൾ സമയബന്ധിതമായി കമ്പ്യൂട്ടർവത്കരിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുമോ ?

<u>ഉത്തരം</u>

(എ&ബി) ഇതിനായി നിയോഗിച്ച കമ്മീഷൻ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ താഴെപ്പറയുന്ന കാര്യങ്ങൾ ശിപാർശ ചെയ്തിരിക്കുന്നു:

1. സിവിൽ സപ്ലൈസ് കമ്മീഷണർ തയ്യാറാക്കിയ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട ഡി.പി.ആർ. അടിയന്തര പ്രാധാന്യത്തോടുകൂടി നടപ്പിലാക്കുക.

2. ധാന്യങ്ങൾ സംഭരിക്കുന്നതിനാവശ്യമായ സംഭരണ ശാലകൾ നിർമ്മിക്കുക. ഡോർ ടു ഡോർ സമ്പ്രദായം കഴിയുന്നതും വേഗം നടപ്പിലാക്കുക.

3. ഇത് നടപ്പിലാക്കുന്നതിനായി വേണ്ടിവരുന്ന ചെലവുകളുടെ വിശദാംശങ്ങൾ കമ്മീഷൻ മുമ്പാകെ ലഭിച്ചിട്ടില്ലാത്തതിനാൽ ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വകുപ്പുതലത്തിൽ ധനകാര്യ വകുപ്പുമായി ചേർന്ന് പരിശോധിക്കേണ്ടതാണ്. എല്ലാ എ.പി.എൽ. ഉപഭോക്താക്കളുടെയും സബ്സിഡി ബാങ്ക് അക്കൗണ്ട് വഴി

ആക്കുന്നതിനുള്ള നടപടികൾ 2 മാസത്തിനുള്ളിൽ തുടങ്ങേണ്ടതാണ്, മൊത്തവിതരണ ഡിപ്പോകളുടെ പ്രവർത്തനം സപ്ലൈകോ ഏറ്റെടുക്കേണ്ടതാണ്.

(സി) കമ്മീഷന്റെ ശിപാർശകൾ പരിഗണനയിലാണ്.

(ഡി) തിരുവനന്തപുരം ജില്ലയിൽ മോഡൽ പൈലറ്റ് പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം ജില്ലയിൽ 6 കടകളിൽ എ.പി.എൽ. (എസ്എസ്.) സബ്സിഡി നേരിട്ട് നൽകുന്നതിനായി പ്രീ-പൈലറ്റ് പദ്ധതി നടപ്പാക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി 6 റേഷൻ കടകളിൽ ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുകയും ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിരുന്നു. ഈ കടകളിലെല്ലാം തറ ടൈൽ പാകി വൃത്തിയാക്കുകയും ഇലക്ട്രിക്കൽ വയറിംഗ് നടത്തുകയും ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമാക്കുകയും ചെയ്തു. റേഷൻ സാധനങ്ങൾ സപ്ലൈകോ നേരിട്ട് കടകളിൽ ലഭ്യമാക്കുകയും ചെയ്തു. ഗുണഭോക്താക്കളെ ആധാർ മുഖേന തിരിച്ചറിഞ്ഞ് റേഷൻ വിതരണം നടത്തുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ആധാർ എല്ലാ കാർഡുടമകൾക്കും ലഭ്യമാകാതിരുന്നതും ലഭ്യമായ കാർഡുടമകളുടെ തന്നെ ബയോമെട്രിക് ആതന്റിക്കേഷൻ നടത്തുന്നതിന് പല തടസ്സങ്ങൾ നേരിടുകയുണ്ടായി.

(ഇ) സമയബന്ധിതമായി മുഴുവൻ റേഷൻ കടകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതാണ്. ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ 14 കടകളിൽ പൈലറ്റ് പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മാവേലി സ്റ്റോറുകൾ**

266 (1323) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ആകെ എത്ര മാവേലിസ്റ്റോറുകളാണ് പ്രവർത്തിച്ചിരുന്നതെന്നും ഇപ്പോൾ സംസ്ഥാനത്താകെ എത്ര മാവേലിസ്റ്റോറുകൾ നിലവിലുണ്ടെന്നും അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പുതിയ മാവേലി സ്റ്റോറുകൾ പ്രവർത്തനമാരംഭിച്ചുവെന്ന് ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് തൃശ്ശൂർ ജില്ലയിൽ എത്ര പുതിയ മാവേലി സ്റ്റോറുകൾ അനുവദിച്ചുവെന്നും നാട്ടിക മണ്ഡലത്തിൽ പുതിയതായി അനുവദിച്ച മാവേലി സ്റ്റോറുകളുടെ എണ്ണവും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 878 മാവേലി സ്റ്റോറുകളാണ് പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ സംസ്ഥാനത്താകെ 940 മാവേലി സ്റ്റോറുകൾ നിലവിലുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച പുതിയ മാവേലി സ്റ്റോറുകളുടെ ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | മാവേലി സ്റ്റോറുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 14 |
| 2 | കൊല്ലം | 5 |
| 3 | കോട്ടയം | 2 |
| 4 | പത്തനംതിട്ട | 1 |
| 5 | ഇടുക്കി | 2 |
| 6 | ആലപ്പുഴ | 1 |
| 7 | എറണാകുളം | 22 |
| 8 | മലപ്പുറം | 15 |
| 9 | പാലക്കാട് | 6 |

| | | |
|---|---|---|
| 10 | തൃശ്ശൂർ | 2 |
| 11 | കോഴിക്കോട് | 7 |
| 12 | വയനാട് | 8 |
| 13 | കണ്ണൂർ | 10 |
| 14 | കാസർഗോഡ് | 1 |

(സി) ഈ സർക്കാരിന്റെ കാലത്ത് തൃശ്ശൂർ ജില്ലയിൽ 2 മാവേലി സ്റ്റോറുകളാണ് അനുവദിച്ചത്. നാട്ടിക മണ്ഡലത്തിൽ പുതിയതായി മാവേലി സ്റ്റോറുകൾ അനുവദിച്ചിട്ടില്ല.

**ഗ്യാസ് സിലിണ്ടർ വിതരണത്തിനു ഗ്യാസ് ഏജൻസികൾക്ക് ഈടാക്കാവുന്ന തുക**

267 (1324) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്യാസ് ഏജൻസികൾ വിതരണം ചെയ്യുന്ന സിലിണ്ടറുകൾക്ക് ഈടാക്കാവുന്ന തുക ഏതൊക്കെ രീതിയിലാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) എത്ര കിലോമീറ്റർ ഉള്ളിലുള്ള ഉപഭോക്താക്കൾക്ക് സിലിണ്ടറുകൾ സൗജന്യമായി എത്തിക്കുവാനാണ് നിഷ്കർഷിച്ചിട്ടുള്ളത് ;

(സി) ഗ്യാസ് സിലിണ്ടർ വിതരണവുമായി ബന്ധപ്പെട്ട പരാതികൾ ഏതൊക്കെ രീതിയിലാണ് ഉപഭോക്താക്കൾക്ക് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുവാൻ കഴിയുക ?

ഉത്തരം

(എ) ഗ്യാസിന്റെ അടിസ്ഥാന വിലയും അതിന്റെ വാറ്റ് നികുതിയും ഡിസ്ട്രിബ്യൂട്ടറുടെ കമ്മീഷനും ജില്ലാ കളക്ടർ അംഗീകരിച്ച ഡെലിവറി ചാർജ്ജുമാണ് ഗ്യാസ് ഏജൻസികൾ വിലയായി വാങ്ങുന്നത്.

(ബി) ജില്ലാ കളക്ടർമാരുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5 കി.മീറ്റർ ദൂരപരിധിക്കുള്ളിൽ ഡെലിവറി ചാർജ്ജ് ഈടാക്കുന്നില്ല.

(സി) പാചകവാതക സിലിണ്ടറുകളുടെ വിതരണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസിതലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ, രണ്ടു മാസത്തിലൊരിക്കൽ ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈ ഓപ്പൺ ഫോറങ്ങളിൽ താലൂക്ക് സപ്ലൈ ആഫീസർമാരും ഓയിൽ കമ്പനി പ്രതിനിധികളും പങ്കെടുത്ത് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ രണ്ടുമാസത്തിലൊരിക്കൽ പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിക്കാറുണ്ട്.

**മാവേലി ഹോട്ടലുകൾ**

268 (1325) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാവേലി ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) എവിടെയൊക്കെയാണ് മാവേലി ഹോട്ടലുകൾ പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ഹോട്ടലുകളിലെ വിലനിലവാരവും ഗുണനിലവാരവും അറിയിക്കുമോ;

(ഡി) ഇവയുടെ പ്രവർത്തനത്തിനായി എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ മാവേലി ഹോട്ടലുകൾ പ്രവർത്തിക്കുന്നില്ല.

(ബി-ഡി) ബാധകമല്ല.

**മാവേലി സ്റ്റോറുകളുടെ വിലവർദ്ധന**

269 (1326) <u>ശ്രീ. കെ. അജിത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന ഉല്പന്നങ്ങൾക്ക് എത്ര തവണ വിലവർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന പല ഉല്പന്നങ്ങൾക്കും പൊതുവിപണിയിലേക്കാൾ വിലവർദ്ധന ഉള്ളതായ വസ്തുത വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന ഉല്പന്നങ്ങൾക്ക് വില നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം ഏതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1-8-2012-ൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ എണ്ണം പുനർനിർണ്ണയിച്ചു. സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ളതും, ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തതുമായ ഉഴുന്നുപരിപ്പ്, കടുക്, ജീരകം, ഉലുവ, പീസ് പരിപ്പ്, ബോധന അരി എന്നീ ഇനങ്ങളെ സബ്സിഡി നൽകുന്നതിൽനിന്ന് ഒഴിവാക്കുകയും പകരം കേരളത്തിലെ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന ചെറുപയർ, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വില പുനർ നിർണ്ണയിച്ചതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇല്ല.

(സി) സപ്ലൈകോ വിൽപ്പന ശാലകൾവഴി വിതരണം ചെയ്യുന്ന 13 ഇനം സബ്സിഡി സാധനങ്ങൾ സർക്കാർ നിശ്ചയിക്കുന്ന സബ്സിഡി നിരക്കിലാണ് വിതരണം ചെയ്യുന്നത്. സപ്ലൈകോ ഇ-ടെണ്ടർ വഴി വാങ്ങുന്ന ഭക്ഷ്യ വസ്തുക്കളുടെ നോൺ സബ്സിഡി വിൽപ്പന വില നിശ്ചയിക്കുന്നത്, വാങ്ങൽ വിലയോടൊപ്പം കടത്തുകൂലി, കൈകാര്യകുറവ് ഇവ വിൽപ്പന ശാലകൾ വഴി വിതരണം ചെയ്യുന്നതിനുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എന്നിവയ്ക്കായി ശരാശരി 5 ശതമാനം മാർജിൻ എന്നിവ ചേർത്താണ്. എം.ആർ.പി., വാങ്ങൽ വില എന്നിവയെ അടിസ്ഥാനമാക്കി, എം.ആർ.പി. യിൽ നിന്നും താഴ്ന്ന വിലയ്ക്കാണ് മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്ന എഫ്.എം.സി.ജി. ഉൽപ്പന്നങ്ങളുടെ വിൽപ്പന വില നിശ്ചയിക്കുന്നത്. ശബരി ഉൽപ്പന്നങ്ങളുടെ വാങ്ങൽ വിലയുടെകൂടെ നികുതികൾ, കൈകാര്യ ചെലവുകൾ, സ്റ്റാഫ് ഇൻസെന്റീവ് എന്നിവ ചേർത്ത് വളരെ ചെറിയ മാർജിൻ എടുത്താണ് വിൽപ്പന വില നിശ്ചയിക്കുന്നത്. ഇത്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിപണിയിലുള്ള മറ്റ് സമാന ബ്രാന്റഡ് ഉൽപ്പന്നങ്ങളുടെ വിലയേക്കാൾ കഴിയുന്നത്ര കുറവായിരിക്കുവാൻ ശ്രദ്ധിക്കുന്നുണ്ട്.

### സിവിൽ സപ്ലൈസ് ഔട്ട്‌ലെറ്റുകളിലെ വില വർദ്ധന

270 (1327) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിവിൽ സപ്ലൈസ് ഔട്ട്‌ലെറ്റുകളിൽ അരിയുടെയും പലവ്യഞ്ജനങ്ങളുടേയും വില എത്ര പ്രാവശ്യം വർദ്ധിപ്പിച്ചുവെന്ന് അറിയിക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തെ സാധന വിലയും, ഈ സർക്കാരിന്റെ ഭരണകാലത്തെ സാധനവിലയും പ്രത്യേകം ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) 2014 നവംബർ മാസത്തിൽ സപ്ലൈകോ ഔട്ട്‌ലെറ്റുകളിൽ അവശ്യ സാധനങ്ങൾക്ക് വില കുത്തനെ കൂട്ടാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(ഡി) ഇതിനായി മന്ത്രിസഭായോഗം തീരുമാനമെടുത്തിട്ടുണ്ടോ, ഏത് സമിതിയുടെ തീരുമാന പ്രകാരമാണ് ഈ വിലവർദ്ധനവ് നടപ്പിലാക്കിയിരിക്കുന്നത്; പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1-8-2012-ൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ എണ്ണം പുനർനിർണ്ണയിച്ചു. സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ളതും, ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തതുമായ ഉഴുന്നുപരിപ്പ്, കടുക്, ജീരകം, ഉലുവ, പീസ് പരിപ്പ്, ബോധന അരി എന്നീ ഇനങ്ങളെ സബ്സിഡി നൽകുന്നതിൽനിന്ന് ഒഴിവാക്കുകയും പകരം കേരളത്തിലെ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന ചെറുപയർ, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട് വില പുനർ നിർണ്ണയിച്ചതിന്റെ വിവരങ്ങൾ അനുബന്ധം ഒന്നായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യസംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യ വസ്തുക്കളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാവ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതുപോലെ സപ്ലൈകോ വാങ്ങൽ വില, കടത്തുകൂലി, കയറ്റിയിറക്ക് കൂലി, അഡ്മിനിസ്ട്രേറ്റീവ് ഉൾപ്പെടെയുള്ള മറ്റ് ചെലവുകൾ എന്നിവ മാസംതോറും കൂടിക്കൊണ്ടിരിക്കുകയും വിൽപ്പന വില കൂട്ടാതിരിക്കുകയും ചെയ്യുതുമൂലം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതുമൂലമുള്ള നഷ്ടം വളരെയധികം വർദ്ധിക്കുകയും അത് സപ്ലൈകോയുടെ മാർക്കറ്റ് ഇടപെടൽ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രതിദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന രീതിയിൽ വളരുകയും ചെയ്യുതുകൊണ്ടാണ് സബ്സിഡി സാധനങ്ങളുടെ വിൽപ്പന വില പുനർനിർണ്ണയിച്ചത്.

(ഡി) ഉണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതി വിലവർദ്ധനവ് ശിപാർശ ചെയ്തിരുന്നു. 6-8-2014-ലെ മന്ത്രിസഭാ യോഗം വില വർദ്ധനവിന് അംഗീകാരം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധം രണ്ടായി ചേർക്കുന്നു.*

**സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ സബ്സിഡി**

271 (1328) <u>പ്രൊഫ. സി. രവീന്ദ്രനാഥ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന് സബ്സിഡി ഇനത്തിലും നെല്ല് സംഭരണത്തിനും സംസ്ഥാന - കേന്ദ്ര സർക്കാരുകൾ എന്ത് തുക വീതം നൽകാനുണ്ട് എന്ന് വിശദമാക്കാമോ ;

(ബി) സംസ്ഥാന സർക്കാർ നല്കേണ്ട തുക എന്നേക്ക് നൽകാനാകും; വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) സബ്സിഡി ഇനത്തിൽ സപ്ലൈകോ വഹിക്കേണ്ടിവന്ന അധികചെലവ് ഇപ്രകാരമാണ്.

<u>മാർക്കറ്റ് ഇന്റർവെൻഷൻ</u> :

| വർഷം | വിപണി ഇടപെടലിന് ലഭിക്കേണ്ട തുക |
|---|---|

| | (കോടിയിൽ) |
|---|---|
| 2008-09 | 31.22 |
| 2009-10 | 123.33 |
| 2010-11 | 42.60 |
| 2011-12 | 46.61 |
| 2012-13 | 153.55 |
| 2013-14 | 201.94 |
| 2014-2015 | 114.35 |
| ആകെ | 713.50 |

നെല്ല് സംഭരണ വകയിൽ സംസ്ഥാന സർക്കാർ കോർപ്പറേഷന് 150.93 കോടി രൂപ നൽകുവാനുണ്ട്. നെല്ല് സംഭരിച്ച് സംസ്കരിച്ച് അരിയാക്കി പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്ത കണക്കുകൾ പരിഗണിച്ച് ത്രൈമാസ അടിസ്ഥാനത്തിലാണ് കേന്ദ്രസർക്കാർ സബ്സിഡി അനുവദിക്കുന്നത്. ഇപ്രകാരം സെപ്റ്റംബർ വരെ വിതരണം ചെയ്ത അരിയുടെ സബ്സിഡി കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്.

(ബി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സപ്ലൈകോയ്ക്ക് തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വില വർദ്ധനയും പൊതുവിപണിയിലെ വില വർദ്ധനവും**

272 (1329) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന്

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഭക്ഷ്യവസ്തുക്കളുടെ വില വർദ്ധിപ്പിച്ചതിലൂടെ ലഭ്യമാകുന്ന അധികവരുമാനം പ്രതിമാസം എത്രയുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; കോർപ്പറേഷൻ തന്നെ വില വർദ്ധിപ്പിച്ച സാഹചര്യത്തിൽ പൊതുവിപണിയിൽ ഉണ്ടായേക്കാവുന്ന വിലവർദ്ധന തടയുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

സപ്ലൈകോയുടെ പൊതുവിതരണ ശൃംഖലവഴി സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്ന 13 ഇനം അവശ്യ ഭക്ഷ്യ വസ്തുക്കളുടെ വിൽപ്പന വില ഈ സാമ്പത്തിക വർഷം പുനർ നിർണ്ണയിച്ചിട്ടുണ്ട്. സപ്ലൈകോ വാങ്ങൽ വില, കടത്തുകൂലി, കയറ്റിറക്ക് കൂലി, അഡ്മിനിസ്ട്രേറ്റീവ് ഉൾപ്പെടെയുള്ള മറ്റ് ചെലവുകൾ എന്നിവ മാസംതോറും കൂടിക്കൊണ്ടിരിക്കുകയും വിൽപ്പന വില കൂട്ടാതിരിക്കുകയും ചെയ്തതുമൂലം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതുമൂലമുള്ള നഷ്ടം വളരെയധികം വർദ്ധിക്കുകയും അത് സപ്ലൈകോയുടെ മാർക്കറ്റ് ഇടപെടൽ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രതിദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന രീതിയിൽ വളരുകയും ചെയ്തതുകൊണ്ടാണ് സർക്കാർ സബ്സിഡി സാധനങ്ങളുടെ വിൽപ്പന വില പുനർഃനിർണ്ണയിച്ചത്. നിലവിലെ സബ്സിഡി സാധനങ്ങൾ വിതരണം ചെയ്യുന്നതു കൊണ്ട് സപ്ലൈകോയുടെ വരുമാനം വർദ്ധിക്കുന്നില്ല, മറിച്ച് സപ്ലൈകോയ്ക്ക് പ്രതിമാസം 20 കോടി രൂപയുടെ ബാദ്ധ്യത ഉണ്ടാകുന്നുണ്ട്. എന്നിരുന്നാലും സപ്ലൈകോയുടെ സബ്സിഡി വില പൊതുവിപണി വിലയേക്കാളും ശരാശരി 20 ശതമാനം മുതൽ 35 ശതമാനം വരെ കുറവാണ്. സബ്സിഡി അൽപ്പം കുറച്ച് തടസ്സമില്ലാതെ സാധനങ്ങൾ വിതരണം ചെയ്യുന്നതുമൂലം അവശ്യസാധനങ്ങളുടെ ലഭ്യത കമ്പോളത്തിൽ ഉറപ്പു വരുത്തുന്നതിനും ഇവയുടെ പൊതുവിപണി വിലയിലെ അനിയന്ത്രിതമായ വർദ്ധനവ് നിയന്ത്രിക്കുന്നതിനും സാധിച്ചിട്ടുണ്ട്. സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില പുനർ നിർണ്ണയിച്ചതോടൊപ്പം അവയുടെ

ലഭ്യത ഉറപ്പുവരുത്തുന്നത് യുക്തിസഹമായ സമീപനത്തോടെയുള്ള വിപണിയിടപെടൽ പദ്ധതിയുടെ ഭാഗമാണ്.

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതി**

273 (1330) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾ ഉച്ചഭക്ഷണ പദ്ധതിക്കായി ഭക്ഷ്യവകുപ്പിൽ നിന്നും അനുവദിച്ചുവരുന്ന ഭക്ഷ്യധാന്യങ്ങളുടെ വിശദാംശം നൽകാമോ?

ഉത്തരം

2014-15 സാമ്പത്തിക വർഷം ഉച്ചഭക്ഷണ പദ്ധതിക്കായി ഭക്ഷ്യ വകുപ്പിൽ നിന്ന് 58229.6784 മെ.ടൺ അരിയാണ് അനുവദിച്ചിട്ടുള്ളത്.

| | |
|---|---|
| ക്വാർട്ടർ 1 | 6982 മെ. ടൺ |
| ക്വാർട്ടർ 2 | 19509.5 മെ. ടൺ |
| ക്വാർട്ടർ 3 | 15869.0892 മെ. ടൺ |
| ക്വാർട്ടർ 4 | 15869.0892 മെ. ടൺ |
| ആകെ | 58229.6786 മെ. ടൺ |

**സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണം**

274 (1331) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സി. കെ സദാശിവൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സപ്ലൈകോ മുഖേനയുള്ള നെല്ല് സംഭരണം തടസ്സപ്പെട്ടിട്ടുണ്ടോ; എങ്കിൽ തടസ്സപ്പെടാനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) ഈ സീസണിൽ സപ്ലൈകോ ഇതുവരെ സംഭരിച്ച നെല്ലിന്റെ അളവെത്രയെന്ന് അറിയിക്കാമോ;

(സി) സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി നെല്ല് സംഭരണത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(ഡി) നെല്ല് സംഭരിച്ച വകയിൽ കർഷകർക്ക് എന്തു തുക കുടിശ്ശിക നൽകാനുണ്ടെന്ന് വിശദമാക്കാമോ; എന്നു മുതൽക്കുള്ള സംഭരണ വിലയാണ് കുടിശ്ശികയായിട്ടുള്ളത്; നെല്ല് സംഭരണത്തിനായി ഈ സാമ്പത്തിക വർഷം സർക്കാർ സപ്ലൈകോയ്ക്ക് ഇതുവരെ എന്തു തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ബാക്കി നൽകാനുള്ള തുകയെത്ര; ഇത് എന്നത്തേക്ക് കൊടുക്കുവാൻ കഴിയുമെന്നാണ് കരുതുന്നത്?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നെല്ല് സംഭരണം തടസ്സപ്പെട്ടിട്ടില്ല.

(ബി) 2014-15 ഒന്നാം സീസണിൽ ഇതുവരെ സപ്ലൈകോയ്ക്ക് 1.27 ലക്ഷം മെ. ടൺ നെല്ല് സംഭരിച്ചു.

(സി) ഇല്ല.

(ഡി) 2014-15 ഒന്നാം സീസണിൽ ഇതുവരെ സംഭരിച്ച നെല്ലിന്റെ വിലയായ 243.56 കോടി രൂപയിൽ 190.72 കോടി രൂപ സപ്ലൈകോ കർഷകർക്ക് നൽകി കഴിഞ്ഞു. ഇനി 52.84 കോടി രൂപ കർഷകർക്ക് നൽകേണ്ടതുണ്ട്. 6-11-2014 മുതൽക്കുള്ള സംഭരണ വിലയാണ് കുടിശ്ശിയായുള്ളത്. ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാർ ഈയിനത്തിൽ 145 കോടി രൂപ സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്. സംസ്ഥാന സർക്കാർ 150.93 കോടി രൂപ സപ്ലൈകോയ്ക്ക് നൽകാനുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഈ തുക സപ്ലൈകോയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**സബ്സിഡി സാധനങ്ങളുടെ വിലവർദ്ധനവ്**

275 (1332) <u>ശ്രീ. പി. റ്റി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യാൻ

സപ്ലൈകോ വാങ്ങുന്ന സാധനങ്ങൾ കൂടിയ വിലയ്ക്കാണ് വിൽക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുത്തക ഉൽപ്പന്നങ്ങൾ കേന്ദ്രീകൃത പർച്ചേസിംഗിലൂടെ വാങ്ങുന്നത് സാധനങ്ങളുടെ വില വർദ്ധിക്കുന്നതിനിടയാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സബ്സിഡി സാധനങ്ങളുടെ വില വർദ്ധനവ് പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സപ്ലൈകോയുടെ പൊതുവിതരണ ശൃംഖലവഴി വിതരണം ചെയ്തുവരുന്ന 13 ഇനം അവശ്യ സാധനങ്ങളുടെ സബ്സിഡി വില പൊതുവിപണി വിലയേക്കാൾ ശരാശരി 20 ശതമാനം മുതൽ 35 ശതമാനം വരെ കുറവാണ്.

(ബി) ഇല്ല.

(സി) 1-12-2014 മുതൽ സബ്സിഡി സാധനങ്ങളുടെ വിൽപ്പന വില പുനർ നിർണ്ണയിച്ചിട്ടുണ്ട്.

**നന്മണ്ട പഞ്ചായത്തിലെ മാവേലി സ്റ്റോർ**

276 (1333) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ നന്മണ്ട പഞ്ചായത്തിലെ ചീക്കിലോടിൽ പുതുതായി അനുവദിച്ച മാവേലി സ്റ്റോർ തുടങ്ങാനുള്ള കാലതാമസത്തിന് കാരണം വിശദാമാക്കുമോ;

(ബി) പ്രസ്തുത മാവേലി സ്റ്റോർ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചീക്കിലോട് പ്രദേശത്ത് മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിരുന്ന കെട്ടിടം, കെട്ടിട ഉടമ മറ്റ് ആവശ്യങ്ങൾക്കായി നൽകിയതിനാലും, ഗ്രാമപഞ്ചായത്ത് അനുയോജ്യമായ മറ്റൊരു കെട്ടിടം ഇതുവരെ കണ്ടെത്തി നൽകാത്തതിനാലുമാണ് ചീക്കിലോടിൽ പുതുതായി അനുവദിച്ച മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത്.

(ബി) സപ്ലൈകോയുടെ മാനദണ്ഡ പ്രകാരമുള്ള അനുയോജ്യമായ കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് ചീക്കിലോടിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതാണ്.

**പാചകവാതക വിതരണ തീയതി എസ്.എം.എസ്. വഴി**

277 (1334) <u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാചകവാതക വിതരണ ദിവസം തന്നെ എസ്.എം.എസ് മുഖേന ഉപഭോക്താവിനെ അറിയിക്കുന്നത് കർശനമാക്കുമോ?

(ബി) പാചകവാതക വിതരണ വിഷയത്തിൽ ഉപഭോക്താക്കളുടെ ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുവാൻ എന്തൊക്കെ നടപടി കൈക്കൊണ്ടിട്ടുണ്ട്?

<u>ഉത്തരം</u>

(എ) ഇല്ല എന്നാണ് എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോർഡിനേറ്റർ അറിയിച്ചിരിക്കുന്നത്.

(ബി) പാചകവാതക സിലിണ്ടറുകളുടെ വിതരണം സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസിതലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ, രണ്ടു മാസത്തിലൊരിക്കൽ ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈ ഓപ്പൺ ഫോറങ്ങളിൽ താലൂക്ക് സപ്ലൈ ഓഫീസർമാരും ഓയിൽ കമ്പനി പ്രതിനിധികളും പങ്കെടുത്ത് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിക്കാറുണ്ട്.

**താലൂക്ക് സപ്ലൈ ഓഫീസുകൾ**

278 (1335) <u>ശ്രീ. സി. പി. മുഹമ്മദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി രൂപവൽക്കരിച്ച 12 താലൂക്കുകളിൽ താലൂക്ക് സപ്ലൈ ഓഫീസുകൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) താലൂക്ക് രൂപവൽക്കരിച്ചതിന്റെ യഥാർത്ഥ പ്രയോജനം ജനങ്ങൾക്ക് ലഭ്യമാക്കുവാൻ പ്രസ്തുത നടപടി അടിയന്തരമായി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) പുതുതായി രൂപവൽക്കരിച്ച 12 താലൂക്കുകളിൽ താലൂക്ക് സപ്ലൈ ഓഫീസുകൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു.

**പാചകവാതക വിതരണം സുഗമമാക്കാൻ നടപടി**

279 (1336) <u>ശ്രീ. സി. പി. മുഹമ്മദ്</u>
<u>ശ്രീ. ബെന്നി ബെഹനാൻ</u>
<u>ശ്രീ. ജോസഫ് വാഴയ്ക്കൻ</u>
<u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് പാചകവാതക വിതരണം സുഗമമാക്കുന്നതിന്റെ ഭാഗമായി താലൂക്ക് തലത്തിൽ അദാലത്തുകൾ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ജില്ലാതല ഓപ്പൺ ഫോറത്തിൽ ഉപഭോക്താക്കൾക്ക് തർക്കപരിഹാരത്തിന് പോകേണ്ട അവസ്ഥ ഇത്തരത്തിൽ താലൂക്ക് അദാലത്തുകൾ സംഘടിപ്പിച്ച് ഒഴിവാക്കുമോ;

(സി) താലൂക്ക് തല അദാലത്തുകളിൽ ഓയിൽ കമ്പനി പ്രതിനിധികൾക്ക് പുറമെ ഏതെല്ലാം വകുപ്പിലെ ഉദ്യോഗസ്ഥരെയാണ് ചുമതലപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) താലൂക്ക് തല അദാലത്തുകൾ സംഘടിപ്പിക്കുവാൻ തീരുമാനമെടുത്തിട്ടില്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) നിലവിൽ ഉദ്ദേശമില്ല.

(ബി-ഡി) ബാധകമല്ല.

**കണ്ണൂർ ജില്ലയിലെ എരമം-കുറ്റൂർ പഞ്ചായത്തിലെ മാവേലി സ്റ്റോർ**

280 (1337) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എരമം-കുറ്റൂർ പഞ്ചായത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി മാവേലി സ്റ്റോർ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പുതുതായി അനുവദിച്ച മാവേലി സ്റ്റോർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) പ്രസ്തുത പഞ്ചായത്തിൽ വെള്ളോറ കേന്ദ്രീകരിച്ച് മാവേലി സ്റ്റോർ അനുവദിക്കണമെന്ന പ്രൊപ്പോസൽ പരിഗണനയിൽ ഉണ്ടോ;

(ഡി) വെള്ളോറ മാവേലി സ്റ്റോർ അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) എരമം-കുറ്റൂർ പഞ്ചായത്തിലെ കക്കറയിൽ മാവേലി സ്റ്റോർ അനുവദിക്കുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും പ്രസ്തുത വിഷയം കോടതിയുടെ പരിഗണനയിലായതിനാൽ നടപ്പാക്കാനായില്ല.

(സി&ഡി) വെള്ളോറയിൽ മാവേലി സ്റ്റോർ അനുവദിക്കണമെന്ന പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

**സബ്സിഡി ഇനത്തിൽ വിതരണം ചെയ്യുന്ന വസ്തുക്കളുടെ വില വർദ്ധന**

281 (1338) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ഓണക്കാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പൊതുവിതരണ ശൃംഖലയിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്ത സാധനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഓരോ ഇനത്തിനും

ഈടാക്കിയ വില വിവരങ്ങൾ അറിയിക്കാമോ;

(ബി) സബ്സിഡി ഇനത്തിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില വർദ്ധിപ്പിക്കുകയുണ്ടായോ; എങ്കിൽ ഓരോ ഇനത്തിനും എന്ത് നിരക്കിലാണ് വിലവർദ്ധനയുണ്ടായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; വർദ്ധിപ്പിച്ച വിലയും മുൻവർഷത്തെ ഓണക്കാലത്തെ വിലയും തമ്മിലുള്ള അന്തരം എത്രയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഇക്കഴിഞ്ഞ ഓണക്കാലത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി ഉഴുന്ന് (ബോൾ), വൻപയർ, തുവരപരിപ്പ്, മുളക്, മല്ലി, പഞ്ചസാര, പച്ചരി, മട്ട അരി, ജയ അരി, കുറുവ അരി, വൻകടല, ചെറുപയർ, വെളിച്ചെണ്ണ മുതലായ 13 ഇനം

അവശ്യ സാധനങ്ങളാണ് വിതരണം ചെയ്തത്. 2013 ഓണക്കാലവുമായി താരതമ്യം ചെയ്യുമ്പോൾ, 2014 ഓണക്കാലത്ത് അരി, മുളക്, വെളിച്ചെണ്ണ എന്നിവയുടെ സബ്സിഡി വില പുനർനിർണ്ണയിച്ചിരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**വൈത്തിരി താലൂക്കിലെ ബി.പി.എൽ. കാർഡുകൾക്കുള്ള അപേക്ഷകൾ**

282 (1339) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നടന്ന രണ്ടാം ഘട്ട ജനസമ്പർക്ക പരിപാടിയിൽ എ.പി.എൽ. കാർഡുകൾ ബി.പി.എൽ. ആക്കുന്നതു സംബന്ധിച്ച് വൈത്തിരി താലൂക്കിൽ നിന്നും എത്ര അപേക്ഷകരാണ് ഉണ്ടായിരുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) എത്ര എ.പി.എൽ. കാർഡുകൾ ബി.പി.എൽ. ആക്കിയെന്നു വ്യക്തമാക്കുമോ;

(സി) ബി.പി.എൽ. കാർഡുകളാക്കുന്നതു സംബന്ധിച്ച് തീരുമാനമെടുക്കുന്നതിനായി ഇനിയും എത്ര അപേക്ഷകൾ അവശേഷിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) അർഹരായ അപേക്ഷകർക്ക് ബി.പി.എൽ. കാർഡ് നൽകുന്നതിനായി അദാലത്തുകൾ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2418 എണ്ണം.

(ബി) 242 എണ്ണം.

(സി) 2176 എണ്ണം.

(ഡി) ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ഇനി ബി.പി.എൽ. കാർഡുകൾക്ക് പകരം മുൻഗണനാ കാർഡുകളാണ് നൽകുന്നത്. 14-1-2011-ലെ സ.ഉ.(കൈ) നമ്പർ 16/11/ത.സ്വ.ഭ.വ., 27-4-2012-ലെ സ.ഉ.(കൈ)നമ്പർ 112/12/ ത.സ്വ.ഭ.വ. എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ അപേക്ഷാഫാറം കാർഡുടമകൾക്ക് നൽകി വിവരശേഖരണവും റാങ്കിംഗും നടത്തി മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനാൽ അർഹരായ എല്ലാപേർക്കും മുൻഗണനാ കാർഡുകൾ നൽകുവാൻ കഴിയും.

**ചാലക്കുടി കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രി**

283 (1340) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടി ഗാന്ധിഗ്രാം ത്വക്ക് രോഗാശുപത്രിയിലെ അന്തേവാസികൾക്ക് കാലങ്ങളായി ലഭിച്ചുവന്നിരുന്ന പഞ്ചസാര, 2013 ഡിസംബർ മുതൽ വിതരണം ചെയ്യാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പഞ്ചസാര കൃത്യമായി അനുവദിക്കുന്നതിനും, അന്തേവാസികൾക്കായി വാങ്ങുന്ന നിത്യോപയോഗ സാധനങ്ങളുടെ ബില്ല് പ്രകാരമുള്ള തുക മാസങ്ങളായി കുടിശ്ശികയായിരിക്കുന്നത് വിതരണം ചെയ്യുന്നതിനും സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

കൊരട്ടി ഗവൺമെന്റ് ത്വക്ക് രോഗാശുപത്രിക്ക് 172/97 നമ്പർ എ.പി.എൽ. പെർമിറ്റാണ് അനുവദിച്ചിട്ടുള്ളത്. 3-5-2014-ലെ 3132/ഡി1/14/ഭ.പൊ.വി.വ. നമ്പർ കത്ത് പ്രകാരം പ്രസ്തുത ആശുപത്രിയിലെ ഓരോ അന്തേവാസിക്കും പ്രതിദിനം 280 ഗ്രാം അരി, 50 ഗ്രാം ഗോതമ്പ് എന്നിവ എ.പി.എൽ. നിരക്കിൽ വിതരണം ചെയ്യുവാൻ ഉത്തരവായിട്ടുണ്ട്. എ.പി.എൽ. പെർമിറ്റുകാർക്ക് പഞ്ചസാര അനുവദിക്കുന്നില്ല. ഓർഫനേജ് കൺട്രോൾ ബോർഡിന്റെയോ സാമൂഹ്യക്ഷേമ വകുപ്പിന്റെയോ അംഗീകാരമുള്ള സ്ഥാപനങ്ങൾക്കാണ് ബി.പി.എൽ. പെർമിറ്റും

അതിനനുസരിച്ചുള്ള പഞ്ചസാരയും നൽകുന്നത്. അന്തേവാസികൾക്കായി വാങ്ങുന്ന നിത്യോപയോഗ സാധനങ്ങളുടെ ബില്ല് പ്രകാരമുള്ള തുക സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**സപ്ലൈകോ വിതരണം ചെയ്യുന്ന സബ്സിഡി വസ്തുക്കളുടെ വില**

284 (1341) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സിവിൽസപ്ലൈസ് കോർപ്പറേഷന്റെ പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളുടെ വില എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; ഓരോ ഇനത്തിനും എന്ത് നിരക്കിലാണ് വില വർദ്ധനയെന്ന് വിശദമാക്കാമോ;

(ബി) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന സബ്സിഡി വസ്തുക്കളുടെ വില വർദ്ധിപ്പിച്ചിട്ടുണ്ടോ; എത്ര തവണ; എന്ത് നിരക്കിലാണ് വർദ്ധനയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 6-7-2012-ൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ എണ്ണം പുനർ നിർണ്ണയിച്ചു. സപ്ലൈകോ വിൽപ്പന ശിലകളിൽ പൊതുവെ വിൽപ്പന കുറവുള്ളതും, ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തതുമായ ഉഴുന്ന് പരിപ്പ്, കടുക്, ജീരകം, ഉലുവ, പീസ് പരിപ്പ്, ബോധന അരി എന്നീ ഇനങ്ങൾക്ക് സബ്സിഡി നൽകുന്നതിൽ നിന്ന് ഒഴിവാക്കുകയും പകരം കേരളത്തിലെ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന ചെറുപയർ, വൻകടല, ജയ അരി, കുറവ അരി, വെളിച്ചെണ്ണ എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. വില പുനർ നിർണ്ണയിച്ചതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**സപ്ലൈകോ സാധനങ്ങളുടെ ഗുണനിലവാരം**

285 (1342) <u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) സപ്ലൈകോ വഴി വിപണനം നടത്തുന്ന പല സാധനങ്ങളുടെയും ഗുണനിലവാരം മോശമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുണനിലവാരം ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് രൂക്ഷമായി തുടരുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വിപണിയിൽ സപ്ലൈകോയുടെ എന്തൊക്കെ പുതിയ ഇടപെടലുകൾ നടത്തുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സപ്ലൈകോ വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന പലവ്യഞ്ജനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഒരു പ്രത്യേക ഗുണമേന്മ പരിശോധനാ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ഹെഡ് ഓഫീസ് തലത്തിൽ ക്വാളിറ്റി അഷ്വറൻസ് മാനേജരുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലുമുള്ള ജൂനിയർ മാനേജർ, അസിസ്റ്റന്റ് മാനേജർ (ക്യൂ.എ.) അടങ്ങുന്ന വിദഗ്ദ്ധർ സാധനങ്ങളുടെ ഗുണനിലവാരം വാങ്ങുമ്പോഴും, സൂക്ഷിക്കുമ്പോഴും, വിൽപ്പന നടത്തുമ്പോഴും പരിശോധിച്ച് ഗുണമേന്മ ഉറപ്പ് വരുത്തുന്ന സംവിധാനം നിലവിലുണ്ട്. ഓരോ ഡിപ്പോയിലെയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഡിപ്പോയിൽ ലഭിക്കുന്ന ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം നിബന്ധന പ്രകാരമാണെന്ന് ഉറപ്പുവരുത്തുവാൻ കർശനമായി പരിശോധന നടത്തിയതിനു ശേഷമാണ് സാധനങ്ങൾ സ്വീകരിക്കുന്നത്. സപ്ലൈകോയുടെ എല്ലാ ഡിപ്പോകളിലും ഡിപ്പോ മാനേജർ, ക്വാളിറ്റി അഷ്വറൻസ് ഓഫീസർ, ജൂനിയർ മാനേജർ എന്നിവരടങ്ങുന്ന ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് അതാത് ഡിപ്പോകളിൽ ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ പരിശോധിച്ചുവരുന്നത്. ഭക്ഷ്യവസ്തുക്കൾ ഇത്തരത്തിൽ പരിശോധിച്ച് ഡിപ്പോയിൽ കൈപ്പറ്റിയ ശേഷം പിന്നീട് ഗുണമേന്മക്കുറവ് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട കാരാറുകാരിൽ നിന്നും മാറ്റി വാങ്ങുവാനുള്ള സംവിധാനവും നിലവിലുണ്ട്. കരാർ പ്രകാരം ഭക്ഷ്യ വസ്തുക്കൾ വിതരണം നടത്തുന്ന

കരാറുകാർ 60 ദിവസങ്ങൾക്കുള്ളിൽ ഗുണമേന്മക്കുറവ് പരിശോധനയിൽ തെളിഞ്ഞാൽ വിതരണം ചെയ്ത ഭക്ഷ്യവസ്തു മാറ്റി ഗുണമേന്മ ഉള്ളതു നൽകുവാൻ ബാദ്ധ്യസ്ഥരാണ്.

കാലാകാലങ്ങളിൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ വരുത്തുന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് പരിശോധനകൾ കൂടുതൽ ശക്തിപ്പെടുത്തി വരുന്നു. കൂടാതെ ഹെഡ് ഓഫീസിൽ നിന്ന് നേരിട്ട് ഓരോ ഡിപ്പോയിലെയും ഭക്ഷ്യവസ്തുക്കളുടെ സാമ്പിളുകൾ റാൻഡമായി പരിശോധന നടത്താറുണ്ട്. സപ്ലൈകോയുടെ വിജിലൻസ് വിഭാഗവും ഓഡിറ്റ് വിഭാഗവും എല്ലാ മാസവും വിവിധ ഡിപ്പോകളിൽ നിന്നും വിൽപ്പനശാലകളിൽ നിന്നും സാമ്പിളുകൾ എടുത്ത് ഗുണനിലവാര പരിശോധനകൾ നടത്തി, വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിനായി കർശന നടപടികൾ സ്വീകരിച്ചുവരുന്നു. പൊതു ജനങ്ങൾക്ക് ഭക്ഷ്യവസ്തുക്കൾ ഗുണമേന്മയോടെ നൽകുവാനുള്ള സംവിധാനം സപ്ലൈകോയുടെ എല്ലാ കടകളിലും നിലവിലുണ്ട്. പായ്ക്കറ്റ് ഭക്ഷ്യവസ്തുക്കൾക്ക് HACCP, ISO, 22000 അഗ്മാർക്ക് എന്നിവയിലുള്ള ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. സപ്ലൈകോയുടെ വിൽപ്പനശാലകൾവഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളിൽ മായം കലർത്തിയിട്ടില്ല എന്ന് ഉറപ്പ് വരുത്തുന്നതിനായി റാൻഡമായി സാമ്പിളുകൾ എടുത്ത് തുടർച്ചയായി റീജിയണൽ അനലിറ്റിക്കൽ ലാബിലും എൻ.എ.ബി.എൽ. അംഗീകാരമുള്ള ലാബിലും, കോന്നിയിലുള്ള സി.എഫ്.ആർ.ഡി. മൈക്രോബയോളജി/ കെമിക്കൽ ലാബുകളിലും പരിശോധന നടത്തുന്നുണ്ട്. സപ്ലൈകോയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള എല്ലാ മൊത്തവിതരണക്കാരുടെയും ഉൽപ്പാദനസ്ഥാപനങ്ങളിൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് സിസ്റ്റവും ഐ.എസ്.ഒ. 22000-2005-ഉം നടപ്പിൽ വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിപണിയിൽ ഫലപ്രദമായി ഇടപെട്ട് വിലക്കയറ്റം തടയുന്നതിനുള്ള നടപടികൾ താഴെ പറയുന്നവയാണ്:

(1) നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനും വില നിലവാരം പിടിച്ചു നിർത്തുന്നതിനും വേണ്ടി 13 ഇനം അവശ്യ സാധനങ്ങൾ താഴെ കൊടുത്തിരിക്കുന്ന വിലയിൽ സപ്ലൈകോ

വിൽപ്പനശാലകൾ വഴി വിറ്റുവരുന്നു.

| ക്രമ നമ്പർ | ഇനം | 1-12-2014 മുതലുള്ള സബ്സിഡി വില കി. ഗ്രാമിന് |
|---|---|---|
| 1 | ചെറുപയർ | 74.00 |
| 2 | ഉഴുന്ന് (ഹോൾ) | 66.00 |
| 3 | വൻകടല | 43.00 |
| 4 | വൻപയർ | 45.00 |
| 5 | തുവരപ്പരിപ്പ് | 65.00 |
| 6 | മുളക് | 75.00 |
| 7 | മല്ലി | 112.00 |
| 8 | പഞ്ചസാര | 25.00 |
| 9 | ജയ അരി | 25.00 |
| 10 | കുറുവ അരി | 25.00 |
| 11 | മട്ട അരി | 25.00 |
| 12 | പച്ചരി സോർട്ടക്സ് | 23.00 |
| 13 | വെളിച്ചെണ്ണ (ലിറ്ററിന്) | 139.00 |

(2) പ്രാദേശികമായി ജനങ്ങൾക്ക് താത്പര്യമുള്ള വിവിധ ഇനം അരി - (മട്ട അരി, ജയ അരി, കുറുവ അരി) എന്നിവ കി.ഗ്രാമിന് 25 രൂപ നിരക്കിലും പച്ചരി 23 രൂപ നിരക്കിലും പ്രതിമാസം കാർഡ് 1-ന് 10 കി.ഗ്രാം വീതം വിതരണം ചെയ്തു വരുന്നു.

(3) കൂടുതൽ വിൽപ്പനശാലകൾ വഴി മിതമായ നിരക്കിൽ വിപണിയിൽ സാധനങ്ങൾ എത്തിച്ച് ദൗർലഭ്യം ഒഴിവാക്കുന്നു. ഇതിനുപുറമേ ആദിവാസി/തീരദേശ മേഖലകളിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി 23 സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകളും പ്രവർത്തിച്ചുവരുന്നു

(4) യഥാർത്ഥ ഉപഭോക്താവിന് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് അവയുടെ വിൽപ്പന റേഷൻ കാർഡുകൾ വഴി നിയന്ത്രിക്കുകയും അതുവഴി അവശ്യസാധനങ്ങളുടെ ദുരുപയോഗ സാധ്യത തികച്ചും ഇല്ലാതാക്കുകയും ചെയ്യു.

(5) ഗോതമ്പുപൊടിയുടെ വിലവർദ്ധന തടയുവാനായി സപ്ലൈകോ വിൽപ്പനശാലകൾ റേഷൻ കടകൾ എന്നിവ വഴി ഫോർട്ടിഫൈഡ് ആട്ട ഒരു കിലോപായ്ക്കറ്റ് 15 രൂപയ്ക്ക് വിതരണം നടത്തി വരുന്നു.

(6) അരിയും പലവ്യഞ്ജനങ്ങളും കൂടാതെ FMCG സാധനങ്ങൾ MRP-യേക്കാളും 15 ശതമാനം വരെ വിലകുറച്ച് ഉപഭോക്താക്കൾക്ക് വിതരണം നടത്തുന്നു. ഇത് MRP-യിൽ നിന്നും കുറഞ്ഞ നിരക്കിൽ സാധനങ്ങൾ വിൽക്കാൻ മറ്റ് വൻകിട കച്ചവടക്കാരെ പ്രേരിപ്പിക്കുകയും അങ്ങനെ ഉപഭോക്താവിന് പരമാവധി ആനുകൂല്യം ലഭിക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

(7) പൊതുവിപണിയിലേതിനേക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പംപൊടി, പുട്ടുപൊടി എന്നിവ ശബരി എന്ന പേരിൽ വിപണിയിൽ വിൽപ്പന നടത്തിവരുന്നു.

(8) ഉത്സവകാലങ്ങളിലെ വില വർദ്ധന നിയന്ത്രിക്കാൻ പ്രത്യേക ഉത്സവകാല ചന്തകൾ നടത്തിവരുന്നു.

(9) സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ വേണ്ടി മാവേലി സ്റ്റോറുകൾ ഇല്ലാത്ത 56 പഞ്ചായത്തുകളിൽ കൂടി മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ നടപടി പുരോഗമിച്ചു വരുന്നു.

(10) ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി എല്ലാ സാധനങ്ങളും QC കമ്മിറ്റിയുടെ ഗുണനിലവാര സർട്ടിഫിക്കറ്റിന് വിധേയമായി മാത്രമാണ് വില്പനക്ക് വയ്ക്കുന്നത്.

**വിവിധയിനം സബ്സിഡിയിന്മേലുള്ള കുടിശ്ശികകൾ**

286 (1343) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭക്ഷ്യ സബ്സിഡി, മാർക്കറ്റ് ഇന്റർവെൻഷൻ സബ്സിഡി, റേഷൻ സബ്സിഡി, സപ്ലൈകോയ്ക്ക് കൊടുത്തുതീർക്കേണ്ട സബ്സിഡി എന്നിവയിലുള്ള കുടിശ്ശിക ബാധ്യത സർക്കാരിന്റെ കണക്കുപ്രകാരം എത്ര വീതമാണെന്ന് വെളിപ്പെടുത്താമോ?

## ഉത്തരം

റേഷൻ സബ്സിഡി ഇനത്തിൽ സപ്ലൈകോയ്ക്ക് നിലവിൽ കുടിശ്ശികയില്ല. 2014-15 സാമ്പത്തിക വർഷം മാർക്കറ്റ് ഇന്റർവെൻഷൻ പ്രകാരം സബ്സിഡി നിരക്കിൽ സാധനം വിതരണം ചെയ്ത വകയിൽ സപ്ലൈകോയ്ക്ക് സെപ്തംബർ വരെ 179.35 കോടി രൂപ ചെലവായിട്ടുണ്ട്. ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള 65 കോടി രൂപ ഇതുവരെ നല്കിയിട്ടുണ്ട്. മാർക്കറ്റ് ഇന്റർവെൻഷൻ സബ്സിഡി നിരക്കിൽ സാധനം വിതരണം ചെയ്ത വകയിൽ സപ്ലൈകോയ്ക്ക് 2008-09 മുതൽ ചെലവായ തുകയിൽ നിന്നും സർക്കാർ ധനസഹായം കഴിച്ച് ബാക്കിയുള്ള തുകയുടെ വിവരം താഴെ കൊടുക്കുന്നു:

| വർഷം | വിപണി ഇടപെടലിന് അധികമായി ചെലവായ തുക (കോടിയിൽ) |
|---|---|
| 2008-09 | 31.22 |
| 2009-10 | 123.33 |
| 2010-11 | 42.50 |
| 2011-12 | 46.61 |
| 2012-13 | 153.55 |
| 2013-14 | 201.94 |
| 2014-15 | 114.35 |
| ആകെ | 713.50 |

വിവിധ പദ്ധതികൾ നടപ്പിലാക്കുകവഴി സപ്ലൈകോയ്ക്ക് ഒരു വർഷം ഉണ്ടാകാവുന്ന അറ്റനഷ്ടമായിരിക്കും സർക്കാർ നല്കാനുള്ള കുടിശ്ശിക. ഇത് 2010-11-ൽ 5.41 കോടി രൂപയും, 2011-12 വർഷം 39.22 കോടി രൂപയുമായിരുന്നു. ഇതിനുശേഷമുള്ള കാലയളവിൽ ആഡിറ്റ് പൂർത്തിയാക്കിയിട്ടില്ല.

**ഓണക്കിറ്റ് വിതരണം**

287 (1344) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. കുടുംബങ്ങൾക്ക് നൽകി വരുന്ന ഓണക്കിറ്റ് ഈ വർഷത്തെ ഓണത്തിന് വിതരണം ചെയ്യുകയുണ്ടായോ;

(ബി) ഓണക്കിറ്റിനർഹതപ്പെട്ട ബി.പി.എൽ. കുടുംബങ്ങൾ എത്രയാണ്; ഇതിൽ എത്ര പേർക്ക് കിറ്റ് വിതരണം ചെയ്തു;

(സി) ഓണക്കിറ്റ് വിതരണം ചെയ്യാൻ സിവിൽ സപ്ലൈസ് കോർപ്പറേഷന് എത്ര രൂപ അനുവദിച്ചിട്ടുണ്ടായിരുന്നു; ഏത് തിയതിയിൽ;

(ഡി) മുൻ വർഷം എത്ര കോടി രൂപ പ്രസ്തുത ഇനത്തിൽ ധനകാര്യ വകുപ്പിൽ നിന്നും നൽകുകയുണ്ടായി; ദുരിതാശ്വാസ നിധിയിൽ നിന്നും നൽകിയത് എത്ര;

(ഇ) ഓണത്തിന് വിപണിയിൽ ഇടപെടാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ സർക്കാരിനോട് ആവശ്യപ്പെട്ട തുക എത്രയായിരുന്നു; ഓണത്തിന് മുമ്പ് എന്ത് തുക ഇതിൽ അനുവദിച്ചു കിട്ടിയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) വിതരണം ചെയ്തിരുന്നു.

(ബി) റേഷൻ കാർഡ് ഹാജരാക്കിയ 1527644 ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യ ഓണക്കിറ്റ് വിതരണം നടത്തിയിട്ടുണ്ട്.

(സി) ഓണക്കിറ്റ് വിതരണം ചെയ്യാൻ സിവിൽ സപ്ലൈസ് കോർപ്പറേഷന് ഇതുവരെ തുകയൊന്നും അനുവദിച്ചിട്ടില്ല.

(ഡി) ബി.പി.എൽ. കുടുംബങ്ങൾക്ക് ഓണക്കിറ്റ് വിതരണം ചെയ്യുവാൻ 2013-14 സാമ്പത്തിക വർഷം സപ്ലൈകോയ്ക്ക് ധനകാര്യ വകുപ്പിൽ നിന്നോ ദുരിതാശ്വാസ നിധിയിൽ നിന്നോ തുകയൊന്നും അനുവദിച്ചിട്ടില്ല.

(ഇ) 2014-15 സാമ്പത്തിക വർഷത്തേക്ക് ബഡ്ജറ്റിൽ അനുവദിച്ച 65 കോടി രൂപയ്ക്കു പുറമേ ഓണത്തിന് വിപണിയിൽ ഇടപെടാൻ സപ്ലൈകോ സർക്കാരിനോട്
50 കോടി രൂപ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ബഡ്ജറ്റ് തുക മാത്രമാണ്

അനുവദിച്ച് നൽകിയത്.

## നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ്

288 (1345) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ സമ്പ്രദായം നിലനിറുത്തുന്നതിനും, വിലക്കയറ്റം തടയുന്നതിനുമായി മാവേലി സ്റ്റോറുകൾ വഴി വിതരണം ചെയ്തു കൊണ്ടിരുന്ന പതിമൂന്നിന നിത്യോപയോഗ സാധനങ്ങളുടെ വില പൊതുവിപണിയിലെ വിലയ്ക്ക് തുല്യമായി എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ, വില വർദ്ധനവ് ഉണ്ടായതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ&ബി) ബാധകമല്ല.

## കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ തുക

289 (1346) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വിരിപ്പ് നെല്ല് സീസണിൽ കർഷകരിൽ നിന്നും സംഭരിച്ച നെല്ല് എത്രയാണെന്ന് വിശദമാക്കാമോ ;

(ബി) കർഷകർക്ക് ലഭിക്കേണ്ട തുക എത്രയാണെന്ന് വിശദമാക്കാമോ ;

(സി) കർഷകർക്ക് നൽകേണ്ട തുക മുഴുവനും സർക്കാർ നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(ഡി) ഇല്ലെങ്കിൽ ഇത് എന്നത്തേക്ക് നല്കാനാകും എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) 2014-15 വിരിപ്പ് സീസണിൽ ഇതുവരെ (28-11-2014) 1.28 ലക്ഷം മെ. ടൺ നെല്ല് സംഭരിച്ചു.

(ബി) 28-11-2014 വരെ സംഭരിച്ച നെല്ലിന്റെ വിലയായ 243.56 കോടി രൂപയാണ് കർഷകർക്ക് ലഭിക്കേണ്ടത്.

(സി) കർഷകർക്ക് നൽകേണ്ട നെല്ല് വിലയിൽ ഇതുവരെ 190.72 കോടി രൂപ സപ്ലൈകോ നൽകി കഴിഞ്ഞു. ഈയിനത്തിൽ സപ്ലൈകോയ്ക്ക്, സർക്കാർ സബ്സിഡിയായി 150.93 കോടി രൂപ നൽകാനുണ്ട്.

(ഡി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് താമസംവിന കർഷകർക്ക് നെല്ല് വില നൽകുന്നതാണ്.

**വികലാംഗരുള്ള കുടുംബങ്ങളുടെ റേഷൻകാർഡുകൾ ബി.പി.എൽ. ആക്കാൻ നടപടി**

290 (1347) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 40 ശതമാനത്തിലധികം അംഗവൈകല്യമുള്ള വികലാംഗരുള്ള കുടുംബങ്ങളുടെ റേഷൻ കാർഡുകൾ ബി.പി.എൽ. ആക്കി മാറ്റുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ, അത്തരം വികലാംഗരുള്ള കുടുംബങ്ങളുടെ റേഷൻ കാർഡുകൾ ബി.പി.എൽ. ആക്കി മാറ്റുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 27-4-2012-ലെ സ.ഉ.(കൈ) നമ്പർ 112/12/ത.സ്വ.ഭ.വ. പ്രകാരം വികലാംഗരെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും 5-11-2011-ലെ സ.ഉ.(കൈ) നമ്പർ 38/11/ഭ.സി.സ.വ. പ്രകാരം അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ടവർക്ക് ബി.പി.എൽ. കാർഡുകളാക്കി നൽകുന്നതിന് ജില്ലാ കളക്ടർമാർക്ക് അധികാരം നൽകിയിട്ടുണ്ട്. ആയതിൻ പ്രകാരം ജില്ലാ കളക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വികലാംഗരുൾപ്പെടെയുള്ളവരുടെ എ.പി.എൽ. കാർഡുകൾ ബി.പി.എൽ. കാർഡുകളാക്കി നൽകുന്നുണ്ട്.

**മത്സ്യബന്ധന യാനങ്ങൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണം**

291 (1348) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഇുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സബ്സിഡി നിരക്കിൽ മത്സ്യബന്ധന യാനങ്ങൾക്കു മണ്ണെണ്ണ വിതരണത്തിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ; മണ്ണെണ്ണ വിതരണം ചെയ്യുന്നതിനുള്ള ഔട്ട്ലെറ്റുകൾ ഏതെല്ലാം ജില്ലയിൽ ഏതെല്ലാം കേന്ദ്രങ്ങളിൽ സ്ഥാപിക്കുമെന്നറിയിക്കുമോ?

<u>ഉത്തരം</u>

മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയതിന്റെ ആദ്യഘട്ടമായി താഴെ പറയുന്ന സ്ഥലങ്ങളിൽ മത്സ്യഫെഡിന്റെ നിയന്ത്രണത്തിൽ ബങ്കുകൾ സ്ഥാപിക്കുന്നതിന് 19-8-2014-ലെ സ.ഉ.(സാധാ) നമ്പർ 722/14/മ.തു.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ല | മണ്ണെണ്ണ ബങ്കിനായി ശിപാർശ ചെയ്യുന്ന സ്ഥലം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | വിഴിഞ്ഞം |
| | | മരിയനാട് |
| 2 | കൊല്ലം | നീണ്ടകര |
| (1) | (2) | (3) |
| 3 | ആലപ്പുഴ | വളഞ്ഞവഴി |
| | | അർത്തുങ്കൽ |
| 4 | തൃശ്ശൂർ | അഴീക്കോട് ഹാച്ചറി കോമ്പൗണ്ട് |
| 5 | മലപ്പുറം | ഉണ്ണിയാൽ |

| | | |
|---|---|---|
| | | പൊന്നാനി ഫിഷിംഗ് ഹാർബർ |
| 6 | കോഴിക്കോട് | പുതിയാപ്പ |
| 7 | കണ്ണൂർ | മാപ്പിളബേ ഫിഷിംഗ് ഹാർബർ |
| 8 | കാസർഗോഡ് | കസബ ഐസ് പ്ലാന്റിന് സമീപം |

ബങ്കുകൾക്കുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എറണാകുളം ജില്ലയിൽ ബങ്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലം കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ നിന്നും ലീസ് അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഹോട്ടലുകളിലെ ഗ്രേഡിംഗും വില ഏകീകരണവും**

292 (1349) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകളിലും പാകം ചെയ്ത ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്ന മറ്റ് സ്ഥാപനങ്ങളിലും ഗ്രേഡിംഗ്, വില ഏകീകരണം എന്നിവ ഏർപ്പെടുത്തുന്നതിന് നിയമം കൊണ്ടുവരുമെന്ന് ഉറപ്പു നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിയമനിർമ്മാണത്തിനുള്ള ബിൽ എപ്പോൾ അവതരിപ്പിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതു സംബന്ധിച്ച നിയമനിർമ്മാണം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്.

**അന്നപൂർണ്ണ കാർഡ് ഉടമകൾ**

293 (1350) <u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ അന്നപൂർണ്ണ കാർഡ് ഉടമകൾക്കുള്ള സൗജന്യ അരി വിതരണം നിർത്തി വച്ചിരിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അന്നപൂർണ്ണ ഗുണഭോക്താക്കൾക്കുള്ള അരിയുടെ അലോട്ട്മെന്റ് നിർത്തി വയ്ക്കാനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഗുണഭോക്താക്കൾക്കുള്ള അരി വിതരണം പുനസ്ഥാപിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) 1-1-2014-ലെ നമ്പർ 4-6/2013-BP.II ഉത്തരവ് പ്രകാരം 2013 ഒക്ടോബർ മാസം മുതൽ 2014 മാർച്ച് മാസം വരെ വിതരണം നടത്തുന്നതിന് 2.38 MT അരിയാണ് കേരളത്തിന് അനുവദിച്ചത്. 2014 മാർച്ച് മാസത്തിനുശേഷം കേന്ദ്ര സർക്കാരിൽ നിന്നും ടി അലോട്ട്മെന്റ് ലഭിച്ചിട്ടില്ല. ആയതിനാൽ ജില്ലകളിൽ അന്നപൂർണ്ണ അരിയുടെ സ്റ്റോക്ക് പരിമിതമാണ്. ടി സാഹചര്യത്തിലാണ് അരിയുടെ വിതരണം മുടങ്ങുവാൻ ഇടയായത്.

(സി) പ്രസ്തുത ഗുണഭോക്താക്കൾക്ക് അരിവിതരണം പുനഃസ്ഥാപിക്കുന്നതിന് ആവശ്യമായ അലോട്ട്മെന്റിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**പഞ്ചായത്തുതല വിജിലൻസ് കമ്മിറ്റി രൂപീകരണം**

294 (1351) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി</u> :
<u>ശ്രീ. ബെന്നി ബെഹനാൻ</u> :
<u>ശ്രീ. വർക്കല കഹാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിന് കീഴിൽ പഞ്ചായത്തുതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ;

(ബി) പഞ്ചായത്തുതല വിജിലൻസ് കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) സിവിൽ സപ്ലൈസ് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പ്രസ്തുത കമ്മിറ്റികൾ എത്രമാത്രം പ്രയോജനപ്പെടുമെന്ന് വിശദമാക്കുമോ;

(ഡി) എല്ലാ പഞ്ചായത്തുകളിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) രൂപീകരിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർ കൺവീനറുമായാണ് പഞ്ചായത്ത്തല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിരിക്കുന്നത്. 2 മാസത്തിലൊരിക്കൽ ടി സമിതി യോഗം ചേരേണ്ടതുണ്ട്. പൊതുവിതരണ സമ്പ്രദായത്തിന്റെ അവലോകനം, ഗുണമേന്മയുള്ള റേഷൻ സാധനങ്ങൾ കൃത്യമായ അളവിലും തൂക്കത്തിലും ഉപഭോക്താവിന് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുക, കൂടാതെ ഉപഭോക്താക്കളെ കണ്ടെത്തുന്നത് സംബന്ധിച്ച പ്രശ്നങ്ങളിൽ ഇടപെടുക, ന്യായവില ഷോപ്പുകളുടെ പ്രവർത്തനം നിരീക്ഷിക്കുക, പൊതു വിതരണ സമ്പ്രദായത്തിന്റെ തുടർച്ചയായ അവലോകനം എന്നിവ പഞ്ചായത്ത്തല വിജിലൻസ് കമ്മിറ്റിയുടെ ഉത്തരവാദിത്വമാണ്.

(സി) റേഷൻ സാധനങ്ങൾ യഥാസമയം ശരിയായ അളവിലും തൂക്കത്തിലും ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുക, റേഷൻ സാധനങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ് ഇവ തടയുക മുതലായ പ്രവർത്തനങ്ങൾക്ക് വിജിലൻസ് സമിതികൾ വകുപ്പിന് സഹായകമാകുന്നുണ്ട്. കൂടാതെ, സമിതി യോഗങ്ങളിൽ ഉന്നയിക്കുന്ന പരാതികൾക്ക് പരിഹാരം കാണാനും കഴിയുന്നുണ്ട്.

(ഡി) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും പഞ്ചായത്തുതല വിജിലൻസ് സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(ഇ) ബാധകമല്ല.

**ഭക്ഷ്യസുരക്ഷാ പദ്ധതി**

295 (1352) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ പദ്ധതി എന്ന് മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ; പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കാമോ ;

(ബി) ഭക്ഷ്യസുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാ പദ്ധതി 2014 നവംബർ 1 മുതൽ നടപ്പിലാക്കുന്നതിന് 17-9-2014-ലെ സ.ഉ.(കൈ) നമ്പർ 39/14/ ഭ.സി.സ.വ. ഉത്തരവ് പ്രകാരം തീരുമാനിച്ചിരുന്നുവെങ്കിലും കേന്ദ്രസർക്കാർ അനുമതി നൽകാത്തതിനാൽ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. പദ്ധതി നടപ്പിലാക്കുന്നതിനായി, മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുക, ഓഫീസ് ഓട്ടോമേഷൻ നടപടികൾ പൂർത്തിയാക്കുക, മൊത്ത/ചില്ലറ വ്യാപാര സ്ഥാപനങ്ങൾ കമ്പ്യൂട്ടർവൽക്കരിക്കുക, മൊത്ത/ചില്ലറ വ്യാപാര സ്ഥാപനങ്ങളിൽ കൂടിയുള്ള അലോട്ട്മെന്റ്, വിതരണം എന്നിവ ഓൺ ലൈനിൽ പരിശോധിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുക എന്നിവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതോടൊപ്പം കേരളത്തിന്റെ അലോട്ട്മെന്റ് 16.25 ലക്ഷം ടണ്ണായി ലഭ്യമാക്കുക, ഡോർ ഡെലിവറിക്കായി സാമ്പത്തിക സഹായം നൽകുക, ധർമ്മ സ്ഥാപനങ്ങൾക്കുള്ള ഭക്ഷ്യധാന്യം തുടർന്നും ലഭ്യമാക്കണം തുടങ്ങിയ ആവശ്യങ്ങൾ സംസ്ഥാനം കേന്ദ്രത്തിന്റെ മുമ്പാകെ വച്ചിട്ടുണ്ട്.

**ഭക്ഷ്യസുരക്ഷാ പദ്ധതി**

296 (1353) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ പദ്ധതി എന്ന് നടപ്പിലാകും എന്ന കാര്യം അറിയിക്കുമോ ;

(ബി) പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 17-9-2014-ലെ സ.ഉ.(കൈ) നമ്പർ 39/14/ ഭ.സി.സ.വ. പ്രകാരം 2014 നവംബർ 1 മുതൽ താൽക്കാലികമായി ഭക്ഷ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിരുന്നു. കേന്ദ്രസർക്കാരിൽ നിന്നും അനുമതി ലഭിക്കാത്തതിനാൽ പദ്ധതി നടപ്പിൽ വരുത്തുവാൻ കഴിഞ്ഞിട്ടില്ല.

(ബി) ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് റേഷൻ കാർഡുകളുടെ ഡിജിറ്റലൈസേഷൻ, ഓഫീസ് ഓട്ടോമേഷൻ അംഗീകൃത മൊത്ത/ചില്ലറ വ്യാപാര ശാലകളിലെ കമ്പ്യൂട്ടർവൽക്കരണം, മൊത്ത/ചില്ലറ വ്യാപാര ശാലകൾക്കുള്ള അലോട്ട്മെന്റ്, ഓൺലൈൻ മുഖേന പരിശോധിക്കുന്നതിനുള്ള സംവിധാനം എന്നിവ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

നിലവിലെ റേഷൻകാർഡുകൾ ഡിജിറ്റലൈസേഷൻ നടത്തിയിട്ടുണ്ട്. സ.ഉ.(കൈ)നമ്പർ 16/11/ത.സ്വ.ഭ.വ., സ.ഉ.(കൈ) നമ്പർ 112/12/ത.സ്വ.ഭ.വ. എന്നീ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വിശദമായ അപേക്ഷാഫാറം കാർഡുടമകൾക്ക് നൽകി വിവരശേഖരണം നടത്തുന്നതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടിക തയ്യാറാക്കി മുൻഗണനാ കാർഡുകൾ നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്.

ഓഫീസ് ഓട്ടോമേഷനുവേണ്ടിയുള്ള ഹാർഡ്‌വെയർ പർച്ചേസ് നടപടികൾ നടന്നുവരുന്നു. മൊത്ത/ചില്ലറ വ്യാപാര സ്ഥാപനങ്ങളിലെ കമ്പ്യൂട്ടർവൽക്കരണം, അലോട്ട്മെന്റ്, വിതരണം എന്നിവ സംബന്ധിച്ച് ഓൺലൈനിൽ പരിശോധിക്കുന്നതിനുള്ള

സംവിധാനം ഏർപ്പെടുത്തുന്നതിന് എൻ.ഐ.സി.-യുടെ സഹായത്തോടെ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. കൂടാതെ കേരളത്തിന്റെ റേഷൻ അലോട്ട്മെന്റ് 16 ലക്ഷം ടണ്ണായി കിട്ടുക, ഡോർ ടു ഡോർ ഡെലിവറിക്ക് കേന്ദ്രസഹായം ലഭ്യമാക്കുക, ധർമ്മ സ്ഥാപനങ്ങളുടെ അലോട്ട്മെന്റ് ലഭ്യമാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഈ നിയമം നടപ്പിലാക്കുമ്പോൾ ലഭ്യമാക്കണമെന്ന് സംസ്ഥാനം മുന്നോട്ട് വച്ചിട്ടുണ്ട്.

## ഹോട്ടലുകളിലെ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരവും നിയന്ത്രണവും

297 (1354) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടലുകളിലെ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കാനും ഭക്ഷ്യവസ്തുക്കളുടെ വില നിയന്ത്രിക്കാനും ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹോട്ടലുകളിലെ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനുള്ള നിയമനിർമ്മാണം വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്.

(ബി) ഗുണനിലവാരം പരിശോധിക്കുന്നതിനുവേണ്ടി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ഫുഡ് ടെസ്റ്റിംഗ് ലാബുകളിലേക്ക് അയയ്ക്കുന്നതിനുവേണ്ടി എല്ലാ നിയോജക മണ്ഡലങ്ങളിലെയും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നല്കുകയും അതനുസരിച്ച് അവർ പ്രവർത്തിച്ചുവരികയും ചെയ്യുന്നു. ഹോട്ടൽ റസ്റ്റോറന്റുകളിലും ഭക്ഷ്യ സുരക്ഷാ ഗുണനിലവാരം ശക്തമായി നടപ്പിലാക്കുന്നതിനു വേണ്ടി 30 ഇന നിർദ്ദേശങ്ങൾ ഭക്ഷ്യസുരക്ഷാ കമ്മീഷണർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പാലിക്കാത്ത ഹോട്ടൽ റസ്റ്റോറന്റുകൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

## മിഷൻ 676-ഉം ഭക്ഷ്യ-പൊതുവിതരണ വകുപ്പും

298 (1355) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ-പൊതുവിതരണ വകുപ്പിൻ കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഇവ ഓരോന്നിനും എന്തു തുക വീതം നീക്കിവച്ചിട്ടുണ്ട്; ബഡ്ജറ്റ് വിഹിതത്തിന് പുറമേയാണോ ഇത്;

(സി) എല്ലാ പദ്ധതികളുടെയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; പണി പൂർത്തിയാക്കിയ ഏതെങ്കിലും പദ്ധതിയുണ്ടോ; ഇതുവരെ പണി ആരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാം?

### ഉത്തരം

(എ) ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കീഴിൽ താഴെ പറയുന്ന പദ്ധതികളാണ് മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ളത് :

1. സപ്ലൈകോയുടെ സംസ്ഥാനത്തെ എല്ലാ വില്പനകേന്ദ്രങ്ങൾ വഴിയും 13 ഇനം അവശ്യ ഭക്ഷ്യ വർഗ്ഗങ്ങൾ സബ്സിഡി അനുവദിച്ച് റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ, '60 ലക്ഷത്തോളം കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്ന പദ്ധതി' (ഇത് ഒരു തുടർ പദ്ധതിയാണ്).
2. രണ്ട് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവത്കരിക്കുന്ന പദ്ധതി.

(ബി) അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി 300 കോടി രൂപയാണ് ആവശ്യമായിട്ടുള്ളത്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ 65 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പൊതുവിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവത്കരിക്കുന്നതിന് 498.96 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ 50:50 അനുപാതത്തിലാണ് ടി പദ്ധതിക്ക് സാമ്പത്തിക സഹായം നൽകുന്നത്. 2014-15 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ ടി പദ്ധതിക്കായി നീക്കിവച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം 20

കോടി രൂപയാണ്.

(സി) അവശ്യ സാധനങ്ങൾ സപ്ലൈകോ വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത് ഒരു തുടർ പദ്ധതിയാണ്. പൊതുവിതരണ ശൃംഖല കമ്പ്യൂട്ടർവത്ക്കരിക്കുന്ന പദ്ധതി രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആയതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**മിഷൻ 676-ൽ ഉൾപ്പെടുത്തി നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക്**

299 (1356) ശ്രീ. എം. പി. വിൻസെന്റ് :

ശ്രീ. പാലോട് രവി :

ശ്രീ. എ. റ്റി. ജോർജ് :

ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങൾ ന്യായമായ വിലയ്ക്ക് ലഭ്യമാക്കുന്നതിന് മിഷൻ 676 അനുസരിച്ച് എന്തെല്ലാം കർമ്മ പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്;

(ബി) ഏതെല്ലാം ഏജൻസികളെയാണ് ഇതിനു വേണ്ടി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതനുസരിച്ചുള്ള പദ്ധതികൾക്ക് രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ്?

ഉത്തരം

(എ) നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് മാതൃകാ ന്യായവില ഷോപ്പുകൾ കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളിലും ആരംഭിക്കുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത പദ്ധതിയാണ് മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രാരംഭഘട്ടത്തിൽ കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും ഓരോ ന്യായവില ഷോപ്പ് പഞ്ചായത്ത് തലത്തിൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) കേരളാ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. അതിനായുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി-ഡി) ഇതനുസരിച്ചുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. പദ്ധതിക്ക് വേണ്ടതായ സ്ഥലം പഞ്ചായത്ത് കണ്ടെത്തേണ്ടതുണ്ട്. 38.5 കോടി രൂപയാണ് പദ്ധതി ചെലവ് കണക്കാക്കിയിരിക്കുന്നത്. ഈ റിപ്പോർട്ട് സർക്കാർ തലത്തിൽ പരിശോധിച്ച് വരുന്നു.

## ഭക്ഷ്യ-പൊതുവിതരണ വകുപ്പിൻ കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ

300 (1357) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ-പൊതുഭരണ വകുപ്പിൻ കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ് ; ഇവ ഓരോന്നിനും എന്ത് തുക വീതം നീക്കിവച്ചിട്ടുണ്ട് ; ബഡ്ജറ്റ് വിഹിതത്തിന് പുറമേയാണോ ഇത് ;

(ബി) എല്ലാ പദ്ധതികളുടെയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; പണി പൂർത്തിയാക്കിയ ഏതെങ്കിലും പദ്ധതിയുണ്ടോ ; ഇതുവരെ പണി ആരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാം ?

<u>ഉത്തരം</u>

(എ) ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ കീഴിൽ താഴെ പറയുന്ന പദ്ധതികളാണ് മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

1. സപ്ലൈകോയുടെ സംസ്ഥാനത്തെ എല്ലാ വില്പനകേന്ദ്രങ്ങൾ വഴിയും 13 ഇനം അവശ്യ ഭക്ഷ്യ വർഗ്ഗങ്ങൾ സബ്സിഡി അനുവദിച്ച് റേഷൻ കാർഡിന്റെ അടിസ്ഥാനത്തിൽ, '60 ലക്ഷത്തോളം കുടുംബങ്ങൾക്ക് വിതരണം ചെയ്യുന്ന പദ്ധതി' (ഇത് ഒരു തുടർ പദ്ധതിയാണ്).
2. രണ്ട് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ പൊതുവിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിക്കുന്ന പദ്ധതി. അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനായി 300 കോടി രൂപയാണ് ആവശ്യമായിട്ടുള്ളത്.

ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ 65 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പൊതുവിതരണ ശൃംഖല പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിന് 498.96 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാറുകൾ 50:50 അനുപാതത്തിലാണ് ടി പദ്ധതിക്ക് സാമ്പത്തിക സഹായം നൽകുന്നത്. 2014-15 സാമ്പത്തിക വർഷം സംസ്ഥാന സർക്കാർ ടി പദ്ധതിക്കായി നീക്കിവച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം 20 കോടി രൂപയാണ്.

(ബി) അവശ്യ സാധനങ്ങൾ സപ്ലൈകോ വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നത് ഒരു തുടർ പദ്ധതിയാണ്. പൊതുവിതരണ ശൃംഖല കമ്പ്യൂട്ടർവത്ക്കരിക്കുന്ന പദ്ധതി രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ആയതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**വിലവിവര പട്ടിക പ്രദർശിപ്പിക്കുന്നതിന് നടപടി**

301 (1358) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കച്ചവട സ്ഥാപനങ്ങൾ വില വിവരപട്ടിക, സ്റ്റോക്ക് വിവരപട്ടിക എന്നിവ കൃത്യമായി പ്രദർശിപ്പിക്കണമെന്ന് നിയമമുണ്ടോ;

(ബി) എങ്കിൽ ആയവ പ്രദർശിപ്പിക്കാത്തതിന്റെ പേരിൽ എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; പ്രദർശിപ്പിച്ചിട്ടുള്ള വില അമിത നിരക്കിലുള്ളതാണോ എന്നു പരിശോധിക്കാൻ എന്തു സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കച്ചവടസ്ഥാപനങ്ങൾ കൃത്യമായ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2014 ജനുവരി മുതൽ നാളിതുവരെ വിലവിവര പട്ടിക പ്രദർശിപ്പിക്കാത്ത 4598 കച്ചവടസ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കുന്ന വില മാർക്കറ്റ് വിലയുമായി പരിശോധിച്ച് നടപടി സ്വീകരിക്കുന്നു.

(സി) വിലവിവര പട്ടിക പ്രദർശിപ്പിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ മാത്രമായും പോലീസ്, ആരോഗ്യം, റവന്യൂ, ലീഗൽ മെട്രോളജി, നികുതി വകുപ്പുകളുമായി ചേർന്നും പരിശോധന നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1977- ലെ Kerala Food Stuffs (Display of price by Catering Establishment) Order, 1977-ലെയും 1980-ലെയും Kerala Essential Commodities (Maintenance of Accounts and Display of Prices and Stocks) Order പ്രകാരവും നടപടി സ്വീകരിക്കുന്നു, വിലവിവരപട്ടിക പ്രദർശിപ്പിക്കാത്ത കച്ചവടസ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും സാധനങ്ങൾ പിടിച്ചെടുക്കുകയും പിഴ ഈടാക്കുകയും ചെയ്യുന്നു.

**പുതുതായി ഗ്യാസ് കണക്ഷനോടൊപ്പം ഗ്യാസ് സ്റ്റൗ**

302 (1359) <u>ശ്രീ. സി. കെ. സദാശിവൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ഗ്യാസ് കണക്ഷൻ ലഭിക്കുന്നവർക്ക് ഗ്യാസ് സിലിണ്ടർ വിതരണം ചെയുമ്പോൾ ഏജൻസികളിൽനിന്നു മാത്രം ഗ്യാസ് സ്റ്റൗ വാങ്ങണമെന്ന വ്യവസ്ഥയുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏജൻസികളിൽനിന്നും ഗ്യാസ് സ്റ്റൗ വാങ്ങാത്ത ഉപേഭാക്താക്കൾക്ക് സിലിണ്ടർ വിതരണം ചെയ്യുന്നതിന് ഏജൻസികൾ വൈമുഖ്യം കാണിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉപഭോക്താക്കൾക്കുണ്ടാകുന്ന ഇത്തരം ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലാ സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ അത്തരം പരാതികൾ പരിഹരിക്കുന്നുമുണ്ട്.

(സി) അത്തരം പരാതികൾ ഗ്യാസ് ഏജൻസി തലത്തിൽ സംഘടിപ്പിച്ചിട്ടുള്ള സോഷ്യൽ മോണിറ്ററിംഗ് സമിതികളിലും, ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിളിച്ചു കൂട്ടുന്ന താലൂക്ക് സപ്ലൈ ഓഫീസർമാരും ഓയിൽ കമ്പനി പ്രതിനിധികളും പങ്കെടുക്കുന്ന ഓപ്പൺ ഫോറങ്ങളിലും, ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടക്കുന്ന പരാതി പരിഹാര അദാലത്തുകളിലും പരിഹരിക്കുന്നതാണ്.

**ഉപഭോക്തൃ ഫോറങ്ങൾ**

303 (1360) <u>ശ്രീ. എം. എ. വാഹീദ്</u> :
<u>ശ്രീ. റ്റി. എൻ. പ്രതാപൻ</u> :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപഭോക്തൃ ഫോറങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഫോറത്തിന്റെ പ്രവർത്തനം വഴി കൈവരിക്കാനുദ്ദേശിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ നൽകാമോ ;

(സി) ഉപഭോക്തൃ ഫോറങ്ങൾ പുനഃസംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ഡി) ഇത്തരം ഫോറങ്ങൾ പ്രാദേശികമായി പുനഃസംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനതലത്തിൽ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും, ജില്ലാ തലങ്ങളിൽ ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളും പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഫോറങ്ങൾ പ്രവർത്തിക്കുന്നു.

(ബി) ഉപഭോക്താവ് എന്ന നിലയിലുള്ള പൊതുജനങ്ങളുടെ ക്ഷേമം ഉറപ്പാക്കുകയാണ് പ്രധാനമായും കമ്മീഷന്റെയും ഫോറങ്ങളുടേയും പ്രവർത്തനം വഴി ലക്ഷ്യമിടുന്നത്. ഉപഭോക്താവിന്റെ സുരക്ഷയ്ക്കുള്ള അവകാശം, ഉല്പന്നം/സേവനം സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും അറിയാനുള്ള അവകാശം, തെരഞ്ഞെടുക്കുവാനുള്ള അവകാശം, പരാതിപ്പെടാനുള്ള അവകാശം, പരിഹാരം തേടാനുള്ള അവകാശം, ഉപഭോക്തൃ വിദ്യാഭ്യാസത്തിനുള്ള അവകാശം എന്നിവ സംരക്ഷിക്കപ്പെടേണ്ടതും ഇവയുടെ പ്രധാന ലക്ഷ്യങ്ങളിൽപ്പെടുന്നു. ഉപഭോക്താക്കൾക്ക് കുറഞ്ഞ ചെലവിൽ വേഗത്തിൽ പരാതി പരിഹാരം ലഭ്യമാക്കുക എന്നതും ഫോറങ്ങൾ ലക്ഷ്യമിടുന്നു.

(സി) ജില്ലാ ഉപഭോക്തൃ ഫോറങ്ങൾ ഉപഭോക്താക്കളുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള സ്ഥിരം സംവിധാനങ്ങളാണ്. ഉപഭോക്തൃ നിയമത്തിലെ വ്യവസ്ഥകൾ അനുസരിച്ച് ഉപഭോക്തൃ ഫോറങ്ങളിലെ പ്രസിഡണ്ടിന്റെയും മെമ്പർമാരുടെയും നിയമനം 5 വർഷത്തേക്കോ അല്ലെങ്കിൽ 65 വയസ്സ് തികയുന്നതുവരെയോ ആയിരിക്കും. പ്രസിഡന്റുമാരും മെമ്പർമാരും വിരമിക്കുന്ന മുറയ്ക്ക് സെലക്ഷൻ കമ്മിറ്റി കൂടി പുതിയ നിയമനം നടത്തി വരുന്നു. ഉപഭോക്തൃഫോറങ്ങൾ പുനഃസംഘടിപ്പിക്കുവാൻ ഉപഭോക്തൃ നിയമത്തിൽ വ്യവസ്ഥകളില്ല.

(ഡി) നിലവിൽ എല്ലാ ജില്ലകളിലും ജില്ലാഫോറങ്ങൾ പ്രവർത്തിച്ചു

വരുന്നുണ്ട്. ജില്ലാ ഫോറങ്ങളുടെ താലൂക്ക്തല സിറ്റിംഗുകൾ സർക്കാർ ലക്ഷ്യമിടുന്നുണ്ട്.

## സ്കൂളുകളിലെ ഉപഭോക്തൃ സംരക്ഷണ ക്ലബ്ബുകൾ

304 (1361) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സ്കൂളുകളിൽ ഉപഭോക്തൃ സംരക്ഷണ ക്ലബുകൾ പ്രവർത്തിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) എന്തെല്ലാം ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങളാണ് ക്ലബുകൾ വഴി നടത്തിവരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) വിദ്യാർത്ഥികൾക്ക് നേരിട്ട് വിപണിയിലെ വിലനിലവാരവും പ്രവർത്തനവും മനസ്സിലാക്കുന്നതിനും ഉപഭോക്തൃ അവകാശങ്ങൾ തിരിച്ചറിയുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത ക്ലബുകളുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ക്ലബിന്റെ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം ധനസഹായമാണ് നൽകി വരുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത 100 സ്കൂളുകളിൽ സ്കൂൾ കൺസ്യൂമർ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) ഉപഭോക്തൃ സംരക്ഷണ നിയമങ്ങളെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുക, അടിസ്ഥാനാവശ്യങ്ങളായ കുടിവെള്ളം, ശുചിത്വം, പൊതുഗതാഗതം എന്നിവയെ കുറിച്ചുള്ള പ്രാദേശിക പരാതികൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുക, ദേശീയ/ ലോക ഉപഭോക്തൃ ദിനാചരണങ്ങൾ സംഘടിപ്പിക്കുക, ഉപഭോക്തൃ ബോധവൽക്കരണം ലക്ഷ്യമാക്കിയുള്ള സംവാദം, പെയിന്റിംഗ്/ക്വിസ്സ് മൽസരങ്ങൾ എന്നിവ സംഘടിപ്പിക്കുക എന്നീ ഉപഭോക്തൃ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) വിദ്യാർത്ഥികൾക്ക് നേരിട്ട് വിപണിയിലെ വിലനിലവാരവും പ്രവർത്തനവും മനസ്സിലാക്കുന്നതിനും ഉപഭോക്തൃ അവകാശങ്ങൾ തിരിച്ചറിയുന്നതിനും കഴിയുന്ന തരത്തിലുള്ള മാർക്കറ്റ് സർവ്വേ, വ്യാജ

ഉൽപ്പന്നങ്ങളും വ്യാജ പരസ്യങ്ങളും തിരിച്ചറിയുവാനും, ഭക്ഷ്യ പദാർത്ഥങ്ങളിലെ മായം ചേർക്കൽ, മലിനീകരണം മുതലായവ തിരിച്ചറിയുവാനും സഹായിക്കുന്ന പരിശീലന പരിപാടികൾ തുടങ്ങിയ പ്രവർത്തനങ്ങൾ സ്കൂൾ കൺസ്യൂമർ ക്ലബ്ബുകളുടെ മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഓരോ കൺസ്യൂമർ ക്ലബ്ബിനും 10,000 രൂപ വീതം സംസ്ഥാനത്തെ 100 ക്ലബ്ബുകൾക്കായി 10,00,000 രൂപ കേന്ദ്രധനസഹായമായി ലഭിക്കുകയും ആയത് കൺസ്യൂമർ ക്ലബ്ബുകളുടെ പ്രവർത്തനത്തിനായി വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

### സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം

305 (1362) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സബ് രജിസ്ട്രാർ ഓഫീസുകളിലെ സേവനം സമയബന്ധിതമായി ലഭിക്കുന്നതിനും അഴിമതി അവസാനിപ്പിക്കുന്നതിനുമായി കേരളത്തിലെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

സംസ്ഥാനത്ത് ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട രണ്ട് സബ് രജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഫ്രണ്ട് ഓഫീസ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇത് വിജയപ്രദമാണെന്ന് കാണുന്ന പക്ഷം മറ്റ് സബ് രജിസ്ട്രാർ ഓഫീസുകളിലും ഈ സംവിധാനം നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

### മോങ്ങം സബ് രജിസ്ട്രാർ ഓഫീസ് പരിധി പുനർനിർണ്ണയം

306 (1363) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മോങ്ങം സബ് രജിസ്ട്രാർ ഓഫീസ് പരിധി പുനർ നിർണ്ണയിക്കണമെന്നും 2 കിലോമീറ്റർ ചുറ്റളവിലുള്ള പുൽപ്പറ്റ പഞ്ചായത്തിലെ ചെറുപുത്തൂർ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ അതിൽ ഉൾപ്പെടുത്തണമെന്നും

ആവശ്യപ്പെട്ട് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മലപ്പുറം ജില്ലാ കളക്ടറുടെ അഭിപ്രായമടക്കമുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മലപ്പുറം ജില്ലാ രജിസ്ട്രാർക്ക് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ നിർദ്ദേശം നൽകിയിരിക്കുകയാണ്.

**എടവണ്ണ സബ് രജിസ്ട്രാർ ഓഫീസ്**

307 (1364) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഏറനാട് മണ്ഡലത്തിലെ എടവണ്ണയിൽ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച സബ് രജിസ്ട്രാർ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തടസ്സങ്ങൾ എല്ലാം പരിഹരിച്ച് എപ്പോൾ സബ് രജിസ്ട്രാർ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) എടവണ്ണയിൽ പുതിയ സബ് രജിസ്ട്രാർ ഓഫീസ് ആരംഭിക്കുന്നതിന് അനുമതിയ്ക്കായുള്ള ശിപാർശ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരികയാണ്.

(സി) നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ സബ് രജിസ്ട്രാർ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്.

**ഭൂമിയുടെ ന്യായവില ഉയർത്തിയതുമൂലമുള്ള ബുദ്ധിമുട്ട്**

308 (1365) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 വർഷത്തിൽ ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിലും രജിസ്ട്രേഷൻ ഫീസ് ഇനത്തിലും ലഭിച്ച വരുമാനം എത്രയാണ്;

(ബി) ഭൂമിയുടെ ന്യായവില 50% ഉയർത്തിയതിനാൽ സ്റ്റാമ്പ് ഡ്യൂട്ടി ഇനത്തിൽ എത്ര അധിക വരുമാനമുണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) ഭൂമിയുടെ ന്യായവില 50% ഉയർത്തിയത്, 10 സെന്റും അതിനു താഴെയും ഭൂമി വാങ്ങി ഗ്രാമീണ മേഖലയിൽ വീടുവയ്ക്കാൻ ആഗ്രഹിക്കുന്ന സാധാരണക്കാരായ ജനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സാധാരണക്കാരുടെ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2013-14 സാമ്പത്തിക വർഷം ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ 1577.5 കോടി രൂപയും രജിസ്ട്രേഷൻ ഫീസിനത്തിൽ 775.99 കോടി രൂപയും ഉൾപ്പെടെ 2353. 49 കോടി രൂപ വരുമാനം ലഭിച്ചു.

(ബി) ഭൂമിയുടെ ന്യായവില 50% ഉയർത്തിയതിലൂടെ 722 കോടി രൂപയുടെ അധികവാർഷിക വരുമാനം പ്രതീക്ഷിക്കുന്നു.

(സി) ഫെയർവാല്യൂ വസ്തുവിന്റെ 2006-ലെ മാർക്കറ്റ് വിലയുടെ 50% ആയി വരത്തക്കവിധം നിർണ്ണയിച്ചാണ് 2010-ൽ വിജ്ഞാപനം ചെയ്തിരുന്നത്. മാർക്കറ്റ് വില ഗണ്യമായി ഇതിനുശേഷം വർദ്ധിച്ചിട്ടുണ്ട്. ജനങ്ങളെ ന്യായവില വർദ്ധനവ് കാരണം കൂടാതെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ, ജില്ലാ കളക്ടർ മുമ്പാകെ അപേക്ഷ സമർപ്പിക്കുന്നതിന് ഒരവസരം കൂടി നൽകിയിട്ടുണ്ട്. ന്യായവില സംബന്ധിച്ച് നേരത്തേ സമർപ്പിച്ച അപ്പീലിലെ തീരുമാനം സ്വീകാര്യമല്ലാത്തവർക്ക് 2015 നവംബർ 13-നുള്ളിൽ ജില്ലാ കളക്ടർക്ക് റിവ്യൂ ഹർജി നൽകാം. ജില്ലാ കളക്ടർ അതിൻമേൽ നിശ്ചിതസമയത്തിനകം തീരുമാനമെടുക്കുന്നതാണ്.

**ഭൂമിയുടെ ന്യായവില വർദ്ധന വഴി ഖജനാവിലേക്ക് വരുന്ന അധികവരുമാനം**

309 (1366) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില വർദ്ധനവഴി ഖജനാവിലേക്ക് വരുന്ന അധികവരുമാനം എത്രയാണ്;

(ബി) കുടുംബങ്ങൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിനും ഭാഗപത്രത്തിനും ഉണ്ടായിട്ടുള്ള നികുതി വർദ്ധനമൂലമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അത് പുനഃപരിശോധിക്കുവാനും കുറവ് വരുത്താനും തയ്യാറാകുമോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഭൂമിയുടെ ന്യായവില വർദ്ധന വഴി ഖജനാവിലേക്ക് 722 കോടി രൂപയുടെ അധിക വാർഷിക വരുമാനം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കുടുംബാഗങ്ങൾക്കിടയിലുള്ള ഭാഗപത്രം, ദാനം, ഒഴിമുറി, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസിന്റെ പരമാവധി 25,000 രൂപയെന്നത് ഒഴവാക്കിയെങ്കിലും അതിന്റെ നിരക്ക് ഒരു ശതമാനമായിത്തന്നെ നിലനിർത്തിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## കുറ്റ്യാടി സബ് രജിസ്ട്രാർ ഓഫീസ് പരിഷ്കരണ പ്രവൃത്തി

310 (1367) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുരാവസ്തു വകുപ്പിന് വിട്ടുനൽകിയ കുറ്റ്യാടിയിലെ പഴയ സബ്ബ് രജിസ്ട്രാർ ഓഫീസിന്റെ ചുറ്റുപാടുകൾ പരിഷ്കരണ പ്രവൃത്തി നടത്തുന്നതിന് ആസ്തി വികസന ഫണ്ടിൽ നിന്നും നൽകിയ തുകയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റും, വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കുറ്റ്യാടി സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിച്ചിരുന്ന പുരാതന കെട്ടിടം അതേപടി സംരക്ഷിച്ച് നിലനിർത്തുന്നതിനോടൊപ്പംതന്നെ ചുറ്റുമുള്ള സ്ഥലത്തിനും ഒരു പൗരാണികത തോന്നിപ്പിക്കുന്നതിനായി ചെയ്യേണ്ടുന്ന

പണികളെ സംബന്ധിച്ച്, പുരാവസ്തു വകുപ്പ് അംഗീകരിച്ചിട്ടുള്ള പ്ലാനും എസ്റ്റിമേറ്റും ഉൾപ്പെടെയുള്ള പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 10-11-2014-ൽ കോഴിക്കോട് ജില്ലാ രജിസ്ട്രാർ പുരാവസ്തു വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. ടി പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്ര ഫീസ്**

311 (1368) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, രജിസ്ട്രേഷൻ ഇവയുടെ ഫീസ് ഉയർത്തി സർക്കാർ ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് ഈടാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇക്കാര്യത്തിൽ ഒരു ഏക്കർ വരെയുള്ള ഭാഗപത്രത്തിനും മറ്റും പഴയ രീതി തന്നെ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ദാനം, ഒഴിമുറി, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ് നിരക്കുകളിൽ വർദ്ധനവ് വരുത്തിയിട്ടില്ല. 8-10-2014-ലെ ജി.ഒ.(പി)172/2014/റ്റി.ഡി. നമ്പർ വിജ്ഞാപനത്തിലൂടെ കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം, ദാനം, ഒഴിമുറി, ധനനിശ്ചയം എന്നീ ആധാരങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, പരമാവധി 25,000 രൂപ എന്നതിനുവിധേയമായി വിലയുടെ ഒരു (1) ശതമാനം എന്നതിൽ, പരമാവധി 25,000 രൂപ എന്ന വ്യവസ്ഥ ഒഴിവാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്.

(ബി) രജിസ്ട്രേഷൻ ഫീസ് നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടില്ലാത്തതിനാൽ ബാധകമല്ല.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**രജിസ്ട്രേഷൻ വകുപ്പിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ**

312 (1369) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൻ കീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ്; ഇവ ഓരോന്നിനും എന്തു തുക നീക്കിവെച്ചിട്ടുണ്ട്; ബഡ്ജറ്റ് വിഹിതത്തിന് പുറമേയാണോ തുക നീക്കി വെച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) എല്ലാ പദ്ധതികളുടേയും പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; പണി പൂർത്തീകരിച്ച ഏതെങ്കിലും പദ്ധതിയുണ്ടോ; ഇതുവരെ പണി ആരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാമാണ്?

<u>ഉത്തരം</u>

(എ) രജിസ്ട്രേഷൻ വകുപ്പിൻ കീഴിൽ 'മിഷൻ 676-ൽ' ഉൾപ്പെടുത്തിയ പദ്ധതികൾ താഴെ വിവരിക്കുന്നു:

1. എറണാകുളം ജില്ലയിലെ കുത്താട്ടുകുളം കേന്ദ്രമായി രജിസ്ട്രേഷൻ വകുപ്പിന്റെ നിയന്ത്രണത്തിൽ ജീവനക്കാരെ പരിശീലിപ്പിക്കുന്നതിനായി അത്യാധുനിക സംവിധാനങ്ങളോടു കൂടിയ പരിശീലന കേന്ദ്രം ആരംഭിക്കൽ, അതോടൊപ്പം 100 വർഷത്തിലധികം പഴക്കമുള്ള ആധാര വാല്യങ്ങൾ കേടുകൂടാതെ ദീർഘകാലം സൂക്ഷിക്കുന്നതിനായി ശാസ്ത്രീയമായ രീതിയിൽ പരിരക്ഷിക്കുന്നതിനുള്ള കേന്ദ്രം സ്ഥാപിക്കൽ.

2. ഒരു വർഷത്തിൽ താഴെ കാലയളവിലേക്കുള്ള ബാധ്യതാ സർട്ടിഫിക്കറ്റുകൾ അപേക്ഷാ തീയതിയിൽ തന്നെ നൽകുന്നതിനുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്തൽ.

3. ഓരോ ജില്ലയിലും തെരഞ്ഞെടുക്കപ്പെട്ട രണ്ട് സബ് രജിസ്ട്രാർ ഓഫീസുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഫ്രണ്ട് ഓഫീസ് സൗകര്യം ഏർപ്പെടുത്തൽ.

4. സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകളെയും ഇന്റർനെറ്റ് അധിഷ്ഠിതമാക്കുന്നതിനായുള്ള നെറ്റ്‌വർക്കിംഗ് പദ്ധതി ഒരു

വർഷത്തിനകം പൂർത്തിയാക്കൽ.

ഈ പദ്ധതികളിൽ നെറ്റ്‌വർക്കിംഗ് പദ്ധതിക്കായി ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മറ്റ് പദ്ധതികൾക്കൊന്നും നടപ്പു സാമ്പത്തിക വർഷത്തിൽ തുക അനുവദിച്ചിട്ടില്ല.

(ബി) മേൽ വിവരിച്ച പദ്ധതികളിൽ ഇനം നമ്പർ (1) ഒഴികെയുള്ള എല്ലാ പദ്ധതികളുടെയും നടപടി പുരോഗമിച്ചുവരികയാണ്.

**ദേശീയപാത വികസനം**

313 (1370) ശ്രീ. കെ. മുരളീധരൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. റ്റി. എൻ. പ്രതാപൻ :

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ദേശീയപാതയുടെ വീതി എത്രയായിരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(സി) ദേശീയപാത വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം നൽകുന്നതിനായി പ്രത്യേക പാക്കേജ് തയ്യാറാക്കുമോ;

(ഡി) ഏറ്റെടുക്കുന്ന ഭൂമിക്ക് അതത് പ്രദേശത്തുള്ള ഭൂമിയുടെ വിലയ്ക്ക് ആനുപാതികമായി നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ-സി) ദേശീയപാതാ അതോറിറ്റിയുടെ മാർഗ്ഗരേഖ പ്രകാരം ദേശീയപാതയുടെ വീതി (ROW) 60 മീറ്റർ ആണ്. എന്നാൽ കേരളത്തിലെ ജനസാന്ദ്രതയും സ്ഥലമേറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടും പരിഗണിച്ച്

ദേശീയപാതയുടെ വീതി ദേശീയ നിലവാരത്തിലുള്ള 60 മീറ്ററിൽ നിന്നും 45 മീറ്റർ ആയി നിജപ്പെടുത്തുന്നതിന് ദേശീയപാതാ വികസന അതോറിറ്റി 2010-ൽ സമ്മതിക്കുകയുണ്ടായി. എന്നാൽ ഭൂമി ഏറ്റെടുക്കുന്ന നടപടി അനിശ്ചിതമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ ദേശീയപാത 17-ലെ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ദേശീയ പാത 47-ലെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുമുള്ള ഭാഗത്തെ ദേശീയപാതാ വികസന പദ്ധതിയിൽനിന്നും ദേശീയപാതാ വികസന അതോറിറ്റി പിൻവാങ്ങുകയുണ്ടായി. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി 4-7-2014 ൽ മുഖ്യമന്ത്രിയ്ക്കയച്ച കത്തിൽ വർദ്ധിച്ചു വരുന്ന വാഹന സാന്ദ്രത പരിഗണിച്ച് ദേശീയപാത വികസനം ത്വരിതപ്പെടുത്തണമെന്നുള്ളതിന് സംസ്ഥാന സർക്കാരിന്റെ സഹകരണം ആവശ്യപ്പെടുകയും ദേശീയപാത വികസനത്തിന് ആവശ്യമായ 80% ഭൂമി ഏറ്റെടുത്തു നൽകിയാൽ ദേശീയപാതാ അതോറിറ്റിയുടെ പിൻവാങ്ങൽ തീരുമാനം പുനഃപരിശോധിക്കാവുന്നതാണെന്നും അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ 23-10-2014-ലെ മന്ത്രിസഭയുടെ തീരുമാന പ്രകാരം 25-10-2014-ലെ സ.ഉ.(കൈ) നമ്പർ 94/2014/ പൊ.മ.വ. ഉത്തരവു പ്രകാരം ദേശീയപാത 45 മീറ്റർ വീതിയിൽ തന്നെ വികസിപ്പിക്കുന്നതിനും ഇതിനാവശ്യമായ ഭൂമിയുടെ 80% ഏറ്റെടുത്ത് ദേശീയപാതാ അതോറിറ്റിക്ക് കൈമാറുന്നതിനും, ദേശീയപാതാ വികസനത്തിൽ നിന്നും പിൻമാറിക്കൊണ്ട് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 5-3-2014, 14-8-2014 എന്നീ തീയതികളിലെ, വിജ്ഞാപനങ്ങൾ റദ്ദ് ചെയ്യുന്നതിന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. പ്രസ്തുത വിവരം 30-10-2014-ലെ കത്തു പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹു.കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിയെ അറിയിച്ചിട്ടുണ്ട്.

(ഡി) 1956-ലെ എൻ.എച്ച്. ആക്ടിലെ വ്യവസ്ഥകൾ പ്രകാരം CALA (കോംപീറ്റന്റ് അതോറിറ്റി ഫോർ ലാന്റ് അക്വിസിഷൻ) ആണ് നഷ്ടപരിഹാരം നിർണ്ണയിക്കുന്നത്. 25-10-2014 ലെ സ.ഉ.(കൈ) നമ്പർ 94/2014/ പൊ.മ.വ. പ്രകാരം നഷ്ടപരിഹാരം നിശ്ചയിക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ റീഹാബിലിറ്റേഷൻ ആന്റ് റീസെറ്റിൽമെന്റ് പാക്കേജിലെ (15-11-2011-ലെ സ.ഉ.(കൈ) നമ്പർ 419/11/റവ.) വ്യവസ്ഥകൾ കൂടി പരിഗണിച്ച് പദ്ധതി ബാധിതർക്ക് മെച്ചപ്പെട്ട നഷ്ടപരിഹാരം ഉറപ്പു വരുത്തുന്ന രീതിയിൽ വില നിശ്ചയിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## തലശ്ശേരി - മാഹി ബൈപ്പാസ്

314 (1371) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ നടപ്പുസാമ്പത്തിക വർഷ ബഡ്ജറ്റിൽ തലശ്ശേരി-മാഹി ബൈപ്പാസിന്റെ നിർമ്മാണത്തിനായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) തലശ്ശേരി-മാഹി ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ;

(സി) തലശ്ശേരി നഗരത്തിലെ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിനായി തലശ്ശേരി-മാഹി ബൈപ്പാസുമായി ബന്ധപ്പെടുത്തി എന്തെങ്കിലും ക്രമീകരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ;

(ഡി) തലശ്ശേരി-മാഹി ബൈപ്പാസ് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2014-15 വർഷത്തെ ബഡ്ജറ്റിൽ തലശ്ശേരി - മാഹി ബൈപ്പാസിനു മാത്രമായി തുകയൊന്നും വകയിരുത്തിയിട്ടില്ല.

(ബി-ഡി) 18 കി.മീറ്റർ ദൂരം വരുന്ന തലശ്ശേരി - മാഹി ബൈപ്പാസിന്റെ മുഴപ്പിലങ്ങാട് മുതൽ നാലുതറ വരെയുള്ള 12 കി.മീറ്റർ ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ കേന്ദ്ര സഹായത്തോടെ പൂർത്തീകരിച്ചിട്ടുണ്ട്. ഈ 12 കി.മീറ്റർ ദൂരം രണ്ട് വരിപ്പാതയായി പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ ചെലവിൽ സ്റ്റാന്റ് എലോൺ (Stand alone) പ്രോജക്ടായി നിർമ്മിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിന് 300 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

## ഒറ്റ തവണ നവീകരണ പദ്ധതി

315 (1372) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അമ്പലപ്പുഴ മണ്ഡലത്തിലെ എത്ര ഗ്രാമീണ റോഡുകളെ ഒറ്റതവണ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കുവാനുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഒറ്റ തവണ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ റോഡുകൾ നവീകരിച്ച ഇനത്തിൽ അമ്പലപ്പുഴ മണ്ഡലത്തിൽ എന്തു തുക നൽകുവാനുണ്ട്; വിശദമാക്കാമോ;

(ഡി) 2014-15 സാമ്പത്തിക വർഷത്തിൽ ഒറ്റ തവണ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ റോഡുകൾ നവീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ;

(ഇ) ഒറ്റ തവണ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്താൻ പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കുമോ; എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന റോഡുകൾക്ക് മുൻഗണന നൽകുമോ ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അമ്പലപ്പുഴ മണ്ഡലത്തിൽ ഒറ്റതവണ നവീകരണ പദ്ധതിയിൽ റോഡുകളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. 'എ' -യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) 2014-15 സാമ്പത്തിക വർഷത്തിൽ ഒറ്റതവണ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ റോഡുകൾ നവീകരിക്കാൻ തുക വകയിരുത്തിയിട്ടില്ല.

(ഇ) ഗ്രാമീണ റോഡുകളുടെ പ്രാധാന്യവും അതിന്റെ നിലവിലുള്ള അവസ്ഥയും ജനപ്രതിനിധികളുടെ നിർദ്ദേശങ്ങളും പരിഗണിച്ചാണ് പ്രൊപ്പോസൽ തയ്യാറാക്കുന്നത്. എം.എൽ.എ. -മാരുടെ നിർദ്ദേശങ്ങളും മുൻഗണന നൽകി പരിശോധിക്കുന്നതാണ്.

**മലപ്പുറം ജില്ലയിലെ ഗതാഗതക്കുരുക്ക്**

316 (1373) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തിരൂർ, തലക്കടത്തൂർ, വൈലത്തൂർ എന്നീ നഗരങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി നിർമ്മിക്കുന്ന തിരൂർ-പൊന്മുണ്ടം ബൈപാസിന്റെ നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) ഈ പ്രവൃത്തിയുടെ നാലാം ഘട്ടത്തിന്റെ പുരോഗതിയും മൂന്നാം ഘട്ടത്തിന്റെ സ്ഥലമെടുപ്പും ഏത് അവസ്ഥയിലാണെന്ന് വിശദമാക്കുമോ;

(സി) ഈ പ്രവൃത്തിയുടെ സ്ഥലമെടുപ്പ് ഏതു ഘട്ടത്തിലാണ്;

(ഡി) സ്ഥലം ലഭ്യമാകാത്ത അവസ്ഥ എവിടെയെങ്കിലും സംജാതമായിട്ടുണ്ടോ യെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തിരൂർ-പൊന്മുണ്ടം ബൈപ്പാസ് നിർമ്മാണത്തിന്റെ ഒന്നാം ഘട്ടത്തിലെ ആർ.ഒ.ബി.-യും, അപ്രോച്ച് റോഡിന്റെ പ്രവർത്തിയും ഒഴികെയുള്ള പണികൾ പൂർത്തിയായിട്ടുണ്ട്. ഇതിലേക്കായി ആവശ്യമായ തുക റെയിൽവേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. രണ്ടും മൂന്നും ഘട്ടങ്ങളുടെ എൽ.എ. നടപടികൾ നടത്തി വരുന്നു. നാലാം ഘട്ടം പണി പൂർത്തിയാകാറായി.

(ബി) നാലാം ഘട്ടം പ്രവർത്തിയിൽ ടാറിംഗ് പണികൾ മാത്രമേ പൂർത്തീകരിക്കാനുള്ളു. മൂന്നാം ഘട്ടം എൽ.എ. നടപടികൾ പുരോഗമിക്കുന്നു.

(സി) മൂന്നാം ഘട്ടം സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി ഇതുസംബന്ധിച്ച് റിപ്പോർട്ട് ഹൈലെവൽ കമ്മിറ്റിക്ക് സമർപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) നിലവിൽ ഒന്നും തന്നെയില്ല.

## എം.സി. റോഡിലെ പന്നിക്കുഴി പാലം

317 (1374) <u>ശ്രീ. മാത്യു റ്റി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.സി. റോഡിലെ പന്നിക്കുഴി പാലം നിർമ്മാണത്തിന് കെ. എസ്. ടി.പി. രണ്ടാം ഘട്ടത്തിൽ മുൻഗണന കൊടുക്കും എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും നടത്തിയ പ്രഖ്യാപനം അടിസ്ഥാനമാക്കി ഉദ്യോഗസ്ഥർ നടപടി സ്വീകരിക്കുന്നില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുവരെ പ്രസ്തുത പാലത്തിന്റെ പണി ആരംഭിക്കുവാൻ കഴിയാത്തതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എട്ട് മാസത്തിനകം പൂർത്തീകരിക്കുമെന്ന് ഉദ്ഘാടനത്തിൽ പ്രഖ്യാപിച്ചിരുന്നോ;

(ഡി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്ന് തുടങ്ങി എന്ന്

പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) കെ.എസ്.ടി.പി. - രണ്ട് പദ്ധതിയിൽപ്പെട്ട ചെങ്ങന്നൂർ - ഏറ്റുമാനൂർ റോഡിലാണ് പന്നിക്കുഴി പാലം. 15-9-2014-ന് കരാർ വച്ച് പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. ഡിസംബർ മാസം പാലത്തിന്റെ പൈലിംഗ് ജോലികൾ ആരംഭിക്കുവാൻ കഴിയുന്നതാണ്. പൈലിംഗ് ജോലി തുടങ്ങി 5 മാസത്തിനുള്ളിൽ പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**പി.ഡബ്ല്യൂ.ഡി. നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങൾ**

318 (1375) ശ്രീ. വർക്കല കഹാർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്യൂ.ഡി. നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി ജില്ലാ കേന്ദ്രങ്ങളിൽ ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിന്റെ പ്രവർത്തന രീതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) 1-10-2013 മുതൽ ജില്ലാ കേന്ദ്രങ്ങളിൽ ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. എറണാകുളം, കോഴിക്കോട് ജില്ലകളിൽ റീജിയണൽ ലബോറട്ടറികളും, 11 ജില്ലകളിൽ ജില്ലാ ലബോറട്ടറികളുമാണ് പ്രവർത്തിക്കുന്നത്.

തിരുവനന്തപുരം ജില്ലയിൽ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് റീജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയുടെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നു.

(സി&ഡി) ജില്ലാതലത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ജില്ലാ ലാബുകൾ നിലവിലുണ്ട്. ലാബുകളിൽ ഗുണനിലവാര പരിശോധനയ്ക്കായി അസിസ്റ്റന്റ് എഞ്ചിനീയറേയും മറ്റു സാങ്കേതിക ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്. ലാബുകളിലെ ഉദ്യോഗസ്ഥർ പ്രവൃത്തി നടക്കുന്ന സ്ഥലങ്ങൾ റാൻഡം സന്ദർശനം നടത്തി നിശ്ചിത അളവിലുള്ള സാമ്പിളുകൾ ശേഖരിക്കുകയും പ്രവൃത്തി സ്ഥലത്തുവച്ച് പരിശോധിക്കാനുള്ളത് അവിടെവച്ചും ബാക്കിയുള്ളവ ഗുണനിലവാര പരിശോധനാ ലാബുകളിൽ വച്ചും പരിശോധന നടത്തുന്നു. റീജിയണൽ ലാബുകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഇവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. പരിശോധന ഫലങ്ങൾ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും ചീഫ് എഞ്ചിനീയർമാർക്കും അയച്ചു കൊടുക്കുന്നു.

**റോഡ് വികസനം**

319 (1376) <u>ശ്രീ. കെ. ശിവദാസൻ നായർ :</u>
<u>ശ്രീ. ലൂഡി ലൂയിസ് :</u>
<u>ശ്രീ. പി. സി. വിഷ്ണുനാഥ് :</u>
<u>ശ്രീ. എം. എ. വാഹീദ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രത്തിന്റെ സാമ്പത്തിക പുരോഗതിക്ക് റോഡ് വികസനം മുഖ്യപങ്ക് വഹിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തെ ഏറ്റവും മികച്ച സംസ്ഥാനമാക്കി മാറ്റുന്നതിന്, റോഡ് വികസനത്തിന് മുന്തിയ പരിഗണന നൽകുമോ; വിശദാംശം നൽകാമോ;

(സി) റോഡ് പണിക്ക് A.M.C. നിലവിലുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) റോഡുകൾ കുറ്റമറ്റ രീതിയിൽ സംരക്ഷിക്കുന്നതിനുള്ള സ്ഥിരം സംവിധാനം എന്ന നിലയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉത്തരവാദപ്പെട്ടവരാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേരളത്തിലെ റോഡുകളുടെ വികസനത്തിന് മുന്തിയ പരിഗണന നൽകിയതിന്റെ പദ്ധതി നിലവിൽ വന്നത് കെ.എസ്.ടി.പി. അടിസ്ഥാനത്തിലാണ് ലോകബാങ്ക് ധനസഹായത്തോടെ കെ.എസ്.ടി.പി. - ഒന്ന് പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്തെ തെരഞ്ഞെടുത്ത 254 കി.മീ. റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുകയും 1200 കി.മീ. റോഡുകൾ ഹെവി മെയിന്റനൻസ് ചെയ്ത് വികസനം പൂർത്തിയാക്കി. ഇതിനെ തുടർന്ന് കെ.എസ്.ടി.പി.-രണ്ട് പദ്ധതിയിൽപ്പെടുത്തി ലോകബാങ്ക് ധനസഹായത്തോടെ കേരളത്തിലെ തെരഞ്ഞെടുത്ത 363 കി.മീ. ദൈർഘ്യമുള്ള 6 പ്രധാന റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ വികസിപ്പിക്കുന്ന പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കേരളത്തെ ഏറ്റവും മികച്ച സംസ്ഥാനമാക്കി മാറ്റുന്നതിന് റോഡ് വികസനത്തിന് മുന്തിയ പരിഗണന നൽകി കേരള റോഡ് ഫണ്ട് ബോർഡ് മുഖേന വിവിധ നഗര റോഡു വികസന പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ദേശീയപാതകളായ എൻ.എച്ച്.-47-ഉം, എൻ.എച്ച്.-17-ഉം ബി.ഒ.റ്റി. വ്യവസ്ഥയിൽ സർവ്വീസ് റോഡുകളോടുകൂടിയ 4 വരിപ്പാതയായി വികസിപ്പിക്കുവാൻ കേന്ദ്ര സർക്കാർ തീരുമാനം എടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ പൂർണ്ണ സഹകരണം നൽകി പദ്ധതി സാക്ഷാത്ക്കരിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മറ്റു 5 ദേശീയ പാതകളായ എൻ.എച്ച്.-49, എൻ.എച്ച്.-208, എൻ.എച്ച്.-212, എൻ.എച്ച്.-213, എൻ.എച്ച്.-220 എന്നിവ പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരിപ്പാതയായി ഘട്ടംഘട്ടമായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യപടിയായി പ്രസ്തുത പദ്ധതികൾക്കുള്ള എസ്റ്റിമേറ്റുകൾ കേന്ദ്ര സർക്കാരിൽ സമർപ്പിച്ചുവരുന്നു.

(സി) കെ.എസ്.ടി.പി. 2011-12 വർഷം സംസ്ഥാന ഫണ്ട് ഉപയോഗിച്ച് വിവിധ ജില്ലകളിലെ തെരഞ്ഞെടുത്ത 13 റോഡുകൾ 5 വർഷത്തെ ദീർഘപരിപാലന വ്യവസ്ഥയോടെ B.C. overlay ചെയ്ത് പൂർത്തിയാക്കിയിട്ടുണ്ട്. കേരള റോഡ് ഫണ്ട് ബോർഡ് നടപ്പിലാക്കുന്ന തിരുവനന്തപുരം നഗര റോഡുവികസന പദ്ധതിയിൽ റോഡുകളുടെ 15 വർഷത്തെ പരിപാലനത്തിനായി കരാർ നിലവിലുണ്ട്. പൊതുമരാമത്ത് നിരത്ത് വിഭാഗത്തിൻ കീഴിൽ പ്രവൃത്തികൾ ചെയ്തു കഴിഞ്ഞാൽ defect liability period (ഗ്യാരണ്ടി കാലാവധി) നിലവിലുണ്ട്.

(ഡി) റോഡ് കുറ്റമറ്റ രീതിയിൽ സംരക്ഷിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് നിലവിൽ ഉത്തരവാദിത്വമുണ്ട്. പക്ഷേ പ്രതികൂല കാലാവസ്ഥയും ഫണ്ടിന്റെ ലഭ്യതയും റോഡ് പരിപാലനത്തിനെ ബാധിക്കുന്നുണ്ട്.

## പൊതുമരാമത്ത് വകുപ്പിൽ റോഡുകളുടെ മെയിന്റെനൻസ് നടത്തുന്നതിന് ചെലവഴിച്ച തുകയുടെ കണക്കുകൾ

320 (1377) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ റോഡുകളുടെ മെയിന്റെനൻസ് നടത്തുന്നതിന് ഈ വർഷം എത്ര തുക ചെലവഴിക്കുകയുണ്ടായി; ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്താമോ;

(ബി) മെയിന്റെനൻസ് വർക്കുകൾക്ക് തുക ചെലവഴിക്കാൻ ഏതെല്ലാം തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് എത്ര തുക വീതം അനുവദിച്ചിട്ടുണ്ടായിരുന്നു; അതുസംബന്ധമായ ഗവൺമെന്റ് ഉത്തരവുകളുടെ പകർപ്പുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(സി) അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ വിശദമാക്കാമോ; തുക വിനിയോഗിച്ചിട്ടില്ലാത്തവർ ഏതെല്ലാം ഉദ്യോഗസ്ഥന്മാരാണ്?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ റോഡുകളുടെ മെയിന്റെനൻസ് നടത്തുന്നതിന് ഈ വർഷം നിരത്ത് വിഭാഗത്തിൻ കീഴിൽ ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1* ആയും ദേശീയപാത വിഭാഗത്തിൻ കീഴിൽ ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 2* ആയും ചേർക്കുന്നു. കേരള റോഡ് ഫണ്ട് ബോർഡിന്റെ പരിധിയിൽ വരുന്ന ഗാന്ധി റോഡ് - മിനി ബൈപ്പാസ് റോഡ്, കോവൂർ- വെള്ളിമാട് കുന്ന് റോഡ് എന്നിവയുടെ മെയിന്റെനൻസിനായി 18.8 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ചുകൊണ്ടിരിക്കുന്നു. കെ.എസ്.ടി.പി. പദ്ധതിയിൽപ്പെടുത്തി തൈക്കോട്-ചെങ്ങന്നൂർ റോഡിന്റെ മെയിന്റെനൻസിനായി 5,04,531 രൂപയും, കാസർഗോഡ്-കാഞ്ഞങ്ങാട് റോഡിന്റെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മെയിന്റെനൻസിനായി 2.69 കോടി രൂപയും, പിലാത്തറ-പാപ്പിനിശ്ശേരി റോഡിന്റെ മെയിന്റെനൻസിനായി 1.8 കോടി രൂപയും, തലശ്ശേരി - വളവുപാറ റോഡിന് 11.5 ലക്ഷം രൂപയും ഏറ്റുമാനൂർ-മൂവാറ്റുപ്പുഴ റോഡിന്റെ മെയിന്റെനൻസിനായി 58 ലക്ഷം രൂപയും ചെലവഴിക്കുകയുണ്ടായി.

(ബി) 23-7-2014-ലെ സ.ഉ.(സാധാ) നമ്പർ 5656/14/ധന പ്രകാരം (അനുബന്ധം 3)* മെയിന്റെനൻസ് ജോലി നിർവ്വഹിക്കുവാൻ വേണ്ടി ഒരു സെക്ഷൻ ഓഫീസിന് 50,000 രൂപ വച്ച് അനുവദിച്ചിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ മേൽനോട്ടത്തിലാണ് മെയിന്റെനൻസ് ജോലികൾ ചെയ്യുന്നത്.

(സി) 84.75 ലക്ഷം രൂപ അനുവദിച്ചതിൽ 86.5 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. നിരത്ത് വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ, വണ്ടൂർ, പരപ്പനങ്ങാടി എന്നിവർ തുക വിനിയോഗിച്ചിട്ടില്ല.

**കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ഏറ്റെടുത്ത പ്രവൃത്തികൾ**

321 (1378) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ഏറ്റെടുത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്ന് പ്രവൃത്തി, ജില്ല, അടങ്കൽ തുക തിരിച്ച് വിശദമാക്കാമോ;

(ബി) കോർപ്പറേഷൻ നേരിട്ടാണോ അതോ ഉപകരാർ നൽകിയാണോ കരാർ ചെയ്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നത്;

(സി) ഉപകരാർ ഏൽപ്പിക്കുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) കോർപ്പറേഷനു കീഴിൽ ഉപകരാർ ഏറ്റവും കൂടുതൽ ഏറ്റെടുത്തത് ആരാണെന്നും അവർ ഏറ്റെടുത്ത പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പൊതുമരാമത്ത് വകുപ്പ് ഉൾപ്പെടെയുള്ള ടെണ്ടറുകളിൽ പങ്കെടുത്ത് അവാർഡ് ചെയ്യപ്പെട്ടതിനെ തുടർന്ന് ഏറ്റെടുത്തവയും കൂടാതെ, സർക്കാരിന്റെ പ്രത്യേക ഉത്തരവ് വഴി കമ്പനിയെ ചുമതലപ്പെടുത്തിയ പ്രവൃത്തികൾ എന്ന നിലയ്ക്ക് ഏറ്റെടുത്ത പ്രവൃത്തികളുടെയും വിശദാംശങ്ങൾ

അനുബന്ധം 'എ'-യും, 'ബി'-യുമായി ചേർത്തിരിക്കുന്നു.*

(ബി) പബ്ലിക് ടെണ്ടറുകളിൽ പങ്കെടുത്ത് കോർപ്പറേഷന് അവാർഡ് ചെയ്യപ്പെടുന്ന പ്രവൃത്തികൾ, കമ്പനിയുടെ അംഗീകൃത പാനലിൽപ്പെട്ട കരാറുകാർക്ക് സബ് കോൺട്രാക്റ്റ് നൽകിയാണ് നിർവ്വഹിക്കുന്നത്. കൂടാതെ, 7-9-2007-ലെ ജി.ഒ.(ആർറ്റി.) നമ്പർ 408/2007/ഫിൻ. അനുസരിച്ച് കമ്പനിയെ നേരിട്ട് ഏൽപ്പിച്ച പ്രവൃത്തികൾ, പ്രത്യേക ടെണ്ടർ ചെയ്ത് ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയുടെ അംഗീകാരത്തോടെ പ്രത്യേകം കരാർ ഒപ്പു വച്ച് നിർവ്വഹിക്കുകയും ചെയ്യുന്നു.

(സി) ഉണ്ട്. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, വേണ്ടത്ര യന്ത്ര സാമഗ്രികൾ ഉള്ളവരും, നിശ്ചിത സമയപരിധിക്കകം പ്രവൃത്തികൾ പൂർത്തിയാക്കുന്നവരുമായ പൊതുമരാമത്ത് വകുപ്പിലെ രജിസ്റ്റേർഡ് കോൺട്രാക്ടർമാരുടെ ഒരു പാനൽ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. ഈ പാനലിൽപ്പെട്ട കരാറുകാർക്ക് നിശ്ചിത പ്രവൃത്തിയെ സംബന്ധിച്ച് അവരുടെ ചുരുങ്ങിയ നിരക്ക് ക്വാട്ട് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ കമ്പനിയുടെ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത പാനലിൽപ്പെട്ട കരാറുകാരിൽ നിന്ന് രേഖാമൂലം ചുരുങ്ങിയ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനുമായി എം.ഒ.യു. ഒപ്പു വയ്ക്കുന്നു. ഈ എം.ഒ.യു.-ന്റെ അടിസ്ഥാനത്തിലാണ് കമ്പനി ടെണ്ടറുകളിൽ പങ്കെടുക്കുന്നത്. ഇപ്രകാരം സമർപ്പിക്കുന്ന ടെണ്ടർ ഓഫറുകൾ സൂക്ഷ്മ പരിശോധന നടത്തി ഗവൺമെന്റ് ടെണ്ടർ കമ്മിറ്റിയുടെ പരിഗണനയ്ക്ക് ശേഷം നൽകപ്പെടുന്ന ശിപാർശകൾക്കനുസൃതമായി കോർപ്പറേഷന് പ്രവൃത്തിയുടെ വർക്ക് ഓർഡർ ലഭിക്കുന്ന പക്ഷം, മേൽ പറഞ്ഞ എം.ഒ.യു. ഒപ്പുവച്ച കരാറുകാരനുമായി ഉപകരാർ ഒപ്പ് വയ്ക്കുന്നു.

(ഡി) കോർപ്പറേഷന്റെ കീഴിൽ ഏറ്റവും കൂടുതൽ ഉപകരാർ പ്രകാരം പ്രവർത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേരും പ്രവൃത്തിയുടെ വിശദാംശങ്ങളും യഥാക്രമം അനുബന്ധം 'സി'-യും 'ഡി'-യുമായി ചേർത്തിരിക്കുന്നു. *

**മധുര-കോട്ടയം-ചേർത്തല ടൂറിസം ഹൈവേയുടെ ഭരണാനുമതി**

322 (1379) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) മധുര-കോട്ടയം-ചേർത്തല ടൂറിസം ഹൈവേയുടെ ഭരണാനുമതിക്കുള്ള ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ; ഇതിന്റെ പൊതുമരാമത്തു വകുപ്പിലെ ഫയൽ നമ്പർ നൽകാമോ;

(ബി) പ്രസ്തുത ഹൈവേയുമായി ബന്ധപ്പെട്ട് സ്ഥലമെടുപ്പ് ജോലികൾ സർക്കാരിന്റെ മിഷൻ 676-ൽ ഉൾപ്പെടുത്തി ത്വരിതഗതിയിൽ നടപ്പിലാക്കാമോ?

ഉത്തരം

(എ) മധുര-കോട്ടയം-ചേർത്തല ടൂറിസം ഹൈവേയുടെ ഭരണാനുമതിക്കുള്ള ഫയൽ (23276/എച്ച്1/13/പൊ.മ.വ.) സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പരിഗണനയിലില്ല.

**റോഡ് യൂസർ പെർസപ്ഷൻ സർവ്വേ**

323 (1380) ശ്രീ. ആർ. സെൽവരാജ് :

ശ്രീ. കെ. അച്ചുതൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് യൂസർ പെർസപ്ഷൻ സർവ്വേ നടത്താൻ കെ.എസ്.റ്റി.പി. ഉദ്ദേശിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) ജനഹിതമറിയാനുള്ള എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സർവ്വേയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ-സി) കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ ഏറ്റെടുത്ത് വികസിപ്പിക്കുവാൻ

ഉദ്ദേശിക്കുന്ന ആകെ 363 കി.മീ. ദൈർഘ്യം വരുന്ന 6 റോഡുകളുടെ നിലവിലുള്ള അവസ്ഥയെ (വികസിപ്പിക്കുന്നതിന് മുമ്പുള്ള) പറ്റി ജനങ്ങളുടെ അഭിപ്രായം സമാഹരിക്കുന്നതിന് വേണ്ടി M/s ഷെർവുഡ് ടെക്നോക്രാറ്റ്സ് & കൺസൾട്ടന്റിനെ നിയമിച്ച് റോഡ് യൂസർ പെർസപ്ഷൻ സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. എല്ലാ വിഭാഗത്തിലുമുള്ള റോഡ് ഉപയോക്താക്കളെ വിവിധ സംഘങ്ങളായി തിരിച്ച് പ്രത്യേകം ചോദ്യാവലി തയ്യാറാക്കിയാണ് അഭിപ്രായ ശേഖരണം നടത്തിയത്. പ്രസ്തുത ചോദ്യാലിയിൽ റോഡ് ഉപയോക്താക്കളുടെ സാമൂഹികവും സാമ്പത്തികവും പ്രാദേശികവുമായിട്ടുള്ള ഘടകങ്ങളും നിലവിലുള്ള പ്രോജക്ട് റോഡുകളെപ്പറ്റിയുള്ള അഭിപ്രായങ്ങളും റോഡിന്റെ ഘടന, നിർമ്മാണം, സുരക്ഷിതത്വം എന്നിവയും ഉപയോക്താക്കളുടെ റോഡ് ഉപയോഗ രീതികളും ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. റോഡുപണി പൂർത്തീകരിച്ചശേഷം നടത്തുന്ന റോഡ് യൂസർ സാറ്റിസ്ഫാക്ഷൻ സർവ്വേയുടെ കണ്ടെത്തലുകളുമായി താരതമ്യം ചെയ്യുന്നതിനുവേണ്ടിയും ഭാവിയിൽ മറ്റു പൊതുമരാമത്ത് റോഡുകളിലേക്കും കൂടി റോഡ് യൂസർ സാറ്റിസ്ഫാക്ഷൻ ഇൻഡക്സ് വികസിപ്പിച്ചെടുക്കുന്നതിനുമാണ് ഈ സർവ്വേ ലക്ഷ്യമിടുന്നത്.

(ഡി) Baseline Road User Perspective Survey നടത്തുന്നതിലേക്കായി 27-8-2013-ൽ M/s Sherwood Technocrats & Consultants Pvt. Ltd എന്ന കൺസൾട്ടന്റിനെ നിയോഗിച്ചു. അന്തിമ റിപ്പോർട്ട് 2014 ജൂലായ് മാസത്തിൽ സമർപ്പിച്ചിട്ടുണ്ട്.

**ടാർ വാങ്ങിയ വകയിൽ കമ്പനികൾക്ക് നൽകേണ്ട തുക**

324 (1381) <u>ശ്രീ. സാജു പോൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുപണികൾക്ക് ഏതെല്ലാം കമ്പനികളിൽ നിന്നാണ് ടാർ വാങ്ങുന്നത്;

(ബി) ടാർ വാങ്ങിയ വകയിൽ കമ്പനികൾക്ക് കുടിശ്ശിക നൽകാനുണ്ടോ; എങ്കിൽ എന്ത് തുക കുടിശ്ശികയുണ്ട്;

(സി) ടാർ നൽകുന്ന കമ്പനികൾക്ക് കുടിശ്ശിക നൽകാനുള്ളത് ടാറിന്റെ ലഭ്യതയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; ഇതുമൂലം റോഡ് പ്രവൃത്തികൾ സ്തംഭനാവസ്ഥയിലായിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ.), മാംഗളൂർ റിഫൈനറി ആന്റ് പെട്രോകെമിക്കൽസ് ലിമിറ്റഡ് (എം.ആർ.പി.എൽ.), ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് (ഐ.ഒ.സി.), ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (എച്ച്.പി.സി.എൽ.) എന്നീ കമ്പനികളാണ് പൊതുമരാമത്ത് വകുപ്പിന് ടാർ നൽകുന്നത്.

(ബി) പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ടാർ വാങ്ങിയ ഇനത്തിൽ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന് 31-10-2014 വരെ 39.14 കോടി രൂപ നൽകാനുണ്ട്.

(സി) ഇല്ല.

**റോഡ് നിർമ്മാണത്തിന് നൂതന സാങ്കേതിക വിദ്യകൾ**

325 (1382) <u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡു നിർമ്മാണത്തിന് എന്തെല്ലാം നൂതന സാങ്കേതിക വിദ്യകൾ നിലവിലുണ്ടെന്നു വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള റോഡു നിർമ്മാണം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എത്ര കിലോമീറ്റർ റോഡാണ് ഈ രീതിയിൽ നിർമ്മിച്ചിട്ടുള്ളതെന്നും, അവയ്ക്ക് എത്ര തുക ചെലവായെന്നും അറിയിക്കുമോ;

(സി) ഇത്തരത്തിൽ നിർമ്മിക്കുന്ന റോഡുകളുടെ ഏറ്റവും കുറഞ്ഞ കാലാവധി എത്രയാണെന്നു വിശദമാക്കുമോ;

(ഡി) ഈ സാങ്കേതിക വിദ്യ ഉപേയാഗിച്ചുള്ള റോഡു നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) റോഡ് നിർമ്മാണത്തിനായി അത്യാധുനിക സാങ്കേതിക വിദ്യകളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ബിറ്റുമെൻ മിക്സിംഗ് പ്ലാന്റുകൾ സെൻസർ

പേവറുകൾ എന്നിവ ഉപയോഗിച്ചിട്ടുള്ള ടാറിംഗ് നടത്തുന്നതിനുള്ള സംവിധാനങ്ങളുണ്ട്. ഇത്തരത്തിലുള്ള ടാറിംഗ് പ്രവൃത്തികൾ കൂടാതെ നൂതനമായ പേവർ മെഷീനുകൾ ഉപയോഗിച്ചുള്ള കോൺക്രീറ്റ് റോഡുകൾ അൾട്രാ തിൻ വൈറ്റ് ടേപ്പിംഗ് പേവർ ബ്ലോക്ക് സർഫസിംഗ്, ബിറ്റുമെൻ കോൾഡ് മിക്സ് സർഫസിംഗ്, പാർശ്വഭിത്തി നിർമ്മാണത്തിനായ റീർഫോർസ്ഡ് എർത്ത് വാൾ, സോയിൽ നെയിലിംഗ്, മണ്ണ് ഉറപ്പിക്കുന്നതിനായി മൈക്രോപൈലിംഗ്, സ്റ്റോൺ കോളം പ്രീഫാബ്രിക്കേറ്റഡ് വെർട്ടിക്കൽ ഡ്രെയിൻ, ജിയോ സിന്തറ്റിക് ട്രീറ്റ്മെന്റ്സ് മുതലായ സാങ്കേതിക വിദ്യകൾ നിലവിലുണ്ട്. ലോകബാങ്കിന്റെ സാമ്പത്തിക സഹായത്തോടെ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് നടപ്പാക്കുന്ന റോഡ് വികസന പദ്ധതികളിൽ ഇന്ത്യൻ റോഡ്സ് കോൺഗ്രസ്സ് മാനദണ്ഡപ്രകാരമുള്ള സ്പെസിഫിക്കേഷൻ അനുസരിച്ച് റോഡ് നിർമ്മാണത്തിന് GSB, WMM, BM/DBM, BC എന്നീ പാളികൾ ഒന്നിന് മുകളിൽ ഒന്നായി നിർമ്മിച്ച് ആണ് റോഡ് ഉപരിതലം പൂർത്തിയാക്കുന്നത്. ഇതുകൂടാതെ Stone Mastic Asphalt (SMA) ഉപയോഗിച്ച് ഉപരിതലം നിർമ്മാണം ഇപ്പോൾ പരീക്ഷണാടിസ്ഥാനത്തിൽ കെ.എസ്.ടി.പി.-യുടെ പൊൻകുന്നം-തൊടുപുഴ റോഡിലെ 10 കി.മീ. stretch-ൽ ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, മോർത്ത് സ്പെസിഫിക്കേഷൻ 2013 പ്രകാരം ബിറ്റുമിനസ് പേവ്മെന്റ് നിർമ്മിക്കാൻ ബിറ്റുമിനസ് മക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ്, ഡെൻസ് ബിറ്റുമിനസ് മക്കാഡം, സാന്റ് ആസ്ഫാൾട്ട് ബേസ് കോഴ്സ്, ക്ലോസ് ഗ്രേഡഡ് പ്രിമിക്സ് സർഫേസിംഗ്/മിക്സഡ് സീൽ സർഫേസിംഗ്, സീൽ കോട്ട്, സ്ലറി സീൽ, ഫോഗ് സ്പ്രേ, മൈക്രോ സർഫസിംഗ്, സ്റ്റോൺ മെട്രിക്സ് ആസ്ഫാൾട്ട്, മാസ്റ്റിക്ക് ആസ്ഫാൾട്ട്, ക്രാക്ക് പ്രിവൻഷൻ കോഴ്സ്, ബിറ്റുമിനസ് കോൾഡ് മിക്സ്, റീ-സൈക്ലിംഗ് ബിറ്റുമിനസ് പേവ്മെന്റ് എന്നീ സാങ്കേതിക വിദ്യകളും ഉപയോഗിക്കുന്നുണ്ട്.

(ബി) ഉണ്ട്. സംസ്ഥാന പൊതുമരാമത്ത് വകുപ്പ് 14.8 കി.മീ. പ്ലാസ്റ്റിക് റോഡ് നിർമ്മിച്ചിട്ടുണ്ട്. ഇതിനായി ആകെ 223.14 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(സി) പ്രത്യേക കാലാവധി നിശ്ചയിച്ചിട്ടില്ല. എങ്കിലും ഇത്തരം റോഡുകൾ തുടർച്ചയായി നിരീക്ഷിച്ചതിൽ അഞ്ചുവർഷക്കാലം ഒരു കുഴപ്പവും കൂടാതെ നിലനിൽക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്തിലെ ഗ്രാമീണ റോഡുകളും ഗതാഗതം കുറഞ്ഞ റോഡുകളും പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉപയോഗിച്ച് നാഷണൽ റൂറൽ റോഡ് ഡെവലപ്മെന്റ് ഏജൻസിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നിർമ്മിക്കുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് (ജി.ഒ.(എംഎസ്.) നമ്പർ 61/2013/പൊ.മ.വ. തീയതി 20-7-2013) പുറപ്പെടുവിച്ചിട്ടുണ്ട്.

**റോഡ് നിർമ്മാണത്തിലെ പ്രതിസന്ധി**

326 (1383) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിമൂലം റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ പ്രതിസന്ധിയിലായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ കരാറുകാർ തയ്യാറാകുന്നില്ല എന്നത് ശരിയാണോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇതുവരെ പൂർത്തിയാക്കിയ പ്രവൃത്തികൾക്ക് കരാറുകാർക്ക് കുടിശ്ശികയായി എത്ര രൂപയാണ് നൽകുവാനുള്ളത് ;

(ഡി) പ്രസ്തുത കുടിശ്ശിക എന്നത്തേക്ക് കൊടുത്തു തീർക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1-1-2014 മുതൽ 30-9-2014-വരെ 1403.53 കോടി രൂപയും ദേശീയപാതാ വിഭാഗത്തിൽ 52.43 കോടി രൂപയുമാണ് കുടിശ്ശികയുള്ളത്.

(ഡി) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് മുൻഗണനാക്രമത്തിൽ കാലവിളംബം കൂടാതെ കൊടുത്ത് തീർക്കാനാണ്

ശ്രമിക്കുന്നത്.

**കേളകം-അടക്കത്തോട് പൊതുമരാമത്ത് റോഡ് നവീകരണം**

327 (1384) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേളകം-അടക്കത്തോട് പൊതുമരാമത്ത് റോഡ് നവീകരണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) റോഡ് പ്രവൃത്തി തടസപ്പെടാൻ കാരണങ്ങൾ എന്തെല്ലാം; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ചെയിനേജിലുണ്ടായ മാറ്റം കാരണവും നൽകിയ ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാലും പുതുക്കിയ ഭരണാനുമതിക്കായുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതേയുള്ളൂ.

(ബി) നിലവിൽ കി.മീ. 1/000 മുതൽ 7/000 വരെയുള്ള റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കാണ് 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നത്. എന്നാൽ ഷെഡ്യൂൾ ഓഫ് റേറ്റ് പുതുക്കിയതിനാൽ, പുതുക്കിയ നിരക്ക് പ്രകാരമുള്ള തുക നിലവിൽ ഭരണാനുമതി നൽകിയ കി.മീ. 1/000 മുതൽ 7/000 വരെയുള്ള പ്രവൃത്തിക്ക് തികയാത്തതിനാൽ, ആയത് 0/000 4/000 വരെയാക്കി പരിമിതപ്പെടുത്തി അംഗീകാരം നൽകണമെന്നു സംബന്ധിച്ചുള്ള ചീഫ് എഞ്ചിനീയറുടെ ശിപാർശ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. എന്നാൽ നിലവിലുള്ള ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ ഈ പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകേണ്ടതായിട്ടുണ്ട്. ഇതുസംബന്ധിച്ച് ശിപാർശയ്ക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാത്രമേ പുതുക്കിയ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ.

**ഹിൽ-ഹൈവേ പദ്ധതിയിൽ ഉൾപ്പെടുത്തിയ കാരാപറമ്പ്-ആറളം മണത്തണ റോഡ് പൂർത്തീകരണത്തിന് നടപടി**

328 (1385) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ-ഹൈവേ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ

കാരാപറമ്പ്-ആറളം-മണത്തണ റോഡ് പ്രവൃത്തിയുടെ കോൺട്രാക്റ്റ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡ് പ്രവൃത്തികളുടെ പൂർത്തീകരണത്തിന് തടസ്സങ്ങൾ എന്തെല്ലാമാണ് ;

(സി) ആയത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ഡി) പ്രസ്തുത പദ്ധതി പൂർത്തീകരണത്തിന് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) സർക്കാർ ഉത്തരവ് 1197/14/പൊ.മ.വ. തീയതി 25-8-2014 പ്രകാരം ടെണ്ടർ കമ്മിറ്റി അംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്.

(ബി-ഡി) പ്രത്യേകാനുമതി നൽകുന്ന കാര്യം പരിഗണിച്ചുവരുന്നു.

**പ്രമുഖ ടാർ കമ്പനികൾ**

329 (1386) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡ് പണികൾക്കാവശ്യമായ ടാർ നൽകുന്ന പ്രമുഖ കമ്പനികൾ ഏതൊക്കെയാണ്;

(ബി) റോഡ് പണികൾക്ക് ടാർ വാങ്ങിയ ഇനത്തിൽ സർക്കാർ ഏതെല്ലാം കമ്പനികൾക്ക് എത്ര കോടി രൂപ വീതം കൊടുത്ത് തീർക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ടാർ നല്കുന്നത് ഏതെങ്കിലും കമ്പനി നിർത്തി വച്ചതായി പൊതുമരാമത്ത് വകുപ്പിനെ അറിയിച്ചിട്ടുണ്ടോ ;

(ഡി) ടാർ ലഭിക്കാത്തത് മൂലം പൊതുമരാമത്ത് വകുപ്പ് ടെണ്ടർ ചെയ്ത വർക്കുകൾ മുടങ്ങിയ സാഹചര്യം നിലവിലുണ്ടോ ?

<u>ഉത്തരം</u>

(എ) ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (ബി.പി.സി.എൽ.), മാംഗ്ലൂർ റിഫൈനറി ആന്റ് പെട്രോകെമിക്കൽസ് ലിമിറ്റഡ് (എം.ആർ.പി.എൽ.) ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ലിമിറ്റഡ് (ഐ.ഒ.സി.), ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (എച്ച്.പി.സി.എൽ.) എന്നീ

കമ്പനികളാണ് പൊതുമരാമത്ത് വകുപ്പിന് ടാർ നൽകുന്നത്.

(ബി) പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ടാർ വാങ്ങിയ ഇനത്തിൽ ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡിന് 31-10-2014 വരെ 39.14 കോടി രൂപ നൽകാനുണ്ട്.

(സി) ടാർ നൽകുന്നത് ബി.പി.സി.എൽ. മുമ്പ് നിർത്തിവച്ചിരുന്നെങ്കിലും ഇപ്പോൾ ലഭ്യമാക്കുന്നുണ്ട്.

(ഡി) ഇല്ല.

**മോണോറെയിൽ പദ്ധതി**

330 (1387) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ നടപ്പാക്കുന്ന മോണോ റെയിൽ പദ്ധതിക്കുള്ള നിർമ്മാണ കരാർ ലേല നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(ബി) ഓരോ സ്ഥലത്തേയും പദ്ധതി ചെലവ് കണക്കാക്കപ്പെട്ടത് എത്ര കോടി വീതമായിരുന്നു ;

(സി) ടെണ്ടർ വിളിച്ചത് ഏത് തീയതിയിലായിരുന്നു ; ടെണ്ടറിൽ പങ്കെടുത്ത കമ്പനികൾ എത്രയെണ്ണം ; അവ ഏതൊക്കെ ; ഇതിനകം എത്ര തവണ ടെണ്ടർ വിളിക്കുകയുണ്ടായിട്ടുണ്ട് ;

(ഡി) കേരള മോണോ റെയിൽ കോർപ്പറേഷൻ സർക്കാരിന് പ്രൊപ്പോസൽ നല്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) ടെണ്ടർ കാര്യത്തിൽ സർക്കാർ സ്വീകരിച്ച അന്തിമ തീരുമാനം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) തിരുവനന്തപുരം മോണോറെയിൽ പദ്ധതിക്ക് 3590 കോടി രൂപയും കോഴിക്കോട് മോണോറെയിൽ പദ്ധതിക്ക് 1991 കോടി രൂപയുമാണ് പദ്ധതിച്ചെലവ് കണക്കാക്കപ്പെട്ടിരിക്കുന്നത്.

(സി) ആദ്യം 1-10-2013 തീയതിയിലും, പുനർ ദർഘാസ് 28-11-2013 തീയതിയിലും വിളിക്കുകയുണ്ടായി. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി മാത്രമാണ് ടെണ്ടറിൽ പങ്കെടുത്തത്. ഇതിനകം രണ്ടുതവണ ടെണ്ടർ വിളിച്ചിട്ടുണ്ട്.

(ഡി) ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, പദ്ധതിക്കുള്ള അടങ്കൽ തുകയേക്കാൾ ഭീമമായ തുക രേഖപ്പെടുത്തിയിരുന്നതിനാൽ 28-8-2014-ന് കൂടിയ പത്താമത് ബോർഡ് യോഗത്തിൽ, ടെണ്ടർ നിരസിക്കുകയും മോണോറെയിൽ പദ്ധതിക്ക് പകരം മറ്റേതെങ്കിലും മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിനായി നാല് ആഴ്ചയ്ക്കുള്ളിൽ വിശദ രൂപരേഖ തയ്യാറാക്കി സമർപ്പിക്കാൻ ഡി.എം.ആർ.സി.-യെ ചുമതലപ്പെടുത്തുകയും ചെയ്തു. വിശദമായ രൂപരേഖ സമർപ്പിച്ചത് സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) 28-8-2014-ന് കൂടിയ പത്താമത് കേരള മോണോ റെയിൽ കോർപ്പറേഷൻ ബോർഡ് യോഗത്തിൽ, മോണോറെയിൽ പദ്ധതി ഉപേക്ഷിക്കുന്നതിനും പകരം മറ്റൊരു മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിനായുള്ള വിശദമായ രൂപരേഖ തയ്യാറാക്കി സമർപ്പിക്കാൻ ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. അതിൻപ്രകാരം ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ, ലൈറ്റ് മെട്രോ പദ്ധതിക്കുള്ള വിശദമായ രൂപരേഖ 8-10-14-ന് സമർപ്പിക്കുകയും 24-10-2014-ന് കൂടിയ പതിനൊന്നാമത് കേരള മോണോ റെയിൽ കോർപ്പറേഷൻ ബോർഡ് യോഗം, പ്രസ്തുത രൂപരേഖ അംഗീകരിക്കുകയും ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനെ പദ്ധതിയുടെ നടത്തിപ്പിനായുള്ള turn-key കൺസൾട്ടന്റായി നിയമിക്കാൻ തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത ബോർഡ് യോഗ തീരുമാനപ്രകാരം ലൈറ്റ് മെട്രോ പദ്ധതി നടത്തിപ്പിൽ മുൻ പരിചയമുള്ള പന്ത്രണ്ട് കമ്പനികളുടെ യോഗം ഡോ. ഇ. ശ്രീധരന്റെ നേതൃത്വത്തിൽ 19-11-2014-ന് നടത്തുകയുണ്ടായി. ലൈറ്റ് മെട്രോ പദ്ധതിയുടെ വിശദമായ രൂപരേഖയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**മോണോറെയിൽ പദ്ധതി**

331 (1388) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോണോ റെയിൽ നിർമ്മാണത്തിനുള്ള ടെണ്ടർ വിളിച്ചത് ഏത് തീയതിയിലായിരുന്നു; ഏതെല്ലാം കമ്പനികൾ ടെണ്ടറിൽ പങ്കെടുക്കുകയുണ്ടായി; അവ ഏതൊക്കെയായിരുന്നു; വിശദാംശം ലഭ്യമാക്കുമോ;

(ബി) ടെണ്ടറിൽ പങ്കെടുത്തവരിൽ മതിയായ യോഗ്യതകളുള്ളവർ എത്രയായിരുന്നു; അവർ ആരൊക്കെയായിരുന്നു; വിശദാംശം ലഭ്യമാക്കുമോ;

(സി) കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് രണ്ടിൽ കൂടുതൽ കമ്പനികൾ ടെണ്ടർ നടപടികളിൽ പങ്കെടുക്കേണ്ടതായിട്ടുണ്ടോ; മോണോ റെയിൽ പദ്ധതിയുടെ കാര്യത്തിൽ അത് ഉണ്ടായിട്ടുണ്ടോ;

(ഡി) കേരള മോണോറെയിൽ കോർപ്പറേഷൻ ഡയറക്ടർ ബോർഡ്, ടെണ്ടറിൽ പങ്കെടുത്ത ഒരു കമ്പനിയുടെ സാങ്കേതിക ബിഡ്ഡിൽ അംഗീകാരം നൽകുകയുണ്ടായിട്ടുണ്ടോ; പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ; അതിനായി അപേക്ഷ സമർപ്പിച്ചത് എന്നായിരുന്നു ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ആദ്യം 1-10-2013 തീയതിയിൽ ദർഘാസ് ക്ഷണിക്കുകയും 28-11-2013-ന് പുനർദർഘാസ് ക്ഷണിക്കുകയും ചെയ്തു. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനി മാത്രമാണ് ടെണ്ടറിൽ പങ്കെടുത്തത്.

(ബി) ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന ഒറ്റ സ്ഥാപനത്തിനു മാത്രമേ മതിയായ യോഗ്യത ഉണ്ടായിരുന്നുള്ളൂ.

(സി) ഇല്ല. ടെണ്ടർ നടപടിയിൽ പങ്കെടുത്ത ഏക സ്ഥാപനമായ ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, പദ്ധതിയുടെ അടങ്കൽ തുകയേക്കാൾ ഭീമമായ തുക രേഖപ്പെടുത്തിയിരുന്നതിനാൽ 28-8-2014-ന് കൂടിയ കേരള മോണോറെയിൽ കോർപ്പറേഷന്റെ ബോർഡ് യോഗത്തിൽ ടെണ്ടർ നിരസിക്കുകയും ചെയ്തു.

(ഡി) ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച സാങ്കേതിക ദർഘാസ് ഡി.എം.ആർ.സി. വിശദമായി പരിശോധിച്ചതിനു ശേഷം അംഗീകാരം നൽകി. പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടില്ല. കേന്ദ്ര നഗരവികസന മന്ത്രാലയത്തിന്റെ ഇരുപത് ശതമാനം ഗ്രാന്റ് ലഭ്യമാക്കാനായി അപേക്ഷ 23-1-2014-ന് സമർപ്പിച്ചിട്ടുണ്ട്.

**തീരദേശ ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ**

332 (1389) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയുടെ പ്രവൃത്തി ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ഇതുവരെ നടത്തിയ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) താനൂർ നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന തീരദേശപാതയുടെ നിർമ്മാണ പ്രാരംഭ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന്

വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്?

<u>ഉത്തരം</u>

(എ) തീരദേശ ഹൈവേയുടെ ഭാഗമായി ആശാൻപടി മുതൽ പറവണ്ണ വരെയുള്ള 4.5 കി.മീ. റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചു. റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി ഏറ്റെടുത്താൽ മാത്രമേ ബാക്കി ഭാഗങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(ബി&സി) പറവണ്ണ മുതൽ ചീരാൻ കടപ്പുറം വരെയുള്ള അഞ്ച് കിലോമീറ്ററിന്റെയും ആശാൻപടി മുതൽ തെക്കോട്ട് തിരൂർപുഴ വരെയുള്ള 2.0 കിലോമീറ്ററിന്റെയും സ്ഥലം ഏറ്റെടുക്കുന്നതിലേക്കായി ലാന്റ് അക്വിസിഷൻ അതോറിറ്റിയുമായുള്ള സംയുക്ത സ്ഥലപരിശോധന പൂർത്തിയായിട്ടുണ്ട്. ചീരാൻ കടപ്പുറം മുതൽ വടക്കോട്ട് ഒട്ടുപുറം വരെയും തിരൂർ പുഴ മുതൽ തെക്കോട്ട് ട്രാൻസ്ഫോർമർ റോഡ് വരെയുള്ള ഭാഗത്തിന്റെ സ്ഥലമെടുപ്പ് നടപടികൾ ജനങ്ങളുടെ എതിർപ്പുമൂലം തുടങ്ങുവാൻ സാധിച്ചിട്ടില്ല.

(ഡി) ഭൂമി ഏറ്റെടുക്കുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

## പാലോളി കുളമ്പിലും മപ്പാട്ടുകരയിലും പാലങ്ങൾ

333 (1390) <u>ശ്രീ. സി. പി. മുഹമ്മദ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ കുന്തിപ്പുഴക്ക് കുറുകെ വിളയൂർ പഞ്ചായത്തിലെ പാലോളി കുളമ്പിലും കുലക്കല്ലൂർ പഞ്ചായത്തിലെ മപ്പാട്ടുകരയിലും പുതിയ പാലങ്ങൾ നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

വിളയൂർ പഞ്ചായത്തിലെ പാലോളി കുളമ്പിലും കലുക്കല്ലൂർ പഞ്ചായത്തിലെ മാപ്പാട്ടുകരയിലും പാലങ്ങൾ നിർമ്മിക്കുവാൻ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തിയാക്കി ഫീസിബിലിറ്റി റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ട്. പാലത്തിന്റെ ഡ്രോയിംഗ് തയ്യാറാക്കിവരുന്നു.

## പദ്ധതി നടത്തിപ്പിൽ വകുപ്പുകളുടെ ഏകോപനം

334 (1391) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസനപദ്ധതിക്കും മറ്റുമായി റോഡുകൾ വെട്ടിപ്പൊളിക്കുമ്പോൾ അവ

യഥാസമയം പുനഃസ്ഥാപിക്കപ്പെടുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ വകുപ്പുകളുടെ പദ്ധതികൾക്കായി റോഡുകൾ പൊളിക്കുന്നതിന് മുമ്പായി പദ്ധതികൾ മുൻകൂട്ടി അറിയിക്കുന്ന വിധത്തിൽ വകുപ്പുകൾ തമ്മിൽ ഏകോപനമില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും പ്രത്യേക സംവിധാനമൊരുക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിക്കുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ഒരു ജില്ലാതല സമിതി നിലവിലുണ്ട്.

**റാന്നി മണ്ഡലത്തിലെ കെട്ടിട നിർമ്മാണങ്ങൾ**

335 (1392) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജക മണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പിന്റെ കീഴിൽ ഇപ്പോൾ എത്ര കെട്ടിട നിർമ്മാണ പ്രവൃത്തികളാണ് നടന്നുവരുന്നത് ; അവ ഏതൊക്കെ;

(ബി) ഓരോ പ്രവൃത്തികളുടേയും നിർമ്മാണ പുരോഗതി ഇനം തിരിച്ച് വ്യക്തമാക്കാമോ; ഓരോ നിർമ്മാണവും കരാർ വ്യവസ്ഥ അനുസരിച്ച് പൂർത്തികരിക്കേണ്ടത് ഏതൊക്കെ തീയതികളിലായിരുന്നു;

(സി) നിർമ്മാണങ്ങൾ വൈകിയിട്ടുണ്ടെങ്കിൽ കാരണങ്ങൾ എന്തൊക്കെയാണ് ; തടസ്സങ്ങൾ നീക്കി ഇവ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഇനിയും നിർമ്മാണം ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികൾ ഏതൊക്കെ; ഇവയുടെ നിർമ്മാണം വൈകുന്നതിന്റെ കാരണം വിശദമാക്കുമോ ; ഇവയുടെ നിർമ്മാണം ആരംഭിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നു വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) റാന്നി നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഇപ്പോൾ അഞ്ച് കെട്ടിട നിർമ്മാണ പ്രവൃത്തികളാണ് നടന്നുവരുന്നത് :

1. റാന്നിയിൽ മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണം
2. റാന്നിയിൽ താലൂക്ക് ആശുപത്രിയുടെ ഒ.പി. ബ്ലോക്കിന്റെ നിർമ്മാണം
3. വടശ്ശേരിക്കരയിൽ തീർത്ഥാടന കേന്ദ്രത്തിന്റെ നിർമ്മാണം
4. വെച്ചൂച്ചിറയിൽ പോളിടെക്നിക് നിർമ്മാണം
5. ഇട്ടിയപ്പാറയിൽ തീർത്ഥാടന കേന്ദ്രത്തിന്റെ നിർമ്മാണം.

(ബി) ഓരോ പ്രവൃത്തികളുടെയും നിർമ്മാണ പുരോഗതി അനുബന്ധം-എ.-യിൽ കാണാവുന്നതാണ്.

(സി) നിർമ്മാണങ്ങൾ വൈകാനുണ്ടായ കാരണങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.*

1. മിനി സിവിൽസ്റ്റേഷൻ , റാന്നി :

   ഇലക്ട്രിക്കൽ വർക്കും അതിനോട് അനുബന്ധിച്ചുള്ള ഫിനിഷിംഗ് വർക്കുകളും മാത്രമാണ് ഇനി പൂർത്തീകരിക്കാനുള്ളത്. റവന്യൂ ഡിപ്പാർട്ടുമെന്റിൽ നിന്ന് സ്പെയ്സ് അലോട്ട്മെന്റ് താമസിച്ചതിനാലാണ് ഇലക്ട്രിക്കൽ വർക്ക് താമസിക്കുന്നത്. 31-5-2015-ൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

2. ഒ.പി. ബ്ലോക്ക്, താലൂക്ക് ഹോസ്പിറ്റൽ, റാന്നി :

   ഇലക്ട്രിക്കൽ വർക്കും അതിനോട് അനുബന്ധിച്ചുള്ള ഫിനിഷിംഗ് വർക്കുകളും മാത്രമാണ് ഇനി പൂർത്തീകരിക്കുവാനുള്ളത്. പാസ്സഞ്ചർ ലിഫ്റ്റിന്റെ പ്രതിഷ്ഠാപനം നടക്കാത്തതുകൊണ്ടാണ് ഇലക്ട്രിക്കൽ വർക്ക് വൈകുന്നത്. 30-9-2015-ൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

3. പോളിടെക്നിക്, വെച്ചൂച്ചിറ :

   കോൺട്രാക്ടറുടെ സാമ്പത്തിക പ്രതിസന്ധിമൂലം നിർമ്മാണ പ്രവർത്തനം മുടങ്ങിയിട്ട് ഒരു വർഷമായി.

4. ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും ഹോസ്റ്റൽ നിർമ്മാണം, പോളിടെക്നിക്, വെച്ചൂച്ചിറ :

   കോൺട്രാക്ടറുടെ സാമ്പത്തിക പ്രതിസന്ധിമൂലം നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. മുകളിൽപ്പറഞ്ഞ വർക്കുകൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കോൺട്രാക്ടറുടെ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്ത് പ്രവൃത്തി റീ-ടെണ്ടർ ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) താലൂക്ക് ഹോസ്പിറ്റൽ, റാന്നിയിൽ മോർച്ചറി ബിൽഡിംഗിന്റെ നിർമ്മാണം :

നിർമ്മാണ പ്രവൃത്തി നടക്കേണ്ട സ്ഥലത്തിന്റെ മാർഗ്ഗമദ്ധ്യേ സ്ഥാപിച്ചിരിക്കുന്ന ജനറേറ്റർ മാറ്റി സ്ഥാപിക്കാതെ സൈറ്റിലേക്ക് സാധന സാമഗ്രികളും മെഷീൻസും എത്തിക്കാൻ ബുദ്ധിമുട്ടായതുകാരണം സ്ഥലം, കോൺട്രാക്ടർക്ക് കൈമാറാൻ സാധിച്ചിട്ടില്ല. ഈ തടസ്സങ്ങൾ നീക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഇടുമ്പ- കണ്ണവം റോഡ് നിർമ്മാണ പ്രവൃത്തി**

336 (1393) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ തൃക്കടാരിപ്പൊയിൽ ഇടുമ്പ-കണ്ണവം റോഡ് പ്രവൃത്തികൾ കോടതി വ്യവഹാരത്തെത്തുടർന്ന് അനിശ്ചിതമായി നീണ്ടു പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട കോടതി നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വിശദീകരിക്കുമോ ;

(സി) കോടതി നടപടികൾ അനിശ്ചിതമായി നീണ്ടുപോകുന്നത് റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് കാലതാമസം ഉണ്ടാക്കുന്നതിനാൽ അടിയന്തര അറ്റകുറ്റപ്പണികൾക്കായി 25 ലക്ഷം രൂപ അനുവദിക്കണമെന്നാവശ്യപ്പെട്ട് മട്ടന്നൂർ എം.എൽ.എ., ചീഫ് എഞ്ചിനീയർക്ക് നിവേദനം നൽകിയതെന്നാണ് ;

(ഡി) പ്രസ്തുത നിവേദന പ്രകാരം സ്വീകരിച്ച നടപടി വിശദമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി 2-2-2014-ൽ WA No.1912/2013-ൽ പുറപ്പെടുവിച്ച ഉത്തരവിനെതിരെ സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ SLPC No.19380/2014 ഫയൽ ചെയ്യുകയും 25-8-2014-ലെ ഇടക്കാല ഉത്തരവുപ്രകാരം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 2-2-2014-ലെ വിധി സ്റ്റേ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ കേസ് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ സജ്ജീവ പരിഗണനയിലാണ്. 8-12-2014-ൽ ഈ കേസ് വീണ്ടും പരിഗണിക്കുന്നതാണ്.

(സി&ഡി) 21-8-2014-ന് ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക അറ്റകുറ്റ പണികൾക്കായി തയ്യാറാക്കിയിട്ടുള്ള 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അനുമതി നൽകുന്നതിനുള്ള നടപടിക്രമം ചീഫ് എഞ്ചിനീയർ തലത്തിൽ സ്വീകരിച്ചുവരുന്നു.

**ആയൂർ-ഇത്തിക്കര റോഡ് ബി.എം. ആന്റ് ബി.സി. പ്രകാരം നവീകരണത്തിന് ഭരണാനുമതി.**

337 (1394) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം മണ്ഡലത്തിലെ ആയൂർ-ഇത്തിക്കര റോഡ് ബി.എം. & ബി.സി. പ്രകാരം നവീകരിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിന് സത്വരമായ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

ചടയമംഗലം റോഡ് സെക്ഷൻ പരിധിയിലുള്ള ആയൂർ-ഇത്തിക്കര (8 /000 മുതൽ 17/500 വരെ) റോഡിന്റെ 950 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 31-5-2013-ൽ ഭരണാനുമതിക്കായി ലഭിച്ചിരുന്നെങ്കിലും ഫണ്ടിന്റെ അപര്യാപ്തതമൂലം ടി പ്രവൃത്തിക്ക് ഭരണാനുമതി നൽകുവാൻ കഴിഞ്ഞില്ല.

**കാവിൽ- തീക്കുന്നി-കുറ്റ്യാടി റോഡിനുള്ള ഭരണാനുമതി**

338 (1395) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ കാവിൽ-തീക്കുനി-കുറ്റ്യാടി റോഡിൽ 2011 മുതൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെ ചെയിനേജിൽ ഉൾപ്പെട്ടതാണെന്നും ഓരോ ചെയിനേജിലും എത്ര തുക വീതമാണ് വകയിരുത്തിയതെന്നും വ്യക്തമാക്കുമോ;

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ്

ഇനി സാങ്കേതികാനുമതി ലഭിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) സാങ്കേതികാനുമതി ലഭിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ കാരണം എന്തെന്നും വ്യക്തമാക്കുമോ;

(ഇ) സാങ്കേതികാനുമതി ലഭിച്ച പ്രവൃത്തികൾ ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുറ്റ്യാടി മണ്ഡലത്തിലെ കാവിൽ തീക്കുനി- കുറ്റ്യാടി റോഡിൽ 2011 മുതൽ ഇരുപത് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി-ഇ) കാവിൽ-തീക്കുനി-കുറ്റ്യാടി റോഡിൽ ചെയിനേജ് 12/000 മുതൽ 15/000 വരെയുള്ള പ്രവൃത്തിക്കാണ് സാങ്കേതികാനുമതി നൽകാനുള്ളത്. സാങ്കേതിക അനുമതി നൽകുന്നതിന് കാലതാമസം ഉണ്ടായിട്ടില്ല. ഭരണാനുമതി നൽകിയ പ്രവൃത്തികളും ടി പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥയും സൂചിപ്പിക്കുന്ന പട്ടിക അനുബന്ധമായി ചേർക്കുന്നു.*

**താനൂർ ദേവധാർ സബ് വേ നിർമ്മാണം**

339 (1396) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ ദേവധാർ റെയിൽവേ മേൽഗേറ്റ് അടച്ചതിന് ശേഷം സ്കൂൾ വിദ്യാർത്ഥികൾ റെയിൽ മുറിച്ച് കടക്കാൻ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരന്തരമായി അപകടങ്ങളുണ്ടാകുന്ന പ്രസ്തുത പ്രദേശത്ത് സബ് വേ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(സി) പ്രസ്തുത സബ് വേ നിർമാണം എന്നത്തേക്ക് ആരംഭിക്കാനാകും എന്ന് വിശദമാക്കാമോ?

ഉത്തരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ഉണ്ട്.

(ബി & സി) സബ് വേയുടെ നിർമ്മാണം റെയിൽവേയാണ് ഏറ്റെടുത്ത് നടത്തുന്നത്. ഇതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്.

**നാട്ടിക മണ്ഡലത്തിലെ പഴുവിൽ പാലം**

340 (1397) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാട്ടിക നിയോജക മണ്ഡലത്തിൽ അനുവദിച്ച പഴുവിൽ പാലത്തിന്റെ നിർമ്മാണ നടപടികളുടെ പുരോഗതി വിശദമാക്കുമോ;

(ബി) പാലം നിർമ്മാണത്തിനാവശ്യമായ പുറമ്പോക്ക് ഭൂമി ഒഴിപ്പിക്കൽ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) നിർമ്മാണ പ്രവൃത്തി കരാർ ചെയ്ത് എപ്പോൾ പണി ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) പഴുവിൽ പാലം നിർമ്മാണത്തിനായി ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനെതിരെ തൃശ്ശൂർ മുൻസിഫ് കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുകയാണ്. കോടതി ഉത്തരവ് വന്നതിനുശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**ചേലക്കര മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള കെട്ടിട നിർമ്മാണം**

341 (1398) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനു കീഴിൽ ഇപ്പോൾ നിർമ്മാണം നടന്നുവരുന്ന കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) അവയിപ്പോൾ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(സി) ഏതെങ്കിലും കെട്ടിടങ്ങളുടെ നിർമ്മാണം മുടങ്ങിയിട്ടുണ്ടെങ്കിൽ അത് എത്ര കാലമായി മുടങ്ങിക്കിടക്കുന്നുവെന്നും അതിനുള്ള കാരണങ്ങളും വ്യക്തമാക്കാമോ;

(ഡി) ഭരണനുമതി ലഭിക്കുകയും ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) അവയുടെ നിർമ്മാണം ആരംഭിക്കുവാൻ കാലതാമസമെന്താണെന്ന് വിശദമാക്കാമോ;

(എഫ്) ഭരണനുമതി ലഭിക്കുന്നതിലേക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും അവയുടെ വിശദാംശങ്ങളും നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ചേലക്കര മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഇപ്പോൾ നിർമ്മാണം നടന്നുവരുന്ന കെട്ടിടങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(സി) നിർമ്മാണ പ്രവൃത്തികളൊന്നും മുടങ്ങിക്കിടക്കുന്നില്ല.

(ഡി) ഭരണാനുമതി ലഭിക്കുകയും ടെണ്ടർ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

(ഇ) ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ള പ്രവൃത്തികൾ ആരംഭിക്കുവാൻ കാലതാമസം വന്നിട്ടില്ല.

(എഫ്) ഭരണാനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മഞ്ചേരി പൊതുമരാമത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് പുതുക്കി പണിയുന്നതിന് നടപടി

342 (1399) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി പൊതുമരാമത്ത് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് പുതുക്കി പണിയണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാലപ്പഴക്കം വന്ന് ജീർണ്ണിച്ചതും ചോർന്നൊലിക്കുന്നതുമായ ഓഫീസ് കെട്ടിടം പുതുക്കി പണിയുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിക്കുന്നതാണ്. പ്രസ്തുത കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായി അറ് ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

## പുനലൂർ മണ്ഡലത്തിൽ വട്ടമൺ പാലത്തിന് സമീപമുള്ള സ്ഥലം

343 (1401) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട അഞ്ചൽ വില്ലേജിന്റെ പരിധിയിൽ ഉള്ള വട്ടമൺ പാലത്തിനു സമീപം പൊതുമരാമത്ത് വകുപ്പിന് എത്ര സ്ഥലം ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പ് അക്വയർ ചെയ്ത പ്രസ്തുത സ്ഥലത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സ്ഥലം നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ അല്ലാത്ത പക്ഷം ആയത് തിരികെ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഏകദേശം തൊണ്ണൂറ് സെന്റ് സ്ഥലം ഉണ്ട്. അനധികൃത കുടിയേറ്റങ്ങൾ ഉള്ളത് ഒഴിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**തലശ്ശേരിയിലെ നഗര റോഡ് വികസന പദ്ധതി**

344 (1402) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ നഗര റോഡ് വികസന പദ്ധതിയിൽപ്പെടുത്തി എത്ര റോഡുകൾ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏറ്റെടുത്ത ഓരോ റോഡുകളുടെയും പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(സി) ഓരോ പ്രവർത്തിക്കുമായി എന്തു തുക നീക്കിവെച്ചെന്നും, ഇതിനകം എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കാമോ?

ഉത്തരം

(എ) തലശ്ശേരി അസംബ്ലി മണ്ഡലത്തിൽപ്പെട്ട റോഡുകളൊന്നും നഗര റോഡ് വികസന പദ്ധതിയിൽപ്പെടുത്തി ഏറ്റെടുത്തിട്ടില്ല.

(ബി&സി) ബാധകമല്ല.

**ദേശീയപാത വികസനം**

345 (1403) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനവുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) സ്ഥലം വിട്ടുനൽകേണ്ടിവരുന്നവരുടെ കാര്യത്തിൽ മുൻധാരണയനുസരിച്ച് വിപണി വില നൽകിക്കൊണ്ടുള്ള പുനരധിവാസ പാക്കേജ് നടപ്പാക്കാൻ തയ്യാറാണോ എന്നത് വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടിയുൾപ്പെടെ പല മണ്ഡലങ്ങളിലും പ്രസ്തുത വിഷയത്തിൽ ജനങ്ങളുടെ വ്യാപകമായ എതിർപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ജില്ലാ കളക്ടർ മുൻപ് സർക്കാരിലേക്ക് സമർപ്പിച്ചിട്ടുള്ള പുനരധിവാസ പാക്കേജിൽ എന്ത് തീരുമാനമെടുത്തു എന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) ദേശീയപാതാ അതോറിറ്റിയുടെ മാർഗ്ഗരേഖപ്രകാരം ദേശീയപാതയുടെ വീതി (Row) അറുപത് മീറ്ററാണ്. എന്നാൽ കേരളത്തിലെ ജനസാന്ദ്രതയും സ്ഥല മേറ്റെടുക്കുന്നതിനുള്ള ബുദ്ധിമുട്ടും പരിഗണിച്ച് ദേശീയ പാതയുടെ വീതി ദേശീയ നിലവാരത്തിലുള്ള അറുപത് മീറ്ററിൽനിന്നും നാൽപ്പത്തിയഞ്ച് മീറ്ററായി നിജപ്പെടുത്തുന്നതിന് ദേശീയ പാതാ വികസന അതോറിറ്റി 2010-ൽ സമ്മതിക്കുകയുണ്ടായി. എന്നാൽ ദേശീയപാത നാൽപ്പത്തിയഞ്ച് മീറ്റർ റൈറ്റ് ഓഫ് വേയിൽ വികസിപ്പിക്കുന്നതിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനെതിരെ ചില കേന്ദ്രങ്ങളിൽനിന്നും ഉണ്ടായ എതിർപ്പ് കാരണം സ്ഥലമെടുപ്പ് പ്രക്രിയ പരാജയപ്പെട്ട സാഹചര്യത്തിൽ ദേശീയ പാതാ വികസനത്തിന് റൈറ്റ് ഓഫ് വേ മുപ്പത് മീറ്ററായി ഇളവ് ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ അപകടരഹിതവും സുഗമവുമായ യാത്രാ സൗകര്യം ലഭ്യമാക്കേണ്ടതിനാൽ റോഡ് വികസനത്തിൽ നാൽപ്പത്തിയഞ്ച് മീറ്റർ റൈറ്റ് ഓഫ് വേയിൽ ഇളവ് അനുവദിക്കുവാൻ സാധ്യമല്ല എന്ന് കേന്ദ്രസർക്കാർ അറിയിക്കുകയുണ്ടായി. ഇതിനെ തുടർന്ന് 17-8-2010-ലെ സർവ്വകക്ഷി യോഗത്തിന്റെ തീരുമാന പ്രകാരം ദേശീയപാത നാൽപ്പത്തിയഞ്ച് മീറ്ററിൽ തന്നെ വികസിപ്പിക്കുവാൻ 18-8-2010-ൽ സംസ്ഥാന സർക്കാർ തീരുമാനിക്കുകയുണ്ടായി. എന്നാൽ സ്ഥലമെടുപ്പ് അനിശ്ചിതമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ ദേശീയപാത 17-ലെ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ദേശീയപാത 47-ലെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുമുള്ള ഭാഗത്തെ ദേശീയ പാതാ വികസനത്തിൽനിന്നും ദേശീയപാതാ വികസന അതോറിറ്റി പിൻവാങ്ങുകയുണ്ടായി.

കേന്ദ്ര ഉപരിതല ഗതാഗതവകുപ്പുമന്ത്രി 4-7-2014-ൽ മുഖ്യമന്ത്രിക്കയച്ച കത്തിൽ വർദ്ധിച്ചുവരുന്ന വാഹന സാന്ദ്രത പരിഗണിച്ച് ദേശീയപാത വികസനം ത്വരിതപ്പെടുത്തണമെന്നുള്ളതിന് സംസ്ഥാന സർക്കാരിന്റെ സഹകരണം ആവശ്യപ്പെടുകയും ദേശീയപാതാ വികസനത്തിന് ആവശ്യമായ എൺപത് ശതമാനം ഭൂമി ഏറ്റെടുത്തു നൽകിയാൽ ദേശീയപാത അതോറിറ്റിയുടെ പിൻവാങ്ങൽ തീരുമാനം പുനഃപരിശോധിക്കാവുന്നതാണെന്നും അറിയിക്കുകയുണ്ടായി. ഈ

സാഹചര്യത്തിൽ 23-10-2014-ലെ മന്ത്രിസഭയുടെ തീരുമാനപ്രകാരം 25-10-2014-ലെ സ.ഉ.(കൈ) നമ്പർ 94/2014 പൊമവ ഉത്തരവുപ്രകാരം ദേശീയപാത 45 മീറ്റർ വീതിയിൽ തന്നെ വികസിപ്പിക്കുന്നതിനും ഇതിനാവശ്യമായ ഭൂമിയുടെ എൺപത് ശതമാനം ഏറ്റെടുത്ത് ദേശീയപാതാ അതോറിറ്റിക്ക് കൈമാറുന്നതിനും ദേശീയപാതാ വികസനത്തിൽനിന്നും പിൻമാറിക്കൊണ്ട് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച 5-3-2014, 14-8-2014 എന്നീ തീയതികളിലെ, വിജ്ഞാപനങ്ങൾ റദ്ദ് ചെയ്യുന്നതിന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. പ്രസ്തുത വിവരം 30-10-2014-ലെ കത്തുപ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയെ അറിയിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) 23-10-2014-ലെ മന്ത്രിസഭാ തീരുമാനപ്രകാരം പദ്ധതി ബാധിതർക്ക് നഷ്ടപരിഹാരം നിശ്ചയിക്കുമ്പോൾ CALA, സംസ്ഥാന സർക്കാരിന്റെ ആർ ആന്റ് ആർ പാക്കേജിലെ വ്യവസ്ഥകൾ കൂടി പരിഗണിക്കണമെന്ന് ജില്ലാകളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കായംകുളം അസംബ്ലി മണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം**

346 (1404) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ പൊതുമരാമത്തു വകുപ്പിന്റെ വാർഷിക അറ്റകുറ്റപ്പണികളിലുൾപ്പെടുത്തി 2012-13, 2013-14 എന്നീ വർഷങ്ങളിൽ എത്ര റോഡുകളാണ് പുനരുദ്ധരിച്ചത്;

(ബി) ഓരോ പ്രവൃത്തികൾക്കുമായി എത്ര അനുവദിച്ചെന്നും ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും വിശദമാക്കുമോ?

ഉത്തരം

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ 2012-13 സാമ്പത്തിക വർഷത്തിൽ ഒമ്പത് റോഡുകളും 2013-14 വർഷത്തിൽ 10 റോഡുകളും

പുനരുദ്ധരിച്ചിട്ടുണ്ട്.

(ബി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

**വൈത്തിരി താലൂക്ക് ആശുപത്രിയിലെ മെറ്റേണിറ്റി യൂണിറ്റിന്റെ നിർമ്മാണം**

347 (1405) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വൈത്തിരി താലൂക്ക് ആശുപത്രിയിലെ മെറ്റേണിറ്റി യൂണിറ്റിന്റെ നിർമ്മാണം പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ വൈത്തിരി താലൂക്ക് ആശുപത്രിയിലെ മെറ്റേണിറ്റി യൂണിറ്റിന്റെ നിർമ്മാണം പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് സർക്കാരിന്റെ 25-10-2013-ലെ ജി.ഒ.(ആർറ്റി.)നമ്പർ 3595/2013/ആരോഗ്യ കുടുംബക്ഷേമ വകുപ്പുപ്രകാരം 154 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം 'എ'-യിൽ കാണാവുന്നതാണ്.*സാങ്കേതികാനുമതിക്കുവേണ്ടി സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കിവരുന്നു. ആയത് ലഭിച്ചതിനുശേഷം സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

**കണ്ണൂർ ജില്ലയിലെ ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡ്**

348 (1406) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പ്രധാന റോഡായ ചെറുതാഴം കുറ്റൂർ പെരിങ്ങോം റോഡിന്റെ ചന്തപ്പുര മുതൽ മാതമംഗലം വരെയുള്ള ഭാഗം ബി.എം. ആന്റ് ബി.സി ആക്കി ഉയർത്തുന്നതിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിരുന്നെങ്കിലും ഇതുവരെ ഭരണാനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത റോഡിന്റെ പ്രാധാന്യം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കണക്കിലെടുത്ത് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

കണ്ണൂർ ജില്ലയിലെ ചെറുതാഴം-കുറ്റൂർ-പെരിങ്ങോം റോഡിന്റെ ചന്തപ്പുര മുതൽ മാതമംഗലം വരെയുള്ള ഭാഗം ബി.എം.ആന്റ് ബി.സി. ആക്കി ഉയർത്തുന്നതിനുള്ള വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാത്രമേ ഭരണാനുമതി നൽകുവാൻ സാധിക്കുകയുള്ളൂ.

**ദേശീയപാത വികസനത്തിന് കേന്ദ്ര സഹായം**

349 (1407) ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത വികസനത്തിന് കേന്ദ്ര സഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ യെന്ന് വിശദമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) എന്തെല്ലാം സഹായങ്ങളാണ് ഇതിനായി കേന്ദ്രം നൽകുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഇവയുടെ പണികൾ തുടങ്ങുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ദേശീയപാതകളുടെ സമഗ്രമായ വികസനം ദേശീയപാതാ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം എൻ.എച്ച്.17-ഉം 47-ഉം ദേശീയപാതാ വികസന പദ്ധതി ഘട്ടം 2-ലും 3-ലും പെടുത്തി സർവ്വീസ് റോഡോടുകൂടിയ നാലുവരി പാതയാക്കി വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. മറ്റ് ദേശീയപാതകൾ പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ട് വരിപ്പാതയായാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. എന്നാൽ ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിൽ ഉണ്ടായ കാലതാമസംമൂലം ദേശീയപാത 17-ലെയും 47-ലെയും തലപ്പാടി മുതൽ ഇടപ്പള്ളി

വരെയും ചേർത്തല മുതൽ കഴക്കൂട്ടം വരെയുമുള്ള ഭാഗങ്ങൾ ദേശീയ പാതാ വികസന പദ്ധതിയിൽനിന്നും ഒഴിവാക്കി കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഭാഗങ്ങൾ വീണ്ടും ഏറ്റെടുക്കുവാൻ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. എൻ.എച്ച്.17-ഉം എൻ.എച്ച്. 47-ഉം ഒഴികെയുള്ള ദേശീയപാതകളുടെ വികസനം സംസ്ഥാന സർക്കാർ വഴി കേന്ദ്രത്തിന്റെ വാർഷിക പദ്ധതിയിൽ ഘട്ടം ഘട്ടമായി നടപ്പിലാക്കാമെന്ന് കേന്ദ്രം സമ്മതിച്ചിട്ടുണ്ട്. ഇതിൻപ്രകാരം എൻ.എച്ച്.208-ന്റെ മുഴുവൻ നീളവും (81.28 കി.മി.), എൻ.എച്ച്. 49-ന്റെ 40.98 കി.മീറ്ററും, എൻ.എച്ച്.220-ന്റെ 5.72 കി.മീറ്ററും, എൻ.എച്ച്. 213-ന്റെ 47.00 കി.മീറ്ററും വികസിപ്പിക്കുവാനായി 2014-15 വർഷത്തെ കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനായുള്ള എസ്റ്റിമേറ്റുകൾ കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) 2014-15 വാർഷിക പദ്ധതിയിൽ ദേശീയ പാതകളുടെ വികസനത്തിനായി 360.00 കോടി രൂപയുടെ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) പദ്ധതികൾക്കുള്ള എസ്റ്റിമേറ്റുകൾ കേന്ദ്ര സർക്കാരിൽ ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

**മരാമത്ത് കരാറുകാർക്ക് കൊടുത്തുതീർക്കുവാനുള്ള കുടിശ്ശിക**

350 (1408) ശ്രീ. മാത്യു റ്റി.തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം മരാമത്ത് പണികളുടെ ഷെഡ്യൂൾസ് ഓഫ് റേറ്റ്സ് എത്ര തവണ പരിഷ്കരിച്ചു എന്ന് വിശദമാക്കാമോ;

(ബി) നിരക്ക് പരിഷ്കരണങ്ങൾ കഴിഞ്ഞതിനുശേഷവും എസ്റ്റിമേറ്റിനേക്കാൾ അധികരിച്ച നിരക്കുകൾ ടെണ്ടറുകളിൽ സമർപ്പിച്ചുവരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ;

(സി) മരാമത്ത് കരാറുകാർക്ക് എത്ര രൂപ കുടിശ്ശിക കൊടുത്തു തീർക്കുവാനുണ്ട്; പ്രസ്തുത തുക എന്നത്തേക്ക് കൊടുത്തുതീർക്കുവാൻ കഴിയുമെന്ന്

വ്യക്തമാക്കാമോ;

(ഡി) കരാറുകാർക്ക് കുടിശ്ശിക കൊടുത്തുതീർക്കാത്തതുമൂലം കരാറുകാർ പണികൾ ഏറ്റെടുക്കുവാൻ വൈമുഖ്യം കാണിക്കുന്നതും അധികരിച്ച നിരക്കുകൾ സമർപ്പിക്കുന്നതും പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1-10-2012-ൽ ഷെഡ്യൂൾ ഓഫ് റേറ്റ് പരിഷ്കരിച്ചിട്ടുണ്ട്. 1-10-2013 മുതൽ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് സംസ്ഥാനത്തും നടപ്പാക്കാനുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. ടെണ്ടറുകൾ അംഗീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കാനുള്ള കാലതാമസവും മെറ്റീരിയൽസിലും ലേബർ ചാർജ്ജിലും അടിക്കടി ഉണ്ടാകുന്ന വില വർദ്ധനവും ചെയ്യുന്ന പണിയുടെ ബിൽ തുക ലഭ്യമാക്കുന്നതിനുള്ള കാലതാമസവുമാണ് അധികനിരക്ക് ക്വാട്ട് ചെയ്യാൻ കാരണം.

(സി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1-4-2014 മുതൽ 30-9-2014-വരെ 1403.53 കോടി രൂപയും കെട്ടിട വിഭാഗത്തിൽ 1-1-2014 മുതൽ 30-9-2014-വരെയുള്ള 327 കോടി രൂപയും ദേശീയപാതാ വിഭാഗത്തിൽ
1-5-2014 മുതലുള്ള 52.43 കോടി രൂപയുമാണ് കുടിശ്ശികയുള്ളത്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് മുൻഗണനാക്രമത്തിൽ കാലവിളംബം കൂടാതെ കുടിശ്ശിക കൊടുത്തുതീർക്കാനാണ് ശ്രമിക്കുന്നത്.

(ഡി) കുടിശ്ശിക കൊടുത്തു തീർക്കാത്തതുമൂലം കരാറുകാർക്കുള്ള ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതുമൂലം പണികൾ ഏറ്റെടുക്കുവാൻ വൈമുഖ്യം കാണിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മരാമത്ത് പ്രവർത്തനങ്ങളിലുള്ള സ്തംഭനാവസ്ഥ ഒഴിവാക്കാൻ നടപടി**

351 (1409) ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാകാത്തതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; ഇതുമൂലം റോഡുകളാകെ കുണ്ടും കുഴിയും നിറഞ്ഞിരിക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കരാറുകാരുടെ എത്ര മാസത്തെ ബില്ലുകളാണ് കുടിശ്ശികയായിട്ടുള്ളതെന്നും, ഇത് എന്തു തുക വരുമെന്നും, ടാർ കമ്പനികൾക്കുള്ള കുടിശ്ശിക എത്രയെന്നും വ്യക്തമാക്കാമോ ;

(സി) കുടിശ്ശികകാരണം സംസ്ഥാനത്തെ മരാമത്ത് പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണോ ;

(ഡി) കരാറുകാരുടെ കുടിശ്ശിക തുക എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയുമെന്ന് പറയാമോ;

(ഇ) മരാമത്ത് പ്രവർത്തനങ്ങളിലുള്ള സ്തംഭനാവസ്ഥ ഒഴിവാക്കി റോഡുകളുടെയും പാലങ്ങളുടെയും ശോച്യാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പ് പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ ഈ വിഷയം പരിശോധിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന റോഡിലെ കേടുപാടുകൾ തീർത്ത് പരിപാലിച്ചുവരുന്നു.

(ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1-4-2014 മുതൽ 30-9-2014 വരെ 1403.53 കോടി രൂപയും കെട്ടിട വിഭാഗത്തിൽ 1-1-2014 മുതൽ 30-9-2014 വരെയുള്ള 327 കോടി രൂപയും ദേശീയപാതാ വിഭാഗത്തിൽ
1-5-2014 മുതലുള്ള 52.43 കോടി രൂപയുമാണ് കുടിശ്ശികയുള്ളത്. ടാർ സപ്ലൈ ചെയ്യുന്ന ഏജൻസിയായ ഭാരത് പെട്രോളിയം കോർപ്പറേഷന് 31-10-2014 വരെ 39.14 കോടി രൂപ നൽകുവാനുണ്ട്.

(സി) സ്തംഭനാവസ്ഥയില്ല.

(ഡി) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് മുൻഗണനാക്രമത്തിൽ കാലവിളംബം കൂടാതെ കുടിശ്ശിക കൊടുത്തുതീർക്കാനാണ് ശ്രമിക്കുന്നത്.

(ഇ) സ്തംഭനാവസ്ഥ നിലവിലില്ല.

**കായംകുളം കോടതി സമുച്ചയത്തിന്റെ നിർമ്മാണം**

352 (1410) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം കോടതി സമുച്ചയത്തിന്റെ നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കുമോ?

ഉത്തരം

കായംകുളം കോടതി സമുച്ചയത്തിന്റെ ആർക്കിടെക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കിയിട്ടുണ്ട്. സ്ട്രക്ച്ചറൽ ഡ്രോയിംഗ് തയ്യാറാക്കി വരുന്നു.

**വാമനപുരം-ചിറ്റാർ റോഡ് പുനരുദ്ധാരണം**

353 (1411) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം-ചിറ്റാർ റോഡ് ആധുനിക രീതിയിൽ പുനരുദ്ധരിക്കുന്നതിന് പദ്ധതി ഉണ്ടോ; ഇതിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) വാമനപുരം-ചിറ്റാർ റോഡ് പൂർണ്ണമായും തകർന്ന് ഗതാഗതം അസാദ്ധ്യമായിരിക്കുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റോഡ് അടിയന്തരമായി ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വാമനപുരം-ചിറ്റാർ റോഡിന്റെ പുനരുദ്ധാരണത്തിനായുള്ള എസ്റ്റിമേറ്റ് 2-12-2014-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ ഫണ്ടിന്റെ അപര്യാപ്തത കാരണം പ്രസ്തുത പ്രവർത്തി അനുവദിക്കുവാൻ നിർവ്വാഹമില്ല.

(ബി) ടി റോഡിൽ ചില ഭാഗങ്ങളിൽ നാശനഷ്ടങ്ങൾ സംഭവിച്ചിട്ടുണ്ട്. എങ്കിലും ഗതാഗതം അസാദ്ധ്യമായിട്ടില്ല. ടി റോഡ് അടിയന്തിരമായി പുനരുദ്ധരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത റോഡിൽ 6/000 കി.മീ. മുതൽ 11/500 വരെ 8.35 ലക്ഷം രൂപയുടെയും 12/400 കി.മീ. മുതൽ 17/000 വരെ 8 ലക്ഷം രൂപയുടെയും 9/500 കി.മീ. മുതൽ 10/500 വരെ 22 ലക്ഷം രൂപയുടെയും 0/000 മുതൽ 3/000 വരെ 4 ലക്ഷം രൂപയുടെയും 3/600 മുതൽ 6/00 വരെ 4 ലക്ഷം രൂപയുടെയും പ്രവർത്തികളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**റോഡുകളുടെ നവീകരണം**

354 (1412) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകൾ കുണ്ടും കുഴിയും നിറഞ്ഞ് സഞ്ചാര യോഗ്യമല്ലാതായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇതുമൂലം റോഡപകടങ്ങൾ വർദ്ധിക്കുകയും നിത്യേന അപകടമരണങ്ങൾ സംഭവിക്കുകയും ചെയ്യുന്നത് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ഡി) യഥാസമയം റോഡുകളുടെ റീ-ടാറിംഗും അറ്റകുറ്റ പണികളും നടക്കാത്തതാണ് പ്രസ്തുത ശോച്യാവസ്ഥയ്ക്ക് കാരണമായിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) ഫണ്ടിന്റെ അപര്യാപ്തത റോഡ് നവീകരണ പ്രവൃത്തികളെ ബാധിച്ചിട്ടുണ്ടോ ;

(എഫ്) റോഡുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഈ വർഷം എന്തു തുകയാണ് അനുവദിച്ചത്; ഇതിൽ ഇതിനകം ചെലവായ തുകയെത്ര;

(ജി) റോഡുകളുടെ അറ്റകുറ്റ പണികൾ യഥാസമയം നടത്താൻ കഴിയാതെ പോയതിന്റെ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിന്റെ കീഴിൽ വരുന്ന മിക്ക റോഡുകളും തന്നെ കേടുപാടുകൾ തീർത്ത് പരിപാലിക്കപ്പെടുന്നുണ്ട്. എന്നാൽ അതിശക്തമായ കാലവർഷത്തിൽ മണ്ണിടിച്ചിൽമൂലവും വെള്ളക്കെട്ടുമൂലവും ചില ഭാഗങ്ങളിൽ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ഇത്തരം കേടുപാടുകൾ തീർക്കുന്നതിന് അടിയന്തിരമായി ഭരണാനുമതി നൽകി അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ടി.പി. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി

പുരോഗമിച്ചു വരുന്നു. കാസർഗോഡ്-കാഞ്ഞങ്ങാട്, പിലാത്തറ-പാപ്പിനിശ്ശേരി, തലശ്ശേരി-വളവുപാറ, ചെങ്ങന്നൂർ-മൂവാറ്റുപ്പുഴ എം.സി. റോഡ്, പൊൻകുന്നം-തൊടുപുഴ എന്നീ റോഡുകളിലെ കുണ്ടും കുഴികളും ഈ നിർമ്മാണ പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ തന്നെ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി റോഡ് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. കെ.എസ്.ടി.പി.- ഒന്ന് പദ്ധതിയിൽപ്പെടുത്തി നിർമ്മാണം പൂർത്തിയാക്കിയ കഴക്കൂട്ടം-തൈക്കോട് റോഡും, തൈക്കോട് മുതൽ ചെങ്ങന്നൂർ വരെയുള്ള എം.സി. റോഡും യഥാക്രമം അറ്റകുറ്റപ്പണികൾ നടത്തി റോഡ് സഞ്ചാരയോഗ്യമാക്കിയിട്ടുണ്ട്. ഇതിനോടൊപ്പം 5 വർഷ ദീർഘപരിപാലന കരാർ വ്യവസ്ഥയോടെ കെ.എസ്.ടി.പി. ഏറ്റെടുത്ത വിവിധ ജില്ലകളിലെ 13 റോഡുകളും അതാത് കരാറുകാർ തന്നെ അറ്റകുറ്റപ്പണി നടത്തി നല്ല നിലയിൽ പരിപാലിച്ചുവരുന്നു. കേരള റോഡ് ഫണ്ട് ബോർഡ് നടപ്പിലാക്കുന്ന തിരുവനന്തപുരം നഗര റോഡു വികസന പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകളുടെ നിലവാരം തൃപ്തികരമാണ്. 15 വർഷത്തെ പരിപാലന വ്യവസ്ഥയോടെ ഏറ്റെടുത്തിട്ടുള്ള ഈ റോഡുകളുടെ പരിപാലനം പദ്ധതിയുടെ കൺസെഷനറുടെ ചുമതലയിലാണ്. അതിനാൽ റോഡുകളുടെ അറ്റകുറ്റ പണികൾ യഥാസമയം നിർവ്വഹിക്കുന്നുണ്ട്.

(സി) വാഹനാപകടങ്ങളുടെ കാരണം വാഹന ബാഹുല്യമാണ്. റോഡിലെ കുണ്ടും കുഴിയുംമൂലം നടക്കുന്ന അപകടങ്ങൾ കുറവാണ് എന്നാലും ഇക്കാര്യം പരിശോധിക്കേണ്ടതുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഫണ്ടിന്റെ അപര്യാപ്തത കൂടുതൽ റോഡ് നവീകരണ പദ്ധതികൾ ഏറ്റെടുത്തു നടത്തുന്നതിന് തടസ്സമാകുന്നുണ്ട്.

(എഫ്) റോഡുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി പദ്ധതി ഇനത്തിൽ 116 കോടിരൂപയും പദ്ധതേ്യതര ഇനത്തിൽ 654 കോടി രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഈ വർഷം ഇതുവരെ 776 കോടി രൂപ ചെലവായിട്ടുണ്ട്. കെ.എസ്.ടി.പി. പദ്ധതിക്ക് 2014-15 സാമ്പത്തികവർഷം 217.58 കോടി രൂപയാണ് സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിൽ 2014 ഒക്ടോബർ മാസം വരെ 67.87 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ജി) റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി യഥാസമയം തന്നെ ഭരണാനുമതി നൽകി പ്രവൃത്തികൾ നടത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ചില സ്ഥലങ്ങളിൽ നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം കൊണ്ടും മോശം കാലാവസ്ഥ കൊണ്ടും പണികൾ നടപ്പിലാക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ട്. എന്നാൽ, ഇപ്പോൾ പ്രസ്തുത പ്രശ്നങ്ങളെല്ലാം പരിഹരിച്ച് മിക്ക

സ്ഥലത്തും പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്.

## റോഡുകളുടെ പുനരുദ്ധാരണം

355 (1413) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കായംകുളം അസംബ്ലി മണ്ഡലത്തിൽ ഏതൊക്കെ റോഡുകളുടെ പുനരുദ്ധാരണത്തിനാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തികളുടെയും നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) അനുബന്ധം -1-ൽ പറഞ്ഞ പ്രവർത്തികളിൽ അനുബന്ധം 11-ൽ* പറയുന്ന പ്രവർത്തികൾ ഒഴികെ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തികൾ 2015 മാർച്ച് 31-നകം പൂർത്തീകരിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഓട്ടാഫീസ് കടവ്-കാവനാൽക്കടവ് പാലങ്ങളുടെ പണി

356 (1414) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടാഫീസ് കടവ്, കാവനാൽക്കടവ് എന്നീ പാലങ്ങളുടെ കരാറുകാരൻ പണികൾ വൈകിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലങ്ങളുടെ പണികൾ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി വിളിച്ചു ചേർത്ത യോഗത്തിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രസ്തുത പാലങ്ങൾ ജനങ്ങൾക്ക് ഗതാഗതത്തിനായി എന്ന് തുറന്നു കൊടുക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) ഓട്ടാഫീസ് കടവ് പാലം പണി പൂർത്തിയായി. കാവനാൽക്കടവ് പാലത്തിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. രണ്ടുപാലങ്ങളുടെയും അപ്രോച്ച് റോഡ് മണ്ണിട്ട് ഉയർത്തുന്ന പ്രവൃത്തി നടന്നുവരുന്നു. മണ്ണടിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയത് ലഭ്യമായാൽ ഓട്ടാഫീസ് കടവ് പാലം മൂന്നുമാസത്തിനകവും കാവനാൽക്കടവ് പാലം മേയ് 15-നകവും ഗതാഗതത്തിന് തുറന്നുകൊടുക്കാനാവുമെന്നാണ് പ്രതീക്ഷ.

**ദേശീയപാതാ വികസനം**

357 (1415) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ദേശീയപാതാ വികസനത്തിൽ നിന്നും നാഷണൽ ഹൈവേ അതോറിറ്റി പിൻമാറിയിട്ടുണ്ടോ; ഇതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) ദേശീയപാതാ അലൈൻമെന്റ് മാറ്റം വരുത്തുന്നത് സംബന്ധിച്ച് നാഷണൽ ഹൈവേ അതോറിറ്റിയുടെ മറുപടി എന്തായിരുന്നു; ഇതനുസരിച്ച് എന്തു തുടർ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ദേശീയപാതാ വികസനത്തിന് പാതയുടെ വീതി എത്രയായിരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ദേശീയപാതാ വികസനത്തിനായി ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം നൽകുന്നതിന് എന്തെങ്കിലും പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ ദേശീയപാത 17-ഉം 47-ഉം ബി.ഒ.റ്റി. വ്യവസ്ഥയിൽ സർവ്വീസ് റോഡോടുകൂടി നാലുവരി പാതയാക്കി വികസിപ്പിക്കുവാൻ കേന്ദ്രമന്ത്രാലയം എൻ.എച്ച്.എ.ഐ.-യെ ഏൽപ്പിക്കുകയുണ്ടായി. എന്നാൽ ഭൂമി ഏറ്റെടുക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടാകാത്തതിനാൽ ദേശീയപാത 17-ന്റെ കേരള -കർണ്ണാടക അതിർത്തി മുതൽ ഇടപ്പള്ളി വരെയുള്ള ഭാഗവും

എൻ.എച്ച്.47-ന്റെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗവും പ്രസ്തുത പദ്ധതിയിൽ നിന്നും ഒഴിവാക്കി കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) അംഗീകരിച്ച അലൈൻമെന്റിൽ മാറ്റം വരുത്തുവാൻ നാഷണൽ ഹൈവേ അതോറിറ്റി തയ്യാറല്ല. എന്നാൽ അലൈൻമെന്റിൽ ഉൾപ്പെട്ട സംരക്ഷിക്കപ്പെടേണ്ട സ്മാരകങ്ങളും ആരാധനാലയങ്ങളും മറ്റും വരുന്ന ഘട്ടത്തിൽ ഉണ്ടാകുന്ന തർക്കങ്ങൾ പരിശോധിക്കുവാൻ സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.) നമ്പർ 94/2014/ പി.ഡബ്ല്യു.ഡി. തീയതി 25-10-2014 പ്രകാരം ദേശീയപാത വികസനം 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ തന്നെ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ഡി) 1956-ലെ NH Act-ലെ വ്യവസ്ഥകൾ അനുസരിച്ച് CALA (Competent Authority for Land Acquisition) ആണ് നഷ്ടപരിഹാരം നിർണ്ണയിക്കുന്നത്. എന്നിരുന്നാലും നഷ്ടപരിഹാരം നിർണ്ണയിക്കുമ്പോൾ സംസ്ഥാന സർക്കാരിന്റെ R&R പാക്കേജിലെ വ്യവസ്ഥകൾകൂടി പരിഗണിക്കണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പേരാവൂർ നിയോജക മണ്ഡലത്തിലെ കേളൻപീടിക-മട്ടിണി- നിരങ്ങംചിറ്റ-വള്ളിത്തോട് റോഡ്**

358 (1416) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാവൂർ നിയോജക മണ്ഡലത്തിലെ കേളൻപീടിക-മട്ടിണി-നിരങ്ങംചിറ്റ-വള്ളിത്തോട് റോഡിന്റെ പ്രവൃത്തി തടസ്സപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചേർന്ന യോഗ തീരുമാനങ്ങൾ എന്തെല്ലാമാണ്; ഇതനുസരിച്ച് സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാം; റോഡ് പ്രവർത്തനങ്ങൾ മുടങ്ങി കിടക്കുന്നതിനാൽ ഉയർന്നിട്ടുള്ള പ്രതിഷേധങ്ങളും സമരങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത റോഡ് പ്രവൃത്തി കാലതാമസം ഒഴിവാക്കി പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. ഇതുസംബന്ധിച്ച് 24-6-2013-ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ

കരാറുകാരൻ ചെയ്ത പ്രവൃത്തിയുടെ measurement എടുക്കുന്നതിനും ബാക്കിയുള്ള പ്രവൃത്തിക്ക് 2012 SOR നിരക്ക് പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. അതിൻപ്രകാരം പ്രവൃത്തിയുടെ മെഷർമെന്റ് എടുത്ത് ബിൽ തയ്യാറാക്കിയിട്ടുണ്ട്. ബാക്കി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കിയ നിരക്കിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ ചീഫ് എഞ്ചിനീയർ തലത്തിൽ സ്വീകരിച്ചുവരുന്നു. ആയത് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. റോഡുപ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നതിനാൽ ഉയർന്നിട്ടുള്ള പ്രതിഷേധങ്ങളും സമരങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## റിലയൻസ് കേബിൾ വലിക്കുന്നതിന് അനുമതി

359 (1417) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിലെ റോഡുകളിലൂടെ റിലയൻസ് കേബിൾ വലിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര കിലോമീറ്റർ കേബിൾ വലിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) കിലോമീറ്ററിന് എത്ര രൂപ നിരക്കിലാണ് സർക്കാർ ഇതിന് അനുമതി നൽകിയിട്ടുള്ളത്; മറ്റ് സംസ്ഥാനങ്ങളിലേതുമായി പ്രസ്തുത തുക താരതമ്യം ചെയ്തിട്ടുണ്ടോ; വിശദവിവരം നൽകുമോ ?

<u>ഉത്തരം</u>

(എ) വിവരസാങ്കേതിക വകുപ്പിൽനിന്നും സ.ഉ.(എംഎസ്.) നമ്പർ 16/2013/ വി.സാ.വ, തീയതി 14-6-2013, സ.ഉ.(എംഎസ്) നമ്പർ 30/2013/വി.സാ.വ, തീയതി 11-10-2013 സർക്കാർ ഉത്തരവുകൾപ്രകാരം കേരളത്തിലുടനീളം 3306.26 കിലോമീറ്റർ ദൂരത്തിൽ ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുവാനുള്ള അനുമതി M/s Reliance Jio Infocomm-ന് നൽകിയിട്ടുണ്ട്.

(ബി) Right of Way (RoW)അനുമതി നൽകുന്നതിന് സേവന ദാതാക്കളിൽ നിന്നും ഫീസൊന്നും ഇപ്പോൾ ഈടാക്കുന്നില്ല. എന്നാൽ പൊതുമരാമത്ത് വകുപ്പ്, നിശ്ചിത തുകയ്ക്കുള്ള ബാങ്ക് ഗ്യാരന്റി ഇതിനായി വാങ്ങുന്നുണ്ട്. ബന്ധപ്പെട്ട വ്യവസ്ഥകൾ പാലിച്ചുകഴിഞ്ഞാൽ ബാങ്ക് ഗ്യാരന്റി തിരിച്ച് നൽകണമെന്നാണ് വ്യവസ്ഥ.

## തിരുവല്ലാ ബൈപ്പാസിന്റെ നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ്

360 (1418) <u>ശ്രീ. മാത്യു റ്റി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ലാ ബൈപ്പാസിന്റെ നിർമ്മാണത്തിനുള്ള സ്ഥലം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) നേരത്തെ നടത്തിയ സ്ഥലമെടുപ്പ് നടപടി ബഹുമാനപ്പെട്ട ഹൈക്കോടതി റദ്ദാക്കിയതിന്റെ കാരണം വിശദമാക്കാമോ ;

(സി) പുതിയ സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ ;

(ഡി) ബൈപ്പാസിന്റെ നിർമ്മാണത്തിനുള്ള സ്ഥലം ഏറ്റെടുപ്പ് എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തിരുവല്ലാ ബൈപ്പാസ് നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടി 2004-ൽ ആരംഭിക്കുകയുണ്ടായി. അതിൽ 5.4087 ഹെക്ടർ സ്ഥലം ജില്ലാ ഭൂമി വാങ്ങൽ കമ്മിറ്റി ചർച്ചയിലൂടെ നിശ്ചയിച്ച വില നൽകി ഉടമകളിൽനിന്ന് നേരിട്ട് വാങ്ങി വിലയാധാരം രജിസ്റ്റർ ചെയ്തും വിലയാധാരം ചെയ്യാൻ തയ്യാറല്ലാത്തവരുടെ ഭൂമി പൊന്നും വില നടപടി പ്രകാരവും അവാർഡ് പാസാക്കി 2008-ൽ ഏറ്റെടുക്കുകയും ചെയ്തു.

(ബി) സ്ഥലമേറ്റെടുക്കുന്നതിനെതിരെ സ്ഥലം ഉടമകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത മൂന്ന കേസുകളിലും കെ.എസ്.ടി.പി.-ക്ക് അനുകൂലമായ വിധിയാണുണ്ടായതെങ്കിലും അതിനെതിരെ പുതിയ സ്ഥലമേറ്റെടുക്കൽ നിയമത്തിന്റെ വെളിച്ചത്തിൽ അവാർഡ് അസാധുവാക്കാൻ ഫയൽ ചെയ്ത അപ്പീൽ ഹർജിയിൽ (WA-104/14) സുപ്രീം കോടതിയിലെ പൂനെ മുനിസിപ്പൽ കോർപ്പറേഷൻ Vs സോളങ്കി കേസിന്റെ വിധി ന്യായം ഈ കേസിലും ബാധകമെന്ന രീതിയിൽ പുതിയ നിയമത്തിൽ 24(2) ഖണ്ഡിക പരാമർശിച്ച്, അവാർഡ് കഴിഞ്ഞ് 5 വർഷത്തിനുള്ളിൽ വസ്തു ഉടമകളുടെ പേരിൽ കോടതിയിൽ നഷ്ടപരിഹാരം നിക്ഷേപിച്ചില്ല, പകരം പണം റവന്യൂ ഡെപ്പോസിറ്റായി വയ്ക്കുകയാണുണ്ടായത് എന്ന കാരണത്താൽ ബഹുമാനപ്പെട്ട ഹൈക്കോടതി അവാർഡ് അസാധുവാക്കുകയുണ്ടായി.

(സി&ഡി) ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ജില്ലാ കളക്ടറുടെ

നേതൃത്വത്തിൽ പുരോഗമിച്ചുവരുന്നു.

**പേരാമ്പ്ര ബൈപ്പാസിന്റെ നിർമ്മാണ നടപടികൾ**

361 (1419) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ബൈപ്പാസിന്റെ നിർമ്മാണ നടപടികൾ പൂർത്തിയായോ;

(ബി) പ്രസ്തുത ബൈപ്പാസിന്റെ സാമൂഹ്യ-സാമ്പത്തിക സർവ്വേക്കുവേണ്ടി ആരെയെങ്കിലും ചുമതലപ്പെടുത്തിയിരുന്നോ ; ഉണ്ടെങ്കിൽ ആരെയാണ് ചുമതലപ്പെടുത്തിയതെന്നും എത്ര കാലത്തിനുള്ളിൽ റിപ്പോർട്ടു നൽകാനാണ് ആവശ്യപ്പെട്ടത് എന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റിപ്പോർട്ട് ലഭിച്ചിട്ടുണ്ടെങ്കിൽ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) പൂർത്തിയായിട്ടില്ല.

(ബി) ശ്രീമതി സുധർമ്മലേഖ എം. (SIA & Gender Development Consultant Bangalore)-നെയാണ് റിപ്പോർട്ട് തയ്യാറാക്കാൻ ചുമതലപ്പടുത്തിയിരുന്നത്. റിപ്പോർട്ട് 15 ദിവസത്തിനകം സമർപ്പിക്കുവാനാണ് ആവശ്യപ്പെട്ടിരുന്നത്.

(സി) റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

**റോഡുകളുടെ അറ്റകുറ്റപ്പണിക്ക് വൺടൈം മെയിന്റനൻസ് സ്കീം പ്രകാരം ചെലവഴിച്ച ആകെ തുക**

362 (1420) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും പൊതുമരാമത്ത് വകുപ്പ്, റോഡുകളുടെ അറ്റകുറ്റപ്പണിക്ക് വൺടൈം മെയിന്റനൻസ് സ്കീം പ്രകാരം ചെലവഴിച്ച ആകെ തുക എത്ര; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) 2014-15-ൽ അനുവദിച്ച തുകയിൽ ഇനിയും ചെലവഴിക്കാതെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അവശേഷിക്കുന്ന തുക എത്ര;

(സി) അനിവാര്യമായ ഇടങ്ങളിൽ അറ്റകുറ്റപ്പണി നടക്കാതിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലത്ത് റോഡുകളുടെ അറ്റകുറ്റപ്പണിക്ക് വൺടൈം മെയിന്റനൻസ് സ്കീം പ്രകാരം വർഷംതോറും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

2011-12 - 63,21,42,742

2012-13 - 2,01,84,78,344

2013-14 - 65,24,13,774

2014-15 - 14,26,32,075

ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) 2014-15-ൽ ഈ ഇനത്തിൽ തുക അനുവദിച്ചിട്ടില്ല.

(സി) അറ്റകുറ്റപ്പണി നട നടക്കാതിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**നീലേശ്വരം-എടത്തോട് പി.ഡബ്ല്യൂ.ഡി. റോഡിന്റെ പുനരുദ്ധാരണം**

363 (1421) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ നീലേശ്വരം-എടത്തോട് പി.ഡബ്യൂ.ഡി. റോഡിന്റെ 1-ാം റീച്ചിന്റെ പുനരുദ്ധാരണത്തിന് 3 കോടി രൂപ അനുവദിച്ചിരുന്നു എങ്കിലും ടെണ്ടർ നടപടി വിന്റോ പരസ്യം വഴി സ്വീകരിച്ചത് 3-ാം റീച്ച് എന്നാക്കി മാറ്റി വന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) റീച്ച് മാറ്റി ഉത്തരവാകാൻ ഉദ്യോഗസ്ഥതലത്തിൽ നടത്തിയ നീക്കത്തിനെതിരെ എം.എൽ.എ. നൽകിയ നിവേദനം പരിഗണിക്കാതെ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ടെണ്ടർ നടപടി സ്വീകരിച്ചതെന്ന് അറിയിക്കുമോ;

(സി) ഒരു മണ്ഡലത്തിൽ അനുവദിച്ച റോഡിനുള്ള തുക മറ്റൊരു മണ്ഡലത്തിലേക്ക് മാറ്റി കൊടുക്കാൻ എപ്പോഴാണ് പുതിയ ഉത്തരവ് ഇറക്കിയതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നീലേശ്വരം -എടത്തോട് റോഡ് കി.മീ. 0/000 മുതൽ 20/800 വരെയുള്ള പ്രവൃത്തിക്ക് 11-2-2014-ലെ സ.ഉ. (സാധാ)നമ്പർ 209/14/ പൊ.മ.വ. ഉത്തരവിലെ അനുബന്ധത്തിൽ 5 -ാം നമ്പരായി "Improvements to Neeleshwar-Edathodu road-Reach 1" എന്ന പേരിൽ 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത റോഡിന്റെ അവസാനഭാഗം എടത്തോട് മുതൽ വീതി കുറവായതിനാൽ അവിടെനിന്നും നീലേശ്വരം ഭാഗത്തേക്ക് പ്രവൃത്തി നടത്താൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കി.മീ. 15/500 മുതൽ 20/800 വരെയുള്ള പ്രവൃത്തിക്ക് 450 ലക്ഷം രൂപയുടെ സാങ്കേതികാനുമതി 3-3-2014 -ലെ സി.ഇ/ആർ ആന്റ് ബി/കെഎസ്ഡി/ 2864 പ്രകാരം നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തിയുടെ പേര് വിന്റോ പരസ്യത്തിലും ഷെഡ്യൂളിലും "Improvements to Neeleshwar-Edathodu road Reach K.M15/800 to 20/800 (BM&BC) Kasargod District, എന്നാക്കുകയും ഇതേ പേരിൽത്തന്നെ റീ-ടെണ്ടറും നടത്തുകയുമുണ്ടായി. വിന്റോ പരസ്യത്തിൽ മൂന്നാം റീച്ച് എന്ന് രേഖപ്പെടുത്തിയിട്ടില്ല.

(ബി&സി) പ്രസ്തുത റോഡിന്റെ അവസാന ഭാഗം എടത്തോടു മുതൽ വീതി കുറവായതിനാൽ അവിടെനിന്നും നീലേശ്വരം ഭാഗത്തേക്ക് പ്രവൃത്തി നടത്താൻ സർക്കാർ തലത്തിൽ തീരുമാനിക്കുകയായിരുന്നു. പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് നിയോജക മണ്ഡലം അടിസ്ഥാനമാക്കിയല്ല.

**വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാന പാതയുടെ പുനരുദ്ധാരണ പ്രവൃത്തി**

364 (1422) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ-പള്ളിപ്പുറം സംസ്ഥാന പാതയുടെ പുനരുദ്ധാരണ പ്രവൃത്തി ഇനിയും ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ;

(ബി) പൂർണ്ണമായും ബി.എം.ബി.സി നിലവാരത്തിൽ റോഡ് നിർമ്മാണം എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടെങ്കിൽ വിശദീകരിക്കാമോ?

ഉത്തരം

(എ) എറണാകുളം നിരത്തു വിഭാഗത്തിനു കീഴിലുള്ള വൈപ്പിൻ പള്ളിപ്പുറം പാതയുടെ പുനരുദ്ധാരണ പ്രവർത്തികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) രണ്ടുമാസത്തിനുള്ളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) നിലവിൽ തടസ്സങ്ങൾ ഇല്ല.

## സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്

365 (1423) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രൊജക്ട് എന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്താണെന്ന് വിശദമാക്കുമോ;

(സി) ഇതിന്റെ പ്രവർത്തനത്തിനായി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ എത്ര തുക നീക്കി വച്ചിരുന്നു; ഈ തുക ഉപയോഗിച്ച് എന്തൊക്കെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്; ഇതിൽ കാസർഗോഡ് ജില്ലയിൽ ഏതൊക്കെ പ്രവൃത്തികൾ ഉണ്ട്;

(ഡി) ഈ സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. റോഡുകൾ ശാസ്ത്രീയമായി പുനർനിർമ്മിച്ച് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, ആവശ്യമായ പാലങ്ങളും കലുങ്കുകളും

പണിയുക, ഇരുവശങ്ങളിലും ഓടകൾ നിർമ്മിക്കുക, പൈപ്പുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള കാനകൾ നിർമ്മിക്കുക, അടയാള ബോർഡുകൾ സ്ഥാപിക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 140 കോടി രൂപ സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിനായി വകയിരുത്തിയിരുന്നു. ടെണ്ടർ നടപടികൾ പൂർത്തിയാക്കാത്തതിനാൽ ഈ തുക ചെലവഴിക്കാൻ കഴിഞ്ഞില്ല. കാസർഗോഡ് ജില്ലയിൽ വരുന്ന പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഉണ്ട്. ഈ സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി 140 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് പദ്ധതി

366 (1424) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് പദ്ധതി പ്രകാരം സംസ്ഥാനത്ത് ഉടനീളം എത്ര കിലോമീറ്റർ റോഡാണ് വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകളുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ടോ ;

(സി) ഈ പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയും ?

### ഉത്തരം

(എ) സംസ്ഥാന ഹൈവേകളും പ്രധാന ജില്ലാ റോഡുകളും ഉൾപ്പെടുന്ന ഏകദേശം 1100 കി.മീ. റോഡാണ് പ്രസ്തുത പദ്ധതിയിൽ വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) ഈ പദ്ധതിയിലെ റീഹാബിലിറ്റേഷൻ പാക്കേജുകളിൽ വരുന്ന റോഡുകൾ പി.പി.പി./ആന്യൂറ്റി രീതിയിൽ ആധുനിക നിലവാരത്തിൽ വികസിപ്പിക്കുന്നതിന് ടെണ്ടർ ക്ഷണിച്ച്, ലഭിച്ച ഓഫറുകൾ പരിശോധിച്ച് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായാൽ ഉടൻ തന്നെ ആരംഭിക്കുവാൻ കഴിയുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ബദർപള്ളി പാലം, കാളാട് പാലം, പനമ്പാലം പ്രവൃത്തികളുടെ പുരോഗതി

367 (1425) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ ബഡ്ജറ്റിൽ നിർദ്ദേശിച്ച ബദർപള്ളി പാലം, കാളാട് പാലം, പനമ്പാലം എന്നീ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) ബദർപള്ളിപ്പാലം: ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിച്ച് ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പുതിയ കടപ്പുറം-കാളാട് പാലം:- ഇൻവെസ്റ്റിഗേഷൻ പൂർത്തിയായി ഡിസൈൻ തയ്യാറാക്കി വരുന്നു.

പനമ്പാലം: G.O(Rt)No. 1185/2009/PWD പ്രകാരം 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നെങ്കിലും ആയത് കാലഹരണപ്പെട്ടു. പുതുക്കിയ ഭരണാനുമതി നൽകിയാൽ മാത്രമേ തുടർ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾക്ക് നബാർഡിൽനിന്നും ധനസഹായം

368 (1426) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിലെ ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾക്ക് നബാർഡിൽ നിന്നും ധനസഹായം ലഭിച്ചു;

(ബി) നിലവിൽ ഏതെല്ലാം പ്രോജക്റ്റുകളാണ് നബാർഡിന്റെ പരിഗണനയിലുള്ളത് ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഈ സാമ്പത്തിക വർഷം തന്നെ നബാർഡിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിക്കുമോ; പ്രോജക്റ്റുകൾ സമർപ്പിക്കപ്പെട്ടതിന്റെ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിൽ പാലങ്ങളുടെയോ, റോഡുകളുടെയോ നിർമ്മാണത്തിനായി നബാർഡിൽനിന്നും ഈ വർഷം ധനസഹായമൊന്നും ലഭിച്ചിട്ടില്ല.

(ബി) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പ്രോജക്ടുകളൊന്നും നിലവിൽ നബാർഡിന്റെ പരിഗണനയിലില്ല. പാലപ്പുറം- കുതിരവഴി-നെല്ലിക്കുറിശ്ശി റോഡിന്റെ ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ബാധകമല്ല.

**ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നിർമ്മാണ പ്രവൃത്തികൾക്ക് ഫണ്ട്**

369 (1427) <u>ശ്രീ. എം. ഹംസ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ ഏതെല്ലാം നിർമ്മാണപ്രവൃത്തികൾക്ക് ഫണ്ട് അനുവദിച്ചു; ഓരോ പ്രവൃത്തിയുടെയും വിശദാംശവും, അനുവദിച്ച തുകയും, ഭരണാനുമതിയുടെ പകർപ്പും ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നാളിതുവരെ അനുവദിച്ചിട്ടുള്ള ഓരോ പ്രോജക്റ്റിന്റെയും കാലികസ്ഥിതി വിശദീകരിക്കാമോ;

(സി) ഭരണാനുമതി പുതുക്കി നൽകിയിട്ടുള്ള എത്ര പ്രവൃത്തികളുണ്ട്; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നിരത്ത് വിഭാഗത്തിൻ കീഴിൽ ഫണ്ട് അനുവദിച്ച പ്രവൃത്തികളുടെ വിശദാംശവും, അനുവദിച്ച തുകയും ഭരണാനുമതിയുടെ പകർപ്പും അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.* ഇതിൽ ഒന്ന് മുതൽ അഞ്ച് വരെയുള്ള പ്രവൃത്തികൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പൂർത്തീകരിച്ച മറ്റുള്ളതിന്റെ പ്രവൃത്തി പുരോഗമിച്ചുവരുന്നു. കെട്ടിട വിഭാഗത്തിൻ കീഴിൽ ഫണ്ട് അനുവദിച്ച പ്രവൃത്തികളുടെയും തുകയുടെയും വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.* കെട്ടിട വിഭാഗത്തിൻകീഴിൽ നൽകിയ ഭരണാനുമതിയുടെ പകർപ്പുകൾ ശേഖരിച്ചുനൽകുന്നതാണ്.

(സി) ഒരു പ്രവൃത്തിക്കും ഭരണാനുമതി പുതുക്കി നൽകിയിട്ടില്ല.

**കൊയിലാണ്ടി താലൂക്ക് ആശുപത്രിയിലെ മോർച്ചറി നവീകരണം**

370 (1428) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ മോർച്ചറി നവീകരണത്തിനായി MLA SDF ഫണ്ട് അനുവദിച്ചുകൊണ്ടുള്ള അറിയിപ്പ് PWD ബിൽഡിംഗ്സ് സെക്ഷനിൽ ലഭിച്ച തീയതിയും വർഷവും വ്യക്തമാക്കാമോ;

(ബി) കേവലം രണ്ടര ലക്ഷം രൂപ മാത്രം ചെലവ് വരുന്ന പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് നാളിതുവരെയായിട്ടും PWD ബിൽഡിംഗ്സ് സെക്ഷൻ ഓഫീസിൽ നിന്നും തയ്യാറാക്കിയിട്ടില്ല എന്നും ഈ പ്രവൃത്തിക്ക് ഇതുവരെ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ആയിട്ടില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും മറ്റ് നടപടികൾ നിർവ്വഹിക്കേണ്ടതും PWD ബിൽഡിംഗ്സ് സെക്ഷനിലെ ഏത് ഉദ്യോഗസ്ഥനാണ് എന്നത് വ്യക്തമാക്കാമോ; ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് വിവരം വെളിപ്പെടുത്താമോ;

(ഡി) പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കാതെ കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് കലണ്ടർ ഓഫ് കറസ്പോണ്ടൻസ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ മോർച്ചറി നവീകരണത്തിനായി MLA SDF ഫണ്ട് അനുവദിച്ചുകൊണ്ടുള്ള അറിയിപ്പ് 6-6-2012-ൽ കൊയിലാണ്ടി കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നതും മറ്റ് നടപടികൾ നിർവ്വഹിക്കേണ്ടിയിരുന്നതും കൊയിലാണ്ടി കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർ ആയിരുന്ന ശ്രീമതി സോന. സി. ആയിരുന്നു. വീഴ്ച വരുത്തിയ ടി എഞ്ചിനീയറെ താക്കീത് നൽകുകയും സ്ഥലം മാറ്റുകയും ചെയ്തിട്ടുണ്ട്.

(ഇ) പ്രസ്തുത പ്രവൃത്തിയുടെ കലണ്ടർ ഓഫ് കറസ്പോണ്ടൻസ് അനുബന്ധം 'എ' യിൽ കാണാവുന്നതാണ്.*

**കോഴിക്കോട് മലാപറമ്പ് ജംഗ്ഷനിലെ ഗതാഗത സ്തംഭനം**

371 (1429) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മലാപറമ്പ് ജംഗ്ഷനിൽ സ്ഥിരമായി ഉണ്ടാകുന്ന ഗതാഗത സ്തംഭനം ഒഴിവാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഗതാഗതസ്തംഭനം ഒഴിവാക്കുന്നതിനാവശ്യമായ ബദൽ സംവിധാനങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ദേശീയപാത 212-ൽപ്പെട്ട മലാപറമ്പ് ജംഗ്ഷനിൽ ഉണ്ടാകുന്ന ഗതാഗത സ്തംഭനം ഒഴിവാക്കുന്നതിനായി കോഴിക്കോട് മുതൽ വെള്ളിമാടുകുന്നുവരെ നിലവിലുള്ള റോഡ് വികസിപ്പിക്കുന്നതിനുവേണ്ടി ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

**കോഴിക്കോട് നോർത്ത് മണ്ഡലത്തിലൂടെയുള്ള നാഷണൽ ഹൈവേ (കണ്ണൂർ റോഡ്)-യുടെ ഓവുചാൽ**

372 (1430) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നാഷണൽ ഹൈവേ (കണ്ണൂർ റോഡ്)-യുടെ ഇരുവശങ്ങളിൽ പലസ്ഥലങ്ങളിലും ഓവുചാൽ ഇല്ലാത്തതിനാൽ മഴക്കാലത്ത് വെള്ളം കെട്ടി നിന്ന് കാൽനടയാത്രക്കാർക്ക് അസൗകര്യമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓവുചാൽ നിർമ്മിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എൻ.എച്ച്. 17-ൽ കിലോമീറ്റർ 240/000 മുതൽ 241/200 വരെയുള്ള ഭാഗത്തുള്ള വെള്ളക്കെട്ടുകൾ ഒഴിവാക്കാൻ വേണ്ടി ഓടയും നടപ്പാതയും നിർമ്മിക്കുവാൻ 53 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിൽ ബിറ്റുമിൻ ലഭ്യതക്കുറവ്**

373 (1431) <u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ പി. ഡബ്ല്യൂ. ഡി. റോഡു പണികൾ ബിറ്റുമിൻ ലഭിക്കാത്തതു കാരണം തടസ്സപ്പെട്ടിരിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജില്ലയിൽ ബിറ്റുമിൻ കിട്ടാതിരിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ;

(സി) തടസ്സങ്ങൾ നീക്കി എത്രയും വേഗം ബിറ്റുമിൻ അനുവദിച്ച് കുഴിയടക്കൽ അടക്കമുള്ള പ്രവൃത്തികൾ ചെയ്തു തീർക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ബി.പി.സി.എൻ. (ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്)-ൽ നിന്നും ബിറ്റുമിൻ വാങ്ങിയ ഇനത്തിൽ നൽകാനുള്ള തുക കുടിശ്ശികയുള്ളതിനാൽ ബിറ്റുമിൻ ലഭിക്കുന്നതിൽ തടസ്സം നേരിടുന്നുണ്ട്.

(സി) ബിറ്റുമിൻ ലഭിക്കുന്ന മുറയ്ക്ക് കുഴിയടയ്ക്കൽ അടക്കമുള്ള പ്രവൃത്തികൾ ചെയ്തുവരുന്നുണ്ട്.

**കൊയിലാണ്ടി മണ്ഡലത്തിലെ പാലങ്ങൾ**

374 (1432) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതിയുള്ള ഉള്ളൂർകടവ് പാലത്തിന്റെ പുതുക്കിയ അലൈൻമെന്റ് അംഗീകാരത്തിനായി സമർപ്പിച്ചത് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചത് എന്നത് വിശദമാക്കാമോ;

(ബി) പ്രസ്തുത കാര്യത്തിൽ എന്ന് നടപടികൾ ആവും എന്ന് വിശദമാക്കാമോ;

(സി) കൊയിലാണ്ടി - പേരാമ്പ്ര മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന മറ്റൊരു പ്രധാന പദ്ധതിയായ അകലാപുഴ പാലം നിർമ്മിക്കുന്നതിലേക്ക് സർക്കാർ ഫണ്ട് ലഭ്യമാവുന്നതിന് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന കാര്യത്തിൽ നടപടികൾ എത്രമാത്രം പുരോഗമിച്ചു എന്നത് വിശദമാക്കാമോ;

(ഡി) തോരായികടവ് പാലം നിർമ്മാണത്തിന് ഇൻവെസ്റ്റിഗേഷന് തുക അനുവദിക്കുന്നതിന് തിരുവനന്തപുരത്ത് മന്ത്രിതല യോഗത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾക്ക് എത്ര തുക വകയിരുത്തി യെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പുതുക്കിയ അലൈൻമെന്റ് അംഗീകാരത്തിനായി 21-7-2014-ന് ചീഫ് എഞ്ചിനീയറുടെ ആഫീസിൽ ലഭിച്ചിട്ടുണ്ട്.

(ബി) അലൈൻമെന്റ് 8-8-2014 -ന് അംഗീകരിച്ചിട്ടുണ്ട്.

(സി) അകലാപ്പുഴ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുവരുന്നു.

(ഡി) 7,80,000 രൂപ ഇൻവെസ്റ്റിഗേഷന് വേണ്ടി വകയിരുത്തിയിട്ടുണ്ട്.

**പുലാമന്തോൾ പാലത്തിന്റെ നിർമ്മാണച്ചെലവ്**

375 (1433) <u>ശ്രീ. സി. പി. മുഹമ്മദ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി-പെരിന്തൽമണ്ണ റോഡിൽ പുലാമന്തോൾ പാലം തകർന്നതിനെത്തുടർന്ന് നിർമ്മിച്ച പാലത്തിന് ചെലവായ തുക എത്രയാണ് എന്ന് വ്യക്തമാക്കുമോ; അനേകം വർഷമായി പ്രസ്തുത പാലത്തിനുവേണ്ടി നടത്തുന്ന ടോൾ പിരിവു അവസാനിപ്പിക്കുന്നതിനു നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ആർ.ബി.ഡി.സി.കെ. നിർമ്മിച്ച പുലാമന്തോൾ പാലം നിർമ്മാണത്തിന് ആകെ ചെലവായ തുക 347.34 ലക്ഷം രൂപയാണ്. 2004-ൽ ആണ് ടോൾ പിരിവ് തുടങ്ങിയത് കരാർപ്രകാരം 2020 വരെയാണ് ടോൾ കാലാവധി.

## മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് വിഭാഗത്തിന്റെ മേൽനോട്ടത്തിലുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ

376 (1434) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തു വിഭാഗം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) 2014-15 കാലയളവിൽ മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തു വിഭാഗം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ എന്തൊക്കെയാണ്;

(സി) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിടവിഭാഗം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) 2014-15 കാലയളവിൽ മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിടവിഭാഗം നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ എന്തൊക്കെയാണ്;

(ഇ) ഈ സർക്കാർ അധികാരമേറ്റ ശേഷം ശബരിമല പാക്കേജിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾക്കായി തുക അനുവദിച്ച റോഡുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എഫ്) മാവേലിക്കര ബൈപാസ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള തടസ്സം വ്യക്തമാക്കുമോ; തടസ്സം നീക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്ത് വിഭാഗം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയും 2014-15 കാലയളവിൽ നടപ്പിലാക്കുന്ന

പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയും ചേർക്കുന്നു.*

(സി&ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം മാവേലിക്കര മണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 3 ആയും 2014-15 കാലയളവിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 4 ആയും ചേർക്കുന്നു.*

(ഇ) 330 ലക്ഷം രൂപയുടെ 31 പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്.

(എഫ്) രണ്ട് പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും പ്രവൃത്തി ആരും ഏറ്റെടുത്തില്ല. തുടർന്ന് ആലപ്പുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർ നെഗോഷ്യേറ്റഡ് ക്വട്ടേഷൻ വിളിച്ചിട്ടുണ്ട്. ക്വട്ടേഷൻ ലഭ്യമാകുന്ന മുറയ്ക്ക് മറ്റ് നടപടികൾ സ്വീകരിക്കുന്നതാണ്.

## കോഴിക്കോട് തൊണ്ടയാട് എരഞ്ഞിപ്പാലം ഫ്ളൈ ഓവറുകൾ

377 (1435) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് തൊണ്ടയാട് ബൈപാസ് ജംഗ്ഷൻ, എരഞ്ഞിപ്പാലം ജംഗ്ഷൻ എന്നിവിടങ്ങളിൽ ഫ്ളൈ ഓവറുകൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) കോഴിക്കോട് തൊണ്ടയാട് ബൈപ്പാസ് ജംഗ്ഷനിൽ ഫ്ളൈ ഓവറിനുവേണ്ടി സ്ഥലവർണ്ണന (Topographic Survey) സർവ്വേയും മണ്ണ് പരിശോധനയും പൂർത്തീകരിച്ചു. എരഞ്ഞിപ്പാലം ജംഗ്ഷനിൽ ഫ്ളൈഓവറിനു വേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങൾക്കായുള്ള ഭരണാനുമതി 7-8-2013-ലെ CE/R&B/Investigation/KKD/9309 /2013 പ്രകാരം പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ നൽകിയിട്ടുണ്ട്.

## കൊയിലാണ്ടി പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

378 (1436) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷനിൽ സ്ഥിതിചെയ്യുന്ന പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസ് നിലവിൽ വന്നത് എപ്പോഴാണ്; ഈ കെട്ടിടത്തിന് എത്രവർഷത്തെ കാലപ്പഴക്കമുണ്ട്;

(ബി) റെസ്റ്റ് ഹൗസിലെ വി.ഐ.പി. മുറികളും, പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യങ്ങളും ശോചനീയാവസ്ഥയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നാഷണൽ ഹൈവേയിൽ ജനപ്രതിനിധികൾക്കും വി.ഐ.പി.-കൾക്കും ഏറ്റവും എളുപ്പത്തിൽ എത്തിച്ചേരാൻ കഴിയുന്ന ഏറ്റവും പ്രയോജനകരമായ ഈ റെസ്റ്റ് ഹൗസിന്റെ ശോചനീയാവസ്ഥ മുമ്പ് സ്ഥലം എം.എൽ.എ. സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും റെസ്റ്റ് ഹൗസ് നവീകരിക്കാൻ നടപടികൾ സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ഡി) റെസ്റ്റ് ഹൗസ് നവീകരിച്ച് സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷനിൽ സ്ഥിതി ചെയ്യുന്ന പി.ഡബ്ല്യൂ.ഡി. റെസ്റ്റ് ഹൗസ് 1986 ഡിസംബർ 26-നാണ് നിലവിൽ വന്നത്. പ്രസ്തുത കെട്ടിടത്തിന് 28 വർഷം പഴക്കമുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി&ഡി) നവീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

**കോതമംഗലത്തെ തങ്കളം-കോഴിപ്പിള്ളി ബൈപ്പാസ് റോഡിന്റെ നിർമ്മാണ പുരോഗതി**

379 (1437) <u>ശ്രീ. റ്റി. യു. കുരുവിള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്തെ തങ്കളം-കോഴിപ്പിള്ളി ബൈപ്പാസ് റോഡിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തീകരിക്കുന്നതിന്റെ

വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ബൈപ്പാസ് റോഡിന്റെ പ്രാധാന്യം കണക്കിലെടുത്ത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രാരംഭ വിജ്ഞാപനം പുറപ്പെടുവിക്കുകയും വിജ്ഞാപനത്തിനുശേഷം സർവ്വേയർ സ്ഥലം വിശദമായി പരിശോധിച്ചപ്പോൾ റോഡിന്റെ അലൈൻമെന്റിൽ വിട്ടുപോയ സർവ്വേ നമ്പരുകൾ ഉണ്ടെന്ന് മനസ്സിലായ സാഹചര്യത്തിൽ അധികമായി 23.66 ആർ സ്ഥലം ഏറ്റെടുക്കുന്നതിനായി അഡീഷണൽ അക്വിസിഷനിൽ ഉൾപ്പെടുത്തി 8-12-2011-ൽ 4(1) വിജ്ഞാപനം പുറപ്പെടുവിക്കുകയുമുണ്ടായി. അഡീഷണൽ അക്വിസിഷനിൽ ഉൾപ്പെടുന്ന സ്ഥലങ്ങളുമായി ബന്ധപ്പെട്ട വിജ്ഞാപന കാലാവധി 7-12-2014-ൽ തീരുന്നതാണ്. ഇതിനായി വേണ്ടുന്ന തുകയ്ക്കായി സർക്കാരിലേക്ക് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ ശുപാർശ സമർപ്പിക്കുകയും ഈ സാമ്പത്തിക വർഷത്തിൽ പ്രസ്തുത ആവശ്യത്തിനായി ബഡ്ജറ്റിൽ തുക അവശേഷിക്കാത്ത സാഹചര്യത്തിൽ reappropriation മുഖേന ആവശ്യമായ തുക കണ്ടെത്തുവാൻ ധനകാര്യ വകുപ്പ് അറിയിച്ചിട്ടുമുണ്ട്. ഇതിനായി ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തങ്കളം-കോഴിപ്പിള്ളി റോഡിന്റെ ടി.ബി. കുന്ന് ഭാഗത്ത് സ്ഥലത്തിന്റെ സർവ്വേ നമ്പർ തെറ്റായി രേഖകളിൽ കാണുന്നതിനാൽ സ്ഥലമുടമയ്ക്ക് നഷ്ട പരിഹാര തുക നൽകുവാനാകുന്നില്ല. ആയതുകൊണ്ട് സ്ഥലമുടമ കേസ് കൊടുത്തിരിക്കുകയാണ്. കേസിൽ കിടക്കുന്ന സ്ഥലം വിട്ടു കിട്ടിയാൽ മാത്രമേ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുവാൻ സാധിക്കുകയുള്ളൂ.

(ബി&സി) തങ്കളം -കോഴിപ്പിള്ളി റോഡിന്റെ അലൈൻമെന്റിൽ വരുന്ന കരൂർ തോടിന് കുറുകെയുള്ള പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പണി പൂർത്തീകരിച്ചുകഴിഞ്ഞു. ബാക്കി ഭാഗത്തെ പണികൾ ആരംഭിക്കുന്നതിന് ടി.ബി. കുന്ന് ഭാഗത്തെ സ്ഥലവും ഒന്നാം പിരിവിനായുള്ള മറുപടിയിൽ പ്രതിപാദിച്ചിരിക്കുന്ന അഡീഷണൽ അക്വിസിഷനിൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്ഥലവും വിട്ടുകിട്ടിയാൽ മാത്രമേ കഴിയുകയുള്ളൂ. സ്ഥലം മുഴുവനായി ഏറ്റെടുക്കുന്ന മുറയ്ക്ക് മാത്രമേ സമയബന്ധിതമായി പണി പൂർത്തീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**ആറ്റിങ്ങൽ പോലീസ് മുക്ക്-കാഞ്ഞിയാംവിള റോഡ് നിർമ്മാണം**

380 (1438) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട പോലീസ് മുക്ക്-കാഞ്ഞിയാംവിള റോഡ് തകർന്ന് പോയത് കാരണം ബസ് സർവ്വീസ് നിർത്തിവയ്ക്കുകയും ജനകീയ സമരം ഉയർന്നത് കാരണം പ്രസ്തുത റോഡ് പുനർ നിർമ്മിക്കുന്നതിന് വകുപ്പുമന്ത്രിക്ക് നിർദ്ദേശം സമർപ്പിക്കുകയും അടിന്തരമായി എസ്റ്റിമേറ്റ് എടുത്ത് സമർപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ പ്രസ്തുത ജോലിക്ക് ഭരണാനുമതി നൽകാൻ എന്തെങ്കിലും തടസ്സമുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡ് നിർമാണത്തിനു ഭരണാനുമതി നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ പുളിമാത്ത് ഗ്രാമ പഞ്ചായത്തിലുൾപ്പെട്ട കാട്ടുംപുറം പോലീസ് മുക്ക്-കാഞ്ഞിയാംവിള റോഡ് ബി.എം. ആന്റ് ബി.സി. ചെയ്ത് പുനരുദ്ധരിക്കുന്നതിനുവേണ്ടി 250 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

ഇതേ റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി എം.എൽ.എ. മാരുടെ ആസ്തി വികസന പദ്ധതിപ്രകാരം 29 ലക്ഷം രൂപ അടങ്കൽ തുകയായി വേറൊരു പ്രൊപ്പോസലും ലഭിച്ചിട്ടുണ്ട്. ഈ പ്രൊപ്പോസൽ 2012 എസ്.ഒ.ആർ. പ്രകാരം ആയതിനാൽ ഡി.എസ്.ആർ. 2013 പ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് സർപ്പിക്കുവാൻ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

**മോണോ റെയിൽ പദ്ധതിക്ക് പകരം ലൈറ്റ് മെട്രൊ പദ്ധതി**

381 (1439) <u>ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, കോഴിക്കോട് എന്നീ നഗരങ്ങളിൽ നടപ്പിലാക്കുന്നതിന് ആസൂത്രണം ചെയ്ത മോണോറെയിൽ പദ്ധതി ഉപേക്ഷിക്കാൻ ഇടയായ സാഹചര്യം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് പകരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) കോഴിക്കോട് നഗരത്തിൽ ഏതെല്ലാം സ്ഥലങ്ങളെ ബന്ധിപ്പിച്ചു കൊണ്ടാണ് ലൈറ്റ് മെട്രോ രൂപകൽപന ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ പദ്ധതികൾക്കുവേണ്ടി കേരള മോണോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് 1-10-2013-ന് ദർഘാസ് ക്ഷണിക്കുയും ഒറ്റ സ്ഥാപനം മാത്രമേ താൽപര്യം പ്രകടിപ്പിച്ചുള്ളൂവെന്നതിനാൽ പുനർ ദർഘാസ് വിളിക്കുയും ചെയ്തു. പുനർ ദർഘാസ് 30-5-2014-ന് തുറന്നെങ്കിലും വീണ്ടും ഒരു ടെൻഡർ മാത്രമാണ് ലഭിച്ചത്. ബൊംബാർഡിയാർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച സാങ്കേതിക ദർഘാസ് ഡി.എം.ആർ.സി. വിശദമായി പരിശോധിച്ചതിനുശേഷം സാമ്പത്തിക ദർഘാസ് പരിശോധിച്ചു. ബൊംബാർഡിയാർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് പദ്ധതിയുടെ അടങ്കൽ തുകയേക്കാൾ ഭീമമായ തുക രേഖപ്പെടുത്തിയിരുന്നതിനാൽ 28-8-2014-ന് കൂടിയ കേരള മോണോ റെയിൽ കോർപ്പറേഷന്റെ ബോർഡ് യോഗത്തിൽ ടെണ്ടർ നിരസിക്കുകയും മോണോ റെയിൽ പദ്ധതികൾക്ക് പകരം മറ്റേതെങ്കിലും മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിനായി വിശദമായ രൂപരേഖ തയ്യാറാക്കി സമർപ്പിക്കാൻ ഡി.എം.ആർ.സി.-യെ ചുമതലപ്പെടുത്തുകയും ചെയ്തു. വിശദമായ രൂപരേഖ തയ്യാറാക്കിയത് സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഡി.എം.ആർ.സി. തയ്യാറാക്കിയ ലൈറ്റ് മെട്രോ പദ്ധതിയുടെ വിശദമായ രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പദ്ധതിക്ക് ഭരണാനുമതി ലഭിച്ചാലുടൻ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) കോഴിക്കോട് നഗരത്തിൽ മെഡിക്കൽ കോളേജ്, ചേവായൂർ,

തൊണ്ടയാട്, കോട്ടൂളി, ന്യൂ ബസ് സ്റ്റാൻഡ്, കെ.എസ്.ആർ.ടി.സി., മാനാഞ്ചിറ, പാളയം, റെയിൽവേ സ്റ്റേഷൻ, പുഷ്പ, കല്ലായി, പന്നിയങ്കര, വട്ടക്കിണർ, മീഞ്ചന്ത എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ടാണ് ലൈറ്റ് മെട്രോ രൂപകൽപന ചെയ്തിട്ടുള്ളത്.

**സർക്കാർ കരാറുകാരുടെ കുടിശ്ശിക**

382 (1440) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കരാറുകാർക്ക് എന്ത് തുകയാണ് കുടിശ്ശികയുള്ളത് ; ഇതിന്റെ ഫലമായി റോഡുകളുടെയും മറ്റും പണികൾ മുടങ്ങുന്നത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ബി) കുടിശ്ശിക തുക എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1403.53 കോടി രൂപയും കെട്ടിട വിഭാഗത്തിൽ 327 കോടി രൂപയും ദേശീയ പാതാ വിഭാഗത്തിൽ 52.43 കോടി രൂപയുമാണ് കുടിശ്ശികയുള്ളത്. ഇതുമൂലം പണികൾ മുടങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സർക്കാരിന്റെ സാമ്പത്തികസ്ഥിതി അനുസരിച്ച് മുൻഗണനാക്രമത്തിൽ കാലവിളംബം കൂടാതെ കുടിശ്ശിക കൊടുത്തുതീർക്കാനാണ് ശ്രമിക്കുന്നത്.

**പാലകുന്ന്-ചെമ്പ്രകാനം-കയ്യൂർ റോഡിന്റെ പുനരുദ്ധാരണം**

383 (1441) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കുന്ന്-ചെമ്പ്രകാനം-കയ്യൂർ റോഡിന്റെ കയ്യൂർ പാലം വരെയുള്ള ഭാഗം പുനരുദ്ധരിക്കുന്നതിന് ഒരു കോടി രൂപ അനുവദിച്ചിട്ടും പ്രവൃത്തി ആരംഭിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പൂർണ്ണമായും തകർന്ന ഈ റോഡിന് അനുവദിച്ച തുക ലാപ്സാകാതെ റോഡ് നിലവിലുള്ള തലത്തിൽതന്നെ പുനരുദ്ധരിക്കാൻ എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പാലകുന്ന്-ചെമ്പ്രകാനം-കയ്യൂർ റോഡ് പ്രവൃത്തിയിൽ പ്രധാനമായും നിലവിലുള്ള റോഡ് വീതികൂട്ടുക, കയറ്റം കുറയ്ക്കുക എന്നീ പ്രവൃത്തികളാണ് ഉൾപ്പെട്ടിരുന്നത്. സ്വകാര്യ വ്യക്തികളിൽനിന്നും പ്രസ്തുത പ്രവൃത്തിക്ക് സ്ഥലം ലഭിക്കാതിരുന്നതിനാൽ കരാറുകാരന് പ്രവൃത്തികൾ തുടരുവാൻ സാധിച്ചിരുന്നില്ല. നിലവിലുള്ള നിരക്കിൽ പ്രവൃത്തി ചെയ്യാൻ താൽപര്യമില്ലെന്ന് കരാറുകാരൻ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെ നഷ്ടോത്തരവാദിത്വത്തിൽ നിന്നൊഴിവാക്കുന്നതിനുള്ള ശുപാർശ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

(ബി) നിലവിലുള്ള ഭരണാനുമതിയുടെ കാലാവധി അവസാനിച്ചതിനാൽ പുതുക്കിയ ഭരണാനുമതി നൽകേണ്ടതായിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി നൽകിയാലും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പ്രവൃത്തി തുടങ്ങുവാൻ കഴിയുകയുള്ളൂ.

**പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയ പ്രവൃത്തികൾ**

384 (1442) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പേരും അടങ്കൽ തുകയും നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് ആകെ പൊതുമരാമത്ത് ഭരണാനുമതി നൽകിയ പ്രവൃത്തികൾ എണ്ണം, ആകെ തുക, ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കാസർകോട് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിൽനിന്നും ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പേരും അടങ്കൽ തുകയും അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) ഭരണാനുമതി നൽകിയ പ്രവൃത്തികൾ, എണ്ണം ആകെ തുക, ജില്ല തിരിച്ച കണക്ക് എന്നിവ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

**പൊതുമരാമത്ത് വകുപ്പിൽ വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർ**

385 (1443) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) കാസർഗോഡ് ജില്ലയിലെ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരിൽ എത്ര പേർ വിജിലൻസ് അന്വേഷണം നേരിടുന്നുണ്ടെന്നും ഇവരുടെ പേരുവിവരം സഹിതം വ്യക്തമാക്കാമോ;

(ബി) ജില്ലയിലെ കരാറുകാരിൽ എത്രപേർ അന്വേഷണത്തിന്റെ പരിധിയിലുണ്ടെന്നും ഇവരാരൊക്കെ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ പൊതുമരാമത്ത് വകുപ്പിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരിൽ ആരുംതന്നെ വിജിലൻസ് അന്വേഷണം നേരിടുന്നില്ല.

(ബി) പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട കരാറുകാരിൽ കാസർഗോഡ് ജില്ലയിലെ ആരുംതന്നെ വിജിലൻസ് അന്വേഷണത്തിൽ ഉൾപ്പെട്ടിട്ടില്ല.

## പൊതുമരാമത്ത് വകുപ്പിലെ കരാർ കുടിശ്ശിക

386 (1444) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിൽ കരാറുകാർക്ക് എന്ത് തുക കുടിശ്ശിക നൽകാനുണ്ടെന്ന് അറിയിക്കാമോ; എന്നു മുതൽക്കുള്ള കുടിശ്ശികയാണ് നൽകാനുള്ളത്;

(ബി) കുടിശ്ശിക ലഭിക്കാത്തതു കാരണം പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ കരാറുകാർ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സാമ്പത്തിക പ്രതിസന്ധി കാരണം പണി പൂർത്തിയാക്കാൻ കഴിയാത്ത എത്ര പ്രവൃത്തികൾ സ്തംഭനാവസ്ഥയിലായിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) കരാർ നൽകിയിട്ടും തുടങ്ങാൻ കഴിയാതെ എത്ര പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1-1-2014 മുതൽ 30-9-2014-വരെ 1403.53 കോടി രൂപയും ദേശീയപാതാ വിഭാഗത്തിൽ 5/2014 മുതലുള്ള 52.43 കോടി രൂപയും കെട്ടിട വിഭാഗത്തിൽ 1/2014 മുതൽ 9/2014 വരെ 327 കോടി രൂപയും കുടിശ്ശികയുണ്ട്.

(ബി) പുതിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ കരാറുകാർ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രവൃത്തികൾ സ്തംഭനാവസ്ഥയിലായിട്ടില്ല.

(ഡി) കരാറുകാർക്ക് കുടിശ്ശിക നൽകാത്തതുമൂലം കരാർ നൽകിയിട്ടും തുടങ്ങാൻ കഴിയാതെ പ്രവൃത്തികൾ മുടങ്ങിക്കിടക്കുന്നില്ല.

**പൊതുമരാമത്ത് വകുപ്പിൽ ലഭിച്ച പരാതികൾ**

387 (1445) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്നതും നടക്കുന്നതുമായ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്, പൊതുമരാമത്ത് വകുപ്പിൽ ഓൺലൈനിലും അല്ലാതെയും ഈ സർക്കാരിന്റെ കാലത്ത് ലഭിച്ച പരാതികൾ എത്ര; ടോൾ ഫ്രീ നമ്പർ വഴി ലഭിച്ചവ എത്ര;

(ബി) ലഭിച്ച പരാതികളിൽ എത്രയെണ്ണം സംബന്ധിച്ച അന്വേഷണം പൂർത്തിയായിട്ടുണ്ട്;

(സി) പ്രസ്തുത പരാതികളിൽ ഉദ്യോഗസ്ഥർക്കെതിരെ ഉള്ളവ എത്രയായിരുന്നു; എത്രയെണ്ണത്തിന്റെ അന്വേഷണം പൂർത്തിയാക്കി; എത്രയാളുകളുടെ പേരിൽ ശിക്ഷാ നടപടി സ്വീകരിച്ചു;

(ഡി) എത്ര കോൺട്രാക്ടർമാർക്കെതിരെ നടപടി സ്വീകരിച്ചു?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് നടന്നതും നടക്കുന്നതുമായ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പിൽ ഓൺലൈനിലൂടെയും അല്ലാതെയും 5841 പരാതികൾ ലഭിച്ചിട്ടുണ്ട്. അതിൽ ടോൾ ഫ്രീ നമ്പർ വഴി 4600 പരാതികൾ ലഭിച്ചിട്ടുണ്ട്. 4269 പരാതികളിന്മേൽ അന്വേഷണം പൂർത്തിയായിട്ടുണ്ട്.

(സി) ഉദ്യോഗസ്ഥർക്കെതിരെ 38 പരാതികൾ ഉണ്ടായിരുന്നു. അതിൽ മുപ്പത്തിയൊന്നെണ്ണം അന്വേഷണം പൂർത്തിയാക്കി. ഏഴ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു.

(ഡി) 4 കോൺട്രാക്ടർമാർക്കെതിരെ നടപടി സ്വീകരിച്ചു.

**പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം**

388 (1446) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുവാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ബി) എങ്കിൽ അവ എന്താണെന്നും ഏതൊക്കെ നിർമ്മാണ സാമഗ്രികളുടെ ഗുണനിലവാരം പരിശോധിക്കാനാണ് സംവിധാനമുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എറണാകുളം, കോഴിക്കോട് ജില്ലകളിൽ റീജിയണൽ ലബോറട്ടറികളും മറ്റ് 11 ജില്ലകളിൽ ജില്ലാതല ലബോറട്ടറികളും രൂപീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ക്വാളിറ്റി ലബോറട്ടറിയുടെ പ്രവർത്തനങ്ങൾ നിർവഹിക്കുന്നു. പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ ലാബുകളിൽ പ്രധാന നിർമ്മാണ വസ്തുക്കളായ സിമന്റ്, അഗ്രിഗേറ്റ്, ബിറ്റുമിൻ, ബിറ്റുമിൻ മിശ്രിതം, സ്റ്റീൽ ബാർ, കോൺക്രീറ്റ് മുതലായവയുടെ ഗുണനിലവാരം പരിശോധിക്കുവാനുള്ള ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വർക്ക് സൈറ്റുകളിൽ പരിശോധന നടത്തി കോൺക്രീറ്റ് ബിറ്റുമിൻ മിശ്രിതം, എർത്ത് വർക്ക് എന്നിവയുടെ ഫീൽഡ് ടെസ്റ്റുകൾ നിർവ്വഹിക്കാനുള്ള സംവിധാനങ്ങളും സജ്ജമാക്കിയിട്ടുണ്ട്.

## പൊതുമരാമത്ത് വകുപ്പിൽനിന്നും തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് ജീവനക്കാരെ പുനർവിന്യസിക്കുന്നതിന് നടപടി

389 (1447) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 27-10-2012-ലെ ജി.ഒ. (ആർടി.) നമ്പർ 1814/2012/PWD ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽനിന്നും തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് ജീവനക്കാരെ പുനർവിന്യസിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പുനർവിന്യാസത്തിന് ഉത്തരവായ ജീവനക്കാരെ വിടുതൽ ചെയ്യുന്നതിന് പകരം പുനർവിന്യാസം നീട്ടിക്കൊണ്ടുപോകുന്നതിന്റെ പിന്നിലുള്ള ഉദ്ദേശ്യമെന്താണെന്ന് അറിയിക്കാമോ;

(സി) പുനർവിന്യാസത്തിനുള്ള നിലവിലെ ഉത്തരവ് നടപ്പാക്കുന്നത് ദീർഘിപ്പിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ

കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പുനർവിന്യാസം എത്രയും പെട്ടെന്ന് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പൊതുമരാമത്ത് വകുപ്പിൽനിന്ന് തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് ജീവനക്കാരെ പുനർവിന്യസിക്കുന്നത് സംബന്ധിച്ച് 27-10-2012-ലെ ജി.ഒ. (ആർടി.) നമ്പർ 1814/2012/പി.ഡബ്ല്യൂ.ഡി. നമ്പർ ഉത്തരവ് ഭാഗികമായി നടപ്പാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് ഓപ്ഷൻ നൽകിയവരെയെല്ലാം ടി വകുപ്പിലേക്ക് മാറ്റി നിയമിച്ചിട്ടുണ്ട്. എന്നാൽ ഓപ്ഷൻ നൽകാത്ത പുനർവിന്യാസത്തിന് തെരഞ്ഞെടുക്കപ്പെട്ടവരാരുംതന്നെ തദ്ദേശസ്വയംഭരണ വകുപ്പിൽ ഇതുവരെയും ചേർന്നിട്ടില്ല. ഇവരിൽ ചിലർ ബഹുമാനപ്പെട്ട കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, ബഹുമാനപ്പെട്ട ഹൈക്കോടതി എന്നിവിടങ്ങളിൽ പുനർവിന്യാസത്തിനെതിരായി വിവിധ കേസുകൾ ഫയൽ ചെയ്യുകയുണ്ടായി. ടി കേസുകളിലെ വിധിന്യായങ്ങളുടെയും ഇവർ സർക്കാരിന് സമർപ്പിച്ചിരിക്കുന്ന നിവേദനങ്ങളുടെയും അടിസ്ഥാനത്തിൽ ജീവനക്കാരുടെ ആവശ്യം പരിഗണിച്ചും അവരുടെ പുനർവിന്യാസം ഒഴിവാക്കണമെന്ന പൊതുമരാമത്ത് (ഭരണ വിഭാഗം) ചീഫ് എഞ്ചിനീയറുടെ ശുപാർശയുടെ അടിസ്ഥാനത്തിലും ഈ വിഷയം ധനകാര്യ-തദ്ദേശസ്വയംഭരണ വകുപ്പുകളുമായി ആലോചിച്ച് സർക്കാർ വീണ്ടും പരിശോധിച്ചുവരികയാണ്. ഇത് സംബന്ധിച്ച് ജീവനക്കാർ സമർപ്പിച്ചിട്ടുള്ള നിവേദനങ്ങൾ കോടതി വിധികൾക്കനുസൃതമായി പരിശോധിച്ച് തീർപ്പാക്കുന്ന മുറയ്ക്ക് മാത്രമേ അന്തിമ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ.

(സി) പുനർവിന്യാസത്തിനുള്ള നിലവിലെ ഉത്തരവ് നടപ്പാക്കുന്നത് ദീർഘിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ഇറങ്ങിയിട്ടില്ല.

(ഡി) പുനർവിന്യാസത്തിനെതിരെ ജീവനക്കാർ സമർപ്പിച്ചിട്ടുള്ള നിവേദനങ്ങൾ, ഇതുസംബന്ധിച്ച കോടതി ഉത്തരവുകൾ, പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ ശുപാർശകൾ എന്നിവ അടിസ്ഥാനമാക്കി ധനകാര്യ-തദ്ദേശസ്വയംഭരണ വകുപ്പുകളുമായി ആലോചിച്ച് സർക്കാർ ഇക്കാര്യം പരിശോധിച്ചുവരികയാണ്.

**ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പി.ഡബ്ല്യൂ.ഡി. റോഡുകൾ**

390 (1448) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പി.ഡബ്ള്യൂ.ഡി. റോഡുകൾ നിലവിൽ ഏതൊക്കെ പി.ഡബ്ള്യൂ.ഡി. സെക്ഷൻ ഓഫീസിന്റെ പരിധിയിലാണുള്ളതെന്ന് അറിയിക്കുമോ; ഓരോ സെക്ഷന്റേയും പരിധിയിൽ ഏതൊക്കെ റോഡുകളാണുള്ള തെന്നും പ്രസ്തുത റോഡുകളുടെ ദൈർഘ്യവും അറിയിക്കുമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിലെ റോഡുകൾ ഒട്ടേറെ സെക്ഷനുകളുടെ പരിധിയിൽ ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും ഭരണപരമായ ചുമതലകൾ നിർവ്വഹിക്കുന്നതിനും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത റോഡുകൾ എല്ലാം ചാത്തന്നൂർ റോഡ്സ് സെക്ഷന്റെ പരിധിയിലാക്കി ഉത്തരവ് നൽകുവാൻ സന്നദ്ധമാകുമോ; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) വിവിധ റോഡുകളുടെയും ബന്ധപ്പെട്ട സെക്ഷനുകളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**പട്ടാമ്പിയിലെ റോഡുകൾ**

391 (1449) <u>ശ്രീ. സി. പി. മുഹമ്മദ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടാമ്പി മണ്ഡലത്തിലെ താഴെപ്പറയുന്ന റോഡുകൾ ബി.എം. ആന്റ് ബി.സി. ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

1. കൊപ്പം - വളാഞ്ചേരി റോഡ്
2. വിളയൂർ - കൈപ്പുറം റോഡ്
3. പട്ടാമ്പി - ആമയാർ റോഡ്
4. വല്ലപ്പുഴ - മുളയൻകാവ് - കട്ടുപ്പാറ റോഡ്
5. മുതുമല - ശങ്കരമംഗലം - മൃഗാശുപത്രി റോഡ്
6. വല്ലപ്പുഴ - വാണിയംകുളം റോഡ് 3 1/2 കിലോ മീറ്റർ.

<u>ഉത്തരം</u>

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ പട്ടാമ്പി നിയോജകമണ്ഡലത്തിലെ കൊപ്പം-വളാഞ്ചേരി റോഡ്, വിളയൂർ-കൈപ്പുറം റോഡ് എന്നിവ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള വിശദമായ പദ്ധതി റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. പട്ടാമ്പി-ആമയാർ റോഡ്, വല്ലപ്പുഴ-മുളയൻകാവ്-കട്ടുപ്പാറ റോഡ്, മുതുമല-ശങ്കരമംഗലം-മുഗാശ്രുപത്രി റോഡ്, വല്ലപ്പുഴ-വാണിയംകുളം റോഡ് എന്നിവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാല നിർമ്മാണ പുരോഗതി**

392 (1450) <u>ശ്രീ. റ്റി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാല നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്നു വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) അങ്ങാടിപ്പുറം റെയിൽവേ മേൽപ്പാലത്തിന്റെ താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തിയായി :

പൈൽ നിർമ്മാണം - 56-ൽ 56-ഉം പൂർത്തിയായി.

പൈൽ ക്യാപ് - 18-ൽ 6 എണ്ണം പൂർത്തിയായി

പിയർ - 18-ൽ 5 എണ്ണം പൂർത്തിയായി

പിയർ ക്യാപ് - 16-ൽ 3 എണ്ണം പൂർത്തിയായി

(ബി) പാലം പൂർത്തീകരണത്തിനാവശ്യമായ ഭൂമി ലഭ്യമായാൽ മാത്രമേ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**കുറുന്തോട്ടയം പാലത്തിന്റെ പുനർനിർമ്മാണം**

393 (1451) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം പഞ്ചായത്തിലെ എം.സി. റോഡിന് കുറുകെയുള്ള കുറുന്തോട്ടയം പാലത്തിന്റെ വീതി കുറവുമൂലം നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലം വീതി കൂട്ടി പുനർനിർമ്മിക്കുന്നതിന് വേണ്ടി സബ്മിഷന് മറുപടിയായി ഉറപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) പന്തളം പട്ടണത്തിലെ പ്രധാന പാതയിലുള്ള ഈ പഴയ പാലം നിർമ്മാണ നടപടിക്രമങ്ങളുടെ പുരോഗതി അറിയിക്കുമോ;

(ഡി) സമയബന്ധിതമായി പ്രസ്തുത പാലം നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 23-1-2014-ൽ ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ. ഉന്നയിച്ച സബ്മിഷന് കുറുന്തോട്ടയം പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

(സി&ഡി) കുറുന്തോട്ടയം പാലം നിർമ്മിക്കുന്നതിനായി 420 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.

**കല്ല്യാശ്ശേരി മണ്ഡലത്തിലെ പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ**

394 (1452) <u>ശ്രീ. ടി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ പാലങ്ങൾ നിർമ്മിക്കുന്നതിനാണ് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ഇപ്പോൾ പൂർത്തിയാക്കിയിട്ടുള്ളത്; പ്രസ്തുത പാലങ്ങളുടെ ഡിസൈൻ വേഗത്തിൽ ലഭ്യമാക്കി ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദവിവരം ലഭ്യമാക്കുമോ ;

(ബി) തളിപ്പറമ്പ്-പട്ടുവം-ചെറുകുന്ന് റോഡിലെ കാവിൻമുനമ്പ് പാലം നിർമ്മിക്കുന്നതിന് സമർപ്പിച്ച 30 ലക്ഷം രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; (ഫയൽ നമ്പർ 25614/ഡി1/2013/പി.ഡബ്ല്യൂ.ഡി.)

ഉത്തരം

(എ) ഇരിണാവ് പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭ്യമല്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കാനായിട്ടില്ല. സ്ഥലം ലഭ്യമായാൽ ഭരണാനുമതി നൽകാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

**പയ്യന്നൂരിൽ നിർമ്മാണം പൂർത്തിയാക്കുന്ന മിനി സിവിൽ സ്റ്റേഷന്റെ പ്രവൃത്തി**

395 (1453) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂരിൽ നിർമ്മാണം പൂർത്തിയാക്കുന്ന മിനി സിവിൽ സ്റ്റേഷന്റെ പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ; ഇതിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

ഉത്തരം

പയ്യന്നൂർ മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണം 2014 ഡിസംബർ 31-ന് പൂർത്തീകരിക്കാൻ കഴിയും. പ്രസ്തുത പ്രവൃത്തിയുടെ 90% പൂർത്തിയായിട്ടുണ്ട്. ഫിനിഷിംഗ് പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു.

**റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിന് നബാർഡ് സഹായം**

396 (1454) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിന് നബാർഡ് ധനസഹായത്തിനുവേണ്ടി ഈ വർഷം കേന്ദ്ര സർക്കാരിന് ശുപാർശ സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നബാർഡിന്റെ ധനസഹായത്തോടെ നിർമ്മിക്കുവാൻ മുമ്പ് ഭരണാനുമതി നൽകിയിരുന്ന ചേലക്കര മണ്ഡലത്തിലെ കൊണ്ടാഴി - കുത്താംപുള്ളി റോഡും പാലവും നിർമ്മാണത്തിന് പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ധനസഹായത്തിനുവേണ്ടി പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ഡി) നബാർഡ് ധനസഹായത്തിനുവേണ്ടിയുള്ള പദ്ധതികളിൽ പ്രസ്തുത

റോഡിന്റെയും പാലത്തിന്റെയും കൂടി നിർമ്മാണം ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാലങ്ങൾക്കായി 131.77 കോടി രൂപയുടെയും റോഡുകൾക്കായി 161.04 കോടി രൂപയുടെയും പ്രോജക്ടുകൾ നബാർഡിന് സമർപ്പിച്ചിട്ടുണ്ട്.

(സി) നബാർഡിന്റെ RIDF XVI-ൽപ്പെടുത്തി ഭരണാനുമതി ലഭിച്ച ഈ പദ്ധതി നിശ്ചിത കാലാവധിക്കുള്ളിൽ ആരംഭിക്കാതിരുന്നതിനാൽ റദ്ദാവുകയാണുണ്ടായത്. ഈ പദ്ധതിക്കായി പുതുക്കിയ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്.

(ഡി) പൊതുമരാമത്ത് വകുപ്പിനായി ഈ വർഷം സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി അനുവദിച്ച സെക്ടറൽ അലോക്കേഷൻ പ്രകാരമുള്ള മുഴുവൻ തുകയ്ക്കുമുള്ള പ്രോജക്ടുകൾ നബാർഡിന് സമർപ്പിച്ചുകഴിഞ്ഞു. ഈ സാമ്പത്തികവർഷം ഇനിയും സെക്ടറൽ അലോക്കേഷൻ ലഭിക്കുന്ന മുറയ്ക്ക് കൂടുതൽ പദ്ധതികൾ ശുപാർശ ചെയ്യുന്നതാണ്.

**ബൈപ്പാസുകളുടെ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ**

397 (1455) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബൈപ്പാസുകളുടെ നിർമ്മാണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഏത് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് ;

(സി) പ്രസ്തുത നിർമ്മാണത്തിനുള്ള ധനസമാഹരണം എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-ഡി) ദേശീയപാതാ വിഭാഗത്തിൻകീഴിൽ ചുവടെ കാണുന്ന ബൈപ്പാസുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. തിരുവനന്തപുരം ബൈപ്പാസ് (എൻ.എച്ച്.എ.ഐ. ടെണ്ടർ നടപടി എടുത്തുവരുന്നു)
2. കൊല്ലം ബൈപ്പാസ് (ടെണ്ടർ അംഗീകാരത്തിന് കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ട്)
3. ആലപ്പുഴ ബൈപ്പാസ് (ടെണ്ടർ അംഗീകാരത്തിന് കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ട്)
4. തൃപ്പൂണിത്തുറ ബൈപ്പാസ് (ഡി.പി.ആർ. അംഗീകാരത്തിന് കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ട്)
5. കോഴിക്കോട് ബൈപ്പാസ് അവസാനഘട്ടം (പണി പുരോഗമിക്കുന്നു)
6. തലശ്ശേരി-മാഹി ബൈപ്പാസ് (11.90 കിലോമീറ്റർ സ്ഥലമെടുപ്പ് പൂർത്തീകരിച്ച് ബാക്കി 7.2 കിലോമീറ്റർ സ്ഥലമെടുപ്പ് നടത്തുവാനുണ്ട്)
7. മൂവാറ്റുപുഴ ബൈപ്പാസ് (സ്ഥലമെടുപ്പിനുള്ള എസ്റ്റിമേറ്റ് കേന്ദ്രത്തിൽ സമർപ്പിച്ചിട്ടുണ്ട്)
8. കോതമംഗലം ബൈപ്പാസ് (സ്ഥലമെടുപ്പിനുള്ള എസ്റ്റിമേറ്റ് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്)

നിലവിൽ കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. പൂർണ്ണമായും സംസ്ഥാന സർക്കാരാണ് ഇതിന്റെ ചെലവ് വഹിക്കുന്നത്. കൂടാതെ ആലപ്പുഴ, കൊല്ലം ബൈപ്പാസുകൾ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തോടെ നടത്തുവാനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്. തിരുവനന്തപുരം ബൈപ്പാസ് എൻ.എച്ച്.എ.ഐ. മുഖേന ഇ.പി.സി. വ്യവസ്ഥയിൽ ടെണ്ടർ ചെയ്തിട്ടുണ്ട്.

ദേശീയപാതാ വികസനത്തിനാവശ്യമായ ബൈപ്പാസുകളുടെ നിർമ്മാണ പ്രവൃത്തികളെല്ലാംതന്നെ കേന്ദ്ര സഹായത്താൽ നിർവ്വഹിക്കേണ്ടതാണ്. എന്നാൽ സംസ്ഥാനത്തെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ദേശീയപാതാ വികസനം മുടങ്ങിയ സാഹചര്യത്തിൽ കൊല്ലം, ആലപ്പുഴ ബൈപ്പാസുകൾ പ്രത്യേകമായി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യവിഹിതത്തോടെ (50:50) അടിയന്തരമായി രണ്ടുവരിപ്പാതയായി നിർമ്മിക്കാനും തീരുമാനമായിട്ടുണ്ട്. കോഴിക്കോട് ബൈപ്പാസിന്റെ ശേഷിക്കുന്ന 5.1 കിലോമീറ്ററിന്റെ രണ്ടുവരിപ്പാത നിർമ്മാണം സംസ്ഥാന സർക്കാർ 'സ്പീഡ് കേരള' പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നിർമ്മിക്കുന്നത്.

കൊല്ലം ബൈപ്പാസിന്റെ നിർമ്മാണത്തിന് സംസ്ഥാന സർക്കാർ ഇ.പി.സി. വ്യവസ്ഥയിൽ ടെണ്ടർ വിളിക്കുകയും 5-9-2014-ൽ ടെക്നിക്കിൽ ബിഡും 21-10-2014-ൽ ഫിനാൻഷ്യൽ ബിഡും തുറക്കുകയുണ്ടായി. ടെണ്ടർ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിരിക്കുകയാണ്. ആലപ്പുഴ ബൈപ്പാസിന്റെ നിർമ്മാണത്തിന് സംസ്ഥാന സർക്കാർ ഇ.പി.സി. വ്യവസ്ഥയിൽ ടെണ്ടർ വിളിക്കുകയും 5-9-2014-ൽ ടെക്നിക്കൽ ബിഡും 21-10-2014-ൽ ഫിനാൻഷ്യൽ ബിഡും തുറക്കുകയും ചെയ്തു. ടെൻഡർ അംഗീകരിക്കുവാനായി കേന്ദ്ര സർക്കാരിൽ സമർപ്പിച്ചിരിക്കുകയാണ്. സംസ്ഥാന സർക്കാരിന്റെ സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെട്ട കോഴിക്കോട് ബൈപ്പാസ് എഗ്രിമെന്റ് വച്ച് പണി പുരോഗമിച്ചുവരുന്നു. നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ ചുവടെ പറയുന്ന ബൈപ്പാസുകളുടെ പ്രവൃത്തികൾ നടന്നു വരുന്നു :

1. എം.സി. റോഡ് - പത്തനാപുരം റോഡ് ശബരിമല ബൈപ്പാസ് (മെഴ്സി ഹോസ്പിറ്റൽ -ചെങ്ങമനാട് റോഡ് 6.60 കിലോമീറ്റർ)

2. കോതമംഗലം - തങ്കളം - കോഴിപ്പിള്ളി ബൈപ്പാസ്

3. തിരൂർ -പൊൻമുണ്ടം ബൈപ്പാസ്

4. കർമ്മ ബൈപ്പാസ് റോഡ്, പൊന്നാനി

5. മൂടാൽ - കഞ്ഞിപ്പുര ബൈപ്പാസ്

6. ഒരേടത്തുപാലം - മാനത്തുമംഗലം - തൈക്കുത്ത് ബൈപ്പാസ്

7. കട്ടുത്തുരുത്തി ബൈപ്പാസ്

8. പട്ടിത്താനം - മണർക്കാട് ബൈപ്പാസ്

9. അയർക്കുന്നം - കുറ്റില്ലം ബൈപ്പാസ്

സംസ്ഥാന സർക്കാരിന്റെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രസ്തുത പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവർത്തനം നടന്നുവരുന്നു.

**കാഞ്ഞങ്ങാടിനും പൊയിനാച്ചിക്കും ഇടയിൽ റോഡ് അറ്റകുറ്റപ്പണികൾ**

398 (1456) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നാഷണൽ ഹൈവേയിൽ (NH-17) കാഞ്ഞങ്ങാടിനും - പൊയിനാച്ചിക്കും ഇടയിൽ ചാലിങ്കാൽ, പെരിയാട്ടടുക്കം, കുണിയ, പെരിയ ബസാർ എന്നിവിടങ്ങളിൽ റോഡ് നല്ല നിലയിൽ അറ്റകുറ്റപ്പണികൾ ചെയ്യാത്തത് കാരണം തുടർച്ചയായി അപകടങ്ങൾ ഉണ്ടാകുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശബരിമല സീസൺ ആരംഭിക്കുന്നതോടെ വാഹനങ്ങൾ വർദ്ധിക്കുന്ന സാഹചര്യത്തിൽ ആയത് എത്രയും വേഗം ടാർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കാസർഗോഡ് ജില്ലയിലെ ദേശീയപാതയിൽ കാഞ്ഞങ്ങാടിനും പൊയിനാച്ചിക്കുമിടയിൽ കേടുപാടുകൾ വന്ന റോഡിന്റെ അറ്റകുറ്റപ്പണികൾക്കായി ഫ്ളഡ് ഡാമേജ് റിപ്പയറിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണ്. കൂടാതെ പ്രസ്തുത റോഡിൽ ചട്ടഞ്ചാൽ മുതൽ നീലേശ്വരം വരെ ഉപരിതലം പുതുക്കാനുള്ള 19 കോടി രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് ഉപരിതലം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പനച്ചമൂട്ടിൽക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം**

399 (1457) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പനച്ചമൂട്ടിൽ കടവ് പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പണികൾ ഏതു തരത്തിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പാലത്തിന്റെ പണികൾ പൂർത്തീകരിച്ച് ഗതാഗതത്തിനായി എന്ന് തുറന്ന് കൊടുക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പനച്ചമൂട്ടിൽക്കടവ് പാലത്തിന്റെ അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം ഇതുവരെയും പൊതുമരാമത്ത് വകുപ്പിന് ലഭിച്ചിട്ടില്ല. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിൽ സ്വീകരിച്ചുവരുന്നതേയുള്ളൂ.

**നെല്ലിയാമ്പതിയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ തകർന്ന റോഡിന്റെ പുനർനിർമ്മാണം**

400 (1458) <u>ശ്രീ. വി. ചെന്താമരാക്ഷൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ നെന്മാറ മണ്ഡലത്തിലെ നെല്ലിയാമ്പതിയിൽ ഉണ്ടായ ഉരുൾപൊട്ടലിൽ തകർന്ന റോഡിന്റെ പുനർനിർമ്മാണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ പണി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കാലവർഷക്കെടുതിയിൽ നെന്മാറ മണ്ഡലത്തിലെ നെല്ലിയാമ്പതിയിലുണ്ടായ ഉരുൾപൊട്ടലിൽ തകർന്ന റോഡിന്റെ കിലോമീറ്റർ 18/600 ഭാഗത്തിന്റെ പുനർനിർമ്മാണത്തിന് 150 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഭരണാനുമതി നൽകി പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**മുടങ്ങിക്കിടക്കുന്ന മരാമത്ത് ജോലികൾ**

401 (1459) <u>ശ്രീ. സി. ദിവാകരൻ</u> :
<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> :
<u>ശ്രീ. ജി. എസ്. ജയലാൽ</u> :
<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> :താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിമൂലം സംസ്ഥാനത്ത് മരാമത്ത് ജോലികൾ മുടങ്ങിക്കിടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര കോടി രൂപയുടെ പദ്ധതികളാണ് മുടങ്ങിക്കിടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) സ്പീഡ് കേരള, കെ.എസ്.റ്റി.പി. രണ്ടാം ഘട്ടം, മിഷൻ 676, നവരത്നാ പദ്ധതികൾ, റോഡ് മെച്ചപ്പെടുത്തൽ എന്നിവയിൽ ഓരോന്നിലും എത്ര തുകയുടെ

പദ്ധതികൾ വീതം മുടങ്ങിക്കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അതിൽ എത്ര തുക കരാറുകാർക്ക് കൊടുത്തു തീർക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സാമ്പത്തിക പ്രതിസന്ധിമൂലം സംസ്ഥാനത്ത് മരാമത്ത് ജോലികൾ മുടങ്ങിക്കിടപ്പില്ല.

(ബി&സി) ബാധകമല്ല.

**മണലൂർ നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്ന എൻ.എച്ച്. 66(17)-ലെ അറ്റകുറ്റപ്പണികൾ**

402 (1460) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജക മണ്ഡലത്തിലൂടെ കടന്നു പോകുന്ന എൻ.എച്ച്.66(17)-ൽ കി.മീ. 369/000-നും 395/000-നും ഇടയിൽ സ്ഥിരമായി മഴക്കാലത്ത് വെള്ളക്കെട്ട് രൂപം കൊള്ളുന്നതുമൂലം റോഡ് തകരുന്നതും ഗതാഗത തടസ്സം ഉണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കുന്നതിനായി ചാവക്കാട് പി.ഡബ്ല്യു.ഡി. എൻ.എച്ച്. സബ് ഡിവിഷൻ സമർപ്പിച്ച എസ്റ്റിമേറ്റിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ദേശീയ പാതയിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) IRQP പദ്ധതിയിൽ ഉൾപ്പെടുത്തി കിലോമീറ്റർ 369/000 മുതൽ 395/000 വരെയുള്ള എൻ.എച്ച്. 17-ന്റെ ഭാഗങ്ങളെല്ലാം റീസർഫസിംഗ് നടത്തി ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. വെള്ളക്കെട്ട് വരുന്ന ഭാഗങ്ങളിലെല്ലാം വെള്ളം ഒഴുകിപ്പോകാനാവശ്യമായ ഓടകൾ നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**മിഷൻ 676-ഉം പൊതുമരാമത്ത് വകുപ്പും**

403 (1461) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്തു വകുപ്പിൻകീഴിൽ മിഷൻ 676-ൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാമാണ്; ഇവയോരോന്നിനും എത്ര തുക വീതം നീക്കിവച്ചിട്ടുണ്ട്; ബജറ്റ് വിഹിതത്തിനു പുറമേയാണോ ഇത് എന്ന് വിശദമാക്കുമോ;

(ബി) എല്ലാ പദ്ധതികളുടെയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; പണി പൂർത്തീകരിച്ച ഏതെങ്കിലും പദ്ധതിയുണ്ടോ; ഇതുവരെ പണിയാരംഭിച്ചിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാം?

<u>ഉത്തരം</u>

(എ) കേരള സർക്കാരിന്റെ നവരത്ന പരിപാടിയിൽ ഉൾപ്പെടുന്ന തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ, സംസ്ഥാന ദേശീയ പാതകളുടെ വികസനം എന്നീ പദ്ധതികളും പതാക നൗകാ പദ്ധതിയിൽ ഉൾപ്പെടുന്ന സ്പീഡ് കേരള പദ്ധതിയുമാണ് മിഷൻ 676-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ പദ്ധതികൾക്കായി കേരള മോണോ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ സജ്ജമാക്കുകയും ഡി.എം.ആർ.സി.-യെ ജനറൽ കൺസൾട്ടന്റായി നിയമിക്കുകയും ചെയ്തു. എന്നാൽ ഭീമമായ സാമ്പത്തിക ബാധ്യത സർക്കാരിനുണ്ടാകുന്നതിനാൽ മോണോ റെയിൽ പദ്ധതിക്ക് പകരം മറ്റേതെങ്കിലും മാസ് റാപ്പിഡ് ട്രാൻസിസ്റ്റ് സിസ്റ്റത്തിനായി വിശദമായ രൂപരേഖ തയ്യാറാക്കി സമർപ്പിക്കാൻ ഡി.എം.ആർ.സി.-യെ ചുമതലപ്പെടുത്തുകയും അയതിൻപ്രകാരം സംസ്ഥാനത്തിന് യോജ്യമായ 'ലൈറ്റ് മെട്രോ പദ്ധതി' നടപ്പാക്കാനുള്ള സാങ്കേതിക സാദ്ധ്യതകളെക്കുറിച്ച് ഡി.എം.ആർ.സി. വിശദമായ പഠനം നടത്തി തയ്യാറാക്കിയ രൂപരേഖ അനുസരിച്ച് രണ്ട് പദ്ധതികൾക്കുമായി മൊത്തം 6728 കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഈപദ്ധതിക്ക് തുക നീക്കവച്ചിട്ടില്ല.

സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനമാണ് നവരത്ന പദ്ധതിയിൽ സംസ്ഥാന സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന മറ്റൊരു പദ്ധതി. സംസ്ഥാനത്തെ ദേശീയപാതകളായ എൻ.എച്ച്. 17-ഉം 47-ഉം ഉൾപ്പെട്ട 829 കിലോമീറ്റർ

അന്താരാഷ്ട്ര നിലവാരത്തിൽ 4/6 വരിപ്പാതയായി വികസിപ്പിക്കുവാൻ ദേശീയപാതാ വികസന പദ്ധതി (എൻ.എച്ച്.ഡി.പി.) രണ്ടും മൂന്നും ഘട്ടത്തിൽപ്പെടുത്തി എൻ.എച്ച്.എ.ഐ.-യെ 2001 വർഷം ഏൽപ്പിച്ചിരുന്നു. 2004 വർഷം മുതൽ ഭൂമി അക്വയർ ചെയ്യുന്ന നടപടികൾ തുടങ്ങിയിരുന്നു. ഭൂമി ഏറ്റെടുക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടാകാത്തതിനാൽ എൻ.എച്ച്.17-ലെയും എൻ.എച്ച്. 47-ലെയും പ്രവൃത്തികൾ ആരംഭിക്കാത്ത ഭാഗങ്ങൾ ഒഴിവാക്കി കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഭാവിയിൽ ഉണ്ടാകുന്ന വാഹന സാന്ദ്രതയും സുരക്ഷിതത്വവും കണക്കിലെടുത്ത് ദേശീയപാത 45 മീറ്റർ വീതിയിൽത്തന്നെ വികസിപ്പിക്കാൻ 25-10-2014-ലെ സ.ഉ.(കൈ) 94/2014/പൊ.മ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. ദേശീയപാതയുടെ വികസനത്തിനാവശ്യമായ തുക പൂർണ്ണമായും വഹിക്കുന്നത് കേന്ദ്ര സർക്കാർ ആയതിനാൽ ഈ പ്രവൃത്തിക്ക് പ്രതീക്ഷിക്കുന്ന മൊത്തം ചെലവ് കണക്കാക്കിയിട്ടില്ല.

സ്പീഡ് കേരള പദ്ധതിയനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ മേൽപ്പാലങ്ങൾ, റിംഗ് റോഡുകൾ, ബൈപ്പാസുകൾ എന്നിവ നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആകെ 23 പദ്ധതികളാണ് സ്പീഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പത്ത് പദ്ധതികളുടെ വിശദമായ രൂപരേഖ തയ്യാറാക്കി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പത്ത് പദ്ധതികളുടെ അടങ്കൽ തുക വിശദമാക്കുന്ന പട്ടിക അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.* ബഡ്ജറ്റ് വിഹിതത്തിന് പുറമേയാണ് ഈ തുക കണക്കാക്കിയിട്ടുള്ളത്.

(ബി) സ്പീഡ് കേരള പദ്ധതിയിൽപ്പെടുന്ന ഏതാനും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.* ബാക്കി പദ്ധതികളുടെ പണി ആരംഭിച്ചിട്ടില്ല.

**മിഷൻ 676-തലശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ**

404 (1462) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പദ്ധതിയിൽപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഏറ്റെടുത്ത ഓരോ പ്രവർത്തിക്കുമായി എത്ര തുക നീക്കിവച്ചെന്നും ഇതിനകം എത്ര തുക ചെലവഴിച്ചെന്നും വിശദമാക്കാമോ;

(സി) ഏറ്റെടുത്ത ഓരോ പ്രവർത്തിയും ഏത് ഘട്ടത്തിലാണ് എന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

ഉത്തരം

(എ) സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പദ്ധതിയിൽ സ്പീഡ് കേരളയിൽ ഉൾപ്പെടുത്തി തലശ്ശേരി - മാഹി ബൈപ്പാസിന്റെയും കെ.എസ്.ടി.പി. II പദ്ധതിയിൽ ഉൾപ്പെട്ട തലശ്ശേരി-വളവുപാറ റോഡിന്റെ തലശ്ശേരി മണ്ഡലത്തിൽക്കൂടി കടന്നു പോകുന്ന തലശ്ശേരി മുതൽ വൈറ്റമേൽ പള്ളിവരെയുള്ള 7.57 കിലോമീറ്റർ ഉൾപ്പെടെയുള്ള റോഡിന്റെയും നിർമ്മാണ പ്രവൃത്തികളാണ് തലശ്ശേരി അസംബ്ലി മണ്ഡലത്തിൽ ഏറ്റെടുത്തിട്ടുള്ളത്.

(ബി) തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണത്തിന് ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല. 54 കിലോമീറ്റർ ദൈർഘ്യമുള്ള തലശ്ശേരി-വളവുപാറ റോഡ് നിർമ്മാണ പ്രവൃത്തി 234.99 കോടി രൂപയ്ക്കാണ് കരാർ നൽകിയിരിക്കുന്നത്. നിർമ്മാണം പുരോഗമിക്കുന്നു. ഈ പ്രവൃത്തിക്ക് ഇതുവരെ 18.23 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണത്തിനായി ദേശീയപാത 17-ൽ മുഴപ്പിലങ്ങാട് മുതൽ നാലുതറ വരെയുള്ള 12 കിലോമീറ്റർ ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ കേന്ദ്ര സഹായത്തോടെ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണത്തിനായി 300.63 കോടി രൂപയുടെ വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത രൂപരേഖ സർക്കാർ പരിശോധിച്ചുവരുന്നു. 28-12-2015-ന് ഇതിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**റോഡുകളുടെ പുനരുദ്ധാരണത്തിനായി സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (SRIP)**

405 (1463) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (SRIP) എന്ന പേരിൽ റോഡുകളുടെ പുനരുദ്ധാരണത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങളും ഉദ്ദേശലക്ഷ്യവും വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ഇ) ഗതാഗതരംഗത്ത് ഏറെ പ്രയോജനകരമാണെന്ന് കണ്ടെത്തിയിട്ടുള്ള ഈ റോഡ് പുനരുദ്ധാരണ പദ്ധതി ഈ വർഷം തന്നെ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ; വിശദവിവരം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാന ഹൈവേകളിൽനിന്നും പ്രധാന ജില്ലാ റോഡുകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഏകദേശം 1100 കിലോമീറ്റർ റോഡുകൾ ഇന്ത്യൻ റോഡ്സ് കോൺഗ്രസിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി സമഗ്ര വികസനത്തിനായി സംസ്ഥാന റോഡ് വികസന പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. കേരള റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളിലായിട്ടാണ് പദ്ധതി നടപ്പിൽ വരുത്തുന്നത്. റീഹാബിലിറ്റേഷൻ പാക്കേജിൽ സ്ഥലമേറ്റെടുക്കൽ ആവശ്യമില്ലാത്ത ഏകദേശം 469 കിലോമീറ്റർ റോഡുകളും അപ്ഗ്രഡേഷൻ പാക്കേജിൽ വളവുകൾ നിവർത്തുന്നതിനും ജംഗ്ഷനുകൾ വികസിപ്പിക്കുന്നതിനായി അത്യാവശ്യം സ്ഥലമേറ്റെടുക്കൽ വേണ്ടിവരുന്ന 611 കിലോമീറ്റർ റോഡുകളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. റോഡുകൾ ശാസ്ത്രീയമായി പുനർനിർമ്മിച്ച് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, ആവശ്യമായ പാലങ്ങളും കലുങ്കുകളും പണിയുക, ഇരുവശങ്ങളിലും ഓടകൾ നിർമ്മിക്കുക, പൈപ്പുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള കാനകൾ നിർമ്മിക്കുക, അടയാള ബോർഡുകൾ സ്ഥാപിക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ.

(സി&ഡി) പ്രസ്തുത പദ്ധതിക്ക് 6-12-2012-ലെ സ.ഉ.(കൈ) നമ്പർ 91/2012/ പൊ.മ.വ. പ്രകാരം സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ട്.

(ഇ) പ്രസ്തുത പദ്ധതിക്ക് ലഭിച്ച ടെണ്ടറുകൾ പുന:പരിശോധിച്ചതിൻ പ്രകാരം റിഹാബിലിറ്റേഷൻ പദ്ധതി പുനക്രമീകരിച്ച് ടെണ്ടർ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(1069, 1114, 1170 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 A.M]

## II ഉത്തരത്തിലെ തിരുത്ത്

മി. ഡെപ്യൂട്ടി സ്പീക്കർ: 13-ാം കേരള നിയമസഭയുടെ 11-ാം സമ്മേളനത്തിലെ 7290-ാം നമ്പർ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിക്ക് സഭയുടെ മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, 13-ാം കേരളനിയമസഭയുടെ 11-ാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7290-ന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെൻറ് ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.

## III അടിയന്തര പ്രമേയം

### കർഷക ആത്മഹത്യ

മി. ഡെപ്യൂട്ടി സ്പീക്കർ: കേന്ദ്ര സർക്കാർ തുടർന്നുവരുന്ന ആഗോളവൽക്കരണ നയങ്ങളും ആസിയാൻ ഉൾപ്പെടെയുള്ള ആഗോള കരാറുകളും ഇറക്കുമതിയും മൂലം ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കാതെയും ഭീമമായ ഉൽപ്പാദനച്ചെലവ് താങ്ങാൻ കഴിയാതെയും നാണ്യവിളകളെ ആസ്പദമാക്കിയുള്ള കേരളത്തിലെ കാർഷിക മേഖലയിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുകയും കർഷകർ കടക്കെണിയിൽ അകപ്പെട്ട് വലയുന്നതായും പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച്, ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ മുല്ലക്കര രത്നാകരൻ, കെ. കെ. ജയചന്ദ്രൻ, ജോസ് തെറ്റയിൽ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ആഗോളവൽക്കരണത്തിന്റെ ഭാഗമായി കേന്ദ്ര സർക്കാർ WTO കരാറിൽ ചില എതിർപ്പുകൾ പ്രകടിപ്പിച്ചെങ്കിലും ലോക വാണിജ്യ കരാറിലും ആസിയാൻ ഉൾപ്പെടെയുള്ള വിവിധ പ്രാദേശിക കരാറുകളിലും പങ്കാളിയായിട്ടുണ്ട്. അതിൻെറ ദോഷവശങ്ങളാണ് കേരളം പോലുള്ള സംസ്ഥാനത്ത് നാണ്യവിളകൾ നേരിടുന്നത്. നാണ്യവിളകളായ റബ്ബർ, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ എന്നീ കാർഷികോൽപ്പന്നങ്ങളിൽ അനുഭവപ്പെട്ട

കൊണ്ടിരിക്കുന്ന വിലയിടിവ് ഇതുമൂലമാണ്. ആസിയാൻ രാജ്യങ്ങളുമായുള്ള കരാർ കേരളത്തെയാണ് ഏറ്റവും ദോഷകരമായി ബാധിച്ചത്. പ്രസ്തുത രാജ്യങ്ങളിലെ കാലാവസ്ഥയും വിളകളും കേരളത്തിന് സമാനമായതിനാൽ കേരളത്തിലെ ഏറെക്കുറെ എല്ലാ വിളകളും ആസിയാൻ രാജ്യങ്ങളായ മലേഷ്യ, വിയറ്റ്നാം, ഫിലിപ്പൈൻസ്, തായ്‌ലാൻഡ് എന്നീ രാജ്യങ്ങളിൽ കൃഷി ചെയ്തുവരുന്നു. കേന്ദ്ര സർക്കാരിന്റെ ചില നയങ്ങൾ കാർഷികോൽപ്പന്നങ്ങളുടെ അനിയന്ത്രിതമായ ..... (ബഹളം)........

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട പി. സി. ജോർജ്, അടിയന്തര പ്രമേയമാണ്. രണ്ടുഭാഗത്തും ഒരുപോലെ അംഗങ്ങൾ എഴുന്നേറ്റ് നിൽക്കുകയാണ്. പറയുന്നത് ആരും ശ്രദ്ധിക്കുന്നതേയില്ല.

ശ്രീ. കെ. പി. മോഹനൻ: സർ, ഇപ്പോൾ ആസിയാൻ ഉൾപ്പെടെയുള്ള 14 രാജ്യങ്ങളുമായി റീജിയണൽ കോംപ്രഹെൻസീവ് എക്കണോമിക് പാർട്ട്ണർഷിപ്പ് (RCEP) എന്ന പേരിൽ ഒരു വലിയ കരാറിന് കേന്ദ്ര സർക്കാർ ശ്രമിക്കുന്നു. ഇത് നമ്മുടെ സംസ്ഥാനത്തെയടക്കം ബാധിക്കുന്നതാണ്. ഇക്കാര്യത്തിൽ മുഖ്യമന്ത്രി കേന്ദ്ര സർക്കാരിനെ നേരിട്ട് കണ്ട് സംസാരിക്കുകയും അതോടൊപ്പം കൃഷി വകുപ്പുമന്ത്രിയെ ഞാൻ നേരിട്ട് കണ്ട് സംസാരിക്കുകയും കത്തയയ്ക്കുകയും ചെയ്തു. ഇതുപ്രകാരം കേരളത്തിലെ നാണ്യവിളയായ നാളികേരത്തിന് വിലയിടിഞ്ഞപ്പോഴാണ് കൃഷിഭവൻ മുഖാന്തരം കർഷകരിൽ നിന്ന് പച്ചത്തേങ്ങ സംഭരിക്കാൻ തുടങ്ങിയത്. തുടങ്ങിയ സമയത്ത് ഒരു കിലോക്ക് 12 രൂപയായിരുന്നു വില ഉണ്ടായിരുന്നത്. 8 മാസം കൊണ്ട് അത് 32 രൂപയാകുകയും ചെയ്തു. നാളികേരത്തിന്റെ വൈവിധ്യവൽക്കരണത്തിലൂടെ കർഷകർക്ക് ഗുണകരമായ രീതിയിൽ വില വർദ്ധിപ്പിക്കുവാൻ സാധിച്ചു. ഇത് സംസ്ഥാന സർക്കാരിന്റെ ഇടപെടൽ മൂലമാണ്. കേന്ദ്ര സർക്കാരിന്റെ ഇടപെടൽ ഇല്ല എന്നു കണ്ടതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സംഘവും കേന്ദ്രത്തിൽ പോയി പ്രധാനമന്ത്രിയേയും കൃഷി വകുപ്പുമന്ത്രിയേയും വാണിജ്യ വകുപ്പുമന്ത്രിയേയുമൊക്കെ കണ്ടത്. അതിന്റെ ഫലമായി കുറേ അനുകൂല നടപടികൾ സ്വീകരിക്കാം എന്നുപറഞ്ഞിട്ടുണ്ട്. ഇവിടെ ആത്മഹത്യ കുറഞ്ഞിട്ടുണ്ട്. എനിക്ക് പ്രിയപ്പെട്ട പ്രതിപക്ഷ അംഗങ്ങളോട് അഭ്യർത്ഥിക്കാനുള്ളത് നിങ്ങൾ ആത്മഹത്യയ്ക്ക് പ്രേരിപ്പിക്കരുത് എന്നാണ്. ഇപ്പോൾ അടുത്തകാലത്തൊന്നും ആത്മഹത്യ ഉണ്ടായിട്ടില്ല, ഒന്നുരണ്ട് വർഷമായി ഇവിടെ ആത്മഹത്യ ഉണ്ടായിട്ടില്ല. ഇവിടെ ഇത് പറഞ്ഞുകൊണ്ട് ആത്മഹത്യയ്ക്കുവേണ്ടി പ്രേരിപ്പിക്കുകയാണ്, പ്രേരണ നൽകരുത് എന്ന ഒരു അപേക്ഷയാണ് എനിക്കുള്ളത്. .......... .(ബഹളം) ........

ശ്രീ. സി. ദിവാകരൻ : (മൈക്ക് ഓഫ്) സർ, പ്രതിപക്ഷം ആത്മഹത്യയ്ക്ക് പ്രേരിപ്പിക്കുന്നു എന്നാണോ ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്?

മി. ഡെപ്യൂട്ടി സ്പീക്കർ : ഇതൊന്നും അത്ര സീരിയസ്സായി എടുക്കേണ്ട കാര്യമില്ല.

ശ്രീ. കെ. പി. മോഹനൻ : സർ, ആത്മഹത്യ എന്നത് കർഷകർ മറന്നുപോയി. ഇപ്പോൾ ആത്മഹത്യ ഇല്ല. 200 പേരാണ് കഴിഞ്ഞ സർക്കാരിന്റെ 5 വർഷ ഭരണകാലത്ത് മരിച്ചത്. 40 പേരാണ് കഴിഞ്ഞ 3 വർഷക്കാലത്തിനിടയ്ക്ക് മരിച്ചത്. കഴിഞ്ഞ സർക്കാരിന്റെ ദോഷകരമായ പ്രവർത്തനങ്ങൾ കൊണ്ട് ആദ്യവർഷം 39 പേർ മരണപ്പെട്ടിട്ടുണ്ട്, പിന്നീട് ഒരാൾപോലും ആത്മഹത്യ ചെയ്തിട്ടില്ല. അതുകൊണ്ട് ആത്മഹത്യ ഇല്ലാത്ത കാലഘട്ടത്തിൽ ആത്മഹത്യ എന്നുപറഞ്ഞ് കർഷകരെ വേദനിപ്പിക്കുന്ന രീതി ഉണ്ടാകാൻ പാടില്ല എന്നതാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കേരളത്തിലെ കാർഷിക മേഖലയിൽ അസാധാരണമായ ഒരു പ്രതിസന്ധി രൂപപ്പെട്ടിട്ടുണ്ട്, പ്രത്യേകിച്ച് വാണിജ്യ വിളകളുടെ മേഖലയിൽ. വാണിജ്യ വിളകളുടെ മേഖലയിൽ 25 ലക്ഷം കർഷകരും അവരെ ആശ്രയിച്ച് കഴിയുന്ന അതിലേറെ കുടുംബങ്ങളും അതുമായി അനുബന്ധ ജോലിചെയ്യുന്ന തൊഴിലാളികളും കച്ചവടക്കാരും ബന്ധപ്പെട്ടവരുമെല്ലാം ചേർന്ന് കേരളത്തിലെ ഗണ്യമായ ഒരു വിഭാഗമാണ് ഈ പ്രതിസന്ധിയുമായി ബന്ധപ്പെട്ടിട്ടുള്ളത്. ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി അത്ര സീരിയസ്സായി എടുക്കാത്ത തരത്തിലാണ് ഈ പ്രശ്നത്തെ അദ്ദേഹം കണ്ടത്. തീർച്ചയായിട്ടും അത് ശരിയായ കാര്യമല്ല. കേരളത്തിലെ കൃഷി വകുപ്പുമന്ത്രി ഈ പ്രശ്നത്തെ വളരെ ഗൗരവമായിട്ടാണ് കാണേണ്ടത്. പ്രത്യേകിച്ച് വാണിജ്യ വിളകൾ കൃഷി ചെയ്യാൻ പ്രേരിപ്പിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. കേന്ദ്ര ഗവൺമെൻറ് പ്രേരിപ്പിക്കാൻ കാരണം അവർക്ക് വിദേശ നാണ്യം കിട്ടാനും അതുവഴി വ്യവസായങ്ങൾ നടത്താനുമാണ്. വ്യവസായങ്ങൾ നടത്തുവാനും വിദേശനാണ്യം കിട്ടാനുമുള്ള കൃഷി നടത്താൻ വേണ്ടിയാണ് വിവിധ ബോർഡുകൾ തീരുമാനിച്ചത്. ടീ ബോർഡ് ആണെങ്കിലും റബ്ബർ ബോർഡ് ആണെങ്കിലും സ്പൈസസ് ബോർഡാണെങ്കിലും കോഫീ ബോർഡാണെങ്കിലും അതൊക്കെ തന്നെയാണ് തീരുമാനിച്ചത്. അവർക്ക് ആനുകൂല്യം നേരിട്ട് കൊടുക്കുകയാണ് ചെയ്യുന്നത്. അതെല്ലാം പ്രതിസന്ധിയിൽപ്പെട്ടപ്പോൾ ആസിയാൻ കരാറുണ്ടായ കാലത്ത്, എൽ.ഡി.എഫ് ഗവൺമെൻറിൻെറ കാലത്ത് ഒരു ശിൽപ്പശാല ഇവിടെ നടത്തിയിരുന്നു. ഞാൻ മന്ത്രിയായിരുന്ന കാലത്താണ്, ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്ന കാലത്താണ്. ആ ശിൽപ്പശാലയുടെ

നിർദ്ദേശമനുസരിച്ച് അന്ന് ഒരു ശിപാർശ കേന്ദ്ര ഗവൺമെന്റ് കത്ത് മുഖാന്തിരം കേരളം നൽകിയിരുന്നു ആ കത്തിൽ പറഞ്ഞിരുന്നത്, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിക്ക് അത് പരിശോധിച്ചാൽ അറിയാം എന്നാണ്. WTO സെല്ലാണ് ആ കത്ത് തയ്യാറാക്കിയത്. WTO സെൽ ഉണ്ടാകുന്നത് സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലാണ്. 2001-2002 കാലത്ത് കേരളത്തിൽ ഉണ്ടായ വിലത്തകർച്ചയുമായി ബന്ധപ്പെട്ടാണ് സ്വാമിനാഥൻ കമ്മീഷനെ ആ ഗവൺമെന്റ് രൂപീകരിച്ചത്. ആ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് WTO സെൽ ഉണ്ടാകുന്നത്. കേന്ദ്രത്തിന്റെ ഇറക്കുമതി നയങ്ങളും കരാറുകളും കേരളത്തിലെ വാണിജ്യ കൃഷിയെ എങ്ങനെ ബാധിക്കുന്നു എന്ന് മനസ്സിലാക്കാനും കേരളാ ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുമാണ് WTO സെൽ ഉണ്ടാക്കുന്നത്. കാർഷിക യൂണിവേഴ്സിറ്റിയിൽ വില പ്രവചനാ സംവിധാനം ഉണ്ടാകുന്നതും അതിന്റെ ശിപാർശ അനുസരിച്ചാണ്. WTO സെല്ലിന്റെ ശിപാർശ അനുസരിച്ചാണ് ആ കാലത്ത് കേരളത്തിലെ കൃഷിയെ ബാധിക്കുന്ന എന്തെങ്കിലും ഇറക്കുമതി കേന്ദ്രത്തിന് നടത്തണമെങ്കിൽ കേരളാ ഗവൺമെന്റിനോട് അഭിപ്രായം ചോദിക്കണമെന്ന് ആവശ്യപ്പെട്ടത്. കേരളാ ഗവൺമെന്റിന്റെയും കേന്ദ്ര ഗവൺമെൻറിൻേറയും ഒൻപത് അംഗങ്ങൾ അടങ്ങുന്ന ഒരു റഗുലേറ്ററി അതോറിറ്റി ഉണ്ടാകണമെന്ന് കേരളം ആവശ്യപ്പെട്ടത്. ആ അതോറിറ്റിയിൽ അഞ്ച് അംഗങ്ങൾ സംസ്ഥാന ഗവൺമെന്റ് നിർദ്ദേശിക്കുന്നവരായിരിക്കണമെന്ന് കേരളം ആവശ്യപ്പെട്ടത്. ഇത്ര പ്രതിസന്ധി ഉണ്ടായിട്ടും 2012-13-ലും 2013-14-ലുമാണ് ഏറ്റവും കൂടുതൽ ഇറക്കുമതി ഉണ്ടായിട്ടുള്ളത്. കേന്ദ്രത്തിൻെറ മുൻപിൽ കേരളം ടേക്കപ്പ് ചെയ്തിട്ടുണ്ടോ? അങ്ങ് മറുപടി പറയണം. കേന്ദ്രം തെറ്റാണ് കാണിക്കുന്നത്. കേന്ദ്രം തെറ്റുകാണിക്കുന്നത് ഇപ്പോൾ ശ്രീ. നരേന്ദ്രമോഡി മാത്രമല്ല, കോൺഗ്രസ്സ് ഗവൺമെന്റും ഈ തെറ്റാണ് തുടർന്നത്. കോൺഗ്രസ്സ് യൂദാസിന്റെ പണിയാണ് ചെയ്തതെങ്കിൽ, ഇവർ പീലാത്തോസിൻെറ പണിയാണ് ചെയ്യുന്നത്. കേരളത്തിൽ നാണ്യവിള ചെയ്യുന്ന കർഷകരേയും അതുമായി ബന്ധപ്പെട്ട് നിൽക്കുന്ന ജീവിതങ്ങളേയും മുഖ്യമായി പ്രതിസന്ധിയിൽ ആക്കുകയാണ് രണ്ടുപേരും ചെയ്തത്. പ്രതിസന്ധി എന്ന വാക്ക് എത്രമാത്രം മുഖ്യമന്ത്രിക്കും ധനകാര്യ വകുപ്പുമന്ത്രിക്കും പിടിക്കുമെന്ന് എനിക്ക് അറിയില്ല. വൈഷമ്യം എന്നും ഞെരുക്കം എന്നുമേ അവർ പറയുകയുള്ളൂ. കേരളത്തിലെ കർഷകർക്ക് വൈഷമ്യവും ഞെരുക്കവുമൊന്നുമല്ല, അക്ഷരാർത്ഥത്തിൽ പ്രതിസന്ധി ഒരു ജീവിത ദുരന്തമായി മാറിയിട്ടുണ്ട്. ആ ജീവിത ദുരന്തത്തെ യഥാർത്ഥത്തിൽ അഡ്രസ്സ് ചെയ്യാൻ കേരളത്തിന് കഴിഞ്ഞോ? അത് ബന്ധപ്പെട്ട കേന്ദ്ര ഗവൺമെന്റിനു മുൻപിൽ തിരുത്താൻ ആവശ്യമായ സമ്മർദ്ദം ചെലുത്താൻ കഴിഞ്ഞോ? ഇതിൽ ശ്രീ. കെ. പി. മോഹനന്റെ പാർട്ടിയുടെ നേരത്തേ ഉള്ള

അഭിപ്രായം എനിക്കറിയാം ഇപ്പോൾ എന്താണ് എന്നത് എനിക്ക് കൃത്യമായി അറിയില്ല. ഇവിടെ ചെലുത്തുന്ന സമ്മർദ്ദം അനുസരിച്ചാണെങ്കിൽ പഴയ അഭിപ്രായവും അങ്ങയുടെ ഇപ്പോഴത്തെ അഭിപ്രായവും തമ്മിൽ ഒരു ബന്ധവുമില്ല. തേയിലയാണെങ്കിലും റബ്ബറാണെങ്കിലും ഏലമാണെങ്കിലും മറ്റ് സ്പൈസസ് ആണെങ്കിലും കേരളത്തിൽ നേരിടുന്ന ഈ പ്രശ്നത്തിന് നാളെ കേരളത്തിലെ തേയില കർഷകരും തേയില തൊഴിലാളികളും അതിന്റെ യൂണിയനുകളും ആൾ ഇന്ത്യാ തലത്തിൽ സെൻട്രലിൽ പാർലമെന്റിന്റെ മുൻപിലും കേരളത്തിൽ രാജ്ഭവന മുൻപിലും സ്ട്രൈക്ക് നടത്തും. അവർ ഇവിടെ വന്ന് മുഖ്യമന്ത്രിക്കും കൃഷി, തൊഴിൽ വകുപ്പുമന്ത്രിമാർക്കും ബന്ധപ്പെട്ടവർക്കുമെല്ലാം നിവേദനം കൊടുത്തിട്ടുണ്ട്. കേരളത്തിൽ തേയില ഇത്രയും പ്രതിസന്ധിയിൽ ആകുമ്പോൾ, കേരളത്തിലെ റബ്ബർ ഇത്രയും പ്രതിസന്ധിയിൽ ആകുമ്പോൾ, കേരളത്തിൽ കാർഷിക കടാശ്വാസ കമ്മീഷൻ ഉണ്ട്. ഈ കാർഷിക കടാശ്വാസ കമ്മീഷൻ എന്താണ് ഇതിനെതിരെ സ്വീകരിച്ചത് ; ഏതെങ്കിലും പഠനം നടത്തിയിട്ടുണ്ടോ? കേരളത്തിലെ ഏതെങ്കിലും ഒരു വിളയെ ദുരിതവിളയായി പ്രഖ്യാപിക്കുവാനുള്ള അവസരം കേരളത്തിലെ കർഷക കടാശ്വാസ കമ്മീഷന് ഉണ്ട്. ഇടുക്കി ജില്ലയെ വേണമെങ്കിൽ ദുരിത ജില്ലയായി പ്രഖ്യാപിക്കാനുള്ള അവകാശം കാർഷിക കടാശ്വാസ കമ്മിഷനുണ്ട്. ഇടുക്കി ജില്ലയിൽ തേയില കർഷകർ എടുത്ത ലോൺ തിരിച്ചടയ്ക്കാതിരിക്കാൻ അവർ നടപ്പാക്കിയ വിധിപോലും ഗവൺമെന്റ് ഫണ്ട് ബാങ്കുകൾക്ക് കൊടുക്കാത്തതു കൊണ്ട് നടപ്പാക്കാൻ കഴിയുന്നില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നു മാത്രമല്ല, ആ കർഷകർ ജപ്തി നടപടികൾ നേരിടുകയാണ്. കേരളം എത്ര ഗൗരവമായിട്ടാണ് ഈ സംഗതികളെ സമീപിച്ചിട്ടുള്ളതെന്ന് ഇതിൽനിന്നെല്ലാം വ്യക്തമാണ്. ഇപ്പോൾ റബ്ബർ കർഷകർക്ക് ദുരന്തമുണ്ടെന്ന് എല്ലാപേർക്കുമറിയാം. ശ്രീ. പി. സി. ജോർജ്ജും ഞാനും കൂടി എന്റെ മണ്ഡലത്തിലെ ചണ്ണാപ്പേട്ട എന്ന സ്ഥലത്ത് ഒരു വായനശാലയുടെ ആഭിമുഖ്യത്തിൽ നടത്തിയ റബ്ബർ കർഷകരുമായി ബന്ധപ്പെട്ട ഒരു സെമിനാറിൽ പങ്കെടുത്തു. ആ സെമിനാറിൽ ശ്രീ. പി. സി. ജോർജ്ജും ശ്രീ. കെ. ബാബുവും പറഞ്ഞു കുടി കുറഞ്ഞെന്ന്. അദ്ദേഹം പറഞ്ഞത് കുടി കുറഞ്ഞതിന് കാരണം കർഷകന്റെ കയ്യിൽ കാശില്ലാത്തതുകൊണ്ടാണെന്നാണ്. കാശില്ലാത്തതിന് കാരണം റബ്ബറിന് വിലയില്ലാത്തതുകൊണ്ടാണ്. റബ്ബറിന് വിലയില്ലാത്തതിന് കാരണം കേന്ദ്രത്തിന്റെ നയം കൊണ്ടാണ്. അത് തിരുത്താൻ പറ്റാത്തതുകൊണ്ടാണ് ഇതൊക്കെ സംഭവിച്ചത്. കേരളത്തിന്റെ ചീഫ് വിപ്പിനു പോലും ഇതാണ് അഭിപ്രായമെങ്കിൽ കേരളത്തിലെ പ്രതിസന്ധി എത്രയാണ് ? ഓരോ ടയർ കമ്പനിയുടേയും ലാഭത്തിന്റെ കണക്ക് ഇപ്പോൾ വന്നിട്ടുണ്ട്. ആ ലാഭത്തിന്റെ കണക്ക് ഭയങ്കരമായി കൂടിയിട്ടുണ്ട്. അതിന്റെ അർത്ഥം അവർക്ക് എത്രയാണോ കൂടിയത് അത് കേരളത്തിലെ 12 ലക്ഷം റബ്ബർ കർഷകന്റെ നഷ്ടമാണ്.

<u>ശ്രീ. പി. സി. ജോർജ്</u> : സർ,12 ലക്ഷമല്ല ,13.5 ലക്ഷമാണ്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, എങ്കിൽ 13.5 ലക്ഷം റബ്ബർ കർഷകന്റെ നഷ്ടമാണിത്. റബ്ബർ ടാപ്പിംഗ് നടത്തി ജീവിക്കുന്ന പതിനായിരക്കണക്കിന് തൊഴിലാളികളുണ്ട്. ശ്രീ. കെ. കെ. ജയചന്ദ്രനും ശ്രീമതി ഇ. എസ്. ബിജിമോൾക്കുമൊക്കെ അറിയാം. തേയിലനുള്ളി കുട്ടയിൽ ചുമന്നുനടന്ന് വിൽക്കാൻ പറ്റാതെ വീട്ടിൽ വന്ന് അത്താഴം മുടങ്ങിയിരിക്കുന്ന എത്ര കുടുംബങ്ങൾ ഇടുക്കിയിലും പീരുമേട്ടിലും മൂന്നാറിലുമുണ്ട്. ഈ സംസ്ഥാനത്ത് നാണ്യവിളയും അതുമായി ബന്ധപ്പെട്ട കേന്ദ്ര ഗവൺമെന്റിന്റെ നിർദ്ദേശവും കണ്ട് കൃഷി ചെയ്യുവൻ ആത്മഹത്യയുടെ മുനമ്പിലാണ്. ആത്മഹത്യയില്ലായെന്ന് പറഞ്ഞാൽ അത് സീരിയസ്സായി എടുക്കരുത് എന്നുപറഞ്ഞ് അദ്ദേഹം നിർദ്ദേശം വച്ചു. അതുകൊണ്ട് ആത്മഹത്യയുടെ കാര്യം ഞാൻ പിന്നെ പറയാം.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : പ്ലീസ് കൺക്ലൂഡ് ..

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : സർ ഞാൻ പറഞ്ഞു തീരട്ടെ, ഈ പ്രശ്നങ്ങളിൽ ഞങ്ങൾക്ക് ചില നിർദ്ദേശങ്ങളുണ്ട്. ഒന്നാമത്തെ നിർദ്ദേശം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് WTO സെല്ലിന്റെ നിർദ്ദേശ പ്രകാരം, ഇപ്പോഴുമുണ്ട് WTO സെല്ലിന്റെ പ്രവർത്തനം. കേരളത്തിന്റെ മുഖ്യമായ നാണ്യവിളകൾ ഇറക്കുമതി ചെയ്യുണമെങ്കിൽ ആ ഇറക്കുമതി ചെയ്യുന്നതെത്ര; അതിന്റെ ചുങ്കമെത്ര; അത് ആർക്ക് വിതരണം ചെയ്യുന്നു; അത് എങ്ങനെ മോണിറ്റർ ചെയ്യുന്നു; ഈ കാര്യങ്ങളിൽ സംസ്ഥാനവും കേന്ദ്രവും ചേർന്ന ഒൻപതംഗ കമ്മിറ്റിയുണ്ട്. അതിൽ അഞ്ച് പേർ സംസ്ഥാന ഗവൺമെന്റ് നിർദ്ദേശിക്കുന്നവരായിരിക്കണമെന്ന് സംസ്ഥാന ഗവൺമെന്റിന്റെ അഭ്യർത്ഥന കത്തായി കൊടുത്തിട്ടുണ്ട്. ആ വിഷയം ടേക്കപ്പ് ചെയ്യണം. രണ്ടാമത്തെ വിഷയം, കേരളത്തിലെ റബ്ബർ കർഷകരെ മുഴുവൻ ദുരന്തബാധിത കർഷകരായി പ്രഖ്യാപിക്കണം. കടാശ്വാസ കമ്മിഷൻ അംഗീകരിക്കുന്ന എല്ലാ ആനുകൂല്യങ്ങളും അവർക്ക് നൽകുകയും അവരുടെ കടത്തിന് മൊറട്ടോറിയം പ്രഖ്യാപിക്കുകയും വേണം. കേരളത്തിലെ ചെറുകിട തേയില കർഷകരെയും തേയില തൊഴിലാളികളെയും മുഴുവൻ ദുരന്തബാധിത കർഷകരായി പ്രഖ്യാപിക്കണം. ഇടുക്കി ജില്ലയെ മൊത്തമായി ദുരന്ത ബാധിത ജില്ലയായി പ്രഖ്യാപിക്കണം. അവരുടെ കടത്തിന് മോറട്ടോറിയം പ്രഖ്യാപിക്കുകയും എഴുതിത്തള്ളാവുന്നിടത്തോളം കടങ്ങൾ എഴുതിത്തള്ളുകയും വേണം. മൂന്നാമത്തെ പ്രശ്നം, കേന്ദ്ര ഗവൺമെന്റിന്റെ മുന്നിൽ, നാണ്യവിളകളുടെ കാര്യത്തിൽ കേരളം ഒരു ദുരിത ബാധിത പ്രദേശമാണെന്ന് പ്രഖ്യാപിക്കുന്ന തരത്തിൽ കേന്ദ്രത്തോട് ആവശ്യപ്പെടണം.

രണ്ടുതരം ദുരന്തമുണ്ടാകാറുണ്ട്. ഒന്ന് പ്രകൃതി ഉണ്ടാക്കുന്ന ദുരന്തം. ആന്ധ്രയിലും ഒഡീഷയിലും ഉണ്ടായ ദുരന്തത്തിന് ആയിരക്കണക്കിന് കോടി രൂപ കേന്ദ്രം കൊടുത്തു. ഇത് കേന്ദ്രവും സംസ്ഥാനവും കൂടി ഉണ്ടാക്കിയ ദുരന്തമാണ്. അങ്ങനെയുണ്ടാക്കിയ ദുരന്തത്തിൽ ദുരന്തബാധിത മേഖലയായി പ്രഖ്യാപിച്ച് അതിന്റെ ആനുകൂല്യം കൊടുത്ത് ഇതിൽ അടിയന്തരമായി ഇടപെടാനും അതിനൊരു പാക്കേജ് കേന്ദ്രത്തോട് ആവശ്യപ്പെടാനും കേന്ദ്രം പാക്കേജ് പ്രഖ്യാപിച്ചില്ലെങ്കിലും സംഭരണതത്വം എന്നൊക്കെ പറയുന്നത് സത്യത്തിൽ നടപ്പാവുന്നില്ലായെന്ന് എല്ലാപേർക്കും അറിയാം.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ് ...

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, ആ സംഭരണത്തിന്റെ കാര്യത്തിൽ ശ്രീ. എം. എസ്. സ്വാമിനാഥൻ പറഞ്ഞിട്ടുള്ളത് സംഭരണം എന്നുപറഞ്ഞാൽ ആദ്യം തറവില നിശ്ചയിക്കണം. തറവിലയെന്ന് പറഞ്ഞാൽ ഉൽപ്പാദനച്ചെലവും 50 ശതമാനം ലാഭവും ചേർന്നതാണ് തറവിലയെന്ന് അദ്ദേഹം പ്രഖ്യാപിച്ചിട്ടുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ് ....

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, അങ്ങനെയൊരു തറവില റബ്ബറിന്റെയും തേയിലയുടെയും ഏലത്തിന്റെയും മറ്റ് ഉൽപ്പന്നങ്ങളുടെയും കാര്യത്തിൽ പ്രഖ്യാപിച്ച് ആ പ്രഖ്യാപിക്കുന്ന കാശ് കേന്ദ്രത്തിൽ നിന്നും വാങ്ങാനും അവർ തന്നില്ലെങ്കിൽ അഡ്വാൻസായി നടപ്പാക്കാനും സംസ്ഥാനം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് ഇതൊരു വലിയ പ്രശ്നമായതുകൊണ്ട് സഭ നിർത്തിവച്ച് അടിയന്തരമായി ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് അവസാനിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ബഹുമാനപ്പെട്ട മുൻ കൃഷി വകുപ്പുമന്ത്രി ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞ ആ നല്ല നിർദ്ദേശങ്ങളൊക്കെ എന്തായാലും പാലിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്, പാലിക്കപ്പെടാനുള്ള അവസരവും ഉണ്ടാക്കി കൊടുക്കുന്നതാണ്. ഇതിൽ വളരെ പ്രധാനപ്പെട്ടതായി പറയാനുള്ളത്, ദുരന്ത ജില്ലയായി പ്രഖ്യാപിക്കണമെന്നത് കടാശ്വാസ കമ്മീഷനിൽ സമ്മർദ്ദം ചെലുത്തിയാൽപ്പോലും നടക്കാൻ സാധിക്കാത്തതാണ്. അതിനുവേണ്ടിയുള്ള സമ്മർദ്ദങ്ങൾ നമുക്കു ചെലുത്താം. പക്ഷേ ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞ പ്രധാനപ്പെട്ട കാര്യങ്ങളൊക്കെതന്നെ പുതിയ കാർഷിക നയത്തിൽ ഉണ്ട്. കാരണം റബ്ബർ എന്ന് പറയുന്നത് കൃഷി അല്ല. 2002-ലെ SARFAESI (The Securitisation and Reconstruction of Financial Assets and Enforcement of Security Interest Act, 2002) ആക്ട്

പ്രകാരം വായ്പയുടെ തിരിച്ചടവ് ഉറപ്പ് വരുത്തുന്നതിനാണ് 2002-ലെ SARFAESI ആക്ട്. റബ്ബർ ഒരു കാർഷിക വിളയായി പരിഗണിക്കാത്തതിനാൽ റബ്ബർ കർഷകർക്ക് കാർഷിക മേഖലയിലെ വായ്പയുടെ പരിരക്ഷ ലഭിക്കുന്നില്ല. ആയതിനാൽ റബ്ബർ വിളയെ ഒരു കാർഷിക വിളയായി പരിഗണിക്കാനും റബ്ബർ കർഷകർക്ക് മറ്റ് കർഷകരെ പോലെ വായ്പ ലഭിക്കുന്നതിനുള്ള എല്ലാ പരിരക്ഷയും ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയിട്ടുണ്ട്. കൂടാതെ നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ SARFAESI ആക്ടിൽ റബ്ബർ കൃഷിയേയും ഉൾപ്പെടുത്തണമെന്ന് പറഞ്ഞുകൊണ്ട് സുപ്രീംകോടതിയിൽ കത്ത് കൊടുത്തിട്ടുണ്ട്. ഇതൊക്കെതന്നെ ചെയ്തുകൊണ്ടിരിക്കുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിയെ കാണുകയും റബ്ബറിന്റെ കാര്യത്തിൽ പത്തോളം ആവശ്യങ്ങൾ സമർപ്പിക്കുകയും ചെയ്തു. അതോടൊപ്പംതന്നെ കഴിഞ്ഞ രണ്ട് ദിവസമായി റബ്ബർ കൂടുതൽ എങ്ങനെ സംഭരിക്കാമെന്നും അതിന്റെ വില കൂട്ടാനുംവേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിക്കാമെന്നും മുൻനിർത്തി രണ്ടുമൂന്ന് യോഗങ്ങൾ നടന്നു. ഇന്നലെയും ഇതുമായി ബന്ധപ്പെട്ട് ഒരു യോഗം നടന്നു. അതിൽ ഏറ്റവും പ്രധാനപ്പെട്ട തീരുമാനം ആഭ്യന്തര വിപണിയിൽനിന്നും റബ്ബർ വാങ്ങാൻ ടയർ വ്യവസായികളോട് നിർദ്ദേശിക്കുവാനും ഇറക്കുമതി ചെയ്യുന്നതിന് പകരം ഇവിടെ തന്നെ ഉൽപ്പാദിപ്പിക്കുന്ന റബ്ബർ വാങ്ങുവാൻ നിർദ്ദേശിക്കുകയും റോഡ് നിർമ്മാണത്തിന് ബിറ്റുമിനോടൊപ്പം റബ്ബർ പാൽ കൂടി ഉപയോഗിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെടുവാനും തീരുമാനിച്ചു. റബ്ബറിന്റെ ഇറക്കുമതി തടയണമെന്ന ആവശ്യത്തിന്മേൽ പ്രധാനമന്ത്രിയിൽനിന്നും ലഭിച്ച മറുപടി റബ്ബർ സ്റ്റോക്കിന്റെയും കമ്മിയുടെയും കണക്കുകൾ ശരിയല്ലായെന്ന പരാതി കാരണം ഈ പ്രശ്നം പരിഹിരിക്കുന്നതിന് നിർദ്ദേശം നൽകുവാൻ എക്സ്പെർട്ട് കമ്മിറ്റി ഓൺ റബ്ബർ പോളിസിയുടെ കീഴിൽ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്, റബ്ബർ വ്യവസായത്തെ 'മേക്ക് ഇൻ ഇൻഡ്യ' പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാണ് മുഖ്യമന്ത്രി ആവശ്യപ്പെട്ടിരിക്കുന്നത്. ഈ ആവശ്യം പരിഗണിക്കാൻ കേന്ദ്ര വാണിജ്യ വകുപ്പ് കേന്ദ്ര വ്യവസായ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റബ്ബർ ഷീറ്റിന്റെയും റബ്ബർ ഉൽപ്പന്നങ്ങളുടെയും ഇറക്കുമതിച്ചുങ്കം എട്ട് ശതമാനത്തിൽ നിന്നും 40 ശതമാനമായി വർദ്ധിപ്പിക്കുക, റബ്ബർ ആക്ടിൽ ഭേദഗതി വരുത്തി സ്വാഭാവിക റബ്ബറിന്റേതുപോലെ സിന്തറ്റിക് റബ്ബറിനും കിലോയ്ക്ക് രണ്ടുരൂപ നിരക്കിൽ സെസ് ഏർപ്പെടുത്തുക, സ്വാഭാവിക റബ്ബറിന്റെ ഉപയോഗം റോഡ് ടാറിംഗ് ഉൾപ്പെടെയുള്ള ആവശ്യത്തിന് തദ്ദേശീയമായി വർദ്ധിപ്പിക്കുക, ബ്ലോക്ക് റബ്ബറിന്റെ ഇറക്കുമതി ചുങ്കം 40 ശതമാനമായി വർദ്ധിപ്പിക്കുക എന്നീ ആവശ്യങ്ങൾ എക്സ്പെർട്ട് കമ്മിറ്റി ഓൺ റബ്ബർ പോളിസിയിൽ ചർച്ച ചെയ്യുന്നതാണ്. റബ്ബർ

ഉൽപ്പാദനം വർദ്ധിപ്പിക്കാൻ റബ്ബർ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി റബ്ബർ ബോർഡ് മുഖാന്തരം നിലവിൽ പ്ലാന്റേഷൻ സബ്സിഡി സ്കീമുണ്ട്. അത് നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. സ്വാഭാവിക റബ്ബറിന് വില സ്ഥിരത ഏർപ്പെടുത്താൻ അനുയോജ്യമായ പദ്ധതി രൂപീകരിക്കുക എന്ന നിർദ്ദേശം റബ്ബർ ഉൾപ്പെടെയുള്ള എല്ലാ ഉൽപ്പന്നങ്ങൾക്കും ഏർപ്പെടുത്തുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുണ്ട്. റബ്ബർത്തടിയെ കാർഷികോൽപ്പന്നമായി പരിഗണിച്ച് എക്സൈസ് ഡ്യൂട്ടിയിൽനിന്നും ഒഴിവാക്കുന്നതിന് കേന്ദ്ര ധനകാര്യ വകുപ്പിനോട് കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുണ്ട്. സ്വാഭാവിക റബ്ബർ പോളിസി രൂപീകരണ കമ്മിറ്റിയിൽ കൂടുതൽ കർഷകരുടെ പ്രാതിനിധ്യം ഉറപ്പാക്കുക. 36 അംഗങ്ങളുള്ള എക്സ്പേർട്ട് കമ്മിറ്റി ഓൺ റബ്ബർ പോളിസിയിൽ നിലവിൽ 5 കർഷക പ്രതിനിധികളുണ്ട്. ആവശ്യമെങ്കിൽ ഈ കമ്മിറ്റിയിൽ കൂടുതൽ അംഗങ്ങളെ നിയമിക്കുന്നതിനുള്ള അധികാരവുമുണ്ട്. കേരളത്തിന്റെ അഭിപ്രായം അറിയണമെന്ന് പറഞ്ഞിട്ടുണ്ട്. ഇപ്പോഴത്തെ കേന്ദ്രമന്ത്രി ഇതിന്റെ കാര്യങ്ങളെക്കുറിച്ച് അന്വേഷിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകാനും ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച നിർദ്ദേശങ്ങളടക്കം കൂടുതൽ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് കേരളത്തിന്റെ തനതായ മൂല്യമുള്ള നാണ്യവിളകൾക്ക് കൂടുതൽ വില ലഭിക്കാനും കർഷകരെ സഹായിക്കാനും വേണ്ടി എല്ലാ അർത്ഥത്തിലും സർക്കാർ ഇടപെടുന്നുണ്ട്. ഇനിയും ഇടപെട്ടുകൊണ്ടിരിക്കും. അതിനാൽ ഈ കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കേരളത്തിലെ ഏതാണ്ട് മൂന്നിൽ രണ്ട് വിഭാഗം ജനങ്ങളെ ബാധിക്കുന്ന അത്യന്തം ഗൗരവകരമായ ഒരു പ്രശ്നമാണ് ഇത്. തേയിലയുടെയും റബ്ബറിന്റെയും മറ്റ് കാർഷിക ഉൽപ്പന്നങ്ങളുടെയുമെല്ലാം വിലയിടിവുമൂലം കേരളത്തിലെ കാർഷിക സമൂഹമാകെ തന്നെ ദുരിതത്തിലായിരിക്കുകയാണ്. അതിന്റെ സീരിയസ്നസ് മനസ്സിലാക്കി സംസ്ഥാന ഗവൺമെന്റ് നടപടികൾ സ്വീകരിക്കാനോ കേന്ദ്രത്തെക്കൊണ്ട് നടപടി സ്വീകരിപ്പിക്കാനോ ആവശ്യമായ യാതൊരു കാര്യവും ഈ ഗവൺമെന്റിന് ചെയ്യാൻ കഴിഞ്ഞിട്ടില്ലായെന്നുള്ള ദയനീയമായ സത്യം മറച്ചുവച്ചുകൊണ്ട് സംസ്ഥാന ഗവൺമെന്റ് അത് ചെയ്യുന്നു, ഇത് ചെയ്യുന്നു, കേന്ദ്ര ഗവൺമെന്റ് അതിന് വാക്ക് പറഞ്ഞിട്ടുണ്ട് എന്നിങ്ങനെയുള്ള പുറംമേനി നടിച്ച് കൃഷിക്കാരുടെ

ദുരിതമയമായ ജീവിതത്തിന്റെ കാഠിന്യം കുറച്ച് കാണിച്ച് ഇതിൽനിന്ന് തടിതപ്പാനാണ് സംസ്ഥാന ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഗവൺമെന്റിന്റെ ഈ തെറ്റായ നടപടിയെ തുറന്നുകാട്ടുകയും കൃഷിക്കാരുടെ ദുരിതത്തെപ്പറ്റി കരുണയില്ലാത്ത സംസ്ഥാന ഗവൺമെന്റിന്റെയും കേന്ദ്ര ഗവൺമെന്റിന്റെയും നയങ്ങളെ തുറന്ന് എതിർക്കുകയുമാണ് ചെയ്യേണ്ടത്. അത് മനസ്സിലാക്കാൻ കഴിയാത്ത മന്ത്രിമാരും ഗവൺമെന്റും ഈ സഭ നിർത്തിവച്ച് ചർച്ച ചെയ്യുകയാണ് വേണ്ടത്. തേയിലയുടെയും റബ്ബറിന്റെയും കൃഷിക്കാരെല്ലാം അനുഭവിച്ചു കൊണ്ടിരിക്കുന്ന സ്ഥിതിയെപ്പറ്റി സഭ നിർത്തിവച്ച് ചർച്ച ചെയ്യാനുള്ള അവസരം 141 നിയോജക മണ്ഡലങ്ങളിലെ എം.എൽ.എ.-മാർക്കും കൊടുത്താൽ നിങ്ങൾക്ക് ഇതിന്റെ ഭീകരത മനസ്സിലാക്കാൻ കഴിയും. അതിന് നിങ്ങൾ തയ്യാറല്ല. കാര്യങ്ങളെല്ലാം ഭംഗിയായി നടക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ബോദ്ധ്യപ്പെടുത്തിയതിനാൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ലയെന്നുള്ള നിഗമനത്തിലാണ് എത്തിച്ചേർന്നിരിക്കുന്നത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോൾ ആത്മഹത്യയുടെ പെരുന്നാളായിരുന്നു വെന്നും മന്ത്രി പറയുകയുണ്ടായി. ആത്മഹത്യയെപ്പറ്റിയുള്ള ഒരു ചിന്തയും ഇപ്പോഴില്ല. ഈ ഹീനമായ സമീപനത്തിൽ ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി).

ശ്രീ. സി. ദിവാകരൻ: സർ, അടിയന്തര പ്രമേയത്തിലൂടെ ഉന്നയിച്ച വളരെ പ്രധാനപ്പെട്ട രണ്ട് കാര്യങ്ങൾ ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി അംഗീകരിച്ചുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കാർഷിക മേഖലയിൽ അതീവ ഗുരുതരമായ പ്രതിസന്ധി നിലനിൽക്കുകയാണ്. അതിന്റെ ഫലമായി ലക്ഷക്കണക്കിന് കർഷക കുടുംബങ്ങൾ വഴിയാധാരമായിരിക്കുകയാണ്. അവർക്ക് സഹായം കിട്ടുന്ന എല്ലാ ഏജൻസിയുടെയും പ്രവർത്തനങ്ങൾ നിശ്ചലമാണ്. കർഷക കടാശ്വാസ ബില്ലിന് ആവശ്യമായ സാമ്പത്തിക സഹായമില്ലാത്തതു കൊണ്ട് കൃഷിക്കാരുടെ കടങ്ങൾ എഴുതിത്തള്ളാൻ കഴിയുന്നില്ല. വായ്പ കൊടുക്കാൻ കഴിയുന്നില്ല. മറ്റ് സാമ്പത്തിക ആശ്വാസ നടപടികളൊന്നും എടുക്കുന്നില്ല. അതിന്റെ അന്ത്യകൂദാശ കഴിഞ്ഞിരിക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആവിഷ്കരിച്ച, ഇന്ത്യയ്ക്ക് മാതൃകാപരമായ ഒരു കർഷക കടാശ്വാസ നിയമമായിരുന്നു. ആ നിയമത്തിന്റെയും കഥ കഴിഞ്ഞു. നമ്മുടെ തോട്ടം മേഖലകളിലെ രണ്ടുലക്ഷത്തിലേറെ തൊഴിലാളികൾ ഭീകരാവസ്ഥ നേരിടുകയാണ്.

തോട്ടം മേഖലകളിൽ സ്ഫോടനാത്മകമായ രീതിയിൽ അവിടെ എന്തും സംഭവിക്കുമെന്ന തരത്തിലാണ് നടക്കുന്നത്. അത് കാർഷിക മേഖലയല്ലേ; നമ്മുടെ നാളികേര കൃഷിക്കാരുടെ കഥ കഴിഞ്ഞില്ലേ? അടയ്ക്കാ കൃഷിക്കാർ അങ്ങയുടെ നാട്ടുകാരാണല്ലോ. കാസർഗോഡുള്ള അടയ്ക്കാ കൃഷിക്കാരുടെയും കശുമാവ് കൃഷിക്കാരുടെയും സ്ഥിതി എന്താണ്? ഇതൊക്കെ ഗുരുതരമായ അവസ്ഥയല്ലേ? കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലൊടിയുകയാണ്. കേരളത്തിലെ കാർഷിക രംഗത്തുണ്ടായിക്കൊണ്ടിരുന്ന ഉൽപ്പാദനവും വരുമാനവും ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. കാർഷിക മേഖലയിൽ കേരളം കഴിഞ്ഞ കാലത്ത് കൈവരിച്ച നേട്ടങ്ങളെല്ലാം തീർന്നിരിക്കുകയാണ്. കഴിഞ്ഞ കാലങ്ങളിൽ കാർഷിക രംഗത്താണ് നമ്മൾ കുറച്ച് മുന്നോട്ടുപോയത്. നെല്ലുൽപ്പാദനം വർദ്ധിപ്പിച്ചു. നെൽക്കൃഷിക്കാരുടെ സ്ഥിതി എന്താണ്? നെല്ല് സംഭരിച്ചതിന്റെ പൈസ കൊടുക്കുകയില്ല. അവർക്ക് അടുത്ത കൃഷി ചെയ്യാൻ സാധിക്കുന്നില്ല. അവർ വായ്പയെടുത്തതാണ്. അതിന് പലിശ കൊടുക്കണം. നിങ്ങളുടെ കയ്യിലാണ് കാശുള്ളത്. നിങ്ങൾ നെല്ല് സംഭരിക്കുകയും വിതരണം ചെയ്യുകയും ചെയ്തു. ഇപ്പോൾ നെൽക്കൃഷിക്കാരന് പൈസയില്ല. ചെറുകിട കർഷകർ സാർവ്വത്രികമായി ആത്മഹത്യ ചെയ്തില്ലായെന്ന് ബഹുമാനപ്പെട്ട മന്ത്രി കെ. പി. മോഹനൻ പറഞ്ഞല്ലോ. 40 പേർ മാത്രമേയുള്ളൂവെന്ന് ഇടക്ക് പറഞ്ഞു. നമ്മുടെ കാലത്ത് ഒരുപാട് ആളുകളുണ്ടായിരുന്നു. ഞങ്ങളുടെ കാലത്ത് ശ്രീ. കെ. പി. മോഹനൻ എന്റെ കൂടെ ഇരിക്കുകയായിരുന്നു. ഇപ്പോഴാണ് അപ്പുറത്ത് പോയത്. അപ്പുറത്ത് പോയതുകൊണ്ട് ആത്മഹത്യ കുറഞ്ഞു. ഞങ്ങൾ ആത്മഹത്യയ്ക്ക് പ്രേരിപ്പിക്കുമെന്ന് പറഞ്ഞാൽ, പ്രേരണാകുറ്റം വലിയ കുറ്റമാണ്. ഞങ്ങളുടെ പേരിൽ കൊലക്കുറ്റത്തിന് കേസെടുക്കണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ പറഞ്ഞിരിക്കുന്നത്. അങ്ങനെയൊക്കെ പറഞ്ഞ് തടിതപ്പാമോ? കേരളത്തിലെ കാർഷിക മേഖലയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി കെ. പി. മോഹനൻ ഗൗരവമായി ചിന്തിക്കണം. നിങ്ങളുടെ പാർട്ടി ചെയർമാനുണ്ടല്ലോ. അദ്ദേഹത്തോട് ചോദിക്കണം. അദ്ദേഹത്തിന് കാർഷിക മേഖലയെപ്പറ്റി നന്നായിട്ടറിയാം. വയനാട്ടിലെ കാർഷിക മേഖലയുടെ ഗതി ഇപ്പോൾ എന്താണ്; അവിടത്തെ കുരുമുളക് കൃഷിക്കാരുടെ ഗതി എന്താണ്? അവരുടെ കാര്യങ്ങൾ അതീവ കഷ്ടമാണ്. അവർക്ക് വായ്പയില്ല, യാതൊന്നുമില്ല.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഇന്ന് ഏറ്റവും കൂടുതൽ വിലയുള്ളത് കറുത്ത പൊന്ന് എന്നറിയപ്പെടുന്ന കുരുമുളകിനാണ്. അതുകൊണ്ട് വയനാട്ടിലെ കർഷകരൊക്കെ സന്തോഷത്തിലാണ്. .....(ബഹളം)....... എത്ര വേണമെന്ന് പറഞ്ഞാൽ ഞാൻ എത്തിച്ചുതരാം.

ശ്രീ. സി. ദിവാകരൻ: സർ, ബഹുമാനപ്പെട്ട മന്ത്രി, കുരുമുളകിന് മാർക്കറ്റിൽ ചെറിയൊരു മാറ്റം വന്നു. വില കൂടി. അപ്പോൾ റബ്ബറിന്റെ കാര്യമോ? അതോടുകൂടി കേരളം തീർന്നില്ലേ? കേരളത്തിന്റെ കാർഷിക മേഖല മുഴുവൻ റബ്ബറിലേക്ക് ഡൈവെർട്ട് ചെയ്തുപോയതല്ലേ? കേരളത്തിലെ ജനങ്ങളെ കണ്ണീർ കുടിപ്പിക്കാനാണ് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ ശക്തമായ നടപടിയെടുക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി കത്തയച്ചുവെന്ന് പറഞ്ഞു. അവിടെ ഭരണം മാറി. അവിടെ ശ്രീ. നരേന്ദ്ര മോദിയാണ് ഇരിക്കുന്നത്, ശ്രീ. മൻമോഹൻ സിംഗ് അല്ല. നിങ്ങൾ ഇവിടെനിന്ന് കത്തയച്ചാൽ കത്ത് ചവറ്റുകുട്ടയിൽ പോകും. കേരളത്തിലെ കാർഷിക പ്രതിസന്ധി പരിഹരിക്കാൻ വമ്പിച്ച തോതിൽ കർഷകരേയും പൊതുജനങ്ങളേയും ഇടത്തരം കൃഷിക്കാരേയും സംഘടിപ്പിച്ചുകൊണ്ട് പ്രതിപക്ഷവും ഭരണപക്ഷവും ചേർന്ന് കേരളത്തിന്റെ ജനകീയ പ്രക്ഷോഭത്തിന് നിങ്ങൾ തയ്യാറാണോ? അല്ലാതെ ഈ കേന്ദ്ര ഗവൺമെന്റ് കാർഷികനയം മാറ്റുകയില്ല. കേന്ദ്ര ഗവൺമെന്റിന്റെ നടപടികളാണ് ഇന്ന് ഇതിന്റെ നട്ടെല്ലൊടിച്ചത്. കഴിഞ്ഞ കാലത്തും അതായിരുന്നു. ഇപ്പോഴും അത് തുടരുന്നു. അതുകൊണ്ട് ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായിരുന്നു. ചർച്ച ചെയ്യാൻ ഗവൺമെന്റ് വിസമ്മതിക്കുന്നു. അതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി).

10.00 AM]

ശ്രീ. സി. കെ നാണു: സർ, അദ്ദേഹം അടിയന്തരപ്രമേയം അവതരിപ്പിച്ച അവസരത്തിൽ മാത്രമാണ് നമ്മുടെ റബ്ബറിന്റെ വിലയിടിവിനെ സംബന്ധിച്ചും തേയിലയുടെ വിലയിടിവിനെ സംബന്ധിച്ചും കുരുമുളകിന് വില വർദ്ധിച്ചെങ്കിലും കുരുമുളകു ചെടിയുടെ 90 ശതമാനവും കേരളത്തിലുടനീളം ഉണങ്ങിയതിനെ സംബന്ധിച്ചും ഗൗരവമായി ഈ നിയമസഭയിൽ രണ്ടുവാക്ക് പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും റബ്ബർ മേഖലയിൽ നിന്നാണ് വരുന്നത്. റബ്ബർ ഇറക്കുമതി ചെയ്യുന്നതിന്റെ ഫലമായി കേരളത്തിൽ റബ്ബറിന്റെ വില കുറയുന്നു. ആ ഇറക്കുമതി നിയന്ത്രിക്കുവാൻ ഫലപ്രദമായ നടപടിയെടുക്കുന്നതിനുവേണ്ടി ഭരണ-പ്രതിപക്ഷ കക്ഷികളെ ഉൾപ്പെടുത്തി ഈ നിയമസഭയിൽ ഒരു പ്രമേയം അംഗീകരിക്കണം. ശ്രീ. മൻമോഹൻസിംഗ് ഭരിച്ച കാലത്തും ഈ അവസരത്തിലും കേരളത്തിലെ കർഷകരുടെ താല്പര്യങ്ങൾ ഇൻഡ്യാ ഗവൺമെന്റിന്റെ മുന്നിൽ എത്തിക്കാൻ നമ്മുടെ ഭാഗത്തുനിന്ന് കൂട്ടായ സംരംഭം ഉണ്ടായോ? റബ്ബർ ഫാക്ടറികൾ കുറഞ്ഞ വിലയ്ക്ക് വിദേശത്തുനിന്ന് റബ്ബർ

ഇറക്കുമതി ചെയ്യുമ്പോൾ റബ്ബറിന്റെ വില കുറയുകയും ടയറിന്റെ വില വർദ്ധിക്കുകയും ചെയ്യുന്നു. നിയമസഭയ്ക്ക് ഇത് അംഗീകരിക്കേണ്ടി വരുന്നു. ഇതിനെ സംബന്ധിച്ച് ശക്തമായ ഒരു പ്രതിഷേധം നടത്താനോ ഒരു പരിഹാരമുണ്ടാക്കാനോ സാധിക്കുന്നില്ല. ഇവിടെ എത്ര പേരാണ് ആത്മഹത്യ ചെയ്തതെന്നുള്ള കണക്കുകൾ ഇല്ല. നിങ്ങൾ നാണ്യവിളകൾ ഉല്പാദിപ്പിച്ചാൽ നിങ്ങളുടെ താല്പര്യങ്ങൾ ഞങ്ങൾ സംരക്ഷിക്കുമെന്നാണ് ഇൻഡ്യാ ഗവൺമെന്റ് പറഞ്ഞിട്ടുള്ളത്. ഇന്ന് കേന്ദ്ര ഗവൺമെന്റ് കേരളത്തിലെ കൃഷിക്കാരന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നുണ്ടോ? കോൺഗ്രസ് നേതൃത്വത്തിലുള്ള ഗവൺമെന്റായാലും ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള ഗവൺമെന്റായാലും ഭരണ കക്ഷിയിലെ മുഖ്യമന്ത്രിയും മന്ത്രിമാരും മാത്രമല്ല കേരള നിയമസഭയുടെ മൊത്തത്തിലുള്ള അഭിപ്രായം എന്നുള്ള നിലയിൽ കേരളത്തിലെ കൃഷിക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി ഒരു നിവേദനം കൊടുക്കാൻ തയ്യാറാകണം. ഇവിടെ ചർച്ച നടത്തിക്കൊണ്ടിരിക്കുമ്പോഴും റബ്ബർ കൃഷിക്കാരും തേയിലകൃഷി മേഖലയിലുള്ള ലക്ഷക്കണക്കിന് തൊഴിലാളികളും സമരത്തിലാണ്. ഇതിനൊരു പരിഹാരമുണ്ടാകേണ്ടത് ആവശ്യമാണ്. ഇവിടെ അവതരിപ്പിച്ച അടിയന്തര പ്രമേയം സ്വീകരിക്കുന്നില്ല എന്നു പറഞ്ഞുകൊണ്ട് പരിഹരിക്കേണ്ടതല്ല ഈ പ്രശ്നം. ഇതിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പ്രതിപക്ഷത്തുള്ളവരെക്കൂടി ഉൾപ്പെടുത്തി ഒരു പ്രമേയം ഇൻഡ്യാ ഗവൺമെന്റിന് കൊടുക്കണം. കേരളത്തിലെ കർഷകരുടെ താല്പര്യങ്ങൾ സംരക്ഷിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ സന്നദ്ധമാകാത്തതിന്റെ പേരിൽ ഞങ്ങളുടെ കക്ഷി വാക്ക് ഔട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. സി. കെ. നാണുവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

<u>ശ്രീ. തോമസ് ചാണ്ടി</u>: സർ, ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ചില കാര്യങ്ങൾ സമ്മതിച്ചു എങ്കിലും ചില കാര്യങ്ങൾ സമ്മതിച്ചില്ല. കേന്ദ്ര ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് കേരളത്തിലെ കർഷകർക്ക് അനുകൂലമായി ഒന്നും ഉണ്ടാകുമെന്ന് ആരും വിശ്വസിക്കുന്നില്ല. റബ്ബർ കർഷകരെ രക്ഷിക്കണമെങ്കിൽ വിദേശത്തുനിന്ന് വില കുറഞ്ഞ റബ്ബർ ഇറക്കുമതി ചെയ്യുന്നതിനെതിരെ ശക്തമായ സമ്മർദ്ദം ആവശ്യമാണ്. എന്നാൽ നമ്മുടെ എം.പി.-മാർ പോലും ഇതിനെ സംബന്ധിച്ച് വേണ്ട രീതിയിൽ പാർലമെന്റിൽ ശബ്ദിച്ചിട്ടില്ല. അതുകൊണ്ട് അടിയന്തരമായി കേരള ഗവൺമെന്റ് ഇടപെട്ട് റബ്ബർ കർഷകരെ രക്ഷിക്കാൻ കേന്ദ്രത്തിലാവശ്യമായ സമ്മർദ്ദം ചെലുത്താനുള്ള നടപടിയെടുക്കണം. ഇവിടെ മറ്റു കാർഷിക വിളകളെക്കുറിച്ചൊക്കെ സൂചിപ്പിക്കുകയുണ്ടായി. കുട്ടനാട് പ്രദേശത്ത് എത്ര ലക്ഷം താറാവുകളെയാണ് കൊന്നുകരിച്ചത്? കഴിഞ്ഞ ദിവസങ്ങളിൽ അങ്ങ് നേരിട്ട് എത്ര പ്രാവശ്യം വന്നു. ദയവുചെയ്ത് താറാവ് കർഷകരുടെ കാശ് തീർത്തും കൊടുക്കണം. അത് ഇതുവരെ കൊടുത്തിട്ടില്ല.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ഇന്നലെ കൊന്ന താറാവുകളുടെ കാശ് മാത്രമേ കൊടുക്കാനുള്ളൂ. അതിന്റെ കണക്ക് ഇന്ന് കിട്ടിയാൽ ഇന്ന് കാശ് കൊടുക്കുന്നതാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): മിനിഞ്ഞാന്നുവരെയുള്ളത് കൊടുത്തുകഴിഞ്ഞു.

ശ്രീ. തോമസ് ചാണ്ടി : സർ, ഏതായാലും അങ്ങയോട് ഒരു കാര്യം എനിക്ക് അഭ്യർത്ഥിക്കാനുണ്ട്. താറാവ് കർഷകർക്കെല്ലാം ബാങ്കിൽ കടമുണ്ട്. 300-350 രൂപവരെ വില ലഭിക്കുന്ന താറാവിനെയാണ് 200-100-ഉം രൂപ കൊടുത്ത് കൊന്നത്. അതുകൊണ്ട് താറാവ് കർഷകരുടെ കടം എഴുതിത്തള്ളുന്നതിന് നടപടിയെടുക്കണം.

ശ്രീ. കെ. പി. മോഹനൻ : സർ, അടുത്തുതന്നെ താറാവ് കർഷകരുടെ യോഗം, എം.എൽ.എ. മാരടക്കം നിയമസഭ പിരിഞ്ഞതിനുശേഷം 16-ാം തീയതി വൈകുന്നേരം കുട്ടനാട് മേഖലയിലെ എം.എൽ.എ.-മാരും എം.പി.-മാരും മന്ത്രിമാരുമടക്കമുള്ളവരുടെ യോഗം വിളിച്ചുചേർക്കുന്നുണ്ട്. ഒരു പ്രത്യേക ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. അതുപ്രകാരം താറാവ് കർഷകരുടെ നിർദ്ദേശങ്ങളും എം.എൽ.എ.-മാരുടെയും ജനപ്രതിനിധികളുടെയും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി പ്രത്യേക ഒരു പ്ലാൻ ഉണ്ടാക്കണം.

ശ്രീ. തോമസ് ചാണ്ടി : സർ, കടം എഴുതിത്തള്ളുന്നതിന് നടപടിയെടുക്കണം. ഏതായാലും നെല്ല് കർഷകരുടെ കാര്യം കൃത്യമായി ഉടനടി നൽകണം. ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി സ്ഥലത്തില്ല. രണ്ടു വർഷം മുമ്പ് ഞാൻ ആവശ്യപ്പെട്ടതാണ് നെല്ല് എടുത്തുകഴിഞ്ഞ് ഒരാഴ്ചയ്ക്കുള്ളിൽ കാശ് കൊടുക്കാമെങ്കിൽ അവരെ സംബന്ധിച്ച് അതൊരു വലിയ ആശ്വാസമാണ്. ഇതിനുവേണ്ടി പണം സ്വരൂപിക്കേണ്ടി വരും. റിവോൾവിംഗ് ഫണ്ട് അനുവദിക്കുമെന്ന് പറഞ്ഞിട്ട് നാളിതുവരെ അനുവദിച്ചിട്ടില്ല. ഫെഡറൽ ബാങ്കിന്റെ ഉന്നതാധികാരികൾ എന്നോട് പറഞ്ഞത് കുറഞ്ഞ പലിശനിരക്കിൽ കാശ് തരാമെന്നാണ്. അതുകൊണ്ട് അടുത്ത പ്രാവശ്യമെങ്കിലും നെല്ല് എടുത്താൽ ഒരാഴ്ചയ്ക്കുള്ളിൽ കാശ് കൊടുക്കുന്ന ഒരു സംവിധാനം ഉണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയോടും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടും അഭ്യർത്ഥിച്ചുകൊണ്ട് ഇന്ന് ഈ പ്രമേയം ചർച്ച ചെയ്യാത്ത ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. തോമസ് ചാണ്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) ദുർമന്ത്രവാദവും അനാചാരങ്ങളും അന്ധവിശ്വാസങ്ങളും തടയുന്നതിന് നിയമനിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. ഷാഫി പറമ്പിൽ : സർ, 30000 പോലീസുകാർ, 400 പോലീസ് വാഹനങ്ങൾ, 300 ബസ്സുകൾ, ജലപീരങ്കിയടക്കമുള്ള 100 വജ്രവാഹനങ്ങൾ, 40 ബുള്ളറ്റ് പ്രൂഫ് വാഹനങ്ങൾ, 40 ആംബുലൻസ്, 30 ജെ.സി.ബി., 20 പോലീസ് കൺട്രോൾ റൂം വാഹനങ്ങൾ, 25 ട്രാക്ടർ ട്രെയിലർ ഈ പറഞ്ഞ കാര്യങ്ങളും ആഭ്യന്തര യുദ്ധത്തിനുവേണ്ടി ഒരു സേനയെയും തയ്യാറാക്കി നിർത്തിയ സേനാംഗങ്ങളല്ല. ഹരിയാന പോലെയുള്ള ഒരു സംസ്ഥാനത്ത് നിയമം ലംഘിച്ച ഒരു ആൾ ദൈവത്തെ അറസ്റ്റ് ചെയ്യുന്നതിനുവേണ്ടി ഹരിയാന സർക്കാരിന് നിയോഗിക്കേണ്ടി വന്ന സേനയുടെ അംഗബലമാണ് ഇവിടെ വിവരിച്ചത്. എന്നിട്ട് നിയമ ലംഘനം നടത്തിയ ഒരാളെ അറസ്റ്റ് ചെയ്യുന്നതിന് 18 മാസം പ്രായമുള്ള ഒരു പെൺകുട്ടിയുടെയും അഞ്ചു സ്ത്രീകൾ ഉൾപ്പെടെയുള്ള ആറ് ജീവനുകൾ പൊലിക്കേണ്ടിവന്നു. ഇത് ഹരിയാനയിലെ വാർത്തയാണെങ്കിൽ കേരളത്തിലെ പത്രത്താളുകളിൽ നിറയുന്നത് 19 വയസ്സുകാരിയായ ആതിര എന്ന പെൺകുട്ടിയുടെ മരണം, ആരിഫ എന്ന ആറു മാസം ഗർഭിണിയായ ഒരു സ്ത്രീയുടെ മരണം ഉൾപ്പെടെയുള്ള നിരവധി വാർത്തകളാണ്. മന്ത്രവാദിയുടെ ചവിട്ടേറ്റ് ആറുമാസം ഗർഭിണിയായ സ്ത്രീ ഉൾപ്പെടെ മരിക്കുന്നുവെന്ന വാർത്തകൾ വരുന്നത് ബീഹാറിൽ നിന്നല്ല, ഹരിയാനയിൽ നിന്നല്ല, ഝാർഖണ്ഡിൽ നിന്നല്ല, പ്രബുദ്ധമെന്ന് നാം വിശ്വസിക്കുന്ന വിളിക്കപ്പെടുന്ന ദൈവത്തിന്റെ സ്വന്തം നാടായ കേരളത്തിൽ നിന്നാണ്. ഈ വക തട്ടിപ്പിനെല്ലാം മലയാളികൾ ഇരയാകുന്ന കാഴ്ച അതിദയനീയമായിട്ടാണ് കേരളം കണ്ടുകൊണ്ടിരിക്കുന്നത്. അഭ്യസ്തവിദ്യരായ ആളുകളുടെ എണ്ണം ഈ നാട്ടിൽ കുറവല്ല. സാക്ഷര കേരളമെന്ന് അഭിമാനത്തോടെ കേരളത്തെ സംബന്ധിച്ച് വിളിക്കുന്ന നമ്മളെ അപമാനിക്കുന്ന തരത്തിലാണ് ഇത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്നത്. പത്രമാധ്യമങ്ങളിൽ വരുന്ന വാർത്തകളുടെ എണ്ണം ഒരു പക്ഷേ കുറവായിരിക്കാം. നമ്മൾ അറിയാതെ 100 കണക്കിനാളുകൾ ഇത്തരത്തിലുള്ള കൊടിയ പീഡനത്തിനിരയായി ജീവനും സ്വത്തും മാനവുമെല്ലാം നഷ്ടപ്പെടുന്നത് നമ്മുടെ ചുറ്റുപാട് ശ്രദ്ധിക്കുന്ന ആർക്കും മനസ്സിലാകും. ഇത് കേരളത്തിൽ നടക്കുന്നത് അംഗീകരിക്കാൻ കഴിയുമോ? ആരുടെ സംരക്ഷണയിലാണ് ഈ ദുർമന്ത്രവാദവും ജിന്നിനെ ഒഴിപ്പിക്കാനെന്ന പേരിൽ വ്യാജ സിദ്ധന്മാർ ആളുകളെ പറ്റിക്കുന്നതും പണമുണ്ടാക്കുന്നതും ആളുകളെ

തട്ടിച്ച് സാമ്രാജ്യങ്ങൾ സൃഷ്ടിക്കാൻ ശ്രമിക്കുന്നതും നമ്മൾ നോക്കി നിൽക്കേണ്ടി വരുന്നത്. അതുകൊണ്ട് അടിയന്തരമായി ഈ ചൂഷണത്തെ തടയാൻ ഒരു നിയമനിർമ്മാണം നടത്താൻ കേരള നിയമസഭ തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചു കൊണ്ടാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ ഇവിടെ അവതരിപ്പിക്കുന്നത്. കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള പ്രദേശങ്ങളിൽ ഇത്തരത്തിലുള്ള തട്ടിപ്പുകൾ നടക്കുന്നുണ്ട്. വിദ്യാഭ്യാസം അധികമായിക്കഴിഞ്ഞാൽ അല്ലെങ്കിൽ വിദ്യ പകർന്നുകൊടുക്കാൻ കഴിഞ്ഞാൽ, ടെക്നോളജി വളർന്നുകഴിഞ്ഞാൽ ഇതിൽനിന്നൊക്കെ വ്യത്യസ്തമായി ഒരു മാറ്റം ഉണ്ടാകുമെന്ന് വിശ്വസിച്ചിരുന്ന സംസ്ഥാനമാണ് കേരളം. ടെക്നോളജി വളർന്നുവന്നപ്പോൾ ഒരു polished compact എന്ന രീതിയിൽ ഇവ തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. ഒരു കാലത്ത് ഭ്രാന്താലയം എന്നു വിളിക്കപ്പെട്ടിരുന്ന ഈ സംസ്ഥാനത്തിന് അതിൽനിന്നും ഒരു മാറ്റം ഉണ്ടായത് വെറുതെയൊരു മാറ്റമുണ്ടായതല്ല. നവോത്ഥാന നായകന്മാർ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, ഈ സഭയിൽ ഇരുന്നിട്ടുള്ള മഹാരഥന്മാരായ നേതാക്കന്മാരുൾപ്പെടെയുള്ളവരുടെ ദീർഘ വീക്ഷണമായ നടപടികളിലൂടെയും ഇടപെടലുകളിലൂടെയുമാണ് അതിന് മാറ്റമുണ്ടാക്കാൻ കഴിഞ്ഞത്. പക്ഷെ ഇന്ന് അതൊക്കെ തിരിച്ചുവരുന്നു. ദൃശ്യ-മാധ്യമങ്ങളുടെ കാലഘട്ടം വന്നപ്പോൾ ഇതിനെയൊക്കെ നമുക്ക് expose ചെയ്യാൻ കഴിയുമെന്ന് നമ്മൾ വിശ്വസിച്ചു. അതിന് ചില വാർത്തകളും നമ്മൾ കണ്ടു. പക്ഷെ ആ ദൃശ്യ-മാധ്യമങ്ങൾതന്നെ sponsored programme എന്നെഴുതിക്കാണിച്ചുകൊണ്ട് ധനം ഉണ്ടാക്കാൻ കഴിയുന്ന യന്ത്രത്തെ സംബന്ധിച്ചുള്ള അരമണിക്കൂർ പ്രോഗ്രാം നടത്തുന്നു. കേരളത്തിലെ സെലിബ്രിറ്റികളായിട്ടുള്ള സിനിമാതാരങ്ങൾപോലും അതിനുവേണ്ടി നിന്നു കൊടുക്കുകയാണ്. ശരീരത്തിലെ പെരുവിരലിനോ, ചെറുവിരലിനോ ചെറിയൊരു വേദന വന്നാൽ ജിന്നിന്റെ ബാധയാണെന്നുപറഞ്ഞ് അതിനെ ഒഴിപ്പിക്കാനായി ഇഞ്ചിഞ്ചായി ആളുകളെ കൊന്നുതള്ളുന്ന കാഴ്ച കേരളത്തിന്റെ മണ്ണിൽ ഇനിയും ഉണ്ടാകുന്നത് നമുക്ക് നോക്കിനിൽക്കാൻ കഴിയില്ല. ആരുടെ ആനുകൂല്യമാണ് ഇവർക്ക് ലഭിക്കുന്നത്; വിശ്വാസത്തിന്റെ ആനുകൂല്യമാണോ; വിശ്വാസത്തിന്റെ ഭാഗമായി ഏത് മതമാണ് ദുർമന്ത്രവാദത്തെ പ്രൊമോട്ട് ചെയ്യുന്നത്; ജിന്നിന്റെ ബാധ എന്ന പേരിൽ ആളുകളെ കൊല്ലുന്ന നടപടികളെ ആരാണ് പ്രൊമോട്ട് ചെയ്യുന്നത്? അതിനെയൊക്കെ നിയമംകൊണ്ട് തടയാമെന്നിരിക്കെ വിശ്വാസം കൊണ്ടാണ് ഇത്തരം കാര്യങ്ങൾ തടയേണ്ടത് എന്നുപറഞ്ഞ് മാറിനിൽക്കാൻ നമുക്ക് കഴിയില്ല. അതുകൊണ്ട് അന്ധവിശ്വാസത്തിനും അനാചാരങ്ങൾക്കും വിശ്വാസത്തിന്റെ ഒരാനുകൂല്യവും കേരളത്തിൽ അനുവദിച്ചുകൊടുക്കരുത്. അതിന് ശക്തമായ നിയമനിർമ്മാണം നടത്താൻ കേരളത്തിലെ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട അംഗം ഷാഫി പറമ്പിൽ ഇവിടെ ഉന്നയിച്ചത് വളരെ കാലിക പ്രാധാന്യമർഹിക്കുന്ന ഒരു വിഷയമാണ്. കേരളം ഒരു ഭ്രാന്താലയമായിരുന്ന കാലഘട്ടത്തിൽ നിന്ന് മോചനമുണ്ടായത് സാംസ്കാരികവും സാമൂഹികവുമായ മുന്നേറ്റത്തിന് നമ്മുടെ സാംസ്കാരിക നായകന്മാരും സാമൂഹിക പരിഷ്കർത്താക്കളും ശ്രമിച്ചതിന്റെ ഭാഗമായിട്ടാണ്. കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും ഈ സാമൂഹിക മാറ്റത്തിന്റെ മുന്നണിപ്പോരാളികളായി നിന്ന് പ്രവർത്തിക്കാനും കഴിഞ്ഞിട്ടുണ്ട്. പക്ഷേ ഇന്ന് വിദ്യാഭ്യാസപരമായും സാമൂഹ്യമായും മുന്നോക്കം നിൽക്കുന്ന സംസ്ഥാനമാണ് കേരളം എന്ന് നമ്മൾ അഭിമാനിക്കുന്നുണ്ടെങ്കിലും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും നമ്മുടെ സമൂഹത്തിൽനിന്നും ഇപ്പോഴും പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്യാൻ കഴിഞ്ഞിട്ടില്ലായെന്നുള്ളത് ഒരു സത്യമാണ്. ഇന്ന് കേരളത്തിന്റെ പല ഭാഗത്തും അന്ധവിശ്വാസങ്ങളിലധിഷ്ഠിതമായ പലവിധത്തിലുള്ള മന്ത്രവാദപ്രവർത്തനങ്ങളും ജനങ്ങളെ തെറ്റായ വഴികളിലൂടെ നയിക്കത്തക്ക നിലയിലുള്ള പ്രചരണങ്ങളും നടക്കുന്നുണ്ട് എന്നുള്ളത് ശരിയാണ്. ജനങ്ങൾക്കിടയിൽ ഇപ്പോഴും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അതിന്റെ പേരിലുള്ള തട്ടിപ്പും വഞ്ചനയും നടക്കുന്നുണ്ട് എന്ന് ശ്രീ. ഷാഫി പറമ്പിൽ ചൂണ്ടിക്കാണിച്ചത് ശരിയാണ്. മനുഷ്യ മനഃസാക്ഷിയെ ഞെട്ടിച്ച ചില സംഭവങ്ങൾ അടുത്തകാലത്ത് കേരളത്തിലുണ്ടായിയെന്നുള്ളത് നമുക്കുതന്നെ അപമാനകരമായ കാര്യമാണ്. രോഗശാന്തി ലഭിക്കുമെന്ന വ്യാജേനയും താൽക്കാലിക നേട്ടം ലക്ഷ്യം വച്ചും നടത്തുന്ന ഇത്തരം പ്രവർത്തനങ്ങൾക്ക് സ്വന്തം കുടുംബാംഗങ്ങളും ബന്ധുക്കളും ബലിയാടാകുന്നുണ്ട് എന്നുള്ളത് ഞെട്ടിപ്പിക്കുന്ന വസ്തുതയാണ്. പത്തനംതിട്ട ജില്ലയിൽ വടശ്ശേരിക്കര പോലീസ് സ്റ്റേഷൻ പരിധിയിൽ പുത്തൻ പീടിക എന്ന സ്ഥലത്ത് പിതൃസഹോദരനോടൊപ്പം താമസിച്ചുവന്ന റാന്നി സെന്റ് തോമസ് കോളേജിലെ ഒന്നാം വർഷ വിദ്യാർത്ഥിനി ആതിര (19) 10-10-2014-ന് രാത്രി മരണപ്പെട്ടതുമായി ബന്ധപ്പെട്ട് പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 1801/2014 കേസ്സിന്റെ അന്വേഷണത്തിൽ യുവതിയെ അസുഖം മാറ്റാനുള്ള മന്ത്രവാദപ്രയോഗവും അതുമായി ബന്ധപ്പെട്ട ശാരീരിക പീഡനങ്ങളും ഏൽപ്പിച്ചതിനാലാണ് മരണം സംഭവിച്ചതെന്ന് കണ്ടെത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കേസ്സിൽ 174 സി.ആർ.പി.സി. കുറവുചെയ്ത് ഐ.പി.സി. 201, 336, 337, 304, 34 എന്നീ വകുപ്പുകൾ ചേർത്ത് അന്വേഷണം തുടരുകയും മരണപ്പെട്ട യുവതിയുടെ പിതൃസഹോദരനായ വത്സലൻ അയാളുടെ മരുമകൻ നിതോഷ്, നിതോഷിന്റെ ഭാര്യ വീണ, യുവതിയുടെ പിതാവ് പ്രസന്നൻ,

മാതാവ് ഉഷ, പ്രസന്നന്റെ സഹോദരി ഭർത്താവ് വിക്രമൻ, വിക്രമന്റെ സുഹൃത്ത് അനൂപ് എന്നിവരെ പ്രതി ചേർത്തതിൽ പ്രസന്നൻ, വീണ എന്നിവരൊഴികെ മറ്റെല്ലാ പ്രതികളെയും പോലീസ് അറസ്റ്റുചെയ്ത് റിമാന്റ് ചെയ്യുകയുണ്ടായി. മേൽപ്പറഞ്ഞതിന് സമാനമായ മറ്റൊരു സംഭവം കൊല്ലം കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ പരിധിയിൽ അടുത്ത കാലത്തുണ്ടായി. ശ്രീ. സി. ദിവാകരൻ എം.എൽ.എ. എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ള കാര്യമാണ്. 13-7-2014-ന് തഴവാ സ്വദേശി ഹസ്സൻകുഞ്ഞിന്റെ മകൾ 27 വയസ്സുള്ള ഹസീന മരണപ്പെട്ടതു സംബന്ധിച്ച് കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 2417/14-ാം കേസ്സിന്റെ അന്വേഷണത്തിൽ മാനസികരോഗം മാറ്റുന്നതിന് മന്ത്രവാദപ്രയോഗം നടത്തുന്നതിനിടെ ശരീരത്തിനേറ്റ പരിക്കിന്റെ കാഠിന്യത്താലാണ് യുവതി മരിച്ചതെന്ന് കണ്ടെത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സി.ആർ.പി.സി. 174-ാം വകുപ്പ് കുറവുചെയ്ത് ഐ.പി.സി. 120 (ബി) 101, 212, 302, 34 എന്നീ വകുപ്പുകൾ ചേർത്തും മന്ത്രവാദി മുഹമ്മദ് സിറാജുദ്ദീൻ, മന്ത്രവാദിയുടെ സഹായിയായി പ്രവർത്തിച്ച കബീർ, യുവതിയുടെ പിതാവ് ഹസ്സൻകുഞ്ഞ്, മൃതദേഹം വാഹനത്തിൽ കൊണ്ടുപോകാനും മറ്റും സഹായിച്ച അൻസർ, അഷ്റഫ് കുറ്റകൃത്യത്തിനുശേഷം മുഹമ്മദ് സിറാജിനെ ഒളിവിൽ കഴിയാൻ സഹായിച്ച ഹാഷിം, ഹബീബ് എന്നിവരെ പ്രതിചേർത്ത് അന്വേഷണം നടത്തി എല്ലാ പ്രതികളെയും അറസ്റ്റുചെയ്ത് കോടതിയിൽ ഹാജരാക്കുകയുണ്ടായി. സമൂഹത്തിലുണ്ടാകുന്ന ഇത്തരം ദുഷ്പ്രവണതകൾ തടയാൻ സംസ്ഥാന ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് നിയമപരമായ ശക്തമായ നടപടികൾ പോലീസിന്റെ ഭാഗത്തുനിന്നും സ്വീകരിക്കുന്നുണ്ട്. പക്ഷേ ഒരു നിയമനിർമ്മാണം കൊണ്ടുമാത്രം ഇത് തടയാൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ബഹുമാന്യനായ ചീഫ് വിപ് പി. സി. ജോർജ് ഇതുസംബന്ധിച്ച് ഒരു അനൗദ്യോഗിക ബിൽ നാളെ അവതരിപ്പിക്കുന്നുണ്ട്. ഇന്ത്യയിൽ ആദ്യമായി ഇത്തരമൊരു നിയമനിർമ്മാണം കൊണ്ടുവന്നത് മഹാരാഷ്ട്രാ ഗവൺമെന്റാണ്. മഹാരാഷ്ട്രയിൽ Narendra Dabholkar ആയിരുന്നു ഈ അന്ധവിശ്വാസങ്ങൾക്കെതിരെ പോരാടിയത്. അദ്ദേഹത്തെ ഒരു സാമൂഹ്യപരിഷ്കർത്താവ് എന്നു ഞാൻ പറയട്ടെ, Narendra Dabholkar-ുടെ ശക്തമായ പോരാട്ടങ്ങളുടെ ഫലമായിട്ടാണ് മഹാരാഷ്ട്രാ നിയമസഭ ഒരു നിയമം പാസ്സാക്കാൻ മുന്നോട്ടുവന്നത്. പക്ഷേ ദൗർഭാഗ്യവശാൽ 2013 ആഗസ്റ്റ് 20-ന് അദ്ദേഹത്തെ ആരോ വെടിവച്ചുകൊല്ലുകയുണ്ടായി. മഹാരാഷ്ട്ര

സംസ്ഥാനത്ത് നിയമം പാസ്സാക്കി, പക്ഷെ ഇതുവരെ ഫലപ്രദമായി ആ നിയമം ഇംപ്ലിമെന്റ് ചെയ്തിട്ടില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. അന്ധവിശ്വാസത്തിലധിഷ്ഠിതമായ മന്ത്രവാദം പോലെയുള്ള പ്രവർത്തികൾക്കെതിരെ പൂർണ്ണമായ ബോധവൽക്കരണം ആവശ്യമാണ്. കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും യുവജനസംഘടനകളും ഇത്തരം അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെയുള്ള ശക്തമായ ഒരു ബോധവൽക്കരണ പ്രവർത്തനം ഏറ്റെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വിദ്യാഭ്യാസ പാഠ്യ പദ്ധതിയിലൂടെ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണത്തിന് സർക്കാർ മുൻകയ്യെടുക്കുന്നതാണ്. ഇവിടെ ശ്രീ. ഷാഫി പറമ്പിൽ ചൂണ്ടിക്കാണിച്ചത് ശരിയാണ്. ചില മാധ്യമങ്ങൾ, പ്രത്യേകിച്ച് ദൃശ്യ മാധ്യമങ്ങളിലൂടെ ഇതിനെ മഹത്വവൽക്കരിക്കാനുള്ള ശ്രമം നടക്കുന്നുണ്ട് എന്നുള്ളത് വളരെ ദൗർഭാഗ്യകരമായ കാര്യമാണ്. ധനാകർഷണ യന്ത്രത്തിനും, ചില മോതിരങ്ങൾക്കും അനാവശ്യമായ പ്രചരണം കൊടുത്തുകൊണ്ട് ഇവ ധരിച്ചാൽ ഫലപ്രാപ്തിയുണ്ടാകും എന്നുള്ള നിലയിലുള്ള പ്രചരണങ്ങൾ, പരസ്യങ്ങൾ എന്നിവ കൊടുക്കുന്നത് ഗൗരവത്തോടെ കാണേണ്ട ഒരു കാര്യമാണ്. കാരണം ഇതിലൂടെ ആളുകൾ കബളിപ്പിക്കപ്പെടുകയും അവർ അന്ധവിശ്വാസത്തിന് അടിമകളായി മാറുകയും ചെയ്യുന്നുവെന്നുള്ളതാണ് നമുക്ക് കാണാൻ കഴിയുന്ന വസ്തുത. അന്ധവിശ്വാസങ്ങളുമായി ബന്ധപ്പെട്ടുണ്ടാകുന്ന ചൂഷണങ്ങൾക്കെതിരെ ഒരു പുതിയ നിയമനിർമ്മാണത്തെക്കുറിച്ച് ആഭ്യന്തര വകുപ്പ് ഗൗരവമായി ആലോചിക്കുകയാണ്. എ.ഡി.ജി.പി. (ഇന്റലിജൻസ്) ഒരു നിയമം തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത കരട് ബിൽ സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ മഹാരാഷ്ട്ര മോഡൽ നിയമം കേരളത്തിൽ ആവശ്യമാണോ എന്നുള്ളതും ഗവൺമെന്റ് ഗൗരവമായി പരിശോധിക്കുന്നതാണ്. ഞാൻ വീണ്ടും ആവർത്തിക്കുന്നു, നിയമനിർമ്മാണത്തെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കാം. പക്ഷെ കേരളത്തിലെ പൊതുസമൂഹം അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ദുർമന്ത്രവാദങ്ങൾക്കും ബ്ലാക് മാജിക്കിനുമെതിരായി ശക്തമായ ബോധവൽക്കരണവും ജനങ്ങളെ അക്കാര്യങ്ങൾ ബോധ്യപ്പെടുത്താനുള്ള പ്രചരണപരിപാടികളിലും ഏർപ്പെടണമെന്ന് ഈ സഭയിലൂടെ ആവശ്യപ്പെടാൻ ആഗ്രഹിക്കുന്നു. ഈയൊരു വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയും അതുവഴി പൊതുസമൂഹത്തിന്റെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരികയും ചെയ്തതിന് ശ്രീ. ഷാഫി പറമ്പിലിനെ ഞാൻ അഭിനന്ദിക്കുന്നു. ഗവൺമെന്റ് ഇക്കാര്യത്തിൽ ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങൾ ചെയ്യുമെന്ന് ഞാൻ അങ്ങേക്ക്

ഉറപ്പുനൽകുകയാണ്.

ശ്രീ. ഷാഫി പറമ്പിൽ : സർ, ഏറെ പ്രതീക്ഷയോടെയാണ് അങ്ങയുടെ വാക്കുകളെ, കാര്യകാരണങ്ങളെ ബന്ധിപ്പിച്ച് കാര്യങ്ങളെ സമീപിക്കാൻ ആഗ്രഹിക്കുന്ന ഓരോ മലയാളിയും നോക്കി കാണുന്നത്. അങ്ങ് 'ഓപ്പറേഷൻ കുബേര' പോലെ കേരളത്തിന്റെ ജനശ്രദ്ധ ആകർഷിച്ച നയങ്ങളുമായി കേരളത്തിലെ ആഭ്യന്തര വകുപ്പിന് നേതൃത്വം നൽകുന്ന ഈ കാലയളവിൽത്തന്നെ നിയനിർമ്മാണത്തിന്റെ നടപടിക്രമങ്ങളിലേക്ക് കടക്കുന്നതോടൊപ്പം ഇതിനെതിരെ ബോധവൽക്കരണവും നടത്തണം. 'മന്ത്രവാദത്തിനിടെ കൊലപാതകം, സിദ്ധൻ അറസ്റ്റിൽ' ഉൾപ്പെടെയുള്ള നിരവധി പരമ്പരകൾ മാധ്യമങ്ങൾ കൊടുക്കുന്നുണ്ട്. പക്ഷേ ക്ലാസിഫൈഡിൽ വരുന്ന പരസ്യങ്ങൾ പലപ്പോഴും ഈ പറഞ്ഞതുപോലുള്ള യന്ത്രങ്ങളുമായി ബന്ധപ്പെട്ടുള്ളതാണ്. ഇതിനെയൊക്കെ ക്ലബ് ചെയ്തുകൊണ്ട് 'ഓപ്പറേഷൻ കുബേര' പോലെ, നിയമനിർമ്മാണത്തിലേക്ക് കടക്കുന്നതിനോടൊപ്പം തന്നെ ഒരു അടിയന്തരമായ ഇടപെടൽ നടത്തുന്നതിനായി പ്രത്യേകമായ ഒരു ഓപ്പറേഷൻ ആഭ്യന്തര വകുപ്പിനുകീഴിൽ രൂപം കൊടുക്കുന്നതിന് അങ്ങ് തയ്യാറാകുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. ചില മാധ്യമങ്ങൾ ഇതിനെതിരായി ശക്തമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ടുള്ള പരമ്പരകൾ ഇപ്പോൾ കൊടുക്കുന്നുണ്ട്. ഇവിടത്തെ പ്രശ്നമെന്ന് പറയുന്നത്, പരസ്യങ്ങൾ കൊടുക്കുന്നതാണ് ആളുകളെ ആകർഷിക്കുന്നതിന്റെ പ്രധാന കാരണം. ഇതൊരു സ്പോൺസേർഡ് പ്രോഗ്രാം ആണ്. അവർക്ക് അതിൽ നിന്നും വരുമാനം ലഭിക്കുന്നുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ഇത്തരം സ്പോൺസേർഡ് പ്രോഗ്രാമുകൾ നിർത്തലാക്കാൻ ഞാൻ മാധ്യമപ്രവർത്തകരോട് അഭ്യർത്ഥിക്കാം. നമുക്ക് അഭ്യർത്ഥിക്കാൻ മാത്രമേ കഴിയുകയുള്ളൂ. അതുകൊണ്ട് ഒരു സാമൂഹ്യ വിപത്തിനെ തടയാനുള്ള ലക്ഷ്യം വച്ചുകൊണ്ട് ഇത്തരം പരസ്യങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നിയമ നിർമ്മാണത്തെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെ വിവിധ വശങ്ങൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യം ഗവൺമെന്റ് ഗൗരവമായിത്തന്നെയാണ് കാണുന്നത്. ഇത്തരം നടപടികളുമായി

മുന്നോട്ടുവരുന്ന ആളുകൾ പോലീസിന്റെ നിരീക്ഷണത്തിൽത്തന്നെയാണ് എന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

## (2) പമ്പ, അച്ചൻകോവിൽ, വൈപ്പാർ സംയോജനം

ശ്രീ. മാത്യു റ്റി. തോമസ്: സർ, പമ്പ, അച്ചൻകോവിൽ, വൈപ്പാർ സംയോജനത്തിനുവേണ്ടി കേന്ദ്ര സർക്കാരിൽ ഇപ്പോൾ ചെലുത്തിവരുന്ന സമ്മർദ്ദത്തെ കേരള സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്ന തരത്തിൽ പ്രതിരോധിക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിലൂടെ ഞാൻ ഉന്നയിക്കാൻ ശ്രമിക്കുന്നത്. മുല്ലപ്പെരിയാർ കേസിലെ സുപ്രീം കോടതിയുടെ റിവ്യൂ ഹർജി നിരസിച്ചതിന്റെ പിറ്റേദിവസമാണ് ഈ ശ്രദ്ധ ക്ഷണിക്കൽ സഭയിൽ വരുന്നത് എന്നത് യാദൃശ്ചികമായിരിക്കാം. പ്രസ്തുത കേസിന്റെ തുടർച്ചയായി നദീസംയോജന കേസിന്റെ നടപടികളുമായി മുന്നോട്ടുപോയാൽ മദ്ധ്യതിരുവിതാംകൂറിൽ ഒരു മരുഭൂമി സൃഷ്ടിക്കാൻ നമുക്ക് സാധിക്കുമെന്ന ഉത്കണ്ഠയാണ് ഞാൻ പങ്കുവയ്ക്കാൻ ശ്രമിക്കുന്നത്. ഈ നദീ സംയോജനവുമായി ബന്ധപ്പെട്ട സുപ്രീം കോടതി വിധി പ്രഖ്യാപിച്ചത് 2012 ഫെബ്രുവരി 27-നാണ്. പമ്പ, അച്ചൻകോവിൽ, വൈപ്പാർ എന്നീ നദികളടക്കം 37 നദികളുടെ സംയോജനത്തിന് ഒരു സ്പെഷ്യൽ കമ്മിറ്റി രൂപീകരിക്കണമെന്നാണ് സുപ്രീം കോടതി നിർദ്ദേശിച്ചിരിക്കുന്നത്. അതിൽ കേരളത്തിന്റെ പ്രതിനിധിയെ കൊടുത്തുകഴിഞ്ഞു. അതിന്റെ അദ്ധ്യക്ഷ കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രിയാണ്. പ്രസ്തുത കമ്മിറ്റിക്ക് സുപ്രീം കോടതി ഒരു മാൻഡേറ്റ് കൊടുത്തിട്ടുണ്ട്. ഒന്ന്, ഈ 37 നദികളെ സംയോജിപ്പിക്കാനുള്ള പ്ലാനിംഗ്. രണ്ട്, കൺസ്ട്രക്ഷൻ. മൂന്ന്, ഇംപ്ലിമെന്റേഷൻ. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി പി. ജെ. ജോസഫ് 17-7-2014-ലെ സമ്മേളനത്തിൽ സഭയിൽ 806-ാം നമ്പർ നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന് നൽകിയ മറുപടിയിൽ, ഈ മൂന്നുകാര്യങ്ങൾക്കുവേണ്ടി സ്പെസിഫിക്കായ മാൻഡേറ്റ് സ്പെഷ്യൽ കമ്മിറ്റിക്ക് സുപ്രീം കോടതി അനുമതി നൽകിക്കഴിഞ്ഞിരിക്കുകയാണെന്ന് പറഞ്ഞിട്ടുണ്ട്. നമ്മൾ ഉന്നയിക്കാൻ ഇഷ്ടപ്പെടുന്ന തർക്കം ഇതൊരു സംസ്ഥാന വിഷയമാണ്. ഇത് സുപ്രീം കോടതിയുടെ അധികാര പരിധിയിൽ വരുന്ന വിഷയമല്ല. ഇതൊക്കെ പറഞ്ഞുകൊണ്ട് നിയമസഭയുടെ ആറാം സമ്മേളനത്തിൽ കേരളം ഒരു പ്രമേയം പാസ്സാക്കുകയും ചെയ്തു. കേന്ദ്രത്തിൽ പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തമിഴ്നാട് മുഖ്യമന്ത്രി 2014 ജൂൺ 3-ാം തീയതി പ്രധാനമന്ത്രിയെ

സന്ദർശിച്ചിരുന്നു. പ്രസ്തുത സന്ദർശനത്തിന്റെ കൂട്ടത്തിൽ തമിഴ്നാട് മുഖ്യമന്ത്രി പ്രധാനമന്ത്രിക്ക് ഒരു നിവേദനം സമർപ്പിക്കുകയുണ്ടായി. അതിന്റെ പകർപ്പാണ് എന്റെ കൈവശമിരിക്കുന്നത്. ദൗർഭാഗ്യവശാൽ, കേരളത്തിന്റെ മുഖ്യമന്ത്രി പ്രധാനമന്ത്രിയെ കണ്ടപ്പോൾ ആദ്യത്തെ സന്ദർശനം ഒരു courtesy call എന്ന തരത്തിലായതുകൊണ്ട് നിവേദനങ്ങൾ കൊടുത്തിരുന്നില്ല, പക്ഷേ നമ്മുടെ ആദ്യത്തെ വിഷയങ്ങളൊന്നും ഇവിടെ പ്രസക്തമല്ലാത്തതുകൊണ്ട് ഞാൻ എല്ലാം വായിക്കുന്നില്ല. മുല്ലപ്പെരിയാർ കേസിൽ സെൻട്രൽ വാട്ടർ കമ്മീഷന്റെ ഒരു പ്രതിനിധിയെ നിയമിച്ചുകൊടുക്കണമെന്ന് പറഞ്ഞിരുന്നു. അങ്ങനെ നിയമിക്കുകയും ചെയ്തു. നെയ്യാർ ഡാമിൽനിന്ന് വെള്ളം കൊടുക്കുന്നതിനെ സംബന്ധിച്ച് പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടിരുന്നു. അതോടൊപ്പം 'Interlinking of Peninsular Rivers' എന്നതിനെ സംബന്ധിച്ച് വളരെ വ്യക്തമായ ഒരു ആവശ്യം തമിഴ്നാട് മുഖ്യമന്ത്രി പ്രധാനമന്ത്രിയെ ആദ്യം കണ്ടപ്പോൾതന്നെ ഉന്നയിച്ചിട്ടുണ്ട്. അതിൽപ്പറഞ്ഞിരിക്കുന്ന പ്രസക്ത വാചകം മാത്രം ഞാൻ വായിക്കാം. "....In a public interest litigation, the Supreme Court in its order dated 27-2-2002 directed Government of India, Ministry of Water Resources to constitute a Special Committee for the implementation of interlinking of rivers. Unfortunately the Union Ministry of Water Resources after the formation of the Committee in May 2013 has not taken any further steps to implement the interlinking of Rivers' Project....

I have the following request:

1. The Special Committee for interlinking of rivers should be activated.
2. All inter-state rivers should be nationalized so that water resources of the country are optimally utilized."

അതിൽ അച്ചൻകോവിലാറിനെ സംബന്ധിച്ചുള്ള നടപടികളുമായി മുന്നോട്ടു പോകണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. ഉപേക്ഷിക്കപ്പെട്ടുവെന്ന് നമ്മൾ കരുതിയിരുന്ന ദേശീയ നദീസംയോജന പദ്ധതി നടപ്പിലാക്കുമെന്ന് പുതിയ കേന്ദ്ര ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. അതാണ് കേരളത്തിന്റെ ഉത്കണ്ഠ. അതേസമയം 2014-15-ലേക്ക് പരിഷ്കരിച്ച കേന്ദ്ര ബഡ്ജറ്റിൽ ഈ നദീബന്ധിപ്പിക്കൽ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കാൻ

100 കോടി രൂപ വകയിരുത്തിയിരിക്കുകയാണ്. 1995-ൽ കേരളത്തിന് ഇതിന്റെ പ്രോജക്ട് റിപ്പോർട്ട് ലഭിച്ചതാണ്. എന്നാൽ പദ്ധതിമൂലം കേരളത്തിനുണ്ടാകാവുന്ന ദുരന്തങ്ങൾ വസ്തുനിഷ്ഠമായി, ശാസ്ത്രീയമായി പരിശോധിക്കാൻ സുപ്രീം കോടതിയിൽ തർക്കമുന്നയിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടില്ല. 2012 ഫെബ്രുവരി 27-ന് കേരളത്തെ പ്രതിനിധീകരിച്ച് സുപ്രീം കോടതിയിൽ ആരും ഹാജരായില്ല എന്നാണ് ആക്ഷേപിക്കപ്പെടുന്നത്. തമിഴ്നാടുമായി കേരളം വച്ചിട്ടുള്ള എല്ലാ നദീജലകരാറുകളും കേരളത്തിന് നഷ്ടക്കച്ചവടമാണ് ഉണ്ടാക്കിയിട്ടുള്ളത്. ഭാരതപ്പുഴയുടെയും ചാലക്കുടിപുഴയുടെയും തീരങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ജലദൗർലഭ്യം, കാർഷിക പ്രതിസന്ധികളൊക്കെ ഉണ്ടായിട്ടും കേരളത്തിന്റെ കണ്ണ് തുറന്നിട്ടില്ല. പമ്പ, വൈപ്പാർ പദ്ധതി നടപ്പിലാകുന്നത് കേരളത്തിലെ പത്തനംതിട്ട, ആലപ്പുഴ ജില്ലകളെയും പ്രത്യേകിച്ച് കുട്ടനാട്ടിലും അപ്പർകുട്ടനാട്ടിലുമുള്ള ജനങ്ങളെയും വളരെ പ്രതികൂലമായി ബാധിക്കും. ഈ പദ്ധതി നടപ്പിലായാൽ മദ്ധ്യതിരുവിതാംകൂറും കുട്ടനാടും കാലക്രമേണ ഊഷര ഭൂമിയായി മാറും. കേരളത്തിന്റെ ഫിഷ് ബാസ്കറ്റ് എന്ന് അറിയപ്പെടുന്ന വേമ്പനാട് ജലവ്യവസ്ഥയുടെ ജൈവവൈവിധ്യം നഷ്ടപ്പെടുകയാണ്. ഈ പദ്ധതി രേഖ വളരെ ആപത്കരമാണ്. പത്തനംതിട്ടയിലെ വടശ്ശേരിക്കര വച്ച് പമ്പാനദിയോട് ചേരുന്ന പമ്പയും കല്ലാറും വിയ്യപുരത്ത് പമ്പയോട് ചേരുന്ന അച്ചൻകോവിലാറും പമ്പാനദിയുടെ രണ്ട് പോഷക നദികളാണ്. പമ്പയും അച്ചൻകോവിലാറും മണിമലയാറും കൂടി ചേർന്ന് പലതായി പിരിഞ്ഞ സിരാവ്യൂഹം പോലെ കുട്ടനാടിലൂടെ ഒഴുകിയാണ് ഇത് വേമ്പനാട് കായലിൽ പതിക്കുന്നത്. പമ്പ, കല്ലാറിൽ പുന്നമേട് എന്ന സ്ഥലത്ത് 774 മീറ്റർ നീളത്തിലും 150 മീറ്റർ ഉയരത്തിലും അച്ചൻകോവിൽ കല്ലാറിൽ ചിറ്റാർമൂഴി എന്ന സ്ഥലത്ത് 738 മീറ്റർ നീളത്തിലും 160 മീറ്റർ ഉയരത്തിലും അച്ചൻകോവിലിൽ 216 മീറ്റർ നീളത്തിലും 35 മീറ്റർ ഉയരത്തിലും മൂന്ന് അണക്കെട്ടുകൾ നിർമ്മിച്ച് മൂന്ന് ജലസംഭരണികൾ നിർമ്മിക്കും. സമയക്കുറവ് കാരണം ഞാൻ അതിന്റെ വിശദാംശങ്ങൾ പറയുന്നില്ല. ഇവിടെ പ്രശ്നം, ഈ നദികളിൽ മിച്ച ജലമുണ്ടെന്നാണ് സുപ്രീം കോടതി കണ്ടെത്തിയിരിക്കുന്നത്. അത് ഉണ്ടോ ഇല്ലയോ എന്ന് വസ്തുനിഷ്ഠമായി പഠിച്ച് സുപ്രീം കോടതിയിൽ വാദിക്കാൻ കേരളത്തിന് സാധിച്ചിട്ടില്ല. പമ്പാ നദിയിലും അച്ചൻകോവിലിലുംകൂടി 3127 ദശലക്ഷം ക്യൂബിക് മീറ്റർ ജലം ആവശ്യം കഴിഞ്ഞ് അധികമുണ്ടെന്നും അതിന്റെ 20 ശതമാനം, 634 ദശലക്ഷം ക്യൂബിക് മീറ്റർ ജലം വൈപ്പാർ നദീതടത്തിലേക്ക് ഗതിമാറ്റി വിടാനുമാണ് ഈ പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. വളരെ ഗുരുതരമായ പാരിസ്ഥിതികാഘാതങ്ങൾ ഇതുമൂലമുണ്ടാകും. വനമേഖല

നശിക്കും, കുട്ടനാട്ടിൽ ജലം ലഭിക്കാതെ വരും, കൃഷിയില്ലാതെ അവിടം മരുഭൂമിയായി മാറും, അപ്പർ കുട്ടനാടിലെ ജൈവ സമ്പത്ത് നഷ്ടപ്പെടും. സുപ്രീം കോടതി വിധി അന്തിമമായിക്കഴിഞ്ഞപ്പോൾ നമ്മൾ ഏത് തരത്തിലുള്ള നിയമനടപടികൾ സ്വീകരിക്കുമെന്നതിനെക്കുറിച്ച് ആലോചിക്കണം. മിച്ച ജലം ഉണ്ടെന്ന് കണ്ടെത്തിയപ്പോൾ അത് ഇല്ല എന്ന് സ്ഥാപിക്കാൻ വസ്തുനിഷ്ഠമായ കണക്കുകൾ നാം ഉന്നയിക്കുകയും അത് ദേശീയ തലത്തിൽ അംഗീകരിപ്പിക്കാൻ കഴിയുകയും വേണം. അതോടൊപ്പം ഈ പദ്ധതി നടപ്പിലായാൽ ഉണ്ടാകാവുന്ന ആപത്തുകൾ കേന്ദ്ര ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്താൻ നമുക്ക് കഴിയണം. ആദ്യമായി കേന്ദ്രബഡ്ജറ്റിൽ ഇതിനുവേണ്ടി 100 കോടി രൂപ വകമാറ്റി വച്ചിരിക്കുന്നു. ഏതെല്ലാം സമ്മർദ്ദങ്ങൾ കേന്ദ്ര ഗവൺമെന്റുമായുണ്ടായാലും അത് പ്രതിരോധിക്കാനാവശ്യമായ നടപടികൾ നിയമ അടിസ്ഥാനത്തിലും ശാസ്ത്രീയമായി പഠനം നടത്തിയും കേന്ദ്ര സർക്കാരിനെ ബോദ്ധ്യപ്പെടുത്താനുള്ള ശ്രമങ്ങളും നമ്മുടെ ഭാഗത്തുനിന്നുണ്ടാകണം. മിച്ച ജലം ഇല്ലെന്നുള്ള ശാസ്ത്രീയ പഠനങ്ങളുടെയും സമീപകാല പ്രായോഗികാനുഭവങ്ങളുടെയും സാഹചര്യത്തിൽ ദേശീയ നദീബന്ധിക്കൽ പദ്ധതിയിൽനിന്ന് പമ്പ, അച്ചൻകോവിൽ, വൈപ്പാർ ലിങ്ക് കനാൽ പദ്ധതി ഒഴിവാക്കണം. അതിനായി സംസ്ഥാന ഗവൺമെന്റും കേരളീയ ജനതയും ഉണർന്നുപ്രവർത്തിക്കണമെന്നാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, നദീസംയോജനത്തിന്റെ ഭാഗമായി പമ്പ, അച്ചൻകോവിൽ നദികളെ തമിഴ്നാട്ടിലെ വൈപ്പാറുമായി സംയോജിപ്പിക്കാൻ ദേശീയ ജലവിഭവ മന്ത്രാലയത്തിന്റെ കീഴിൽ രൂപീകരിച്ച ദേശീയ ജലവികസന ഏജൻസി ഉദ്ദേശിച്ചിരുന്നു. പ്രസ്തുത പദ്ധതി സംബന്ധിച്ച് ഈ ഏജൻസി തയ്യാറാക്കിയ ഫീസിബിലിറ്റി റിപ്പോർട്ട് കേരളത്തിലെ പമ്പ, അച്ചൻകോവിൽ നദികളെ മാത്രം അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയിട്ടുള്ളതും ടി നദികളിലെ ഇരുപത്തിരണ്ടര റ്റി.എം.സി ജലം തമിഴ്നാട്ടിലെ ജലദൗർലഭ്യമനുഭവപ്പെടുന്ന വൈപ്പാർ നദീതടത്തിലേയ്ക്ക് തിരിച്ചുവിടാനുദ്ദേശിച്ചു കൊണ്ടുള്ളതുമാണ്. വേമ്പനാട് കായലിൽ പതിക്കുന്ന പമ്പ, അച്ചൻകോവിൽ, മീനച്ചിൽ, മണിമല, മൂവാറ്റുപുഴ എന്നീ അഞ്ച് നദികളെക്കുറിച്ച് നമ്മൾ സമഗ്രമായ പഠനം നടത്തിയിരുന്നു. ഈ നദികളിൽ അധിക ജലം ഉണ്ടോ ഇല്ലയോ എന്നത് സംബന്ധിച്ച് വേണ്ടത്ര പഠനം നടത്തിയിട്ടില്ലെന്ന് പറയുന്നത് ശരിയല്ല. സി.ഡബ്ല്യു.ആർ.ഡി.എം-ന്റെ കീഴിൽ പഠനം നടത്തി ഈ നദികളിൽ

അധിക ജലമില്ല എന്നുമാത്രമല്ല 2050-ാം വർഷത്തിൽ രൂക്ഷമായ ജലക്ഷാമമാണ് ഈ പ്രദേശങ്ങളിലനുഭവപ്പെടാൻ പോകുന്നതെന്നുള്ള റിപ്പോർട്ട് നമ്മൾ എല്ലാ സമിതികളുടെ മുന്നിലും ഹാജരാക്കിയിട്ടുണ്ട്. എന്നുമാത്രമല്ല, പമ്പാ നദിയെക്കുറിച്ചുള്ള റിപ്പോർട്ടിൽ ജലദൗർലഭ്യത്തിന്റെ കാര്യത്തിൽ വളരെ രൂക്ഷമായ സാഹചര്യങ്ങളാണുള്ളത്. ഇങ്ങനെയൊരു സംയോജനം വന്നാൽ മദ്ധ്യതിരുവിതാംകൂറിന്റെ പരിസ്ഥിതി സന്തുലനം തകരാറിലാവുകയും കേരളത്തിന്റെ വനങ്ങളും തേക്കിൻതോട്ടങ്ങളും കൃഷിസ്ഥലങ്ങളുമുൾപ്പെടെ 2004 ഹെക്ടർ സ്ഥലം വെള്ളത്തിനടിയിലാകുമെന്നും കുടിവെള്ളക്ഷാമം ഉണ്ടാകുമെന്നും ഈ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഇന്ത്യയിലെ ഏറ്റവും വലിയ തീർത്ഥാടനകേന്ദ്രമാണ് ശബരിമല. പമ്പയിലെ ജലത്തിന്റെ ഒഴുക്കുകൊണ്ടാണ് ആ പ്രദേശങ്ങളിലെ മലിനീകരണം തടയത്തക്കവിധത്തിലുള്ള പ്രവർത്തനങ്ങൾ വെള്ളപ്പൊക്ക കാലത്ത് നടക്കുന്നത്. വെള്ളപ്പൊക്കത്തിൽ വരുന്ന വെള്ളം ഒഴുകി കടലിൽ പോകുന്നു എന്നുള്ള വാദം വരുമ്പോൾതന്നെ ആ ഒഴുക്കിനും വലിയൊരു പ്രാധാന്യം നമ്മുടെ പരിസ്ഥിതി സംരക്ഷിക്കുന്ന കാര്യത്തിലുണ്ട്. കേരള സർക്കാർ വേമ്പനാട് വെറ്റ് ലാൻഡിന്റെ വാട്ടർ ബാലൻസ് സ്റ്റഡി നടത്താൻ ഡൽഹി ഐ.ഐ.ടി.-യെ ചുമതലപ്പെടുത്തിയിരുന്നു. ഡൽഹി ഐ.ഐ.ടി. 17-7-2012-ൽ കേരള ഗവൺമെന്റിന് സമർപ്പിച്ച അന്തിമ റിപ്പോർട്ടിൽ നദീ സംയോജന പദ്ധതിയുണ്ടാക്കാൻ സാദ്ധ്യതയുള്ള ecological impact– നെപ്പറ്റി വിശദീകരിച്ചിട്ടുണ്ട്. കൂടാതെ പമ്പ, അച്ചൻകോവിൽ നദികളിൽ അധിക ജലമില്ലെന്നും ഈ റിപ്പോർട്ട് വ്യക്തമാക്കുന്നു. ഭരണഘടനയനുസരിച്ച് ജലവുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളെല്ലാം സംസ്ഥാന വിഷയമാണ്. അതിനാൽ കേരളത്തിലെ നദികളിലെ ജലം മറ്റേതെങ്കിലും സംസ്ഥാനത്തേക്ക് തിരിച്ചുവിടണമോയെന്ന കാര്യത്തിൽ തീരുമാനമെടുക്കാനുള്ള നിയമപരമായ അധികാരം കേരള സർക്കാരിനു തന്നെയാണെന്ന ഉറച്ച നിലപാടാണ് നമുക്കുള്ളത്. അതിനാണ് ഭരണഘടനാപരമായിട്ടുള്ള ബാക്കിംഗ് ഉള്ളത്. മുല്ലപ്പെരിയാറിന്റെ കാര്യത്തിൽ നമുക്ക് വളരെയധികം വീക്ക്നെസ് ഉണ്ടായി. നേരത്തെയുണ്ടാക്കിയ എഗ്രിമെന്റ് 1969-ൽ പുതുക്കിയതാണ്. കാലാകാലങ്ങളായി ജലം കൊടുത്തുകൊണ്ടിരുന്ന നമുക്ക് ധാർമ്മികമായ ഒരു ബലഹീനതയുണ്ടായിരുന്നു. അതിന് കടക വിരുദ്ധമായിട്ടുള്ളതാണ് നദീജലസംയോജനവുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ. 27-02-2012-ൽ സുപ്രീം കോടതി പുറപ്പെടുവിച്ച വിധി ന്യായത്തിന്റെ അടിസ്ഥാനത്തിലും ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽനിന്ന് ലഭിച്ച

നിർദ്ദേശങ്ങൾകൂടി പരിഗണിച്ചും കോടതി നിർദ്ദേശിച്ച പ്രകാരമുള്ള സ്പെഷ്യൽ കമ്മിറ്റിയിലേയ്ക്ക് കേരളത്തിന്റെ പ്രതിനിധിയായി ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. സുപ്രീം കോടതി നിർദ്ദേശ പ്രകാരമുള്ള പ്രത്യേക സമിതിയിലേക്കാണ് നോമിനേഷൻ നടത്തിയിട്ടുള്ളത്. കോടതി നിർദ്ദേശപ്രകാരം രൂപീകൃതമായിട്ടുള്ള സമിതിക്ക് പദ്ധതികൾ സംബന്ധിച്ച് ശിപാർശ കൊടുക്കാനുള്ള അധികാരം മാത്രമേയുള്ളൂ. ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ സമ്മതമില്ലാതെ നദീസംയോജന പദ്ധതികൾ നടപ്പിലാക്കാൻ കഴിയില്ല. നദീ സംയോജനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ താല്പര്യങ്ങളും ആശങ്കകളും അഭിപ്രായങ്ങളും കേരളത്തിന്റെ പ്രതിനിധിക്ക് പ്രത്യേക സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ കഴിയുന്നതാണ്. സംസ്ഥാനത്തിന്റെ സമ്മതത്തോടുകൂടി മാത്രമേ നദീസംയോജന പദ്ധതികളുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ എന്ന വസ്തുതയുടെ അടിസ്ഥാനത്തിൽ സുപ്രീം കോടതിയുടെ 27-2-2012-ലെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിലും സംസ്ഥാനതലത്തിൽ തുടർ നടപടികൾക്ക് ഒരാശങ്കയ്ക്കും വഴിയില്ലെന്നുള്ള ഉപദേശമാണ് ലഭിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് എല്ലാ വേദികളിലും എതിർപ്പുകൾ വ്യക്തമാക്കിയിട്ടുണ്ട്. 21-11-2014-ൽ കേന്ദ്ര ജലവിഭവ വകുപ്പുമന്ത്രി ഒരു യോഗം വിളിച്ചുകൂട്ടിയിരുന്നു. ജലവിഭവ വകുപ്പുമന്ത്രി ശ്രീ. പി.ജെ. ജോസഫ് ആ യോഗത്തിൽ പങ്കെടുക്കുകയും ഇത് സംബന്ധിച്ച് ശക്തമായ എതിർപ്പ് വ്യക്തമാക്കിയിട്ടുമുണ്ട്. ഇന്ത്യയിലെ പല നദികളെ സംബന്ധിച്ചാണ് നദീജല സംയോജനവുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ ചർച്ച ചെയ്യുന്നത്. നമ്മൾ എല്ലാ വേദികളിലും ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചതിനെത്തുടർന്ന് NWDA തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റിൽ ഈ പദ്ധതി വന്നിട്ടില്ല. കേരളത്തിന്റെ സമ്മതമില്ലാതെ പ്രസ്തുത പദ്ധതി സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിക്കുകയില്ലെന്ന് ദേശീയ ജല വികസന ഏജൻസിയുടെ വിവിധ യോഗങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. കേരളത്തിന്റെ സമ്മതത്തോടുകൂടി മാത്രമേ കേരളത്തിലെ നദികളെ സംയോജിപ്പിക്കുന്നതിനുള്ള നദീസംയോജന പദ്ധതി നടപ്പിലാക്കുകയുള്ളൂ എന്ന് ദേശീയ വികസന ഏജൻസി വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ ശക്തമായ എതിർപ്പിനെ അവഗണിച്ച് ജലവികസന ഏജൻസിയോ കേന്ദ്ര ഗവൺമെന്റോ ഒരു കാരണവശാലും ഈ പദ്ധതിയുമായി മുമ്പോട്ടുപോകില്ലെന്ന ധാരണയാണ് സംസ്ഥാന ഗവൺമെന്റിനുള്ളത്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഇത് വളരെ ദോഷകരമായിട്ടുള്ള ഒന്നാണ്. ഒരു കാരണവശാലും ഇതിനോട് യോജിക്കാൻ നിവൃത്തിയില്ല. നമ്മളെ

സംബന്ധിച്ചിടത്തോളം ഇത് സംസ്ഥാന സബ്ജക്റ്റാണ്. സംസ്ഥാനത്തിന്റെ വാക്കാണ് അവസാന വാക്ക്. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റ് ഒരു അലംഭാവവും കാണിക്കാതെ ശക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ നിലപാടിനോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. സംസ്ഥാനത്തിനുള്ളിലെ ജലത്തിന്മേലുള്ള അധികാരം സംസ്ഥാനത്തിന് മാത്രമാണ്; മറ്റാർക്കും അതിന്മേൽ അധികാരമില്ല. പക്ഷേ, ആ വസ്തുത നിലനിൽക്കുമ്പോൾ തന്നെയാണ് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയുണ്ടായത്. കഴിഞ്ഞ തവണ നിയമസഭ ഈ വിഷയം ചർച്ച ചെയ്ത അവസ്ഥയിലല്ല ഇപ്പോൾ നിൽക്കുന്നത്. കേന്ദ്ര ഗവൺമെന്റ് നയപ്രഖ്യാപനത്തിൽ ഇത് ഉൾക്കൊള്ളിക്കുകയും 100 കോടി രൂപ വകയിരുത്തുകയും ചെയ്തു. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന Special Committee for Interlinking of Rivers എന്ന കമ്മിറ്റി നദീസംയോജനവുമായി ബന്ധപ്പെട്ട പദ്ധതികളുടെ പ്ലാനിംഗും കൺസ്ട്രക്ഷനും ഇംപ്ലിമെന്റേഷനും നടപ്പാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട് എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഈ നിയമസഭയിൽ തന്ന മറുപടി. അപ്പോൾ ശിപാർശ മാത്രമല്ല, എൻഫോഴ്സ്മെന്റ് തന്നെ വരികയാണ്. അതിന്റെ പ്ലാനിംഗും കൺസ്ട്രക്ഷനും ഇംപ്ലിമെന്റേഷനും നടത്താൻ വേണ്ടി സുപ്രീം കോടതി നിർദ്ദേശിച്ചുവെന്നാണ്. സുപ്രീം കോടതിയുടെ പ്രതികൂലമായ വിധിക്കും കേന്ദ്ര ഗവൺമെന്റ് നയപ്രഖ്യാപനം നടത്തി 100 കോടി രൂപ വകയിരുത്തിയതിനും നമ്മുടെ എതിർപ്പ് രേഖപ്പെടുത്തുന്നുവെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ഞാൻ മുഖവിലയ്ക്ക് എടുക്കുന്നു. എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടത് എന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നദീജലസംയോജനമെന്ന് പറഞ്ഞാൽ നമ്മുടെ ഈ രണ്ട് നദികൾ വൈപ്പാറുമായി യോജിപ്പിക്കുക മാത്രമല്ല, ഇന്ത്യയിലെ 30-ലധികം നദികളുടെ സംയോജനം സംബന്ധിച്ചുള്ള ഒരു പ്രോജക്റ്റാണ്. അതിനുവേണ്ടിയാണ് തുക വകകൊള്ളിച്ചിരിക്കുന്നത്. ഓരോ പദ്ധതിയും നടപ്പിലാകണമെങ്കിൽ ബന്ധപ്പെട്ട സംസ്ഥാനങ്ങളുടെ കൺസെന്റ് വേണം. സംസ്ഥാനങ്ങളുടെ പൂർണ്ണമായ സമ്മതത്തോടുകൂടി മാത്രമേ പ്രൊസീഡ് ചെയ്യാൻ സാധിക്കുകയുള്ളൂ. ഇതുസംബന്ധിച്ച് വ്യക്തമായ നിലപാട് എടുത്തിട്ടുണ്ട്. നമ്മുടെ ഏജൻസിയെക്കൊണ്ട് മാത്രമല്ല, സി.ഡബ്ല്യു.ആർ.ഡി.എം.-നെക്കൊണ്ടും ഡൽഹി ഐ.ഐ.റ്റി.-യെക്കൊണ്ടും ഇതുസംബന്ധിച്ച് വളരെ ആധികാരികമായി സ്റ്റഡി നടത്തി. അധികജലമില്ലെന്നും വളരെയധികം ഭൂമി വെള്ളത്തിനടിയിലാകുമെന്നും പരിസ്ഥിതി സംബന്ധമായി വളരെയേറെ പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്നു മൊക്കെയുള്ള കാര്യങ്ങൾ പ്രൂവ് ചെയ്ത് എല്ലാ സമിതികളിലും അവതരിപ്പിച്ചിട്ടുണ്ട്.

അതുകൊണ്ട് ഇതുസംബന്ധിച്ച് ആശങ്ക വേണ്ട. സംസ്ഥാന ഗവൺമെന്റ് തുടർന്നും അക്കാര്യത്തിൽ ശക്തമായ നിലപാടെടുക്കും. 11-ാം കേരള നിയമസഭയുടെ 6-ാം സമ്മേളനത്തിൽ ഇതിനെതിരായി പ്രമേയം പാസ്സാക്കിയതിന്റെ അടിസ്ഥാനത്തിൽ തന്നെയാണ് ഇപ്പോഴും ഗവൺമെന്റ് നിൽക്കുന്നത്.

## V ക്രമപ്രശ്നം

### മദ്യനയം മാറ്റം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, ഞാൻ എഴുന്നേറ്റത് സബ്മിഷൻ അവതരിപ്പിക്കാൻ വേണ്ടിയാണെന്നാണ് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ കരുതിയത്. ഞാൻ ചട്ടം 303 അനുസരിച്ച് ക്രമപ്രശ്നം ഉന്നയിക്കാനാണ് ഇപ്പോൾ എഴുന്നേറ്റത്.

മദ്യനയം മാറ്റുന്നതായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ നിയമസഭയിൽ പ്രസ്താവന നടത്തി. ഇന്ന് മലയാള മനോരമ പത്രം അത് ലീഡ് വാർത്തയായി നൽകിയിട്ടുണ്ട്. നിങ്ങളുടെ പത്രമാണല്ലോ മലയാള മനോരമ. .....(ബഹളം)...... അല്ല. നമ്മുടെ പത്രം. മലയാള മനോരമ വാർത്തയിൽ ഒരു കാര്യം കൂടി പറഞ്ഞിട്ടുണ്ട്. മുതലാളിമാരുമായി സർക്കാരിന്റെ ഒത്തുകളിയെ തുടർന്നാണ് മദ്യനയം മാറ്റുന്നതെന്നാണ്. ഇത് എന്ത് നയവും നയംമാറ്റവുമാണ്. 'വായിൽ തോന്നിയത് കോതയ്ക്ക് പാട്ട്'' എന്ന് പറയുന്നതുപോലെയല്ലേ മുഖ്യമന്ത്രി ഒരുതുണ്ടു കടലാസിൽ എഴുതിക്കൊണ്ടുവന്ന് നയം പ്രഖ്യാപിച്ചത്. ഇപ്പോൾ എന്താണ് നയംമാറ്റത്തിന് കാരണം? ***** രക്ഷിക്കാൻ നിങ്ങൾ ബാറുടമകളുമായി ഒത്തുതീർപ്പുണ്ടാക്കിയിരിക്കുകയല്ലേ; അവർക്ക് ബിയർ, വൈൻ പാർലറുകൾ നൽകാമെന്നല്ലേ ഉറപ്പ് നൽകിയിരിക്കുന്നത്. അതുപോലെ തന്നെ കോടതിയിൽ വരുന്ന എല്ലാ കേസ്സുകളും തോറ്റുകൊടുക്കാമെന്ന ധാരണയാക്കിയിട്ടില്ലേ. ഞായറാഴ്ച ഡ്രൈ ഡേ ആയി മാറ്റണമെന്നാവശ്യപ്പെട്ട് ഭരണ കക്ഷിയിലെ ഒരു എം.എൽ.എ. ഇന്ന് സബ്മിഷൻ കൊണ്ടുവരുന്നുണ്ട്. ഇതിന്റെ അർത്ഥം എന്താണ്; ഇതൊക്കെയാണ് ഒത്തുതീർപ്പിലെ വ്യവസ്ഥകൾ. ഇത് എന്ത് നാണക്കേടാണ് ? നിയമസഭയെ നോക്കുകുത്തി ആക്കികൊണ്ടല്ലേ ഈ പൊറാട്ട് നാടകം കളിക്കുന്നത്; ആരോടും ആലോചിക്കാതെ ഒരു കീറക്കടലാസിൽ എഴുതി

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കംചെയ്തു.

മുഖ്യമന്ത്രി നയം പ്രഖ്യാപിക്കുന്നു. പിന്നെ കുറേ നാടകം കളിക്കുന്നു. ഇപ്പോൾ ഏകപക്ഷീയമായി നയം മാറ്റുമെന്ന് പ്രഖ്യാപിക്കുന്നു. ഇതെന്താണ്; ഇതൊക്കെ കണ്ടിട്ടും കേട്ടിട്ടും അപ്പുറത്തിരിക്കുന്ന എന്റെ സ്നേഹിതന്മാർക്ക് ഒരു നാണവും തോന്നുന്നില്ലേ; ഇതൊക്കെ ഓർഡറിലാണോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, പത്രത്തിൽ വാർത്ത വന്നതിന് എനിക്ക് മറുപടി പറയാൻ കഴിയില്ല. ഞാൻ പറഞ്ഞതിന് മറുപടി പറയാം. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ചട്ടപ്രകാരമുള്ള ക്രമപ്രശ്നമെന്നാണ് പറഞ്ഞത്. സഭ നടന്നുകൊണ്ടിരിക്കുമ്പോൾ സഭയിൽ നയം പ്രഖ്യാപിക്കാതെ ബാർ കോഴയിലെ സാക്ഷികളെ സ്വാധീനിക്കാൻ നടത്തിയ നടപടിയെക്കുറിച്ചാണ് എഴുതിയിരിക്കുന്നത്. അങ്ങ് പറഞ്ഞിരിക്കുന്നത് സഭയ്ക്ക് പുറത്ത് ഞാൻ എന്തോ പറഞ്ഞുവെന്നാണ്. പക്ഷേ, ഇത് തുടങ്ങുന്നത് ഇന്നലെ നിയമസഭയിൽ മുഖ്യമന്ത്രി മദ്യനയം മാറ്റുന്നതായ പ്രസ്താവന നടത്തി; ബാർ മുതലാളിമാരുമായി ഒത്തുകളിച്ച് കേസ് ഒത്തുതീർപ്പിൽ എത്തിക്കുന്നതിനുള്ള ശ്രമമാണ് മുഖ്യമന്ത്രി ഇന്നലെ നിയമസഭയിൽ നടത്തിയതെന്നാണ്. ഇതിൽ ഏതിനാണ് ഞാൻ മറുപടി പറയേണ്ടത്? ആദ്യം നിയമസഭയിൽ പറഞ്ഞതിനെക്കുറിച്ചും അവസാനം സഭ നടന്നുകൊണ്ടിരിക്കുമ്പോൾ നിയമസഭയ്ക്ക് പുറത്തു പറഞ്ഞതിനെക്കുറിച്ചുമാണ് പറഞ്ഞിരിക്കുന്നത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, രണ്ടും അങ്ങ് പറഞ്ഞതാണല്ലോ. രണ്ടിനും മറുപടി പറയുകയോ അങ്ങേക്ക് ഇഷ്ടമുള്ളതിന് മാത്രം മറുപടി പറയുകയോ ചെയ്യാം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, രണ്ടുകാര്യങ്ങളും ഒരേ കടലാസിലാണ് എഴുതിയിട്ടുള്ളത്. ഏത് കടലാസ് കിട്ടിയാലും ഞാൻ നേരത്തെ വായിച്ച് മനസ്സിലാക്കി മാത്രമേ ചെയ്യുകയുള്ളൂ. ഇന്നലെ ഞാൻ പറഞ്ഞതിന്റെ ഏതാനും ഭാഗങ്ങൾ ഏറ്റെടുത്ത് പറയുകയും അതിന് ഓരോ വ്യാഖ്യാനങ്ങൾ കൊടുക്കുകയും ചെയ്താൽ എനിക്ക് ഉത്തരവാദിത്തമില്ല. ഞാൻ ഇന്നലെ വ്യക്തമായി പറഞ്ഞതാണ്. പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ ഒരു ദിവസം കൊണ്ട് പ്രഖ്യാപിച്ചതല്ല മദ്യനയം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ തന്നെ ഘട്ടംഘട്ടമായി മദ്യനിരോധനം നടപ്പിലാക്കുമെന്നുള്ള പ്രകടനപത്രികയിലെ വാഗ്ദാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി എടുത്ത നിലപാടാണ്. ബിവറേജസ് കോർപ്പറേഷനിൽ പുതിയതായി ഒറ്റ ഔട്ട്ലെറ്റ് പോലും കൊടുക്കില്ലെന്ന്

തീരുമാനിച്ചു. ഒരു ഔട്ട്‌ലെറ്റും കൊടുത്തിട്ടുമില്ല. കാരണം ആലോചിച്ചെടുത്ത തീരുമാനമാണ്. ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് എത്രയെണ്ണം കൊടുത്തു?

ശ്രീ. വി. എസ്. അച്യുതാനന്ദൻ: 50 പേർക്ക് 50 ബാർ ലൈസൻസ് കൊടുത്തത് ഓർക്കുന്നില്ലേ?

ശ്രീ. ഉമ്മൻ ചാണ്ടി: ഞങ്ങൾ ബാർ ലൈസൻസ് കൊടുക്കില്ലെന്ന് പറഞ്ഞിട്ടില്ല. അന്ന് പറഞ്ഞത്, ബിവറേജസ് കോർപ്പറേഷന്റെ പുതിയ ഔട്ട്‌ലെറ്റ് തുടങ്ങില്ലെന്നാണ്. രണ്ടാമതായി, ത്രീ സ്റ്റാർ ബാറുകൾ നിർത്താൻ പോവുകയാണ്. 31-3-2012 വരെ മാത്രമേ ത്രീസ്റ്റാർ ബാറുകൾക്ക് ലൈസൻസ് കൊടുത്തിട്ടുള്ളൂ. അത് കൊടുക്കുമെന്ന് പറഞ്ഞിരുന്നതാണ്. കൊടുക്കില്ലെന്ന് പറഞ്ഞിട്ടല്ല കൊടുത്തത്. പറഞ്ഞിട്ടേ ചെയ്യുകയുള്ളു. അതുപോലെ 31-3-2013 വരെ ഫോർ സ്റ്റാർ-ന് കൊടുക്കുമെന്ന് പറഞ്ഞു. ഞങ്ങൾ ആദ്യമെടുത്ത നിലപാടിൽ ഒന്നുപോലും മാറ്റിയിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഇപ്പോൾ സംശയം വന്നിരിക്കുന്നത് അങ്ങയുടെ ഇന്നലത്തെ പ്രഖ്യാപനത്തോടെയാണ്. പൂട്ടിയിട്ട 418 ബാറുകളും ബിയർ/വൈൻ പാർലറുകളാക്കാൻ പോകുന്നു. അതെല്ലാം വീണ്ടും ബാറായി മാറാൻ പോകുന്നുവെന്ന പ്രതീതിയാണ് അങ്ങയുടെ ഇന്നലത്തെ പ്രസ്താവനയോടുകൂടി വന്നിട്ടുള്ളത്. അതാണ് ഇവിടെ പ്രതിപക്ഷനേതാവ് ഉന്നയിച്ചിട്ടുള്ളത്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, അത് ഓരോരുത്തർക്കും എങ്ങനെ വേണമെങ്കിലും വ്യാഖ്യാനിക്കാം. പക്ഷേ ഞങ്ങളെ സംബന്ധിച്ചിടത്തോളം ഇന്ന് ഈ മദ്യനയം വന്നതിനുശേഷമുണ്ടായിട്ടുള്ള സംഭവ പരമ്പരകളുണ്ട്. അതിലൊന്ന് കോടതിയുടെ നിരീക്ഷണമാണ്. കോടതിയുടെ അന്തിമ വിധി വരാനിരിക്കുന്നു. തീർച്ചയായും കോടതിയുടെ നിരീക്ഷണങ്ങളും കോടതിയുടെ വിധിയും കണക്കിലെടുക്കേണ്ടി വരും. അതുപോലെതന്നെ തൊഴിലാളികളുടെ തൊഴിൽ പ്രശ്നവുമായി ബന്ധപ്പെട്ട് നല്ലൊരു പാക്കേജ് നൽകുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെങ്കിലും അതിൽ തൃപ്തിവരാതെ എല്ലാ സംഘടനകളും നിവേദനവുമായി സമീപിച്ചിട്ടുണ്ട്. ടൂറിസത്തെ ബാധിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ഇങ്ങനെയുള്ള എല്ലാ വശങ്ങളും പരിശോധിച്ച് ഞങ്ങളുടെ എല്ലാ കക്ഷികളിലും യു.ഡി.എഫ്.-ലും നടക്കുന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ഒരു തീരുമാനമെടുക്കും. ഞങ്ങൾ ഇപ്പോഴുള്ള തീരുമാനമെടുക്കുമ്പോൾത്തന്നെ ചില കാര്യങ്ങളുടെ തീരുമാനം

മാറ്റിവച്ചിരുന്നു. ഇപ്പോൾ അങ്ങ് ചോദിച്ച ചോദ്യമായ ബിയർ/വൈൻ പാർലറുകളെ സംബന്ധിച്ചിടത്തോളം ഞങ്ങളൊരു തീരുമാനമെടുത്തിരുന്നില്ല. ഇന്ന് അനുമതിയുള്ളവയെല്ലാം തുടരുകയാണ്. അതുപോലെ ക്ലബ്ബുകളുടെ ലൈസൻസ് സംബന്ധിച്ചും ഞങ്ങൾ തീരുമാനമെടുത്തിരുന്നില്ല. അപ്പോൾ തീരുമാനമെടുക്കാൻ ബാക്കിയുള്ള കാര്യങ്ങൾ കൂടാതെ എടുത്ത തീരുമാനം നടപ്പിലാക്കിയതിനുശേഷം ഉയർന്നുവന്നിട്ടുള്ള നിരവധി പ്രശ്നങ്ങൾ എന്നിവയെല്ലാം ഞങ്ങൾ പരിശോധിക്കുകയും ആവശ്യമായ ചർച്ചകൾ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സുതാര്യമായ തീരുമാനമെടുക്കുകയും ചെയ്യുന്നതാണ്. അതിനെ സംബന്ധിച്ചിടത്തോളം ഒരു അവ്യക്തതയും ഞങ്ങൾക്കില്ല. പിന്നെ അവ്യക്തത ഉണ്ടാക്കണമെന്ന് ആഗ്രഹിക്കുന്നെങ്കിൽ അത് എന്തുവേണമെങ്കിലുമാകാം. പക്ഷേ, ഞങ്ങളെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തതയോടുകൂടിയ ഒരു സമീപനമാണ് ഈ കാര്യത്തിലുള്ളത്. മദ്യനയം കുറ്റമറ്റ രീതിയിൽ സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി പ്രയോജനപ്പെടുത്തത്തക്ക വിധത്തിൽ മുമ്പോട്ട് കൊണ്ടുപോകുമെന്ന് ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. എ. കെ. ബാലൻ</u> : സർ,........

<u>മി. ഡെപ്യൂട്ടി സ്പീക്കർ :</u> ശ്രീ. എ. കെ. ബാലൻ, ഇതിനെ സംബന്ധിച്ചൊരു ചർച്ച വേണ്ട. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഒരു ക്രമപ്രശ്നമുന്നയിച്ചു, ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടിയും പറഞ്ഞു. ഇനി അതിനെ സംബന്ധിച്ചൊരു ചർച്ച വേണ്ട.... (ബഹളം).... അതു ശരിയല്ല. ബഹുമാനപ്പെട്ട എ. കെ. ബാലൻ, ഇത് അനുവദിക്കുന്നതല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ക്രമപ്രശ്നം ഉന്നയിച്ചു. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ വ്യക്തമായ മറുപടി പറഞ്ഞു. പ്ലീസ്... ചർച്ചയില്ല. വേണമെങ്കിൽ അങ്ങേക്ക് നാളെ പ്രത്യേക സബ്മിഷനായി ഈ വിഷയം കൊണ്ടുവരാവുന്നതാണ്. പ്ലീസ്... ചർച്ചയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞു കഴിഞ്ഞു. ഇനി അതിന് ക്ലാരിഫിക്കേഷൻ ആവശ്യപ്പെടുന്നത് ശരിയല്ല.

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ :</u> സർ, ഏതായാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും സഭയോടും എനിക്ക് അറിയിക്കാനുള്ളത് ഇനി ഇപ്പോൾ ബിജു രമേശും കൂട്ടരും എന്തു നിലപാടെടുക്കുന്നു എന്നുള്ളതിനെ ആസ്പദമാക്കിയാണ് കാര്യങ്ങൾ പോകുന്നത്. പ്രശ്നം ഒത്തുതീർപ്പിലെത്തിയോ ഇല്ലയോ എന്നുള്ളതാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവായ അങ്ങ് ഇക്കാര്യം ക്രമപ്രശ്നത്തിലൂടെ ചോദിക്കുന്നത് ശരിയല്ല. അങ്ങ് ഉന്നയിച്ച ക്രമപ്രശ്നത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞുകഴിഞ്ഞു. ദയവായി അങ്ങ് ഇരിക്കണം. ഇതിനെ സംബന്ധിച്ച് ഇനി ചർച്ച ഇല്ല.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ, മറുപടിയിൽ നിന്നുണ്ടാകുന്ന സംശയങ്ങൾകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കാനുള്ള അവകാശം എനിക്കുണ്ട്. അതനുസരിച്ചാണ് ഞാൻ ചോദിച്ചത്. അത് അങ്ങ് ആ നിലയിൽ മനസ്സിലാക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് മറുപടി പറഞ്ഞ് കഴിഞ്ഞോ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഈ 418 ബാറുകൾക്കും സ്ഥിരമായി അംഗീകാരം നൽകിയ മുഖ്യമന്ത്രിയാണ് എന്നോട് ഈ ചോദ്യം ചോദിച്ചിരിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ : യെസ്.. ഇനി ചർച്ച വേണ്ട. ... (ബഹളം) ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചർച്ചയിലേക്ക് പോകരുത്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ, മുഖ്യമന്ത്രി ഇവിടെ പറഞ്ഞ 418 ബാറുകളുടെ കാര്യത്തിൽ 2005-ൽ ഇവരും അതുതന്നെ തുടർന്നിട്ടുള്ളതാണ്. അതെല്ലാം നമുക്കറിയാവുന്നതാണ്. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ഏതായാലും ഇനി ചർച്ചയിലേക്ക് പോകരുത്. ആ പ്രശ്നം തീരുകയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ച ക്രമപ്രശ്നം അവസാനിക്കുകയാണ്. ഇനി മറ്റൊരു കാര്യം, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ സംസാരിക്കുന്ന സമയത്ത് ***** എന്ന പദം പ്രയോഗിച്ചു. ഒരാളിനെതിരായി ഒരാരോപണം വന്നാൽ അദ്ദേഹം അഴിമതിക്കാരനാകുന്നില്ല. അഴിമതിക്കാരനാണ് എന്നു പറയണമെന്നുണ്ടെങ്കിൽ അത് തെളിയണം. അതിനുമുമ്പ് ആരോപണ വിധേയനായ ആൾ എന്നു പറഞ്ഞെങ്കിൽ അംഗീകരിക്കാമായിരുന്നു, ***എന്നുപറഞ്ഞത് ശരിയായില്ല. അത് സഭാ രേഖകളിൽനിന്നും നീക്കം ചെയ്യുന്നു.

ശ്രീ. വി. എസ്. അച്യുതാനന്ദൻ : സർ, അഴിമതി ആരോപണത്തിന് വിധേയനായ ബഹുമാനപ്പെട്ട *** എന്നാക്കിയതായി ഞാൻ അംഗീകരിച്ചിരിക്കുന്നു. ഏതായാലും ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ വളരെ ശ്രദ്ധയോടുകൂടിത്തന്നെ ഭരണകക്ഷിയിലെ ആളുകളെ രക്ഷിക്കുന്നതിനുവേണ്ടി എടുത്തുകൊണ്ടിരിക്കുന്ന നയസമീപനത്തെപ്പറ്റി വളരെ ഖേദമുണ്ടെന്ന് ഞാൻ നിങ്ങളെ അറിയിക്കുകയാണ്.

*** സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം സഭാ രേഖയിൽ നിന്നും നീക്കം ചെയ്തു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, പോയിന്റ് ഓഫ് ഓർഡർ. ചെയറിനെക്കുറിച്ച് അങ്ങനെ പറയാൻ പാടില്ലാത്തതാണ്. ഇത് ദുഃസൂചനയാണ്. അതുകൊണ്ട് റൂൾ 307 അനുസരിച്ച് അത് എക്സ്പഞ്ച് ചെയ്യണം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ഞാൻ പറഞ്ഞത് ഖേദപൂർവ്വം പിൻവലിക്കുന്നുവെന്ന് പറഞ്ഞുകഴിഞ്ഞു.

മി. ഡെപ്യൂട്ടി സ്പീക്കർ : അദ്ദേഹം പിൻവലിച്ചുകഴിഞ്ഞു.

## VI സബ്മിഷൻ

### (1) ഏകാദ്ധ്യാപക വിദ്യാലയങ്ങളുടെ ദുരവസ്ഥ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, കേരളത്തിലെ വന-മലയോരങ്ങളിലെ ഒറ്റപ്പെട്ട കോളനികളിൽ പ്രൈമറി വിദ്യാഭ്യാസം നൽകുന്നതിനായി 1997 മുതൽ പ്രവർത്തിക്കുന്ന ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ പട്ടികവിഭാഗക്കാരായ ഏകദേശം 5700 വിദ്യാർത്ഥികളും 324 അദ്ധ്യാപകരുമുണ്ട്. കടുത്ത അവഗണനയാണ് ഈ വിദ്യാലയങ്ങളോടും അദ്ധ്യാപകരോടും സർക്കാർ കാണിക്കുന്നത്. 17 വർഷം കാട്ടിനുള്ളിൽ ജീവൻ പണയം വച്ച് തൊഴിലെടുക്കുന്ന ഈ അദ്ധ്യാപകർക്ക് 3,000 രൂപയാണ് ശമ്പളമായി നൽകുന്നത്. മനുഷ്യാവകാശ കമ്മീഷൻ 2014 ജനുവരിയിൽ ഇവർക്ക് ചുരുങ്ങിയത് 10,000 രൂപയെങ്കിലും നൽകണമെന്ന് സർക്കാരിനോട് ശിപാർശ ചെയ്തിരുന്നു. എന്നാൽ സർക്കാർ നാളിതുവരെ മനുഷ്യാവകാശ കമ്മീഷന്റെ ശിപാർശയനുസരിച്ചുള്ള ഉത്തരവ് ഇറക്കിയിട്ടില്ല. കുട്ടികൾക്ക് പാഠപുസ്തകങ്ങൾ ലഭ്യമാകുന്നില്ല. ഹെഡ്മാസ്റ്റർ മുതൽ പ്യൂൺ വരെയുള്ള ജോലി ഒറ്റയ്ക്ക് നിർവ്വഹിക്കുകയും ഒന്ന് മുതൽ നാല് വരെ ക്ലാസുകളിൽ അദ്ധ്യാപനം നടത്തുകയും ചെയ്യുന്ന അദ്ധ്യാപകന്മാർക്ക് ഇപ്പോൾ നൽകുന്ന 3,000 രൂപയല്ലാതെ മറ്റൊരു ആനുകൂല്യവും ലഭിക്കുന്നില്ല. ഇത് ആദിവാസി സമൂഹത്തോട് കാണിക്കുന്ന കടുത്ത അനീതിയാണ്. ആയതിനാൽ ഈ അദ്ധ്യാപകർക്ക് മനുഷ്യാവകാശ കമ്മീഷൻ ശിപാർശ ചെയ്ത 10,000 രൂപയെങ്കിലും അടിയന്തരമായി നൽകണം. ഈ വിദ്യാലയങ്ങളെ എൽ.പി. സ്കൂളുകളുമായി ഉയർത്തണമെന്നും നിലവിലെ അദ്ധ്യാപകരെ അവിടെത്തന്നെ അദ്ധ്യാപകരായി നിയമിക്കുന്നതിനും വിദ്യാർത്ഥികൾക്കാവശ്യമായ പഠനോപകരണങ്ങളും പുസ്തകങ്ങളുമടക്കം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

11.00 AM]

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. ഷംസുദ്ദീൻ)

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, കേരളത്തിൽ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മേഖലകളിലെ വിദ്യാർത്ഥികൾക്ക് അടിസ്ഥാന വിദ്യാഭ്യാസം നൽകുന്നതിനായി 1997-ൽ ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി പ്രകാരം രൂപീകരിച്ച പദ്ധതിയാണ് ബദൽ ഏകാദ്ധ്യാപക വിദ്യാലയം. ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പദ്ധതിക്കുശേഷം സർവ്വ ശിക്ഷാ

അഭിയാൻ ഈ പദ്ധതി ഏറ്റെടുക്കുകയും 2011-12 മുതൽ സംസ്ഥാന ഗവൺമെന്റ് ഈ പദ്ധതിയുടെ ചുമതല ഏറ്റെടുക്കുകയും ചെയ്തു. അതുവരെ കേന്ദ്ര ഗവൺമെന്റാണ് ഇതിനുള്ള പണം കൊടുത്തിരുന്നത്. 1997-ൽ ആകെ 10 വിദ്യാലയങ്ങളാണ് സംസ്ഥാനത്ത് ഉണ്ടായിരുന്നത്. 2014-15 അദ്ധ്യയന വർഷത്തിൽ കേരളത്തിലെ 12 ജില്ലകളിലായി 321 ബദൽ ഏകാദ്ധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നു. കേന്ദ്ര വിദ്യാഭ്യാസ ചട്ടമനുസരിച്ച് ബദൽ ഏകാദ്ധ്യാപക വിദ്യാലയങ്ങളെല്ലാം തന്നെ ലോവർ പ്രൈമറി സ്കൂളുകളായി മാറ്റാൻ നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ സർവ്വശിക്ഷാ അഭിയാൻ ബദൽ ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ പരിശോധന നടത്തുകയും സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളതായി കണ്ടെത്തിയ 111 എണ്ണം ലോവർ പ്രൈമറി സ്കൂളായി ഉയർത്താൻ ശിപാർശ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ 1-3-2014-ലെ ജി.ഒ. (എം.എസ്.)നമ്പർ 44/2014 പൊ.വി.വ. പ്രകാരം ലോവർ പ്രൈമറി സ്കൂളുകളായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ 371 വിദ്യാ വോളന്റിയർമാർ ജോലി ചെയ്യുന്നു. 5886 വിദ്യാർത്ഥികൾക്ക് ഇതിന്റെ ഫലം ലഭിക്കുന്നു. 31-8-2014 വരെ പ്രതിമാസം മൂവായിരം രൂപ മാത്രമാണ് ഇവർക്ക് ഓണറേറിയമായി അനുവദിച്ചിരുന്നത്. ബഹുമാനപ്പെട്ട സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ വിദ്യാ വോളന്റിയർമാരുടെ വേതനം 2014 സെപ്തംബർ മാസം മുതൽ 5,000 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഏകാദ്ധ്യാപക വിദ്യാലയങ്ങളിൽ നിലവിലുള്ള വിദ്യാ വോളന്റിയർമാരിൽ നിശ്ചിത യോഗ്യതയുള്ളവരെ ലോവർ പ്രൈമറി സ്കൂളായി ഉയർത്തിയ സ്കൂളുകളിൽ തുടരാൻ അനുവദിക്കുന്നതും നിശ്ചിത യോഗ്യതയില്ലാത്തവരെ മറ്റ് അർഹമായ തസ്തികകളിൽ പുനർവിന്യസിക്കുന്നതുമാണ്. അവിടെ പാഠപുസ്തകങ്ങൾ ലഭിച്ചിട്ടില്ലായെന്നുള്ള ഒരു പരാതിയും ഇതുവരെ സർക്കാരിന് ലഭിച്ചിട്ടില്ല. ലോവർ പ്രൈമറി സ്കൂളായി ഉയർത്താൻ ഉത്തരവായിട്ടുള്ള ഏകാദ്ധ്യാപക വിദ്യാലയങ്ങൾ അടുത്ത അദ്ധ്യയന വർഷം മുതൽ പൂർണ്ണ രൂപത്തിൽ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. വി. എസ്. അച്യുതാനന്ദൻ</u> : സർ, ആദിവാസികളുടെ പ്രശ്നമായതുകൊണ്ട് അതിന്റെ വിശദാംശങ്ങൾ ഞാൻ അറിയിച്ചതാണ്. അവിടെ പുറത്തുനിന്നുള്ള അദ്ധ്യാപകർ ആരും വരാൻ ഇടയില്ല. അതുകൊണ്ട് അവർക്ക് 10,000 രൂപ വേതനം അനുവദിക്കുകയെന്ന അഭ്യർത്ഥന ഒന്നുകൂടി സീരിയസ്സായി പരിഗണിക്കണം.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : സർ, എൽ.പി. സ്കൂൾ ആക്കുന്നതോടുകൂടി ആ പ്രശ്നം തീരും. അപ്പോൾ സാധാരണ രീതിയിലുള്ള ശമ്പളം തന്നെ അവർക്ക് ലഭിക്കും.

## (2) സ്ഥലം അക്വയർ ചെയ്യാനുള്ള നടപടി

ശ്രീ. സി. കൃഷ്ണൻ : സർ, ഏഴിമല നാവിക അക്കാഡമിക്കുവേണ്ടി വീണ്ടും ഭൂമി അക്വയർ ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഈ സബ്മിഷൻ ഞാൻ അവതരിപ്പിക്കുന്നത്. രാജ്യത്തിന്റെ അഭിമാനസ്തംഭമായി മാറിയ ഏഴിമല നാവിക അക്കാഡമിക്കുവേണ്ടി 1983-84 വർഷത്തിൽ 2800 ഏക്കർ ഭൂമി അക്വയർ ചെയ്തിരുന്നു. 100 വർഷത്തെ വികസനം മുന്നിൽ കണ്ടാണ് ഇത്രയും ഭൂമി അന്ന് അക്വയർ ചെയ്തത്. ഇതുമായി ബന്ധപ്പെട്ട് ആയിരത്തോളം കുടുംബങ്ങൾ കുടിയൊഴിപ്പിക്കപ്പെട്ടു. ഇതിൽ പലർക്കും അർഹമായ നഷ്ടപരിഹാരമോ പുനരധിവാസ സൗകര്യമോ ലഭിച്ചിട്ടില്ല. ഏറ്റെടുത്ത ഭൂമിയുടെ മൂന്നിൽ ഒരു ഭാഗം പോലും വിനിയോഗിക്കാതെ കിടക്കുമ്പോഴാണ് വീണ്ടും 500 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ സർക്കാർ ആരംഭിച്ചിരിക്കുന്നത്. ഈ നടപടികളുമായി മുന്നോട്ടുപോയാൽ ഒരിക്കൽ പുനരധിവസിപ്പിക്കപ്പെട്ടവരെ വീണ്ടും കുടിയൊഴിപ്പിക്കേണ്ടതായിവരും. ആശങ്കാകുലരായ പ്രദേശവാസികൾ ഒന്നടങ്കം ആക്ഷൻ കമ്മിറ്റി രൂപീകരിച്ച് പ്രക്ഷോഭം നടത്തിവരികയാണ്. ഈ വസ്തുതകൾ കണക്കിലെടുത്ത് വീണ്ടും ഭൂമി അക്വയർ ചെയ്യാനുള്ള നടപടിയിൽനിന്ന് സർക്കാർ പിൻതിരിയണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. സി. കൃഷ്ണൻ ഇവിടെ പറഞ്ഞ പ്രശ്നത്തിന്റെ ഗൗരവം ഗവൺമെന്റിന് നേരിട്ടറിയാം. ബഹുമാനപ്പെട്ട എം.എൽ.എ. ഇതുസംബന്ധിച്ചുള്ള നിവേദനം നേരത്തെ തന്നിരുന്നു. അവിടത്തെ പൊതുജനങ്ങളുടെ ഭാഗത്തുനിന്നും പല നിവേദനങ്ങളും ഞാൻ കണ്ണൂരിൽ വന്നപ്പോൾ കിട്ടിയിരുന്നു. കൂടാതെ ശ്രീ. എം. കെ. രാഘവൻ എം.പി. ഈ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. കണ്ണൂർ ഏഴിമല നാവിക അക്കാഡമിക്കുവേണ്ടി നേവി ബോയ്സ് സ്പോർട്സ് കമ്പനി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 500 ഏക്കർ ഭൂമി ഏറ്റെടുത്ത് നൽകണമെന്ന് സ്റ്റേഷൻ കമാൻഡർ 26-3-2014-ന് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഏഴിമല

നാവിക അക്കാഡമി സ്ഥാപിക്കുന്നതിനുവേണ്ടി കണ്ണൂർ ജില്ലയിലെ രാമന്തളി വില്ലേജിൽ നിന്നുമാത്രം 2500 ഏക്കറിലധികം സ്വകാര്യ ഭൂമി പൊന്നും വിലയ്ക്ക് സർക്കാർ ഏറ്റെടുത്തിരുന്നു. അതിനുപുറമെയാണ് ഇപ്പോൾ 500 ഏക്കർ ഭൂമി കൂടി ഏറ്റെടുത്ത് നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി ആരംഭിക്കുന്നതിനെതിരെ ഏഴിമല ഡവലപ്പ്മെന്റ് കൗൺസിൽ മുഖ്യമന്ത്രിക്ക് നിവേദനം തന്നിരുന്നു. അതുസംബന്ധിച്ച് ജില്ലാ കളക്ടറുടെ റിപ്പോർട്ട് വാങ്ങുകയും ചെയ്തു. ഇനിയും 500 ഏക്കർ സ്ഥലം കൂടി എടുക്കുമ്പോൾ നേരത്തെ 2500 ഏക്കർ ഏറ്റെടുത്തപ്പോൾ ഒഴിവാക്കിയ ആളുകളെ വീണ്ടും ഒഴിപ്പിക്കേണ്ടി വരുമെന്ന് മെമ്പർ പറഞ്ഞത് ശരിയാണ്. ഇവിടെയുള്ള ജനങ്ങളുടെ വികാരം ഗവൺമെന്റ് ശരിക്കും മനസ്സിലാക്കുന്നു. അതുകൊണ്ടുതന്നെ 500 ഏക്കർ ഭൂമി ഏറ്റെടുത്ത് കൊടുക്കാനല്ല ഗവൺമെന്റ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. ഇപ്പോൾ ഇവരുടെ കൈവശം ആയിരത്തിലധികം ഏക്കർ സ്ഥലമെങ്കിലും ഉപയോഗിക്കാതെ കിടക്കുന്നുണ്ട്. ആ സ്ഥലം ഈ പുതിയ ആവശ്യത്തിന് വിനിയോഗിച്ചുകൂടേ എന്ന് അവരോട് ജില്ലാ കളക്ടർ വഴി ചോദിക്കാൻ ഏർപ്പാട് ചെയ്തിരിക്കുകയാണ്. എങ്ങനേയും ഒരു പുതിയ അക്വിസിഷൻ ഒഴിവാക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത് എന്ന് വ്യക്തമാക്കുന്നു. കാരണം, ആ പ്രദേശത്തെ ജനങ്ങൾ ഒരിക്കൽ ഇതിനുവേണ്ടി വലിയൊരു ത്യാഗം സഹിച്ചതാണ്. ഇനിയും അവരെ ബുദ്ധിമുട്ടിക്കരുത് എന്ന് മെമ്പർ ഇവിടെ പ്രകടിപ്പിച്ച വികാരം തന്നെയാണ് ഗവൺമെന്റിനുമുള്ളത്. അതുകൊണ്ട് ഏഴിമല നാവിക അക്കാഡമിയുടെ ആവശ്യം നിലവിലുള്ള ഭൂമികൊണ്ട് തൃപ്തിപ്പെടുത്താനാണ് ഗവൺമെന്റ് ശ്രമിച്ചു കൊണ്ടിരിക്കുന്നത്.

## (3) ഓട് വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. എളമരം കരീം : സർ, ആവശ്യത്തിന് കളിമണ്ണ് ലഭിക്കാത്തതുകൊണ്ട് ഓട്ടുവ്യവസായം ഗുരുതരമായ പ്രതിസന്ധിയിലാണെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കറിയാവുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തീരുമാനിച്ചതനുസരിച്ച് വ്യവസായ വകുപ്പുമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയുമെല്ലാം ചേർന്ന് ഒരു യോഗം കൂടിയിരുന്നു. ആ യോഗത്തിൽ കളിമണ്ണ് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമെന്നായിരുന്നു തീരുമാനം. ആ തീരുമാനം അടിയന്തരമായി

നടപ്പാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെടുന്നു.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, അത് അടിയന്തരമായി നടപ്പിലാക്കാം. മേൽമണ്ണ് മാറ്റി അടിയിലുള്ള കളിമണ്ണെടുത്തതിനുശേഷം വീണ്ടും മേൽമണ്ണ് അവിടെ ഇട്ട് കൃഷിയോഗ്യമാക്കുന്ന തരത്തിലാക്കിയാൽ വെറ്റ് ലാൻഡിനേയും തണ്ണീർത്തട സംരക്ഷണ നിയമത്തേയുമൊന്നും ഇത് ബാധിക്കുകയില്ല. അതനുസരിച്ച് എൻ.ഒ.സി. കൊടുക്കാനുള്ള തീരുമാനമാണ് ഉണ്ടായിട്ടുള്ളത്. അതല്ലെങ്കിൽ ഓട് വ്യവസായവും പരമ്പരാഗത മൺപാത്ര തൊഴിലാളികളുമൊക്കെ പ്രതിസന്ധിയിലാകും. അതുകൊണ്ട് അതിനുവേണ്ടിയുള്ള എൻ.ഒ.സി. കൊടുക്കാനുള്ള നിർദ്ദേശം കളക്ടർമാർക്ക് ഉടനെ കൊടുക്കും.

## (4) ഇ-ഫയലിംഗ്

ശ്രീ. എം. എ. വാഹീദ് : സർ ഇ-ഫയലിംഗ് കൊണ്ട് ജനപ്രതിനിധികൾ വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. പഞ്ചായത്ത് മെമ്പറായിരുന്ന കാലം മുതൽ ഫയലിന്റെ പുറകെ പോകുന്ന ആളാണ് ഞാൻ. അന്നൊക്കെ സെക്ഷനിൽ പോയാൽ ഫയൽ എവിടെയാണെന്ന് അറിയാൻ കഴിയുമായിരുന്നു. ഫയൽ കണ്ടുപിടിക്കാനും അതിന്റെ പൊസിഷനെന്താണെന്നും അതിൽ എന്തെങ്കിലും ക്വറിയുണ്ടെങ്കിൽ അതുമൊക്കെ കണ്ടുപിടിക്കാനും കഴിയുമായിരുന്നു. പിന്നീട് ഇത് കമ്പ്യൂട്ടറൈസ് ചെയ്തപ്പോൾ നെറ്റ് വഴി ഫയലിന്റെ എല്ലാ വിവരങ്ങളും ലഭിക്കുമായിരുന്നു. അതുകൊണ്ട് ഫയൽ എവിടെയാണെന്ന് കണ്ടുപിടിക്കാൻ ബുദ്ധിമുട്ടില്ലായിരുന്നു. വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഒരുപാട് ഫയലുകൾ സെക്രട്ടേറിയറ്റിലെ പല സ്ഥലങ്ങളിലുമുണ്ട്. അതെല്ലാം ധനകാര്യ വകുപ്പിൽ വരേണ്ട ഫയലുകളാണ്. ധനകാര്യ വകുപ്പിൽ ഇ-ഫയലിംഗ് സംവിധാനം വന്നതിനുശേഷം ഫയലിനെക്കുറിച്ച് സെക്ഷനിൽ ചോദിച്ചാൽ മുകളിൽ ചോദിക്കാൻ പറയും. അങ്ങനെ സെക്ഷൻ ഓഫീസർ, അണ്ടർ സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, സെക്രട്ടറി തലം വരെ അന്വേഷിക്കുമ്പോൾ പറയും ഈ ഫയൽ താഴെയാണെന്ന്. ഫയൽ എവിടെയാണെന്നോ ഫയലിന്റെ നമ്പർ എത്രയാണെന്നോ നമുക്ക് അറിയാൻ കഴിയില്ല. താഴെ ചെല്ലുമ്പോൾ മുകളിലാണെന്നും മുകളിൽ ചെല്ലുമ്പോൾ താഴെയാണെന്നും പറയും. എന്നാൽ നെറ്റിൽ നോക്കിയാൽ ഫയൽ

കണ്ടുപിടിക്കാനും സാധിക്കില്ല. ഇത് വലിയൊരു ബുദ്ധിമുട്ടാണ്. പ്രത്യേകിച്ച് നമ്മുടെ അസറ്റ് ഡെവലപ്പ്മെന്റ് ഫണ്ടുമായി ബന്ധപ്പെട്ട ഫയലുകൾ അന്വേഷിച്ചാൽ ഫയലുകൾ പല സ്ഥലത്താണ്. അത് കണ്ടുപിടിക്കാൻ സാധിക്കില്ല. അതുകൊണ്ട് കുറഞ്ഞത് എം.എൽ.എ.-മാർക്കെങ്കിലും ഫയൽ കണ്ടുപിടിക്കാനുള്ള ഒരു സംവിധാനം ഇ-ഫയലിംഗിൽ ഉണ്ടാകണം. ഇപ്പോൾ നമ്മൾ എല്ലാം സുതാര്യമായിട്ടാണ് നടത്തുന്നത്. ഇ-ഫയലിംഗിൽ കമ്പ്യൂട്ടറിനകത്ത് ഫയലുകൾ സ്വകാര്യമായി വയ്ക്കുന്നത് വലിയ ബുദ്ധിമുട്ടുള്ള കാര്യമാണ്. അതുകൊണ്ട് ഇ-ഫയലിംഗ് സമ്പ്രദായത്തിൽ ഞങ്ങൾക്കുകൂടി ഫയലിന്റെ പൊസിഷൻ മനസ്സിലാക്കാനുള്ള സൗകര്യം ബഹുമാനപ്പെട്ട മന്ത്രി ഏർപ്പാട് ചെയ്തുതരണം. പ്രത്യേകിച്ച് ധനകാര്യ വകുപ്പിൽ ക്ലാർക്ക് മുതൽ സെക്രട്ടറി വരെയുള്ളവർ ക്വറി എഴുതി ശീലിച്ചിട്ടുള്ളവരാണ്. ആരാണ് ക്വറിയിട്ടതെന്നും എന്താണ് ക്വറിയെന്നും ഞങ്ങൾക്കറിയാൻ കഴിയുന്നില്ല. ഇത് കൈകാര്യം ചെയ്യുന്ന ഇ-ഫയലിംഗ് സിസ്റ്റത്തിൽ മാത്രമേ അറിയാൻ കഴിയുകയുള്ളൂ. അതുകൊണ്ട് വലിയ ബുദ്ധിമുട്ടാണ്. ഇതൊന്ന് മാറ്റിത്തരണം. ഫയലുകൾ പഴയ സമ്പ്രദായത്തിലാക്കുകയോ അതല്ലെങ്കിൽ ഇ-ഫയലിംഗിൽ ഞങ്ങളുടെ ഫയൽ കണ്ടുപിടിക്കാനുള്ള സൗകര്യം ഏർപ്പെടുത്തി തരുകയോ ചെയ്യണം.

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇതൊരു ടെക്നിക്കൽ സബ്ജക്ടാണ്. ഭാരത സർക്കാർ അംഗീകരിച്ച ദേശീയ ഇ-ഗവേണൻസ് പദ്ധതിയുടെ ഭാഗമാണ് National Informatics Center (NIC) വികസിപ്പിച്ച ഇ-ഓഫീസ് സോഫ്റ്റ്‌വെയർ. ഭാരത സർക്കാരിന്റെ വിവിധ മന്ത്രാലയങ്ങളിലും വിവിധ സംസ്ഥാന സർക്കാരുകളിലും കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിലും ഇ-ഓഫീസ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചുവരുന്നു. ധനകാര്യ വകുപ്പിൽ 2014 മാർച്ച് മുതലാണ് ഇ-ഓഫീസ് സംവിധാനം ആരംഭിച്ചത്. ഇപ്പോൾ ധനകാര്യ വകുപ്പിൽ 95 ശതമാനം ഫയലുകളും ഈ സംവിധാനത്തിലൂടെയാണ് പരിശോധിക്കുന്നത്. ഇ-ഓഫീസ് സംവിധാനം ആരംഭിക്കുന്നതിന് മുമ്പുതന്നെ ധനകാര്യ വകുപ്പിലെ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഇ-ഓഫീസിന് അനുയോജ്യമാക്കുകയും സെൻട്രൽ രജിസ്ട്രി യൂണിറ്റിൽ മിനിട്ടിൽ 50 പേജ് ചെയ്യാവുന്ന വേഗതയേറിയ നാല് സ്കാനറുകൾ സ്ഥാപിക്കുകയും ചെയ്തു. ഇതുകൂടാതെ സെക്ഷനുകളിൽ ടേബിൾ സ്കാനറുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ ഇ-ഓഫീസ് നടപ്പാക്കാത്ത എല്ലാ വകുപ്പുകളിൽ നിന്നും

ധനകാര്യ വകുപ്പിൽ പരിഗണനയ്ക്കെത്തുന്ന മുഴുവൻ ഫയലുകളും ധനകാര്യ വകുപ്പിലാണ് ഡിജിറ്റലൈസ് ചെയ്തു വരുന്നത്. എന്നാൽ സർക്കുലർ പ്രകാരം സെക്രട്ടേറിയേറ്റിലെ 19 വകുപ്പുകളിൽ നിന്നും ധനകാര്യ വകുപ്പിലെത്തുന്ന ഫയലുകൾ അതാത് വകുപ്പുകൾ തന്നെ ഡിജിറ്റലൈസ് ചെയ്താണ് നൽകുന്നത്. 1-1-2015 മുതൽ സെക്രട്ടേറിയറ്റിലെ മുഴുവൻ വകുപ്പുകളിലും ഇത് ബാധകമാകും. 95 ശതമാനത്തിലധികം സ്കാൻ ചെയ്ത് സെക്ഷനുകളിൽ അയച്ചു കഴിഞ്ഞു. ഇപ്പോൾ ധനകാര്യ വകുപ്പിൽ ഡിജിറ്റലൈസ് ചെയ്യുവാൻ കൂടുതൽ ഫയലുകളില്ല. ധനകാര്യ വകുപ്പിൽ ഒരു ദിവസം ശരാശരി 300-ൽ അധികം ഫയലുകളാണ് പരിഗണന യ്ക്കെത്തുന്നത്. ഇത്രയും ഫയലുകൾ മിനിട്ടിൽ 50 പേജ് സ്കാൻ ചെയ്യുവാൻ ശേഷിയുള്ള സ്കാനറുകൾ ഉപയോഗിച്ചാണ് ഡിജിറ്റലൈസ് ചെയ്യുന്നത്. ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയത് വഴി ഫയൽ പ്രോസസിംഗിന്റെ വേഗത വർദ്ധിച്ചതിനാൽ കാലതാമസം ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇ-ഓഫീസ് സോഫ്റ്റ്വെയറിൽ പൊതുജനങ്ങൾക്ക് ഫയൽ ട്രാക്കിംഗിനുള്ള സംവിധാനം നിലവിലില്ല. മേൽപ്പടി സംവിധാനം National Informatics Center വികസിപ്പിച്ചു വരുന്നുണ്ട്. ഈ സംവിധാനം താമസംവിനാ ഇ-ഓഫീസ് സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്താവുന്നതാണ്. അങ്ങനെ വരുമ്പോൾ കൂടുതൽ സുഗമമായി കാര്യങ്ങൾ നടക്കും.

## (5) ലൈസൻസ് പുതുക്കി നൽകൽ

ശ്രീ. കെ. മുരളീധരൻ : സർ, രാജ്യത്തിനുവേണ്ടി ജീവിതത്തിന്റെ കാതലായ കാലഘട്ടം സമർപ്പിച്ചശേഷം സൈന്യത്തിൽ നിന്ന് വിരമിക്കുന്ന ഭടൻമാർക്ക് അവർ നൽകിയ സത്സേവനത്തിന്റെ അംഗീകാരമായി സൈന്യം അനുവദിച്ചു നൽകുന്ന തോക്കുകൾക്ക് സംസ്ഥാനത്ത് ലൈസൻസ് പുതുക്കി നൽകാത്തതു നിമിത്തം വിമുക്തഭടന്മാർ അവരുടെ ശിഷ്ടകാല ജീവിതത്തിൽ നേരിടുന്ന ഗുരുതരമായ പ്രതിസന്ധിയിലേക്ക് ഞാൻ ബഹുമാനപ്പെട്ട ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ഇതുമൂലം സംസ്ഥാനത്തെ ബാങ്കിംഗ് സ്ഥാപനമുൾപ്പെടെയുള്ള സ്ഥലങ്ങളിലെ സെക്യൂരിറ്റി ജോലികളിൽ നിന്നും മലയാളികളായ വിമുക്തഭടൻമാർ പുറന്തള്ളപ്പെടുന്ന നിർഭാഗ്യകരമായ സാഹചര്യമാണുള്ളത്. ഈ തൊഴിൽ അവസരങ്ങൾ അന്യസംസ്ഥാനങ്ങളിൽ നിന്നും പല രീതിയിൽ സംഘടിപ്പിക്കപ്പെടുന്ന തോക്ക് ലൈസൻസുമായി

എത്തുന്നവർ കൈയടക്കുകയും ചെയ്യുന്നു. ഇത് മലയാളികളായ വിമുക്തഭടന്മാരുടെ ജീവിതം വഴിമുട്ടിക്കുക മാത്രമല്ല സംസ്ഥാനത്ത് ഗുരുതരമായ നിയമപാലന പ്രശ്നവും സൃഷ്ടിക്കുന്നുണ്ട്. മദ്ധ്യവയസ്സിൽ സൈന്യസേവനം പൂർത്തിയാക്കി തുച്ഛമായ പെൻഷനുമായി തിരിച്ചെത്തുന്ന മലയാളികളെ പുനരധിവസിപ്പിച്ച് അവർക്ക് തൊഴിൽ സാഹചര്യങ്ങൾ ലഭ്യമാക്കാനുള്ള ഫലപ്രദമായ പദ്ധതികൾ കേരളത്തിലില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അത്തരം സാഹചര്യത്തിൽ വിവിധ സ്വകാര്യ സ്ഥാപനങ്ങളിൽ സെക്യൂരിറ്റി ജോലി കണ്ടെത്തി ജീവിതം പുലർത്തുന്നവരാണ് മിക്ക വിമുക്തഭടൻമാരും. സൈന്യത്തിൽനിന്നും സത്സേവനത്തിന്റെ പേരിൽ ലഭിച്ച സാദാ തോക്കാണ് അവർക്ക് സെക്യൂരിറ്റി ജോലി ലഭിക്കുന്നതിനുള്ള ആകർഷണം. എന്നാൽ ഈ ജോലിക്ക് മാത്രമായി തോക്ക് ലൈസൻസ് പുതുക്കി നൽകേണ്ടതില്ലെന്ന കേന്ദ്ര ആഭ്യന്തര വകുപ്പിലെ 1-6-2011-ലെ ഒരു നിർദ്ദേശത്തിന്റെ പേരിലാണ് ഇപ്പോൾ വിമുക്തഭടന്മാർ ഈ ദുരിതം അനുഭവിക്കുന്നത്. മിക്ക സംസ്ഥാനങ്ങളും അവരുടെ സംസ്ഥാനത്തിലെ വിമുക്തഭടൻമാരുടെ താർപ്പര്യം സംരക്ഷിക്കുന്നതിനായി അനുയോജ്യമായ ചട്ട ഭേദഗതികളിലൂടെ ഈ നിർദ്ദേശത്തെ മറികടന്നിട്ടുണ്ട്. അതിനാൽ മറ്റ് സംസ്ഥാനക്കാരായ വിമുക്തഭടന്മാർക്ക് തോക്ക് ലൈസൻസ് പുതുക്കി ലഭിക്കുമ്പോൾ മലയാളികളായ വിമുക്തഭടൻമാർമാത്രം അവഗണിക്കപ്പെടുന്നു. സ്വാഭാവികമായും കേരളത്തിലെ സെക്യൂരിറ്റി സർവ്വീസ് മേഖല അന്യ സംസ്ഥാനക്കാർ കൈയ്യടക്കുന്നു. മലയാളികളായ വിമുക്ത ഭടന്മാർ കണ്ണുനീരോടെ തങ്ങളുടെ ദുർഗതിയെ പഴിച്ച് ദുരിതമനുഭവിക്കേണ്ടിവരുന്നു. തമിഴ്നാട് പോലുള്ള സംസ്ഥാനങ്ങൾ അന്യസംസ്ഥാന സെക്യൂരിറ്റി ജീവനക്കാരെ നിരോധിച്ചു എന്നത് പ്രസക്തമാണ്. എന്നാൽ കേരളത്തിൽ അത്തരത്തിലുള്ള യാതൊരു നിയന്ത്രണവുമില്ല. സത്സേവനത്തിന്റെ പേരിൽ സ്വരക്ഷയ്ക്കാണ് സൈന്യം വിമുക്തഭടൻമാർക്ക് സാദാ തോക്ക് അനുവദിക്കുന്നത്. ഇതേ കാരണം പറഞ്ഞ് സംസ്ഥാനത്ത് പ്രസ്തുത തോക്കുകളുടെ ലൈസൻസ് പുതുക്കി നൽകുന്നതിന് സാങ്കേതിക തടസ്സമൊന്നുമില്ല. ലൈസൻസ് പുതുക്കി നൽകുന്നതിനായി ജോലി ആവശ്യം ഒരു കാരണമായി ചൂണ്ടിക്കാണിക്കണമെന്നുമില്ല. കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിനുകീഴിൽ സൈനിക വിഭാഗങ്ങൾ അവരുടെ വിമുക്തഭടന്മാർക്ക് രേഖാമൂലം അനുവദിക്കുന്ന തോക്കുകൾ ബന്ധപ്പെട്ട വ്യക്തികളുടെ സത്സ്വഭാവം സംബന്ധിച്ച പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുതുക്കി നൽകുന്നതുകൊണ്ട് കേരളത്തിൽ ക്രമസമാധാനത്തിന് ഭീഷണിയുണ്ടാകുന്നില്ല. ഇത്തരം തോക്കുകളുടെ ലൈസൻസ് മറ്റ് സ്വകാര്യ വ്യക്തികൾക്ക് അനുവദിക്കാൻ തടസ്സമില്ലായെന്നിരിക്കെ അത്

വിമുക്തഭടന്മാർക്ക് അനുവദിക്കാതിരിക്കുന്നത് തികച്ചും നീതികേടാണ്. സൈനിക ക്ഷേമം സംബന്ധിച്ച് വിവിധ സമിതികൾ ഇക്കാര്യം ചൂണ്ടിക്കാണിച്ചിട്ടുമുണ്ട്. ഉദാഹരണത്തിന് ഗ്രീവൻസ് റിഡ്രസൽ സംബന്ധിച്ച സ്റ്റേറ്റ് ലെവൽ കമ്മിറ്റിയുടെ 2-5-2013-ൽ കൂടിയ യോഗത്തിലെ ഇതുസംബന്ധിച്ച നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും നൽകിയെങ്കിലും അനുകൂലമായ ഒരു നടപടിയും സ്വീകരിച്ചു കാണുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ വിമുക്ത ഭടൻമാർക്ക് അവരുടെ സത്സേവനം പരിഗണിച്ച് സൈന്യത്തിൽ നിന്ന് രേഖാമൂലം അനുവദിച്ച തോക്കുകളുടെ ലൈസൻസ് അവരുടെ ക്ഷേമവും അർഹതയും പരിഗണിച്ച് പ്രത്യേക മുൻഗണനയോടെ പുതുക്കി നൽകുന്നതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് അനുഭാവപൂർണ്ണമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സംസ്ഥാനത്തെ വിമുക്ത ഭടന്മാരെ എംപാനൽ ചെയ്തുകൊണ്ട് സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ ഒരു ഔദ്യോഗിക സെക്യൂരിറ്റി സേവന ഏജൻസി രൂപീകരിക്കുന്ന കാര്യവും അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട ശ്രീ. കെ. മുരളീധരൻ ഇവിടെ അവതരിപ്പിച്ചത്. ഇതുസംബന്ധിച്ച് വിമുക്തഭടന്മാരുടെ നിരവധി മെമ്മോറാണ്ടങ്ങൾ സംസ്ഥാന ഗവൺമെന്റിന് ലഭിക്കുകയുണ്ടായി. സംസ്ഥാനത്ത് വിമുക്തഭടന്മാരുടെ ആയുധ ലൈസൻസ് പുതുക്കി നൽകുന്നില്ലെന്നും അന്യ സംസ്ഥാനങ്ങളിൽനിന്നും ലൈസൻസുള്ള ആയുധമുപയോഗിച്ച് നിരവധിപേർ സംസ്ഥാനത്ത് ജോലി നോക്കുന്നുണ്ടെന്നും സർക്കാരിന്റെ ഈ തീരുമാനപ്രകാരം തങ്ങൾക്ക് ജോലി നഷ്ടപ്പെട്ടുമെന്നതിനാൽ മാനുഷിക പരിഗണനയും കുടുംബപശ്ചാത്തലവും കണക്കിലെടുത്ത് വിമുക്ത ഭടന്മാരുടെ ആയുധ ലൈസൻസുകൾ പുതുക്കി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനങ്ങളാണ് സംസ്ഥാന ഗവൺമെന്റിന് ഇവരുടെ സംഘടനയുടെ നേതൃത്വം മുഖേന ലഭിച്ചത്. ആയുധലൈസൻസ് നൽകുന്നതുൾപ്പെടെയുള്ള വിഷയം കേന്ദ്ര നിയമത്തിന്റെ പരിധിയിൽ വരുന്നതാണ്. നിവേദനങ്ങൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് ഗവൺമെന്റ് കത്തയയ്ക്കുകയുണ്ടായി. ഇതിന് മറുപടിയായി പ്രൈവറ്റ് സെക്യൂരിറ്റി ഗാർഡുകൾ, വിമുക്ത ഭടൻമാർ എന്നിവർക്ക് ജോലി സമ്പാദനത്തിനുള്ള അധിക യോഗ്യതയായി

ആയുധ ലൈസൻസ് അനുവദിക്കാൻ പാടില്ലെന്നതാണ് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ തീരുമാനമെന്നും വിമുക്തഭടൻമാർക്ക് നിലവിലുള്ള സാധുവായ നിരോധിതമല്ലാത്ത ആയുധ ലൈസൻസുകൾ നിലവിലെ നിയമങ്ങൾക്ക് വിധേയമായി സാധാരണ നടപടിക്രമം അനുസരിച്ച് സ്വരക്ഷയ്ക്കായിമാത്രം പുതുക്കി നൽകാവുന്നതാണെന്നും സെക്യൂരിറ്റി ജോലിക്കുള്ള ആയുധ ലൈസൻസിൽ നിന്ന് സ്വരക്ഷയ്ക്കുള്ള ആയുധ ലൈസൻസ് വ്യത്യസ്തമായി കാണണമെന്നുമാണ് അറിയിച്ചിട്ടുള്ളത്. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽ നിന്നും ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ വിമുക്ത ഭടൻമാരുടെ ആയുധലൈസൻസുകൾ പുതുക്കുന്നതിനുള്ള അപേക്ഷകൾ പരിഗണിക്കണമെന്ന് സംസ്ഥാനത്തെ മുഴുവൻ ലൈസൻസ് അതോറിറ്റികൾക്കും സർക്കാർ ഉടൻതന്നെ നിർദ്ദേശം നൽകുന്നതാണ്. സംസ്ഥാനത്തെ വിമുക്ത ഭടന്മാരെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഔദ്യോഗിക സേവന ഏജൻസി രൂപീകരിക്കുന്നതിന് സർക്കാർ ഇപ്പോൾ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഇത് ഗവൺമെന്റിന്റെ പരിഗണനയിലാണ്.

## (6) പ്രോ- വൈസ് ചാൻസലർക്ക് നേരെയുണ്ടായ ആക്രമണം

ശ്രീ. വി. ശിവൻകുട്ടി : സർ, കേരള സർവ്വകലാശാലയുടെ പ്രോ-വൈസ് ചാൻസലർ ഡോ. എൻ. വീരമണികണ്ഠനുണ്ടായ അനുഭവത്തെ സംബന്ധിച്ച വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. സംസ്ഥാന ആഭ്യന്തര വകുപ്പിന്റെയും ബന്ധപ്പെട്ട മറ്റ് അധികാരികളുടെയും അവഗണനമൂലം ആകെ ബുദ്ധിമുട്ടുന്ന സ്ഥിതിവിശേഷത്തിലാണ് അദ്ദേഹം. ദളിത് വിഭാഗത്തിൽപ്പെട്ടയാളും മഹാനായ അയ്യങ്കാളിയുടെയും മുൻ കോൺഗ്രസ് എം.എൽ.എ. മനോഹരൻ മാസ്റ്ററുടെയും ബന്ധുവായ കേരള സർവ്വകലാശാലയുടെ പ്രോ-വൈസ് ചാൻസലർ ഡോ. വീരമണികണ്ഠന്റെ തിരുവനന്തപുരത്തെ വട്ടിയൂർക്കാവിലെ വയലിക്കട ഹരിതാ നഗറിലെ വീട് 2014 ഒക്ടോബർ മാസം 17-ാം തീയതി രാത്രി 11.30-ന് ആക്രമിക്കപ്പെട്ടു. പ്രസ്തുത അക്രമണം നടത്തിയത് കെ.പി.സി.സി. സെക്രട്ടറി കൂടിയായ മുൻ സിൻഡിക്കേറ്റ് അംഗം ജ്യോതികുമാർ ചാമക്കാലയാണെന്ന് അദ്ദേഹം പരാതിപ്പെടുന്നുണ്ട്. KL 14 E 4005 എന്ന നമ്പർ മാരുതി സെൻ കാർ അടിച്ച തകർക്കുകയും കുടുംബാംഗങ്ങളെ ആക്രമിച്ച് കൊലപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തുവെന്ന് അദ്ദേഹം പരാതിപ്പെട്ടു. ആ സമയത്ത് പ്രോ -വൈസ് ചാൻസലർ ഡോ. എൻ. വീരമണികണ്ഠൻ സുഖമില്ലാത്ത തന്റെ അമ്മയെ കാണുന്നതിനുവേണ്ടി കാസർഗോഡ് പോയിരുന്നു. വട്ടിയൂർക്കാവ്

ഹരിതാ നഗറിലെ വീട്ടിൽ അദ്ദേഹത്തിന്റെ ഭാര്യ ജ്യോത്സന, കൊച്ചുകുഞ്ഞുങ്ങളായ അർച്ചന, റിയ, ദേവാംഗ് എന്നിവർ മാത്രമാണ് ഉണ്ടായിരുന്നത്. തന്റെ വീടിനും കുടുംബാംഗങ്ങൾക്കും നേരെയുണ്ടായ ആക്രമണത്തെക്കുറിച്ചും വാഹനം അടിച്ചു തകർത്തതിനെ സംബന്ധിച്ചും ഡോ. വീരമണികണ്ഠൻ ഒക്ടോബർ മാസം 20-ാം തീയതി സിറ്റി പോലീസ് കമ്മീഷണർക്കും അദ്ദേഹത്തിന്റെ ഭാര്യ ജ്യോത്സന ഒക്ടോബർ മാസം 18-ാം തീയതി വട്ടിയൂർക്കാവ് പോലീസ് സ്റ്റേഷനിലും പരാതി നൽകി. എന്നാൽ 1225-ാം നമ്പരായി ഐ.പി.സി.-യിലെ വിവിധ വകുപ്പുകൾ ചേർത്ത് ഒരു എഫ്.ഐ.ആർ. നെടുമങ്ങാട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാക്കിയതല്ലാതെ മറ്റൊരു നടപടിയും സ്വീകരിക്കുന്നതിന് പോലീസ് തയ്യാറായില്ല. കേരള സർവ്വകലാശാല ആസ്ഥാനത്ത് ഒക്ടോബർ മാസം 18-ാം തീയതി ജ്യോതികുമാർ ചാമക്കാല തന്നെ നേരിട്ട് നേതൃത്വം കൊടുത്ത് ഗുണ്ടകളെ കൊണ്ട് ആക്രമിച്ച് ഓഫീസ് കെട്ടിടം, ഫർണിച്ചർ, വാതിലുകൾ, ജനലുകൾ, ഓഫീസ് ഫയലുകൾ എന്നിവ നശിപ്പിക്കുകയും ജീവനക്കാരെ കയ്യേറ്റം ചെയ്യുകയും ചെയ്തു. 2014 ആഗസ്റ്റ് മാസം 23-ാം തീയതി കേരള യൂണിവേഴ്സിറ്റിയുടെ പ്രോ-വൈസ് ചാൻസലറായി ചുമതലയേറ്റതു മുതൽ, സിൻഡിക്കേറ്റ് അംഗമായിരുന്ന ജ്യോതികുമാർ ചാമക്കാല അദ്ദേഹത്തെ നിരന്തരമായി പീഡിപ്പിക്കുകയാണ്. സിൻഡിക്കേറ്റ് യോഗത്തിൽ വച്ച് പരസ്യമായി ജ്യോതികുമാർ ചാമക്കാല ഇദ്ദേഹത്തിന്റെ തന്തയ്ക്ക് വിളിച്ചു. 1989-ലെ പട്ടികജാതി-പട്ടികവർഗ്ഗ പീഡനം തടയൽ നിയമപ്രകാരം ഡോ. വീരമണികണ്ഠൻ ഡി.ജി.പി.-ക്ക് പരാതി നൽകിയെങ്കിലും ഇതുവരെയും ഒരു നടപടിയും സ്വീകരിക്കുന്നതിന് തയ്യാറായിട്ടില്ല. ഏഴു പതിറ്റാണ്ടിനിടയിൽ കേരള സർവ്വകലാശാലയുടെ ചരിത്രത്തിൽത്തന്നെ ആദ്യമായി ഒരു ദളിത് വിഭാഗത്തിൽപ്പെട്ടയാൾ പ്രോ-വൈസ് ചാൻസലർ ആയപ്പോൾ അദ്ദേഹത്തിന് അങ്ങ് ഭരിക്കുന്ന ആഭ്യന്തര വകുപ്പിന്റെ കീഴിൽ ഇതാണ് ദുഃസ്ഥിതി എന്നുള്ള വിവരം അങ്ങ് വളരെ ഗൗരവത്തോടുകൂടി കാണണമെന്ന് സൂചിപ്പിക്കുകയാണ്. കെ.പി.സി.സി.-യുടെ ജനറൽ സെക്രട്ടറി ആയതുകൊണ്ടാണോ ജ്യോതികുമാർ ചാമക്കാലയ്ക്കെതിരെ നടപടി സ്വീകരിക്കാതെ അങ്ങ് മാറി നിൽക്കുന്നത്; ദളിത് വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥന്മാരോടുള്ള സർക്കാരിന്റെ സമീപനം ഇതാണോ? ഞാൻ മറ്റു കാര്യങ്ങളിലേക്ക് കടക്കുന്നില്ല. അദ്ദേഹം സിറ്റി പോലീസ് കമ്മീഷണർക്ക് കൊടുത്ത പരാതിയുടെ കോപ്പിയും

എഫ്.ഐ.ആർ.-ന്റെ പകർപ്പും അങ്ങേയ്ക്ക് നൽകുന്നതിനുവേണ്ടി സ്പീക്കർക്ക് കൊടുത്തിട്ടുണ്ട്. ഡി.ജി.പി.-ക്ക് നൽകിയ പരാതിയുടെ കോപ്പി ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്. അതുപോലെ ഗവർണർക്ക് കൊടുത്ത പരാതിയുമുണ്ട്. അങ്ങ് നടപടിയെടുക്കാത്തതു കൊണ്ടാണ് ബഹുമാനപ്പെട്ട ഗവർണർക്ക് പരാതി കൊടുത്തത്. ഈ സംഭവങ്ങളിൽ അടിയന്തര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കേരള യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർക്ക് ഗവർണർ കത്തെഴുതിയിരിക്കുകയാണ്. ഡി.ജി.പി.-ക്ക് പരാതി കൊടുത്തു, പോലീസിന് പരാതി കൊടുത്തു, കമ്മീഷണർക്ക് പരാതി കൊടുത്തു, ഗവർണർക്ക് പരാതി കൊടുത്തു. ഇനി ആർക്കാണ് പരാതി കൊടുക്കേണ്ടത്? പട്ടികജാതിക്കാർക്കു നേരെയുള്ള അതിക്രമം പൊതുവെ വർദ്ധിച്ചിരിക്കുകയാണ്. കഴിഞ്ഞ ദിവസം കഴക്കൂട്ടം സർക്കിൾ ഇൻസ്പെക്ടർ 23 വയസ്സ് മാത്രം പ്രായമുള്ള ദളിത് വിഭാഗത്തിൽപ്പെട്ട ചെറുപ്പക്കാരനെ തേങ്ങ കൊണ്ട് 72 പ്രാവശ്യം ശരീരത്തിലിടിച്ചു. മുളക് അരച്ച് അദ്ദേഹത്തിന്റെ കണ്ണിലും ജനനേന്ദ്രിയത്തിലും തേച്ചു. ഇതെല്ലാം നടക്കുന്നത് ഈ തലസ്ഥാന നഗരിയിലാണെന്നുള്ള കാര്യം അങ്ങ് ഓർക്കണം. ആ ചെറുപ്പക്കാരൻ ഇപ്പോൾ മെഡിക്കൽ കോളേജിൽ കിടക്കുകയാണ്. ഇതുസംബന്ധിച്ച് വളരെ ഗൗരവത്തോടു കൂടി അന്വേഷണം നടത്തണം. ഒരു കാരണവശാലും കെ.പി.സി.സി. ജനറൽ സെക്രട്ടറിയെ സംരക്ഷിക്കരുത്. ഡോ. വീരമണികണ്ഠന് സംരക്ഷണം കൊടുക്കണം. ശ്രീ. ജ്യോതികുമാറിനെതിരെ കേസെടുക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരള സർവ്വകലാശാല പ്രോ-വൈസ് ചാൻസലർ ഡോ. വീരമണികണ്ഠന്റെ മൂന്നാംമൂട് ഹരിത നഗറിലുള്ള വീട്ടുവളപ്പിൽ 17-10-2014-ന് രാത്രി 12.30-നും 1.00 മണിക്കുമിടയിൽ ആരോ ചിലർ അതിക്രമിച്ചു കടന്ന് കാർ പോർച്ചിൽ കിടന്ന മാരുതി സെൻ കാറിന്റെ പിൻവശത്തെ ഗ്ലാസ് അടിച്ചു പൊട്ടിക്കുകയും വീടിന്റെ ഒന്നാം നിലയിലെ കണ്ണാടി ജനൽ കല്ലെറിഞ്ഞ് പൊട്ടിക്കുകയും ചെയ്തുവഴി 4,000 രൂപയുടെ നാശനഷ്ടമുണ്ടാക്കി. ഡോ. വീരമണികണ്ഠന്റെ ഭാര്യ ജ്യോത്സനയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ 18-10-2014-ന് രാവിലെ 9.00 മണിക്ക് വട്ടിയൂർക്കാവ് പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 447, 427 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 1225/2014 ആയി കേസ് രജിസ്റ്റർ ചെയ്തു. ഈ കേസിന്റെ അന്വേഷണം വട്ടിയൂർക്കാവ് പോലീസ് സബ് ഇൻസ്പെക്ടർ ഏറ്റെടുത്ത് സയന്റിഫിക് വിദഗ്ധർ, ഡോഗ് സ്ക്വാഡ് എന്നീ വിഭാഗങ്ങളുടെ

സേവനമുപയോഗിച്ചും സംഭവ സ്ഥലത്തിന് പരിസരത്തുള്ള താമസക്കാരെ കണ്ട് ചോദിച്ചും അന്വേഷണം നടത്തിയിട്ടുണ്ട്. കേരള യൂണിവേഴ്സിറ്റിയിൽ നടത്തിവന്ന സമരത്തിൽ പങ്കെടുത്ത ചില നേതാക്കളുടെ അറിവോടെയാകാം തന്റെ വീടിനുനേരെ ആക്രമണമുണ്ടായത് എന്ന് കാണിച്ച് ഡോ. വീരമണികണ്ഠൻ തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് ഒരു പരാതി നൽകിയിട്ടുണ്ട്. അതിനെപ്പറ്റി വിശദമായി പരിശോധിച്ച് പ്രതികളെ കണ്ടെത്തുവാനുള്ള അന്വേഷണം നടത്തിവരികയാണ്. കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് തെരഞ്ഞെടുപ്പ് നേരത്തെയാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരള സർവ്വകലാശാലാ ആസ്ഥാനത്ത് മെയിൻ ബ്ലോക്കിന്റെ പോർട്ടിക്കോയിൽ യൂണിവേഴ്സിറ്റി സെനറ്റ് അംഗം ശ്രീ. കൃഷ്ണകുമാർ 14-10-2014 മുതൽ നിരാഹാര സത്യാഗ്രഹം നടത്തിയിരുന്നു. സത്യാഗ്രഹവുമായി ബന്ധപ്പെട്ടുണ്ടായ സംഘർഷത്തെ തുടർന്ന് സർവ്വകലാശാല രജിസ്ട്രാർ നൽകിയ പരാതിയിന്മേൽ കൃഷ്ണകുമാറിനെയും കണ്ടാലറിയാവുന്ന മറ്റു പ്രതികളെയും ചേർത്ത് കന്റോൺമെന്റ് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരികയാണ്. മേൽപ്പറഞ്ഞ രണ്ടു സംഭവങ്ങളും നടക്കുമ്പോൾ പ്രോ-വൈസ് ചാൻസലർ ഡോ. വീരമണികണ്ഠൻ സ്ഥലത്തുണ്ടായിരുന്നില്ല. രണ്ടു കേസുകളുടെയും അടിസ്ഥാന മൊഴിയിൽ ഡോ. വീരമണികണ്ഠനെ ജാതിപ്പേര് വിളിച്ച് ആക്ഷേപിച്ചതായി പറഞ്ഞിട്ടില്ല. രണ്ടു കേസുകളുമായി ബന്ധപ്പെട്ട സംഭവത്തിൽ ജ്യോതികുമാർ ചാമക്കാലയ്ക്ക് പങ്കുണ്ടോയെന്ന് കണ്ടെത്തുന്നതിനും പ്രതികളെ തിരിച്ചറിഞ്ഞ് അറസ്റ്റ് ചെയ്യുന്നതിനുമായി യൂണിവേഴ്സിറ്റി ഓഫീസിലെ സി.സി.ടി.വി. ദൃശ്യങ്ങൾ പരിശോധിച്ചും മറ്റും ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. ഇതുമായി ബന്ധപ്പെട്ട് ജ്യോതികുമാർ ചാമക്കാലയ്ക്കെതിരെ നടപടിയെടുക്കണമെന്ന നിർദ്ദേശമൊന്നും ബഹുമാനപ്പെട്ട കേരള ഗവർണറിൽനിന്നും പോലീസിന് ലഭിച്ചിട്ടില്ല. ഈ കാര്യത്തിൽ ഗവൺമെന്റ് വളരെ സത്വരമായ അന്വേഷണമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ ഒരു വീഴ്ചയും ഗവൺമെന്റിന്റെ ഭാഗത്ത് നിന്നോ പോലീസിന്റെ ഭാഗത്തുനിന്നോ ഉണ്ടായിട്ടില്ല. ഞാൻ ശ്രീ. വി. ശിവൻകുട്ടിയുടെ അറിവിന് വേണ്ടി പറയുകയാണ്, 40 വർഷങ്ങൾക്കുശേഷം ദളിത് വിഭാഗത്തിൽപ്പെട്ട ഒരാളെ, ഡോ. വീരമണികണ്ഠനെ പ്രോ-വൈസ് ചാൻസലറായി നിയോഗിച്ചത് ഈ സർക്കാരാണ്. കേരള

യൂണിവേഴ്സിറ്റിയുടെ ചരിത്രത്തി ലാദ്യമായി പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരാളെ പ്രോ-വൈസ് ചാൻസലറായി നിയമിച്ചത് ഈ ഗവൺമെന്റാണ് എന്നതുകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

## (7) പോലീസ് മർദ്ദനം

ശ്രീ. വി. ശശി : സർ, അതിക്രൂരമായ ഒരു ലോക്കപ്പ് മർദ്ദനമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. പുതുവൽ പട്ടികജാതി കോളനിയിലെ ശ്രീ. ബാബുവിന്റെ ഏക മകൻ ശ്രീ. അജീഷാണ് മർദ്ദനത്തിനിരയായത്. ശ്രീ. അജീഷ് 22 വയസ്സ് പ്രായമുള്ള പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു യുവാവാണ്. ഇയാൾ ഇതിനുമുമ്പ് ഒരു കുറ്റകൃത്യത്തിലുംപ്പെട്ട് പോലീസ് സ്റ്റേഷനിൽ കയറിയിട്ടുള്ള ആളല്ല. ഒരു മോഷണ കേസ്സുമായി ബന്ധപ്പെട്ട് സംശയത്തിന്റെ പേരിൽ മഫ്ടി വേഷത്തിലുള്ള രണ്ട് പോലീസുകാരാണ് 1-12-2014-ന് രാവിലെ 10.00 മണിയോടുകൂടി ഇയാളെ സ്റ്റേഷനിലെത്തിച്ചത്. കേസ്സുമായി തനിക്ക് യാതൊരു ബന്ധവുമില്ലെന്ന് മൊഴി നൽകിയിരുന്നുവെങ്കിലും പോലീസ് അത് വിശ്വസിക്കാതെ ക്രൂരമായ മർദ്ദനമുറകളാണ് പിന്നീടവിടെ അരങ്ങേറിയത്. പൊതിക്കാത്ത തേങ്ങകൊണ്ട് മുതുകിലും നട്ടെല്ലിലും ഇടിക്കുകയും കാന്താരി മുളക് ജനനേന്ദ്രിയത്തിലും കണ്ണുകളിലും തേയ്ക്കുകയും വായിൽ മുളകുകൾ കുത്തിയിറക്കുകയും ചൂരൽ കൊണ്ട് കാൽ പാദങ്ങൾ അടിച്ചുതകർക്കുകയും താക്കോൽക്കൂട്ടങ്ങൾ കൊണ്ട് വാരിയെല്ലിൽ ഇടിക്കുകയും ബൂട്ട്സിട്ട കാലുകൊണ്ട് അടിവയർ ചവിട്ടി ചതച്ചുവെന്നുമാണ് കണ്ണീരോടുകൂടി അജീഷ് പറഞ്ഞത്. അജീഷിന്റെ അമ്മ നിലവിളിയോടുകൂടിയാണ് മകൻ അനുഭവിച്ച ദുഃഖം വിവരിക്കുമ്പോൾ നിന്നത്. എല്ലാ പത്രങ്ങളും ഈ വിഷയം വളരെ പ്രാധാന്യത്തോടുകൂടിയാണ് റിപ്പോർട്ട് ചെയ്തത്. വീട്ടിൽ തിരിച്ചെത്തിയ അജീഷ് ബോധരഹിതനായി കുഴഞ്ഞു വീണതിനെത്തുടർന്ന് 108 ആംബുലൻസിൽ മെഡിക്കൽ കോളേജിൽ കൊണ്ടുപോവുകയും തുടർന്ന് ജനറൽ ആശുപത്രിയിൽ ചികിത്സയിലുമാണ് ആ ചെറുപ്പക്കാരൻ. ഇന്നലെ ഞാനും ബഹുമാനപ്പെട്ട ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ.-യും ആശുപത്രിയിൽ പോയി അദ്ദേഹത്തെ സന്ദർശിച്ചിരുന്നു. അജീഷിന് ഇരിക്കുവാനോ കിടക്കുവാനോ കഴിയാത്ത അവസ്ഥയാണ്. മൂത്രതടസ്സവും പാദങ്ങളിലും നട്ടെല്ലിലും തല്ലിയതിന്റെ പാടുകളുമുണ്ട്. മോഷണം നടന്ന ചില വീടുകളിൽ കയ്യിൽ വിലങ്ങിട്ട് ഇദ്ദേഹത്തെ കൊണ്ടുപോയെങ്കിലും ഒരു വീട്ടുകാരും അങ്ങനെയൊരു മോഷണം നടന്നതായി പോലീസിനോട് പറഞ്ഞില്ല. മോഷണ കേസ്സിൽ പിടിക്കപ്പെട്ട പ്രതി അജീഷിന്റെ പേരുപറഞ്ഞുവെന്നതിന്റെ

പേരിലാണ് ഈ അതിക്രമങ്ങളെല്ലാം നടന്നത്. മർദ്ദനത്തിൽ തീരെ അവശനായ അജീഷിനെ 28 മണിക്കൂറിനുശേഷം 2-12-2014-ന് ഒരു കേസ്സും ചാർജ് ചെയ്യാതെ രണ്ടര മണിയോടെ സ്റ്റേഷനിൽ നിന്ന് ഇറക്കിവിട്ടു. സ്റ്റേഷനിൽ ലോക്കപ്പ് മർദ്ദനം നടത്തിയിട്ടില്ലെന്നും ചോദ്യം ചെയ്തതിനുശേഷം വെറുതെ ഇറക്കിവിടുകയായിരുന്നു വെന്ന് മാത്രമായിരിക്കും അങ്ങ് മറുപടി പറയാൻ പോകുന്നത്. അങ്ങ് പട്ടികജാതി കോളനികളെ ഗാന്ധിഗ്രാമം ആക്കി മാറ്റാൻ ശ്രമിക്കുന്ന ആളാണ്. ആ ഗാന്ധിഗ്രാമത്തിലെ ഒരു പട്ടികജാതി യുവാവാണ് ഒരു കാരണവുമില്ലാതെ അതിക്രൂരമായ ലോക്കപ്പ് മർദ്ദനത്തിനിരയായത്. പട്ടികജാതി/പട്ടികവർഗ്ഗകാർക്ക് എതിരെയുള്ള അക്രമങ്ങൾ തടയുന്നതിനുള്ള നിയമ പരിരക്ഷ ഈ യുവാവിന് നിഷേധിക്കരുത്. ഈ സംഭവം വിശദമായ അന്വേഷണം നടത്തുന്നതിനും കുറ്റകാർക്കെതിരെ കർശനമായ നടപടി എടുക്കുന്നതിനും അതിനുമുമ്പ് കുറ്റം ആരോപിക്കപ്പെട്ട പോലീസ് ഉദ്യോഗസ്ഥന്മാരെ സർവ്വീസിൽ നിന്ന് മാറ്റി നിർത്തുന്നതിനുള്ള നടപടിയുണ്ടാകണം. അതോടൊപ്പം അജീഷിന്റെ ആരോഗ്യം വീണ്ടെടുക്കാനുള്ള വിദഗ്ദ്ധ ചികിത്സയും ധനസഹായവും ഉടനെ അനുവദിച്ചു കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കണം. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഈ സംഭവം ലാഘവത്തോടുകൂടി എടുക്കരുത്. കഴിയുമെങ്കിൽ അങ്ങ് നേരിട്ട് ജനറൽ ആശുപത്രിയിൽപ്പോയി ഗാന്ധിഗ്രാമിലെ പട്ടികജാതി യുവാവിനെയും കുടുംബാംഗങ്ങളെയും നേരിട്ട് കാണണം. ആ കോളനിയിലുള്ള ഒരാൾക്കുപോലും അജീഷിനെക്കുറിച്ച് മോശമായ അഭിപ്രായമില്ല.

ശ്രീ. സി. ദിവാകരൻ: സർ, അങ്ങ് മറുപടി പറഞ്ഞതിനുശേഷം ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കാനാണ് ഞാൻ ഇപ്പോൾ പറയുന്നത്. എം.എൽ.എ. പറഞ്ഞ സ്റ്റേറ്റ്മെന്റ് വിശ്വാസത്തിലെടുത്തുകൊണ്ട് അയാളെ അടിയന്തരമായി സസ്പെൻഡ് ചെയ്യണം. അങ്ങ് ആശുപത്രിയിൽ പോയി യുവാവിനെ കാണണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട പുതുവൽ കോളനിയിൽ എസ്.ആർ. കോട്ടേജിൽ താമസിക്കുന്ന രാജേഷ് കുമാറിന്റെ മോട്ടോർ സൈക്കിൾ 26-11-2014-ന് രാത്രി സമയത്ത് വീട്ടു മുറ്റത്തുനിന്നും ആരോ മോഷണം നടത്തി. രാജേഷ് കുമാറിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ കഠിനംകുളം പോലീസ് സ്റ്റേഷനിൽ IPC 379-ാം വകുപ്പ് പ്രകാരം Cr. No. 1023/14 നമ്പരായി കേസ് രജിസ്റ്റർ ചെയ്തു. ഈ കേസ്സിന്റെ

അന്വേഷണത്തിനിടെ പുതുവൽ വീട്ടിൽ വിദ്യാധരൻ മകൻ വിനോദിനെ (36) ചോദ്യം ചെയ്തതിൽ പുതുവൽ താമസക്കാരായ അജീഷ്, രഞ്ജിത്ത്, നെജു എന്നിവരുടെ പേരുകൾ കൂടി പറഞ്ഞതിൽ 22 വയസ്സുള്ള അജീഷിനെ വീടിനുസമീപത്തുനിന്ന് 1-12-2014-ന് ഉച്ചയ്ക്ക് രണ്ട് മണിയോടുകൂടി സ്റ്റേഷനിൽ കൂട്ടികൊണ്ടുവന്ന് ചോദ്യം ചെയ്തതിൽ ഈ കേസ്സിൽ അജീഷ് ഉൾപ്പെട്ടിട്ടില്ലായെന്ന് ബോദ്ധ്യപ്പെട്ടതിനാൽ 2-12-2014-ന് ഉച്ചയ്ക്ക് 12.30 മണിയോടുകൂടി ഇയാളുടെ അമ്മാവന്റെ കൂടെ അജീഷിനെ സ്റ്റേഷനിൽ നിന്ന് വിട്ടയച്ചു. എന്നാൽ അജീഷിനെ പോലീസ് ദേഹോപദ്രവം ഏൽപ്പിച്ചുവെന്ന് ആരോപിച്ച് 2-12-2014-ന് വൈകിട്ട് നാല് മണിയോടുകൂടി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയ്ക്ക് പോവുകയും തുടർന്ന് മെഡിക്കൽ കോളേജിൽ നിന്ന് പുത്തൻതോപ്പ് സെന്ററിലേക്ക് റഫർ ചെയ്തിട്ടുള്ളതുമാണ്. 3-12-2014-ന് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ അഡ്മിറ്റായി ചികിത്സയിൽ കഴിഞ്ഞുവരികയാണ്. ആശുപത്രിയിലെ ചികിത്സാ രേഖയിൽ അജീഷിന്റെ കഴുത്തിന് പുറകിലും തോളിന്റെ ഇടതുഭാഗത്തും വലതുകാലിനും വേദനയുള്ളതായി ഇയാൾ തന്നെ പറഞ്ഞതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുസംബന്ധിച്ച് കെ.പി.എം.എസ്. പുതുക്കുറിച്ചി 30-ാം നമ്പർ പുതുവൽ ശാഖ സെക്രട്ടറി രതീഷ് ജില്ലാ പോലീസ് മേധാവിക്ക് നൽകിയ പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി തിരുവനന്തപുരം റൂറൽ ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഞാൻ അവിടെ പോയി അയാളെ കാണാൻ തയ്യാറാണ്. അയാൾക്ക് ചികിത്സാ സഹായം ആവശ്യമുണ്ടെങ്കിൽ പട്ടികജാതി വകുപ്പിൽ നിന്ന് ചികിത്സാ സഹായം ലഭ്യമാക്കാൻ ഗവൺമെന്റ് തയ്യാറാണ്. പക്ഷേ, ഒരു അന്വേഷണം നടത്തി സംഭവത്തിന്റെ നിജസ്ഥിതി മനസ്സിലാക്കി പോലീസ് അതിൽ കുറ്റക്കാരാണെന്ന് കണ്ടാൽ നടപടിയെടുക്കുന്നതിൽ ബുദ്ധിമുട്ടില്ല. പക്ഷേ, ഒരു അന്വേഷണം നടത്താതെ നടപടിയെടുക്കണമെന്ന് പറയുന്നത് തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കും.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. വി. എസ്. അച്യുതാനന്ദൻ</u>) : സർ, അങ്ങ് അന്വേഷിച്ച് നടപടിയെടുത്താൽ മതി. ഹരിജൻ വിഭാഗത്തിന് നേരെ നടക്കുന്ന ആക്രമണത്തെ സംബന്ധിച്ച് അട്രോസിറ്റീസ് ആക്ട് അനുസരിച്ച് സ്വാഭാവികമായും കേസ് എടുക്കേണ്ടതും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്യേണ്ടതുമാണ്. ഇക്കാര്യം ഞങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇക്കാര്യത്തിൽ അങ്ങയുടെ മറുപടി പ്രതീക്ഷിക്കുകയാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതിനെ അതീവ ഗൗരവത്തോടുകൂടി എടുക്കുകയാണ്. ഞാൻ തന്നെ സഭാ

സമ്മേളനത്തിനിടയിൽ അവിടെ പോയി അയാളെ കണ്ട് സംസാരിക്കുന്നതാണ്. അതോടൊപ്പം ആ സംഭവം അന്വേഷിക്കാൻ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി.-യെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. അന്വേഷണത്തിലൂടെ അങ്ങനെയൊരു കുറ്റകൃത്യം അവിടെ നടന്നിട്ടുണ്ടെങ്കിൽ തീർച്ചയായും അക്കാര്യത്തിൽ നടപടിയെടുക്കുന്നതാണ്. പ്രത്യേകിച്ച് പട്ടികജാതിക്കാരായ ആളുകൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങളെ ആഭ്യന്തര വകുപ്പ് വളരെ ഗൗരവത്തോടെയാണ് കാണുന്നത്. എല്ലാ കേസ്സുകളിലും ശക്തമായ നടപടി സ്വീകരിക്കുവാനുള്ള നിർദ്ദേശമാണ് കൊടുത്തിട്ടുള്ളത്. ഇക്കാര്യത്തിൽ വിട്ടുവീഴ്ചയുണ്ടാകില്ലെന്ന കാര്യം പ്രതിപക്ഷനേതാവിനെ അറിയിക്കുകയാണ്. ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ., ശ്രീ. സത്യൻ എം.എൽ.എ., കെ.പി.എം.എസ്. സംസ്ഥാന സെക്രട്ടറി ശ്രീ. പുന്നല ശ്രീകുമാർ ഉൾപ്പെടെയുള്ളവർ ഈ വിഷയം എന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## (8) സ്കൂൾ അടച്ചുപൂട്ടൽ

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, ഞാൻ ഇവിടെ അവതരിപ്പിക്കുന്ന കാര്യം വളരെ സങ്കടകരമായ ഒന്നാണ്. അതുമാത്രമല്ല മിക്കവാറും എല്ലാ എം.എൽ.എ.-മാരും അവരുടെ മണ്ഡലങ്ങളിൽ ഇല്ലാത്ത വികസന പ്രവർത്തനങ്ങൾ വേണമെന്ന് പറഞ്ഞാണ് സബ്മിഷൻ അവതരിപ്പിക്കുന്നത്. ഞാൻ അതിന് വിപരീതമായാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. മലപ്പുറം ജില്ലയിലെ എന്റെ മണ്ഡലത്തിൽപ്പെട്ട കൊണ്ടോട്ടി വിദ്യാഭ്യാസ ഉപജില്ലയിലെ മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ, മാനേജർ അടച്ചുപൂട്ടുന്നതുമായി ബന്ധപ്പെട്ടാണ് എന്റെ സബ്മിഷൻ. 85 വർഷം പഴക്കമുള്ളതും നല്ല നിലയിൽ നടന്നുവരുന്നതുമായ ഈ സ്കൂൾ ഭൂമി വിറ്റ് പണം നേടുകയെന്ന ഉദ്ദേശ്യത്തോടെയാണ് അടച്ചുപൂട്ടുന്നതിന് കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ വകുപ്പ് ഉപയോഗിച്ച് മാനേജർ നോട്ടീസ് നൽകിയത്. 2009 ഏപ്രിൽ 16-ന് മാനേജർ നോട്ടീസ് നൽകുകയും 2010 മേയ് മാസം സ്കൂൾ പൂട്ടുകയും ചെയ്തു. രക്ഷിതാക്കളും നാട്ടുകാരും ജനപ്രതിനിധികളും ഇടപെട്ടതിനെത്തുടർന്ന് ഡി.പി.ഐ. ഉത്തരവ് പ്രകാരം ജൂൺ മുതൽ സ്കൂൾ പ്രവർത്തിച്ചുവരികയായിരുന്നു. ഇതിനെതിരെ മാനേജർ ഹൈക്കോടതിയെ സമീപിച്ച് അനുകൂലവിധി നേടിയെടുത്തു. തുടർന്ന് സർക്കാർ അപ്പീൽ പോവുകയും ഹൈക്കോടി ഫുൾബെഞ്ചും മാനേജർക്ക് അനുകൂലമായി വിധിച്ചതോടെ അടുത്ത ജൂണിൽ സ്കൂൾ പ്രവർത്തിക്കാൻ കഴിയാത്ത അവസ്ഥയാണിപ്പോഴുള്ളത്. ഈ ഗ്രാമത്തിലെ ഏക സ്കൂളാണിത്. ഈ വിധി ഒരു സ്കൂളിനെ മാത്രം ബാധിക്കുന്നതല്ല. നഗരങ്ങളിലും ഗ്രാമങ്ങളിലുമുള്ള എല്ലാ എയ്ഡഡ് സ്കൂളുകളിലെയും മാനേജർമാർ ഭൂമിയിൽ കണ്ണുവച്ചുകൊണ്ട് അടച്ചുപൂട്ടുന്നതിന് നോട്ടീസ് നൽകും. അതുകൊണ്ട് മങ്ങാട്ടുമുറി

എ.എം.എൽ.പി. സ്കൂൾ അടച്ചുപൂട്ടുന്നതിന് മാനേജർ നേടിയിട്ടുള്ള വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ പോകണമെന്നും സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്നും അല്ലെങ്കിൽ വിദ്യാഭ്യാസ ചട്ടത്തിൽ മാനേജർക്കുള്ള ഈ അധികാരം എടുത്തുകളയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി സബ്ജില്ലയിൽപ്പെടുന്ന പുളിക്കൽ ഗ്രാമപഞ്ചായത്തിലെ മൂന്നാം വാർഡിലെ വിദ്യാലയമാണ് മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ. ഈ വിദ്യാലയത്തിൽ ഒന്നു മുതൽ നാലുവരെയുള്ള ക്ലാസ്സുകളിലായി 83 വിദ്യാർത്ഥികളും അഞ്ച് അദ്ധ്യാപകരുമാണുള്ളത്. 1995 ഡിസംബറിൽ മാനേജരായിരുന്ന ശ്രീ. കെ. സി. മോനുദ്ദീൻ ഹാജി മരണപ്പെടുകയും പിന്നീട് അല്പകാലം പരേതന്റെ ഭാര്യ ഉമ്മാച്ചിക്കുട്ടി ഹജ്ജുമ താല്ക്കാലികമായി മാനേജരായി തുടരുകയുംചെയ്തു. പിന്നീട് ഈ വിദ്യാലയം പി. പി. മുനീറ എന്നയാളിന് വിൽക്കുകയും ചെയ്തു. ഇപ്പോൾ ഇവരുടെ മാനേജ്മെന്റിലാണ് ഈ വിദ്യാലയം പ്രവർത്തിച്ചുവരുന്നത്. 2009 ഏപ്രിൽ 16-ന് സ്കൂൾ അടച്ചുപൂട്ടാൻ ഡി.പി.ഐ.-ക്ക് ക്ളോഷർ നോട്ടീസ് നൽകുകയും 2010- മേയ് 20-ന് മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ അടച്ചുപൂട്ടിയതായി പ്രഖ്യാപിക്കുകയും ചെയ്തു. തുടർന്ന് ഡി.പി.ഐ.-യുടെ നിർദ്ദേശപ്രകാരം 2010 ജൂൺ മുതൽ സ്കൂൾ പ്രവർത്തിച്ചുവരുന്നു. അതിനുശേഷം മാനേജ്മെന്റ് ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നൽകുകയും 2011 ഏപ്രിൽ 12-ന് ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ ഇടക്കാല വിധി പ്രകാരം സ്കൂൾ അടച്ചുപൂട്ടാൻ ഉത്തരവിട്ടു. തുടർന്ന് 2011 മേയ് 31-ന് പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിലും മങ്ങാട്ടുമുറി സ്കൂൾ മാനേജരുടെ നിലപാടിനാണ് മുൻഗണന ലഭിച്ചത്. പ്രസ്തുത ഹൈക്കോടതി വിധിയിൽ സർക്കാർ നിലപാട് അറിയിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതിയെ അറിയിച്ചിരുന്നു.

1. കേരള വിദ്യാഭ്യാസ നിയമം സെക്ഷൻ 14 പ്രകാരം രണ്ട് വർഷത്തേക്ക് സ്കൂൾ സർക്കാർ ഏറ്റെടുക്കുക.
2. മേൽ സൂചിപ്പിച്ച കാലാവധിക്കുശേഷവും സ്കൂൾ തുടർന്ന് നടത്താൻ മാനേജർ തയ്യാറാകുന്നില്ലെങ്കിൽ കേരള വിദ്യാഭ്യാസ നിയമം സെക്ഷൻ 15 പ്രകാരം സ്കൂൾ സ്ഥിരമായി സർക്കാർ ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.
3. കേരള വിദ്യാഭ്യാസ ചട്ടം സെക്ഷൻ 7 (6) പ്രകാരം സ്കൂൾ

അടച്ചുപൂട്ടാൻ മാനേജർക്ക് അധികാരമുണ്ടെന്നും ഇത് നിഷേധിക്കാൻ സർക്കാരിന് കഴിയില്ലെന്നുമാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ കണ്ടെത്തൽ. ഇതോടൊപ്പം സ്കൂൾ സർക്കാർ ഏറ്റെടുക്കണമെന്ന പ്രദേശവാസികളുടെ ആവശ്യം അംഗീകരിച്ചാൽ ഭാരിച്ച തുക നൽകേണ്ടിവരുമെന്നും ഇത് ആശാസ്യമാണോയെന്ന് സർക്കാർ പരിശോധിക്കണമെന്നുമാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിലുള്ളത്. ഹൈക്കോടതി വിധിക്കെതിരെ സുപ്രീംകോടതിയിൽ അപ്പീൽ പോകുന്ന കാര്യവും ലാഭകരമല്ലാത്ത സ്കൂളുകൾ അടച്ചുപൂട്ടുന്നതിന് മാനേജർമാർക്ക് അധികാരം നൽകുന്ന കെ.ഇ.ആർ. (Kerala Education Rules)-ലെ ബന്ധപ്പെട്ട വകുപ്പ് ഭേദഗതി ചെയ്യുന്ന കാര്യവും ഹൈക്കോടതി വിധിയുടെ പകർപ്പ് ലഭിച്ചശേഷം സർക്കാർ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## (9) പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാരും വീഡിയോ ഗ്രാഫർമാരും അനുഭവിക്കുന്ന പ്രതിസന്ധി

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്) : സർ, കേരളത്തിൽ സ്വയം തൊഴിൽ കണ്ടെത്തി ജീവിക്കുന്ന നാൽപ്പതിനായിരത്തോളം ഫോട്ടോഗ്രാഫി, വീഡിയോ ഗ്രാഫി മേഖലയിൽ പ്രവർത്തിക്കുന്ന ആളുകളുണ്ട്. അവരുടെ തൊഴിൽ സംരക്ഷണം ഇന്ന് വളരെ പ്രധാനപ്പെട്ട ഒരു കാര്യമായി മാറിയിരിക്കുന്നു. ഇന്ന് ഗവൺമെന്റ് മേഖല ഉൾപ്പെടെയുള്ള എല്ലാ മേഖലയിലെയും ഫോട്ടോകൾ എടുക്കുന്നതിന് ക്വട്ടേഷൻ കൊടുക്കുകയും അന്താരാഷ്ട്ര കമ്പനികൾ കടന്നുവരികയുമാണ്. സാങ്കേതിക പുരോഗതിയുടെ ഫലമായി ലളിതമായ ഉപകരണങ്ങളുമായി ആയിരക്കണക്കിന് അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ തൊഴിൽ സാധ്യത പ്രതീക്ഷിച്ച് ഈ മേഖലയിൽ കടന്നുവന്നതാണ്. ഇന്ന് അവരുടെ ജീവിതം വളരെ ബുദ്ധിമുട്ടിലായിരിക്കുകയാണ്. ഇന്ത്യൻ പാസ്പോർട്ടിലുള്ള ഫോട്ടോകൾ സേവാ കേന്ദ്രങ്ങൾ വഴി ടാറ്റാ കമ്പനി തട്ടിക്കൊണ്ടുപോയി. ആധാർ കാർഡുകളിലെ ഫോട്ടോകൾ സ്വകാര്യ ഏജൻസികളാണ് എടുക്കുന്നത്. അതും അന്താരാഷ്ട്ര കമ്പനികളാണ്. വോട്ടേഴ്സ് ഐ.ഡി. കാർഡിലുള്ള ഫോട്ടോ എടുത്തിരുന്നതും ഈ കമ്പനികളാണ്. ക്ഷേമനിധി കാർഡുകളിലെ ഫോട്ടോകൾ അക്ഷയകേന്ദ്രങ്ങൾ വഴിയാണ് എടുക്കുന്നത്. അതും നമ്മുടെ ഫോട്ടോഗ്രാഫർമാർക്ക് ലഭിക്കുന്നില്ല. ഇതെല്ലാം വൻകിട സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുകയാണ്.

വൻകിട കമ്പനികളുമായി ചർച്ച നടക്കുകയാണ്. ഉദാഹരണത്തിന് റേഷൻ കാർഡിലുള്ള ഫോട്ടോകൾ അക്ഷയ കേന്ദ്രങ്ങൾ വഴിയാണ് എടുത്തത്. റേഷൻ കാർഡിലുള്ള ഫോട്ടോകൾ വീണ്ടും സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കാൻ വൻകിട കമ്പനികളുമായി ചർച്ച നടക്കുന്നതായി കേൾക്കുന്നു. അതാണ് ഏറ്റവും അപകടം. ഇപ്പോൾ തെരഞ്ഞെടുപ്പ് വരുമ്പോൾ ഫോട്ടോ പതിച്ച ഇലക്ഷൻ കാർഡുണ്ട്. ആ കാർഡിലെ മുഖം കണ്ടാൽ ആളിനെ തിരിച്ചറിയുകയില്ല. അതുകൊണ്ട് പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാരെക്കൊണ്ട് ഫോട്ടോ എടുപ്പിക്കണം. എനിക്ക് പറയാനുള്ളത്, ജനുവരിയിൽ നൽകാൻ പോകുന്ന റേഷൻ കാർഡിൽ പതിക്കാനുള്ള ഫോട്ടോകൾ കാർഡ് ഉടമകളോട് കൊണ്ടുവരാൻ ആവശ്യപ്പെടണം. അവ അപ്‌ലോഡ് ചെയ്യാനുള്ള ഓപ്ഷൻ ഉപയോഗപ്പെടുത്തുക. തമിഴ്നാട് ഗവൺമെന്റ് അത് ചെയ്തുകഴിഞ്ഞു. നാൽപ്പതിനായിരത്തോളം പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാരുണ്ട്. അവരുടെ ജീവിതം രക്ഷിക്കണ്ടേ. ഒന്നര ലക്ഷത്തോളം കുടുംബങ്ങളുടെ ജീവിതമാർഗ്ഗമാണ്. അത് അനുവദിച്ച് കൊടുക്കണ്ടേ? ഇന്ത്യൻ പാസ്പോർട്ടിനുള്ള അപേക്ഷകളിൽ ഫോട്ടോകൾ അപ്‌ലോഡ് ചെയ്യാനോ ഒട്ടിക്കാനോ ഫോട്ടോഗ്രാഫർമാർ എടുക്കുന്ന ഫോട്ടോകൾ ഉപയോഗിക്കണമെന്ന് നിർദ്ദേശം നൽകണം. ഇക്കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണ മെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. ആധാർ കാർഡുകളിലും ക്ഷേമനിധി കാർഡുകളിലും വോട്ടേഴ്സ് ഐ.ഡി. കാർഡുകളിലുമുള്ള ഫോട്ടോകൾ എടുക്കാൻ ഫോട്ടോഗ്രാഫർമാരെ ചുമതലപ്പെടുത്തണം. പാവങ്ങൾക്ക് കഞ്ഞികുടിക്കണ്ടേ? ഫോട്ടോഗ്രാഫർമാർ എടുക്കുന്ന ഫോട്ടോകൾ മാത്രമേ റേഷൻ കാർഡിൽ പതിപ്പിക്കാൻ പാടുള്ളൂവെന്ന് നിയമം വേണം. ഡ്രൈവിംഗ് ലൈസൻസിലെ ഫോട്ടോ എടുക്കാനും ഈ പ്രൊഫഷണൽ ഫോട്ടോഗ്രാഫർമാരെ അനുവദിക്കണം. എസ്.എസ്.എൽ.സി. ബുക്കിൽ ഒട്ടിക്കാനുള്ള ഫോട്ടോകൾ ഫോട്ടോഗ്രാഫർമാരെ കൊണ്ടുതന്നെ എടുപ്പിക്കണം. ഇപ്പോൾ തിരിച്ചറിയൽ കാർഡുകളിലും മറ്റും ഉപയോഗിക്കുന്ന ഫോട്ടോകൾ അവിദഗ്ദ്ധ ഫോട്ടോഗ്രാഫർമാർ എടുക്കുന്നവയാണ്. അവ കറുത്തതും അവ്യക്തവുമാണ്. നാൽപ്പതിനായിരത്തോളമുള്ള ഫോട്ടോഗ്രാഫർ മാർക്ക് ജീവിക്കാനുള്ള അവസരം ഉണ്ടാക്കിക്കൊടുക്കണം. അതുകൊണ്ട് ഫോട്ടോഗ്രാഫർമാരുടെ തൊഴിൽ സംരക്ഷണത്തിനുള്ള കാര്യങ്ങളിൽ ഗവൺമെന്റിന്റെ സത്വരമായ ശ്രദ്ധയുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ബഹുമാനപ്പെട്ട ഗവൺമെന്റ് ചീഫ് വിപ്പ്

ശ്രീ. പി. സി. ജോർജ് ഇവിടെ ഉന്നയിച്ച പ്രശ്നം വളരെയേറെ ഗൗരവമുള്ള കാര്യമാണ്. ഏതാണ്ട് നാൽപ്പതിനായിരത്തോളം ഫോട്ടോഗ്രാഫർമാരും വീഡിയോഗ്രാഫർമാരുമുണ്ട്. അവരുടെ വരുമാനം കുറയുന്നു. കാലത്തിന്റെ മാറ്റത്തിനനുസരിച്ചുണ്ടായ പല നീക്കങ്ങളുംകൊണ്ട് അവരുടെ ജീവിതം വളരെ ദുരിതപൂർണ്ണമാവുകയാണ്. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ പാസ്പോർട്ടിന്റെയും ആധാർ കാർഡിന്റെയും നിയന്ത്രണം കേന്ദ്ര ഗവൺമെന്റിനാണ്. സംസ്ഥാന ഗവൺമെന്റിന്റെ പരിധിയിൽ വരുന്നതല്ല. എങ്കിലും അദ്ദേഹം ചൂണ്ടിക്കാണിച്ചതു പോലെ ഈ കാര്യത്തിൽ ഫോട്ടോഗ്രാഫർമാർക്കുകൂടി പങ്കാളിത്തമുണ്ടാകുന്ന രീതിയിലുള്ള നടപടിയുണ്ടാകാൻ ഞാൻ ആവശ്യപ്പെടാം. അദ്ദേഹം പറഞ്ഞതു പോലെ ഐ.ഡി. കാർഡുകളുടെ ഫോട്ടോകളൊന്നും ലെജിബിളല്ല. ഫോട്ടോ എടുക്കുന്നത് ആളിനെ തിരിച്ചറിയാൻ വേണ്ടിയാണ്. പലപ്പോഴും പുതിയ സാങ്കേതികവിദ്യകളെ ആശ്രയിക്കുന്നതുമൂലം ഫോട്ടോകൾ ലെജിബിളല്ല. ആളിനെ തിരിച്ചറിയാൻ സാധിക്കുകയില്ല. ഐഡന്റിഫിക്കേഷനാണ് ഉദ്ദേശിക്കുന്നതെങ്കിൽ അതിനുള്ള രീതി തുടരണം. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ, സംസ്ഥാന ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള റേഷൻ കാർഡും ഡ്രൈവിംഗ് ലൈസൻസും ഫോട്ടോഗ്രാഫർമാരെക്കൂടി ബന്ധപ്പെടുത്തുന്ന രീതിയിലുള്ള നടപടി സ്വീകരിക്കുന്ന കാര്യം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്താം. ഇന്ന് ഏതാണ്ട് ജനസംഖ്യയിൽ കൂടുതലാണ് മൊബൈൽ ഫോണുകൾ. എല്ലാ മൊബൈൽ ഫോണിലും ഫോട്ടോ എടുക്കാം. എല്ലാവരും ആ സൗകര്യം ഉപയോഗിക്കുന്നു. അത് കാലത്തിന്റെ മാറ്റമാണെങ്കിലും അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ഈ രംഗത്ത് എക്സ്പെർട്ടായ ആളുകളെ അവഗണിക്കുന്നത് ശരിയല്ല. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ അവരുടെ സേവനം ഉപയോഗിക്കുന്ന കാര്യം ഗൗരവമായിത്തന്നെ പരിഗണിക്കുന്നതാണ്. പി.ആർ.ഡി. വകുപ്പ് തീർച്ചയായും ഫോട്ടോഗ്രാഫേഴ്സിനെ ആശ്രയിച്ചുമാത്രമെ മുന്നോട്ട് പോകുകയുള്ളൂ. അതിൽ മറ്റാരെയും ഏർപ്പെടുത്തുകയില്ലെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## (10) വൈക്കത്ത് മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പുവരുത്തൽ

ശ്രീ. കെ. അജിത് : സർ, വൈക്കം മഹാദേവ ക്ഷേത്രത്തെ ശബരിമല ഇടത്താവളമായി പ്രഖ്യാപിക്കുന്നതോടൊപ്പം അവിടെ അഞ്ച് ലക്ഷത്തിലധികം തീർത്ഥാടകർ ഈ സീസണിൽ എത്തുകയും അതിന്റെ ഫലമായി മാലിന്യങ്ങൾ അവിടെ അടിഞ്ഞുകൂടുകയുമാണ്. അത് നീക്കം ചെയ്യുന്നതിനുള്ള നടപടിയുണ്ടാകണ

മെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ അവതരിപ്പിക്കുന്നത്. ചെങ്ങന്നൂരിലെ മുനിസിപ്പാലിറ്റിക്ക് ഇതുപോലെയുള്ള സാഹചര്യമുണ്ടായപ്പോൾ തിരുവിതാംകൂർ ദേവസ്വം ബോർഡ് ഇരുപത് ലക്ഷം രൂപ അവർക്ക് ഗ്രാന്റായി നൽകിയിരുന്നു. അതിന് സാമാനമായ സാഹചര്യങ്ങളുമായാണ് വൈക്കം മുനിസിപ്പാലിറ്റിയും നിൽക്കുന്നത്. അതുകൊണ്ട് ചെങ്ങന്നൂർ മുനിസിപ്പാലിറ്റിക്ക് കൊടുക്കുന്നതു പോലുള്ള സാമ്പത്തിക സഹായം വൈക്കം മുനിസിപ്പാലിറ്റിക്കും കൊടുക്കുന്നതോടൊപ്പം ശബരിമല മാസ്റ്റർ പ്ലാനിൽ വൈക്കം ക്ഷേത്രവും ഉൾപ്പെടുത്തണം. വൈക്കം, കടുത്തുരുത്തി, ഏറ്റുമാനൂർ ക്ഷേത്രങ്ങളിൽ കൈകൂപ്പുന്നത് വലിയ പുണ്യമാണെന്ന് വിശ്വസിക്കുന്നവരുമുണ്ട്. ലക്ഷക്കണക്കിന് ആളുകളാണ് ഈ ക്ഷേത്രങ്ങളിൽ വരുന്നത്. അതുകൊണ്ട് തീർത്ഥാടകർക്ക് അടിസ്ഥാന സൗകര്യമൊരുക്കാൻ ബുദ്ധിമുട്ടുമുണ്ട്. ഈ സാഹചര്യം നിലനിർത്തിക്കൊണ്ട് ശബരിമല മാസ്റ്റർ പ്ലാനിൽ വൈക്കം ക്ഷേത്രത്തെ ഉൾപ്പെടുത്തുകയും അവിടെ എത്തുന്ന ഭക്തർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുവേണ്ടി ഗ്രാന്റ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ നൽകാൻ തിരുവിതാംകൂർ ദേവസ്വം ബോർഡ് ശിപാർശ ചെയ്യണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, കഴിഞ്ഞ മൂന്ന് വർഷക്കാലമായി ഈ ഗവൺമെന്റ് ശബരിമലയുടെ വികസന പ്രവർത്തനങ്ങൾ സമഗ്രമായി ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്. മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. ആദ്യഘട്ടമെന്നുള്ള രീതിയിൽ ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ വികസന പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. അടുത്ത ഘട്ടമായി എരുമേലി, പന്തളം, ചെങ്ങന്നൂർ എന്നീ പ്രദേശങ്ങളെയും മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. അമ്പത് വർഷം മുന്നിൽ കണ്ടു കൊണ്ട് ശബരിമലയുമായി ബന്ധപ്പെട്ട് തീർത്ഥാടകർ എത്തിച്ചേരുന്ന എല്ലാ പ്രധാന കേന്ദ്രങ്ങളുടെയും ഇടത്താവളങ്ങളുടെയും വികസനപ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്ന പദ്ധതിയാണ് ശബരിമല മാസ്റ്റർപ്ലാൻ. വൈക്കം ക്ഷേത്രം ശബരിമല തീർത്ഥാടനത്തിന്റെ ഇടത്താവളമാണ്. ശബരിമല ഇടത്താവളങ്ങളിൽ ചെയ്തുവരുന്നതായ എല്ലാ സൗകര്യങ്ങളും വൈക്കം മഹാദേവ ക്ഷേത്രത്തിലും ഏർപ്പെടുത്തി വരുന്നതായി ബോർഡ് അറിയിച്ചിട്ടുണ്ട്. വിരി വയ്ക്കുന്നതിനുള്ള സൗകര്യം, ടോയ്‌ലറ്റുകൾ, തീർത്ഥാടകർക്ക് വിശ്രമിക്കാനുള്ള സൗകര്യം, പാർക്കിംഗ് സൗകര്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ശബരിമല തീർത്ഥാടന കാലത്ത് വൈക്കം മഹാദേവ ക്ഷേത്രത്തിലും ദേവസ്വം ബോർഡ്

ഏർപ്പെടുത്തിയിട്ടുണ്ട്. ശബരിമല തീർത്ഥാടന കേന്ദ്രവുമായി ബന്ധപ്പെട്ട് ഏറ്റവും പ്രധാന ക്ഷേത്രങ്ങളിലൊന്നാണ് വൈക്കം മഹാദേവ ക്ഷേത്രം. മാസ്റ്റർ പ്ലാനിലെ പദ്ധതികൾ ഘട്ടംഘട്ടമായി നടപ്പിലാക്കി വരുന്നു. വൈക്കം, കടുത്തുരുത്തി, ഏറ്റുമാനൂർ ക്ഷേത്രങ്ങളിലെത്തുന്ന ശബരിമല തീർത്ഥാടകർക്ക് അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ശബരിമല ഒരു ദേശീയ തീർത്ഥാടന കേന്ദ്രമാക്കുന്നതിനും മാസ്റ്റർ പ്ലാൻ പൂർണ്ണ തോതിൽ നടപ്പിലാക്കുന്നതിനും അധിക സ്ഥലവും സാമ്പത്തിക സഹായവും അഭ്യർത്ഥിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിയെ നേരിൽ കണ്ട് നിവേദനം സമർപ്പിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് രണ്ടായിരത്തോളം കോടി രൂപയുടെ പതിനഞ്ച് പ്രധാന പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ അഞ്ഞൂറ് കോടി രൂപയുടെ സാമ്പത്തിക സഹായം അനുവദിക്കുന്നതിനുള്ള അഭ്യർത്ഥനയും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ പ്രോജക്ട് റിപ്പോർട്ട് താമസിയാതെ തന്നെ പ്രധാനമന്ത്രിക്ക് സമർപ്പിക്കുന്നതാണ്. വൈക്കം ക്ഷേത്രത്തിന് ഗ്രാന്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ശബരിമല തീർത്ഥാടന ത്തോടനുബന്ധിച്ച് ശബരിമലയുമായി ബന്ധപ്പെട്ടുള്ള പഞ്ചായത്തുകൾക്കാണ് ഈ ഗവൺമെന്റ് ഗ്രാന്റുകൾ അനുവദിച്ചുകൊണ്ടിരിക്കുന്നത്. കേരളത്തിലെ ഇടത്താവളങ്ങളിൽ ദേവസ്വം ബോർഡുതന്നെ ആവശ്യമായിട്ടുള്ള നടപടികൾ ക്രമീകരിക്കുന്നുണ്ട്. എന്തായാലും ഇവിടത്തെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി പ്രത്യേക ശ്രദ്ധ ചെലുത്തുന്നതിന് ദേവസ്വം ബോർഡിന് നിർദ്ദേശം നൽകുന്നതാണ്.

## (11) പോക്കുവരവ് ചെയ്തു നൽകുന്നതിലെ കാലതാമസം

ശ്രീ. സി. മമ്മൂട്ടി : സർ, കൈമാറ്റം ചെയ്യപ്പെടുന്ന വസ്തുവിന്റെ പോക്കുവരവ് നടത്താത്തതിനെത്തുടർന്ന് സാധാരണക്കാരായ ആളുകൾ കഷ്ടപ്പെടുന്ന വിഷയമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. വീടു വയ്ക്കാൻവേണ്ടി നാലോ അഞ്ചോ സെന്റ് സ്ഥലം വാങ്ങിക്കഴിഞ്ഞാൽ അതിന്റെ പോക്കുവരവ് നടത്തിക്കിട്ടാത്തതു കൊണ്ട് അവർക്ക് കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കാനോ നികുതി അടയ്ക്കാനോ കഴിയുകയില്ല. അതുകൊണ്ട് വീടിന് പ്ലാൻ വരയ്ക്കാനോ കൊടുക്കാനോ വീടു വയ്ക്കാനോ കഴിയുന്നില്ല. ഇങ്ങനെ കഷ്ടപ്പെടുന്ന ഒട്ടേറെ കേസുകൾ തിരൂർ താലൂക്കിൽ പ്രത്യേകിച്ച് റീസർവ്വേ നടന്നിട്ട് ഒൻപതു

മാസമായിട്ട് കിട്ടാത്ത വിഷയങ്ങളുണ്ട്. ടി താലൂക്കിൽ റീ-സർവ്വേ നടന്ന വില്ലേജുകളും റീ-സർവ്വേ നടക്കാത്ത വില്ലേജുകളുമുണ്ട്. റീ-സർവ്വേ നടക്കാത്ത വില്ലേജുകളാണ് ഭൂരിപക്ഷവും. റീ-സർവ്വേ പെട്ടെന്ന് നടത്താനുള്ള നടപടി പൂർത്തിയാക്കിയാൽ വളരെ സൗകര്യപ്രദമായിരിക്കും. അങ്ങനെ കൊടുക്കാത്തതു കൊണ്ട് നിസ്സാരമായ പല കാരണങ്ങൾ പറഞ്ഞു മാസങ്ങൾ നീണ്ടുപോകുകയാണ്. ഒരാൾ കൈവശം വച്ച് നികുതിയടച്ചുവരുന്ന ഭൂമിയിൽ നിന്ന് നാലോ അഞ്ചോ സെന്റ് സ്ഥലം ഒരാൾക്ക് വിറ്റാൽ ആ വിറ്റ ഭൂമിക്ക് പോക്കുവരവ് നടത്തിയിട്ടില്ലെങ്കിൽ പിന്നീട് തുടർന്ന് ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ വീടുൾപ്പെടെയുള്ള നിർമ്മാണപ്രവർത്തനം പൂർണ്ണമായി നിന്നിരിക്കുകയാണ്. അടിയന്തരമായി തിരൂർ താലൂക്കിലെ ഇത്തരം വിഷയത്തിൽ ഇടപെട്ട് ഈ മാസം തന്നെ പട്ടയം ലഭിക്കാതെ പെൻഡിംഗിൽ കിടക്കുന്ന സ്ഥലത്തിന് സമയബന്ധിതമായി ഡിസംബർ 31-ന് മുമ്പ് തീർക്കുന്നതിനുവേണ്ടി നിർദ്ദേശം കൊടുക്കണം. ഒപ്പം ഇതുപോലെ റവന്യൂവുമായി ബന്ധപ്പെട്ട ഒരുപാട് വിഷയങ്ങളുണ്ട്. ജനങ്ങളുമായി ബന്ധപ്പെട്ട വിഷയമെന്ന നിലയ്ക്ക് ബഹുമാനപ്പെട്ട മന്ത്രി ഒരു അദാലത്ത് നടത്തിക്കൊണ്ട് എല്ലാ ജില്ലയിലും പോയി പ്രശ്നങ്ങൾ അപ്ഡേറ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്)</u> : സർ, 1966-ലെ പോക്കുവരവ് ചട്ടങ്ങൾപ്രകാരവും അതോടനുബന്ധിച്ചുള്ള ഉത്തരവുകളും സർക്കുലറുകളും പ്രകാരവുമാണ് നിലവിൽ പോക്കുവരവ് സംബന്ധിച്ച നടപടികൾ സ്വീകരിച്ചു വരുന്നത്. പോക്കുവരവ് അനുവദിക്കുന്നതിന് വില്ലേജ് ഓഫീസുകളിൽ നിന്ന് ലഭിക്കുന്ന അപേക്ഷകളിന്മേൽ മുൻഗണനാക്രമത്തിലാണ് നടപടികൾ സ്വീകരിച്ചുവരുന്നത്. സബ്ഡിവിഷൻ ഇല്ലാത്ത കേസുകൾക്ക് വില്ലേജ് ഓഫീസർക്ക് പോക്കുവരവ് അനുവദിക്കുന്നതിന് അധികാരം നൽകിയിട്ടുണ്ട്. സബ്ഡിവിഷൻ ഉള്ള കേസുകളിൽ വില്ലേജാഫീസർ അനുബന്ധ രേഖകൾ തയ്യാറാക്കി ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർക്ക് സമർപ്പിക്കുകയും തുടർന്ന് അഡീഷണൽ തഹസീൽദാർ പോക്കുവരവ് അനുവദിക്കുകയും ചെയ്തുവരുന്നു. ആധാരം രജിസ്റ്റർ ചെയ്ത് അപ്പീൽ കാലാവധിയായ 30 ദിവസം കഴിഞ്ഞാണ് പോക്കുവരവ് അനുവദിക്കുന്നത്. ഈ അപ്പീൽ കാലാവധി സംബന്ധിച്ച വ്യവസ്ഥ ഭേദഗതി ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. യാതൊരു കാരണവശാലും പോക്കുവരവ് നാലുമാസത്തിൽ കൂടുതൽ തീർപ്പാക്കാതെ മാറ്റി

വയ്ക്കാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അതിർത്തി തർക്കം, കോടതിക്കേസുകൾ, ബാങ്കുകളിലോ സഹകരണ സ്ഥാപനങ്ങളിലോ ഭൂമി പണയപ്പെടുത്തിയിട്ടുള്ളവ മുതലായ കേസുകളിൽ ആധാരം രജിസ്റ്റർ ചെയ്ത് പോക്കുവരവിന് ഹാജരാക്കുമ്പോൾ വിശദമായ അന്വേഷണം വേണ്ടിവരുന്നു. അത്തരം കേസുകൾ ബാധ്യതയോ, കോടതി നടപടികളോ, മറ്റ് അറ്റാച്ച്മെന്റുകളോ ഇല്ലായെന്ന് ഉറപ്പാക്കി മാത്രമേ പോക്കുവരവ് അനുവദിക്കാറുള്ളൂ. പോക്കുവരവ് ചെയ്തു നൽകുന്നതിന് കാലതാമസം നേരിടുന്നുവെന്നും ഇതുമൂലം വസ്തു ഉടമകൾക്ക് പ്രയാസം നേരിടുന്നു എന്നുമുള്ള വ്യാപകമായ പരാതികൾ ശ്രദ്ധയിൽ വന്നിട്ടില്ല. പോക്കുവരവ് താമസിക്കുന്നതു കൊണ്ട് സർക്കാരിന് സാമ്പത്തികനഷ്ടം ഉണ്ടാകുന്നതായി കാണുന്നില്ല. അർഹതയുള്ള കേസുകളിൽ കക്ഷി ഹാജരായില്ലെങ്കിൽ പോലും നിശ്ചിത കാലാവധിക്കുശേഷം പോക്കുവരവ് അനുവദിക്കാമെന്നും പോക്കുവരവ് ഫീസ് ഭൂനികുതിയോടൊപ്പം സ്വീകരിക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ കാലതാമസം നേരിട്ട കേസുകളിൽ പോക്കുവരവ് അനുവദിക്കുന്ന സമയത്ത് പോക്കുവരവ് ഫീസ് ഈടാക്കുന്നതിനാൽ സർക്കാരിന് വരുമാന നഷ്ടം ഉണ്ടാകുന്നതല്ല. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് കേരളത്തിൽ 14 ജില്ലകളിൽ എല്ലാ മേഖലകളിലും ഇതുപോലുള്ള പരാതികൾ നിലനിൽക്കുന്നുണ്ട്. മാത്രമല്ല, റവന്യൂവുമായി ബന്ധപ്പെട്ടുകൊണ്ട് പരാതികൾ ലഭിച്ചിട്ടുള്ളതിന് തീരുമാനങ്ങൾ കൈക്കൊള്ളുന്ന കാര്യത്തിൽ കാലതാമസം ഉണ്ടാകുന്നുണ്ട് എന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും അദാലത്തുകൾ സംഘടിപ്പിക്കുന്നുണ്ട് എന്ന് ഞാൻ ഈ സഭയിൽ നേരത്തെ പറഞ്ഞിരുന്നതാണ്. ഈ വരുന്ന ജനുവരി മാസത്തിൽ 14 ജില്ലകളിലും അദാലത്തുകൾ സംഘടിപ്പിക്കുകയാണ്. പോക്കുവരവ് ഉൾപ്പെടെയുള്ള, സമയപരിധി കഴിഞ്ഞിട്ടുള്ള കേസുകൾ ഉൾപ്പെടെ അപേക്ഷകൾ കെട്ടിക്കിടക്കുന്നത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ആ അദാലത്തുകൾ സ്വീകരിക്കുകയാണ്. മുതിർന്ന ഉദ്യോഗസ്ഥന്മാരുടെയും ജില്ലാ കളക്ടർമാരുടെയും യോഗം ഇതിനോടകം തന്നെ വിളിച്ചുചേർത്തിരുന്നു. ആ യോഗത്തിനുശേഷം അത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടിയുള്ള മുന്നൊരുക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ജനുവരി മാസത്തിൽത്തന്നെ 14 ജില്ലകളിലും അദാലത്തുകൾ സംഘടിപ്പിച്ചുകൊണ്ട് കേരളത്തിലെ റവന്യൂവും

സർവ്വേയുമായി ബന്ധപ്പെട്ട് കെട്ടിക്കിടക്കുന്ന കേസുകൾക്ക്/പരാതികൾക്ക് പരിഹാരമുണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ ഞാൻ അറിയിക്കുകയാണ്.

## (12) പട്ടയം നൽകൽ

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി ജില്ലയിൽ 21316 പട്ടയങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്. ഏതാണ്ട് എല്ലാ നിയോജക മണ്ഡലങ്ങളിലും പട്ടയമേള നടന്നിട്ടുണ്ട്. പീരുമേട് നിയോജക മണ്ഡലത്തിലെ ആളുകൾക്ക് പട്ടയം കിട്ടാത്ത ഒരു സാഹചര്യം ഉണ്ട്. കഴിഞ്ഞ പട്ടയമേളയിൽ 1866 പേർക്ക് പട്ടയം വിതരണം ചെയ്തപ്പോൾ പീരുമേട് നിയോജകമണ്ഡലത്തിലെ ഒരാൾക്കുപോലും പട്ടയം കിട്ടുന്ന സാഹചര്യം ഉണ്ടായില്ല. പട്ടയത്തിന്റെ സർവ്വേ നമ്പരുകൾ തെറ്റായി രേഖപ്പെടുത്തിയതുമൂലം യഥാർത്ഥ ഉടമസ്ഥന് പട്ടയം ലഭിക്കാത്ത സാഹചര്യമുണ്ടായി. ഓഫർ ഓഫ് അസൈൻമെന്റ് ലഭിച്ചിട്ട് പട്ടയം ലഭിക്കാതെ നിൽക്കുന്നവരും ട്രഷറിയിൽ പണം അടച്ചിട്ട് പട്ടയത്തിനുവേണ്ടി കാത്തുനിൽക്കുന്നവരും ഉണ്ട്. അതുപോലെതന്നെ ട്രഷറിയിൽ പണം അടയ്ക്കാൻവേണ്ടി നോട്ടീസ് കിട്ടിയിട്ട് പണം അടയ്ക്കാൻ ചെല്ലുമ്പോൾ അടയ്ക്കാൻ പറ്റാത്തവരും ജോയിന്റ് വെരിഫിക്കേഷൻ കഴിഞ്ഞ് പട്ടയത്തിനുവേണ്ടി കാത്തു നിൽക്കുന്നവരുമുണ്ട്. മിച്ചഭൂമി പട്ടയം കയ്യിലുണ്ടായിട്ടും സ്ഥലം അളന്നു കൊടുക്കാത്ത സാഹചര്യമുള്ള ആളുകളുമുണ്ട്. പത്തുചെയിൻ ക്യാച്ച്മെന്റ് ഏരിയാ ആണെന്നുപറഞ്ഞ് ഇലക്ട്രിസിറ്റി ബോർഡിന് സ്ഥലം വേണമെന്നു പറയുകയും ഇലക്ട്രിസിറ്റി ബോർഡ് സ്ഥലം എടുക്കാതിരിക്കുകയും അവർക്ക് പണം കൊടുക്കാതിരിക്കുകയും പട്ടയം കൊടുക്കാതിരിക്കുകയും ചെയ്യുന്നതുമൂലം പീരുമേട് നിയോജക മണ്ഡലത്തിലെ 3500-ലധികം കർഷകർ പട്ടയം ലഭിക്കാതെ വിഷമിക്കുന്ന സാഹചര്യമാണുള്ളത്. അതുപാലെതന്നെ എസ്റ്റേറ്റിന്റെ അതിർത്തികളിൽ (ചെയിനിൽ) താമസിക്കുന്ന, പുതുവൽ പ്രദേശത്ത് താമസിക്കുന്ന ആളുകൾക്ക് അവരുടെ പട്ടയം എസ്റ്റേറ്റിന്റെ കയ്യിലാണ് എന്നുള്ളതുകൊണ്ട് അതുമായി ബന്ധപ്പെട്ട ഡിസ്പ്യൂട്ടിൽപ്പെട്ട് പട്ടയം ലഭിക്കാതെ നിൽക്കുന്ന ആളുകളുമുണ്ട്. ജില്ലാ കളക്ടർ/ തഹസീൽദാർ/ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ എന്നിവരോടു ചോദിക്കുമ്പോൾ 90 പട്ടയമാണോ 64 പട്ടയമാണോ 28 പട്ടയമാണോ 48 പട്ടയമാണോ എന്ന് ചോദിച്ച് ആളുകളിൽ വലിയ ആശങ്കയുണ്ടാക്കുന്ന സാഹചര്യമുണ്ടാക്കുന്നുണ്ട്. 1-1-1977 എന്നു പറയുന്ന കട്ട് ഓഫ് ഡേറ്റ് പോലും പീരുമേട്ടിലെ പല ആളുകൾക്കും പട്ടയം ലഭിക്കുന്നതിന് തടസ്സമായി മാറുന്ന സാഹചര്യമാണുള്ളത്. ഇതിനോടകം ഞാൻ അങ്ങയുടെ ശ്രദ്ധയിൽ നിരവധി വിഷയങ്ങൾ കൊണ്ടുവന്നിട്ടുള്ളതാണ്. ഗവൺമെന്റിന്റെ ശ്രദ്ധയിലും കൊണ്ടുവന്നിട്ടുള്ളതാണ്. ഈ നിയമസഭയിൽ കഴിഞ്ഞ

ഗവൺമെന്റിന്റെ കാലത്തും ഈ ഗവൺമെന്റിന്റെ കാലത്തും നിരവധി മാർഗ്ഗങ്ങളിൽ ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തുന്നതിന് ശ്രമിച്ചിട്ടുള്ളതാണ്. പലപ്പോഴും പട്ടയമേള എന്നുപറയുമ്പോൾ പീരുമേടിനെ ഒഴിവാക്കി മറ്റ് നിയോജക മണ്ഡലങ്ങളിൽ മാത്രമായി പട്ടയമേള ഒതുങ്ങിപ്പോകുന്ന ഒരു സാഹചര്യമുണ്ട്. പീരുമേട്ടിലെ ആളുകൾക്കുകൂടി പട്ടയം ലഭിക്കുന്നതിനുള്ള നടപടി അങ്ങ് സ്വീകരിക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

12.00 Noon]

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പീരുമേട് താലൂക്കിൽ കേരള ഭൂമിപതിവ് ചട്ടങ്ങൾ 1993 പ്രകാരം 14 പേർക്കും സീറോ ലാന്റ് ലെസ് പദ്ധതി പ്രകാരം 720 പേർക്കും കേരള ഭൂപരിഷ്കരണ നിയമപ്രകാരം 5 പേർക്കും 1964 ലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം ഒരാൾക്കും പട്ടയം നൽകിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ പട്ടയ വിതരണം നടത്തുന്നതിനുള്ള തടസ്സങ്ങൾ നീക്കുന്നതിനെ സംബന്ധിച്ചും ജില്ലയിൽ നിലനിൽക്കുന്ന വിവിധ പട്ടയ പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനും വേണ്ടി 15-10-2014-ൽ തിരുവനന്തപുരത്ത് ILDM (Institute of Land and Disaster Management)-ൽ വച്ച് ഇടുക്കി ജില്ലാ കളക്ടർ, ഡെപ്യൂട്ടി കളക്ടർ, തഹസീൽദാർ എന്നിവരുടെ പ്രത്യേക യോഗം നടത്തി പട്ടയ വിതരണ നടപടികൾ ത്വരിതപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ഒരു സ്പെഷ്യൽ ടീമിനെ നിയോഗിക്കുകയും പട്ടയ വിതരണം നടത്തുന്നതിന് നോഡൽ ഓഫീസർമാരെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ വച്ച് പട്ടയ വിതരണം സുഗമമാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട നോഡൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്. 2015 ജനുവരിയിൽ ഇടുക്കി ജില്ലയിൽ പട്ടയമേള നടത്തുന്ന കാര്യം പരിഗണിച്ചുവരികയാണ്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത് ഈ ഗവൺമെന്റിന്റെ മുഖ്യമായ ഉദ്ദേശ്യം ഭൂമിയുടെ അവകാശം ആരുടെ കൈവശമാണോ ഉള്ളത് അത് അവർക്ക് അർഹതപ്പെട്ടതാണെങ്കിൽ ആ ഭൂമിയുടെ അവകാശം അവർക്ക് നൽകുക എന്നുള്ളതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം മാത്രം 113000 ആളുകൾക്ക് പട്ടയം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. പട്ടയ വിതരണവുമായി ബന്ധപ്പെട്ട് പീരുമേട് ഉൾപ്പെടെയുള്ള മേഖലകളിൽ പട്ടയം

നൽകുന്നതിന് സാങ്കേതികമായുണ്ടായിരുന്ന ചില തടസ്സങ്ങൾ ഉണ്ട്. ഏത് തരത്തിലുള്ള പട്ടയമാണ് എന്നതിനെക്കുറിച്ച് ജനങ്ങളുടെ മനസ്സിലും ആശങ്കയുണ്ട്. ആ ആശങ്കകൾ നീക്കം ചെയ്യുന്നതിനുവേണ്ടിയാണ് ഉന്നതതല യോഗം വിളിച്ചുചേർക്കുകയും അതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും അതിനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നത്. ഇടുക്കി ജില്ലയിലെ കർഷകരുടെ പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനു വേണ്ടി ആവശ്യമായ നടപടികൾ ഇതിനോടകം സ്വീകരിച്ചുവരികയാണ്. ആ നടപടികൾ സ്വീകരിച്ചുവരുന്നതിന്റെ ഭാഗമെന്ന നിലയിൽ റൂൾസിൽ തന്നെ ചില മാറ്റങ്ങൾ ഉണ്ടാകേണ്ടതായിവന്നു. അത് മാറ്റുന്നതിനുവേണ്ടിയുള്ള നിർദ്ദേശം കൊടുത്തു. ഇത് കുറച്ചുകൂടി നേരത്തേതന്നെ കൊടുത്തുതീർക്കുവാനും കുറച്ചുകൂടി ആളുകൾക്ക് പട്ടയം കൊടുക്കുവാനുമുള്ള അവസരമുണ്ടാക്കിയെടുക്കുന്നതിന് ചില ആളുകളുടെ എതിർപ്പുകൾ ഉണ്ടായിട്ടുണ്ടെന്ന് അങ്ങേക്ക് നന്നായി ബോദ്ധ്യമുള്ള കാര്യമാണ്. എന്തോ തെറ്റിധാരണയുടെ പേരിൽ ഉണ്ടാക്കിയിട്ടുള്ള എതിർപ്പുകൾമൂലമാണ് ഇടുക്കിയിലെ പാവപ്പെട്ട കർഷകർക്ക് സമയബന്ധിതമായി പട്ടയം കൊടുക്കാൻ കഴിയാതെ വന്നത് എന്നുകൂടി സഭയെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ എടുത്ത തീരുമാനങ്ങളുടെ അടിസ്ഥാനത്തിലും ഇടുക്കി ജില്ലയിലെ പീരുമേട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ പട്ടയം കൊടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അങ്ങ് വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യം പറഞ്ഞത് രേഖകളിൽ രേഖപ്പെടുത്തിയിട്ടുള്ളതും രജിസ്റ്ററിൽ ചേർത്തിട്ടുള്ളതുമായ നമ്പറുകളെ സംബന്ധിച്ച ചില പരാതികൾ ഉയർന്നുവരുന്നുണ്ട് എന്നാണ്. ഞങ്ങൾ ഇടുക്കി ജില്ലയിൽ എത്തിച്ചേരുമ്പോഴും അവിടെ പല മീറ്റിംഗുകൾ വിളിച്ചുചേർക്കുമ്പോഴും ഇത്തരം പരാതികൾ ഉയർന്നുവരാറുണ്ട്. അതുംകൂടി പരിഹരിക്കുന്നതിനുവേണ്ടി ആവശ്യമായ നടപടികൾക്ക് ഗവൺമെന്റ് പ്രത്യേകം ശ്രദ്ധകൊടുക്കുന്നതാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

### (13) മുടപ്പല്ലൂർ-മംഗലം ഡാം റോഡിന്റെ നിർമ്മാണം

<u>ശ്രീ. എം. ചന്ദ്രൻ</u>: സർ, ആലത്തൂർ നിയോജക മണ്ഡലത്തിലെ മുടപ്പല്ലൂർ-മംഗലം ഡാം റോഡ് ഗതാഗതയോഗ്യമല്ലാതെ തകർന്നുകിടക്കുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. ഈ റോഡിന്റെ പണി അടിയന്തരമായി ആരംഭിക്കണമെന്ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു

വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ആലത്തൂർ നിയോജക മണ്ഡലത്തിലെ മുടപ്പല്ലൂർ-മംഗലം ഡാം റോഡ് വീതികൂട്ടി പുനരുദ്ധരിക്കാൻ 2009-ലാണ് 525 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചത്. തുടർന്ന് അത് ടെണ്ടർ വയ്ക്കുകയും കോഴിക്കോടുള്ള ഏബിൾ ഗ്രൂപ്പ് കമ്പനി അതിന്റെ പണി ടെണ്ടറെടുക്കുകയും 23-6-2011-ന് പണി ആരംഭിക്കുകയും ചെയ്തെങ്കിലും ആ കമ്പനി പണി പൂർത്തിയാക്കുന്നതിനുള്ള ശ്രമങ്ങളൊന്നും നടത്തിയില്ല. 40 ശതമാനം പണി മാത്രമാണ് അവർ പൂർത്തിയാക്കിയത്. നാട്ടുകാരുടെ പ്രതിഷേധം വന്നതിന്റെയടിസ്ഥാനത്തിൽ അവർ വച്ചിരുന്ന എഗ്രിമെന്റ് ടെർമിനേറ്റ് ചെയ്യുകയുണ്ടായി. പിന്നീട് ആ വർക്ക് പൂർത്തിയാക്കുന്നതിനുവേണ്ടി 491 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് സൂപ്രണ്ടിംഗ് എഞ്ചിനീയർ അംഗീകരിക്കുകയും ചെയ്തു. എന്നാൽ നാളിതുവരെയായി ഇക്കാര്യത്തിൽ ഒരു നടപടിയുമെടുത്തിട്ടില്ല. മാത്രവുമല്ല, NH-47-ന്റെ പണി ഇപ്പോൾ ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. അതിനുള്ള കല്ല് ക്വാറികളിൽ നിന്ന് കൊണ്ടുപോകുന്നത് ഈ റോഡിലൂടെയാണ്. 40 ടണ്ണിലധികം ഭാരമുള്ള ലോഡാണ് വണ്ടികളിൽ ഈ റോഡിലൂടെ കൊണ്ടുപോകുന്നത്. ദിവസേന 50 വണ്ടിയിലധികം ഈ റോഡിലൂടെ കടന്നുപോകുന്നുണ്ട്. ഇതിന്റെ ഭാഗമായി റോഡ് കൂടുതൽ തകർന്നുകൊണ്ടിരിക്കുകയാണ്. നാഷണൽ ഹൈവേ പണിയുന്ന കോൺട്രാക്ട് സ്ഥാപനമായ കെ.എൻ.ആർ. കൺസ്ട്രക്ഷനെക്കൊണ്ടുതന്നെ വർക്ക് ചെയ്യിപ്പിച്ചാൽ നന്നായിരിക്കും. അതിനുവേണ്ടി എന്തെങ്കിലും ശ്രമം നടത്തുകയോ അടിയന്തരമായി പുതിയ ടെണ്ടർ വിളിക്കുകയോ ചെയ്യണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>): സർ, ആലത്തൂർ നിയോജക മണ്ഡലത്തിലെ മുടപ്പല്ലൂർ മംഗലം ഡാം റോഡിന്റെ പ്രവർത്തനങ്ങൾക്കായി 2009-ൽ 525 ലക്ഷം രൂപ ഭരണാനുമതി നൽകുകയും ഏബിൾ ഗ്രൂപ്പ് ട്രേഡിംഗ് കോൺട്രാക്ടേഴ്സ് എന്ന സ്ഥാപനം കരാർ ഏറ്റെടുക്കുകയും ചെയ്തിരുന്നു. രണ്ടുപ്രാവശ്യം കരാർ ദീർഘിപ്പിച്ചു നൽകിയിട്ടും പണി പൂർത്തിയാക്കാത്തതിനാൽ ഈ കമ്പനിയുടെ കരാർ റിസ്ക് ആന്റ് കോസ്റ്റിൽ നിന്ന് ഈ വർഷം ഒഴിവാക്കി. ഈ റോഡിന്റെ ബാക്കി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള 274 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു. എത്രയുംവേഗം അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. വടക്കഞ്ചേരി മുതൽ വാളയാർ വരെയുള്ള ദേശീയപാത

നാലുവരിയാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതാണ്. കെ.എൻ.ആർ.സി. കമ്പനിയുടെ വാഹനങ്ങൾ നിരന്തരം ഈ റോഡിലൂടെ പോകുന്നതിനാൽ റോഡിന്റെ സ്ഥിതി വളരെ മോശമായിരിക്കുന്നു. പാലക്കാട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെയടിസ്ഥാനത്തിൽ ദേശീയപാതയിൽ നിർമ്മാണപ്രവൃത്തി പൂർത്തിയാക്കുന്നതുവരെ മുടപ്പല്ലൂർ-മംഗലം ഡാം റോഡ് അടിയന്തര അറ്റകുറ്റപ്പണികൾ നടത്തി ഗതാഗത യോഗ്യമാക്കി നിലനിർത്താമെന്ന് ദേശീയപാതയുടെ നിർമ്മാണം ഏറ്റെടുത്ത കെ.എൻ.ആർ.സി. കമ്പനി സമ്മതിക്കുകയും അതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത റോഡ് ഗതാഗതയോഗ്യമാക്കിവരികയുമാണ്. ദേശീയപാതയുടെ പണി പൂർത്തിയാക്കുന്ന മുറയ്ക്ക് മുടപ്പല്ലൂർ-മംഗലം ഡാം റോഡിന്റെ നവീകരണ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതും ദേശീയപാത നിർമ്മാണം നടത്തുന്ന കമ്പനിയെത്തന്നെ ഈ വർക്ക് ഏൽപ്പിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുന്നതുമാണ്.

## (14) കല്ലാർ പാലത്തിന്റെ നിർമ്മാണം

ശ്രീ. കെ. കെ. ജയചന്ദ്രൻ : സർ, കുമളി-മൂന്നാർ റോഡിൽ എന്റെ നിയോജക മണ്ഡലത്തിന്റെ മധ്യഭാഗത്തുവരുന്ന പ്രദേശമാണ് കല്ലാർ. ഇവിടെ വളരെ ഇടുങ്ങിയ ഒരു പാലമുണ്ട്. രാമക്കൽമേട്, വാഗമൺ, തേക്കടി തുടങ്ങിയ പ്രദേശങ്ങളിലേക്ക് നൂറുകണക്കിന് ടൂറിസ്റ്റ് വാഹനങ്ങളാണ് ദിവസവും ഈ പാലത്തിലൂടെ പൊയ്ക്കൊണ്ടിരിക്കുന്നത്. ഈ പ്രദേശത്ത് വാഹനാപകടങ്ങളും

ഗതാഗതക്കുരുക്കും നിത്യസംഭവമാണ്. അതുകൊണ്ട് കാലപ്പഴക്കംകൊണ്ട് അപകടകരമായ ഈ പാലം പുതുക്കി പണിയുന്നതിനുള്ള ഒരു അഭ്യർത്ഥന ഞാൻ നൽകിയിരുന്നു. അങ്ങുതന്നെ മുൻകൈയെടുത്ത് അത് നബാർഡിന് സമർപ്പിക്കാമെന്ന് പറഞ്ഞിരുന്നു. അതിന്റെ ഡിസൈനിംഗിനുവേണ്ടി 8 ലക്ഷം രൂപയും അനുവദിച്ചിരുന്നു. അടിയന്തരമായി എ.എസും. ടി.എസും നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി പാലം പണി സമയബന്ധിതമായി പൂർത്തിയാക്കി ജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അറിയിക്കാനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, ഇടുക്കി ജില്ലയിലെ കുമളി-മൂന്നാർ റോഡിലെ കല്ലാർ പാലത്തിന്റെ നിർമ്മാണത്തിന് 368 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നതിന് ഉത്തരവ് നൽകിയിട്ടുണ്ട്. ഇത് നബാർഡ് സഹായത്തോടെയാണ് നിർമ്മിക്കുന്നത്.

## VII മേശപ്പുറത്തു വച്ച കടലാസുകൾ

I. വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, (ചട്ടം 47 (2 ) പ്രകാരമുള്ള താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 3910 അഞ്ചാം സമ്മേളനത്തിലെ 5721 ഏഴാം സമ്മേളനത്തിലെ 1141, 2919 പത്താം സമ്മേളനത്തിലെ 1764, 2935, 2950, 4895 പതിനൊന്നാം സമ്മേളനത്തിലെ 962, 978, 1036, 1039, 1040, 1042, 1074, 1075, 1082, 1395, 2634, 2637, 2641, 2643, 2645, 2657, 2660, 2668, 2669, 2670, 2671, 2680, 2709, 2719, 2722, 3094, 4291, 4292, 4293, 4294, 4295, 4299, 4303, 4316, 4326, 4333, 4334, 4335, 4337, 4340, 4354, 4377, 4408, 4409, 4410 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ

സ്റ്റേറ്റുമെന്റും.

2. റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.:

പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 4035, ഏഴാം സമ്മേളത്തിലെ 1223, 1267, എട്ടാം സമ്മേളനത്തിലെ 277 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെയും പത്താം സമ്മേളനത്തിലെ 96 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിട്ട ചോദ്യത്തിന്റെയും ഇതേ സമ്മേളനത്തിലെ 1222, 1225, 1228, 1232, 1244, 3045, 4470, 4476, 4495 പതിനൊന്നാം സമ്മേളനത്തിലെ 1153, 1173, 2761, 2803, 4447, 4472, 4481, 7138, 7143, 7144 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

3. ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 4572, എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും.

4. പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 1392, പതിനൊന്നാം സമ്മേളത്തിലെ 1307, 1311 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റുമെന്റും

## VIII റിപ്പോർട്ട് സമർപ്പണം

1. ശ്രീ. പി. ബി. അബ്ദുൾ റസാക് : സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷൻ ശ്രീ. ടി. എൻ. പ്രതാപനു വേണ്ടി സമിതിയുടെ ഇരുപത്തിഒന്നാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

2. ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഏഴാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

3. ശ്രീ. സി. പി. മുഹമ്മദ്: സർ, പരിസ്ഥിതി സംബന്ധിച്ച സമിതിയുടെ

അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## IX നിയമനിർമ്മാണ കാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

മി. ഡെപ്യൂട്ടി സ്പീക്കർ: ബില്ലിനെ സംബന്ധിച്ച് ശ്രീ. മാത്യു റ്റി. തോമസ്, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. എ. കെ. ബാലൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ക്രമപ്രശ്നം നൽകിയിട്ടുണ്ട്.

(1) 2014-ലെ കേരള നികുതി ചുമത്തൽ (ഭേദഗതി) ബിൽ

## X ക്രമപ്രശ്നം

ബില്ലിലെ അപാകത

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഈ ബില്ലിന് അവതരണാനുമതി നൽകരുത് എന്ന ക്രമപ്രശ്നമാണ് ഉന്നയിക്കുന്നത്. ഏഴ് ഓർഡിനൻസുകൾ ഒരുമിച്ച് സമ്മേളിപ്പിച്ചുകൊണ്ട് ഒരൊറ്റ ബിൽ ആയിട്ടാണ് അവതരിപ്പിച്ചിരിക്കുന്നത്. കേരളത്തിന്റെ നിയമനിർമ്മാണ പ്രക്രിയയിൽ ആദ്യത്തെ സംഭവമാണിത്. സാധാരണ ബഡ്ജറ്റ് estimated receipts and expenditure അവതരിപ്പിച്ചു കഴിഞ്ഞാൽ സാധാരണ നിലയ്ക്ക് ഒന്നിലധികം മൂലനിയമങ്ങൾക്ക് ഭേദഗതി ആവശ്യമില്ല. ഒന്നിലധികം മൂലനിയമങ്ങൾക്ക് ഒറ്റ ബിൽ ആയി ഫിനാൻസ് ബിൽ ഒരു ഭേദഗതിയായി കൊണ്ടു വരാറുണ്ട്. എന്നാൽ സാമ്പത്തിക വർഷത്തിന്റെ മധ്യത്തിൽ ഓർഡിനൻസിലൂടെ നികുതി വർദ്ധിപ്പിക്കുന്ന അസാധാരണമായ നടപടിക്രമം ഇപ്പോൾ ഉണ്ടായിരിക്കുകയാണ്. ഓർഡിനൻസിലൂടെ നികുതി വർദ്ധിപ്പിക്കുന്നത് അധാർമികമാണ്. നിയമ വിരുദ്ധമാണെന്ന് ഞാൻ പറയുന്നില്ല. വ്യത്യസ്ത നിയമങ്ങളിൽ നികുതി വർദ്ധിപ്പിക്കാൻ വേണ്ടി വ്യത്യസ്തമായ ഓർഡിനൻസുകൾ ഏഴ് എണ്ണം പുറപ്പെടുവിച്ചിരിക്കുന്നു എന്നതാണ് ഇപ്പോഴത്തെ പ്രശ്നം. ആ ഏഴ് എണ്ണം എന്നുപറയുന്നത്, 2014-ലെ 21, 22, 23, 24, 26, 29, 30 എന്നീ നമ്പരുകളാണ്. ഏഴ് ഓർഡിനൻസുകൾ ഏഴ് വ്യത്യസ്ത നിയമങ്ങളിൽ ഭേദഗതി വരുത്തുന്നതിന് ഈ സഭ തുടങ്ങുന്നതിന് തൊട്ടു മുൻപ് ഏഴ് വ്യത്യസ്ത തീയതികളിൽ പുറപ്പെടുവിച്ചിരിക്കുകയാണ്. ഓരോ ഓർഡിനൻസിനും നിരാകരണ പ്രമേയം അവതരിപ്പിക്കാൻ ഞങ്ങൾക്ക് അവകാശമുണ്ട്. ഓർഡിനൻസിന് പകരമായി ബിൽ കൊണ്ടുവരുന്നതിനെ സംബന്ധിച്ച് നമ്മുടെ നടപടി ചട്ടത്തിൽ പറയുന്നത്. നിയമസഭാ നടപടി ചട്ടം 75 (1) -ൽ Whenever a Bill seeking to replace an Ordinance with or without modification is introduced in the Assembly, there shall be placed before the Assembly along with the Bill a

statement explaining the circumstances which had necessitated immediate legislation by Ordinance. Whenever a Bill seeking to replace and Ordinance, എന്ന് പറയുമ്പോൾ ഒരു ബില്ലിൽ രണ്ടു ഓർഡിനൻസുകൾ ഒരുമിച്ച് ആക്കുന്നതിന് ഉദ്ദേശിച്ചിട്ടില്ല എന്ന് വളരെ വ്യക്തമാണ്. കേരളത്തിലെ നിയനിർമ്മാണ ചരിത്രത്തിൽ ആദ്യമാണ് എന്ന് പറയുമ്പോൾ തന്നെ പാർലമെന്റിൽ സമാനമായ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. രണ്ടു ഓർഡിനൻസുകൾ ഒരുമിച്ച് ഒരു ബിൽ ആയി അവതരിപ്പിച്ചിട്ടുണ്ട്. ശക്ധർ ആന്റ് കൗൾ അത് ആകാമെന്നും പറഞ്ഞിട്ടുണ്ട്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മാത്യു റ്റി. തോമസ് ചുരുക്കി പറയണം. വളരെ പ്രധാനപ്പെട്ടതാണ്. മൂന്നുപേരുണ്ട്.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഭരണപക്ഷത്ത് നിന്നും ഉന്നയിക്കാൻ സാധ്യതയുള്ള ഒരു പ്രതിരോധത്തിന് എനിക്കുള്ള മറുപടി കൂടി പറയണം, അല്ലെങ്കിൽ ഞാൻ രണ്ടാമത് എഴുന്നേൽക്കേണ്ടിവരും. ബഹുമാനപ്പെട്ട സ്പീക്കർ തന്നിരിക്കുന്ന ശക്ധർ ആന്റ് കൗൾ 6th എഡിഷന്റെ 651-ാം പേജിൽ ലാസ്റ്റ് പാരഗ്രാഫ് മാത്രം വായിക്കുകയാണ് If two or more Ordinances relating to allied matters are intended to replaced, a single Bill can be introduced. അതിന് ഉദാഹരണമായി പറയുന്നത്, the Companies (Temporary Restrictions on Dividends) Bill, 1974 replaced the Companies (Temporary Restrictions on Dividends) Ordinance, 1974, and the Companies (Temporary Restrictions on Dividends) Amendment Ordinance, 1974; ഒരേ നിയമത്തിലെ രണ്ടു ഓർഡിനൻസുകൾ റിപ്ലേസ് ചെയ്യാൻ വേണ്ടി സംയോജിപ്പിച്ച് ഒറ്റ ബിൽ ആയി കൊണ്ടുവന്നിട്ടുണ്ട്. The Maintenance of Internal Security (Amendment) Bill 1975 replaced the Maintenance of Internal Security (Amendment) Ordinance, 1975 and the Maintenance of Internal Security (Second Amendment) Ordinance, 1975. നിസയുടെ നിയമത്തിൽ രണ്ടു ഓർഡിനൻസ് കൊണ്ടുവന്നപ്പോൾ ആ രണ്ടു ഓർഡിനൻസും സംയോജിപ്പിച്ചിട്ടുണ്ട്. The Payment of Bonus (Second Amendment) Bill, 1985 replaced the Payment of Bonus (Amendment) Ordinance, 1985. and the Payment of Bonus (Second Amendment) Ordinance, 1985. അലൈഡ് മാറ്റർ എന്നുപറയുമ്പോൾ ഒരേ നിയമത്തിനെ സംബന്ധിച്ച് രണ്ടു ഓർഡിനൻസ്

ഇറങ്ങിയത് സംയോജിപ്പിച്ച് കൊണ്ടുവരാം എന്നുമാത്രമാണ് ശക്ധർ ആന്റ് കൗൾ-ൽ പറയുന്നത്. അല്ലാതെയുള്ള ഓർഡിനൻസുകൾ ശരിയല്ല. 25-11-2014-ൽ ഇവിടെ ഇപ്പോൾ വന്നിരിക്കുന്ന 7 ബില്ലുകൾ സത്യസന്ധമായി ഈ നിയമസഭയുടെ മുൻപിൽ 629-ാം നമ്പർ ബുള്ളറ്റിൻ ആയി പുറപ്പെടുവിച്ചതാണ്. Bills reported by Subject Committee and bills to replace Ordinances എന്നുപറഞ്ഞൊരു ബുള്ളറ്റിനിൽ ഏഴായിട്ടാണ് കാണിച്ചിരിക്കുന്നത്. ആദ്യം നമുക്ക് ഇത് നൽകുമ്പോൾ ഏഴാണ്. Related Allied ആയി മാത്രമാണ് അതിൽ ക്ലബ്ബ് ചെയ്തിരുന്നത്. ഇരുപത്തിയൊന്നും ഇരുപത്തിനാലും നമ്പർ ഓർഡിനൻസുകൾ value added tax-ന്റെയും കേരള ടാക്സേഷൻ ലോസും ആയി ക്ലബ്ബ് ചെയ്തിരുന്നു. പ്ലാന്റേഷൻ ടാക്സും ലാന്റ് ടാക്സും വേറെ ബില്ലുകളായിട്ടാണ് നമ്മുടെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത്. അതുപോലെ തന്നെ ടോൾസ് ആക്ടിന്റെ ഭരണ വകുപ്പ് പി.ഡബ്ല്യു.ഡി.-യാണ്. പ്ലാന്റേഷൻ ടാക്സിന്റെ ഭരണ വകുപ്പ് അഗ്രിക്കൾച്ചറൽ ഡിപ്പാർട്ടുമെന്റാണ്. അത് വേറെ മന്ത്രിയാണ്. സ്റ്റാംപ് ആക്ടിന്റെ ഭരണ വകുപ്പ് രജിസ്ട്രേഷൻ വകുപ്പാണ്. മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ അമെന്റ്മെന്റ് ആക്ടിന്റെ ഭരണവകുപ്പ് ട്രാൻസ്പോർട്ട് വകുപ്പാണ്. വ്യത്യസ്തമായ ഭരണവകുപ്പ് വ്യത്യസ്തമായ മന്ത്രിമാർ കൈകാര്യം ചെയ്യുന്ന വ്യത്യസ്തമായി പുറപ്പെടുവിച്ച വ്യത്യസ്ത തീയതികളിലുള്ള വ്യത്യസ്ത ഓർഡിനൻസുകൾ സംയോജിപ്പിച്ച് ഒരൊറ്റ ബിൽ ആയി കേരളത്തിൽ കൊണ്ടുവന്നത് തെറ്റാണ്. 629-ാം നമ്പർ ബുള്ളറ്റിനെ 635-ാം നമ്പർ ബുള്ളറ്റിൻ മൂലമാണ് പരിഷ്കരിച്ചത്. സഭ സമ്മേളിക്കുന്നതിന് രണ്ടു ദിവസം മുൻപ് നവംബർ 29-ാം തീയതിയാണ് ആ ബുള്ളറ്റിൻ വന്നിരിക്കുന്നത്. അവിടെ വച്ച് ഏഴ് ഓർഡിനൻസുകളും ഒരൊറ്റ ബിൽ ആക്കി പരിഷ്ക്കരിച്ചുകൊണ്ട് സഭയിൽ അവതരിപ്പിക്കുന്ന ഈ പുതിയ ബുള്ളറ്റിൻ ഇവിടെ പുറപ്പെടുവിച്ചത് നിയമസഭയോടുള്ള അവഹേളനമാണ്. ഒരു ഗവർണറുടെ അടുത്ത് ഏഴ് പ്രാവശ്യം ബിൽ കൊടുത്തുവിട്ടില്ലേ? ഗവർണർ അവിടെ വെറുതെ ഇരിക്കുകയാണോ? കേരളത്തിലെ ഗവർണറുടെ മുൻപിൽ ഏഴ് ഓർഡിനൻസ് കൊടുത്തിട്ട് കേരളത്തിലെ നിയമസഭയുടെ മുൻപിൽ ഒറ്റ ബിൽ ആയി അവതരിപ്പിക്കുന്നതിന് ഭരണഘടനയിൽ ഒരു empowering article ഇല്ല. നമ്മുടെ നടപടി ചട്ടങ്ങളിൽ അത് അവകാശപ്പെടുത്തുന്ന ചട്ടങ്ങളില്ല. ഇത് പാർലമെന്റ് കീഴ്വഴക്കങ്ങളുടെ ലംഘനമാണ്. അത് നിയമനിർമ്മാണ പ്രക്രിയയിൽ ആശാസ്യകരമല്ലാത്ത ഒരു പ്രവണത കൊണ്ടുവരികയാണ്. അതുകൊണ്ട് ഇത് അവതരിപ്പിക്കാനുള്ള അനുമതി

നിഷേധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഭരണഘടനയുടെ ആർട്ടിക്കിൾ 202-ന് വിരുദ്ധമായിട്ടുള്ള ഒരു നടപടിയിലേക്കാണ് മന്ത്രി ഇപ്പോൾ കടക്കാൻ പോകുന്നത്. ഭരണഘടനയുടെ 202-ാം ആർട്ടിക്കിൾ പ്രകാരം annual financial statement അല്ലെങ്കിൽ ബഡ്ജറ്റ് തയ്യാറാക്കപ്പെടേണ്ടത് വളരെ കരുതലോടെയും കൃത്യതയോടെയും വേണമെന്ന് അനുശാസിക്കുന്നുണ്ട്. ഇത് സംബന്ധിച്ച് സംസ്ഥാന ധനകാര്യ വകുപ്പ് പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണ്? അത് കേരള ബഡ്ജറ്റ് മാന്വലിലെ 13 മുതൽ 53 വരെയുള്ള പാരഗ്രാഫുകളിൽ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. 1914-15-ലെ annual financial statement-ൽ സർക്കാർ ലക്ഷ്യമിട്ട വരുമാനം 64,842.35 കോടി രൂപയാണ്. എന്നാൽ ഈ ബില്ലിൽ ഉദ്ദേശ്യകാരണത്തിന്റെ ഖണ്ഡം (7)-ൽ സംസ്ഥാനത്തിന്റെ വരുമാനത്തിൽ ശോഷണം സംഭവിച്ചിരിക്കുന്നു എന്നാണ് പറയുന്നത്. അതിന്റെ പശ്ചാത്തലത്തിൽ നികുതി വർദ്ധന നിർദ്ദേശങ്ങൾ അടങ്ങിയ ഒരു ബിൽ കൊണ്ടുവരുന്നുവെന്നാണ് ഇപ്പോൾ പറയുന്നത്. നടപ്പുസാമ്പത്തിക വർഷത്തേയ്ക്കുള്ള വരുമാനം കണക്കാക്കുന്നതിൽ സംസ്ഥാന ധനകാര്യ വകുപ്പ് പരാജയപ്പെട്ടു എന്നതാണ് ഇതിന്റെ അർത്ഥം. അതുകൊണ്ടാണ് നികുതി വർദ്ധിപ്പിച്ച് വരുമാനം കൂട്ടാൻ ഒരു ബിൽ അവതരിപ്പിക്കുന്ന സ്ഥിതി ഉണ്ടായിരിക്കുന്നത്. ഇതിന്റെ പൂർണ്ണ ഉത്തരവാദിത്വം ധനകാര്യ വകുപ്പിനാണ്. മന്ത്രി അവതരിപ്പിക്കുന്ന 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ ഈ സർക്കാർ നടപ്പുസമ്മേളനത്തിനുമുൻപായി പുറപ്പെടുവിച്ച ഏഴ് ഓർഡിനൻസുകൾക്ക് പകരമുള്ളതാണ്. നിലവിലുള്ള നികുതി സംബന്ധമായ എട്ട് നിയമങ്ങൾ ഭേദഗതി ചെയ്യുന്ന ഒരു ബില്ലാണ് ഇവിടെ അവതരിപ്പിക്കുന്നത്. സാധാരണയായി സർക്കാരിന്റെ ഓരോ വർഷത്തേയും വരവ് ചെലവ് കണക്കുകളെ സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് സഭയുടെ മേശപ്പുറത്ത് വയ്ക്കും. ഇത് ഭരണഘടനയുടെ ആർട്ടിക്കിൾ 202-ാം വകുപ്പിൽ അനുശാസിക്കുന്നുണ്ട്. ഈ ബിൽ അവതരിപ്പിച്ച് പാസ്സാക്കുന്നതിന്റെ ഫലമായി സഭയിൽ മൂന്ന് ദിവസമെടുത്ത് ചർച്ച ചെയ്തിട്ടാണ് 2014-15-ലെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടുള്ളത്. അന്ന് അവതരിപ്പിച്ച സ്റ്റേറ്റ്മെന്റിന് മാറ്റം വരുകയാണ്. ഈ ബിൽ അവതരിപ്പിക്കുന്നതിന് മുമ്പ് ബഡ്ജറ്റിന്റെ കണക്കുകളിൽ നികുതി വർദ്ധനവുമൂലം ഉണ്ടായിട്ടുള്ള മാറ്റങ്ങളെന്താണെന്നത് സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് മന്ത്രിസഭയുടെ മേശപ്പുറത്ത് വയ്ക്കണം. അന്ന് നമ്മൾ അംഗീകരിച്ചു കൊടുത്തതിൽ നിന്നും വളരെ വ്യത്യസ്തമായ നിലയാണ് ഇപ്പോൾ ഇവിടെ സംഭവിച്ചിരിക്കുന്നത്. ഇപ്പോൾ

ഓർഡിനൻസിന്റെ പെരുമഴ തന്നെ പെയ്തിരിക്കുകയാണ്. ഈ ഓർഡിനൻസുകൾ വന്നതിന്റെ ഫലമായി അന്ന് നമ്മൾ അംഗീകരിച്ചിരുന്ന സ്റ്റേറ്റ്മെന്റിൽ നികുതി വർദ്ധനവുമൂലം എന്തെല്ലാം മാറ്റങ്ങൾ വരും. സഭ നേരത്തേ അംഗീകരിച്ചു കൊടുത്തതാണ്. അത് ആദ്യം ചർച്ച ചെയ്തതിനുശേഷം മാത്രമേ ഈ ബിൽ അവതരിപ്പിക്കാൻ പാടുള്ളൂ. പുതിയ നികുതി നിർദ്ദേശങ്ങളുടെ ഫലമായി വരുന്ന മാറ്റം നിയമസഭയിൽ അവതരിപ്പിച്ചിട്ടില്ല. ആദ്യം അത് അവതരിപ്പിച്ച് അതിനെക്കുറിച്ച് ചർച്ച ചെയ്തതിനുശേഷം മാത്രമാണ് ഫിനാൻഷ്യൽ ബിൽ സംബന്ധിച്ച് ചർച്ച ചെയ്യേണ്ടത്. നടപടിക്രമങ്ങൾ ലംഘിച്ചുകൊണ്ടാണ് ഇത് ചെയ്യുന്നത്. ഭരണഘടനയുടെ ആർട്ടിക്കിൾ 202-ന് വിരുദ്ധമായ നടപടിയിലേക്കാണ് നമ്മൾ നീങ്ങുന്നത്. ഗവർണർ ചിലപ്പോൾ അംഗീകാരം തന്നിട്ടുണ്ടാകും. അംഗീകാരം വച്ച് ഇത് അവതരിപ്പിക്കാമെന്ന് സ്പീക്കർ റൂൾ ചെയ്യും. പക്ഷേ ഇതെല്ലാം ചട്ടങ്ങളെ ലംഘിച്ചുകൊണ്ട് ബഡ്ജറ്റ് പാസ്സാക്കിയതിനുശേഷം ഓർഡിനൻസ് വഴി നികുതി കൂട്ടുന്ന സമ്പ്രദായം കേരളത്തിൽ ഇത് ആദ്യമാണ്. ഇതിന് നമ്മൾ തുടക്കം കുറിച്ചാൽ ഇതൊരു തെറ്റായ കീഴ്വഴക്കമാകും, ബഡ്ജറ്റ് അപ്രസക്തമാകും. കേന്ദ്രഗവൺമെന്റ് ഇപ്പോൾ പ്ലാനിംഗ് കമ്മീഷൻ വേണ്ടെന്ന് വച്ചു. ഇവിടെ ഇപ്പോൾ പ്ലാൻ ഇല്ലാത്ത സ്ഥിതിയിലെത്തി. ഇങ്ങനെ ഒരു അരാജകത്വം സാമ്പത്തിക രംഗത്തുണ്ടാകും. ഇത് ഒരു ഗവൺമെന്റ് ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ പാലിക്കേണ്ട ബഡ്ജറ്റ് മാന്വൽ ലംഘിക്കുന്ന അവസ്ഥ വരും. ഇതൊരു കീഴ്വഴക്കമായിക്കഴിഞ്ഞാൽ ഇവിടെ ബഡ്ജറ്റ് അപ്രസക്തമാവുകയും തുടർച്ചയായി നികുതി കൂട്ടുമ്പോൾ ഓർഡിനൻസ് പുറപ്പെടുവിക്കുന്ന സംസ്ഥാനമായി കേരളം മാറുകയും ചെയ്യും. ഇതിന് അങ്ങ് അംഗീകാരം കൊടുക്കരുത്. ഇത് ക്രമവിരുദ്ധമാണ്. അത് സംബന്ധിച്ച റൂളിംഗ് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ ഭാഗത്ത് നിന്നുണ്ടാകണം.

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ബഹുമാനപ്പെട്ട കെ. മുഹമ്മദുണ്ണി ഹാജി 2-12-2014-ൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിച്ച ഒരു ചോദ്യം. ചോദ്യം നമ്പർ 465. സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലവിലുണ്ടോ? ഉത്തരം, സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലവിലില്ല. ഇത് മേശപ്പുറത്ത് വയ്ക്കേണ്ട ആവശ്യമില്ല. അങ്ങേയ്ക്ക് മനസിലാക്കാൻ പറ്റുന്ന കാര്യമാണ്. തർക്കമൊന്നുമില്ല. സാമ്പത്തിക പ്രതിസന്ധിയില്ല.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: അതിനുശേഷം എന്തെങ്കിലുമുണ്ടോ?

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ഒന്നുമില്ല, സ്പെസിഫിക്കായിട്ടുള്ള ചോദ്യവും

സ്പെസിഫിക്കായിട്ടുള്ള ഉത്തരവുമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: തുടർന്ന് അടുത്ത സെന്റൻസുണ്ടോയെന്നാണ് ചോദിച്ചത്.

ശ്രീ. എ. കെ. ബാലൻ: സർ, ധനപരമായ ബുദ്ധിമുട്ടുള്ള കാരണങ്ങളാൽ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ എന്നാണ്. അത് ഇതിന്റെ വിശദാംശമാണ്. സ്പെസിഫിക്കായി പറയുകയാണ് സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലവിലില്ല. കേരള നികുതി ചുമത്തൽ ഭേദഗതി ബിൽ 8 ഓർഡിനൻസാണ്. കേരള നികുതി ചുമത്തൽ നിയമങ്ങൾ ബിൽ അതിന്റെ ഉദ്ദേശ്യ കാരണങ്ങളുടെ വിവരണത്തിൽ ഇപ്പോൾ സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധിക്ക് കാരണം ഈ ഓർഡിനൻസുകൾ കൊണ്ടുവരാൻ നിർബന്ധിക്കപ്പെടുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ബാലൻ, അങ്ങ് ചോദ്യത്തിന്റെ (എ) പിരിവ് മാത്രമാണ് പറഞ്ഞത്. (ബി)-യിൽ വളരെ വ്യക്തമായി പറയുന്നു, ബഡ്ജറ്റിൽ വിഭാവന ചെയ്ത തലത്തിൽ സംസ്ഥാന നികുതി വരവിൽ വർദ്ധനവ് ഉണ്ടാകാതിരുന്നതിനാൽ റവന്യൂ വരവിൽ ഇടിവുണ്ടായിട്ടുണ്ട്. ഈ സാഹചര്യത്തിലും വികസന പ്രവർത്തനങ്ങൾക്ക് കുറവുവരാതെ നിലനിർത്തിയത് സാമ്പത്തിക ഞെരുക്കമുണ്ടാകാൻ കാരണമായിട്ടുണ്ട്. സാമ്പത്തിക ഞെരുക്കമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിതന്നെ അതിൽ പറഞ്ഞിട്ടുണ്ട്.

ശ്രീ. എ. കെ. ബാലൻ: സർ, സാമ്പത്തിക പ്രതിസന്ധിയില്ല. പക്ഷേ സാമ്പത്തിക ബുദ്ധിമുട്ടുണ്ട്. അതാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞിട്ടുള്ളത്. As a measure to overcome the financial crisis being faced by the Government of Kerala, എന്ന് ഇംഗ്ലീഷിൽ കൃത്യമായി പറയുന്നു. ബഹുമാനപ്പെട്ട ഗവർണർ ഓർഡിനൻസ് കൊണ്ടുവരുമ്പോൾ ഫിനാൻഷ്യൽ ക്രൈസിസുണ്ടെന്നും മെമ്പർക്ക് കൊടുത്ത മറുപടിയിൽ സാമ്പത്തിക പ്രതിസന്ധിയില്ലായെന്നും പറയുന്നു. ഇത് മാറ്റണം. ഇത് മാറ്റാതെ ഇവിടെ അവതരിപ്പിക്കുന്നത് ശരിയല്ല. ഇങ്ങനെ പലപ്പോഴും വരാറുണ്ട്. വരുമ്പോൾ തിരുത്തുകയും ചെയ്യും. ഇത്തരത്തിൽ പറഞ്ഞ കാര്യമാണ് ശരിയെങ്കിൽ ഉദ്ദേശ്യകാര്യങ്ങളുടെ വിവരണം റിവൈസ് ചെയ്ത് ആയത് മേശപ്പുറത്ത് വയ്ക്കണം. ഇത് സംബന്ധിച്ച് ശക്ധർ & കൗളിൽ ഇങ്ങനെ പറയുന്നുണ്ട്. The statement of objects and reasons can be amended by the member in charge of the Bill with the permission of the speaker at the time of introducing the Bill.

നമ്മുടെ മുമ്പിൽ രണ്ട് പരാമർശമാണുള്ളത്. ഒന്ന് സാമ്പത്തിക പ്രതിസന്ധിയില്ല. മറ്റൊന്ന് സാമ്പത്തിക പ്രതിസന്ധിയുണ്ട്. ഇതിനെ സംബന്ധിച്ച് ഒരു വ്യക്തതയുണ്ടാക്കി ഈ ബിൽ അവതരിപ്പിക്കണം. ഞങ്ങൾ ഇവിടെ വരുന്നത് ഭരണഘടന 174 ആർട്ടിക്കിൾ പ്രകാരം ഗവർണർ വിളിച്ചിട്ടാണ്. സ്പീക്കർ വിളിച്ചിട്ടല്ല. ഗവർണർ വിളിച്ചിട്ടില്ലെങ്കിൽ ഞങ്ങൾ ഇവിടെ വരില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: സ്പീക്കർക്ക് വിലയില്ല അല്ലേ?

ശ്രീ. എ. കെ. ബാലൻ: സർ, ഗവർണർ വിളിച്ചിട്ടും ഭക്ഷണം കിട്ടുന്നില്ല. അക്കാര്യത്തിലേക്ക് കടക്കുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറയുന്ന രണ്ട് കാര്യങ്ങളിൽ വ്യക്തതയുണ്ടാകണം. സാമ്പത്തിക പ്രതിസന്ധിയില്ലായെന്നു വരുത്താൻ വേണ്ടി അതിമനോഹരമായ ശാരീരഭാഷ പ്രയോഗിച്ചുകൊണ്ട് എത്രയോ പ്രസംഗങ്ങൾ ബഹുമാനപ്പെട്ട മന്ത്രി നടത്താറുണ്ട്. പക്ഷേ ഓർഡിനൻസിൽ സാമ്പത്തിക പ്രതിസന്ധിയെന്ന് പറയുന്നു. ഭരണകക്ഷിയിൽ നിന്നുള്ള മെമ്പർ ചോദിച്ച ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ സാമ്പത്തിക പ്രതിസന്ധിയില്ല എന്ന് കൃത്യമായി പറയുന്നു. ഇതിന് ഒരു വ്യക്തതയുണ്ടാകണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഓരോരുത്തരും തലയിൽ വയ്ക്കുന്ന തൊപ്പി ഓരോരുത്തരുടെ തലയുടെ ആകൃതിയനുസരിച്ച് മാറുമെന്ന് ലാസ്കി സോഷ്യലിസത്തെക്കുറിച്ച് പറയുന്നതു പോലെയാണ് സാമ്പത്തിക പ്രതിസന്ധിയും സാമ്പത്തിക ബുദ്ധിമുട്ടും. ഇത് ഇന്റർചെയിഞ്ചബിൾ വാക്കാണ്, എല്ലാപേരും ഉപയോഗിക്കും. സാമ്പത്തിക പ്രതിസന്ധിയുള്ളിടത്തൊക്കെ സാമ്പത്തിക ബുദ്ധിമുട്ടെന്ന് വിചാരിച്ചാൽ മതി. അങ്ങോട്ടും ഇങ്ങോട്ടും ഒരു വാക്ക് ഉപയോഗിക്കുന്നതിന് എന്തെങ്കിലും കാര്യമുണ്ടോ? ഇവിടെ പ്രതിസന്ധിയില്ല എന്നാൽ ബുദ്ധിമുട്ടുണ്ട്. ഓർഡിനൻസ് കൊണ്ടുവന്നപ്പോൾ ബുദ്ധിമുട്ട് മാറിയിട്ടുണ്ട്. നിയമം പാസായി ഓർഡിനൻസ് കൊണ്ടുവന്നപ്പോൾ നിയമം പ്രാബല്യത്തിൽ വന്നു, ഞങ്ങൾ നികുതി പിരിക്കാൻ തുടങ്ങി. അപ്പോൾ ബുദ്ധിമുട്ട് മാറി. ആദ്യം ബുദ്ധിമുട്ടുണ്ടായിരുന്നു.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറയുന്നത് ഒരു ബുദ്ധിമുട്ടുമില്ല എന്നാണ്. എനിക്ക് മനസിലാകുന്നില്ല. അങ്ങനെയാണെങ്കിൽ ഒബ്ജക്ട്സ് ആന്റ് റീസൺസിൽ പേര് മാറ്റണം.

ശ്രീ. കെ. എം. മാണി: സർ, ബുദ്ധിമുട്ടില്ല എന്ന് പറഞ്ഞില്ല. പ്രതിസന്ധിയില്ല എന്നാണ് പറഞ്ഞത്.

ശ്രീ. എ. കെ. ബാലൻ: സർ, ഫിനാഷ്യൽ ക്രൈസിസുള്ളതുകൊണ്ടാണ് ഈ ബിൽ കൊണ്ടുവരാൻ കാരണം.

ശ്രീ. കെ. എം. മാണി: ഞാൻ അതുകൊണ്ടാണ് പറഞ്ഞത് ഈ രണ്ടുവാക്കും ഉപയോഗിച്ച് പ്രതിസന്ധി എന്നുപറയും. പ്രതിസന്ധി എന്നുപറഞ്ഞതുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും നീങ്ങാൻ പാടില്ലാത്ത ഒരു ഡെത്ത് ബ്ലോക്കാണെന്ന് വിചാരിക്കുകയൊന്നും വേണ്ട. അതിനർത്ഥം അതേയുള്ളൂ. പ്രതിസന്ധി എന്ന് ordinary parlance-ൽ ഇങ്ങനെയൊരു വാക്ക് ഉപയോഗിച്ചു എന്നല്ലാതെ വലിയ കാര്യമൊന്നുമില്ല. ഡ്രാഫ്റ്റ് ചെയ്യുമ്പോൾ ഒരു വാക്ക് ഉപയോഗിച്ചു. Legal parlance-ൽ ആ വാക്ക് ഉപയോഗിച്ചുവെന്നേയുള്ളൂ. വേറെ കാര്യമൊന്നുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മാണി സർ, രണ്ടുപേർ ഉന്നയിച്ച ക്രമപ്രശ്നം കൂടിയുണ്ട്.

ശ്രീ. കെ. എം. മാണി: ആന്വൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് പാസ്സായതിനുശേഷം ടാക്സ് കൂട്ടുന്നു, അപ്പോൾ ട്രഷറിയിൽ കൂടുതൽ വരുമാനം വരുന്നു, അതുസംബന്ധിച്ച് ഒരു സ്റ്റേറ്റുമെന്റ് സഭയുടെ മേശപ്പുറത്ത് വയ്ക്കണ്ടേ എന്നാണ് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞത്. അങ്ങനെ സഭയുടെ മേശപ്പുറത്ത് ഒരു സ്റ്റേറ്റുമെന്റ് വയ്ക്കണമെന്ന് ഭരണഘടനയിൽ ഒരിടത്തും പറയുന്നില്ല. ആർട്ടിക്കിൾ 202 അനുസരിച്ച് ആന്വൽ ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റ് മേശപ്പുറത്ത് വയ്ക്കണമെന്നേ പറഞ്ഞിട്ടുള്ളൂ. അത് വച്ചിട്ടുണ്ട്. പാസ്സാക്കിയിട്ടുണ്ട്. അപ്രോപ്രിയേഷൻ ബില്ലും പാസ്സായിക്കഴിഞ്ഞു. കൂടുതൽ ചെലവ് വരുമ്പോൾ സപ്ലിമെന്ററിക്കും ബിൽ കൊണ്ടുവരും. ഇതിനെസംബന്ധിച്ച് ആ ഭരണഘടനാ ബാദ്ധ്യതകളൊക്കെ നിറവേറ്റിക്കഴിഞ്ഞ കാര്യമാണ്. പക്ഷേ ഇടയ്ക്ക് നികുതി, നികുതി നിയമം എന്നിവ കൊണ്ടുവരാൻ പാടില്ല. നികുതി നിയമം കൊണ്ടുവരുമ്പോൾ ആന്വൽ ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റ് വയ്ക്കണം. അങ്ങനെയല്ല. ആന്വൽ ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റ് രണ്ടാമതില്ല. ആദ്യം ഒരു പ്രാവശ്യം മാത്രമേ വയ്ക്കുകയുള്ളൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇപ്പോൾ വരുമ്പോൾ മാറ്റം എന്താണെന്ന്

വിശദീകരിക്കണം.

ശ്രീ. കെ. എം. മാണി: ആ മാറ്റത്തെ സംബന്ധിച്ചിടത്തോളം ബില്ലിനകത്ത് ഉദ്ദേശ്യകാരണങ്ങളുണ്ട്. സപ്ലിമെന്ററി വരുമ്പോൾ ഉദ്ദേശ്യകാരണങ്ങൾ അവിടെയുണ്ട്. അവിടെ വിശദീകരണമുണ്ട്. അതുകൊണ്ട് വേറെ ആവശ്യമില്ല എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. ആർട്ടിക്കിൾ 202 അനുസരിച്ച് നികുതി പിരിവിൽ കുറവുണ്ടായിട്ടുണ്ട്. ആമ്പൽ സ്റ്റേറ്റുമെന്റ് പാസ്സായി, വരവിൽ വ്യതിയാനം വന്നു, വരവ് കുറഞ്ഞു. 26 ശതമാനം ഗ്രോത്ത് എക്സ്പെക്ട് ചെയ്തിരുന്നെങ്കിലും വരുമാന സ്രോതസ്സുകളിൽ ഉണ്ടായ മാറ്റംമൂലം ഗ്രോത്ത് കുറഞ്ഞു. ആ കുറവിന്റെ കാരണം സ്റ്റാമ്പ് ഡ്യൂട്ടിയിൽ കുറവ് വന്നതാണ്. ട്രാൻസാക്ഷൻസ് കുറഞ്ഞു. മോട്ടോർ വെഹിക്കിൾസ് ട്രാൻസാക്ഷൻസ് 2 ശതമാനം കുറഞ്ഞു. റബ്ബറിന് 27 ശതമാനം വിലയിടിഞ്ഞു. ഗോൾഡ് 5 ശതമാനം കുറഞ്ഞു. ബാർ ഹോട്ടൽസ് 31 ശതമാനം കുറഞ്ഞു. ചിക്കന് 13 ശതമാനം കുറഞ്ഞു. അത് കോമ്പൗണ്ടിംഗ് റേറ്റിലുണ്ടായ മാറ്റം കൊണ്ടാണ്. രോഗം വന്നപ്പോൾ ഇംപോർട്ട് ഇല്ല. ടിമ്പറിന് മൂവ്മെന്റ് റെസ്ട്രിക്ഷൻ കൊണ്ട് ഏഴ് ശതമാനം കുറഞ്ഞു. ഇങ്ങനെ പലകാരണങ്ങൾകൊണ്ട് നികുതി വരുമാനത്തിൽ കുറവ് വന്നിട്ടുണ്ട്. അതുകൊണ്ട് ആന്റിസിപ്പേറ്റഡ് വരുമാനത്തിലേക്ക് എത്തിക്കുന്നതിനുവേണ്ടിയാണ് പുതിയ നിർദ്ദേശങ്ങളെല്ലാം വന്നത്. അങ്ങനെ വരുമ്പോൾ ആർട്ടിക്കിൾ 265 അനുസരിച്ച് ഒരു നിയമമില്ലാതെ സാധിക്കില്ലല്ലോ; അതുകൊണ്ട് നിയമം കൊണ്ടുവന്നുവെന്നുള്ളതല്ലാതെ വേറെ കാര്യമൊന്നുമില്ല. പ്രശ്നങ്ങളൊന്നും ഇതിനകത്ത് കാണുന്നില്ല. ആമ്പൽ ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റ് എപ്പോഴും വയ്ക്കേണ്ട കാര്യമില്ല. പിന്നെയുള്ളത് ഒന്നിലധികം ഓർഡിനൻസ് കൊണ്ടുവന്നു. The Action Ordinances 2000, The Kerala decentralisation of Powers Act. നേരത്തെയുള്ള 35 ആക്ടുകളാണ് ഒന്നിച്ചുകൊണ്ടുവന്നത്. ഇവിടെ കൺവെൻഷൻ ഇല്ല എന്നില്ല. ഒരു ബില്ലിൽത്തന്നെ 35 വിഷയങ്ങൾ കൊണ്ടുവന്നിട്ടുണ്ട്.........(ബഹളം)…. ഓർഡിനൻസ് റീപ്ലെയ്സിംഗ് ബില്ലാണ്. Ordinance replacing Bill is a Bill. ഇതിനകത്ത് വേറെ കാര്യമൊന്നുമില്ല.

ശ്രീ. മാത്യു റ്റി. തോമസ്: ഞാൻ ഉന്നയിച്ച വിഷയത്തിന് മറുപടി പറഞ്ഞില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഒരു നിയമം കൊണ്ട് 35 നിയമങ്ങൾക്ക് ഭേദഗതികൾ കൊണ്ടുവന്നുവെന്നാണ്. ഇന്നലെ ഇവിടെ കൊണ്ടുവന്ന University Laws Amendment ആക്റ്റും അങ്ങനെ തന്നെയാണ്. എല്ലാവർഷവും അവതരിപ്പിക്കുന്ന ഫിനാൻസ് ബിൽ എന്നുപറയുന്നത് മൂലനിയമങ്ങളിൽ അമെന്റ്മെന്റ്

കൊണ്ടുവരുന്നതാണ്. ഇവിടെ പ്രശ്നം വ്യത്യസ്തമാണ്. ഇവിടെ 8 നിയമങ്ങളിൽ ഭേദഗതി വരുന്ന 7 ഓർഡിനൻസ് ഇറക്കി. ഓർഡിനൻസുകളെ സംയോജിപ്പിച്ച് ഒറ്റ ബില്ലായി കൊണ്ടുവന്നത് കേരളത്തിലെ നിയമനിർമ്മാണ ചരിത്രത്തിൽ ഇതിനുമുമ്പുണ്ടായിട്ടില്ല. അങ്ങനെയൊരു കീഴ്വഴക്കം ഇവിടെയില്ല. പാർലമെന്റിൽ ഉണ്ടായി. പക്ഷേ അവിടെ same cause of action-ൽ സമാനഗതിയിലുള്ള ഒരേ നിയമത്തിനുള്ള ഭേദഗതിക്ക് വ്യത്യസ്തമായ ഓർഡിനൻസുകൾ സംയോജിപ്പിച്ചിട്ടുണ്ട്. ഇവിടെ 7 ഓർഡിനൻസ് ഇറക്കിയിരിക്കുന്നു. ഏഴ് തീയതികളിൽ ഏഴ് ഭരണ വകുപ്പ് ഇറക്കിയിരിക്കുന്നു. വ്യത്യസ്ത ഭരണ വകുപ്പുകളിൽ വ്യത്യസ്ത മന്ത്രിമാർ കൈകാര്യം ചെയ്ത ഈ ഓർഡിനൻസുകൾ ഒരുമിച്ച് സംയോജിപ്പിച്ചത് കേരള ചരിത്രത്തിൽ ഉണ്ടായിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. മാത്യു റ്റി. തോമസ്, ഒന്നിലധികം ഓർഡിനൻസുകൾ ഒരുമിച്ച് നമ്മുടെ നിയമസഭയിലും വന്നിട്ടുണ്ട്.

ശ്രീ. മാത്യു. റ്റി. തോമസ്: ഒന്നിലധികം ഓർഡിനൻസുകൾ ഒരുമിച്ച് ഒറ്റ നിയമമായി, ഒറ്റ ബില്ലായി കൊണ്ടുവന്നത് കേരള നിയമസഭയുടെ ചരിത്രത്തിലില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഉണ്ട്. ഞാൻ പറയാം.

ശ്രീ. മാത്യു റ്റി. തോമസ്: ഉണ്ടെങ്കിൽ അത് കൃത്യമായി മന്ത്രി പറയട്ടെ.

ശ്രീ. എസ്. ശർമ്മ : 7 ഓർഡിനൻസുകൾ ഒരുമിച്ച് വന്നിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഏഴെണ്ണമില്ല, ഒന്നിലധികം വന്നിട്ടുണ്ട്.

ശ്രീ. മാത്യു റ്റി. തോമസ്: ഏതായാലും വ്യത്യസ്തമാണ്. കൃഷി വകുപ്പുമന്ത്രി കൈകാര്യം ചെയ്യുന്ന പ്ലാന്റേഷൻ, ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി കൈകാര്യം ചെയ്യുന്ന മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റിലെ നിയമം, പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രി കൈകാര്യം ചെയ്യുന്ന ടോൾ ആക്റ്റ്, രജിസ്ട്രേഷൻ വകുപ്പുമന്ത്രി കൈകാര്യം ചെയ്യുന്ന സ്റ്റാമ്പ് ആക്റ്റ് എല്ലാം കൂടി കറക്കായി പല ഓർഡിനൻസ് ഇറക്കി ഒരു ബില്ലായി കൊണ്ടുവരുന്നത് നിയമവിരുദ്ധമാണ്. Enabling provision ഇല്ല എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. എം. മാണി: 1999-ലെ Kerala Taxation Laws Amendment

ordinance ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. ഒന്നിലധികം ബില്ലുകളാണ്. 2000-ൽ Kerala Decentralization Powers Act ഉണ്ട്. 1999-ലെ Kerala Taxation Laws (Amendment) Ordinance ഉണ്ട്. അതുകൊണ്ട് ഇത് ക്ലബ് ചെയ്യുന്നതുകൊണ്ട് ഒരു നിയമവൈകല്യവും അതിനകത്തില്ല.

ഡോ. ടി. എം. തോമസ് ഐസക് : പറഞ്ഞത് മനസ്സിലായില്ല. അങ്ങനെ ലാഘവത്തിൽ എന്തെങ്കിലും പറഞ്ഞ് പോകാൻ ഒന്നും സാധിക്കില്ല. എന്താണ് ക്ലാരിഫിക്കേഷൻ എന്ന് മനസ്സിലാക്കിക്കോട്ടെ.

ശ്രീ. കെ. ശിവദാസൻ നായർ : Allied matters എന്നുപറഞ്ഞു കഴിഞ്ഞാൽ മാണി സാറിന് കേസ് ഉണ്ടോ എന്നുള്ളതല്ല. നിങ്ങൾ ആർഗ്യൂ ചെയ്ത കേസിനകത്ത് തന്നെ ശക്ധർ ആന്റ് കൗൾ പറഞ്ഞിരിക്കുന്നത് Allied matters ആണെങ്കിൽ ഓർഡിനൻസുകൾ ക്ലബ് ചെയ്യാം. ഇത് ടാക്സേഷൻ വർദ്ധിപ്പിക്കലാണ്. അത് പ്ലാന്റേഷൻ ആക്ട് ആണെങ്കിലും മോട്ടോർ വെഹിക്കിൾസ് ആക്ട് ആണെങ്കിലും സ്റ്റാമ്പ് ഡ്യൂട്ടിയാണെങ്കിലും allied matter ആണ്. എന്തു കൊണ്ടെന്നാൽ ഇത് ടാക്സേഷൻ വർദ്ധിപ്പിക്കലാണ്. അത് ബഡ്ജറ്റ് അവതരിപ്പിച്ച്, ഫിനാൻസ് ബിൽ അവതരിപ്പിച്ച് പാസ്സാക്കുന്നത് ഇതെല്ലാം കൂടിച്ചേർന്നാണ്. ആ allied matters-ന് സെപ്പറേറ്റ് ഓർഡിനൻസാണെങ്കിൽ സമാനസ്വഭാവമുള്ളതുകൊണ്ട് allied matter ആണ്. അത് ക്ലബ് ചെയ്യുന്നതിന് നിയമപരമായി ഒരു തടസ്സവുമില്ല. Precedence ഉണ്ട്. ശക്ധർ ആന്റ് കൗൾ അതിനനുകൂലമായിത്തന്നെ പറഞ്ഞിട്ടുണ്ട്.

ശ്രീ. മാത്യൂ. റ്റി. തോമസ്: സർ, Precedence ഉണ്ട് എന്നുപറഞ്ഞാൽ പറ്റില്ല. ഏതാണ് Precedence എന്നുപറയണം. വളരെ വ്യക്തമായി ഞാൻ ഉന്നയിച്ച വിഷയത്തിന് മറുപടി പറഞ്ഞിട്ടില്ല. ഒരു ബിൽ കൊണ്ടുവരുന്നതിനകത്ത് നേരത്തേയും വ്യത്യസ്ത മൂലനിയമങ്ങളിൽ ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. അങ്ങനെ ഓർഡിനൻസുകൾ കൊണ്ടുവന്നിട്ടുണ്ടാകും. പക്ഷേ വ്യത്യസ്ത ഭരണ വകുപ്പ് കൈകാര്യം ചെയ്യുന്ന, വ്യത്യസ്ത മന്ത്രിമാർ കൈകാര്യം ചെയ്യുന്ന, വ്യത്യസ്ത ഭരണ വകുപ്പുകളിൽ, വ്യത്യസ്ത തീയതികളിൽ, വ്യത്യസ്ത ഓർഡിനൻസുകളായി ഇറക്കിയിട്ട് ഒറ്റ ബില്ലായി കൊണ്ടുവരുന്നത് നിയമവിരുദ്ധമാണ്. അതിന് ഇവിടെ Precedence ഇല്ല എന്നാണ് പറഞ്ഞത്. ....(ബഹളം)......

മി. ഡെപ്യൂട്ടി സ്പീക്കർ: ഇവിടെ എല്ലാവരും സംസാരിച്ചുകഴിഞ്ഞു. പ്ലീസ്...

ഇതു സംബന്ധിച്ച് ചെയറിന്റെ റൂളിംഗ്....

<u>ശ്രീ. കെ. എം. മാണി</u>: സർ, 1999-ലെ Kerala Taxation Laws (Amendment) Ordinance, ഓർഡിനൻസ് ബില്ലായി കൊണ്ടുവന്നിട്ടുണ്ട്.

<u>ശ്രീ. എസ്. ശർമ്മ</u>: റൂൾ ചെയ്യുന്നതിനുമുമ്പ് ക്ലാരിഫൈ ചെയ്യേണ്ട ഒരു പോയിന്റാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ എക്സ്പ്ലെയിൻ ചെയ്തതനുസരിച്ച് Kerala Taxation Laws (Amendment) Ordinance കൊണ്ടുവന്നത് 1999-ലാണ് എന്ന് പറഞ്ഞു. വ്യത്യസ്ത ഡിപ്പാർട്ടുമെന്റുകളിൽ അഡ്മിനിസ്ട്രേറ്റീവ് ചുമതലയുള്ള വിവിധ വകുപ്പുകളെ amalgamate ചെയ്ത് ഒറ്റ ഓർഡിനൻസായി 1999-ലെ Kerala Taxation Laws (Amendment) Act-ൽ വന്നിട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. അങ്ങനെ ഒരു അമെന്റ്മെന്റ് ആക്റ്റ് വന്നിട്ടില്ല. അമെന്റ്മെന്റ് വന്നിട്ടുണ്ട്. ഇവിടെ 7 വകുപ്പുകളിൽ 7 ഓർഡിനൻസ് കൊണ്ടുവന്നല്ലോ; 7 ഓർഡിനൻസ് കൊണ്ടുവന്ന് ഒരു ബില്ലാക്കാൻ ശ്രമിക്കുമ്പോൾ ഒറ്റയ്ക്ക് ഒരു ഓർഡിനൻസ് 7 വകുപ്പിലും കൊണ്ടുവരാമായിരുന്നില്ലേ? ശ്രീ. കെ. ശിവദാസൻ നായർ പറഞ്ഞതനുസരിച്ച് allied ആയി കൊണ്ടുവരാമായിരുന്നില്ലേ; അങ്ങനെ കൊണ്ടുവന്നിട്ടില്ല. നിയമം അനുവദിക്കുന്നില്ല. അത് അനുവദിക്കാൻ പറ്റില്ല.

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : അലൈഡ് ആയിട്ടുള്ള അല്ലെങ്കിൽ സമാന സ്വഭാവമുള്ള വിഷയങ്ങളെ സംബന്ധിച്ച് വ്യത്യസ്ത ഓർഡിനൻസുകൾ സംയോജിപ്പിച്ച് കൊണ്ടുവരാമെന്ന് ശക്ധർ ആന്റ് കൗൾ തന്നെ പറഞ്ഞിരിക്കുന്നു. ഒറ്റ ഓർഡിനൻസായിട്ട് കൊണ്ടുവരാൻ പാടില്ലായിരുന്നോ എന്നല്ല ശക്ധർ ആന്റ് കൗൾ ചോദിച്ചത്. വ്യത്യസ്ത ഓർഡിനൻസുകൾ ഉണ്ടാവുകയും സമാന സ്വഭാവമുള്ളതാണെങ്കിൽ അവ സംയോജിപ്പിച്ച് ഒറ്റ ബില്ലായി കൊണ്ടുവരാം എന്നാണ് പറഞ്ഞിരിക്കുന്നത്. ഒറ്റ ഓർഡിനൻസായല്ല എന്നതല്ല, സമാന സ്വഭാവമുള്ളതാണോ എന്നുള്ളതായിരിക്കണം ക്രൈറ്റീരിയ. ഇത് ടാക്സേഷൻ വർദ്ധിപ്പിക്കൽ മാത്രമാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, ശ്രീ. കെ. ശിവദാസൻ നായർ പറഞ്ഞതുപോലെയാണെങ്കിൽ 629-ാമത്തെ ബുള്ളറ്റിൻ ഭേദഗതി ചെയ്ത് 635 എന്നൊരു ബുള്ളറ്റിൻ ഇറക്കിയത് എന്തിനാണ്; വ്യത്യാസം ഉള്ളതുകൊണ്ടല്ലേ; എന്തിന് രണ്ട് ബുള്ളറ്റിൻ ഇറക്കി; നിങ്ങൾ പറയുന്നത് ശരിയാണെങ്കിൽ 629-ൽ

ഉറച്ചുനിന്നാൽ പോരേ; ആദ്യം ഇറക്കിയ ബുള്ളറ്റിൻ നിയമാനുസൃതമല്ലാഞ്ഞിട്ടല്ലേ ഒന്ന് തിരുത്തി മറ്റൊരു ബുള്ളറ്റിൻ ഇറക്കിയത്. ഈ നിയമസഭയെന്താ വെള്ളരിക്കാപ്പട്ടണമാണോ?

ശ്രീ. രാജു എബ്രഹാം: ഈ സാഹചര്യത്തിൽ ബിൽ അവതരിപ്പിക്കുന്നത് മാറ്റി വയ്ക്കാൻ റൂളിംഗ് കൊടുക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, അനാവശ്യമായ വിവാദമുണ്ടാക്കുകയാണിവിടെ. ....(ബഹളം)....

ശ്രീ. മാത്യു റ്റി. തോമസ്: അനാവശ്യം എന്നു പറയരുത്.

<u>ശ്രീ. കെ. സി. ജോസഫ് :</u> ഞാൻ പറഞ്ഞ് പൂർത്തീകരിക്കട്ടെ. I am on my legs I have got right to speak; വാക്ക് പിൻവലിക്കണമെന്നൊന്നും പറയാൻ സാധിക്കില്ല. you can't intervene now. ഈ സഭയിലെ ഫിനാൻസ് ബില്ലെല്ലാം ചർച്ച ചെയ്യുന്നത് വ്യത്യസ്തമായ നിയമങ്ങളുടെ അടിസ്ഥാനത്തിലാണ്. ഫിനാൻസ് ബിൽ ഒരു നിയമമാണെങ്കിലും അതിൽ പരാമർശിക്കുന്നത് വ്യത്യസ്തമായ നിയമങ്ങളുടെ ടാക്സേഷനാണ്. അതിന്റെ ആവർത്തനം മാത്രമാണ്. പുതിയതായി ഒരു കാര്യവുമില്ല. കേരള ഫിനാൻസ് ബില്ലിൽ വ്യത്യസ്തമായ നിയമങ്ങളിലെ ടാക്സേഷൻസ് അമെന്റ് ചെയ്യാൻ അവകാശമുണ്ടെങ്കിൽ അതുപോലെതന്നെ അവകാശം ഈ ആക്ടിലുമുണ്ട്. ഇല്ലാത്ത വിഷയം ഉണ്ടാക്കാൻ ശ്രമിക്കുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ഇതിനെ സംബന്ധിച്ച് ഇനി ചർച്ചയ്ക്ക് പോകരുത് പ്ലീസ്.

## റൂളിംഗ്

<u>മി. ഡെപ്യൂട്ടി സ്പീക്കർ :</u> 2014-ലെ 21, 22, 23, 24, 26, 29, 30 എന്നീ നമ്പരുകളിലായി 7 ഓർഡിനൻസുകൾ 7 വ്യത്യസ്ത നിയമങ്ങൾ ഭേദഗതി വരുത്തുന്നതിന് വ്യത്യസ്ത തീയതികളിൽ പുറപ്പെടുവിച്ചിട്ട് മേൽപ്പടി ഓർഡിനൻസുകൾക്ക് പകരമായി 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ എന്ന പേരിൽ ഒരു ബിൽ സഭയിൽ അവതരിപ്പിക്കുന്നത് ഭരണഘടനയിലോ നിയമസഭാ നടപടികളിലോ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതും പാർലമെന്ററി കീഴ്‌വഴക്കങ്ങളുടെ ലംഘനവുമാണ് എന്നാണ് ശ്രീ. മാത്യു റ്റി. തോമസ് ഉന്നയിച്ചിട്ടുള്ള ക്രമപ്രശ്നം. ഇന്ന് അവതരിപ്പിച്ചിട്ടുള്ള ബില്ലിലൂടെ ഖജനാവിലെ വരുമാനം വൻതോതിൽ വർദ്ധിക്കുമെന്നതിനാൽ, വാർഷിക ധനകാര്യ പത്രികയിൽ മാറ്റം ഉണ്ടായിട്ടുള്ളതിനാൽ ബഡ്ജറ്റ് അവതരിപ്പിച്ചശേഷം നടത്തുന്ന ചർച്ച പോലെ ഒരു ചർച്ച നടത്തിയശേഷം മാത്രമേ ഈ ഭേദഗതി ബില്ലുകൾ അവതരിപ്പിക്കാവൂ എന്നാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ചിരിക്കുന്ന ക്രമപ്രശ്നം. ശ്രീ. എ. കെ. ബാലൻ ഉന്നയിച്ചിട്ടുള്ള ക്രമപ്രശ്നം ഈ ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധിമൂലമാണ് ഈ ബിൽ അവതരിപ്പിക്കുന്നതെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ടെന്നും എന്നാൽ സഭയിൽ ഒരു ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ സാമ്പത്തിക പ്രതിസന്ധിയില്ലെന്നാണ് പറഞ്ഞിട്ടുള്ളതെന്നും ഇതിൽ

ഏതാണ് ശരിയെന്ന് വ്യക്തമാക്കണമെന്നുമാണ് ആവശ്യപ്പെട്ടത്.

ചെയർ ഇക്കാര്യങ്ങൾ പരിശോധിച്ചു. 2014-ലെ കേരള മൂല്യവർദ്ധിത നികുതി (ഭേദഗതി) ഓർഡിനൻസ്, 2014-ലെ കേരള ഭൂനികുതി (ഭേദഗതി) ഓർഡിനൻസ്, 2014-ലെ കേരള തോട്ടം ഭൂമി നികുതി (ഭേദഗതി) ഓർഡിനൻസ്, 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ്, 2014-ലെ കേരള ടോൾ (ഭേദഗതി) ഓർഡിനൻസ്, 2014-ലെ കേരള മുദ്രപ്പത്ര (ഭേദഗതി) ഓർഡിനൻസ്, 2014-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ (ഭേദഗതി) ഓർഡിനൻസ് എന്നീ ഓർഡിനൻസുകൾ റീപ്ലേയ്സ് ചെയ്യുന്നതിനായിട്ടാണ് 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നത്. ഇക്കാര്യം സംബന്ധിച്ച് ശക്ധർ ആന്റ് കൗൾ പറയുന്നത് ഇപ്രകാരമാണ് "If two or more Ordinances relating to allied matters are intended to be replaced, a single bill can be introduced." ലോക്സഭയിൽ തന്നെ The Companies (Temporary Restrictions on dividends) Ordinance 1974, The Companies (Temporary Restrictions on Dividends) Amendment Ordinance 1974 എന്നിവ The Companies (Temporary Restrictions on Dividends) Bill 1974 എന്ന പേരിലും The Maintenance of Internal Security (Amendment) Ordinance 1975, The Maintenance of Internal Security (Second Amendment) Ordinance 1975 എന്നിവ The Maintenance of Internal Security (Amendment) Bill 1975 എന്ന പേരിലും അവതരിപ്പിച്ച് പാസ്സാക്കിയിട്ടുണ്ട്. ഈ സഭയിൽ തന്നെ 2013-ലെ മഹാത്മാഗാന്ധി സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (2013-ലെ 47-ാം നമ്പർ), 2013-ലെ കോഴിക്കോട് സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (2013-ലെ 48-ാം നമ്പർ), 2013-ലെ സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് (2013-ലെ 49-ാം നമ്പർ) എന്നിവ 2013-ലെ സർവ്വകലാശാല നിയമങ്ങൾ (മൂന്നാം ഭേദഗതി) ബിൽ (ബിൽ നമ്പർ 258) ആയി പ്രസിദ്ധീകരിച്ചിരുന്നു. ഇതിൽ നിന്നും രണ്ടോ അതിലധികമോ ഓർഡിനൻസുകൾ ഒരേ ഉദ്ദേശത്തോട്ടുകൂടിയതാണെങ്കിൽ അതിനായി ഒരു ബിൽ കൊണ്ടുവരാം എന്ന് കാണുന്നു. 1976 മാർച്ച് 19-ാം തീയതി ബഡ്ജറ്റ് അവതരിപ്പിച്ചശേഷം ജൂൺ-

ജൂലൈ മാസങ്ങളിലായി കേരള ടാക്സ് ഓൺ ലക്ഷ്വറീസ് ഇൻ ഹോട്ടൽസ് ആന്റ് ലോഡ്ജിംഗ് ഹൗസസ് ഓർഡിനൻസ് 1976, കേരള സർചാർജ് ഓൺ ടാക്സസ് (ഭേദഗതി) ഓർഡിനൻസ് 1976, കേരള അഗ്രികൾച്ചറൽ ഇൻകം ടാക്സ് (രണ്ടാം ഭേദഗതി) ഓർഡിനൻസ് 1976, കേരള പൊതുവിൽപന നികുതി (മൂന്നാം ഭേദഗതി) ഓർഡിനൻസ് 1976 എന്നിവ പുറപ്പെടുവിച്ച് അധിക നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇപ്പോൾ ആവശ്യപ്പെട്ട പോലുള്ള ഒരു പൊതുചർച്ച അന്ന് നടത്തിയതായി കാണുന്നില്ല. അതുമാത്രമല്ല സംസ്ഥാനത്തിന്റെ അധിക വിഭവ സമാഹരണത്തിനായുള്ള നിയമ ഭേദഗതികളാണ് ഈ ബില്ലിൽ വന്നിട്ടുള്ളത്. അത് അവതരിപ്പിക്കുന്നതിന് മുമ്പായി അതുപ്രകാരം സർക്കാരിന് ലഭിക്കുന്ന വരുമാനം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് നിയമസഭ മുമ്പാകെ വയ്ക്കണമെന്ന് ഭരണഘടന അനുശാസിക്കുന്നതുമില്ല. ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ കേരള സർക്കാർ അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായിട്ടാണ് കേരള മുദ്രപ്പത്ര ആക്ടിൽ ഭേദഗതി വരുത്തുവാൻ തീരുമാനിച്ചതെന്ന് പരാമർശിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഇത് സംബന്ധിച്ച് നൽകിയ വിശദീകരണം തൃപ്തികരമാണ്. 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഓർഡിനൻസുകളെല്ലാം നികുതി ചുമത്തൽ സംബന്ധിച്ചവ ആകയാൽ അത് ഒരു ബില്ലായി കൊണ്ടു വരുന്നതിൽ അപാകതയില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ ഇതുസംബന്ധിച്ച വിശദീകരണത്തിന്റെയും മേൽപ്പറഞ്ഞ കാര്യങ്ങളുടെയും അടിസ്ഥാനത്തിൽ ശ്രീ. മാത്യു റ്റി. തോമസ്, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. എ. കെ. ബാലൻ എന്നിവർ ഉന്നയിച്ച ക്രമപ്രശ്നം നിരാകരിക്കുന്നു. ബിൽ അവതരിപ്പിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് അനുമതി നൽകുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്യാൻ പാടില്ല. ഇവിടെ ഉന്നയിച്ച ക്രമപ്രശ്നങ്ങളെല്ലാം വളരെ വ്യക്തമായി കേട്ടു. അവിടെനിന്ന്

പറഞ്ഞത് മുഴുവൻ കേട്ടു. ചെയർ അതുസംബന്ധിച്ച് റൂളിംഗ് തന്നു.

ശ്രീ. മാത്യു റ്റി. തോമസ്: സർ, നിയമസഭാ നടപടിക്രമം ചട്ടം 71, ഇങ്ങനെ ഒരു തർക്കമുണ്ടായാൽ without further debate,(.....ബഹളം .....)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബില്ലിന് അവതരണാനുമതി കൊടുക്കുന്നതിനെ എതിർക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ്: സർ, അവർ റൂളിംഗ് നേരത്തെ തന്നെ ചോദിക്കണമായിരുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. സി. പി. മുഹമ്മദ്, അത് ചെയർ ചോദിച്ചുകൊള്ളാം. റൂളിംഗ് വരുന്നതിന് മുൻപ് പോൾ ചോദിച്ചിരുന്നുവെങ്കിൽ അനുവദിക്കുമായിരുന്നു. റൂളിംഗിന് ശേഷമാണ് പോൾ ചോദിച്ചിരിക്കുന്നത്. അത് അനുവദിക്കാൻ സാധ്യമല്ല. (.... ബഹളം.....)

മി. ഡെപ്യൂട്ടി സ്പീക്കർ: ചെയറിന്റെ റൂളിംഗിനെ സംബന്ധിച്ച് പോൾ ചോദിച്ചാൽ അനുവദിക്കാൻ സാധ്യമല്ല. ചെയറിന്റെ റൂളിംഗിനെ സംബന്ധിച്ച് പോൾ ആവശ്യപ്പെടാൻ പാടില്ല. ....... (ബഹളം....)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: റൂളിംഗ് സംബന്ധിച്ചല്ല പോൾ ചോദിക്കുന്നത്. ബില്ലിന്റെ അവതരണാനുമതിക്കെതിരായാണ് പോൾ ആവശ്യപ്പെടുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: റൂളിംഗിനു ശേഷം പോൾ ആവശ്യപ്പെടാൻ പാടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അങ്ങയുടെ റൂളിംഗിനെക്കുറിച്ച് ഞങ്ങൾക്ക് അറിയില്ലല്ലോ. ബഹുമാനപ്പെട്ട സ്പീക്കർ ചെയ്യുന്നത് ചട്ടവിരുദ്ധമാണ്. അങ്ങനെയാണെങ്കിൽ ചട്ടം 71 അനുസരിച്ച് സസ്പെന്റ് ചെയ്യണം. അതിന് സ്പീക്കർക്ക് അധികാരമുണ്ട്. എന്നിട്ട് പോൾ ചോദിക്കാനുള്ള അവകാശം

ഇല്ലാതാക്കണം. (...... ബഹളം....)

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, സ്പീക്കറുടെ റൂളിംഗിനെതിരെ പോൾ ചോദിക്കാൻ പാടില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ഞങ്ങൾ പോൾ ആവശ്യപ്പെടുന്നത് സ്പീക്കറുടെ റൂളിംഗിന് എതിരെയല്ല. ധനകാര്യ വകുപ്പുമന്ത്രിയ്ക്ക് ബില്ലിന് അവതരണാനുമതി ഉണ്ടോ എന്നതിനെ സംബന്ധിച്ചാണ് പോൾ ആവശ്യപ്പെടുന്നത്. (..... ബഹളം .......)

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം. മാണി</u>): സർ, റൂൾ 71-ൽ പോൾ ചെയ്യാനുള്ള പ്രൊവിഷനില്ല.

1.00 PM]

<u>ശ്രീ. വി. ഡി. സതീശൻ</u>: Sir, I may be permitted. ഇവിടെ റൂൾ 303 ഉപയോഗിച്ചുകൊണ്ടാണ് ലീഗൽ ഒബ്ജക്ഷൻസ് കൊണ്ടുവരുന്നത്. അത് വളരെ വ്യക്തമാണ്, റൂൾ 303-ൽ ബഹുമാനപ്പെട്ട സ്പീക്കർ ഒരു ഫൈനൽ ഡിസിഷൻ കൊടുത്താൽ പിന്നെ പോൾ ചോദിക്കാൻ കഴിയുമോ എന്നുള്ളതാണ് ചോദ്യം. റൂൾ 303 സബ് സെക്ഷൻ (3)-ൽ കൃത്യമായി പറഞ്ഞിരിക്കുന്നത്, "Subject to the conditions referred to in sub-rules (1) & (2), a member may formulate a point of order and the Speaker shall decide whether the point raised is a point of order and if so give his decision thereon, which shall be final" എന്നാണ്. Speaker's decision is final. റൂൾ 303-ൽ എവിടെയാണ് പോൾ ചോദിക്കുന്നത്? .....(ബഹളം)......

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗ് അന്തിമമാണ്. അത് ഞങ്ങൾ ചോദ്യം ചെയ്യുന്നില്ല. ഇവിടെ പ്രശ്നം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയ്ക്ക് അവതരണാനുമതി കൊടുക്കണമോ, വേണ്ടയോ? ഈ

പ്രശ്നത്തെ സംബന്ധിച്ചുള്ള പ്രമേയത്തിന് ഞങ്ങൾ പോൾ ചോദിക്കുകയാണ്. അതാണ് ഇവിടത്തെ പ്രശ്നം. അവതരണാനുമതിയുടെ ഘട്ടത്തിൽത്തന്നെ ഞങ്ങൾ പോൾ ചോദിക്കുകയാണ്. അതിന് ഞങ്ങൾക്ക് അവകാശമില്ലേ?

ശ്രീ. എ. കെ. ബാലൻ: സർ, അവതാരണാനുമതിയുടെ ഘട്ടത്തിൽ ഞങ്ങൾക്ക് പോൾ ചോദിച്ചുകൂടെ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, റൂൾ 71 അനുസരിച്ച് "If motion for leave to introduce a Bill is opposed, the Speaker after permitting, if he thinks fit, a brief explanatory statement from the member who moves and from the member who opposes the motion, may, without further debate, put the question:” അങ്ങനെ ഡിബേറ്റിന്റെ കാര്യമില്ല. Speaker can put the question എന്നാണ് പറയുന്നത്. അതിനകത്ത് പോൾ ഇല്ല. .....(ബഹളം)......

(പ്രമേയം വോട്ടിനിടണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ബഹളം വച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. ഡെപ്യൂട്ടി സ്പീക്കർ: ചെയർ പറയട്ടെ. ചെയർ പറയുന്നത് കേൾക്കേണ്ടേ ശ്രീ. രാജേഷ്? നിങ്ങൾ പറയുന്നത് റൂൾ 71 ആണ്. ചെയർ പറയുന്നത് ശ്രദ്ധിക്കുമോ? .....(ബഹളം)...... ചെയർ ഒന്നു പറയട്ടെ. ചെയർ പറയുന്നത് ഒന്നു കേൾക്കുമോ? ശ്രീമതി കെ. കെ. ലതിക പ്ലീസ്. വോട്ടിനിടാൻ റൂൾ 71-ൽ പറയുന്നത് പ്രൈവറ്റ് മെമ്പേഴ്സ് ബില്ലിന്റെ കാര്യമാണ്. ഇതിന് പ്രമേയമില്ല. ഇത് ഗവൺമെന്റ് ഭാഗത്തുനിന്നുള്ള ബില്ലാണ്. ഗവൺമെൻറ് ഭാഗത്ത്നിന്നുള്ള ബില്ലിന് പ്രമേയം ഇല്ല. പ്രമേയത്തിനാണ് വോട്ടിനിടാൻ പറയുന്നത്. ഈ ബില്ലിന് പ്രമേയമില്ല, പിന്നെ എങ്ങനെയാണ് വോട്ടിനിടുന്നത്? റൂൾ 71 വ്യക്തമായി വായിച്ചു നോക്കൂ. ചെയർ പറയുന്നത് കേൾക്കണം. ശ്രീ. വി. ശിവൻകുട്ടി..... പറയുന്നത് ശ്രദ്ധിച്ച് കേൾക്കൂ. റൂൾ 71-ൽ പറയുന്നത് പ്രമേയത്തിന്മേലാണ് വോട്ട് ചോദിക്കുന്നത്. ഈ ബില്ലിൽ പ്രമേയം ഇല്ല. ഇത് ഗവൺമെന്റ് ഭാഗത്തുനിന്നുള്ള ഔദ്യോഗിക ബില്ലാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു കാര്യം വ്യക്തമായി മനസ്സിലാക്കണം, തെറ്റിദ്ധാരണയൊന്നും വേണ്ട. വോട്ടിനിടാൻ റൂൾ 71-ൽ പറഞ്ഞിരിക്കുന്നത് പ്രമേയമാണ്. സഭയുടെ മുൻപിൽ പ്രമേയം ഇല്ല. ഇല്ലാത്ത

പ്രമേയത്തിന് എങ്ങനെയാണ് വോട്ടിംഗ് അനുവദിക്കുക? ബഹുമാനപ്പെട്ട അംഗങ്ങൾ ഒരു കാര്യം ശ്രദ്ധിക്കണം. റൂൾ ക്വാട്ട് ചെയ്യണമെങ്കിൽ സീറ്റിൽ പോയിരുന്നു പറയണം. ശ്രീ. മാത്യൂ റ്റി. തോമസ്, അങ്ങ് കാര്യങ്ങൾ അറിയാവുന്ന ഒരു മെമ്പർ ആണ്. ഇപ്പോൾ സബ്ജക്ട് കമ്മറ്റിക്ക് അയയ്ക്കാനുള്ളത് മാത്രമേ ഉള്ളൂ, ഇതിൽ പ്രമേയം ഇല്ല. മറിച്ച് സബ്ജക്ട് കമ്മറ്റി റിപ്പോർട്ട് ചെയ്തിട്ട്, ബിൽ പാസ്സാക്കാനായി സഭയുടെ മുൻപിൽ വരുമ്പോഴാണ് പ്രമേയം ഉള്ളത്. റൂളിംഗ് കഴിഞ്ഞ വിഷയത്തെ സംബന്ധിച്ച് വോട്ടിനിടാൻ സാധിക്കില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, ഭരണകക്ഷിയ്ക്ക് വോട്ടിംഗിന് ആളുകൾ വരാൻ വേണ്ടി ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ഇതുപോലുള്ള നടപടി സ്വീകരിച്ചതിൽ ശക്തിയായി പ്രതിക്ഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നടപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോയി.)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ശ്രീ. വി. ഡി. സതീശൻ ഒരു ക്രമപ്രശ്നം പറഞ്ഞിരുന്നു. അത് ഉന്നയിക്കുന്നതിന് അദ്ദേഹത്തിന് അവസരം കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ തിരികെ ഹാജരായി.)

ശ്രീ. വി. ഡി. സതീശൻ: സർ, ഈ ബഹളത്തിനിടയിലാണ് അത് അവതരിപ്പിച്ചത്.

(ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ റൂളിംഗിനെ സംബന്ധിച്ച് ചർച്ച പാടില്ലെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ പ്രതിപക്ഷനിരയുടെ മുന്നിൽ വന്ന് ബഹളം വച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ റൂളിംഗിനെക്കുറിച്ച് ചർച്ച പാടില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇത് ചർച്ചയല്ല, പോയിന്റ് ഓഫ് ഓർഡറാണ്. ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചിരുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, ഡെപ്യൂട്ടി

സ്പീക്കറുടെ റൂളിംഗിനെ സംബന്ധിച്ച് ഒരു ചർച്ചയുമില്ല, അങ്ങനെ ചർച്ച അനുവദിക്കുകയുമില്ല. ഇവിടെ ശ്രീ വി. ഡി. സതീശൻ ഒരു പോയിന്റ് ഓഫ് ഓർഡറാണ് ഉന്നയിച്ചിരിക്കുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സഭാ നേതാവിന് ബഹുമാനപ്പെട്ട സ്പീക്കറിൽ വിശ്വാസമില്ല. .....(ബഹളം)..... അതുകൊണ്ടാണ് ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിനെ ചോദ്യം ചെയ്യാൻ ശ്രീ. വി. ഡി. സതീശന് മുഖ്യമന്ത്രി അവസരം കൊടുക്കുന്നത്. ഇത് അംഗീകരിക്കാൻ കഴിയില്ല. ഇത് സഭയല്ലേ, ഇതിനൊക്കെ ഒരു ചട്ടമില്ലേ? ചട്ടലംഘനം സഭയ്ക്കകത്ത് വേണ്ട.

ശ്രീ. എ. കെ. ബാലൻ: സർ, ആ ഇഷ്യു കഴിഞ്ഞില്ലേ? പിന്നെ എന്തിനാണ് അതിനുവേണ്ടി പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത്? അങ്ങനെ പോയിന്റ് ഓഫ് ഓർഡർ അനുവദിക്കുന്നത് തെറ്റായ കീഴ്‌വഴക്കമാണെന്ന് ഡെപ്യൂട്ടി സ്പീക്കർക്ക് അറിയില്ലേ?

റൂളിംഗിനെ സംബന്ധിച്ച് ചർച്ചയില്ല. ആ ചർച്ച അനുവദിക്കില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, അങ്ങേക്ക് 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ അവതരിപ്പിക്കാവുന്നതാണ്. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമ നിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസുകൾ പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം.

മാണി) : സർ, 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുമായും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുമായും ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. എം. മാണി: സർ, 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ എട്ട് നിയമങ്ങൾ ഭേദഗതി ചെയ്യുന്ന ബില്ലാണ്. ബില്ലിലെ 2-ാം വകുപ്പിൽ 1959-ലെ കേരള മുദ്രപ്പത്ര ആക്ടിലെ ഭേദഗതികളാണ് വന്നിട്ടുള്ളത്. മൂലനിയമത്തിലെ 28 എ വകുപ്പനുസരിച്ച് ആർ.ഡി.ഒ.-യ്ക്ക് ഭൂമിയുടെ ന്യായവില നിർണ്ണയിക്കാനുള്ള അധികാരമുണ്ട്. 28 എ (1 എ) വകുപ്പുപ്രകാരം 5 വർഷം കൂടുമ്പോൾ ആർ.ഡി.ഒ.-യ്ക്ക് ഭൂമിയുടെ ന്യായവില പുനർനിർണ്ണയം ചെയ്യുന്നതിന് അധികാരം നൽകുന്നു. അപ്രകാരം ന്യായവില നിർണ്ണയിക്കുന്നതിൽ തർക്കമുള്ള പക്ഷം 28 എ (4) വകുപ്പനുസരിച്ച് കളക്ടർക്ക് അപ്പീൽ അധികാരം നൽകുന്നു. അതുപോലെ 28 എ (1 ബി) വകുപ്പനുസരിച്ച് ഭൂമിയുടെ ന്യായവിലയിൽ കാലാകാലങ്ങളിൽ ഒരു നിശ്ചിത ശതമാനം വർദ്ധിപ്പിക്കാനുള്ള അധികാരം സർക്കാരിന് നൽകുന്നു. അതനുസരിച്ച് ന്യായവില വർദ്ധിപ്പിച്ചപ്പോൾ ചില കേസ്സുകളിൽ കളക്ടർ അപ്പീൽ നൽകി തീർപ്പ് കൽപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ച ദിവസം കണക്കാക്കി ന്യായവില നിശ്ചയിക്കുകയുണ്ടായി. ഇതുപോലുള്ള ഉത്തരവുകൾ, 28 എ (1 ബി) പ്രകാരം വർദ്ധിപ്പിച്ച ന്യായവില വളരെ കൂടിവരുമെന്ന ആക്ഷേപം ഉയർന്നു. ഇത്തരം കേസ്സുകൾ വീണ്ടും പരിശോധിക്കുന്നതിന് 28 എ (5) എന്ന പുതിയ വകുപ്പ് നിയമത്തിൽ കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു. നിലവിൽ അണ്ടർ വാല്യുവേഷൻ കേസ്സുകൾ പരിശോധിക്കാൻ കളക്ടർക്ക് 2 വർഷമാണ് സമയപരിധി നൽകിയിരിക്കുന്നത്. അത് അപര്യാപ്തമായതിനാൽ 5 വർഷമായി വർദ്ധിപ്പിക്കുന്നതിന് 45 ബി (3)-ൽ ആവശ്യമായ ഭേദഗതി കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബാംഗങ്ങൾ

തമ്മിലുണ്ടാക്കുന്ന ഭാഗപത്രം, ഇഷ്ടദാനം, ഒഴിമുറി, ധനനിശ്ചയം എന്നീ കരണങ്ങൾക്ക് മുദ്ര വില ഒരു ശതമാനം നിരക്കിൽ പരമാവധി 1,000 രൂപയായി നിജപ്പെടുത്തിയിരുന്നു. ഈ ഉയർന്ന പരിധി എടുത്ത് കളയാൻ തീരുമാനിച്ചു.

ബില്ലിലെ 3-ാം വകുപ്പ് 1960-ലെ കേരള തോട്ടം ഭൂമി നികുതി ആക്ടിലുള്ള ഭേദഗതിയാണ്. 2 ഹെക്ടറിൽ കൂടുതൽ തോട്ട ഭൂമിയുള്ളവരിൽനിന്നും ഉയർന്ന നിരക്കിൽ നികുതി ഈടാക്കാൻ ഉദ്ദേശിക്കുന്നു. അതിലേക്കുള്ള ഭേദഗതിയാണ് 3-ാം വകുപ്പിലുള്ളത്.

ബില്ലിലെ 4-ാം വകുപ്പ് 1960-ലെ കേരള ഭൂ നികുതി ആക്ടിലുള്ള ഭേദഗതികളാണ്. നിലവിൽ പഞ്ചായത്ത് പ്രദേശങ്ങളിൽ 20 സെന്റ് ഭൂമി മാത്രമുള്ളവർക്കും മുനിസിപ്പൽ കൗൺസിൽ പ്രദേശങ്ങളിൽ ആറുസെന്റുവരെ ഭൂമിയുള്ളവർക്കും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ മൂന്നുസെന്റുവരെ ഭൂമിയുള്ളവർക്കും കുറഞ്ഞ നിരക്കിലാണ് ഭൂനികുതി ചുമത്തുന്നത്. അവർക്ക് കൂടുതൽ അധിക നികുതി ചുമത്താതെ ഓരോ ആർ ഭൂമിക്കും പഞ്ചായത്ത് പ്രദേശങ്ങളിൽ അഞ്ചുരൂപ നിരക്കിലും മുനിസിപ്പൽ കൗൺസിൽ പ്രദേശങ്ങളിൽ പത്തുരൂപ നിരക്കിലും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ 20 രൂപ നിരക്കിലും വർദ്ധിപ്പിക്കാൻ തീരുമാനിച്ചു.

ബില്ലിലെ 5-ാം വകുപ്പ് 1963-ലെ കേരള പൊതുവിൽപ്പന നികുതി നിയമം ഭേദഗതി ചെയ്യുന്നതിനാണ്. നിലവിലെ മദ്യത്തിന്റെ നികുതി നിരക്ക് 20 ശതമാനം വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

ബില്ലിലെ 6-ാം വകുപ്പ് 1976-ലെ കേരള മോട്ടോർ വാഹന നികുതി ചുമത്തൽ ആക്ടിലുള്ള ഭേദഗതിയാണ്. 15 ലക്ഷം രൂപയ്ക്ക് മുകളിൽ വിലയുള്ള പുതിയ മോട്ടോർ കാറുകൾക്കും സ്വകാര്യ ആവശ്യത്തിനുപയോഗിക്കുന്ന പ്രൈവറ്റ് സർവ്വീസ് വാഹനങ്ങൾക്കും മോട്ടോർ ക്യാബുകൾക്കും ടൂറിസ്റ്റ് മോട്ടോർ ക്യാബുകൾക്കും വാഹനവിലയുടെ 20 ശതമാനമെന്ന നിരക്കിൽ നികുതി വർദ്ധിപ്പിക്കുന്നതിനും അഞ്ചുവർഷത്തിൽ കൂടുതൽ നികുതി കുടിശ്ശിക വരുത്തുന്ന വാഹനങ്ങൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ വ്യവസ്ഥ കൊണ്ടുവരുന്നതിനുമാണ് ഭേദഗതി.

ബില്ലിലെ 7-ാം വകുപ്പ് 1976-ലെ കേരള ടോൾ ആക്ടിന്റെ ഭേദഗതിയാണ്. നിലവിൽ അപ്രോച്ച് റോഡും പാലവും ഉൾപ്പെടെ ഒരു കോടി രൂപ ചെലവ് വരുന്ന പാലങ്ങൾക്ക് ടോൾ പിരിക്കാം. ഇത് 10 കോടി രൂപയായി ഉയർത്തുന്നു.

ബില്ലിലെ 8-ാം വകുപ്പ് 2003-ലെ കേരള മൂല്യവർദ്ധിത നികുതി

നിയമത്തിലെ ഭേദഗതികളാണ്. സിഗററ്റിന്റെ നികുതി 22 ശതമാനത്തിൽനിന്നും 30 ശതമാനം ആയി ഉയർത്തുവാനും നിലവിലെ കരാർ തുകയുടെ കോമ്പൗണ്ടിംഗ് നികുതി ആറുശതമാനത്തിൽനിന്ന് ഏഴുശതമാനമായി വർദ്ധിപ്പിക്കാനും നാലു ശതമാനത്തിൽ നിന്ന് അഞ്ചുശതമാനമായി വർദ്ധിപ്പിക്കാനും മൂന്നുശതമാനത്തിൽ നിന്ന് നാലു ശതമാനമായി വർദ്ധിപ്പിക്കാനും ഉദ്ദേശിക്കുന്നു.

ബില്ലിലെ 9-ാം വകുപ്പ് 2008-ലെ കേരള ധനകാര്യ ആക്ടിന്റെ ഭേദഗതികളാണ്. ആദായ നികുതിദായകരല്ലാത്ത സർക്കാർ ആശുപത്രിയിലെ രോഗികൾക്ക് ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്നതിനുള്ള സർക്കാരിന്റെ പ്രതിബദ്ധത നിറവേറ്റുന്നതിനായി ഒരു ശതമാനം നിരക്കിൽ മദ്യത്തിന് സെസ് ഏർപ്പെടുത്താനും അടച്ചുപൂട്ടുന്ന ബാർ ഹോട്ടലുകളിലെ തൊഴിലാളികളുടെ പുനരധിവാസത്തിനുള്ള സർക്കാരിന്റെ പ്രതിബദ്ധത നിറവേറ്റാൻ മദ്യത്തിന് അഞ്ചുശതമാനം സെസ് ഏർപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നു. ഇതാണ് ഇതിന്റെ സാരാംശം.

Smt. P. Aisha Potty: Sir, I move that-

"This House resolves to disapprove The Kerala Value Added Tax (Amendment) Ordinance, 2014 (Ordinance No. 21 of 2014)" .

മി. ഡെപ്യൂട്ടി സ്പീക്കർ: ചെയർ ഒരു കാര്യം ശ്രദ്ധയിൽകൊണ്ടുവരികയാണ്. ഇന്ന് രണ്ട് ബില്ലുകളുണ്ട്. ഈ ബില്ലിന് 16 മെമ്പർമാർ സംസാരിക്കാനുണ്ട്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഞാൻ പറയാനുള്ളത് മാത്രമേ പറയുകയുള്ളൂ. .....(ബഹളം).... സർക്കാരിന്റെ പിടിപ്പുകേടും ശരിയായ ആസൂത്രണവും നടപടികളും സ്വീകരിക്കാതിരിക്കുകയും ചെയ്തിട്ടാണ്......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ...... ഇതുസംബന്ധിച്ച് പുതിയ ഓർഡിനൻസ് പുറപ്പെടുവിക്കാൻ ഈ ബില്ലിന്റെ സാഹചര്യങ്ങൾ വിശദീകരിച്ചുകൊണ്ട് ചട്ടം 75 (1) പ്രകാരം ബഹുമാനപ്പെട്ട മന്ത്രി ഒരു പ്രസ്താവന നടത്തണം. ആ പ്രസ്താവന ഞങ്ങൾക്ക് കിട്ടിയത് മോട്ടോർ വാഹന നികുതി ചുമത്തൽ ഭേദഗതി ഓർഡിനൻസ് സംബന്ധിച്ച് മാത്രമാണ്. ബാക്കി ഒരു ഓർഡിനൻസിനെ സംബന്ധിച്ചും ഒരു വിശദീകരണവും കിട്ടിയിട്ടില്ല. അപ്പോൾ എങ്ങനെയാണ് മെമ്പർമാർക്ക് സംസാരിക്കാൻ കഴിയുന്നത്? ......(ബഹളം).........

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, അത്

ഏഴെണ്ണമുണ്ട്. അത് നൽകിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അതിൽ ഒരെണ്ണമേ എനിക്ക് കിട്ടിയിട്ടുള്ളൂ.

മി. ഡെപ്യൂട്ടി സ്പീക്കർ: ബാക്കിയുള്ളത് കൊടുത്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ആ ഒന്നിനെപ്പറ്റിയല്ലേ ഇപ്പോൾ സംസാരിക്കാൻ പറ്റുകയുള്ളൂ. തന്നതിനുശേഷം ചർച്ച തുടങ്ങിയാൽ പോരേ?

മി. ഡെപ്യൂട്ടി സ്പീക്കർ: അത് കൊണ്ടുവരുന്നുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അത് വരട്ടെ, ഓരോന്നോരോന്നായി വരട്ടെ. ചട്ടപ്രകാരമല്ലേ നിങ്ങൾ പോകുന്നത്. അപ്പോൾ ചട്ടപ്രകാരംതന്നെ നടക്കട്ടെ. ഏഴെണ്ണവും കിട്ടിയതിനുശേഷം ചർച്ച നടത്തിയാൽ മതി. ......(ബഹളം).........

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി പി. അയിഷാ പോറ്റി, പ്ലീസ്...

ശ്രീമതി പി. അയിഷാ പോറ്റി: സർ, ബാക്കിയുള്ളതുകൂടി കിട്ടിയിട്ട് സംസാരിക്കാം. ...(ബഹളം)..... ഇപ്പോൾ കിട്ടിയതുകൊണ്ട് വായിക്കാനുള്ള സമയം കിട്ടിയിട്ടില്ല. ......(ബഹളം).........

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്..... വെറുതേ അവരെ പ്രൊവോക് ചെയ്യരുത്. ആവശ്യമില്ലാത്ത കമന്റ് എന്തിനാണ് പറയുന്നത്?

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഇതൊന്ന് just നോക്കാനുള്ള സമയം തരണം. ......(ബഹളം).........

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ സഭയിൽ എല്ലായ്പ്പോഴും അങ്ങനെയല്ലേ ചെയ്യുന്നത്; മിനിസ്റ്റർ സംസാരിച്ചതിനുശേഷമല്ലേ വിശദീകരണക്കുറിപ്പ് തരുന്നത്; എല്ലാ പ്രാവശ്യവും അങ്ങനെയല്ലേ; മിനിസ്റ്റർ സംസാരിക്കുന്നതിനുമുമ്പ് വിശദീകരണക്കുറിപ്പ് തരാറില്ലല്ലോ; പിന്നെ ഇന്നുമാത്രം എന്താണ് പ്രത്യേകത?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ചർച്ച ആരംഭിക്കുന്നതിനുമുമ്പ് കിട്ടാറുണ്ട്. ഏഴെണ്ണമുള്ളതുകൊണ്ടാണ് ഈ പ്രശ്നമുണ്ടായത്. ഇതെല്ലാം ഒന്നിച്ച് ബണ്ടിലാക്കി കൊടുത്താൽ പോരേ? ഏഴ് ഓർഡിനൻസുകളും കിട്ടിയശേഷം ചർച്ച തുടങ്ങാം.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, സർക്കാരിന്റെ പിടിപ്പുകേടും ശരിയായ ആസൂത്രണവും നടപടികളും സ്വീകരിക്കാതെ ഇരുന്നിട്ടാണ് ഇത്തരത്തിലൊരു ഓർഡിനൻസ് കൊണ്ടുവന്നിട്ടുള്ളത്. എനിക്ക് ഒട്ടും മനസ്സിലാകാത്ത ഒരു കാര്യം, മാണിസാറും മുഖ്യമന്ത്രിയും പറയുന്നത് ഇവിടെ സർക്കാരിന് സാമ്പത്തിക പ്രതിസന്ധിയില്ല, പക്ഷേ കുറച്ചു പ്രയാസമുണ്ടെന്നാണ് പറയുന്നത്. എന്താണ് ഇങ്ങനെ പറയുന്നതെന്നുള്ള വ്യത്യാസമെന്ന് മനസ്സിലാകുന്നില്ല. ജനങ്ങൾ അങ്ങേയറ്റം ബുദ്ധിമുട്ടുന്നുണ്ട് എന്നുള്ളതാണ് യാഥാർത്ഥ്യം. ഒരു ബുദ്ധിമുട്ടും ഇല്ലെന്നുപറഞ്ഞതിനുശേഷവും പുതിയ ടാക്സുകൾ എന്തിനുവേണ്ടിയാണ് അടിച്ചേൽപ്പിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. ആവർത്തിച്ചാവർത്തിച്ച് മുഖ്യമന്ത്രിയും ധനമന്ത്രിയും പറയുന്നത് ഇവിടെ ധനപ്രതിസന്ധിയില്ല, കുറച്ചു പ്രയാസമുണ്ടെന്നാണ്. അങ്ങനെയാണെങ്കിൽ പിന്നെന്തിനാണ് മന്ത്രിസഭായോഗം ചേർന്ന് ഇങ്ങനെയൊരു ഓർഡിനൻസ് കൊണ്ടുവന്ന് ഭൂനികുതിയും വെള്ളക്കരവും അടക്കമുള്ള നികുതി മുതൽ എല്ലാ സാധനങ്ങൾക്കും സേവനങ്ങൾക്കുമുള്ള ഫീസുവരെ വലിയ തോതിൽ വർദ്ധിപ്പിക്കാനായി തീരുമാനിച്ചതെന്നാണ് മനസ്സിലാകാത്തത്. അതുപോലെ വെള്ളക്കരം വർദ്ധിപ്പിച്ചു. ഭൂനികുതിയും തോട്ടം നികുതിയും ഇരട്ടിയാക്കി. ഭൂമിയുടെ ന്യായവില ഇപ്പോഴുള്ളതിൽനിന്നും 50 ശതമാനമായി വർദ്ധിപ്പിച്ചു. എല്ലാത്തിനും മന്ത്രിസഭാ യോഗത്തിൽ തീരുമാനം എടുത്തിരിക്കുകയാണ്. മന്ത്രിസഭായോഗം കൂടി ഓർഡിനൻസിൽകൂടി കൊണ്ടുവന്ന 5,000 കോടിയോളം രൂപയുടെ അധിക നികുതിയാണ്. ഒരു മന്ത്രിസഭാ യോഗത്തിൽ ഇത്രയേറെ കാര്യങ്ങൾ തീരുമാനിക്കുകയും ജനങ്ങളുടെമേൽ നിരവധി കോടി രൂപയുടെ ഭാരം അടിച്ചേൽപ്പിച്ചതിനുശേഷം അത് റാറ്റിഫൈ ചെയ്യാനായി ഓർഡിനൻസ് കൊണ്ടുവന്ന് ബിൽ ആക്കാനുള്ള സ്ഥിതിയാണ് ഇന്നിവിടെ നിലവിലുള്ളത്. സംസ്ഥാന നിയമസഭ ദിവസങ്ങളെടുത്ത്, ഞാനും ഇവിടെയിരിക്കുന്ന അംഗങ്ങൾ അടക്കമുള്ളവർ പങ്കെടുത്തുകൊണ്ട് ദിവസങ്ങളോളം ചർച്ച ചെയ്ത് പാസ്സാക്കിയ ബഡ്ജറ്റിന് യാതൊരു വിലയും കൽപ്പിക്കാതെയാണ് ഇപ്പോൾ പുതിയ നികുതി നിർദ്ദേശങ്ങളെല്ലാം ഇങ്ങനെയൊരു എക്സിക്യൂട്ടീവ് ഓർഡറിൽ കൂടി കൊണ്ടുവന്ന് ഓർഡിനൻസാക്കി നിയമമാക്കാൻ കൊണ്ടുവന്നിട്ടുള്ളത്. ഇത് നിയമപരമായും ഭരണഘടനാപരമായും ശരിയാണോ എന്ന് പരിശോധിക്കേണ്ടേ? അതുപോലെ അധിക വിഭവസമാഹരണ നിർദ്ദേശങ്ങളേക്കാൾ മൂന്നിരട്ടിയോളം വരുന്ന അധിക നികുതി നിർദ്ദേശങ്ങളാണ് ഈ എക്സിക്യൂട്ടീവ് ഓർഡർ കൊണ്ടുവന്ന് ഓർഡിനൻസിൽ കൂടി നിയമമാക്കാനായി

വന്നിട്ടുള്ളത്. പിന്നെ എന്തിനാണ് ഈ നിയമസഭ സമ്മേളിക്കുന്നത്? വലിയ തോതിൽ പണം ചെലവഴിച്ച് നിയമസഭ പാസ്സാക്കിവിടുന്ന ബഡ്ജറ്റിന് ഒരു വിലയും ഇല്ലാത്തതുപോലെ പിന്നീടുണ്ടാക്കുന്ന ഇത്തരത്തിലുള്ള പ്രയാസങ്ങൾ ഈ മന്ത്രിസഭമാത്രം ഈ അടുത്ത കാലത്തെങ്ങും ഇല്ലാത്ത തരത്തിലുള്ള പുതിയ കീഴ്വഴക്കം സൃഷ്ടിച്ചിരിക്കുകയാണ്. അതുപോലെ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ കഴിയാതിരുന്നതും കേന്ദ്രവിഹിതത്തിൽ കുറവ് വന്നതുമാണ് ഇപ്പോഴത്തെ സ്ഥിതിക്ക് കാരണമായി ബഹുമാനപ്പെട്ട ധനമന്ത്രിയും മുഖ്യമന്ത്രിയുമൊക്കെ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളത്. കേന്ദ്രത്തിൽ നിന്ന് എത്ര വിഹിതം കഴിഞ്ഞ വർഷം വന്നു എന്നും എത്ര വിഹിതം ഈ വർഷം നാളിതുവരെ വന്നു എന്നുമുള്ളതിന്റെ കണക്ക് ഇവിടെ അവതരിപ്പിക്കാൻ സാധിക്കുമോ? അപ്പോൾ വ്യത്യാസം മനസ്സിലാകും. ഈ പറയുന്ന കണക്കുകൾ ശരിയാണോ അല്ലയോ എന്ന് അപ്പോൾ അറിയാൻ കഴിയും. അതുപോലെ നമ്മുടെ സർക്കാരിന് പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ കഴിഞ്ഞില്ല എന്നാണ് പറഞ്ഞിട്ടുള്ളത്. യ.ഡി.എഫ്.-ന്റെ കാലത്ത് 11 ശതമാനവും 12 ശതമാനവും മാത്രമാണ് വളർച്ച കൈവരിച്ചിട്ടുള്ളത്. എന്നാൽ 18 ശതമാനം മുതൽ 20 ശതമാനം വരെ വളർച്ച എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായിട്ടുണ്ട്. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് വാറ്റ് നികുതി നാലു ശതമാനത്തിൽ നിന്ന് വർദ്ധിപ്പിച്ചിട്ടേയില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നാലു ശതമാനം വാറ്റ് നികുതി അഞ്ച് ശതമാനമാക്കി ഉയർത്തി. 25 ശതമാനത്തിന്റെ വർദ്ധനവാണ് വന്നിട്ടുള്ളത്. അതുപോലെ 12 ശതമാനമായിരുന്ന വാറ്റ് നികുതി പതിനാലര ശതമാനമായി വർദ്ധിപ്പിച്ചു. അതായത് പതിനാറ് ശതമാനത്തിന്റെ വർദ്ധനവാണ് വന്നിരിക്കുന്നത്. അതുപോലെ തുണിക്ക് വരെ ടാക്സ് ഏർപ്പെടുത്തി. എന്നിട്ടും വരുമാനം വന്നിട്ടില്ല എന്നാണ് പറയുന്നത്. എവിടെയാണ് ഇതിന്റെ പിശകെന്ന് പരിശോധിക്കണ്ടേ? ഇതിനുള്ള കാരണമെന്തെന്ന് ജനങ്ങളോട് പറയണ്ടേ? ഓരോ ഐറ്റത്തിനും എന്തിനുവേണ്ടി ചാർജ്ജ് വർദ്ധിപ്പിച്ചു; പിരിഞ്ഞുകിട്ടാൻ എത്ര തുകയുണ്ട്; എത്ര പേരിൽ നിന്ന് കിട്ടാനുണ്ട്; ഏതൊക്കെ കടങ്ങൾ എഴുതിത്തള്ളാനായി വച്ചിട്ടുണ്ട്; എത്രയെണ്ണത്തിന് സ്റ്റേ കൊടുത്തിട്ടുണ്ട്; ഇതെല്ലാം പരിശോധിച്ച് ജനങ്ങളുടെ മുമ്പിലും ഈ സഭയിലും കാര്യകാരണ സഹിതം പറയേണ്ടതല്ലേ; അത് എന്തെങ്കിലും ഇവിടെ ചെയ്തിട്ടുണ്ടോ? ഇത്രയേറെ നികുതികൾ വർദ്ധിപ്പിച്ചിട്ടും, അതായത് വാറ്റ് നികുതിയെല്ലാം ബഡ്ജറ്റിലൂടെതന്നെ വർദ്ധിപ്പിച്ചിട്ടുപോലും പത്ത് ശതമാനം വളർച്ച മാത്രമേ നേടാൻ സാധിച്ചിട്ടുള്ളൂ, പദ്ധതികൾ ഒന്നുംതന്നെ നടപ്പാക്കിയിട്ടുമില്ല. ഖജനാവിനെ കരകയറ്റുന്നതിനു

വേണ്ടി ജനങ്ങളുടെമേൽ ഇത്രയേറെ അധികഭാരം അടിച്ചേൽപ്പിക്കുന്നതിനു മുമ്പ് ഈ കാര്യങ്ങൾ പരിശോധിക്കേണ്ടതല്ലേ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ആവർത്തിച്ച് ഇങ്ങനെ പറയുമ്പോൾ അങ്ങനെയൊരു ബാദ്ധ്യത ധനകാര്യ മന്ത്രിക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ഇല്ലേ? വൻകിട കച്ചവടക്കാരിൽനിന്ന് പിരിഞ്ഞു കിട്ടാനുള്ള തുക പിരിച്ചെടുക്കാൻ എന്ത് തടസ്സമാണുള്ളതെന്ന് ഇവിടെ പറയേണ്ടതല്ലേ? നിരവധി ആർട്ടിക്കിളിലൂടെയും പത്രങ്ങളിലൂടെയും ഈ വാർത്തകൾ ഇവിടെ വന്നിട്ടുണ്ട്. കാര്യങ്ങൾ പരിശോധിച്ച് ധനകാര്യ വിദഗ്ദ്ധരടക്കമുള്ളവരുടെ റിപ്പോർട്ടുകൾ ഇവിടെ വന്നിട്ടുണ്ട്. സി. ആന്റ് എ.ജി.-യുടെ 2014-ലെ ഏഴാമത് റിപ്പോർട്ട് പ്രകാരം കോടതിയുടെയോ സർക്കാരിന്റേയോ സ്റ്റേ ഇല്ലാത്ത, പിരിക്കാവുന്ന 12,000 കോടി രൂപയുടെ കണക്കുണ്ട്. 12,000 കോടി രൂപ യാതൊരു തടസ്സവുമില്ലാതെ പിരിക്കാമെന്നുള്ള സി.ആന്റ് എ.ജി.-യുടെ റിപ്പോർട്ടുണ്ട്. അതിനെക്കാൾ എത്രയോ ഇരട്ടിയാണ് യഥാർത്ഥ കണക്ക്. പലതും വിട്ടുകളഞ്ഞാൽപ്പോലും 12,000 കോടി രൂപ  പിരിഞ്ഞുകിട്ടാനുള്ളപ്പോഴാണ് ഈ വലിയഭാരം അടിച്ചേൽപ്പിച്ചിരിക്കുന്നത്. അതെല്ലാം റിക്കോർഡിലുള്ളതാണ്. 2008-09 മുതൽ 2012-13 വരെ ഓരോ കടക്കാരനും വെട്ടിച്ച നികുതിയുടെ കണക്കും പെനാൽറ്റിയും സെക്യൂരിറ്റി ഡെപ്പോസിറ്റും എല്ലാം സി.ഡി.-യിലാക്കി കഴിഞ്ഞ മാർച്ച് മാസത്തിൽ സർക്കാരിന് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട കണക്കുകൾ പരിശോധിച്ചാൽ ഈ കുടിശ്ശിക പിരിക്കാൻ ഒരു നിയമ തടസ്സവുമില്ല. ഇത് ചെയ്യാതെയാണ് സർക്കാർ ജനങ്ങളെ പിഴിയാനുള്ള നടപടിയുമായി മുമ്പോട്ടു വന്നിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം യഥാർത്ഥത്തിൽ എത്രമാത്രം മോശപ്പെട്ട ഒരു കീഴ്വഴക്കത്തിലേക്കാണ് വന്നിട്ടുള്ളത്. രാഷ്ട്രീയ താല്പര്യങ്ങൾ സംരക്ഷിക്കാൻവേണ്ടി മുന്നോക്ക വികസന കോർപ്പറേഷൻ ചെയർമാനും ചീഫ് വിപ്പിനും അടക്കം ക്യാബിനറ്റ് പദവി നൽകി പുതിയ കീഴ്വഴക്കം സൃഷ്ടിച്ച് വൻതോതിലുള്ള ചെലവുണ്ടാക്കി. ഇപ്പോൾ ചീഫ് വിപ്പിന്റെ ഓഫീസിൽ എത്ര സ്റ്റാഫുകളെയാണ് വച്ചിരിക്കുന്നത്; ഇടതുപക്ഷ മുന്നണി സർക്കാരുണ്ടായിരുന്നപ്പോഴും ചീഫ് വിപ്പുണ്ടായിരുന്നു. ഒരു ചെലവും അധികപ്പറ്റ് വന്നിട്ടില്ല. അതുപോലെ മുന്നോക്ക വികസന കോർപ്പറേഷൻ ചെയർമാൻ, ഇവിടെ പിന്നോക്ക വികസന കോർപ്പറേഷൻ ചെയർമാനും ഉണ്ടല്ലോ. ഒരാൾക്ക് രാഷ്ട്രീയ താല്പര്യം സംരക്ഷിക്കാൻ, ഈ ഭരണത്തെ പിടിച്ചു നിർത്താൻ എന്ത് കാര്യത്തിനും വിട്ടുവീഴ്ച ചെയ്യാൻ യാതൊരു മടിയുമില്ലാതെ, ആരുടെ മുമ്പിലും മുട്ടുകുത്തുന്ന സ്ഥിതിയല്ലേ കാണുന്നത്? എനിക്ക് മുഖ്യമന്ത്രിയോടും മാണിസാറിനോടുമെല്ലാം

വലിയ ബഹുമാനമാണ്. പക്ഷേ ഇന്നുകാണുന്ന നടപടികൾ ജനങ്ങൾ കാണുന്നുണ്ട്, ചിരിച്ച് തള്ളാനുള്ളതല്ല എന്ന് ഗൗരവത്തോടെ, വളരെ സ്നേഹത്തോടെ ഞാൻ പറയുകയാണ്. ഇവിടെ ഒരുപാടു പേരുടെ വെളിപ്പെടുത്തലുകൾ ജനങ്ങൾ മാധ്യമങ്ങളിൽക്കൂടി കണ്ടുകൊണ്ടിരിക്കുന്നു. ഒരു ഇമേജുമില്ലാതെ മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരുടെ ഗ്രാഫ് നിഷ്പക്ഷമായി പരിശോധിച്ചാൽ, പൊതുജനങ്ങളുടെ മുമ്പിൽ ഒരവലോകനം നടത്തിയാൽ, ഇവിടെ വന്നിട്ടുള്ള പ്രവർത്തനങ്ങളും അതുമായി ബന്ധപ്പെട്ട റിപ്പോർട്ടുകളും അഴിമതിക്കഥകളും വെളിപ്പെടുത്തലുകളും അതിനെതിരായിട്ടുള്ള നടപടികളും ഒന്നുമില്ലാതെ ചുണയുണ്ടെങ്കിൽ തെളിയിക്ക് എന്നുപറയാനുള്ള ചങ്കൂറ്റംപോലുമില്ലാതെ മുഖ്യമന്ത്രിയും മറ്റ് മന്ത്രിമാരും ഇവിടെയിരിക്കുകയല്ലേ; ശരിയാണോ ഇതൊക്കെ? നമ്മുടെ ധാർമ്മിക മൂല്യങ്ങളില്ലേ; ഇതൊരു ജനാധിപത്യ വ്യവസ്ഥയല്ലേ; പരിപാവനമായ ഈ കേരള നിയമസഭയുടെ ചരിത്രം തിരുത്തുന്ന രീതിയിലുള്ള സംഭവങ്ങളല്ലേ ഈ അടുത്ത കാലത്തുണ്ടായിട്ടുള്ളത്? തീർച്ചയായും ഇക്കാര്യങ്ങളിൽ ഒരു പങ്കുമില്ലെങ്കിൽ, ഇവർ പറയുന്നത് കള്ളമാണെങ്കിൽ എന്തുകൊണ്ട് ഇവരുടെയൊക്കെ പേരിൽ കേസ്സെടുക്കുന്നില്ല; ഞാൻ അതാണ് ചോദിക്കുന്നത്. എന്തുകൊണ്ടാണ് ഇവർക്കെതിരെ ഒരക്ഷരം മിണ്ടാത്തത്? ഒന്നും മറച്ചുവയ്ക്കാനില്ലായെന്ന് എപ്പോഴും പറയുന്നത് കേൾക്കാം. എങ്കിൽ ചുണയുള്ളവർ തെളിയിക്കാൻ പറയണ്ടേ, ഞങ്ങളൊക്കെ അതേ പഠിച്ചിട്ടുള്ളൂ. ഇത്രയിത്ര രൂപ കൊടുത്തു, ഇന്ന വണ്ടിയിൽ വന്നു എന്നൊക്കെ പറയുമ്പോഴും യാതൊരു അനക്കവുമില്ലാതെ ഇങ്ങനെ ഇരിക്കുന്നതു കാണുമ്പോൾ എന്നെപ്പോലെയുള്ള ഒരു സാധാരണ സ്ത്രീക്ക് അതിശയം തോന്നുകയാണ്. ഇതൊക്കെ കള്ളമാണെങ്കിൽ ചങ്കൂറ്റത്തോടെ പറയണ്ടേ, നിയമപരമായ നടപടികളിൽക്കൂടി തെളിയിക്കാൻ പറയണ്ടേ; അതുപോലും കൂട്ടാക്കാതെ മൗനം പാലിച്ച് സർക്കാരിന് ഒന്നുമില്ല, തെളിവില്ല എന്നൊക്കെപ്പറഞ്ഞാൽ കേരളത്തിന്റെ ചരിത്രം, നിയമസഭയുടെ ചരിത്രം എൽ.ഡി.എഫ്., യു.ഡി.എഫ്. എന്ന വ്യത്യാസമില്ലാതെ എല്ലാവരുമൊന്ന് പരിശോധിക്കണം. ഇത്രകാലം ഉണ്ടാക്കിക്കൊണ്ടുവന്ന നല്ല മാന്യത നമുക്ക് ഇന്നുണ്ടോ എന്ന് ആത്മാർത്ഥമായി പരിശോധിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. പലപ്പോഴും വളരെ വിഷമം തോന്നും. ഒന്നുമില്ലെങ്കിലും ആൾക്കാരുടെ മുൻപിൽ നിൽക്കുമ്പോൾ നിയമസഭാംഗം, മന്ത്രിമാർ, ഗവൺമെന്റ് എന്നൊക്കെപ്പറഞ്ഞാൽ ഒരു പേടിയുണ്ടായിരുന്നു. പക്ഷേ ഇപ്പോൾ എന്തുവന്നാലും ഒരു നടപടിയുമില്ല. ഇവിടെ എന്തെല്ലാം കാര്യങ്ങളായിരുന്നു കാട്ടിക്കൂട്ടിയത്; ബില്ലിന്റെ ചർച്ചയിൽ ആവശ്യമുള്ള കാര്യങ്ങളാണോ; എങ്ങനെയാണ്

ഇങ്ങനെയൊക്കെ വരാതിരിക്കുന്നത്; ജനങ്ങളിൽനിന്നും പിരിച്ച നികുതിയാണ് കച്ചവടക്കാർ അടയ്ക്കാതിരിക്കുന്നത്. അവർ എന്തിനാണ് അടയ്ക്കുന്നത്; ഇവിടെ സരിതാ നായർ കൂടുതൽ എന്തെങ്കിലും വെളിപ്പെടുത്തും എന്നുപറഞ്ഞാൽ എല്ലാവരും ഉടൻ മിണ്ടാതിരിക്കും. ഇപ്പോൾ ശ്രീ. ബിജു രമേശ് ഒരു കോടി രൂപ കൊടുത്തുവെന്നു പറഞ്ഞ് സി.ഡി.-യും എന്തൊക്കെയോ കുറെ സാധനങ്ങളും കൊണ്ടുവന്നു, മാധ്യമങ്ങളിൽ ഇതെല്ലാം വന്നു. അപ്പോഴും ഒരു കൂസലുമില്ലാതെ യാതൊന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ ഇവിടിരിക്കുകയാണ്. കളങ്കം വന്നുവെന്ന് ഞങ്ങളാരും പറയുന്നില്ല. അങ്ങനെ യാതൊരു കളങ്കവും വന്നിട്ടില്ലെങ്കിൽ, ഇങ്ങനെ ഒരു ആരോപണം വന്നാൽ കറപ്ഷനില്ലാത്ത ഒരാൾ എന്നുള്ള ഇമേജ് നില നിർത്തണമെങ്കിൽ കണിശമായും വാക്കിലൂടെയെങ്കിലും ആരോപണം തെളിയിക്കാൻ പറയണ്ടേ?

ശ്രീ. സി. എഫ്. തോമസ് : സർ, നിയമപരമായി സ്വീകരിക്കാൻ കഴിയുന്ന നടപടികൾ സ്വീകരിച്ച് ഈ ആരോപണം ഉന്നയിച്ച ആളിന് അഡ്വക്കേറ്റ് മുഖാന്തരം നോട്ടീസ് കൊടുത്തിരിക്കുകയാണ്. തന്റേടത്തോടു കൂടിത്തന്നെ ചെയ്തിരിക്കുകയാണ്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, അതിന് മറുപടിയും വന്നല്ലോ?

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, മറുപടി വളരെ രസകരമാണ്. കെ. എം. മാണി എന്ന് പറഞ്ഞിട്ടില്ല, ഒരു മന്ത്രി എന്നേ ഞാൻ പറഞ്ഞിട്ടുള്ളൂ എന്നാണ് മറുപടി. എന്നാലും ഞാൻ വെറുതെ വിടില്ല.

ശ്രീമതി പി. അയിഷാ പോറ്റി: സർ, പക്ഷേ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെയും മറ്റ് മന്ത്രിമാർക്കെതിരെയും ഇത്രയേറെ ആരോപണങ്ങൾ പറയുമ്പോൾ തെറ്റ് ചെയ്തിട്ടില്ലെങ്കിൽ ശക്തമായ നടപടികളിലൂടെ അക്കാര്യത്തിൽ വ്യക്തത ഉണ്ടാക്കി ജനങ്ങൾക്ക് ബോദ്ധ്യമാകുന്നതരത്തിൽ കൊണ്ടുവന്നിട്ടില്ല എന്നുള്ളതാണ് ഏറ്റവും വിഷമകരമായിട്ടുള്ള, മോശപ്പെട്ട സ്ഥിതിവിശേഷം എന്നുള്ളത് പറയാതിരിക്കാൻ കഴിയുന്നില്ല. ഞാൻ ബില്ലിലേക്ക് വരാം.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. ഷംസുദ്ദീൻ)

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം 16 പേരാണ് സംസാരിക്കാനുള്ളത്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഞാൻ വളരെ ചുരുക്കിപ്പറയുന്ന ആളല്ലേ.

ഏറ്റവും ചുരുക്കിയെ ഞാൻ പറയാറുള്ളൂ. പക്ഷേ ഇതെന്റെ വേദനകൊണ്ട് പറയുന്നതാണ്. എനിക്ക് ഇതെല്ലാം പറയാൻ ഇപ്പോഴാണ് അവസരം ലഭിച്ചത്. കിട്ടിയ അവസരത്തിൽ പറഞ്ഞുവെന്നേയുള്ളൂ. ജനങ്ങളുടെയിടയിലുള്ള, എന്നെപ്പോലെയുള്ളവരുടെ ഇടയിലുള്ള ആശങ്കകളാണ് ഞാൻ ഇവിടെ പങ്കുവച്ചത്. നിയമസഭ എന്നുപറഞ്ഞാൽ ഏറ്റവും അന്തസ്സുള്ള, ഓരോ അംഗവും മറ്റുള്ളവർക്ക് മാതൃകയാകുന്ന ഏറ്റവും നല്ല തിളക്കമാർന്ന വ്യക്തിത്വത്തിന്റെ ഉടമയായിട്ട്, ഏറ്റവും നല്ല രീതിയിൽ ഇടപെടുന്ന, ജനങ്ങൾക്ക് ബോദ്ധ്യമാകുന്ന രീതിയിൽ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നവരായിട്ടുതന്നെ വരണമെന്ന ആഗ്രഹം കൊണ്ടാണ് അത് പറഞ്ഞത്. ഈ എക്സിക്യൂട്ടീവ് ഓർഡറിൽക്കൂടി ഓർഡിനൻസ് കൊണ്ടുവരുന്ന കാര്യത്തിൽ, നഗര-ഗ്രാമ ഭേദമെന്യേ രണ്ടും മൂന്നും സെന്റിൽ കൂരവച്ചുതാമസിക്കുന്ന സാധാരണക്കാരന്റേതടക്കമുള്ള ഭൂനികുതിയല്ലേ ഇപ്പോൾ ഇരട്ടിയാക്കാൻ തീരുമാനിച്ചിട്ടുള്ളത്; അതുപോലെ കോടിക്കണക്കിന് രൂപ വരുന്ന വൻകിട തോട്ടമുടമകളുടെ പാട്ടക്കുടിശ്ശിക പിരിച്ചെടുക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; എന്തിനാണ് അവരെ മാറ്റി നിർത്തിയിട്ടുള്ളത്; ഇതാണ് അന്യായം. വൻകിടക്കാർക്കെല്ലാം രക്ഷപ്പെടാൻ അവസരം കൊടുക്കുക, പാവപ്പെട്ടവന്റെ തോളിൽ പിടിക്കുക, അവന് ഇല്ലാത്ത ബുദ്ധിമുട്ടുണ്ടാക്കുക, വെളിപ്പെടുത്തിയ കാര്യത്തെക്കുറിച്ച് നേരത്തെ പറഞ്ഞല്ലോ, സഖാവ് എം. എം. മണി ഒരു കാര്യം പറഞ്ഞയുടനെ ജയിലിൽ കൊണ്ടിട്ടില്ലേ; നാട് കടത്തിയില്ലേ; വേറെ പലരും വല്ലതും പറഞ്ഞപ്പോൾ അങ്ങനെ ഉണ്ടായിട്ടുണ്ടോ; അതുകൂടി ചോദിക്കാതിരിക്കാൻ പറ്റില്ല. ബഹുമാനപ്പെട്ട അംഗം ചോദിച്ചതുകൊണ്ട് ഞാൻ അതുകൂടി പറയുകയാണ്.

ഇപ്പോൾ വാട്ടർ ചാർജ് കൂട്ടുന്നുണ്ടല്ലോ, വലിയ സമരം വന്നപ്പോൾ ചെറിയൊരു മാറ്റം വരുത്തി. വാട്ടർ അതോറിറ്റിക്ക് വൻകിടക്കാരിൽ നിന്നുൾപ്പെടെ 600 കോടിയിൽപ്പരം രൂപ കിട്ടാനുള്ളപ്പോഴാണ് അത് പിരിച്ചെടുക്കാതെ സാധാരണക്കാരനുമേൽ വലിയ വർദ്ധനവ് അടിച്ചേൽപ്പിച്ചിരിക്കുന്നത്. മറ്റൊന്ന് വൈദ്യുതി ബോർഡിന്റെ കാര്യമാണ്. സാധാരണക്കാരൻ വൈദ്യുതി ബില്ലടയ്ക്കാൻ ഒരു ദിവസം താമസിച്ചുപോയാൽ ഫ്യൂസ് ഊരി വൈദ്യുതി വിച്ഛേദിക്കും. എന്റെ മണ്ഡലത്തിലെ ഒരു സ്ത്രീ രാവിലെ പണിക്കുപോയിട്ട് തിരിച്ചുവന്നശേഷം ഇലക്ട്രിസിറ്റി ബോർഡിൽ എത്തിയപ്പോൾ 6 മണി കഴിഞ്ഞുപോയതിനാൽ ബില്ല് വാങ്ങാതെ തിരിച്ചയച്ചു. അപ്പോൾത്തന്നെ ഫ്യൂസ് ഊരി വൈദ്യുതി വിച്ഛേദിച്ചു.

ഇതാണ് സ്ഥിതി. സാധാരണക്കാരൻ വൈദ്യുതി ചാർജ്ജടയ്ക്കാൻ ഒരു ദിവസം വൈകിയാൽ ഫ്യൂസ് ഊരും. പക്ഷേ കോടിക്കണക്കിന് രൂപ വൈദ്യുതി ചാർജ് കുടിശ്ശിക വരുത്തിയ വൻകിടക്കാരന്റെ വൈദ്യുതിബന്ധം ഒരുമണിക്കൂർ എങ്കിലും വിച്ഛേദിക്കാനുള്ള തന്റേടം കാണിക്കുന്നുണ്ടോ; എങ്കിൽ ഈ അധികബാധ്യത ഉണ്ടാക്കേണ്ട ആവശ്യമുണ്ടോ; അത്തരത്തിലുള്ള ഒരു നിലപാട് എല്ലാ തലത്തിലും സ്വീകരിക്കുന്നുണ്ടെന്നുള്ളതാണ് എനിക്കിവിടെ പറയാനുള്ളത്. ഇത്രയധികം പ്രതിസന്ധി ഉണ്ടാകാതിരിക്കാൻ കിട്ടാനുള്ള പണം പിരിഞ്ഞു കിട്ടിയാൽ പോരെ; മാത്രമല്ല, മുൻവർഷത്തെ അപേക്ഷിച്ച് വികസനപ്രവർത്തനങ്ങൾ ലക്ഷ്യമിട്ടുള്ള ചെലവോ പദ്ധതിയേതര ചെലവോ വർദ്ധിച്ചിട്ടില്ലെന്നാണ് സി.&എ.ജി.-യുടെ കണക്കുകൾ വ്യക്തമാക്കുന്നത്. പ്രഖ്യാപിച്ചതിനെക്കാൾ കുറവായിരുന്ന പദ്ധതിച്ചെലവുകൾ. 2013-2014-ൽ പ്രതീക്ഷിച്ച പദ്ധതിച്ചെലവുകൾ 16,187 കോടി രൂപ ആയിരുന്നുവെങ്കിൽ ചെലവായത് 10,765 കോടി രൂപ മാത്രമായിരുന്നു. അപ്പോഴും ആ ചെലവൊന്നും achieve ചെയ്തിട്ടില്ല. 2012-13 സാമ്പത്തിക വർഷത്തിൽ മതിപ്പ് കണക്കിന്റെ 85% ആയിരുന്നു യഥാർത്ഥ ചെലവ്. കഴിഞ്ഞ വർഷം അത് 65 % ആയി കുറഞ്ഞു.

മി. ചെയർമാൻ : പ്ലീസ് കൺക്ലൂഡ്..... 16 മിനിട്ടായി.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഒന്നുരണ്ട് കാര്യങ്ങൾകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ആസ്തി വികസന ഫണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വന്നപ്പോൾ എല്ലാ എം.എൽ.എ.-മാർക്കും സന്തോഷമാകുന്നതരത്തിൽ ഒരുവർഷം 5 കോടി രൂപ ആസ്തി വികസന ഫണ്ട് നൽകുമെന്ന് പറഞ്ഞു. അതിൽനിന്നും ഒരു നയാപൈസ ഇതുവരെ ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. നൂറ് ഉത്തരവുകളിറങ്ങും. ഇത് എങ്ങനെ നടപ്പാക്കുമെന്നുള്ളത് അന്വേഷിച്ച് നടന്നുനടന്ന് എന്റെ കാല് തേഞ്ഞു. ഞാൻ ഇന്നലെ ഈ വിഷയം സംബന്ധിച്ച് ഒരു സബ്മിഷൻ ഉന്നയിച്ചപ്പോൾ ഇതെല്ലായിടത്തേയും പ്രശ്നമാണ് എന്നുപറഞ്ഞ് എല്ലാവരും എഴുന്നേറ്റു. അപ്പോൾ പണം അനുവദിക്കുന്ന എന്നുപറയുകയും ഒരു ഹെഡ്സ് ഓഫ് അക്കൗണ്ട് കറക്ടായി കൊടുക്കാതിരിക്കുകയും ഉദ്യോഗസ്ഥരെ അങ്ങോട്ടുമിങ്ങോട്ടും കത്തെഴുതിച്ചു കൊണ്ടിരിക്കുകയും ചെയ്യുമ്പോൾ ഈ വർഷവും അടുത്തവർഷവും പോകും അവസാനം ഈ സർക്കാരിന്റെ കാലാവധിയും തീരും. അപ്പോൾ

ഈ പണം കൊടുക്കുകയും വേണ്ട ചെലവഴിക്കുകയും വേണ്ട, കൊടുത്തു എന്നുള്ള പേരുമാകും, ഞങ്ങൾക്കെതിരെ ഭരണകക്ഷിക്കാർ മണ്ഡലത്തിൽ സമരവും നടത്തും. ഇതാണ് എന്റെ അനുഭവം. 13 വർക്കുകൾ ടെണ്ടർ നടപടികൾപോലും ചെയ്യാൻ കഴിയാതിരിക്കുകയാണ്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഹെഡ്ഡ് ഓഫ് അക്കൗണ്ടിലേക്ക് മാറ്റിയിട്ടു. അത് എക്സിക്യൂഷന് പി.ഡബ്ല്യൂ.ഡി.-ക്ക് കൈമാറുകയുമില്ല. എന്തിനാണ് ഇങ്ങനെ ഒരു കുരുക്കുണ്ടാക്കിവയ്ക്കുന്നത്; അപ്പോൾ ചെലവഴിക്കാതിരിക്കാൻ വേണ്ടിയല്ലേ; ഇതൊന്നും ചെലവഴിക്കുന്നില്ലല്ലോ, ക്ഷേമ പെൻഷനുകൾ കുടിശ്ശികയല്ലേ, അത് കൊടുക്കുന്നില്ലല്ലോ. ആർക്കെങ്കിലും വല്ലതും കൊടുക്കുന്നുണ്ടോ; ശമ്പള പരിഷ്കരണമുണ്ടോ; ഒരു കാര്യത്തിനും ചെലവഴിക്കുന്നില്ല. കെ.എസ്.ആർ.ടി.സി.-ക്ക് വേണ്ട സഹായം കൊടുക്കുന്നുണ്ടോ; ഒന്നും ചെയ്യുന്നില്ലല്ലോ. ഇതൊന്നും ചെയ്യാതിരുന്നിട്ട് എങ്ങനെയാണ് ഈ ധനപ്രതിസന്ധി വന്നിട്ടുള്ളത്. ധനപ്രതിസന്ധിയില്ലായെന്ന് പറയുന്നു. ധനപ്രയാസം വന്നത് എങ്ങനെയെന്നാണ് എനിക്ക് മനസ്സിലാകാത്തത്. മറ്റൊന്നുള്ളത്, ആപത്ഘട്ടങ്ങളിൽ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വളരെ മാതൃകാപരമായി സർക്കാരിന് താങ്ങായി നിർത്തിക്കൊണ്ട് ട്രഷറികളെ നവീകരിച്ചിരുന്നു. സർക്കാർ ഖജനാവിന് മുതൽക്കൂട്ടാകുന്ന തരത്തിൽ, സർക്കാരിനെ സഹായിക്കുന്ന തരത്തിൽ, ട്രഷറിയെ സേവിംഗ്സ് ബാങ്ക് ആക്കി നല്ല രീതിയിൽ നവീകരിച്ചുകൊണ്ട് സോഷ്യൽ ഓഡിറ്റുവരെ നടത്തിക്കൊണ്ട് ഞാനുൾപ്പെടെ എല്ലാവരും ഡെപ്പോസിറ്റ് ഇട്ടിരുന്നു. പക്ഷേ ഇപ്പോൾ പേടിയാണ്. ഡെപ്പോസിറ്റ് ചെയ്താൽ കിട്ടുമോ എന്ന് അറിയില്ല. അതെല്ലാം അട്ടിമറിച്ചിട്ട് അതുമുഴുവൻ മാറ്റി ശമ്പളവും മറ്റെല്ലാ അക്കൗണ്ടുകളും ബാങ്ക് വഴി ആക്കിയതോടുകൂടി സർക്കാരിന് അത്യാവശ്യത്തിനു പോലും ട്രഷറിയെ ആശ്രയിക്കാൻ പറ്റാത്ത അവസ്ഥയിലേക്ക് എത്തിച്ചു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വളരെ ഫലപ്രദമായിട്ട് ചെയ്തിരുന്നതാണ്. ഇതെല്ലാം ബാങ്കുവഴി ആക്കിയപ്പോൾ സർക്കാരിന്റെ സാദ്ധ്യത കൂടി ഈ ഗവൺമെന്റ് കൊട്ടിയടച്ചു. അതുപോലെ പലിശയുടെ ബാദ്ധ്യത പോലുമില്ലാതെ ഗവൺമെന്റിന് പലപ്പോഴും ഉപയോഗിക്കാവുന്ന, പ്രതിസന്ധി വരുമ്പോൾ നിഷ്പ്രയാസം ഉപയോഗിക്കാൻ കഴിയുന്ന ഒരു സാഹചര്യമാണ് നഷ്ടപ്പെടുത്തിയത്. പുതുതലമുറ ബാങ്കുകളെ സഹായിക്കുന്ന സമീപനം സ്വീകരിച്ചു. അതുപോലെ കഴിഞ്ഞ സർക്കാർ ട്രഷറി നവീകരണത്തിന് വിപുലമായ പരിപാടി തയ്യാറാക്കി. അതെല്ലാം അട്ടിമറിച്ചുകൊണ്ട് ഈ സർക്കാർ മുന്നോട്ടുപോകുകയാണ്. ട്രഷറിയിൽ ഡെപ്പോസിറ്റ് വർദ്ധിപ്പിക്കാൻ എം.എൽ.എ.-മാർക്ക് വർക്കുകൾവരെ കൊടുക്കുമെന്ന് പറഞ്ഞതാണ്. ആരെയെങ്കിലും പ്രേരിപ്പിച്ച് 5 ലക്ഷം രൂപയുടെ

ഡെപ്പോസിറ്റ് ട്രഷറിയിലിട്ടാൽ 5 ലക്ഷം രൂപയുടെ വർക്ക് കൊടുത്തുകൊണ്ടാണ് അന്ന് പ്രതിസന്ധിയുണ്ടാകാതെ വളരെ ഫലപ്രദമായി കാര്യങ്ങൾ ഡീൽ ചെയ്തത് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെ ഇവിടെ പെട്രോൾ-ഡീസൽ വില കുറഞ്ഞിട്ട് ജനങ്ങൾക്ക് പത്തുപൈസയുടെ ഗുണമുണ്ടോ; സാധനങ്ങളുടെ വില കുറയുന്നുണ്ടോ; ഉടനെ ടാക്സ് വർദ്ധിപ്പിച്ചില്ലേ?

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്........ ബഹുമാനപ്പെട്ട അംഗം 16 പേരാണ് സംസാരിക്കാനുള്ളത്. ഇന്നലെ 15 മിനിട്ടുവീതമാണ് ഓരോരുത്തരും എടുത്തത്.

ശ്രീമതി പി. അയിഷാ പോറ്റി: ഞാൻ അവസാനിപ്പിക്കാം. സത്യം പറഞ്ഞാൽ ഇത്തരത്തിൽ ആറേഴ് ഓർഡിനൻസുകളിറക്കി നിയമസഭയെ അവഹേളിച്ചുകൊണ്ട്, കിട്ടാനുള്ള ആയിരക്കണക്കിന് കോടി രൂപ പിരിച്ചെടുക്കാതെ, തന്റേടത്തോടെ കാര്യങ്ങൾ പ്ലാൻ ചെയ്ത് മുമ്പോട്ടുപോകാതെ അഴിമതിയിൽ മുങ്ങിക്കുളിച്ച്, ഓരോരുത്തർ വിരട്ടുമ്പോൾ മിണ്ടാതിരുന്ന് അതെല്ലാം സോൾവ് ആക്കുന്ന ഒരവസ്ഥയിലേക്ക് ഈ ഭരണകൂടം മാറിയിട്ടുണ്ട് എന്നുള്ളതാണ് ഇന്നത്തെ ഏറ്റവും വലിയ പ്രതിസന്ധി. ഇത് ജനങ്ങളെയാകെ ബാധിച്ചിട്ടുണ്ട്. അവർക്ക് ജീവിക്കാൻ കഴിയാത്ത അവസ്ഥ വന്നിട്ടുണ്ട്. വിലക്കയറ്റംകൊണ്ട് പൊറുതിമുട്ടുകയാണ്. ആവശ്യമായ ഇടപെടൽ വിപണിയിലില്ല. വിലക്കുറവ് വരാനുള്ള സാഹചര്യങ്ങളുണ്ടായാൽ പോലും ടാക്സ് കൂട്ടിക്കൊണ്ട് പെട്രോൾ-ഡീസൽ വിലയുടെ കുറവുപോലും നമുക്കനുഭവവേദ്യമാകാതെ, ചാർജ് കുറയ്ക്കാതെയെല്ലാം പോകുന്ന ഒരു സ്ഥിതിവിശേഷം നമുക്ക് സമ്മാനിച്ചിട്ടുള്ള ഒരു സർക്കാരിന് ഒട്ടും മുമ്പോട്ടുപോകാനുള്ള ധാർമ്മികാധികാരം ഇല്ലെന്നുള്ളതാണ് എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളത്. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. ശശി: സർ, നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. നിയമസഭയിൽ അവതരിപ്പിച്ച കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബില്ലുമായി ബന്ധപ്പെട്ടാണ് ഞാൻ സംസാരിക്കാൻ പോകുന്നത്. ഒരു സംസ്ഥാനത്തിന്റെ ധനപരമായ വിഷയങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്നുള്ളത് നമ്മുടെ ഭരണഘടനയുടെ 199 മുതൽ 207 വരെയുള്ള അനുച്ഛേദങ്ങളിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. അതനുസരിച്ചാണ് നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കുന്നതും അതുമായി ബന്ധപ്പെട്ട മറ്റുനടപടികൾ വിശദമായ ചർച്ചയ്ക്കുശേഷം പൂർത്തിയാക്കുന്നതും. വളരെ ഉത്തരവാദിത്വത്തോടും അവധാനതയോടും നിർവ്വഹിക്കേണ്ട നിയമസഭയുടെ

ഒരു അവകാശമാണിത്. ധനബില്ലുകളെ സംബന്ധിച്ച വിശേഷ നടപടിക്രമങ്ങൾ, വാർഷിക ധനവിവര പത്രിക, അടങ്കലുകൾ സംബന്ധിച്ച നിയമനിർമ്മാണ നടപടികൾ, ധനവിനിയോഗ ബില്ലുകൾ, സപ്ലിമെന്ററി അല്ലെങ്കിൽ എക്സസ് ഗ്രാന്റുകൾ, കണക്കിന്മേലുള്ള ക്രെഡിറ്റ് വോട്ടുകൾ, വിശേഷാൽ ധന സഹായങ്ങൾ എന്നിവയെല്ലാം നിയമസഭയുടെ വിശേഷാൽ അധികാരത്തിലും ഉത്തരവാദിത്തത്തിലും പെട്ട കാര്യങ്ങളാണ്. ഇതാണ് ഒരു സാമ്പത്തിക വർഷാരംഭത്തിൽ നിയമസഭ പരിഗണിക്കുന്നത്. അതനുസരിച്ചാണ് 2014-15 വർഷത്തെ 22,262 കോടി രൂപയുടെ വാർഷിക പദ്ധതിക്ക് നിയമസഭ അംഗീകാരം നൽകിയത്. അതോടൊപ്പം അധിക വിഭവസമാഹരണത്തിന്റെ പേരിൽ 1,552 കോടി രൂപയുടെ 38- ഓളം പുതിയ നികുതി നിർദ്ദേശങ്ങളും സഭ അംഗീകരിച്ചു നൽകുകയുണ്ടായി. ഓരോ ഡിമാന്റിലും വകകൊള്ളിച്ചിട്ടുള്ള തുകയും പദ്ധതികളും വിഷയനിർണ്ണയ സമിതികളുടെ വിശദമായ പരിശോധനയും അതനുസരിച്ചുള്ള ശിപാർശകളും പരിഗണിച്ച് വിശദമായ ചർച്ചയ്ക്കുശേഷം വാർഷിക ബഡ്ജറ്റ് പൂർണ്ണരൂപത്തിൽ നിയമസഭ അംഗീകരിച്ച് നൽകുന്നു. ഇതെല്ലാം കഴിഞ്ഞതിനുശേഷം ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്തിട്ടുള്ള ഈ നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കിയ ശേഷം ഒരു വർഷത്തിൽ നാലുമാസം പിന്നിടുമ്പോൾ എല്ലാ കണക്കുകളും തകിടംമറിയുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിച്ചിട്ടുള്ളത്. 6 മാസം പിന്നിട്ടപ്പോൾ ഈ സാമ്പത്തിക വർഷത്തിൽ പദ്ധതിച്ചെലവുകൾക്കായി പുറത്തുവന്നിട്ടുള്ള കണക്കുപ്രകാരം 1,652 കോടി രൂപയാണ്, അതായത് 6 ശതമാനം മാത്രം. സാമ്പത്തിക പ്രതിസന്ധികൊണ്ടല്ല ഇങ്ങനെ സംഭവിക്കുന്നത്, സാമ്പത്തിക ഞെരുക്കം കൊണ്ടാണെന്നാണ് പ്രിയപ്പെട്ട നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. സാമ്പത്തിക പ്രതിസന്ധിയായാലും സാമ്പത്തിക ഞെരുക്കമായാലും ഇപ്പോഴുണ്ടായിരിക്കുന്ന വികസനരംഗത്തെ പ്രതിസന്ധി 6 മാസം മുമ്പ് മനസ്സിലാക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടാണെന്നുള്ളതാണ് നാം പരിശോധിക്കേണ്ടത്. ഇപ്രകാരം ഒരു പ്രതിസന്ധി നിയമസഭയിൽ ബഡ്ജറ്റ് പാസ്സാക്കുന്നതിനുമുമ്പ് എന്തുകൊണ്ട് ധനകാര്യ വകുപ്പിന് വിഭാവന ചെയ്യാൻ സാധിച്ചിട്ടില്ല എന്നുള്ളതാണ് നാം പരിശോധിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമായി എനിക്ക് തോന്നുന്നത്. 2014-ലെ ബഡ്ജറ്റ് പാസ്സാക്കിയെടുത്തതിനു ശേഷം ഈ നാല് മാസം പിന്നിട്ടപ്പോൾ നിയമസഭയെ നോക്കുകുത്തിയാക്കി മാറ്റിക്കൊണ്ട് വീണ്ടും 2,500 കോടിയിൽപ്പരം രൂപയുടെ അധിക നികുതി നിർദ്ദേശങ്ങൾ ഓർഡിനൻസായി പുറപ്പെടുവിക്കുവാൻ സർക്കാരിന് അധികാരമുണ്ടെങ്കിലും, ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ധാർമ്മികപരമായി ഇന്ത്യൻ ഭരണഘടന

നിയമസഭയ്ക്ക് നൽകിയിട്ടുള്ള പരിപാവനമായ സ്ഥാനം പരിഗണിക്കാതെ, ഓർഡിനൻസ് വഴി ഇത്രയും ഭീമമായ തുക, ജനങ്ങളെയാകെ ബാധിക്കുന്ന നികുതി നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന, അധിക വിഭവസമാഹരണം എന്നപേരിൽ നിയമം പാസ്സാക്കിയെടുക്കുന്നത് ശരിയായ നടപടിയല്ല. നിയമസഭയെ അവഗണിച്ചുകൊണ്ട് ഓർഡിനൻസ് വഴി നടപ്പാക്കുന്നത് മിനിമം ഭാഷയിൽ പറഞ്ഞാൽ ഒരിക്കലും ശരിയായ നടപടിക്രമമല്ല. പ്രത്യേകിച്ച് എല്ലാമറിയുന്ന മാണിസാറിൽ നിന്നും ഇത് ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല. സർക്കാരിന്റെ നിലനിൽപ്പിനായി എത്ര കോടി രൂപ ആവശ്യമുണ്ടോ അത്രയും കോടി രൂപയുടെ ഭാരം ജനങ്ങളുടെമേൽ നികുതി, ടാക്സ്, സർവ്വീസ് ടാക്സ്, ഫീസ് തുടങ്ങിയ ഓമനപ്പേരുകളിൽ അടിച്ചേൽപ്പിക്കുകയാണ്. ഇതിനെയാണ് അങ്ങ് അധികവിഭവസമാഹരണമായി വിശേഷിപ്പിക്കുന്നത്. ജനങ്ങളുടെ മേൽ അധിക നികുതിഭാരം ചുമത്താതെ എങ്ങനെ അധിക വിഭവസമാഹരണം നടത്താനാകുമെന്ന് കണ്ടെത്തുന്നതിലൂടെയാണ് ഒരു ധനകാര്യ വകുപ്പുമന്ത്രിയുടെ വൈഭവം തെളിയിക്കേണ്ടത്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തികച്ചും പരാജയപ്പെട്ടുവെന്നുള്ളതാണ് സത്യം. ഞാൻ അധികം ദീർഘമായി സംസാരിക്കാൻ ഉദ്ദേശിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ധാരാളം കാര്യങ്ങൾ നിയമസഭയ്ക്ക് അകത്തും പുറത്തും ഇന്ന് ചർച്ച ചെയ്യപ്പെടുന്നുണ്ട്. ഇവിടെ അവതരിപ്പിക്കുന്ന വാറ്റ് നികുതിയിൽ ഒരു ചെറിയ കറക്ഷൻ വേണമെന്ന് എനിക്ക് തോന്നുന്നു. കേരള മൂല്യവർദ്ധിത നികുതി ആക്ടിലെ 8-ാം ഉപഖണ്ഡത്തിൽ (1) 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിലെ, പട്ടികയിലെ, ക്രമനമ്പർ 1-നെതിരെ, (4)-ാം കോളത്തിൽ "നികുതിയുടെ നിരക്കുകൾ ശതമാനത്തിൽ" എന്ന ശീർഷകത്തിൻകീഴിൽ, "22" എന്ന അക്കത്തിനുപകരം "30" എന്ന അക്കം ചേർക്കേണ്ടതാണ്. അത് 22 ശതമാനമെന്നാണ് ഉദ്ദേശിക്കുന്നത്. എന്നാൽ "22" ശതമാനം എന്ന അക്കം നിലവിലുള്ള ആക്റ്റിലില്ല. അത് "22.5" എന്നാണ്. "22" ശതമാനം "30" ശതമാനമായി വർദ്ധിപ്പിക്കുന്നുവെന്നുള്ളതല്ല "22.5" ശതമാനം "30" ശതമാനമായി വർദ്ധിപ്പിക്കുന്നുവെന്നാണ് ആ ഭേദഗതിയിൽ വരേണ്ടത്. ആ കറക്ഷൻ ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ നികുതി ചുമത്തൽ നിയമത്തിലെ, പ്രത്യേകിച്ചും 2014-ലെ കേരള മൂല്യവർദ്ധിത ആക്ടുമായി ബന്ധപ്പെട്ട് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതിനെ പ്രതികൂലിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

*Shri. M. Hamsa:* Sir, I move that- "This House resolves to

disapprove The Kerala Land Tax (Amendment) Ordinance, 2014 (Ordinance No. 22 of 2014)". നിരാകരണ പ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് മഹാരാഷ്ട്രയിലെ നിയമസഭാ സ്പീക്കറുടെ അനുഭവങ്ങളിലൂടെയാണ് കേരള നിയമസഭയും പോകുന്നത് എന്നാണ്. ഇവിടെ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ അനുഗ്രഹം കൊണ്ട് രക്ഷപ്പെട്ടുപോയ ഒരു മന്ത്രിസഭയെക്കുറിച്ചാണ് എനിക്ക് ഓർമ്മവരുന്നത്. അത്തരത്തിലൊരു കറുത്ത നിയമത്തിലേക്ക്, കറുത്ത രീതിയിലേക്ക് കേരള നിയമസഭ മാറാൻ പാടില്ലായിരുന്നുവെന്ന ഒരു ദുഃഖവും ഞാൻ ഇവിടെ രേഖപ്പെടുത്തട്ടെ. കേരളത്തിൽ സാമ്പത്തിക പ്രതിസന്ധി ഇല്ലെന്നും സാമ്പത്തിക വെല്ലുവിളിയാണെന്നുമാണ് എല്ലാ ചോദ്യങ്ങളുടെയും ഉത്തരങ്ങളിൽ പറയുന്നത്. കേരളത്തിൽ സാമ്പത്തിക വെല്ലുവിളിയാണോ, സാമ്പത്തിക പ്രയാസമാണോ, അതോ സാമ്പത്തിക പ്രതിസന്ധിയാണോ ഉള്ളത്? സാമ്പത്തിക പ്രതിസന്ധി ഇല്ലെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്.

2.00 PM]

ഇപ്പോൾ ഞങ്ങൾക്ക് സർക്കുലേറ്റ് ചെയ്തിട്ടുള്ള മൂന്ന് കുറിപ്പുകളിൽ പറയുന്നത് സാമ്പത്തിക പ്രതിസന്ധി എന്നുതന്നെയാണ്. ഈ ഗവൺമെന്റ് ഏതിലാണ് ഉറച്ചുനിൽക്കുന്നത്? നിയമസഭയിൽ ചോദ്യോത്തര സമയത്തും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വാക്കാലും പറയുന്ന ഒരു കാര്യം ഇവിടെ സാമ്പത്തിക പ്രയാസമേയുള്ളൂ എന്നാണ്. എന്നാൽ 7 കുറിപ്പുകളിൽ 3 എണ്ണത്തിലും പറയുന്നത് സാമ്പത്തിക പ്രതിസന്ധി എന്നുതന്നെയാണ്. ഇതിൽ ഭൂനികുതി സംബന്ധിച്ച കുറിപ്പിന്റെ ആദ്യത്തെ വരിയിൽത്തന്നെ പറയുന്നത് സാമ്പത്തിക പ്രതിസന്ധി എന്നാണ്. എങ്ങനെയാണ് ഈ സാമ്പത്തിക പ്രതിസന്ധി ഉണ്ടായത്; സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ ഈ ഗവൺമെന്റ് എന്താണ് ചെയ്യുന്നത്? ഈ ഗവൺമെന്റ് നിയമസഭയെ നോക്കുകുത്തിയാക്കുകയാണ്. അതുകൊണ്ടാണ് ഞങ്ങൾ ഈ ബില്ലിനെ എതിർക്കുന്നത്. സാമ്പത്തിക പ്രതിസന്ധിയുണ്ടായി നികുതി വർദ്ധിപ്പിക്കേണ്ടി വന്നാൽ, ഉയർന്ന മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒരു ജനാധിപത്യ സംവിധാനത്തിൽ നിയമസഭ വിളിച്ചുകൂട്ടി ഈ നിയമങ്ങൾ പാസ്സാക്കുകയല്ലേ ചെയ്യേണ്ടത്? ഈ നിയമങ്ങൾ പാസ്സാക്കുന്നതിനുപകരം 7 ഓർഡിനൻസുകളിലൂടെ കേരളത്തിലെ ജനങ്ങളുടെമേൽ അമിത ഭാരം അടിച്ചേൽപ്പിക്കുന്ന ഒരു കറുത്ത അദ്ധ്യായം കേരള ചരിത്രത്തിലുണ്ടായി. അത് മോശപ്പെട്ട പ്രവണതയാണ്. ഇന്ത്യയുടെ മുൻപ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി

അടിയന്തരാവസ്ഥ പ്രഖ്യാപിക്കുകയും ഭരണഘടനയിൽ പൗരൻമാർക്കുള്ള മൗലികവകാശങ്ങൾ സസ്പെൻഡ് ചെയ്യുകയും ചെയ്തു. ഇപ്പോൾ കേരളത്തിന്റെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കേരളത്തിൽ സാമ്പത്തിക അടിയന്തരാവസ്ഥ പ്രഖ്യാപിച്ചിരിക്കുന്നു. ഇങ്ങനെ സംഭവിച്ചത് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ തെറ്റായ നയങ്ങൾ കാരണമാണ്. കേരളത്തിലെ ജനങ്ങളെ സാമ്പത്തിക അടിയന്തരാവസ്ഥയിൽ നിന്നും അധികമായിട്ടുള്ള നികുതി ഭാരത്തിൽ നിന്നും രക്ഷിക്കണം. അതുകൊണ്ട് ഇത്തരത്തിലുള്ള നിയമങ്ങൾ കൊണ്ടുവന്ന് ജനങ്ങളുടെ മേൽ അധികഭാരം ഏൽപ്പിക്കരുതെന്ന് ഈ നിയമസഭയുടെ മുന്നിൽ അഭ്യർത്ഥിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം നികുതി പിരിച്ചെടുക്കാനുള്ളത് എത്രയാണ്? 6,565 കോടി രൂപയുടെ വാണിജ്യ നികുതി പിരിച്ചെടുക്കാനുണ്ടെന്ന് നിയമസഭാ ചോദ്യത്തിന് ഉത്തരമായി നൽകിയിരിക്കുന്നു. ഇത്രയും രൂപ കിട്ടാനുള്ളത് പിരിച്ചെടുക്കാത്തത് എന്താണ്; എന്തിനാണ് ജനങ്ങളുടെ മേൽ അധികഭാരം ഏൽപ്പിക്കുന്നത്? 1633.49 കോടി രൂപ വൈദ്യുതി ചാർജ്ജിനത്തിൽ കുടിശ്ശികയുണ്ടെന്ന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ പറയുന്നു. സമ്പന്നൻമാരിൽനിന്ന് കുടിശ്ശിക പിരിക്കാതെ പാവപ്പെട്ട ജനങ്ങളുടെ മേൽ നികുതി ഭാരം അടിച്ചേൽപ്പിക്കുന്നത് അനീതിയല്ലേ; 235 കോടി രൂപ അബ്കാരികൾ നികുതി കുടിശ്ശിക അടയ്ക്കാനുണ്ട്. സമ്പന്നർ അടയ്ക്കേണ്ട വാണിജ്യ നികുതി കുടിശ്ശികയും വൈദ്യുതി ചാർജ്ജ് കുടിശ്ശികയും പിരിക്കാത്തത് എന്തുകൊണ്ടാണ്; പാവപ്പെട്ട ജനങ്ങൾ വൈദ്യുതി ചാർജ്ജ് അടയ്ക്കാതിരുന്നാൽ ഫ്യൂസ് ഊരുമല്ലോ; എന്നിട്ടെന്താണ് സമ്പന്നൻമാരിൽ നിന്ന് ഇത്രയധികം രൂപയുടെ കുടിശ്ശിക പിരിക്കാത്തത്?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, തൊള്ളായിരം കോടിയോളം രൂപ പബ്ലിക് സെക്ടറിൽ നിന്നാണ് ലഭിക്കേണ്ടത്. അതിൽ അഞ്ഞൂറ് കോടിയോളം രൂപ വാട്ടർ അതോറിറ്റിയിൽ നിന്ന് ലഭിക്കേണ്ടതാണ്. പിന്നെ കുറച്ചുതുക സ്റ്റേയിലും ലിറ്റിഗേഷനിലും കിടക്കുകയാണ്. യഥാർത്ഥത്തിൽ 200 കോടിയിൽ താഴെ മാത്രമേ നിങ്ങൾ പറയുന്ന ഈ വ്യക്തികളിൽനിന്ന് പിരിക്കാനുള്ളൂ. അതിൽത്തന്നെ പലതും ഡിസ്മാന്റിൽ ചെയ്തതും മറ്റുമാണ്.

ശ്രീ. എം. ഹംസ: സർ, അങ്ങ് തന്ന ഉത്തരത്തിൽ മൊബൈൽ കമ്പനിക്കാരുൾപ്പെടെ അടയ്ക്കാനുള്ള കുടിശ്ശികയുടെ ലിസ്റ്റുണ്ട്. ഒരു എസ്.എം.എസ്. അയയ്ക്കുന്നതിനും പാട്ട് കേൾക്കുന്നതിനുമൊക്കെ മൊബൈൽ കമ്പനിക്ക് നമ്മൾ

പണം കൊടുക്കുന്നുണ്ട്. അവരുടെ കുടിശ്ശിക പിരിക്കാത്തതെന്താണ്?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, അത് സംബന്ധിച്ച് കേസ്സുണ്ടായിരുന്നു. ഇപ്പോൾ കോടതിയുടെ വിധിയായിട്ടുണ്ട്.

ശ്രീ. എം. ഹംസ: സർ, പാവപ്പെട്ടവരിൽ നിന്ന് നികുതി പിരിച്ച് അവരുടെ നികുതി ഭാരം വർദ്ധിപ്പിക്കുകയും സമ്പന്നർക്ക് സ്റ്റേ കൊടുക്കുകയും ചെയ്യുന്ന നിലപാടാണ് കേരളത്തിലെ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മൂന്ന് വർഷം കൊണ്ട് കടബാധ്യത 46,584 കോടി രൂപ വർദ്ധിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോഴുള്ള കടം ഏകദേശം 80,000 കോടി രൂപയായിരുന്നു, അതിപ്പോൾ 1,25,258.17 കോടി രൂപയായി വർദ്ധിച്ചു. ഇങ്ങനെ കടം വർദ്ധിച്ചപ്പോൾ ജനങ്ങൾക്ക് എന്തെങ്കിലും ഗുണമുണ്ടായോ? ക്ഷേമപദ്ധതികൾ നടപ്പാക്കുന്നില്ല, കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക നൽകുന്നില്ല. കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ കൊടുക്കുന്നില്ല. പ്രതിപക്ഷ നേതാവിന്റെയും പ്രതിപക്ഷ ഉപനേതാവിന്റെയും ചോദ്യത്തിന് ബഹുമാനപ്പെട്ട ചെയറിന്റെ മിടുക്കുകൊണ്ട് പെൻഷൻ എന്ന് കൊടുക്കുമെന്നുള്ള ഉത്തരം സഭയിൽ പറയാതെ രക്ഷപ്പെട്ടില്ലേ?

ശ്രീ. ആർ. രാജേഷ്: സർ, ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. വി. എസ്. ശിവകുമാറിന്റെ മണ്ഡലത്തിലെ ഗവൺമെന്റ് ആയുർവേദ കോളേജിൽ പെൺകുട്ടികളടക്കമുള്ള വിദ്യാർത്ഥികൾ അവരുടെ പി.ജി.-യുമായി ബന്ധപ്പെട്ട വിഷയത്തിൽ ഇന്നലെ മുതൽ രാപ്പകൽ സമരം നടത്തുകയാണ്. ഒരു വിദ്യാർത്ഥിക്ക് 25,000 രൂപ വീതം സ്റ്റൈപ്പന്റ് കൊടുക്കേണ്ടി വരും എന്ന കാരണത്താൽ നിലവിൽ പി.ജി. കോഴ്സിന് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നില്ല. സാമ്പത്തിക പ്രതിസന്ധിയുടെ ഭാഗമായാണ് ഇങ്ങനെ ചെയ്യുന്നത്. ഇത്തരം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയാണ് നമ്മുടെ സമൂഹത്തിലുള്ളത് എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. ഹംസ: അങ്ങ് പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. അതുപോലെ ആശാ വർക്കേഴ്സിന് വർദ്ധിപ്പിച്ച ഓണറേറിയം 11 മാസമായി നൽകിയിട്ടില്ല. ആശാ വർക്കേഴ്സ് സമരത്തിലാണെന്ന കാര്യം ബഹുമാനപ്പെട്ട ചെയറിനും അറിവുള്ളതാണല്ലോ. പാലക്കാട് ജില്ലയിലെ ആദിവാസികളുടെ പ്രശ്നം നമ്മളെല്ലാം ഉയർത്തിയതാണ്. ആ സമയത്ത് ബഹുമാനപ്പെട്ട എം. ബി. രാജേഷ്,

എം.പി. നിരാഹാര സമരം നടത്തി. ആ നിരാഹാര സമരം ഒത്തു തീർപ്പാക്കാൻവേണ്ടി മന്ത്രിസഭയുടെ തീരുമാനമനുസരിച്ച് അന്ന് പത്രസമ്മേളനം നടത്തിയ മന്ത്രി ശ്രീ. കെ. സി. ജോസഫ് ബഹുമാനപ്പെട്ട എം.പി.യോടും സി.പി.ഐ.(എം)-ന്റെ കേരളത്തിലെ നേതാക്കളായ ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. എ. കെ. ബാലൻ എന്നിവരോടും പറഞ്ഞത് എസ്.ടി. ഫണ്ട് ട്രഷറി നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കുമെന്നാണ്. ആ നിയന്ത്രണം ഇപ്പോഴും ഒഴിവാക്കിയിട്ടില്ല. അന്ന് ശ്രീ. കെ. സി. ജോസഫ് കൊടുത്ത വാക്ക് പാലിക്കുമെന്ന് ഉറപ്പ് പറയാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇന്ന് തയ്യാറാകണം. ബിൽ പ്രസന്റ് ചെയ്യുമ്പോൾ യാതൊരു നിയന്ത്രണവുമില്ലാതെ എസ്.ടി. ഫണ്ട് ചെലവഴിക്കാനെങ്കിലും കഴിയണം. പട്ടികജാതി-പിന്നോക്കസമുദായക്ഷേമ വകുപ്പുമന്ത്രിയും പട്ടികവർഗ്ഗക്ഷേമ വകുപ്പുമന്ത്രിയും ഇവിടെ ഉണ്ട്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട മന്ത്രിമാർ ഇടപെടണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. രണ്ട് ദിവസം മുമ്പ് ചോദ്യോത്തര വേളയിൽ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ചോദിച്ച ചോദ്യത്തിന് അദ്ദേഹം പതിവുപോലെ ഉത്തരം പറയാതെ മാറിയ ഒരു കാര്യമുണ്ട്. ഐ.എ.വൈ. വീടുകൾക്കുള്ള ധനസഹായം രണ്ട് ലക്ഷം രൂപയും മൂന്ന് ലക്ഷം രൂപയുമൊക്കെ ആക്കിയെന്ന് പറയുമ്പോൾ, ഐ.എ.വൈ. വീടുകളുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിന്റെ നിർദ്ദേശാനുസരണം പ്രഖ്യാപിച്ച മറ്റൊരു കാര്യമുണ്ട് - 12 വർഷം വിൽക്കാനോ കൈമാറ്റം ചെയ്യാനോ പാടില്ലെന്ന് ബോണ്ട് വയ്ക്കണം, അതിന് നാലായിരം രൂപ ചെലവുണ്ട്. ഇങ്ങനെയൊരു നിബന്ധന വയ്ക്കുന്നതോടുകൂടി അവർക്ക് ബാങ്ക് വായ്പ എടുക്കാൻ കഴിയാതെ വരും. രണ്ടോ മൂന്നോ ലക്ഷം രൂപ കൊണ്ട് ഐ.എ.വൈ. പദ്ധതിയിൽപ്പെട്ട ആളുകൾക്ക് വീട് വയ്ക്കാൻ കഴിയില്ല, അവർക്ക് ബാങ്ക് വായ്പ വേണ്ടേ? വായ്പ കിട്ടാതെ ഈ പണം കൊണ്ട് വീട് വയ്ക്കാൻ കഴിയാത്ത അവസ്ഥയിലേക്ക് കേരളത്തെ എത്തിച്ചത് ബഹുമാനപ്പെട്ട കെ. എം. മാണി സർ കൈകാര്യം ചെയ്യുന്ന ധനകാര്യ വകുപ്പിന്റെ ഇടപെടലാണ്. ഐ.എ.വൈ. വീടുകൾ ഇന്ന് യാഥാർത്ഥ്യമല്ലാത്ത അവസ്ഥയിൽ എത്തിയിരിക്കുന്നു. എത്ര വീടുകളാണ് പൊളിച്ചത്; എത്ര സ്ഥലത്താണ് തറയിട്ടത്; ആളുകൾ വീട് വയ്ക്കാൻ കഴിയാതെ ഷെഡ് കെട്ടി കഴിയുകയാണ്. പാമ്പ് ഉൾപ്പെടെയുള്ള ജീവികൾ എത്തുന്ന സ്ഥലത്ത് കുട്ടികൾ ഉൾപ്പെടെ ഭീതിയോടെ കഴിയുന്ന പാവപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മനുഷ്യരുടെ വേദന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അറിയണം. ഇ.എം.എസ്. പാർപ്പിട പദ്ധതിയിലെ പോലെ ഐ.എ.വൈ. പദ്ധതിയിലും ബോണ്ട് വയ്ക്കുന്നത് 300 രൂപയാക്കണം. കൂടാതെ, വായ്പ എടുക്കാനുള്ള സൗകര്യമുണ്ടാകുമെന്ന വളരെ പ്രധാനപ്പെട്ട

പ്രഖ്യാപനം കൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയിൽ നിന്നുണ്ടാകണമെന്ന് ഞാൻ വളരെ വിനയത്തോടെ അഭ്യർത്ഥിക്കുന്നു.

മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത്, പഞ്ചായത്തുകൾക്ക് കിട്ടേണ്ട പെർഫോർമൻസ് ഗ്രാന്റ് എല്ലാ വർഷവും കിട്ടാറില്ല. ഓരോ പഞ്ചായത്തിനും പെർഫോർമൻസ് ഗ്രാന്റ് എത്ര രൂപ വീതം കിട്ടുമെന്ന് പറയാൻ കഴിയാത്ത രൂപത്തിൽ ധനകാര്യ വകുപ്പ് മാറിയില്ലേ; ഈ രൂപത്തിൽ ധനകാര്യ വകുപ്പ് വല്ലാത്ത പ്രതിസന്ധിയിലായില്ലേ? ഞാൻ ആവർത്തിക്കുകയാണ്, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി എത്ര നിഷേധിച്ചാലും, സാമ്പത്തിക അടിയന്തരാവസ്ഥയുടെ കാലഘട്ടത്തിലൂടെയാണ് ധനകാര്യ വകുപ്പുമന്ത്രി കേരളത്തെ കൊണ്ടുപോകുന്നത്.

ഇവിടെ സൂചിപ്പിക്കാനുള്ള മറ്റൊരു കാര്യം, ഭൂമിയുടെ രജിസ്ട്രേഷൻ ചാർജ്ജ് സംബന്ധിച്ച് അങ്ങ് ഒരു ഉത്തരവ് ഇറക്കിയിട്ടുണ്ട്. മുമ്പ് മുദ്രപ്പത്രത്തിന്റെ നിരക്ക് 2 ശതമാനമായിരുന്നു. അത് പിന്നീട് മാറ്റി പഞ്ചായത്തിന് 5 ശതമാനം, മുനിസിപ്പാലിറ്റിക്ക് 6 ശതമാനം, കോർപ്പറേഷന് 7 ശതമാനം എന്നിങ്ങനെ മൂന്ന് കാറ്റഗറിയായി തിരിച്ചു. ഇപ്പോൾ അങ്ങ് പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും ടൗൺ പഞ്ചായത്തിനും വ്യത്യാസമില്ലാതെ എല്ലാ കാറ്റഗറിക്കും 6 ശതമാനമാക്കി എന്തിനാണ് ഇങ്ങനെ ഏകീകരിക്കുന്നത്? എന്നാൽ ഭൂനികുതിയുമായി ബന്ധപ്പെട്ട് അങ്ങ് ഇറക്കിയിട്ടുള്ള ഓർഡിനൻസിൽ പഞ്ചായത്തിനും ടൗൺ പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനും വ്യത്യസ്തമായ നികുതിയാണ് പറയുന്നത്. എന്തുകൊണ്ടാണ് മുദ്രപ്പത്രത്തിന്റെ കാര്യത്തിൽ മാത്രം 6 ശതമാനം എന്ന ഏകീകരിച്ച സ്ലാബ് ആക്കിയത്? ഈ അപാകതയും പരിഹരിക്കണമെന്ന് വിനയത്തോടെ അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. എം. ഹംസ: സർ, പ്രധാനപ്പെട്ട മറ്റൊരു കാര്യം കൂടിയുണ്ട്. നെല്ല് സംഭരിച്ചിട്ടും അങ്ങ് നെൽകൃഷിക്കാർക്ക് പണം കൊടുക്കുന്നുണ്ടോ? ശ്രീ. കെ. അച്ചുതൻ ഉൾപ്പെടെയുള്ള എം.എൽ.എ. മാർ പരിപാടികൾക്ക് പോകുമ്പോൾ നെല്ല് നൽകിയിട്ടും പണം ലഭിക്കുന്നില്ലെന്ന് കർഷകർ പറയാറില്ലേ?

ശ്രീ. കെ. അച്ചുതൻ: സർ, 4 ദിവസം മുമ്പ് എല്ലാ കർഷകർക്കും മുഴുവൻ പണവും കൊടുത്തതായി അറിയുമോ? നെൽ കർഷകരെക്കുറിച്ച് എനിക്ക് അറിയാവുന്നത്രയും താങ്കൾക്ക് അറിയില്ലല്ലോ.

<u>ശ്രീ. എം. ഹംസ</u>: സർ, ഒരു പക്ഷേ ചിറ്റൂരിൽ മാത്രം കൊടുത്തുകാണും.

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, പാലക്കാട് ഡി.ഡി.സി.-യിൽ ബഹുമാനപ്പെട്ട ചെയർ കൂടി ഉണ്ടായിരുന്നതാണ്. 14 കോടി രൂപ പാലക്കാട് ജില്ലയിൽ കൊടുക്കാനുണ്ട്.

<u>ശ്രീ. എം. ഹംസ</u>: സർ, ഡി.ഡി.സി.-യിൽ മാത്രമല്ല, കഴിഞ്ഞ ശനിയാഴ്ച കൃഷി ഭവൻ കെട്ടിടം ഉദ്ഘാടനം ചെയ്യുന്ന യോഗത്തിൽ ഞാൻ പങ്കെടുത്തപ്പോൾ നെൽകൃഷിക്കാരുടെ പൈസ കിട്ടിയിട്ടില്ലെന്നാണ് ഒറ്റപ്പാലത്തെ കൃഷിക്കാർ പറഞ്ഞത്. ചിറ്റൂരിലുള്ള കർഷകർക്ക് പണം വാങ്ങിക്കൊടുക്കാൻ ശ്രീ. കെ. അച്ചുതന് കഴിഞ്ഞത് എങ്ങനെയാണെന്നറിയില്ല. ആ വിദ്യ ഞങ്ങളോടും കൂടി പറഞ്ഞാൽ ഞങ്ങളും നെൽകർഷകർക്ക് പണം വാങ്ങിക്കൊടുക്കാം. എന്തായാലും കർഷകർക്ക് പണം കിട്ടിയെന്ന് കേട്ടാൽ സന്തോഷമേയുള്ളു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ അതുംകൂടി പറയണമെന്ന് വളരെ വിനയത്തോടെ അഭ്യർത്ഥിക്കുന്നു.

പാലക്കാട് ജില്ലയിൽ വേനൽക്കാല/മഴക്കാല കൃഷിനാശത്തിന്റെ ധനസഹായം കിട്ടാനുണ്ട്. ഇക്കാര്യം പാലക്കാട് ഡി.ഡി.സി.-യിൽ കക്ഷി രാഷ്ട്രീയത്തിന് അതീതമായി കൃഷിക്കാർക്കുവേണ്ടി നമ്മളെല്ലാവരും പറഞ്ഞതാണ്. വേനൽമഴയിലും മഴക്കാലത്തും കൃഷി നശിച്ച കർഷകർക്ക് ഇതുവരെ പണം കിട്ടിയിട്ടില്ലെന്നുള്ളത് സത്യമാണ്. പാലക്കാട് ജില്ലയിലെ വരൾച്ചയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രി ശ്രീ. പി. ജെ. ജോസഫും പങ്കെടുത്ത പരിപാടികളിലെല്ലാം ഒരു പഞ്ചായത്തിൽ രണ്ട് കുളം വൃത്തിയാക്കാൻ പണം വേണമെന്ന് പറഞ്ഞു. അന്ന് പണം തരാമെന്ന് പറഞ്ഞെങ്കിലും ഏതെങ്കിലും പഞ്ചായത്തിന് പണം കിട്ടിയോ? ശ്രീ. കെ. അച്ചുതന് കിട്ടിയോ എന്നറിയില്ല, ഞങ്ങൾക്കൊന്നും കിട്ടിയിട്ടില്ല. അത്രയ്ക്കും സാമ്പത്തിക പ്രതിസന്ധിയാണ്, എല്ലാം കുളമായ സ്ഥിതിയാണ്. പണം ഉണ്ടാക്കാനുള്ള മാർഗ്ഗം കാണേണ്ടേ; നികുതി ചോർച്ച തടയുന്നതിന് എന്തെങ്കിലും ചെയ്യുന്നുണ്ടോ? വാളയാർ ചെക്ക് പോസ്റ്റിൽ 18 കൗണ്ടർ തുടങ്ങണമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അടിന്തരപ്രമേയത്തിൽ ആവശ്യപ്പെട്ടില്ലേ. അങ്ങ് 13 കൗണ്ടർ തുടങ്ങുമെന്ന് പറഞ്ഞു, 13 കൗണ്ടറുകൾ ഇപ്പോഴുണ്ടോ; ഡോ. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രി ആയിരുന്ന കാലത്ത് 15-18 കൗണ്ടറുകൾ ഉണ്ടായിരുന്നതല്ലേ; ആധുനിക രീതിയിലുള്ളതും അഴിമതിരഹിത ചെക്ക്പോസ്റ്റുമായിരുന്നില്ലേ; അവിടെ ആരെങ്കിലും കൈക്കൂലി വാങ്ങുന്നത് കണ്ടുപിടിച്ചുകൊടുത്താൽ അവർക്ക് അവാർഡ് കൊടുക്കുമെന്ന് പ്രഖ്യാപിച്ചില്ലേ; അന്നത്തെ പ്രതിപക്ഷ നേതാവ്

ശ്രീ. ഉമ്മൻ ചാണ്ടിയുടെയും അന്നത്തെ മുഖ്യമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ എം.എൽ.എ.-മാരെ മസ്കറ്റ് ഹോട്ടലിൽ വിളിച്ച് കൈക്കൂലി വാങ്ങിയ ഉദ്യോഗസ്ഥനെ പിടിച്ചുതന്നയാൾക്ക് സമ്മാനം കൊടുത്തില്ലേ; ഇന്ന് കേരളത്തിലെ ചെക്ക്പോസ്റ്റുകൾ അഴിമതിരഹിത ചെക്ക്പോസ്റ്റുകളാണെന്ന് ധനകാര്യ വകുപ്പുമന്ത്രിക്ക് പറയാൻ പറ്റുമോ; ആ ചെക്ക്പോസ്റ്റുകളിൽ അഴിമതി കാണിച്ച ആളുകളെ പിടിച്ചുകൊടുത്താൽ ഒരു ലക്ഷമോ രണ്ടുലക്ഷമോ രൂപ സമ്മാനം തരാമെന്ന് പറയാൻ ധനകാര്യ വകുപ്പുമന്ത്രിക്ക് കഴിയുമോ? കഴിയില്ല. നമ്മുടെ വിഭവങ്ങൾ ചോരുന്നത് തടയാൻ ആവശ്യമായ ഒരു സാഹചര്യവും ഇന്ന് കേരളത്തിൽ ഇല്ല. ഇവിടെ നികുതി ചോർച്ചയാണ്.

സർ, ക്രെഡിബിലിറ്റി വേണം. അങ്ങയുടെ തന്നെ മന്ത്രിസഭയിലെ ഒരംഗം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മന്ത്രിസഭയിൽ ഉണ്ടായിരുന്നപ്പോൾ ഒരു ആരോപണം ഉയർന്നുവന്നു. ഉടൻതന്നെ അന്നത്തെ മുഖ്യമന്ത്രി രാജിവയ്ക്കാൻ പറഞ്ഞതനുസരിച്ച് അദ്ദേഹം രാജിവച്ചു. പിന്നീട് കുറ്റവിമുക്തനായി മന്ത്രിസഭയിലേക്ക് തിരിച്ചുവന്ന ശ്രീ. പി. ജെ. ജോസഫിന്റെ മാതൃകയില്ലേ; ആ മാതൃക ഇന്നത്തെ ധനകാര്യ വകുപ്പുമന്ത്രി പിന്തുടർന്നാൽ എന്താണ് കുഴപ്പം? അദ്ദേഹം അങ്ങയുടെ പാർട്ടിയിലെ തന്നെ മെമ്പറാണ്. അങ്ങേക്കും കുറ്റവിമുക്തനായി വീണ്ടും മന്ത്രിയാകുന്ന അവസ്ഥയിലേക്ക് എത്തിക്കൂടെ? അങ്ങനെ തികച്ചും ക്രെഡിബിലിറ്റിയുള്ള ഒരു മന്ത്രിയും മന്ത്രിസഭയുമായി നമ്മുടെ മന്ത്രിസഭ മാറുന്നില്ലെന്നത് ഏറ്റവും ദുഃഖകരമാണ്.

മി. ചെയർമാൻ: അങ്ങ് 10 മിനിട്ടെന്ന് പറഞ്ഞിട്ട് 20 മിനിട്ടായി. ക്രെഡിബിലിറ്റി കളയരുത്.

ശ്രീ. എം. ഹംസ: സർ, ഞാനത് അംഗീകരിക്കുന്നു. ഇന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച, ഓർഡിനൻസിനെ നിയമമാക്കുന്നതിനുള്ള ഈ ബിൽ നിരാകരിക്കുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ കേരളത്തിലെ സാമ്പത്തികാടിയന്തരാവസ്ഥ പിൻവലിച്ചുകൊണ്ട്, എല്ലാവർക്കും സാമൂഹ്യക്ഷേമ പദ്ധതികൾ കൊടുക്കുന്ന, വികസനത്തിനുവേണ്ടി കരാറുകാരുടെ കുടിശ്ശിക കൊടുക്കുന്ന, പഴയകാല കേരളം പോലെ, ഡോ. തോമസ് ഐസകിന്റെ കാലത്തെ ട്രഷറി പോലെയാക്കണമെന്ന് പറയണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, അങ്ങനെയാണെങ്കിൽ ഇപ്പോൾ ട്രഷറി പൂട്ടേണ്ടിവരുമായിരുന്നു.

ശ്രീ. എം. ഹംസ: സർ, അന്ന് ഒരു നികുതിയും കൂട്ടാതെ തന്നെ വികസനത്തിന് ആവശ്യം പോലെ പണം നൽകി. മാത്രമല്ല 3,500 കോടി രൂപ മിച്ചമുണ്ടാക്കിയാണ് ട്രഷറി നിങ്ങൾക്ക് തന്നത്. ഡോ. തോമസ് ഐസക്കിനെ

പോലെ തേൻ നുകരണം; പക്ഷേ ഇതൾ അറിയരുത്, ആരെയും വേദനിപ്പിക്കാതെ, തേൻ നുകരാനുള്ള തന്ത്രം ഡോ. തോമസ് ഐസക്കിൽ നിന്നും മാണി സാർ കടമെടുത്ത് നടപ്പാക്കി സാമ്പത്തിക അടിയന്തരാവസ്ഥയിൽ നിന്ന് കേരളത്തെ രക്ഷിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. മാത്യു റ്റി. തോമസ്</u> : സർ, 22-ാം നമ്പർ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ഇന്ന് 7 ഓർഡിനൻസുകൾ ഒരു നിയമമായി കൊണ്ടുവന്നതിന് ബഹുമാനപ്പെട്ട സ്പീക്കർ അവതരണാനുമതി നൽകിയ സ്ഥിതിക്ക് ആ റൂളിംഗിനെ ഞാൻ ചോദ്യം ചെയ്യുന്നില്ല. ഈ നിയമത്തിന്റെ ഒന്നാം വകുപ്പിന്റെ രണ്ടാം ഉപവകുപ്പ് എടുക്കുമ്പോൾത്തന്നെ ഇതിന്റെ അർത്ഥശൂന്യത പുറത്തുവരികയാണ്. സമയക്കുറവു കൊണ്ട് അതിന്റെ വിശദാംശങ്ങൾ ഞാൻ പറയുന്നില്ല. ഇപ്പോൾ നമ്മുടെ മുമ്പിലുള്ള ബില്ലിലെ ഓരോ വകുപ്പുകളും വ്യത്യസ്ത തീയതികളിൽ നിലവിൽ വന്നുവെന്ന തരത്തിലാണ്. അതെല്ലാം നമ്മൾ നേരത്തെ പാസ്സാക്കിയിട്ടുണ്ട്. അതിനൊന്നും യാതൊരു തടസ്സവുമില്ലായെന്ന് ഞാൻ സമ്മതിക്കുന്നു. വ്യത്യസ്ത വകുപ്പുകൾ വ്യത്യസ്ത തീയതികളിൽ ഇറക്കിയ പല ഓർഡിനൻസുകളും സംയോജിപ്പിച്ച് ഒറ്റ നിയമമാക്കിയതുകൊണ്ടാണ് ഈ നിയമത്തിലെ വിവിധ വകുപ്പുകൾ നിലവിൽ വരുന്നതിനുവേണ്ടി കൊടുത്തിരിക്കുന്ന തീയതികളും വ്യത്യസ്തമായിരിക്കുന്നത്. നവംബർ മാസം 13-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ട രണ്ടു വകുപ്പുകളുണ്ട്. അതിനർത്ഥം രണ്ട് ഓർഡിനൻസുകൾ ഇറക്കിയത് നിയമസഭ കൂടുന്നതിനായി മന്ത്രിസഭ തീരുമാനിക്കുന്നതിന് രണ്ടുദിവസം മുമ്പാണ്. എന്റെ വളരെ ലളിതമായ ചോദ്യം, ഈ 7 ഓർഡിനൻസുകളും കൂടി വേണമെങ്കിൽ ഒറ്റ ഓർഡിനൻസായി ഇറക്കാമായിരുന്നില്ലേ; ഇനി അങ്ങനെയല്ലെങ്കിൽ നിയമസഭ ഉടനെ കൂടുന്ന സ്ഥിതിക്ക് കുറച്ചുദിവസത്തേക്കുകൂടി മാറ്റിവച്ചിട്ട് നിയമസഭയിൽ ബില്ലായി കൊണ്ടുവന്നാൽ പോരായിരുന്നോ? നവംബർ മാസം 13-ാം തീയതി മുതൽ നിലവിൽ വരേണ്ട ഒരു ഓർഡിനൻസ് ഡിസംബർ മാസം 1-ാം തീയതി കൂടുന്ന നിയമസഭാ സമ്മേളനത്തിനുമുമ്പായി പുറപ്പെടുവിക്കാൻ തക്കവണ്ണമുള്ള അർജൻസി ഈ സഭയെ ബോദ്ധ്യപ്പെടുത്താൻ ധനകാര്യ വകുപ്പുമന്ത്രിയും സർക്കാരും ബാദ്ധ്യസ്ഥരാണ്. അതിൽ അങ്ങ് പരാജയപ്പെട്ടുവെന്നാണ് എന്റെ അഭിപ്രായം. ഞാൻ ആദ്യമായി നിയമസഭാംഗമായത് 1987-ലാണ്. 1986-87

സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് അവതരിപ്പിച്ച അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ഒരു അത്ഭുതം കാട്ടിയിരുന്നു. ഞങ്ങളൊക്കെ അന്ന് ആ ബഡ്ജറ്റിനെ വിശേഷിപ്പിച്ചിരുന്നത് 'കമ്മിച്ച' ബഡ്ജറ്റെന്നായിരുന്നു. കാരണം ആ ബഡ്ജറ്റ് കമ്മിയാണോ മിച്ചമാണോ എന്നറിയാൻ കഴിയില്ലായിരുന്നു. കമ്മിയാണെന്നും പറയാം മിച്ചമാണെന്നും പറയാമെന്ന തരത്തിലായിരുന്ന അന്നത്തെ ബഡ്ജറ്റ്. 1986-87-ലെ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയുടെ മുഖമാണ് ഇന്ന് നിയമസഭയിൽ കണ്ടത്. അന്ന് കമ്മിയാണോ മിച്ചമാണോയെന്ന് പറയാൻ സാധിക്കാത്തതുപോലെ ഇന്ന് സാമ്പത്തിക പ്രതിസന്ധി ഉണ്ടോയെന്ന് ചോദിച്ചാൽ 'ഉണ്ട്' എന്നും പറയാം 'ഇല്ല' എന്നും പറയാം. പഴയ കമ്മിച്ച ബഡ്ജറ്റിന്റെ മറ്റൊരു പകർപ്പായിട്ടാണ് 2014-ൽ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ഇരിക്കുന്നത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടി' ഓരോ തൊപ്പിയും ഓരോ തലയ്ക്ക് വ്യത്യസ്ത രീതിയിൽ ചേരും' എന്നാണ്. എന്നുപറഞ്ഞാൽ സാമ്പത്തിക പ്രതിസന്ധിയെന്ന് ഈ ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളിൽ പറയാം പ്രതിസന്ധി 'ഇല്ല' എന്ന് നിയമസഭയിൽ ചോദ്യോത്തരത്തിൽ പറയാം. ഓരോ തലയ്ക്കും ഓരോ തൊപ്പി ഓരോ തരത്തിൽ ചേരും എന്നുപറയുന്നത് പഴയ കമ്മിച്ച ബഡ്ജറ്റിന്റെ മറ്റൊരു രൂപമായി ഓർമ്മിച്ച് പോകുകയാണ്. അധിക നികുതി എന്തുകൊണ്ട് വന്നു? ജനങ്ങളുടെ തലയിൽ ഏതാണ്ട് 2,000 കോടി രൂപയുടെ ബാദ്ധ്യതയെന്നു പറയുന്നു. ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഉന്നയിച്ച ഒരു ക്രമപ്രശ്നം, ഈ വർഷത്തെ ബഡ്ജറ്റിലൂടെ (ബഡ്ജറ്റ് എന്ന ഒരു വാക്ക് നമ്മുടെ ഭരണഘടനയിലില്ല, ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് ഓഫ് എസ്റ്റിമേറ്റഡ് റെസീപ്റ്റ്സ് ആന്റ് എക്സ്പെൻഡിച്ചർ എന്നാണുള്ളത്) നാം ലക്ഷ്യം വച്ച നികുതി പിരിഞ്ഞുകിട്ടാതെ വന്നതിന്റെ കാരണമെന്താണ്; ബഡ്ജറ്റിൽ എസ്റ്റിമേറ്റഡ് എക്സ്പെൻഡിച്ചർ കൂടിയോ? ഭരണ രംഗത്തെ കെടുകാര്യസ്ഥതയുടെ ഭാരം മുഴുവൻ സാധാരണക്കാരായ ജനങ്ങളുടെ തലയിൽ വച്ചുകെട്ടാൻ വേണ്ടിയാണ് ഇപ്പോൾ 7 ഓർഡിനൻസുകളും ഈ ബില്ലും വന്നിരിക്കുന്നതെന്നത് പ്രകടമാണ്. എനിക്ക് തൊട്ടുമുമ്പേ സംസാരിച്ച ശ്രീ. എം. ഹംസ പ്രസംഗം നിർത്തുമ്പോൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക്കിന്റെ പാതയിലേക്ക് വരണമെന്നു പറഞ്ഞപ്പോൾ ഇപ്പോഴത്തെ ധനകാര്യ വകുപ്പുമന്ത്രി അവിടെയിരുന്ന് പ്രതികരിച്ചു. 'എന്നാൽ എല്ലാം കുളമായി' എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. അതുകൊണ്ടുതന്നെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ സാമ്പത്തിക സ്ഥിതിയിലേക്ക് ഒരു ഓട്ടപ്രദക്ഷിണം നടത്താൻ ഞാൻ

ബാദ്ധ്യസ്ഥനായിത്തീർന്നിരിക്കുകയാണ്. എൽ.ഡി.എഫ്. ഭരണമൊഴിഞ്ഞ 2010-11 സാമ്പത്തിക വർഷത്തെ റവന്യൂ കമ്മി 3,673 കോടി രൂപ മാത്രമായിരുന്നു. അതായത് സംസ്ഥാനത്തിന്റെ മൊത്തം വാർഷിക വരുമാനത്തിന്റെ 1.3%. അത് പെർമിസിബിൾ ആണ്. എന്നാൽ 2011-12 മുതൽ എന്താണ് സ്ഥിതി? 2011-12-ൽ പ്രതീക്ഷിച്ച കമ്മി, ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് ഓഫ് എസ്റ്റിമേറ്റഡ് റെസീപ്റ്റ്സ് ആന്റ് എക്സ്പെൻഡിച്ചറിലെ 'ഫൈനൽ ടൈ' ('ഫൈനൽ ടൈ' എന്നാണ് ബഹുമാനപ്പെട്ട മുൻ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ഉപയോഗിച്ചത്) 5,534 കോടി രൂപയായിരുന്നു. അത് യഥാർത്ഥ കമ്മിയായപ്പോൾ 8,034 കോടി രൂപയായി വർദ്ധിച്ചു, അതായത് പ്രതീക്ഷിച്ച കമ്മിയെക്കാൾ 2,500 കോടി രൂപ കൂടുതലായി. 2012-13 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിലൂടെ പ്രതീക്ഷിച്ച കമ്മി 3,463 കോടി രൂപയായിരുന്നത് യഥാർത്ഥ കമ്മി വന്നപ്പോൾ 9,351 കോടി രൂപയായി. അധികമായി വന്നത് 5,888 കോടി രൂപയാണ്. 2013-14 ആയപ്പോൾ സ്ഥിതി പിന്നെയും വഷളായി. ബഡ്ജറ്റിലൂടെ പ്രതീക്ഷിച്ച കമ്മി 2,261 കോടി രൂപയായിരുന്നെങ്കിൽ യഥാർത്ഥ കമ്മി 11,314 കോടി രൂപയായി, അധിക കമ്മി 9,053 കോടി രൂപയായി വർദ്ധിച്ചു. 2014-15-ലെ പ്രതീക്ഷിക്കുന്ന കമ്മി 7,133 കോടി രൂപയാണ്. അത് 15,000 കോടി രൂപ കവിഞ്ഞേക്കുമെന്ന സ്ഥിതിയാണ്. 2014-15 ആകുമ്പോൾ നമ്മുടെ കമ്മി പൂജ്യം ശതമാനത്തിലെത്തിക്കാമെന്ന നിഗമനത്തിലാണ് ഫിസ്കൽ റെസ്പോൺസിബിലിറ്റി ആക്ട് (ധന ഉത്തരവാദിത്വ നിയമം) എന്ന നിയമം നമ്മൾ പാസ്സാക്കിയത്. 2014-15 ആകുമ്പോൾ നമ്മുടെ കമ്മി പൂജ്യമാകണം. പക്ഷേ, കഴിഞ്ഞ വർഷത്തെ കമ്മി 11,314 കോടി രൂപയായിരുന്നെങ്കിൽ, 2014-2015-ൽ പ്രതീക്ഷിക്കുന്ന കമ്മി 7,000 കോടി ആണെങ്കിൽ, അത് 15,000 കോടി രൂപ കവിയുന്ന സ്ഥിതിവിശേഷമുണ്ടായിരിക്കുകയാണ്. ആ സ്ഥിതിവിശേഷമുണ്ടായത് ഈ ഗവൺമെന്റിന്റെ പിടിപ്പുകേട് കൊണ്ടാണ് എന്ന് ശ്രീ. എം. ഹംസ ഇവിടെ സൂചിപ്പിച്ചപ്പോൾ അതിനോട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രതികരണം വന്നതുകൊണ്ടാണ് ഈ കണക്കുകളിലേക്ക് പോകാൻ ഞാൻ നിർബന്ധിതനായത്. ഓവർ ഡ്രാഫ്റ്റിന്റെ സ്ഥിതിയെന്താണ്? 2001-2006 വരെയുള്ള യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഒരു വർഷം ശരാശരി 180 ദിവസം ഓവർ ഡ്രാഫ്റ്റിലായിരുന്നു. എൽ.ഡി.എഫ്.-ന്റെ ഭരണകാലത്തും ആദ്യത്തെ രണ്ടുവർഷം ഓവർ ഡ്രാഫ്റ്റുണ്ടായിരുന്നു. പക്ഷേ,

2009-10-നു ശേഷം റിസർവ് ബാങ്കിൽനിന്ന് കൈവായ്പ്പപോലും എടുക്കേണ്ട സ്ഥിതിവിശേഷമുണ്ടായിട്ടില്ല. അന്നത്തെ ധനകാര്യ വകുപ്പിന്റെ ഫിനാൻഷ്യൽ മാനേജ്മെന്റ് മെച്ചപ്പെട്ടതായിരുന്നുവെന്ന് ശ്രീ. എം. ഹംസ പറഞ്ഞപ്പോൾ അങ്ങ് ഇത്രമാത്രം ആക്ഷേപിക്കേണ്ടിയിരുന്നില്ലായെന്ന് വിനയപൂർവ്വം അങ്ങയോട് പറയാൻ വേണ്ടി മാത്രമാണ് ഞാനിത് സൂചിപ്പിച്ചത്. ഈ ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളിൽ 'ഉണ്ട്' എന്നും ചോദ്യോത്തരത്തിൽ 'ഇല്ല' എന്നും പറയുന്ന പ്രതിസന്ധിയുടെ കാരണമെന്താണ്? ഒരു നാട്ടിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണെങ്കിൽ സാമ്പത്തിക ചെലവു വരും. ഇവിടെ പദ്ധതി ചെലവുകളും നിർമ്മാണ പ്രവർത്തനങ്ങളും സ്തംഭനത്തിലാണ്. പദ്ധതി ചെലവിൽ നാം പ്രതീക്ഷിക്കുന്ന നേട്ടം കൈവരിക്കാൻ സാധിക്കുന്നില്ല. നിർമ്മാണരംഗത്തെ ചെലവ് ഏകീകരിക്കാൻ കഴിയുന്നില്ല. പി.ഡബ്ല്യൂ.ഡി. കരാറുകാർക്ക് കുടിശ്ശികയുണ്ട് എന്നുപറയുമ്പോൾ കരാറുകാർക്ക് പണം കൊടുക്കാനുള്ള വ്യഗ്രതയിലല്ല. നാട്ടിലെ നിർമ്മാണ പ്രവൃത്തികളിൽ സ്തംഭനമുണ്ടാകുന്നു. അതേസമയം പദ്ധതിചെലവും നിർമ്മാണ പ്രവർത്തനവും സ്തംഭനത്തിലെത്തുമ്പോൾ തന്നെ സർക്കാർ ചെലവുകൾ ലക്കും ലഗാനുമില്ലാതെ വർദ്ധിക്കുകയാണ്. ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലാത്ത ചെലവുകൾ പ്രഖ്യാപിക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ബഡ്ജറ്റിന്റെ മറുപടി പ്രസംഗം നടത്തികൊണ്ടിരിക്കുമ്പോൾ ഭരണകക്ഷിയിലെ ഒരു എം.എൽ.എ. ചെവിയിൽ വന്നു പറഞ്ഞാൽ നിനക്കുമിരിക്കട്ടെ ഒരു താലൂക്ക് എന്നു പറഞ്ഞ് താലൂക്ക് അനുവദിച്ചുകൊടുക്കുന്ന അവസ്ഥ നമ്മൾ കണ്ടതല്ലേ; ഇതൊന്നും എസ്റ്റിമേറ്റിലില്ലല്ലോ. താലൂക്ക് അനുവദിക്കുന്നതിന് റവന്യൂ വകുപ്പിന്റെ ഒരു ഫയൽ വേണ്ടേ; ആ ഫയൽ മന്ത്രിസഭയിൽ പോകണ്ടേ; അതിന്റെ സാമ്പത്തികമായ ബാദ്ധ്യത പരിശോധിക്കണ്ടേ? ചെവിയിൽ വന്ന് പറയുമ്പോൾ താലൂക്ക് പിടിച്ചോ എന്നുപറയുന്ന ലക്കും ലഗാനുമില്ലാത്ത പോക്കാണ് 2011 മുതൽ ഈ സംസ്ഥാനത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പ്രസംഗിക്കുമ്പോൾതന്നെ കോളേജുകൾ കൊടുക്കുന്നില്ലേ; ഹയർ സെക്കണ്ടറി സ്കൂളുകൾ കൊടുത്തതിൽ വല്ല നയവുമുണ്ടോ; കഴിഞ്ഞ ദിവസം ഇവിടെ എക്സൈസ് വകുപ്പുമന്ത്രി പറഞ്ഞു, ഒരു ജനായത്ത ഭരണ സമ്പ്രദായത്തിൽ ആത്യന്തികമായ നയം തീരുമാനിക്കാനുള്ള അവകാശം കോടതിക്കല്ല, രാഷ്ട്രീയ ഭരണ നേതൃത്വത്തിനാണെന്ന്. ഞങ്ങൾ അത് സമ്മതിച്ചു. പക്ഷേ സർക്കാർ സ്കൂളുകളിൽ പ്ലസ്ടു അനുവദിക്കുന്ന കാര്യത്തിൽ നയമുണ്ടായോ? ഗവൺമെന്റ് പ്രഖ്യാപിച്ച ഒരു നയമുണ്ടായിരുന്നു, അതാണോ നടപ്പായത്? പ്ലസ്ടു ഇല്ലാത്ത പഞ്ചായത്തുകളിൽ സർക്കാർ സ്കൂളുകൾക്ക് മുൻഗണന,

അവിടെ സർക്കാർ സ്കൂളുകൾ ഇല്ലെങ്കിൽ കോർപ്പറേറ്റ് മാനേജ്മെന്റുകൾക്ക് മുൻഗണന എന്നതായിരുന്നു ഗവൺമെന്റ് നയം. അങ്ങനെ സർക്കാർ സ്കൂളുകൾക്കോ കോർപ്പറേറ്റ് മാനേജ്മെന്റുകൾക്കോ അല്ലാതെ പ്ലസ്ടു ഇല്ല എന്ന നയം പ്രഖ്യാപിച്ചെങ്കിൽ ആ നയം എവിടെയെല്ലാം മാറ്റി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മണ്ഡലത്തിൽ മറ്റക്കര ഹൈസ്കൂളിൽ പ്ലസ്ടു കൊടുത്തപ്പോൾ വിവരാവകാശ നിയമപ്രകാരം കിട്ടിയ വിവരമനുസരിച്ച് അതൊരു വ്യക്തിഗത സ്കൂളാണ്, കോർപ്പറേറ്റ് മാനേജ്മെന്റല്ല എന്നാണ് അറിയാൻ കഴിഞ്ഞത്. ഈ പറയുന്ന നയമല്ലല്ലോ നടപ്പാക്കുന്നത്. പറയുന്ന നയം നടപ്പാക്കാതെ വ്യക്തമായ മാനദണ്ഡമില്ലാത്ത പോക്കാണ് ഈ സർക്കാരിന്റേത്. ഈ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് ബില്ലിൽ പറയുന്നതും ഉത്തരത്തിൽ ഇല്ല എന്നുപറയുന്നതുമായ പ്രതിസന്ധി ഉണ്ടാക്കിയെടുത്തത് ലെക്കും ലെഗാനുമില്ലാത്ത പോക്കുകൊണ്ടാണ്. നികുതി പിരിവിലുണ്ടായ വീഴ്ച ഇവിടെ ചൂണ്ടിക്കാണിച്ചു. എത്ര രൂപ ഇപ്പോൾ നികുതി കുടിശ്ശികയുണ്ട് എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സഭയോട് പറയണം. ഒരു ഘട്ടത്തിൽ പറഞ്ഞു നികുതി കുടിശ്ശിക 23,000 കോടി രൂപയുണ്ടെന്ന്, പിന്നീട് പറഞ്ഞു അത്രയുമില്ലായെന്ന്. പക്ഷേ 23,000 കോടി രൂപയുണ്ട് എന്ന് നികുതി വകുപ്പ് കണക്കുകൂട്ടാൻ തക്കവണ്ണം അവരെ നയിച്ച സാഹചര്യം എന്താണ്? 23,000 കോടി രൂപ കുടിശ്ശികയുണ്ടെന്നത് ഒരു ഘട്ടത്തിൽ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയിൽ വച്ച കണക്കാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിക്കുമ്പോൾ പ്രതിവർഷം 18 മുതൽ 20 ശതമാനം വരെ നികുതി പിരിവിൽ വർദ്ധനവുണ്ടായി. ഇപ്പോൾ അത് 10 ശതമാനത്തിൽ താഴെയാണ്. ഇവിടെ നികുതി നിരക്കുകൾ വർദ്ധിപ്പിക്കുകയാണ്. നികുതി നിരക്ക് വർദ്ധിപ്പിച്ചിട്ടും പിരിവ് കുറയുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. മൂന്നുതവണ ബസ് ചാർജ് വർദ്ധിപ്പിച്ചു. പക്ഷേ കളക്ഷൻ കുറയുന്നു. നിരക്ക് വർദ്ധിപ്പിക്കുമ്പോൾ പിരിവ് കുറയുന്നതിന്റെ കാരണമെന്താണ്? ചില ഐറ്റങ്ങൾക്ക് വാറ്റ് നികുതി നാല് ശതമാനത്തിൽ നിന്ന് അഞ്ച് ശതമാനമാക്കിയില്ലേ? നാല് ശതമാനം അഞ്ച് ശതമാനമായി വർദ്ധിപ്പിക്കുമ്പോൾ വർദ്ധനവിലൂടെ കിട്ടുന്നത് 25 ശതമാനമാണ്. നാലിന്റെ 25 ശതമാനം കൂട്ടുമ്പോഴാണല്ലോ അഞ്ച് ആകുന്നത്. എന്നിട്ടും ഈ സംസ്ഥാനത്ത് നികുതി പിരിവ് 10 ശതമാനത്തിൽ താഴെ നിൽക്കുകയാണ്. തുണിക്ക് നികുതി കൊണ്ടുവന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവണ്മെന്റിന് അഞ്ച് വർഷത്തിനിടയിൽ ആകെക്കൂടി വന്ന അധിക വിഭവ സമാഹരണം 1,938 കോടി രൂപയായിരുന്നുവെങ്കിൽ നാലു ബഡ്ജറ്റുകൊണ്ട്

യു.ഡി.എഫ്. ഗവൺമെന്റ് 5,000 കോടിയും ഇപ്പോൾ ഈ ഓർഡിനൻസിലൂടെ ഏകദേശം 2,000 കോടി രൂപയും വച്ചിട്ടുണ്ട്. ഈ സാമ്പത്തിക പ്രതിസന്ധിയുടെ കാരണം നിങ്ങളുടെ പിടിപ്പുകേടും അഴിമതിയും കെടുകാര്യസ്ഥതയുമാണ്. അത് പാവപ്പെട്ട ജനങ്ങളുടെ തലയിൽ വച്ചുകൊടുക്കാനുള്ള നിയമ നിർമ്മാണമാണ് സംസ്ഥാനത്ത് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. നിങ്ങൾ ലെക്കും ലെഗാനുമില്ലാതെ ഭരണ നിർവ്വഹണം നടത്തിയതിന്റെ ഉത്തരവാദിത്വം ഇവിടത്തെ ജനങ്ങൾക്കല്ല. അത് ഇവിടത്തെ ജനങ്ങളുടെ തലയിലേക്ക് വച്ചുകൊടുക്കുന്നത് നീതീകരിക്കാനാവാത്ത സ്ഥിതിയാണ്. കേന്ദ്ര സഹായം കുറഞ്ഞുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പലയിടത്തും പറഞ്ഞുകേട്ടു. എന്റെ കൈവശം ലഭ്യമായ കണക്കുകൾ വച്ച് നോക്കുമ്പോൾ സെപ്റ്റംബർ മാസം വരെ 5,492 കോടി രൂപയുടെ സഹായം കിട്ടിയെന്നാണ് മനസ്സിലാകുന്നത്. കഴിഞ്ഞ വർഷം 4,635 കോടി രൂപ കിട്ടിയ സ്ഥാനത്ത് 856 കോടി രൂപ അധികമാണ്. 18.40 ശതമാനം അധികം കിട്ടിയിരിക്കുന്നു. കേന്ദ്രത്തിൽ നിന്ന് പതിനെട്ടര ശതമാനം അധികം കിട്ടിയപ്പോഴും സംസ്ഥാനത്തെ നികുതി വർദ്ധനവ് പത്തു ശതമാനത്തിൽ താഴെ നിൽക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഭരിക്കുമ്പോൾ 20 ശതമാനം നികുതി വർദ്ധനവാണ് എല്ലാവർഷവും ഉണ്ടാവുക. ഇപ്പോൾ നിങ്ങൾ ഭരിക്കുമ്പോൾ കേന്ദ്രസഹായം പതിനെട്ടര ശതമാനം അധികമായി കിട്ടിയിട്ടും സംസ്ഥാനത്തിന്റെ നികുതി വർദ്ധനവ് പത്തുശതമാനത്തിൽ താഴെ നിൽക്കുന്നത് പിടിപ്പുകേടാണ്. ആ പിടിപ്പുകേടിന്റേയും കെടുകാര്യസ്ഥതയുടെയും പാപഭാരം ഇവിടത്തെ പാവപ്പെട്ട ജനങ്ങളുടെ തലയിൽ വയ്ക്കണമെന്നുപറയുന്നതിൽ യാതൊരു ന്യായവുമില്ല.

മി. ചെയർമാൻ : ശ്രീ. മാത്യു റ്റി. തോമസ്, അങ്ങ് കക്ഷിനേതാവാണ്. അങ്ങയെ നിയന്ത്രിക്കുകയല്ല. 15 മിനിട്ടായി. ഇനി അങ്ങേക്ക് എത്ര സമയം കൂടി വേണം.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ഞാൻ അധികം താമസിയാതെ നിറുത്താം. ഇവിടെ ഗവൺമെന്റ് പ്രഖ്യാപിക്കുന്ന നയങ്ങൾ വല്ലതും നടക്കാറുണ്ടോ. നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് എല്ലാ വർഷവും റിവോൾവിംഗ് ഫണ്ട് ഉണ്ടാക്കാറുണ്ട്. ഈ പ്രശ്നം ഇപ്പോൾ ഇവിടെ ശ്രീ. എം. ഹംസ ഉന്നയിച്ചതാണ്. നമ്മുടെ പ്രിയപ്പെട്ട കെ. അച്ചുതന്റെ മണ്ഡലത്തിൽ എല്ലാപേർക്കും നെല്ല് സംഭരണത്തിന്റെ കാശ് കൊടുത്തു. അങ്ങയുടെ മണ്ഡലത്തിലുള്ളവർക്ക് കൊടുക്കുന്നില്ല എന്ന്. എന്താണ് ഇതിന്റെയൊക്ക അർത്ഥം?

മി. ചെയർമാൻ : എന്റെ മണ്ഡലത്തിൽ കൊടുത്തിട്ടുണ്ട്. കൊടുത്തുവെന്ന്

ഇന്നലെ കൃഷി വകുപ്പുമന്ത്രി ഇവിടെ പറഞ്ഞതാണ്.

ശ്രീ. മാത്യു റ്റി. തോമസ്: അപ്പോൾ എല്ലാ യു.ഡി.എഫ്. എം.എൽ.എ.-മാരുടെയും മണ്ഡലത്തിൽ കൊടുത്തുവെന്നാണോ?

മി. ചെയർമാൻ : അതെനിക്കറിയില്ല. അന്വേഷിച്ചിട്ട് പറയാം.

ശ്രീ. മാത്യു റ്റി. തോമസ്: സർ, ശ്രീ. എ. കെ. ബാലനും ശ്രീ. എം. ഹംസയും ചൂണ്ടിക്കാണിച്ചത് പാലക്കാട് ഡി.ഡി.സി.-യിൽ കഴിഞ്ഞ ദിവസം വച്ച കണക്കനുസരിച്ച് 14 കോടി രൂപ ഇനിയും നെല്ല് സംഭരണക്കാർക്ക് കൊടുക്കാനുണ്ടെന്നാണ്. അങ്ങയുടെ മണ്ഡലത്തിൽ കൊടുത്തു, ശ്രീ. കെ. അച്ചുതന്റെ മണ്ഡലത്തിൽ കൊടുത്തു. ശ്രീ. എം. ഹംസയുടെയും ശ്രീ. എ. കെ. ബാലന്റെയും മണ്ഡലത്തിൽ കൊടുക്കുന്നില്ല. ഈ വേർതിരിവ് ശരിയല്ല. ഡി.ഡി.സി.-യിൽ ഉണ്ടായിയെന്ന തരത്തിൽ ശ്രീ. എ. കെ. ബാലൻ ഇവിടെ പറഞ്ഞ വിഷയമാണിത്. അതുപോട്ടെ, ഞാൻ പാലക്കാട് ജില്ലയിലെ വിഷയത്തിലേക്ക് കടക്കുന്നില്ല. നെൽ കർഷകർക്ക് യഥാസമയം പണം കൊടുക്കാൻവേണ്ടി ഒരു റിവോൾവിംഗ് ഫണ്ടുണ്ടാക്കുമെന്ന് അങ്ങ് ബഡ്ജറ്റിലൂടെ പ്രഖ്യാപിച്ചിട്ട് എത്രനാളായി. എന്നിട്ട് അത് നടത്താൻ കഴിഞ്ഞോ? അത് ഞങ്ങളെല്ലാം സ്വാഗതം ചെയ്ത വിഷയമല്ലേ? കഴിഞ്ഞ വർഷം നാട്ടിൽ വ്യാപകമായി കുളമ്പുരോഗമുണ്ടായി. നിരവധി കന്നുകാലികൾ ചത്തു. മൃഗസംരക്ഷണ വകുപ്പ് 20,000 രൂപയും ക്ഷീരവികസന വകുപ്പ് 10,000 രൂപയും മിൽമ 10,000 രൂപയും വീതം മൊത്തം 40,000 രൂപ വച്ച് കൊടുക്കുമെന്നുപറഞ്ഞു. എത്രശതമാനം കർഷകർക്ക് അത് ലഭിച്ചു. മിൽമ ഒരു പൈസയും കൊടുത്തില്ല. പോട്ടെ, അത് ഗവൺമെന്റ് സ്ഥാപനമല്ല എന്നുപറയാം. ക്ഷീര വികസന വകുപ്പ് എത്രപേർക്ക് കൊടുത്തു, മൃഗസംരക്ഷണ വകുപ്പ് പൂർണ്ണമായി കൊടുത്തിട്ടുണ്ടോ? ഇപ്പോൾ താറാവ് രോഗം വന്ന് താറാവുകളൊക്കെ ചത്തൊടുങ്ങി. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രി റൂൾ 300 പ്രകാരം ഈ സഭയിൽ ഒരു സ്റ്റേറ്റ്മെന്റ് വച്ചു. പത്തനംതിട്ട ജില്ലയിൽ എന്റെ നിയോജക മണ്ഡലത്തിലാണ് താറാവുകൾ ചത്തൊടുങ്ങിയത്. ഞങ്ങളൊക്കെ അവിടത്തെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരാണ്. മന്ത്രി നിയമസഭയിൽ വച്ച കണക്കനുസരിച്ച് രണ്ട് കള്ളിംഗ് ടീം അവിടെ ഉണ്ടായിരുന്നുവെന്നാണ് പറഞ്ഞത്. ഞാൻ കളക്ടറേയും അവിടത്തെ

ആനിമൽ ഹസ്ബന്ററിക്കാരേയും വിളിച്ച് എത്ര ടീം താറാവുകളെ കൊന്നൊടുക്കാൻ ഉണ്ടായിരുന്നുവെന്ന് അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത് 10 ടീം ഉണ്ടായിരിന്നു എന്നാണ്. കളക്ടറുടെ കണക്കനുസരിച്ച് 10 ടീമും മന്ത്രി നിയമസഭയിൽ വച്ചപ്പോൾ 2 ടീമും. ഇത് എന്താണ്; എൽ.ഡി.എഫ്.-ലെ ഒരു എം.എൽ.എ.-യുടെ മണ്ഡലത്തിലായതു കൊണ്ട് രണ്ട് ടീമായി കുറയ്ക്കുകയാണ്. പ്രഖ്യാപിക്കുന്ന ആനുകൂല്യങ്ങൾ ജനങ്ങൾക്ക് കൊടുക്കുന്നില്ല. ഒരു മേഖലയിലും നിങ്ങൾ ബഡ്ജറ്റിലൂടെയും അല്ലാതെയും പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ കൊടുക്കാതിരിക്കുന്നതുകൊണ്ട് എന്തെല്ലാം ബുദ്ധിമുട്ടാണ് ഉണ്ടാകുന്നത്? ഇപ്പോൾ ഈ നികുതി നിർദ്ദേശങ്ങളിലല്ലാതെ അധിക നികുതി വരുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ വെള്ളത്തിന്റെ നിരക്ക് വർദ്ധിപ്പിക്കാൻ വേണ്ടി നിയമനിർമ്മാണം ആവശ്യമില്ല. ഒരു എക്സിക്യൂട്ടീവ് ഉത്തരവ് മതി. അങ്ങനെ വാട്ടർ അതോറിറ്റിയുടെ വെള്ളത്തിന്റെ നിരക്ക് കൂട്ടിയില്ലേ; ഈ ഗവൺമെന്റ് വന്നതിനുശേഷം മൂന്നുപ്രാവശ്യം ബസ്ചാർജ്ജ് വർദ്ധിപ്പിച്ചില്ലേ; ഡീസലിന്റെ വില ആറര രൂപ താഴേക്കു പോയിട്ടും ബസ് ചാർജ്ജ് കുറച്ചോ? കേരളത്തിന്റെ ചരിത്രത്തിൽ ഞങ്ങളുടെ ഗവൺമെന്റ് 2009-ൽ ബസ് ചാർജ്ജ് കുറച്ചിട്ടുണ്ട്. അന്ന് ഒരു ലിറ്റർ ഡീസലിന് രണ്ട് രൂപ മാത്രം കുറച്ചപ്പോൾ ബസ് ചാർജ്ജ് കുറച്ച ഗവൺമെന്റായിരുന്നു ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. ഇന്ന് ഡീസലിന് ആറര രൂപ കുറഞ്ഞിട്ടും ബസ്ചാർജ്ജ് കുറയ്ക്കാൻ തയ്യാറാകുന്നില്ല. കുറച്ചാലും പ്രശ്നമാണ്. കെ.എസ്.ആർ.ടി.സി.-ക്കാരുടെ പെൻഷൻ, അവരുടെ ആവലാതികൾ തുടങ്ങിയ പ്രശ്നങ്ങൾക്കൊരു പ്രതിവിധിക്കെന്താണ് ഗവണ്മെന്റ് തയ്യാറാകാത്തത്? കഴിഞ്ഞ ദിവസം നിയമസഭയിൽ പ്രതിപക്ഷ നേതാവ് ഈ ചോദ്യം ഉന്നയിച്ചപ്പോൾ നമുക്കുണ്ടായ വിഷമം മനസ്സിലാക്കണം. സർക്കാർ പെൻഷൻ കൊടുക്കുന്നില്ല. എന്ന് കൊടുക്കാമെന്ന് ഒരു ഉറപ്പില്ല. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷനെക്കുറിച്ച് ചോദിച്ചാൽ ഉത്തരവുമില്ല. ഉറപ്പില്ലായെന്നത് പോട്ടെ. ചോദിക്കുന്ന ചോദ്യത്തിന് ഉത്തരവുമില്ല. ഇതല്ലേ സ്ഥിതി?

ആശാ വർക്കേഴ്സിന് വർദ്ധിപ്പിച്ച ആനുകൂല്യം കൊടുക്കുന്നുണ്ടോ? നിരവധി പ്രഖ്യാപനങ്ങൾ നടത്തുകയും ആ പ്രഖ്യാപനങ്ങൾ ഒന്നും നടപ്പാക്കാതിരിക്കുകയും ചെയ്യുന്ന ഗവൺമെന്റാണിത്. അടിസ്ഥാനപരമായി സർക്കാർ ചെലവുകൾ ലക്കും ലഗാനുമില്ലാതെ വർദ്ധിക്കുന്നു. എതൊക്കെ മേഖലയിലാണെന്നതിലേക്ക് വിശദമായി ഞാൻ പോകുന്നില്ല. നമ്മുടെ പദ്ധതി ചെലവുകളും നിർമ്മാണ

പ്രവർത്തനങ്ങളും സ്തംഭിക്കുകയും മറ്റ് ചെലവുകൾ വർദ്ധിക്കുകയും ചെയ്യുന്ന അവസ്ഥാ വിശേഷം ഒരു സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് ഭൂഷണമല്ല. ആ അവസ്ഥ സംസ്ഥാനത്തുണ്ടായത് കെടുകാര്യസ്ഥത കൊണ്ടാണ്. അഴിമതി കൊണ്ടാണ്. ഇപ്പോൾ ഞാൻ അഴിമതി ആരോപണം ഉന്നയിക്കുന്നില്ല. കഴിഞ്ഞ ദിവസങ്ങളിൽ ചർച്ച ചെയ്യപ്പെട്ടതാണ്. ഖജനാവിലേക്ക് വരാനുള്ള പണം പിരിച്ചെടുത്ത് ആ പണം ഇവിടത്തെ നിർമ്മാണ പ്രവർത്തനത്തിന്, മൂലധന നിക്ഷേപത്തിലേക്ക് ഉപയോഗിക്കണമെന്ന ചിന്ത ഇല്ലാതെ സർക്കാർ ചെലവ് വർദ്ധിപ്പിക്കുന്ന സ്ഥിതിവിശേഷം സംസ്ഥാനത്ത് സംജാതമായിരിക്കുകയാണ്. നിരാകരണ പ്രമേയത്തിലൂടെ ഞാൻ ഉന്നയിക്കുന്ന പ്രധാന കാര്യം ഗവൺമെന്റിന്റെ കെടുകാര്യസ്ഥതയുടെ, അഴിമതിയുടെ, പിടിപ്പുകേടിന്റെ, പാപഭാരം ഇവിടത്തെ പാവപ്പെട്ട നികുതിദായകരുടെ തലയിൽ വച്ചുകൊടുക്കാനുള്ള നിയമങ്ങളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ആ നിയമങ്ങളെ ഞാൻ എതിർക്കുന്നു. ഈ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു.

<u>*Dr. T.M. Thomas Issac*</u>: Sir, I move that-

"This House resolves to disapprove The Kerala Plantation Tax (Amendment) Ordinance, 2014 (Ordinance No.23 of 2014).

ഇന്ന് നിയമസഭ ആസിയൻ കരാറിന്റെ കാർഷിക മേഖലയിലെ പ്രത്യാഘാതങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് ഗൗരവമായ കാർഷിക അവസ്ഥയെക്കുറിച്ച് എല്ലാവരും യോജിച്ചു. അത് അത്ഭുതകരമായ കാര്യമാണ്.

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): സർ, സാർക്ക് കരാറിന്റെ ഇഫക്ട് എന്തായിരുന്നു?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, വലിയ വിപത്ത് തന്നെ. ഏതാനും വർഷം മുമ്പ് ആസിയൻ കരാർ ആദ്യം വച്ചപ്പോൾ, കേരളത്തിന്റെ കാർഷിക മേഖലയെ പ്രതികൂലമായി ബാധിക്കും നമ്മൾ അതിനെ പ്രതിരോധിക്കണമെന്ന് പറഞ്ഞപ്പോൾ എത്ര പരിഹാസത്തോടെയാണ് നിങ്ങൾ അതിനെ ചെവിക്കൊണ്ടത്? ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ മറുപടി അതല്ലല്ലോ. ഇന്ന് മോദി സർക്കാരിൽ ആസിയൻ കരാറിന്റെ കൂടുതൽ ഉയർന്ന രൂപത്തിലുള്ള ഉദ്ഗ്രഥനം നമ്മുടെ കാർഷിക വിളകളെയെല്ലാം വളരെ പ്രതികൂലമായി ബാധിക്കുമെന്ന് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി കൃത്യമായി പറഞ്ഞു. അങ്ങനെ കാർഷിക മേഖലയിൽ വലിയ ഒരു അരക്ഷിതാവസ്ഥ വരുമ്പോൾ ബഹുമാനപ്പെട്ട മാണി സാർ എന്താണ് ചെയ്യുന്നത്? 100 കോടി രൂപയല്ലേ കൃഷിക്കാരിൽ

നിന്ന് നേരിട്ട് ഭൂനികുതിയും ഇറിഗേഷൻ സെസ്സുമായി പിരിക്കാൻ തീരുമാനിച്ചിരിക്കുന്നത്. വേറെയാരെങ്കിലും പറഞ്ഞാൽ മനസ്സിലാക്കാം. കർഷക പാർട്ടി എന്ന് സ്വയം അഭിമാനിക്കുന്ന നിങ്ങൾ തന്നെ വേണം പറയാൻ. റബ്ബറിന്റെ വിലയിടിഞ്ഞു കൊണ്ടിരിക്കുമ്പോൾ, ശ്രീ. മുല്ലക്കര രത്നാകരൻ പറഞ്ഞതുപോലെ തേയില തോട്ടങ്ങൾ പ്രയാസം നേരിടുന്ന സമയത്താണ് 100 കോടി രൂപ അധികമായി ഈടാക്കാൻ തീരുമാനിച്ചത്. ഈ ചതി ചെയ്യരുതായിരുന്നു. ആറ് മാസം മുമ്പ് നിങ്ങൾ വലിയ കയ്യടി വാങ്ങി. അടയ്ക്കാ കൃഷിക്കാർ, നാളികേര കർഷകർ ഇവരെയൊക്കെ എല്ലാവിധ പ്ലാന്റേഷൻ ഭൂനികുതിയിൽ നിന്നും അഗ്രികൾച്ചറൽ ഇൻകംടാക്സിൽ നിന്നുമൊഴിവാക്കി. ഇപ്പോൾ അതൊക്കെ പുനഃസ്ഥാപിക്കുകയാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഇപ്പോൾ അഗ്രികൾച്ചറൽ ഇൻകം ടാക്സ് എടുത്തുകളഞ്ഞു.

ഡോ. ടി. എം. തോമസ് ഐസക്: സർ, അഗ്രികൾച്ചറൽ ഇൻകം ടാക്സ് വരുമാനമുണ്ടെങ്കിൽ കൊടുത്താൽ മതി. പക്ഷേ വരുമാനമില്ലെങ്കിലും ഭൂമിയുണ്ടെങ്കിൽ കൊടുക്കണം. കാർഷിക മേഖലയ്ക്ക് കൊടുത്ത ഇളവുകൾ നിങ്ങൾ പിൻവലിക്കുകയാണ്. നേരത്തെ ഉണ്ടായിരുന്ന നിയമപ്രകാരം പ്ലാന്റേഷൻ മേഖലയിൽ തന്നെ നാളികേരം, അടയ്ക്ക ഇവയുടെ പരിധി നാല് ഏക്കറിന് മുകളിലുണ്ടെങ്കിൽ കൊടുത്താൽ മതിയായിരുന്നു. ഇപ്പോൾ അത് രണ്ട് ഏക്കറാക്കി. നികുതിയുടെ എക്സംപ്ഷൻ ലിമിറ്റ് നിങ്ങൾ താഴ്ത്തി. നികുതി നിരക്ക് ഉയർത്തി. ഇത് ശരിയാണോ? അതുകൊണ്ടാണ് ഞങ്ങൾ ഓർഡിനൻസ് നിരാകരിക്കുന്നത്. ഈ കടുംകൈ അങ്ങ് എന്ത് പറഞ്ഞ് ന്യായീകരിക്കും? ഇത് നമ്മുടെ നാട്ടിലെ കർഷകരോട് വിശദീകരിക്കേണ്ടതാണ്. ആസിയൻ കരാറിനെതിരെ പ്രമേയവുമായി ഇറങ്ങുമ്പോൾ ഇങ്ങനെ ഒന്ന് ഞാൻ ചെയ്തിട്ടുണ്ട്. അങ്ങനെ ചെയ്തതിന് എന്താണ് ന്യായം? അങ്ങ് സീനിയറായ മെമ്പറാണ് അതിനുള്ള ബഹുമാനം തരാറുണ്ട്. അങ്ങ് ഒന്ന് ചൊടിച്ച് വർത്തമാനം പറഞ്ഞാൽ നിങ്ങൾ പറയുന്നതായിട്ടേ എടുക്കാറുള്ളൂ. പക്ഷേ അത് ഒരു ഉപായമാക്കി എടുക്കരുത്. ഇന്ന് ശ്രീ. എ. കെ. ബാലൻ സാമ്പത്തിക പ്രതിസന്ധിയും സാമ്പത്തിക ഞെരുക്കവും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ച് ചോദിച്ചു. നിങ്ങൾ ഈ നിയമസഭയിൽ തുടർച്ചയായി എടുത്തുവന്ന നിലപാട് ഇവിടെ സാമ്പത്തിക പ്രതിസന്ധി ഇല്ലായെന്നുള്ളതാണ്. ഇത് കഴിഞ്ഞ ബഡ്ജറ്റ് വേളയിൽ വലിയ തർക്കവും ചർച്ചയും നടന്ന കാര്യമല്ലേ? ഇന്ന് ഞങ്ങൾക്ക് തന്നിരിക്കുന്ന കുറിപ്പുകൾ നോക്കിയാൽ, 'തോട്ടം ഭൂനികുതി, കേരള സർക്കാർ അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധിയായി, അടിയന്തര

നിയമ നിർമ്മാണം നടത്താൻ എന്തു വേണം, കേരളം ഇപ്പോൾ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ് ' എന്നിങ്ങനെ സകലമാന കുറിപ്പിലും സാമ്പത്തിക പ്രതിസന്ധി കേരളത്തിൽ നിലനിൽക്കുന്നുവെന്ന് പറയുകയാണ്. ചിലപ്പോൾ ഞങ്ങൾ പ്രതിസന്ധിയെന്നും ചിലപ്പോൾ ഞെരുക്കമെന്നും ചിലപ്പോൾ സാമ്പത്തിക വൈഷമ്യമെന്നുമുള്ള പല വാക്കുകൾ ഉപയോഗിക്കും. എന്നാൽ അങ്ങനെയല്ല. വാക്കിന് അർത്ഥമുണ്ട്. യാദൃശ്ചികമായ കാരണം കൊണ്ട് താത്കാലികമായുണ്ടാകുന്ന ധനപ്രയാസത്തെ വൈഷമ്യമെന്നോ ഞെരുക്കമെന്നോ ഒക്കെ നിങ്ങൾ വിളിക്കും. എന്നാൽ സിസ്റ്റമാറ്റിക്കായ കാരണമുണ്ടെങ്കിൽ അതിനെ പ്രതിസന്ധിയെന്നാണ് വിളിക്കുന്നത്. അതാണ് ബിസിനസ്സ് സൈക്കിളിനെക്കുറിച്ചും ക്രൈസിസിനെക്കുറിച്ചും കോളേജിൽ പഠിപ്പിക്കുന്നത്. ബിസിനസ്സ് സൈക്കിളിൽ ക്രൈസിസ് ഉണ്ടാകുമ്പോൾ സാമ്പത്തിക ഞെരുക്കമുണ്ടായി എന്നല്ലേ പറയുന്നത്? കാരണം ആ സിസ്റ്റത്തിലെ ലോജിക് ഇങ്ങനെ ഒന്ന് വന്നുചേരുമെന്നാണ്, അത് ഒരു ട്രെൻഡ് ആണ്. നേരത്തെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വി. ശശി ചോദിക്കുകയുണ്ടായി, ആറുമാസം മുമ്പേ ഇങ്ങനെ ഒരു പ്രശ്നം വരുമെന്നുള്ളത് നിങ്ങൾക്ക് കാണാൻ കഴിഞ്ഞില്ലേ എന്ന്? ആറുമാസം അല്ലേ ആയുള്ളൂ. നിയമസഭയുടെ റെക്കോർഡുകളെടുക്കു, ഇവിടെ നടന്ന ചർച്ചയിൽ മുഴുവൻ കേരളം ഇങ്ങനെയൊരു പ്രതിസന്ധിയിലേക്ക് പോകുന്നുവെന്ന് കഴിഞ്ഞ രണ്ട് ബഡ്ജറ്റിലും നിയമസഭ എപ്പോഴൊക്കെ ചേരുന്നുവോ അപ്പോഴൊക്കെ നിശിതമായി പറഞ്ഞിട്ടുണ്ട്. ഇതൊരു ട്രെൻഡാണ്. കൃത്യമായി കണക്ക് പറയാം. 2010-2011-ൽ എൽ.ഡി.എഫ് സർക്കാർ ഭരണത്തിൽ നിന്നിറങ്ങുമ്പോൾ റവന്യൂ കമ്മി 3,673 കോടി രൂപ, 2012-ൽ 8,034 കോടി രൂപ, 2012-2013 ൽ 9,351 കോടി രൂപ 2013-14-ൽ 11,314 കോടി രൂപ. ഈ വർഷം എത്രയാണ്? കണക്ക് കൂട്ടുവാൻ അതിനുള്ള കണക്കുകളും വസ്തുതകളും എന്റെ കൈയിൽ ഇല്ല. അങ്ങ് ക്യാബിനറ്റിൽ കൊടുത്ത കുറിപ്പ് പ്രകാരം ചുരുങ്ങിയത് 15,353 കോടി രൂപ. കഴിഞ്ഞ വർഷത്തെപ്പോലെ കാര്യങ്ങൾ പോവുകയാണെങ്കിൽ 22,424 കോടി രൂപ. ഓരോ വർഷം കഴിയുന്തോറും റവന്യൂ കമ്മി കൂടിക്കൊണ്ടിരുന്നാൽ നിങ്ങൾ പാസ്സാക്കിയ നിയമ പ്രകാരം റവന്യൂ കമ്മി ഈ വർഷം ഇല്ലാതാകണം. നേർ വിപരീത ദിശയിൽ പോകുമ്പോൾ അതിനെ സാമ്പത്തിക ഞെരുക്കം അല്ലെങ്കിൽ പ്രതിസന്ധി എന്നാണ് വിളിക്കേണ്ടത്. നിങ്ങളുടെ ബഡ്ജറ്റിൽ പറയുന്ന കണക്കുകളും എ.ജി. അംഗീകരിക്കുന്ന റവന്യൂ കമ്മിയുടെ കണക്കുകളും തമ്മിലുള്ള വ്യത്യാസമിതാണ്. 2011-12- ൽ ബഡ്ജറ്റിൽ പറഞ്ഞതിനേക്കാൾ 2,500 കോടി

രൂപ കമ്മി കൂടുതൽ, 2012-13-ൽ ബഡ്ജറ്റിൽ പറഞ്ഞതിനേക്കാൾ 5,884 കോടി രൂപ കമ്മി കൂടുതൽ, 2013-14-ൽ ബഡ്ജറ്റിൽ പറഞ്ഞതിനേക്കാൾ 9,045 കോടി രൂപ കമ്മി കൂടുതൽ. നിങ്ങൾ ക്യാബിനറ്റിൽ അവതരിപ്പിച്ച നോട്ട് പ്രകാരം 14,778 കോടി രൂപയായിരിക്കും ബഡ്ജറ്റിൽ പറഞ്ഞതിനേക്കാളും കമ്മി കൂടുതൽ എന്നത് ഭീതിജനകമാണ്.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച 2011-ലെ ബഡ്ജറ്റ് സീറോ ബഡ്ജറ്റ് എന്നു പറഞ്ഞല്ലോ; അങ്ങയുടെ ബഡ്ജറ്റ് സീറോ ബഡ്ജറ്റായിരുന്നോ? 5,000 കോടി രൂപയുടെ അധിക ബാധ്യതയുണ്ടാകാനുള്ള സാഹചര്യമെല്ലാം സൃഷ്ടിച്ചിട്ടാണ് താങ്കളുടെ ഗവൺമെന്റ് ഇറങ്ങിപ്പോയത്. അതിനുശേഷമാണ് ഞങ്ങൾ അധികാരത്തിൽ വന്നത്. സ്വാഭാവികമായും ഈ സംസ്ഥാനത്തിന് നിങ്ങളുണ്ടാക്കിവച്ച കടം തീർക്കേണ്ട ഗതികേട് മാണി സാറിനുണ്ടായി. ആ കടം കൂടി ഏറ്റെടുത്തപ്പോൾ സ്വാഭാവികമായി സംഭവിച്ച ഒരു കാര്യമാണ്. അത് മനസ്സിലാക്കാതെ സംസാരിക്കുന്നത് ശരിയാണോ?

ഡോ. ടി. എം. തോമസ് ഐസക് : രണ്ട് കാര്യങ്ങളാണ് ശ്രീ. പി. സി. ജോർജ് എന്നോട് ചോദിച്ചിരിക്കുന്നത്. ഒന്ന്, നിങ്ങൾ സീറോ റവന്യൂ ഡെഫിസിറ്റിൽ എത്തിച്ചില്ലല്ലോ എന്നും രണ്ട്, നിങ്ങൾ 5,000 കോടി രൂപയുടെ ക്യാപിറ്റൽ എക്സ്പെൻഡിച്ചറിനുള്ള പ്രഖ്യാപനങ്ങൾ നടത്തിയല്ലോ എന്നും. മാണി സാറും ഇടയ്ക്കിടയ്ക്ക് ചോദിക്കും. ആദ്യത്തേതിൽ റവന്യൂ ഡെഫിസിറ്റ് സീറോയിൽ എത്തിയില്ല. പക്ഷേ, ട്രെന്റ് എന്തായിരുന്നു - കൂടുന്നതിനോ കുറയുന്നതിനോ? കുറഞ്ഞു കുറഞ്ഞു വന്ന് ഒരു ശതമാനത്തിനടുത്തേക്ക് വരെ കമ്മി എത്തി. ഒന്നോ രണ്ടോ വർഷത്തിനുള്ളിൽ സീറോയിലേക്ക് എത്തിച്ചേരാവുന്ന സ്ഥിതിയെത്തി. ശമ്പള പരിഷ്കരണം പിടിച്ചുവച്ചാൽ വേണമെങ്കിൽ നിങ്ങൾ അവിടെയെത്തും. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തുമാത്രമല്ല അതിനുമുമ്പുള്ള യു.ഡി.എഫ്. സർക്കാരിന്റെ കാലത്തും റവന്യൂ കമ്മി കുറഞ്ഞുവരുന്നൊരു പ്രവണത കേരളത്തിലുണ്ടായി-fiscal consolidation. ആ പ്രവണത കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൂടുതൽ ശക്തിപ്പെട്ടു. ബഹുമാനപ്പെട്ട മാണി സാറിനോടുള്ള എന്റെ വിമർശനം, അദ്ദേഹം ധനകാര്യ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ fiscal consolidation അല്ല destabilization ആണ്, റവന്യൂ കമ്മി കൂടും. രണ്ടാമത്തേത്, ശ്രീ. പി. സി. ജോർജ്ജും കഴിഞ്ഞ ദിവസം മാണി സാറും പറഞ്ഞു, 5,000 കോടി

രൂപയുടെ മരാമത്ത് പണികൾ......, 5,000 കോടി രൂപയല്ല, പിറ്റേ വർഷവും കൊടുത്തിട്ടുണ്ട്. എല്ലാം ചേർത്ത് 7,000 കോടി രൂപയുടെ മരാമത്ത് പണികൾക്കുള്ള അനുവാദം കൊടുത്തു. എന്തുകൊണ്ടാണ് കൊടുത്തതെന്നറിയാമോ? നമ്മൾ ഇവിടെ നിയമം പാസ്സാക്കിയിരിക്കുകയാണ്. ഈ വർഷം റവന്യൂ ഡെഫിസിറ്റ് സീറോ ആണ്. റവന്യൂ ചെലവിനുവേണ്ടി വായ്പയെടുക്കാൻ പാടില്ല. അപ്പോൾ വായ്പ എടുക്കുന്ന പണം ചെലവാക്കുന്നത് എന്തിനാണ്? ഒറ്റക്കാര്യത്തിനേ സാധിക്കുകയുള്ളൂ. മരാമത്ത് പണികളുടെ ബിൽ കൊടുക്കാൻ വേണ്ടി. ഈ വർഷം 14,000 കോടി രൂപയാണ്. നിങ്ങളുടെ റവന്യൂ ഡെഫിസിറ്റ് സീറോ ആണെങ്കിൽ 14,000 കോടി രൂപയുടെ മരാമത്തിന്റെ ബില്ലുകൾ എത്തും. ഇന്ത്യയിലെ മറ്റു സർക്കാർ ചെയ്യുന്നത് എങ്ങനെയാണ്? മാമൂൽ പ്രകാരമുള്ള എ.എസ്. അനുവദിക്കലുണ്ട്. ബഡ്ജറ്റ് അലോക്കേഷൻ 100 കോടി രൂപയാണെങ്കിൽ 150 കോടി രൂപയുടെ എ.എസ്. കൊടുക്കാം. ചില വ്യത്യാസങ്ങൾ വന്നേക്കാം. എന്റെ നിലപാട് അതല്ല. ഇപ്പോൾ നിങ്ങളുടെ കൈയിൽ എന്തുണ്ട് എന്ന് നോക്കിയിട്ടല്ല, ഈ ബിൽ വരുമ്പോഴേക്കും നിങ്ങളുടെ കൈയിൽ എത്രയുണ്ട് എന്ന് നോക്കിയിട്ടുവേണം എ.എസ്. കൊടുക്കാൻ. ഈ തത്വം പാലിക്കാതെ എഫ്.ആർ.ബി.എം. ആക്ട് നിലവിൽ വരുന്നതിനു മുമ്പുള്ള ശീലം വച്ച് ഇന്ത്യയിൽ മറ്റ് സർക്കാരുകൾ പെരുമാറുന്നതിന്റെ ഫലമായി എന്തുസംഭവിച്ചുവെന്നറിയാമോ? ഇന്ന് ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ മിച്ചമായി ട്രഷറിയിൽ കിടക്കുന്ന ക്യാഷ് സർപ്ലസ് ഒരു ലക്ഷത്തിൽപ്പരം കോടി രൂപയാണ് ഇന്ത്യാ ഗവൺമെന്റിന്റെ സെക്യൂരിറ്റിയിൽ കൊണ്ടിട്ടിരിക്കുന്നത്. എഫ്.ആർ.ബി.എം. ആക്ടിന് നമ്മൾ നിസ്സാര വിലയാണ് കൽപ്പിക്കുന്നത്, പ്രശ്നമില്ല. ബാക്കിയുള്ള സംസ്ഥാനങ്ങൾ റവന്യൂ ഡെഫിസിറ്റ് സീറോയാക്കി. പക്ഷേ അവിടെ ബില്ലുകൾ വരുന്നില്ല. കൊടുക്കാൻ എന്താണ് ചെയ്യുന്നത്? അവസാനമാകുമ്പോൾ ഇന്ത്യാ ഗവൺമെന്റിന്റെ സെക്യൂരിറ്റിയിൽ 9-10 ശതമാനം നിരക്കിൽ വായ്പയെടുത്ത് കൊണ്ടുപോയിടുന്നു. അതുകൊണ്ട് ദീർഘദൃഷ്ടിയോടെ കാര്യങ്ങൾ നോക്കുമ്പോൾ, 2014-15 ആകുമ്പോൾ കേരളം റവന്യൂ സർപ്ലസ് സംസ്ഥാനമാകണം എന്ന് നിയമം പാസ്സാക്കിയിരിക്കുകയാണ്. അതുകൊണ്ട് ഇങ്ങനെ മരാമത്ത് പണികൾ കൊടുത്താൽ പ്രശ്നമുണ്ടാകില്ല. പക്ഷേ എന്താണ് സംഭവിച്ചത്, ഇവിടെ കഴിഞ്ഞ മൂന്നുവർഷമായി റവന്യൂ കമ്മി കുറയുന്നതിനുപകരം കൂടിക്കൂടി വന്നു. എന്നുവച്ചാൽ വായ്പയെടുക്കുന്ന പണം ഈ മരാമത്ത് പണികളുടെ ബിൽ പേ ചെയ്യാനല്ല, മറിച്ച്

ശമ്പളവും പെൻഷനും മറ്റ് ക്ഷേമപ്രവർത്തനങ്ങൾക്കുമായി വിനിയോഗിച്ചു. അതിന്റെ ഫലമായി എന്തുപറ്റി? ബിൽ വരുമ്പോൾ കൊടുക്കാനില്ല. ഇതല്ലേ യാഥാർത്ഥ്യം. വളരെ ഗൗരവമായ സ്ഥിതിയിലേക്ക് നമ്മുടെ സംസ്ഥാനം പോയിക്കൊണ്ടിരിക്കുകയാണ്. സത്യം പറഞ്ഞാൽ അവിശ്വസനീയമായ ഒരു നിലയാണ്. ഞാൻ പറയുന്നത് വേറെയാരും പറയുന്നതല്ല..... ഇവിടെയിരിക്കുന്ന മന്ത്രിമാർ ഇന്നത്തെ fiscal crisis-നെക്കുറിച്ച് ക്യാബിനറ്റ് നോട്ട് വായിച്ചിട്ടുണ്ട്. റവന്യൂ കമ്മി എവിടെ പോയി നിൽക്കുന്നുവെന്ന് പറഞ്ഞു; ട്രഷറിയിൽ എത്ര cash balance ഉണ്ട്? ഇവിടെ പറഞ്ഞുവരുന്നത് ഈ മാർച്ച് വരെ എങ്ങനെയെങ്കിലും പിടിച്ചുപോകാം. അതുകഴിഞ്ഞാൽ മാർച്ച് അവസാനിക്കാൻ പോകുന്നത് ചിലപ്പോൾ 6,000 കോടി രൂപ കമ്മിയിലാകും. ചുരുങ്ങിയത് 1,000 കോടി രൂപ മൈനസ്. എന്നിട്ട് ഈ നോട്ടിൽ പറയുന്നതെന്താണ്? അഡ്വാൻസ് ടാക്സെല്ലാം മേടിച്ചുപോയതുകൊണ്ട് ഏപ്രിൽ മാസത്തിൽ വരുമാനം വളരെ കുറവായിരിക്കും. അതുകൊണ്ട് ശമ്പളം കൊടുക്കാനായി ഓവർഡ്രാഫ്റ്റിലേയ്ക്ക് പോകേണ്ടി വരും. 1,057 കോടി രൂപയാണ് എക്സസ് ഓവർഡ്രാഫ്റ്റായി എടുക്കാൻ പറ്റുന്നത്. 5 ദിവസത്തിനുള്ളിൽ തിരിച്ചടയ്ക്കണം. Prolonged period ട്രഷറി പൂട്ടിയിടണമെന്ന് ഈ ധനമന്ത്രി ക്യാബിനറ്റിൽ കുറിപ്പ് തന്നിട്ടില്ലേ. ബഹുമാനപ്പെട്ട ചെയർ അനുവദിച്ചാൽ ഈ നോട്ട് മേശപ്പുറത്ത് വയ്ക്കാം.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ക്യാബിനറ്റിന്റെ നോട്ട് എങ്ങനെയാണ് മുൻ ധനകാര്യ വകുപ്പുമന്ത്രിക്ക് ലഭിക്കുന്നത്?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, കാണിച്ചുതരാം. ഞാൻ നുണ പറയുമെന്ന് കരുതുന്നുണ്ടോ? ഇത് സത്യമാണ്. സംസ്ഥാനത്തിന്റെ ധനകാര്യ ചരിത്രത്തിൽ ഇങ്ങനെ ഒന്നുണ്ടായിട്ടുണ്ടോ? ഇങ്ങനെ പോകുകയാണെങ്കിൽ Prolonged period-ലേക്ക് ട്രഷറി പൂട്ടിയിടാം. കാരണം 1,075 കോടി രൂപയേക്കാൾ കൂടുതൽ ഓവർഡ്രാഫ്റ്റ് 5 ദിവസം നിന്നുകഴിഞ്ഞാൽ റിസർവ് ബാങ്ക് നമ്മുടെ ഏജൻസി ബാങ്കിനോട് സർക്കാരുമായുള്ള പണമിടപാട് നിർത്തിവയ്ക്കാൻ പറയും. പിന്നെ ഇത് ക്ലിയർ ചെയ്തിട്ടേ പോകാൻ സാധിക്കുകയുള്ളൂ. ഇത്ര ഡെഫിസിറ്റുണ്ടെങ്കിൽ, ക്യാഷ് ബാലൻസ് മൈനസുണ്ടെങ്കിൽ എന്ന് തീർക്കാൻ പറ്റും. നമ്മുടെ സംസ്ഥാനം വന്നുനിൽക്കുന്ന സ്ഥിതിയിതാണ്. എന്നിട്ട് നമുക്ക് ചില ഞെരുക്കമേയുള്ളൂ, വൈഷമ്യമില്ല എന്നൊക്കെ പറഞ്ഞുപോയാൽ എങ്ങനെ ശരിയാകും? ഇത്രയും പ്രയാസം വന്നതിന്റെ പശ്ചാത്തലത്തിലാണ്........

സാധാരണ ഗതിയിൽ ഇവിടെയിരിക്കുന്ന ഒരു മന്ത്രിയും ഇങ്ങനെ ഒരു നിയമം കൊണ്ടുവന്നാൽ അംഗീകരിക്കില്ല. യുക്തിയുള്ള നിയമങ്ങളാണോ? കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി ഇവിടെ സംസാരിച്ചു, നയം ഉദയഭാനു കമ്മീഷൻ പറഞ്ഞതാണ്. വീര്യം കുറഞ്ഞ മദ്യത്തിന് വില കുറയ്ക്കണമെന്നും അതേ ലഭ്യമാകുവെന്നും വീര്യം കൂടിയതിന് നികുതി ഏർപ്പെടുത്താൻ പോകുകയാണെന്നും പറഞ്ഞു. എന്നാൽ ഇപ്പോൾ വീര്യം കുറഞ്ഞ വൈനിനും ബിയറിനും ഏർപ്പെടുത്തിയിരിക്കുന്ന നികുതി മറ്റേതിനുംപോലെ തന്നെയാണ്. ഇതിന്റെ ഫലമായി സർക്കാരിന്റെ വരുമാനം കൂടി. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ മാസം 11 ശതമാനം കുറവാണ്. ക്വാണ്ടിറ്റി വൈസ് സെയിൽ 15 ശതമാനം കുറഞ്ഞു. പെട്ടെന്നൊരു മാസം കൊണ്ട് ആളുകൾ കുടി നിർത്തി എന്നാണോ വിചാരിച്ചത്. വ്യാജമദ്യത്തിലേക്ക് തിരിയുകയാണ് ചെയ്തത്. നിങ്ങൾ മദ്യം നിരോധിച്ചോളൂ. വീര്യം കുറഞ്ഞ ആൾട്ടർനേറ്റീവെങ്കിലും ഉണ്ടാക്കിക്കൊടുക്കുന്നില്ലെങ്കിൽ ജനം ഇത് വേണ്ടെന്ന് വയ്ക്കും. 105 ശതമാനമാണ് 400 രൂപ കെയ്സിന് വിലവരുന്ന മദ്യത്തിന്റെ നികുതി. അതിനു മുകളിലുള്ളതിന് എത്രയാണ്; 150 ശതമാനമോ എത്രയോ ആയി. ഇക്കഴിഞ്ഞ മാസങ്ങളിൽ ഹൈ ബ്രാക്കറ്റഡ് മദ്യത്തിന്റെ വില്പന ശുഷ്കിച്ചു. വിൽക്കുന്നതു മുഴുവൻ 400 രൂപയുടേതാണ്. ഇങ്ങനെയുള്ള വക്രീകരണങ്ങളാണ് നമ്മുടെ നാട്ടിൽ വീണ്ടു വിചാരമില്ലാത്ത നികുതിഘടന കൊണ്ടുവരുന്നത്.

ശ്രീ. എളമരം കരീം: സർ, അങ്ങ് പറഞ്ഞ ഈ കാരണമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രായോഗികമായ തിരുത്തൽ വേണമെന്ന് പറഞ്ഞത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, മദ്യനയം സംബന്ധിച്ച നിങ്ങളുടെ നിലപാട് എന്താണെന്ന് എക്സൈസ് വകുപ്പുമന്ത്രി എന്നോട് ചോദിച്ചു. നിങ്ങളുടെ നിലപാട് പറഞ്ഞിട്ട് ഞങ്ങളുടെ നിലപാട് പറയാം. ഞങ്ങളെക്കൊണ്ട് പറയിപ്പിച്ചതിന് ശേഷം പറയണ്ട.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, വീര്യം കുറഞ്ഞ മദ്യം നൽകാതിരുന്നാൽ distilling കൂടുമെന്ന് അങ്ങ് പറഞ്ഞപ്പോൾ നിലപാട് ഞങ്ങൾക്കെല്ലാം മനസ്സിലായി.

3.00 PM]

ഡോ. ടി. എം. തോമസ് ഐസക്: സർ, രഹസ്യമൊന്നുമല്ല പറയുന്നത്. വലിയ മദ്യപാനികളും മദ്യത്തെ പ്രോത്സാഹിപ്പിക്കുന്നവരുമാണെന്നും ഞങ്ങൾ മദ്യവർജ്ജകരും മദ്യ നിരോധനക്കാരുമാണെന്നും പറഞ്ഞുകൊണ്ട് വോട്ട് നേടാനും കയ്യടി നേടാനും പോയില്ലേ എന്ന് ഞങ്ങളെക്കുറിച്ച് നിങ്ങൾ ഇത്രയും നാൾ ചീത്ത പറഞ്ഞുകൊണ്ട് നടന്നതാണ്. ഇപ്പോൾ പ്രായോഗിക നിലപാടിലേക്ക് വരുന്നത് നല്ലതാണ്. പക്ഷേ, ആ പ്രായോഗിക നിലപാടിലേക്ക് വന്ന റൂട്ട് എന്നുപറയുന്നത് മാൻഡ്രേക്കിന്റെ സാനഡുവിലേയ്ക്ക് പോയതുപോലെയാണ്. അതിലൂടെ കറങ്ങി കറങ്ങിയാണ് നമ്മുടെ മുഖ്യമന്ത്രി വന്ന് നിൽക്കുന്നത്. ഇന്ത്യാ രാജ്യത്ത് ഏതെങ്കിലും സംസ്ഥാനത്ത് ബഡ്ജറ്റിന് പുറത്ത് ഇതുപോലെ നികുതി വർദ്ധിപ്പിച്ചിട്ടുണ്ടോ? കേരളത്തിൽ മാത്രമേ നികുതി വർദ്ധിപ്പിച്ചിട്ടുള്ളൂ. ബഡ്ജറ്റാണെങ്കിൽ നമുക്ക് ചർച്ച ചെയ്യാൻ സമയമുണ്ട്. ചർച്ച പോലും ചെയ്യാതെ ഓർഡിനൻസ് ഇറക്കിയിട്ട് കേരള ചരിത്രത്തിൽ അങ്ങനെ ഇൻസിഡന്റുണ്ടെന്ന ന്യായമാണ് പറഞ്ഞത്. പെട്രോളിന്റെ വില വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഓർഡിനൻസ് ഇറക്കണം. ആ ഒരു precedent പറഞ്ഞുകൊണ്ട് ഒരാളോട് പോലും ചർച്ച ചെയ്യാതെയാണ് നികുതി വർദ്ധിപ്പിച്ചത്.

ഊർജ്ജ വകുപ്പുമന്ത്രി ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, അങ്ങ് മന്ത്രി ആയിരുന്നപ്പോഴല്ലേ അങ്ങനെ ഓർഡിനൻസ് ഇറക്കിയത്?

ഡോ. ടി. എം. തോമസ് ഐസക്: ആര്യാടൻ സർ മറന്നുപോയതുകൊണ്ട് ഞാൻ അങ്ങോട്ട് പറഞ്ഞതാണ്. നിങ്ങളുടെ ഈ നികുതി ഘടന അശാസ്ത്രീയമാണ്. നികുതി വർദ്ധിപ്പിക്കേണ്ടി വരും. അതിന് നിങ്ങൾ ഇങ്ങനെ സ്ട്രക്ച്ചർ ഉണ്ടാക്കി വച്ചാൽ എന്തായിരിക്കും സ്ഥിതി? മോട്ടോർ വെഹിക്കിൾസ് ടാക്സ്-മോട്ടോർ വാഹനം വിൽക്കുന്നതിന് മൈനസ് 18 ആണ് നികുതി ഈ വർഷത്തിൽ ഇതുവരെയുള്ളത്. എന്നിട്ടും മോട്ടോർ വെഹിക്കിൾസിന് നികുതി കൂട്ടി വച്ചാൽ പ്ലസ് ആകുമോ മൈനസ് ആകുമോ? നികുതി നിരക്ക് കൂട്ടുന്തോറും വരുമാനം കൂടുമെന്ന് ധരിച്ചാലോ? ബഡ്ജറ്റിനോടൊപ്പം നികുതി നിർദ്ദേശങ്ങൾ നിയമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്തിട്ടാണെങ്കിൽ ഇതുപോലുള്ള വങ്കത്തരങ്ങൾ ഒഴിവാക്കാൻ പറ്റുമായിരുന്നു. ചർച്ച നടത്താമെന്ന് പറയുമ്പോൾ രാഷ്ട്രീയമായി നിങ്ങളെ വിമർശിക്കുന്ന കാര്യം മാത്രമല്ല, സാങ്കേതികമായി അങ്ങോട്ടുമിങ്ങോട്ടും ചില കാര്യങ്ങൾ പറയാനുണ്ടാകും. റബ്ബറിന്റെ വിലയിടിവും കാർഷിക രംഗത്ത്

പ്രതിസന്ധിയും നിലനിൽക്കുമ്പോഴും കൃഷിക്കാരിൽ നിന്ന് 100 കോടി രൂപ പിരിക്കാൻ സാധാരണഗതിയിൽ ഏതെങ്കിലും മന്ത്രി സമ്മതിക്കുമോ? ഓരോ നികുതി നിരക്കുകളുടെയും പ്രശ്നം ഇതല്ലേ? ഈ സാമ്പത്തിക പ്രതിസന്ധി കണ്ട് ഇത് എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അറിയാതെ നിങ്ങൾ അന്ധാളിച്ചു നിൽക്കുകയാണ്. ഒരു മാസക്കാലം ട്രഷറി പൂട്ടിയിടാൻ പറ്റുമോ? ഈ വർഷത്തെ നികുതി വരുമാന വർദ്ധനവ് എത്രയാണെന്ന് അറിയാമോ? ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഞാൻ പറയുന്നതിൽ തെറ്റുണ്ടെങ്കിൽ പറയണം. ഒക്ടോബർ വരെ 10.8 ശതമാനമാണ് വർദ്ധനവ്. ഈ വർഷം എത്ര ശതമാനം നികുതി കൂടണം? കഴിഞ്ഞ വർഷം ബഡ്ജറ്റിൽ മുൻ വർഷത്തെ അപേക്ഷിച്ച് 24 ശതമാനം കൂടേണ്ടിയിരുന്നിടത്ത് വർദ്ധിച്ചത് 12 ശതമാനമാണ്. ബഡ്ജറ്റ് പ്രതിസന്ധി കഴിഞ്ഞ മാർച്ച് മാസത്തിൽ കണ്ടതാണ്. കഴിഞ്ഞ വർഷം നികുതി കുറഞ്ഞു. പ്രതീക്ഷിച്ച നികുതി വരുമാനം കിട്ടിയില്ല. റിവൈസ്ഡ് ബഡ്ജറ്റിൽ പറഞ്ഞതും കിട്ടിയില്ല. താഴ്ന്ന നിലയിൽ നിന്ന് ഈ വർഷം 30 ശതമാനം കൂടണം. 30 ശതമാനം കൂടേണ്ട സ്ഥാനത്ത് ഇവിടെ പത്ത് ശതമാനമാണ് കൂടിയത്. നവംബർ മാസത്തെ കണക്ക് എന്റെ കയ്യിലില്ല. ഇവിടെ സർക്കാരിന്റെ കയ്യിലുമില്ല. നാല് ശതമാനമാണ് നവംബർ മാസത്തിൽ tentative ആയി വർദ്ധിക്കുന്നത്. നിരക്ക് കൂട്ടിയിട്ട് എന്താണ് കാര്യം? കഴിഞ്ഞ വർഷത്തെ അനുഭവമെന്താണ്? മാർച്ച് മാസം ആയപ്പോൾ പ്ലാൻ ചെലവ് 40-50 ശതമാനം ഉണ്ടായിരുന്നത് മാർച്ച് അവസാനിച്ചപ്പോൾ 75 ശതമാനം വരെയായി. എന്താണ് അവിടെ സംഭവിച്ചത്? ആര്യാടൻ സർ, പണ്ട് നിയമസഭയിൽ വച്ച് ജനകീയാസൂത്രണത്തെ സംബന്ധിച്ച് ഒരുപാട് പറഞ്ഞതാണ്. ഇതെങ്ങനെയാണെന്നുള്ളത് അങ്ങ് ഒന്ന് പറഞ്ഞ് മനസ്സിലാക്കണം. മാർച്ച് മാസം അവസാനം ഇതെല്ലാം ഒരോ ഡിപ്പാർട്ടുമെന്റിന്റെയും അക്കൗണ്ടിൽ നിക്ഷേപിക്കും. എന്നിട്ട് പണം പിൻവലിക്കാൻ അനുവദിച്ചില്ല. ഒരു സ്കീമിന്റെ അക്കൗണ്ടിലേക്ക് പണം നിക്ഷേപിച്ചാൽ ചെലവായി എന്നാണ് കണക്ക്. ട്രഷറിയിൽ നിന്ന് പിൻവലിക്കാൻ അനുവദിക്കാത്തതുകൊണ്ട് പണം അവിടെയിരിക്കുകയും ചെയ്യും. ഈ വർഷം ഡോ. കെ. എം. എബ്രഹാം എന്ന പുതിയ ധനകാര്യ സെക്രട്ടറി വന്നു. നല്ല മനുഷ്യനാണ്, ഇവിടെയുള്ളതിൽ വച്ച് ധനകാര്യത്തെക്കുറിച്ച് നല്ല വിവരമുള്ള ആളാണ്. അദ്ദേഹം നോക്കുമ്പോൾ കഴിഞ്ഞ വർഷത്തെ പ്ലാൻ പണം പുറത്തിരിക്കുകയാണ്. അതങ്ങനെ ഇരുന്നുകഴിഞ്ഞാൽ എപ്പോഴാണ് ഈ പഹയന്മാർ എടുത്ത് ചെലവാക്കുന്നതെന്ന് അറിയില്ല. ചെലവാക്കുന്നതിന്

അനവാദം വേണ്ട. ഫിനാൻസിൽ പോകേണ്ട ആവശ്യവുമില്ല. പണം പുറത്തുപോയിക്കഴിഞ്ഞു. അതുകൊണ്ട് ഇത് വലിയ അരാജകത്വമാണെന്നും പണം പുറത്തിരിക്കാൻ പാടില്ലായെന്നും അത് ഫിസ്കൽ കൺട്രോളിന് എതിരാണെന്നും അദ്ദേഹം പറഞ്ഞു. അതുകൊണ്ട് ഡിപ്പാർട്ടുമെന്റ് വൈസ് മീറ്റിംഗ് നടത്തി പണം തിരിച്ചടച്ചു കൊണ്ടിരിക്കുകയാണ്. കണക്കിൽ പണവും ചെലവായി, പദ്ധതി നടത്തിയെന്ന് മേനി നടിക്കുകയും ചെയ്യാം. എന്നിട്ട് എന്ത് പദ്ധതിയാണ് നടത്തിയത്? നിങ്ങൾ എങ്ങനെയാണ് പണം അക്കൗണ്ട് ചെയ്യുന്നതെന്ന് ഞാൻ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ യോഗത്തിൽ വച്ച് സി&എ.ജി.-യോട് ചോദിച്ചു.

ശ്രീ. പി. സി. ജോർജ്: സർ, ഡോ. ടി. എം. തോമസ് ഐസക് പറയുന്ന സാമ്പത്തിക ശാസ്ത്രമെല്ലാം സമ്മതിക്കാം. അങ്ങ് എന്തുകൊണ്ടാണ് പോസിറ്റീവായി ചിന്തിക്കാത്തത്? ഈ നാട്ടിൽ നടക്കുന്ന കാര്യങ്ങളൊന്നും അങ്ങ് അറിയുന്നില്ലേ? മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് എം.എൽ.എ.-മാർ ആവശ്യപ്പെടുമ്പോൾ രണ്ട് ലക്ഷവും അഞ്ച് ലക്ഷവും എഴുതി കൊടുക്കുകയാണ്. ഇതെല്ലാം നമ്മൾ പ്രതീക്ഷിക്കുന്നതിനപ്പുറത്ത് വന്നതാണ്. വിമാനത്താവളങ്ങൾ, മെഡിക്കൽ കോളേജുകൾ, എം.എൽ.എ. മാരുടെ അസെറ്റ് ഡവലപ്പ്മെന്റ് ഫണ്ട്, ഹയർ സെക്കന്ററി സ്കൂളുകൾ, അദ്ധ്യാപകരുടെ ശമ്പളം ഇതെല്ലാം പ്രതീക്ഷിക്കാതെ വന്ന ചെലവല്ലേ? അങ്ങയെപ്പോലുള്ള സാമ്പത്തിക വിദഗ്ദ്ധൻ നെഗറ്റീവ് ആകാൻ പാടില്ല. പോസറ്റീവ് ആകണം. നമ്മൾ ആരും പ്രതീക്ഷിക്കാതെ വന്നിട്ടുള്ള വിവിധ വകുപ്പുകളിലെ ചെലവുകളുമായി താരതമ്യം ചെയ്യുമ്പോൾ ഇത്രയും നല്ല ധനകാര്യ മാനേജ് മെന്റ് ഇല്ലായെന്ന് അങ്ങ് പറയുമെന്ന് ഞാൻ കരുതുന്നില്ല.

ഡോ. ടി. എം. തോമസ് ഐസ്ക്: സർ, ശ്രീ. പി. സി. ജോർജ് വളരെ പ്രധാനപ്പെട്ട വാദമാണ് മുന്നോട്ട് വച്ചിട്ടുള്ളത്. പണം ഞങ്ങൾക്ക് പ്രശ്നമല്ലായെന്നും പണം ഇല്ലെങ്കിലും വികസന പ്രവർത്തനങ്ങൾക്ക് ചെലവാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. പണം ഇല്ലെങ്കിൽ എങ്ങനെയാണ് ചെലവാക്കുന്നതെന്നാണ് ഞാൻ ആലോചിക്കുന്നത്? പ്രഖ്യാപനത്തിന് യാതൊരു കുറവുമില്ല. ഈ വർഷത്തെ കണക്ക് കേൾക്കണോ? ഒക്ടോബർ 30 വരെ സ്റ്റേറ്റ് പ്ലാനിന്റെ 10.3 ശതമാനമാണ് ചെലവാക്കിയിട്ടുള്ളത്. Externally Aided Project-കളുടെ 8.9 ശതമാനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 17.3 ശതമാനവും ടോട്ടൽ സ്റ്റേറ്റ് പ്ലാൻ 12.3

ശതമാനവുമാണ്. ഇതാണ് ചെലവിന്റെ കണക്ക്.

ശ്രീ. പി. സി. ജോർജ്: സർ, അങ്ങയുടെ കാലത്തും ത്രിതല പഞ്ചായത്തിന്റെ ചെലവ് എത്രയായിരുന്നു; മാർച്ച് മാസത്തിന്റെ അവസാനത്തിലല്ലേ അന്നും ചെലവാക്കിയത്? ഞങ്ങളുടെ കാലത്ത് അതിൽ മാറ്റം വരുത്തുകയാണ്. അങ്ങയുടെ കാലത്തേക്കാളും വളരെ നല്ല മാനേജ്മെന്റാണിത്. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സത്യസന്ധമായി പറയുകയാണെങ്കിൽ അങ്ങ് ധനകാര്യ വകുപ്പുമന്ത്രി ആയിരുന്നപ്പോൾ ഈ പിരീഡിൽ എൽ.എസ്.ജി.ഡി.-യിൽ എത്ര ശതമാനം ചെലവഴിച്ചിട്ടുണ്ട്? ആ ഒരു താരതമ്യം കൂടി പറയണം. നല്ല ധനകാര്യ വിദഗ്ദ്ധനാകണമെങ്കിൽ സത്യസന്ധത കൂടി വേണമല്ലോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങനെയല്ല ശ്രീ. പി. സി. വിഷ്ണുനാഥേ.. ഈ തിരിച്ചുപിടിത്തം എങ്ങനെ മനസ്സിലാക്കാൻ സാധിക്കും. പാർക്ക് ചെയ്ത പണം തിരിച്ചെടുത്തുകഴിഞ്ഞാൽ എ.ജി. അക്കൗണ്ട് ചെയ്യാൻ പോകുന്നത് other receipt-ൽപ്പെടുത്തും. ഈ വർഷത്തെ ചെലവ് നോക്കുമ്പോൾ അറിയാം plan expenditure എത്ര വരുമെന്നുള്ളത്. ചെലവ് ഇങ്ങനെ കൂടിയതുകൊണ്ടല്ലേ പി.സി. ജോർജ്ജ് ഇങ്ങനെ ഉണ്ടായിരിക്കുന്നത്. ഈ പറഞ്ഞതുപോലെ ഒരോ കാര്യങ്ങൾക്ക് എടുത്ത് ചെലവാക്കിയിട്ടുണ്ടാകാം. പക്ഷെ, വരുമാനത്തിൽ വന്നത് വലിയ consistent ആയിട്ടുള്ള ഇടിവാണ്. ഞാൻ അഴിമതി ആരോപണങ്ങളൊന്നും ഉന്നയിക്കാൻ ഉദ്ദേശിക്കുന്നില്ല. പക്ഷേ something very serious. നമ്മുടെ ടാക്സ് അഡ്മിനിസ്ട്രേഷൻ പൂർണ്ണമായി കുത്തഴിഞ്ഞിരിക്കുന്നുവെന്ന് ഞാൻ പറയും. ഞാൻ അതിന്റെ ഇൻസ്റ്റൻസസ് മാത്രമേ പറയുന്നുള്ളൂ. ആരോപണമായിട്ടൊന്നും ആരും കരുതേണ്ട കാര്യമില്ല. എന്റെ വ്യക്തിപരമായ അനുഭവത്തിലുള്ള ഒരു കാര്യം പറയാം. ഒരു സീനിയർ ഓഫീസറുടെ ഗുരുതരമായ ക്രമക്കേടുകൾ കണ്ട് അദ്ദേഹത്തെ സസ്പെന്റ് ചെയ്തു. സസ്പെന്റ് ചെയ്ത് ആറ് മാസം കഴിഞ്ഞപ്പോൾ റീ-ഇൻസ്റ്റേറ്റ് ചെയ്തു. എങ്കിലും കേസ് നിലവിലുള്ളതുകൊണ്ട് പ്രൊമോഷൻ ലഭിച്ചില്ല. നിങ്ങളുടെ ഭരണത്തിന്റെ ആദ്യ വർഷം അദ്ദേഹത്തിന് മുൻകാല പ്രാബല്യത്തോടുകൂടി പ്രൊമോഷൻ കൊടുത്തു. ഫലം എന്താണ്? നിങ്ങളുടെ സീനീയർ ഓഫീസർമാരിൽ ഒരാളായി അദ്ദേഹം മാറി. ഞാൻ ആരോപണമൊന്നും

വയ്ക്കുന്നില്ല. കമ്മീഷണറടക്കം ഇരിക്കുന്ന യാത്ര അയപ്പുവേദിയിൽ ഈ ഉദ്യോഗസ്ഥന്റെ പ്രസംഗം എന്താണെന്ന് അങ്ങ് അന്വേഷിക്കുക. ഞാൻ മഹാത്മാഗാന്ധിയോ ഹരിശ്ചന്ദ്രനോ ഒന്നുമല്ല. ഇത്രയും പഠിച്ച് ഇങ്ങനെയായത് കുറച്ച് പണമുണ്ടാക്കാനാണ്. ബഹുമാനപ്പെട്ട വിജിലൻസ് വകുപ്പുമന്ത്രി ഇവിടെയുണ്ടല്ലോ. ഈ പറഞ്ഞത് ശരിയാണോയെന്ന് നിങ്ങൾ അന്വേഷിക്കുക. ശരിയാണെങ്കിൽ നിങ്ങൾ ആക്ഷൻ എടുക്കുക. ശരിയല്ലെന്നുകണ്ടാൽ ഞാൻ പിൻവലിച്ചു, മാപ്പും പറഞ്ഞേക്കാം. എന്നിട്ടിപ്പോൾ സ്വകാര്യ പ്രാക്ടീസ് നടത്തുകയാണ്. ഇരിക്കുന്ന കീ പോസ്റ്റുകളെല്ലാം അദ്ദേഹത്തിന്റെ അനുകരണ ബിംബങ്ങൾ. എന്നിട്ടും നോട്ടീസ് അയയ്ക്കും, കേസ് ഇദ്ദേഹത്തിനും. ഇങ്ങനെയൊരു സമ്പ്രദായം നിൽക്കുകയാണെങ്കിൽ ഏതെങ്കിലും നല്ലൊരു ഉദ്യോഗസ്ഥന് പണിയെടുക്കാൻ തോന്നുമോ. ഇതാണ് demoralization. Entire department-ലെ demoralization ഇതാണ്. നികുതി നിരക്ക് വർദ്ധിപ്പിച്ചതിന്റെ കണക്ക് ഞാൻ പറയുന്നില്ല. നികുതി നിരക്കും വാറ്റ് നികുതിയുമെല്ലാം വർദ്ധിപ്പിച്ചതിന്റെ കാര്യം നേരത്തെ ശ്രീമതി പി. അയിഷാ പോറ്റി പറയുന്നുണ്ടായിരുന്നു. പത്ത് ശതമാനം വിലക്കയറ്റമുണ്ടല്ലോ. ഇനി കുറച്ച് മാന്ദ്യമുണ്ടായാലും അതിനെയെല്ലാം കോമ്പൻസേറ്റ് ചെയ്യുന്ന രീതിയിൽ വിലക്കയറ്റവും ഉണ്ടായിട്ടുണ്ട്, നിരക്കും വർദ്ധിച്ചിട്ടുണ്ട്. മാണി സാർ പറഞ്ഞ കാര്യങ്ങളെയെല്ലാം ഞാൻ ഡിസ്പ്യൂട്ട് ചെയ്യുന്നില്ല. ഒറ്റക്കാര്യം മാത്രമേ കൂട്ടിച്ചേർക്കാൻ കഴിയുകയുള്ളൂ. ഇങ്ങനെയൊക്കെയുണ്ടെങ്കിലും പുറത്തുനിന്ന് കേരളത്തിലേക്ക് വരുന്ന പണത്തിന് ഒരു കുറവും ഉണ്ടായിട്ടില്ല. വർദ്ധിച്ചിട്ടേയുള്ളൂ. അതുകൊണ്ട് നമ്മുടെ ആഭ്യന്തര കമ്പോളത്തിന് ഈ പറയുന്ന പ്രത്യാഘാതമുണ്ടായിട്ടില്ല. അല്ലെങ്കിൽ പ്രത്യാഘാതമുണ്ടായെന്നുതന്നെ ഇരിക്കട്ടെ. നിരക്കും വർദ്ധിപ്പിച്ചു, പത്ത് ശതമാനം വിലക്കയറ്റവുമുണ്ട്. എന്നിട്ടും നികുതി വരുമാനം ഇങ്ങനെ പോകുകയാണെങ്കിൽ അതിന്റെ അർത്ഥമെന്താണ്? ഗിഫ്റ്റ്, അവർ എക്സർസൈസ് നടത്തി. ഈ നികുതി നിരക്ക് വർദ്ധനയില്ലെങ്കിൽ മൈനസ്സായിരിക്കും വരുമാനം. കഴിഞ്ഞ വർഷത്തേക്കാൾ കുറവ്. ഇതിന്റെ പ്രശ്നം എന്താണെന്നുവച്ചാൽ it is a totally demoralized force. കാരണം അഴിമതിയെന്നൊന്നും പറയുന്നില്ല. ഓരോ ഘട്ടത്തിലുമുള്ള ആളുകളുടെ അനധികൃതമായ ഇടപെടലുകളാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> : സർ, പുറത്തുനിന്നുള്ള പണത്തിന്റെ വരവിൽ കുറവുണ്ടായിട്ടില്ലെന്ന് പറയുകയാണ്. ഡോക്ടർക്ക് അറിയാവുന്ന ഒരു വസ്തുത, മാണി സാർ നിയമസഭയിൽ പറഞ്ഞ സാമ്പത്തിക മാന്ദ്യത്തിന്റെ ഇഷ്യൂസ്

ഇപ്പോഴും നിലനിൽക്കുകയാണ്. കാരണം ഈ പണം റിയൽ എസ്റ്റേറ്റിലേക്ക് വരണം. എന്നിട്ട് ഡോക്യുമെന്റ് രജിസ്റ്റർ ചെയ്യണം. ഞാൻ അങ്ങയുടെ അത്രയും വലിയ സാമ്പത്തിക വിദഗ്ദ്ധനല്ല. സാമ്പത്തികം അറിയാത്ത ഒരാളാണ്, സാധാരണക്കാരനാണ്. വിനയം കൊണ്ടല്ല. അഹങ്കാരമില്ലാത്തതുകൊണ്ടാണ്. ഞാൻ മനസ്സിലാക്കുന്നത്, കഴിഞ്ഞ ഒരു വർഷം കൊണ്ട് രജിസ്ട്രേഷനിൽ നാൽപ്പതിനായിരം ഡോക്യുമെന്റിന്റെ കുറവുണ്ടായിട്ടുണ്ട്. ഇത് വളരെ കൃത്യമാണ്. അങ്ങനെയൊരു കുറവുണ്ടാവുക എന്നു പറയുമ്പോൾ റിയൽ എസ്റ്റേറ്റ് ഡൗൺ ആയിട്ടുണ്ട്. റിയൽ എസ്റ്റേറ്റ് ഡൗൺ ആകുമ്പോൾ കൺസ്ട്രക്ഷനെ അതുപോലെ ബാധിക്കും. കൺസ്ട്രക്ഷനെ ബാധിക്കുമ്പോൾ സ്വാഭാവികമായും ആ സെക്ടറിൽ കുറവുണ്ടാകും. ഈ പണം ബാങ്കിൽ വന്നുകിടക്കുന്നതിന്റെ പേരിൽ സർക്കാരിന് ഏതെങ്കിലും തരത്തിൽ വരുമാനമുണ്ടാകുമോ? പണം വരുന്നു എന്നേയുള്ളൂ. ആ പണം റിയൽ എസ്റ്റേറ്റിലേക്കോ രജിസ്ട്രേഷനിലേയ്ക്കോ കൺസ്ട്രക്ഷനിലേക്കോ വരുന്നില്ല. മോട്ടോർ വാഹന നികുതിയിൽ ഉണ്ടായിരുന്ന കുറവ് താരതമ്യം ചെയ്താൽ മോട്ടോർ വാഹന നികുതിയിലുണ്ടായ കുറവ് കണക്കാക്കാം. നാഷണൽ ഡോക്യുമെന്റ് പ്രകാരം നാഷണൽ ആവറേജ് പതിനൊന്ന് ശതമാനമാണ്. കേരളത്തിന് പന്ത്രണ്ട് ശതമാനവും ആന്ധ്രയിൽ നാല് ശതമാനവും മഹാരാഷ്ട്രയിൽ എട്ട് ശതമാനവും ഡൽഹിയിൽ നെഗറ്റീവുമാണ്. നാഷണൽ ആവറേജിനുമുകളിൽ നികുതി പിരിവ് കാണിക്കുന്ന, ഗ്രോത്ത് റേറ്റ് കാണിക്കുന്ന, ഒരു സ്റ്റേറ്റിന്റെ സംവിധാനത്തെ demoralize ചെയ്യാൻ മുൻ ധനകാര്യമന്ത്രി ശ്രമിക്കുന്നത് ആ ഉദ്യോഗസ്ഥൻമാരോട് കാട്ടുന്ന അനീതിയാണെന്ന് മാത്രമേ ഞാൻ പറയുകയുള്ളൂ.

ഡോ. ടി. എം. തോമസ് ഐസക് : സർ, നിങ്ങൾക്കുവേണമെങ്കിൽ അതിനെ തള്ളിക്കളയാം. ഈ പറഞ്ഞതൊന്നുമല്ല ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ഭാഗമായി ഇവിടെ വരുമാനം കുറഞ്ഞതാണെന്ന് സമാധാനിച്ചിരിക്കുകയാണെങ്കിൽ അങ്ങനെ ഇരുന്നോളൂ. പക്ഷേ നാടിന്റെ ഈ പോക്ക് കണ്ടിട്ടും നിങ്ങളുടെ വൈഷമ്യം കണ്ടിട്ടും ഉള്ളത് പറയുകയാണ്. അർത്ഥമില്ലാത്തതാണ് ഇവിടെ ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞതെന്ന് ഞാൻ പ്രസ്താവിച്ചില്ലല്ലോ. നികുതി നിരക്ക് വർദ്ധിപ്പിച്ചതിനോടും വിലക്കയറ്റം ഉണ്ടായതിനോടുമൊപ്പം ഞാൻ പറഞ്ഞതുംകൂടി നിങ്ങൾ കൂട്ടിവായിച്ചുനോക്കൂ. മാത്രമല്ല 2008-09-ലേതുപോലെയുള്ള സാമ്പത്തിക പ്രതിസന്ധി ലോകത്തുമില്ല, ഇന്ത്യയിലുമില്ല. അന്ന് കേരളത്തിൽ നികുതി വരുമാനമുണ്ടായിട്ടുപോലും

പത്തൊമ്പത് ശതമാനം വച്ച് നിന്നല്ലോ.

ശ്രീ. സാജു പോൾ : സർ, കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ശ്രീ. എ. കെ. ശശീന്ദ്രൻ കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനെ സംബന്ധിച്ച് അടിയന്തര പ്രമേയം അവതരിപ്പിച്ചു. ആ അടിയന്തര പ്രമേയ ചർച്ചാവേളയിൽ ഞങ്ങൾ സഭയിൽനിന്നും ഇറങ്ങിപ്പോയി. ഞങ്ങളെ കൂകിവിളിച്ചാണ് ഇവിടെനിന്നും ഇറക്കിവിട്ടത്. പക്ഷേ ആ കൂകിവിളിക്കും ഞങ്ങളെ ആക്ഷേപിക്കാനും അന്ന് നേതൃത്വം കൊടുത്ത ശ്രീ. ബെന്നി ബെഹനാൻ ആഗസ്റ്റ് മാസം ഒന്നാം തീയതി വെള്ളിയാഴ്ച രാവിലെ പത്തുമണിക്ക് എറണാകുളം കളക്ടറേറ്റിന്റെ മുമ്പിൽ നടന്ന കരാറുകാരുടെ സമരം ഉദ്ഘാടനം ചെയ്തു. ശ്രീ. അൻവർ സാദത്തും ശ്രീ. ഹൈബി ഈഡനും ആ സമരത്തെ അഭിവാദ്യം ചെയ്തു. ഇവിടെ വന്നിരുന്ന് ഒരു വർത്തമാനം പറയുകയും പുറത്തിറങ്ങി ഈ സർക്കാർ കുടിശ്ശിക കൊടുത്തുതീർക്കുന്നില്ല, ആകെ കടബാദ്ധ്യത വരുത്തിയിരിക്കുകയാണെന്ന് പ്രസംഗിക്കുകയും ചെയ്യുന്നു. പകൽ അത്തറ് മുക്കുകയും രാത്രി മൂത്രപ്പുരയിൽ കിടക്കുകയും ചെയ്യുന്ന പരിപാടിയാണ് നടത്തുന്നത്.

ഡോ. ടി. എം. തോമസ് ഐസക് : സർ, അദ്ദേഹം ചെലവിനെക്കുറിച്ചാണ് പറഞ്ഞത്. ഞാൻ വരുമാനത്തെക്കുറിച്ചാണ് പറഞ്ഞുകൊണ്ടിരുന്നത്. ഞങ്ങൾ തമ്മിൽ തർക്കിച്ചുകൊണ്ടിരുന്ന കാര്യത്തിൽ വ്യത്യാസമുണ്ട്. അതിന് നിങ്ങൾ ഒരു അലവൻസ് കൊടുത്തോളൂ. എന്നാലും നേരത്തെ പറഞ്ഞ പ്ലസ് പോയിന്റുകളില്ലേ? അതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ വരുമാനം ഇങ്ങനെ കുറയേണ്ട ഒരു കാര്യവുമില്ല. അതിലെ ടാക്സ് അഡ്മിനിസ്ട്രേഷന്റെ പോരായ്മയാണെന്നുള്ള പക്ഷക്കാരനാണ് ഞാൻ. മുസ്‌ലി പവർ എന്താണെന്ന് അറിയാമല്ലോ. അതൊക്കെ പറ്റിക്കലാണ്. നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇതൊക്കെ പിടിക്കാനുള്ളതാണ്. അതിനെ മരുന്നായിട്ട് എങ്ങനെയാണ് വയ്ക്കുന്നത്? അത് ഫുഡ് സപ്ലിമെന്റ് എന്നാണ് അറിയാൻ കഴിയുന്നത്. അത് മരുന്നെന്നും പറഞ്ഞ് കിടന്നിരുന്നു. ഫുഡ് സപ്ലിമെന്റാണെന്നും പറഞ്ഞ് വിലയിരുത്തി. 65 കോടി രൂപ അടിച്ചുകൊടുത്തു. അത് ഫുഡ് സപ്ലിമെന്റ് അല്ല, മരുന്നുമല്ല, ഫുഡ് സപ്ലിമെന്റാണെന്നുപറഞ്ഞ് കമ്മീഷണർ എക്സ്പ്ലനേഷനും കൊടുത്തു. എന്തുകൊണ്ടാണ് ആ എക്സ്പ്ലനേഷൻ ഇപ്പോൾ പിൻവലിച്ചത്? കോടതിയുടേതായിട്ടുള്ള നിർദ്ദേശങ്ങളുണ്ട്. ഞാനിപ്പോൾ അഴിമതിയെന്നൊന്നും പറഞ്ഞില്ല. കോടതിയുമായിട്ടുള്ള ചില നടപടികളും കാര്യങ്ങളുമൊക്കെയുണ്ട്.

എന്നിട്ടിപ്പോൾ അപ്പീൽ വന്നിരിക്കുകയാണ്. എക്സ്പ്ലനേഷനില്ല. കോഴി കച്ചവടക്കാരുടെ കാര്യം പോലെ തന്നെ അപ്പീൽ തീരുമാനിക്കുമോ? ഇതൊക്കെ ഗൗരവമായിട്ടുള്ള കാര്യങ്ങളാണ്. കഴിഞ്ഞ സമ്മേളനം അവസാനിക്കുന്ന ദിവസം ലഭിച്ച സി. ആന്റ് എ.ജി. റിപ്പോർട്ടിൽ VAT Information System-ത്തിലെ പോരായ്മകൾ നികത്തിയാൽ എങ്ങനെ വരുമാനം കൂട്ടാമെന്നാണ് ചർച്ച ചെയ്യുന്നത്. ഉദാഹരണത്തിന്, എല്ലാവരും രജിസ്റ്റർ ചെയ്യണം. രജിസ്റ്റർ ചെയ്യുന്ന ഒരാൾക്ക് 60 ലക്ഷമുണ്ടെങ്കിൽ മാത്രമേ മുഴുവൻ നികുതി കൊടുക്കേണ്ടി വരികയുള്ളൂ. 10 ലക്ഷത്തിനും 60 ലക്ഷത്തിനുമിടയ്ക്കാണെങ്കിൽ ഒരു തുക കൊടുത്താൽ മതി. നമ്മൾ ലളിതമായി നോക്കുമ്പോൾ ഒരു പാൻകാർഡ് കാണാൻ കഴിയും. പക്ഷേ, അതിന് പല രജിസ്ട്രേഷൻ. ഒരു വാലിഡേഷൻ ക്ലോസ്സ് വച്ചിട്ടുണ്ടെങ്കിൽ ചിലപ്പോൾ പല രജിസ്ട്രേഷൻ വേണ്ടി വന്നേക്കാം. അയാൾ ചെക്ക് പോസ്റ്റിൽക്കൂടി കൊണ്ടുപോകുന്ന ചരക്ക് കച്ചവടക്കാരന്റെ അക്കൗണ്ടിൽ ഇല്ലെങ്കിൽ അത് തട്ടിപ്പെന്ന് മനസ്സിലാക്കി അത് നമുക്ക് പിടിക്കാൻ സാധിക്കും. അതിന് ചെക്ക്പോസ്റ്റിലെങ്ങും പോകേണ്ട കാര്യമില്ല. കമ്മീഷണറുടെ രണ്ടു ഉദ്യോഗസ്ഥർക്ക് മുറിയിലിരുന്നുതന്നെ നോക്കാവുന്നതേയുള്ളൂ. എ.ജി. എങ്ങും പോയിട്ടല്ല ഇത് ചെയ്യുന്നത്. കമ്മീഷണറുടെ ആഫീസിലുള്ള കണക്കുകൾ ശേഖരിച്ച് അതിന്റെയടിസ്ഥാനത്തിൽ കമ്പ്യൂട്ടർ പരിശോധന നടത്തിയിട്ട് പെനാൽറ്റിയും നികുതിയും കൂടി ഏതാണ്ട് 14,000 കോടിരൂപ പിരിക്കാനുണ്ട്. അപ്പോൾ ഞാൻ ചോദിച്ച നമ്മുടെ നികുതി ഉദ്യോഗസ്ഥരാണെങ്കിൽ, ഇതിപ്പോൾ അതിരുകവിഞ്ഞതാണ് ഇത്രയൊന്നുമില്ല. ഇങ്ങനെ സംസാരിക്കാൻ പറ്റുന്നത് പി.എ.സി.-യിൽ അവർ വരുന്നതുകൊണ്ടാണ്. എ.ജി. അവിടെയുള്ളതുകൊണ്ട് ഞാൻ അവരോട് ചോദിച്ചു നിങ്ങൾ ഡിപ്പാർട്ടുമെന്റിനെ കാണിച്ച് അവരുമായി ചർച്ച നടത്തിയശേഷമല്ലേ റിപ്പോർട്ടുണ്ടാക്കിയത്. സാധാരണ ഒരു റിപ്പോർട്ട് ഡിപ്പാർട്ട്മെന്റ് അക്സെപ്റ്റ് ചെയ്തേ വരികയുള്ളൂ. ഇതിന്റെ മൂന്നുമടങ്ങ് ആയിരുന്നു ആദ്യത്തെ എസ്റ്റിമേറ്റ്. ഡിപ്പാർട്ടുമെന്റിന്റെ ഒബ്ജക്ഷൻസിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ ഒബ്ജക്ട് ചെയ്യുന്നോ അതുമാറ്റി അവരുടെ അവസാന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഇതെങ്കിലുമുണ്ട് എന്നു പറയുകയാണ്. ഞാൻ പറയുന്നത് വേറെ തട്ടിപ്പും മറ്റും പിടിക്കുകയല്ല. നിങ്ങൾ ഈ അക്കൗണ്ടുകൾ റീ-ഓപ്പൺ ചെയ്തതിനുശേഷം നികുതി പിരിക്കുക.

മി. ചെയർമാൻ : 40 മിനിട്ട് കഴിഞ്ഞു.

ഡോ. ടി. എം. തോമസ് ഐസക് : ഞാൻ പറയുന്നത് എ.ജി. സി.ഡി.യിൽ ഓരോ അക്കൗണ്ടും എന്തു വെട്ടിപ്പ് എന്നു പറഞ്ഞു തന്നിട്ടുണ്ട്. അത് റീ-ഓപ്പൺ ചെയ്തിട്ട് പരിശോധിക്കണം.

ശ്രീ. പി. സി. ജോർജ് : അങ്ങയുടെ കാലത്ത് ഈ റിപ്പോർട്ടിൽ എത്രയാണെന്നു പറയാമോ ?

ഡോ. ടി. എം. തോമസ് ഐസക്: അങ്ങനെയൊരു പാർട്ടിസം തർക്കത്തിനല്ല പറയുന്നത്. നിങ്ങളുടെ ഭരണകാലത്തു മാത്രമല്ല ഞങ്ങളുടെയും അവസാനത്തെ രണ്ടുവർഷമുണ്ട്.

മി. ചെയർമാൻ : ഇനി 11 പേർ ഈ ബില്ലിൽ പ്രസംഗിക്കാനുണ്ട്.

ഡോ. ടി. എം. തോമസ് ഐസക്: സാർ എന്നെ പ്രകോപിപ്പിക്കരുത്. സംസാരിക്കാനുള്ളത് എന്റെ അവകാശമാണ്. നിയമനിർമ്മാണത്തിന് ടൈം ലിമിറ്റ് ഇല്ല.

മി. ചെയർമാൻ : ഇന്നലെ ബഹുമാനപ്പെട്ട കക്ഷിനേതാക്കന്മാർ എല്ലാം കൂടി ഉണ്ടാക്കിയ ധാരണ.....

ഡോ. ടി. എം. തോമസ് ഐസക്: No, എന്റെ അവകാശം ഞാൻ ആർക്കും വിട്ടുകൊടുത്തിട്ടില്ല. ഇത് ആരുടെയും തട്ടിപ്പുകൊണ്ടല്ല. അവർ തട്ടിക്കുന്നുണ്ടാകും. നമ്മുടെ ഇൻഫർമേഷൻ സിസ്റ്റത്തിൽ ചെറിയ വാലിഡേഷൻ ക്ലോസ്സുകൾ വരുത്തിയാൽ, പിടിക്കാവുന്നതാണ്. സിസ്റ്റത്തിൽ ഒരു മാറ്റം വേണമെന്നാണ് പറയുന്നത്. അല്ലാതെ ഏതെങ്കിലും മന്ത്രിയോ ആരെങ്കിലും അഴിമതി കാണിച്ചുവെന്നല്ല പറയുന്നത്. നമ്മൾ സിസ്റ്റം ഒരെണ്ണം ഉണ്ടാക്കിക്കഴിയുമ്പോൾ നിരന്തരമായിട്ട് അത് അപ്ഗ്രേഡ് ചെയ്തുകൊണ്ടിരിക്കണം. അതാണ് ടാക്സ് അഡ്മിനിസ്ട്രേഷൻ. അതാണ് അതിന് സഹായകരമായ റിപ്പോർട്ട്. നിങ്ങൾ ഈ കേസുകൾ റീ-ഓപ്പൺ ചെയ്തിട്ട് അതിന്റെ പണം പിരിക്കുക. അതൊക്കെ ചെയ്യുന്നതിനുപകരം കൃഷിക്കാരുടെ 100 കോടി രൂപ ഈ ദുരിതസമയത്ത് വലിച്ചെടുക്കാൻ നോക്കുന്നത്. എന്തിനുവേണ്ടിയാണ്. അതിന് വേറെ വഴികളുണ്ട്. സംസ്ഥാനം വലിയ ധനകാര്യ പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നു എന്നുള്ളതിനെക്കുറിച്ച് തർക്കമില്ല. അതിന് നടപടികൾ സ്വീകരിക്കുകയും വേണം. എന്നാൽ തിരുത്തേണ്ടത് തിരുത്തുകയും വേണം. വേണ്ടിവന്നാൽ ബൈപാർട്ടീസുമായി ചർച്ച ചെയ്യാനും തയ്യാറാണ്. ഇന്നത്തെ പരിതസ്ഥിതി

കടന്നുപോകാനായി എന്നെങ്കിലും നിങ്ങൾ ഞങ്ങളുമായി ചർച്ച ചെയ്തിട്ടുണ്ടോ? ആഗോള പരിതസ്ഥിതി മോശമായിപ്പോയതുകൊണ്ട് നാട്ടിൽ വലിയ പ്രതിസന്ധിയാണ്. ആ പ്രതിസന്ധി തരണം ചെയ്യാൻ എങ്ങനെ കേരളം പ്രവർത്തിക്കണം; ബൈപാർട്ടിസം ചർച്ച ചെയ്തിട്ടുണ്ടോ; അത് ചെയ്യാതെ ജനങ്ങളെ പിഴിയാൻ ഓർഡിനൻസ് ഇറക്കി ചുടപ്പംപോലെ എല്ലാംകൂടി ഒറ്റനിയമം ആയിട്ട് ചർച്ച പോലും നടത്താതെ പാസ്സാക്കിയെടുക്കാൻ ധരിച്ചുവെങ്കിൽ അതുശരിയല്ല. ഞാൻ നിരാകരിക്കാനുള്ള കാരണം ഇതാണ്. ഇങ്ങനെയുള്ള കടുംകൈകൾ കൃഷിക്കാരുടെ നേരെ ചെയ്യേണ്ടതുണ്ടോ എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒന്നാലോചിക്കണം. നാളെ ബഹുമാനപ്പെട്ട മന്ത്രിയും മറ്റും അവരുടെയടുത്തു പോകേണ്ടവരാണ് എന്നു മനസ്സിൽ വയ്ക്കുക. ഞാൻ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ :</u> സർ, ഡോ. ടി. എം. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ച നിരാകരണ പ്രമേയത്തെ ഞാൻ പിന്താങ്ങുകയാണ്. ഇതിലെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, ഇത്തരം ഒരു ഓർഡിനൻസിലൂടെ 2,000 കോടി രൂപയിലധികം വരുന്ന തുക പിരിക്കാൻ ഗവൺമെന്റ് കാണിച്ച അധാർമ്മികതയാണ്. എന്തുകൊണ്ടാണ് ഈ അധാർമ്മികമായ നിലപാട് സ്വീകരിച്ചത്? ഡോ. ടി. എം. തോമസ് ഐസക് ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ ഗവൺമെന്റിന്റെ ദുരഭിമാനം മാറ്റിവച്ച് സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ എന്താണ് മാർഗ്ഗമെന്ന് ഈ സഭയിൽ ചർച്ച ചെയ്ത് ഒരു തീരുമാനമെടുക്കാമായിരുന്നില്ലേ? നേരായ മാർഗ്ഗം സ്വീകരിക്കുന്നതിനുപകരം നിയമസഭയെ നോക്കുകുത്തിയാക്കി ഒരു നിയമ നിർമ്മാണത്തിന് മുതിർന്നത് എന്തുകൊണ്ടാണ് എന്നതിന്റെ ധാർമ്മികവശമാണ് ആദ്യം ഇവിടെ വിശദീകരിക്കേണ്ടത്. ഓർഡിനൻസ് ഇറക്കാൻ ഗവൺമെന്റിന് അധികാരമുണ്ട്. എന്നു കരുതി ഏതു കാര്യത്തിനും ഓർഡിനൻസ് പുറപ്പെടുവിച്ചാൽ ബഡ്ജറ്റ് സമ്മേളനത്തിന്റെ ആവശ്യമുണ്ടോ? ഓർഡിനൻസിലൂടെ ഒരു ഉത്തരവ് പുറപ്പെടുവിക്കുകയും ആ ഓർഡിനൻസ് നിയമമാക്കാൻ സമ്മേളനം വിളിച്ചുകൂട്ടുകയും ചെയ്താൽ പോരേ? ഇതൊക്കെ ജനാധിപത്യ സംവിധാനത്തിന്റെ ചില അലംഘനീയമായ നിലപാടുകളാണ്. ആ നിലപാടുകളെ ഇവിടെ പിച്ചിച്ചീന്തി എറിഞ്ഞു എന്നതാണ് ഒന്നാമത്തെ പ്രശ്നം. രണ്ടാമത്തെ പ്രശ്നം, എന്തിനാണ് നികുതി വർദ്ധിപ്പിക്കുന്നത്? നികുതി വർദ്ധിപ്പിക്കുന്നതിലൂടെ വരുമാന വർദ്ധനവ് അല്ലെങ്കിൽ വിഭവ സമാഹരണമാണ് ലക്ഷ്യമിടുന്നത്. നമ്മുടെ സമ്പദ്ഘടനയ്ക്ക്

നികുതി നിർദ്ദേശങ്ങൾ എത്രമാത്രം ഗുണം ചെയ്യുന്നു എന്നതിനെ ആശ്രയിച്ചാണ് നികുതി നിർദ്ദേശത്തെ ന്യായീകരിക്കാനാവുക. ഇവിടെ 7 ഓർഡിനൻസുകളിലൂടെ കൊണ്ടുവന്ന ഏതെങ്കിലും ഒരു നികുതി നിർദ്ദേശത്തിലൂടെ നമ്മുടെ സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്ന വരുമാനമാർഗ്ഗങ്ങൾ ഉണ്ടാക്കിയെടുക്കാൻ കഴിയുമോ? അതിനുള്ള നിരവധി ഉദാഹരണങ്ങളാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇപ്പോൾ ഇവിടെ ചർച്ച ചെയ്യുന്ന തോട്ടം മേഖലയിലെ നികുതി തന്നെയെടുക്കാം. നൂറ് ശതമാനമാണ് വർദ്ധിച്ചിട്ടുള്ളത്. തോട്ടം മേഖല നേരിടുന്ന പ്രതിസന്ധിയെക്കുറിച്ച് ഇവിടെ യിരിക്കുന്ന ആർക്കെങ്കിലും എന്തെങ്കിലും സംശയമുണ്ടോ? നമ്മുടെ നാണ്യവിളകൾ ഇൻഡ്യയിൽ ഉല്പാദിപ്പിക്കുന്ന നാണ്യവിളകളുടെ നാൽപ്പതു ശതമാനത്തോളം വരുന്നതാണ്. ആ നാൽപ്പതു ശതമാനം വരുന്ന നാണ്യവിളകൾ ഉല്പാദിപ്പിക്കുന്ന തോട്ടം മേഖല ഇപ്പോൾ നേരിടുന്ന പ്രതിസന്ധിയെക്കുറിച്ചാണ് രാവിലെ ഇവിടെ അവതരിപ്പിച്ചത്. ആ മേഖലയിൽ തോട്ടങ്ങൾ പൂട്ടേണ്ട സ്ഥിതിവിശേഷം ഇപ്പോൾ ഉണ്ടായിട്ടുണ്ട്. റബ്ബർ, തേയില തുടങ്ങിയ എല്ലാ മേഖലയിലും ഉല്പാദനം കുറഞ്ഞുവരികയാണ്. തേയില 30%, റബ്ബർ 55%, ഏലം 50% എന്നിങ്ങനെ വിലയിടിഞ്ഞുകൊണ്ടിരിക്കുകയാണ്. രാവിലെ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വിലയിടിവുമൂലം തകർച്ചയെ നേരിടുന്ന കർഷകജനത പ്രക്ഷോഭ രംഗമാണ്. അത് ഈ സഭയിൽ എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. അങ്ങനെയൊരു സാഹചര്യത്തിൽ നൂറുശതമാനം നികുതി വർദ്ധനവ് ഉണ്ടാക്കിയാൽ വരുമാന വർദ്ധനവാണോ വരുമാനക്കുറവാണോ ഉണ്ടാവുക; അത്രയൊക്കെ ആലോചിക്കാൻ എന്തുകൊണ്ടാണ് കഴിയാതെ പോയത്? അവിടെയാണ് ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞത് ദുരഭിമാനം ഉള്ളതുകൊണ്ട് സഭയിൽ ചർച്ച ചെയ്ത് പരിഹാരമാർഗ്ഗം കാണുന്നതിനെക്കുറിച്ച് ആലോചിക്കുന്നില്ലായെന്ന്. നികുതി വർദ്ധനവ് ഓർഡിനൻസിലൂടെ കൊണ്ടുവരാൻ ഗവൺമെന്റിനെ പ്രേരിപ്പിച്ചത് എന്താണ് ? ഇവിടെ ഗുരുതരമായ ഒരു സാമ്പത്തിക പ്രതിസന്ധിയില്ലെങ്കിൽ 6 മാസം കാത്തിരുന്ന് അടുത്ത ബഡ്ജറ്റിൽ അവതരിപ്പിച്ച് നികുതി വർദ്ധിപ്പിച്ചാൽ മതിയായിരുന്നല്ലോ? അധാർമ്മിക മാർഗ്ഗത്തിലൂടെ നികുതി വർദ്ധിപ്പിച്ച് വരുമാനമുണ്ടാക്കണമെന്ന ഒരു എമർജൻസി ഗവൺമെന്റിനുണ്ടാകാൻ കാരണം സാമ്പത്തിക പ്രതിസന്ധിയാണ്. അത് തുറന്ന് സമ്മതിച്ച് എങ്ങനെ പരിഹാരം കാണാൻ കഴിയുമെന്ന് ആലോചിക്കണം. അങ്ങനെ ആലോചിക്കുമ്പോഴാണ് ശ്രീ. പി. സി. ജോർജ് പറഞ്ഞതുപോലെ പോസിറ്റീവാകാൻ കഴിയുക. പോസിറ്റീവാകാൻ കഴിയുന്ന അന്തരീക്ഷം സൃഷ്ടിക്കേണ്ടത് ഗവൺമെന്റാണ്. പ്രതിപക്ഷം സഹകരിക്കുകയാണ് വേണ്ടത്. പ്രതിപക്ഷം അന്തരീക്ഷം സൃഷ്ടിച്ച്

ഗവൺമെന്റ് സഹകരിക്കുകയല്ല വേണ്ടത്. വാഗ്ദാനങ്ങൾ പാലിക്കുന്നതിൽ പ്രതിബദ്ധതയോടുകൂടി പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണിത് എന്നല്ലേ പറഞ്ഞത്? കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്തെ പ്രകടന പത്രികയെക്കുറിച്ച് ഇന്നലെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പ്ലാന്റേഷൻ മേഖല നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച് പഠിച്ച് സമർപ്പിച്ച റിപ്പോർട്ട് പ്രാവർത്തികമാക്കാൻ ഈ ഗവൺമെന്റ് ശ്രമിക്കുന്നതാണെന്നും അതിനനുസരിച്ച് കാർഷികാദായ നികുതി ഒഴിവാക്കുമെന്നും ഈ പ്രകടന പത്രിക വാഗ്ദാനം ചെയ്യുന്നു. അന്ന് ഡി.സി.സി. പ്രസിഡന്റ് ശ്രീ. രമേശ് ചെന്നിത്തലയായിരുന്നു. കാർഷികാദായ നികുതി ഒഴിവാക്കുമെന്ന വാഗ്ദാനം പാലിച്ചോ അതോ ലംഘിച്ചോ എന്ന് ഞാൻ അദ്ദേഹത്തോട് ചോദിക്കുകയാണ്. അദ്ദേഹത്തിനാണ് അത് കൃത്യമായി പറയാൻ കഴിയുക. അദ്ദേഹം അത് പാലിച്ചിട്ടില്ല. അപ്പോൾ കർഷക ജനതയെയാണ് വഞ്ചിച്ചത്. ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞതുപോലെ കേരള കോൺഗ്രസ് പാർട്ടിയുടെ ജീവാത്മാവും പരമാത്മാവുമായ മാണിസാറാണ് ആ കർഷക ജനതയെ വഞ്ചിച്ചത്.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ശ്രീ. എ. കെ. ശശീന്ദ്രനെപ്പോലെയുള്ള മാന്യന്മാർ ഇങ്ങനെ പറയുന്നത് ശരിയാണോ? മാണി സാർ കർഷകന്റെ ശത്രുവാണെന്ന് എങ്ങനെ പറയാൻ സാധിക്കും? അദ്ദേഹത്തിന്റെ ജീവിതമെന്നു പറയുന്നത് കർഷക വർഗ്ഗത്തിനുവേണ്ടിയാണ്. കേരളത്തിലെ കർഷക വർഗ്ഗം മാണി സാറിനെ വിശ്വസിക്കുന്നതുപോലെ മറ്റാരെയും വിശ്വസിക്കുന്നില്ല. ആഗോള പ്രതിഭാസം സംഭവിച്ചിരിക്കുന്ന ഒരു പ്രശ്നമാണിത്. റബ്ബറിനും തേയിലയ്ക്കും വിലയില്ലാത്തത് ധനകാര്യ വകുപ്പുമന്ത്രി കാരണമാണോ? ഇത്തരം ആരോപണങ്ങളുന്നയിച്ച് പുകമറ സൃഷ്ടിച്ച് രാഷ്ട്രീയ പാർട്ടിയെയോ പാർട്ടി നേതാവിനെയോ അപമാനിക്കുന്നത് ശരിയല്ല. ശ്രീ. എ. കെ. ശശീന്ദ്രൻ അതിന് ക്ഷമ പറയുമെന്നാണ് എന്റെ വിശ്വാസം.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ശ്രീ. പി. സി. ജോർജിന് മാണിസാറിനോട് ഇത്ര വിരോധമുണ്ടെന്ന് ഇപ്പോൾ മനസ്സിലായി. കാരണം ആഗോള പ്രതിഭാസമൊന്നും ഞാൻ പറഞ്ഞില്ല, തെരഞ്ഞെടുപ്പ് വാഗ്ദാനം ലംഘിച്ചുവെന്നാണ് പറഞ്ഞത്. ആ നിയമം ഇവിടെ കൊണ്ടുവന്നത് ധനകാര്യ വകുപ്പുമന്ത്രിയാണ്. നികുതി വർദ്ധിപ്പിച്ചത് ആരാണ്? കർഷകരെ ദ്രോഹിക്കാനുള്ള നികുതി വർദ്ധിപ്പിച്ചത് ഇന്ന ധനകാര്യ മന്ത്രിയാണെന്നു പറയുന്നത് അദ്ദേഹത്തെ അപമാനിക്കാനാണെണ് ശ്രീ. പി. സി. ജോർജ് വ്യാഖ്യാനിച്ചതിലാണ് എനിക്ക്

അദ്ദേഹത്തോട് വിഷമം തോന്നുന്നത്. അങ്ങനെ വ്യാഖ്യാനിക്കുന്നത് ശരിയല്ല. വാഗ്ദാനം ലംഘിച്ചുവെന്നാണ് ഞാൻ പറഞ്ഞത്. അതിന് കാരണക്കാരനായി പ്രവർത്തിച്ചത് ധനകാര്യ വകുപ്പുമന്ത്രിയാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): സർ, മാണി സാറിനെ എങ്ങനെയെങ്കിലും പുകച്ച് പുറത്താക്കിയിട്ട് അതിനുപകരം ശ്രീ. പി. സി. ജോർജിന് മന്ത്രിയായി വരണമെന്ന് ആഗ്രഹമുണ്ടെന്ന് പറയുന്നത് കേട്ടിട്ടുണ്ടോ?

ശ്രീ. പി. സി. ജോർജ്: സർ, ഈ സഭയിലെ 141 പേർ പറഞ്ഞാലും മന്ത്രിയാകാൻ ഞാനില്ല.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങനെയൊന്നും ഞാൻ പറയില്ല. മാണി സാറിന് ഒരു ഭീഷണിയില്ലെന്ന് ശ്രീ. പി. സി. ജോർജ് ഇവിടെ പ്രഖ്യാപിച്ചത് ഈ രാഷ്ട്രീയ സാഹചര്യത്തിൽ നല്ലതാണ്. അതുകൊണ്ട് കേരള കോൺഗ്രസ് അംഗങ്ങളാണ് അത് പ്രത്യേകം ശ്രദ്ധിക്കേണ്ടത്. തോട്ടം മേഖലയിലെ തൊഴിലാളികൾ ഉൾപ്പെടെയുള്ള ആളുകളെ രക്ഷിക്കാൻ ഈ നികുതി നിർദ്ദേശം പിൻവലിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. അങ്ങനെ പിൻവലിക്കാനാണെങ്കിൽ ഞാൻ അനുകൂലിക്കാം. പക്ഷേ അതിൽ ഉറച്ചു നിന്നുകൊണ്ട് കർഷക ദ്രോഹം ആവർത്തിക്കാനാണ് ശ്രമിക്കുന്നതെങ്കിൽ എനിക്ക് ഈ നിയമ നിർമ്മാണത്തെ അനുകൂലിക്കാൻ സാദ്ധ്യമല്ല. ഒന്ന്, ഈ ഓർഡിനൻസ് അധാർമികമാണ്. രണ്ട്, കർഷക ജനതയെ ദ്രോഹിക്കാനുള്ളതാണ്. ഈ രണ്ട് കാരണങ്ങളാൽ ഈ ഓർഡിനൻസുമായി മുന്നോട്ടുപോകാനോ അതിന് അനുയോജ്യമായ ഒരു നിയമനിർമ്മാണത്തെ അനുകൂലിക്കാനോ സാദ്ധ്യമല്ലെന്നു മാത്രം പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, I move that - "This house resolves to disapprove The Kerala Taxation Laws (Amendment) Ordinance, 2014 (Ordinance No. 24 of 2014)" കേരളത്തിലെ ജനത ചെന്നുപെട്ടിരിക്കുന്ന ഒരു ജീവിതപ്രതിസന്ധിയുണ്ട്. ആ ജീവിതപ്രതിസന്ധി കൃത്യമായി മനസ്സിലാക്കേണ്ടത് ഒരു ഗവൺമെന്റാണ്. ഇങ്ങനെയൊരു നികുതി ഭാരം കേരളത്തിലെ സാധാരണക്കാരായ മനുഷ്യന്റെ മുകളിൽ കെട്ടിവയ്ക്കാൻ രാക്ഷസീയമായ മനസ്സില്ലെങ്കിൽ കഴിയുകയില്ല. കേരളത്തിൽ പ്രതിസന്ധിയുണ്ടാകാം. പ്രതിസന്ധിയെന്ന വാക്ക് ഈ പ്രമേയവുമായി ബന്ധപ്പെട്ട് നൽകിയ വിശദീകരണക്കുറിപ്പിൽ നാലിടത്താണ് ഉപയോഗിച്ചിട്ടുള്ളത്. പ്രതിസന്ധി എന്നാൽ മാണി സാർ പറഞ്ഞതുപോലെ ഞെരുക്കം, വൈഷമ്യം എന്നൊക്കെ പറയുന്നത് ഇതുമായി ബന്ധപ്പെടുത്തി നോക്കാം. ഇങ്ങനെ പോയാൽ

അഞ്ചാറുമാസം കഴിയുമ്പോൾ കേരളത്തിലൊരു ഭരണ പ്രതിസന്ധിയും രാഷ്ട്രീയ പ്രതിസന്ധിയുമുണ്ടാകും. ഈ ജീവിത പ്രതിസന്ധി അതിലേക്ക് വളരാതെ നിലനിൽക്കണമെങ്കിൽ കേരളത്തിൽ നിലനിൽക്കുന്ന സാഹചര്യങ്ങളും മനുഷ്യന്റെ വാങ്ങൽശേഷി നഷ്ടപ്പെടലും കമ്പോളത്തിന്റെ നിർജ്ജീവതയും പണ സംവിധാനത്തിന്റെ ഒഴുക്കിന്റെ കുറവും ഭരണ കക്ഷിയും മാണി സാറും കൃത്യമായി മനസ്സിലാക്കണം. മാണി സാർ ഇതൊന്നും മനസ്സിലാക്കാത്ത ആളാണെന്ന് ഞാൻ കരുതുന്നില്ല. പക്ഷേ എന്തുകൊണ്ടോ ഈ സമയത്ത് ഒരു സർക്കാരിന്റെ ആരംഭത്തിൽ ഇവിടെ പറഞ്ഞതുപോലെ വലിയ ഒരു പ്രതിസന്ധിയില്ലെങ്കിൽ അടുത്ത ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ കേന്ദ്ര ബഡ്ജറ്റും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും സാമ്പത്തിക സ്ഥിതിയും നോക്കി, ഇവിടെ ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞതുപോലെ അടുത്ത ബഡ്ജറ്റ് അവതരിപ്പിക്കുന്ന സമയത്ത് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് ഈ സഭയിൽ ചില നിർദ്ദേശങ്ങൾ കൊണ്ടുവരാം. എന്നാൽ ഒരു പുകമറയ്ക്കുള്ളിൽ ഈ സഭയെ നിർത്തി ഇടക്കാലത്ത് മന്ത്രിസഭ തീരുമാനിച്ച് ഓർഡിനൻസായി ഇറക്കി ഏഴ് നിയമങ്ങൾ ഒരുമിച്ചുകൊണ്ടുവന്ന് ഇവിടെ അവതരിപ്പിക്കപ്പെടുമ്പോൾ അതിന് ഭംഗിയില്ലാതെ പോകുന്നു. ഒരു ഉദാഹരണം ഞാൻ പറയാം. കാർഷിക മേഖലയിൽ ചില അധിക ബഡ്ജറ്റ് നിർദ്ദേശങ്ങൾ വയ്ക്കുന്നുണ്ട്. ആ ബഡ്ജറ്റ് നിർദ്ദേശങ്ങളുമായി ബന്ധപ്പെട്ട് ഇടുക്കി മേഖലയിലെ തേയിലത്തോട്ടങ്ങളിൽ കഴിഞ്ഞ ദിവസം Bon-Ami എന്ന ഒരു തോട്ടം പൂട്ടി. പിറ്റേദിവസം കോട്ടമല എന്ന തോട്ടവും പൂട്ടി. ഈ രണ്ട് തോട്ടങ്ങൾ പൂട്ടിയാൽ ഈ ബഡ്ജറ്റ് നിർദ്ദേശം നടപ്പാക്കാൻ സാധിക്കുമോ? 100 കോടി രൂപ അധികം പിരിക്കുന്നുവെന്ന് പറയുന്നത്, അവിടെ ഇനിയും അനന്തമായി തോട്ടങ്ങൾ പൂട്ടുമെന്നാണ് കേൾക്കുന്നത്. അവിടെ മാത്രമല്ല കേരളത്തിലൊട്ടാകെ പല തോട്ടങ്ങളും പൂട്ടാൻ പോകുന്നുവെന്നാണ്. കൂടാതെ കേരളത്തിലെ റബ്ബർ തോട്ടങ്ങളിൽ ചിലതും പൂട്ടാൻ പോകുന്നു. അങ്ങനെയാണെങ്കിൽ ബഡ്ജറ്റ് നിർദ്ദേശം പ്രായോഗികമാകില്ലെന്നു മാത്രമല്ല അവിടത്തെ ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നതോടുകൂടി അവരുടെ ജീവിതച്ചെലവിനുള്ള മാർഗ്ഗംകൂടി ഇല്ലാതാവുകയാണ്. ഗവൺമെന്റിൽ വരേണ്ട ചെറിയ നികുതി പോലും ഇല്ലാതാകുന്ന ഒരു ജീവിതപ്രതിസന്ധി രൂപപ്പെടുകയാണ്. ഇതൊന്നും ആലോചിക്കാതെയാണ് ഇത്തരത്തിലൊരു വലിയ ഭാരം കേരളത്തിലെ സാധാരണക്കാരായ മനുഷ്യരുടെമേൽ കെട്ടിവയ്ക്കുന്നത്? ഞാൻ എല്ലാ നിർദ്ദേശങ്ങളെക്കുറിച്ചും പറയുകയല്ല. സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് മാണി സാർ പറയുന്നതുപോലെ ആഗോളവത്ക്കരണ കാലത്തിന്റെ പ്രത്യേകത കൊണ്ടാണെങ്കിൽ ഇപ്പോൾ അങ്ങോട്ട് പൈസ കൊടുക്കുകയാണ് വേണ്ടത്. കടം

വാങ്ങിയെങ്കിലും കേരളത്തിലെ സാധാരണ മനുഷ്യന്റെ വാങ്ങൽ ശേഷി വർദ്ധിപ്പിച്ചാൽ മാത്രമേ കേരളത്തിൽ പണത്തിന്റെ ഒഴുക്ക് ഉണ്ടാകുകയുള്ളൂ. അങ്ങനെ ഉണ്ടായാൽ മാത്രമേ ഖജനാവിലേക്കും പണം വരികയുള്ളൂ. കേരളത്തിൽ റബ്ബറിന്റെ വിലക്കുറവും ഉല്പാദനക്കുറവും റബ്ബർ വെട്ടാതിരിക്കുന്നതുമൂലവും ഏറ്റവും കുറഞ്ഞത് 15,000 കോടി രൂപയെങ്കിലും കഴിഞ്ഞ രണ്ട് വർഷംകൊണ്ട് കേരളത്തിന്റെ കമ്പോളത്തിൽ ഉണ്ടാകുന്നില്ല എന്ന കാര്യം കേരളത്തിലെ ആർക്കും അറിയാവുന്നതാണ്. കോട്ടയം പട്ടണവും പാലായും കട്ടപ്പനയും മൂന്നാറും കടയ്ക്കലും അഞ്ചലുമെല്ലാം മങ്ങിമങ്ങി നിൽക്കുകയാണ്. ഇതിനുള്ള പ്രധാന കാരണം ഗൾഫ് പണം കഴിഞ്ഞാൽ കേരളത്തിലെ കാർഷിക മേഖലയിൽ നിന്നും ഏറ്റവും കൂടുതൽ പണം വരുന്ന ഒരേയൊരു വിള റബ്ബറാണ്. ആ റബ്ബറിന്റെ ഉല്പാദനത്തിൽ വളരെ കുറവുണ്ടാവുകയും വിലയിൽ തകർച്ചയുണ്ടാകുകയും റബ്ബർ വെട്ടുകാരന്റെ കയ്യിൽ പണമില്ലാതാവുകയും ചെയ്യുന്നു. കേരളത്തിലെ കിഴക്കൻ മേഖല കേന്ദ്രീകരിച്ച് റബ്ബർ കൃഷി നടത്തുന്നതുമായി ബന്ധപ്പെട്ട് രണ്ട് വർഷം മുമ്പ് ജ്വലിച്ചുനിന്ന പല കമ്പോളങ്ങളും ഇപ്പോൾ നിർജ്ജീവമായിപ്പോയി. ആ അവസ്ഥയിൽ അവന്റെ ചുമലിൽ അധിക നികുതി വന്നാൽ അതിന്റെ ഫലമെന്താണ്? അതിന്റെ ഫലം റബ്ബർ കൃഷി ഇല്ലാതാകും. കേരളത്തിലെ ആളുകളെ പ്രേരിപ്പിച്ച് ആത്മഹത്യയുണ്ടാക്കരുതെന്ന് മന്ത്രി ശ്രീ. കെ. പി. മോഹനൻ ഇന്ന് രാവിലെ ഇവിടെ പറയുകയുണ്ടായി. കാസർഗോഡ് റബ്ബർ കൃഷി ചെയ്ത് ജീവിക്കുന്ന രാമചന്ദ്രൻ എന്ന കർഷകൻ കഴിഞ്ഞ ഒക്ടോബർ മാസം അവസാനം ആത്മഹത്യ ചെയ്തു. കോഴഞ്ചേരിയിലും കോട്ടയത്തും റബ്ബർ കർഷകർ ആത്മഹത്യചെയ്തു. ആത്മഹത്യ ചെയ്യുന്ന തരത്തിൽ പ്രതിസന്ധി നേരിടുമ്പോൾ അത് മനസ്സിലാക്കാൻ ഗവൺമെന്റിന് ബാധ്യതയുണ്ട്. ഇത് യു.ഡി.എഫ്.-ന്റെയോ എൽ.ഡി.എഫ്-ന്റെയോ ഏതെങ്കിലും ഒരു പ്രദേശത്തിന്റെയോ വിഷയമല്ല. ബഡ്ജറ്റിൽ പ്രശ്നം വന്നാൽ മാണി സാറിന് ജനങ്ങളുടെ മേൽ ഭാരം വയ്ക്കാനുള്ള അവകാശമുണ്ട്. ഒരു റബ്ബർ കർഷകന്റെ ജീവിതത്തിൽ മക്കളെ പഠിപ്പിക്കാൻ പണമില്ലെങ്കിൽ, റബ്ബർ വെട്ടാൻ നിവൃത്തിയില്ലെങ്കിൽ, വീട് വച്ചത് പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ, കല്ല്യാണം നടത്താൻ നിവൃത്തിയില്ലെങ്കിൽ അവൻ എവിടെ ഭാരം ഇറക്കി വയ്ക്കും? അക്ഷരാർത്ഥത്തിൽ സാധാരണ കർഷകന് സ്വപ്നം കാണാൻ പോലും കരം കൊടുക്കേണ്ടി വരുന്ന ഒരു അവസ്ഥയാണ് ഉണ്ടാകാൻ പോകുന്നത്. മാണി സാറിന് സ്വപ്നം കാണാൻ പോലും കരം കൊടുക്കേണ്ടി വരുമെന്നാണ് എനിക്ക് തോന്നുന്നത്. സ്വപ്നം കാണാൻപോലും അവകാശമില്ലാതെ വന്നിരിക്കുകയാണ്. ഈ അടുത്തകാലത്തെങ്ങും നേരിട്ടിട്ടില്ലാത്ത ഒരു വലിയ ജീവിത പ്രതിസന്ധിയാണ്. ഇത് കേരളത്തിലെ ബാങ്കിംഗ് മേഖലയെയും രാഷ്ട്രീയ-ഭരണ സംവിധാനത്തെയുമൊക്കെ ബാധിക്കുന്ന ഒരു പ്രശ്നമായി വളർന്നുവരുമ്പോൾ

കുറച്ചുകൂടി ആലോചിച്ച് മാത്രമേ ഇത്തരം മേഖലകളിൽ ഒരു ഭാരം അടിച്ചേൽപ്പിക്കാൻ ശ്രമിക്കാവൂ. അല്ലാതെ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചാൽ അതിന്റെ പ്രതികരണം പോസിറ്റീവാകുകയില്ല നെഗറ്റീവ് ആകും. പണത്തിന്റെ ഒഴുക്കിൽ ചലനശേഷി നഷ്ടപ്പെട്ടാൽ വരുമാനം കൂടുകയില്ലെന്ന് മാത്രമല്ല, വരുമാനം കുറയും. മാണി സാർ കൂടി വല്ലാത്ത പ്രതിസന്ധിയിൽപ്പെട്ടുപോകും. രണ്ടാമത്തെ പ്രശ്നം, ഗവൺമെന്റ് എല്ലാത്തിന്റെയും ഭാരം മദ്യപാനികളായ പാവപ്പെട്ട മനുഷ്യരുടെമേൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നതായാണ് കാണുന്നത്. കേരളത്തിൽ 'മദ്യരഹിത സമൂഹം' എന്ന് പറയുന്നത് വലിയൊരു സ്വപ്നമാണ്. അത് നടപ്പിലാക്കാൻ കഴിഞ്ഞാൽ നല്ലതുമാണ്. പക്ഷേ പാവപ്പെട്ട മദ്യപാനികളുടെമേൽ ഭാരം കെട്ടിവയ്ക്കുന്നതാണ് ഒരു ഗവൺമെന്റിന്റെ രീതി എന്നുപറഞ്ഞാൽ അത് ശരിയാണോ; അതായത് കുടിച്ചാൽ നമ്മൾ കഞ്ഞി കുടിച്ച് കിടക്കും എന്നുപറയുന്നത് ശരിയാണോ? കേരളത്തിൽ പുനരധിവാസ പദ്ധതികൾക്കും മെഡിക്കൽ പദ്ധതികൾക്കും സെസ്സ് ഏർപ്പെടുത്തുകയാണ്. ഇതൊന്നും കൂടാതെ 105 ശതമാനം ടാക്സ് ഉണ്ടായിരുന്നത് 135 ശതമാനം ആകുന്നു. ഇതെല്ലാം കൂടി ചേർത്ത് ബിവറേജസ് കോർപ്പറേഷനിൽ പോയി മദ്യം വാങ്ങുന്ന സാധാരണക്കാരുടെ മേലാണ് നികുതി ഭാരം അടിച്ചേൽപ്പിക്കുന്നത്. യു.ഡി.എഫ്. ഭരണത്തിലും ആഗോളമാന്ദ്യത്തിലുമെല്ലാം അകപ്പെട്ട് വൈകിട്ട് വീട്ടിൽ പോയി അത്യാവശ്യം അത്താഴം വളരെ തർക്കമില്ലാതെ കഴിക്കണമെങ്കിൽ സ്വല്പം ബോധം നഷ്ടപ്പെടണം എന്ന് ചിന്തിക്കുന്ന മനുഷ്യന്റെ അസ്വസ്ഥമായ മനസ്സ് കൂടിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ ഒരു സമയത്ത് എല്ലാം ഭാരവും കൂടി പാവപ്പെട്ട മനുഷ്യരുടെ മേൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്നത് ശരിയാണോയെന്ന് എക്സൈസ് വകുപ്പുമന്ത്രി കൂടി ആലോചിക്കണം. അങ്ങനെ കയറ്റി വയ്ക്കുന്നതാണോ മദ്യനിരോധനത്തിലേക്ക് സഞ്ചരിക്കുന്ന പാതയ്ക്ക് നല്ലത്? വീര്യം കുറഞ്ഞ മദ്യം കൊടുക്കുന്ന ഒരു സിസ്റ്റം ഉണ്ടാക്കണമെന്ന് വേണമെങ്കിൽ പറയാം. പക്ഷേ ഇപ്പോൾ വൈനിന് ഇരുപത് ശതമാനം ടാക്സ് വർദ്ധിപ്പിക്കുകയാണ്. ബിയറിന് അൻപത് ശതമാനം എന്നുള്ളത് എഴുപത് ശതമാനം ആക്കി വർദ്ധിപ്പിക്കുകയാണ്. ഇതിന് എന്താണൊരു ബദൽ സംവിധാനം? ഇതെല്ലാം നടക്കുമ്പോൾ കേരളത്തിൽ പന്ത്രണ്ടായിരത്തിലധികം കോടി രൂപ വലിയവരുടെ കയ്യിൽ നിന്നും പിരിച്ചെടുക്കാനുണ്ടെന്ന് കൃത്യമായ കണക്ക് പറയുന്നു. അത് പിരിച്ചെടുക്കാനുള്ള കഴിവ് നമ്മുടെ ഉദ്യോഗസ്ഥ സംവിധാനവും ഭരണ സംവിധാനവും പ്രകടിപ്പിക്കേണ്ടതാണ്. അത്രയും തുക പിരിച്ചെടുക്കാനുള്ളപ്പോഴാണ് സാധാരണക്കാരായ മനുഷ്യരുടെ മേൽ ഇത്രയും വലിയ ഭാരം കൊണ്ടു വയ്ക്കുന്നത്. സാധാരണ മദ്യം കഴിക്കുന്ന പാവപ്പെട്ട മനുഷ്യരുടെ മേൽ ഭാരം

കയറ്റി വച്ചുകൊണ്ടാണ് ആയിരത്തിമുന്നൂറിലധികം കോടി രൂപ പിരിക്കാൻ തീരുമാനിക്കുന്നത്. ഇപ്പോൾ കേരളീയ സമൂഹം എന്നുപറയുന്നത് ഒരു വിശുദ്ധ സമൂഹമല്ല. നമ്മുടെ സമൂഹം ഇന്ന് ഏറ്റവും കൂടുതൽ നേരിട്ടുകൊണ്ടിരിക്കുന്നത് രോഗങ്ങളുടെ പ്രശ്നമാണ്. ഇന്ത്യയിൽ തന്നെ ഏറ്റവും കൂടുതൽ രോഗികളുള്ളത് കേരളത്തിലാണ്. നമ്മുടെ ആയൂർദൈർഘ്യം കൂടുതലാണ്. പുരുഷന്മാർക്ക് 79 വയസ്സും സ്ത്രീകൾക്ക് 74 വയസ്സുമാണ് ആയൂർദൈർഘ്യം. പക്ഷെ നമ്മുടെ ആയുർദൈർഘ്യം കൂടുമ്പോൾ ആരോഗ്യ ദൈർഘ്യം എത്രയാണ്; 60 വയസ്സുവരെ ആയുസ് ഉണ്ടായിരുന്ന കാലത്ത് 58 വയസ്സുവരെയും നമ്മൾ ആരോഗ്യത്തോടെ ജീവിച്ചവരാണ്. ഗുളിക കഴിക്കാതെയും കിടപ്പിലാകാതെയും ഹോസ്പിറ്റലിൽ അധികം പോകാതെയും ജീവിച്ചവരാണ്. ഇപ്പോൾ 35-ാമത്തെ വയസ്സ് മുതൽ ഗുളികയും മരുന്നും കഴിച്ചാണ് ജീവിക്കുന്നത്. നമ്മുടെ ആയുസ്സിന്റെ ദൈർഘ്യം കൂടി ആരോഗ്യത്തിന്റെ ദൈർഘ്യം കുറഞ്ഞുവെന്നാണ് എല്ലാ പഠനങ്ങളും പറയുന്നത്. ആയുസ്സിന്റെ ദൈർഘ്യം കൂടുകയും ആരോഗ്യത്തിന്റെ ദൈർഘ്യം കുറയുകയും ചെയ്യുന്നത് സമൂഹത്തിന്റെ ഭാരമാണ്. മരുന്നുകൊണ്ടും മറ്റു പലതരം പരിചരണങ്ങൾ കൊണ്ടും ജീവിക്കുന്നവരായി സമൂഹം മാറുമ്പോൾ അതൊരു ഗൗരവപ്പെട്ട പ്രശ്നമാണെങ്കിൽ ആ പ്രശ്നം എങ്ങനെയാണ് അഡ്രസ് ചെയ്യുന്നത്; ആ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ, അവിടെയാണ് നമ്മൾ ഉണ്ടാക്കുന്ന പൈസ എവിടേക്കെല്ലാം പോകുന്നു എന്നത് സംബന്ധിച്ച് മാണി സാർ മനസ്സിലാക്കേണ്ടതുണ്ട്. നമ്മുടെ റിയൽ എസ്റ്റേറ്റ് മേഖല, നിർമ്മാണ മേഖല, മറ്റു മേഖലൾ എല്ലാം സ്തംഭിച്ചു നിൽക്കുകയാണെന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് പറഞ്ഞു. എന്തുകൊണ്ടാണ് സ്തംഭിച്ചു നിൽക്കുന്നത്? ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞ ഒരു കാര്യം എന്താണെന്ന് വച്ചാൽ എൽ.ഡി.എഫ്. സർക്കാരിന്റെ അവസാന കാലഘട്ടത്തിൽ എത്ര റോഡ് വർക്ക് എന്നുള്ള തർക്കങ്ങൾ ഉള്ളപ്പോൾ തന്നെ ഒരു കാര്യം സത്യമാണ്. കണക്കു പ്രകാരം 3,513.72 കോടി രൂപ മിച്ചം ഉണ്ടായിരുന്നു. യു.ഡി.എഫ്. ഭരണത്തിലേറി ആദ്യത്തെ ഒന്നോ രണ്ടോ വർഷം ഏതെങ്കിലും പെൻഷൻ കൊടുക്കാനോ ഏതെങ്കിലും തരത്തിലുള്ള വർക്കുകൾക്ക് പണം കൊടുക്കാനോ ഗവൺമെന്റിന്റെ ദൈനംദിന പരിപാടികൾ നടന്നു പോകാനോ ഒരു വിഷമവും ഉണ്ടായില്ല. എന്തുകൊണ്ട് ഇപ്പോൾ ഒരു വിഷമത്തിലേക്ക് എത്തി? റബ്ബറിന്റെ വില കുറയുകയാണെന്നും കാർഷിക മേഖല സ്തംഭനത്തിൽ വരികയാണെന്നും പണമിടപാട് സംവിധാനത്തിൽ കുറവു വരികയാണെന്നുമെല്ലാം കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ തന്നെ ജനങ്ങൾക്ക് മനസ്സിലായതാണ്. അങ്ങനെയാണെങ്കിൽ കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഭരണകക്ഷിയിലെ മാണി സാറിനെ പോലെ വളരെ

പരിചയ സമ്പന്നനായ ഒരു ധനകാര്യ വകുപ്പുമന്ത്രിക്ക് ഇതൊക്കെ മുൻകൂട്ടി കാണാൻ കഴിയണ്ടേ? അത് മുൻകൂട്ടി കണ്ട് ഇതിന് പരിഹാരമായി നിർദ്ദേശങ്ങൾ വയ്ക്കാൻ കഴിയണം. പ്രതിസന്ധിയില്ലായെന്ന് എൽ.ഡി.എഫ്.-നോട് പറയുന്നു. പ്രതിസന്ധിയുണ്ട് എന്നുള്ളത് സത്യമാണ്. ആ സത്യത്തെ സത്യമായി മനസ്സിലാക്കാൻ ശ്രമിക്കണം. അതുകൊണ്ട് ഈ നിർദ്ദേശങ്ങൾ ഇപ്പോൾ കൊണ്ടുവരുന്നതിൽ ജനാധിപത്യ വിരുദ്ധ സ്വഭാവം ഉണ്ട്. കേരളത്തിലെ പാവപ്പെട്ട ജനങ്ങൾക്ക് താങ്ങാൻ സാധിക്കാത്ത വിധത്തിലാണ് ഇതെല്ലാം വന്നു ചേർന്നിരിക്കുന്നത്. 2014 ഏപ്രിൽ 1 മുതൽ നവംബർ 24 വരെ സഭയിൽ നൽകിയ മറുപടി അനുസരിച്ച് കേന്ദ്രത്തിൽ നിന്നും എല്ലാം കിഴിച്ച് കടം വാങ്ങിയത് 1,145.60 കോടി രൂപയാണ്. ഇതിൽ നബാർഡിൽ നിന്നും കിട്ടിയതും കേന്ദ്രത്തിൽ നിന്നും കടമെടുത്തതും പൊതുകടം എടുത്തതും ഉണ്ട്. ഇത്രയെല്ലാം കടമെടുത്തിട്ടും കരാറുകാർക്ക് എന്തുകൊണ്ട് പൈസ കൊടുക്കാൻ ഇല്ല? ട്രാൻസ്പോർട്ട് ജീവനക്കാർക്ക് ശമ്പളവും പെൻഷനും കൃത്യമായി കൊടുക്കാനില്ല. നിയമനത്തിന് സ്തംഭനമുണ്ടെന്ന് ശ്രീ. കെ. എം. മാണി ഇന്നലെ പറഞ്ഞു. നിയമനത്തിന് സ്തംഭനമുള്ളപ്പോൾ കോർപ്പറേഷനുകളിലും മറ്റിടങ്ങളിലും മറ്റു സംവിധാനങ്ങളിലൂടെ ഇഷ്ടാനുസരണം നിയമനം നടത്തിയിട്ടുണ്ട്.

(അധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

കേരളത്തിൽ പി.എസ്.സി. മെമ്മോ അയച്ചവർക്ക് ജോലി കൊടുക്കാൻ കഴിയാത്തപ്പോഴാണ് ഇത് നടക്കുന്നത്. ഞാൻ പറയുന്ന കേരളത്തിൽ ഒരു വശത്ത് ശരിയായിട്ടുള്ളതൊന്നും നടക്കുന്നില്ല, മറുവശത്ത് തെറ്റായിട്ടുള്ളത് നടക്കുന്നു. ഇത് ശരിയാണോ? കേരളത്തിലെ പൊതുസമൂഹത്തിന് നിയമപരമായി കിട്ടേണ്ടത് അല്ലെങ്കിൽ കിട്ടിക്കൊണ്ടിരുന്നത് കിട്ടാതിരിക്കുകയും, അർഹരായവർ അവഗണിക്കപ്പെടുകയും അനർഹർ അവിടെ കയറിയിരിക്കുകയും ചെയ്യുന്ന ഒരു ജനാധിപത്യ വിരുദ്ധമായ, ധാർമ്മിക വിരുദ്ധമായ സ്വഭാവം ഇതിൽ വന്നുചേർന്നിട്ടുണ്ട്. ഇവിടെ ഒരു ചോദ്യത്തിന് ഉത്തരമായി, ഇന്ത്യാ ഗവൺമെന്റ് പെട്രോളിന്റേയും ഡീസലിന്റേയും വില ലോക കമ്പോളത്തിൽ പെട്രോളിന്റേയും ഡീസലിന്റേയും വില കുറയുന്നതനുസരിച്ച് കുറച്ചു എന്ന് പറഞ്ഞു. എന്നാൽ കേരളത്തിൽ ഈ അവസരത്തിൽ ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞത് പെട്രോളിന്റെ നികുതി മൂന്ന് തവണ കൂട്ടി. ഡീസലിന്റെ നികുതി രണ്ട് തവണ കൂട്ടി. കേന്ദ്രം വില കൂട്ടുമ്പോൾ പെട്രോൾ, ഡീസൽ നികുതി വേണ്ടെന്നുവച്ചുവെന്ന് അഭിമാനിച്ചിരുന്ന യു.ഡി.എഫ്. ആണ് ഇത് ചെയ്തത്. ഇത് കാരണം 7.74 കോടി

രൂപ ആ കാരണത്താൽ ലഭിച്ചുവെന്നും ഒരു ചോദ്യത്തിന് ഉത്തരമായി പറഞ്ഞു. ഞാൻ പറയുന്നത് ഇപ്പോൾ വച്ച നികുതിയുടെ കാര്യം മാത്രമല്ല കേരളത്തിൽ ഇലക്ട്രിസിറ്റി ബോർഡിലും, ട്രാൻസ്പോർട്ടിലും, വാട്ടർ അതോറിറ്റിയിലും അങ്ങനെ പലയിടങ്ങളിലും അധിക ചാർജ്ജ് വന്നു. ഇതൊന്നും ഈ ബില്ലുമായി ബന്ധപ്പെട്ട് ഇവിടെ വരുന്നതല്ല. താങ്ങാൻ പറ്റാത്തവണ്ണം ദുർബ്ബലരായിക്കൊണ്ടിരിക്കുന്ന, സാമ്പത്തികമായി ഒരു തരത്തിൽ പീഡിപ്പിച്ചുകൊണ്ടിരിക്കുന്ന കേരളത്തിലെ മനുഷ്യരുടെ മേൽ എത്രയധികം ഭാരമാണ് വച്ചത്? എല്ലാ ഭാരവും ഏറ്റുവാങ്ങുന്ന കേരളത്തിലെ സാധാരണ മനുഷ്യരുടെ മേൽ ഇനിയും ഭാരം വയ്ക്കുന്ന ജനാധിപത്യവിരുദ്ധമായ ഒരു നീക്കം നടന്നുപോകുന്ന മനുഷ്യന്റെ കയ്യിൽ കെട്ടിവയ്ക്കുന്നത് അവന്റെ ജീവിതത്തിന്റെ നടപ്പുതന്നെ പ്രതിസന്ധിയിലാകും. ഇവിടെ സൂചിപ്പിച്ചതുപ്പോലെ, കേരളത്തിൽ ഒരു ഭരണസ്തംഭനത്തിലേക്ക്, രാഷ്ട്രീയ സ്തംഭനത്തിലേക്ക്, അടുത്ത മാർച്ച് 31 കഴിച്ചുകൂട്ടിയാൽ ട്രഷറികൾ തുറന്നു പ്രവർത്തിക്കുന്നതിലേക്ക് എത്തിച്ചേരാൻ വലിയ വിഷമമുണ്ടാകും. അതുകൊണ്ട് അത്തരത്തിലൊരു വിഷമത്തിൽ കേരളത്തിലെ തോട്ടം മേഖലയ്ക്കും കാർഷിക മേഖലക്കും ചെറുപ്പക്കാരുടെ മേഖലയ്ക്കും വിദ്യാഭ്യാസമേഖലയ്ക്കും ഇന്നത്തെ കേരളത്തിന്റെ ഈ അവസ്ഥയിൽ അധിക ഭാരം വച്ചുകൊടുത്താൽ അത് ചുമക്കാൻ പറ്റാതെ വീണുപോകും. അങ്ങനെ വീണുപോയാൽ കേരളം തന്നെ വീണുപോകാൻ സാദ്ധ്യതയുള്ളതുകൊണ്ട് അതിൽ മാണി സാറും ഈ ഭരണകൂടവും കുറ്റക്കാരായി ചരിത്രം വിധിക്കും. ആ വിധി ഏറ്റുവാങ്ങാതിരിക്കണമെങ്കിൽ ഇതിൽ നിന്ന് പിന്മാറുക എന്നതാണ്. നിരാകരണപ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. കെ. കുഞ്ഞിരാമൻ ( തൃക്കരിപ്പൂർ): സർ, ഈ നിരാകരണപ്രമേയത്തെ ഞാൻ അനുകൂലിക്കുകയാണ്. 2014 ഡിസംബർ 4 എന്ന് പറയുന്ന ഈ ദിവസം കേരളീയ സമൂഹത്തിന് ഒരു കറുത്ത ദിനമായി മാറുകയാണെന്നാണ് എന്റെ വിനീതമായ അഭിപ്രായം. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ മുമ്പ് കൊണ്ടു വന്നിട്ടുള്ള ജനദ്രോഹ നയങ്ങളുടേയും നികുതികളുടേയും വിലവർദ്ധനവിന്റേയും ഫലമായി ഈ രാജ്യത്തെ ജനകോടികൾ അങ്ങേയറ്റം കഷ്ടപ്പാട് അനുഭവിക്കുകയാണ്. ഇടിവെട്ടേറ്റവനെ പാമ്പുകടിച്ച എന്നതുപോലെയാണ് നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നികുതി നിർദ്ദേശങ്ങളെല്ലാം ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഇന്ന് രാവിലെ അടിയന്തരപ്രമേയം അവതരിപ്പിച്ചതുമുതൽ ഇതുവരെ ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത എല്ലാ ആളുകളും കാർഷിക മേഖലയുടെ ഇന്നത്തെ സ്ഥിതിയെക്കുറിച്ച് വിശദീകരിക്കുകയുണ്ടായി. നമ്മുടെ രാജ്യത്തെ കാർഷികമേഖല വളരെ പ്രധാനപ്പെട്ട സമ്പദ്ഘടനയെ

ശക്തിപ്പെടുത്തുന്ന ഒരു മേഖലയാണ്. ആ മേഖലയുടെ ഇന്നത്തെ സ്ഥിതി എന്താണ്? ധനം എന്ന പേരിൽ ബിസിനസ്സുകാരുടെ ദ്വൈവാരികയുണ്ട്. കഴിഞ്ഞ ഒക്ടോബർ ആദ്യലക്കത്തിൽ ഇതിൽ ഒരു ലേഖനം വന്നിരുന്നു. ആ ലേഖനത്തിൽ പറയുന്നത് കേരളത്തിലേയും മറ്റുമുള്ള ആളുകളെയെല്ലാം കോട്ടയത്തേക്ക് ക്ഷണിക്കുകയാണ്. നിങ്ങൾ വന്നോളൂ ചുരുങ്ങിയ വിലയ്ക്ക് ഞങ്ങൾ കാർ തരാമെന്ന്. റബ്ബറിന് നല്ല വില കിട്ടിയ അവസരത്തിൽ റബ്ബർ കർഷകന് ഇഷ്ടം പോലെ പണമുണ്ടായിരുന്നു. ആ അവസരത്തിൽ ഓരോ വീട്ടിലും കുട്ടികൾക്ക് സ്കൂളിലും കോളേജിലും പോകാൻ, ഭാര്യയ്ക്ക് പ്രത്യേകം, വീട്ടുടമസ്ഥന് പ്രത്യേകം ഇങ്ങനെ നിരവധി കാറുകൾ ഓരോ വീട്ടിലുമുണ്ട്. ഇന്ന് റബ്ബറിന് വിലയിടിഞ്ഞു. കുട്ടികൾക്ക് സ്കൂളിൽ പോകാനും ചെലവിനുകൊടുക്കാനും വണ്ടിയിൽ പെട്രോളും ഡീസലുമടിക്കാനും ഡ്രൈവർക്ക് ശമ്പളം കൊടുക്കാനും ടാപ്പിംഗ് തൊഴിലാളികൾക്കും കർഷക തൊഴിലാളികൾക്കും കൂലികൊടുക്കാനും കാശില്ല. ഇങ്ങനെയൊരു സാഹചര്യത്തിൽ എങ്ങനെ ഈ റബ്ബർ കൃഷിക്കാർ മുന്നോട്ടുപോകും? അതാണ് അയാൾ ചിന്തിക്കുന്നത്. അയാൾ എളുപ്പത്തിൽ കണ്ടെത്തിയ വഴി പണമുള്ള സന്ദർഭത്തിൽ വാങ്ങിക്കൂട്ടിയ കാറുകളെല്ലാം വിൽക്കുക. അങ്ങനെ വിൽക്കുന്നതിന്റെ ഭാഗമായിട്ടാണ് ധനമെന്നുപറയുന്ന ദ്വൈവാരികയിൽ ഇങ്ങനെയൊരു ലേഖനം വന്നത്. എല്ലാവരും ഇങ്ങോട്ടു വന്നോളൂ. ചുരുങ്ങിയ വിലയ്ക്ക്, 25 ലക്ഷത്തിന്റെ കാർ 10 ലക്ഷത്തിന് തരാം, 15 ലക്ഷത്തിന്റെ കാർ 5 ലക്ഷത്തിന് തരാം എന്നുപറഞ്ഞ് കോട്ടയത്തേക്ക് ആളുകളെ ക്ഷണിക്കുകയാണ്. ഇതാണ് കാർഷിക മേഖലയുടെ തകർച്ചയുടെ ഭാഗമായി, പ്രത്യേകിച്ച് റബ്ബർ മേഖലയുടെ തകർച്ചയുടെ ഭാഗമായി സംഭവിച്ചു കൊണ്ടിരിക്കുന്നത്. ഇങ്ങനെയുള്ള വലിയ തകർച്ചയാണ് കാർഷിക മേഖലയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. അതാണ് ഞാൻ പറഞ്ഞത് ഇടിവെട്ടേറ്റവനെ പാമ്പുകടിച്ചു എന്ന അവസ്ഥയാണ് കൃഷിക്കാരുടെ സ്ഥിതി. ഈ രീതിയിൽ വലിയ തകർച്ചയെ അഭിമുഖീകരിക്കുന്ന കാർഷികമേഖലയെ സംരക്ഷിക്കാനുള്ള നടപടിയല്ലേ വേണ്ടത്? അദ്ധ്വാന വർഗ്ഗത്തിന്റെ സംരക്ഷകനെന്നുപറയുന്ന മാണി സാർ അദ്ധ്വാനവർഗ്ഗത്തിന്റെ അന്തകനായി മാറാൻ കഴിയുമോ? അദ്ദേഹം അങ്ങനെ മാറിക്കൊണ്ടിരിക്കുകയാണ്. അത് വളരെ മോശമായിപ്പോയി. കാർഷികമേഖലയെ കുറിച്ച് പറയുമ്പോൾ റബ്ബർ മാത്രമല്ല. റബ്ബർ കൃഷിക്കാർ ഇപ്പോൾ

ആലോചിച്ചുകൊണ്ടിരിക്കുന്നത് റബ്ബർ തോട്ടങ്ങൾ വിറ്റുകിട്ടുന്ന കാശ് ബാങ്കിൽ നിക്ഷേപിച്ച് അതിന്റെ പലിശകൊണ്ട് ജീവിക്കാമെന്നാണ്. എന്നാൽ റബ്ബർ തോട്ടം വാങ്ങാൻ ആളുകൾ വേണ്ടേ? ആ ലേഖനത്തിൽ പറയുന്നത് കോട്ടയത്ത് ഒരേക്കർ റബ്ബർത്തോട്ടത്തിന് 50 മുതൽ 60 ലക്ഷം വരെ വിലയുണ്ടായിരുന്നു. ഇപ്പോൾ അതെടുക്കാനും ആളില്ലെന്നാണ്, അഥവാ എടുക്കുകയാണെങ്കിൽ 20 ലക്ഷമോ 25 ലക്ഷമോ മാത്രമേ കിട്ടുകയുള്ളൂ. ഈ രീതിയിൽ റബ്ബറിന്റെ വിലയിടിവിന്റെ ഭാഗമായി റബ്ബർ കൃഷിക്കാർ തകർച്ചയിലാണ്. അവരുടെ ജീവിതപ്രയാസങ്ങൾ വർദ്ധിക്കുകയാണ്. അവരുടെ ജീവിതചെലവുകൾ നിർവ്വഹിക്കാൻ കഴിയാത്ത ഏറ്റവും വലിയ പ്രശ്നത്തിലാണ്. ഇത് എവിടെയാണ് ചെന്നെത്തുന്നത്? കഴിഞ്ഞ യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഇടുക്കിയും വയനാടും കാസർഗോഡിന്റെ വിവിധ പ്രദേശങ്ങളിലായി പത്തോമുപ്പതോ ആളുകൾ ആത്മഹത്യചെയ്തു. ഈ നയത്തിന്റെ ഭാഗമായി, കേരളത്തിന്റെ പലഭാഗങ്ങളിലും റബ്ബർ കർഷകർക്ക് വന്നുപെട്ടിട്ടുള്ള ദുഃസ്ഥിതിയുടെ ഫലമായി, ആത്മഹത്യ ചെയ്തുവെന്ന്. വെള്ളരിക്കുണ്ട് താലൂക്കിൽ ഒരു റബ്ബർ കർഷകൻ ആത്മഹത്യക്ക് ശ്രമിച്ചു. ഭാഗ്യത്തിന് എല്ലാവരും കണ്ടതുകൊണ്ട് അദ്ദേഹം രക്ഷപ്പെട്ടു. അയാളുടെ മകൻ ഒരു നിവേദനവുമായി എന്നെ സമീപിച്ചു. ഇപ്പോൾ പരാതി മുഖ്യമന്ത്രിക്ക് കൊടുത്തിരിക്കുകയാണ്. അദ്ദേഹം റബ്ബർ കൃഷി നടത്തുന്നതിന് 5 ലക്ഷം രൂപ കടമെടുത്തു. ഇപ്പോഴത് 50 ലക്ഷമായി. ഈ വിലയിടിവിന്റെ കാലത്ത് എങ്ങനെയാണ് ഈ തുക തിരിച്ചടയ്ക്കുന്നത്? ബാങ്കുകാർ ജപ്തിക്ക് ഒരുങ്ങുകയാണ്. ഇങ്ങനെയൊരു സാഹചര്യത്തിൽ അഭിമാനിയായ കൃഷിക്കാരൻ ആത്മഹത്യക്ക് ശ്രമിച്ചു. ഇങ്ങനെ തകർച്ചയിൽ നിൽക്കുന്ന കൃഷിക്കാർക്ക് നേരെ മാണി സാറിന്റെ പുതിയ നികുതി, അതായത് റബ്ബർ തോട്ടത്തിന്റെയും സ്ഥലത്തിന്റെയും പേരിലുള്ള നികുതികൾ വന്നാൽ എന്തായിരിക്കും സ്ഥിതി? കൃഷിക്കാർ ആത്മഹത്യ ചെയ്യാതെ പിന്നെ എന്താണ് മാർഗ്ഗം? അതാണ് ഞാൻ പറഞ്ഞത്, കൃഷിക്കാരന്റെ രക്ഷകനാണെന്നു പറഞ്ഞ മാണി സാർ കൃഷിക്കാരന്റെ അന്തകനായി മാറുകയാണോ എന്ന് തോന്നിപ്പോകും. ആ ഒരു സ്ഥിതി വിശേഷം ഒഴിവാക്കേണ്ടതുണ്ട്. അതുകൊണ്ട് നേരത്തേ പറഞ്ഞതുപോലെ റബ്ബർ കൃഷിക്കാരുടേയും മറ്റ് കൃഷിക്കാരുടേയും സ്ഥലത്തിനുമേൽ ചുമത്തിയിരിക്കുന്ന നികുതി പിൻവലിച്ച് അവരെ സംരക്ഷിക്കണം. ഇത് കേരളത്തിലെ ഒരു പ്രത്യേക വിഭാഗത്തെയല്ല സകല ജനങ്ങളേയും ബാധിക്കുന്ന നികുതിയാണ്. ഇപ്പോൾ തേങ്ങക്ക് നല്ല

വിലയുണ്ട്. പക്ഷേ തേങ്ങ വേണ്ടേ? തെങ്ങിന്റെ സ്ഥിതി എന്താണ്? കൂമ്പ് ചീയൽ, വേര് ചീയൽ, മണ്ഡരി തുടങ്ങിയ രോഗംമൂലം തേങ്ങയുടെ ഉല്പാദനം കുറവാണ്. ഉള്ള തേങ്ങക്ക് വിലയുമുണ്ട്. ഇത്തരം സാഹചര്യത്തിൽ നാളീകേര കർഷകരും തകർച്ചയിലാണ്. തേയില തോട്ടവും മറ്റുതോട്ടങ്ങളും ആകെ തകർന്ന് കിടക്കുന്ന ഒരു സന്ദർഭത്തിൽ തകർച്ചയിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന, ആത്മഹത്യയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഈ കൃഷിക്കാർക്ക് നേരെ ഇതുപോലുള്ള വൻ നികുതികൾ ചുമത്തിയാലുണ്ടാകുന്ന ഭവിഷ്യത്തിനെക്കുറിച്ച് യു.ഡി.എഫ് എന്തുകൊണ്ട് ആലോചിക്കുന്നില്ല. ആ ഭവിഷ്യത്തിനെക്കുറിച്ച് എന്തുകൊണ്ട് അദ്ധ്വാനവർഗ്ഗത്തിന്റെ നേതാവായ മാണി സാർ ചിന്തിക്കുന്നില്ല. അതാണ് എനിക്ക് ചോദിക്കാനുള്ളത്. കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം ധാരാളം പ്രശ്നങ്ങളുണ്ട്. അവരുടെ ഉല്പന്നങ്ങൾക്ക് വിലകിട്ടുന്നില്ലെന്ന് മാത്രമല്ല. കൃഷിയുമായി ബന്ധപ്പെട്ട എല്ലാ സാധനങ്ങൾക്കും, വിത്തിനും വളത്തിനും വിലകൂട്ടുകയാണ്. വിത്തിന്റേയും വളത്തിന്റേയും സബ്സിഡി എടുത്തുകളഞ്ഞു. വൈദ്യുതി ചാർജ്ജും വെള്ളത്തിന്റെ ചാർജ്ജും വർദ്ധിപ്പിക്കുകയാണ്. ഇതെല്ലാം കൃഷിക്കാരനെ സംബന്ധിച്ചിടത്തോളം വലിയ പ്രശ്നം തന്നെയാണ്. ഇത്തരമൊരു സാഹചര്യത്തിൽ ഈ രീതിയിൽ നികുതികൾ കൊണ്ടുവന്നത് കൃഷിക്കാരന് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. നമ്മുടെ രാജ്യത്തിന്റെ കാർഷികമേഖലയിൽ വലിയ തോതിലുള്ള ആപത്ത് ഇതിന്റെ ഫലമായി വരികയാണ്. അതുകൊണ്ട് ഇങ്ങനെയുള്ള നിയമനിർമ്മാണത്തെ ശക്തമായി എതിർക്കുകയാണ്.

4.00 PM]

<u>*Shri K. Radhakrishnan*</u>: Sir, I move that-

"This House resolves to disapprove The Kerala Tolls (Amendment) Ordinance, 2014 (Ordinance No. 26 of 2014)". ഇത് ടോൾ പിരിവുമായി ബന്ധപ്പെട്ട ഓർഡിനൻസാണ്. നമ്മുടെ സംസ്ഥാനത്ത് അഞ്ചുകോടി രൂപവരെ നിർമ്മാണച്ചെലവുള്ള പാലങ്ങൾക്കും നിർമ്മാണപ്രവർത്തനങ്ങൾക്കുമാണ് ടോൾ ഏർപ്പെടുത്താൻ തീരുമാനിച്ചിരിക്കുന്നത്. അത് 10 കോടി രൂപയായി വർദ്ധിപ്പിക്കുന്ന ഒരു ഓർഡിനൻസാണ്. പറയുമ്പോൾ നല്ല കാര്യമാണെന്ന് തോന്നാം. നേരത്തേ 5 കോടി രൂപ നിർമ്മാണച്ചെലവ് വരുന്ന പാലങ്ങൾക്കോ അല്ലെങ്കിൽ നിർമ്മാണപ്രവർത്തനങ്ങൾക്കോ ആണ് ടോൾ ഏർപ്പെടുത്തിയിരുന്നത് എങ്കിൽ ഇപ്പോൾ അത് 10 കോടി രൂപയായി വർദ്ധിപ്പിച്ചു. പൊതുവേ നോക്കുമ്പോൾ നല്ലകാര്യമായി തോന്നാം. എന്നാൽ ആ ഓർഡിനൻസിൽ പറയുന്ന

ഒരു കാര്യം നേരത്തേ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മാത്രമായിരുന്ന 5 കോടി രൂപ. ഇപ്പോൾ 10 കോടി രൂപയായി വർദ്ധിപ്പിക്കുമ്പോൾ പാലത്തിനോ റോഡിനോ സ്ഥലമേറ്റെടുക്കുന്നത് ഉൾപ്പെടുത്തിക്കൊണ്ടാണ് 10 കോടി രൂപയായി വർദ്ധിപ്പിച്ചിരിക്കുന്നത്. സ്ഥലത്തിന്റെ വിലയെല്ലാം വച്ചുനോക്കുമ്പോൾ 10 കോടി രൂപ വർദ്ധിപ്പിച്ചത് അപര്യാപ്തമാണ് എന്നുകാണാൻ കഴിയും. കാരണം ലാന്റ് അക്വിസിഷന്റെ ചെലവ് കൂടി അതിൽ ഉൾപ്പെടുത്തുകയാണ്. ഫലത്തിൽ 10 കോടി രൂപ വർദ്ധിപ്പിച്ചതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ല എന്നാണ് തോന്നുന്നത്. തന്നെയുമല്ല ടോൾ പിരിക്കുന്ന കമ്പനികൾക്ക് വമ്പൻ ലാഭമുണ്ടാക്കാൻ ഇടവരുത്തുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. നമ്മുടെ സംസ്ഥാനത്ത് സഞ്ചാര സ്വാതന്ത്ര്യത്തിനുവേണ്ടി വലിയ സമരങ്ങളും പോരാട്ടങ്ങളും നടന്നിട്ടുണ്ട്. വീണ്ടും ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യത്തെ പരമാവധി നിയന്ത്രിക്കാനുള്ള സംവിധാനമാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. നിർമ്മാണ ചെലവെല്ലാം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അതിന്റെയടിസ്ഥാനത്തിൽ 5 കോടി രൂപ എന്നത് 10 കോടി രൂപ ആക്കിയതുകൊണ്ടുമാത്രം അതിന് പരിഹാരമുണ്ടാക്കാൻ കഴിയില്ല. അത് കുറേക്കൂടി വർദ്ധിപ്പിക്കാൻ കഴിയണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. നമ്മുടെ സംസ്ഥാനത്ത് ഒട്ടേറെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ സ്തംഭിച്ചിരിക്കുകയാണ്. നിലവിൽ പണിയെടുത്തുകൊണ്ടിരിക്കുന്ന പല നിർമ്മാണ പ്രവർത്തനങ്ങളും സാമ്പത്തിക പ്രയാസംകൊണ്ടും മറ്റും നിർത്തിവയ്ക്കേണ്ട സ്ഥിതിയിലേയ്ക്ക് എത്തിയിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ മൂന്നര വർഷത്തെ ഭരണത്തിന്റെ ഫലമായി എല്ലാ മേഖലയും സ്തംഭിച്ചതുപോലെ നിർമ്മാണ മേഖലയും സ്തംഭനാവസ്ഥ നേരിട്ടുകൊണ്ടിരിക്കുകയാണ്. നിലവിലുള്ള പാലങ്ങളുടെ സ്ഥിതി പരിതാപകരമാണ്. നേരത്തേ വാഹനങ്ങളുടെ എണ്ണമെല്ലാം കുറവായിരുന്നു. അതിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള നിർമ്മാണങ്ങളാണ് നടന്നിരുന്നത്. എന്നാൽ ഇപ്പോൾ അതിനെല്ലാം മാറ്റം വന്നു. വാഹനങ്ങളുടെ എണ്ണം കൂടി. 40-ഉം 50-ഉം ടൺ ഭാരം ചുമന്നുകൊണ്ടുള്ള വാഹനങ്ങളാണ് റോഡിലൂടെ പൊയ്ക്കൊണ്ടിരിക്കുന്നത്. അത്തരം വാഹനങ്ങളുടെ ഭാരം താങ്ങാനുള്ള ശേഷി നമ്മുടെ പല പാലങ്ങൾക്കുമില്ല.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. സി. പി. മുഹമ്മദ്)

ഇവിടെ ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, നിലവിലുള്ള പാലങ്ങളെ സംബന്ധിച്ച് കൃത്യമായൊരു പരിശോധന നടത്താൻ തയ്യാറായില്ലെങ്കിൽ കേരളത്തിൽ വലിയൊരു ദുരന്തം പിന്നീട് ഉണ്ടാകും എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. അത് മനസ്സിലാക്കാനും അതിന്റെ ഗുണമേന്മയെ സംബന്ധിച്ചുള്ള പഠനം നടത്താനുമുള്ള പ്രത്യേക സംവിധാനം ഉണ്ടാക്കിയെടുക്കാൻ കഴിയേണ്ടതുണ്ട്. ഗവൺമെന്റ് അക്കാര്യത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുമെന്നുള്ള യാതൊരു കരുതലുമില്ല. കാരണം ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം, നേരത്തേ ഇവിടെ ഒട്ടേറെ അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ, ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ക്രിയാത്മകമായ

സമീപനം സ്വീകരിക്കുന്ന കാര്യത്തിൽ വലിയ വീഴ്ചയാണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷക്കാലം കേരളം ഭരിച്ച എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് വലിയ സാമ്പത്തിക പ്രതിസന്ധിയുണ്ടായിരുന്നു. ഇവിടെ നേരത്തേ ഡോ. ടി. എം. തോമസ് ഐസക് സൂചിപ്പിച്ചു. 2008, 2009, 2010 കാലഘട്ടം എന്നുപറയുന്നത് ലോകത്താകെ തന്നെ വലിയ സാമ്പത്തിക പ്രയാസവും പ്രതിസന്ധിയും നേരിട്ട സന്ദർഭമായിരുന്നു. അങ്ങനെയുള്ള സാമ്പത്തിക പ്രതിസന്ധി ഉണ്ടായ സന്ദർഭത്തിലും കേരളത്തിൽ ആ സാമ്പത്തിക പ്രതിസന്ധിയുടെ ദുരന്തം പരമാവധി കുറയ്ക്കാൻ അന്നത്തെ ഗവൺമെന്റിന് കഴിഞ്ഞു. ആ ഗവൺമെന്റിനത് കഴിഞ്ഞത് ശരിയായ ധനകാര്യ മാനേജ്മെന്റിലൂടെയാണ്. അധിക നികുതിഭാരം ജനങ്ങളുടെ മേൽ അടിച്ചേൽപ്പിക്കാതെ ധനകാര്യ മാനേജ്മെന്റിലൂടെ സാമ്പത്തിക പ്രയാസത്തിനും പ്രതിസന്ധിക്കും പരിഹാരം കാണാനും അതുപോലെ തന്നെ നിർമ്മാണ രംഗത്തും ജനങ്ങൾക്കുവേണ്ടിയുള്ള ക്ഷേമപദ്ധതികൾ നടത്തുന്ന കാര്യത്തിലും മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവച്ചു. നിർമ്മാണ രംഗത്തും സാമൂഹ്യക്ഷേമ മേഖലയിലും വലിയ രീതിയിലുള്ള മുന്നേറ്റം ഉണ്ടാക്കിക്കൊണ്ടാണ് 2006-2011-ലെ ഗവൺമെന്റ് സംസ്ഥാനം ഭരിച്ചത്. ഇവിടെയെല്ലാം ചർച്ച ചെയ്ത കാര്യമാണ്. ആ ഗവൺമെന്റിന്റെ ഭരണം അവസാനിക്കുന്ന സന്ദർഭത്തിൽ സംസ്ഥാന ഖജനാവിൽ വലിയ രീതിയിലുള്ള പണം മിച്ചം വച്ചുകൊണ്ടാണ് ആ ഗവൺമെന്റ് അധികാരത്തിൽ നിന്നും പോയത്. 2000-ൽപ്പരം കോടി രൂപ കേരളത്തിലെ ഖജനാവിൽ മിച്ചം വച്ചുകൊണ്ടാണ് 2011-ലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ ഭരണം അവസാനിച്ചത്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലെത്തുമ്പോൾ നമ്മുടെ ഖജനാവിൽ മിച്ചം ഉണ്ടായിരുന്നു. എന്നാൽ ഇന്ന് കേരളത്തിന്റെ അവസ്ഥ എന്താണ് എന്നുള്ളത് പരിശോധിക്കുമ്പോൾ കാണാൻ കഴിയുന്നത് സംസ്ഥാനം അതിദയനീയമായ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പറയുന്നത് അത് പ്രതിസന്ധിയല്ല, ഞെരുക്കമാണെന്നാണ്. പ്രതിസന്ധി ഇല്ല എന്നുള്ള രീതിയിലാണ് പറയുന്നത്. ഇവിടെ നമുക്ക് കാണാൻ കഴിയുന്നത് വലിയ രീതിയിലുള്ള പ്രതിസന്ധിയാണ്. ഈ ഓർഡിനൻസ് ഇറങ്ങാനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള കുറിപ്പിൽത്തന്നെ അത് വ്യക്തമാക്കുകയാണ്. ഓർഡിനൻസ് ഇറക്കാനുള്ള സാഹചര്യം സംബന്ധിച്ച കുറിപ്പിൽ പറയുന്നത് വലിയ സാമ്പത്തിക പ്രതിസന്ധിയാണ്. ആ പ്രതിസന്ധിയിൽ നിന്ന് രക്ഷപ്പെടാൻ വേണ്ടിയാണ് അധിക നികുതി ഭാരം

അടിച്ചേൽപ്പിക്കാൻ നിർബന്ധിതമായത് എന്നാണ്. മൂന്നരവർഷക്കാലത്തെ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണം കൊണ്ട് കേരളത്തിന്റെ സാമ്പത്തിക സ്ഥിതിയാകെ തകരാറിലാവുകയും വലിയ രീതിയിലുള്ള സാമ്പത്തിക പ്രതിസന്ധി നേരിടുകയും ചെയ്തുവെന്നുള്ളതാണ് കാണാൻ കഴിയുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് നാല് ബഡ്ജറ്റുകൾ അവതരിപ്പിക്കുകയുണ്ടായി. 4 ബഡ്ജറ്റിലൂടെയും ഏകദേശം 4,915 കോടി രൂപ നികുതിയായി പിരിച്ചെടുക്കാൻ തീരുമാനിക്കുകയുണ്ടായി. 4 ബഡ്ജറ്റ് അവതരിപ്പിക്കുകയും 4,915 കോടി രൂപ പിരിച്ചെടുക്കാൻ തീരുമാനിക്കുകയും ചെയ്ത ഗവൺമെന്റാണിത്. ആ നികുതി പിരിവിനോടൊപ്പം തന്നെയാണ് കഴിഞ്ഞ ബഡ്ജറ്റ് പാസ്സായതിനുശേഷം രണ്ടുമാസം കഴിഞ്ഞപ്പോൾ വീണ്ടും നമ്മുടെ നിയമസഭയെ നോക്കുകുത്തിയാക്കി അധിക നികുതി പിരിക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചത്. നിയമസഭയുടെ ബഡ്ജറ്റ് സമ്മേളനം കഴിഞ്ഞ് ഏതാനും മാസം പിന്നിടുമ്പോൾ തന്നെ ഇവിടെ നേരത്തെ ചില ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ, നമ്മുടെ നാട് ഇത്രയേറെ വലിയ പ്രതിസന്ധിയിലേക്ക് പോകുന്നുവെന്ന് മുൻകൂട്ടി കാണാനുള്ള കാഴ്ചപ്പാട് ഇല്ലാതെ ബഡ്ജറ്റ് അവതരിപ്പിച്ച് ഏതാനും മാസം കഴിയുമ്പോൾത്തന്നെ നിയമനിർമ്മാണ സഭയെ നോക്കുകുത്തിയാക്കിക്കൊണ്ട് 2,000-ൽപ്പരം കോടിരൂപ അധിക നികുതി ജനങ്ങളുടെമേൽ അടിച്ചേൽപ്പിക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചു. ധനകാര്യ മാനേജ്മെന്റിൽ ഈ ഗവൺമെന്റ് ഏറെ പരാജയമായിരുന്നു എന്നതിന്റെ ഏറ്റവും വലിയ തെളിവാണത്. ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ കേരളത്തിന്റെ ധനസ്ഥിതിയെ സംബന്ധിച്ച് കൃത്യമായ ഒരു കാഴ്ചപ്പാട് ഇല്ലാതെ ഏതെങ്കിലും തരത്തിലുള്ള ഒരു ബഡ്ജറ്റ് അവതരിപ്പിക്കുക എന്നുള്ള സമീപനം സ്വീകരിച്ചു. അതിന്റെയെല്ലാം ഫലമായിട്ടാണ് ബഡ്ജറ്റ് അവതരിപ്പിച്ച് ഏതാനും മാസം പിന്നിടുമ്പോൾത്തന്നെ കേരളത്തിലെ ജനങ്ങളുടെമേൽ അധികഭാരം അടിച്ചേൽപ്പിക്കാൻ ഗവൺമെന്റ് തയ്യാറായത്. ഇപ്പോൾ 2,000-ൽപ്പരം കോടി രൂപയാണ് അധിക നികുതി പിരിക്കാൻ തീരുമാനിച്ചിരിക്കുന്നത് എന്നാണ് പറയുന്നത്. അത് ഫലത്തിലെത്തുമ്പോൾ 2,000 കോടി രൂപയോ 3,000 കോടി രൂപയോ അല്ല, അതിനെക്കാൾ കൂടുമെന്നാണ് വിദഗ്ദ്ധരായിട്ടുള്ള ആളുകൾ പറയുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് അതിവേഗത്തിൽ തന്നെ ജനങ്ങളുടെമേൽ കൂടുതൽ കൂടുതൽ അധിക നികുതി ഭാരം അടിച്ചേൽപ്പിക്കുകയാണ് ചെയ്യുന്നത്. അങ്ങനെ അധിക നികുതിഭാരം അടിച്ചേൽപ്പിക്കുന്നത് എന്തിനുവേണ്ടിയാണ് എന്നുള്ളത് നമ്മൾ പരിശോധിക്കുമ്പോഴാണ് അതിന്റെ ഗുണം സമൂഹത്തിന്

കിട്ടുന്നില്ല എന്ന് മനസ്സിലാക്കാൻ കഴിയുന്നത്. ഈ നികുതിയെല്ലാം വർദ്ധിപ്പിക്കുന്നത് ജനങ്ങൾക്ക് എന്തെങ്കിലും ആശ്വാസം നൽകാനാണ് എന്നുള്ള രീതിയിലാണ് ഇവിടെ പറയുന്നത്. എന്നാൽ ജനങ്ങൾക്ക് ആശ്വാസം നൽകുന്നില്ല എന്നുമാത്രമല്ല, നമ്മുടെ നാടിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആകെ സ്തംഭിക്കുന്ന അവസ്ഥയിലും എത്തിയിരിക്കുകയാണ്. ബഹുമാനപ്പെട്ട ചെയറിന് അറിയാവുന്നതാണ്, നമ്മുടെ ഓരോ വികസന പ്രവർത്തനങ്ങളും സ്തംഭിക്കുന്ന സ്ഥിതിയിലാണ്. കോൺട്രാക്ടർമാർക്ക് കൊടുത്തുതീർക്കാനുള്ള കുടിശ്ശികയുടെ കണക്കെല്ലാം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. 3,000 കോടി രൂപയോളം വിവിധ നിർമ്മാണ പ്രവർത്തനത്തിനുവേണ്ടി ചെലവഴിച്ചത് കുടിശ്ശികയായി കിടക്കുന്ന സ്ഥിതിയാണുള്ളത്. നിർമ്മാണ പ്രവർത്തനങ്ങൾ ആകെ സ്തംഭിക്കുന്ന സ്ഥിതിയാണ്. റോഡുകളുടെ നിർമ്മാണം, പാലങ്ങളുടെ നിർമ്മാണം, അതുപോലുള്ള മറ്റ് രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങളെല്ലാം സ്തംഭിക്കുകയാണ്. കുടിവെള്ളത്തിനായി ജനങ്ങൾ കേഴുകയാണ്. ഭാരതപ്പുഴയിൽ തടയണ കെട്ടാനുള്ള തീരുമാനം എടുത്തിട്ട് വർഷങ്ങളായി. പക്ഷേ അത് നടപ്പിലാക്കാൻ കഴിയുന്നില്ല. ടെണ്ടർ ക്ഷണിച്ച വർക്ക് പോലും ചെയ്യണ്ട എന്ന് തീരുമാനിച്ചിരിക്കുകയാണ്. കുടിവെള്ളം കൊടുക്കുന്ന പദ്ധതി പോലും നടപ്പിലാക്കാൻ കഴിയാത്ത രീതിയിൽ കേരളം വലിയ സാമ്പത്തിക പ്രതിസന്ധിയിലേക്ക് പോയിരിക്കുകയാണ്. അങ്ങനെ മൂന്നര വർഷത്തെ ഭരണം കൊണ്ട് വലിയൊരു സാമ്പത്തിക പ്രതിസന്ധിയിലേക്ക് നമ്മുടെ നാടിനെ കൊണ്ടെത്തിച്ചിരിക്കുകയാണ്. നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭിക്കുന്നതിലൂടെ കേരളത്തിന്റെ വികസനം മുരടിക്കുകയാണ്. അതോടൊപ്പം തന്നെ ആശ്വാസ പദ്ധതികളും ഇല്ലാതാകുന്ന സ്ഥിതിയിലേക്ക് കാര്യങ്ങൾ പോകുകയാണ്. കടം പെരുകുകയും ചെയ്യുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കടം പെരുകിയതിനെ സംബന്ധിച്ച കണക്കുകൾ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 78,673 കോടി രൂപയായിരുന്നു കേരളത്തിന്റെ പൊതുകടം. അത് കഴിഞ്ഞ മാർച്ച് മാസം ആയപ്പോൾ 1,17,595 കോടി രൂപയായി വർദ്ധിച്ചു. ഈ സാമ്പത്തിക വർഷം അവസാനിക്കുമ്പോഴേക്കും ഏകദേശം 1,32,000 കോടി രൂപയായി ഉയരുമെന്നാണ് പറയുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഓരോ കേരളീയന്റേയും മേൽ കൂടുതൽ കടബാദ്ധ്യത കെട്ടിയേൽപ്പിക്കുന്നുവെന്ന് മനസ്സിലാക്കാൻ കഴിയും. നികുതി ഭാരം അടിച്ചേൽപ്പിക്കുന്നു. കേരളീയരെ കൂടുതൽ കട ബാദ്ധ്യതയിലേക്ക്

കൊണ്ടുപോകുന്നു. കേരളത്തിന്റെ വികസന രംഗത്ത് മുരടിപ്പുണ്ടാകുന്നു. ക്ഷേമ പ്രവർത്തനങ്ങൾ നിർത്തലാക്കുന്നു. ആ രീതിയിൽ കേരളത്തെ പുറകോട്ടടുപ്പിക്കുന്ന സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്ന് കാണാൻ കഴിയും. ഒരുപാട് പ്രഖ്യാപനങ്ങൾ ഇവിടെ നടത്തുകയുണ്ടായി. എമർജിംഗ് കേരളയിലൂടെ കേരളത്തെ ഉയർത്തുമെന്ന് വലിയ പ്രഖ്യാപനങ്ങൾ നടത്തി. അതിന്റെ ഭാഗമായി കുറെ പാക്കേജുകളെല്ലാം പ്രഖ്യാപിക്കുകയുണ്ടായി. ആ പാക്കേജുകൾക്കെല്ലാം തന്നെ 10,700 കോടി രൂപ മാറ്റിവച്ചുവെന്നെല്ലാം പറഞ്ഞു. എന്നാൽ 10,700 കോടി രൂപ മാറ്റിവച്ചുവെന്ന് പറയുകയല്ലാതെ ഒരു നയാപൈസപോലും ആ കാര്യത്തിൽ ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് ഈ വർഷത്തെ അനുഭവം നമ്മെ പഠിപ്പിക്കുന്നത്. കേരളത്തിന്റെ വികസന രംഗത്ത് വളരെ മുരടിപ്പുണ്ടാക്കി, സാമ്പത്തിക രംഗത്ത് വലിയ പ്രതിസന്ധിയുണ്ടാക്കി, ക്ഷേമരംഗത്ത് വലിയ പുറകോട്ടുപോക്കുണ്ടാക്കി ഇതാണ് മൂന്നര വർഷക്കാലത്തെ നമ്മുടെ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടം. ഏറ്റവും ഫലപ്രദമായ നികുതി പിരിവ് നടത്തിയ സംസ്ഥാനമായി 2006-2011 കാലയളവിൽ നമ്മൾ മാറിയതായി ഡോ. ടി. എം. തോമസ് ഐസക് ഇവിടെ പറയുകയുണ്ടായി. അധിക നികുതിഭാരം അടിച്ചേൽപ്പിച്ചുകൊണ്ടല്ല, നികുതി പിരിവ് ഫലപ്രദമാക്കിക്കൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനുള്ള നിലപാടാണ് സ്വീകരിച്ചത്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ആ നികുതി പിരിവിലുണ്ടായ വീഴ്ചകളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ വർഷം നികുതി പിരിക്കാൻ തീരുമാനിച്ചതിന്റെ നാലിലൊന്ന് പോലും പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇപ്പോൾ സാമ്പത്തിക വർഷം ആറ് മാസം പിന്നിട്ടിരിക്കുകയാണ്. ഈ ആറ് മാസം പിന്നിട്ടു കഴിഞ്ഞപ്പോൾ ഈ വർഷം നമുക്ക് ലഭിക്കേണ്ട നികുതി പിരിവിന്റെ 18 ശതമാനത്തിൽ താഴെയാണ് നമുക്ക് പിരിച്ചെടുക്കാൻ കഴിഞ്ഞതെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. പദ്ധതി ചെലവിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വളരെ പരിമിതമായ പദ്ധതി ചെലവ് മാത്രമാണ് വരുത്തിയിരിക്കുന്നത്. ഇരുപത്തിരണ്ടായിരത്തിൽപ്പരം കോടി രൂപയുടേതാണ് നമ്മുടെ വാർഷിക പദ്ധതി. ആ വാർഷിക പദ്ധതി ആറ് മാസം പിന്നിട്ടുകഴിഞ്ഞപ്പോൾ കേവലം 4,174 കോടി രൂപ മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്, അതായത് 18.34 ശതമാനം സംഖ്യ മാത്രം. ഇനി അവശേഷിക്കുന്ന സമയംകൊണ്ട് ബാക്കി സംഖ്യ ചെലവഴിച്ച് തീർക്കുമെന്ന് യാതൊരു ഉറപ്പുമില്ല.

അതുപോലെതന്നെയാണ് ത്രിതല പഞ്ചായത്തുകളുടെ കാര്യവും. ത്രിതല

പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരവും സമ്പത്തും കൊടുത്തുകൊണ്ട് ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ വേണ്ടിയാണ് ആ സംവിധാനം ഏർപ്പെടുത്തിയത്. എന്നാൽ ഈ ഗവൺമെന്റ് ത്രിതല പഞ്ചായത്തുകളെ കേവലം നോക്കുകുത്തികളാക്കി മാറ്റുന്ന സ്ഥിതിയാണുണ്ടായത്. ത്രിതല പഞ്ചായത്തുകൾക്ക് കൊടുത്ത അധികാരവും സമ്പത്തുമെല്ലാം തന്നെ ഫലപ്രദമായി വിനിയോഗിക്കാൻ കഴിയാത്ത സ്ഥിതിയാണ്. പിന്നിട്ട ആറ് മാസം കൊണ്ട് 23 ശതമാനവും 25 ശതമാനവുമാണ് ത്രിതല പഞ്ചായത്തുകൾക്ക് ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ള തെന്നാണ് ഇവിടെ കിട്ടിയ കണക്കുകൾ സൂചിപ്പിക്കുന്നത്. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ, എപ്പോഴും പറയാറുള്ളത് അധികാരം താഴേക്ക് വികേന്ദ്രീകരിച്ചുകൊടുത്തത് ഞങ്ങളാണെന്നാണ്. പക്ഷെ, ആ അധികാരവും സമ്പത്തും വികേന്ദ്രീകരിച്ചുകൊടുത്ത് അത് ഫലപ്രദമായി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം ഇപ്പോഴും സൃഷ്ടിക്കുന്നതായിട്ടാണ് നമുക്ക് കാണാൻ കഴിയുന്നത്. അധികാര വികേന്ദ്രീകരണം കൊണ്ട് എന്താണോ നാം ലക്ഷ്യം വച്ചത് ആ ലക്ഷ്യം നേടാൻ കഴിയാത്ത സ്ഥിതിയാണുള്ളത്.

കേരളത്തിലെ എല്ലാ തൊഴിലാളികൾക്കും വ്യത്യസ്തങ്ങളായ ക്ഷേമ പദ്ധതി കളുമുണ്ട്. അത്തരം ക്ഷേമപദ്ധതികളെയാകെ തകർക്കുന്ന ഒരു സമീപനമാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്, പ്രത്യേകിച്ച് കർഷകത്തൊഴിലാളി ക്ഷേമനിധി. ലക്ഷക്കണക്കിന് വരുന്ന കർഷകത്തൊഴിലാളികളുടെ ആശ്രയമാണ് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്. ആ ബോർഡിന് കൊടുക്കാനുള്ള പൈസയിൽ ഒരു നയാപൈസപോലും കൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. കർഷകത്തൊഴിലാളി പെൻഷൻ മാത്രം 194 കോടി രൂപ കുടിശ്ശികയായി കിടക്കുകയാണ്. അങ്ങനെ കർഷകത്തൊഴിലാളികളുടെയും കയർത്തൊഴിലാളികളുടെയും കശുവണ്ടിത്തൊഴിലാളികളുടെയും ക്ഷേമ പദ്ധതികളെല്ലാം തകർക്കുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. അവർക്ക് കൊടുക്കാനുള്ള പെൻഷൻ കൊടുക്കുന്നില്ല. 400 കോടിയിൽപ്പരം രൂപയാണ് വിവിധ ക്ഷേമപെൻഷന്റെ കുടിശ്ശികയായി കിടക്കുന്നത്. പാവപ്പെട്ടവർക്കുവേണ്ടി നടപ്പിലാക്കുന്ന ക്ഷേമ പെൻഷൻ പദ്ധതികളെല്ലാം തകർന്നിരിക്കുകയാണ്. ഏത് മേഖലയെടുത്ത് പരിശോധിച്ചാലും ഈ ഗവൺമെന്റ് വമ്പൻ പരാജയമായാണ് കാണാൻ കഴിയുന്നത്.

കേരളത്തിന്റെ എല്ലാ മേഖലയിലും വലിയ തിരിച്ചടി നേരിടുകയാണ്. കേരളം ആർജ്ജിച്ച ഒരുപാട് നേട്ടങ്ങളുണ്ട്. ഇൻഡ്യയ്ക്ക് മാതൃകയാകുന്ന ഒരുപാട്

നേട്ടങ്ങളുണ്ടാക്കിയ സംസ്ഥാനമാണ് കേരളമെന്ന് നമ്മൾ അഭിമാനത്തോടുകൂടി പറയാറുണ്ട്. ആ നേട്ടങ്ങളെല്ലാം തന്നെ പടിപടിയായി ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ സാമൂഹിക രംഗത്തുപോലും വലിയ തിരിച്ചടി ഉണ്ടായിക്കൊണ്ടിരിക്കുന്നു. കേരളം ആർജ്ജിച്ച എല്ലാ നേട്ടങ്ങളും ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ഇവിടെ അഴിമതിയും ധൂർത്തുമാണ് ഇപ്പോൾ വളർന്നു വരുന്നതെന്ന് പരക്കെ അംഗീകരിക്കപ്പെടുന്ന കാര്യമാണ്. കേരളത്തെ സംബന്ധിച്ച് എല്ലാ ആളുകളും സംശയത്തോടെ വീക്ഷിക്കുന്ന ഒരു സ്ഥിതിയാണ്. അഴിമതിയുടെ കാര്യത്തിൽ കേരളം ഇപ്പോൾ മാതൃകയായി വരികയാണ്. പണ്ട് ബീഹാർ, ഉത്തർപ്രദേശ് പോലുള്ള നോർത്ത് ഈസ്റ്റേൺ സ്റ്റേറ്റുകളിലാണ് ഇത്തരം അഴിമതികളൊക്കെ പറഞ്ഞുകേട്ടിരിക്കുന്നത്. ഞാൻ എല്ലാ വിശദാംശങ്ങളിലേക്കും കടക്കാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ എന്തെല്ലാം അഴിമതിക്കഥകളാണ് പുറത്തു വന്നുകൊണ്ടിരിക്കുന്നതെന്ന് നമ്മളെല്ലാം ചർച്ച ചെയ്തുകൊണ്ടിരിക്കുന്നതാണ്. ഈ അടുത്തകാലത്ത് ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത് ബാറുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കോഴയാണ്. ബാർ കോഴ ഉയർത്തിയത് ഇവിടത്തെ ഇടതുപക്ഷമോ പ്രതിപക്ഷമോ അല്ല. ബാർ മുതലാളിമാരുടെ അസോസിയേഷൻ ഭാരവാഹികൾ തന്നെയാണ് ഞങ്ങൾ ഘട്ടംഘട്ടമായി പണം കൊടുത്തുവെന്ന് പറഞ്ഞത്. അവർ തന്നെയാണ് എത്ര കോടി രൂപ പിരിച്ചുവെന്നും അത് ആർക്കൊക്കെ കൊടുത്തുവെന്നും പറയുന്ന സ്ഥിതിയുണ്ടായത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് പൈസ കൊടുത്ത കാര്യം കൃത്യമായി പത്രസമ്മേളനം നടത്തിയല്ലേ അവർ പറഞ്ഞത്. സാധാരണയായി ഇവിടെ പറഞ്ഞുകേൾക്കുന്നത് മദ്യനിരോധനം ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്നാണ്. അങ്ങനെ പറഞ്ഞവർ മദ്യം വിൽക്കാൻ വേണ്ടി ഘട്ടംഘട്ടമായി അഴിമതി നടത്തുന്ന ഒരു കാഴ്ചയാണ് കേരളത്തിൽ കാണാൻ കഴിയുന്നത്. ഘട്ടംഘട്ടമായി മദ്യനിരോധനമല്ല, ഘട്ടംഘട്ടമായി അഴിമതിയാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ആ അഴിമതിയുടെ കഥകളാണ് പുറത്തു വന്നുകൊണ്ടിരിക്കുന്നത്. ബാർ മുതലാളിമാരുടെ സംഘടനക്കാർ പറഞ്ഞതനുസരിച്ച് ഒരു അന്വേഷണം നടത്താൻ ഈ ഗവൺമെന്റ് തയ്യാറാകുമോ? കോടതി പോലും വിജിലൻസിനോട് അന്വേഷിക്കാനാണ് പറഞ്ഞത്. അന്വേഷണം നടത്തി കുറ്റവാളികളെ ജനമദ്ധ്യത്തിൽ കൊണ്ടുവരാനുള്ള നിലപാട് സ്വീകരിക്കാൻ തയ്യാറാകണം. ഘട്ടംഘട്ടമായി മാർച്ച് 24-ന് 15 ലക്ഷം രൂപയും മാർച്ച് 30-ന് 50 ലക്ഷം രൂപയും ഏപ്രിൽ 2-ന് 35 ലക്ഷം രൂപയും കൊടുത്തുവെന്ന് അവർ പറഞ്ഞു. കൊടുത്തവർ തന്നെ പണം കൊടുത്തുവെന്ന് വെളിവാക്കിയിട്ടും അതിനെ സംബന്ധിച്ച് എഫ്.ഐ.ആർ. തയ്യാറാക്കാനോ കേസ്

രജിസ്റ്റർ ചെയ്യാനോ തയ്യാറാകാത്ത സ്ഥിതിയാണുള്ളത്. ഈ ഗവൺമെന്റ് തന്നെയാണ് അതിനുത്തരവാദികൾ. അത്തരം കേസുകൾ കൈകാര്യം ചെയ്യുന്ന കാര്യത്തിൽ സ്വന്തം താൽപര്യം സംരക്ഷിക്കുക എന്നുതന്നെയാണ് ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളമുള്ളത്. നിയമം നിയമത്തിന്റെ വഴിക്കു പോകുമെന്ന് നമ്മുടെ ബഹുമാന്യനായ മുഖ്യമന്ത്രി എപ്പോഴും പറയാറുണ്ട്. നിയമം നിയമത്തിന്റെ വഴിക്കല്ല പോകുന്നത്. ഭരിക്കുന്ന ആളുകളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി നിയമത്തെ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. ഒരുപാട് അഴിമതികളുടെ കഥകളുണ്ട്. ഞാനതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട ശാപമായി അഴിമതി വളർന്നു വരികയാണ്. മുഖ്യമന്ത്രിയുടെ ഓഫീസുപോലും അഴിമതിയിൽ നിന്നും വിമുക്തമല്ല എന്നുള്ളത് നമ്മളെല്ലാം കണ്ടതാണ്. അഴിമതിക്കുവേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുന്നൊരു കേന്ദ്രമായി മുഖ്യമന്ത്രിയുടെ ഓഫീസുപോലും മാറിയിരിക്കുകയാണെന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം അപമാനമാണെന്ന് സൂചിപ്പിക്കാതിരിക്കാൻ കഴിയില്ല.

കേരളം ആർജ്ജിച്ച എല്ലാ നേട്ടങ്ങളെയും ഇല്ലാതാക്കികൊണ്ടുള്ള സമീപനമാണ് യു.ഡി.എഫ്. സർക്കാരിന്റെ മൂന്നര വർഷക്കാലത്തെ ഭരണം കൊണ്ടുണ്ടായത്. അഴിമതി, സ്വജനപക്ഷപാതം, വികസന മുരടിപ്പ് എന്നിവയെല്ലാം കേരളത്തിന്റെ മുഖമുദ്രയായി മാറുന്ന സാഹചര്യം ഉണ്ടായി കൊണ്ടിരിക്കുന്നു. പെൻഷനുവേണ്ടി പാവപ്പെട്ട ആളുകൾ രാപ്പകൽ സമരം നടത്തുകയാണ്. ഇവിടെയൊരു സമരം നടത്തിയതിനെ നമ്മൾ അപലപിച്ചു. കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർ നാല് മാസക്കാലമായി പെൻഷൻ കിട്ടാതെ കഷ്ടപ്പാടും ദുരിതവും സഹിക്കുന്നത് അവരെ സംരക്ഷിക്കാൻ ഗവൺമെന്റ് നിലപാട് സ്വീകരിക്കാത്തതുകൊണ്ടല്ലേ? കേരളത്തിലെ പാവപ്പെട്ട ആളുകൾ വലിയ ദുരിതത്തിലേക്ക് മാറിക്കൊണ്ടിരിക്കുന്ന സമയത്താണ് അധിക നികുതിഭാരം വീണ്ടും അടിച്ചേൽപ്പിക്കാനുള്ള തീരുമാനം എടുക്കുന്നത്. ഇങ്ങനെ അധിക നികുതിഭാരം അടിച്ചേൽപ്പിച്ച് ജനങ്ങളെ കൂടുതൽ ദുരിതത്തിലാക്കാനുള്ള തീരുമാനത്തിൽനിന്നും ഗവൺമെന്റ് പിന്തിരിയാൻ തയ്യാറാകണം. ഈ ഗവൺമെന്റ് അതിൽനിന്നും പിന്തിരിയുമെന്ന പ്രതീക്ഷയൊന്നുമില്ല. കാരണം ഈ ഗവൺമെന്റിന്റെ നിലപാട് വളരെ വ്യക്തമായി നമുക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

പാട്ടക്കാലാവധി കഴിഞ്ഞ ഒരുപാട് ഭൂമികൾ ഇവിടെയുണ്ട്. പാട്ടക്കാലാവധി കഴിഞ്ഞ ഹാരിസൺ പ്ലാന്റേഷന്റെയും മറ്റുപല പ്ലാന്റേഷന്റെയും ഭൂമി കണ്ടെത്താനും അത് വിതരണം ചെയ്യാനുമുള്ള നടപടി സ്വീകരിക്കണം. ഇവിടെ ഭൂമിക്കു വേണ്ടിയുള്ള സമരം നടക്കുകയുണ്ടായി. ആ സമരം നടന്ന സമയത്ത് 2013 ജനുവരി 16-ന് നടന്ന ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും പറഞ്ഞത് പാവപ്പെട്ട ഭൂരഹിതരായിട്ടുള്ള മുഴുവൻ ആളുകൾക്കും ഭൂമികൊടുക്കാനുള്ള നിലപാട് സ്വീകരിക്കുമെന്നായിരുന്നു. എന്നാൽ പാട്ടക്കാലാവധി കഴിഞ്ഞ, പാട്ടക്കരാർ ലംഘിച്ച തോട്ടം ഉടമകളിൽ നിന്ന് ഭൂമി പിടിച്ചെടുത്തുകൊണ്ട് പാവപ്പെട്ട ഭൂരഹിതരായിട്ടുള്ള ആളുകൾക്ക് ഭൂമി കൊടുക്കാൻ വേണ്ട നിലപാടുകളും നടപടികളും ഈ ഗവൺമെന്റ് സ്വീകരിക്കുന്നില്ല. ഭൂമി കൊടുക്കാമെന്ന് പറയുന്നതല്ലാതെ കൊടുക്കാൻ തയ്യാറാകുന്നില്ല. പാട്ടക്കാലാവധി കഴിഞ്ഞതും പാട്ടക്കരാർ ലംഘിച്ചതുമായ ഭൂമിയെല്ലാം പിടിച്ചെടുത്ത് നമ്മുടെ നാട്ടിലെ പാവപ്പെട്ട ഭൂരഹിതരായിട്ടുള്ള ആളുകൾക്കും പട്ടികജാതിക്കാർക്കും ആദിവാസികൾക്കുമെല്ലാം ഭൂമി കൊടുക്കുന്നതിനുവേണ്ടിയിട്ടുള്ള ഇച്ഛാശക്തി കാണിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഗവൺമെന്റ് അതിനുള്ള ഇച്ഛാശക്തി കാണിക്കുമോ എന്നുള്ള കാര്യം സംശയമാണ്. തോട്ടം മുതലാളിമാരുടെ താൽപ്പര്യം സംരക്ഷിക്കേണ്ടത് ഈ ഗവൺമെന്റിന്റെ ബാദ്ധ്യതയായി മാറുകയാണ്.

പാവപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളെക്കുറിച്ച് ഇന്ന് രാവിലെ ഇവിടെ ചർച്ച ചെയ്തതാണ്. കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ നിന്നെല്ലാം വ്യത്യസ്തമായിക്കൊണ്ട് ആത്മാഭിമാനത്തോടും അന്തസ്സോടും കൂടി ജീവിക്കുന്നവരാണ്. പക്ഷേ അവരുടെ ആത്മാഭിമാനത്തിനും അന്തസ്സിനുമെല്ലാം കോട്ടം തട്ടുന്ന രീതിയിലുള്ള നിലപാടുകളാണ് സർക്കാരിപ്പോൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. അത് നമ്മൾ നേടിയെടുത്ത നേട്ടങ്ങൾ ഇല്ലാതാക്കുന്നതിന് തുല്യമാണ്. പഴയ രീതിയിലുള്ള സമീപനത്തിലേക്ക് ഇവിടെ കാര്യങ്ങൾ പോകുകയാണ്. പാവപ്പെട്ട ദളിത് യുവാവിനെ കൈകാര്യം ചെയ്തതിനെ സംബന്ധിച്ച് രാവിലെ സബ്മിഷൻ ഉന്നയിക്കുകയുണ്ടായി. പട്ടികജാതിക്കാരനായ ഒരു ഉന്നത ഉദ്യോഗസ്ഥനോട് കാണിച്ച അനീതിയെ സംബന്ധിച്ച് ഇന്ന് രാവിലെ ചർച്ച ചെയ്യുകയുണ്ടായി. ആ ജനവിഭാഗങ്ങളിൽ അനീതിയും അസമത്വവും വളർത്തിയെടുക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. പോരാട്ടത്തിലൂടെയും സമരത്തിലൂടെയും ഭരണ നടപടികളിലൂടെയുമൊക്കെ കേരളം മുൻകാലങ്ങളിൽ നേടിയെടുത്ത നേട്ടങ്ങളെയെല്ലാം ഇല്ലാതാക്കാൻ വേണ്ടിയുള്ള വലിയ ശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതുകൊണ്ട് തന്നെയാണ് ഈ ഗവൺമെന്റ്

ജനവിരുദ്ധ ഗവൺമെന്റായി മാറുന്ന എന്ന് എല്ലാവരും പറയുന്നത്. ആ ജനവിരുദ്ധ ഗവൺമെന്റിനുവേണ്ടി ഇവിടെ അധിക നികുതി പിരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അതുകൊണ്ടുതന്നെ ഈ അധിക നികുതിയെ എതിർക്കാതിരിക്കാൻ യാതൊരു നിർവ്വാഹവുമില്ല. തീർച്ചയായിട്ടും ഗവൺമെന്റ് ഈ അധിക നികുതി പിരിവുമായി മുന്നോട്ട് പോകുമെന്നുതന്നെയാണ് പ്രഖ്യാപിച്ചിരിക്കുന്നത്. പാവപ്പെട്ട ആളുകളുടെ മേൽ കൂടുതൽ നികുതി ഭാരം അടിച്ചേൽപ്പിക്കാൻ ഞങ്ങൾക്ക് ബാദ്ധ്യതയും ഉത്തരവാദിത്വവുമുണ്ടെന്നും ഞങ്ങളത് നിറവേറ്റുമെന്നുമുള്ള അഹങ്കാരത്തോടെയും വെല്ലുവിളിയോടെയുമുള്ള നിലപാട് സ്വീകരിച്ചുകൊണ്ടാണ് മുന്നോട്ട് പോകുന്നത്. അങ്ങനെ കാണിച്ചവരോട് ജനങ്ങൾ എങ്ങനെയാണ് പ്രതികരിച്ചതെന്ന് 16-ാം ലോകസഭാ തെരഞ്ഞെടുപ്പിന്റെ ഫലം വന്നപ്പോൾ നമ്മൾ കണ്ടതാണ്. രണ്ടാം യു.പി.എ. ഗവൺമെന്റ് ജനങ്ങളെ വെല്ലുവിളിച്ചുകൊണ്ടാണ് മുന്നോട്ട് പോയത്. വിലക്കയറ്റം സൃഷ്ടിച്ച് ജനങ്ങളെ ദ്രോഹിക്കുന്ന നയത്തിനെതിരെ, അഴിമതി ഉണ്ടാക്കുന്ന നയത്തിനെതിരെ കക്ഷി രാഷ്ട്രീയം മറന്നുകൊണ്ട് കേരളത്തിലെയും ഇൻഡ്യയിലൊട്ടാകെയും കോടിക്കണക്കിന് തൊഴിലാളികൾ സമരം ചെയ്തു. ഡോ. മൻമോഹൻ സിംഗിന്റെ നേതൃത്വത്തിലുള്ള രണ്ടാം യു.പി.എ. ഗവൺമെന്റ് വലിയരീതിയിൽ ജനങ്ങളെ വെല്ലുവിളിച്ചു. ഞങ്ങൾ അഴിമതി നടത്തുമെന്നും വിലക്കയറ്റം സൃഷ്ടിക്കുമെന്നും ജനദ്രോഹ നയങ്ങൾ നടപ്പിലാക്കുമെന്നും അത് ചോദ്യം ചെയ്യാൻ പാടില്ലായെന്നുമാണ് INTUC ഉൾപ്പെടെയുള്ള തൊഴിലാളികൾ സമരം ചെയ്തപ്പോൾ ആ ഗവൺമെന്റ് പറഞ്ഞത്. പിന്നീടെങ്ങനെയാണ് ആ ഗവൺമെന്റിനോട് ജനങ്ങൾ പ്രതികരിച്ചതെന്നും, 16-ാം ലോകസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ആ ഗവൺമെന്റിന്റെ സ്ഥിതി എന്തായെന്നും നമ്മൾ കണ്ടു. ഈ ഗവൺമെന്റിന്റെയും സ്ഥിതി അതുതന്നെ ആയിരിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ജനദ്രോഹ നയങ്ങളും അഴിമതിയും നടപ്പിലാക്കുകയാണ്, ജനങ്ങളുടെ മേൽ അധികഭാരം അടിച്ചേൽപ്പിക്കുകയാണ്. ഈ നയങ്ങൾ തിരുത്തണമെന്ന് പറയുമ്പോൾ അതിന് തയ്യാറാകാതെ അതുമായി മുന്നോട്ട് പോകുമെന്നുതന്നെയാണ് ഗവൺമെന്റ് പറയുന്നത്. അതുകൊണ്ടുതന്നെ രണ്ടാം യു.പി.എ. ഗവൺമെന്റിനു പറ്റിയ അതേ അനുഭവം തന്നെയായിരിക്കും കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റിനും സംഭവിക്കാൻ പോകുന്നതെന്ന് സൂചിപ്പിച്ചുകൊണ്ട്, ഈ നിരാകരണ പ്രമേയം അവതരിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുകയാണ്.

<u>ശ്രീ. ജോസ് തെറ്റയിൽ</u>: സർ, ഞാൻ ഈ നിരാകരണ പ്രമേയത്തെ

പിന്താങ്ങുകയാണ്. ഈ അമെന്റ്മെന്റ് ഒരു സിംഗിൾ വേർഡിന്റെ അമെന്റ്മെന്റാണ്. 'Bridge' എന്നുള്ള വാക്കിന്റെ അമെന്റ്മെന്റാണത്. The Kerala Tolls Act, 1976 (Act 6 of 1977) ആണ് ഒറിജിനൽ ആക്ട്. അതിൽ പറയുന്നത്, "bridge" means any bridge on a highway but does not include a bridge, the cost of construction of which (including the cost of construction of the approach roads necessary for connecting the bridge to the highway) is less than fifteen lakh rupees;" എന്നാണ്. അതിന്റെ 'cost of construction including the land acquisition' ഉള്ളതിനാണ് യഥാർത്ഥത്തിൽ ഇത് അന്നത്തെ 15 ലക്ഷത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. 10 കോടി രൂപയാണ് ഇന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഒറിജിനലി, ഇതിന് മുമ്പായി 1851-ലെ ഇൻഡ്യൻ ടോൾ ആക്ടിന്റെ ചുവടൊപ്പിച്ചാണ് ഇത് കേരളത്തിൽ വന്നിട്ടുള്ളത്. 1851-ലെ ടോൾ ആക്ടിൽ വിഭാവനം ചെയ്യുന്ന രീതിയിലുള്ള കാര്യങ്ങൾപോലും 1976-ൽ ഉണ്ടാക്കിയ കേരളാ ടോൾ ആക്ടിൽപോലും ഇല്ല. ഇന്നിപ്പോൾ 2014 ആയിട്ടുപോലും പണ്ട് ബ്രിട്ടീഷുകാരുടെ കാലത്ത് ഉണ്ടാക്കിയ ആക്ടിന്റെ ഏഴ് അയലത്തുപോലും വിഭാവനം ചെയ്യാൻ കഴിയാതെ പോകുന്നല്ലോ എന്നുള്ള ഒരു ദുഃഖം ആദ്യമായി രേഖപ്പെടുത്തുകയാണ്. കാരണം ഇത് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രികൂടിയുള്ള നടപടിയുടെ കാര്യമാണ്. വളരെ പ്രസക്തമായ ചില കാര്യങ്ങളാണ് അതിൽ വന്നിട്ടുള്ളത്. അന്ന് 15 ലക്ഷം രൂപ എന്നുള്ളത് ഇന്ന് 10 കോടി രൂപ ആകുമ്പോൾത്തന്നെ ഈ അമെന്റ്മെന്റിന്റെ ആവശ്യം ഉണ്ടോ? എന്തായാലും ഒരു ആക്ട് അമെന്റ്മെന്റ് കൊണ്ടുവരികയാണ്. അങ്ങനെ ആക്ട് അമെന്റ്മെന്റ് കൊണ്ടുവരുമ്പോഴെങ്കിലും ഇതൊരു സമഗ്രമായ രീതിയിൽ ചെയ്തിരുന്നുവെങ്കിൽ ഇടയ്ക്കുള്ള ഭേദഗതി വേണ്ടി വരില്ല. ഈ അമെന്റ്മെന്റ് തന്നെ temporary ആണ്. താൽക്കാലികമായിട്ടുള്ള അമെന്റ്മെന്റ് എന്നുതന്നെയാണ് അതിനെ പറയുന്നത്. അങ്ങനെ താൽക്കാലിക ഭേദഗതിക്ക് ഓരോവർഷവും താൽക്കാലികമായ അമെന്റ്മെന്റിനുവേണ്ടി എത്രയോ സമയവും ലക്ഷക്കണക്കിന് രൂപയും കളയുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷം എത്ര പ്രാവശ്യമാണ് മരാമത്ത് നിരക്ക് റിവൈസ് ചെയ്യേണ്ടി വന്നിട്ടുള്ളത്. ഈ ഡിസംബർ 1-ാം തീയതി മുതൽ കോൺട്രാക്ട് റേറ്റ് റിവൈസ് ചെയ്യേണ്ടി വരികയാണ്. ഏപ്രിലിൽ വീണ്ടും റിവൈസ് ചെയ്യേണ്ടി വരികയാണ്. കൂടെക്കൂടെ ഇത്തരത്തിലുള്ള അമെന്റ്മെന്റിനുള്ള സാദ്ധ്യത ഉണ്ടാക്കാതെ, ഒറിജിനലി നേരത്തെ ഇൻഡ്യൻ ടോൾ ആക്ടിൽ ഉള്ളതുപോലുള്ള പ്രൊവിഷൻ ഇൻകോർപ്പറേറ്റ് ചെയ്തിരുന്നുവെങ്കിൽ ഈയൊരു

പ്രശ്നം ഉണ്ടാവുകയില്ല. അതിനെക്കുറിച്ച് പറയുമ്പോൾ ഒരു കാര്യം കൂടി സൂചിപ്പിക്കുകയാണ്. Taxation Laws (Amendment) Act അവതരിപ്പിച്ചുകൊണ്ട് ബഹുമാനപ്പെട്ട മാണി സാർ പറഞ്ഞിട്ടുള്ളൊരു കാര്യമാണ്, "in the context of the acute resources crunch prevailing in the State", എന്നുപറയുമ്പോൾ മലയാളത്തിൽ പ്രതിസന്ധി എന്നൊക്കെ പറയുന്നുണ്ട്. മാണി സാർ അത് ഇംഗ്ലീഷിൽ എഴുതിയിരിക്കുന്നത് മനഃപൂർവ്വം തന്നെയാണെന്നാണ് എന്റെ അഭിപ്രായം. പ്രതിസന്ധി എന്ന വാക്ക് അദ്ദേഹത്തിന് ഉൾക്കൊള്ളാൻ കഴിയാത്തതുകൊണ്ട് പലപ്പോഴും അത് നിരാകരിച്ച് ബുദ്ധിമുട്ടെന്ന് പറയാനാണ് താൽപ്പര്യം. Crunched എന്നുപറഞ്ഞാൽ കുരിശടയാളം വച്ച, കുരിശു ധരിച്ച എന്നും അർത്ഥമുണ്ട്. Crunched friars എന്നു പറഞ്ഞാൽ സെന്റ് ഫ്രാൻസിസ്കൻ സഭക്കാരുടെ ഒരു സന്യാസി സമൂഹമാണ്. അപ്പോൾ 'Mani Sir is bearing a crunched cross', എന്നുപറഞ്ഞാൽ കുരിശ് ധരിക്കുന്ന ഒരു സന്യാസി ഗണത്തിന്റെ ഗതിയിലാണ് ഇപ്പോൾ. ഈ സാമ്പത്തിക ഭാരം മുഴുവൻ ചുമക്കേണ്ടിവരുന്നതിന്റെ അടിസ്ഥാനത്തിൽ മാണി സാർ വളരെ ബുദ്ധിമുട്ടിലാണ്, ഒരു സംശയവുമില്ല. പക്ഷേ മാണി സാറിൻെറ പ്രശ്നമെന്തെന്നു പറഞ്ഞാൽ അത് സമ്മതിക്കാനുള്ള ബുദ്ധിമുട്ടാണ്. അല്ലെങ്കിൽ മലയാളത്തിൽ പ്രതിസന്ധി എന്നും ഇംഗ്ലീഷിൽ resource crunch prevailing in the State എന്നും പറയുമ്പോൾ മാണി സാർ എന്തുകൊണ്ടത് തുറന്നുപറയാൻ മടി കാണിക്കുന്നു എന്ന് എനിക്കറിയില്ല. താങ്ങ് വടിയുടെ ആകൃതിയിലുള്ള കുരിശാണ്, അപ്പോൾ അത്തരത്തിലൊരു കുരിശ് ചുമക്കുന്ന മാണി സാറിനെ സഹായിക്കാൻ ആരും തയ്യാറാകുന്നില്ല എന്നുള്ളത് വേറൊരു കാര്യമാണ്. ഈ ഭേദഗതികളിൽ വരുന്ന മന്ത്രിമാർ ആരും തന്നെ ഇവിടെ ഇല്ല. പൊതുമരാമത്ത് വകുപ്പുമന്ത്രിയും അതുപോലെ മറ്റ് മന്ത്രിമാർ ആരും തന്നെ ഈ സഭയിലില്ല. മാണി സാറും ഇപ്പോൾ സഭയിൽ ഇല്ല, അതാണ് സ്ഥിതി. വാക്കുകളെക്കുറിച്ച് പറയുമ്പോൾ ആ വാക്കിന് തന്നെ പ്രത്യേകതയുണ്ട്, പ്രതിസന്ധി സമ്മതിക്കുന്നില്ല, ബുദ്ധിമുട്ട് സമ്മതിക്കുന്നുണ്ട്. രണ്ടിന്റേയും അർത്ഥം പ്രതികൂലമായ ദശാസന്ധിയെന്നാണ്. ഇത് തന്നെയാണ് ദുർഘട ഘട്ടവും. പ്രതിസന്ധി എന്ന വാക്കിന് ശബ്ദതാരാവലി പറയുന്നത് പ്രതികൂലമായ ദശാസന്ധി എന്നാണ്. ഇത് ദുർഘടമായ ഘട്ടം തന്നെയാണ്. അതുപോലും സമ്മതിക്കാൻ നിവൃത്തിയില്ലാത്ത മാണി സാർ ഇതുപറയുമ്പോൾ ഒരു കാര്യം ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ, കാലാകാലങ്ങളിൽ ഇത്തരത്തിലുള്ള അമന്റ്മെന്റ് കൊണ്ടു

വരുമ്പോൾ ഒരു കാര്യം മനസ്സിലാക്കേണ്ടത് ഇന്നത്തെ കോൺട്രാക്ട് റേറ്റല്ല ആറു മാസം കഴിഞ്ഞ് വരുന്നത്. അപ്പോൾ എന്തിന് ഇത്തരത്തിലുള്ള താൽക്കാലികമായ ഭേദഗതികൾ വരുത്തുന്നത്. പകരം ഒരു ശാശ്വതമായ രീതിയിൽ ഇൻഡ്യൻ ടോൾ ആക്ട് പ്രകാരമുള്ള അമന്റ്മെന്റ് വേണം എന്നതാണ് എന്റെ അഭിപ്രായം. ഇതിനകത്ത് സെക്ഷൻ 5-ൽ ടോൾ ആക്ടിന്റെ എക്സംപ്ഷൻ പറയുന്നുണ്ട്, എന്നാൽ എക്സംപ്ഷൻ പറയുമ്പോൾ ആർക്കൊക്കെയാണ് exemption എന്ന് പറയുന്നില്ല. Section 5- ൽ പറയുന്നത്, No toll shall be payable for the passenger of any motor vehicle belonging to the Government of Kerala or Government of India തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒഴിവുണ്ടോ? മറ്റു കോർപ്പറേഷനുകൾക്ക് ഒഴിവുണ്ടോ? ഇതൊന്നും സ്പെസിഫൈ ചെയ്യാത്ത ഒരു ടോൾ പരിപാടിയാണിത്. കാരണം പലപ്പോഴും തർക്കം ഉണ്ടാകുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, അതുപോലെ കോ-ഓപ്പറേറ്റീവ് സെക്ടറിലെ വാഹനങ്ങൾ എന്നിവയ്ക്ക് ഒഴിവുണ്ടോ? പലപ്പോഴും പല പ്രദേശങ്ങളിലും ടോൾ പിരിവ് സംബന്ധമായ തർക്കം, വഴക്ക്, വക്കാണം ഒക്കെ ഉണ്ടായിട്ടുണ്ട്. പക്ഷേ സെൻട്രൽ ആക്ടിൽ ആർക്കൊക്കെയാണ് എക്സംപ്ഷൻ എന്ന് പ്രത്യേകമായി സെപ്സിഫിക്കേഷൻ പറയുന്നുണ്ട്. അതിൽ പറയുന്നുണ്ട് പാർലമെന്റ് മെമ്പർമാർ അതുപോലെ എം.എൽ.എ.-മാർ ഉൾപ്പെടെയുള്ള ലെജിസ്ലേറ്റീവ് മെമ്പേഴ്സിനൊക്കെ എക്സംഷൻ പറയുന്നുണ്ട്. ഇതിൽ അങ്ങനെയൊരു എക്സംപ്ഷൻ പറയുന്നില്ല. തർക്കത്തിനുള്ള വഴി നിലനിർത്തിക്കൊണ്ടാണ് ഈ ഭേദഗതി. ജനപ്രതിനിധികൾക്ക് എക്സംപ്ഷൻ ഉണ്ട് എന്ന് സ്പെസിഫിക്കായി പറഞ്ഞുകഴിഞ്ഞാൽ ബോർഡും തൂക്കി പോകേണ്ട കാര്യമില്ല, തർക്കിക്കേണ്ട കാര്യമില്ല. ഇതിനകത്ത് മോട്ടോർ വെഹിക്കിൾസിന്റെ ഡെഫനിഷൻ പറയുന്നുണ്ട്. മോട്ടോർ വെഹിക്കിളിൻെറ കാര്യം പറയുമ്പോൾ, കേരളത്തിലുള്ള ടൂവീലേഴ്സിന് കൊടുക്കണോ; ത്രീവീലേഴ്സിന് കൊടുക്കണോ. ഇതൊന്നും വ്യക്തതയില്ലാതെ തർക്കവും ബഹളവും ഉണ്ടാക്കിയതിനു ശേഷം നടത്തുന്ന ഒരു കോംപ്രമൈസിന്റെ ഭാഗമായാണ് exemption വരുന്നത്. അതിനിടകൊടുക്കാതെ എന്തുകൊണ്ട് exemption specific ആയി ഇതിൽ ഉൾപ്പെടുത്തിക്കൂടാ? Power to make Rules - അതിനകത്ത് സെൻട്രൽ ആക്ടിൽ പറയുന്നതുപോലെ determination of the rate of the levy of the toll എന്നതും നിശ്ചയിക്കാവുന്നതാണ്, എന്നാലത് നിശ്ചയിക്കുന്നില്ല. ഹൈവേ എന്നതിനെക്കുറിച്ചുള്ള ഡെഫിനിഷൻ കേരളാ ആക്ടിൽ പറയുന്നത് വ്യത്യസ്തമാണ്. സെൻട്രൽ ആക്ടിൽ അങ്ങനെയല്ല. Definitions പറയുന്നത്, "highway" means any road or way

over which the public have a right of way or are granted access, but does not include any highway declared to be a national highway under National Highways Act, 1956 എന്നാണ്. സെൻട്രൽ ആക്ടിലും പറയുന്നത് അത് തന്നെയാണ്. Any public road even owned by the local bodies also എന്നും ഇതിനകത്ത് ഉൾപ്പെടുത്താവുന്നതാണ്. ഞാൻ പറയുന്നത് ഇതുപോലെ ഓരോ ആഴ്ചയും അമന്റ്മെന്റുമായിട്ട് വരികയും സമയം കളയുകയും ബുദ്ധിമുട്ടിക്കുകയുമാണ് സർക്കാർ ചെയ്യുന്നത്. ഇതെല്ലാം ദീർഘവീക്ഷണമില്ലാത്ത സംഗതികളാണ്. ടോളിന്റെ കാര്യങ്ങൾ പറയുമ്പോൾ വളരെ വേദനയുണ്ട്. നാഷണൽ ഹൈവേയിലെ ടോൾ, നമ്മുടെ റോഡ് എല്ലാം തീറുകൊടുത്തിരിക്കുകയാണ്, നമ്മൾ എല്ലാവരും ഇതിൽ പങ്കാളികളാണ്. NHAI-യുമായി നമ്മൾ സപ്പോർട്ടിംഗ് എഗ്രിമെന്റ് വച്ചിട്ടുണ്ട്. പക്ഷെ സപ്പോർട്ടിംഗ് എഗ്രിമെന്റ് വയ്ക്കുമ്പോൾ നമ്മൾക്ക് അതിനകത്ത് ഒരു കൺട്രോളും ഇല്ല. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയിൽ ഒരു കൺട്രോളും ഇല്ല. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി ഇന്ന് രാവിലെ ഇക്കാര്യം പറഞ്ഞു. മിനിസ്റ്റർ പറഞ്ഞാലും കാര്യമില്ലാത്ത സ്ഥിതിയാണിപ്പോൾ. സ്റ്റേറ്റ് പി.ഡബ്ല്യു.ഡി. മിനിസ്റ്റർ പറഞ്ഞാലും നാഷണൽ ഹൈവേ അതോറിറ്റി കേൾക്കില്ല. ടോളിന്റെ കാര്യത്തിൽ സർവ്വീസ് റോഡ് പണിയണമെന്നുള്ള കണ്ടീഷൻസ് ഉണ്ട്. അത് പണിതിട്ടില്ല. ലൈറ്റുകൾ ഇടണമെന്നുണ്ട്, ചെയ്തിട്ടില്ല. ഇതൊക്കെ ആർക്ക് നിയന്ത്രിക്കുവാൻ കഴിയും. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ ചെയർമാനുമായി സംസാരിച്ചതിനുശേഷംപോലും നമുക്ക് കാര്യങ്ങൾ ചെയ്യാൻ കഴിയുന്നില്ല. അതോടൊപ്പം തന്നെ ടോൾ എഗ്രിമെന്റ് പ്രകാരം നമ്മൾ ടോൾ വർദ്ധിപ്പിച്ചുകൊടുക്കാൻ പോകുകയാണ്. മുഖ്യമന്ത്രി തന്നെ മൂന്ന നാല് പ്രാവശ്യം നാഷണൽ ഹൈവേയിലെ പാലിയേക്കര ടോളിന്റെ കാര്യത്തിൽ ഇടപെട്ടു. അങ്കമാലി മുതൽ മണ്ണുത്തി വരെയുള്ള റോഡാണ് ഇപ്പോൾ നാലു വരിയാക്കിയിട്ടുള്ളത്. അങ്ങനെ നാലുവരിയാക്കിയതിന് ടോൾ കൊടുക്കണം എന്നുപറയുമ്പോൾ അതിന് കണ്ടീഷൻസ് ഉണ്ട്. ആ കണ്ടീഷൻസൊക്കെ ഇപ്പോൾ യൂണിലാറ്ററലാണ്. കാരണം അവർ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതിരിക്കുക, നമ്മൾ കൊടുക്കാനുള്ള കാശ് കൊടുക്കുക. കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ വീണ്ടും അത് വർദ്ധിപ്പിച്ചു. ഇതിന്റെ അതോറിറ്റിയെ നമുക്ക് ചോദ്യം ചെയ്യാൻ കഴിയുന്നില്ല. ടോൾ ആക്ട് സ്റ്റേറ്റിന്റെ സംഗതിയാണെങ്കിലും, സ്റ്റേറ്റ് ഇത്തരത്തിൽ ടോൾ

കൊട്ടക്കുമ്പോൾ നമുക്ക് ചോദിക്കാൻ കഴിയുന്നില്ല. അതുപോലെ ശ്രീ. സാജുപോളിന്റേയും എന്റേയും മണ്ഡലമായ പെരുമ്പാവൂരിനേയും അങ്കമാലിയേയും ബാധിക്കുന്ന കാര്യമാണ് കാലടി പാലം. അവിടെ പാലത്തിന് വേണ്ടി 42 കോടി രൂപയുടെ അഡ്മിനിസ്റ്റേറ്റീവ് സാങ്ഷൻ കിട്ടിയിട്ട് രണ്ടരക്കൊല്ലം കഴിഞ്ഞു. ഇന്നുവരെ അലൈൻമെന്റ് പൂർത്തീകരിച്ച് നോട്ടിഫിക്കേഷൻ വന്നിട്ടില്ല. പണി തുടങ്ങാൻ സാധിച്ചിട്ടില്ല. കാരണങ്ങളെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. പണി തുടങ്ങാൻ കഴിഞ്ഞിട്ടില്ല. പ്രായോഗികമായ ടെക്നിക്കലി വയബിളായ ഒരു ഡിസൈൻ, അല്ലെങ്കിൽ ടെക്നിക്കലി വയബിളായ ഒരു അലൈൻമെന്റ് തീരുമാനിക്കാൻ കഴിയുന്നില്ല. ഇതൊക്കെ ഇതിന്റെ ഭാഗമായി വരികയാണ്.

ശ്രീ. സാജു പോൾ: സർ, ഈ കാലടി പാലം അപകടാവസ്ഥയിൽ ആയി വാഹനങ്ങൾ വഴി തിരിച്ചുവിട്ടപ്പോൾ അത് കേവലം പെരുമ്പാവൂർ, അങ്കമാലി മേഖലയിലുള്ളവർ മാത്രമല്ല, ഇപ്പോൾ ശബരിമലയിലേക്ക് പോകുന്നവർ, മലയാറ്റൂർ പോകുന്നവർ, നെടുമ്പാശ്ശേരി വിമാനത്താവളത്തിലേക്ക് പോകുന്നവർ ഇവർക്കൊക്കെ ബുദ്ധിമുട്ടാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ ഇടപെട്ട് അതിന് ഒരു ചെറിയ പരിഹാര നിർദ്ദേശമൊക്കെ വച്ചിട്ടുണ്ട്. പക്ഷേ ഒരു സമാന്തര പാലം അവിടെ പുതുതായി നിർമ്മിക്കുമ്പോൾ, ഉണ്ടായിരുന്ന പാലത്തിന് സമാന്തരമായി പുതിയ പാലം അവിടെ വരുന്നു. അല്ലെങ്കിൽ നിലവിലുള്ള പാലം പുതുക്കിപ്പണിയുന്നു. അവിടെ ടോൾ പിരിവ് ഇല്ലാതിരുന്ന സ്ഥലത്ത് അങ്ങനെ ടോൾ പിരിവ് ആരംഭിക്കുന്നത് നമ്മുടെ നാട്ടിൽ പ്രായോഗികമാണോ, ആശാസ്യമാണോ എന്നത് എല്ലാവരും ചേർന്ന് ഗൗരവമായി ചിന്തിക്കേണ്ട വിഷയമാണെന്ന ഒരു അഭിപ്രായം എനിക്കുണ്ട്.

ശ്രീ. ജോസ് തെറ്റയിൽ: സർ, അവിടെ പാലം പണി വേണ്ട സമയത്ത് തുടങ്ങിയിരുന്നുവെങ്കിൽ അതിന് 42 കോടി രൂപ മാത്രമല്ല വേണ്ടി വരുന്നത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും, പൊതുമരാമത്ത് വകുപ്പുമന്ത്രിയും അനുകൂലിച്ച് പണി തുടങ്ങാൻ പറഞ്ഞിട്ടുപോലും അത് സാദ്ധ്യമാകുന്നില്ല. ദേവൻ പ്രസാദിച്ചാലും പൂജാരി പ്രസാദിക്കുന്നില്ല എന്ന സ്ഥിതിയാണ് നമ്മുടെ നാട്ടിൽ ഇപ്പോഴുള്ളത്. ഇതു തന്നെയാണ് എല്ലാ പാലങ്ങളുടേയും സ്ഥിതി. അതുപോലെ തന്നെ എളവൂർ റെയിൽവേ ഓവർ ബ്രിഡ്ജ് 2010-ൽ 8 കോടി രൂപയ്ക്ക് തുടങ്ങി 18 കോടി രൂപയ്ക്ക് പൂർത്തിയായി. ഇങ്ങനെ പറയുമ്പോൾ 10 കോടി രൂപ ഇന്ന് നിസ്സാരമാണ്. മൂന്ന് കൊല്ലം മുൻപ് 8 കോടി രൂപ എസ്റ്റിമേറ്റെടുത്ത് വർക്ക് തുടങ്ങി ഓരോ കാരണങ്ങൾ കൊണ്ട് വർക്ക് നീണ്ടുപോയി 18 കോടി രൂപയും കഴിഞ്ഞു. ഈ 10 കോടി രൂപ

എന്നത് അശാസ്ത്രീയമായ കണക്കാണ്. കേരളത്തിലേയും ഇൻഡ്യയിലേയും വർദ്ധിച്ചുവരുന്ന ചെലവുകളുടെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ ആക്ട് അമെന്റ് ചെയ്യാതെയുള്ള പ്രൊവിഷൻ കണ്ടെത്തിക്കൊണ്ട്, അതിനുവേണ്ടി പ്രായോഗികമായി ചിന്തിച്ച് നടപടി സ്വീകരിക്കണം. ഇപ്പോൾ സർവ്വീസ് മേഖലകളൊക്കെ എടുത്ത് മാറ്റുകയാണ്. അതൊക്കെ നമ്മുടെ നാട്ടിൽ പ്രശ്നമാണ്. ഇത്തരത്തിൽ പ്രായോഗികമായ കാര്യങ്ങൾ ചിന്തിക്കാതെ, നാഷണൽ ഹൈവേയുടെ ഇതുപോലെയുള്ള നിലപാട് കണക്കിലെടുത്തുകൊണ്ട്, ഇത്തരത്തിലുള്ള കാര്യങ്ങൾ എങ്ങനെയായിരിക്കണമെന്ന് നമുക്കെല്ലാവർക്കുംകൂടി ആലോചിച്ച് ഒരു പുതിയ ബിൽ കൊണ്ടുവരണമെന്നതാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ഈ ബിൽ നിരാകരിക്കണമെന്ന പ്രമേയത്തെ  പിൻതാങ്ങിക്കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

*Shri. James Mathew*: Sir, I move that- "This House resolves to disapprove The Kerala Stamp (Amendment) Ordinance, 2014 (Ordinance No.29 of 2014)".

സർ, 29-ാം നമ്പർ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്. ഇവിടെ എനിക്കുമുൻപ് സംസാരിച്ച അംഗങ്ങൾ സൂചിപ്പിച്ചതുപോലെ, യാതൊരു വിധ ധാരണകളുമില്ലാത്ത നടപടിയാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്നത്. കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം ഇത്തരത്തിൽ ഒരു ഓർഡിനൻസ് അവതരിപ്പിച്ചു കൊണ്ട് വിവിധ മേഖലകളിലെ നികുതി വർദ്ധിപ്പിക്കുന്നതിന് യുക്തിസഹമായ എന്തെങ്കിലും കാരണം ഗവൺമെന്റിന് വയ്ക്കാൻ സാധിക്കുന്നില്ല. ഫെയർ വാല്യു വർദ്ധിപ്പിച്ച് ഏതാണ്ട് ഇരട്ടിയാക്കിക്കൊണ്ട്, മുദ്രപ്പത്രത്തിന്റെ വില സർക്കാർ ഖജനാവിലേക്ക് വരുമാന വർദ്ധനവിനുവേണ്ടി പ്രയോജനപ്പെടുത്താൻ സാധിക്കും എന്നാണ് കരുതുന്നതെങ്കിൽ ഇവിടെ ചില ഭരണകക്ഷി അംഗങ്ങൾ സൂചിപ്പിച്ചതു പോലെ 40,000 രജിസ്ട്രേഷനുകൾ ഈ കാലയളവിൽ കുറവാണ്. ഭൂമിയുടെ വില ഈ കാലയളവിൽ വർദ്ധിച്ചു എന്നാണ് ഇത്തരമൊരു ഓർഡിനൻസ് ഇറക്കുന്നതിന് കാരണമായി സർക്കാർ സൂചിപ്പിക്കുന്നത്. യഥാർത്ഥത്തിൽ കേരളത്തിലെ ഭൂമിയുടെ വിലയെക്കുറിച്ച് എന്തെങ്കിലും ധാരണയുള്ളവരാണോ ഈ ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്നത് എന്ന് സംശയിക്കുകയാണ്. കഴിഞ്ഞ കുറേ കാലമായി കേരളത്തിൽ ഭൂമിയുടെ വില വർദ്ധിച്ചിട്ടില്ല എന്നതു മാത്രമല്ല, ഭൂമിയുടെ

ക്രയവിക്രയം നടക്കുന്നുമില്ല. അങ്ങനെ ഭൂമി വില വർദ്ധിക്കാത്ത, ക്രയവിക്രയം നടക്കാത്ത ഒരു കാലത്ത് ഫെയർ വാല്യൂ ഇരട്ടിയാക്കി വീണ്ടും ഈ ഭൂമിയുടെ ക്രയവിക്രയത്തെ കുറയ്ക്കുന്നതിന് വേണ്ടിയാണ് ഈ ഓർഡിനൻസ് ഫലത്തിൽ ഉതകുന്നത്. അല്ലെങ്കിൽ വസ്തുനിഷ്ഠമായി ഇത്തരമൊരു ഓർഡിനൻസ് വന്നതിനു ശേഷം എന്തെങ്കിലും കാര്യമാത്ര പ്രസക്തമായ വർദ്ധനവ് ഇക്കാര്യത്തിലുണ്ടായോ എന്നുപറയാൻ ഈ ഗവൺമെന്റ് ബാദ്ധ്യസ്ഥമാണ്. മാണി സാർ അങ്ങനെയൊരു കണക്കും അവതരിപ്പിക്കുന്നില്ല. എന്നുമാത്രമല്ല ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഈ ഓർഡിനൻസിന്റെ ഭാഗമായിട്ട് തന്ന ഒരു സ്റ്റേറ്റ്മെന്റുണ്ട്. അദ്ദേഹം സഭയിൽ ഇല്ല, പക്ഷേ ഈ സ്റ്റേറ്റ്മെന്റിലെ ഒരു വാചകം വായിച്ചാൽ ഇത്തരം ഓർഡിനൻസ് ഇറക്കുമ്പോഴുള്ള കൺഫ്യൂഷൻ തന്നെയാണ് ഈ വാചകം വായിക്കുമ്പോഴും ഉണ്ടാകുന്നത്. സഭയിൽ ഇരിക്കുന്ന ആർക്കെങ്കിലും ഈ വാചകം വായിച്ചാൽ ഇതിന്റെ അർത്ഥം മനസ്സിലാകുമോയെന്നാണ് ഞാൻ ചോദിക്കുന്നത്. ന്യായവിലയിൽ വർദ്ധനവ് വരുത്തിയതുമൂലം പൊതുജനങ്ങൾക്ക് നേരിടേണ്ടി വന്നേക്കാവുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനായി അപ്പീലിൻമേൽ ജില്ലാ കളക്ടറുടെ തീരുമാനം പുനഃപരിശോധിക്കുവാനുള്ള അധികാരം അവർക്ക് നൽകാൻ സർക്കാർ തീരുമാനിച്ചു. ഈ അവർക്കെന്ന് പറയുന്നത് മേലേയുമില്ല താഴെയുമില്ല, ഏത് അവർക്ക്; ഇവിടെ പല കാര്യങ്ങളും തീരുമാനിക്കുന്നത് വേറെ പല അവരുമാണെന്നാണല്ലോ നമ്മൾ ഇപ്പോൾ കണ്ടുവരുന്നത്. അതുകൊണ്ട് ഈ ഒരു പേജുള്ള സ്റ്റേറ്റ്മെന്റ് പോലും ഓർഡിനൻസ് ബിൽ ആക്കുന്നതിനുവേണ്ടി നിയമസഭയ്ക്കകത്ത് ഗവൺമെന്റ് വയ്ക്കുന്ന ഒരു സ്റ്റേറ്റ്മെന്റിൽ ആകെ നാല് വാചകങ്ങളാണുള്ളത്. നാലിൽ ഒരു വാചകം ഒരു നിയമസഭാ സാമാജികനുപോലും വായിച്ചാൽ മനസ്സിലാകുന്ന വിധത്തിൽ എഴുതാൻ സാധിക്കുന്നില്ലെങ്കിൽ പിന്നെ എങ്ങനെയാണ് ഒരു നിരാകരണ പ്രമേയം അവതരിപ്പിച്ച് ഈ കാര്യങ്ങളെന്തെങ്കിലും പറയണമെന്ന് വിചാരിച്ചാൽ സാധിക്കുക. മറ്റ് പല കാരണങ്ങൾകൊണ്ടും ഞാൻ ദീർഘിപ്പിക്കാനുദ്ദേശിക്കുന്നില്ല. പക്ഷേ ചില കാര്യങ്ങൾ പറയാതിരിക്കാൻ തരമില്ല. കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ ഇവിടെ എനിക്കുമുമ്പ് സംസാരിച്ച ചില അംഗങ്ങൾ സൂചിപ്പിച്ചതുപോലെ വാരിക്കോരി കൊടുക്കുന്ന ഒരു സമീപനമാണ് കണ്ടത്. ആരെങ്കിലും എഴുന്നേറ്റുനിന്ന് ആവശ്യമുന്നയിച്ചാൽ മാണി സാർ ഉടനെതന്നെ അതു പരിഗണിക്കുന്നു. ഇ.എം.എസ്. സ്മാരക സ്റ്റേഡിയത്തിന് വേണ്ടി അന്ന് പലവട്ടം എഴുന്നേറ്റുനിന്ന് ആവശ്യങ്ങളുന്നയിച്ച ഒരാൾ ശ്രീ. കെ. കുഞ്ഞിരാമനാണ്. അതും മാണി സാർ അംഗീകരിച്ചു കണ്ടപ്പോൾ വളരെ സന്തോഷം തോന്നി. ഇത്രയും വിശാലമനസ്കനും ഉദാരമതിയുമായ ഒരു ധനകാര്യ

വകുപ്പുമന്ത്രി കേരളം ഭരിക്കുമ്പോൾ പിന്നെയെന്താണ്; ഡോ. തോമസ് ഐസക്കിനെപോലുള്ള ആളുകൾ ഉന്നയിക്കുന്ന ധനപ്രതിസന്ധിയെക്കുറിച്ചാണെങ്കിൽ, അതൊക്കെ ഐസക്കിന്റെ ഒരു തോന്നൽ മാത്രമാണെന്നും ഈ കേരളത്തിൽ അങ്ങനെയൊരു ധനപ്രതിസന്ധിയില്ല എന്നുമാണ് അദ്ദേഹം അന്ന് ആവർത്തിച്ച് പറഞ്ഞുകൊണ്ടിരുന്നത്. എന്റെ ഒരു അനുഭവമാണ് ഞാൻ പറയുന്നത്, ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച എന്റെ മണ്ഡലത്തിലെ ഒരു പാലത്തിന്റെ വർക്കിനുള്ള എ.എസ്.-നുവേണ്ടി ഒൻപതു മാസം മാണി സാറിനെയും ബഹുമാന്യനായ ഐസക് പറഞ്ഞ വളരെ പ്രാപ്തനായ നമ്മുടെ ധനകാര്യ വകുപ്പ് സെക്രട്ടറിയുൾപ്പെടെയുള്ളവരുടെ മുമ്പിൽ 48 തവണ പോയിട്ട് ഒരു ഫലവുമുണ്ടായില്ല. പക്ഷേ എനിക്ക് ഖേദമില്ല. കാരണം ആ പാലം ഉണ്ടാകാതിരിക്കുന്നതിനേക്കാളെത്രയോ പ്രയാസകരമായ കാര്യമാണ് ഇപ്പോൾ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്നത്. ഒരു കാര്യത്തിനും പണം കൊടുക്കുന്നില്ല. 75 ലക്ഷം രൂപ പരമ്പരാഗത വ്യവസായ മേഖലയ്ക്ക് വേണ്ടി മാറ്റിവച്ചു. Income Support Scheme-ഖാദി, കയർ, കൈത്തറി മുതലായ മേഖലയിലെ തൊഴിലാളികൾക്ക് ഒരൊറ്റ പൈസ കൊടുത്തിട്ടില്ല. ആ പൈസപോലും കൊടുക്കാത്ത സാഹചര്യത്തിൽ ഈ പാലത്തിനുവേണ്ടി 10 കോടി രൂപ കിട്ടാത്തതിൽ എനിക്ക് ഒരു ഖേദവുമില്ല. അതെങ്കിലും കൊടുത്താൽ മതിയായിരുന്നു. അതില്ലായെന്നുള്ളത് പോകട്ടെ, കേരളത്തിൽ മാസം വെറും 600 രൂപ കിട്ടുന്ന ഒരു വിഭാഗമുണ്ട്. അത് 900 രൂപയാക്കിക്കൊടുക്കുമെന്ന് വളരെ ഗംഭീരമായ പ്രസംഗമാണ് ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് അദ്ദേഹം നടത്തിയത്. നാളിതുവരെ ആശാ വർക്കർമാർക്ക് ഒരു രൂപ വർദ്ധിപ്പിച്ച് കൊടുത്തിട്ടില്ല എന്നു മാത്രമല്ല കൊടുക്കേണ്ട കാശുപോലും കൊടുക്കുന്നുമില്ല. ഓരോ മേഖലയും പരിശോധിച്ചാൽ ഏറ്റവും ഖേദകരമായ അനുഭവങ്ങൾ കാണാൻ സാധിക്കും. എവിടെപ്പോയാലും നിയമന നിരോധനമാണ്. ശ്രീ. പി. സി. ജോർജ്ജ് പറഞ്ഞു, വിമാനത്താവളം വന്നിരിക്കുന്നു, മെഡിക്കൽ കോളേജ് വന്നിരിക്കുന്നു, വികസനമെന്ന് പറഞ്ഞാൽ ഇതൊക്കെയാണ് എന്നൊക്കെ. രാവിലെ കെ.എസ്.ആർ.ടി.സി. ബസ് ഓടാത്തത്, ഇലക്ട്രിസിറ്റി നേരാംവണ്ണം ലഭിക്കാത്തത്, ആശുപത്രിയിൽ പോയാൽ ഡോക്ടർമാരില്ലാത്തത് തുടങ്ങി നാട്ടിൽ ജനങ്ങൾക്ക് ഉണ്ടാകുന്ന ഒരുപാട് ദുരിതങ്ങളുണ്ട് ഇതൊന്നും ഇവർക്കാർക്കും ബാധകമല്ലയെന്നാണോ മനസ്സിലാക്കേണ്ടത്. ഇങ്ങനെയൊരു നികുതി വർദ്ധനവിലൂടെ നിലവിൽ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞ്, അതംഗീകരിച്ച് നടപ്പാക്കാൻ

നിശ്ചയിച്ച വികസന പ്രവർത്തനങ്ങളോ ക്ഷേമ പദ്ധതികളോ പോലും നടപ്പാക്കാത്ത ഗവൺമെന്റിന് എന്ത് ധാർമ്മികതയാണ് ഈ നികുതി വർദ്ധനവിനുവേണ്ടിയുള്ളത്? കഴിഞ്ഞ മൂന്നര വർഷക്കാലം തകൃതിയായി കേട്ടുകൊണ്ടിരിക്കുന്ന ഒരു കാര്യമാണ് അഴിമതി. തൊട്ടിടത്തൊക്കെ അഴിമതിയാണ്. എല്ലാവരും അതാണ് പ്രസംഗിച്ചുകൊണ്ടിരിക്കുന്നത്. അഴിമതി നിയമ വിധേയമാക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണം എന്നാണ് എനിക്ക് ഒരു നിർദ്ദേശം വയ്ക്കാനുള്ളത്. കാരണം, ഈ ഗവൺമെന്റിന് ഭൂഷണമായ ഒരേയൊരു കാര്യം അതാണ്. അഴിമതിക്ക് താരിഫ് ഉണ്ടാക്കി അത് നിയമവിധേയമാക്കി അതിനൊരു നിശ്ചിത ശതമാനം നികുതി ഈടാക്കാനുള്ള ഒരു നിർദ്ദേശമാണ് നിങ്ങൾ വയ്ക്കുന്നതെങ്കിൽ നിങ്ങളും രക്ഷപ്പെടും ഈ നാടും രക്ഷപ്പെടും. ഇപ്പോൾ കൊണ്ടുപോയതിനെപ്പറ്റിയാണല്ലോ തർക്കം. അതുകൊണ്ട് ഈ ഗവൺമെന്റ് ഇതുപോലെ പാവപ്പെട്ട മനുഷ്യരുടെമേൽ നികുതി ഭാരം അടിച്ചേൽപ്പിച്ച് ഇത്തരത്തിൽ ഒരു നീക്കം നടത്തുന്നതിനെ ശക്തിയായി എതിർത്തുകൊണ്ട് ഞാൻ എന്റെ നിരാകരണ പ്രമേയം അവതരിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീമതി ജമീലാ പ്രകാശം)

ഡോ. കെ. ടി. ജലീൽ : സർ, ശ്രീ. ജയിംസ് മാത്യു ഇവിടെ അവതരിപ്പിച്ച 29-ാം നമ്പർ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ ഞാൻ പിൻതുണയ്ക്കുകയാണ്. നമ്മുടെ ധനസ്ഥിതിയുമായി ബന്ധപ്പെട്ട് രണ്ട് അഭിപ്രായങ്ങളാണ് സഭയിൽ ഉയർന്നു വന്നിരിക്കുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രി ധനസ്ഥിതിയെ സംബന്ധിച്ച് പറഞ്ഞത് ഇക്കണോമിക് ഡിഫിക്കൽറ്റി അഥവാ ധനവൈഷമ്യം എന്നാണ്. ധനകാര്യ വകുപ്പുമന്ത്രി നേരത്തെ പറഞ്ഞത് ഇക്കണോമിക് ക്രൈസിസ്, സാമ്പത്തിക പ്രതിസന്ധിയാണ് നമ്മുടെ സംസ്ഥാനം അഭിമുഖീകരിക്കുന്നതെന്നാണ്. ഏഴ് മേഖലകളിലായി പുതിയ നികുതി നിർദ്ദേശങ്ങൾ അവതരിപ്പിച്ചുകൊണ്ടുള്ള ബിൽ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിക്കുകയുണ്ടായി. അതിന്റെ ആമുഖത്തിൽ അദ്ദേഹം പറയുന്നത് സംസ്ഥാനം ഇക്കണോമിക് ക്രൈസിസിലൂടെ കടന്നുപോകുകയാണ് എന്നാണ്. എന്നാൽ നിജസ്ഥിതിയെന്താണ്; ധനവൈഷമ്യത്തിന്റെ ഘട്ടം കഴിഞ്ഞ് സാമ്പത്തിക പ്രതിസന്ധിയുടെ തലവും പിന്നിട്ട് നമ്മുടെ സംസ്ഥാനം ഇക്കണോമിക് സിക്ക്നെസ്സിലേക്ക്-സാമ്പത്തിക രോഗാതുരതയിലേക്ക് പ്രവേശിച്ചു കഴിഞ്ഞിരിക്കുകയാണ്. കേരള കോൺഗ്രസ്സിന്റെ തന്നെ എന്റെ അടുത്ത സുഹൃത്തുകൂടിയായ ഡോ. എൻ. ജയരാജിനോട് ഞാൻ എന്റെ സംശയം

ചോദിക്കുകയുണ്ടായി. അദ്ദേഹം ഒരു ഇക്കണോമിക് പ്രൊഫസറാണ്. ഇക്കണോമിക് ഡിഫിക്കൽറ്റി അഥവാ വൈഷമ്യവും പ്രതിസന്ധിയും തമ്മിലുള്ള വ്യത്യാസമെന്താണെന്ന്. അദ്ദേഹം രസകരമായി എന്നോട് പറഞ്ഞത്, ചിരിയും പുഞ്ചിരിയും തമ്മിലുള്ള വ്യത്യാസമാണ് വൈഷമ്യവും പ്രതിസന്ധിയും തമ്മിലുള്ളതത്രേ. നികുതി ചോരണത്തിന്റെ കാരണങ്ങൾ കാണാതെ ഈ പ്രതിസന്ധി പരിഹരിക്കാൻ പുതിയ നികുതി ചുമത്തുന്ന 'ഷൈലോക്ക്' നിലപാടിലേക്ക് സർക്കാർ നീങ്ങുകയാണ്. 2,000 കോടി രൂപയുടെ നികുതി സമാഹരണം ലക്ഷ്യമിട്ടാണ് നികുതി വർദ്ധനവിന് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. ഇത് പോരാഞ്ഞിട്ടാണ് ടെക്നോപാർക്കിലെ 19.73 ഏക്കർ സ്ഥലം ഒരു സ്വകാര്യ ജർമ്മൻ യു.എസ്. കമ്പനിക്ക് പാട്ടത്തിന് നൽകി നമ്മുടെ ഗവൺമെന്റ് ധനസമാഹരണം നടത്തിയിരിക്കുന്നത്. മണ്ണിനും ജലത്തിനും നികുതി കൂട്ടിയ സർക്കാരാണ് ഇത്. എല്ലാ സർക്കാർ സേവനങ്ങളുടെയും ഫീസ് നേരത്തെ തന്നെ ഗവൺമെന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. സൗജന്യ സേവനങ്ങൾക്ക് പുതിയ ഫീസ് കൊണ്ടുവന്നുകൊണ്ടിരിക്കുന്നു. ഇങ്ങനെ പോയാൽ ഈ ഗവൺമെന്റ് നാളെ പ്രസവത്തിനുപോലും നികുതി ഏർപ്പെടുത്തില്ലായെന്നുള്ളതിന് എന്താണ് ഉറപ്പ്? അങ്ങനെയൊരു ദുർദിനം വന്നാൽ അന്ന് നമ്മൾ അത്ഭുതപ്പെടേണ്ടതില്ല. 8,713 കോടി രൂപ നികുതി വകുപ്പിന് പിരിഞ്ഞ് കിട്ടാനുണ്ടായിരിക്കെയാണ് പുതിയ നികുതി വർദ്ധനവുകളെന്ന് നാം ഓർക്കണം. ഇത് പിരിച്ചെടുത്താൽത്തന്നെ പുതിയ നികുതി വർദ്ധനവില്ലാതെ ഗവൺമെന്റിന് നിവർന്ന് നിൽക്കാൻ കഴിയും. അതിന് സർക്കാർ മുതിരാത്തത് നികുതിപ്പണം അടയ്ക്കാനുള്ളത് വൻ സ്രാവുകളാണെന്നുള്ളതു കൊണ്ടാണ്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിന്റെ അവസാനം ഞങ്ങൾക്ക് വിതരണം ചെയ്ത സി.&എ.ജി.-യുടെ 2014-ലെ ഏഴാമത് റിപ്പോർട്ടനുസരിച്ച് കോടതിയുടെയോ സർക്കാരിന്റെയോ സ്റ്റേയില്ലാത്ത, പിരിച്ചെടുക്കാവുന്ന 12,000 കോടി രൂപയുടെ കണക്ക് കൊടുത്തിട്ടുണ്ടായിരുന്നു. പിരിക്കാതെ വിട്ടുവെന്ന് എ.ജി. ചൂണ്ടിക്കാണിച്ച നികുതി പിരിച്ചെടുക്കാൻ ഗവൺമെന്റ് ഇച്ഛാശക്തിയോടെ മുന്നോട്ടുവന്നാൽ കുടിശ്ശികയുടെ പകുതിയെങ്കിലും നമ്മുടെ സംസ്ഥാനത്ത് പിരിഞ്ഞുകിട്ടും. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നികുതി വരുമാനം 11, 12 ശതമാനം നിരക്കിലാണ് ഉയർന്നത്. എൽ.ഡി.എഫ്. ഭരണകാലത്താകട്ടെ നികുതി വരുമാനം 18, 20 ശതമാനം പ്രതിവർഷം ഉയർന്നു. ഇപ്പോൾ യു.ഡി.എഫ്. ഭരിക്കുമ്പോൾ വീണ്ടും നികുതി വരുമാനം 10, 12 ശതമാനത്തിലേക്ക് താഴ്ന്നിരിക്കുകയാണ്. യു.ഡി.എഫ്. ഭരിക്കുമ്പോൾ നികുതി വരുമാനം കുറയുകയും

എൽ.ഡി.എഫ്. ഭരിക്കുമ്പോൾ നികുതി വരുമാനം വർദ്ധിക്കുകയും ചെയ്യുന്നത് എന്തുകൊണ്ടാണെന്ന് അന്വേഷിച്ചാൽ സംസ്ഥാനത്ത് നടക്കുന്ന വലിയ കൊള്ളയുടെ ഭീതിതമായ ചിത്രം നമുക്ക് ലഭിക്കും. നടപ്പുവർഷം നികുതി വരുമാനം മുൻവർഷത്തെ അപേക്ഷിച്ച് 30 ശതമാനം ഉയരുമെന്ന അനുമാനത്തിലാണ് മാണി സാർ കഴിഞ്ഞ ബഡ്ജറ്റ് സഭയിൽ അവതരിപ്പിച്ചത്. എന്നാൽ ഇതുവരെയുള്ള വരുമാനത്തിന്റെ കണക്ക് പരിശോധിച്ചാൽ 10 ശതമാനംപോലും വർദ്ധനവുണ്ടായിട്ടില്ല. ഈ പുതിയ നികുതി നിർദ്ദേശത്തിന്റെ ബിൽ പാസ്സായി നികുതി ഏർപ്പെടുത്തിയെന്നതന്നെ വിചാരിക്കുക, ഇവർ ലക്ഷ്യമിടുന്ന സമാഹരണം ഫലവത്താകുമെന്നുള്ളതിന് എന്താണ് ഉറപ്പ്? കഴിഞ്ഞ സാമ്പത്തിക വർഷം പോലും 30 ശതമാനം ലക്ഷ്യമിട്ടിട്ട് 11 ശതമാനത്തിൽപ്പോലും നികുതി വർദ്ധനവ് കൊണ്ടുചെന്നെത്തിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല. എന്തുകൊണ്ടാണ് വരുമാനത്തിൽ കുറവ് വരുന്നത്? മദ്യനിരോധനം ഏർപ്പെടുത്തിയതിനെ തുടർന്നുണ്ടായ വരുമാനക്കമ്മിയാണ് സംസ്ഥാനം ഇന്ന് നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയുടെ അടിസ്ഥാനമെന്നാണ് സർക്കാരിന്റെ ഭാഷ്യം. ഇത് ശുദ്ധ അസംബന്ധമാണ്. കാരണം എക്സൈസ് നികുതിയിലും വാറ്റ് നികുതിയിലും വാഹന നികുതിയിലും സ്റ്റാമ്പ് ഡ്യൂട്ടിയിലുമെല്ലാം വലിയ കുറവാണ് വന്നിരിക്കുന്നത്. എല്ലാ ബാറുകളും അടച്ചുപൂട്ടിയാൽ 1,800 കോടി രൂപയുടെ ധനനഷ്ടമുണ്ടാകുമെന്നാണ് സർക്കാർ കണക്കാക്കിയിരുന്നത്. എന്നാൽ ഇതുവരെ ബാറുകൾ നിർത്തിയതുമൂലമുള്ള നഷ്ടം 500 കോടി രൂപയിൽ താഴെ മാത്രമേ വരികയുള്ളൂ. ഇതിന്റെ പേര് പറഞ്ഞുകൊണ്ടാണ് ഏഴ് മേഖലകളിൽ പുതിയ നികുതി നിർദ്ദേശവുമായി ഗവൺമെന്റ് പുതിയൊരു ബിൽ സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. 1,800 കോടി രൂപയുടെ ധനകമ്മി മദ്യ നിരോധനത്തിലൂടെ ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചിടത്ത് എന്തുകൊണ്ടാണ് അത് 500 കോടി രൂപയായി കുറഞ്ഞത്? ബിവറേജസ് കോർപ്പറേഷനിലൂടെയുള്ള വരുമാനം വലിയ തോതിൽ വർദ്ധിച്ചതാണ് ഈ കുറവിന്റെ കാരണമെന്ന് നമുക്ക് കണ്ടെത്താനാകും. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ഒരിക്കൽപ്പോലും നികുതി നിരക്ക് ഉയർത്തിയില്ലായെന്നുള്ളത് പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. സാമ്പത്തിക ബുദ്ധിമുട്ട് നേരിടേണ്ടി വരുമ്പോൾ കണ്ണും ചിമ്മി ഗവൺമെന്റിന് ആശ്രയിക്കാവുന്ന സ്ഥാപനമായിരുന്നു ട്രഷറി സേവിംഗ്സ് ബാങ്ക്. സേവിംഗ്സ് ബാങ്ക് കേരളത്തിനും ജമ്മുകാശ്മീരിനും മാത്രം അവകാശപ്പെടാൻ കഴിയുന്ന സംവിധാനമാണ്. അതിനെ ഈ സർക്കാർ കശാപ്പ് ചെയ്തു. ഞങ്ങളുടെ നാട്ടിലൊക്കെ സാധാരണ പറയാറുണ്ട്, കൂട്ടിൽ കിടക്കുന്ന കോഴിയെന്ന്.

വിരുന്നുകാർ വന്നാൽ വീട്ടിൽ പ്രത്യേകിച്ച് വിഭവങ്ങളില്ലെങ്കിൽ ആ കോഴിയെ അറുത്താണ് അന്ന് വിഭവങ്ങൾ ഒരുക്കുന്നത്. സത്യത്തിൽ സർക്കാരിനെ സംബന്ധിച്ചിടത്തോളം ട്രഷറി സേവിംഗ്സ് ബാങ്ക് അങ്ങനെ ഒരു കൂട്ടിലിട്ട കോഴിയായിരുന്നു. ആ കോഴിയെ ആർക്കുവേണ്ടിയാണ് ബലികഴിച്ചതെന്ന് ഇവർ ആലോചിക്കണം. സംസ്ഥാന സർക്കാരുകൾക്ക്, ഏത് ഗവൺമെന്റുകളായാലും ആശ്രയിക്കാവുന്ന വലിയൊരു അത്താണിയായിരുന്നു നമ്മുടെ ട്രഷറി സേവിംഗ്സ് ബാങ്ക്. ധനമിടപാടും നിക്ഷേപവും വാണിജ്യ ബാങ്കുകളിൽ ഫിക്സഡ് ഡെപ്പോസിറ്റ് ചെയ്യണമെന്ന് ത്രിതല പഞ്ചായത്തുകൾക്കും സർക്കാർ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ക്ഷേമനിധി ബോർഡുകൾക്കും ഗവൺമെന്റ് നിർദ്ദേശം നൽകി. ആ സർക്കാർ ഉത്തരവാണ് നമ്മുടെ സംസ്ഥാനത്തിന്റെ ഏറ്റവും വലിയ പ്രത്യേകതയായ ട്രഷറി സേവിംഗ്സ് ബാങ്കിന്റെ അവസാനത്തെ അടിക്കല്ലും ഇളക്കിക്കളഞ്ഞത്. ഇതിലൂടെ യു.ഡി.എഫ്., ഇരിക്കുന്ന കൊമ്പാണ് മുറിച്ചിരിക്കുന്നത്. 'നമുക്ക് നാമേ പണിവത് നാകം, നരകവുമതുപോലെ' എന്ന കാവ്യശകലം പോലെ ഈ ഗവൺമെന്റ് തന്നെയാണ് നിലവിലുള്ള സാമ്പത്തിക പ്രതിസന്ധിയുടെ കാരണക്കാർ. ഇവരുടെ പിടിപ്പുകേടും കൊള്ളരുതായ്മയുമാണ് ഇന്ന് സംസ്ഥാനം അഭിമുഖീകരിക്കുന്ന ക്രൈസിസിലേക്ക് നീങ്ങിയതിന്റെ കാരണമെന്ന് ആർക്കും കണ്ടെത്താനാകും. സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനും ബാങ്ക് അക്കൗണ്ടുവഴി കൊടുക്കാൻ തീരുമാനിച്ചതോടെ ട്രഷറി സേവിംഗ്സ് ബാങ്കിന്റെ പതനം പൂർത്തിയായിരിക്കുകയാണ്. അത് ട്രഷറികളിലൂടെ കൊടുത്തിരുന്ന കാലത്ത് എല്ലാവരും ഒരിക്കലും ഒറ്റദിവസം അവരുടെ ശമ്പളമോ പെൻഷനോ പിൻവലിക്കുകയില്ല. ഒരു മാസത്തെ ഇടവേളയിൽ, പല ഡേറ്റുകളിലായിട്ടാണ് അവർ അത് പിൻവലിക്കുക. സർക്കാരിന്റെ സാമ്പത്തിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി ഈ നിക്ഷേപം തന്നെ നമുക്ക് ധാരാളമായിരുന്നു. കാലം പോലും മാപ്പ് തരാത്ത മഹാപാതകമാണ് ട്രഷറി സേവിംഗ്സ് ബാങ്കിനെ ഇല്ലാതാക്കിയതിലൂടെ ഈ ഗവൺമെന്റ് ചെയ്തിരിക്കുന്നത്. വികസന പ്രവർത്തനങ്ങൾ മാത്രമല്ല, ക്ഷേമപ്രവർത്തനങ്ങളും താളംതെറ്റിയ അവസ്ഥയാണ് ഇന്ന് നമ്മുടെ സംസ്ഥാനത്തുള്ളത്. വിവിധ ക്ഷേമനിധി ബോർഡുകളിലൂടെ വിതരണം ചെയ്യുന്ന ആനുകൂല്യങ്ങളിൽ 400 കോടിയിലേറെ രൂപയുടെ കുടിശ്ശികയാണുള്ളത്. വർഷത്തിൽ കർഷകത്തൊഴിലാളികളുടെ ക്ഷേമനിധി ആനുകൂല്യങ്ങൾമാത്രം ഏതാണ്ട് 194 കോടി രൂപ വരും. സർക്കാർ സേവനങ്ങൾക്ക് നികുതി ചുമത്തിയ യു.ഡി.എഫ്.

സർക്കാരാണ് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നതെന്നുകൂടി ഓർക്കണം. ഈ സ്കൂളുകൾക്ക് പുറമേ ഇവയോടനുബന്ധിച്ച പഠനാവശ്യങ്ങൾക്കുള്ള ഹോസ്റ്റലുകൾ അടക്കമുള്ള കെട്ടിടങ്ങളേയും നികുതിയിൽ നിന്ന് മുക്തമാക്കുകയുണ്ടായി. എന്തിനുവേണ്ടിയായിരുന്നു അത്? സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളേയും അവയുടെ സ്ഥാവരജംഗമ വസ്തുക്കളേയും നികുതിയിൽ നിന്ന് ഒഴിവാക്കിയതിന് പിന്നിൽ എന്തോ ചില ഗൂഢലക്ഷ്യങ്ങളുണ്ടെന്ന് ആരെങ്കിലും പറഞ്ഞാൽ അതിനെ എങ്ങനെയാണ് നാം നിഷേധിക്കുന്നത്? വലിയ സാമ്പത്തിക നഷ്ടമാണ് ഇതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉണ്ടായിരിക്കുന്നത്. ലാഭമായാലും നഷ്ടമായാലും മൊത്തം വിൽപ്പനയുടെ രണ്ടുശതമാനം നികുതി നൽകണമെന്ന പുതിയ വ്യവസ്ഥയെത്തുടർന്ന് അര ഡസനോളം പ്രമുഖ വസ്ത്ര വ്യാപാരികൾ സംസ്ഥാനം വിടാൻ ഒരുങ്ങുകയാണെന്നുള്ള വാർത്തകൾ പുറത്തുവന്നിരിക്കുന്നു. ധനപ്രതിസന്ധിയിൽ സംസ്ഥാനം നട്ടംതിരിയുമ്പോൾ, നമ്മുടെ ഖജനാവ് ഓരോ ദിവസവും ചോർന്നുകൊണ്ടിരിക്കുമ്പോൾ ഇവിടെ കൊഴുത്ത് വളരുന്ന ഒരു വ്യാപാര മേഖലയുണ്ട്, അതാണ് ഓൺലൈൻ വ്യാപാര മേഖല. 60,000 കോടി രൂപയുടെ പരമ്പരാഗത വ്യാപാരമാണ് നമ്മുടെ സംസ്ഥാനത്ത് ഓരോ വർഷവും നടന്നുവന്നിരുന്നത്. ഇന്ന് ഓൺലൈൻ വ്യാപാരം ഏതാണ്ട് 6,000 കോടി രൂപയോളം അവരുടെ വിൽപ്പന എത്തിച്ചിരിക്കുകയാണ്. ഓൺലൈൻ വ്യാപാരത്തിന് നികുതി ചുമത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട്, അതിന് പ്രത്യേകമായ നിയമനിർമ്മാണം കൊണ്ടുവരണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ആയിരക്കണക്കിന് വ്യാപാരികൾ ഇന്നലെ തലസ്ഥാനത്ത് വലിയ പ്രക്ഷോഭത്തിന് തയ്യാറായി കടന്നുവന്നതെന്ന് നമുക്കറിയാം. ഇടതുപക്ഷ ഗവൺമെന്റ് ഭരിക്കുന്ന കാലത്ത് ഈ വ്യാപാരി സുഹൃത്തുക്കൾക്ക് ഒരു ദിവസം പോലും ഈ സർക്കാരിനെതിരായി ഒരു പ്രതിഷേധ പ്രകടനംപോലും നടത്തേണ്ടിവന്നില്ലായെന്നുള്ളത് ഇത്തരുണത്തിൽ അടിവരയിട്ട് മനസ്സിലാക്കേണ്ടതുണ്ട്. കേരളത്തിൽ പ്രതിവർഷം 60,000 കോടി രൂപയുടെ പരമ്പരാഗതമായ വ്യാപാരം നടന്നിരുന്നു. ഇന്ന് അത് ക്രമാതീതമായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഓൺലൈൻ വ്യാപാരങ്ങൾക്ക് നികുതി ഏർപ്പെടുത്തിയില്ലെങ്കിൽ വലിയ ധനച്ചോർച്ചയാകും നമ്മുടെ സംസ്ഥാനത്തുണ്ടാകാൻ പോകുന്നത്. കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ ഏകദേശം 600 കോടി രൂപയാണ് ഖജനാവിന് ഓൺലൈൻ വ്യാപാരംമൂലം നഷ്ടമായത്. ബഡ്ജറ്റിൽ പ്രതീക്ഷിച്ച വിൽപ്പന നികുതി സമാഹരണം ലക്ഷ്യം കാണാത്തത് ഇതുകാരണത്താലാണെന്നാണ്

വിദഗ്ദ്ധ അഭിപ്രായം. ഇത് നിയന്ത്രിച്ചില്ലെങ്കിൽ വൻ ഭവിഷ്യത്താകും സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയിലുണ്ടാകാൻ പോകുന്നത്. സാധാരണക്കാരുടെ കീശയിൽനിന്ന് പൈസ തട്ടിപ്പറിക്കുന്നതിനുപകരം, അവർക്ക് പുതിയ നികുതിഭാരം ഏർപ്പെടുത്തുന്നതിനു പകരം ഓൺലൈൻ വ്യാപാരത്തിന് നികുതി ഏർപ്പെടുത്തി ക്കൊണ്ട് ഒരു പുതിയ നികുതിയുടെ തലം തുറക്കുകയായിരുന്നു. അതിന് ഈ ഗവൺമെന്റ് മുതിർന്നിട്ടില്ല. പരമ്പരാഗത രീതിയിൽ വ്യാപാരം നടത്തുന്ന വൻകിട സ്ഥാപനങ്ങളും ഓൺലൈൻ വ്യാപാരത്തിലേക്ക് ചുവട് മാറ്റുകയാണെന്ന വാർത്തകൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. പുസ്തക വിപണിയിൽ ഇത് പ്രകടമാണ്. 40 ശതമാനം വില കുറച്ചാണ് ഓൺലൈൻ പുസ്തക വിൽപ്പന നടത്തുന്നത്. ഇതിനെത്തുടർന്ന് പല പുസ്തക കടകളും സംസ്ഥാനത്ത് പൂട്ടിക്കൊണ്ടിരിക്കുകയാണ്. ഹിമാചൽ പ്രദേശ് ഉൾപ്പെടെയുള്ള ചില സംസ്ഥാനങ്ങളിൽ ഓൺലൈൻ വിൽപ്പനയെ നികുതി പരിധിയിൽ കൊണ്ടുവരാൻ നിയമങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ആ വഴിക്ക് കേരളം ഗൗരവപൂർവ്വം മുന്നോട്ടുവരേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. അല്ലാത്തപക്ഷം പരമ്പരാഗത വ്യാപാര രംഗത്തിന്റെ അന്ത്യക്കുദാശയ്ക്ക് കേരളം സാക്ഷിയാകേണ്ടി വരും. പുതിയ നികുതിഭാരം സാധാരണക്കാരിൽ അടിച്ചേൽപ്പിക്കുവാൻ ലക്ഷ്യമിട്ടു കൊണ്ട് കൊണ്ടുവന്നിരിക്കുന്ന, ഏഴ് മേഖലകളിൽ പുതിയ നികുതികൾ അടിച്ചേൽപ്പിക്കുവാൻ ഉദ്ദേശിക്കുന്ന ഈ ബില്ലിനെ പിന്തുണയ്ക്കാൻ ഒരു കാരണവശാലും കഴിയില്ലായെന്നുള്ളതു കൊണ്ട് ഇവിടെ അവതരിപ്പിച്ച നിരാകരണ പ്രമേയത്തെ ഞാൻ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

5.00 PM]

പ്രൊഫ. സി. രവീന്ദ്രനാഥ്: Sir, I move that - "This House resolves to disapprove The Kerala Motor Vehicles Taxation (Amendment) Ordinance, 2014 (Ordinance No. 30 of 2014)".

ഞാൻ ഈ ഓർഡിനൻസിനെ നിരാകരിക്കുന്നു. മൂന്നു പ്രധാനപ്പെട്ട പോയിന്റുകൾമാത്രം പറഞ്ഞുകൊണ്ട് നിർത്താം. ഈ ഓർഡിനൻസ് ഇറക്കേണ്ടി വന്ന പശ്ചാത്തലം കേരളത്തെ സംബന്ധിച്ച് വളരെ ഗുരുതരമാണ്. ഒരു പക്ഷേ, അതിന്റെ ഗുരുതരാവസ്ഥ പൂർണ്ണമായും ഇവിടെ ചർച്ച ചെയ്യപ്പെട്ടിട്ടില്ല. കേരളം അക്ഷരാർത്ഥത്തിൽ ഒരു വികസന സ്തംഭനത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അത്തരത്തിലുള്ള ഒരു പശ്ചാത്തലത്തിലാണ് വരുമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള ഈ ഓർഡിനൻസ് ഇറക്കിയിട്ടുള്ളത്. ഇങ്ങനെയൊരു ഓർഡിനൻസ് ഇറക്കിയത് എന്തുകൊണ്ടാണെന്ന ചോദ്യം പ്രസക്തമാണ്. വളരെ ലളിതമായി,

അധികം ഗവേഷണമൊന്നും നടത്താതെതന്നെ അതിന്റെ കാരണം നമുക്ക് കണ്ടെത്താം.

ഒന്ന്, കേരളത്തിൽ ഈ സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ ഒരു ഫിനാൻസ് ബില്ലും ഫിനാൻസ് ആക്ടും ഈ നിയമസഭ പാസ്സാക്കി. അതനുസരിച്ച് ഒരു വർഷത്തേക്കാവശ്യമായ ചെലവിന് വരുമാനം കണ്ടെത്തേണ്ടതുണ്ട്. ആ വരുമാനം കണ്ടെത്തുവാൻ കഴിഞ്ഞില്ല എന്നുമാത്രമല്ല പ്രതീക്ഷിച്ചതിനേക്കാൾ വലിയ കുറവാണ് റവന്യൂ വരുമാനത്തിലുണ്ടായത്. അങ്ങനെ വരുമാനത്തിൽ കുറവുണ്ടായപ്പോൾ നമ്മുടെ കമ്മി വർദ്ധിച്ചു. കമ്മി നികത്തുന്നതിനുവേണ്ടി കടം എടുക്കേണ്ടിവന്നു. എടുക്കുന്ന കടം മൂലധന നിക്ഷേപമാക്കി മാറ്റാൻ കഴിയാതെ റവന്യൂ ചെലവുകൾക്കായി ഉപയോഗിക്കേണ്ടതായി വരുന്നു എന്നുള്ളത് നമ്മുടെ സമ്പദ്‌വ്യവസ്ഥയെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നമാണ്. റവന്യൂ വരുമാനം കുറഞ്ഞു എന്ന് അതിൽ നിന്നും ലളിതമായി മനസ്സിലാക്കാം.

രണ്ടാമത്തെ കാര്യം, വരുമാനം കുറഞ്ഞതുമാത്രമല്ല പ്രശ്നം. ബഡ്ജറ്റിൽ ചില പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. ആ പദ്ധതികൾക്കപ്പുറം നിരവധി പദ്ധതികൾ തുടർച്ചയായി പ്രഖ്യാപിക്കുകയുണ്ടായി. ഈ രണ്ട് പ്രശ്നങ്ങളാണ് കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ഈ തരത്തിൽ എത്തിച്ചത്. ഒന്ന് റവന്യൂ വരുമാനം കുറഞ്ഞു, വേറൊന്ന് അമിതമായി പദ്ധതികൾ പ്രഖ്യാപിച്ചു. ചെലവിനാവശ്യമായ വരവ് കണ്ടെത്തുക എന്നതും വരവനുസരിച്ച് ചെലവ് ചെയ്യുക എന്നതുമായ ലളിതമായ സാമ്പത്തിക രീതിശാസ്ത്രത്തെ അവഗണിച്ചതാണ് പുതിയ നികുതി കണ്ടെത്തേണ്ട ഒരു സാഹചര്യത്തിലേക്ക് കേരളം എത്തിച്ചേരാൻ കാരണം. ഇത് വളരെ ഗുരുതരമായ ഒരു തെറ്റാണ്. വരുമാനത്തിനനുസരിച്ചു മാത്രമേ ചെലവ് ചെയ്യാവൂ. അതുകൊണ്ടുള്ള ഒരു സാമ്പത്തിക ദുരന്തമാണ് ഇവിടെ നടക്കുന്നത്. ഈ സാമ്പത്തിക ദുരവസ്ഥയ്ക്ക് ഉത്തരവാദി ജനങ്ങളല്ല, മുഖ്യമന്ത്രിയടക്കമുള്ള മന്ത്രിസഭയാണ്. ഇത് ജനങ്ങളോടുള്ള വഞ്ചനയാണ്. സമ്പദ്‌വ്യവസ്ഥയെ ചിട്ടയായി ചലിപ്പിക്കുവാനുള്ള ഉത്തരവാദിത്തമാണ് ഭരണകൂടത്തിനുള്ളത്. അതിനുവേണ്ടി ആർജ്ജവത്തോടെ മുന്നിൽ നിന്ന് നയിക്കേണ്ടത് മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമാണ്. അത് ചെയ്തില്ല എന്നുള്ള ഗുരുതരമായ വീഴ്ചയാണ് ഈ ഓർഡിനൻസിന്റെ പശ്ചാത്തലത്തിലേക്ക് നമ്മളെ എത്തിച്ചത്. ഇത് എങ്ങനെ പരിഹരിക്കണമെന്നുള്ളതിനെക്കുറിച്ച് നമുക്ക് ഒന്നിച്ച് തീരുമാനിക്കാവുന്നതാണ്. ഇത് പരിഹരിക്കുന്നതിനുവേണ്ടി യു.ഡി.എഫ്. എടുത്തത് തെറ്റായ തീരുമാനമാണ്. ജനങ്ങളുടെ മേൽ കൂടുതൽ കൂടുതൽ പരോക്ഷനികുതി ചുമത്തിക്കൊണ്ട് റവന്യൂ

വരുമാനം വർദ്ധിപ്പിച്ച് താളം തെറ്റിയ ബഡ്ജറ്റിനെ പുനഃസ്ഥാപിക്കാമെന്ന് നിങ്ങൾ കരുതുകയാണ്. ഇത് ലോക സാമ്പത്തിക ചരിത്രത്തിലൊരിക്കലും സംഭവിക്കാത്തതാണ്. മാന്ദ്യമുള്ള സമയത്ത് ജനങ്ങളെ കൂടുതൽ ടാക്സ് ചെയ്തുകൊണ്ട് സമ്പദ് വ്യവസ്ഥയെ ഉയർത്തിയ ചരിത്രം ലോകത്തൊരിടത്തുമില്ല. പരോക്ഷ നികുതി വർദ്ധിപ്പിച്ചുകൊണ്ട് സമ്പദ്‌വ്യവസ്ഥയെ രക്ഷിക്കുവാൻ കഴിയുമെന്ന് ആരും കരുതരുത്, അത് തെറ്റാണ്. അതാണ് ഈ ഏഴ് ഓർഡിനൻസുകളിൽകൂടി നടക്കുന്നതെന്നുള്ളതുകൊണ്ടാണ് അതിനെതിരെ സംസാരിക്കേണ്ടതായിവരുന്നത്.

മൂന്നാമത്തെ പോയിന്റ്, പരോക്ഷ നികുതി വർദ്ധിപ്പിച്ചുകൊണ്ട് സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ കഴിയില്ല. പിന്നെ എങ്ങനെ കഴിയും എന്ന ചോദ്യം പ്രസക്തമാണ്. അതിനുകൂടി ഉത്തരം പറഞ്ഞാലേ പൂർണ്ണമാകുകയുള്ളൂ. ഒരു വിഷമവുമില്ലാതെ കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാവുന്നതാണ്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ പണമുണ്ട്. കേരളത്തിന്റെ ഇക്കോണമിയിലുള്ള പണം അഞ്ചു ലക്ഷം കോടി രൂപയാണ്. കേരളത്തിന്റെ ബഡ്ജറ്റ് 17,000 കോടി രൂപ മാത്രമാണ്. ബഡ്ജറ്റ് ദിശാബോധത്തോടുകൂടി ഇക്കോണമിയെ ചലിപ്പിച്ചാൽ ഇക്കോണമിയിൽ നിന്നും പണം നിക്ഷേപിക്കപ്പെടും. അതിനുദാഹരണമാണ് ഇ.എം.എസ്. പാർപ്പിട പദ്ധതി. സമ്പദ്‌വ്യവസ്ഥയുടെ ദിശാബോധമുള്ള ചലനത്തോടെ ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കാൻ കഴിയും. അതിനുള്ള ലളിതമായ ചില നിർദ്ദേശങ്ങൾ ഞാൻ പറയാം. ഒന്ന് - നികുതി ചോർച്ച തടയുക, രണ്ട് - അഴിമതി ഇല്ലാതാക്കുക, മൂന്ന് - സ്റ്റേ ഒഴിവാക്കുക, നാല് - നോൺ ടാക്സ് റവന്യൂ വർദ്ധിപ്പിക്കുക. ഈ നാല് ആശയങ്ങളും നടപ്പിലാക്കിയാൽ പരോക്ഷ നികുതി വർദ്ധനവ് ഇല്ലാതാക്കാം. പരോക്ഷ നികുതി വർദ്ധിപ്പിച്ചാൽ തുടർന്നുവരുന്ന മാസങ്ങളിലും അടുത്ത വർഷവും കേരളത്തിന്റെ റവന്യൂ വരുമാനം ഇനിയും കുറയും, റവന്യൂ കമ്മി വർദ്ധിക്കും, കേരളം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലെത്തും, വികസന സ്തംഭനത്തിലെത്തും. അതിനുതകുന്ന ഒരു ഓർഡിനൻസായതുകൊണ്ട് അതിനെ യുക്തിഭദ്രമായി നിരാകരിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. രാജു എബ്രഹാം</u> : സർ, ഇവിടെ അവതരിപ്പിച്ച നിരാകരണ പ്രമേയത്തെ അനുകൂലിക്കുകയാണ്. സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും അഭിമാനമായിരുന്ന ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ വേർപാടിന്റെ ഒരന്തരീക്ഷം നിറഞ്ഞു നിൽക്കുന്ന സഭയിൽ ഞാൻ ദീർഘമായി പ്രസംഗിക്കുന്നില്ല. കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണെന്ന് ധനകാര്യ വകുപ്പുമന്ത്രി

സമ്മതിച്ചതോടുകൂടി ഈ സാമ്പത്തിക പ്രതിസന്ധിയെ ഔദ്യോഗികമായിത്തന്നെ അംഗീകരിച്ചിരിക്കുകയാണ്. ഓരോ ദിവസവും വരുന്ന വാർത്തകൾ ഞെട്ടിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.-യിലെ മധുകുമാരൻ നായർ ആത്മഹത്യ ചെയ്തു. ജാഥയിൽ പങ്കെടുത്ത മുരുകപ്പൻപിള്ള (70 വയസ്സ്) കുഴഞ്ഞുവീണു മരിച്ചു. കേരളം എവിടേക്ക് പോകുന്നു എന്നതിന്റെ ഒരു നേർ രേഖ നമുക്ക് ഈ സംഭവങ്ങളിൽക്കൂടി കാണാൻ സാധിക്കും. കേരളത്തിലെ എല്ലാ തെരുവുകളും ഇന്ന് നിശ്ചലമാണ്, ഇവിടെ ക്രയവിക്രയങ്ങൾ നടക്കുന്നില്ല, കർഷകത്തൊഴിലാളികൾക്ക് പെൻഷനും വാർദ്ധകാല്യ പെൻഷനുമില്ല, തൊഴിലില്ലായ്മ വേതനമില്ല. ആകെ വലിയൊരു സ്തംഭനത്തിലേക്ക് പോകുന്നു. കർഷകത്തൊഴിലാളികളെ പണിക്കുനിർത്താൻ കൃഷിക്കാരുടെ കൈവശം പണമില്ല. നമ്മുടെ സാമ്പത്തിക മേഖല മാത്രമല്ല നിർമ്മാണ മേഖലയും പ്രതിസന്ധിയിലാണ്. കടകളിലെ കച്ചവടം പകുതിയായി കുറഞ്ഞു. വീടുവയ്ക്കാൻ ആഗ്രഹിക്കുന്ന ആളുകൾക്കുപോലും വീടുവയ്ക്കാൻ കഴിയുന്നില്ല, കാരണം അവരുടെ കൈവശം പണമില്ല. അന്യസംസ്ഥാന തൊഴിലാളികൾ പകുതിയോളം കേരളം വിട്ടുപോയിക്കഴിഞ്ഞു. തൊഴിൽ ലഭിക്കുമെന്ന് കരുതി കേരളത്തിലേക്കുവന്ന അന്യസംസ്ഥാന തൊഴിലാളികൾ അവരുടെ സ്ഥലത്തേക്കുതന്നെ മടങ്ങിപ്പോകുന്ന ദയനീയമായ അവസ്ഥയാണ് കാണാൻ കഴിയുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെതന്നെ മദ്യനയത്തിന്റെ പേരിലാണ് ഈ അധിക നികുതിവർദ്ധനവ് കൊണ്ടുവന്നത്. ഇനിയിപ്പോൾ അത്തരമൊരു നികുതി വർദ്ധനവിന്റെ ആവശ്യം കാര്യമായി വരുന്നില്ല. കാരണം ജനപക്ഷയാത്ര തിരുവനന്തപുരത്ത് എത്തുമ്പോഴേക്കും എല്ലാ ബാറുകളും തുറക്കുമെന്നായിരുന്നു നമ്മൾ കേട്ടിരുന്ന വാർത്ത. എന്തായാലും അതുണ്ടായില്ല. പക്ഷേ അതിനുപകരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നയവ്യതിയാനം വരുത്തി പ്രായോഗികതലത്തിൽ കാര്യങ്ങൾ നടപ്പാക്കിക്കഴിയുമ്പോൾ സ്വാഭാവികമായും മദ്യത്തിൽനിന്നുള്ള വരുമാനം ഇനി നഷ്ടമാകുന്നില്ല. ആരുടെ താൽപര്യം സംരക്ഷിക്കാനാണ് ഈ അധിക നികുതി വർദ്ധനവ് വരുത്തിയത്? കുടുംബാംഗങ്ങളുടെ സ്ഥലം അവരുടെ പേരിൽ എഴുതണമെങ്കിൽപ്പോലും ഇത്ര കടുത്ത നിലയിൽ ഒരു സ്റ്റാമ്പ് ഡ്യൂട്ടി വർദ്ധനവ് വരുത്താൻ ബഹുമാനപ്പെട്ട മാണി സാറിന് എങ്ങനെ കഴിഞ്ഞു എന്ന് ഞങ്ങൾ അത്ഭുതപ്പെടുകയാണ്. 50 ലക്ഷം രൂപ എന്റെ വസ്തുവിന് വിലയുണ്ടെങ്കിൽ ഞാൻ ഒന്നര ലക്ഷം രൂപ സ്റ്റാമ്പ് ഡ്യൂട്ടി കൊടുക്കണം - ഇത് കേരളത്തിൽ ഒരു ഭരണകൂടവും ചെയ്യാത്ത കാര്യമാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കുടുംബാംഗങ്ങൾക്കുള്ള ഈ പ്രത്യേക ആനുകൂല്യം മാണി സാർ ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോൾ കൊടുത്തതാണ്. ശ്രീ. രാജു എബ്രഹാം പറയുന്നത് കേട്ടാൽ തോന്നും നിങ്ങളുടെ ഗവൺമെന്റ് കൊടുത്ത ഏതോ ആനുകൂല്യം ഞങ്ങൾ എടുത്തുകളഞ്ഞതാണെന്ന്. ഈ ഗവൺമെന്റ് കൊടുത്ത ഒരാനുകൂല്യം സാമ്പത്തിക ബുദ്ധിമുട്ട് വന്നപ്പോൾ പിൻവലിച്ചു, ബുദ്ധിമുട്ട് മാറുമ്പോൾ കൊടുക്കും. ദയവുചെയ്ത് അങ്ങ് സഭയെ തെറ്റിദ്ധരിപ്പിക്കരുത്.

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ സഭയെ തെറ്റിദ്ധരിപ്പിക്കാൻവേണ്ടി പറഞ്ഞതല്ല. സെപ്റ്റംബർ 19, 2014-ലെ മലയാള മനോരമയിൽ വന്ന വാർത്ത ശ്രീ. പി. സി. വിഷ്ണുനാഥിന്റെ കൂടി ശ്രദ്ധയിൽപ്പെടുത്താൻവേണ്ടി പറഞ്ഞതാണ്. നാട്ടിലെ ജനങ്ങൾ നിങ്ങളുടെ ഭരണം കാരണം വലിയ ബുദ്ധിമുട്ടുകൾ നേരിടുകയാണ്. അവർക്ക് ജീവിക്കാൻ കഴിയുന്നില്ല. ശ്രീ. പി. സി. വിഷ്ണുനാഥിന്റെ സ്ഥലം മറ്റൊരാൾക്ക് കൊടുക്കുകയാണെങ്കിൽ സ്വന്തം പോക്കറ്റിൽനിന്നും പണം ചെലവാക്കണം. അതിനോട് ശ്രീ. പി. സി. വിഷ്ണുനാഥ് യോജിക്കുന്നുണ്ടോ? ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. ഇവിടെ വൻകിടക്കാർക്ക് നികുതി ഇളവുകൾ നൽകുന്നു. തലസ്ഥാനത്തെ ഒരു വ്യാപാരസ്ഥാപനത്തിൽ 60 ലക്ഷം രൂപയുടെ നികുതിവെട്ടിപ്പ് നടന്നു. അതിനെ 10 ലക്ഷമായി കുറച്ചുകൊടുത്തു. തിരുവനന്തപുരത്തെ ഒരു ജ്വല്ലറി ഉടമയ്ക്ക് 50 ലക്ഷത്തിന്റെ നികുതി കുടിശ്ശിക ഇളവ് ചെയ്തുകൊടുത്തു. അങ്ങനെയുള്ള കാര്യങ്ങൾ നിയന്ത്രിക്കണം. വെള്ളക്കരത്തിന്റെ മാത്രമായി 500 കോടി രൂപയുടെ കുടിശ്ശികയുണ്ട്. എല്ലാവരും വൻകിടക്കാരാണ്. ക്ലബ്ബുകളിൽനിന്നും പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നില്ല. തലസ്ഥാനത്ത് പ്രവർത്തിക്കുന്ന മനുഷ്യാവകാശ കമ്മീഷന്റെ ഓഫീസിന് ഒരു മാസം 3.27 ലക്ഷം രൂപയാണ് വാടക കൊടുക്കുന്നതെന്ന് മംഗളം പത്രം റിപ്പോർട്ട് ചെയ്യുന്നു. വനിതാ കമ്മീഷൻ ഓഫീസിന് പ്രതിമാസം ഒന്നര ലക്ഷം രൂപയാണ് വാടക നൽകുന്നത്. കുടപ്പനക്കുന്ന് സിവിൽ സ്റ്റേഷനിൽ ഇഷ്ടംപോലെ സ്ഥലം ഒഴിഞ്ഞു കിടക്കുമ്പോഴാണ് ഇത്രയധികം തുക വാടകയിനത്തിൽ ചെലവഴിക്കുന്നത്. യാതൊരുവിധ നിയന്ത്രണവും ഇക്കാര്യത്തിൽ ഇല്ല. പിടിപ്പുകേടിന്റെ പര്യായമാണ് ഇപ്പോൾ വന്നിരിക്കുന്ന ഈ വലിയ സാമ്പത്തിക പ്രതിസന്ധി. തീർച്ചയായും

അധിക നികുതി ഏർപ്പെടുത്താതെ ഗവൺമെന്റുതന്നെ ഈ പ്രതിസന്ധിക്ക് പരിഹാരം കാണണം. വോട്ട്ബാങ്ക് ലക്ഷ്യമാക്കി പുതിയ താലൂക്കുകൾ, കോളേജുകൾ, ഹയർ സെക്കണ്ടറി സ്കൂളുകൾ മുതലയാവ വാരിക്കോരി അനുവദിക്കുമ്പോഴാണ് വലിയ സാമ്പത്തിക പ്രതിസന്ധിയിലേക്ക് പോകുന്നത്. അത്യാവശ്യമുള്ളത് കൊടുക്കണം. അതോടൊപ്പംതന്നെ കേരളത്തിലെ റോഡുകളിലെ കുഴികളടയ്ക്കാൻ പണം കൊടുക്കണം. എല്ലാ റോഡുകളും സഞ്ചാരയോഗ്യമാക്കണമെന്ന് പറയുന്നില്ല. റോഡുകളിലെ കുഴികളടയ്ക്കാനുള്ള പണമെങ്കിലും കൊടുക്കണം. എം.എൽ.എ.-മാരുടെ A.D.F. വിനിയോഗിക്കാൻ കഴിയുന്നില്ല. കോൺട്രാക്ടർമാർക്ക് 2,800 കോടി രൂപ കുടിശ്ശികയുള്ളപ്പോൾ ആരാണ് വർക്ക് ഏറ്റെടുക്കുന്നത്? ഇത്തരത്തിൽ അടിയന്തര പ്രാധാന്യമുള്ള കാര്യത്തിലെങ്കിലും ശ്രദ്ധ പതിപ്പിക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണം എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഈ നിരാകരണ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: സർ, 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി)ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2014 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഇവിടെ പ്രതിപക്ഷത്തുനിന്നും എനിക്കുമുമ്പ് 14 പേരും എനിക്കുശേഷം ശ്രീ. പി. ശ്രീരാമകൃഷ്ണനും സംസാരിക്കാനുണ്ട്. അങ്ങനെ പ്രതിപക്ഷത്തുനിന്നും ആകെ 15 പേരുണ്ട്. ഇവിടെ ചർച്ച തുടങ്ങിവച്ച ശ്രീമതി പി. അയിഷാ പോറ്റിയും ശ്രീ. എം. ഹംസയും, മുൻ സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണനുമൊക്കെ അഴിമതിയെക്കുറിച്ച് സംസാരിച്ച കൂട്ടത്തിൽ അഴിമതി ആരോപണവിധേയനായ ധനകാര്യ വകുപ്പുമന്ത്രിക്ക് രാജിവച്ച് പൊയ്ക്കൂടെ എന്നും ചോദിക്കുകയുണ്ടായി. ഞാൻ അതിനെക്കുറിച്ച് എന്റെ പ്രസംഗത്തിന്റെ അവസാനം പറയാം.

ശ്രീ. രാജു എബ്രഹാം: സർ, ഇവിടെ പ്രസംഗിച്ച ആരും അങ്ങനെ പറഞ്ഞിട്ടില്ല.

ശ്രീ. കെ. ശിവദാസൻ നായർ: ശ്രീ. രാജു എബ്രഹാം, അപ്പോൾ അങ്ങനെ ഒരാവശ്യം നിങ്ങൾക്കില്ലല്ലോ; ഇതെല്ലാം കൂടി പറയരുത്. ഇവിടെ പ്രത്യക്ഷമായും പരോക്ഷമായും നിങ്ങളെല്ലാവരും സംസാരിച്ചതിന്റെ രത്നച്ചുരുക്കം നികുതി വർദ്ധനവ് ശരിയല്ല, അത് പിൻവലിക്കണം എന്നതാണ്. ഞങ്ങൾ നികുതി

വർദ്ധിപ്പിച്ചു, അതിൽ ന്യായമുണ്ടെന്നാണ് ഞങ്ങൾ കരുതുന്നത്. നിങ്ങൾ പറയുന്നു ഈ നികുതി വർദ്ധനവ് വേണ്ടായെന്ന്. 20 ലക്ഷം രൂപയ്ക്കുമുകളിൽ വിലയുള്ള കാറുകൾക്ക് ഞങ്ങൾ നികുതി കൂട്ടിയപ്പോൾ നിങ്ങൾക്ക് വേദനിക്കുന്നു, നികുതി കൂട്ടരുതെന്നാണ് നിങ്ങളുടെ അഭിപ്രായം. നിങ്ങളുടെ അഭിപ്രായത്തോട് ഞങ്ങൾക്ക് യോജിപ്പില്ല. ഞങ്ങൾ മദ്യത്തിനും സിഗരറ്റിനും നികുതി കൂട്ടിയത് തെറ്റാണ്, അത് വേണ്ടായെന്നാണ് നിങ്ങൾ പറയുന്നത്. നിങ്ങളുടെ ഈ അഭിപ്രായത്തോട് ഞങ്ങൾക്ക് യോജിപ്പില്ല, ഞങ്ങൾ മദ്യത്തിനും സിഗററ്റിനും നികുതി കൂട്ടി. പതിനയ്യായിരം ലിറ്റർ വരെ ഉപയോഗിക്കുന്ന വെള്ളത്തിന് നികുതി കൂട്ടിയില്ല. പതിനയ്യായിരത്തിലധികം ലിറ്റർ വെള്ളം ഉപയോഗിക്കുന്നവരിൽ നിന്നും അധിക നികുതി ഈടാക്കരുതെന്നാണ് നിങ്ങൾ പറയുന്നത്, ഞങ്ങൾക്ക് അതിനോട് യോജിപ്പില്ല. സ്വന്തം പൂന്തോട്ടം നനയ്ക്കാനും വീട്ടിൽ വളർത്തുന്ന പട്ടികളെ കുളിപ്പിക്കാനും ആഡംബരക്കാറുകൾ കഴുകാനും ഈ വെള്ളം ഉപയോഗിക്കുന്ന ആളുകൾ അധിക നികുതി കൊടുക്കണമെന്നാണ് ഞങ്ങളുടെ പക്ഷം. ഞങ്ങൾ രണ്ട് ഹെക്ടറിന് മുകളിലുള്ള തോട്ടത്തിന് ചെറിയൊരു നികുതി ചുമത്തി. ശ്രീമതി ഇ. എസ്. ബിജിമോൾ, കേരളത്തിൽ രണ്ട് ഹെക്ടറിന് മുകളിൽ ഭൂമിയുള്ളവർ സാധാരണക്കാരനാണോ; അതോ വലിയ മുതലാളിമാരാണോ; മുതലാളിമാർ ആണെങ്കിൽ അവർ അൽപം നികുതി കൊടുക്കണം. ഒന്നുമില്ലാത്ത പാവപ്പെട്ടവന്റെ മണ്ടയ്ക്ക് ഈ ഭാരം വയ്ക്കണമോ; പതിനയ്യായിരം ലിറ്ററിനുമുകളിൽ വെള്ളം ഉപയോഗിക്കുന്ന പാവപ്പെട്ടവന്റെ മുകളിൽ നികുതിഭാരം വയ്ക്കണമോ എന്നാണ് ശ്രീ. മുല്ലക്കര രത്നാകരൻ ചോദിക്കുന്നത്. രണ്ട് ഹെക്ടറിൽ കൂടുതൽ ഭൂമിയുള്ള പാവപ്പെട്ടവന്റെ മേൽ നികുതി ചുമത്തണമോയെന്നും; 20 ലക്ഷം രൂപയ്ക്കുമുകളിലുള്ള ആഡംബരക്കാർ വാങ്ങുന്നവൻ പാവപ്പെട്ടവനാണ്, അവന്റെമേൽ നികുതി വർദ്ധിപ്പിക്കണമോ എന്നുമാണ് ശ്രീ. മുല്ലക്കര രത്നാകരൻ ചോദിക്കുന്നത്. വേണമെന്നാണ് ഞങ്ങളുടെ പക്ഷം. വേണ്ട എന്നാണ് നിങ്ങളുടെ അഭിപ്രായമെങ്കിൽ അത് പറഞ്ഞോളൂ, ഞങ്ങൾക്ക് അതിൽ പരാതിയില്ല. എന്തുകൊണ്ട് ഈ നികുതി വർദ്ധനവ് വേണ്ടിവന്നു എന്നുള്ളതിനെക്കുറിച്ച് ആലോചിക്കണം. നിങ്ങൾ പറയുന്നു കെടുകാര്യസ്ഥതയാണെന്ന്. അങ്ങനെയാണോ; നിങ്ങൾ കോറസ് പാടിയതുകൊണ്ട് അങ്ങനെയാകണമെന്നില്ലല്ലോ;

ഞങ്ങൾ പറയുന്ന കാര്യങ്ങൾ ജനങ്ങൾക്ക് ബോദ്ധ്യമാകുന്നുവെങ്കിൽ ഞങ്ങൾ

പറയുന്നതല്ലേ ശരി? ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരമൊഴിയുമ്പോൾ പ്ലസ് ടു സ്കൂളുകൾ അനുവദിക്കുകയും അദ്ധ്യാപകരെ നിയമിക്കുകയും ചെയ്തു. അദ്ധ്യാപകരെ നിയമിച്ചതല്ലാതെ അവരുടെ പോസ്റ്റ് സാങ്ഷൻ ചെയ്യുകയോ അവർക്ക് ശമ്പളം കൊടുക്കുകയോ ചെയ്തില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിങ്ങൾ അനുവദിച്ച പ്ലസ് ടു സ്കൂളുകളിൽ നിങ്ങൾ നിയമിച്ച അദ്ധ്യാപകരുടെ പോസ്റ്റ് സാങ്ഷൻ ചെയ്യുകയും അവർക്ക് ശമ്പളം കൊടുക്കുകയും ചെയ്തു. ഞങ്ങളുടെ കെടുകാര്യസ്ഥത അവിടെയാണ്. എല്ലായിടത്തും പ്ലസ് ടു സ്കൂളുകൾ അനുവദിച്ച് ഒരു രൂപ പോലും ശമ്പളം കൊടുക്കാതെ അദ്ധ്യാപകരെ നിയമിച്ച നിങ്ങൾ കെടുകാര്യസ്ഥത കാണിച്ചില്ല എന്നാണ് നിങ്ങളുടെ അഭിപ്രായം. അവർക്ക് ശമ്പളം കൊടുക്കുകയും അവരുടെ പോസ്റ്റ് സാങ്ഷൻ ചെയ്യുകയും ചെയ്തതാണ് കെടുകാര്യസ്ഥതയെങ്കിൽ ആ കെടുകാര്യസ്ഥത ഞങ്ങൾ സഹിക്കുന്നു, ഞങ്ങൾ അത് ചെയ്തതാണ്. 12 ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ ഞങ്ങൾ ആരംഭിച്ചു. ഞങ്ങൾ ആരംഭിച്ചത് സ്വാശ്രയ മെഡിക്കൽ കോളേജുകളല്ല. ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ കൂടുതൽ സീറ്റുകൾ അനുവദിച്ച് പാവപ്പെട്ടവന്റെ മക്കൾക്ക് പഠിക്കാൻ അവസരം കൊടുത്ത് ഞങ്ങൾ കൂടുതൽ ചെലവുണ്ടാക്കുന്നു. അത് കെടുകാര്യസ്ഥതയാണോ? ഞങ്ങൾ ഗവൺമെന്റ് കോളേജുകൾ അനുവദിച്ചു. എന്റെ നിയോജക മണ്ഡലത്തിലും ഒരു ഗവൺമെന്റ് കോളേജ് വന്നു. അഡ്മിഷനുവേണ്ടി സ്വകാര്യ കോളേജുകളിൽ അമ്പതിനായിരവും ലക്ഷങ്ങളും കോഴ കൊടുക്കേണ്ടി വരുമ്പോൾ ഒരു രൂപ പോലും കൈക്കൂലി കൊടുക്കാതെ സാധാരണക്കാരന്റെ മക്കൾക്ക് അഡ്മിഷൻ കിട്ടുന്ന ഗവൺമെന്റ് കോളേജ് ഈ സർക്കാർ അനുവദിച്ചു. ഗവൺമെന്റിന് അധികചെലവുണ്ടായി. ഞങ്ങൾ കെടുകാര്യസ്ഥതയാണ് കാണിക്കുന്നതെന്ന് നിങ്ങൾ പറയുന്നു. ശരിയാണ്, ഞങ്ങൾ കെടുകാര്യസ്ഥതയാണ് കാണിക്കുന്നത്. 12 താലൂക്കുകൾ അനുവദിച്ചപ്പോൾ കൂടുതൽ ചെലവുണ്ടാകുമെന്ന് നമുക്കറിയാം, കൂടുതൽ ചെലവുണ്ടായി. ആ ചെലവ് ഞങ്ങൾ വഹിക്കുന്നു. അതാണ് കെടുകാര്യസ്ഥതയെങ്കിൽ ആ കെടുകാര്യസ്ഥത ഞങ്ങൾ അറിഞ്ഞുകൊണ്ട് ചെയ്തതാണോ? ഒരു രൂപയ്ക്ക് ഒരു കിലോ അരി എന്ന നിലയിൽ ഈ ഗവൺമെന്റിന്റെ ആദ്യത്തെ വർഷം മുതൽ കൊടുക്കുന്നു. ഇപ്പോഴും കൊടുക്കുന്നു. ഞങ്ങൾ കെടുകാര്യസ്ഥതയാണ് നടത്തുന്നതെങ്കിൽ ആ കെടുകാര്യസ്ഥത സാധാരണക്കാരനുവേണ്ടി നാളെയും ഞങ്ങൾ നടത്തും. ആസിയൻ കരാറുള്ളതു കൊണ്ടാണോ ഇന്ന് കുരുമുളകിന് വിലകൂടിയതും റബ്ബറിന് വിലയിടിഞ്ഞതും, റബ്ബറിന്റെ വില 240 രൂപയിലേക്ക് കുപ്പുകുത്തിയത് ആസിയൻ കരാറുള്ളതു

കൊണ്ടാണോ? അപ്പോൾ തരംപോലെ ഓരോന്ന് പറഞ്ഞുകൊണ്ട് നമ്മൾ മുമ്പോട്ട് പോകരുത്. പക്ഷേ, കേരളത്തിന്റെ സമ്പദ്ഘടന പ്രധാനമായും നിൽക്കുന്നത് റബ്ബറിന്റെ വിലയിൽ മാത്രമാണെന്ന കാര്യത്തിൽ ആർക്കെങ്കിലും തർക്കമുണ്ടോ? റബ്ബറിന് വിലയിടിവ് വന്നാൽ ഇവിടെ പർച്ചേസിങ് പവർ കുറയും, ഇവിടെ കാറുകൾ വാങ്ങുന്നത്, വസ്ത്ര കച്ചവടം, ടെക്സ്റ്റൈൽ വ്യാപാരം, സ്വർണ്ണവ്യാപാരം എന്നിവ കുറയും. ടാക്സ് ഇനത്തിൽ എല്ലാ രംഗത്തും കുറവു വരും. റബറിന്റെ വിലയിടിവ് നേരത്തെ മുൻകൂട്ടി കണ്ടുകൊണ്ട് ബഡ്ജറ്റ് അവതരിപ്പിക്കാൻ സാധിക്കുമോ; അങ്ങനെ കഴിയില്ലല്ലോ നമുക്ക് വരുമാനത്തിൽ കുറവ് വന്നു.

ശ്രീ. ഇ. പി. ജയരാജൻ : റബ്ബറിന്റെ വിലയിടിയാൻ എന്താണ് കാരണം?

ശ്രീ. കെ. ശിവദാസൻ നായർ: സർ, റബ്ബറിന്റെ വിലയിടിവിനെക്കുറിച്ച് നമുക്ക് പ്രത്യേകം ചർച്ച ചെയ്യാം. ഇവിടെ റബ്ബറിന്റെ ചർച്ചയല്ലല്ലോ; മൊത്തത്തിലുള്ള കാര്യത്തെക്കുറിച്ചല്ലേ ചർച്ച നടക്കുന്നത്?

ശ്രീ. എ. കെ. ബാലൻ : താങ്കൾ മത്സ്യത്തെക്കുറിച്ച് പറഞ്ഞല്ലോ?

ശ്രീ. കെ. ശിവദാസൻ നായർ : സർ, മത്സ്യത്തെ കുറിച്ചൊന്നും ഞാൻ ചർച്ച ചെയ്തില്ല. ശ്രീ. എ. കെ. ബാലൻ, അങ്ങനെ എന്നെ ഡിസ്ട്രാക്റ്റ് ചെയ്യരുത്. റബ്ബറിന്റെ വില എന്തുകൊണ്ട് കുറഞ്ഞുവെന്ന് റബ്ബറിനെ സംബന്ധിച്ചൊരു ഡിസ്കഷൻ വരട്ടെ അപ്പോൾ പറയാം. ഇവിടെ റബ്ബറിന്റെ വില കുറഞ്ഞാൽ നമ്മുടെ സമ്പദ്ഘടനയെ അത് ബാധിക്കുകയും വരുമാനം കുറയുകയും ചെയ്യും. ഏത് രംഗത്തും അത് പ്രശ്നങ്ങളുണ്ടാക്കും. അതാണ് പ്രശ്നം. നമുക്ക് വരുമാനത്തിൽ കുറവ് വന്നുവെന്നും കടം വർദ്ധിച്ചുവെന്നും ഇവിടെ സംസാരിച്ചപ്പോൾ പലരും പറഞ്ഞു. തീർച്ചയായും കടം വർദ്ധിച്ചിട്ടുണ്ട്. 2005-ൽ 41,792 കോടി രൂപയുടെ കടമായിരുന്നു. 2010 ആയപ്പോഴേക്കും 67,354 കോടി രൂപയായി. അഞ്ചു വർഷംകൊണ്ട് എകദേശം 26,000 കോടി രൂപ കടം വർദ്ധിച്ചു. അന്ന് ഇത്രയും കടം വർദ്ധിച്ചത് ഡോ. ടി. എം. തോമസ് ഐസകിന്റെ ധനകാര്യ മാനേജ്മെന്റിന്റെ മിടുക്ക് കൊണ്ടാണോ? ഇന്ന് കടം വർദ്ധിച്ചപ്പോൾ അത് ശ്രീ. കെ. എം. മാണിയുടെ ധനകാര്യ മാനേജ്മെന്റിന്റെ കെടുകാര്യസ്ഥത കൊണ്ടാണോ, അന്ന് കടം അത്രയും വർദ്ധിച്ചത് പോരേ?

ശ്രീ. എ. കെ. ബാലൻ: കടം ഇന്ന് എത്രയാണ് വർദ്ധിച്ചത്?

<u>ശ്രീ. കെ. ശിവദാസൻ നായർ:</u> ഇന്ന് എത്ര വർദ്ധിച്ചുവെന്നുള്ളത് നിങ്ങൾ ഓരോരുത്തരും പറഞ്ഞല്ലോ, മതിയായില്ലേ; ഇനി ഒരാൾകൂടി പറയാനുണ്ടല്ലോ പറയട്ടെ. ഞാൻ തന്നെ പറയണമെന്നില്ലല്ലോ. 14 പേർ പറഞ്ഞില്ലേ. പതിനഞ്ചാമനും പറയാനുണ്ടല്ലോ അദ്ദേഹം പറയട്ടെ. കണക്ക് കൂട്ടി തന്നെ പറഞ്ഞാൽ മതി. അതുകൊണ്ട് ഞാൻ അതേക്കുറിച്ച് പറയുന്നില്ല. വിജിലൻസ് അന്വേഷണത്തിന്റെ ക്വിക് വെരിഫിക്കേഷൻ റിപ്പോർട്ട് വന്നുവെന്ന് ഇവിടെ പറഞ്ഞു. ക്വിക് വെരിഫിക്കേഷൻ റിപ്പോർട്ടിന് 6 മാസം എന്തിനെടുക്കുന്നു എന്നുള്ളതാണ് ചോദ്യം. എന്റെ കൈയിലിരിക്കുന്നത് 12-9-2014-ൽ വിജിലൻസ് സമർപ്പിച്ച ക്വിക് വെരിഫിക്കേഷൻ റിപ്പോർട്ടാണ്. 2-8-2013-ൽ വിജിലൻസിന് കത്തുകിട്ടി ഒരു വർഷവും ഒരു മാസവുമെടുത്താണ് ഈ ക്വിക് വെരിഫിക്കേഷൻ റിപ്പോർട്ട് നൽകിയത്. ശ്രീ. ആർ. ബാലകൃഷ്ണപിള്ള അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. വി. എസ്. അച്യുതാനന്ദനെതിരെ ഒരു ആരോപണം ഉന്നയിച്ചതിനെക്കുറിച്ചാണ് ആ ക്വിക് വെരിഫിക്കേഷൻ റിപ്പോർട്ട് നൽകിയത്. ആ ആരോപണം എന്താണെന്ന് ഞാൻ പറയുന്നില്ല, എനിക്കത് പറയേണ്ട കാര്യവുമില്ല. പക്ഷേ ഈ ക്വിക് വെരിഫിക്കേഷൻ റിപ്പോർട്ട് അന്ന് ഒരു വർഷവും ഒരു മാസവുമെടുത്തുകഴിഞ്ഞാണ് കൊടുത്തത്. അതിനുമുമ്പ് ആരോപണ വിധേയനായ മുഖ്യമന്ത്രി രാജിവയ്ക്കണമെന്ന് ഞങ്ങളാരും പറഞ്ഞില്ലല്ലോ, നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയായിരുന്നു, നിങ്ങളതിനുവേണ്ടി സമരം ചെയ്തില്ലേ; നിങ്ങൾ കളക്ടറേറ്റ് പടിക്കൽ സമരം ചെയ്തില്ലേ, നിങ്ങൾ ഇവിടെ ബഹളമുണ്ടാക്കിയില്ലേ ഈ ക്വിക് വെരിഫിക്കേഷൻ റിപ്പോർട്ട് വരുന്നതിനു മുമ്പുതന്നെ ആരോപണ വിധേയനായ ആൾ രാജിവയ്ക്കണമെന്ന് നിങ്ങൾ പറഞ്ഞില്ലേ? പക്ഷേ ഞങ്ങൾ പറഞ്ഞില്ലല്ലോ, എന്തിന് 6 മാസമെടുക്കുന്നു ഉടനെ റിപ്പോർട്ട് കൊടുത്തുകൂടേയെന്ന് നിങ്ങൾ ചോദിച്ചല്ലോ, എന്നാൽ ഒരു വർഷവും ഒരു മാസത്തിനും ശേഷം ഒരു ക്വിക് വെരിഫിക്കേഷൻ റിപ്പോർട്ട് ഒരു മുഖ്യമന്ത്രിക്കെതിരെ ഈ കേരളത്തിൽത്തന്നെ സമർപ്പിച്ചതിന് കുഴപ്പമില്ല. ഇവിടെ നേരത്തെ 418 ബാറുകളും ഇപ്പോൾ 312 ബാറുകളും ഞങ്ങൾ പൂട്ടി, എന്നിട്ടും ഞങ്ങൾ കൈക്കൂലിക്കാരും അഴിമതിക്കാരുമാണെന്നാണ് പറയുന്നത്. ഞങ്ങളുടെ അഴിമതിക്ക് താരിഫ് ഏർപ്പെടുത്തിക്കഴിഞ്ഞാൽ ഖജനാവ് നിറഞ്ഞൊഴുകുമെന്നാണ് ശ്രീ. ജെയിംസ് മാത്യു പറയുന്നത്. 418 ബാറുകൾ പൂട്ടിയ ഞങ്ങൾ കൈക്കൂലിക്കാർ, പൂരപ്പറമ്പിലെ പോക്കറ്റടിക്കാരനെപ്പോലെ മാന്യനെ നോക്കി പോക്കറ്റടിക്കാരൻ എന്നു വിളിച്ചുകൂവി ആളുകളെ വിളിച്ചുകൂട്ടി ബഹളമുണ്ടാക്കി പോക്കറ്റടിക്കുന്ന ആളുകളെപ്പോലെ ഞങ്ങളെ നോക്കി നിങ്ങൾ

അഴിമതിക്കാരൻ എന്നു പറയരുത്. 418 ബാറുകളുടെയും ലൈസൻസ് സ്ഥിരമായി നിങ്ങൾക്ക് നൽകുന്നുവെന്ന് തീറെഴുതി കൊടുത്ത നിങ്ങൾ പുണ്യാളന്മാർ, ഞങ്ങൾ അഴിമതിക്കാർ. ഈ 312 ബാറുകൾക്കും അനുമതി നൽകിയ നിങ്ങൾ പുണ്യാളന്മാർ. ഞങ്ങൾ ഈ ബാറുകൾ പൂട്ടിയ ആളുകളാണ്. ബിവറേജസ് കോർപ്പറേഷനിലെ 10 ശതമാനം ഔട്ട്ലെറ്റുകൾ പൂട്ടിയ ആളുകളാണ്. ഞങ്ങളാണ് അഴിമതി നടത്തിയത് അല്ലേ? ഞങ്ങളിത് പൂട്ടി. ഞങ്ങളവരുടെ കഞ്ഞിയിൽ പാറ്റയിട്ടു. ഞങ്ങൾ അവരുടെ വരുമാന സ്രോതസുകളും അടച്ചു. ഞങ്ങൾ കോടതിയിൽ അവർക്കെതിരെ പോരാടുന്നു എന്നിട്ടും ഞങ്ങൾ അഴിമതിക്കാരും നിങ്ങൾ യോഗ്യന്മാരും. നിങ്ങൾ ഒരു ബാറെങ്കിലും പൂട്ടിയോ; ഒരു ബാറുകാരനെയെങ്കിലും ദ്രോഹിച്ചോ, ഞങ്ങൾ എല്ലാ ബാറുകരേയും ദ്രോഹിച്ചു, എല്ലാ ബാറുകാരും ഞങ്ങളുടെ ശത്രുക്കളായി. ആ ബാറുകാരൻ വിളിച്ചുപറയുന്നത് കേട്ടുകൊണ്ട് നിങ്ങൾ നടക്കുകയാണ്. നിങ്ങൾ പറയുന്നു ഞങ്ങൾ കൈക്കൂലിക്കാരാണെന്ന്, ബാറുകാരൻ പറയുന്നു ഞങ്ങൾ കൈക്കൂലിക്കാരാണെന്ന്, എന്നാൽപ്പിന്നെ ഞങ്ങൾക്ക് ഇപ്പോൾ പ്രവർത്തിക്കുന്ന 312 ബാറുകൾ പൂട്ടാതെ അവരുടെ കൈയിൽനിന്ന് പണം വാങ്ങിയാൽ പോരേ; ഞങ്ങളത് ചെയതില്ലല്ലോ?

<u>ശ്രീ. എ. കെ. ബാലൻ:</u> സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ നിങ്ങൾ പറഞ്ഞത് മദ്യവർജ്ജനമാണ്. അത് ശരിയാണ്. പിന്നെ എന്തിനാണ് 80 ബാറുകൾക്ക് നിങ്ങൾ ലൈസൻസ് കൊടുത്തത്, 418 എണ്ണത്തിൽ ഫോർ സ്റ്റാർ ക്ലാസിഫിക്കേഷനുള്ള ബാറുകൾക്ക് ലൈസൻസ് പുതുക്കി നൽകാതിരുന്നതിന് എന്തായിരുന്നു കാരണം?

<u>ശ്രീ. കെ. ശിവദാസൻ നായർ:</u> സർ, ഞങ്ങൾ ഫോർ സ്റ്റാറെന്നോ ഫൈവ് സ്റ്റാറെന്നോ നോക്കാതെ നേരത്തെ 418 ബാറുകളും ഇപ്പോൾ 312 ബാറുകളും പൂട്ടി. ഞങ്ങൾ ആർക്കും ലൈസൻസ് നൽകുന്നില്ല. നിങ്ങളിപ്പോഴും പഴയ സ്ഥലത്തു തന്നെ നിൽക്കുകയാണ്. നിങ്ങളെന്തിന് 80 ബാറുകൾക്ക് ലൈസൻസ് കൊടുത്തുവെന്നാണ് ചോദിക്കുന്നത്. ഞങ്ങൾ എല്ലാ ബാറുകളും പൂട്ടി എന്നിട്ടും നിങ്ങൾ പറയുന്നത് ഞങ്ങൾ കൈക്കൂലിക്കാരാണെന്നാണ്. നിങ്ങൾ ലൈസൻസ് കൊടുക്കുകയും എല്ലാപേർക്കും വേണ്ട ഒത്താശ ചെയ്തുകൊടുക്കുകയും ചെയ്തിട്ടും നിങ്ങൾ ഞങ്ങളെ നോക്കി കോഴ എന്ന് പറയുകയാണ്. നാണമില്ലല്ലോ നിങ്ങൾക്ക്

പറയാൻ; നാണമുണ്ടോ നിങ്ങൾക്ക് പറയാൻ? ഞങ്ങൾ ഈ ബാറുകാരെ സഹായിച്ച ആളുകളല്ല. ഞങ്ങൾ ഈ ബാറുകാരെ ദ്രോഹിച്ച ആളുകളാണ്, അതിൽ ഞങ്ങൾ അഭിമാനം കൊള്ളുന്നു. ഈ ബാറുകാരുടെ കച്ചവടം പൂട്ടിച്ചവരാണ് ഞങ്ങൾ. ഞങ്ങളതിന് അഭിമാനം കൊള്ളുന്നു. ഞങ്ങൾ ബാറുകാർക്കുവേണ്ടി വാദിക്കുന്ന ആളുകളല്ല. നിങ്ങൾ ഇൻഡയറക്ടായി ബാറുകാർക്കുവേണ്ടി തൊഴിലാളികളുടെ പേരിൽ വാദിക്കുകയാണ്. എന്നിട്ട് നിങ്ങൾ പറയുന്നു ഞങ്ങൾ അഴിമതിക്കാരാണെന്ന്. ഇത് എന്തർത്ഥമാണ്?

ശ്രീ. സി. കെ. നാണു : സർ, പോയിന്റ് ഓഫ് ഓർഡർ. ഞങ്ങൾ ബാറുകാർക്കുവേണ്ടിയാണ് നിൽക്കുന്നതെന്ന് പറഞ്ഞു. കഴിഞ്ഞ മൂന്നര വർഷം ഈ പറയുന്ന ബാറുകളൊക്കെ നിലനിർത്തിയവർ ഞങ്ങളല്ലല്ലോ, മൂന്നര കൊല്ലം നിലനിർത്തി ഇപ്പോൾ അടുത്ത് കുറെ നടപടി സ്വീകരിച്ചതിനുശേഷം ഞങ്ങളെ ആക്ഷേപിക്കുന്നതെന്തിനാണ്?

ശ്രീ. കെ. ശിവദാസൻ നായർ: സർ, അതിനകത്ത് ഒരു പോയിന്റ് ഓഫ് ഓർഡറും ഇല്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : അത് ഉന്നയിച്ച അംഗത്തിനുമറിയാം.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ചില സത്യങ്ങൾ തുറന്നുപറയുമ്പോൾ ശ്രീ. എ. കെ. ബാലനും എല്ലാപേർക്കും ബുദ്ധിമുട്ടുണ്ട്. ഞാൻ ഈ ചർച്ച അവസാനിപ്പിക്കാം. ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞതുകൊണ്ട് ഞാൻ ചർച്ച അവസാനിപ്പിക്കാം. അങ്ങയെപ്പോലെയുള്ള ഒരാൾ അവസാനിപ്പിക്കാൻ പറയാൻ പാടില്ല. ശ്രീ. കെ. രാധാകൃഷ്ണൻ സംസാരിച്ചപ്പോൾ എത്ര മിനിട്ടെടുത്തു. നിങ്ങൾക്കെന്താണ് ബുദ്ധിമുട്ട്? എന്തായാലും ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. എന്റെ ഭേദഗതി മൂവ് ചെയ്യുന്നു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാന്യനായ അംഗം ശ്രീ. കെ. ശിവദാസൻ നായർ ഇവിടെ അദ്ദേഹത്തിന്റെ വാദഗതികൾ അവതരിപ്പിക്കുകയുണ്ടായി. അദ്ദേഹം ഇങ്ങനെ ക്ഷുഭിതനാകുന്നത് കണ്ടപ്പോൾ ആരോടാണ് അദ്ദേഹം ക്ഷുഭിതനാകുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അദ്ദേഹം താരതമ്യേന മെച്ചപ്പെട്ട ഒരഭിഭാഷകനാ

ണെങ്കിലും ഇന്ന് അദ്ദേഹം നടത്തിയ ഈ വാദഗതികൾ ആർക്കുവേണ്ടിയാണെന്ന് വ്യക്തമായിട്ടില്ല. പണ്ടൊരു അഭിഭാഷകൻ വല്ലാതെ വാദിച്ചുകഴിഞ്ഞപ്പോൾ ജഡ്ജി ചോദിച്ചു, അങ്ങ് ആർക്കുവേണ്ടിയാണ് വാദിക്കുന്നതെന്ന്. അങ്ങയുടെ വാദഗതികൾ ആർക്കുവേണ്ടിയാണെന്ന് ജഡ്ജി തിരിച്ചു ചോദിക്കുന്നതുപോലെ യുക്തിരഹിതമായ വാദഗതികളാണ് ശ്രീ. കെ. ശിവദാസൻ നായർ ഇവിടെ ഉന്നയിച്ചത്. ഈ നികുതി വർദ്ധനവിന് കാരണമായ മൂന്നു കാരണങ്ങളെക്കുറിച്ച് അദ്ദേഹം ഇവിടെ വിശദീകരിച്ചു. അതിൽ ഒന്നാമത് അദ്ദേഹം പറഞ്ഞത്, ആഗോള സാമ്പത്തിക മാന്ദ്യമുണ്ട് എന്നാണ്. ആഗോള സാമ്പത്തിക മാന്ദ്യത്തിന് global recession എന്ന വാക്കാണ് അദ്ദേഹം ഉപയോഗിച്ചത്. ആഗോള സാമ്പത്തിക മാന്ദ്യംകൊണ്ടാണ് കേരളത്തിന്റെ ഖജനാവ് ഇങ്ങനെ മുച്ചൂടും മുടിച്ച് കുട്ടിച്ചോറാക്കിയതെന്ന നവ സാമ്പത്തിക സിദ്ധാന്തം ഇറക്കിയ ശ്രീ. കെ. ശിവദാസൻ നായർക്ക് ആധുനിക സാമ്പത്തിക ശാസ്ത്രത്തിനുള്ളൊരു പുതിയ അവാർഡ് ഏർപ്പെടുത്തണമെന്നാണ് എന്റെ അഭിപ്രായം. രണ്ടാമത് പറഞ്ഞത്, റബ്ബറിന്റെ വില ഇടിഞ്ഞത് ഖജനാവിനെ ബാധിച്ചുവെന്നാണ്. അദ്ദേഹത്തിനോടു ചോദിച്ചു, ആരാണ് റബ്ബറിന്റെ വില ഇടിച്ചതെന്ന്. അതിന് അദ്ദേഹത്തിന് മറുപടി ഇല്ല. റബ്ബറിന്റെ ഇറക്കുമതി ചുങ്കം വെട്ടിച്ചുരുക്കി പൂജ്യത്തിലേക്ക് എത്തിച്ച് ആഗോള വിപണിയുമായി മത്സരിക്കാൻ കഴിയാത്ത തരത്തിൽ കേരളത്തിലെ റബ്ബർ കർഷകരെ പടുകുഴിയിലേക്ക് തള്ളിയത് ശ്രീ. കെ. ശിവദാസൻ നായരുടെ പാർട്ടിയുടെ ദേശീയ നേതൃത്വം രാജ്യം ഭരിക്കുമ്പോഴാണെന്നുള്ളത് അദ്ദേഹം മറന്നുപോയി. പിന്നീട് അദ്ദേഹം പറഞ്ഞത് പക്ഷിപ്പനികൊണ്ട് താറാവുകളെല്ലാം ചത്തൊടുങ്ങിയിരിക്കുകയാണ്, ഇങ്ങനെ ചത്തൊടുങ്ങിയ താറാവുകൾക്കെല്ലാം 200 രൂപ വീതം വിതരണം ചെയ്യുതുകൊണ്ട് ഞങ്ങൾ വല്ലാത്ത പ്രതിസന്ധിയിൽ പ്പെട്ടിരിക്കുകയാണെന്നാണ്. പക്ഷിപ്പനി വരുമെന്ന് കരുതിയിട്ട് മുൻകൂട്ടി 2,500 കോടി രൂപയുടെ നികുതി വരുമാനം സമാഹരിക്കാൻ തീരുമാനിച്ച ഗവണ്മെന്റിന്റെ പ്രതിനിധിയാണദ്ദേഹം. എന്തെല്ലാം അത്ഭുതകരമായ വാദഗതികളാണ് ഇവിടെ ഉന്നയിക്കുന്നത്. ഞങ്ങൾ മദ്യത്തിന് വില കൂട്ടി, സിഗററ്റിന് വിലകൂട്ടി, ഭൂനികുതി വർദ്ധിപ്പിച്ചു, രണ്ട് ഹെക്ടറിന് മുകളിലുള്ളവർക്ക് നികുതി വർദ്ധിപ്പിച്ചു. ഇതിനൊക്കെ നിങ്ങൾ എതിരാണോയെന്ന് അദ്ദേഹം ഇവിടെ ചോദിച്ചു. ഇവിടെ സാമാന്യമായ ഒരു മര്യാദയുണ്ടല്ലോ. ഇതൊക്കെ അദ്ദേഹം ചോദിക്കുന്നത് കേട്ടാൽ തോന്നും മര്യാദയുടെ ലംഘനമാണല്ലോ ഇവിടെ നടക്കുന്നതെന്ന്. ഐക്യ കേരള രൂപീകരണത്തിനുശേഷം ഇന്നേവരെ രണ്ട് ബഡ്ജറ്റുകൾക്കിടയിൽ ഇത്ര വലിയ

നികുതി ഭാരം ജനങ്ങളിൽ അടിച്ചേൽപ്പിച്ച പ്രത്യേകമായ ഒരു ബില്ലോ ഓർഡിനൻസോ കൊണ്ടുവന്നിട്ടുണ്ടോ? ഭരണഘടനയുടെ അനുച്ഛേദം 202 പ്രകാരം ബഡ്ജറ്റ് എന്താണെന്ന് അദ്ദേഹത്തിന് അറിയില്ലേ? അദ്ദേഹം വലിയൊരു അഭിഭാഷകനാണല്ലോ. ബഡ്ജറ്റ് എന്നുപറയുന്നത് ഒരു ഗവൺമെന്റിന്റെ സാമ്പത്തിക നയപ്രഖ്യാപനമാണ്. അതിൽ ഈ ഗവൺമെന്റിന്റെ സാമ്പത്തിക ആസൂത്രണമുണ്ടായിരിക്കണം. എങ്ങനെയാണ് സാമ്പത്തിക വിനിയോഗ മെന്നതിനെ സംബന്ധിച്ച ഒരു കാഴ്ചപ്പാട് മുന്നോട്ടുവയ്ക്കണം. ഗവൺമെന്റിന്റെ ധനകാര്യ മാനേജ്മെന്റിന്റെ ഒരു പ്രഖ്യാപനമായിരിക്കണം ബഡ്ജറ്റ്. അതൊരു ദിവസം രാവിലെ എഴുതി തയ്യാറാക്കുന്നതല്ല. അതിനൊരു ബഡ്ജറ്റ് മാനുവലുണ്ട്. വിവിധ വകുപ്പുകൾ കൂടിയാലോചിച്ച് തയ്യാറാക്കിയ ബഡ്ജറ്റ് മാനുവലിന്റെ അടിസ്ഥാനത്തിലുള്ള എസ്റ്റിമേറ്റ് വകുപ്പുകളിൽ നിന്ന് സമാഹരിച്ചിട്ടാണ് തയ്യാറാക്കുന്നത്. അതൊക്കെ തയ്യാറാക്കി മാസങ്ങളോളം നീണ്ടുനിൽക്കുന്ന പ്രോസ്സസിനു ശേഷമാണ് ധനകാര്യ വകുപ്പുമന്ത്രി ഒരു പെട്ടിയുമായി വരുന്നത്. അദ്ദേഹം കോവളത്തൊക്കെ പോയിരുന്നിട്ടാണ് ഈ പ്രോസ്സസൊക്കെ നടത്തിയത്. ആ പെട്ടി കൊണ്ടുവരുമ്പോൾ മാധ്യമപ്രവർത്തകർ അതിനകത്ത് എന്താണുള്ളതെന്നറിയാൻ വേണ്ടിയും ഫോട്ടോ എടുക്കാനും ചുറ്റും കൂടും. അതൊരു ആകർഷകമായ വാർത്തയാണ്. ആ പെട്ടി വിദൂഷകന്റെ വിഡ്ഢിപ്പെട്ടിപോലെയാക്കി തീർത്ത ധനകാര്യ വകുപ്പുമന്ത്രിക്ക് അഭിമാനിക്കാം. ഞാൻ അദ്ദേഹത്തെ ആക്ഷേപിക്കുകയല്ല. ഒരു ഗവൺമെന്റ് എത്രമാത്രം ധനകാര്യ മാനേജ്മെന്റിനെ തകർത്തു തരിപ്പണമാക്കിയെന്നുള്ളതിന്റെ ഉദാഹരണമാണ്. അതിനുശേഷം എന്തെല്ലാം പ്രോസ്സസുകൾ ഇതുവഴി കടന്നുപോയി. അന്നൊക്കെ നിങ്ങൾക്ക് എന്തായിരുന്നു തടസ്സം. അദ്ദേഹം ആവേശത്തോടുകൂടി ശബ്ദമുയർത്തി ചോദിച്ചുവല്ലോ ഞങ്ങൾ മദ്യത്തിന് ചാർജ് കൂട്ടി, ആഡംബര നികുതി കൂട്ടി എന്നൊക്കെ. എന്തായിരുന്നു ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ നിങ്ങൾക്ക് ഇതിനൊക്കെ തടസ്സം; ഞങ്ങളാരെങ്കിലും വല്ല തടസ്സവും പറഞ്ഞിരുന്നോ? എന്തുകൊണ്ട് നിങ്ങൾക്കങ്ങനെ ആസൂത്രണം ചെയ്യാൻ സാധിച്ചില്ല. ഇവിടെ എ.എസ്. കിട്ടിയതും കിട്ടാത്തതുമായ Vol. I, Vol. II അച്ചടിച്ച് വിതരണം ചെയ്യുന്നു. പൊതു ബഡ്ജറ്റ് പാസ്സാക്കാൻ വേണ്ടി ഭരണപക്ഷവും പ്രതിപക്ഷവും വിശദമായ ചർച്ച നടത്തുന്നു. വകുപ്പുതിരിച്ച് ഓരോ ദിവസവും വ്യത്യസ്തമായ ചർച്ച നടത്തുന്നു. ആ വകുപ്പുതിരിച്ചുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ അതത് വകുപ്പുകളിൽ നടത്തേണ്ട അധിക ചെലവിനെക്കുറിച്ച് പരാതികൾ കേൾക്കുന്നു, അത് പരിഹരിച്ച് തീരുമാനത്തിലെത്തുന്നു, മന്ത്രിമാർ മറുപടി പറയുന്നു, മന്ത്രിമാർ മറുപടി പറയുമ്പോൾ എഴുന്നേറ്റുനിന്ന് ആവശ്യങ്ങൾ

ഉന്നയിക്കുന്നവർക്ക് ഉത്തരം കൊടുക്കുന്നു. അതിനുശേഷം മാണി സാറിന്റെ പ്രഖ്യാപനങ്ങൾ നടക്കുന്നു. മാണി സാറിന്റെ കയ്യിലേക്ക് ഉണ്ടുകടലാസ്സുകൾ പറക്കുന്നു. പറക്കുന്ന ഉണ്ടുകടലാസ്സുകൾ അദ്ദേഹം ചാടിപ്പിടിച്ച് താലൂക്കുകൾ പ്രഖ്യാപിക്കുന്നു, മെഡിക്കൽ കോളേജുകൾ പ്രഖ്യാപിക്കുന്നു. ഇങ്ങനെ ഒരു മാന്ത്രികനെപ്പോലെ ഉണ്ടുകടലാസ്സുകൾ വാങ്ങി വച്ച് താലൂക്കുകൾ പ്രഖ്യാപിച്ച ഒരു മന്ത്രിയാണ് അദ്ദേഹം. എന്തെല്ലാം കണ്ടു. അതെല്ലാം കേട്ടിട്ട് ശ്രീ. പി. കെ. ബഷീറിനെപ്പോലെയുള്ള ആൾക്കാർ പറഞ്ഞു, 'സന്തോഷം കൊണ്ടെനിക്കിരിക്കാൻ വയ്യേ' എന്ന്. എന്തെല്ലാമാണിവിടെ നടക്കുന്നത്. എന്തെല്ലാം പ്രഖ്യാപനങ്ങളായിരുന്നു ഇവിടെ നടന്നത്.

ശ്രീ. എളമരം കരീം : സർ, ഇന്നലെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സംസാരിച്ചപ്പോൾ സാമ്പത്തിക പ്രയാസമാണ്, പ്രതിസന്ധിയില്ലായെന്നാണ് പറഞ്ഞത്. ഇവിടെ വിതരണം ചെയ്ത മുഴുവൻ കുറിപ്പിലും സംസ്ഥാനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണെന്നു പറഞ്ഞത് ഈ സാഹചര്യത്തിൽ അങ്ങ് മനസ്സിലാക്കിയിട്ടുണ്ടാകുമല്ലോ?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, അത് വളരെ ക്ലിയറാണ്. ഇന്നലെ ശ്രീ. മുല്ലക്കര രത്നാകരന് കൊടുത്തിട്ടുള്ള ചോദ്യത്തിന്റെ 544-ാം നമ്പർ ഉത്തരത്തിൽ പറയുന്നത് സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയേ ഇല്ലായെന്നാണ്. ഇന്നലെ അദ്ദേഹം നിയമസഭയുടെ ചർച്ചാവേളകളിലെല്ലാം പറഞ്ഞത് സാമ്പത്തിക പ്രതിസന്ധിയില്ലായെന്നാണ്. ഈ ബില്ലിന്റെ പേജ് നമ്പർ 8-ൽ പറഞ്ഞിരിക്കുന്നത് 'കേരള സർക്കാർ അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാനുള്ള ഒരു നടപടിയായി ഇഷ്ടദാനം, ഭാഗപത്രം, ഒഴിമുറി, ധനനിശ്ചയം............' എന്നാണ്. പേജ് നമ്പർ 9-ൽ നാലാമത്തെ വരിയിൽ പറഞ്ഞിരിക്കുന്നത് 'ഇപ്പോൾ സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി കാരണം പ്രസ്തുത ആളുകളെക്കൂടി.......' എന്നിങ്ങനെ എട്ട് തവണയാണ് ഈ ബില്ലിൽ വന്നിട്ടുള്ളത്. എന്താണ് നിങ്ങളുടെ ഗവൺമെന്റിന്റെ നിലപാട്. നിങ്ങൾക്ക് സാമ്പത്തിക പ്രതിസന്ധിയുണ്ടോ? നിങ്ങൾക്ക് സാമ്പത്തിക വൈഷമ്യമുണ്ടോ? എന്തെങ്കിലും പ്രതിസന്ധിയുണ്ടെങ്കിൽ അതെങ്കിലും തുറന്നുപറയാനുള്ളൊരു മര്യാദ കാണിക്കണ്ടെ? ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ച സമയത്ത് പ്രഖാപനങ്ങളുടെ കോലാഹലമായിരുന്നു. സീപ്ലെയിൻ എയർപോർട്ട്, വിമാനത്താവളങ്ങൾ, മെഡിക്കൽ കോളേജുകൾ. 12 മെഡിക്കൽ കോളേജുകൾ ഞങ്ങൾ അനുവദിച്ചില്ലേയെന്ന് ശ്രീ. കെ. ശിവദാസൻ നായർ ഇവിടെ പറഞ്ഞു. നാവുകൊണ്ട് അവതരിപ്പിക്കാൻ എളുപ്പമാണ്. ഒരൊറ്റയെണ്ണത്തിന്റെ പ്രവർത്തനം

ആരംഭിച്ചോ? 9 എണ്ണം ഇപ്പോഴും ജീവനില്ലാതെ വെന്റിലേറ്ററിലല്ലേ? മഞ്ചേരിയിലുള്ളത് അവിടെയുള്ള അദ്ധ്യാപകരെ ഉപയോഗപ്പെടുത്തിക്കൊണ്ട് നടത്തുന്ന ഏർപ്പാടല്ലേ? അതുപോലെ താലൂക്കുകളുടെ പ്രഖ്യാപനം, മോണോ റെയിൽ, ആകാശ ഗംഗ, മിഷൻ 676. ബിസ്മില്ലാഹി റഹ്മാനി റഹീം 786 എന്ന് കേട്ടിട്ടുണ്ട്. എന്താണ് ഈ 676 എന്ന് മനസ്സിലായിട്ടില്ല. അങ്ങനെ വാഗ്ദാനങ്ങളുടെ ഒരു പെരുമഴക്കാലമായിട്ടുള്ള പ്രഖ്യാപനങ്ങളായിരുന്നു. ഈ പ്രഖ്യാപനങ്ങൾ കേട്ട് ആഹ്ലാദചിത്തരായി ഭരണകക്ഷി അംഗങ്ങളെല്ലാമിരുന്നിട്ട് ഇതൊക്കെ എവിടെയെത്തി; എത്ര വേഗമാണ് ഈ പെരുമഴക്കാലമൊരു മരുഭൂമിയായി മാറിയത്; ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ ഇപ്പോഴത്തെ ഇരുപ്പ് എങ്ങനെയാണ്? അധിക തുംഗപദത്തിൽ രാജ്ഞിപോലെയാണ് നേരത്തെ അദ്ദേഹം വിരാജിച്ചിരുന്നത്. അങ്ങനെയാണ് ഇവരെല്ലാം അദ്ദേഹത്തെ കണക്കാക്കിയിരുന്നത്. അങ്ങ് മനസ്സിലാക്കണം, ഒറ്റയ്ക്കൊറ്റയ്ക്ക് ഇവരെല്ലാം ഞങ്ങളോട് സംസാരിക്കുമ്പോൾ അങ്ങയെ വളരെ പുച്ഛത്തോടുകൂടിയും പരിഹാസത്തോടുകൂടിയും കളിയാക്കിയുമാണ് പറയുന്നത്. അങ്ങയുടെ ധനകാര്യ മാനേജ്മെന്റ് വളരെ മോശമാണെന്നാണ് ഇവർ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഇന്നത്തെയൊരു സാഹചര്യത്തിൽ രാജ്ഞിയെപ്പോലെ പ്രശോഭിച്ചിരുന്ന അങ്ങയുടെ കിടപ്പുകാണുമ്പോൾ ഞങ്ങൾക്ക് വലിയ വിഷമമുമുണ്ട്. ആശാന്റെ വീണപൂവിന് തുല്യമായിട്ടാണ് അങ്ങയുടെ ഇരിപ്പ്. ഇത്തരമൊരു സാഹചര്യം നാട്ടിലുണ്ടാക്കാൻ കാരണം പ്രതിസന്ധിയാണോ വൈഷമ്യമാണോയെന്ന് ഇപ്പോഴുമൊരു തീരുമാനമായിട്ടില്ല. ഇവിടെ സാമ്പത്തിക വൈഷമ്യം, സാമ്പത്തിക പ്രതിസന്ധി, സാമ്പത്തിക ക്ലേശം എന്നല്ല പറയേണ്ടത്, സാമ്പത്തിക തകർച്ച എന്നാണ് പറയേണ്ടത്.

<u>ശ്രീ. ജി. സുധാകരൻ</u> : സർ, കേരളത്തിലെ കോൺഗ്രസിന്റെ വികസന നയംകൊണ്ടും മറ്റും കേരളത്തെ രക്ഷിക്കാനാവില്ലായെന്നതുകൊണ്ട് കേരളാ കോൺഗ്രസ്സുണ്ടാക്കി കോൺഗ്രസിനെതിരെ പോരാടിയ ശ്രീ. കെ. എം. മാണിയെ കോൺഗ്രസ് ഈ പരുവത്തിലാക്കിയതാണെന്ന് അദ്ദേഹത്തിന് ഇപ്പോഴും മനസ്സിലായിട്ടില്ല എന്ന് അങ്ങേക്ക് തോന്നുന്നുണ്ടോ?

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u> : സർ, എനിക്ക് തീർച്ചയായും തോന്നുന്നുണ്ട്. കാരണം ഒരു രാഷ്ട്രീയ പാർട്ടിയെന്ന നിലയിൽ കേരളാ കോൺഗ്രസിന്റെ രാഷ്ട്രീയ അസ്ഥിത്വത്തെ തകർക്കാൻ ശ്രമിക്കുകയാണ് കോൺഗ്രസ് നേതൃത്വം. അതിന് രണ്ട് കാരണങ്ങളുണ്ട്. ഒന്ന്, കേരളത്തിൽ ധനകാര്യ ഉത്തരവാദിത്വ നിയമം അദ്ദേഹത്തെകൊണ്ട് ഇവിടെ അവതരിപ്പിച്ചു. അങ്ങയുടെ പാർട്ടി ആരംഭിച്ചതെന്തിനാണ്? കോൺഗ്രസ് പാർട്ടിയെക്കാൾ ഫെഡറലായി പ്രാദേശിക താല്പര്യങ്ങൾ സംരക്ഷിക്കുന്ന ഒരു സംസ്ഥാന കോൺഗ്രസ് ഉണ്ടാകണമെന്നുള്ളതു

കൊണ്ടാണ് അങ്ങയുടെ പാർട്ടി ആരംഭിച്ചത്. അങ്ങയുടെ പാർട്ടിയുടെ ആരംഭത്തിന്റെ അടിസ്ഥാനം തന്നെ ഫെഡറലിസമാണ്. ആ ഫെഡറൽ പ്രവണതയുടെ മുകളിലുള്ള ആദ്യത്തേയും അവസാനത്തേയും ഏറ്റവും ഭീകരമായ കത്തിയാണ് ധനകാര്യ ഉത്തരവാദിത്വ നിയമം. ആ ധനകാര്യ ഉത്തരവാദിത്വ നിയമം അങ്ങയെക്കൊണ്ടുതന്നെ അവതരിപ്പിച്ചു. റബ്ബറിന്റെ ഇറക്കുമതിയുമായി ബന്ധപ്പെട്ട് തിരുവിതാംകൂറിലെ റബ്ബർ കർഷകർക്കുമേൽ നടത്തിയ മാരകമായ ആക്രമണത്തെ അങ്ങയെക്കൊണ്ട് ന്യായീകരിപ്പിച്ചു. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അദ്ദേഹത്തെ തകർക്കുന്നതിനുള്ള ഗൂഢാലോചന ഇതിന്റെ പിന്നിലുണ്ടോയെന്ന് ചരിത്രം വിലയിരുത്തട്ടെ. സാമ്പത്തിക അനിശ്ചിതത്വത്തിന്റെ ലക്ഷണങ്ങൾ എത്ര ഒളിച്ചുവച്ചാലും പുറത്തുവരും. ആർക്കാണ് അറിയാത്തത് കരാറുകാർക്ക് 2,200 കോടി രൂപയുടെ കുടിശ്ശികയുണ്ടെന്ന്. നിങ്ങൾ പ്രഖ്യാപിച്ച മെഡിക്കൽ കോളേജുകളും താലൂക്കാഫീസുകളും നടപ്പാക്കണമെങ്കിൽ 1,400 കോടി രൂപ വേണം. നിങ്ങൾ പ്രഖ്യാപിച്ച പ്ലസ്ടു വിദ്യാഭ്യാസം പ്രായോഗികമാകണമെങ്കിൽ ചുരുങ്ങിയത് 240 കോടി രൂപ വേണം. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷന്റെ സ്ഥിതി നമ്മൾ പറഞ്ഞു, അത് നടപ്പാക്കണമെങ്കിൽ 200 കോടി രൂപ വേണം. 2014 ജൂലായ് മാസം മുതൽ ശമ്പളം പരിഷ്കരിക്കണമെങ്കിൽ 5,100 കോടി രൂപ വേണം. ബഡ്ജറ്റിലെ 31 മുൻഗണനാ പ്രവൃത്തികൾ നിങ്ങൾ പ്രഖ്യാപിച്ചതാണ്, അത് നടപ്പാക്കണമെങ്കിൽ 602 കോടി രൂപ വേണം. ആദിവാസികൾക്ക് ഒരേക്കർ ഭൂമി പദ്ധതി നടപ്പാക്കണമെങ്കിൽ 6,600 കോടി രൂപ വേണം. കെ.എസ്.ടി.പി.-യുടെ രണ്ടാംഘട്ടം നടപ്പിലാക്കുന്നതിന് 1,200 കോടി രൂപ വേണം. പി.ഡബ്ല്യു.ഡി. എ.എസ്. കൊടുത്തവർക്കുകൾക്ക് വേണ്ടി 1,900 കോടി രൂപ വേണം. പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലനിൽപ്പിന് 550 കോടി രൂപ വേണം. ഇങ്ങനെ പത്തുമുപ്പതിനായിരം കോടി രൂപ ചെലവഴിക്കുന്നതിന് നിങ്ങളുടെ കയ്യിൽ എന്താണുള്ളത്? ഇത്തരം അവസ്ഥയിലേക്ക് ഈ സംസ്ഥാനം എങ്ങനെയാണ് എത്തിയത്. ഈ അവസ്ഥയിലേക്ക് എത്തിച്ച സാഹചര്യത്തെക്കുറിച്ച് പറയുമ്പോൾ നിങ്ങൾ ക്ഷുഭിതരായിട്ട് കാര്യമുണ്ടോ? ശ്രീ. ശിവദാസൻ നായരെപ്പോലുള്ള പ്രഗത്ഭനായ നേതാവ് ക്ഷുഭിതനായാൽ പറ്റുമോ? 2011 ജൂലായ് മാസത്തിൽ യു.ഡി.എഫ്. ഗവൺമെന്റ് ഇറക്കിയ ധവള പത്രത്തിൽ 2011 മാർച്ച് മാസത്തിൽ 3,500 കോടി രൂപയുടെ ബാലൻസ് ഉണ്ടായിരുന്നുവെന്നാണ് പറയുന്നത്. ട്രഷറിയിൽ 3,500 കോടി രൂപ ബാലൻസ് വച്ചുകൊണ്ട് കടന്നുപോയ എൽ.ഡി.എഫ്. സർക്കാരിന്റെ ധനകാര്യ നയത്തിന്റെ കഴിവിനെക്കുറിച്ച് മാണി സാർ പറയുന്നതുപോലെ ഒന്ന് അപ്രീഷിയേറ്റ് ചെയ്യണ്ടേ? അപ്രീഷിയേറ്റ്

ചെയ്യുന്നതിന് പകരം ഇങ്ങനെയൊരു നിലപാട് സ്വീകരിക്കാൻ പാടുണ്ടോ?

ശ്രീ. എ. കെ. ബാലൻ : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 82 ആദിവാസി കുട്ടികളാണ് മരണപ്പെട്ടത്. കമ്മ്യൂണിറ്റി കിച്ചൻ, പോഷകാഹാരമുള്ള ഭക്ഷണം അംഗൻവാടികൾ വഴി കൊടുത്തതിൽ 80 ലക്ഷം രൂപ ഇപ്പോൾ ബാക്കിയാണ്. അതിനാൽ കമ്മ്യൂണിറ്റി കിച്ചൻ ഇപ്പോൾ വേണ്ടെന്ന് വച്ചു. പ്രധാനമായും സാമ്പത്തികമായി ധനകാര്യ വകുപ്പിൽ നിന്നുമുള്ള നിയന്ത്രണമാണ്. അത് മാറ്റണമെന്ന് പറഞ്ഞുകൊണ്ടാണ് അവിടെ നിരാഹാര സമരം വന്നത്. നിരാഹാര സമരത്തിന്റെ ഭാഗമായി സാമ്പത്തിക നിയന്ത്രണം ഒഴിവാക്കുമെന്ന് പറഞ്ഞതാണ്. ഇന്നേവരെ ഒഴിവാക്കിയിട്ടില്ല. ട്രഷറിയിൽ ആ രൂപത്തിലുള്ള നിർദ്ദേശം കൊടുത്തിട്ടില്ലെന്നത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : സർ, തീർച്ചയായും. കേരളത്തിന് അപമാനകരമായ സമീപനമാണ് കേരളത്തിലെ ആദിവാസി കുട്ടികളുടെ മരണവുമായി ബന്ധപ്പെട്ട് ഈ ഗവൺമെന്റ് സ്വീകരിച്ചത്. കഞ്ഞി കൊടുക്കുന്ന സംവിധാനത്തിലേക്ക് പണം നീക്കി വയ്ക്കാൻ തയ്യാറില്ലാത്ത ഒരു ഗവൺമെന്റ്. ഒത്തുതീർപ്പ് തീരുമാനങ്ങൾ പോലും നടപ്പാക്കുന്നതിന് തയ്യാറാകുന്നില്ല. ഇങ്ങനെ ഒരു സ്ഥിതിയിലേക്ക് സംസ്ഥാനത്തെ എത്തിച്ചതിന്റെ കാരണങ്ങൾ ഞാൻ അഞ്ചായി ചുരുക്കുകയാണ്. (1) ധൂർത്ത് (2) ബഡ്ജറ്റിനെ മറികടന്നുകൊണ്ട് നിങ്ങൾ രഹസ്യമായി ചെലവ് ചെയ്യുന്ന രീതി (3) നികുതിപിരിവിലുള്ള തകർച്ച (4) അഴിമതിയും കെടുകാര്യസ്ഥതയും (5) ഇതുകൊണ്ടുണ്ടായ കടബാധ്യത. ഈ അഞ്ചു പ്രശ്നങ്ങൾക്കും ഉത്തരവാദിത്തം പറയാതെ എങ്ങനെയാണ് ജനങ്ങളുടെ മേൽ ഇത് കെട്ടിയേൽപ്പിക്കുക. നിങ്ങളുടെ നിരുത്തരവാദിത്തത്തിന്റെയും ധൂർത്തിന്റെയും കെടുകാര്യസ്ഥതയുടെയും ബാധ്യത പാവപ്പെട്ടവരുടെ മേൽ അടിച്ചേൽപ്പിക്കുന്ന നയമാണ് നിങ്ങൾ നടപ്പാക്കുന്നത്. മന്ത്രിമാരുടെ എണ്ണത്തിൽ തുടങ്ങിയ ധൂർത്താണ്. ഒരു വകുപ്പിന് മൂന്ന് മന്ത്രിമാരെ കൊടുത്ത ഗവൺമെന്റാണ്. മൂന്നുപേർക്കും ഒരുമിച്ച് തീരുമാനമെടുക്കാൻ കഴിയാതെ വരികയാണ്. ക്യാബിനറ്റ് റാങ്കുകൾ പുതുതായി കൊടുത്തു. 24 തരത്തിലുള്ള പദവികൾ വഹിക്കുന്നവർക്ക് പുതിയ കാറുകൾ വാങ്ങിക്കൊടുത്തു. ഞാൻ അതിന്റെ വിശദാംശത്തിലേക്ക് കടക്കുന്നില്ല. എല്ലാ അധികാര ദല്ലാൾമാരും സെക്രട്ടേറിയറ്റിൽ കയറിയിറങ്ങുകയാണ്. അവർക്കുള്ള ചെലവുകൾ പരിശോധിക്കണം. 133 തരത്തിലുള്ള വിദേശയാത്രകൾ നടത്തി. ഈ ധൂർത്തിനെല്ലാം കൂടി കണ്ടെത്തിയിട്ടുള്ള ഒറ്റമൂലി മന്ത്രിമാർ ശമ്പളത്തിന്റെ 20 ശതമാനം ഖജനാവിലേക്ക് തിരിച്ചടയ്ക്കണമെന്നാണ്. എത്രയാണ് മന്ത്രിമാരുടെ ശമ്പളം? ഞാൻ

മനസ്സിലാക്കുന്നത് ആയിരം രൂപയാണെന്നുള്ളതാണ്. എത്ര രൂപയാണ് നിങ്ങൾ തിരിച്ചടയ്ക്കുന്നത്? ഈ ധൂർത്ത് കാണിച്ച് സംസ്ഥാനത്തെ 35,000 കോടി രൂപയുടെ ബാധ്യതയിലേക്ക് കൊണ്ടെത്തിച്ചിട്ട് നിങ്ങൾ ശമ്പളത്തിന്റെ 20 ശതമാനം കൊടുത്ത് ജനങ്ങളെ പറ്റിക്കുന്ന സമീപനം സ്വീകരിക്കുകയാണ്. ബഡ്ജറ്റ് മറികടന്നുകൊണ്ടുള്ള ചെലവാണ് രണ്ടാമത്തെ പ്രശ്നം. ഗവൺമെന്റ് കൊടുക്കുന്ന എ.എസ്.-കളെ സംബന്ധിച്ച് ഒരു വൈറ്റ് പേപ്പർ പുറപ്പെടുവിക്കാൻ നിങ്ങൾ തയ്യാറുണ്ടോ? ബഡ്ജറ്റിന്റെ ഭാഗമായ നല്ല പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടത്ര ആസൂത്രണവും താത്പര്യവും കാണിക്കാതിരിക്കുക. അതേസമയം ബഡ്ജറ്റിനെ മറികടന്നുകൊണ്ട് വിവേചനത്തോടെ നിങ്ങൾ കാണിക്കുന്ന പദ്ധതികൾ നിരവധിയാണ്. കേരളത്തിലെ പല യു.ഡി.എഫ്. അംഗങ്ങളുടെയും എൽ.ഡി.എഫ്. അംഗങ്ങളുടെയും മണ്ഡലങ്ങളിൽ നടന്ന വികസന പ്രവർത്തനത്തിന്റെ ധവള പത്രം പ്രസിദ്ധീകരിച്ചാൽ അതിന്റെ കാപട്യം പുറത്തുവരും. എല്ലാ മര്യാദയും മറന്നുകൊണ്ടുള്ള വലിയ വിവേചനമാണ്.

<u>ശ്രീ. കെ. ശിവദാസൻ നായർ</u>: സർ, പ്രസംഗം അവസാനിപ്പിക്കണമെന്ന് അങ്ങ് പറഞ്ഞുകഴിഞ്ഞപ്പോൾ പിന്നെ ഞാൻ പ്രസംഗം മുന്നോട്ട് കൊണ്ടുപോയില്ല.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: സർ, സഭയുടെ മുഴുവൻ സ്പിരിറ്റും ഉൾക്കൊണ്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ചുരുക്കിപ്പറഞ്ഞാൽ, നികുതിപിരിവിലുള്ള തകർച്ചയാണ് ഈ അവസ്ഥയിലേക്ക് എത്തിച്ചത്. നികുതി പിരിവിനെക്കുറിച്ചാണ് ഡോ. തോമസ് ഐസക് മുതൽ പ്രൊഫ. സി. രവീന്ദ്രനാഥ് വരെയുള്ള ആൾക്കാർ സംസാരിച്ചത്. അവർ ആ മേഖലയിലുള്ള നിരുത്തരവാദിത്വത്തിന്റെ വിശദാംശങ്ങൾ പറഞ്ഞു. 42,467 കോടി രൂപ നികുതിയായി പിരിച്ചെടുക്കേണ്ട സ്ഥാനത്ത് സെയിൽസ് ടാക്സും വാറ്റും മാത്രം 31,913 കോടി രൂപ പിരിക്കണം. അതിൽ എത്ര ശതമാനമാണ് പിരിക്കാൻ സാധിച്ചത്? മൂന്നര മാസമാണ് ഇനിയുള്ളത്. കഴിഞ്ഞ എട്ടര മാസത്തിനുള്ളിൽ മുപ്പത്തിരണ്ടായിരം കോടി രൂപ സെയിൽസ് ടാക്സിനത്തിൽ പിരിച്ചെടുക്കേണ്ടതിന്റെ മൂന്നിലൊന്ന് പോലും പിരിച്ചെടുക്കാൻ കഴിയാതെ വൻതോതിലുള്ള സാമ്പത്തിക കുത്തഴിയലിനും ഇളവുകൾക്കും നേതൃത്വം കൊടുത്തതിനുശേഷം ജനങ്ങളുടെ മേൽ നികുതി ഭാരം കെട്ടിയേൽപ്പിക്കാനുള്ള ധിക്കാരവും ധാർഷ്ട്യവും നിറഞ്ഞ ബിൽ ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയാത്തതുകൊണ്ട് ഞാൻ ശക്തമായി എതിർക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ. എം.</u>

മാണി): സർ, വളരെ നല്ല നിലവാരത്തിലുള്ള ചർച്ചയാണ് ഇവിടെ നടന്നത്. നിർദ്ദേശങ്ങൾ പരിശോധിച്ചശേഷം ഗവൺമെന്റിന് ഉൾക്കൊള്ളാൻ കഴിയുന്ന നല്ല നിർദ്ദേശങ്ങൾ ഗവൺമെന്റ് ഉൾക്കൊള്ളും. എല്ലാവർക്കും പ്രത്യേകം നന്ദി പറയുന്നു. നമുക്ക് സാമ്പത്തിക പ്രതിസന്ധിയാണ്, സാമ്പത്തിക ബുദ്ധിമുട്ടുണ്ട് എന്നൊക്കെ എപ്പോഴും ഞാൻ പറയാറുണ്ടല്ലോ. ഒരു ആവറേജ് കേരളീയ ഫാമിലിക്ക് വീട്ടുകാര്യങ്ങൾ കൊണ്ടുപോകാൻ ബുദ്ധിമുട്ടില്ലേ? അതുപോലെ കേരള ഗവൺമെന്റിനും പ്രതിസന്ധി എന്ന വാക്ക് എപ്പോഴും നല്ലതാണ്. ബഡ്ജറ്റിൽ ഓരോ വാക്ക് നമ്മൾ എഴുതും. ആ വാക്ക് വച്ചുകൊണ്ട് ഇങ്ങോട്ട് വരണമെന്നില്ല. നമുക്ക് കോംപ്രമൈസ് ആകാം, സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ട്. നവംബർ-ഡിസംബർ മാസങ്ങളിൽ ട്രഷറി നിയന്ത്രണങ്ങൾ ഏറെക്കുറേ പൂർണ്ണമായും നീക്കാൻ കഴിഞ്ഞു. കടുത്ത പ്രതിസന്ധി വരുമ്പോൾ മാത്രമാണ് റെസ്ട്രിക്ഷൻ വരുന്നത്. ആ റെസ്ട്രിക്ഷൻ നീക്കിത്തുടങ്ങി. പ്രതിസന്ധി മാറിയിരിക്കുന്നുവെന്നതാണ് പ്രധാന കാര്യം. സാമ്പത്തിക സ്ഥിതി സുസ്ഥിരതയിലേക്ക് നീങ്ങുന്നതിന്റെ ആരംഭ ദിശയിലാണ് നമ്മൾ നിൽക്കുന്നത്. ചെലവ് കൂടി നിയന്ത്രിക്കാൻ പോവുകയാണ്. അങ്ങനെ നിയന്ത്രിച്ചുകഴിഞ്ഞാൽ ഭദ്രമായ സാമ്പത്തിക സ്ഥിതിയുണ്ടാകും. അതുകൊണ്ട് ആശങ്കകളൊന്നും ഇക്കാര്യത്തിൽ വേണ്ട എന്നാണ് എനിക്ക് പറയാനുള്ളത്. മൂവായിരം കോടി രൂപയുടെ മിച്ചമായിരുന്നു പഴയ ഗവൺമെന്റ് പോകുമ്പോൾ ഉണ്ടായിരുന്നത് എന്നാണ് ഇവിടെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറഞ്ഞത്. ഡോ. തോമസ് ഐസക് ഇവിടെ ഇരിപ്പുണ്ട്, ട്രഷറിയിൽ 1,900 കോടി രൂപയുടെ മിച്ചമാണ് ഉണ്ടായിരുന്നത്. 5,000 കോടി രൂപയുടെ എ.എസ്.-ഉം ഇങ്ങ് തന്നു. അതായത് 3,100 കോടി രൂപ മൈനസാണ്. അതാണ് ഭാരം ഏറ്റെടുക്കേണ്ടി വന്നുവെന്ന് ഞാൻ പറഞ്ഞത്. ട്രഷറിയിൽ മിച്ചമുണ്ടായിരുന്നുവെന്ന് എന്തിന് പറയുന്നു? അത് ആളുകളെ പറ്റിക്കാൻ വേണ്ടിയുള്ള പറച്ചിലാണ്. ഭാരമാണ് ഞങ്ങളുടെ തലയിൽ വച്ചത്. 3,100 കോടി രൂപയുടെ ഭാരമാണ് ഏറ്റെടുക്കേണ്ടി വന്നത് എന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർമാർ പ്രത്യേകം ഓർത്തിരിക്കേണ്ടതാണ്. ട്രഷറിയിൽ ഇപ്പോൾ വരുമാനത്തിൽ ബുദ്ധിമുട്ടുണ്ട്. റബ്ബറിന്റെ വില 27 ശതമാനം കുറഞ്ഞു. സാമ്പത്തിക മാന്ദ്യത്തിന്റെ ഫലമായി വാഹന വിൽപ്പന ഗണ്യമായി കുറഞ്ഞത് നികുതി വളർച്ചയെ ബാധിച്ചു. ഇന്ധന വിലയിലുണ്ടായ കുറവും നികുതി വളർച്ചയെ ബാധിച്ചിട്ടുണ്ട്. ബാർ ഹോട്ടൽ പൂട്ടിയതും വരുമാന നഷ്ടത്തിന് ഇടയാക്കിയിട്ടുണ്ട്. ബിറ്റുമിൻ, ഫർണസ് ഓയിൽ തുടങ്ങിയവയുടെ വിൽപ്പന കുറഞ്ഞതും അരി, ഗോതമ്പ്, മൈദ, ആട്ട, സൂചി എന്നിവയുടെ നികുതി കുറച്ചതും നികുതി വളർച്ചയെ ബാധിച്ചിട്ടുണ്ട്.

6.00 PM]

ഇത്രയും പ്രതിസന്ധികൾക്കിടയിലാണ് ഗവൺമെന്റ് ഭംഗിയായി കാര്യങ്ങൾ നിർവ്വഹിച്ചുകൊണ്ടുപോകുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷം അല്പനേരമെങ്കിലും ഞങ്ങളെയൊന്ന് അഭിനന്ദിക്കണ്ടേ, ഞാൻ വിചാരിച്ചു ഡോ. ടി. എം. തോമസ് ഐസക്കെങ്കിലും ഞങ്ങളെ അഭിനന്ദിക്കുമെന്ന്. എന്റെ മുൻഗാമിയല്ലേ; പിൻഗാമിയോട് ദയവും കാരുണ്യവുമൊക്ക കാണുമല്ലോ, എന്നെ ഒരു വാക്കെങ്കിലും പറഞ്ഞ് അഭിനന്ദിക്കുമെന്ന് വിചാരിച്ചു. ഏതായാലും അദ്ദേഹം എന്നെ അഭിനന്ദിച്ചില്ലെങ്കിലും കുറ്റമൊന്നും പറഞ്ഞില്ല, അതിൽ നന്ദിയുണ്ട്. ഡോ. ടി. എം. തോമസ് ഐസകിന്റെ പാതയിലൂടെ സഞ്ചരിക്കണമെന്നാണ് ശ്രീ. മാത്യു റ്റി. തോമസ് എനിക്ക് നൽകിയ ഉപദേശം. ഡോ. ടി. എം. തോമസ് ഐസക് വളരെ വിദഗ്ദ്ധനായ ആളാണ്. വളരെ അറിവുള്ള ആളാണ്. പരിചയസമ്പന്നനാണ്. പക്ഷേ എല്ലാ കാര്യങ്ങളിലും ആ പാതയിലൂടെ സഞ്ചരിക്കാൻ എന്നോട് പറഞ്ഞാൽ എനിക്ക് ബുദ്ധിമുട്ടുണ്ട്. സാമ്പത്തിക കാര്യത്തിൽ ആ പാതയിലൂടെ സഞ്ചരിക്കണ മെന്ന് പറഞ്ഞാൽ ഞാൻ ഒട്ടും സമ്മതിക്കില്ല. കാരണം ഡോ. ടി. എം. തോമസ് ഐസകിന്റെ കാലത്ത് 2006-2010-ൽ ways and means 381 ദിവസമുണ്ടായി, ഓവർ ഡ്രാഫ്റ്റ് 108 ദിവസം. നമ്മുടെ കാലത്ത് ways and means 7 ദിവസം, 4 ദിവസം ഓവർ ഡ്രാഫ്റ്റ്. അപ്പോൾ ആരാണ് നന്മ ചെയ്തത്? അവനവന്റെ കണ്ണിൽ തടിയിരിക്കെ അപരന്റെ കണ്ണിലെ കരട് കാണുന്ന പ്രതിപക്ഷത്തോട് ഞാൻ എന്തു പറയാനാണ്. റവന്യൂ കമ്മി അടിയ്ക്കടി കൂടി വന്നിരിക്കുന്നു എന്നതാണ് മറ്റൊരാക്ഷേപം. ഞാൻ എന്താണ് ചെയ്തത് എന്നാണ് ഡോ. ടി. എം. തോമസ് ഐസക് ചോദിച്ചത്. എന്തുമാത്രം വികസന കാര്യങ്ങളാണ് ചെയ്തത്-5 മെഡിക്കൽ കോളേജുകൾ. നിങ്ങളുടെ കാലത്ത് ഒരു മെഡിക്കൽ കോളേജ് എങ്കിലും കൊടുത്തോ? ഇവിടെ പറഞ്ഞതുകേട്ടു ചെവിയിൽ വന്ന് മന്ത്രിച്ചുവെന്ന്. ഒരു ധനകാര്യ മന്ത്രിയുടെ മഹാമനസ്കത, സന്മനസ്സ്, കഴിവ്, മേന്മ നിശ്ചയിക്കേണ്ടത് അവസാന നിമിഷത്തിലായാലും ഒരു കാര്യം ചെവിയിൽ പറഞ്ഞാൽ നല്ലതാണെങ്കിൽ അപ്പോൾ പ്രഖ്യാപിക്കുക എന്നുള്ളതാണ്. അല്ലാതെ ഇളക്കമില്ലാത്ത, പാറ പോലെയിരിക്കുന്ന നയമല്ല വേണ്ടത്. 5 മെഡിക്കൽ കോളേജുകൾ കേരളത്തിന് അനുവദിച്ചുവെങ്കിൽ കേരളത്തിന്റെ വികസനത്തിന് സ്ഥായിയായ സംഭാവനയാണ് അത് എന്ന് ഞാൻ പറയട്ടെ. അതുപോലെ 12 താലൂക്കുകൾ - വലിയ അസറ്റല്ലേ? ഇതേ രീതിയിൽ വികസനം അതിന്റെ ഹൈ റെയ്ഞ്ചിൽ എത്തിക്കുന്നു. കോളേജ് ഇല്ലാത്ത മണ്ഡലങ്ങൾക്ക് കോളേജ്. നിങ്ങൾ വല്ലതും കൊടുത്തോ? ഇങ്ങനെയുള്ള വിപ്ലവകരമായ മാറ്റങ്ങൾ അതിവേഗതയിൽ

വരുത്തിക്കൊണ്ടിരിക്കുകയാണ്. അതിന് കുറച്ച് രൂപ ചെലവ് വരും. അങ്ങനെ വരുമ്പോൾ കമ്മി കുറച്ചു കൂടി വരും. അതിൽ ആക്ഷേപമൊന്നുമില്ല. ശ്രീ. കെ. ശിവദാസൻ നായർ താറാവിന്റെ കാര്യം പറഞ്ഞു. താറാവ് ചത്തപ്പോൾ ഉടനെ രൂപ കൊടുക്കുന്നു. നിങ്ങളാണെങ്കിൽ രൂപ കൊടുക്കുമോ? ഇല്ല. താറാവു ചത്താൽപ്പോലും ജനങ്ങൾക്ക് ആശ്വാസം കൊടുക്കുന്ന ഒരു ഗവൺമെന്റാണിത് എന്നുള്ളത് മനസ്സിലാക്കണം. മനുഷ്യന്റെ ചെറിയ ദുഃഖത്തിൽപ്പോലും പങ്ക് ചേരുന്ന ഹൃദയമുള്ള ഒരു ഗവൺമെന്റിന് നന്മയല്ലാതെ മറ്റു വല്ലതുമുണ്ടോ; ഞങ്ങൾക്ക് വല്ല തിന്മയുണ്ടോ; എല്ലാം നന്മയുള്ള ഹൃദയമല്ലാതെ വേറൊന്നുമില്ല.

റവന്യൂ വരുമാനത്തിൽ വന്ന കുറവിനെപ്പറ്റി ഇവിടെ പറഞ്ഞു. അതിനെ സംബന്ധിച്ച് പറയുമ്പോൾ എനിക്ക് ഒരു കാര്യം പറയാനുള്ളത്, മുൻ യു.ഡി.എഫ്. സർക്കാർ അധികാരമൊഴിയുമ്പോൾ 3,129 കോടി രൂപ റവന്യൂ കമ്മിയുണ്ടായിരുന്നു. എൽ.ഡി.എഫ്. സർക്കാർ പോകുമ്പോൾ അത് 5,023 കോടി രൂപയായി. അതിന് ഉത്തരമൊന്നും പറയാനില്ലേ? നിങ്ങൾ ഏൽപ്പിച്ചപ്പോൾ 3,129 കോടി രൂപ കമ്മി. നിങ്ങൾ പോകുമ്പോൾ 5,000 കോടി രൂപ കമ്മി. നിങ്ങൾ 2,000 കോടി രൂപ റവന്യൂ കമ്മി കൂട്ടി. ആ സ്ഥാനത്ത് ഞങ്ങളുടെ കാലത്ത് അല്പമൊന്ന് റവന്യൂ കമ്മി കൂടിപ്പോയെങ്കിൽ എന്തൊരു കുറ്റമാണ്. കഴിഞ്ഞ ബഡ്ജറ്റ് ചർച്ചയിൽ നിങ്ങൾക്ക് എന്തുകൊണ്ട് ഗ്ലോബൽ മാർക്കറ്റിൽ നിന്നും കടമെടുത്തു കൂടായെന്ന് ഡോ. ടി. എം. തോമസ് ഐസക് ചോദിച്ചു. എന്തിനാണ് കടമെടുക്കുന്നതെന്നാണ് ഇപ്പോഴുള്ള ക്രിട്ടിസിസം. ഈ ഐസകിനെ വിശ്വാസിക്കാൻ സാധിക്കുമോ? എന്നെ അബദ്ധത്തിൽ ചാടിക്കുകയായിരുന്നുവെന്ന് ഞാൻ ഇപ്പോഴാണ് മനസ്സിലാക്കുന്നത്. നിങ്ങൾ എന്തുകൊണ്ട് കടമെടുക്കുന്നില്ല എന്ന് ചോദിച്ചു. കടമെടുക്കാനുള്ള നടപടികളെടുത്തപ്പോൾ നിങ്ങൾ എന്തുകൊണ്ട് കടമെടുത്തു എന്നായി. ഈ രണ്ട് രീതിയിലുള്ള അപ്രോച്ച് നമുക്ക് പറ്റുകയില്ല. അതുകൊണ്ട് ഇതിനെ ഒരു സൗഹാർദ്ദ മനഃസ്ഥിതിയോടുകൂടി, നമുക്ക് ഒരു നിഷ്പക്ഷ നിലപാടോടുകൂടി പോകണം. എനിക്ക് അത് മാത്രമേ പറയാനുള്ളൂ. കഴിഞ്ഞ സർക്കാർ കൊടുത്ത് തീർക്കാനുണ്ടായിരുന്ന ബാദ്ധ്യതകളാണ് സത്യത്തിൽ ഞങ്ങളെ വിഷമിപ്പിച്ചത്. കഴിഞ്ഞ സർക്കാരിന്റെ ബാദ്ധ്യതകളില്ലാത്ത ഒരു ക്ലീൻ സ്ലേറ്റായിരുന്നുവെങ്കിൽ കാര്യങ്ങൾ എന്ത് സുഗമമായി പോകുമായിരുന്നു. അതിനെപ്പറ്റി ഞാൻ കൂടുതലായിട്ടൊന്നും പറയുന്നില്ല. 2008-09-ൽ ഗ്ലോബൽ മാന്ദ്യം ഇല്ലായിരുന്നു. റിസർവ് ബാങ്ക് കണക്ക് അനുസരിച്ച് 2008-09-ൽ ആഗോള ഗ്ലോബൽ മാന്ദ്യം ഇന്ത്യയെയോ കേരളത്തെയോ ബാധിച്ചിട്ടില്ല. ഡോ. ടി. എം. തോമസ് ഐസകിന്റെ സുഖകാലഘട്ടമായിരുന്നു. ആഗോള മാന്ദ്യം

ബാധിക്കാത്ത കാലത്താണ് ഡോ. ടി. എം. തോമസ് ഐസക് ധനകാര്യ മന്ത്രിയായിരുന്നത്. എന്നാൽ ഇപ്പോഴാണ് ആഗോള മാന്ദ്യത്തിന്റെ കെടുതികൾ വന്നിരിക്കുന്നത്. അതിന്റെ കെടുതികൾ പേറേണ്ടി വന്നവർ ഞങ്ങളാണ് എന്നുള്ളത് അല്പസമയമെങ്കിലും ഐസക് ഓർത്തിരുന്നുവെങ്കിൽ തീർച്ചയായും ഞങ്ങളോട് കുറച്ചുകൂടി കരുണ കാണിക്കുമായിരുന്നു എന്നാണ് എനിക്ക് തോന്നുന്നത്. അതിനെപ്പറ്റിയും കൂടുതലായി ഒന്നും പറയുന്നില്ല. അങ്ങനെയുള്ള ബുദ്ധിമുട്ടിൽ കൂടിയാണ് ഈ ഗവൺമെന്റ് കടന്നുപോകുന്നത്. നെല്ല് സംഭരണത്തിന് പൈസ കൊടുത്തില്ലെന്ന് ശ്രീ. എം. ഹംസ പറഞ്ഞു. നെല്ല് സംഭരണത്തിനുവേണ്ടി ബഡ്ജറ്റിൽ വച്ചിരുന്ന തുക മുഴുവനും കൊടുത്തു. ആവശ്യമെങ്കിൽ കൂടുതൽ തുക കൊടുക്കും. പാലക്കാട് കൊടുത്തു, കുഴപ്പമൊന്നുമില്ല. ആവശ്യമെങ്കിൽ അഡീഷണൽ ആതറൈസേഷനായിട്ട് കൊടുത്തിട്ടുണ്ട്. അതിനൊന്നും ഒരു വിഷമവുമില്ല. ആശാ വർക്കേഴ്സ് പെൻഷൻ ഓണം വരെയുള്ളത് മുഴുവൻ കൊടുത്തു. മാർച്ച് 31 വരെയുള്ള വർദ്ധിച്ച തോതിലുള്ള നിരക്ക് ഉടൻ നൽകും. അവർക്ക് ഒരു വിഷമതയും വരികയില്ല. അങ്ങനെയുള്ള ദുർബ്ബല ജനവിഭാഗങ്ങളെ തീർച്ചയായും ഈ ഗവൺമെന്റ് പരിരക്ഷിക്കും. അതിന് ഒരു ബുദ്ധിമുട്ടുമില്ല. നികുതി പിരിവ് ഊർജ്ജിതമാക്കാൻ ചില നടപടികൾ എടുത്തിട്ടുണ്ട്. ആംനെസ്റ്റി സ്കീമിന്റെ കാലാവധി 2014 ഡിസംബർ 31 വരെ നീട്ടിയിട്ടുണ്ട്. അൺ കണ്ടീഷണൽ സ്റ്റേയെല്ലാം വെക്കേറ്റ് ചെയ്തിട്ടുണ്ട്. ഇനി 30 ശതമാനം അടച്ചുകൊണ്ടുള്ള സ്റ്റേ വളരെ പരിമിതമായി മാത്രമേ കൊടുക്കുകയുള്ളൂ. ഉണ്ടെങ്കിൽ പോലും ഹാർഡ് കെയ്സിലും സിംപതറ്റിക് കെയ്സിലുമേ കൊടുക്കുകയുള്ളൂ. അങ്ങനെ കൊടുക്കുകയാണെങ്കിൽ പോലും 30 ശതമാനം അടച്ചിട്ടേ കൊടുക്കുകയുള്ളൂ. ഇവിടെ എൽ.എസ്.ജി.ഡി.-യെ വിഷമിച്ച വലിയ ഒരു ആരോപണമാണ് വന്നത്. പക്ഷേ ഇതു കേട്ടുകഴിയുമ്പോൾ നിങ്ങൾക്ക് തോന്നും ഈ ഗവൺമെന്റ് എത്രയോ നല്ല ഗവൺമെന്റാണെന്ന്. യു.ഡി.എഫ്. ഗവൺമെന്റ് 2014-2015 -ൽ 5,033 കോടി രൂപ എൽ.എസ്.ജി.ഡി.-ക്ക് കൊടുത്തു. ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 7,304 കോടി രൂപയാണ്. ഇക്കഴിഞ്ഞ 7 മാസം കൊണ്ട് 69 ശതമാനം എൽ.എസ്.ജി.ഡി.-ക്ക് കൊടുത്തുകഴിഞ്ഞു. ഡ്യൂ ഷെയറിനേക്കാൾ കൂടുതൽ കൊടുത്ത ഒരു ഗവൺമെന്റിനെ നോക്കിയാണ് എൽ.എസ്.ജി.ഡി.-ക്ക് ഒന്നും കൊടുക്കുന്നില്ല എന്ന് പറയുന്നത്. ഈ നിയമസഭയിൽ ഒരു കാര്യം പറയുമ്പോൾ കണക്കുകൾ വച്ച് വസ്തുനിഷ്ഠമായി മാത്രമേ പറയാവൂ. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളോട് നല്ല രീതിയിൽ സഹകരിച്ചുപോകുന്ന ഗവൺമെന്റാണിത്.

പഞ്ചായത്ത് ഗ്രാന്റ് രണ്ടിനമുണ്ട്. ഒന്ന്, ബഡ്ജറ്റ് വഴിയും രണ്ട്, വേൾഡ് ബാങ്ക് വഴിയുമാണ് ഗ്രാന്റ് ലഭിക്കുന്നത്. രണ്ടും ഒരോ പഞ്ചായത്തിന്റെയും എലിജിബിലിറ്റി അനുസരിച്ച് കൊടുത്തുകൊണ്ടിരിക്കുകയാണ്. 12,000 കോടി രൂപ പിരിച്ചെടുക്കാമെന്ന സി. & എ. ജി. റിപ്പോർട്ടിലെ പരാമർശം ഡോ. ടി. എം. തോമസ് ഐസക് ഇവിടെ പറയുകയുണ്ടായി. റിപ്പോർട്ടിനുശേഷം സ്റ്റേറ്റ് ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരും സി. & എ. ജി.-യിലെ ഉദ്യോഗസ്ഥരുമായി ചർച്ച നടന്നപ്പോൾ, സി. & എ. ജി.-യിലെ ചില കണക്കുകൂട്ടലുകൾ പ്രായോഗികമല്ലെന്ന് അവർ തന്നെ സമ്മതിച്ചു. എ.ജി.-യുടെ റിപ്പോർട്ടിൽ പറഞ്ഞ കേസ്സുകൾ പരിശോധിച്ചപ്പോൾ ഒരേ വ്യക്തി പല രജിസ്ട്രേഷനിൽ എടുത്തിട്ടുള്ള നികുതി വെട്ടിപ്പ് കണ്ടെത്തിയെന്നാണ് പറഞ്ഞത്. അതുകൊണ്ട് അവിടെയൊരു അധിക വരുമാനത്തിന്റെ ചോർച്ചയെന്ന് പറഞ്ഞത് ശരിയല്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്. റിപ്പോർട്ടിൽ പറയുന്ന നികുതി ചോർച്ചയിലെ വലിയ തുക പരിശോധിച്ചപ്പോൾ ഡേറ്റയിൽ വന്ന മിസ്റ്റേക്കാണ് കാരണമെന്ന് പറഞ്ഞിട്ടുണ്ട്. അതൊരു വലിയ മിസ്റ്റേക്കായി എടുത്തുപറയാനില്ല. എ.ജി. പറഞ്ഞിട്ടുള്ള എല്ലാ പ്രായോഗിക നിർദ്ദേശങ്ങളും പൂർണ്ണ ആത്മാർത്ഥതയോടുകൂടി ഈ ഗവൺമെന്റ് പാലിക്കുകയാണ്. എ.ജി. പറഞ്ഞതൊക്കെ ഞങ്ങൾ വളരെ ഗൗരവത്തോടുകൂടി കാണുകയും പരിശോധിക്കുകയും ചെയ്യും. അത് പരിഹരിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തികൊണ്ടിരിക്കുകയാണ്. എ.ജി.-യുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് കമ്പ്യൂട്ടർ അപ്ഗ്രഡേഷന് വേണ്ടിയുള്ള എക്യുപ്മെന്റ്സ് വാങ്ങാനുള്ള നിർദ്ദേശം നൽകിക്കഴിഞ്ഞു. അതിന്റെ പോരായ്മയാണ് ഡോ. ടി.എം. തോമസ് ഐസക് ഇവിടെ ചൂണ്ടിക്കാണിച്ചത്. അതിനുള്ള നടപടികൾ എടുത്തുകഴിഞ്ഞു. കടത്തെ സംബന്ധിച്ച് ഞാൻ ആദ്യമൊന്ന് പറഞ്ഞു. 14,000 കോടി രൂപയാണ് കേരളത്തിന് അനുവദിച്ചിട്ടുള്ള കടത്തിന്റെ പരിധി. 9,400 കോടി രൂപ മാത്രമാണ് ഇതുവരെ വാങ്ങിയിട്ടുള്ളത്. മൂന്നര വർഷത്തിനുള്ളിൽ അനവധി വികസന പ്രവർത്തനങ്ങൾ നടത്തിയതുകൊണ്ടാണ് നമ്മൾ ഈ കടമെടുത്തത്. ബാക്കി ഇനിയും കടം എടുക്കാനുണ്ട്. ഈ ഗവൺമെന്റ് എത്രയോ കരുതലോടുകൂടിയാണ് നീങ്ങുന്നത്. വേറെ വല്ല ഗവൺമെന്റുമാണെങ്കിൽ എടുക്കാനുള്ള കടം മുഴുവൻ എടുത്ത് തീർക്കുമായിരുന്നു. നമ്മൾ പത്തായത്തിലെ നെല്ല് വിത്തുപോലെ വച്ചുകൊണ്ടിരിക്കുകയാണ്. ആ വിത്ത് എടുത്ത് കുത്താൻ കഴിയില്ല. അതെല്ലാം വളരെ കരുതലോടുകൂടി കൈകാര്യം ചെയ്യുന്ന ഗവൺമെന്റാണ്. അതെല്ലാം നമ്മൾ ഓർക്കേണ്ട കാര്യമാണ്. ഇപ്പോൾ സ്റ്റേറ്റിന്റെ സാമ്പത്തിക വളർച്ചാ നിരക്കിന്റെ കപ്പാസിറ്റിയുടെ അടിസ്ഥാനത്തിലാണ് 14,000 കോടി രൂപ നിശ്ചയിച്ചിരിക്കുന്നത്.

ഇനിയും നമുക്ക് ആ പരിധിക്കകത്തേക്ക് കടമെടുക്കാനുണ്ട്. അതിന്റെയർത്ഥം, ഈ ഗവൺമെന്റിന് ഒരു സ്തംഭനവും വരുമെന്ന് ആരും വിചാരിക്കണ്ട. നമുക്കുള്ള റിസർവ് ഫണ്ട് അവിടെ ഇനിയുമുണ്ട്. അതുകൊണ്ട് ഒരു സ്തംഭനവും സാമ്പത്തിക രംഗത്ത് ഉണ്ടാകില്ലെന്നാണ് എന്റെ വിനയപൂർവ്വമായിട്ടുള്ള അഭിപ്രായം. നികുതി പിരിവിനെക്കുറിച്ച് ഡോ. ടി. എം. തോമസ് ഐസക് കുറ്റമൊക്കെ പറയുന്നുണ്ട്. 2006-07-ൽ വാറ്റ് introduce ചെയ്ത വർഷത്തിൽ 24 ശതമാനം നികുതി കിട്ടി. നിങ്ങൾ വന്ന 2007-08-ൽ അത് 11 ശതമാനമായി കുറഞ്ഞു. അത് ആൻസർ ചെയ്യണ്ടേ? ഞാൻ അങ്ങയെ വ്യക്തിപരമായി കുറ്റം പറയുന്നതല്ല. ചില കാരണങ്ങളാൽ ചില വർഷങ്ങളിൽ കുറഞ്ഞിരിക്കും. 24 ശതമാനം ലഭിച്ച നികുതി നിങ്ങളുടെ കാലത്ത് കുത്തനെ 11 ശതമാനമായി കുറഞ്ഞു. 2008-2009-ൽ 19 ശതമാനവും 2009-10-ൽ 14 ശതമാനവും 2010-11 ആയപ്പോൾ നികുതി വരുമാനത്തിൽ വലിയ വർദ്ധനവുമുണ്ടായി. ആ ഒരു വർഷം മാത്രമാണ് 22 ശതമാനം വർദ്ധനവുണ്ടായത്. പിന്നീട് ഏതാണ്ട് അടുത്തുനിന്നു. 2011-12-ൽ 19.5 ശതമാനവും 2012-13-ൽ 19.5 ശതമാനവും ആണ്. 2013-14 ആയപ്പോഴാണ് നികുതി കുറഞ്ഞത്. അതാണ് ഞാൻ നേരത്തേ പറഞ്ഞ ആഗോള മാന്ദ്യത്തിന്റെ ഫലമായി ഈ വർഷവും ടാക്സിന്റെ വരുമാനം കുറഞ്ഞിട്ടുണ്ട്. പൊതുവേ പറയുമ്പോൾ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നികുതി വരുമാനം പരിരക്ഷിക്കപ്പെട്ടില്ലെന്ന് പറയുന്നത് ശരിയല്ല. നികുതി വരുമാനം പരിരക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇപ്പോൾ ഏർപ്പെടുത്തിയ അധിക നികുതിയൊന്നും പാവപ്പെട്ടവരെ ബാധിക്കുന്നതല്ല. മദ്യം, ബിയർ, വൈൻ, ലക്ഷ്വറി കാർ ഇതൊന്നും പാവപ്പെട്ടവരെ ബാധിക്കുന്നതല്ലല്ലോ. ആ നികുതിയെ സംബന്ധിച്ചിടത്തോളം നല്ല കാര്യമാണ് ഈ ഗവൺമെന്റ് ചെയ്തിട്ടുള്ളത്. പ്ലാന്റേഷൻ ടാക്സ് നേരിയ വർദ്ധനവ് മാത്രമാണ് വരുത്തിയിട്ടുള്ളത്. ബേസിക് ടാക്സിൽ വലിയ വർദ്ധനവ് വരുത്തിയിട്ടില്ല. ആ നിലയിൽ പറയുമ്പോൾ ഈ ഗവൺമെന്റ് ഏതാണ്ട് വലിയ പാതകം ചെയ്തു ഇപ്പോൾ നികുതിയെല്ലാം അടിച്ചേൽപ്പിച്ചുവെന്ന് പറയുന്നതിൽ കാര്യമില്ല. മാർജിനലായിട്ടുള്ള നികുതിയാണ് ഏർപ്പെടുത്തിയത്. ബേസിക് ടാക്സ് കൂട്ടിയിട്ട് എത്രയോ വർഷമായി, ആ നിലക്ക് നോക്കുമ്പോൾ വലിയ കാര്യമൊന്നുമില്ല. ടാക്സ് അരിയേഴ്സ് പിരിക്കാൻ ഇപ്പോൾ സ്റ്റേ മുഴുവൻ വെക്കേറ്റ് ചെയ്തിട്ടുണ്ട്. മന്ത്രിമാർ ക്യാബിനറ്റ് കൂടി, ഒരോ ജില്ലയിലും നികുതി പിരിവ് മോണിറ്റർ ചെയ്യാൻ വേണ്ടി ഓരോ മന്ത്രിമാരെയും നിശ്ചയിച്ചിട്ടുണ്ട്. അവർ മോണിറ്റർ ചെയ്തുകൊണ്ടിരിക്കുകയാണ്. അഡീഷണൽ ചീഫ് സെക്രട്ടറി

(ഫിനാൻസ്) മാസം തോറും മോണിറ്ററിംഗ് നടത്തുന്നുണ്ട്. ആരെങ്കിലും 2014-2015-ലെ ഇപ്പോഴത്തെ മെഷേഴ്സ് വച്ചുകൊണ്ട് എത്ര രൂപ ലഭിക്കുമെന്ന് ചോദിച്ചാൽ, ഇക്കൊല്ലം 675 കോടി രൂപ കിട്ടുമെന്നാണ് ഞാൻ മനസ്സിൽ കാണുന്നത്. ഉദ്ദേശമായിട്ടുള്ള കണക്കാണ് പറയുന്നത്. വലിയ കൃത്യമൊന്നുമല്ല. വർഷത്തിൽ 2,000 കോടി രൂപയും ഈ പുതിയ മെഷേഴ്സ് കൊണ്ട് ലഭിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നത്.

ശ്രീ. എ. കെ. ബാലൻ: സർ, അങ്ങ് ഇവിടെ സാമ്പത്തിക സ്ഥിതി വിശദീകരിച്ചതിന്റെ അടിസ്ഥാനത്തിൽ മോശമല്ലെന്നാണ് തോന്നുന്നത്. ആ സ്ഥിതിക്ക് കെ.എസ്.ആർ.ടി.സി.യുടെ ശമ്പളത്തിന്റെ കാര്യം കൂടി പറയണം.

ശ്രീ. കെ. എം. മാണി: സർ, കെ.എസ്.ആർ.ടി.സി. യുടേത് പ്രത്യേക ബഡ്ജറ്റാണ്, സ്റ്റേറ്റ് ബഡ്ജറ്റല്ല. അത് നമുക്ക് വേറെ ചർച്ച ചെയ്യാം. ഇതുമായി ക്ലബ് ചെയ്യേണ്ട ആവശ്യമില്ല. സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ : ശ്രീമതി പി. അയിഷാ പോറ്റി 2014-ലെ കേരള മൂല്യ വർദ്ധിത നികുതി (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീമതി പി. അയിഷാ പോറ്റി അവതരിപ്പിച്ച പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഹംസ 2014-ലെ കേരള ഭൂനികുതി (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. ഹംസ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : 2014-ലെ കേരള ഭൂനികുതി (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ......

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. ടി. എം. തോമസ് ഐസക് 2014 - ലെ കേരള തോട്ടം ഭൂനികുതി

(ഭേദഗതി ) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ : 2014-ലെ കേരള തോട്ടം ഭൂനികുതി (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ......

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ......

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2014 -ലെ കേരള ടോൾ (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: 2014 -ലെ കേരള ടോൾ (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ...........

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജെയിംസ് മാത്യൂ അവതരിപ്പിച്ച 2014-ലെ കേരള മുദ്രപത്ര (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ജെയിംസ് മാത്യൂ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2014-ലെ കേരള മുദ്രപത്ര (ഭേദഗതി) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ......

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. സി. രവീന്ദ്രനാഥ് 2014-ലെ കേരള മോട്ടോർ വാഹന നികുതി (ഭേദഗതി) ചുമത്തൽ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2014-ലെ കേരള മോട്ടോർ വാഹന നികുതി (ഭേദഗതി) ചുമത്തൽ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയത്തെ......

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..................

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ശിവദാസൻ നായർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ...............

ശ്രീ. പി. ശ്രീരാമകൃഷ്ണൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുമായും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുമായി ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിന് സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ .......

അനുകൂലിക്കുന്നവർ..............

പ്രതികൂലിക്കുന്നവർ..............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

## (2) 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

മി. ഡെപ്യൂട്ടി സ്പീക്കർ : വിദ്യാഭ്യാസ വകുപ്പുമന്ത്രി അങ്ങേക്ക് 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച

കൂടുതൽ ചുമതലകൾ) ബിൽ അവതരിപ്പിക്കാവുന്നതാണ്. ഓർഡിനൻസ് പ്രഖ്യാപിച്ചു കൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചു കൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ, 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ,സംസ്ഥാന ലൈബ്രറി കൗൺസിലിലെയും ജില്ലാ ലൈബ്രറി കൗൺസിലുകളിലെയും താലൂക്ക് ലൈബ്രറി കൗൺസിലുകളിലെയും ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനം പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിച്ച് നടത്തേണ്ടതാണെന്ന് സർക്കാർ തീരുമാനിച്ചു. അതനുസരിച്ച്, 2011 ആഗസ്റ്റ് 9-ാം തീയതിയിലെ സ.ഉ. (എംഎസ്.) നമ്പർ 124/2011/ഉ.വി.വ. ആയി സർക്കാർ ഒരു ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. എന്നാൽ, ഇതിനായുള്ള ഒരു നിയമത്തിന്റെ അഭാവത്തിൽ ഈ തീരുമാനം നടപ്പാക്കാൻ കഴിഞ്ഞിരുന്നില്ല. ലൈബ്രറി കൗൺസിലുകളിലെ സർവ്വീസുകൾ സംസ്ഥാനത്തെ പബ്ലിക് സർവ്വീസുകളുടെ ഭാഗമല്ല. ആയതിനാൽ, ഭാരതത്തിന്റെ ഭരണഘടനയിലെ 321-ാം അനുച്ഛേദ പ്രകാരം ഉചിതമായ നിയമനിർമ്മാണത്തിലൂടെ ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിനുവേണ്ടി സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷനെ അധികാരപ്പെടുത്തേണ്ടതുണ്ട്. അപ്രകാരം കമ്മീഷനെ അധികാരപ്പെടുത്തുന്ന ഒരു നിയമത്തിൻ കീഴിൽ മാത്രമേ ലൈബ്രറി

കൗൺസിലുകളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും നിയമനവും മറ്റ് സേവന വ്യവസ്ഥകളും സംബന്ധിച്ച് കമ്മീഷനുമായി കൂടിയാലോചന നടത്തി സർക്കാരിന് ചട്ടങ്ങളുണ്ടാക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ, പ്രസ്തുത ആവശ്യത്തിനായി ഒരു പ്രത്യേക നിയമനിർമ്മാണം കൊണ്ടുവരുവാൻ സർക്കാർ തീരുമാനിച്ചു.

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ് 2014 ജൂലൈ 20-ാം തീയതി ഗവർണർ വിളംബരപ്പെടുത്തുകയും ആയത് 2014 ജൂലൈ 20-ാം തീയതിയിലെ 1857-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 2014-ലെ 19-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു. ആ ഓർഡിനൻസിന് പകരമുള്ള ബിൽ സഭയുടെ പരിഗണയ്ക്കായി അവതരിപ്പിക്കുന്നു.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, പ്രത്യേക സാഹചര്യത്തിൽ കേരള നികുതി ചുമത്തൽ നിയമങ്ങൾ ബിൽ സംബന്ധിച്ച് ഉടൻ തന്നെ സബ്ജക്ട് കമ്മിറ്റി കൂടേണ്ടതായിട്ടുണ്ട്. നിയമസഭ കഴിഞ്ഞ് രണ്ട് സബ്ജക്ട് കമ്മറ്റികൾ കൂടേണ്ടതായിട്ടുള്ള പ്രത്യേക സാഹചര്യത്തിൽ ഈ ബിൽ ചർച്ച കൂടാതെ പാസ്സാക്കുന്നതാണ് ഗുണകരം. രണ്ട് സബ്ജക്ട് കമ്മിറ്റികളും കൂടിയിട്ട് തിരിച്ചുവരുമ്പോൾ ക്ലാസ് ബൈ ക്ലാസ് ചർച്ച ചെയ്യാം. പ്രതിപക്ഷാംഗങ്ങൾ ഇതിനോട് യോജിക്കുന്നുണ്ടോ?

പ്രതിപക്ഷാംഗങ്ങൾ: യോജിക്കുന്നു.

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): സർ, എല്ലാവരും യോജിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: 2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ ചർച്ച കൂടാതെ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കാം.

2014-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ലൈബ്രറി കൗൺസിലുകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ

സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി ശ്രീ. സി. എൻ. ബാലകൃഷ്ണന് നാളെ 80 വയസ്സ് തികയുകയാണ്. അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ അദ്ദേഹത്തിന് ജന്മദിനാശംസകൾ നേരുന്നു.

ഓർഡർ, ഓർഡർ......... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2014 ഡിസംബർ മാസം 5-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 6.25-ന് പിരിഞ്ഞു.)